

# കേരളസാഹിത്യചരിത്രം

## (ഭാഗം V)

ഉള്ളൂർ എസ്. പരമേശ്വര അയ്യർ

# കേരളസാഹിത്യചരിത്രം

ഭാഗം അഞ്ച്

ഉള്ളൂർ എസ്. പരമേശ്വര അയ്യർ

സായാഹ്ന ഫൌണ്ടേഷൻ
തിരുവനന്തപുരം
2020

കേരളസാഹിത്യചരിത്രം: ഭാഗം V

ഉള്ളൂർ എസ്. പരമേശ്വര അയ്യർ

(മലയാളം: സാഹിത്യചരിത്രം)

First published in print media 1954.

The electronic versions have been released under the provisions of Creative Commons Attribution By Share Alike license for free download and usage.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using LuaTeX from TeXLive 2020. The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

The production infrastructure of River Valley Technologies has been made use of in the production of these digital editions.

Cover: Shakuntala, (she looks back at her lover, pretending to remove a thorn from her foot), an oil painting by Raja Ravi Varma. The image is taken from Wikimedia Commons and is gratefully acknowledged.

Sayahna Foundation
JWRA 34, Jagathy, Trivandrum, India 695014
URL: www.sayahna.org

# ഉള്ളടക്കം

ഉള്ളടക്കം . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . iv

57 അമ്പത്തേഴാമദ്ധ്യായം . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . 1
കോമത്തു കുഞ്ഞുപണിക്കൻ (1037–1095) . . . . . . . . . . . . . . . . . 1
റ്റി. സി. അച്യുതമേനോൻ (1045–1117) . . . . . . . . . . . . . . . . . . . 3
രായിരങ്കണ്ടത്തു ഗോവിന്ദമേനോൻ (1035–1105) . . . . . . . . . . . . . 6
കെ. സി. കുഞ്ഞൻവൈദ്യൻ (1043–1087) . . . . . . . . . . . . . . . . . 7
പുതുപ്പള്ളി പി. കെ. പണിക്കർ (1061–1098) . . . . . . . . . . . . . . . 10
കവിയൂർ വെങ്കടാചലമയ്യർ (1050–1116) . . . . . . . . . . . . . . . . . 12
ചുനക്കര ഉണ്ണിക്കൃഷ്ണവാരിയർ (1040–1111) . . . . . . . . . . . . . . . 14
ചുനക്കര ബാലകൃഷ്ണവാരിയർ (1044–1111) . . . . . . . . . . . . . . . . 19
മാവേലിക്കര ഉദയവർമ്മതമ്പുരാൻ (1044–1119) . . . . . . . . . . . . . 19
വൈക്കം സി. എൻ. രാമൻപിള്ള (1053–1101) . . . . . . . . . . . . . . 21
ഓടാട്ടിൽ കേശവമേനോൻ (1051–1121) . . . . . . . . . . . . . . . . . . 23
കണ്ടിയൂർ മഹാദേവശാസ്ത്രി (1041–1109) . . . . . . . . . . . . . . . . 24
കട്ടക്കയത്തിൽ ചെറിയാൻ മാപ്പിള (1034–1112) . . . . . . . . . . . . . 26
കെ. വി. സൈമൺ (1058–1118) . . . . . . . . . . . . . . . . . . . . . . . 31
കൊങ്ങോട്ടു കൃഷ്ണൻനായർ (1059–1119) . . . . . . . . . . . . . . . . . 33
കരുവാ എം. കൃഷ്ണനാശാൻ (1043–1111) . . . . . . . . . . . . . . . . . 34

58 ഏ. ആർ. രാജരാജവർമ്മ കോയിത്തമ്പുരാൻ (1038–1093) . . . . . . . . . . . . . 36
വിദ്യാഭ്യാസം . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . 36
ഏ. ആറും രാജകീയസംസ്കൃതപാഠശാലയും . . . . . . . . . . . . . . . . 41
സംസ്കൃതകൃതികൾ . . . . . . . . . . . . . . . . . . . . . . . . . . . . . . 42
ഭാഷാകൃതികൾ . . . . . . . . . . . . . . . . . . . . . . . . . . . . . . . 51
ദൃശ്യകാവ്യങ്ങൾ . . . . . . . . . . . . . . . . . . . . . . . . . . . . . . 58
ഇതരനാടകങ്ങൾ . . . . . . . . . . . . . . . . . . . . . . . . . . . . . . . 59
ശാസ്ത്രകൃതികൾ . . . . . . . . . . . . . . . . . . . . . . . . . . . . . . 60
ഗദ്യം . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . 65
കെ. സി. കേശവപിള്ള (1043–1089) . . . . . . . . . . . . . . . . . . . . 67

| | | |
|---|---|---|
| | നാല്വ നാടകങ്ങൾ | 76 |
| | കേശവീയം | 81 |
| 59 | അമ്പത്തൊമ്പതാമധ്യായം | 87 |
| | പി. രാമക്കുറുപ്പ് (1023–1073) | 87 |
| | അമ്പലപ്പുഴ മാധവപ്പുതുവാൾ (1040–1123) | 94 |
| | വി. കൃഷ്ണൻതമ്പി (1065–1113) | 95 |
| | പട്ടം എൻ. കൊച്ചുകൃഷ്ണപിള്ള (1061–1097) | 104 |
| | ഏ. ഗോവിന്ദപ്പിള്ള (1024–1100) | 105 |
| | ശ്രീകണ്ഠേശ്വരം ജി. പത്മനാഭപിള്ള (1040–1121) | 110 |
| | ചെമ്പ്രോൽക്കൊട്ടാരത്തിൽ അംബാദേവിത്തമ്പുരാട്ടി (1065–1103) | 114 |
| | സി. പി. ഗോവിന്ദപ്പിള്ള (1052–1114) | 115 |
| | കെ. സി. കുട്ട്യപ്പനമ്പ്യാർ (1057–1114) | 117 |
| | കെ. എം. കുഞ്ഞിലക്ഷ്മിക്കെട്ടിലമ്മ (1052–1122) | 118 |
| | പരുത്തിക്കാട്ടു ഗോപാലപിള്ള (1073–1117) | 121 |
| | വി. കെ. ജോസഫ് മാപ്പിള (1049–1120) | 123 |
| | കല്ലന്മാരുതൊടിയിൽ രാമുണ്ണിമേനോൻ (1079–1126) | 124 |
| 60 | അറുപതാമധ്യായം | 126 |
| | വി. സി. ബാലകൃഷ്ണപ്പണിക്കർ (1064–1090) | 126 |
| | വള്ളത്തോൾ കെ. ഗോപാലമേനവൻ (1057–1115) | 135 |
| | എൻ. കുമാരനാശാൻ (1048–1099) | 140 |
| | ഇടപ്പള്ളി രാഘവൻപിള്ള (1084–1111) | 159 |
| | ചങ്ങമ്പുഴ കൃഷ്ണപിള്ള (1089–1123) | 161 |
| 61 | ചില വിശിഷ്ടപണ്ഡിതന്മാരും സിദ്ധന്മാരും | 170 |
| | കൂടല്ലൂർ കുഞ്ചുണ്ണിനമ്പൂതിരിപ്പാട്ട് (1005–1060) | 170 |
| | റ്റി. ഗണപതിശാസ്ത്രി (1036–1101) | 171 |
| | കിള്ളിമംഗലത്തു നാരായണൻനമ്പൂരി (1030–1109) | 173 |
| | കൊടുങ്ങല്ലൂർ വലിയ ഗോദവർമ്മത്തമ്പുരാൻ (1034–1109) | 174 |
| | കൊച്ചി രാമവർമ്മമഹാരാജാവു് (1028–1107) | 175 |
| | ചേന്നമങ്ഗലം അയ്യാശാസ്ത്രി (1039–1120) | 178 |
| | കെ. രാമപ്പിഷാരടി (1042–1122) | 180 |
| | കെ. സാംബശിവശാസ്ത്രി (1054–1121) | 182 |
| | കരമന കേശവശാസ്ത്രി (1042–1109) | 184 |
| | പുന്നശ്ശേരി നമ്പി നീലകണ്ഠശർമ്മാ (1033–1110) | 186 |
| | റ്റി. സി. പരമേശ്വരൻ മൂസ്സതു് (1042–1114) | 190 |
| | പി. എസ്. അനന്തനാരായണശാസ്ത്രി (1060–1122) | 193 |
| | വാഴകുന്നത്തു വാസുദേവൻ നമ്പൂരി (1066–1122) | 196 |
| | ശ്രീ ചട്ടമ്പിസ്വാമികൾ (1029–1099) | 200 |
| | ശ്രീ നാരായണഗുരുസ്വാമികൾ (1032–1104) | 204 |
| | നീലകണ്ഠതീർത്ഥപാദർ (1047–1096) | 209 |
| | തീർത്ഥപാദപരമഹംസസ്വാമി (1057–1114) | 212 |

പന്നിശ്ശേരി നാണുപിള്ള (1061–1118) . . . . . . . . . . . . . . . . . . . . 213

62 നോവൽസ്സാഹിത്യം . . . . . . . . . . . . . . . . . . . . . . . . . . . . . . . 216
റ്റി. എം. അപ്പനെടുങ്ങാടി (1038–1109) . . . . . . . . . . . . . . . . . . . . 216
ഒ. ചന്തുമേനോൻ (1022–1075) . . . . . . . . . . . . . . . . . . . . . 218
സി. വി. രാമൻപിള്ള (1033–1097) . . . . . . . . . . . . . . . . . . . . 226
കുന്നുകുഴിയിൽ കൊച്ചുതൊമ്മൻ അപ്പാത്തിക്കിരി (1026–1088) . . . . . . 235
കിഴക്കേപ്പാട്ടു രാമൻകുട്ടിമേനോൻ (1033–1069) . . . . . . . . . . . . . 236
പോത്തേരി കുഞ്ഞമ്പു (1032–1095) . . . . . . . . . . . . . . . . . . . . 238
കൊച്ചിരാമവർമ്മ (അപ്പൻ) തമ്പുരാൻ (1051–1117) . . . . . . . . . . . . 241
മുത്തിരിങ്ങോട്ടു ഭവത്രാതൻ നമ്പൂതിരിപ്പാട്ട് (1077–1119) . . . . . . . . . . 250
പി. കെ. കൊച്ചീപ്പൻതരകൻ (1036–1115) . . . . . . . . . . . . . . . . 252
കെ. നാരായണക്കുരുക്കൾ (1036–1123) . . . . . . . . . . . . . . . . . 253
കാരാട്ടു് അച്യുതമേനോൻ (1042–1088) . . . . . . . . . . . . . . . . . . 257

63 ചെറുകഥാപ്രസ്ഥാനം . . . . . . . . . . . . . . . . . . . . . . . . . . . . . . 260
അമ്പാടി നാരായണപ്പുതുവാൾ (1046–1111) . . . . . . . . . . . . . . . . 260
സി. എസ്. ഗോപാലപ്പണിക്കർ (1047–1105) . . . . . . . . . . . . . . . . 265
ചെങ്കളത്തു ചെറിയ കുഞ്ഞിരാമമേനോൻ (1057–1115) . . . . . . . . . . 267
വിനോദസാഹിത്യപ്രസ്ഥാനം . . . . . . . . . . . . . . . . . . . . . . . . . 270
വേങ്ങയിൽ കുഞ്ഞിരാമൻനായനാർ (1036–1090) . . . . . . . . . . . . 271
എം. രാമുണ്ണിനായർ (1078–1119) . . . . . . . . . . . . . . . . . . . . 276
ഈ. വി. കൃഷ്ണപിള്ള (1070–1113) . . . . . . . . . . . . . . . . . . . . 285

64 അറുപത്തിനാലാമദ്ധ്യായം . . . . . . . . . . . . . . . . . . . . . . . . . . . 293
കെ. ചിദംബരവാദ്ധ്യയാർ (1035–1115) . . . . . . . . . . . . . . . . . . 293
സി. ഡി. ഡേവിഡ് (1035–1095) . . . . . . . . . . . . . . . . . . . . . . 295
മൂർക്കോത്തു കുമാരൻ (1049–1116) . . . . . . . . . . . . . . . . . . . . 297
കെ. രാമകൃഷ്ണപിള്ള (1053–1091) . . . . . . . . . . . . . . . . . . . . 305
കെ. എസ്. രാമൻമേനവൻ (1052–1100) . . . . . . . . . . . . . . . . . 311
തോമസ് പോൾ (1064–1108) . . . . . . . . . . . . . . . . . . . . . . . 312
കെ. ജി. പരമേശ്വരൻപിള്ള (1059–1123) . . . . . . . . . . . . . . . . . 313

ചില ശാസ്ത്രഗ്രന്ഥകാരന്മാർ . . . . . . . . . . . . . . . . . . . . . . . . . . . 314
ജി. കൃഷ്ണശാസ്ത്രി (1025–1090?) . . . . . . . . . . . . . . . . . . . . 314
താരക്കാട്ട് അയ്യാത്തുരശാസ്ത്രി (1011–1086?) . . . . . . . . . . . . . . . 315
കോരാത്തു നാരായണമേനവൻ (1048–1113) . . . . . . . . . . . . . . . . 316

# 57
# അമ്പത്തേഴാമധ്യായം

## കോമത്തു കുഞ്ഞുപണിക്കൻ (1037—1095)

### ചരിത്രം

സമകാലികന്മാരായ കവികളുടെ ഇടയിൽ സാമാന്യം പ്രസിദ്ധനായിരുന്ന കോമത്തു കുഞ്ഞുപണിക്കനെപ്പറ്റിയും സ്വല്പം ഈ ഘട്ടത്തിൽ പ്രസ്താവിക്കേണ്ടതുണ്ട്. കുഞ്ഞുപണിക്കന്റെ തറവാടു മാവേലിക്കര മുട്ടത്തു കോമത്തുവീടാണ്. അദ്ദേഹം ആ ഗൃഹത്തിലെ വെളുമ്പിയമ്മയുടേയും വിഭവപൂർണ്ണമായ ആലുമ്മൂട്ടിൽ തറവാട്ടിലെ കഞ്ഞുശങ്കരൻ ചാന്നാരുടേയും പുത്രനായി 1037-ാമാണ്ടു കർക്കടകമാസം 30-ാംനു ജനിച്ചു.

> “വിശ്വത്തിൽ വിത്തമതിനായ് ധനദനു തുല്യ–
> നശ്വത്ഥമൂലനിലയാധിപനാപ്പമാൻ”

എന്നു കവി ഒരവസരത്തിൽ അദ്ദേഹത്തെ സ്മരിക്കുന്നു. മാതാവും പിതാവും ബാല്യത്തിൽ മരിച്ചുപോകയാൽ ജ്യേഷ്ഠൻ കേശവപ്പണിക്കരുടെ സംരക്ഷണത്തിലാണ് ആ ബാലൻ വളർന്നതു്. ആ വസ്തുത കവി തന്റെ ഒന്നിലധികം കൃതികളുടെ ആരംഭത്തിൽ നിവേദനം ചെയ്തിട്ടുണ്ട്.

> “കട്ടിക്കാലത്തുതന്നെൻ ജനകജനനിമാർ
> ഭൂമിവാസം വെടിഞ്ഞെ–
> ന്നിട്ടക്കാലംമുതല്ക്കേ പ്രിയതയൊടിഹ മാം
> കാത്തുമാത്താനുകമ്പം
> തുഷ്ട്യാ രക്ഷിച്ചുപോരും ഗുണഗണനിധിയാ–
> യുള്ളൊരക്കേശവാഖ്യൻ
> ജ്യേഷ്ഠൻതൻപാദപത്മേ പരിചൊടിതു സമ–
> ർപ്പിച്ചിടുന്നിച്ഛയാ ഞാൻ”

എന്ന സമർപ്പണശ്ലോകം ഹരിശ്ചന്ദ്രശതകത്തിലും രുക്മിണീസ്വയംവരം നാടകത്തിലും കാണ്മാനുണ്ട്. ഭാഷാകൃതികൾ നിഷ്കർഷിച്ചു വായിച്ചുള്ള സംസ്കാരമല്ലാതെ സംസ്കൃതം പറയത്തക്ക നിലയിൽ അഭ്യസിച്ചിട്ടുണ്ടായിരുന്നതായി തോന്നുന്നി

ല്ല. പ്രശസ്യമായ രീതിയിൽ കവിതാവാസന പ്രദർശിപ്പിച്ചിരുന്നു. അതിനെക്കുറിച്ചും രുക്മിണീസ്വയംവരത്തിൽ വിനയപുരസ്സരം ഉപന്യസിക്കുന്നുണ്ട്.

“ഭൂലോകേ പുകഴാർന്ന സൂരിവരരിന്നെല്ലാരുമുല്ലാസമാർ–
ന്നാലോചിച്ചൊരുമിച്ചു ഭാഷ പരിശോധിക്കും സദസ്സാകയാൽ
മാലെന്യേയവർ തെറ്റു തീർക്കുമതിനാൽ നന്നാകുമിന്നാകവേ
മേലാലിക്കവിയും പ്രസിദ്ധതരനാമെന്നോർപ്പിതെന്നോമലേ.”

പിന്നെ നല്ല കവിതാവാസനയും പഠിത്തവുമുള്ളവർ കവിതയുണ്ടാക്കുന്നതിനെക്കുറിച്ച് ഒരത്ഭുതമായി വിചാരിക്കാനില്ല. അതൊന്നുമില്ലാത്തവർ ഞെരുക്കിപ്പിടിച്ചു വലതും കെട്ടിയുണ്ടാക്കിയാൽ അതല്ലേ അത്ഭുതം? അതിനെക്കുറിച്ചു സജ്ജനങ്ങൾ അഭിനന്ദിക്കയല്ലാതെ ഒരിക്കലും നിന്ദിക്കയില്ല” എന്നു സൂത്രധാരൻ പറയുന്നതു നോക്കുക. അമ്മക്കുഞ്ഞമ്മയായിരുന്നു പത്നി. 1095-ാമാണ്ടു ധനുമാസം 15-ാംനു-യായിരുന്നു കവിയുടെ ദേഹവിയോഗം.

## കൃതികൾ

കുഞ്ഞുപണിക്കൻ. (1) ഹരിശ്ചന്ദ്രശതകം, (2) രുക്മിണീസ്വയംവരം നാടകം, (3) ജനോവാനാടകം, (4) താതോപദേശം എന്നീ പദ്യകൃതികളും, (5) വിദ്യുല്ലതിക എന്ന ഒരു ഗദ്യകഥയും രചിച്ചിട്ടുണ്ട്. അദ്ദേഹത്തിന്റെ കവിത ഉത്തരോത്തരം ഉൽക്കർഷത്തെ പ്രാപിച്ചുവരികയായിരുന്നു. ഒടുവിലത്തെ കൃതിയായ താതോപദേശത്തിൽ ഒരു പിതാവു പുത്രിക്കുനല്കുന്ന ഉപദേശമാണ് വിഷയം. ആകെ 136 ശ്ലോകങ്ങളുണ്ട്. ചക്കുകളങ്ങര ഓ. കല്യാണിക്കുട്ടി എന്ന തന്റെ മകൾക്കുവേണ്ടിയാണ് കവി അതെഴുതിയതു് 1084-ൽ ആകാവ്യം പ്രസിദ്ധീകൃതമായി. ജനോവാനാടകത്തിലെ ഇതിവൃത്തം സുവിദിതമാണല്ലോ.

കുഞ്ഞുപണിക്കന്റെ കവിതാരീതി താഴെ ഉദ്ധരിക്കുന്ന ശ്ലോകങ്ങളിൽനിന്നു വായനക്കാർക്കു വിശദമാകുന്നതാണ്.

“കള്ളഗ്ഗോപകുമാര! ഗോരസമിതല്ലോർക്കേണമുൾക്കാമ്പിലി–
പ്പുള്ളിക്കേഴമൃഗാക്ഷിയെശ്ശഠമതേ! പിട്ടല്ല കിട്ടില്ല തേ;
കൊള്ളാം നല്ലൊരു കൗശലം! നൃപതിമാർക്കുള്ളോരുനൽക്കന്യയെ–
ബ്ഭള്ളേറും പശുപൻ കൊതിച്ചിതു ധരിക്കുമ്പോൾച്ചിരിക്കും ജനം.”
(രുക്മിണീസ്വയംവരം)

“മാണിക്യകങ്കണകലാപമലങ്കരിക്കും
പാണിക്കു വൻകഠിനമായ വിലങ്ങുവച്ചോ?
പ്രാണപ്രിയേ! സുമുഖി! നിന്നെ വലച്ചിഴച്ചി–
ക്കോണിൽക്കരേറ്റിയവനുണ്ട മുടക്കിയെന്നോ?” (ജനോവാനാടകം)

“നീതിക്കു ചേന്ന നിലയിൽപ്പെരുമാറിടും സ്ത്രീ
ജാതിക്കു വിശ്വജനവും വടുവേല ചെയ്യും;
ധാതാവു ശൗരി ശിവനെന്നിവർ കാന്തമാർക്കു
ചേതസ്സു ചേർന്നടിമയായമരുന്നതില്ലേ?” (താതോപദേശം)

“കള്ളം കഥിക്ക, ഭയമേറ്റുക, ഗോഷ്ഠി കാണി–
ച്ചുള്ളം നടുക്കുക, മനസ്സിലുറപ്പു ചേർക്ക,

കൊള്ളാത്ത വാക്കുകളുരയ്ക്ക,യിതൊക്കെയോർത്താൽ–
പ്പിള്ളയ്ക്കു മേലിൽ വലുതാകിയ ദോഷമേകം.” (താതോപദേശം)

## റ്റി. സി. അച്യുതമേനോൻ (1045–1117)

### അച്യുതമേനോനും സങ്ഗീതനാടകങ്ങളും

റ്റി. സി. അച്യുതമേനോൻ ഗുരുവായൂരിനു സമീപമുള്ള കോട്ടപ്പടിദേശത്തു നടുക്കാട്ടു കൃഷ്ണൻനമ്പൂരിയുടേയും തൃശ്ശൂർ തെക്കേക്കുറുപ്പത്തു രാമഞ്ചിറമഠത്തിൽ പാറുക്കുട്ടിയമ്മയുടേയും പുത്രനായി 1045-ാമാണ്ടു കന്നിമാസത്തിൽ മൂലം നക്ഷത്രത്തിൽ ജനിച്ചു. ബാല്യംമുതല്ക്കുതന്നെ സാഹിത്യത്തെക്കാളധികം സംഗീതത്തിലായിരുന്നു വാസന. അദ്ദേഹത്തിന്റെ മാതൃസഹോദരിയായ കാവമ്മ ഒരു സങ്ഗീതവിദുഷി എന്നതിനുപുറമേ കേരളത്തിലെ ഭാഷാനാടകങ്ങളിൽ ആദ്യത്തെ നടിയുമായിരുന്നു. ആ കലാകുശല കാലകേയവധം കഥകളിയിൽ ഉർവ്വശിയുടെ വേഷം കെട്ടി ആടിയിരുന്നതായി ചില പഴമക്കാർ പറയുന്നതിൽ പരമാർത്ഥമുണ്ടോ എന്നു നിശ്ചയമില്ല. ഏതായാലും അച്യുതമേനോന്റെ സങ്ഗീതനൈഷധത്തിൽ നളന്റെ ഭാഗം അഭിനയിച്ചിരുന്നു എന്നുള്ളതു സൂക്ഷ്മമാണ്. ആ പരിസരത്തിൽ വളർന്ന അച്യുതമേനോൻ യൗവനാരംഭത്തിൽത്തന്നെ സങ്ഗീതജ്ഞനായ കവിയായി വികസിച്ചതു് ആശ്ചര്യമല്ല. 23-ാമത്തെ വയസ്സിൽ തൃശ്ശൂർ അമ്പാടി പാറുക്കുട്ടിയമ്മയെ വിവാഹം ചെയ്തു. കൊല്ലം നാരായണപിള്ളയും കൂട്ടുകാരും ഒരവസരത്തിൽ എറണാകുളത്തെത്തി അഭിജ്ഞാനശാകുന്തളം അഭിനയിച്ചുകൊണ്ടിരിക്കുമ്പോൾ കാവമ്മ അവരെ തൃശ്ശൂരിലേക്കു ക്ഷണിച്ചുകൊണ്ടുപോയി. ഗാനസമ്മിളിതമല്ലാത്ത അവരുടെ നാടകാഭിനയം അവർക്കു സമഞ്ജസമായി തോന്നിയില്ല. തന്നിമിത്തം അച്യുതമേനോൻ സങ്ഗീതനൈഷധം എന്നൊരു പുതിയ നാടകം പാട്ടുകൾ ഇടകലർത്തി രചിച്ചു. 1067-ാമാണ്ടിടയ്ക്കു് അതു അഭിനയിച്ചവരിൽ കാവമ്മക്കുപുറമേ അമ്പാടിയിൽ ഗോവിന്ദമേനോൻ ദമയന്തിയുടേയും ഗ്രന്ഥകാരൻ തന്നെ കാട്ടാളന്റേയും ഭൂമികകളിൽ രങ്ഗപ്രവേശം ചെയ്തു. ആ നൈഷധമാണ് മലയാളത്തിലെ ഇദംപ്രഥമമായ സംഗീതനാടകം. തന്നിമിത്തം അച്യുതമേനോനെ കേരളത്തിലെ സങ്ഗീതനാടകപ്രസ്ഥാനത്തിന്റെ ഉപജ്ഞാതാവു് എന്ന നിലയിൽ കേരളീയർ ബഹുമാനിക്കുന്നു. സങ്ഗീതനൈഷധം അതിവേഗത്തിൽ നാടെങ്ങും പ്രചരിച്ചു. 1106-ൽ 18-ാമത്തെ പതിപ്പു് അച്ചടിപ്പിക്കേണ്ടിവരികയും അതോടുകൂടി 33,800 പ്രതികൾ മുദ്രിതങ്ങളാകയും ചെയ്തു. അപ്പോഴേക്കു തമിഴ്നാടകങ്ങളുടെ പ്രകാശത്തിൽ മലയാള നാടകങ്ങൾ അസ്തപ്രഭങ്ങളായിത്തീരുകയാൽ വീണ്ടും ഒരു പതിപ്പിന്റെ ആവശ്യം നേരിടുകയുണ്ടായില്ല. അച്യുതമേനോൻ നൈഷധത്തിനു പുറമേ സങ്ഗീതഹരിശ്ചന്ദ്രചരിതം എന്നും ഒരു നാടകമെഴുതി. നൈഷധം ഏഴങ്കത്തിലുള്ള ഒരു നാതിവിസ്തരമായ നാടകമാണ്. പത്തങ്കത്തിലുള്ള ഹരിശ്ചന്ദ്രചരിതത്തിന് അതിലിരട്ടിയിലധികം വലുപ്പംവരും. രണ്ടിലും അങ്കങ്ങളിൽ രങ്ഗവിഭാഗമില്ല. ഹരിശ്ചന്ദ്രചരിതത്തിൽ നൈഷധത്തെക്കാൾ ശ്ലോകങ്ങൾ കുറയും. ആദ്യത്തെ മൂന്നങ്കങ്ങൾ ഒന്നാം ദിവസവും, നാലും അഞ്ചും അങ്കങ്ങൾ രണ്ടാം ദിവസവും, ആറാമങ്കം മൂന്നാം ദിവസവും, ഏഴുമുതൽ പത്തുവരെ അങ്കങ്ങൾ നാലാം ദിവസവും അഭിനയിക്കുന്നതു് ആശാസ്യമായിരിക്കുമെന്നാണ് ഗ്രന്ഥകാരന്റെ ഉപദേശം. ആദ്യം അഞ്ചങ്കങ്ങൾ മാത്രമേ എഴുതിയുള്ളു. പിന്നീടു് ബാക്കിയുള്ള അങ്കങ്ങളുംകൂടി എഴുതി 1088 കുംഭം 10-ാംനു പ്രസിദ്ധീകരിച്ചു. രണ്ടു നാടകങ്ങളിലേയും ഗാനങ്ങൾ സൗന്ദർഭോചിതങ്ങളായിരിക്കേ

ണ്ട വിഷയത്തിൽ കവികഴിയുന്നതും ശ്രദ്ധിച്ചിട്ടുണ്ട്. അദ്ദേഹത്തിന്റെ ഗാനങ്ങൾ സങ്ഗീതം ശരിക്ക് അഭ്യസിച്ചവർക്കല്ലാതെ പാടി ഫലിപ്പിക്കുവാൻ സാധിക്കുന്ന തല്ല. സ്വാമിനാഥയ്യർ എന്നൊരു ഭാഗവതർ അദ്ദേഹത്തിന്റെ ശിക്ഷയിൽത്തന്നെ ആ പാട്ടുകൾ അഭ്യസിച്ച് അവയെ ഇരിങ്ങാലക്കുട, കൊടുങ്ങല്ലൂർ, പറവൂർ, തുറവൂർ മുതലായ സ്ഥലങ്ങളിൽ പ്രചരിപ്പിക്കുകയുണ്ടായി. 1117-ാമാണ്ടു മിഥുനമാസം 25-ാംനുയായിരുന്നു അച്യുതമേനോന്റെ മരണം.

## മറ്റു ചില സങ്ഗീതനാടകങ്ങൾ

റ്റി. സി. അച്യുതമേനോൻ ഉൽഘാടനം ചെയ്ത മാർഗ്ഗത്തിൽ അനേകം ഗായകകവികൾ അദ്ദേഹത്തെ അനുഗമിച്ചു. അവരിൽ പ്രധാനന്മാർ തിരുവിതാംകൂറിൽ പരവൂർ കെ.സി. കേശവപിള്ളയും, എരുവയിൽ എം. ചക്രപാണിവാരിയരും, തെക്കേ മലയാളത്തിൽ പി.എസ്. വാരിയരും, വടക്കേ മലയാളത്തിൽ നീലഞ്ചേരി ശങ്കരൻനായരും, കുട്ടമത്തു കുഞ്ഞികൃഷ്ണക്കുറുപ്പുമാണ്. ചാത്തുക്കുട്ടി മന്നാടിയാർ വലിയകോയിത്തമ്പുരാന്റെ ശാകുന്തളം ഒന്നാമങ്കത്തിലെ ശ്ലോകങ്ങൾക്കു പകരം പാട്ടുകൾ ഉണ്ടാക്കി. അദ്ദേഹത്തിന്റെ മരണാനന്തരം 1088-ൽ ചക്രപാണിവാരിയർ അതിനുമേലുള്ള ശ്ലോകങ്ങൾക്കുപകരം ഗാനങ്ങൾ നിർമ്മിച്ച് ആ ഗ്രന്ഥം പൂർത്തീകരിച്ചു. ഏകദേശം 1067-ാമാണ്ടിടയ്ക്കുതന്നെ തമിഴ് നാടകക്കാർ ധാരാളമായി കേരളത്തിൽ പ്രവേശിച്ചുതുടങ്ങി. തിരുവനന്തപുരത്തു വന്ന കല്യാണരാമയ്യർസെറ്റും, രാമഡുസെറ്റും ആ കൂട്ടത്തിൽ പ്രധാനങ്ങളായിരുന്നു. എറണാകുളത്തു് ഒരു ശാമിഅയ്യർ സെറ്റും വന്നുചേർന്നു. ചക്രപാണിവാരിയർ വർഷീയാനാണെങ്കിലും ഇന്നും അരോഗദൃഢഗാത്രനായി വിശ്രമിക്കുന്നു. അദ്ദേഹത്തിന്റെ മുഖ്യ സംഗീതനാടകങ്ങൾ ഹരിശ്ചന്ദ്രചരിതവും (1068) രുക്മാംഗദചരിതവും (1078–80) വള്ളിയമ്മാൾ ചരിത്രവും (1080–85) ആണ്. ആ കൃതികൾ അഭിനയിക്കുന്നതിനാണ് ബബ്ബലൻ എന്ന പേരിൽ പ്രസിദ്ധനായ ഒരു ഗൗഡസാരസ്വതബ്രാഹ്മണനടൻ കായങ്കുളത്തു് ഒരു യോഗം സംഘടിപ്പിച്ചതു്. അതിൽ കുട്ടീശ്വരൻ മുതലായ മറ്റു ചില നടനകലാകുശലന്മാരും ഉൾപ്പെട്ടിരുന്നു. കേശവപിള്ളയുടെ സംഗീതനാടകങ്ങളിൽ അതിപ്രധാനം സദാരാമയാണ്. അതിനെപ്പറ്റി ഉപരി പ്രസ്താവിക്കും. തൃപ്പൂണിത്തുറയിലെ എമ്പ്രാന്മാർ പാണ്ടിയിൽനിന്നു നരസിങ്ഗറാവു എന്നൊരു നടശ്രേഷ്ഠനെ വരുത്തി അനേകം നാടകങ്ങൾ അഭിനയിപ്പിച്ചു. അവിടത്തെ ഗൗഡസാരസ്വതബ്രാഹ്മണരും രാമപ്പൈസെറ്റ് എന്ന പേരിൽ ഒരു സംഘമായി സമ്മേളിച്ചു. അതിൽ ശങ്കരത്തു നീലകണ്ഠൻ പണിക്കർ ഒരങ്ഗമായിരുന്നു. തമിഴ് നാടകങ്ങളിൽ കഥാപാത്രങ്ങൾ സംഭാഷണം ചെയ്യുമ്പോൾ അവരവരുടെ മനോധർമ്മംപോലെ പൊതുവിൽ ഉപയോഗിക്കുന്നതിനു പഠിച്ചിട്ടുള്ള പാട്ടുകളാണല്ലോ പ്രായേണ പാടാറുള്ളതു്. ആ ആവശ്യം നിറവേറ്റുന്നതിനും ചക്രപാണിവാരിയർ കുറേപാട്ടുകൾ ഉണ്ടാക്കി അവയെ സമാഹരിച്ച് ആപൽബ്ബന്ധു എന്ന പേരിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. പാലക്കാട്ടിനു സമീപമുള്ള ചില ഗാനവാസനയുള്ള ബാലന്മാർ തമിഴ്നാടക സ്സെറ്റുകളിലും ചേർന്നു. അവരിൽ അത്യന്തം പ്രശസ്തനായിത്തീർന്ന കുയിൽനാദം വേലുനായർ, അനുവാചകന്മാർക്കു അശ്രുതപൂർവ്വനല്ലല്ലോ. തിരുവിതാംകൂറിൽപ്പെട്ട ചെങ്കോട്ടയിൽ നിന്നു വെളിയിൽ പോയി വിശ്രുതനായ ഒരു നടനാഗ്രേസരനായിരുന്നു കിട്ടപ്പാ. ഇന്നത്തെ ഹാസ്യാഭിനയ കോവിദന്മാരിൽ അഗ്രഗണ്യനായ എൻ.എസ്. കൃഷ്ണന്റെ സ്വദേശം നാഗരുകോവിലാണെന്നും നാം സാഭിമാനം സ്മരിക്കേണ്ടതുണ്ട്.

## അച്യുതമേനോന്റെ ഇതരപ്രവർത്തനങ്ങൾ

ഒരു പത്രപ്രവർത്തകൻ എന്ന നിലയിലും അച്യുതമേനോൻ പേരെടുക്കുകയുണ്ടായി. സുപ്രഭാതം, ചിത്രഭാനു, ഭാരതി എന്നിങ്ങനെ മൂന്നു സപ്തദൈനികപത്രികകൾ അദ്ദേഹം നടത്തി. സുപ്രഭാതത്തിൽ പ്രസിദ്ധപ്പെടുത്തിയ ഒരു ലേഖനം കൊച്ചിയിലെ പത്രപ്രവർത്തനചരിതത്തിൽ ഒന്നാമത്തെ അപകീർത്തിക്കേസ്സിനു കാരണമായിത്തീർന്നു; അതിൽ അദ്ദേഹത്തിനു കോടതി നിശ്ചയിച്ച പിഴ പൊതുജനങ്ങൾ തന്നെ പണം പിരിച്ച് ഒടുക്കി. കഥകളിയോടു മേനോനു വളരെ പ്രതിപത്തിയുണ്ടായിരുന്നു. ആ പ്രാചീനപ്രസ്ഥാനത്തിൽ യാതൊരു പരിഷ്കാരവും കടന്നുകൂടരുതെന്ന് അദ്ദേഹം ആയുരന്തംവരെ നിർബ്ബന്ധിച്ചു. അദ്ദേഹത്തിന്റെ ഭദ്രോത്സവം ആട്ടക്കഥ കൊച്ചിയിൽ പല സ്ഥലങ്ങളിലും ആടിച്ചിരുന്നു.

## കൃതികൾ

മേനോന്റെ കൃതികളിൽ (1) സങ്ഗീതനൈഷധം, (2) സങ്ഗീതഹരിശ്ചന്ദ്രചരിതം, (3) ജനോവാപർവ്വം, (4) അവസാനപ്രസ്താവന എന്നീ നാലു രൂപകങ്ങൾ മാത്രമേ അച്ചടിപ്പിച്ചിട്ടുള്ളൂ. അവ കൂടാതെ മദനികാമന്മഥം, പത്മവ്യൂഹഭഞ്ജനം, കുചേലഗോപാലം, രുക്മിണീസ്വയംവരം, ബാലഗോപാലൻ എന്നീ രൂപകങ്ങളും അദ്ദേഹത്തിന്റെ വകയായുണ്ട്. അവ അച്ചടിപ്പിച്ചിട്ടില്ല. അവയ്ക്കുപുറമേ, (5) ഭദ്രോത്സവം, (6) ഹരിഹരചരിതം എന്നീ രണ്ടാട്ടക്കഥകൾ കൂടി അദ്ദേഹം രചിച്ചിട്ടുള്ളതായി കാണുന്നു. ആട്ടക്കഥകൾക്കു ഗുണം വളരെ കുറയും. അവസാനപ്രസ്താവനയിൽ അദ്ദേഹം സാധാരണ നാടകങ്ങളിൽ കാണുന്ന അർത്ഥശൂന്യങ്ങളായ ദീർഘപ്രസ്താവനകളെ നിശിതമായി അവഹേളനം ചെയ്യുന്നു. ശ്ലോകങ്ങൾക്കു പ്രായേണ ഗുണം കുറയും. ചില ഉദാഹരണങ്ങൾ പ്രദർശിപ്പിക്കാം.

> "മന്ദത്വം വിട്ടു നെറ്റിത്തിരുമിഴിയുടയോൻ
> കാന്തനായ്ത്തീർന്നുവെന്നാ–
> യുന്നിക്കും തോഷമോടഗ്ഗിരിസുതയരികിൽ–
> ച്ചെന്നുടൻ ചേർന്നുനില്ക്കേ
> കുന്നൊക്കും കൊങ്ക തങ്കക്കരതളിരതിനാൽ
> ശംഭുതാൻ തൊട്ടനേരം
> കുന്നിക്കും പ്രേമഭാരാലിളകിന പുളകം
> നിങ്ങളെക്കാത്തിടട്ടെ."
>
> (സങ്ഗീതനൈഷധം)

"കുണ്ഡലിനി: പിട്ടുകളാൽപ്പാട്ടിൽപ്പെട്ടു
കെട്ടുപോകും പെണ്ണല്ല ഞാൻ.
വീരബാഹു: പിട്ടല്ലെടി! നിന്നിഷ്ടമെല്ലാ–
മൊട്ടും വൈകാതേകാം വാടി!
കുണ്ഡലിനി: പൊട്ടശ്ശീല ചേല കെട്ടി–
പ്പട്ടണത്തിൽ ഞാൻ വട്ടം ചുറ്റി.
വീരബാഹു: കെട്ടേണ്ടടി അങ്ങു ചെന്നാലുടൻ
പട്ടുചേല നല്കാം വാടി!

കുണ്ഡലിനി: പളപള മിന്നും തോടകളും
വളകളും വാങ്ങിത്തരുമോടാ?

വീരബാഹു: വളകളും കാപ്പും തോടകളും
കളവാണി! വാങ്ങാം വാടി!

കുണ്ഡലിനി: ബുല്ലാക്കും നന്മുത്തുഞാത്തും കൂടെ
നല്ലതരം വാങ്ങിത്തരുമോടാ?

വീരബാഹു: എല്ലാമോരോന്നായ്ച്ചൊല്ലണമോ?
എല്ലാമേകാം പോകാം വാടി!"

(സങ്ഗീതഹരിശ്ചന്ദ്രചരിതത്തിലെ ഒരു പാട്ട്)

> "വൃത്തത്തിൽപ്പിഴയും കുസന്ധികളമെന്നല്ലർത്ഥമില്ലായ്കയും
> പേർത്തോലും യതിഭങ്ഗവും കവിതയിൽക്കാണാമതെന്നാകിലും
> താർത്തേൻവാണി! യഭങ്ഗുരന്റെ കവിതാഗ്രന്ഥങ്ങളല്ലാതെയി–
> ല്ലോർത്താൽ വിറ്റഴിയാത്തതെന്നു പലരും ചൊല്ലുന്നു കില്ലെന്നിയേ."
>
> (അവസാനപ്രസ്താവന)
>
> തടിൽപ്രഭകണക്കു തൻനികടഭൂ കടന്നങ്ങുപോ–
> യിടുന്നൊരു നതാങ്ഗിമാർമകടഹീരമാം മോഹിനീം
> അടുത്തഥ തടുത്തു തദ്വിപുലസൗഷ്ഠവം കാണ്കയാൽ
> കടുത്ത മദനാതുരൻ ദിതിജനേവമോതീടിനാൻ."
>
> (ഹരിഹരചരിതം ആട്ടക്കഥ)

## രായിരങ്കണ്ടത്തു ഗോവിന്ദമേനോൻ (1035–1105)

### ചരിത്രം

ഗോവിന്ദമേനോൻ കൊച്ചിയിൽ നെമ്മാറ ദേശത്തു രായിരങ്കണ്ടത്തു വീട്ടിൽ ലക്ഷ്മിയമ്മയുടേയും പാലക്കാട്ടു മാഞ്ഞാളൂർ ഏറത്തു കരുണാകരൻനായരുടേയും പുത്രനായി 1035-ാമാണ്ടു തുലാമാസം 19-ാംനു ജനിച്ചു. ബാല്യത്തിൽ സംസ്കൃതഭാഷ നെമ്മാറ അയ്യാശാസ്ത്രികളുടേയും മറ്റും കീഴിൽഅഭ്യസിച്ച് അതിലും ജ്യോതിശ്ശാസ്ത്രത്തിലും ഗണനീയമായവിജ്ഞാനം സമ്പാദിച്ചു. ഇംഗ്ലീഷിലും സ്വപരിശ്രമംകൊണ്ടു സാമാന്യമായ അറിവു നേടിയതിനുമേൽ നെമ്മാറയിൽത്തന്നെ ഒരു ക്രിമിനൽ വക്കീലായി വ്യവഹരിച്ചുതുടങ്ങി. 1064-ൽ സ്വദേശത്ത് ഒരു ഇംഗ്ലീഷ് വിദ്യാലയം സ്ഥാപിച്ച്. 1072-ൽ അതിനെ ഒരു ലോവർ സെക്കണ്ടറി സ്കൂളായും 1081-ൽ ഹൈസ്കൂളായും ഉയർത്തി. 1096 മുതൽ അതു സർക്കാർ ഹൈസ്കൂളായിത്തീർന്നു. അതിനുപുറമേ അദ്ദേഹം പല പൊതുക്കാര്യങ്ങളിലും സജീവമായി പ്രവർത്തിച്ചു ജനസമ്മതം സമാർജ്ജിച്ചു. 1105-ാമാണ്ട് ഇടവമാസം 25-ാംനു മരിച്ചു. പിതാവിന്റെ ഭാഗിനേയി പാർവ്വതിയമ്മയായിരുന്നു പത്നി.

### കൃതികൾ

ഗോവിന്ദമേനോൻ കേരളീയകുവലയാനന്ദം എന്നും, ദത്താത്രേയതന്ത്രം എന്നും രണ്ടു കൃതികൾ ഭാഷയിൽ രചിച്ചിട്ടുണ്ട്. ജാലവിദ്യാവിഷയകമാണ് രണ്ടാമത്തെ

ഗ്രന്ഥം. 1064-ൽ പ്രസിദ്ധീകരിച്ച കേരളീയകുവലയാനന്ദം നമ്മുടെ വിശേഷശ്രദ്ധയ്ക്കു പാത്രീഭവിക്കേണ്ടതാണ്. അതിനുമുൻപു ചിറ്റൂർ നാണുഅയ്യാശാസ്ത്രികൾ ചന്ദ്രാലോകം 1058-ാമാണ്ടിടയ്ക്കു പ്രസിദ്ധീകരിച്ചിരുന്നുവെങ്കിലും അതു സവ്യാഖ്യാനമായിരുന്നില്ല. പ്രസ്തുത പുസ്തകത്തിൽ ചന്ദ്രാലോകകാരൻ വ്യവസ്ഥാപനം ചെയ്യുകയും അപ്പയ്യദീക്ഷിതർ പില്ക്കാലത്തു വ്യാഖ്യാനിക്കുകയും ചെയ്തിട്ടുള്ള നൂറലങ്കാരങ്ങളും ഇരുപത്താറു ഛന്ദസ്സുകളിലായി പ്രയോഗിച്ചുകാണാറുള്ള എഴുപത്തിമൂന്നുവൃത്തങ്ങളും സമാസചക്രവും പ്രതിപാദിക്കപ്പെട്ടിട്ടുണ്ട്. ലക്ഷണലക്ഷ്യങ്ങൾ കാരികകളായി പ്രദർശിപ്പിച്ചിരിക്കുന്നു. അവയ്ക്കു ഭാഷാപ്രവേശിക എന്ന പേരിൽ വിശദമായ വ്യാഖ്യാനം ഗദ്യരൂപത്തിലും എഴുതിച്ചേർത്തിട്ടുണ്ട്. നല്ല ഓജസ്സുള്ളതാണ് ആ പണ്ഡിതന്റെ ഗദ്യശൈലി. ചുവടേ പകർത്തുന്ന വാക്യങ്ങൾ അവതാരികയിൽനിന്നെടുത്തതാണ്.

"ചതുഷ്ഷഷ്ടികലാവിദ്യകളിൽ പ്രധാനഭൂതയാകുന്ന സാഹിത്യവിദ്യയാകുന്ന ഒരവയവി തർക്കശാസ്ത്രമാകുന്ന ഉടലോടും വ്യാകരണശാസ്ത്രമാകുന്ന കരചരണാദ്യവയവങ്ങളോടും കൂടിയതാകുന്നു. ഒരു ദേഹം അതിസൗന്ദര്യമുള്ളതായിരുന്നാലും വസ്ത്രാദ്യലങ്കാരവിഹീനമായിരുന്നാൽ ശോഭിക്കാത്തപോലെ തർക്കവ്യാകരണാദികളുടെ ജ്ഞാനം എത്രതന്നെ ഉണ്ടായിരുന്നാലും അലങ്കാരശാസ്ത്രജ്ഞാനമുണ്ടാകാതെ സാഹിത്യവിദ്യ ശോഭിക്കാത്തതിനാൽ തർജ്ജിജ്ഞാസുക്കൾക്ക് അലങ്കാരജ്ഞാനം അത്യാവശ്യമാകുന്നു."

1064-ാമാണ്ടത്തെ ഗദ്യമാണ് ഇതെന്നു നാം സ്മരിക്കുമ്പോൾ രചയിതാവിനെപ്പറ്റി നമുക്കുള്ള ബഹുമാനം വർദ്ധിക്കുന്നു. ഇനി കാരികയ്ക്കും വ്യാഖ്യാനത്തിനും ഒരു ഉദാഹരണം കാണിക്കാം.

### കാരിക

"കൈമർത്ഥ്യമുപമാനത്തിന്നുണ്ടായാലും പ്രതീപമാം;
കാന്താമുഖത്തെ വീക്ഷിച്ചാലെന്തു ചന്ദ്രാംബുജങ്ങളാൽ?"

### വ്യാഖ്യാനം

"ഉപമാനംകൊണ്ടുള്ള പ്രയോജനം ഉപമേയംകൊണ്ടുതന്നെ ഉള്ളതിനാൽ ഉപമാനം നിഷ്പ്രയോജനമാണെന്ന വർണ്ണനവും പ്രതീപാലങ്കാരം. ഉദാഹരണം: കാന്തയുടെ മുഖം കണ്ടാൽ ചന്ദ്രനെക്കൊണ്ടും പത്മത്തെക്കൊണ്ടും ഫലമെന്ത്? (ഒന്നുമില്ല). ഇവിടെ കാന്തയുടെ മുഖം കാണുന്ന സമയത്തിൽ ചന്ദ്രപത്മങ്ങളെക്കൊണ്ടുണ്ടാകുന്ന ആനന്ദം ഉള്ളതുകൊണ്ടു ചന്ദ്രപത്മങ്ങളെക്കൊണ്ടു പ്രയോജനമില്ലെന്നു വർണ്ണിക്കയാൽ പ്രതീപം."

## കെ. സി. കുഞ്ഞൻവൈദ്യൻ (1043—1087)

### വാരണപ്പള്ളിക്കുടുംബം

മധ്യതിരുവിതാംകൂറിൽ പ്രധാനവും പ്രസിദ്ധവുമായി വാരണപ്പള്ളി എന്നൊരീഴവകുടുംബമുണ്ട്. കരുനാഗപ്പള്ളിയിൽ കൃഷ്ണപുരത്ത് ഓച്ചിറ ക്ഷേത്രത്തിനു സമീപമുള്ള "ആനയടി" എന്ന തറവാടാണ് ആ കുടുംബത്തിനുകൂടസ്ഥിതമായിട്ടുള്ളത്. അതിൽനിന്നു കരുനാഗപ്പള്ളി പുതുപ്പള്ളിയിലും കാർത്തികപ്പള്ളി മുതുകുളത്തും വാരണപ്പള്ളി എന്ന പേരിൽ രണ്ടു ശാഖകൾ അങ്കുരിച്ചു. കുഞ്ഞൻവൈദ്യൻ 1043-ാമാണ്ടു വൃ

ശ്ചികമാസം ഓച്ചിറയ്ക്കു സമീപമുള്ള ആനയടിവീട്ടിൽ കൊച്ചിക്കാവമ്മയുടേയും തിരുവല്ലാ മാന്നാറു പാവുക്കര കുറക്കോട്ടുവഞ്ചിയിൽ കൊച്ചുകൃഷ്ണനന്റേയും പുത്രനായി ജനിച്ചു.

## പുതുപ്പള്ളി വാരണപ്പള്ളി വീട്ടിലെ ചില കവികൾ

പുതുപ്പള്ളി വാരണപ്പള്ളിത്തറവാട്ടിലെ പല അങ്ഗങ്ങളും സാഹിത്യരസികന്മാരും കലാപോഷകന്മാരുമായിരുന്നു. അവരിൽ വാരണപ്പള്ളി കുഞ്ഞുകൃഷ്ണപ്പണിക്കർ വാരണപ്പള്ളി എസ്. ഗോവിന്ദർപ്പണിക്കർ എന്നിവരെക്കുറിച്ച് ഒന്നോരണ്ടോ വാക്ക് ഇവിടെ പ്രസ്താവിക്കുന്നത് അസങ്ഗതമായിരിക്കയില്ല. കുഞ്ഞുകൃഷ്ണപ്പണിക്കർ 1035-ാമാണ്ട് ആറാട്ടുപുഴ കല്ലിശ്ശേരിവീട്ടിൽ വേലായുധപ്പണിക്കരുടെ പുത്രനായി ജനിച്ചു. 1077-ാമാണ്ടു കന്നിമാസത്തിൽ മരിച്ചു. തനിക്കു പരിചിതന്മാരായ പല പ്രഭുക്കന്മാരുടേയും ഗുണദോഷങ്ങൾ നിരൂപണം ചെയ്യുന്ന രീതിയിൽ ശതഗുണം എന്നൊരു കാവ്യം രചിച്ചു. അദ്ദേഹത്തിന്റെ അനുജൻ ഗോവിന്ദർപ്പണിക്കർ 1036-ാമാണ്ടു വൃശ്ചികമാസത്തിൽ പിതൃകുടുംബമായ ആനസ്ഥാനത്തു ജനിച്ചു. കേശവപ്പണിക്കർ എന്നായിരുന്നു അച്ഛന്റെ പേർ. ബാല്യത്തിൽ പിതൃവ്യനായ വെളുമ്പൻപണിക്കരുടെ കീഴിൽ സംസ്കൃതം പഠിച്ചുതുടങ്ങി; വെളുമ്പൻ പണിക്കർ 1027-ൽ ജനിച്ചു; 1082-ൽ മരിച്ചു. ഗോവിന്ദർപ്പണിക്കർ 1050-ൽ അച്ഛൻ മരിച്ചപ്പോൾ സ്വഗൃഹത്തിലേക്കു പോന്നു. അവിടെ കുമ്മമ്പള്ളി രാമൻപിള്ളയുടെ ശിഷ്യനായി കാവ്യനാടകാലങ്കാരങ്ങളും ജ്യോതിഷവും അഭ്യസിച്ചു. 1055-ാമാണ്ടിടയ്ക്കു മാത്തൂർ കുടുംബത്തിലെ അന്നത്തെ കാരണവർ എരുവയിൽ പട്ടയത്തു കുടംബത്തിൽ നിന്നു വിവാഹം ചെയ്തു് അവിടെ താമസിച്ചുവന്നിരുന്നു. അദ്ദേഹത്തിൽ നിന്ന് അഷ്ടാങ്ഗഹൃദയവും പ്രവേശകത്തിൽ (വ്യാകരണം) ഏതാനും ഭാഗവും പഠിച്ചു. അക്കാലത്തെ പല പത്രങ്ങളിലും ശ്ലോകങ്ങൾ എഴുതിക്കൊണ്ടിരുന്നു. പാഞ്ചാലീസ്വയംവരം കുറത്തിപ്പാട്ട് അദ്ദേഹത്തിന്റെ കൃതിയാണ്.

## കുഞ്ഞൻവൈദ്യന്റെ വിദ്യാഭ്യാസം

വൈദ്യൻ സ്വപിതാവിൽ നിന്നു ബാലപാഠങ്ങൾ അഭ്യസിച്ചതിനു മേൽ താമരക്കുളം പരമേശ്വരൻപിള്ളയുടെ കീഴിൽ ശ്രീകൃഷ്ണവിലാസവും പതിമ്മൂന്നാമത്തെ വയസ്സിൽ പുതുപ്പള്ളി വാരണപ്പള്ളിവീട്ടിൽ താമസിച്ചു കുമ്മമ്പള്ളി രാമൻപിള്ളയോട്ട് ഉപരികാവ്യങ്ങളും നാടകാലങ്കാരങ്ങളും പഠിച്ചു. അതിനു മേൽ തിരുവനന്തപുരത്തു നാലുകൊല്ലം താമസിച്ചു വെളുത്തേരികേശവൻ വൈദ്യന്റെയും പി. കെ. കൃഷ്ണൻവൈദ്യന്റേയും ശിഷ്യനായി അഷ്ടാങ്ഗഹൃദയവും അഭ്യസിച്ചു. തിരുവനന്തപുരത്തു താമസിച്ച കാലത്തു് പേട്ടയിൽ രാമൻപിള്ള ആശാൻ മലയാളിസഭയുടെ ആഭിമുഖ്യത്തിൽ പ്രചരിപ്പിച്ചുകൊണ്ടിരുന്ന മലയാളിപ്പത്രത്തിൽ പി. വേലായുധൻ ബി. ഏ. യുടേയും മറ്റും ഉപദേശമനുസരിച്ചു ഗദ്യലേഖനങ്ങൾ എഴുതിക്കൊണ്ടിരുന്നു.

## അനന്തരജീവിതം

വൈദ്യൻ തിരുവനന്തപുരത്തെ പഠിത്തം കഴിഞ്ഞു തിരിച്ചു കായംകുളത്തു ചെന്ന് ഒരു വൈദ്യശാല സ്ഥാപിച്ചു. ആയിടയ്ക്കായിരുന്നു മനോരമയുടെ ആവിർഭാവം. മനോരമ, സുജനാനന്ദിനി തുടങ്ങിയ പല പത്രങ്ങളിലും ഗദ്യപദ്യങ്ങൾ എഴുതി പ്രസിദ്ധപ്പെടുത്തി. 1074-ൽ കൊല്ലത്തുനിന്നു നടത്തിവന്നിരുന്ന ചന്ദ്രിക എന്ന മാസികയുടെ ഉപപത്രാധിപരായി. 1076-ൽ വനംവക ഡിപ്പാർട്ടുമെന്റിൽ ഒരു ചെറിയ

ജോലി സ്വീകരിച്ച് ഒന്നരണ്ടു വർഷം കഴിച്ചുകൂട്ടി. 1078-ൽ കൊല്ലം സർക്കാർ ഇംഗ്ലീഷ് ഹൈസ്കൂളിൽ സംസ്കൃതപണ്ഡിതനായി നിയമിക്കപ്പെട്ടു. അവിടെ പിന്നീടു മലയാളപണ്ഡിതനായും ജോലി നോക്കീട്ടുണ്ട്. സുജനാനന്ദിനിയിൽ കോകിലം എന്നും ചന്ദ്രികയിൽ കനകമങ്ഗലം എന്നുമുള്ള വ്യാജനാമങ്ങളിൽ തുടർച്ചയായി ലേഖനങ്ങൾ എഴുതിക്കൊണ്ടിരുന്നു. ചന്ദ്രികയിലെ ലേഖനപരമ്പര ഏ. ആർ. രാജരാജവർമ്മകോയിത്തമ്പുരാന്റെ ഭാഷാകുമാരസംഭവത്തെ വിഷയീകരിച്ചുള്ളതാണ്. 1082-ാമാണ്ടോടുകൂടി കൃഷ്ണപുരത്തുതന്നെ സ്ഥിരമായി താമസിച്ച് അവിടെ നല്ല നിലയിൽ ഒരു വൈദ്യശാല സ്ഥാപിച്ചു നടത്തി ആ വൃത്തിയിൽ യശസ്സുനേടി. സമുദായസംബന്ധമായും വിദ്യാവിഷയകമായുമുള്ള പല പ്രവർത്തനങ്ങളിൽ ഏർപ്പെട്ടു പൊതുജനസേവനം അനുഷ്ഠിച്ചു. മരണം 1087-ലായിരുന്നു.

## കൃതികൾ

വൈദ്യന്റെ കവിത വിശിഷ്ടമാണെന്നു പറയുവാൻ പാടുള്ളതല്ല; എങ്കിലും തീരെ മോശവുമല്ല. അദ്ദേഹം പതിന്നാലാമത്തെ വയസ്സിൽ (1) അഹല്യാമോക്ഷം ഊഞ്ഞാൽപ്പാട്ടും, (2) പതിനഞ്ചാമത്തെ വയസ്സിൽ ശംബരവധം അമ്മാനപ്പാട്ടും എഴുതി. (3) 1067-ാമാണ്ടു രചിച്ച വാസവദത്ത എന്ന ഖണ്ഡകാവ്യം കുഞ്ഞിക്കുട്ടൻ തമ്പുരാനെക്കൊണ്ടു തിരുത്തിച്ച് 1074-ൽ പ്രസിദ്ധീകരിച്ചു. നൂറ്റൊന്നുശ്ലോകങ്ങൾ അടങ്ങിയ ആ കൃതി വാസവദത്ത എന്ന സംസ്കൃതാഖ്യായികയിലെ ഇതിവൃത്തം സംക്ഷേപിച്ചു രചിച്ചിട്ടുള്ളതാണ്. (4) രുക്മിണീസ്വയംവരം ഉഞ്ഞാൽപ്പാട്ടും, (5) കുചേലഗോപാലം അമ്മാനപ്പാട്ടും കൊല്ലത്തു താമസിക്കുമ്പോൾ ഉണ്ടാക്കി. (6) 1084-ൽ മൂന്നു ഖണ്ഡകാവ്യങ്ങൾ എന്ന പേരിൽ ഒരു ചെറിയ പുസ്തകം പ്രസിദ്ധപ്പെടുത്തി. അതിൽ ശങ്കരീസ്തോത്രവും ഹർമ്മ്യപഞ്ചകവും നിസ്സാരങ്ങളാണെങ്കിലും, തന്റെ പുത്രൻ ബാലകൃഷ്ണന്റെ അകാലചരമത്തെ വിഷയീകരിച്ച് അൻപത്തിമൂന്നു ശ്ലോകങ്ങളിൽ രചിച്ചിട്ടുള്ള വിലാപകാവ്യം നമ്മുടെ ശ്രദ്ധയെ ആവർജ്ജിക്കുന്നു. വസന്തതിലകം ഭാണവും ഋതുസംഹാരകാവ്യവും തർജ്ജമ ചെയ്യുവാൻ ആരംഭിച്ചുവെങ്കിലും അവ മുഴുവനായിട്ടില്ല. വാസവദത്ത, എന്റെ പുത്രൻ എന്നീ കൃതികളിൽ നിന്നുമാത്രം ഓരോ ഉദാഹരണം ഉദ്ധരിക്കാം.

## വാസവദത്ത

“സന്ധ്യാകാലം സമീക്ഷിച്ചുണയുമൊരളവിൽ–
 സ്സന്തതം വെന്തുനീറും
ചെന്തീയിൻകട്ടപോൽത്തൻ കരളുരുകി മഹാ–
 കാമിയായ് ഭൂമിപാലൻ
എന്തൊക്കെക്കാട്ടിയെന്നും ചിതമൊടു പറവാ–
 നിന്നെനിക്കാവതല്ലേ
സന്താപം കണ്ടൊരസ്സാക്ഷിണി സുമമയിയാ–
 യുള്ളൊരശ്ശയ്യതന്നെ.”

## എന്റെ പുത്രൻ

“സ്വർണ്ണവർണ്ണമിയലുന്നൊരു ചുണ്ടും
കർണ്ണികാരസുഷമം തവ മുക്കും
എണ്ണിയെണ്ണിയിവനൊന്നു നുകർന്നി–

ല്ലണ്ണി! മണ്ണിനിരയായി മറഞ്ഞോ?"

## പുതുപ്പള്ളി പി. കെ. പണിക്കർ (1061–1098)

### ജനനം

പി. കുഞ്ഞുപണിക്കർ 1061-ാണ്ടു കന്നിമാസം24-ാംനു മാതൃഗൃഹമായ കൊല്ലം പേരൂർ കളിയലഴികത്തുവീട്ടിൽ ജനിച്ചു. മാതാവായ കാത്യായനിയമ്മയുടെ മൂലകുടുംബം കുന്നത്തൂർത്താലൂക്കിൽ ഇളങ്ങമങ്ഗലത്ത് അകത്തയ്യടിയാണ്. ഇളമ്പിലാശ്ശേരി കൃഷ്ണനാശാൻ എന്ന ഭാഷാഭിമാനിയുടെ ദ്വിതീയപുത്രിയായ ആ സുചരിതയ്ക്കു സാമാന്യമായ വൈദുഷ്യമുണ്ടായിരുന്നു. പുതുപ്പള്ളി വാരണപ്പള്ളികുടുംബത്തിലെ ഒരങ്ഗവും ആട്ടപ്പാട്ടുകാരുടെ ഇടയിൽ വിശ്രുതനുമായിരുന്ന പത്തേഴത്തു കിഴക്കേതിൽ കുഞ്ഞുകുഞ്ഞുപണിക്കരായിരുന്നു അച്ഛൻ. അദ്ദേഹം ആറാട്ടുപുഴ വേലായുധപ്പണിക്കരുടെ മകനാണ്.

### വിദ്യാഭ്യാസം

ബാല്യത്തിൽ പിതൃവ്യനായ വാരണപ്പള്ളി കുഞ്ഞുകൃഷ്ണപ്പണിക്കരുടെ അടുക്കലും തദനന്തരം പിതൃഭാഗിനേയനായ കുഞ്ഞുപണിക്കരുടെ അടുക്കലും സംസ്കൃതത്തിൽ പ്രാഥമികപാഠങ്ങൾ അഭ്യസിച്ചതിനുമേൽ വാരണപ്പള്ളി വെളുമ്പൻ പണിക്കരുടെ അടുക്കലും ചില കാവ്യങ്ങൾ വായിച്ചു. 1078 മുതൽ കുമ്മമ്പള്ളി രാമൻപിള്ള ആശാന്റെ അന്തേവാസിയായി നൈഷധവും നാടകാലങ്കാരങ്ങളും തർക്കസങ്ഗ്രഹവും സിദ്ധാന്തകൗമുദിയിലെ ചില പ്രകരണങ്ങളും ജ്യോതിസ്യവും അഭ്യസിച്ചു. അപ്പോഴേക്ക് ഇരുപത്തിരണ്ടു വയസ്സായി. അതോടുകൂടി പുതുപ്പള്ളിയിൽ വിജ്ഞാനസന്ദായിനി എന്ന പേരിൽ ഒരു സംസ്കൃതപാഠശാല സ്ഥാപിച്ച് അതു നല്ല നിലയിൽ നടത്തിത്തുടങ്ങി. 1088-ൽ അമ്മ മരിച്ചു. 1089-ൽ വാരണപ്പള്ളി ശാന്താദേവിയെ വിവാഹം ചെയ്തു. ജന്മം കൊണ്ടു തന്റെ സമുദായത്തോടു ചിലർ പ്രദർശിപ്പിച്ചിരുന്ന അവജ്ഞ അദ്ദേഹത്തെ വളരെക്കാലമായി ദുഃഖിതനും പ്രക്ഷുബ്ധനുമാക്കിത്തീർത്തിരുന്നു. ആ അസമത്വബോധത്തിൽനിന്നു മുക്തനാകുന്നതിനുവേണ്ടി 1095-ാമാണ്ടുമേടമാസം 17-ാംനു- കൽക്കട്ടാബ്രഹ്മസമാജത്തിലെ ഒരങ്ഗമായിച്ചേർന്നു. ബ്രഹ്മവിദ്യാസംഘത്തിലെ ഒരു മിഷണറിയായ ഹേമചന്ദ്രസർക്കാർ അദ്ദേഹത്തിനു ബ്രഹ്മവിദ്യാഭൂഷൺ എന്ന ബിരുദം സമ്മാനിച്ചു. ജാതിമതാദികളുടെ തത്ത്വത്തെപ്പറ്റി പല സ്ഥലങ്ങളിലും ഉജ്ജ്വലമായി പ്രസങ്ഗിച്ചുകൊണ്ടിരുന്നു. 1098-ാമാണ്ടു മേടമാസം 31-ാംനു പണിക്കർ ജ്വരാതിസാരം ബാധിച്ച് അകാലമരണം പ്രാപിച്ചു.

### കൃതികൾ

പണിക്കർ തനിക്കു ലഭിച്ച സംസ്കൃതപാണ്ഡിത്യം നിരന്തരമായ ഗ്രന്ഥപാരായണം കൊണ്ടു വളരെ വർദ്ധിപ്പിച്ചു. അദ്ദേഹം ഭാഷയ്ക്കു രണ്ടു വിലയേറിയ രത്നങ്ങൾ സമർപ്പിച്ചിട്ടുണ്ട്. അവയിൽ ആദ്യത്തേതു കുലശേഖരവർമ്മ രചിതമായ തപതീസംവരണം നാടകത്തിന്റെ തർജ്ജമയും, രണ്ടാമത്തേതു കേദാരഭട്ടന്റെ വൃത്തരത്നാകരത്തിനു രചിച്ച സവ്വാർത്ഥസുബോധിനി എന്ന കുലങ്കഷമായ വ്യാഖ്യാനവുമാണ്. ആ വ്യാഖ്യാനം 1091-ൽ മാത്രമേ അച്ചടിച്ചുള്ളു എങ്കിലും 1086- ലായിരുന്നു അതു മുഴുമിപ്പിച്ചതെന്നു ഗ്രന്ഥാവസാനത്തിൽ കാണുന്നു. രാമൻപിള്ള ആശാൻ അതു പരിശോധിച്ചിട്ടുണ്ട്. തപതീസംവരണവും 1090-നുമുൻപ് എഴുതിയതാണ്. ആ നാടകം കവി സമഞ്ജസമായ രീതിയിൽ തർജ്ജമ ചെയ്തിരിക്കുന്നു. ഉത്തരരാമചരിതം,

ആശ്ചര്യചൂഡാമണി മുതലായവയുടെ കൂട്ടത്തിൽ അതിനേയും ചേർക്കാം. ആ രണ്ടു കൃതിക്കും പുറമേ സ്വഭാര്യയുടെ മാതുലൻ മജിസ്ത്രേട്ട് എസ്സ്. പത്മനാഭപ്പണിക്കരുടെ അകാലചരമത്തെ വിഷയീകരിച്ച് (3) പ്രിയവിയോഗം എന്നൊരു വിലാപകാവ്യവും (4) സാഹിത്യമഞ്ജൂഷ ഒന്നാംഭാഗവും കൂടി അദ്ദേഹം പ്രസിദ്ധപ്പെടുത്തീട്ടുണ്ട്. സാഹിത്യമഞ്ജൂഷ നവീനസമ്പ്രദായത്തിൽ രചിച്ചിട്ടുള്ള ഏതാനും ഖണ്ഡകാവ്യങ്ങളുടെ സമുച്ചയമാണ്. സാഹിത്യദർപ്പണം വിവർത്തനം ചെയ്യാൻ ആരംഭിച്ചുവെങ്കിലും ആ പണി പൂർത്തിയായില്ല. താഴെ കാണുന്ന ശ്ലോകങ്ങൾ കൊണ്ടാണ് വൃത്തരത്നാകരം ഉപസംഹരിച്ചിരിക്കുന്നത്.

“യസ്യാംബാ സുഗുണൗഘവാസവസതിഃ കാത്യായനീ യസ്യവൈ
താതോ ഹസ്തിവിഹാരമന്ദിരഭവശ്ശ്രീബാലബാലാഹ്വയഃ
യസ്യാചാര്യവരസ്തു പണ്ഡിതപതിശ്ശ്രീരാമദാസോ മഹാൻ
തേനേയം വിവൃതിർമ്മയാ വിരചിതാ വൃത്താഗമോല്ലാസിനീ.

രസനാഗനഭശ്ചന്ദ്രമിതേ കോളംബകേ രവൗ
മിഥുനേ പ്രഥമാംശസ്ഥേ സമാപ്തേയഞ്ച പഞ്ചികാ.

കൈലാസനാഥപാദാബ്ജേ ഭ്രമദ്ഭൃംഗായതേ മനഃ
യസ്യ തം ഭാവയേ ഭക്ത്യാ രാമദാസഗുരും സദാ.”

മറ്റു കൃതികളിൽനിന്നു ചില ഭാഗങ്ങൾ ഉദ്ധരിക്കാം.

## തപതീസംവരണം

“ഭംഗ്യാ പൊങ്ങിയ നാസ, പീവരഗളം, കുന്നിക്കുമംസങ്ങളിൽ–
ത്തങ്ങീടും മണികുണ്ഡലങ്ങൾ വിലസും കർണ്ണങ്ങൾ, മുട്ടോളവും
തൂങ്ങീടുന്ന കരങ്ങൾ, തങ്കനിറമങ്ങായാമമീമട്ടിലായ്
മങ്ങാതാരുടെ രൂപമിങ്ങു ജനതക്കേകുന്നു സന്തുഷ്ടിയെ.”

“ഏറ്റം ഗുല്ഗുലുധൂപമാർന്നസിതമായ് നീർത്തുള്ളിയാൽ ശുഭ്രമാ–
യാരാൽ കങ്കമരേണു ചേർന്നരുണമായ് കർപ്പൂരപൂർണ്ണാഢ്യമായ്,
സൗരഭ്യാഹൃതമത്തഭൃംഗയുതമായ് മാർഗ്ഗക്ലമച്ഛേദിയായ്,
സ്വൈരം വീശി വനാന്തവായു കവരുന്നുണ്ടത്ര നാസാപുടം”

## സാഹിത്യമഞ്ജൂഷ

“പൊൽത്താമരപ്പൂതുമണത്തെയെടുത്തുഷസ്സി–
ലെത്തും മനോമദനനാകിയ മന്ദവായു
ഉൾത്തുർന്നിടം ഫലദലങ്ങളെയാവഹിച്ചി–
ട്ടത്യന്തഭംഗിയൊടു നിന്നുലയും തരുക്കൾ.” (ശിശു)

ഈ സമുച്ചയത്തിൽ ഏറ്റവും വികാരോദ്ദീപകമായി എനിക്കു തോന്നീട്ടുള്ളതു് ഒരു ദയനീയസംഭവം എന്ന കൃതിയാണ്. അതിൽനിന്നു മൂന്നു ശ്ലോകങ്ങൾ ചുവടേ ചേർക്കുന്നു.

“വരികെന്റെ ചെറുമക്കളെ! നിരാ–
ശ്രയരേ! നിങ്ങൾ സമാശ്വസിക്കുവിൻ
ഹഹ! നിങ്ങളുഴന്നിടുന്നൊരീ

നില കണ്ടുള്ളു തകർന്നിടുന്നു മേ.
അഴൽ നിങ്ങൾ പരിത്യജിക്കുവിൻ!
ശുഭഭാവിക്കിതു ഹേതുവോർക്കുവിൻ!
ഭഗവാനലിവാർന്നിതാ കൃപാ—
മൃതബിന്ദുക്കൾ പൊഴിപ്പു നിങ്ങളിൽ.
എരിയും കഠിനാതപം നരർ—
ക്കുരുതാപത്തെയണക്കുമെങ്കിലും
അതിശീതളവർഷധാരകൾ—
ക്കുതാൻ കാരണമായിടുന്നിതേ.”

## കവിയൂർ വെങ്കടാചലമയ്യർ (1050—1116)

### ചരിത്രം

കവിയൂർ വെങ്കടാചലമയ്യരുടെ കുടുംബം ടിപ്പുവിന്റെ ചേലക്കലാപകാലത്തു പാലക്കാട്ടു നിന്ന് ഓടിവന്നു തിരുവിതാംകൂറിൽ കവിയൂർദേശത്തു താമസമുറപ്പിച്ചതാണ്. കവിയുടെ പിതാവു നാരായണയ്യരും മാതാവു പാർവ്വതിഅമ്മാളുമായിരുന്നു. ജനനദിവസം 1050-ാമാണ്ടു മിഥുനമാസം 8-ാംനു-യാണ്. മകനു നാലു വയസ്സു പ്രായമായപ്പോൾ അച്ഛൻ മരിച്ചുപോകയാൽ അമ്മയുടെ പോഷണത്തിൽ ആ ബാലൻ വളർന്നു. പാർവ്വതിഅമ്മാളുടെ സ്വദേശം തിരുനെൽവേലി ജില്ലയിൽപ്പെട്ട അംബാസമുദ്രം ഗ്രാമമാണ്. കവി തിരുവല്ല മലയാം പള്ളിക്കൂടത്തിൽ ചേർന്നു പഠിച്ചു. തെങ്കാശി രാമസ്വാമിശാസ്ത്രികൾ എന്ന പണ്ഡിതനാണ് സംസ്കൃതം പഠിപ്പിച്ചത്. അനന്തപുരത്തുപോയി കുറേക്കാലം താമസിച്ച് അവിടെയും ആ ഭാഷ അല്പം അഭ്യസിച്ചു. പിന്നീടു സംസ്കൃതത്തിൽ നേടിയ വിജ്ഞാനമെല്ലാം സ്വപരിശ്രമത്തിന്റെ ഫലമായിരുന്നു. പതിനാറാമത്തെ വയസ്സിൽത്തന്നെ മലയാളം പള്ളിക്കൂടത്തിൽ ഒരു ഉപാധ്യായനും പിന്നീടു പ്രധാനാധ്യാപകനുമായി. ആയിടക്കു പുത്തില്ലത്തിൽ നാരായണൻപോറ്റിയുടെ ആവശ്യമനുസരിച്ച് അഞ്ചങ്കത്തിൽ മോഹിനീവിഭ്രമം എന്ന നാടകം എഴുതി 1068-ൽ കോട്ടയം മനോരമ അച്ചുക്കൂടത്തിൽ അച്ചടിപ്പിച്ചു. അതുകണ്ട് ആനന്ദ ഭരിതനായ കെ.ഐ. വറുഗീസ് മാപ്പിള കോട്ടയത്ത് എം.ഡി. ഹൈസ്കൂളിൽ ഇംഗ്ലീഷ് വിദ്യാഭ്യാസത്തിനുവേണ്ട സൗകര്യം ഉണ്ടാക്കിക്കൊടുക്കാമെന്നു വാഗ്ദാനം ചെയ്യുകയാൽ വാധ്യാർവേല രാജികൊടുത്ത് 1069-ൽ ആ ഹൈസ്കൂളിൽ പഠിത്തം ആരംഭിച്ചു. അവിടെ മട്രിക്കുലേഷൻ ക്ലാസ്സുവരെ എത്തിച്ചേർന്നുവെങ്കിലും രോഗം നിമിത്തം പരീക്ഷയിൽ ചേരുവാൻ സാധിച്ചില്ല. വീണ്ടും മലയാളം സ്കൂളിൽ അധ്യാപകവൃത്തി അംഗീകരിച്ചു. 25-ാമത്തെ വയസ്സിലായിരുന്നു അത്. കുന്നത്തുനാട്ടു കുവപ്പടി അഗ്രഹാരത്തിൽ ലക്ഷ്മിയമ്മാളെ വിവാഹം ചെയ്തു. 1106-ൽ അടുത്തുൺപറ്റി സ്വദേശത്തുപോയി. 1116-മാണ്ടു വൃശ്ചികമാസം 24-ാംനു ഒരു മോട്ടോർവണ്ടി കയറിയതിന്റെ ഫലമായി മരണം പ്രാപിച്ചു.

### കൃതികൾ

വെങ്കടാചലമയ്യർ (1) മോഹിനീവിഭ്രമം നാടകത്തിനുപുറമേ, (2) മൂലകാസുരവധം അഥവാ സീതാവിജയം, (3) ദ്രൗപദീപരിണയം എന്നീ രണ്ട് ആട്ടക്കഥകളും, (4) ഉഷാകല്യാണം സംഗീതനാടകവും, (5) ലക്ഷ്മീകേരളം, (6) രുക്മിണീസ്വയംവരം എന്നീ രണ്ടു കാവ്യങ്ങളും, (7) ഭാഷാഭാരതചമ്പു ആദ്യത്തെ മൂന്നു സ്തബകങ്ങളും,

(8) വിവിധ വിഷയങ്ങളെക്കുറിച്ച് അന്യാപദേശരൂപത്തിൽ കുസുമമഞ്ജരീവൃത്തത്തിൽ 100-ൽപ്പരം ശ്ലോകങ്ങൾ ഉൾക്കൊള്ളുന്ന പ്രകൃതിതത്ത്വം എന്ന കാവ്യവും, (9) അശ്രുകിരണം എന്ന പേരിൽ രണ്ടു വിലാപകാവ്യങ്ങളുടെ സമാഹാരവും, (10) ആഞ്ജനേയസ്തവം എന്നപേരിൽ സംസ്കൃതത്തിൽ ഒരു ശതകവും നിർമ്മിച്ചിട്ടുണ്ട്. അവയിൽ പ്രധാനങ്ങൾ ഭാരതചമ്പുവും പ്രകൃതിതത്ത്വവുമാണ്. ഭാരതചമ്പുവിന്റെ ഭാഷാനുവാദം പ്രശംസാർഹമാണെന്നുള്ളതിനു സംശയമില്ല. അതു മുഴമിപ്പിക്കാത്തതു ചുനക്കര ഉണ്ണിക്കൃഷ്ണവാരിയർ ആ പണിയിൽ ഏർപ്പെട്ടിട്ടുണ്ടെന്ന് അറിഞ്ഞതുകൊണ്ടാണ്. പ്രകൃതിതത്ത്വത്തിൽ 102 ശ്ലോകങ്ങൾ അടങ്ങിയിരിക്കുന്നു. അതു സംസ്കൃതത്തിലോ ഇതരഭാഷയിലോ ഉള്ള ഒരു മൂലഗ്രന്ഥത്തിന്റെ തർജ്ജമയല്ല; എന്നാൽ ആശയങ്ങൾ മിക്കവാറും പരകീയങ്ങളാണ്. രചനാരീതി പരിശോധിച്ചാൽ വലിയകോയിത്തമ്പുരാന്റെ അന്യാപദേശശതകത്തിന്റെ കനിഷ്ഠസഹോദരസ്ഥാനത്തിന് അത് അവകാശിയാണെന്നു കാണാം. പ്രതിപാദ്യവൈചിത്ര്യം കൊണ്ടും ആ ഖണ്ഡകാവ്യം പ്രശംസിനമായിരിക്കുന്നു. അശ്രുകിരണത്തിലെ വിഷയം ദമയന്തിയുയടേയും ദശരഥന്റേയും ആക്രന്ദനമാണ്. കവിയൂർ ക്ഷേത്രത്തിൽ പ്രതിഷ്ഠിതന്മാരായ ദേവന്മാരിൽ ഹനുമാന് അന്യാദൃശമായ പ്രാധാന്യമുണ്ടല്ലോ. ആ ദേവനെ ഉദ്ദേശിച്ചു രചിച്ചിട്ടുള്ളതാണ് ആഞ്ജനേയസ്തവം. ചില ശ്ലോകങ്ങൾ ഉദ്ധരിക്കാം.

"നിങ്ങൾക്കേകട്ടെ ഭദ്രം കവിളിലൊഴുകിടും
ദാനതോയത്തിനെത്തും
ഭൃംഗൗഘത്തിൻ സ്വനത്താൽ ദിശകളിലഖിലം
ശബ്ദമുണ്ടാക്കിടുന്നോൻ
ഭംഗം കൂടാതെയാടും ചെവിയുടെയടിയാൽ
ജാതമാം കാറ്റശിപ്പാൻ
ഭംഗിക്കാസ്യം പിളർന്നിട്ടമരുമഹികളെ–
ത്താങ്ങുമാദ്യൻ ഗജാസ്യൻ." (ഭാരതചമ്പു)

"അംബരത്തിൽ മരുവും ഗ്രഹങ്ങളുടെ നായകൻ, കിരണപാളിതൻ
ഡംബരാതിശയമാർന്നു പാരുകൾ ഭരിച്ചിടുന്ന ദിവസേശ്വരൻ
ശംബരാധിപതിതന്റെ മുന്നിൽ വിഗതാഭനായുഴറി നീറ്റിലെ–
ബ്ബിംബമോടു കിടയായ്ച്ചമഞ്ഞിടുവതിങ്ങു സർവവിദിതംപരം."
(പ്രകൃതിതത്ത്വം)

"കരുണാമയ! ചിത്സ്വരൂപ! നീ–
യരുമപ്പൈതലിനാർത്തിയേകൊലാ;
ഒരുനാളുമധമ്മചര്യയെ–
ക്കരുതീട്ടില്ല കിനാവിലും സുതൻ." (അശ്രുകിരണം)

"പരുഷത കലരും നൃപാലർ പോറ്റും
പുരുസഭയൊന്നു കുലുക്കുവാൻ തരിമ്പും
കുരുടനിവനു മോടിയേതു? പക്ഷം
കുരുവി കുലുക്കുകിലാടുമോ സമുദ്രം?" (ഒരു മുക്തകം)

"കുരംഗശാബങ്ങൾ തൊഴുന്ന മാധുരീ–
തരംഗിതാപാംഗമെറിഞ്ഞു രുദ്രനെ
കുരങ്ങനാക്കും സതിയെന്റെയുള്ളമാ–
മരങ്ങിലേറീട്ടു കളിക്ക സർവദാ." (ഒരു സ്തോത്രപദ്യം)

## ചുനക്കര ഉണ്ണിക്കൃഷ്ണവാരിയർ (1040–1111)

### കുടുംബവും ജനനവും

സംസ്കൃതപാണ്ഡിത്യത്തിനും ആയുർവേദ ജ്യൗതിഷാദിവിദ്യാവൈദഗ്ദ്ധ്യത്തിനും വളരെക്കാലം പേരുകേട്ടിരുന്ന ഒരു കുടുംബമാണ് മാവേലിക്കരത്താലൂക്കിൽ നൂറനാട്ടു ചുനക്കരപ്പകുതിയിൽ സ്ഥിതിചെയ്യുന്ന അയിരൂർവാരിയം. കവിയുടെ മാതാമഹൻ കൊച്ചുകൃഷ്ണവാരിയർ ടിപ്പുവിന്റെ മലബാറാക്രമണകാലത്തു തിരുവിതാംകൂറിലേക്കു പലായനം ചെയ്ത് എണ്ണക്കാട്ടുകൊട്ടാരത്തിൽ താമസിച്ചിരുന്ന കോഴിക്കോട്ടു മനോരമത്തമ്പുരാട്ടിയുടെ അടുക്കൽനിന്നു പ്രൗഢമനോരമവരെ വ്യാകരണം പഠിച്ചിരുന്ന ഒരു പണ്ഡിതനായിരുന്നു. തമ്പുരാട്ടി കോട്ടയ്ക്കൽ കിഴക്കേക്കോവിലകത്തേക്കു മടങ്ങിയപ്പോൾ തന്റെ സന്താനങ്ങളെ സംസ്കൃതം അഭ്യസിപ്പിക്കുന്നതിനായി കൊച്ചുകൃഷ്ണവാരിയരെക്കൂടി കൊണ്ടുപോയി. അവിടെ കുറേക്കാലം താമസിച്ചതിനുമേൽ അദ്ദേഹം തിരിയെ ചുനക്കരക്കു പോന്നു. പിതാമഹൻ ശങ്കര (ശങ്കു) വാരിയരും ഒരു ന്യായശാസ്ത്രപടുവും സംസ്കൃതപണ്ഡിതനും അനന്തപുരത്തു കൊട്ടാരത്തിൽ സംസ്കൃതാധ്യാപകനുമായിരുന്നു. ഏ. ആർ. രാജരാജവർമ്മകോയിത്തമ്പുരാന്റെ ബാല്യകാലത്തെ ഗുരുക്കന്മാരിൽ അന്യതമനാണ് അദ്ദേഹം. പുരാണങ്ങളിലും തർക്കത്തിലും പണ്ഡിതനായിരുന്ന അയിരൂർവാരിയത്തു ശൂലപാണിവാരിയരുടെയും ആ വാരിയത്തെ മാധവിവാരസ്യാരുടേയും പുത്രിയായ കുഞ്ഞുലക്ഷ്മിവാരസ്യാരെ താന്ത്രികനായ സുബ്ബരായൻപോറ്റി വിവാഹം ചെയ്തു. ആ ദമ്പതികളിൽനിന്നു കഥാനായകനായ ഉണ്ണിക്കൃഷ്ണവാരിയർ 1040-ാമാണ്ട് മീനമാസം 14-ാംനു ജനിച്ചു. അദ്ദേഹത്തിനു മാധവിവാരസ്യാർ എന്നൊരനുജത്തിയും യഥാകാലം ജാതയായി. തിരുവനന്തപുരത്തു രാജകീയമഹാവിദ്യാലയത്തിൽ അധ്യാപകനായിരുന്ന ശൂലപാണി വാരിയർ കുഞ്ഞുലക്ഷ്മിവാരസ്യാരുടെ ജ്യേഷ്ഠനായിരുന്നു.

### വിദ്യാഭ്യാസം

സാമാന്യം കാവ്യവ്യുൽപത്തി സമ്പാദിച്ചിരുന്ന മാതാവുതന്നെയായിരുന്നു ഉണ്ണിക്കൃഷ്ണവാരിയരുടെ ആദ്യത്തെ ആചാര്യ. കളിയിക്കൽ കുഞ്ഞുരാമൻനായർ അന്നത്തെ പാഠപദ്ധതിയനുസരിച്ചു മലയാളവും പഠിപ്പിച്ചു. പിന്നീടു കൊച്ചുകൃഷ്ണവാരിയരുടെ കീഴിൽ കാവ്യനാടകാലങ്കാരങ്ങളും പ്രൗഢമനോരമാന്തം വ്യാകരണവും തർക്കസംഗ്രഹവും അഭ്യസിച്ചു. തദനന്തരം പിതാമഹൻ ശങ്കുവാരിയർ അനന്തപുരത്തുകൊട്ടാരത്തിൽ അധ്യാപകനായിരുന്നതിനാൽ അവിടെ 1060-ാമാണ്ടു ചെന്നുചേരുകയും വീണ്ടും സംസ്കൃതത്തിൽ ചില ഉൽഗ്രന്ഥങ്ങൾ അദ്ദേഹത്തിന്റെ അടുക്കലും ആയുർവ്വേദം അനന്തപുരത്തു രാജരാജവർമ്മകോയിത്തമ്പുരാന്റെയടുക്കലും പഠിക്കുകയും ചെയ്തു. ശങ്കുവാരിയർ സംസ്കൃതം അഭ്യസിച്ചതു പന്തളത്തുകൊട്ടാരത്തിൽ ചെന്നാണ്. അദ്ദേഹത്തിന്റെ മരണാനന്തരം അനന്തപുരത്തുകൊട്ടാരത്തിൽ ബാലികാബാലന്മാരെ സംസ്കൃതം അഭ്യസിപ്പിക്കുവാൻ ഉണ്ണിക്കൃഷ്ണവാരിയർ നിയമിതനായി.

അതു് 1063-ലാണ്. ആ വഴിക്ക് എട്ടൊൻപതു കൊല്ലം ആയുർവ്വേദം സാംഗോപാംഗമായി അഭ്യസിക്കുന്നതിനും ചികിത്സാപദ്ധതി പരിചയിക്കുന്നതിനും സാധിക്കുകയാൽ ഒരു നല്ല വൈദ്യനായിത്തീർന്നു.

## അനന്തരജീവിതം

1071-ൽ ഏവൂർവാരിയത്തു ഗോവിന്ദവാരിയരുടെ മകൾ പാർവ്വതിവാരസ്യാരെ വിവാഹം ചെയ്തു. 1073-ൽ അതികഠിനമായ ബാധിര്യബാധയ്ക്കു വിധേയനായി. ചികിത്സയൊന്നും ഫലിച്ചില്ല. അതുകൊണ്ടു് അനന്തപുരത്തെ അധ്യാപകവൃത്തിയിൽ നിന്നു വിരമിച്ചു് 1074-ൽ സ്വഗൃഹത്തിലേക്കുതന്നെ പോന്നു. അനന്തപുരത്തുവച്ചാണു് കേരളവർമ്മകോയിത്തമ്പുരാനെ ആദ്യമായി കണ്ടതു്. സ്വഗൃഹത്തിലും സംസ്കൃതാധ്യാപനവും ആയുർവ്വേദചികിത്സയുംതന്നെയായിരുന്നു കാലയാപനമാർഗ്ഗങ്ങൾ. പ്രസിദ്ധവൈദ്യന്മാരായ അരിപ്പാട്ടു ചക്രപാണിവാരിയരും ആറന്മുള നാരായണപിള്ളയും അദ്ദേഹത്തിന്റെ സതീർത്ഥ്യന്മാരായിരുന്നു. അരിപ്പാട്ടുകൊട്ടാരത്തിൽ കാർത്തികനാൾ അംബാദേവിത്തമ്പുരാട്ടിയേയും മറ്റും അദ്ദേഹം സംസ്കൃതം പഠിപ്പിച്ചിട്ടുണ്ട്. ചുനക്കരയ്ക്കു തിരിയെ പോന്നതിനുശേഷം അനുജൻ ബാലകൃഷ്ണവാരിയരും ഭാഗിനേയന്മാരായ ശൂലപാണിവാരിയരും അദ്ദേഹത്തിന്റെ ശിഷ്യന്മാരായി. കവനകൗമുദി കോട്ടക്കൽനിന്നു പ്രചരിച്ചു തുടങ്ങിയപ്പോൾ പല ചമ്പുക്കൾ പി. വി. കൃഷ്ണവാരിയരുടെ പ്രേരണയ്ക്കു വശംവദനായി വിവർത്തനം ചെയ്തു് ആ മാസികയിൽ പ്രസിദ്ധീകരിച്ചു. 1094-ൽ പിടിപെട്ട പക്ഷപാതത്തിൽ നിന്നു വിമുക്തനായെങ്കിലും പിന്നെയും പലതരത്തിലുള്ള അസ്വാസ്ഥ്യങ്ങൾക്കു ശരീരം വിധേയമായിരുന്നു. 1111-ാമാണ്ടു മിഥുനമാസം 14-ാംനു യാണ് കവിയുടെ ചരമദിനം. മരണഹേതുകമായ രോഗം അതിസാരമായിരുന്നു.

## കൃതികൾ

ഉണ്ണിക്കൃഷ്ണവാരിയരെപ്പോലെ അത്ര വളരെ സംസ്കൃതചമ്പുക്കൾ ഭാഷയിൽ വിവർത്തനംചെയ്ത കവികൾ വേറെയില്ല. എല്ലാ തർജ്ജമകളും ഒന്നുപോലെ നന്നായിട്ടുമുണ്ട്. വാരിയരുടെ യശസ്സ് ആ ഗ്രന്ഥങ്ങളിൽ സ്ഥിരപ്രതിഷ്ഠിതമായിരിക്കുന്നു; അതിനു കാലപ്പഴക്കം കൊണ്ടൊരുമ്ലാനത ഒരിക്കലും ഉണ്ടാകുന്നതുമല്ല. അസാമാന്യം തന്നെയായിരുന്നു അദ്ദേഹത്തിന്റെ തദ്വിഷയകമായ വൈദഗ്ദ്ധ്യം. പ്രത്യേകിച്ച് അനന്തഭട്ടന്റെ വിവർത്തനാസഹമായ ഭാരതചമ്പു പന്ത്രണ്ടുസ്തബകങ്ങളും തർജ്ജമചെയ്യുന്നതിൽ അദ്ദേഹം പ്രദർശിപ്പിച്ചിട്ടുള്ള കൃതഹസ്തത ആരെയും ആശ്ചര്യപരതന്ത്രരാക്കുവാൻ പര്യാപ്തമാണ്. (1) വാസന്തികസ്വപ്നം നാടകം (2) സൗന്ദര്യലഹരി, (3) കേരളീയഭാഷാകംസവധചമ്പു, (4) ഭാഷാരഘുവംശം എന്നിവയാണ് ആദ്യകാലത്തെ കൃതികൾ. അവയിൽ ഒന്നാമത്തേതു് A Midsummer Night's Dream എന്ന ഷേക്സ്പീയറുടെ പ്രസിദ്ധമായ നാടകം ആർ. കൃഷ്ണമാചാര്യർ എം. ഏ. സംസ്കൃതീകരിച്ചിട്ടുള്ളതിന്റെ തർജ്ജമയാണ്. കംസവധചമ്പുവിന്റെ മൂലം കേരളവർമ്മ വലിയകോയിത്തമ്പുരാന്റെ വാങ്മയം തന്നെ. വാസന്തികസ്വപ്നം 1078-ലും, സൗന്ദര്യലഹരി 1081-ലും, കംസവധം 1083-ലും രഘുവംശം 1085-ലും രചിച്ചു. രഘുവംശത്തിലെ ആദ്യത്തെ മൂന്നു സർഗ്ഗങ്ങൾ മാത്രമേ കവി തർജ്ജമചെയ്തിട്ടുള്ളൂ. വാരിയരെപ്പോലെ വാസനാസമ്പന്നനും പണ്ഡിതപ്രവേകനുമായ ഒരു കവി തന്റെ ഒന്നാമത്തെ കൃതി 38-ാമത്തെ വയസ്സിലേ പ്രസിദ്ധീകരിക്കയുണ്ടായുള്ളു എന്നുള്ള വസ്തുത പലക്കും വിസ്മയജനകമായി തോന്നാം; എന്നാൽ പരിണതപ്രജ്ഞനായതിനുമേലല്ലാതെ ആർക്കും കാവ്യാധ്വാവിൽ സഞ്ചരിക്കുവാൻ അധികാരമില്ലെന്നായിരുന്നു

അദ്ദേഹത്തിന്റെ പക്ഷം. പിന്നീട് (5) ഭാരതചമ്പു (1093), (6) അഷ്ടമീപ്രബന്ധം (1094), (7) നിരനുനാസികം (1098), (8) കിരാതം (1100), (9) ദൂതവാക്യം (1100), (10) കൈലാസവർണ്ണനം (1101), (11) നൃഗമോക്ഷം (1101), (12) രാജസൂയം (1103), (13) പാഞ്ചാലീസ്വയംവരം (1104), (14) ദ്രൗപദീപരിണയം (1104), (15) കുചേലവൃത്തം (1105), (16) സ്വാഹാസുധാകരം, (17) അജാമിളമോക്ഷം, (18) സുഭദ്രാഹരണം, (19) ഭക്തിസംവർദ്ധനശതകം (1105), (20) സന്താനഗോപാലം, (21) കാർത്തവീര്യവിജയം, (22) ശ്രീപാർവ്വതീവിരഹം, (23) ഭോജചമ്പു, (24) നാരദമോഹനം എന്നീ കൃതികളും നിർമ്മിച്ചു. ആറുമുതൽ പതിനെട്ടുവരെയുള്ള ചമ്പുക്കൾ മേല്പത്തൂരിന്റേയും ഇരുപതും ഇരുപത്തൊന്നും അശ്വതിതിരുനാൾ ഇളയതമ്പുരാന്റേയും കൃതികളാണെന്നു പറയേണ്ടതില്ലല്ലോ. ശ്രീപാർവ്വതീവിരഹത്തിന്റെ മൂലം ശീവൊള്ളി നാരായണൻ നമ്പൂതിരിയുടെ ഒരു ഖണ്ഡകാവ്യമാകുന്നു. നാരദമോഹനത്തിലെ ഇതിവൃത്തം പുരാണാന്തർഗ്ഗതമാണ്. അതൊന്നേ കവിയുടെ സ്വതന്ത്രകൃതിയായി ഉള്ളു. പക്ഷേ, മുഴമിപ്പിക്കുവാൻ സാധിച്ചില്ല. ആദ്യത്തെ രണ്ടു ഭാഗങ്ങളേ എഴുതിയുള്ളു. സ്വാഹാസുധാകരവും, ഇരുപത്തൊന്നുമുതലുള്ള നാലു കൃതികളും അച്ചടിപ്പിച്ചിട്ടില്ല. വാസന്തികസ്വപ്നത്തിൽ ചില ഗാനങ്ങളും സംഘടിപ്പിച്ചിട്ടുണ്ട്. സൌന്ദര്യലഹരി കിളിപ്പാട്ടായി തർജ്ജമ ചെയ്തിരിക്കുന്നു. കംസവധത്തിൽ പഴയ ഭാഷാചമ്പുക്കളിലെ സംസ്കൃതപ്രധാനമായ ശൈലിയാണ് സ്വീകരിച്ചിരിക്കുന്നത്. അഷ്ടമീപ്രബന്ധത്തിലെ ചില പദ്യങ്ങൾ കിളിപ്പാട്ടുരീതിയിൽ വിവർത്തനം ചെയ്തിരിക്കുന്നു. ഗദ്യമായ കൈലാസവർണ്ണന മുഴുവൻ കിളിപ്പാട്ടായിത്തന്നെ ഭാഷാന്തരീകരിച്ചിരിക്കുകയാണ്. നിരനുനാസികത്തിൽ അനുനാസികാക്ഷരങ്ങൾ കഴിവുള്ളിടത്തെല്ലാം ചുരുക്കീട്ടുണ്ടെന്നല്ലാതെ മുഴുവൻ പരിത്യജിച്ചിട്ടില്ല.

## ഉദാഹരണങ്ങൾ

ഇനി നമ്മുടെ കവിപുങ്ഗവന്റെ കാവ്യശൈലി ഗ്രഹിക്കുവാൻ ഉതകുന്ന ചില ഉദാഹരണങ്ങൾ പ്രദർശിപ്പിക്കാം.

> "എന്തോ മാനസമായ കാരണമദിപ്പിക്കുന്നു രാഗത്തിനെ–
> സ്സന്തോഷം വെളിവായ ഗുണങ്ങളെ വിചചാരിക്കാറുമില്ലേകദാ
> വൻതോഷേണ വിരിഞ്ഞിടുന്നു കമലം സൂര്യൻ പ്രകാശിക്കവേ
> ഹന്തോദിത്വരചന്ദ്രവേളയിലലിഞ്ഞീടുന്നു ചന്ദ്രോപലം."
>
> (വാസന്തികസ്വപ്നം)

> "ധന്യന്മാർ യാവചില സത്തുക്കളരുണയായ്–
> ത്തന്നെസ്സൽകവിചിത്തപങ്കജവനങ്ങൾക്കു
> ബാലസൂര്യന്റെ കാന്തി പൂണ്ടൊരു ഭവതിയെ–
> ബ്ബാലേന്ദുചൂഡപ്രിയേ! സേവിക്കുന്നനുവേലം,
> ആയവർ നാന്മുഖന്റെ ജായയിൽനിന്നു ഭങ്ഗ്യാ
> പായുന്ന ശൃങ്ഗാരത്തിൻ ചാരുവാം പ്രവാഹംപോൽ
> ആയതമായ വാക്യപങ്ക്തിയാൽ ജനങ്ങളെ
> മായമെന്നിയേ സദാ രഞ്ജിപ്പിക്കുന്നു പാരം."
>
> (സൌന്ദര്യലഹരി)

> "സുരവരസമനൽപതാകയാകം
> പുരിയിലണഞ്ഞു ജനാഭിനന്ദ്യമാനൻ
> അഹിവരസമസാരമായ കയ്യിൽ–
> പ്പുനരപി ഭൂമി ഭരം കരേറ്റി വാണാൻ." (രഘുവംശം)

രഘുവംശം എഴുതിയ കാലത്തു കവിയുടെ കലാകുശലത അതിന്റെ സമ്പൂർണ്ണരൂപത്തിൽ പ്രകാശിച്ചുകഴിഞ്ഞിരുന്നു. ദ്രാവിഡവൃത്തങ്ങളെക്കൊണ്ടു കൈകാര്യം ചെയ്യുവാൻ അത്രതന്നെ സാമർത്ഥ്യമുണ്ടായിരുന്നില്ല. എല്ലാ ചമ്പുക്കളിൽനിന്നും ഉദാഹരണങ്ങൾ ഉദ്ധരിക്കേണ്ട ആവശ്യമില്ല. അതുകൊണ്ട് ഏതാനും ചില ശ്ലോകങ്ങൾ മാത്രം കാണിക്കാം.

"എന്തൗദാസ്യമയേ! കുമാര! യുവഭൂപന്മാർ ഹരിക്കുന്നു നിൻ
സ്വന്തം ഗോക്കളെയൊക്കെ; നിൻഭുജബലഖ്യാതിക്കിതത്രേതരം;
പോരിൽക്കേകയപുത്രി ദേവിയെ മഹാവീരപ്രസൂവാക്കണം;
തേരിൽക്കേറുക; വില്ലെടുക്കുക; പരന്മാരോടെതിർത്തീടുക."

(ഭാരതചമ്പു)

"ഇക്കാടാകിയ രാജ്യമൊക്കെയൊരുവൻ താനേ ഭരിക്കുന്നു. ത–
ന്നൂക്കേറും ഭുജകൊണ്ടു രാക്ഷസകുലാധീശൻ ഹിഡിംബാഭിധൻ;
ചാക്കേകുന്നതിനാളുകൾക്കു യമനോടർദ്ധാം ശഭുക്കത്രയ–
ല്ലിക്കാണുന്നൊരു തുല്യനാമപദയെൻ ഭ്രാതാവുമാണായവൻ."

(ഭാരതചമ്പു)

"കയർത്തു രണ്ടാളുമെതിർത്തിടിച്ചും
രയം വഹിച്ചും രടനം നിറച്ചും
ഭയം ത്യജിച്ചും വിജയം കൊതിച്ചും
നിയുദ്ധശില്പം നിപുപണം നടത്തി" (ഭാരതചമ്പു)

"യത്നത്താലാർന്ന രത്നം തരുണരവിനിറം
    ചേർന്നു മിന്നും സുവർണ്ണം
പിന്നെക്കാരെള്ളുകാളം കളമനിരകളാൽ–
    ക്കാർനിറം പൂണ്ട കണ്ടം
ഭോഗ്യം വായ്ക്കുന്ന ഗേഹം കരി കുതിര രഥം
    കന്യകാരത്നജാലം
യോഗ്യന്മാർ വൈദികന്മാർക്കിവയനവധിയ–
    ന്നിച്ഛപോലേകിനേൻ ഞാൻ."

(നൃഗമോക്ഷം)

"ക്ഷോണീപാലർ നമിച്ചു ധർമ്മസുതനെദ്ധർമ്മാത്മജൻ വിപ്രരെ–
ക്കാണാൻ വന്നവർ ഭൂപനെ ദ്വിജരെയും ഭൂപാലരേയും തഥാ;
ഒന്നിച്ചാഗതനാരദാദി കമുനി സ്തോമങ്ങളെബ്ഭൂപനും
മന്നോരന്തണരും വണങ്ങി; ഹരിയെക്കുമ്പിട്ടിതെല്ലാവരും."

(രാജസൂയം)

"മുന്നം പാർത്ഥന്നുവേണ്ടി ദ്രുപദനൃപതിതൻ
    യാഗകുണ്ഡത്തിൽനിന്നീ
മന്നിൽ പ്രേഷ്ഠത്വമേറുന്നഴകുടയവളായ്–
    ക്കന്യയൊന്നുത്ഭവിച്ചാൾ;
പിന്നീടപ്പാണ്ഡവന്മാർ ജതുഭവനമണ–
    ഞ്ഞിട്ടു കാണായ്കമൂലം
മന്നൻ കല്പിച്ചുപോലും പരനസുകരമാം
    ലാക്കറുക്കുന്ന ശുല്ക്കം."

(പാഞ്ചാലീസ്വയംവരം)

"സന്തോഷമാർന്നു വധുവന്നെരിതീനടുക്കാ–
യേതൊന്നു ലാജകപടത്തൊടു ഹോമമാക്കി?
ദുര്യോധനാദ്യരുടെ കീർത്തികണങ്ങളാണോ?
വൈരിക്ഷിതീശ്വരികൾ തൻ സ്മയലക്ഷ്മിയാണോ?

(ദ്രൗപദീപരിണയം)

"ഗാഢം വൈദേഹിയാളിൻ പെരിയ കുളുർമുല–
ക്കുന്നു മദ്ദിച്ചപുല്കം
ക്രീഡാകാലത്തു മാറിൽത്തടവിന വിലസൽ–
ക്കുങ്കുമച്ചാറണിഞ്ഞും
കൌസല്യാഭാഗ്യമായും ഹരിമണിരുചിയായ്
ക്കോമളാകാരനായും
ഹാ! സച്ചിന്മാധ്വി ചോർത്തിപ്പതിയ പരിമളം
പൂണ്ടുമേകൻ ജയിപ്പൂ."

(അഷ്ടമീചമ്പു)

"മുക്തിക്കാവാസമായോൻ മുനിജനഹൃദയേ
പാർക്കുവോൻ മെയ്യെടാത്തോ–
നൊക്കും പോലുള്ള നാനാകൃതിയെഴുമതുലൻ
ഭൂരിവീര്യപ്രഭാവൻ
നിഷ്കാമൻ നിർവ്വികല്പൻ നിരവധിവിഭവൻ
നിർമ്മലൻ നീ ജഗത്തി–
ന്നൊക്കെത്താങ്ങായിരിപ്പോൻ പരമപുരുഷ! ഞാ–
നോർത്തിടുന്നങ്ങയെത്താൻ."

(ഭക്തിസംവർദ്ധനശതകം)

"ചേലാളുന്നമരീമുഖത്തിനെതുതാൻ നിർമ്മിച്ച നീരാജനം
നീലാഭ്രങ്ങളൊഴിഞ്ഞ വാനിലുമലം വായ്പിച്ച മിന്നല്ക്കുലം
ബാലാഗ്രോത്ഥിതമാസ്ഫലിങ്ഗനിവഹം വാടാതെയൗർവ്വാനല–
ജ്ജ്വാലാഡംബരമാഴിയിൽ പ്രകടമായ്ക്കാണിച്ചുമൂന്നാലുനാൾ."

(ഭോജചമ്പു–സുന്ദരകാണ്ഡം)

"ധിഗ്ധിഗ് രാക്ഷസരാജ! ദുഷ്പരിഭവം
വായ്പിച്ച നിൻദോർബ്ബലം
വിദ്യുജ്ജിഹ്വവിപത്തി മാത്രമെളുതാ–
മങ്ങേയ്ക്കു നീചപ്രഭോ!
കഷ്ടം! നിസ്ത്രപ! നോക്കു; കണ്ണിരുപതും
ചേർക്കു; വെറും താപസൻ
കുട്ടിക്രീഡയിൽ വാളിളക്കിയതിനാൽ
നിൻപെങ്ങളീ മട്ടിലായ്."

(നിരനുനാസികം)

എത്രമാത്രം അക്ലിഷ്ടമധുരമാണ് പണ്ഡിതകവിയായ വാരിയരുടെ വിവർത്തനരീതിയെന്ന് അനുവാചകന്മാർക്കു ഗ്രഹിക്കുവാൻ ഇത്രയും ശ്ലോകങ്ങൾ മതിയാകുന്നതാണല്ലോ.

### രണ്ടു മുക്തകങ്ങൾ

വാരിയർ രചിച്ച ഒരു സംസ്കൃതശ്ലോകവും ഒരു ഭാഷാശ്ലോകവും കൂടി പകർത്തുന്നു.

> "മഹിതേ ഗിരിജാസഹിതേ നിഹിതേ കാമാദിഹീനമുനിഹൃദയേ
> അഹികുലനിലയേ തേജസി വിഹിതരതിർമ്മാനസി ഭവത്വീഹാ."
> (ശിവനെപ്പറ്റി)

> "മാടോടൊപ്പം ധനത്തെക്കരുതുമവരുമി–
> ക്കാലചക്രത്തിരിപ്പാൽ
> നാടോടി ക്ഷാമദുർദ്ദേവതയുടെ പിടിയിൽ–
> പെട്ടു കഷ്ടപ്പെടുന്നു;
> വീടോടൊട്ടുക്കു നിത്യച്ചെലവിനു തികയാ–
> ത്താളുകൾക്കിന്നു പിന്നെ–
> ക്കാടോടിക്കായ്കൾ തിന്നാതുദരദഹനശാ–
> ന്തിക്കു മറ്റെന്തു മാർഗ്ഗം?"
> (വലിയകോയിത്തമ്പുരാന്നു സമർപ്പിച്ചത് )

## ചുനക്കര ബാലകൃഷ്ണവാരിയർ (1044—1111)

ഉണ്ണിക്കൃഷ്ണവാരിയരുടെ ഭാഗിനേയിയായ പാർവ്വതിവാരസ്യാരുടെ മകനായിരുന്നു ബാലകൃഷ്ണവാരിയർ. ഭാരതത്തിലെ കിരാതാർജ്ജുനീയകഥയെ ആസ്പദമാക്കി ശങ്കരവിജയം എന്നൊരു ആട്ടക്കഥയും, നളചരിതം, അംബരീഷചരിതം എന്നീ നാടകങ്ങളും മറ്റും ഉണ്ടാക്കി. നാടകവേദിയിൽ ഒരു നല്ല നടനെന്ന പേരു നേടി. 1111 കന്നിയിൽ മരിച്ചു.

### ചുനക്കര രാമവാരിയർ

ചുനക്കര രാമവാരിയർ ഉണ്ണിക്കൃഷ്ണവാരിയരുടെ സഹോദരിയായ മാധവിവാരസ്യാരുടെ പുത്രനായിരുന്നു. വളരെക്കാലം മാന്നാർ ഇംഗ്ലീഷ് ഹൈസ്കൂളിൽ പണ്ഡിതനായി ജോലിനോക്കി. തന്റെ മാതുലനും ഗുരുവുമായ ഉണ്ണിക്കൃഷ്ണവാരിയരെ വിഷയീകരിച്ചു "ചുനക്കര ആശാൻ" എന്നൊരു ചെറിയ സംസ്കൃതകൃതി രചിച്ചിട്ടുണ്ട്.

## മാവേലിക്കര ഉദയവർമ്മതമ്പുരാൻ (1044—1119)

### ചരിത്രം

ഉദയവർമ്മതമ്പുരാൻ കേരളവർമ്മ വലിയകോയിത്തമ്പുരാന്റെ ജ്യേഷ്ഠൻ അനന്തപുരത്തു രാജരാജവർമ്മകോയിത്തമ്പുരാന്റെയും മാവേലിക്കര ചതയംനാൾ ഭാഗീരഥിഅമ്മതമ്പുരാട്ടിയുടെയും സീമന്തപുത്രനായി 1044-ാമാണ്ടു ഇടവമാസം അശ്വതിനക്ഷത്രത്തിൽ ജനിച്ചു. ജ്യോത്സ്യൻ കണ്ടിയൂർ നാരായണപ്പിഷാരടിയായിരുന്നു സംസ്കൃതത്തിൽ പ്രാഥമികപാഠങ്ങൾ അഭ്യസിപ്പിച്ചത്. മാവേലിക്കര ഹൈസ്കൂളിൽ നിന്നു മട്രിക്കുലേഷൻ ജയിച്ചതിനുമേൽ തിരുവനന്തപുരത്തു രാജകീയ മഹാപാഠശാലയിൽ ചേർന്ന് 1066-ൽ ബി. ഏ. പരീക്ഷയിൽ ഉത്തീർണ്ണനായി. അവിടെ തന്റെ ഭാഗിനേയനും പിന്നീട് എം. ഏ. പരീക്ഷ ഒന്നാം ക്ലാസിൽ ജയിച്ചു ബ്രിട്ടീഷ് സർവ്വീസിൽ പ്രവേശിച്ചു ഉയന്ന ഉദ്യോഗങ്ങൾ വഹിച്ച എം. രവിവർമ്മതമ്പുരാൻ,

വിവിധ വിശിഷ്ടഗ്രന്ഥങ്ങളുടെ പ്രണേതാവും തിരുവിതാംകൂർ ദേവസ്വം കമ്മീഷണ റായിരുന്ന പെൻഷൻപറ്റി ഇപ്പോഴും സാഹിത്യസേവനം അനുഷ്ഠിക്കുന്ന മഹാശ യനുമായ മാവേലിക്കര മണ്ണൂർമഠം കൊട്ടാരത്തിൽ രാജരാജവർമ്മതമ്പുരാൻ എം. ഏ. ബി. എൽ. എന്നിവരും അദ്ദേഹത്തിന്റെ സതീർത്ഥ്യന്മാരായിരുന്നു. നാടകാല ങ്കാരങ്ങളിൽ ഏ. ആർ. രാജരാജവർമ്മ കോയിത്തമ്പുരാനായിരുന്നു ഗുരുനാഥൻ. മാവേലിക്കരയിൽ ക്ഷത്രിയർക്കുള്ള സ്പെഷ്യൽസ്കൂളിൽ നാലു കൊല്ലം പ്രഥമാദ്ധ്യാ പകനായി പണിനോക്കി. പിന്നീട് ഒട്ടുവളരെ അംഗങ്ങളുള്ള സ്വകുടുംബത്തിലെ കാ രണവസ്ഥാനത്തിൽ ആരൂഢനാകേണ്ടിവരികയാൽ ആ ജോലിയിൽ നിന്നു വിര മിച്ചു. ആ വലിയ തറവാട് എല്ലാവർക്കും തൃപ്തികരമായ രീതിയിൽ ആജീവനാന്തം ഭരിക്കുവാൻ പരേങ്ഗിതജ്ഞനും സ്വാർത്ഥചിന്താരഹിതനുമായ അദ്ദേഹത്തിന് അനായാസേന സാധിച്ചു. സാഹിത്യവ്യവസായത്തിനുള്ള സൗകര്യം തന്നിമിത്തം വളരെ വിരളമായിത്തീർന്നുവെങ്കിലും തദ്വിഷയകമായ ഔത്സുക്യം അദ്ദേഹത്തെ ഒരിക്കലും വിട്ടുപിരിഞ്ഞില്ല. ചരിത്രപരമായ ഗവേഷണത്തിലും അദ്ദേഹം പ്രഗ ല്ഭനായിരുന്നു എന്ന് അനേകം വിജ്ഞേയങ്ങളായ ഉപന്യാസങ്ങൾ മൂലം തെ ളിയിച്ചിട്ടുണ്ട്. ഒടുവിൽ ഹിന്ദിഭാഷ നിഷ്കർഷിച്ചു പഠിക്കുകയും, സ്വഗൃഹത്തിൽ ഒരു ഹിന്ദിവായനശാല സ്ഥാപിച്ചു ആ ഭാഷയുടെ പ്രചാരത്തെ പലപ്രകാരത്തിൽ അഭി വൃദ്ധിപ്പെടുത്തുകയും ചെയ്തു. 1119-ാമാണ്ടു കന്നിമാസം 24–ാംനു യശശ്ശരീരനായി. ആദ്യത്തെ ഭാര്യയായിരുന്ന കീരക്കാട്ടു വട്ടപ്പറമ്പിൽ കല്യാണിയമ്മ മരിച്ചതിനു മേൽ 1077-ൽ ഇടശ്ശേരിവീട്ടിൽ ലക്ഷ്മിക്കുഞ്ഞമ്മയെ വിവാഹം ചെയ്തു. ആ സാധ്വി 1094-ൽ പരേതയായി.

## കൃതികൾ

1. ലക്ഷ്മീശാല എന്നൊരു പദ്യകൃതിയും, 2. മുദ്രാരാക്ഷസനാടകത്തിന്റെ തർജ്ജ മയും, 3. അതിരൂപചരിതം എന്നൊരു ചെറിയ ഗദ്യപുസ്തകവും, 4. പ്രവേശിക എന്നൊരുശാസ്ത്രഗ്രന്ഥത്തിന്റെ ഭാഷാനുവാദവുമാണ് ഉദയവർമ്മതമ്പുരാന്റെ പ്ര ധാനകൃതികൾ. 1066-ൽത്തന്നെ മനോരമയിൽ "വാടാതേ നാലുവട്ടം നലമൊ ടുമൊരു മാസത്തിൽ" എന്നാരംഭിക്കുന്ന കുഞ്ഞിക്കുട്ടൻതമ്പുരാന്റെ ഒരു ശ്ലോകം 'നലമൊടൊരുമാസത്തിൽ' എന്നു തെറ്റിച്ച് അച്ചടിച്ചു കണ്ടപ്പോൾ

> "കുഞ്ഞിക്കുട്ടകവിപ്രവീര! ഭവതോ വാടാതെയെന്നാദിയാം
> മഞ്ജുശ്ലോകമതിൽക്കുറച്ചപകടം കണ്ടിട്ടു ചൊല്ലുന്നു ഞാൻ
> ചേരാനക്ഷരമൊന്നു വേണമതുതാൻ സൂക്ഷിച്ചുനോക്കാതെക–
> ണ്ടാരും കണ്ടുപിടിക്കയില്ലതിനെനിക്കില്ലേതുമേകില്ലെടോ"

എന്ന് ആ പത്രത്തിൽ ചൂണ്ടിക്കാണിച്ചതും അതിന് ആ മഹാകവി മൂർദ്ധന്യൻ സമുചിതമായി മറുപടി എഴുതിയതും അന്യത്രസൂചിപ്പിച്ചിട്ടുണ്ടല്ലോ. അത് അക്കാ ലത്തെ സാഹിത്യസംരംഭത്തിൽ ഉദയവർമ്മതമ്പുരാൻ സജീവമായി പങ്കെടുത്തി രുന്നു എന്നുള്ളതിന് ഒരു തെളിവാണ്. ലക്ഷ്മീശാലയിൽ ആകെ 97 ശ്ലോകങ്ങൾ അടങ്ങിയിരിക്കുന്നു; അതു റ്റെനിസൺ എന്ന ആങ്ഗലേയമഹാകവിയുടെ ലോ ക്സ്ലിഹാൾ (Loksley Hall) എന്ന കാവ്യത്തിന്റെ വിവർത്തനമാണ്. മുദ്രാരാക്ഷ സം വിശാഖദത്തന്റെ തത്സംജ്ഞമായ നാടകത്തിന്റെ തർജ്ജമയാകുന്നു. 1106-ൽ മുദ്രിതമായ ആ നാടകമാണ് തമ്പുരാന്റെ ഒടുവിലത്തെ കൃതി. അദ്ദേഹത്തിന്റെ പദ്യകൃതികൾ ഗുണോത്തരങ്ങളെന്നു പറയുവാൻ പ്രയാസമുണ്ട്. ഒരു ഗദ്യകാര നെന്നനിലയിലാണ് അദ്ദേഹം സമർത്ഥമായി സാഹിത്യസേവനം ചെയ്തിട്ടുള്ളത്.

ഡോക്ടർ കെ. കൃഷ്ണൻപണ്ടാലയും റ്റി. കെ. കൃഷ്ണമേനോനും കൂടി മലയാള ലഘുശാസ്ത്രപാഠാവലി എന്ന പേരിൽ ഒരു പുസ്തകപരമ്പര പ്രസിദ്ധീകരിച്ചുതുടങ്ങി. അതിലെ മൂന്നാമത്തെ സഞ്ചികയായാണ് ഉദയവർമ്മതമ്പുരാന്റെ പ്രവേശിക പ്രാദുർഭവിച്ചതു്. ഡോക്ടർ പണ്ടാല രസതന്ത്രത്തെപ്പറ്റി എഴുതിയ ഗ്രന്ഥമാണ് മറ്റൊരു സഞ്ചിക. അതു 1069-ൽ അച്ചടിപ്പിച്ചു. പ്രൊഫസർ ഹക്സ്ലിയുടെ ഇൻട്രൊഡക്റ്ററി പ്രൈമർ (Introductory primer) എന്ന ശാസ്ത്രീയ പുസ്തകത്തിന്റെ ഭാഷാനുവാദമാണതു്. 1074-ലാണ് തമ്പുരാൻ ആ ഗ്രന്ഥം തർജ്ജമചെയ്യുവാൻ ആരംഭിച്ചതെങ്കിലും 1088-ലേ അതു പ്രസിദ്ധീകൃതമായുള്ളു. ഇംഗ്ലണ്ടിലെ ശാസ്ത്രീയ ശബ്ദങ്ങൾക്കു ഭാഷയിൽ സാങ്കേതി കപര്യായങ്ങൾ (രണ്ടു പുസ്തകങ്ങൾക്കും) ഉണ്ടാക്കിക്കൊടുത്തതു സർവ്വതന്ത്രസ്വതന്ത്രനായ ഏ. ആർ. രാജരാജവർമ്മകോയിത്തമ്പുരാനായിരുന്നു. പിന്നീടു ഡോക്ടർ ഫോസ്റ്ററുടെ ലഘുശരീരശാസ്ത്രം കൂടി തർജ്ജമചെയ്യുവാൻ തുടങ്ങിയെങ്കിലും അതു മുഴപ്പിച്ചിട്ടില്ല. പ്രവേശികയിൽനിന്നു ചില വാക്യങ്ങൾ ചുവടെ ഉദ്ധരിക്കുന്നു.

“സൂര്യൻ ഉദിക്കയും അസ്തമിക്കയും ചെയ്യുന്നു. ചന്ദ്രനും നക്ഷത്രങ്ങളും ആകാശത്തിൽക്കൂടെ ചരിക്കുന്നു. കാറ്റടങ്ങിയ കാലവും കൊടുങ്കാറ്റുള്ള കാലവും ശീതവും ഉഷ്ണവും മാറിമാറി വരുന്നു. കാറ്റ് അവ്യവസ്ഥമായ വേഗത്തോടെ അടിക്കയും അടങ്ങുകയും ചെയ്യുന്നതിനെ അനുസരിച്ചു സമുദ്രം ക്ഷോഭിക്കയും ശാന്തമാകയും ചെയ്യുന്നു. പ്രകൃതിയിലുള്ള വലുതായ ഓരോ സംഭവങ്ങളുടെ പ്രൗഢഗതിയിൽ നമ്മുടെ അധികാരത്തെ അല്പംപോലും ചെലുത്താൻ പാടില്ലാത്ത വിധത്തിൽ അനേകം ചെടികൾ ഉണ്ടാകയും നശിക്കയും ചെയ്യുന്നു. വലിയ കൊടുങ്കാറ്റുകൾ ഭൂമിയുടെ ഒരു ഭാഗത്തെ നശിപ്പിക്കുന്നു. ഭൂകമ്പങ്ങൾ മറ്റൊരു ഭാഗത്തെ ധ്വംസിക്കുന്നു. അഗ്നിപർവ്വതങ്ങളുടെ ഉദ്ഗമങ്ങൾ ഇനിയൊരു ഭാഗത്തെ ശുദ്ധശൂന്യമാക്കുന്നു. വെയിൽ, മഴ മുതലായതിന്റെ സമ്യക്യോഗം ഒരു സ്ഥലത്തു് ഐശ്വര്യത്തേയും സുഭിക്ഷതയേയും ഉളുകുന്നു. ദീർഘമായ അനാവൃഷ്ടി മറ്റൊരു സ്ഥലത്തു് സാംക്രമികരോഗത്തേയും ക്ഷാമത്തേയും കടത്തിവിടുന്നു.”

പദ്യകൃതികളിൽനിന്നുകൂടി ഓരോ ശ്ലോകം എടുത്തു കാണിക്കാം,

“ചോരത്തിളപ്പിബ്ഭുവനത്തിനെന്നു–
മിരിക്കിലും ബാലകനിർവ്വിശേഷം
ഒട്ടും ഫലം ബാല്യമനോരഥത്താൽ–
ക്കിട്ടാത്തവന്നെന്തതുകൊണ്ടു സാധ്യം?” (ലക്ഷ്മീശാല)

“തടസ്സം പേടിച്ചിട്ടധമനൊരു കാര്യത്തിനണയാ;
മുടക്കം വന്നീടും പൊഴുതിലൊഴിയും മധ്യമനുടൻ;
കടുക്കും വിഘ്നൗഘം പലവുരു തടഞ്ഞാലുമതിനാ–
ലടങ്ങാതേ വീണ്ടും തുടരുമതുതാനുത്തമജനം.” (മുദ്രാരാക്ഷസം)

## വൈക്കം സി. എൻ. രാമൻപിള്ള (1053–1101)

### ചരിത്രം

സി. എൻ. രാമൻപിള്ള വൈക്കത്തു ചെമ്മനത്തുകരയിൽ പെരയിലായ എളന്താശ്ശേരിവീട്ടിൽ 1053-ാമാണ്ടു തുലാമാസം അത്തം നക്ഷത്രത്തിൽ ജനിച്ചു. മാതാവു

പാർവ്വതിഅമ്മയും പിതാവു വയല്പൂർ പറമ്പത്തുവീട്ടിൽ ആദിപത്മനാഭപിള്ളയു മായിരുന്നു. വൈക്കത്തു സർക്കാർ മലയാളം പള്ളിക്കൂടത്തിൽ പഠിച്ചു പരീക്ഷ ജയിച്ചതിനുമേൽ കുറേക്കാലം സമീപസ്ഥലങ്ങളിലുള്ള വിദ്യാലയങ്ങളിൽ വാധ്യാ രായി ജോലിനോക്കി. 1074-ൽ മജിസ്ട്രേട്ടുപരീക്ഷയിൽ ജയിച്ചു. ക്രിമിനൽ വക്കീ ലായി വ്യവഹരിച്ചുതുടങ്ങി. അദ്ദേഹത്തിനു ജോത്സ്യത്തിലും നല്ല അറിവുണ്ടായി രുന്നു. 1090–ാമാണ്ടുമുതൽ ആത്മീയചിന്തകളിൽ നിമഗ്നനായി. അനിർവ്വചനീയ മായ ഏതോ ഒരു സിദ്ധി നേടി അതിന്റെ പ്രഭാവത്താൽ മഴപെയ്യിക്കുന്നതിനും നിറുത്തുന്നതിനും കഴിഞ്ഞിരുന്ന അദ്ദേഹത്തെ ആവശ്യക്കാർ പല സ്ഥലങ്ങളിലും വിളിച്ചുകൊണ്ടുപോയി അവരവരുടെ അഭീഷ്ടം സാധിപ്പിക്കാറുണ്ടായിരുന്നു എന്ന് അനുഭവസ്ഥന്മാർ പറയുന്നു. 1101-ാമാണ്ടു തുലാമാസം 27-ാംനു യശശ്ശരീരനായി. വയല്പൂർപ്പറമ്പിൽ നാരായണി അമ്മയായിരുന്നു ഭാര്യ.

## കൃതികൾ

'നാലു ഭാഷാന്തരങ്ങൾ' എന്ന ഒരു കൃതിയേ അദ്ദേഹം പുസ്തകാകൃതിയിൽ പ്രധാന മായി പ്രസിദ്ധീകരിച്ചുള്ളു. സഹസ്രകലശം ശീതങ്കൻതുള്ളലും എഴുതീട്ടുണ്ട്, മറ്റു പല ഖണ്ഡകൃതികളും അനേകം പത്രങ്ങളിലും മാസികകളിലും വിപ്രകീർണ്ണങ്ങളായിരി ക്കുന്നു, നാലു ഭാഷാന്തരങ്ങളിൽ ക്ഷേമേന്ദ്രന്റെ ബൃഹൽകഥാമഞ്ജരിയിലെ അഞ്ചാ മത്തെ ലംബകമായ ചതുർദ്ദാരികാചരിതം, ഉമാനിയുടെ ഉപദേശശതകം, കുസുമ ദേവനന്റെ ദൃഷ്ടാന്തകലികാശതകം, വീരേശ്വരന്റെ അന്യാപദേശശതകം ഇവയുടെ വിവർത്തനങ്ങളാണ് അടങ്ങിയിരിക്കുന്നത്. ചതുർദ്ദാരികാചരിതം കഥ സംക്ഷേപി ച്ച് എഴുതീട്ടേയുള്ളു. രാമൻപിള്ളയുടെ കവിതപ്രഥമകക്ഷ്യയിൽപ്പെടുന്നതല്ലെങ്കിലും ചില അവസരങ്ങളിൽ അതിനടുത്തപടിയിൽ നില്ക്കും. ചിലശ്ലോകങ്ങൾ പ്രദർശിപ്പി ക്കാം.

> "കുടൽമാലകളാൽക്കുറുക്കനത്യൽ–
> ക്കടസന്ധ്യാബലി ചെയ്തിടുന്നു മോദാൽ;
> ഇടവിട്ടിടവിട്ടുയർന്നുടൻ പ–
> ട്ടടയിൽത്തീയെരിയുന്നു ഘോരമായി." (ചതുർദ്ദാരികാചരിതം)

> "നിൻപത്രം മൃദുകോമളം; മധുരമാണല്ലോ ഫലം വാസനാ–
> സമ്പത്താർന്നു സുവർണ്ണഭംഗി കലരും നിൻകേസരം സുന്ദരം;
> വൻപൊക്കം തനുകാന്തിയും നളിനമേ! യോഗ്യൻ ഭവാനെങ്കിലും
> ജൃംഭിക്കുന്നൊരു കണ്ടകം നിറയുമിത്തണ്ടിണ്ടൽ ചേർക്കുന്നു മേ."
> (അന്യാപദേശശതകം)

> "പുലി മൂത്തു കുറേച്ചടയ്ക്കിലും ച–
> ണ്ടെലിയായ്ത്തീരുക കേട്ടുകേൾവിയുണ്ടോ?
> കലി വൈകൃതരീതി കൊണ്ടു രത്നാ–
> വലി പാറക്കഷണങ്ങളായിടാമോ?" (മൂക്കുകണ്ണാടി)

> "നിറച്ചു തങ്കപ്പറ വച്ചു പാലം
> കുറച്ചുകാണിച്ചു വടിച്ചപോലെ
> പുറത്തുനിന്നും വയൽ നോക്കുവോർക്കു
> നിറപ്പെടും നെൽകൃഷി മേനിക്കുട്ടി."

"മണ്ണായും മത്സ്യമായും മഹിയിലഹിനഗ–
ക്രോഡരൂപങ്ങളായും
പെണ്ണായും പേർപെടും പൂമരനിരകൾ സരി–
ത്സാഗരാഭ്രങ്ങളായും
എണ്ണാൻ വയ്യാത്ത മട്ടിൽപ്പലവകകൾ വിള–
ങ്ങുന്ന വിജ്ഞാനഭൃത–
ക്കണ്ണാടിക്കാർക്കതെല്ലാമപരിമിതപര–
ബ്രഹ്മഭാഗങ്ങൾതന്നെ." (ഗുരുത്വം)

## ഓടാട്ടിൽ കേശവമേനോൻ (1051–1121)

### ചരിത്രം

കേശവമേനോന്റെ കുടുംബം ബ്രിട്ടീഷ് മലബാറിൽ ഒറ്റപ്പാലത്തുനിന്നു പത്തു നാഴിക വടക്കുള്ള ചെർപ്പുളശ്ശേരിക്കു സമീപമുള്ള ഓടാട്ടാണ്. ഓടാട്ടു കുടുംബവും ഒറ്റപ്പാലത്തിനു സമീപമുള്ള മുല്ലശ്ശേരി കടുംബവും തമ്മിൽ പുരാതനകാലം മുതല്ക്കേ ബന്ധുത്വമുണ്ട്. കേശവമേനോന്റെ പിതാവു മുല്ലശ്ശേരിത്തറവാട്ടിലെ ഒരങ്ഗവും മൂവാറ്റുപുഴ മുൻസിഫ് കോടതിയിൽ വക്കീലുമായിരുന്ന കവളപ്പാറ ഗോവിന്ദമേനോനായിരുന്നു. ജനനം 1051-ാമാണ്ടു മീനമാസം 28-ാംനുയാണ്. ബാല്യത്തിൽത്തന്നെ അച്ഛൻ മരിച്ചുപോയതിനാൽ അദ്ദേഹത്തിന്റെ കൊച്ചമ്മയുടെ മകനും കോട്ടയം ജില്ലാക്കോടതിവക്കീലുമായിരുന്ന കുമാരമേനോന്റെ സംരക്ഷണത്തിൽ വളർന്നു. കോട്ടയത്തുവച്ചാണ് ഇംഗ്ലീഷ് വിദ്യാഭ്യാസം ആരംഭിച്ചത്. അതിനുമുമ്പുതന്നെ അച്ഛന്റെ കീഴിൽ സംസ്കൃതം പഠിച്ചിരുന്നു. കെ. പി. എസ്. മേനോന്റെയും മറ്റും പിതാവായ കുമാരമേനോനെപ്പറ്റി വായനക്കാർ കേട്ടിരിക്കുമല്ലോ. ഉന്നതവിദ്യാഭ്യാസത്തിനുള്ള സാമ്പത്തിക സൗകര്യം ഇല്ലാതിരുന്നതിനാൽ തിരുവനന്തപുരത്തു പോയി ലോക്കോളേജിൽ ചേർന്നു പ്ലീഡർഷിപ്പു പരീക്ഷ ജയിച്ചു മൂവാറ്റുപുഴയിൽ വക്കീലായി വ്യവഹരിച്ചു തുടങ്ങി. കുമാരമേനോന്റെ ഭാഗിനേയി മുല്ലശ്ശേരി ലക്ഷ്മിയമ്മയായിരുന്നു പത്നി. സാഹിത്യത്തിലെന്നതുപോലെ സങ്ഗീതത്തിലും അദ്ദേഹത്തിനു നല്ല വാസനയുണ്ടായിരുന്നു. 1121-ാമാണ്ടു മിഥുനമാസം 24-ാംനു കവളപ്പാറ വച്ചു മരിച്ചു.

### കൃതികൾ

കേശവമേനോൻ (1) ടിപ്പുവും മലയാളരാജ്യവും, (2) കപോതസന്ദേശം എന്നീ കൃതികളുടെ പ്രണേതാവാണ്. ഇവയിൽ ആദ്യത്തേതു് 1087-ലും രണ്ടാമത്തേതു് 1101-ലും പ്രസിദ്ധീകരിച്ചു. ഇവ കൂടാതെ സ്തവരത്നമാല എന്ന പേരിൽ അനേകം പ്രാചീന സംസ്കൃതസ്തോത്രങ്ങൾ ഭാഷാവ്യാഖ്യാനസഹിതം 1089-ൽ താൻ നടത്തിത്തുടങ്ങിയ പത്രഗ്രന്ഥത്തിൽ പ്രസിദ്ധീകരിച്ചു. പ്രാർത്ഥന എന്ന ശീർഷകത്തിൽ കുറേ ശ്ലോകങ്ങൾ മാത്രമേ സ്വകീയങ്ങളായുള്ളു. ടിപ്പുസുൽത്താന്റെ കേരളാക്രമണത്തെ വിഷയീകരിച്ചെഴുതിയ ഒരു കാവ്യമാണ് ടിപ്പുവും മലയാളരാജ്യവും. അതു് ഒരു മത്സരപരീക്ഷയിൽ കവിക്കു് അർഹമായ സമ്മാനം നേടിക്കൊടുത്തു. ഒന്നാമത്തെ ലോകമഹായുദ്ധകാലത്തു ജർമ്മനിയിലെ മ്യൂനിച്ചു പട്ടണത്തിൽ സഞ്ചാരസൗകര്യം കിട്ടാതെ കുടുങ്ങിപ്പോയ ഒരു കേരളീയൻ ഒരു മാടപ്രാവു മുഖേന തൃശ്ശൂരിൽ വിരഹാർത്തയായി താമസിക്കുന്ന തന്റെ പത്നിക്കു് അയയ്ക്കുന്ന സന്ദേശമാണ് കപോതസന്ദേശ

ത്തിലെ വിഷയം. യൂറോപ്പിലെ പല സ്ഥലങ്ങൾ, ആൽപ്സ്പർവ്വതം, മെഡിറ്ററേനിയൻ സമുദ്രം, ചെങ്കടൽ, ബാംബേ മുതലായ ഭാരതത്തിലെ പട്ടണങ്ങൾ ഇത്യാദി പല വിഷയങ്ങളേയും ഹൃദയങ്ഗമമായ രീതിയിൽ വർണ്ണിക്കുന്ന പൂർവ്വഭാഗത്തിൽ 147-ം, തൃശ്ശൂർനഗരത്തിന്റെ സമഗ്രമായ ചിത്രണവും സന്ദേശവും അന്തർഭവിക്കുന്ന ഉത്തരഭാഗത്തിൽ 87-ം പദ്യങ്ങളുണ്ടു്. ആകെക്കൂടി കപോതസന്ദേശത്തിൽ ആകർഷകമായ ഒരു പുതുമ ഭാവുകന്മാർക്കു നിരീക്ഷിക്കാവുന്നതാണ്. അക്ലിഷ്ടമനോഹരങ്ങളാണ് കേശവമേനോന്റെ കൃതികൾ. ചില ഉദാഹരണങ്ങൾ ഉദ്ധരിക്കാം.

“മാലായിത്തീർന്നു നാലാലൊരുവിധവുമവർ–
ക്കുള്ള സംഭ്രാന്തി തീർപ്പാൻ
മേലാതായ് വന്നു; മേലാൽ ശരണമൊരുവരി–
ല്ലെന്നു കഷ്ടപ്പെടുമ്പോൾ
പാലാഴിപ്പെണ്മണാളൻ തിരുവടിയരുളാൽ–
പ്പാരിടം കാത്തു ധർമ്മ–
ശ്രീലാഭം പൂണ്ട വേണാട്ടധിപതിയഭയം
നല്കമെന്നാശ്വസിച്ചു.”

(ടിപ്പുവും മലയാളരാജ്യവും)

“വഞ്ചിച്ചോ പോരടിച്ചോ ധരണി മുഴുവനും
കീഴടക്കേണമിപ്പോൾ
വഞ്ചിക്ഷ്മാപാലനഞ്ചി ദ്രുതമടിയിലടി–
ഞ്ഞീടുമെന്നോർത്തു സുൽത്താൻ
നെഞ്ചിൽത്തുള്ളിത്തിളയ്ക്കും മദമൊടഖിലവും
കൊള്ളയിട്ടീടുവാനായ്–
ക്കിഞ്ചിൽക്കുസാതെ കല്പിച്ചളവതു വളമായ്–
ത്തീർന്നു സൈന്യത്തിനെല്ലാം.”

(ടിപ്പുവും മലയാളരാജ്യവും)

“കുത്തിച്ചാടിശ്ശിലകളിലടിച്ചചരധാവള്യമെങ്ങും
മെത്തിച്ചാരുപ്രകൃതിവിലസദ്വാഹിനീവ്യൂഹമാരാൽ
ചെത്തിച്ചേർത്തുള്ളഴകൊഴുകുമാറദ്രിതൻകീർത്തി വർണ്ണി–
ച്ചെത്തിച്ചീടാനുഴറിയുദധിക്കെട്ടിലേക്കോടിടുന്നു.”

ആരാധിച്ചൊട്ടുകമലർ തെളിഞ്ഞാശ്വസിച്ചാശു രാകാ–
താരാധീശപ്രതിമമുഖിതാൻ യാത്രയാകുന്നനേരം
മാരാരാതിപ്രഭുവിനെ നിനച്ചാ വടക്കേ നടയ്ക്കൽ–
ച്ചേരാമല്ലോ; സുദതി പതിവായാവഴിക്കേ തിരിക്കു.”

(കപോതസന്ദേശം)

## കണ്ടിയൂർ മഹാദേവശാസ്ത്രി (1041–1109)

### ചരിത്രം

മഹാദേവശാസ്ത്രി മാവേലിക്കരത്താലൂക്കിൽ കണ്ടിയൂർ ശിവക്ഷേത്രത്തിനു സമീപമുള്ള വലിയമഠത്തിൽ രാമയ്യരുടേയും സുന്ദരപാണ്ഡ്യപുരത്തു സീതാംബാളുടേയും

പുത്രനായി 1041-ാമാണ്ടു കുംഭമാസം 8-ാംനു- രേവതീ നക്ഷത്രത്തിൽ ജനിച്ചു. കണ്ടിയൂർ കുഞ്ഞുവാരിയരുടെ കീഴിൽ കാവ്യങ്ങളും മാവേലിക്കര പുത്തൻകൊട്ടാരത്തിൽ ഉദയവർമ്മതമ്പുരാന്റെ കീഴിൽ നാടകാലങ്കാരങ്ങളും പഠിച്ചതിനുമേൽ സ്വല്പകാലം തിരുവനന്തപുരത്തു താമസിച്ച് ഇലത്തൂർ രാമസ്വാമിശാസ്ത്രികളുടെ അടുക്കൽ വ്യാകരണവും മന്ത്രശാസ്ത്രവും അഭ്യസിച്ചു. വിദ്യാഭ്യാസാനന്തരം മജിസ്ട്രേട്ടു പരീക്ഷ ജയിച്ചു ക്രിമിനൽക്കോടതി വക്കീലായി പതിനഞ്ചു കൊല്ലം വ്യവഹരിച്ചു. പിന്നീട് ഒരു പ്രൈവറ്റു ഹൈസ്കൂളിലും മാവേലിക്കര ഇംഗ്ലീഷ് ഹൈസ്കൂളിലും മലയാളം പണ്ഡിതനായി ഇരുപതിലധികം കൊല്ലം അദ്ധ്യാപകവൃത്തിയിൽ കഴിച്ചുകൂട്ടി. ബാല്യത്തിൽത്തന്നെ ഇലത്തൂരിന്റെ സന്നിധിയിൽനിന്നു ലഭിച്ചിരുന്ന മന്ത്രശാസ്ത്രജ്ഞാനം മാവേലിക്കരവെച്ചു നിരന്തരമായ സാധനകൊണ്ടു ദശഗുണീഭവിപ്പിച്ചു. കുറേക്കാലം യോഗാഭ്യാസവും ശീലിച്ചു വശമാക്കി. അടുത്തൂൺ പറ്റിയതിനു ശേഷം ദേവതാരാധന, പുരാണാദിഗ്രന്ഥപാരായണം, ദേവീപരങ്ങളായ ഗ്രന്ഥങ്ങളുടെ വ്യാഖ്യാനനിർമ്മിതി എന്നീ കൃത്യങ്ങളിൽ ഇടതടവില്ലാതെ വ്യാപൃതനായി ആ വഴിക്കു ഭാഷയെ സമർത്ഥമായി പോഷിപ്പിച്ചു. 1109-ാമാണ്ടു തുലാമാസം 19-ാംനു നിര്യാതനായി; കൊട്ടാരക്കര കുഞ്ചിഅമ്മാളായിരുന്നു പത്നി.

## കൃതികൾ

(1) ശൂരപത്മാസുരവധം ആട്ടക്കഥ, (2) അതിരൂപചരിതം, (3) രംഭാപ്രവേശം, (4) കിരാതാർജ്ജുനീയം എന്നീ നാടകങ്ങൾ, (5) കുചേലചരിത്രം, (6) ജയദേവചരിത്രം, (7) ഭൂലോകവിനോദകഥകൾ എന്നീ ഗദ്യഗ്രന്ഥങ്ങൾ ഇവ ശാസ്ത്രിയുടെ ആദ്യകാലത്തെ കൃതികളാണ്. നാടകങ്ങളിൽ അവസരോചിതമായി ഗാനങ്ങളും സംഘടിപ്പിച്ചിട്ടുണ്ടു. അവയിൽ രംഭാപ്രവേശത്തിനുമാത്രമേ. ഗണനീയമായ പ്രചാരം സിദ്ധിച്ചുള്ളു. ഗദ്യപുസ്തകങ്ങളെല്ലാം, തമിഴിൽനിന്നു വിവർത്തനം ചെയ്തിട്ടുള്ളതും അവയിൽ ആദ്യത്തെ രണ്ടും ഭക്തമാലയിൽ നിന്നു തിരഞ്ഞെടുത്തിട്ടുള്ളതുമാണ്. ഈ കൃതികളിലല്ല ശാസ്ത്രിയുടെ ശാശ്വതമായ കീർത്തി പ്രതിഷ്ഠിതമായിരിക്കുന്നത്. ദേവീപരങ്ങളായ അനേകം വിശിഷ്ടഗ്രന്ഥങ്ങൾ അദ്ദേഹം സംസ്കൃതത്തിൽനിന്നു വ്യാഖ്യാനസഹിതം ഭാഷാന്തരീകരിച്ചു. ആ കൂട്ടത്തിൽ (8) ലളിതാസഹസ്രനാമം (ഭാസ്കരരായപണ്ഡിതന്റെ സൗഭാഗ്യഭാസ്കരം എന്ന സർവ്വസംശയച്ഛേദിയായ വ്യാഖ്യാനത്തോടുകൂടിയത്), (9) ലളിതാത്രിശതി (ശാങ്കരഭാഷ്യത്തോടുകൂടിയത്), (10) സൌന്ദര്യലഹരി (ഭാഷാവ്യാഖ്യാനസഹിതം), (11) വരിവസ്യാരഹസ്യം (ഭാഷാവ്യാഖ്യാനസഹിതം), (12) ഭാവനോപനിഷത്ത് (ഭാഷാവ്യാഖ്യാനസഹിതം), (13) ശ്രീസ്തുതി അഥവാ ബാലാവിംശതി (ഭാഷാവ്യാഖ്യാനസഹിതം), (14) ദേവീമാഹാത്മ്യം (വിസ്തൃതമായ ഭാഷ്യത്തോടുകൂടിയത്) എന്നീ കൃതികളും, സർവ്വോപരി പന്ത്രണ്ടു സ്കന്ധങ്ങളിൽ പതിനെണ്ണായിരം ശ്ലോകങ്ങളടങ്ങിയ ദേവീഭാഗവതമെന്ന മഹാപുരാണത്തിന്റെ വൃത്താനുവൃത്തമായുള്ള ഭാഷാനുവാദവും അതിവിശിഷ്ടങ്ങളും പരാശക്തിയുടെ ഉപാസകന്മാർക്കു പരമാനുഗ്രഹപ്രദങ്ങളുമാകുന്നു. ദേവീമാഹാത്മ്യം വ്യാഖ്യാനിക്കുന്നതിനു ദുർഗ്ഗാപ്രദീപം, ഗുപ്തവതി, ചതുർദ്ധരി, ശാന്തനവി, നാഗോജീഭട്ടി, ദംശോദ്ധാരം, ജഗച്ചന്ദ്രചന്ദ്രിക എന്നിങ്ങനെ ഏഴു പൂർവ്വടീകകളെ ആശ്രയിച്ചിട്ടുണ്ട്. സൗന്ദര്യലഹരിയിലെ നൂറു ശ്ലോകങ്ങൾക്കും ഉപാസനാർത്ഥമുള്ള യന്ത്രങ്ങളുടെ പടങ്ങൾകൂടി കാണിച്ചിരിക്കുന്നു. ഓരോ പുസ്തകവും വ്യാഖ്യാനിക്കുന്നതിന് ഒട്ടുവളരെ ഗ്രന്ഥങ്ങൾ പരിശോധിക്കുകയും ഒട്ടധികം സമയം അസ്ഖലിതമായ അർത്ഥം സമഗ്രമായി ഗ്രഹിക്കുന്നതിനു വിനിയോഗിക്കുകയും ചെയ്തിട്ടുണ്ടെന്ന് അഭിജ്ഞ

ന്മാർക്കു കാണാവുന്നതാണ്. എത്രമാത്രം ക്ലേശാവഹമായ ഒരു കവികർമ്മമാണ് ദേവീഭാഗവതവിവർത്തനം എന്നു പറയേണ്ടതില്ലല്ലോ. അതു് 1085-ാമാണ്ടിടയ്ക്കു ഒരു മാസികയായി പ്രസിദ്ധീകരിച്ചുതുടങ്ങി; രണ്ടു കൊല്ലം കൊണ്ട് അവസാനിപ്പിച്ചു. തർജ്ജമ ലളിതവും പ്രസന്നവുമായിട്ടുണ്ട്. 1099-ാമാണ്ടു തുലാം 2-ാംനു-യാണ് സൗന്ദര്യലഹരിയുടെ ഭാഷ്യം പൂർണ്ണമായതു്. 1101-ൽ ദേവീമാഹാത്മ്യം അച്ചടിപ്പിച്ചു.

### ചില ഉദാഹരണങ്ങൾ

“സ്വൈരം പുരന്ദരവധൂപരിഗീയമാന–
ഭൂരിപ്രഭാവനഹമെന്നൊരു ഗർവിവങ്കൽ
ചേരുന്നുവെങ്കിലുമിവന്നു മദംഘ്രിഭക്തി–
ഭാരം പരം സരസിജാക്ഷി! ഗിരാം വിദൂരം.”

(കിരാതാർജ്ജുനീയനാടകം)

“സുദ്യുമ്നനെന്ന രാജാവു സത്യവാദി ജിതേന്ദ്രിയൻ
സിന്ധുദേശാശ്വമേറീട്ടു കാട്ടിൽപ്പോയ് വേട്ടയാടുവാൻ.
മന്ത്രിമാരോടൊത്തു ചട്ടയിട്ടു കുണ്ഡലധാരിയായ്
എടുത്തു കൊമ്പുകൊണ്ടുള്ള വില്ലും നല്ല ശരങ്ങളും
സഞ്ചരിച്ചാൻ വനം തോറും കൊന്നുകൊണ്ടു മൃഗങ്ങളെ.
മുയൽ പോത്തുകളേണങ്ങൾ പന്നിയെട്ടടിമാനുകൾ
കാട്ടുകോഴികൾ വണ്ടാരംകോഴി നാനാമൃഗത്തെയും
രാജാവു കൊന്നുകൊന്നെത്തീ കുമാരവനമെന്നതിൽ
മേരുവിന്നടിവാരത്തിൽ മന്ദാരങ്ങൾ വിളങ്ങിയും
അശോകലത ശോഭിച്ചുമിലഞ്ഞിപ്പൂ മണത്തുമേ
ചമ്പകം മരുതും പ്ലാവും പനയും മാവിലുപ്പയും
കടമ്പും നൽക്കുരുക്കുത്തി മുല്ല വള്ളിക്കുടിൽകളും
അന്നവും നീർക്കാക്കകളും മുഴങ്ങും മുളവർഗ്ഗവും
കയിലിന്നൊച്ചയും പൂവും നിറഞ്ഞ മരപങ്ക്തിയും
വണ്ടിൻമൂളലുമാനന്ദമേകും പുങ്കാവനങ്ങളും
കണ്ടാനന്ദിച്ചു രാജാവു സുദ്യുമ്നൻ മന്ത്രിമാരുമായ്
അതിൽക്കടന്നാനുടനേയൊരു സുന്ദരിയാ, യവൻ.”

(ദേവീഭാഗവതം പ്രഥമസ്കന്ധം)

## കട്ടക്കയത്തിൽ ചെറിയാൻ മാപ്പിള (1034–1112)

### ജനനവും വിദ്യാഭ്യാസവും

പ്രാചീനവും പ്രശസ്തവുമായ പകലോമറ്റം എന്ന ക്രിസ്തീയകുടുംബത്തിന്റെ ഒരു ശാഖയാണ് മീനച്ചിൽത്താലൂക്കിൽ പാലായങ്ങാടിക്കടുത്തുള്ള കട്ടക്കയം. ചെറിയാൻ മാപ്പിള കട്ടക്കയത്തുവീട്ടിൽ 1034-ാമാണ്ടു കുംഭമാസം 13-ാംനു ഉലഹന്നാന്റേയും ഭരണങ്ങാനത്തു പിലാന്തോട്ടത്തു സിസിലിയമ്മയുടേയും സീമന്തപുത്രനായി ജനിച്ചു. ആസ്തിക്യവും ആചാരശ്ലക്ഷ്ണതയുമുള്ള ഒരു സുറിയാനിക്കത്തോലിക്കാ കുടുംബമായിരുന്നു അതു്. അങ്ങനെയുള്ള പരിസരത്തിൽ വളർന്ന ചെറിയാൻമാപ്പിളയിൽ ആ ഗുണങ്ങൾ അതിശയേന സംക്രമിച്ചു എന്നതിൽ ആശ്ചര്യത്തിന്നവകാശമില്ലല്ലോ. പതിന്നാലാമത്തെ വയസ്സു മുതൽ അദ്ദേഹം അനേകം സംസ്കൃതകാവ്യങ്ങൾ മീനച്ചിൽ ഞാവൽക്കാട്ടു ദാമോദരൻകർത്താവിന്റെ അടുക്കൽനിന്ന് അഭ്യസിച്ചു.

നാലുകൊല്ലമേ ഗുരുമുഖേനയുള്ള വിദ്യാഭ്യാസം നീണ്ടുനിന്നുള്ളു. പിന്നീട് ആ ഭാഷയിൽ നിരന്തരമായി സ്വപ്രയത്നംകൊണ്ടു തന്നെ പരിശീലിച്ചു. ഏതാനും കൊല്ലംകൊണ്ടു് ഒരു വിശിഷ്ടഭാഷാകവിയായി വികസിക്കുന്നതിനു വേണ്ട വ്യുൽപത്തിസ്വാധീനമാക്കി. 1051-ൽ പിതാവു മരിച്ചുപോകയാൽ കുടുംബഭരണം ഏറ്റെടുക്കേണ്ടി വന്നു. അതുകൊണ്ടാണു് ഗുരുശിഷ്യബന്ധം വിച്ഛിന്നമായതു്.

## അനന്തരജീവിതം

1056-ാമാണ്ടുമുതൽതന്നെ ചെറിയാൻമാപ്പിള കവിത എഴുതിത്തുടങ്ങി. 1062 മുതൽ നസ്രാണിദീപികയിൽ ചില ശ്ലോകങ്ങൾ അപ്പോഴപ്പോൾ പ്രസിദ്ധീകരിച്ചു. എങ്കിലും കണ്ടത്തിൽ വറുഗീസ്സുമാപ്പിള 1065-ൽ മലയാളമനോരമയിൽ കവിതാപംക്തി ഉൽഘാടനം ചെയ്തതിനുമേലാണു് അദ്ദേഹം കവനത്തിൽ അക്ഷീണമായ വ്യവസായം ആരംഭിച്ചതു്. ഭാഷാകവിതയിൽ പ്രവേശനാനുവാദം സവർണ്ണഹിന്ദുക്കൾക്കുമാത്രമുള്ളതല്ലെന്നും ആർക്കും അതിനുവേണ്ട അധികാരിഭാവമുണ്ടെങ്കിൽ അവിടെ കടന്നുചെല്ലാവുന്നതാണെന്നുമുള്ള വസ്തുത വറുഗീസ്സുമാപ്പിള നല്ലപോലെ ഗ്രഹിച്ചു. തന്നിമിത്തം വാസനക്കാരായ ക്രിസ്തീയകവികളെ അദ്ദേഹം വിശേഷിച്ചു പ്രോത്സാഹിപ്പിച്ചുപോന്നു. അവരുടെ കൂട്ടത്തിൽ ഏതു നിലയിൽ നോക്കിയാലും പ്രഥമഗണനീയനായി കാണപ്പെട്ടതു ചെറിയാൻമാപ്പിളയായിരുന്നു. ഹിന്ദുക്കളുടെ രീതി അനുകരിച്ചു പത്രങ്ങളിൽ കവിത എഴുതുന്ന ക്രിസ്ത്യാനികൾ തങ്ങളുടെ പേരോടുകൂടി 'മാപ്പിള' എന്ന വർഗ്ഗനാമം ചേർക്കുന്നതു് അഭിലഷണീയമാണെന്നുള്ള വറുഗീസ് മാപ്പിളയുടെ ഉപദേശത്തെ അക്കാലത്തെ ക്രിസ്തീയകവികൾ അനുകൂലിച്ചതിന്റെ ഫലമായിട്ടാണു ബാല്യകാലത്തെ ചെറിയാൻ അനന്തരകാലത്തെ ചെറിയാൻമാപ്പിളയായതു്. 1067-ലെ കവി സമാജപരീക്ഷയിൽ അദ്ദേഹവും ചേരുവാൻ ധൈര്യപ്പെട്ടു. വറുഗീസ്സുമാപ്പിളയുടെ പേരിൽ തനിക്കുള്ള കടപ്പാടു് അദ്ദേഹം ആ ഭാഷാപോഷണധുരീണന്റെ ചരമത്തെ അനുസ്മരിച്ചു് എഴുതിയ ഒരു ശ്ലോകത്തിൽ വിനയപൂർവ്വമായി സൂചിപ്പിച്ചിട്ടുണ്ടു്.

> "അല്ലജ്ഞനാകുമിവരനും കവിവേഷമേന്തി–
> ക്കെല്പാർന്ന സൽക്കവികൾതന്നിടയിൽക്കടന്നു്
> അപ്പപ്പൊഴായച്ചില മഹാവികൃതിത്തമേതാ–
> ണ്ടൊപ്പിച്ചതും സുമതി നിൻപതിമൂലമത്രേ."

അങ്ങനെ ഒരു വശത്തു സാഹിത്യവിഷയത്തിലെന്നപോലെ മറ്റൊരു വശത്തു കൃഷികാര്യത്തിലും വ്യാപൃതനായി രണ്ടു വിഭിന്നമാർഗ്ഗങ്ങളിലും സമനൈപുണ്യത്തോടുകൂടി പുരോഗമനം ചെയ്തു. കർഷകവൃത്തിയിൽ അത്യധികം ശ്രദ്ധ പതിപ്പിക്കേണ്ടിയിരുന്നതുമൂലം ഇടയ്ക്കു സ്വല്പകാലം മനോരമയിൽ ശ്ലോകങ്ങൾ എഴുതുവാൻ സാധിച്ചില്ല. എല്ലാ കവിമുഖ്യന്മാർക്കും അദ്ദേഹത്തോടു് അളവറ്റ സ്നേഹമുണ്ടായിരുന്നു. അവരിൽ അദ്ദേഹത്തിന്റെ അസന്നിധാനത്തിൽ പരിതപിച്ചു നടുവത്തച്ഛൻനമ്പൂരി

> "കോട്ടം വിനാ തൻകവിതാമൃതത്തെ–
> പ്പെട്ടെന്നൊഴുക്കാതെ ജഗത്തിലെങ്ങും
> കഷ്ടം! വസിക്കുന്നതിനെന്തു ബന്ധം?
> കട്ടക്കയം തെല്ലു നികന്നുപോയോ?"

എന്നും, ഒടുവിൽ കുഞ്ഞികൃഷ്ണമേനോൻ

"ചട്ടറ്റിടുന്ന നറുഭൂഷകൾ നിൻകഴുത്തിൽ—
ക്കെട്ടിച്ചു പണ്ടു വളരെപ്പകളാണ്ടെ വിദ്വാൻ
കട്ടക്കയത്തിലമരുന്ന കവീന്ദ്രനാമെ—
ന്നിഷ്ടന്നു നല്ല സുഖമോ ശുകവാണിയാളേ!"

എന്നും മനോരമയിൽ ചോദിച്ചു. അതിനു മറുപടിയായി കട്ടക്കയം അതേ പത്ര ത്തിൽത്തന്നെ

"പാലായിൽനിന്നു മയിലഞ്ചു കിഴക്കു ഞാനെൻ—
സ്യാലത്രയം സഹജനെന്നിവരോടുകൂടി
ബാലേ! വിലയ്ക്കു നിലമിത്തിരി വാങ്ങിയിപ്പോൾ
ചാലുണ്ടതിൻ നടുവിലെന്നു ധരിച്ചിടേണം.
ചാലൊക്കെയും സമനിരപ്പു വരുത്തി നല്ല
ചേലാക്കി, നെൽക്കൃഷിയതിന്നുപയുക്തമാക്കി
ചാലിൻകരെക്കമുക, തെങ്ങു, പിലാവു വാഴ,
കോലും മുദാ മരിചമെന്നിവ നട്ടിടുന്നു."

എന്നു മറുപടി എഴുതി. 1075 മുതൽ 1085 വരെ പത്തു കൊല്ലത്തോളം കൊണ്ടൂർപ്പ കുതിയിൽ അഞ്ഞൂറ്റിമംഗലം ചേരിക്കലിൽ ആ വൃത്തി അനുസ്യൂതമായി തുടന്ന് ഒരു മാതൃകാകർഷകനെന്ന ഖ്യാതിക്കു പാത്രീഭവിച്ചു ധനാർജ്ജനം ചെയ്തു. അതിനിടയ്ക്കു സാഹിത്യവ്യവസായം തുടർന്നുകൊണ്ടുപോയി. മാർപ്പാപ്പാ അദ്ദേഹത്തിന്റെ സമു ന്നതമായ സാഹിത്യസേവനത്തെ അഭിനന്ദിച്ച് ഒരു കീർത്തിമുദ്ര അയച്ചുകൊടുത്തു. 1086-ൽ മീനച്ചിൽ റബ്ബർക്കമ്പനി സ്ഥാപിച്ച് അതിന്റെ ഡയറക്ടരായും പത്തു കൊ ല്ലം ജോലി നോക്കി. ഒടുവിൽ കുറേക്കാലം വാതരോഗം ബാധിച്ചതോടുകൂടി വാർ ദ്ധക്യത്തിൽ ദുർന്നിവാരങ്ങളായ വേറേയും ചില ശരീരാസ്വാസ്ഥ്യങ്ങൾക്ക് അദ്ദേഹ ത്തിനു വിധേയനാകേണ്ടിവരികയും അവയുടെ പീഡനിമിത്തം 1112-ാമാണ്ടു വൃശ്ചിക മാസം 14-ാംനു യശശ്ശരീരനാകുകയും ചെയ്തു. കൊട്ടുകാപ്പള്ളിവീട്ടിൽ ജനിച്ച് അവ കാശവഴി പാലാ കുടക്കച്ചിറവീട്ടിലെ അംഗമായ മറിയാമ്മയായിരുന്നു പത്നി. മാ താവ് 1079 കുംഭം 15-ാംനു മരിച്ചു. അദ്ദേഹത്തിന്റെ പുത്രൻ ജോൺ ഒരു സാഹിത്യ രസികനും മരുമകൻ ജെ. ജോൺ ഗദ്യപദ്യാത്മകങ്ങളായ അനേകം സൽഗ്രന്ഥ ങ്ങളുടെ പ്രണേതാവുമാണ്. രണ്ടുപേരും- മലംകൃഷിയിലും വൈദഗ്ദ്ധ്യം പ്രദർശിപ്പി ച്ചുകൊണ്ടിരിക്കുന്നു.

## കൃതികൾ

ചെറിയാൻമാപ്പിള (1) യൂദജീവേശ്വരി, (2) വില്ലാൾവെട്ടം, (3) സാറാവിവാഹം, (4) കലാവതി എന്നീ രൂപകങ്ങളും, (5) ഒലിവേർവിജയം ആട്ടക്കഥയും, (6) മാർത്തോ മ്മാചരിതം, (7) വനിതാമണി, (8) തിരഞ്ഞെടുക്കപ്പെട്ട പാത്രം എന്നീ ഖണ്ഡകാ വ്യങ്ങളും രചിച്ചിട്ടുണ്ട്. എങ്കിലും കേരളത്തിലെ ഒന്നാംകിടക്കാരായ കവികളുടെ കൂട്ടത്തിൽ അദ്ദേഹം ഗണനാർഹനായിത്തീർന്നത് ഇരുപത്തിനാലു സർഗ്ഗങ്ങൾ ഉൾക്കൊള്ളുന്ന (9) ശ്രീയേശുവിജയം എന്ന മഹാകാവ്യത്തിന്റെ പ്രണയനം കൊ ണ്ടാകുന്നു. യൂദജീവേശ്വരി കവിസമാജത്തിലെ നാടകപരീക്ഷയ്ക്ക് എഴുതുവാൻ ഉദ്യ മിച്ചതും അവിടെവെച്ചു രണ്ടങ്കത്തോളം തീർത്തതുമാണ്. പിന്നീട് അത് 141 ശ്ലോ കങ്ങൾ ഉൾപ്പെടുത്തി അഞ്ചങ്കങ്ങളിൽ പൂർത്തിയാക്കി 1068-ാമാണ്ടിടയ്ക്കു പ്രസിദ്ധീ കരിച്ചു. എസ്തേർ രാജ്ഞിയുടെ ചരിത്രമാണ് അതിലെ പ്രതിപാദ്യം. വില്ലാൾവെട്ടം

1069-ാമാണ്ടാണ് അച്ചടിപ്പിച്ചത്. അതിലെ ഇതിവൃത്തം കല്പിതമാകുന്നു. പണ്ട് ഉദയംപേരൂരിൽ വില്ലാൾ വെട്ടം എന്ന പേരിൽ ഒരു നസ്രാണി രാജകുടുംബം ഉണ്ടായിരുന്നു എന്നുള്ള ഐതിഹ്യത്തെ ആസ്പദമാക്കി ആ പശ്ചാത്തലത്തിൽ കവി ഒരു കഥ നാടകോചിതമായ രീതിയിൽ ഘടിപ്പിച്ചിരിക്കുന്നു. സ്വാമിഭക്തനും രാജ്യസ്നേഹിയുമായ ആ രാജ്യത്തിലെ മന്ത്രിയെ അവിടത്തെ സേനാനായകൻ രാജാവിനെ തെറ്റിദ്ധരിപ്പിച്ചു നിഷ്കാസനം ചെയ്യിക്കുന്നു. എന്നാൽ മന്ത്രി അവിടെത്തന്നെ ഗൂഢമായി താമസിച്ചുകൊണ്ടു രാജാവിന്റെനേർക്ക് ആ രാജ്യദ്രോഹി അനുഷ്ഠിക്കുന്ന ദ്രോഹകൃത്യങ്ങളെ വിഫലീകരിക്കുന്നു. അതാണ് കഥയുടെ സംക്ഷേപം. പഴയ നിയമത്തിൽ തോബിയാസ്സിന്റെ ചരിത്രത്തെ വിഷയീകരിച്ചു പാലാ മനോവിനോദിനീ നാടകസഭയുടെ അപേക്ഷയനുസരിച്ചു രചിച്ച സാറാവിവാഹം നാടകം 1077-ൽ പ്രസിദ്ധപ്പെടുത്തി. കലാവതി നാലങ്കത്തിലുള്ള ഒരു നാടികയാണ്. ഗദ്യമൊഴിച്ചാൽ ഇരുപത്തിമൂന്നു ശ്ലോകങ്ങളും ഒരു പാട്ടും മാത്രമേ അതിൽ ഉൾപ്പെടുന്നുള്ളു. ആംഗലേയ മഹാകവിയായ റ്റെനിസന്റെ ഒരു പ്രതിപാദ്യം കേട്ടു മനസ്സിലാക്കി എഴുതിയതാണ് ആ രൂപകം. സാറാവിവാഹം കഴിഞ്ഞാണ് അതിന്റെ നിർമ്മിതി. അത് അച്ചടിപ്പിച്ചിട്ടില്ല. 1070-ാമാണ്ടിടയ്ക്കു പാലായിൽ സ്ഥാപിക്കപ്പെട്ടിരുന്ന ഒരു കഥകളിയോഗത്തിന് അഭിനയിക്കുന്നതിനുവേണ്ടി എഴുതിയതാണ് ഒലിവേർവിജയം ആട്ടക്കഥ. കാറൾമാൻ ചക്രവർത്തിയുടെ ചരിത്രമാണ് അതിലെ വിഷയം. സെൻറ് തോമസ്സിന്റെ ജീവിതത്തെ അടിസ്ഥാനപ്പെടുത്തി 300 ശ്ലോകങ്ങളിൽ എഴുതിയ മാർത്തോമ്മാചരിതം 1082-ൽ അച്ചടിപ്പിച്ചു. ചാസർ എന്ന. ആംഗലേയമഹാകവിയുടെ The Clerk's Tale എന്ന ഒരു കാൻറർബറിക്കഥയാണ് വനിതാമണി എന്ന കാവ്യത്തിലെ, വിഷയം. ആ കാവ്യത്തിലെ നായികയായ ഗ്രിസെൽഡാ സാവിത്രിക്കു സമയായ ഒരു പതിവ്രതയാകുന്നു. ഒടുവിലത്തെ തിരഞ്ഞെടുക്കപ്പെട്ട പാത്രം എന്ന കൃതി മാത്രമേ ചെറിയാൻമാപ്പിള ദ്രാവിഡവൃത്തത്തിൽ രചിച്ചിട്ടുള്ളു. പൌലോസ് അപ്പോസ്തലന്റെ മതപരിവർത്തനമാണ് അതിലെ വിഷയം. ഇവകൂടാതെ ഭാഷാപോഷിണിവകയായി നടത്തിയ മത്സരപരീക്ഷയ്ക്കു ആസന്നമരണന്റെ അന്തർഗ്ഗതം എന്നൊരു ഖണ്ഡകാവ്യവും എഴുതിയയച്ചു. എങ്കിലും അതു മുദ്രിതമായിട്ടില്ല. ശ്രീയേശുവിജയം മഹാകാവ്യത്തിലാണ് മഹാകവിയുടെ സർവ്വസിദ്ധികളും അവയുടെ സമഗ്രമായ രൂപത്തിലും പരിമാണത്തിലും പ്രതിഭാസിക്കുന്നത്. അത്യന്തം ദീർഘമാണ് അതിലെ ഓരോ സർഗ്ഗവും. സജാതീയദ്വിതീയാക്ഷരപ്രാസം ഓരോ ശ്ലോകത്തിലും സമർത്ഥമായി ഘടിപ്പിച്ചിട്ടുണ്ട്. പ്രസന്നവും മധുരവുമാണ് അദ്ദേഹത്തിന്റെ കാവ്യശൈലി. നിഷ്കൃഷ്ടമായ സന്മാർഗ്ഗബോധം ഓരോ കൃതിയിലും ആദ്യന്തം പ്രതിഫലിക്കുന്നു. രചനാവൈകല്യം ലേശം പോലുമില്ല. ഭാഷാസാഹിത്യത്തിന്റെ ശാശ്വതസമ്പാദ്യങ്ങളിൽ ഒന്നായി പ്രസ്തുത കാവ്യരത്നത്തെ പരിഗണിക്കാം. പഴയനിയമത്തിലെ ഇതിവൃത്തം സംക്ഷിപ്തമായും പുതിയ നിയമത്തിലേതു സവിസ്തരമായും പ്രതിപാദിക്കുന്നു. ലോകോൽപ്പത്തി തുടങ്ങി കോൺസ്റ്റന്റൈൻ എന്ന റോമൻചക്രവത്തി ക്രിസ്തുമതം സ്വീകരിക്കുന്നതുവരെയുള്ള കഥകൾ ഔചിത്യദീക്ഷയോടുകൂടി അന്തർഭവിപ്പിച്ചിട്ടുണ്ട്. 1100-ാമാണ്ടാണ് പ്രസ്തുത മഹാകാവ്യം പ്രസിദ്ധീകരിച്ചത്. ചില ഉദാഹരണങ്ങൾ ഉദ്ധരിച്ചു ചെറിയാൻമാപ്പിളയുടെ കവനരീതി അനുവാചകന്മാരെ ഗ്രഹിപ്പിക്കാം.

“അസ്താദ്രൗ ചെന്നണഞ്ഞു ദ്യുമണി; സരസിജ–
ശ്രേണിതൻ ശോഭ തേഞ്ഞു;
മുത്തത്യർത്ഥം കുറഞ്ഞു മധുപനിരയതി;–

ന്നാമ്പലെല്ലാം വിരിഞ്ഞു;
ആർത്ത്യാ കോകം പിരിഞ്ഞു; ദിവി രുചി ചിതറി–
ത്താരസാർത്ഥം നിറഞ്ഞു;
ചിത്രം ദീപം തെളിഞ്ഞു; ദിശി ദിശി തിമിര–
ക്കൂട്ടമെത്തിക്കഴിഞ്ഞു." (യൂദജീവേശ്വരി)

"ഇഷ്ടത്തിന്നൊത്തവണ്ണം സകലമവിരതം
തന്നുമെന്നോതിയാലും
തുഷ്ട്യാ കൈക്കൊണ്ടുമയ്യോ! കടിലതരമതേ!
നിന്നെ ലാളിക്കമൂലം
കഷ്ടം മാല്യഭ്രമത്താൽക്കഠിനവിഷമെഴും
പാമ്പിനെത്തൻകഴുത്തിൽ–
പ്പൃഷ്ടാനന്ദേന ചാർത്തും മടയനൊരിണയായ്–
ത്തീർന്നു നിന്ദാർഹനായ് ഞാൻ." (വില്ലാൾവെട്ടം)
"കണ്ടാലിത്ര മനോജ്ഞയാം യുവതി പണ്ടുണ്ടായതില്ലെങ്ങുമേ;
വീണ്ടുണ്ടാകയുമില്ലിവണ്ണമവളെക്കണ്ടിട്ടു പാരൊക്കെയും
കൊണ്ടാടുന്നതുമൂലമാത്തരുണിതൻ സൗന്ദര്യപൂരം ക്രമാൽ
വേണ്ടുംവണ്ണമകക്കുരുന്നിലഖിലം ബോധിച്ചിടാമേവനും."
(സാറാവിവാഹം)
"പേടിച്ചുരണ്ടു ചെറുതായ മൃഗം ജവം പൂ–
ണ്ടോടിക്കിതപ്പൊടു പടർപ്പിലണഞ്ഞിടുമ്പോൾ
കൂടിൻപടിക്കജഗരം കണിവച്ച വായിൽ–
ച്ചാടിത്തനിക്കപകടത്തെ വരുത്തിടുന്നു."
(ശ്രീയേശുവിജയം)
"ദന്തം ഞെരിച്ചു വിരലാഞ്ഞു നിലത്തിലൂന്നി–
പ്പന്തംകണക്കു മിഴിഭീഷണമാക്കി രോഷാൽ
അന്തം വെടിഞ്ഞ പകയോടിരുകൂട്ടരും വാൾ
കുന്തം തുടങ്ങിയവയാൽപ്പൊരുമാറ്റമായി."
(ശ്രീയേശുവിജയം)
"കെട്ടുക്കുമിപ്പഞ്ഞമിവണ്ണമൻപൊടും
തട്ടുക്കുവോക്കാരഴൽ ചേർത്തിടും പ്രഭോ?
അട്ടുക്കലെത്തും പഥികർക്കു വിശ്രമം
കൊട്ടുക്കുമാശാഖി മുറിക്കുമോ ജനം?"
(ശ്രീയേശുവിജയം)
"കുരമ്പാൽ മാർപിളർന്നും കൊടിയൊരു കുരിശിൽ
ത്തൂക്കിയും തോലുരിഞ്ഞും
ക്രൂരൻ സിംഹത്തിനുണ്ണായരുളിയുമസിയാൽ
ക്കണ്ടനാളം മുറിച്ചും
നീരത്തിൽ താഴ്ത്തിയും മെയ് മുഴുവനുമടിയാൽ–
ക്കീറിയും തീയിലിട്ടും
പാരം മാൽ ചേർത്തു യോധാധമരനവധിയായ്
ക്രിസ്ത്യരേ നിഗ്രഹിച്ചു."

"ഇന്നാർക്കല്ലലശേഷമില്ല സുഖമാണാനന്ദമാണീവിധം
നന്നായിപ്പരമാർത്ഥമേതുമറിയാതേകണ്ടു ചൊല്ലും ചിലർ;
എന്നാലാ നരനോടടുത്തു പരിശോധിക്കുന്നതായാലുടൻ–
തന്നേ ദൈന്യത പാരമുണ്ടു സുഖമില്ലെന്നോതുമെല്ലാവരും."

(കലാവതി)

"മാരി നിലച്ചു; ശരൽക്കാലം വന്നെത്തി;
നീരിന്നു നൈർമ്മല്യമേറെയുണ്ടായ്;
വാരിവാഹം വാനിലെങ്ങുമില്ലാതെയായ്;
പാരിൽത്തെളിവെങ്ങുമുത്ഭവിച്ചു.
വാനിൽ പ്രസന്നനായ്ത്തിങ്കളദിച്ചോമൽ–
പ്പൂനിലാവെങ്ങും ചൊരിഞ്ഞുനിന്നു.
വിണ്ണിലനുദിനം താരങ്ങളേവർക്കും
കണ്ണിന്നു കൗതുകം ചേർത്തു മിന്നി."

(തിരഞ്ഞെടുക്കപ്പെട്ട പാത്രം)

ക്രിസ്തീയയുവകവികൾക്കു മഹത്തായ പ്രചോദനമാണ് കട്ടക്കയം ശ്രീയേശുവിജയം വഴിയ്ക്കു നല്കിയിരിക്കുന്നത്. അദ്ദേഹത്തിന്റെ പാവനങ്ങളായ പാദമുദ്രകളെ പ്രകാശദീപങ്ങളാക്കി പുരോഗമനംചെയ്തു വിജയം നേടുവാൻ അവരിൽ വാസനാസമ്പന്നരായ പലർക്കും നിരന്തരമായ വ്യവസായാസക്തിയും ഉദാത്തമായ ഉൽക്കർഷേച്ഛയുമുണ്ടെങ്കിൽ സാധിക്കുമെന്നുള്ളതിനു യാതൊരു സംശയവുമില്ല.

## കെ. വി. സൈമൺ (1058–1118)

### ചരിത്രം

തിരുവല്ലാത്താലൂക്കിൽ പമ്പാനദിയുടെ തെക്കേക്കരയിൽ ആറന്മുള ക്ഷേത്രത്തിൽ നിന്ന് അല്പം പടിഞ്ഞാറു മാറി ഇടയാറന്മുള എന്നൊരു ഗ്രാമമുണ്ട്. അവിടെ കുന്നുംപുറം എന്ന കുടുംബത്തിൽ വറുഗീസിന്റെ പുത്രനായി കെ. വി. സൈമൺ 1058-ാമാണ്ടു മകരമാസം 27-ാംനു ജനിച്ചു. തന്റെ മാതാപിതാക്കന്മാരുടെ ദശമസന്താനമായിരുന്നു അദ്ദേഹം. ജ്യേഷ്ഠസഹോദരൻ കെ. വി. ചെറിയാന്റെ അടുക്കലാണ് പ്രധാനമായി സംസ്കൃതം അഭ്യസിച്ചത്. ചെറിയാൻ സംസ്കൃതജ്ഞനായിരുന്നതിനു പുറമേ ഇംഗ്ലീഷിലും തമിഴിലുംകൂടി പ്രായോഗികപരിചയം സമ്പാദിച്ചിരുന്നു. 1075-ൽ അദ്ദേഹം മരിച്ചു. അപ്പോഴേയ്ക്കും തനിക്കു സിദ്ധിച്ചകഴിഞ്ഞിരുന്ന ലോകവ്യുൽപത്തി സൈമൺ സ്വപ്രയത്നംകൊണ്ട് അഭിവൃദ്ധമാക്കി. ബാല്യംമുതല്ക്കുതന്നെ അദ്ദേഹം കവിതാനിർമ്മാണത്തിലും വിവിധഭാഷാപഠനത്തിലും ഉത്സുകനായിരുന്നു. കാലക്രമത്തിൽനിസ്തന്ദ്രമായ വ്യവസായം കൊണ്ടു സംസ്കൃതത്തിൽ സാമാന്യമായ വ്യുൽപത്തി സമ്പാദിക്കുകയും അതോടുകൂടി തമിഴ്, തെലുങ്ക്, കർണ്ണാടകം, ഹിന്ദി, ഇംഗ്ലീഷ് മുതലായ ഭാഷകളും സാമാന്യമായി ഗ്രഹിക്കുകയും ചെയ്തു. കെ. വി. ചെറിയാൻ നടത്തിക്കൊണ്ടിരുന്ന ഒരു പ്രാഥമിക വിദ്യാലയത്തിൽ ഇരുപത്തൊന്നു കൊല്ലം അദ്ധ്യാപകനായി പണിനോക്കി. സങ്ഗീതത്തിലും അദ്ദേഹത്തിനു വാസനയുണ്ടായിരുന്നു. ക്രമത്തിൽ അദ്ദേഹത്തിന്റെ മനസ്സ് ആത്മീയചിന്തയിലേയ്ക്കു തിരിയുകയും അതിന്റെ ഫലമായി അദ്ദേഹം വളരെക്കാലം ദക്ഷിണാപഥം മുഴുവൻ പര്യടനം ചെയ്തു ക്രിസ്തുമതപരമായി പ്രസങ്ഗങ്ങൾ ചെയ്യുകയും ചെയ്തു. വിവിധ മതഗ്രന്ഥങ്ങൾ ശ്രദ്ധാപൂർവ്വം പാരായണം ചെയ്തിരുന്ന ആ വിശാലഹൃദയൻ ഒരു മതത്തെയും ദൂഷിച്ചില്ല. സ്വരമാധുര്യം ശബ്ദസൗഷ്ഠവം, ഗാനകുശലത, വാഗ്മിത്വം മുത

ലായ സിദ്ധികളെക്കൊണ്ടു് ഏതു സദസ്സിനേയും വശീകരിക്കുവാനുള്ള ശക്തി അദ്ദേഹത്തിന് അധീനമായിരുന്നു. 1118-ാമാണ്ടു കുംഭമാസം 8—ാംനു രക്തസമ്മർദ്ദം നിമിത്തം പരഗതിയെ പ്രാപിച്ചു.

## കൃതികൾ

സൈമൺ (1) വേദവിഹാരം, (2) നല്ല ശമര്യൻ എന്നീ പദ്യകൃതികളും, (3) സങ്ഗീതരത്നാവലി എന്ന ഗാനപുസ്തകവും, (4) ഉത്തമഗീതാവ്യാഖ്യ എന്നൊരു ഗദ്യപുസ്തകവും പ്രസിദ്ധീകരിച്ചിട്ടുണ്ടു്. നല്ല ശമര്യൻ ബൈബിളിലെ ലൂക്കോസ് സുവിശേഷത്തിൽ ഉൾപ്പെട്ട A Good Samaritan എന്ന ഉപാഖ്യാനത്തെ ആസ്പദമാക്കി രണ്ടു ഭാഗങ്ങളിലായി എഴുതീട്ടുള്ള ഒരു ഖണ്ഡകാവ്യമാണു്. ഭക്തിഭാവപ്രധാനങ്ങളായ 300-ൽപ്പരം ഗാനങ്ങളുടെ സമാഹാരമാകുന്നു സങ്ഗീതരത്നാവലി. ബൈബിളിലെ Song of Songs എന്ന യോഗാത്മകഭാഗത്തിന്റെ ഒരു ഭാഷ്യമാണ് ഉത്തമഗീതാവ്യാഖ്യ. ഇവ കൂടാതെ (5) 1089-ാമാണ്ടു ശാർദ്ദൂലവിക്രീഡിതവൃത്തത്തിൽ നിശാകാലം എന്ന പേരിൽ ഒരു ചെറിയ സംസ്കൃതകാവ്യവും നിർമ്മിച്ചിട്ടുണ്ടു്. ഇവയെല്ലാം സാധാരണകൃതികളായേ സഹൃദയന്മാർ ഗണിക്കുകയുള്ളു. സൈമണെ ഒരു ഉൽകൃഷ്ടകവി എന്നു കേരളീയർ കൊണ്ടാടുന്നതും കൊണ്ടാടേണ്ടതും വേദവിഹാരം എന്ന വിശിഷ്ടകാവ്യത്തെ പുരസ്കരിച്ചുകൊണ്ടാണു്. വേദവിഹാരം പഴയ നിയമത്തിൽ മോശയുടെ ഒന്നാം പുസ്തകം എന്നു പറയുന്ന Genesis അഥവാ ലോകോൽപ്പത്തിയുടെ വിവൃതമായ പരാവർത്തനമാണു്. പഴയ നിയമത്തിൽ ആകെ 39 പുസ്തകങ്ങളുണ്ടു്. അവയിൽ ആദ്യത്തെ അഞ്ചു പുസ്തകങ്ങളാണ് മോശയുടേതായി അറിയപ്പെടുന്നതു്. അവയിൽ ആദ്യത്തെ പുസ്തകം മാത്രമേ സൈമൺ തന്റെ വാങ്മയത്തിന് ഉപയോഗിച്ചിട്ടുള്ളു. കിളിപ്പാട്ടുരീതിയിൽ രചിച്ചിട്ടുള്ളതും ആകെ 50 അധ്യായങ്ങൾ അടങ്ങിയതുമായ പ്രസ്തുതകാവ്യം ഭാഷയ്ക്കു് അമൂല്യമായ ഒരാഭരണമായി പ്രശോഭിക്കുന്നു. കൃച്ഛ്രസാധ്യമായ ആ സാഹിത്യവ്യവസായത്തിൽ കവി അഭിനന്ദനീയമായവിധം വിജയം നേടീട്ടുണ്ടു്.

## ഉദാഹരണങ്ങൾ

വേദവിഹാരത്തിൽനിന്നുമാത്രം ചില ഈരടികൾ ഉദ്ധരിക്കാം.

> “ഭയജനകരജനിയിതുവിധമവർ കഴിച്ചിട്ടു
> ഭാനൂദയത്തിലുയർന്നുകൊള്ളും വിധൗ
> ഗതകരുണമഖിലജഗദധിപതി നഭസ്സീന്നു
> ഗന്ധകമഗ്നിയും വർഷിച്ചു ഘോരമായ്.
> ഗഗനപഥമിതിനുടയ നാന്ദിയായിട്ടഹോ!
> ഗംഭീരശബ്ദം മുഴക്കി ഭ്രുവെങ്ങുമേ.
> ജ്വലനഘനഘടകളുടെ നടുവിലിടിവാളുകൾ
> ജാതരോഷം പരന്നാകാശവീഥിയിൽ.
> പ്രളയമതിലുയരുമൊരു ചണ്ഡവാതങ്ങളും
> പ്രത്യുൽഗമിച്ചു, നിഷ്പ്രത്യൂഹമാംവിധം.
> . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . .
> വിഷയവിഷസർപ്പമേ! നിന്നെ വിട്ടോടിലും
> വിദ്രുതം നീ പാഞ്ഞു ദംശിപ്പു മർത്ത്യരെ.
> മഹിളയുടെ മനതളിരിലമിതവിഷയാശതാൻ

മാരണഹേതുവായ് മങ്ങിക്കിടന്നതും.
ഹൃദയമതിലണവളവു ലിപ്സയുണ്ടെങ്കിലോ
സംയമിതാനും സ്ഖലിക്കും സ്വനിഷ്ഠയിൽ.
മുനിയുടെ മനം കരണ്ടൂർദ്ധ്വമാക്കീടുന്ന
മൂഷികനത്രേ വിഷയാശ നിർണ്ണയം.”

## കൊങ്ങോട്ടു കൃഷ്ണൻനായർ (1059—1119)

### ചരിത്രം

കൃഷ്ണൻനായർ മലബാറിൽ കൊല്ലങ്കോട്ടു കാമ്പ്രത്ത് ഈശ്വരമേനോന്റേയും മഞ്ഞപ്ര കൊങ്ങോട്ടു തില്ലഅമ്മയുടേയും പുത്രനായി 1059-ാമാണ്ട് ഇടവമാസം അത്തം നക്ഷത്രത്തിൽ ജനിച്ചു. ധനികനും അംശമധികാരിയുമായിരുന്ന ഇരശ്വരമേനോൻ താരകാസുരവധം ആട്ടക്കഥയുടേയും തോരണ യുദ്ധം മൂന്നു ദിവസത്തെ തുള്ളൽക്കഥയുടേയും പ്രണേതാവായിരുന്നു. കൊല്ലങ്കോട്ടു ഹൈസ്കൂളിൽ മെട്രിക്കുലേഷൻ ക്ലാസ്സുവരെ പഠിച്ചു. ആദായകരമായ പ്രവൃത്തിയിലൊന്നും ഏർപ്പെട്ടില്ല. വിഭവസമ്പന്നയായ ജേഷ്ഠത്തിയുടെ, കുടുംബകാര്യങ്ങൾ അന്വേഷിച്ചുകൊണ്ടു കൊല്ലങ്കോട്ടു തന്നെ താമസിച്ചു. മാതാവു മുപ്പത്തിരണ്ടാമത്തെ വയസ്സിൽ മരിച്ചു. കൃഷ്ണൻനായർ സംസ്കൃതത്തിലും ഇംഗ്ലീഷിലും അഭിജ്ഞനായിരുന്നതിനു പുറമേ ജ്യോതിഷത്തിലും ഹസ്തരേഖാശാസ്ത്രത്തിലും നിപുണനും ചരിത്രസംബന്ധമായുള്ള ഗവേഷണത്തിൽ സദാ വ്യാപൃതനുമായിരുന്നു. 1119-ാമാണ്ടു വൃശ്ചികമാസം സ്വാതിനക്ഷതരത്തിൽ ദേഹവിയോഗം ചെയ്തു. മരണസമയം മുൻകൂട്ടി അറിഞ്ഞിരുന്നു.

### കൃതികൾ

കൃഷ്ണൻനായർ (1) ശ്രീദേവീഹരണം ഭാഷാനാടകം, (2) ഋതുമഞ്ജരി, (3) വീരരവിവർമ്മചക്രവത്തി, (4) ഭാവകുഠഹലം എന്ന ജ്യോതിഷഗ്രന്ഥത്തിന്റെ ഭാഷാവ്യാഖ്യാനം, (5) വ്യവഹാരഭ്രമം അഥവാ കണ്ടൻമേനോന്റെ ഒസ്യത്ത് എന്നീ അഞ്ചു പുസ്തകങ്ങൾ പ്രസിദ്ധീകരിച്ചു. മലബാറിലെ രണ്ടു പ്രസിദ്ധ രാജവംശങ്ങളായ നെടിയിരിപ്പു സ്വരൂപത്തിന്റേയും കോലസ്വരൂപത്തിന്റേയും പരസ്പരബന്ധവും നീലേശ്വരം രാജകുടുംബത്തിന്റെ ഉൽപ്പത്തിയുമാണ് ഏഴങ്കമുള്ള ശ്രീദേവീഹരണം നാടകത്തിലെ ചരിത്രപരമായ പശ്ചാത്തലം. ഇതിവൃത്തം ആ പശ്ചാത്തലത്തിൽ കവി കെട്ടിപ്പടുത്തതുതന്നെ. ഋതുമഞ്ജരി എന്ന കൃതിയിൽ കാളിദാസകൃതമായ ഋതുസംഹാരകാവ്യം മഞ്ജരീവൃത്തത്തിൽ വിവർത്തനം ചെയ്തിരിക്കുന്നു. വീരരവിവർമ്മചക്രവത്തി, ക്രി. പി. പതിന്നാലാം ശതകത്തിന്റെ അവസാനത്തിൽ കൊല്ലത്തു നാടുവാണിരുന്ന സങ്ഗ്രാമധീര രവിവർമ്മ ചക്രവത്തിയെ വിഷയീകരിച്ചുള്ള മറ്റൊരു നാടകമാണ്. ദാരിദ്ര്യത്തിന്റെ പ്രധാനകാരണങ്ങളിൽ ഒന്നായ വ്യവഹാരഭ്രമം നിമിത്തം ഉണ്ടാകുന്ന ദോഷങ്ങളെ വിവരിക്കുന്ന ഒരു ചെറിയ ഗദ്യകഥയാണ് കണ്ടൻമേനോന്റെ ഒസ്യത്ത്. ഒന്നുരണ്ടുദാഹരണങ്ങൾ കാണിക്കാം.

“നാനാവിലാസരസലീലകൾ കൊണ്ടിവന്റെ
മാനം നിറഞ്ഞ ഹൃദയം പ്രഥമം കവർന്നു;
സാനന്ദവിഭ്രമപരമ്പര കൊണ്ടിണക്കി–
ത്താനേ പിടിച്ചു വശമാക്കി മനോഹരാങ്ഗി.” (ശ്രീദേവീഹരണം)

“മന്ദാനിലൻ വന്നു തട്ടുന്നനേരത്ത–
ങ്ങുന്നതശാഖകളാടിക്കൊണ്ടും
പുക്കമിക്കാലത്തിലഗ്രഭാഗത്തെല്ലാം
നോക്കുമ്പോൾ പല്ലവം തിങ്ങിക്കൊണ്ടും

മത്താളിവൃന്ദം മരന്ദമുണ്ടും കൊണ്ടു
വൃത്തത്തിൽ നില്ക്കുന്ന മന്ദാരവും
ആരുടെ ചിത്തവും ഭേദിക്കുവാനൊത്ത
ധീരതയുണ്ടെന്നു ഭാവിക്കുന്നു.”

(ഋതുമഞ്ജരി)

## കരുവാ എം. കൃഷ്ണനാശാൻ (1043–1111)

### ചരിത്രം

കരുവാ എം. കൃഷ്ണനാശാൻ 1043-ാമാണ്ടു കുംഭമാസം 9-ാംനു കൊല്ലത്ത് ഏറത്തു വീട്ടിൽ ജനിച്ചു. മാധവനാശാനായിരുന്നു അച്ഛൻ. വെളുത്തേരിൽ കേശവൻ വൈദ്യൻ, ആറ്റുപുറത്ത് ഇമ്പിച്ചൻഗുരുക്കൾ, കൊല്ലത്ത് അധ്യാപകന്മാരായിരുന്ന സുബ്രഹ്മണ്യശാസ്ത്രികൾ, ആപദുദ്ധാരണശാസ്ത്രികൾ ഇവരായിരുന്നു ആദ്യകാലത്തെ ഗുരുക്കന്മാർ. ഹിന്ദുമതത്തിന്റെ മൂലതത്ത്വങ്ങൾ നിഷ്കർഷിച്ചു പഠിക്കുകയും വിഗ്രഹാരാധനത്തിലും ഭസ്മധാരണത്തിലും മറ്റും വിശ്വസിക്കുകയും അത്തരത്തിലുള്ള പൂർവ്വാചാരങ്ങളെ എതിർക്കുന്നവരോടു വാദപ്രതിവാദങ്ങൾ നടത്തുകയും ചെയ്തുകൊണ്ടിരുന്നു. പരമതഖണ്ഡനശാസ്ത്രികൾ എന്ന പേരിൽ പ്രസിദ്ധനും, ജ്ഞാനോദയസാരം തുടങ്ങിയ ഗ്രന്ഥങ്ങളുടെ പ്രണേതാവുമായ കോയമ്പത്തൂർ വെങ്കിടഗിരിശാസ്ത്രികളുടേയും കുഞ്ഞൻപിള്ള ചട്ടമ്പിസ്വാമികളുടേയും സർവ്വോപരി നാരായണഗുരുസ്വാമികളുടേയും അന്തേവാസിയായി വളരെക്കാലം കഴിഞ്ഞുകൂട്ടുകനിമിത്തമാണ് അത്തരത്തിലുള്ള ഒരു ജീവിതം അദ്ദേഹത്തിനു നയിക്കുവാനിടവന്നത്. വൈദ്യത്തിലും നല്ല വൈദുഷ്യം സമ്പാദിച്ചു. കേരളവർമ്മവിദ്യാമന്ദിരം എന്നൊരു സംസ്കൃതവിദ്യാലയവും രാജരാജവിലാസം അച്ചുക്കൂടവും കരുവായിൽ സ്ഥാപിച്ചു. വിദ്യാവിലാസിനി എന്ന പേരിൽ ഒരു മാസിക 1073-ാമാണ്ടു മേടമാസം മുതൽ കുറേക്കാലം സ്യാലനായ കൊല്ലം പെരിനാട്ടു ചന്തിരഴികത്ത് എസ്. പത്മനാഭനാശാന്റെ ഉടമസ്ഥതയിൽ പ്രസിദ്ധീകരിക്കുകയുണ്ടായി. സദസ്സുകളിൽ പ്രഭാഷകൻ എന്ന നിലയിൽ വിഖ്യാതി നേടി. 1111-ാമാണ്ടു വൃശ്ചികമാസം 17-ാംനു മരിച്ചു. കൊല്ലം മുണ്ടയ്ക്കൽ വലിയവീട്ടിൽ കൊച്ചുണ്ണിയായിരുന്നു ആദ്യത്തെ ഭാര്യ. ആ സാധ്വിയുടെ മരണാനന്തരം 1083-ൽ ചവറ തെക്കുംഭാഗത്തു പൈന്തൊടി തെക്കേതിൽ പുത്തൻമഠത്തിൽ കെ. കൊച്ചുപെണ്ണിനെ പരിഗ്രഹിച്ചു.

### കൃതികൾ

ആശാൻ സാഹിത്യസംബന്ധമായും മതപരമായും ആയുർവ്വേദവിഷയകമായും ചില ഗ്രന്ഥങ്ങൾ രചിച്ചിട്ടുണ്ട്. ശാകുന്തളത്തിന് അദ്ദേഹം രചിച്ചിട്ടുള്ള തർജ്ജമയിൽനിന്ന് ഒരു ശ്ലോകം ഉദ്ധരിക്കുന്നു.

“തണ്ടാരിന്നഴകല്ലയോ ചുഴലവും ചേരും കരിമ്പായലും?
കണ്ടാലെത്തു ഹിമാംശുവിന്നുമഴകാണല്ലോ കറുത്തങ്കവും?
വണ്ടാർവേണിയിവൾക്കുമേറ്റമഴകാണീ വല്ക്കലം പോലുമേ;

കൊണ്ടാടേണ്ടുമൊരാകൃതിക്കഴകിനായ്ത്തീരാത്തതെന്തോന്നതാൻ?"

തർജ്ജമയ്ക്കു വൈശിഷ്ട്യമുണ്ടെന്നു പറയാൻ പാടില്ല. മതപരങ്ങളായ പുസ്തകങ്ങൾ ഉപന്യാസരൂപത്തിലുള്ളവയും അന്യമതസിദ്ധാന്തങ്ങളെ ഖണ്ഡിക്കുവാൻ ശ്രമിക്കുന്നവയുമായ ചെറിയ കൃതികളാണ്. വിജയധ്വജം, ആര്യജയഭേരി മുതലായവ ആ കൂട്ടത്തിൽ ഉൾപ്പെടും. അർക്കപ്രകാശം, ചികിത്സാക്രമകല്പവല്ലി, വൈദ്യമനോരമ എന്നീ വൈദ്യഗ്രന്ഥങ്ങൾ തർജ്ജമ ചെയ്തിട്ടുണ്ട്.

# — 58 —

# ഏ. ആർ. രാജരാജവർമ്മ കോയിത്തമ്പുരാൻ
## (1038—1093)

### ശൈശവം

ഏ. ആർ. രാജരാജവർമ്മകോയിത്തമ്പുരാൻ 1038-ാമാണ്ടു കുംഭമാസം 9-ാംനു ചങ്ങനാശ്ശേരി ലക്ഷ്മീപുരത്തു കൊട്ടാരത്തിൽ ജനിച്ചു. കൊച്ചപ്പൻ എന്നായിരുന്നു ഓമനപ്പേർ. അമ്മ കേരളവർമ്മ വലിയകോയിത്തമ്പുരാന്റെ മാതാവായ ദേവിഅമ്മത്തമ്പുരാട്ടിയുടെ സഹോദരീപുത്രി ഭരണിതിരുനാൾ അംബാലികത്തമ്പുരാട്ടിയും അച്ഛൻ കിടങ്ങൂർ ഓണന്തുരുത്തി പാറ്റിയാൻ ഇല്ലത്തിൽ വാസുദേവൻ നമ്പൂരിയുമായിരുന്നു. ആ നമ്പൂരി ഒരു വേദജ്ഞനും ജ്യോതിർവ്വിത്തുമായിരുന്നുവത്രേ. ചങ്ങനാശ്ശേരിയിലെ കടുംബച്ഛിദ്രം നിമിത്തം വലിയകോയിത്തമ്പുരാന്റെ ശാഖയ്ക്കു 1040-ാമാണ്ടു ലക്ഷ്മീപുരം വിട്ടൊഴിഞ്ഞു കാർത്തികപ്പള്ളിക്കോവിലകത്തു താമസിക്കേണ്ടിവന്ന കഥ ഞാൻ അന്യത്ര പ്രസ്താവിച്ചിട്ടുണ്ടല്ലോ. അന്നു കേവലം ശിശുവായിരുന്ന കൊച്ചപ്പനേയുംകൊണ്ടു മാതാവു് ആ ശാഖയിലെ മറ്റംഗങ്ങളോടൊന്നിച്ചു കാർത്തികപ്പള്ളിയിലേയ്ക്കു പോയി. ആ തമ്പുരാട്ടി ഐഹികകാര്യങ്ങളിൽ പ്രായേണ അനാസക്തയായിരുന്നതിനാൽ ആ സാധ്വിയുടെ ജ്യേഷ്ഠസഹോദരി ചിത്തിരതിരുനാൾ അംബികത്തമ്പുരാട്ടിയാണു് കുമാരനെ ലാളിച്ചു വളർത്തിയതു്. ബാല്യത്തിൽ കോയിത്തമ്പുരാൻ മൂകനായിരുന്നു എന്നു ചിലർ പറയുന്നതു പരമാർത്ഥമല്ലെങ്കിലും ബുദ്ധിക്കു കുറേ മാന്ദ്യമുള്ളതായി ചിലപ്പോൾ തോന്നിയിരുന്നു. അതു നീങ്ങിയതു് അച്ഛൻ പനച്ചിക്കാട്ടു ദേവീക്ഷേത്രത്തിൽ മകനെ എന്നും കൂട്ടിച്ചുകൊണ്ടുപോയി തൊഴിയിച്ചതിന്റെ ഫലമായിരുന്നു എന്നു് ആസ്തികന്മാർ വിശ്വസിക്കുന്നു. 1046-ാമാണ്ടു് അരിപ്പാട്ടു് അനന്തപുരത്തുകൊട്ടാരം കാരണവർ പണിയിച്ചപ്പോൾ കുടുംബം മുഴുവൻ അവിടെ മാറിത്താമസിച്ചുതുടങ്ങി. ആ വഴിക്കാണു് അദ്ദേഹം ഏ. (അരിപ്പാട്ടു്) ആർ. (രാജരാജവർമ്മ കോയിത്തമ്പുരാന്റെ അനന്തരവൻ) രാജരാജവർമ്മയായതു്.

### വിദ്യാഭ്യാസം

ആദ്യമായി ചുനക്കര അച്യുതവാരിയരോടു ചില ബാലപാഠങ്ങൾ പഠിക്കുകയും അദ്ദേഹം രോഗാർത്തനായി സ്വഗൃഹത്തിലേയ്ക്കു പോയപ്പോൾ ആ വാര്യത്തെ ഒരു

പ്രസിദ്ധ സംസ്കൃതപണ്ഡിതനായ ചുനക്കര ശങ്കരവാരിയരുടെയടുക്കൽ സംസ്കൃതത്തിൽ കാവ്യനാടകങ്ങൾ അഭ്യസിക്കുകയും ചെയ്തു. ശങ്കരവാരിയരെപ്പറ്റി ഞാൻ മറ്റൊരു ഘട്ടത്തിൽ പ്രസ്താവിച്ചിട്ടുണ്ട്. ആ രണ്ടുപേരേയും അധ്യാപകന്മാരായി വരുത്തി കൊട്ടാരത്തിലെ ബാലന്മാരെയും ബാലികമാരെയും പഠിപ്പിക്കുവാൻ നിയോഗിച്ചതു് അഭിജ്ഞോത്തമനായ മൂത്തകോയിത്തമ്പുരാനായിരുന്നു. ശങ്കരവാരിയരുടെ കീഴിൽ അധികകാലം സംസ്കൃതം അഭ്യസിക്കേണ്ട ആവശ്യം കുമാരനു നേരിട്ടില്ല. എന്തുകൊണ്ടെന്നാൽ 1052-ാമാണ്ടു വൃശ്ചികമാസത്തിൽ വലിയകോയിത്തമ്പുരാന് ആലപ്പുഴനിന്ന് സ്വഗൃഹത്തിൽ പോയി താമസിച്ചു കൊള്ളുവാൻ രാജാജ്ഞ കിട്ടി. അതു് അനന്തരവനു പഠനവിഷയത്തിൽ ഒരു പരമാനുഗ്രഹമായി പരിണമിച്ചു. കുശാഗ്രബുദ്ധിയായ ഒരധ്യേതാവിനെ കുലങ്കഷ വൈദുഷ്യനായ ഒരധ്യാപകനു കിട്ടുക എന്നുള്ളതു് ഇരുകൂട്ടർക്കും ചാരിതാർത്ഥ്യജനകമായ ഒരു ഭാഗ്യവിശേഷമാണ്. അക്കാലത്തു കഥാപുരുഷനു 14 വയസ്സേ തികഞ്ഞിരുന്നുള്ളുവെങ്കിലും അന്നുതന്നെ അദ്ദേഹം സംസ്കൃതത്തിൽ വിസ്മയനീയമായ പാണ്ഡിത്യവും കവിതാപരിചയവും സമ്പാദിച്ചുകഴിഞ്ഞിരുന്നു. അദ്ദേഹത്തെ വലിയകോയിത്തമ്പുരാൻ സംസ്കൃതത്തിനുപുറമെ ഇംഗ്ലീഷും കണക്കും ചരിത്രവും മറ്റുംകൂടി പഠിപ്പിച്ചു. ഇതരശിഷ്യന്മാർ സംസ്കൃതം മാത്രമേ പഠിച്ചിരുന്നുള്ളു. അവരിൽ തുറവൂർ നാരായണശാസ്ത്രികൾ, ഗുരുനാഥന്റെ കനിഷ്ഠസഹോദരൻ രവിവർമ്മകോയിത്തമ്പുരാൻ ചെംപ്രോൽമഠത്തിൽകൊട്ടാരത്തിൽ കേരളവർമ്മ കോയിത്തമ്പുരാൻ എന്നിവരുടെ പേരുകൾ പ്രത്യേകം സ്മരണീയങ്ങളാണ്. ആലപ്പുഴവച്ചു തന്നെ അവിടത്തെ ആശ്രിതനായിക്കൂടി കാലാന്തരത്തിൽ മഹാവൈയാകരണനെന്ന ഖ്യാതി ദിഗന്തരങ്ങളിൽപ്പോലും വ്യാപിപ്പിച്ച നാരായണശാസ്ത്രികൾ യാവജ്ജീവം കഥാപുരുഷന്റെ ബഹിശ്ചരപ്രാണനായിരുന്നു. വലിയകോയിത്തമ്പുരാൻ 1056-ൽ തിരുവനന്തപുരത്തേയ്ക്കു പോന്നപ്പോൾ രവിവർമ്മകോയിത്തമ്പുരാൻ അനന്തപുരത്തു കൊട്ടാരത്തിലെ ബാലന്മാരുടേയും ബാലികമാരുടേയും സംസ്കൃതാധ്യാപകനായിത്തീർന്നു. അമരകോശംപോലെ അഷ്ടാധ്യായിയും അക്കാലത്തു കുട്ടികളെ ഉപാധ്യായന്മാർ കാണാപ്പാഠമായി പഠിപ്പിക്കാറുണ്ടായിരുന്നു. ആ രീതിതന്നെയാണ് രവിവർമ്മകോയിത്തമ്പുരാനും തുടർന്നുകൊണ്ടുപോയതു്. കേരളവർമ്മകോയിത്തമ്പുരാനും വ്യാകരണത്തിൽ പരിനിഷ്ഠിതമായ പാണ്ഡിത്യം നേടി. ആ ഘട്ടത്തിൽ മരുമകൻ മാതുലന്റെ കീഴിൽ പ്രധാനമായി പഠിച്ചതു നൈഷധീയചരിതം, മാലതീമാധവം, കുവലയാനന്ദം, മാനവേദചമ്പു എന്നീ സാഹിത്യഗ്രന്ഥങ്ങളും സിദ്ധാന്തകൗമുദിയുമായിരുന്നു.

## അക്കാലത്തെ കവനപാടവം

രണ്ടു വർഷം കൗമുദി പഠിപ്പിച്ചതിനുമേൽ ഒരവസരത്തിൽ ഗുരുനാഥൻ ശിഷ്യന്മാരോടു ഗണേശപരമായി അവരവർക്കു് ഇഷ്ടമുള്ള വൃത്തത്തിൽ പിറ്റേദിവസം വൈകുന്നേരം ഓരോ അഷ്ടകമുണ്ടാക്കിക്കൊണ്ടു ചെല്ലണമെന്നാജ്ഞാപിച്ചു. വിദ്യാഭ്യാസത്തെക്കാൾ വിഹാരചേഷ്ടയിലായിരുന്നു കൊച്ചപ്പന് അധികം അഭിരുചി. അതുകൊണ്ടു നിശ്ചിതസമയത്തിന് അരമണിക്കൂർ മുമ്പുവരെ ആ കാര്യത്തെപ്പറ്റി ഓർത്തില്ല. ഒടുവിൽ നിമിഷകവിതാരൂപത്തിൽ ഒരഷ്ടകമെഴുതി സമർപ്പിച്ചു. ഗുരുനാഥനും ഒന്നെഴുതിവെച്ചിരുന്നു. ശിഷ്യന്റെ അഷ്ടകത്തിലെ ഒരു ശ്ലോകമാണ് ചുവടേ ചേർക്കുന്നതു്.

> “സകലസുരാസുരാദി ശരണീകരണീയപദഃ

കരിവദനഃ കരോതു കരുണാജലധിഃ കുശലം
പ്രബലതരാന്തരായതിമിരൗഘനിരാകരണ-
പ്രസൃമരചന്ദ്രികായിതനിരന്തരദന്തരുചിഃ."

ആ അഷ്ടകം മഹാകവിയെ ദ്വേധാ ആനന്ദവിവശനാക്കി. കേവലം ഷോഡശവയസ്കനായ ഒരു ശിഷ്യൻ അത്തരത്തിൽ ഒരു സ്തോത്രമെഴുതുവാൻ ശക്തനായല്ലോ എന്നും, ആ സ്തോത്രത്തിൽ ശിഷ്യൻ ശബ്ദാർത്ഥഘടനയിൽ തന്റെ നൈസർഗ്ഗികമായ കവനശൈലിയെ അനുവാചകന്മാർക്ക് അഭേദപ്രതീതി ജനിപ്പിക്കത്തക്ക വിധത്തിൽ അത്ര പരിപൂർണ്ണമായി അനുകരിച്ചുവല്ലോ എന്നുമുള്ള വസ്തുതകളാണ് ആ ആനന്ദത്തിന്റെ കാരണങ്ങൾ. പ്രസ്തുതശ്ലോകത്തിന്റെ ഉത്തരാർദ്ധം വലിയ കോയിത്തമ്പുരാന്റേതല്ലെന്ന് ആർക്കും തോന്നുകയില്ലല്ലോ. അത്രമാത്രം അതിനു തന്മയീഭാവം വന്നിട്ടുണ്ട്. മറ്റു ശിഷ്യന്മാരാകട്ടേ മേല്പുത്തൂർ പാഞ്ചാലീസ്വയംവരത്തിൽ പറയുന്നതുപോലെ

"അസ്പൃഷ്ട്വാ ചാപമേകേ ബത! നിവവൃതിരേ തീവ്രസമ്മർദ്ദഖിന്നാഃ
കേചിൽ പ്രോദ്ധർത്തുകാമാ മഥിതളജബലാസ്സത്രപം സന്നിവൃത്താഃ"

എന്നും മറ്റുമുള്ള നിലകളിൽ നിന്നതേയുള്ളു. വേറിട്ടൊരു സുമുഹൂർത്തവും ആയിടയ്ക്കു വന്നുചേർന്നു. ഇലത്തൂർ രാമസ്വാമി ശാസ്ത്രികൾ വലിയ കോയിത്തമ്പുരാനെ സന്ദർശിക്കുവാൻ അനന്തപുരത്തു കൊട്ടാരത്തിൽ ചെന്നു. അദ്ദേഹം അവിടത്തെ വിദ്യാർത്ഥികളുടെ സഹൃദയത്വം നിപുണമായി പരീക്ഷിച്ചു. കുവലയാനന്ദത്തിലെ

"അദ്യാപി തിഷ്ഠതി ദൃശോരിദമുത്തരീയം
ധർത്തും പുനഃ സ്തനതടാൽ പതിതും പ്രവൃത്തം
വാചം നിശമ്യ നയനം നയനം മമേതി
കിഞ്ചിത്തദാ യദകരോൽ സ്മിതമായതാക്ഷീ"

എന്ന ഭാവികാലങ്കാരത്തെ ഉദാഹരിക്കുന്ന ശ്ലോകം പ്രഷ്ടാവിന്റെ പ്രതീക്ഷയിൽ കവിഞ്ഞ പ്രാഗല്ഭ്യത്തോടുകൂടി കൊച്ചപ്പൻ വ്യാഖ്യാനിച്ചതു കേട്ട് ആ സഹൃദയമൂർദ്ധന്യൻ വിസ്മയാവിഷ്ടനായി "യുക്തം ബാലകവേ! യുക്തം" എന്നുച്ചരിച്ചുപോയി. ആയിടയ്ക്കുതന്നെ കവി രചിച്ച ഒരു ലഘുസ്തോത്രമാണ് ദേവീമങ്ഗലം.

"നീരജാക്ഷാദിനിശ്ശേഷനിലിമ്പോദ്ഭൃതതേജസാം
സമഷ്ടിശക്തിരൂപായ സർവ്വമൂലായ മങ്ഗലം."
"ദൃഷ്ടാസുരേന്ദ്രദൃഷ്ടാന്തഹൃഷ്ടാന്തഃകരണൈസ്സുരൈഃ
പൃഷ്ടാദരമഭിഷ്ടുയമാനായായസ്തുമങ്ഗലം"

ഇത്യാദി ശ്ലോകങ്ങൾ ആ പഞ്ചദശീസ്തവത്തിൽ അടങ്ങിയിരിക്കുന്നു.

## വിദ്യാഭ്യാസം തിരുവനന്തപുരത്ത്

1056-ൽ വലിയകോയിത്തമ്പുരാൻ ബന്ധവിമുക്തനായി തിരുവനന്തപുരത്തു തിരിയെ താമസം തുടങ്ങിയപ്പോൾ ഭാഗിനേയനും അവിടത്തെ അനുഗമിച്ചു രാജകീയ മഹാപാഠശാലയിൽ നാലാം ക്ലാസ്സിൽ ചേർന്നു. ഇന്നത്തെ നാലാം ഫോറമാണ് അന്നത്തെ നാലാം ക്ലാസ്സ്. ആ ക്ലാസ്സിൽ കഥാപുരുഷൻ പഠിച്ചുകൊണ്ടിരുന്നപ്പോൾ വിശാഖംതിരുനാൾ മഹാരാജാവു് ഒരവസരത്തിൽ കാളേജിൽ എഴുന്നള്ളി ആങ്ഗലേയ മഹാകവിയായ പോപ്പിന്റെ An honest man's the noblest work

of God എന്ന ആഭാണകത്തെ ആസ്പദമാക്കി 'ദേവസ്യ പരമോൽകൃഷ്ടാ സൃഷ്ടിഃ ഖലു ശുചിർന്നരഃ', 'ദുർല്ലഭോ ഹി ശുചിർന്നരഃ' എന്നീ രണ്ടു വിഷയങ്ങളിൽ ഒന്നിനെ അധികരിച്ച് എട്ടു വശങ്ങളിൽ കുറയാതെ സംസ്കൃതത്തിൽ ഉത്തമോപന്യാസം എഴുതിയയയ്ക്കുന്ന വിദ്യാർത്ഥിക്ക് 25 ഉറുപ്പിക സമ്മാനം നല്കുന്നതാണെന്നു പ്രഖ്യാപനം ചെയ്തു. ആ മത്സരപരീക്ഷയിൽ അനായാസേന വിജയം പ്രാപിച്ചതു കേവലം നാലാം ക്ലാസ്സുവിദ്യാർത്ഥിയായ ഏ. ആർ. ആയിരുന്നു. ഉപന്യാസത്തിന്റെ ഗുണപൌഷ്കല്യം കണ്ടുസന്തോഷിച്ചു മഹാരാജാവു പാരിതോഷികം 25-ൽനിന്നു 50 ഉറുപ്പികയാക്കി. അഞ്ചാം ക്ലാസ്സിൽ പരീക്ഷയ്ക്കു മാത്തമാറ്റിക്സിൽ തോറ്റുപോയെങ്കിലും വിദ്യാലയാധികൃതർ അദ്ദേഹത്തെ ഇതരവിഷയങ്ങളിലുള്ള സാമർത്ഥ്യം കണ്ടു തൃപ്തരായി മടിക്കുലേഷൻ ക്ലാസ്സിലേയ്ക്കു കയറ്റിവിടുകതന്നെ ചെയ്തു. 1059-ൽ മാതാവു മരിച്ചു. തത്സംബന്ധമായുള്ള സംവത്സരദീക്ഷയുടെ നിർവ്വഹണത്തിനുവേണ്ടി വിശാഖം തിരുനാൾ തന്റെ പുത്രൻ അരുമന ശ്രീനാരായണൻതമ്പിയോടൊന്നിച്ച് എഫ്. ഏ. പരീക്ഷയ്ക്കു പ്രൈവറ്റായി പഠിക്കുവാൻ അദ്ദേഹത്തിനുംകൂടി അനുവാദം നല്കി. 1061-ൽ ആ പരീക്ഷയിൽ വിജയിയായി. അന്നത്തെ ഗുരുക്കന്മാരിൽ കെ. കുഞ്ഞുണ്ണിമേനോന്റെയും (പിന്നീട് ഡിസ്ട്രിക്ട് ജഡ്ജി) കെ. ചിദംബരവാധ്യാരുടേയും പേരുകൾ പ്രസ്താവയോഗ്യങ്ങളാണ്. ഇംഗ്ലീഷ് വിദ്യാഭ്യാസത്തോടുകൂടി വ്യാകരണത്തിൽ ഉൽഗ്രന്ഥങ്ങൾ മാതുലനോടും ജ്യോതിശ്ശാസ്ത്രത്തിൽ ഉപരിഭാഗങ്ങൾ കിളിമാനൂർ രാജരാജവർമ്മ കൊച്ചുകോയിത്തമ്പുരാനോടും നിപുണമായി അഭ്യസിക്കുകയും സംസ്കൃതകവിതാരചനയിൽ നിരന്തരമായി പരിശ്രമിക്കുകയും ചെയ്തുകൊണ്ടിരുന്നു.

## തുലാഭാരപ്രബന്ധം

1060-ാമാണ്ടു വിശാഖംതിരുനാൾ മഹാരാജാവിന്റെ തുലാഭാരമഹോത്സവം സമാഗതമായി. അനവധി പണ്ഡിതകവികളെക്കൊണ്ടു നിറഞ്ഞിരുന്ന തിരുവനന്തപുരത്ത് ആ മഹോത്സവം പല വിശിഷ്ടകൃതികളുടേയും ജനനത്തിന് അവസരം ഉണ്ടാക്കിയതിൽ ആശ്ചര്യപ്പെടുവാനില്ലല്ലോ. അവരുടെ കൂട്ടത്തിൽ കേവലം വിദ്യാർത്ഥിയായ കഥാനായകനും 'ശ്രീവിശാഖതുലാഭാരപ്രബന്ധം' എന്ന പേരിൽ ഒരു ചമ്പു രചിച്ച് അടിയറവച്ചു. ആ ശുഭകർമ്മത്തിന്റെ അവസാനത്തിൽ മഹാരാജാവു വലിയകോയിത്തമ്പുരാൻ തടങ്ങിയ എല്ലാ കവികൾക്കും സമുചിതമായ പാരിതോഷികം നല്കി. കൊച്ചപ്പനെമാത്രം ക്ഷണിക്കുകയുണ്ടായില്ല. തന്റെ പ്രബന്ധം പൊട്ടയായിപ്പോയി എന്നും താൻ സഹൃദയധുരീണനായ മഹാരാജാവിന്റെ അപ്രീതിക്കു പാത്രീഭവിച്ചു എന്നും ആദ്ദേഹം തീർച്ചപ്പെടുത്തി വ്യസനാക്രാന്തനായിത്തീർന്നു. കുറേ ദിവസം കഴിഞ്ഞു ആ മഹാരാജാവ് അദ്ദേഹത്തെ ആളയച്ചു വരുത്തി താൻ അദ്ദേഹത്തിനു കൊടുക്കുവാൻ തയാറാക്കിവെച്ചിരുന്ന സമ്മാനം പ്രബന്ധത്തിന്റെ വൈശിഷ്ട്യം കണ്ടപ്പോളേ തീരെ അപര്യാപ്തമെന്നു തോന്നിയതിനാൽ സമുചിതമായ് ഒരു പാരിതോഷികം മദിരാശിയിൽനിന്നു വരുത്തുന്നതിനുണ്ടായ കാലദൈർഘ്യമാണ് ആ വിളംബത്തിനു കാരണമെന്തെന്നു കല്പിച്ചുകൊണ്ടു വളരെ വിലപിടിച്ച ഒരു ജോഡി വൈരക്കല്ലുകടുക്കൻ സംഭാവനചെയ്തു. അതു തൃക്കയ്യിൽനിന്നു വാങ്ങിയപ്പോഴാണു കാര്യത്തിന്റെ ഉള്ളുകള്ളി മനസ്സിലായതു്. ആ കടുക്കൻ രണ്ടും അദ്ദേഹം ആജീവനാന്തം ശ്രവണാലങ്കാരമായി ധരിച്ചിരുന്നു.

## ഉപരിപരീക്ഷകൾ–ദാമ്പത്യം

ബി.ഏ.-യ്ക്കു് ഐച്ഛികമായി സ്വീകരിച്ചിരുന്ന വിഷയം രസതന്ത്രമായിരുന്നു. 1064-ാമാണ്ടു് ആ വിഷയത്തിൽ മാത്രം കവിക്കു് ഉത്തീർണ്ണനാകുവാൻ സാധിച്ചില്ല. ആ പരാജയത്തെ അധികരിച്ചു നക്ഷത്രമാലാരൂപത്തിൽ ഭങ്ഗവിലാപം എന്ന പേരിൽ ഒരു ഖണ്ഡകാവ്യം അദ്ദേഹം രചിച്ചു. ഒട്ടുവില്ലുള്ള മങ്ഗലപദ്യമുൾപ്പെടെ 28 ശ്ലോകങ്ങൾ അടങ്ങിയ ആ കൃതിയുടെ രസനിർഭരത അനിർവ്വചനീയമാണ്. വിദ്യാർത്ഥിജീവിതത്തോടു് അനുബദ്ധമാകയാൽ അതിൽനിന്നു ചില ശ്ലോകങ്ങൾ ഇവിടെത്തന്നെ പകർത്തിക്കാണിക്കാം.

“വിജയോത്സവവൈജയന്തികാ-
നിഭമന്ദസ്മിതമീഷദുച്ഛ്രിതം
അവലേപവിലേപസുന്ദരം
മുഖമീക്ഷേ സഹപാഠിനാം കഥം?”

“നിയതിർജ്ജയതീഹ കേവലാ
ജഗതി സ്ഥാവരജങ്ഗമാത്മകേ
നിജസർവ്വപഥീനചേഷ്ടിതേ
പ്രതിബന്ധം ന കദാപി വേദയാ.”

“ദ്വിഷതാം ഹൃദി മോദമീയുഷാ-
മപി ബന്ധുച്ഛലമേത്യ ശോചതാം
അവഹേലവിഷോഷ്മളാ ഗിരോ
വിഷഹേതാം ശ്രവസീ കഥം മമ?”

“സ്വയമാതപതാപശോഷിണീം
മൃദു സംപോഷ്യ ശിരീഷവല്ലരീം
കുസുമോദ്ഗമവാസരേ പുനഃ
കധിയോപി ക്വ ലുനന്ത്യശങ്കിതം?”

“ചിരചോരിതചാരുദക്ഷിണ-
സ്തനകുംഭോ ദയിതാജനസ്യ മേ
അയമദ്യ പരഞ്ച വാഞ്ഛതീ-
ത്യയി വൈരം മമ മാ കൃഥാ വിധേ!”

സംസ്കൃതത്തിലെന്നല്ല ഇതരഭാഷകളിൽപ്പോലുമുള്ള സമപരിമാണമായ ഏതു വിലാപകാവ്യത്തോടും കിടനില്ക്കുവാൻ വേണ്ട സ്വരൂപയോഗ്യത ഭങ്ഗവിലാപത്തിനുണ്ടു്. ‘ചിരചോരിത’എന്ന ശ്ലോകത്തിൽനിന്നു കവി അക്കാലത്തു വീണവായനയും അഭ്യസിച്ചുകൊണ്ടിരുന്നു എന്നു കാണാവുന്നതാണ്. 1062-ൽത്തന്നെ തദ്വിഷയകമായ പരിശീലനം ആരംഭിച്ചതായി വീണാഷ്ടകം എന്ന കൃതിയിൽനിന്നു നാം അറിയുന്നു. ആ കൊല്ലത്തിൽത്തന്നെയാണ് അദ്ദേഹം മാതുലപുത്രിയും ഉദയവർമ്മതമ്പുരാന്റെ സഹോദരിയുമായ മാവേലിക്കര സ്വാതിതിരുനാൾ മഹാപ്രഭത്തമ്പുരാട്ടിയെ വിവാഹം ചെയ്തതു്. 1065-ൽ വീണ്ടും ബി. ഏ. പരീക്ഷയ്ക്കു ചേർന്നു ജയിക്കുകയും അതിനെത്തുടർന്നു് 1067-ൽ സംസ്കൃതം ഐച്ഛികമായി തിരഞ്ഞെടുത്തു “മേല്പത്തൂർ നാരായണഭട്ടതിരിയും അദ്ദേഹത്തിന്റെ കൃതികളും” എന്ന ശീർഷകത്തിൽ ഒരു പ്രൗഢോപന്യാസം സമർപ്പിച്ചു് എം. ഏ. പരീക്ഷയിൽ മദിരാശി

പ്രവിശ്യയിൽ ഒന്നാമനായി ജയിക്കുകയും പരീക്ഷകനായ എം. ശേഷഗിരിശാസ്ത്രികളുടെ മുക്തകണ്ഠമായ പ്രശംസയ്ക്കു പാത്രീഭവിക്കുകയും ചെയ്തു. മേല്പത്തൂർഭട്ടതിരി വലിയകോയിത്തമ്പുരാന്റെ നിത്യാരാധനയ്ക്കു പാത്രമായിരുന്നു എന്നു പ്രകൃതത്തിൽ സ്മരിക്കേണ്ടതുണ്ട്. സ്വാതിത്തമ്പുരാട്ടി ഒരു സ്ത്രീസന്താനത്തെ 1065-ൽ പ്രസവിച്ചു. ആ കുമാരിയാണു ഭാഗീരഥി അമ്മത്തമ്പുരാട്ടി എന്ന പേരിൽ പിന്നീടു സാഹിത്യലോകത്തിൽ പ്രസിദ്ധയായി ഒരു സരസഗദ്യകർത്ത്രി എന്ന നിലയിൽ പിതാവിന്റെ പ്രത്യേകവാത്സല്യത്തെ ആർജ്ജിച്ചത്.

## ഏ. ആറും രാജകീയസംസ്കൃതപാഠശാലയും

1064-ാമാണ്ടു മേടമാസം 21-ാംനു വലിയകോയിത്തമ്പുരാന്റെ ചിരപ്രയത്നത്തിന്റെ ഫലമായി തിരുവനന്തപുരം കോട്ടയ്ക്കകത്തു വലിയകോയിക്കൽ മാളികയിൽ ഗവർമ്മെൻറ് ഇദംപ്രഥമമായി ഒരു സംസ്കൃതപാഠശാല സ്ഥാപിച്ചു. 1065 തുലാം 15-ാംനു മുതൽ കഥാനായകൻ മാവേലിക്കര സ്പെഷ്യൽ സ്കൂൾ അധ്യാപകവൃത്തിയിൽ ഏർപ്പെട്ടിരുന്നു. ആ കൊല്ലം കർക്കടകമാസം 29-ാംനു അദ്ദേഹം സംസ്കൃതപാഠശാലയുടെ ഇൻസ്പെക്ടരായി. അതിനുള്ള വേതനം ആണ്ടിൽ 200 ഉറുപ്പികമാത്രമായിരുന്നു എങ്കിലും സംസ്കൃതഭാഷാപോഷണത്തിലുള്ള അത്യാസക്തിനിമിത്തം വലിയകോയിത്തമ്പുരാൻ ആ ഉദ്യോഗം സ്വീകരിക്കണമെന്ന് ഉപദേശിക്കുകയും ഏ. ആർ. ആ ഉപദേശത്തിനു വഴിപ്പെടുകയും ചെയ്തു. 1069-ൽ ആ വിദ്യാലയം ഒരു കാളേജായി വികസിച്ചപ്പോഴും അദ്ദേഹം അതിന്റെ പ്രിൻസിപ്പാൾ സ്ഥാനത്തിൽ ആരൂഢനായി. 1071-ൽ ആ കാളേജിന്റെ സമൂലപരിഷ്കൃതിക്കുതകുന്ന വിശദവും വിപുലവുമായ ഒരു നിർദ്ദേശപദ്ധതി ഗവർമ്മെന്റിലേയ്ക്ക് സമർപ്പിച്ചു. 1074-ൽ തിരുവനന്തപുരത്തെ ഗവർമ്മെന്റ് ആങ്ഗലേയമഹാപാഠശാലയിൽ നാട്ടുഭാഷാ സൂപ്രണ്ട് എന്ന ഉദ്യോഗത്തിൽ നിയമിക്കപ്പെട്ടു. 1087-ൽ സംസ്കൃത-ദ്രാവിഡഭാഷകളുടെ പ്രൊഫസർ എന്ന അഭികാമ്യമായ പദവിയിലേക്കുയർന്നു. മദിരാശി യൂണിവേഴ്സിറ്റിക്കും, തിരുവിതാംകൂർ ഗവർമ്മെന്റിനും, സർക്കാർ ആങ്ഗലേയമഹാപാഠശാല, സംസ്കൃതമഹാപാഠശാല, പാഠ്യപുസ്തകസമിതി, പബ്ലിക്‌ലൈബ്രറി, പബ്ലിക് ലക്‌ചർ കമ്മിറ്റി മുതലായ സ്ഥാപനങ്ങൾക്കും കഥാനായകന്റെ നിശിതമായ ബുദ്ധിശക്തി, നിസ്തന്ദ്രമായ വ്യവസായസന്നദ്ധത ഇത്യാദി സിദ്ധികൾ നിമിത്തം അനുസ്യൂതമായി ലഭിച്ചുകൊണ്ടിരുന്ന സാഹായ്യയങ്ങളെപ്പറ്റിഇവിടെ പ്രപഞ്ചനം ചെയ്യുവാൻ സ്ഥലപരിമിതി അനുവദിക്കുന്നില്ല. ആ വക കാര്യങ്ങളിലെല്ലാം മാതുലന്റെഅനുഗ്രഹവും ഉപദേശവും അദ്ദേഹത്തിനു വേണ്ടവിധത്തിൽ ലഭിച്ചിരുന്നു. 1089-ാമാണ്ട കന്നിമാസത്തിൽ കാളേജുഡേ ആഘോഷത്തിൽ അദ്ദേഹം ചെയ്ത അധ്യക്ഷപ്രഭാഷണം വിദ്യാഭ്യാസവിഷയത്തിൽ അദ്ദേഹത്തിനുണ്ടായിരുന്ന അവഗാഹത്തെപ്രസ്പഷ്ടമാക്കുവാൻ പര്യാപ്തമായിരുന്നു. കറേക്കാലത്തേക്ക് ആങ്ഗലേയമഹാപാഠശാലയിൽ ആക്ടിംഗ് പ്രിൻസിപ്പൽജോലിയും നോക്കീട്ടുണ്ട്. വലിയകോയിത്തമ്പുരാന് അത്രമാത്രം പ്രതിഭാശാലിയായ ഒരു ഭാഗിനേയനെ അന്തേവാസിയായി ലഭിക്കുക; അദ്ദേഹത്തെ സംസ്കൃതവ്യാകരണം അഭ്യസിപ്പിക്കുന്നതിന് അനിദംപൂർവ്വമായ ഒരു സൗകര്യം ഉണ്ടാകുക; അവിടത്തെ അനുയായിയായും പ്രതിനിധിയായും അദ്ദേഹത്തിനു പല വിദ്യാസ്ഥാപനങ്ങളേയും അലങ്കരിക്കുന്നതിനുള്ളസാഹചര്യങ്ങൾ തുടരെത്തുടരെ വന്നുചേരുക; സാഹിത്യത്തിലെന്നതുപോലെ ശാസ്ത്രത്തിലും പൗരസ്ത്യവിദ്യയിലെന്നതുപോലെ പാശ്ചാത്യവിദ്യയിലും അദ്ദേഹം പാരങ്ഗതനായിത്തീരുക; അമ്മാവന് അപരിചിതങ്ങളായ അനേകം മാർഗ്ഗങ്ങളിൽക്കൂടി മാതൃഭാഷയെ

പോഷിപ്പിക്കുവാൻ അവിടത്തെ വ്യവസായപൂരകൻ എന്ന നിലയിൽ മരുമകൻ പരികരബന്ധനംചെയ്തു് ആ അഭിനന്ദനീയമായ പരിശ്രമത്തിൽ വിജയംനേടുക; ഓദ്യോഗികവൃത്തിയും പരിതഃസ്ഥിതിയും അതിനു സർവ്വഥാ ആനുകൂല്യം നല്കി; ഈ ഭാവുകപരമ്പര കാകതാലീയന്യായേന സംഭവിച്ചതാണെന്നു ഞാൻ കരുതുന്നില്ല. കൈരളിയുടെ സർവ്വതോമുഖമായ സമുന്നമനത്തിനായി അവതരിച്ച രണ്ടു അതിമാനുഷന്മാരാണു് അവർ എന്നേ ഭാവനാകുശലന്മാർക്കു തോന്നുകയുള്ളു. 1093-ാമാണ്ടു മിഥുനമാസം 4-ാംനു- ആ സർവ്വതന്ത്രസ്വതന്ത്രൻ കേരളത്തെ ആകമാനം കദന സമുദ്രത്തിൽ നിമഗ്നമാക്കി പരഗതിയെ പ്രാപിച്ചു. സന്നിപാതജ്വരമായിരുന്നു മരണഹേതുകമായ രോഗം. അദ്ദേഹത്തിനു തിരുവനന്തപുരത്തു പാല്ക്കുളങ്ങരയിൽ അയ്യനമെന്നും മാവേലിക്കര ശാരദാലയമെന്നും രണ്ടു ഭവനങ്ങളുണ്ടായിരുന്നു. ശാരദാലയത്തിൽവച്ചായിരുന്നു സ്വർഗ്ഗതി.

## സംസ്കൃതകൃതികൾ

ഏ. ആർ. രാജരാജവർമ്മകോയിത്തമ്പുരാന്റെവാങ്മയങ്ങളെ സംസ്കൃതമെന്നും ഭാഷയെന്നും അവയിൽത്തന്നെ സാഹിത്യമെന്നും. ശാസ്ത്രമെന്നും പദ്യമെന്നും ഗദ്യമെന്നും ആറു വകുപ്പുകളായി വിഭജിക്കേണ്ടതുണ്ടു്. സംസ്കൃതത്തിൽ അദ്ദേഹത്തിന്റെ ആദ്യകാലത്തെ ചില കൃതികൾ സങ്ഗ്രഹിച്ചു സാഹിത്യകുതൂഹലം എന്ന പേരിൽ ഒരു ചെറിയ പുസ്തകം തുറവൂർ നാരായണശാസ്ത്രികളുടെ ടിപ്പണിയോടുകൂടി പ്രസിദ്ധീകരിച്ചിട്ടുണ്ടു്. അതിൽ മുമ്പു ഞാൻ വിവരിച്ച (1) ദേവീമങ്ഗലം (1055), (2) ഭങ്ഗവിലാപം (1064), (3) സരസ്വതീസ്തവം (10 65), ഇവ കൂടാതെ (4) വീണാഷ്ടകം (1062), (5) രാഗമുദ്രാസപ്തകം (1064), (6) വിമാനാഷ്ടകം (1066), (7) മേഘോപാലംഭം (1064), (8) ഹിന്ദുപദവ്യുൽപ്പത്തി (1065), (9) ചിത്രശ്ലോകങ്ങൾ, (10) പിതൃപ്രലാപം (1067), (11) ശ്രീപത്മനാഭപഞ്ചകം എന്നീ ലഘുകാവ്യങ്ങളും, (12) ഗൈർവ്വാണീവിജയം (1065) എന്ന ഏകാങ്കനാടകവും, (13) ദേവീദണ്ഡകം എന്ന ദണ്ഡകവും, (14) ഉദ്ദാലചരിതം എന്ന ഗദ്യഗ്രന്ഥവും അടങ്ങിയിരിക്കുന്നു. അവയ്ക്കു പുറമേ (15) ഋഗ്വേദകാരികയും, അനന്തരകാലങ്ങളിൽ (16) വിടവിഭാവരി എന്ന ഖണ്ഡകാവ്യവും (17) ആങ്ഗലസാമ്രാജ്യം എന്ന മഹാകാവ്യവും കൂടി അദ്ദേഹം നിർമ്മിച്ചിട്ടുണ്ടു്. (18) ശ്രീവിശാഖതുലാഭാരപ്രബന്ധത്തെപ്പറ്റി മുൻപു സൂചിപ്പിച്ചിട്ടുണ്ടല്ലോ. (19) ചിത്രനക്ഷത്രമാലിക എന്ന മറ്റൊരു പദ്യകൃതിയും അദ്ദേഹം നിബന്ധിച്ചതായി കാണുന്നു. ശാസ്ത്രസംബന്ധമായുള്ള ഗ്രന്ഥങ്ങളിൽ പ്രാധാന്യം വ്യാകരണത്തിനാണെങ്കിലും ജ്യോതിഷത്തിൽ അനേകം ഗംഭീരങ്ങളായ ഉപന്യാസങ്ങളും അദ്ദേഹം രചിച്ചിരിക്കുന്നു. (20) ലഘുപാണിനീയം, (21) ലഘുപാണിനീയം ഉത്തരകാണ്ഡം, (22) കരണപരിഷ്കരണവും പഞ്ചാങ്ഗശുദ്ധിപദ്ധതിയും എന്നീ മൂന്നു കൃതികൾ ആ ഇനത്തിൽപ്പെടുന്നു. രസതന്ത്രതത്വങ്ങളെ അധികരിച്ചും മറ്റും വേറെ ഉപന്യാസങ്ങളും അദ്ദേഹത്തിന്റെതൂലികയിൽനിന്നു വിനിർഗ്ഗമിച്ചിട്ടുണ്ടു്.

## സംസ്കൃതകവിതാരീതി

കോയിത്തമ്പുരാന്റെ സംസ്കൃതകവിത സർവ്വഗുണസമ്പന്നവും ഭിന്നരുചികളായ സഹൃദയന്മാരെയെല്ലാം ഒന്നുപോലെ ആനന്ദതുന്ദിലന്മാരാക്കുന്നതിനു പര്യാപ്തമാണു്. കേരളത്തിലെ അതിപ്രമുഖന്മാരായ സംസ്കൃതകവികളുടെ മധ്യത്തിൽ അദ്ദേഹത്തിനും അഭ്യർഹിതമായ ഒരു സ്ഥാനത്തിനവകാശമുണ്ടു്. സമകാലികന്മാരായ

സരസ്വതീ വല്ലഭന്മാരുടെ ഇടയിൽ അമ്മാവന്റെ മുന്നിൽ മാത്രമേഅദ്ദേഹം അല്പമൊന്ന് അവനതശീർഷനായി നില്ക്കേണ്ട ആവശ്യമുണ്ടായിരുന്നുള്ളൂ. കരുണരസപ്രസ്ഥാനത്തിൽ അദ്ദേഹത്തിനുള്ള വൈദഗ്ദ്ധ്യം അമാനുഷമായി പരിലസിക്കുന്നു. ശൃങ്ഗാരരസവർണ്ണനത്തിലും അദ്ദേഹം പ്രഗല്ഭൻതന്നെയാണ്.

## സാഹിത്യകുതൂഹലം

സരസ്വതീസ്തവത്തിൽ പ്രന്ത്രണ്ടു ശ്ലോകങ്ങളുണ്ട്. ശിഷ്യന്മാർക്കു ഭങ്ഗ്യന്തരപരിവർത്തനം പ്രദർശിപ്പിക്കുന്നതിനുവേണ്ടി ഒരേ ആശയം അതിൽ ശ്ലോകം തോറും വിഭിന്നപദങ്ങൾകൊണ്ട് ആവിഷ്കരിച്ചിരിക്കുന്നു. "മമ തിഷ്ഠതു ജിഹ്വാഗ്രേ" എന്ന് ആദ്യത്തെ ശ്ലോകവും "മമ ജിഹ്വാഗ്രമാതിഷ്ഠേൽ" എന്ന് രണ്ടാമത്തെ ശ്ലോകവും ആരംഭിക്കുന്നു. ഒരു ആശുകവിതയായ വീണാഷ്ടകത്തിൽ കവിയുടെ കവനപാടവം തികച്ചും പ്രതിഫലിക്കുന്നുണ്ട്.

"വീണേയമേണനയനാകുചകുംഭതുങ്ഗ-
കാഠിന്യസാക്ഷിസമവർത്തുളപൃഥ്വലാബുഃ
നൂനം തദീയഗളനാളസമുജ്ജിഹാനാ-
ന്മഞ്ജുസ്വരാൽ സ്വരഗുണാനനഘാനധീതേ."

"യോ യഃ കലാസു കുശലഃ കളനാദലോഭാ-
ദങ്കേ നിധായ കുരുതേ നഖലാളനാനി
രാഗേണ തം തമുചിതേന വിമോഹയന്തീ
വേശാങ്ഗനാവിലസിതം തനുതേ വിപഞ്ചീ"

ഇത്യാദി ശ്ലോകങ്ങളുടെ ഭങ്ഗി നോക്കുക. രാഗമുദ്രാസപ്തകം രഘുപതി ഭാഗവതർ മുതലായ ആസ്ഥാനഗായക പ്രമുഖന്മാരുടെ അപേക്ഷയനുസരിച്ച് വിവിധരാഗങ്ങളുടെ പേരുകൾ ഇടകലർത്തി രചിച്ചിട്ടുള്ള ഒരു സരസമായ ഈശ്വരസ്തോത്രമാകുന്നു. സ്പെൻസർ എന്ന ധ്വര മദിരാശിയിൽ ഒരു വിമാനത്തിൽ പറന്ന സംഭവത്തെ വർണ്ണിച്ച് എഴുതിയതാണ് വിമാനാഷ്ടകം. അതിൽനിന്ന് ഒരു ശ്ലോകം ഉദ്ധരിക്കാം.

"മന്ദാന്ദോളിതസാന്ദ്രസൂത്രപടലീപക്ഷപ്രപഞ്ചഃ ക്ഷണം
സ്ഥിത്വാ സത്വരസംഭൃതോൽപ്ല തിരസഃ ക്ഷിപ്രോജ്ഝിതോർവ്വീതലഃ
വിസ്മേരൈരനുധാവ്യമാനസരണിഃ കൃച്ഛ്രേണ ലോകേക്ഷണൈഃ
പക്ഷീ സോയമനണ്ഡജസ്തുടിലവൈരാകാശമാക്രാമതി."

ഹിന്ദുശബ്ദം സംസ്കൃതത്തിലുള്ളതല്ലെന്നു സ്ഥാപിക്കുകയാണ് ഹിന്ദുവ്യുൽപത്തിയിൽ നിരുക്തപചണ്ഡിതനായ കവി ചെയ്യുന്നത്. അദ്ദേഹം പറയുന്നു:

"ഭാഷാ സർവ്വാപി ഗൃഹ്ണാതി ശബ്ദാൻ ഭാഷാന്തരസ്ഥിതാൻ
സരിദ്ഭ്യോ നീരമാദത്തേ സംപൂർണ്ണോപ്യംഭസാം നിധിഃ."

"അപ്രയുക്തചരം പൂർവൈരാസ്മാകഗ്രന്ഥകർത്തൃഭിഃ
പ്രയുജ്യതേ ച ബഹുശഃ പാരസീകൈരിദം പദം.

പാശ്ചാത്യപണ്ഡിതോന്നീതരീത്യാ ഹിന്ദുപദം തതഃ
പാരസീകജനോപജ്ഞം ഭവേദേവേതി മന്മതം."

അതു "ബ്രഹ്മവിദ്യാ" എന്ന പത്രഗ്രന്ഥത്തിന്റെ പ്രവർത്തകനായിരുന്ന ശ്രീനിവാസശാസ്ത്രികളുടെ അനുജനും മഹാകവിയുമായ ഭട്ടശ്രീനാരായണശാസ്ത്രികളുടെ

ജിജ്ഞാസ ശമിപ്പിക്കുന്നതിന് എഴുതിയ ഒരു ലേഖനമാണ്. പിതൃപ്രലാപം ഏറ്റവും മഹനീയമായ ഒരു കാവ്യരത്നമാണ്. ആകെ ഇരുപത്തിമൂന്നു ശ്ലോകങ്ങളേ ഉള്ളുവെങ്കിലും അവയിൽ ഓരോന്നിന്റേയും ഹൃദയദ്രവീകരണചണത അന്യാദൃശമായിരിക്കുന്നു. 1067-ൽ ജനിച്ചു മൂന്നു നാലു ദിവസത്തിനകം മരിച്ചുപോയ സ്വപുത്രിയെപ്പറ്റിയുള്ള അനുശോചനമാണ് വിഷയം. ആദ്യത്തെ പന്ത്രണ്ടു ശ്ലോകങ്ങൾ പിതൃവചനമായും, അടുത്ത പത്തു ശ്ലോകങ്ങൾ മാതൃവചനമായും ഒടുവിലത്തേതു് ഉഭയവചനമായും ഗ്രഥിച്ചിരിക്കുന്നു. ആ കൃതിയുടെ സ്വാരസ്യം പരിപൂർണ്ണമായി ആസ്വദിക്കണമെങ്കിൽ അതു സമഗ്രമായിത്തന്നെ പാരായണം ചെയ്യണം. മാതൃകയായി ചില ശ്ലോകങ്ങൾ പകർത്താം.

“തവ കഷ്ടമരിഷ്ടശയ്യയാ
ദയിതേ! ധൂസരശൂന്യപൃഷ്ഠയാ
ചമരാങ്ഗനയേവ വിദ്യതേ
നിയതം ചോരിതചാരുബാലയാ.”

“അയി ഹാ! ദുഹിതസ്ത്വരാവതാ
കുത ഏവ പ്രഹിതാസി വേധസാ?
ത്രിദിവം കരജാനുചംക്രമേ-
പ്യപടുസ്ത്വം കഥമാരുരുക്ഷസി?” (പിതൃവചനം)

“ഉര ഇവ ഹൃതകൗസ്തുഭം മുരാരേഃ
കര ഇവ നഷ്ടകമണ്ഡലുർവിധാതുഃ
ശിര ഇവ മുഷിതേന്ദു ചന്ദ്രമൗലേഃ
ശയനമിദം മമ ഹാ! ക്ഷണേന ജാതം.”

“ഗണയതി ഗണകസ്സുദീർഘമായുർ-
ഗ്ഗഗനഗതഗ്രഹഗോളസന്നിവേശൈഃ
വനതൃണരസമേളനൈശ്ച വൈദ്യോ
ഹരതി വിധിർമ്മിഷതാമഥോഭയേഷാം.” (മാതൃവചനം)

ദേവീദണ്ഡകം കുമാരനല്ലൂർക്കാരൻ പുനംനമ്പൂരിയുടെ പ്രാർത്ഥനയനുസരിച്ചു രചിച്ച ഒരു കാത്യായനീസ്തോത്രമാണ്.

## ഗൈർവാണീവിജയം

ഗൈർവാണീവിജയം പ്രത്യേകമായ പരിഗണനയെ അർഹിക്കുന്നു. വിജ്ഞാനചിന്താമണിപത്രിക ആദ്യമായി ആരംഭിച്ചതു വെള്ളാനശ്ശേരി വാസുണ്ണിമൂസ്സതായിരുന്നുവെന്നും രണ്ടു വർഷം തികയുന്നതിനുമുമ്പ് അതു സാരസ്വതോദ്യോതിനീസഭയിൽനിന്നു പ്രചരിപ്പിക്കുന്നതിനായി ആ സഭയുടെ കാര്യദർശി ഭരതപ്പിഷാരോടിക്കു വിട്ടുകൊടുത്തു എന്നും നാലാമത്തെ വർഷത്തിൽ ആ പത്രിക അദ്ദേഹത്തിനു തുടർന്നു നടത്തുവാനുള്ള പ്രയാസം കണ്ടു പുന്നശ്ശേരിനമ്പിതന്നെ ഏറ്റെടുത്തു പ്രസിദ്ധീകരിച്ചുതുടങ്ങി എന്നും മറ്റൊരു ഘട്ടത്തിൽ പ്രസ്താവിച്ചിട്ടുണ്ട്. നമ്പിയുടെ ആവശ്യമനുസരിച്ച് അഞ്ചാറു ദിവസംകൊണ്ടു കോയിത്തമ്പുരാൻ 1064-ൽ രചിച്ചതാണ് ആ ഏകാങ്കനാടകം. 1064-ൽത്തന്നെ തിരുവനന്തപുരത്തു സംസ്കൃതപാഠശാല സ്ഥാപിതമായിക്കഴിഞ്ഞിരുന്നതിനാൽ ആ സംഭവവും അതിൽ സൂചിപ്പിച്ചിട്ടുണ്ട്.

ഗൈർവാണിയും ഹൗണിയും തമ്മിലുള്ള ആദർശഭിന്നതയും ഹൗണിക്കു ഗൈർവാണിയെ കീഴടക്കുന്നതിനുള്ള അത്യൗത്സുക്യവുമാണ് പ്രധാനമായി പ്രതിപാദിച്ചിരിക്കുന്നതു്. ഭാരതീദേവി സ്വപുത്രിയായ ഗൈർവ്വാണിയുടെ ആധുനികാവസ്ഥയെപ്പറ്റി താഴെക്കാണുന്ന വിധത്തിൽ പ്രലപിക്കുന്നു.

“ശാലാസു ശോഭനതരാസു ചിരം ചരന്തീ
ഭദ്രാസനേ പരമശേത പുരാ ചിരം യാ
സൈഷാ കഥം തമസി ഹന്ത! മലീമസേഷു
താളീദലേഷ ഘുണദംശസഹാസ്ത വത്സാ?”

ഗൈർവാണി ഹൗണിയെ ഇങ്ങനെ ദൂഷിക്കുന്നു:

“കഥയതി മദമൂഢാ ശ്ലേഷമൂലാൻ മമാല-
ങ്കൃതിവിവിധവിശേഷാനാരഭുടോപകപ്ലാൻ
അനിശമതിശയോക്തിം ദേവ! മേ കണ്ഠസൂത്രം
പരിഹസതി ഹതാശാ കാചമാലേതി ചോച്ചൈഃ”

ചുവടേ ചേർക്കുന്ന ശ്ലോകത്തിൽ ആങ്ഗലേയഭാഷയിലെ അക്ഷരമാലയുടെ ന്യൂനതകൾ സരസമായി വർണ്ണിച്ചിരിക്കുന്നു.
ഗൈർവാണി ഹൗണിയെ അപവദിക്കുകയാണ്.

“ബാലാനാം ഭീഷകോയം, ദിശി ദിശി വിശദവ്യാപ്ത്യതിവ്യാപ്തിദോഷൈർ-
വ്വർണ്ണാഭാസൈഃ പ്രകീർണ്ണസ്സഹജനിജരുചിച്ഛാദകസ്സ്വാംഗകാനാം
സർവാങ്ഗീണസ്സജീർണ്ണഃ ക്വചന ഭൃശമപര്യാപ്തിമാൻ ഹ്രസ്വഭാവാ-
ല്ലംബശ്ചാന്യത്ര ദൈർഘ്യാജ്ജയതി യുവമനോവഞ്ചകഃ കഞ്ചുകസ്തേ.”

അതോടുകൂടി ആങ്ഗലേയഭാഷയ്ക്കുള്ള ഗുണാംശങ്ങളെന്തെന്നും കവി നമ്മെ ഗ്രഹിപ്പിക്കുന്നുണ്ട്.

“വക്തവ്യാംശം സ്പൃശതി നിഖിലം പ്രസ്തുതാന്ന പ്രമാദ്യ-
ത്യുച്ചൈഃ പ്രൗഢിം പ്രഥയതി പദാഡംബരം നാപ്നുതേ തു
സ്പഷ്ടാർത്ഥത്വം ഭജതി കുരുതേ നൈവ കിഞ്ചിൽ പ്രപഞ്ചം
കിഞ്ചൌദ്ധത്യം വഹതി വിനയം നോ പുനർന്യക്കരോതി.”

ഒടുവിൽ ബ്രഹ്മാവു് ആ രണ്ടു സഹോദരിമാരും തമ്മിലുള്ള കലഹം ശമിപ്പിക്കുവാൻ അധോലിഖിതമായ ഉപദേശം നല്കുന്നു.

“കനീയസ്യാമസ്യാം സ്വസരി ഭരമാരോപ്യ നിഖിലം
വിനീതായാം സ്വൈരം വിഹര രമമാണാ സ്വരമണൈഃ
ഇയഞ്ച ജ്യായസ്യാസ്ത്വവ കുശലസമ്പാദനപരാ
സദാ വത്സ്യത്യുച്ചൈർവിനയബഹുമാനാദരഭരാ.”

ശ്രീപത്മനാഭപഞ്ചകം ശ്രീപത്മനാഭസ്വാമിക്ഷേത്രത്തിലെ പുഷ്പാഞ്ജലിസ്വാമിയാരുടെ അഭ്യർത്ഥന അംഗീകരിച്ചു രചിച്ച ഒരു വിഷ്ണുപാദാദി കേശാന്തവർണ്ണനമാണ്. ആ ശ്ലോകങ്ങളിലെ ശബ്ദമാധുര്യം അത്ഭുതാവഹമായിരിക്കുന്നു.

“കൌമോദകീകമലകാർമ്മുകകംബുചുംബി-
പാണിം പയോധിതനയാപരിരബ്ധകണ്ഠം
കർണ്ണസ്ഫുരന്മകരകുണ്ഡലകമ്രഗണ്ഡം
കാരുണ്യമന്ദഹസിതോച്ഛ്വസിതാധരോഷ്ഠം.”

എന്നിത്തരത്തിലുള്ള അവയുടെ ശൈലി അമ്മാവന്റെ കവിതാരീതിയെ ബഹുദൂരം അനുഗമിക്കുന്നുണ്ട്.

### ഋഗ്വേദകാരിക

കുറേക്കാലം പുതുക്കോട്ടയിൽനിന്നു പ്രചരിച്ചിരുന്ന സംസ്കൃതമാസികയുടെ പ്രവർത്തകന്മാർ ആവശ്യപ്പെടുകയാൽ കവി ഋഗ്വേദസൂക്തങ്ങളെ അനുഷ്ടുപ്പുവൃത്തത്തിൽ പരാവർത്തനം ചെയ്തുതുടങ്ങി. ആ കൃതിയിൽ പ്രഥമമണ്ഡലത്തിലെ പ്രഥമാനുവാകമേ ഞാൻ കണ്ടിട്ടുള്ളു. അതിനുമേൽ പ്രസ്തുതകൃതി പുരോഗമിച്ചതായി അറിവില്ല.

“യോയമൃത്വിക് ച ഹോതാ ച ദേവതാ ച പുരോഹിതഃ
യജ്ഞസ്യ തം ദേവമഗ്നിമീഡേ രത്നൗഘപോഷകം.
യഥാ പ്രാചീനഋഷിഭിസ്തൈവാദ്യതനൈരപി
ഈഡനീയസ്തദൈവാഗ്നിസ്സദേവാ നവഹിത്വിഹ”

എന്നിങ്ങനെ അത്യന്തം ലളിതമായ രീതിയിലാണ് അതിന്റെ രചന.

### വിടവിഭാവരി

ഏ. ആറിന്റെ സംസ്കൃതകാവ്യങ്ങളിൽവെച്ച് എന്നെ സവിശേഷം ആനന്ദിപ്പിച്ചിട്ടുള്ള ഒരു കൃതിയാണ് വിടവിഭാവരി. രാധാമാധവന്മാരുടെ സമാഗമത്തെ ഓരോ യാമത്തിന് ഓരോ സർഗ്ഗം എന്ന കണക്കിൽ നാലുസർഗ്ഗങ്ങളിലായി വർണ്ണിക്കുന്ന ആ ശൃംഗാരകാവ്യത്തിനു മാവേലിക്കര ഉദയവർമ്മതമ്പുരാൻ ബി.എ. ചന്ദ്രിക എന്ന പേരിൽ ഒരു വ്യാഖ്യാനം രചിച്ചിട്ടുണ്ട്. ആ വ്യാഖ്യാനം കവി തന്നെ പരിശോധിച്ചിരിക്കാൻ ഇടയുള്ളതായിത്തോന്നുന്നു. വ്യാകരണം, കോശം തുടങ്ങിയ ഗ്രന്ഥസമുച്ചയങ്ങളിൽ അദ്ദേഹത്തിനുള്ള അപാരമായ വിജ്ഞാനം പ്രസ്തുതകാവ്യത്തിൽ അങ്ങിങ്ങു സ്പഷ്ടമാക്കീട്ടുണ്ടെങ്കിലും മധുരകോമളകാന്തപദാവലി കൊണ്ടുതന്നെയാണ് അത് ആദ്യന്തം ഘടിതമായിരിക്കുന്നത്. ചില ശ്ലോകങ്ങൾ നോക്കുക.

“അസ്തശൈലശിഖരാഗ്രമണ്ഡനം
മണ്ഡലം വഹതി ചണ്ഡരോചിഷഃ
പാശപാണിപുരഗോപരസ്സുര-
ച്ഛാതകുംഭമയകുംഭവിഭ്രമം.

മാനിനീഹൃദയമാനഭേദനോ
മാമകേഷ്വചദയമാനമാനസഃ
വാതി ഗന്ധവഹ ഏഷ മന്ഥരം
ജാതിഗന്ധവഹനശ്രമാലസഃ

സാമിസംകുചിതപദ്മലോചനാ
ഹീയമാനകളഹംസകസ്വനാ
ഉന്മഖീ സ്വപിതി പദ്മിനീ ശനൈഃ
കാമിനീവ സുരതക്ലമാലസാ.”

“സീമലംഘനവിശൃംഖലോച്ചല-
ന്മീനലാഞ്ഛനരസൗഘപൂരിതാ
കിം കരിഷ്യതി ധുനീ ച കാമിനീ
സ്വപ്രിയാഭിസരണോദ്യമാദ്ദതേ?” (പ്രഥമസർഗ്ഗം)

“ആശ്ലിഷ്യാശ്ലിഷ്യ ഗാത്രം പുളകിതമസകൃദ് ഗാഢയൻ ബാഹുബന്ധാ-
നാചുംബ്യാചുംബ്യ വക്ത്രം മുഹുരധരസുധാപൂരപാഥേയഹാരീ
ആപൃച്ഛ്യാപൃച്ഛ്യ ഭൂയഃ പ്രണയമസൃണിതൈർ ഗദ്ഗദൈരശ്രു വർഷൻ
മന്ദം മന്ദം മൃഗാക്ഷീം ഹരിരകൃത സഖീഹസ്തനിക്ഷേപമേവ.”
(ചതുർത്ഥസർഗ്ഗം)

ഒടുവിൽ ഇങ്ങനെ ഒരു പ്രാർത്ഥനയുണ്ട്.

“സർവ്വജ്ഞചൂഡാമണിലാള്യമാനാ
സൂര്യാദരാലോകസുഖപ്രതീക്ഷാ
വിലാസിമോദായ വിഭാവരീയം
ജീയാച്ചിരം ദ്രവിഭാതശോഭാ.”

## ആംഗലസാമ്രാജ്യം

ആംഗലസാമ്രാജ്യം 23 സർഗ്ഗങ്ങൾ ഉൾക്കൊള്ളുന്ന ഒരു മഹാകാവ്യമാകുന്നു. കൊല്ലവർഷം 1072-ൽ വിക്ടോറിയാ ചക്രവർത്തിനിയുടെ വജ്രജൂബിലി മഹോത്സവം സമാഗതമായപ്പോൾ കോയിത്തമ്പുരാനു ബ്രിട്ടീഷുകാരുടെ ഭാരതീയഭരണത്തെ അധികരിച്ച് ഒരു മഹാകാവ്യം രചിക്കണമെന്ന് ആഗ്രഹമുണ്ടായി. ജൂബിലിക്ക് ഏകദേശം മുന്നാഴ്ചയ്ക്കു മുൻപ് ആ ഗ്രന്ഥം ആരംഭിക്കുകയും രണ്ടു കൊല്ലവും ഏതാനും ദിവസവും കൊണ്ട് അവസാനിപ്പിക്കുകയും ചെയ്തു. 1076-ൽ റ്റി. ഗണപതിശാസ്ത്രികളുടെ ടിപ്പണിയോടുകൂടി പ്രസിദ്ധീകരിച്ചു. ലണ്ടൻ നഗരത്തിന്റെ വിസ്തൃതമായ വർണ്ണനത്തോടുകൂടിയാണ് കാവ്യം തുടങ്ങുന്നത്. വിക്ടോറിയ ചക്രവർത്തിനീപദം സ്വീകരിച്ചു ഭാവിഭാരത ഭരണപരിപാടി ഒരു വിളംബരംമൂലം പ്രഖ്യാപനം ചെയ്യുന്നതുവരെയുള്ള വൃത്താന്തങ്ങൾ 22-ാം സർഗ്ഗം സമാപ്തമാകുന്നതുവരെയുള്ള ഭാഗത്തിലും അതിനുശേഷം വജ്രജൂബിലിമഹോത്സവത്തിന്റെ ആഘോഷങ്ങൾ വരെയുള്ള സംഭവങ്ങൾ ചുരുക്കി ഒടുവിലത്തെ സർഗ്ഗത്തിലും പ്രതിപാദിച്ചിരിക്കുന്നു. രണ്ടാം സർഗ്ഗത്തിൽ ഹിന്ദു-മുഹമ്മദീയഭരണ കാലങ്ങളിലെ ചരിത്രം സംഗ്രഹിച്ചിട്ടുണ്ട്. പതിനൊന്നാം സർഗ്ഗത്തിൽ ടിപ്പുസുൽത്താന്റെ കേരളാക്രമണം സവിസ്തരമായി വർണ്ണിച്ചിരിക്കുന്നു. അതു സ്വദേശാഭിമാനത്താൽ പ്രേരിതനായ കവിയുടെ കർത്തവ്യമാണല്ലോ. ഇരുപതാം സർഗ്ഗം യമകാലംകൃതമായി കാണുന്നു. “അന്നത്തെ ഇൻഡ്യാചരിത്രത്തിൽ ചില അവാസ്തവപ്രസ്താവനകളുള്ളതായി” ഭാരതീയചരിത്രകാരന്മാർ ഇപ്പോൾ കണ്ടുപിടിച്ചിട്ടുള്ളതു കവിയുടെ വാങ്മയത്തിന് ഒരു ദോഷമായി ഭാവുകന്മാർ ആരും കരുതുന്നതല്ല. എല്ലാംകൊണ്ടും ഏറ്റവും മോഹനമായിട്ടുള്ള ഈ കൃതിയിൽനിന്നു ചില ശ്ലോകങ്ങൾ പ്രദർശിപ്പിക്കാം.

“യത്രാഗ്നിയാനാനി സുരുംഗികാഭിർ-
വ്വീഥീഷ്വധസ്താല്ലഘു പര്യടന്തി,
ഗൃഹപ്രണാളോദരഖേലദാഖു-
വിചേഷ്ടിതാനീവ വിഡംബയന്തി.

ധൂമം വമന്തശ്ശിഖിനം ഗിലന്തോ
വേതാളവീരാ ഇവ യന്ത്രരാജാഃ
ശില്പാനി യത്രാദ്ഭുതദുഷ്കരാണി
നിഷ്പാദയന്തി ശ്രമമന്തരേണ.”

(ലണ്ടൻനഗരം പ്രഥമസർഗ്ഗം)

“സാംയാത്രികാസ്തേഥ മഹാസമുദ്രാൻ
ദിങ്മൂലകൂലങ്കഷവാരിമുദ്രാൻ
ഝാങ്കാരിഝംഝാനിലനൃത്യരംഗാൻ
ദുർദ്ദാന്തജന്തുവ്രജതുരാംഗാൻ

ക്വചിന്നിലീനൈഃ പുളിനൈർദ്ദുരാപാൻ
ക്വചിദ്ഗഭീരോദരമേദുരാപാൻ
ക്വചിൽ കുഹേളീകൃതകായമാനാൻ
ക്വചിൽ പ്രചണ്ഡാതപപീയമാനാൻ

കുത്രാപി മധ്യേംബരരന്ധ്രബദ്ധ-
ത്വംഗത്തരംഗാചലതുംഗശൃംഗാൻ
അന്യത്ര വൃത്തഭ്രമദംബുപിണ്ഡ-
പ്രവർത്തി താവർത്തവിചിത്രഗർത്താൻ

ഇതസ്തതോ നൗചരചൗവീരൈ-
ശ്ചഞ്ചൂര്യമാണൈശ്ചിരരുദ്ധമാർഗ്ഗാൻ
നാനാവിധദ്വീപനിവേശചിത്രാ-
നത്തേരുദ്വീക്ഷികയേക്ഷമാണാഃ.”

(മഹാസമദ്രങ്ങൾ-പ്രഥമസർഗ്ഗം)

“ഗുളികാവിസരസ്സ സാരശൂന്യോ-
പ്യലമുത്ത്രാസയതി സ്മ ശത്രുസൈന്യം
ഗജയൂഥമിവാശ്മഖണ്ഡഷണ്ഡോ
വിപിനേ വ്യാധകുമാരഹസ്തമുക്തഃ

“xxxxxx പടീകടീരമാരാ-
xxxxxxxxx സാലാൽ
ഹതശൃംഗ ഇവ ശ്വസൻ മഹോക്ഷോ
വ്രജവാടം കൃഷകന്യകാളമീനാൽ.”

(ടിപ്പുവിന്റെ പലായനം-ഏകാദശസർഗ്ഗം)

“ക്രിസ്തോർമ്മതേ ബഹുമതേ ദൃഢഭാവബന്ധാ-
പ്യന്യൽ സമാദ്രിയത ഏവ മതം മതിർന്നഃ
വാചംയമാ വയമഗർഹ്യജുഷാം പ്രജാനാ-
മാചാരപദ്ധതിഷു കേവലവൈദികീഷു.

അത്ര പ്രജാകശലമേവ ഭവേദ്ബലം ന-
സ്തൽപ്രീതിരേവ ഖലു ഗുപ്തിരഥാസ്മദീയാ
താസാം കൃതജ്ഞമനസാമനുരാഗ ഏവ
സർവ്വോത്തരം പ്രതിഫലഞ്ച ഭവത്യഥോ നഃ.”

(ഭാരതചക്രവർത്തിനിയുടെ വിളംബരം)

## തുലാഭാരപ്രബന്ധം

1060-ൽ രചിച്ച തുലാഭാരപ്രബന്ധത്തെപ്പറ്റി മുൻപു സൂചിപ്പിച്ചുവല്ലോ. വലിയകോയിത്തമ്പുരാന്റെ തുലാഭാരശതകത്തിൽ പദ്യങ്ങൾ മാത്രമേ ചേർത്തിട്ടുള്ളു. രാജരാജവർമ്മ കോയിത്തമ്പുരാന്റെ കൃതിയും ഒരു ശതകം തന്നെ. എന്നാൽ ആ ശതകത്തിൽ ഗദ്യങ്ങൾകൂടി ഉൾപ്പെടുന്നു. വലിയകോയിത്തമ്പുരാന്റെ ശതകത്തിനുള്ള ഗുണം പ്രസ്തുതകൃതിക്കില്ലെങ്കിലും അതിലും പല വൈചിത്ര്യങ്ങൾ കവി പ്രദർശിപ്പിച്ചിരിക്കുന്നു.

“ലക്ഷ്മീം ക്ഷ്മാമപി സദ്ഗുണൈകജലധാവാധായ യസ്മിൻ ജഗ-
ദ്രക്ഷാദക്ഷഭുജേ ഭുജംഗമശയോ വിശ്രാമ്യതി ശ്രീപതിഃ
സോയം വഞ്ചിവസുന്ധരേശ്വരകലാലങ്കാരമുക്താമണിർ-
വ്വിദ്യാസാരനിധിർവ്വിശാഖവസുധാജാനിർവ്വിജേജീയതേ”

എന്നതാണ് പ്രഥമശ്ലോകം.

“താദൃക്പ്രൗഢമനഃ പ്രമോദജനകേപ്യസ്മിൻ മഹത്യുത്സവേ
സർവ്വൈരേവ ജനൈശ്ചിരായ വിധിവൽ സന്ധാര്യതേ കൗതുകം
ഇത്യാലോച്യ സ വഞ്ചിരാഡപി തദാ ദേധേ സ്വയം കൌതുകം
ലോകാനാമനുവർത്തനം ഹി മഹതാമേതാദൃശാനാം വ്രതം.”

“ചിത്രം തദാനീമവതീശ്വരസ്യ
വിശ്വംഭരാഭാരധുരന്ധർസ്യ
സാമ്യം ഹ്യനിച്ഛൻ കനകവ്രജോഭ്രു-
ന്നമ്രഃ പ്രകാമം ദൃഢയാ ഹ്രിയേവ.”

“ഗുണവൃദ്ധിവിധിര്യസ്മിന്നത്ഭുതം വ്യഞ്ജനേഷ്വശ്രുൻ-
യദ്വാ വ്യാകരണജ്ഞാനം കേവലം പാചകേ കഥം?”

ഇവ മറ്റു ചില ശ്ലോകങ്ങളാണ്. “അയം ഖലു നിഖിലജനസംഭാവനീയജംഭാരിതുല്യമഹിതാനുഭാവവിലാസഃ കലാസമഗ്രശരദിന്ദുസരന്ദ്യനിന്ദാവിധായിനിജയശഃ പ്രകാശവിശദീതലോകത്രയീവിലോകനസമുപജാതകലശാംബുരാശി ശങ്കാകുലകലിതനിദ്രകമലനാഭമുദ്രിതനിജനഗരോപകണ്ഠഃ കണ്ടകദളീകാണ്ഡഖണ്ഡനാത്യാഹിതാതിദ്രുതാദ്രുതപ്രചുരതിമിരഗാഢോപഗൂഢതരമഹാടവീഗതവിടപി കോടരകുടീരനിലീനരിപുജനപടലീവിഫലീകൃത സംഗ്രാമയാത്രാപ്രസംഗഃ” ഇത്യാദി ഗദ്യവും സഹൃദയാഹ്ലാദകമായിട്ടുണ്ട്. ശിഷ്യൻ 94 വരെയുള്ള ഗദ്യപദ്യങ്ങൾ രചിച്ചു കൃതി പൂർണ്ണമാക്കിയപ്പോൾ ആറു ശ്ലോകങ്ങൾ കൂടി ഒടുവിൽ എഴുതിച്ചേർത്തു ഗുരുനാഥൻ അതു മഹാരാവിനു സമർപ്പിക്കയാണ് ചെയ്തത്.

## ചിത്രനക്ഷത്രമാല

ചിത്രനക്ഷത്രമാല മുഴുവൻ ചിത്രശ്ലോകങ്ങളെക്കൊണ്ടു ഗ്രഥിച്ചിരിക്കുന്നതായാണ് കേട്ടിട്ടുള്ളത്. ഇപ്പോൾ അതു സമഗ്രമായി കണ്ടുകിട്ടുന്നില്ല. രണ്ടു ശ്ലോകങ്ങൾ പകർത്തുന്നു.

“രമാദാസസദാമാര മാവസാര രസാവമാ
ദാസാവസാസാവസാദാ സരസാനനസാരസ”

(സർവ്വതോഭദ്രം)

“ഭാസതേനവമാതീവ രസാഭാസപിനാകിനാ
നാകിനാപിസഭാസാരവതീമാവനതേ സഭാ”

(അനുലോമപ്രതിലോമസമം)

## ഉദ്ദാലചരിതം

ഉദ്ദാലചരിതം ഷേക്സ്പീയർ മഹാകവിയുടെ ഒഥെല്ലോ എന്ന നാടകത്തിലെ കഥാവസ്തു സംക്ഷേപിച്ചെഴുതിയ ഒരു ചെറിയ ഗദ്യഗ്രന്ഥമാണ്. താണ ക്ലാസ്സുകളിലെ സംസ്കൃതവിദ്യാർത്ഥികൾക്കു പാഠ്യപുസ്തകമാക്കുവാൻ തക്കവിധം അത്രമാത്രം ലളിതമായ രീതിയിലാണ് അത് നിർമ്മിച്ചിരിക്കുന്നത്. “അസ്തി വിനിശാ നാമ വിശ്രുതവിഭവാ നഗരീ. തത്ര രാജകീയ മന്ത്രസഭാസാമാജികസ്യ വ്രജബന്ധോരാസീദ് ദോഷദമനാ നാമ കുമാരീ; യസ്യാഃ കിലാന്യാദൃശീ ലാവണ്യലക്ഷ്മീരതിവിപുലാ വിഭവസമൃദ്ധിശ്ചാനേകേഷാം കുലീനാനാം പ്രഭുകുമാരാണാം മനാംസ്യഹരത” എന്നിങ്ങനെ ആ കൃതി ആരംഭിക്കുന്നു. സംസ്കൃതഭാഷയ്ക്കു യോജിക്കത്തക്കവണ്ണം ഒഥെല്ലോയെ ഉദ്ദാലനായും കാഷ്യോയെ കാശികനായും എമിലിയായെ അമീലിതയായും ഡെസ്ഡിമോണയെ ദോഷദമനയായും ഇയാഗോയെ അയാഗനായും ബ്രബൻഷ്യോയെ വ്രജബന്ധുവായും വെനീസ്സിനെ വിനിശയായും മറ്റും രൂപാന്തരപ്പെടുത്തിയിരിക്കുന്നു.

## ലഘുപാണിനീയം

സംസ്കൃതമഹാപാഠശാലയിലെ പ്രിൻസിപ്പലും സംസ്കൃതഭാഷാപരീക്ഷകനുമായിരുന്ന് വിദ്യാർത്ഥികൾക്ക് സംസ്കൃതവ്യാകരണം പഠിക്കുന്ന വിഷയത്തിൽ നേരിടുന്ന ക്ലേശങ്ങൾ കോയിത്തമ്പുരാൻ നല്ലപോലെ ഗ്രഹിച്ചു. “വൃത്തൗ ചാരുന രൂപസിദ്ധിഘടനാ” എന്നും മറ്റും പ്രക്രിയാസർവ്വസ്വത്തിന്റെ ഉപക്രമത്തിൽ ഭട്ടതിരിതന്നെ ആ ക്ലേശങ്ങളെപ്പറ്റി അനുശോചിച്ചിട്ടുണ്ടല്ലോ. കാശികാദി ഗ്രന്ഥങ്ങളിലെ പാണിനീയസൂത്രക്രമമനുസരിച്ചുള്ള വ്യാഖ്യാനരീതിയും രൂപാവതാരകൗമുദ്യാദിഗ്രന്ഥങ്ങളിലെ രൂപസിദ്ധ്യർത്ഥമുള്ള പൗർവ്വാപര്യവ്യതിക്രമസമ്പ്രദായവും കഴിയുന്നേടത്തോളം വർജ്ജിച്ച് സമ്മിശ്രമായ ഒരു മാർഗ്ഗം കണ്ടുപിടിച്ച് അതിൽക്കൂടി സഞ്ചരിക്കുകയാണ് ആചാര്യൻ ലഘുപാണിനീയത്തിൽ ചെയ്തിട്ടുള്ളത്.

“വ്യാകരണദുർഗ്ഗമാർഗ്ഗേഷ്വപ്രദ്ധാൻ ബാലകാൻ പ്രചാരയിതും
ലഘുപാണിനീയമേതൽ പ്രണീയതേ രാജരാജേന”

എന്ന് അദ്ദേഹം ഗ്രന്ഥാരംഭത്തിൽ പ്രതിജ്ഞചെയ്യുന്നു. അന്യർക്കു സാഹസികമായി തോന്നാവുന്ന ഈ സമുദ്യമം പൗരസ്ത്യവും പാശ്ചാത്യവുമായ ശബ്ദശാസ്ത്രപദ്ധതികളിൽ ഒന്നുപോലെ അഭിജ്ഞനായ ഗ്രന്ഥകാരൻ അനായാസേന സാധിച്ചിരിക്കുന്നു. അപ്രധാനങ്ങളായ സൂത്രങ്ങളെ അണുലിപികളിൽ പ്രകാശിപ്പിക്കുക; വിരളപ്രയോഗങ്ങളായ ചില സൂത്രങ്ങളെ മിശ്രപ്രകരണം എന്നൊരു പ്രത്യേകവിഭാഗമുണ്ടാക്കി അതിൽ ചേർക്കുക; ഏതാനും ചില സൂത്രങ്ങൾ വിട്ടിട്ട് അഷ്ടാധ്യായിയിലെ 2978 സൂത്രങ്ങൾ 1959 ആക്കി ചുരുക്കുക; പ്രക്രിയാജടിലങ്ങളായ ഭാഗങ്ങളിൽ ഭട്ടതിരിയുടെ രീതി പിടിച്ചു കാരികകൾ എഴുതിച്ചേർക്കുക; കൃത്തദ്ധിതസമാസപ്രകരണങ്ങൾ സമുചിതമായി സംക്ഷേപിക്കുക എന്നിങ്ങനെ പല ഉപായങ്ങൾ തന്റെ ഉദ്ദേശസിദ്ധിക്ക് ഏ. ആർ. അങ്ഗീകരിച്ചിരിക്കുന്നു. ഗ്രന്ഥാവസാനത്തിലെ പ്രസ്താവനയിൽ നിന്നാണ് ചുവടേ ചേർക്കുന്ന ശ്ലോകങ്ങൾ ഉദ്ധരിക്കുന്നത്.

“യേ ശബ്ദശുദ്ധ്യൈ പരമാചരന്തി
സമാപ്ലവം വ്യാകരണാംബുരാശൗ

സുഖാവഗാഹക്ഷമ ഏഷ തേഷാം
മയേഹ സോപാനപഥോ നിബദ്ധഃ

സമുദ്ധൃയതം, നാഖിലമേവ സൂത്രം
സമുദ്ധൃതേഷ്വപ്യനതിസ്ഫുടസ്യ
ബാലാനുരോധേന യഥാശ്രുതാർത്ഥ-
വ്യാഖ്യാനമേവാചരിതം മയാത്ര."

"അപൂർവ്വസംജ്ഞാപരിഭാഷഗുപ്തേ
സാലാതുരീയസ്യ വചോരഹസ്യേ
പ്രവേശനദ്വാരമിദം യദി സ്യാ-
ദവന്ധ്യമേവാത്ര പരിശ്രമോ മേ.

ആയുർമ്മിതം ജ്ഞേയമിഹാമിതം ച
തന്ത്രസ്ത്വപാരഃ പണിഗോത്രജസ്യ
വ്യുൽപത്തയേ ധ്യേയമിദഞ്ച സർവ്വൈ-
രിതി പ്രണീതം ലഘുപാണിനീയം"

1087-ൽ ലഘുപാണിനീയവും 1089-ൽ അതിന്റെ ഉത്തരഖണ്ഡവും പ്രസിദ്ധീകരിച്ചു. വൈദികകാണ്ഡം, സ്വരകാണ്ഡം, തന്ത്രപ്രതിഷ്ഠ, ഭാഷാചരിത്രം എന്ന നാലു ഭാഗങ്ങളിൽ പ്രപഞ്ചനം ചെയ്തിരിക്കുന്ന ഈ ഖണ്ഡത്തിന്റെ മൂന്നും നാലും ഭാഗങ്ങളിൽ ഭാഷയെസ്സംബന്ധിച്ചു പൗരസ്ത്യന്മാരും പാശ്ചാത്യന്മാരുമായ വൈയാകരണന്മാർ പ്രകാശിപ്പിച്ചിട്ടുള്ള ചർച്ചകൾ ക്രോഡീകരിച്ചു സമന്വയിപ്പിക്കുവാൻ ആചാര്യൻ ചെയ്തിരിക്കുന്ന പ്രയത്നം തികച്ചും സഫലീഭവിച്ചിട്ടുണ്ട്. ഇരു കൂട്ടർക്കും ആ ഭാഗങ്ങൾ അവശ്യം അധ്യേതവ്യങ്ങളാണ്. എല്ലാം കൊണ്ടും കോയിത്തമ്പുരാന്റെ വിശ്വോത്തരമായ വിജയസ്തംഭം തന്നെയാണ് ഉത്തരഖണ്ഡസഹിതമായ പാണിനീയം.

## ജ്യൗതിഷോപന്യാസങ്ങൾ

ശൃംഗേരിയിലെ ജഗൽഗുരുഅഭിനവനരസിംഹഭാരതി സ്വാമികൾ കാലടിയിൽ ശാരദാംബാദിദേവപ്രതിഷ്ഠയ്ക്കായി 1085-ൽ സന്നിധാനംചെയ്ത അവസരത്തിൽ ഏ. ആറും അവിടെ ആഹൂതന്മാരായ പണ്ഡിതവരേണ്യന്മാരുടെ കൂട്ടത്തിൽ പോയിരുന്നു. പല ജ്യൗതിഷപ്രസ്ഥാനങ്ങൾ പ്രചരിച്ചുവരുന്നവയിൽ ഏതാണ് സമാദരണീയമെന്നു നിർണ്ണയിക്കുവാൻ സ്വാമികളുടെ ആജ്ഞാനുസരണം ആ അവസരത്തിൽ ജ്യോതിർവ്വിത്തുകളുടെ ഒരു സമ്മേളനം നടന്നു. ആ സദസ്സിൽ കോയിത്തമ്പുരാൻ വായിച്ച രണ്ടു പ്രൗഢോപന്യാസങ്ങളാണ് കരണപരിഷ്കരണവും പഞ്ചാംഗശുദ്ധിപദ്ധതിയും. ആദ്യത്തേതിൽ പഞ്ചാംഗങ്ങൾ ബഹുവിധങ്ങളാകുന്നതിനുള്ള കാരണങ്ങളും അവ ഓരോന്നിനുമുള്ള ദോഷങ്ങളും നിരൂപിതങ്ങളായിരിക്കുന്നു. രണ്ടാമത്തേതിൽ ആദോഷങ്ങളുടെ പരിഹാരത്തിന് അംഗീകരിക്കേണ്ട മാർഗ്ഗങ്ങൾ നിർദ്ദേശിച്ചിരിക്കുന്നു. നമ്മുടെ ആചാര്യന്റെ ജ്യോതിശ്ശാസ്ത്രത്തിലുള്ള അനന്യസുലഭമായ അവഗാഹവും സൂക്ഷ്മമായ ശാസ്ത്രചിന്തനത്തിലുള്ള ജന്മസിദ്ധമായ പ്രാഗല്ഭ്യവും ഈ രണ്ടുപന്യാസങ്ങളിൽനിന്നും സ്ഫുടമായി പ്രത്യക്ഷീഭവിക്കുന്നു.

## ഭാഷാകൃതികൾ

(23) കേരളപാണിനീയം (1071), (24) കേരളപാണിനീയം പരിഷ്കരിച്ച പതിപ്പ് (1092), (25) ഭാഷാഭൂഷണം (1077), (26) വൃത്തമഞ്ജരി, (27) സാഹിത്യസാഹ്യം (1086), (28)

മണിദീപിക (1084), (29) ശബ്ദശോധിനി, (30) മധ്യമവ്യാകരണം, (31) പ്രഥമവ്യാകരണം എന്നിങ്ങനെ ഒൻപതു ശാസ്ത്രഗ്രന്ഥങ്ങൾ കോയിത്തമ്പുരാൻ ഭാഷയിൽനിബന്ധിച്ചിട്ടുണ്ട്. (32) മലയാളശാകുന്തളം (33) മാളവികാഗ്നിമിത്രം (1091), (34) ചാരുദത്തൻ (1092), (35) സ്വപ്നവാസവദത്തം എന്നീ നാലു നാടകങ്ങൾ, (36) ഭാഷാമേഘദൂതം (1070), (37) ഭാഷാകുമാരസംഭവം (1073) എന്നീ രണ്ടു കാവ്യങ്ങൾ, (38) മലയവിലാസം, (39) പ്രസാദമാല (1094) എന്നീ രണ്ടു സ്വതന്ത്രകാവ്യങ്ങൾ ഇവയാണ് സാഹിത്യകൃതികളിൽ പ്രാധാന്യത്തെ അർഹിക്കുന്നവ. അവിടത്തെ പതിനാറു ഗദ്യോപന്യാസങ്ങൾ സമാഹരിച്ച് 1112-ാമാണ്ടു 40 പ്രബന്ധസംഗ്രഹം എന്ന പേരിൽ ഒരു പുസ്തകം പ്രസിദ്ധീകൃതമായി. അതിൽ ഉൾപ്പെടാതെ കവിസഭാരഞ്ജനഭാഷ്യം മുതലായി വേറെയും ചില ഉപന്യാസങ്ങൾ പഴയ പത്രഗ്രന്ഥങ്ങളിൽ കാണാം. (41) നമ്മുടെ മഹാന്മാർ എന്നൊരു ലഘുകൃതിപരമ്പര പ്രസിദ്ധീകരിച്ചപ്പോൾ അതിൽ വലിയ കോയിത്തമ്പുരാനെപ്പറ്റിയുള്ള ഉപന്യാസം രചിച്ചതു് ഏ. ആറാണ്. ഒരു വ്യാഖ്യാതാവെന്നനിലയിലും അദ്ദേഹം കേരളീയക്കു നിത്യസ്മരണീയനാണ്. 42 ഉണ്ണായിവാരിയരുടെ നളചരിതം ആട്ടക്കഥയ്ക്കു കാന്താരതാരകം (1088), (43) വലിയകോയിത്തമ്പുരാന്റെ കേരളഭാഷാശാകുന്തളത്തിനു വ്യാഖ്യ, (44) മയൂരസന്ദേശത്തിനു മർമ്മപ്രകാശം (1070) എന്നീ വ്യാഖ്യാനങ്ങളെ പ്രകൃതത്തിൽ പരിഗണിക്കേണ്ടതുണ്ട്. അദ്ദേഹത്തെ, ഭാഷയെസ്സംബന്ധിച്ചിടത്തോളം ഒരുശാസ്ത്രകാരനെന്ന നിലയിലാണ് കേരളീയർ പൊതുവേ അത്യധികമായി ആരാധിക്കുന്നതും ആരാധിക്കേണ്ടതും. സാഹിത്യകൃതികൾ മിക്കവാറും വിവർത്തിതങ്ങളാണെന്നു പറയേണ്ടതില്ലല്ലോ. എങ്കിലും അവയെത്തന്നെ ആദ്യമായി വിമർശിക്കാം.

### മേഘദൂതം

സംസ്കൃതത്തിലെന്നപോലെ ഭാഷയിൽ ആദ്യകാലങ്ങളിൽ കവനം ചെയ്യുന്നതിൽ ഏ. ആർ. പരിചയിച്ചിരുന്നില്ല. അക്കാലത്തു സംസ്കൃതത്തിൽ കവിയശസ്സു ലഭിക്കുമെന്നുള്ള നിശ്ചയമുള്ളവരിൽ പത്തിന് ഒൻപതുപേരും ഭാഷാകവികളാകുവാൻ അവരുടെ സമയം വ്യയം ചെയ്തിരുന്നില്ലെന്നുള്ള വസ്തുത നാം വിസ്മരിക്കരുത്. വിജ്ഞാനചിന്താമണി, ബ്രഹ്മവിദ്യ മുതലായ പത്രികകളെ നിരന്തരമായി ഗദ്യപദ്യങ്ങളെക്കൊണ്ട് അലങ്കരിച്ച് അഖിലഭാരതപ്രശസ്തി നേടുവാൻ അതിനുമുൻപുതന്നെ കഴിഞ്ഞിരുന്ന അദ്ദേഹം തന്റെ ആദ്യത്തെ ഭാഷാശ്ലോകമായി പ്രസിദ്ധീകരിച്ചതു ഭരത്തൃഹരിയുടെ ‘ആബദ്ധകൃത്രിമസടാ’ എന്ന ശ്ലോകത്തിന്റെ തർജ്ജമയായിരുന്നു,

> “കൃത്വാ കൃത്രിമകേസരം സടകളും സ്കന്ധത്തിൽ ബന്ധിച്ചുടൻ
> ജോഷം വേഷമൊരുക്കിയൊക്കവെ ഹരിസ്ഥാനത്തിരുത്തീടുകിൽ
> നിത്യം മത്തഗജേന്ദ്രമസ്തകതടം പെട്ടെന്നുപൊട്ടിക്കുമ-
> പ്പാരീന്ദ്രൻ ചൊരിയുംപടിക്കു ശുനകൻ സർജ്ജിക്കുമോ ഗർജ്ജനം?”

എന്നതാണ് ആ തർജ്ജമ. ദ്വിതീയാക്ഷരപ്രാസം പരിത്യക്തമായി എന്നല്ലാതെ ആ ശ്ലോകത്തിൽ മറ്റൊരു വിശേഷവും ഭാവുകന്മാർക്കു നിരീക്ഷിക്കുവാൻ സാധിച്ചില്ല. മലയാള മനോരമയിൽ 1066-ാമാണ്ടാണ് അതിന്റെ ആവിർഭാവം. അതു സംബന്ധിച്ച് കടത്തനാട്ട് ഉദയവർമ്മതമ്പുരാന് എഴുതിയ ഒരു മറുപടിയിൽ

"ആഴം ദീർഘത ദർഘടങ്ങൾ പലതും കൂടുന്ന ഗൈർവ്വാണമാ-
മാഴിക്കുള്ളിലിറങ്ങിയേറിയൊരുനാൾ നീന്തിത്തുടിച്ചീടിലും
ദൂരം ഗാധതമൂലമോളമധികം കോലുന്ന ഭാഷാസരഃ-
പൂരത്തിൽക്കുഴയുന്ന ഞാനൊരു കരം പ്രാസം മുടക്കീടവേ."

എന്ന ശ്ലോകത്തിൽ കോയിത്തമ്പുരാൻ തന്റെ തദ്വിഷയകമായ അന്തർഗ്ഗതം വെളിപ്പെടുത്തി. "വാസന തികവുള്ള ഭവാൻ പ്രാസമുപേക്ഷിച്ചതെന്തൊരാവശ്യം?" എന്നും മറ്റും നടുവത്തച്ഛൻ മുതൽപേർ പിന്നെയും ചോദിച്ചുകൊണ്ടിരുന്നു. ആയിടയ്ക്കുതന്നെ മനോരമയിൽ ദ്വിതീയാക്ഷരപ്രാസം ഭാഷാകവിതയിൽ അനുപേക്ഷണീയമല്ലെന്നു കൃത്യകൃത്ത് എന്ന വ്യാജനാമത്തിൽ ഒരു ലേഖകൻ വാദിച്ചുതുടങ്ങി. ആ മതം ശരിയല്ലെന്നു കൃത്യവിത്ത് എന്ന പേരിൽ മറ്റൊരു ലേഖകൻ അതിനു മറുപടി എഴുതി. "കവിതാവാസനയില്ലാത്തവർ കവിതയ്ക്ക് ആരംഭിക്കരുതാത്തതുപോലെ പ്രാസം പ്രയാസംകൂടാതെ പ്രയോഗിക്കുന്നതിനു സാമർത്ഥ്യമില്ലാത്തവർ അതിനു പുറപ്പെടരുതാത്തതാകുന്നു" എന്നു വലിയകോയിത്തമ്പുരാനും "പ്രാസമെന്നതുഭാഷാകവിതയുടെ പദ്ധതിയിൽ ദുർഗ്ഗംപോലെ ഒരു പ്രതിബന്ധമായിത്തീർന്നിട്ടുണ്ടെന്നാണ് എന്റെയും അഭിപ്രായം" എന്നും "ദ്വിഃപ്രാസം ഭാഷയ്ക്ക് അത്യാവശ്യമാണെന്ന് അഭിപ്രായപ്പെടുന്നത് വെളുത്ത ആളുകൾക്കേ സൗന്ദര്യമുള്ളൂ എന്നു വാദിക്കുന്നതുപോലെയാണ്" എന്നും ഏ. ആർ. രാജരാജവർമ്മകോയിത്തമ്പുരാനും ആ വാദത്തിൽ അവരുടെ മതം രേഖപ്പെടുത്തി. അങ്ങനെ 1066-ൽത്തന്നെ സ്പഷ്ടീഭവിച്ചതാണ് അമ്മാവനും മരുമകനും തമ്മിൽ ആ വിഷയത്തിലുള്ള പ്രബലമായ അഭിപ്രായവ്യത്യാസം. ആ അങ്കുരം പതിനാറു വർഷം വർദ്ധിച്ചു വൃക്ഷരൂപം കൈക്കൊണ്ടതിനുമേലാണ് 1083-ലെ പുതിയ ദ്വിതീയാക്ഷരപ്രാസവാദം അതിന്റെ ഉച്ചകോടിയിലെത്തിയത്. സ്വപക്ഷസാധനവ്യഗ്രനായി ഏ. ആർ. എഴുതിയ ഒന്നാമത്തെ കാവ്യമായിരുന്നു മേഘദൂതം. അതിന്റെ മുഖവുരയിൽ വിവർത്തകൻ ഇങ്ങനെ പറയുന്നു. "ഇക്കാവ്യത്തിൽ ദ്വിതീയാക്ഷരപ്രാസം ചെയ്യാത്തതിന് എനിക്കു സ്വഭാവേന അതിന്റെ നേരേയുള്ള ഉദാസീന ബുദ്ധി മാത്രമല്ല തർജ്ജമകളിൽ ഇതൊട്ടും ആവശ്യകമല്ലെന്നുള്ള വിചാരവും കാരണമാകുന്നു." പിന്നെയും ചിലതെല്ലാം അതിനെക്കുറിച്ചു പ്രസ്താവിച്ചിട്ടുണ്ട്. "ദ്വിതീയാക്ഷരപ്രാസം മണിപ്രവാളത്തിന് ഒരു ഭംഗിയാണെന്നുള്ളതിൽ" തനിക്കുലേശം വിവാദമില്ലെന്നും എന്നാൽ താൻ സംസ്കൃതസൂക്തിക്ക് പ്രത്യയപ്രയോഗം മേഘദൂതത്തിൽ നിശ്ശേഷം തിരസ്കരിച്ചിട്ടുള്ളതുകൊണ്ട് ആ ന്യായം ശുദ്ധമലയാളകാവ്യമായ അതിനു സംബന്ധിപ്പിക്കാവുന്നതല്ലെന്നും ഒരു വിശദീകരണവും നല്കികാണുന്നു. ആ തിരസ്കാരം കൂടാതെ അതിനു വളരെ മുൻപുതന്നെ വെണ്മണിപ്രസ്ഥാനക്കാർ ഭാഷയിൽ കവനംചെയ്തു വിജയം നേടിക്കഴിഞ്ഞിരുന്നു എന്നു നമുക്ക് അറിവുള്ളതാണല്ലോ. വാസ്തവത്തിൽ ദ്വിഃപ്രാസരാഹിത്യമല്ല മേഘദൂതത്തിന്റെ പ്രധാനവൈകല്യം. ദേശ്യപദപ്രയോഗബാഹുല്യമാണ് അതിലെ മുഖ്യദൂഷ്യം. മുഖത്തിനു മുകറെന്നും മറ്റുമുള്ള പര്യായപദസ്വീകരണവും, മുക്കണ്ണന്റണിതിങ്കൾ, വർഷിച്ചിഹ (വർഷിച്ച ഇഹ) ഇത്യാദി കുസന്ധിപ്രാചുര്യവുമാണ് അതിന്റെ ആകർഷകതയെ പ്രതിബന്ധിക്കുന്നത്. ഭാഷാശ്ലോകങ്ങളിൽ പ്രയോഗിക്കുന്നതു കഴിയുന്നതും ഭാഷാപദങ്ങളായിരിക്കണമെന്നും ആ ലക്ഷ്യപ്രാപ്തിക്കു ദേശ്യപദപ്രയോഗവും ഒരു ഉപായമായി സ്വീകരിക്കാമെന്നുമായിരുന്നു അദ്ദേഹത്തിന്റെ പക്ഷം. ചില നല്ല ശ്ലോകങ്ങളുമുണ്ട്.

"കൈത്തണ്ടിൽത്തടയാഞ്ഞു പൊൻവള വെടിഞ്ഞേറ്റം വിയോഗാർത്തിയോ-

ടേതാനും ദിവസങ്ങളമ്മലകളിൽ ചുറ്റിക്കഴിച്ചിട്ടവൻ
ആടിത്തിങ്കൾ പിറന്ന നാളിലരികേ പാർത്താൻ പെരുമ്പാറയാൽ-
ക്കുത്താടുന്നൊരു കൊമ്പനോടു കിടയാം പുത്തൻകൊട്ടുകാറ്റിനെ."

എന്നാൽ അത്തരത്തിൽപ്പെടാത്ത ശ്ലോകങ്ങളും ധാരാളമുണ്ടെന്നു പറയാതെ നിർവ്വാഹമില്ല.

"വേടപ്പേടമൃഗാക്ഷിമാർകളികളും കണ്ടൊന്നിരുന്നിട്ടടൻ
ശേഷിക്കും മഴപെയ്തു തീർത്തു. തരസാ ദൂരം കടന്നീടവേ
വെണ്ണീറിൻകുറി വൻകരീന്ദ്രമുതുകിൽത്തുക്കൊപ്പരക്കുംവിധം
കാണാം കല്ലു കഴന്ന വിന്ധ്യകഴലിൽക്കേഴും നദീ നർമ്മദാ"

എന്ന ശ്ലോകത്തെ പ്രത്യുദാഹരണമായി സ്വീകരിക്കാവുന്നതാണ്. ഭാഷാകവിതയിൽ ദ്വിതീയാക്ഷരപ്രാസത്തിനു തൃതീയാക്ഷരപ്രാസത്തേയും മറ്റും കവിഞ്ഞ ഒരു ശ്രവണസുഖം ഇല്ലെന്നു തുടങ്ങിയുള്ള ചില രുചിഭേദമാത്രനിഷ്ഠങ്ങളായ വാദമുഖങ്ങൾ ഉന്നയിച്ച് ആ പ്രാസത്തിന്റെ അനാവശ്യകതയേയും അതു ദീക്ഷിച്ചാൽ കവിക്കു നേരിടാവുന്ന അപകടങ്ങളേയും പറ്റി അദ്ദേഹം ദീർഘകാലം പ്രചാരണം നടത്തി. ദ്വിതീയാക്ഷരപ്രാസപക്ഷപാതികളെ

"പാദം നാലിലുമൊത്തുവെന്നു വരണം രണ്ടാമതാമക്ഷരം
വൃത്തം പൂർത്തിവരായ്കിലോ വിടവടച്ചീടാം നിരർത്ഥോക്തിയാൽ
യതിക്കേണ്ട യതിയ്ക്കു സംസ്കൃതപദം കുത്തിച്ചെലുത്താം മുറ-
യ്ക്കർത്ഥം ചേർന്നുവരും മുറയ്ക്കു തനിയേ ശ്ലോകം ചമച്ചേയ്ക്കണം"

എന്ന ശ്ലോകത്തിൽ അവഹേളനംചെയ്തു. സൽക്കവികളുടെ ലക്ഷ്യം എന്തായിരിക്കണമെന്ന് അദ്ദേഹത്തിന്റെ അനുയായിയായ കെ. സി. കേശവപിള്ള

"അന്യൂനാനതിരിക്തമായ് വിലസണം ശബ്ദങ്ങളർത്ഥങ്ങളും
പ്രാസാദ്യാഭരണങ്ങൾ വാങ്ങുവതിനായർത്ഥം കളഞ്ഞീടൊലാ
ദോഷം നീക്കി വളച്ചുകെട്ടുകളൊഴിച്ചൗചിത്യമോർത്തോതണം
സൽക്കാവ്യോചിതമായ വസ്തു വിവിധം വ്യങ്ഗ്യം വിളങ്ങുംവിധം"

എന്നു മറ്റൊരു ശ്ലോകത്തിൽ പ്രസ്പഷ്ടമാക്കുകയും ചെയ്തു. രണ്ടാമത്തെ ശ്ലോകത്തിലെ ആശയത്തെപ്പറ്റി. ആർക്കും വിപ്രതിപത്തിയുണ്ടാകുവാൻ മാർഗ്ഗമില്ല. അതു് ഒരു മർമ്മജ്ഞനായ സാഹിത്യകാരന്റെ ഉപദേശമായി ഏതു കവിയും സ്വീകരിക്കുകയും ചെയ്യും. പൂർവ്വസൂരികളുടെ മതം തന്നെയാണ് അതു് സങ്ഗ്രഹിച്ചിരിക്കുന്നതു്. എന്നാൽ "പാദം നാലിലുമൊത്തുവെന്നു വരണം രണ്ടാമതാമക്ഷരം" എന്ന ശ്ലോകത്തിൽ കാണുന്നതുപോലെയുള്ളതാണോ ദ്വിതീയാക്ഷരപ്രാസവാദികളുടെ ആദർശം? കുഞ്ഞിക്കുട്ടൻ തമ്പുരാൻ, കുണ്ടൂർ തുടങ്ങിയ കവിപുങ്ഗവന്മാരുടെ കവിത ആ അധിക്ഷേപത്തെ ഒരു പ്രകാരത്തിലും അർഹിക്കുന്നില്ലല്ലോ. ദ്വിഃപ്രാസം ദീക്ഷിച്ചതുകൊണ്ട് ഉത്തമകവികൾക്ക് യാതൊരു ക്ഷതിയും വരുവാനില്ല; അതു പരിവർജ്ജിച്ചതു കൊണ്ടുമാത്രം മറ്റുള്ളവക്ക് ഒരു മെച്ചവും സിദ്ധിക്കുവാനുമില്ല. അതാണു സൂക്ഷ്മമായ വസ്തുതത്വം.

## ഭാഷാകുമാരസംഭവം

ഭാഷാകുമാരസംഭവത്തിൽ "രതിവിലാപം" എന്ന ചതുർത്ഥസർഗ്ഗം വിട്ട് ആദ്യത്തെ എട്ടുസർഗ്ഗങ്ങളിൽ ബാക്കിയുള്ള ഏഴും തർജ്ജമചെയ്തിരിക്കുന്നു. അതിനുമേലുള്ള

ഭാഗം കാളിദാസകൃതമല്ല. രതിവിലാപം അമങ്ഗലസൂചകമാണെന്നുള്ള വിശ്വാസത്താൽ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്താറുമില്ല. അതുകൊണ്ടാണ് മുൻനിർദ്ദേശിച്ച ഏഴു സർഗ്ഗങ്ങൾ മാത്രം വിവർത്തനം ചെയ്യാൻ ഇടവന്നതു്. 1069 ഇടവം 3-ാംനു ആരംഭിച്ച ആ വ്യവസായം 1070 ഇടവം 26-ാംനു പരിസമാപ്തിയെ പ്രാപിച്ചു. മേഘദൂതത്തിലെ രചനാവൈകല്യങ്ങൾ പലതും അതിലും ഉണ്ടായിരുന്നു എന്നു കവിക്കു തന്നെ അതിന്റെ അഞ്ചാം പതിപ്പു പ്രസിദ്ധീകരിച്ച 1091-ാമാണ്ടിനുമുൻപു ബോധ്യമായി എന്ന് ആ പതിപ്പിന് എഴുതിയ മുഖവുരയിൽനിന്നു വെളിപ്പെടുന്നു. ഒന്നാമത്തെ പതിപ്പിൽ

"ഉണ്ടങ്ങു ദേവകലയാണ്ട വടക്കുദിക്കിൽ-
ച്ചൊല്ലാർന്നു മാമല ഹിമാലയനാമധേയൻ
ഈരാഴികൾക്കു നടുവേ നിലകൊൾകയാലീ-
യൂഴിക്കരയ്ക്കളവുകോലു പതിച്ചപോലെ"

എന്നിരുന്ന പ്രഥമസർഗ്ഗത്തിലെ പ്രഥമശ്ലോകം പിന്നീട്

"ഉണ്ടുത്തരാശയതിലങ്ങൊരു ദേവതാംശ-
മാണ്ടുള്ള മാമല ഹിമാലയനാമധേയൻ
ആഴിക്കു രണ്ടിനുമിടയ്ക്കിഹ നില്ക്കയാലീ-
യൂഴിക്കരയ്ക്കളവുകോലു പതിച്ച പോലെ"

എന്നു മാറ്റി. അതിലും ചില അസ്വാരസ്യങ്ങളുള്ളതായി ഒടുവിൽ വിശ്വാസം വന്നു. കവി പറയുകയാണ്: "ഇതിൽ 'ഉണ്ടു്' എന്നുള്ള ആരംഭം അർത്ഥത്തിനു പുഷ്ടി കൊടുക്കുമെങ്കിലും ആ രൂപം ദുർബ്ബലമായ ഒരു ക്രിയാപദമാകയാൽ കർണ്ണസുഖം മതിയാകുന്നില്ല. 'ഉത്തരാശയിൽ ഉണ്ടു്' എന്നു വിഭക്തി പിരിച്ചതുകൊണ്ടുള്ള ശൈഥില്യപ്രതീതി സുസഹമാണെങ്കിലും 'ആണ്ടു്' എന്നതു ദൂരപ്രതീതി വരുത്തുവാനാണെന്നു സമാധാനപ്പെടാമെങ്കിലും 'ഉത്തരാശ' എന്ന സമാസത്തിനു വിവക്ഷിതാർത്ഥപ്രതീതി ഉണ്ടാകുന്നില്ല. 'ആണ്ടുള്ള' എന്നതു 'ആണ്ടിട്ടുള്ള' എന്നാക്കിയാലേ വൈയാകരണൻ തൃപ്തിപ്പെടുകയുള്ളൂ. 'ഇഹ' ഒരുവക നിരർത്ഥകപദമാണ്. 'പതിച്ചപോലെ' 'പതിച്ചതുപോലെ' എന്നായാൽ അധികം നന്ന്. ഈ മാതിരിയിലാണ് അസ്വാരസ്യങ്ങൾ തോന്നുക." പന്ത്രണ്ടാം ശ്ലോകത്തിൽ 'കാക്കുന്നിവൻ' (കാക്കുന്നു ഇവൻ എന്നതു) കുസന്ധികളുടെ കൂട്ടത്തിൽ ഗണിക്കേണ്ടതാണെന്നും സമ്മതിക്കുന്നു. പ്രഥമശ്ലോകം ആ പതിപ്പിൽ ഇങ്ങനെ വീണ്ടും ഭേദപ്പെടുത്തി.

"ദേവാനുഭാവധരനുത്തരദിക്കിലുണ്ടു
മേവുന്നു മാമല ഹിമാലയനാമധേയൻ
ആഴിക്കു രണ്ടിനുമിടയ്ക്കു കിടക്കയാലീ-
യൂഴിക്കരയ്ക്കളവുചങ്ങലയെന്നപോലെ."

കുമാരസംഭവം വിശിഷ്ടമായ ഒരു ഭാഷാകാവ്യമാണ്. 'അതു്' തുടങ്ങിയ ചില നിരർത്ഥകപദങ്ങളും 'ശിരസ്സീന്നു' മുതലായ ചില സങ്കുചിതപദപ്രത്യയാങ്ഗഭങ്ഗങ്ങളും 'മുതക്കിടി' ഇത്യാദി ദേശ്യപദങ്ങളും 'പിന്നാർക്കുമാകാത്ത പ്രവൃത്തി' എന്ന ഹതവൃത്തപ്രയോഗവും വേറെയും പല അഭങ്ഗികളും വർജ്ജിച്ചിട്ടില്ലെങ്കിലും ചില അംശങ്ങളിൽ അത്ര ഗുണോത്തരമായ ഒരു വിവർത്തിതകാവ്യം ഭാഷയിൽ വേറെയുണ്ടോ എന്നു സഹൃദയന്മാർ സംശയിച്ചുപോകും. താഴെച്ചേർക്കുന്ന ശ്ലോകങ്ങൾ പരിശോധിക്കുക.

“ഫണാമണികൾ മിന്നിച്ചിട്ടവനെക്കാത്തു രാത്രിയിൽ
വാടാവിളക്കായ് വാഴുന്നു വാസുകിപ്രമുഖോരഗർ.

കല്പവൃക്ഷങ്ങളർപ്പിക്കുമനർഘാഭരണങ്ങളാൽ
പ്രഭവിൻ പ്രീതി നേടുന്നു കാര്യസിദ്ധിക്കു ശക്രനും.

ഇച്ചൊന്നതൊക്കെച്ചെയ്തിട്ടും ദ്രോഹിക്കുന്നു മഹാസുരൻ
ഇണക്കം ദുഷ്ടരിൽപ്പറ്റാ പിണക്കംതാൻ ഫലപ്പെടും.

ദേവസ്ത്രീകൾ കനിഞ്ഞെന്യേ തളിർ നുള്ളാത്ത ശാഖികൾ
വെട്ടേറ്റു വീഴ്വതിൻ സ്വാദിന്നറിഞ്ഞൂ നന്ദനത്തിലും.

(ദ്വിതീയസർഗ്ഗം)

“വിൺഗങ്ഗയിൽച്ചെന്നു പറിച്ചുണക്കി-
ക്കോർത്തോരു തണ്ടാർമണിമാലയപ്പോൾ
ഓമൽക്കരത്തിങ്കലെടുത്തു ഗൗരി
തപസ്വിയാം ദേവനു കാഴ്ചവച്ചാൾ.

ഗിരീശനും ഭക്തജനപ്രിയത്താ-
ലൊരുങ്ങി സൽക്കാരമതേറ്റുകൊൾവാൻ
കെല്പോടു മുപ്പാരുമയക്കിയെന്നു
നൽബ്ബാണമാദ്ദർപ്പകനും തൊടുത്താൻ.

ചന്ദ്രോദയം പാർത്തെഴുമാഴിപോലെ-
യന്നേരമൊന്നുള്ളമലിഞ്ഞു ദേവൻ
പാരിച്ച ബിംബാധരകാന്തി കോലു-
മുമാമുഖം കണ്ണുകളാൽ നുകർന്നാൻ.”

(തൃതീയസർഗ്ഗം)

## മലയവിലാസം

മലയവിലാസത്തിൽ രണ്ടു ഭാഗങ്ങളിലായി ഇരുപത്തിരണ്ടു ശ്ലോകങ്ങൾ അടങ്ങിയിരിക്കുന്നു. മലയപർവ്വതത്തിന്റെ വർണ്ണനമാണ് വിഷയം. ഇതു കവി എന്നെഴുതി എന്നു നിശ്ചയമില്ല. അതിലെ ചില ശ്ലോകങ്ങൾ ഭാഷാഭൂഷണത്തിൽ ഉദാഹരിച്ചു കാണുന്നതിനാൽ 1077-ാമാണ്ടിനു മുൻപാണെന്നു മാത്രം പറയാം. ഏ. ആറിന്റെ സംസ്കൃതകവിതയിലെ കല്പനാസുഭഗമായ കാവ്യരീതിയാണു മലയവിലാസത്തിൽ പ്രതിഫലിക്കുന്നത്.

“ജലേശ്വരൻതന്നുടെ രാജധാനിയിൽ.
ബ്ബലത്തിനായ്ത്തീർത്തൊരു കോട്ടതാനിതോ
അതിങ്കലിസ്സന്ധ്യയുമർക്കമൂർത്തിയാൽ-
പ്പതിച്ചിടുന്നോ പുതുതാഴികക്കുടം?

നിനച്ചിടുമ്പോൾ നിജനാട്ടിലെപ്പൊഴും
പൊഴിച്ചിടേണം ജലമെന്നൊരാശയാൽ
കരുത്തനാം ഭാർഗ്ഗവനന്നു ശേഖരി-
ച്ചെടുത്തു സൂക്ഷിച്ചൊരു മേഘമാലയോ?”

## പ്രസാദമാല

ശ്രീമൂലംതിരുനാൾ മഹാരാജാവിന്റെ ഷഷ്ട്യബ്ദപൂർത്തി മഹോത്സവം 1093-ാമാണ്ട് കന്നി മാസത്തിൽ സമാഗതമായപ്പോൾ കേരളത്തിലെ പല കവികളും തത്സംബ ന്ധമായി ഗ്രന്ഥങ്ങൾ എഴുതി അവിടത്തേക്ക് ഉപായനീകരിച്ചു. പ്രൊഫസർ കോ യിത്തമ്പുരാൻ ആ അവസരത്തിൽ രചിച്ച ഒരു ദേവതാസ്തോത്രരൂപമായ കാവ്യമാ ണ് പ്രസാദമാല. അതിലെ സമർപ്പണ ശ്ലോകങ്ങളിൽ ഒന്നാണ് അടിയിൽ ചേർ ക്കുന്നത്.

“ഓരോ ദേവതമാരെയും മഹിതമാമൃഗ്വേദസൂക്തങ്ങൾ തൊ-
ട്ടാരാഞ്ഞുൽക്കടഭക്തിയോടരുളിനേൻ സൽപ്പദ്യപുഷ്പാഞ്ജലി;
ആരാധിച്ച സുമങ്ങൾകൊണ്ടു സരവും ഗുല്യങ്ങളും തീർത്തിതാ
ഹാരംപോലെ ചമച്ച മാലിക സമർപ്പിക്കുന്നു തൃക്കയ്യിൽ ഞാൻ.”

പ്രസ്തുതമാലയിൽ വൈദികഗുച്ഛകം, പൗരാണികഗുച്ഛകം, ആചാര്യപ്രാത്ഥന എന്നു മൂന്നു ഗുച്ഛകങ്ങളും അവയിൽ ആദ്യത്തെ ഗുച്ഛകത്തിൽ പൃഥ്വീസ്ഥാനദേവതാ പ്രാർത്ഥന, അന്തരീക്ഷ സ്ഥാനദേവതാപ്രാർത്ഥന, ദ്യുസ്ഥാനദേവതാപ്രാർത്ഥന എന്നു മൂന്നു സരങ്ങളും രണ്ടാമത്തേതിൽ സ്വസ്ഥാനദേവതാപ്രാർത്ഥന, ജ്യോതിർ മ്മയദേവതാപ്രാർത്ഥന, അവതാരദേവതാപ്രാർത്ഥന എന്നു മൂന്നു സരാന്തരങ്ങളും അടങ്ങിയിരിക്കുന്നു. ഒടുവിലത്തെ ഗുച്ഛകത്തിൽ അവൈദികമതസ്ഥാപകന്മാരായ ബുദ്ധൻ, ജിനൻ, ക്രിസ്തു, മുഹമ്മദ് എന്നിവരുടെ അനുഗ്രഹത്തിനും കവി പ്രാർത്ഥി ക്കുന്നുണ്ട്. അനുസ്യൂതമായ ഒരു കഥാവസ്തുവിന്റെ അഭാവം കവിത്വപ്രദർശനത്തിനു ബാധകമാകയാൽ അതിലേക്ക് അദ്ദേഹം ഉദ്യമിക്കുന്നില്ല. ചില ഉദാഹരണങ്ങൾ കൊണ്ടു ശൈലി വെളിപ്പെടുത്താം.

“ഇരുളാം കൂപത്തിൽക്കുഴയും ലോകരെ-
ക്കരജാലം നീട്ടിക്കരകേറ്റി

വിതതവിശ്വത്തിൻ വിവിധവൈചിത്ര്യം
പുതുതാക്കിക്കാട്ടി പ്രിയമേകാൻ

കുതുകക്കാതലാം കതിർ കോലും കോല-
മെതിരെ കാണിക്കും രവിയെത്താൻ

നിലയും കാലവും ക്രിയയും നോക്കീട്ടു
പലതാക്കിച്ചൊന്നാർ പഴമക്കാർ

അതിലോരോ പേരും പെരുതാം മംഗളം
ക്ഷിതിപന്നേകണം സദൃശംപോൽ.”

(വിഷ്ണു-ദ്യുസ്ഥാനദേവത)

“തൃക്ഷാത്മജാതനമൃതാഹൃതിചെയ്ത വീരൻ
പക്ഷാനിലോച്ചരിതപാവനസാമഗാനൻ
പക്ഷീശ്വരൻ ഗരുഡനിക്ഷിതിരക്ഷിതാവി-
ന്നക്ഷീണമേകുക പരാക്രമപൗരുഷങ്ങൾ.”

(ഗരുഡൻ-സ്വസ്ഥാനദേവത)

## ദൃശ്യകാവ്യങ്ങൾ

### മലയാളശാകുന്തളം

വലിയ കോയിത്തമ്പുരാന്റെ കേരളീയഭാഷാശാകുന്തളം തർജ്ജമയിൽ സംസ്കൃത പദപ്രയോഗം വളരെ അധികമായിപ്പോയി എന്ന കാരണത്താൽ രാജരാജവർമ്മ കോയിത്തമ്പുരാൻ കുറേയധികം ഭേദങ്ങൾ വരുത്തി വീണ്ടും അതേപേരിൽത്തന്നെ അവിടുത്തേക്കൊണ്ടു പ്രസിദ്ധീകരിപ്പിച്ചു. മരുമകന്റെ പാഠഭേദങ്ങൾ മുഴുവൻ മാതുലൻ സ്വീകരിച്ചില്ല. ഇരുകൂട്ടർക്കും അതു സമുചിതമായി തോന്നാത്തതിനാൽ മാതുലൻ അതുതന്നെ വീണ്ടും അല്പം പരിഷ്കരിച്ചു മണിപ്രവാളശാകുന്തളം എന്ന പേരിൽ 1087-ലും മരുമകൻ പുത്തനായി ഒരു തർജ്ജമ എഴുതിയുണ്ടാക്കി മലയാളശാകുന്തളം എന്ന പേരിൽ 1088-ലും പ്രചരിപ്പിച്ചു. ദാക്ഷിണാത്യപാഠമായിരുന്നു വലിയകോയിത്തമ്പുരാൻ പ്രായേണ അംഗീകരിച്ചിരുന്നതു്. എങ്കിലും ഔത്തരാഹപാഠത്തിന്റെ കലർപ്പുകൂടി അതിൽ അങ്ങിങ്ങു കാണാവുന്നതാണ്. അഭിരാമനാൽ ദർശിതമായ ശുദ്ധദാക്ഷിണാത്യപാഠത്തെ ആസ്പദമാക്കിയാണ് രാജരാജവർമ്മ കോയിത്തമ്പുരാന്റെ പരിഭാഷയുടെ ഗതി. കാളിദാസന്റെ അഭിജ്ഞാനശാകുന്തളം അഭിരാമന്റെ മർമ്മസ്പൃക്കായ വ്യാഖ്യാനത്തോടുകൂടി ഏ. ആർ. തന്നെ 1088-ൽ പ്രകാശിപ്പിക്കുകയുണ്ടായി. ആ മൂന്നു തർജ്ജമകളടേയും പ്രസാധകൻ തിരുവനന്തപുരത്തു ബി. വി. ബുക്കുഡിപ്പോ ഉടമസ്ഥൻ കുളക്കുന്നത്തു് എസ്. രാമൻമേനോനായിരുന്നു. തന്റെ പുതിയ പരിഭാഷയുടെ പ്രയോജനം മരുമകൻ സമർപ്പിച്ച സമർപ്പണശ്ലോകത്തിൽ നിർദ്ദേശിച്ചിട്ടുണ്ടു്.

> “മണേർമ്മഹാർഘസ്യ ഗുണാനഭിജ്ഞൈഃ
> പ്രവാളഭ്രയിഷ്ഠപദപ്രയോഗം
> ഗ്രന്ഥസ്യ തസ്യാഭിനവം വിവർത്ത-
> മഭ്യർത്ഥിതോഽഹം യദജല്പമേവം.”

അതിനെ വലിയകോയിത്തമ്പുരാൻ

> “വ്യാഖ്യാനഭേദാദപി പാഠഭേദാ-
> ദനേകഭേദം യദി മൂലമേവ
> പ്രസ്ഥാനഭേദാദ്രുചിഭേദതശ്ച
> ഭേദാവകാശസ്സുതരാം വിവർത്തേ.
>
> അതോ നവീനേ പരിവർത്തനേസ്മിൻ
> കൃതശ്ശ്രമോ നൈവ പിനഷ്ടി പിഷ്ടം
> ശാകുന്തളാർത്ഥാമൃതപാനപാത്ര-
> മേകം നവം കൈരളി! തേദ്യ ലബ്ധം”

എന്നും മറ്റുമുള്ള ശ്ലോകങ്ങൾകൊണ്ടു ശിഷ്യനെ സന്തോഷിപ്പിച്ചു സ്വീകരിക്കുകയും ചെയ്തു. മൂന്നാമത്തേയും നാലാമത്തേയും പരിഭാഷകളുടെ സമഗ്രതാരതമ്യവിവേചനം പ്രകൃതത്തിൽ അസംഗതമാണ്. രണ്ടിൽനിന്നും ആദ്യത്തെ രണ്ടു ശ്ലോകങ്ങൾ ഉദ്ധരിച്ചുകാണിക്കാം.

> “ധാതാവാദൗ ചമച്ചോരുദകമഥ ഹവിർവ്വാഹിയാം വീതിഹോത്രൻ
> ഹോതാതാനും ദിനേശൻ നിശയുടെ പതിയും നാദലക്ഷ്യം നഭസ്സും
> ഭൂതാളിക്കാകെയേകപ്രകൃതി പൃഥിവിയും പ്രാണദൻ മാരുതൻതാ-
> നേതാവദ്വ്യക്തമൂർത്ത്യഷ്ടകനലകുടയോൻ നിങ്ങളെക്കാത്തിടട്ടേ.”
>
> (മണിപ്രവാളശാകുന്തളം)

"ആദ്യത്തെസ്സൃഷ്ടി, ഹോതാ, വഥ വിധിഹുതമായുള്ള ഹവ്യം വഹിപ്പോ-
നാ ദ്വന്ദം കാലമാനാസ്പദമുലകു നിറഞ്ഞോരു ശബ്ദാശ്രയംതാൻ
വിത്തെല്ലാത്തിന്നുമേകപ്രകൃതി ചരജഗൽപ്രാണനാം തത്ത്വമെന്നീ
പ്രത്യക്ഷം മൂർത്തിയെട്ടാർന്നൊരു ജഗദധിപൻ
നിങ്ങളെക്കാത്തുകൊൾവൂ." (മലയാളശാകുന്തളം)

"വിജ്ഞന്മാരഭിനന്ദിച്ചേ വിജ്ഞാനം സാധുവായ് വരൂ
നല്ല ശിക്ഷ കഴിച്ചോർക്കുമില്ല വിശ്വാസമാത്മനി."
(മണിപ്രവാളശാകുന്തളം)

"വിദ്യ ശരിയെന്നുറയ്ക്കാൻ വിദ്വൽപ്രീതിക്കു പാത്രമായ് വരണം;
നന്നായ്പ്പഠിച്ചവന്നും തന്നിൽ വരുന്നില്ല നല്ല വിശ്വാസം."
(മലയാളശാകുന്തളം)

## ഇതരനാടകങ്ങൾ

ഓരോ കൊല്ലം ഓരോ നാടകം, ഭാഷയിൽ വിവർത്തനം ചെയ്യുകയും അതു യഥാസൌകര്യം അഭിനയിപ്പിക്കുകയും ചെയ്യുക എന്നൊരു ക്രിയാപരിപാടി കോയിത്തമ്പുരാൻ ഒടുവിൽ അനുഷ്ഠിച്ചു. ആ പരിപാടിയനുസരിച്ചു മാളവികാഗ്നിമിത്രം 1091-ലും അതിൽപ്പിന്നീട് ചാരുദത്തനും ഒടുവിൽ സ്വപ്നവാസവദത്തം 1092-ലും പരിഭാഷപ്പെടുത്തി. മാളവികാഗ്നിമിത്രത്തിന്റെ അവതാരികയിൽ കവി ഇങ്ങനെ പറയുന്നു: "കാടും പടലും വെട്ടിക്കളഞ്ഞു് ഒറ്റയടിപ്പാതയെങ്കിലും തെളിക്കാതെ ഉള്ളിൽ പ്രവേശിക്കാൻ പാടില്ലാത്ത വ്യാകരണകാന്താരത്തിൽ ചാടിക്കടന്നു ക്ലേശിച്ചുകൊണ്ടിരുന്ന എന്റെ ഹൃദയത്തിനു സൈ്വരസഞ്ചാരയോഗ്യമായ നാടകപ്പൂങ്കാവനത്തിൽ ചെന്നു കേറി അല്പനേരമെങ്കിലും ഒരു വിശ്രമസുഖം അനുഭവിക്കുന്നതിനുള്ള കൗതുകം തടുത്താൽ നില്ക്കാത്തവിധം അതിക്രമിച്ചു; ആ കൌതുകത്തിന്റെ ഫലമാണ് ഈ തർജ്ജമ."

ചാരുദത്തന്റെ ആമുഖത്തിൽ "ഉത്ഭവപ്രകാരം ചാരുദത്തൻ മാളവികയുടെ അനുജനും കലാവിലാസനാടകസംഘക്കാരുടെ വക നാടകാവലിയിൽ മൂന്നാമത്തെ പുസ്തകവുമാകുന്നു" എന്നു പറയുന്നു. ഭാസനാടകത്തിന്റെ അനുപദഭാഷാനുവാദമല്ല ചാരുദത്തൻ. "ഭാസനാടകത്തെ ഏതുവിധത്തിലുള്ള പ്രപഞ്ചനംകൊണ്ടു ശൂദ്രകൻ വൃഥാസ്ഥൂലമാക്കിത്തീർത്തുവോ ആ വിധം ശൂദ്രകന്റെ ബാക്കിയുള്ള ആറങ്കങ്ങളെ തക്ഷണംകൊണ്ടു കൃശീകരിക്കുകയാണു ഞാൻ ചെയ്തതു്" എന്നും പ്രസ്താവിക്കുന്നു. അതു് ആ നാടകം അഭിനയോചിതമാകുന്നതിനുവേണ്ടി ചെയ്ത വ്യതിയാനമാണ്. ചാരുദത്തനിലെ പല ഭാഗങ്ങളും ഒരു സ്വതന്ത്രകൃതിപോലെയായിട്ടുണ്ട്. സംസ്ഥാനകൻ പ്രാകൃത സമ്പ്രദായത്തിലുള്ള നാടോടിബ്ഭാഷയിലാണ് സംസാരിക്കുന്നത്. മേളക്കൊഴുപ്പിനു ചില ഗാനങ്ങളും ഇടകലർത്തീട്ടുണ്ട്. മാളവികാഗ്നിമിത്രവും ചാരുദത്തനും ഉത്തമകോടിയിൽ പരിലസിക്കുന്ന രണ്ടു നാടകങ്ങളാണ്. സ്വപ്നവാസവദത്തം അവയ്ക്കു് അടുത്തപടിയിലേ നില്ക്കുന്നുള്ളു. ചില ശ്ലോകങ്ങൾ പ്രദർശിപ്പിക്കാം.

"സരസോജ്ജ്വലരാഗമോമലാളിൻ
ചരണാബ്ജത്തിൽ വരച്ച രേഖ നോക്കു
ഹരവീക്ഷണമേറ്റു നീറിനില്ക്കും

സ്മരവൃക്ഷത്തിൽ മുളച്ച നാമ്പുപോലെ." (മാളവികാഗ്നിമിത്രം)

"സരസപല്ലവകോമളമായ നിൻ
ചരണതാരിണ ചഞ്ചലലോചനേ!
പരുപരുത്ത മരത്തിലണയ്ക്കയാൽ-
പ്പറക ചെറ്റൊരു വേദന പറ്റിയോ?"
(മാളവികാഗ്നിമിത്രം)

"സംസത്തിൽ സ്വാവമാനോദ്യതനൃപഭടരോടാത്തരോഷൻ സ്വവീര്യം
ശംസിക്കും സാധുപൗരപ്പരിഷയിലലിവാർന്നുന്മിഷന്മന്ദഹാസൻ
അംസത്തിൽച്ചന്ദ്രലേഖാവിമലകുവലയാ പീഡദന്തങ്ങളേന്തി-
ക്കംസധ്വംസത്തിനോങ്ങും മുരരിപു ഭഗവാൻ നിങ്ങളെക്കാത്തുകൊൾക."
(ചാരുദത്തൻ)

"ദാരിദ്ര്യത്തിലണഞ്ഞവന്റെ വചനം കൈക്കൊണ്ടിടാ ബന്ധുവും
പാരം ശീലശശിക്കു മങ്ങലുളവാമന്തസ്സഹോ! ഹാസ്യമാം
കെല്പില്ലാതെ കുഴങ്ങിയുറ്റവരൊതുങ്ങീടും വിപത്തേറെയാ-
മേല്പിക്കും പഴിയിങ്ങവന്റെ തലയിൽക്കുററം പരൻചെയ്കിലും."
(ചാരുദത്തൻ)

"ഭിന്നിപ്പിച്ചു രിപുക്കളെ; പ്രജകളിൽ ത്വത്ഭക്തിയാശ്വാസവും
കുന്നിപ്പിച്ചു; ഭവാനു പാർഷ്ണിബലവും സജ്ജിച്ചു യാത്രക്കു ഞാൻ;
സന്നദ്ധം രിപുനിഗ്രഹത്തിനുചിതം സംഭാരമോരോന്നുമേ;
സൈന്യം ഗംഗ കടന്നുതീർന്നു; വഴിയേ നിൻകൈക്കലാം രാജ്യവും."
(സ്വപ്നവാസവദത്തം)

ഈ നാടകങ്ങൾ രചിച്ച കാലത്തു കോയിത്തമ്പുരാന്റെ ഭാഷാകവിത വളരെ വളരെ ഉയർന്നുകഴിഞ്ഞിരുന്നു.

## ശാസ്ത്രകൃതികൾ

### കേരളപാണിനീയം പഴയപതിപ്പ്

ഭാഷയ്ക്കു സർവ്വസമ്മതവും സമ്പൂർണ്ണവുമായ ഒരു വ്യാകരണം നിർമ്മിക്കണമെന്നുള്ള ആഗ്രഹം കോയിത്തമ്പുരാന് 1058-ൽ സർക്കാർ ഹൈസ്കൂളിൽ അധ്യയനം ആരംഭിച്ചപ്പോൾത്തന്നെ അങ്കുരിച്ചുകഴിഞ്ഞിരുന്നു. ആ ആഗ്രഹം സഫലമാക്കുന്നതിന്നുവേണ്ടി അന്നു നിലവിലിരുന്ന (1) ഗുണ്ഡർട്ടിന്റെ വ്യാകരണം, (2) ഗാർത്തുവെയിറ്റിന്റെ വ്യാകരണം ചോദ്യോത്തരം, (3) പീറ്ററിന്റെ വ്യാകരണം, (4) ഗീവറുഗീസ് മാത്തന്റെ വ്യാകരണം, (5) കോവുണ്ണിനെടുങ്ങാടിയുടെ കേരളകൗമുദി, (6) പാച്ചുമൂത്തതിന്റെ വ്യാകരണം, എന്നീ പുസ്തകങ്ങൾ നിഷ്കർഷിച്ചു പഠിച്ചതിനുപുറമേ തമിഴ്‌വ്യാകരണത്തിലും തെലുങ്കുവ്യാകരണത്തിലും കൂടി അത്യാവശ്യത്തിനുവേണ്ട അറിവു സമ്പാദിച്ചു. സൗകര്യം കിട്ടിയപ്പോൾ നവീനരീതിയിൽ ഒരു മലയാളവ്യാകരണം എഴുതിത്തുടങ്ങി. മറ്റു ജോലികൾക്കിടയിൽ നാലിലധികം സംവത്സരം വിനിയോഗിച്ച് അതു പൂർത്തിയാക്കി; 1071-ൽ പ്രസിദ്ധീകരിച്ചു. തന്റെ വ്യാകരണഗുരുവായ വലിയകോയിത്തമ്പുരാന്നാണ് ആ ഗ്രന്ഥം സമർപ്പിച്ചത്.

"സാലാതുരീയമുനിമന്ദരമഥ്യമാനഃ

കാത്യായനാമരസരിജ്ഝരപൂര്യമാണഃ
ശ്രീമൽപതഞ്ജലിഘടോ്ഭവചൂഷ്യമാണ-
ശ്ശബ്ദാനുശാസനമഹാജലധിശ്ചകാസ്തി.

. . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . .

തസ്യൈതസ്യ സമന്തതോപി ഹരിതാംകൂലങ്കഷസ്യാംബുധേഃ
കല്ലോലേഷു കുതൂഹലാകുലതയാ നിഷ്ണാതവദ്ഭിശ്ചിരം
ശ്രീമദ്ഭിർഭഗിനീസുതപ്രണയിഭിർവ്വീചീഷു സഞ്ചാരിതഃ
സോയം കിഞ്ചിദുപാഹരാമി ഭവതാം സംയാത്രയാത്രാർജ്ജിതം.
യദ്വാലം കഥിതൈരഹോ ന ഖലു ഭോഃ സൂത്രാണി സംസീവ്യതാ
രീതിം കേരളവൈഖരീയസമുദാചാരോചിതാം ഗൃഹ്ണതാ
ശബ്ദാനാമനുശിഷ്ടിരാപദശിഖം സംവർണ്ണിതേയം മയാ
ബദ്ധാ കേരളവർമ്മണൈവ ഗുരുണേത്യാനീയതാമാദരാൽ.”

ഇവ ആ സമർപ്പണശ്ലോകങ്ങളുടെ കൂട്ടത്തിൽപ്പെടുന്നു. സൂത്ര–വൃത്തി–ഭാഷ്യാത്മകമായി ആഭ്യൂഹികപ്രസ്ഥാനത്തിൽ രചിച്ചിട്ടുള്ള ഒരു വ്യാകരണഗ്രന്ഥമാണ് കേരളപാണിനീയം. സൂത്രങ്ങൾ പാണിനിയുടേതുപോലെ അത്യന്തം ഹ്രസ്വങ്ങളാണ്. വൃത്തിയുടെ സാഹായ്യം കൊണ്ടു വേണം അവയുടെ അർത്ഥം ഗ്രഹിക്കുവാൻ. “ഇപ്പുസ്തകത്തിൽ ശരീരഭൂതമായതു വൃത്തി എന്ന ഭാഗമാകുന്നു. അതിലെ വാചകങ്ങൾക്കു കഴിയുന്നതും സാരള്യം വരുത്താൻ ശ്രമിച്ചിട്ടുണ്ട്. സൂത്രം എന്നതു തുടരെത്തുടരെ ഓമ്മിക്കുന്നതിനുതകുന്ന ഒരു നൂലെന്നേയുള്ളു. ഭാഷ്യം പ്രായേണ അധ്യാപകന്മാരുടെ ദൃഷ്ടിക്കുമാത്രമായി ഉദ്ദേശിക്കപ്പെട്ടതാണ്” എന്നു ഗ്രന്ഥകാരൻ ഓരോ. ഭാഗത്തിന്റേയും ഉപയോഗം വിശദീകരിക്കുന്നു. വ്യാകരണത്തിന്റെ വിഷയത്തെ ശിക്ഷ, പരിനിഷ്ഠ, ആകാംക്ഷ, നിരുക്തി എന്നു നാലു വകുപ്പുകളിലായി പിരിച്ച് ഓരോന്നിന് ഓരോ കാണ്ഡം വീതം വിനിയോഗിക്കുക, പൂർവ്വവൈയാകരണന്മാർ അങ്ഗീകരിച്ചിരുന്ന ഛന്ദസ്സ്, അലങ്കാരം ഈ വിഷയങ്ങളെ വ്യാകരണബാഹ്യങ്ങളാകയാൽ വിട്ടുകളയുക, സംസ്കൃതവ്യാകരണവും ഭാഷാവ്യാകരണവും തമ്മിൽ കൂട്ടിക്കുഴയ്ക്കാതിരിക്കുക, നാമം, കൃതി, ഭേദകം, നിപാതം, അവ്യയം എന്നിങ്ങനെ ശബ്ദങ്ങളെ അഞ്ചു വിഭാഗങ്ങളായി വേർതിരിക്കുക, ഗതികൾ, അനുപ്രയോഗങ്ങൾ, വിഭക്ത്യാഭാസങ്ങൾ ഇത്തരത്തിൽ ചില ശബ്ദസമൂഹങ്ങൾ ഉണ്ടെന്നു വ്യവസ്ഥാപനം ചെയ്യുക എന്നിങ്ങനെ ആശാസ്യങ്ങളായ പല പരിഷ്കാരങ്ങളും വരുത്തി ഭാഷാവ്യാകരണത്തിന്റെ സമഞ്ജസവും സസമ്പൂർണ്ണവുമായ സ്വരൂപം ഇദംപ്രഥമമായി പ്രദർശിപ്പിച്ചിട്ടുള്ള പ്രസ്തുത ഗ്രന്ഥത്തിന്റെ മാഹാത്മ്യം വാക്കുകളെക്കൊണ്ടു പരിച്ഛേദിക്കാവുന്നതല്ല. ആ സൂര്യോദയത്തിൽ അതിനുമുൻപുള്ള വ്യാകരണതാരങ്ങൾ എല്ലാം അസ്തപ്രഭങ്ങളായതിൽ ആശ്ചര്യമില്ലല്ലോ. ആ പുസ്തകത്തിന്റെ ആവിർഭാവത്തിനു മേലാണു കേരളീയർ ആ മഹാപുരുഷനെ “കേരളപാണിനി” എന്ന ബിരുദനാമം നല്കി അഭിവാദനം ചെയ്തുതുടങ്ങിയതു്. അതിനെത്തുടർന്നു ബാലവിദ്യാർത്ഥികളുടെ ആവശ്യത്തിനായി അതിലെ സിദ്ധാന്തങ്ങളെത്തന്നെ അടിസ്ഥാനപ്പെടുത്തി (1) പ്രാഥമികവ്യാകരണം, (2) മധ്യമവ്യാകരണം, (3) ശബ്ദശോധിനി എന്നിങ്ങനെ ഉത്തരോത്തരം വിവൃതങ്ങളായ മൂന്നു പുസ്തകങ്ങൾകൂടി പ്രസിദ്ധീകരിച്ചു. കേരളപാണിനീയത്തെപ്പറ്റി തനിക്കു തോന്നിയ ചില അഭിപ്രായഭേദങ്ങൾ മറ്റൊരു വൈയാകരണനായ എം. ശേഷഗിരിപ്രഭു ഭാഷാപോഷിണീ മാസികയിൽ തുടർച്ചയായി പ്രദർശിപ്പിക്കുകയുണ്ടായെങ്കിലും 1079-ൽ തലശ്ശേരിയിൽവച്ചു നടന്ന ഭാഷാപോഷിണിസഭയുടെ സമ്മേളനത്തിൽ “കേരളപാണിനീയം ഇപ്പോൾ സ്കൂളുകളിൽ ഉപ

യോഗിച്ചുവരുന്ന പുസ്തകങ്ങളിൽവച്ചു പല സങ്ഗതികളിലും നല്ലതായിരിക്കുന്നു. ഭാഷാശാസ്ത്രം ആധാരമാക്കി മലയാള ഭാഷയുടെ സ്വരൂപത്തേയും ഘടനയേയും ഗോത്രത്തേയും നിശ്ചയിച്ചു ഭാഷാശാസ്ത്രം കാട്ടിക്കൊടുക്കുന്ന മാർഗ്ഗങ്ങളിൽ വ്യാകരണവിഷയങ്ങളെ ഉപപാദിച്ച്, നൈയായികരീതിയിൽ സംജ്ഞകളെ നിർവ്വചിച്ച് അഭിപ്രായഭേദങ്ങളുള്ള ദിക്കുകളിൽ സിദ്ധാന്തത്തെ കാണിച്ചുകൊടുക്കുന്ന ഒരു ശാസ്ത്രീയവ്യാകരണം കേരളപാണിനീയം മാത്രമേയുള്ളൂ. പാണിനി, പതഞ്ജലി മുതലായ സംസ്കൃതവൈയാകരണന്മാരുടെ രീതിയേയും സൂക്ഷ്മമായ വ്യാകരണ തത്ത്വങ്ങളേയും കാണിക്കുന്നുണ്ട്" എന്നാണ് അദ്ദേഹത്തിന്റെ പ്രസങ്ഗത്തിൽ പ്രസ്താവിച്ചത്. അക്കാലത്തെ വൈയാകരണമൂർദ്ധന്യന്മാരിൽ അന്യതമനായിരുന്നരായം പേട്ട ആർ.വി. (പിന്നീടു മഹാമഹോപാധ്യായൻ) കൃഷ്ണമാചാര്യരും ആ അവസരത്തിൽ കേരളപാണിനീയത്തെപ്പറ്റി ശ്ലാഘിക്കുകയുണ്ടായി. കൃഷ്ണമാചാര്യർക്കു മലയാളത്തിലും നല്ല ജ്ഞാനമുണ്ടായിരുന്നു. ചാരുചര്യാശതകം അദ്ദേഹം തർജ്ജമ ചെയ്തിട്ടുണ്ട്.

### കേരളപാണിനീയം പരിഷ്കരിച്ച പതിപ്പ്

കാരികാവൃത്ത്യാദ്യാത്മകമായി ആഗമികപ്രസ്ഥാനത്തിൽ കേരളപാണിനി രചിച്ച സർവ്വങ്കഷമായ ഒരു വ്യാകരണഗ്രന്ഥമാണ് 1092-ൽ മുദ്രിതമായ പ്രസ്തുത പുസ്തകം. അതിന്റെ മുഖവുരയിൽ ആചാര്യൻ ഇങ്ങനെ പറയുന്നു. ആഭ്യൂഹികവ്യാകരണം രാജാധിപത്യത്തിന്റെയും ആഗമികവ്യാകരണം പൗരാധിപത്യത്തിന്റെയും സ്ഥാനം വഹിക്കുന്നു. ആകൃതിയിലും പ്രകൃതിയിലും മാത്രമല്ല, വേഷത്തിലും വിഷയത്തിലും കൂടി കേരളപാണിനീയത്തിന്റെ മുദ്രണത്തിൽ പറയത്തക്ക ഭേദഗതികൾ ചെയ്യേണ്ടിവന്നിട്ടുണ്ട്. അഹർമ്മാനവും യോഗ്യാദിയും എല്ലാം കഴിച്ചാൽ കേരളപാണിനീയം എന്ന പേർ മാത്രമേ ശേഷിക്കയുള്ളൂ. അതിനാൽ പ്രകൃതപുസ്തകം 1071-ൽ പ്രസിദ്ധപ്പെടുത്തിയ കേരളപാണിനീയത്തിന്റെ രണ്ടാം പതിപ്പാണെന്നു പറഞ്ഞറിയിക്കതന്നെ വേണ്ടിയിരിക്കുന്നു!" അതിന്റെ ആരംഭത്തിൽ എഴുതിച്ചേർത്തിട്ടുള്ള ദീർഘമായ പീഠിക അദ്ദേഹത്തിന്റെ ധിഷണാസമ്പത്തിനെയും പാണ്ഡിത്യപൗഷ്കല്യത്തെയും പ്രഖ്യാപനം ചെയ്യുന്നു. പുതിയ കേരളപാണിനീയത്തിന്റെ ബഹുമുഖങ്ങളായ വൈശിഷ്ട്യങ്ങളെപ്പറ്റി നാമനിർദ്ദേശം ചെയ്യുന്നതിനുപോലും സ്ഥലം അനുവദിക്കുന്നില്ല. മറ്റൊരു പുസ്തകം അതുപോലെ എഴുതുവാൻ യാതൊരു ഭാഷാപണ്ഡിതനും നാളിതുവരെ ഉദ്യമിച്ചിട്ടില്ലെന്നുള്ളതുതന്നെ അതിന്റെ അന്യാദൃശമായ മഹിമയ്ക്കു നിദർശനമാകുന്നു.

### മണിദീപിക

കേരളപാണിനീയത്തിൽ സംസ്കൃതവ്യാകരണത്തിലെ വിഷയങ്ങൾ പ്രതിപാദിച്ചിട്ടില്ലെന്നു പറഞ്ഞുവല്ലോ. സംസ്കൃതവ്യാകരണത്തിന്റെ ഒരു സ്ഥൂലമായ ജ്ഞാനമെങ്കിലും ഇല്ലാതെ മണിപ്രവാളകവിത ശരിക്ക് ആസ്വദിക്കുവാൻ സാധിക്കുന്നതല്ല എന്നുള്ളതിനുപുറമേ, ഏതെങ്കിലും ഒരു പുതിയ അർത്ഥത്തെ കുറിക്കുന്നതിന് ഒരു പുതിയ ശബ്ദം ആവശ്യപ്പെട്ടാൽ അതിനു സംസ്കൃതത്തെ ആശ്രയിക്കാതെ ഗത്യന്തരമില്ലാത്തതും, അതു സുശബ്ദമായിരിക്കണമെങ്കിൽ കൃത്തദ്ധിതാദിപ്രകരണങ്ങളിൽ പ്രയോക്താവിനു സാമാന്യ പരിചയമെങ്കിലും ഉണ്ടായിരിക്കേണ്ടതുമാണ്. ഭാഷ പഠിക്കുന്ന വിദ്യാർത്ഥികൾക്കു സംസ്കൃതവ്യാകരണത്തിന്റെ ഒരു ലഘുവായ പരിചയം സമ്പാദിക്കുന്നതിനു പ്രവേശികാരൂപത്തിൽ കാരികാവൃത്ത്യാത്മകമായ മലയാളത്തിൽ രചിച്ചിട്ടുള്ള ഒരു ഗ്രന്ഥമാണ് മണിദീപിക. 'മണിപ്രവാള' ശബ്ദത്തിലെ

മണിക്ക സംസ്കൃതം എന്നാണല്ലോ അർത്ഥം. മണിക്ക ദീപിക സ്ഥാനീയമാകുക നിമിത്തം പ്രസ്തുത പുസ്തകത്തിനു മണിദീപിക എന്ന സംജ്ഞ അർത്ഥവത്തായിരിക്കുന്നു. ഗ്രന്ഥാവസാനത്തിൽ അതിന്റെ പ്രയോജനത്തെപ്പറ്റി ഗ്രന്ഥകാരൻ ഇങ്ങനെ ഉപന്യസിക്കുന്നു.

“മണിപ്രവാളത്തിൽ വിളങ്ങിടുന്ന
മണിപ്രഭേദങ്ങളെടുത്തുകാട്ടാൻ
കൊളുത്തിനേൻ ദീപികയൊന്നിവണ്ണം
കോളൊത്ത മുന്ന്യഷ്ടകദീപയഷ്ടേഃ.

കൃതഃ പുരാ കേരളപാണിനീയേ
യതഃ പ്രവാളസ്യ വിശോധനായാം
മണേർവിമർശോ മണിദീപികേയം
മണിം പ്രവാളഞ്ച വിശോധയധ്വം.”

ആകെ 702 കാരികകൾകൊണ്ടു വക്തവ്യം മുഴവൻ സങ്ഗ്രഹിച്ചിരിക്കുന്നുവെന്നുള്ളതു വിസ്മയാവഹമാണ്. 1084-ൽ രചിച്ച ആ ഗ്രന്ഥവും വലിയകോയിത്തമ്പുരാനുതന്നെയാണ് സമർപ്പിച്ചിരിക്കുന്നത്.

“പുരാർപ്പിതം കേരളപാണിനീയം
സഹ പ്രജാഭിസ്ത്രിസൃഭിസ്സമിന്ധേ
കനീയസീയം മണിദീപികാസ്യ
നിവേദ്യതേ സംപ്രതി കൗതുകേന.

പഥ്യാം പാണിനിസൂത്രതിക്തഗുളികാപാളിം ഗളഗ്രാഹിണീം
ശുഷ്കത്വാൽ കഥമപ്യഹോ! നിഗിലതോവിജ്ഞാനസമ്പത്തയേ
യന്മാധ്വീ ഗുളജിഹ്വികാമകൃത മേ തസ്മിൻ പദാബ്ജേർപ്പയേ
തസ്യാസ്സാരകലാമിമാം വിതുഷിതാം വീതാനുബന്ധത്വതഃ”

എന്ന ആ ഘട്ടത്തിലെ രണ്ടു ശ്ലോകങ്ങൾ പ്രകൃതത്തിൽ അനുസ്മരണീയങ്ങളാണ്.

## ഭാഷാഭൂഷണം

ഭാഷാഭൂഷണം ഭാഷയിൽ സാഹിത്യശാസ്ത്രത്തിലെ മിക്ക വിഷയങ്ങളേയും സ്പർശിക്കുന്ന ഒരു അലങ്കാരഗ്രന്ഥമാണ്. അതു കോളേജുവിദ്യാർത്ഥികളുടെ ആവശ്യത്തെ പുരസ്കരിച്ച് എഴുതീട്ടുള്ളതുതന്നെ. അലങ്കാരപ്രകരണം, ദോഷപ്രകരണം, ഗുണപ്രകരണം, ശബ്ദാർത്ഥപ്രകരണം, ധ്വനിപ്രകരണം, ഗുണീഭൂതവ്യംഗ്യപ്രകരണം എന്നിങ്ങനെ ആറു പ്രകരണങ്ങൾ ഉൾപ്പെടുത്തീട്ടുണ്ട്. നായകപ്രകരണം, നാടകപ്രകരണം, ഇത്യാദികൾ വിട്ടിരിക്കുന്നു. സംസ്കൃതത്തിലുള്ള എല്ലാ അലങ്കാരഗ്രന്ഥങ്ങളേയും പരിശോധിച്ച് ഓരോ അംശത്തിൽ ഓരോ പൂർവ്വാചാര്യന്മാരുടെ മതം അംഗീകരിച്ചിട്ടുണ്ട്. “അർത്ഥാലങ്കാരങ്ങളെ അതിശയോക്തി, സാമ്യോക്തി, ശ്ലേഷോക്തി, വാസ്തവോക്തി എന്നു നാലിനങ്ങളായി പിരിച്ചിരിക്കുന്നതു കാവ്യാലങ്കാരകാരനായ രുദ്രടന്റെ സിദ്ധാന്തമനുസരിച്ചാകുന്നു. അവയുടെ സംഖ്യ ചുരുക്കിയതിൽ അലങ്കാരശേഖരകാരനായ കേശവമിത്രന്റെ പക്ഷത്തെ അനുകരിച്ചിരിക്കുന്നു. അങ്ങനെ പലരോടും കടപ്പെട്ടിട്ടുണ്ടെങ്കിലും ഏതാനും ചിലേടത്തു സ്വന്തമതംതന്നെ സ്ഥാപിക്കേണ്ടതായും വന്നിട്ടില്ലെന്നില്ല. ഭാഷാഭേദം മറ്റുചില

ദിക്കുകളിൽ ഭേദഗതികൾക്കു കാരണമായിത്തീർന്നിട്ടുണ്ട്. സംസ്കൃതത്തിൽ മാത്രം സംഭവിക്കുന്ന ചില ദോഷങ്ങളേയും മറ്റും ഉപേക്ഷിക്കുകയും സംസ്കൃതത്തിലില്ലാതെ ഭാഷയ്ക്കുമാത്രം വരുന്ന മറ്റു ചിലതുകളെ പുതുതായി കല്പിക്കുകയും ചെയ്തിരിക്കുന്നു" എന്നു ഗ്രന്ഥകാരൻ ചൂണ്ടിക്കാണിക്കുന്നു. ആകെക്കൂടി നോക്കുമ്പോൾ ആചാര്യന്റെ ഉദ്ദേശം ഫലിച്ചിട്ടുണ്ടെന്നും വിദ്യാർത്ഥികളുടെ ആവശ്യത്തിനു ഭാഷാഭൂഷണം ഒരു വിധമെല്ലാം മതിയാകുന്നതാണെന്നും പറയാം. സംപൂർണ്ണമായ ജ്ഞാനം സമ്പാദിക്കണമെങ്കിൽ സംസ്കൃതത്തിലെ സാഹിത്യശാസ്ത്രപ്രതിപാദകങ്ങളായ ഉപരിഗ്രന്ഥങ്ങൾതന്നെ പഠിക്കേണ്ടതാണെന്നു പറയേണ്ടതില്ലല്ലോ.

## വൃത്തമഞ്ജരി

ഭാഷയിൽ സർവ്വസ്പർശിയായ ഒരു വൃത്തശാസ്ത്രഗ്രന്ഥം വൃത്തമഞ്ജരി മാത്രമേയുള്ളു. അതിന്റെ മുഖവുരയിൽ ആചാര്യൻ ഇങ്ങനെ പ്രസ്താവിക്കുന്നു: "ഭാഷാഭൂഷണം പോലെ വൃത്തമഞ്ജരിയും ക്ലാസ്സിലെ ഉപയോഗത്തിനുവേണ്ടി എഴുതിയിരുന്ന നോട്ടുകളിൽ പോരാത്ത ഭാഗം ചേർത്തു പുസ്തകാകൃതിയിൽ വരുത്തീട്ടുള്ളതാകുന്നു . . . ഈ പുസ്തകത്തിൽ വിശേഷമായി ഒന്നു ചെയ്തിട്ടുള്ളതു ഭാഷാവൃത്തങ്ങൾക്കു സംജ്ഞാലക്ഷണകല്പനയാകുന്നു. സംസ്കൃതത്തിലെപ്പോലെ ഭാഷയിൽ ഗണ്യമായ വൃത്തശാസ്ത്രം ഇതേവരെ ആരും ഏർപ്പെടുത്തിക്കണ്ടില്ല . . . പ്രാചീനന്മാർ സംജ്ഞകൾ ചെയ്തിടത്ത് അതുകളെത്തന്നെ സ്വീകരിച്ചും, ഇല്ലാത്തിടത്തു പുതിയ സംജ്ഞകളെ സൃഷ്ടിച്ചുമാണ് ഇതിൽ ഭാഷാവൃത്തപ്രകരണം എഴുതീട്ടുള്ളത്."

## സാഹിത്യസാഹ്യം

സാഹിത്യയസാഹ്യവും ഭാഷാഭൂഷണംപോലെ ഭാഷാപോഷണത്തിനു പ്രയോജകീഭവിക്കുന്ന ഒരു ശാസ്ത്രഗ്രന്ഥമാകുന്നു. കൊച്ചി രാമവർമ്മ അപ്പൻതമ്പുരാൻ അതിന്റെ അവതാരികയിൽ പറയുന്നതുപോലെ "കേരളപാണിനീയം ശബ്ദനിയമങ്ങളെ സ്ഥാപിച്ചു. പദ്യകൃതികളെ നിയമനംചെയ്തുകൊണ്ടു ഭാഷാഭൂഷണം പിൻതുടർന്നു . . . സാഹിത്യസാഹ്യംകൊണ്ടു ഗദ്യകൃതികൾക്കും പുരോഗതിയുണ്ടായി." സാഹിത്യത്തിന്റെ പുറമേയുള്ള വേഷത്തെ ആസ്പദമാക്കി ഗദ്യം, പദ്യം, മിശ്രം എന്നു മൂന്നായിട്ടും, ഉദ്ദേശ്യത്തിന്റെ സ്വഭാവമനുസരിച്ച് ഉപദേശം, വിനോദം എന്നു രണ്ടായിട്ടും, രൂപം പ്രമാണിച്ച്, ആഖ്യാനം, വർണ്ണനം, വിവരണം, ഉപപാദനം എന്നു നാലായിട്ടും വിഭജിച്ചു സാഹിത്യത്തിന്റെ സ്വരൂപം ഗ്രന്ഥകാരൻ ആദ്യമായി കാണിച്ചതിനുമേൽ ഗദ്യശാഖയെ സംബന്ധിച്ചിടത്തോളം ഈ നാലു രൂപങ്ങളേയും പ്രപഞ്ചനം ചെയ്യുന്നു. ഇതു പൂർവ്വഭാഗത്തിലെ പ്രതിപാദ്യമാണ്. കൃതിപ്രണയനം എന്ന ഉത്തരഭാഗത്തിൽ പദം, വാക്യം, ഖണ്ഡിക എന്നിങ്ങനെ കെട്ടിച്ചമയ്ക്കുവാനുള്ള മൂന്നു സാധനങ്ങളിൽ ഓരോന്നിനേയും സംബന്ധിച്ച് എല്ലാവരും അറിഞ്ഞിരിക്കേണ്ടതും എന്നാൽ പലക്കും അറിവില്ലാത്തതുമായ പല ശുദ്ധിനിയമങ്ങളേയും വിവരിച്ചിരിക്കുന്നു. നല്ല ഗദ്യകാരന്മാരാകണമെന്ന് ആഗ്രഹിക്കുന്നവർ സാഹിത്യസാഹ്യം നിഷ്കർഷിച്ചു പഠിക്കുകയും അതിൽ നിർദ്ദിഷ്ടങ്ങളായ വ്യവസ്ഥകൾ ആകുന്നിടത്തോളം അനുസരിക്കുകയും ചെയ്യേണ്ടതാണ്. പ്രകൃതഗ്രന്ഥത്തിന്റെ നിർമ്മിതിയിൽ പ്രൊഫസർ കോയിത്തമ്പുരാൻ വിശിഷ്യ അനുമോദനീയനാകുന്നു. എന്തുകൊണ്ടെന്നാൽ അത്തരത്തിൽ ഒരു ഗ്രന്ഥം മാർഗ്ഗദർശകമായി അക്കാലത്തുണ്ടായിരുന്നില്ലല്ലോ. "ഇംഗ്ലീഷ് സാഹിത്യശാസ്ത്രകാരന്മാർ ചെയ്തിട്ടുള്ള വ്യവസ്ഥകളിൽ സ്വഭാഷയ്ക്കു യോജിക്കുന്നിടത്തോളം ഭാഗം അതേവിധം പകർത്തുകയും, ആ

ഛായ പിടിച്ച ചിലതു യഥാമതി കൂട്ടിച്ചേർക്കകയും" ആണ് ഗ്രന്ഥകാരൻ ചെയ്തിട്ടുള്ളത്. അത് ഏറ്റവും ക്ലേശസാധ്യമായ ഒരു പ്രയത്നമാണെന്ന പറയേണ്ടതുണ്ടെന്നു തോന്നുന്നില്ല. ഇംഗ്ലീഷുകാരുടെ മാനദണ്ഡംകൊണ്ടു പ്രാസംഗികമായി ഭാരവിപ്രമുഖന്മാരായ സംസ്കൃതമഹാകവികളെ തുലനം ചെയ്തിട്ടുള്ളതു സ്ഥാനസ്ഥമാണെന്നു സമർത്ഥിക്കുവാൻ പ്രയാസമുണ്ട്.

## വ്യാഖ്യാനങ്ങൾ

ഏ. ആറിന്റെ ഭാഷാവ്യാഖ്യാനങ്ങളിൽ പ്രഥമസ്ഥാനത്തെ അർഹിക്കുന്നതു കാന്താരതാരകമാകുന്നു. ഉണ്ണായിവാരിയർ കല്പിച്ചുകൂട്ടി നളചരിതം ആട്ടക്കഥയിൽ കെട്ടിത്തള്ളീട്ടുള്ള കുരുക്കുകൾ അഴിക്കുവാൻ വ്യാഖ്യാതാവു ചെയ്തിട്ടുള്ള തീവ്രമായ പ്രയത്നം പ്രായേണ ഫലിച്ചിരിക്കുന്നു. അതുകൂടാതെ ഏ. ആർ. തന്റെ മിക്ക ഗ്രന്ഥങ്ങൾക്കും അവതാരിക എഴുതീട്ടുണ്ട്. വ്യാഖ്യാനങ്ങളുടെ വിഷയത്തിലും ആ പരിപാടിതന്നെയാണ് സ്വീകരിച്ചിരിക്കുന്നത്. അദ്ദേഹത്തിന്റെ അവതാരികകൾ ഏതു നിലയിൽ നോക്കിയാലും അത്യുൽക്കൃഷ്ടങ്ങളാണ്. അവ സങ്കുചിതങ്ങളല്ല; വ്യഥാസ്ഥൂലങ്ങളുമല്ല. ഓരോ ഗ്രന്ഥത്തെയും പറ്റി അനുവാചകന്മാർക്ക് എന്തെല്ലാം ഗ്രഹിക്കണമോ അതെല്ലാം ഒന്നുപോലും വിടാതെ സ്ഫുടികസ്ഫുടമായ ഭാഷയിൽ സംശയച്ഛേദിയായ രീതിയിൽ പ്രതിപാദിക്കുവാൻ അദ്ദേഹത്തിനുള്ള പാടവം അന്യർക്കു ലഭിച്ചിട്ടില്ല. അവതാരിക വായിച്ചുകൊണ്ട് ഗ്രന്ഥത്തിലേക്കു കടന്നാൽ അതിലെ സഞ്ചാരം ഏതു പംഗുവിനും സുഖകരമായിരിക്കും. ആ ആനന്ദം അനുഭവിക്കണമെന്നുള്ളവർ കാന്താരതാരകമോ മാളവികാഗ്നിമിത്രത്തിന്റെയോ മറ്റോ ഭൂമികയോ വായിച്ചുനോക്കട്ടെ.

## ഗദ്യം

ഏ. ആറിന്റെ ഗദ്യരീതി എത്രമാത്രം ഹൃദയാവർജ്ജകമാണെന്നു പറഞ്ഞറിയിക്കുവാൻ പ്രയാസമുണ്ട്. അതിൽ അങ്ങോളമിങ്ങോളം അദ്ദേഹത്തിന്റെ അനന്യലഭ്യമായ വ്യക്തിമുദ്ര പതിഞ്ഞിട്ടുള്ളതു ഭാവുകന്മാർക്കു പ്രത്യക്ഷത്തിൽ കാണാം. വിഷയത്തെ വേണ്ടവിധം വിശകലനം ചെയ്തു പണ്ഡിതോചിതവും എന്നാൽ പാമരന്മാർക്കുകൂടി സുഗ്രഹവുമായ ഭാഷയിൽ മിതമായും സാരമായും വിവക്ഷിതാർത്ഥ പ്രതിപാദകമായുമുള്ള പദവിന്യാസംകൊണ്ടു വാചയിതാക്കൾക്ക് അറിവും ആനന്ദവും ഒരേസമയത്തു നല്കി, സാഹിത്യവീഥിയിൽ ജൈത്രയാത്ര ചെയ്യുന്ന ആ അനുഗൃഹീതപുരുഷന്റെ ഗദ്യോപന്യാസങ്ങൾക്കുള്ള അടക്കും അഴകും ആഴവും അന്തസ്സും അവ വായിച്ചുതന്നെ അറിയേണ്ടതാണ്. അലങ്കാരവും അഗ്രാമ്യമായ ഫലിതവുംകൊണ്ട് ആവശ്യമുള്ള ഭാഗങ്ങളിൽ അവയ്ക്കു മാറ്റുകൂട്ടീട്ടുമുണ്ട്. ആ സമഞ്ജസമായ ശൈലി അദ്ദേഹത്തിനു യൗവനത്തിൽത്തന്നെ സ്വാധീനമായിക്കഴിഞ്ഞിരുന്നു എന്നും നാം പ്രകൃതത്തിൽ അനുസ്മരിക്കേണ്ടതുണ്ട്. രണ്ടുദാഹരണങ്ങൾകൊണ്ട് ഈ വസ്തുത വ്യക്തമാക്കാം. ആദ്യത്തേത് 1068-ൽ എഴുതിയ കവിസഭാരഞ്ജനഭാഷ്യത്തിലുള്ളതാണ്. രണ്ടാമത്തേതു വളരെക്കാലം കഴിഞ്ഞു ഗദ്യമാലികയിൽ ചേർക്കുവാൻ രചിച്ചതുമാണ്. ഒന്നിനൊന്ന് അദ്ദേഹത്തിന്റെ ഗദ്യരചനാവൈഭവം ഉയർന്നുകൊണ്ടിരുന്നു.

"ഈ നാടകത്തിൽ അങ്ഗിയായതു വീരരസമാകുന്നു. ദാനവീരം, ദയാവീരം, ഇത്യാദി വീരരസത്തിന് അനേകം ഭേദങ്ങളുള്ളതിൽ ഇതിലെ വീരത്തിന് ആരംഭവീരമെന്നോ കാര്യവീരമെന്നോ പേരു പറയാം. സമാജം നടത്തുന്ന വിഷയത്തിലുള്ള

സ്ഥായിയായ ഉത്സാഹമാകുന്ന വീരരസമായിത്തീരുന്നത്. പത്രാധിപരാകുന്ന ധീരനായകനിൽ വർത്തിക്കുന്നതും സമാജനിർവ്വഹണത്തെ ആലംബിക്കുന്നതുമായ ഉത്സാഹസ്ഥായിഭാവം മഹാരാജസാഹായ്യാദിവിഭാവങ്ങളാൽ ഉദ്ദീപിതവും 'എരി തീയിലാശു ചാടാം' ഇത്യാദി വീരവാദങ്ങളാകുന്ന അനുഭാവങ്ങളാൽ അവഗാഢീകൃതവും സഭ കൂടി ആലോചന 'ബഞ്ചും മേശകളും കസാലകളുമിങ്ങന്യൂന' ഇത്യാദി സാധനസാമഗ്രി സമ്പാദിക്കുന്നതിലുള്ള വൈയഗ്ര്യം 'വിത്തിട്ടനു തുടങ്ങി വിങ്ങിയ ഇരു' ഇത്യാദി വിഘ്നങ്ങളിൽ നിന്നുള്ള ശങ്ക, 'അറ്റംകൂടാതുള്ള യത്നം പലതു' ഇത്യാദി ചിന്ത 'ഇതൊന്നുംകൊണ്ടും മറ്റും ശാല അലംകൃതമായി എന്ന് അടിയൻ വിചാരിക്കുന്നില്ല' ഇത്യാദി ഔത്സുക്യം ഇങ്ങനെയുള്ള വ്യഭിചാരികളാൽ പരിപോഷിതവുമായിട്ടുണ്ട്; നമ്പ്യാരുടെ ഫലിതങ്ങളാൽ ഉത്ഥാപിതമായ ഹാസ്യരസം; ആപണശാലാദ്യാലംബിതമായ അത്ഭുതരസം ഇങ്ങനെയുള്ള അംഗങ്ങളാൽ പരിപൂർണ്ണതയെ പ്രാപിച്ച നിഖിലനിബന്ധവ്യാപിയായിത്തീർന്ന വ്യാഖ്യാതൃശ്രോതാക്കളുടെ ഹൃദയത്തിൽ ബ്രഹ്മാനന്ദനിർവ്വിശേഷമായ ഒരു നിർവൃതിവിശേഷത്തെ ജനിപ്പിക്കുന്നു."

ഇത് ആലങ്കാരികവിഷയമാണ്. അടുത്തതായി തത്ത്വ ചിന്താപരമായ 'ജീവിതസ്നേഹം' എന്ന ഉപന്യാസത്തിലെ ചില വാക്യങ്ങൾ പ്രദർശിപ്പിക്കാം.

"എന്നാൽ അനുഭവങ്ങളും ഇന്ദ്രിയങ്ങളും ചെയ്യുന്ന പ്രവൃത്തി വ്യർത്ഥംതന്നെ. അതു രണ്ടിനെക്കാളും ബലവത്തരമായ ആശ, ദൂരമായ ഉദർക്കത്തെ, സങ്കല്പകല്പിതമായ സൗന്ദര്യത്തോടുകൂടെ പുരോഭാഗത്തിൽ സജ്ജീകരിക്കുന്നു; ഏതോ ഒരാനന്ദം ഇനിയും അതിദൂരത്തിൽനിന്ന് അങ്ങോട്ടു ചെല്ലാൻ എന്നെ സംജ്ഞാപനം ചെയ്യുന്നു. ഒരു തോല്ക്കുന്ന ചൂതുകളിക്കാരനെപ്പോലെ ഓരോ തോൽവിയും എനിക്കു ദൃഢതാസക്തിയെ വർദ്ധിപ്പിക്കുകയും ചെയ്യുന്നു."

## സാങ്കേതികശബ്ദങ്ങൾ

ആങ്ഗലഭാഷയിൽനിന്നു ശാസ്ത്രീയഗ്രന്ഥങ്ങൾ വിവർത്തനം ചെയ്യുന്നവരുടെ ആവശ്യമനുസരിച്ച ഭാഷയിൽ സാങ്കേതികശബ്ദങ്ങൾ നിർമ്മിച്ചുകൊടുക്കുന്നതിൽ നമ്മുടെ ഈ മഹാപണ്ഡിതൻ സദാ ജാഗരൂകനായിരുന്നു. കേരളപാണിനീയം തുടങ്ങിയ സ്വകീയഗ്രന്ഥങ്ങളിലും അത്തരത്തിലുള്ള അനേകം ശബ്ദങ്ങൾ സംക്രമിപ്പിച്ചിട്ടുണ്ട്. അദ്ദേഹമാണ് സർവ്വസംപ്രതിപന്നമായ സാങ്കേതികശബ്ദകോശം ആദ്യമായി ഭാഷയിൽ സൃഷ്ടിച്ചത് എന്നുള്ളതിനു സംശയമില്ല. ഡാക്ടർ കൃഷ്ണൻപണ്ടാലയുടെ രസതന്ത്രനിർമ്മാണകാലം മുതൽ ആയുരന്തംവരെ അദ്ദേഹം ആ വിഷയത്തിൽ സമർത്ഥമായി പ്രയത്നിച്ചു. "നൂതന സാങ്കേതികശബ്ദങ്ങളെ ആവശ്യംപോലെ അടിച്ചേട്ടുക്കുന്നതിൽ ഞാൻ ചെറിയ തോതിൽ ഒരു കമ്മട്ടം ഏർപ്പെടുത്തീട്ടുണ്ട്" എന്നു സാഹിത്യസാഹ്യത്തിൽ അദ്ദേഹം പ്രസ്താവിച്ചിരിക്കുന്നു. ഭാഷയിലെ ശബ്ദദാരിദ്ര്യം പരിഹരിക്കുന്നതിനായി ഓക്സ്ഫോർഡ് ഇംഗ്ലീഷ്നിഘണ്ടു തർജ്ജമ ചെയ്യാൻ നിശ്ചയിച്ച് അതിൽ ആദ്യത്തെ കുറേ ഭാഗം വിവർത്തനംചെയ്തു. അതിന് ഒരു ചെറിയ സമിതിയേയും സംഘടിപ്പിച്ചിരുന്നു. എന്നാൽ അതു മുഴുമിപ്പിക്കുവാൻ വിധി സമ്മതിച്ചില്ല.

## ഉപസംഹാരം

കേരളപാണിനി ഒരു വശ്യവചസ്സായ കവിയുടേയും സർവ്വതന്ത്രസ്വതന്ത്രനായ ശാസ്ത്രകാരന്റേയും നിലയിൽ സംസ്കൃതത്തിനും ഭാഷയ്ക്കും ചെയ്തിട്ടുള്ള സഹസ്രമുഖമായ സാഹായ്യത്തെസ്സംബന്ധിച്ച ദിങ്മാത്രമായി ചിലതെല്ലാം ഈ ഘട്ടത്തിൽ പ്രസ്താവിച്ചുവെന്നേയുള്ളു. ഇനിയും പലതും നിവേദനീയമായുണ്ട്. അതു പ്രത്യേകമൊരു

പുസ്തകംകൊണ്ടല്ലാതെ സാധ്യമല്ല. മറ്റുള്ളവർ ഭാഷാസാഹിത്യസാധത്തിന്റെ ഭിത്തികളിൽ ചിത്രപ്പണികൾ ചെയ്തുകൊണ്ടിരുന്നപ്പോൾ ഈ സ്ഥപതി മൂദ്ധന്യൻ അതിന്റെ അസ്തിവാരവും ആരൂഢവും ഉറപ്പിച്ച് അതിനു ശാശ്വതപ്രതിഷ്ഠ നല്കി കേരളീയരെ ആകമാനം അനുഗ്രഹിച്ചു. ആ ശില്പകർമ്മത്തിലാണ് അദ്ദേഹത്തിന്റെ യശസ്സ് ആചന്ദ്രതാരം അചലസ്ഥായിയായി നിലകൊള്ളുന്നതു്. ഒന്നു ഞാൻ തീർച്ചയായി പറയാം; അദ്ദേഹത്തെപ്പോലെ സൂക്ഷ്മദർശിയും ഉചിതജ്ഞനും പ്രതിഭാസമ്പന്നനും വ്യവസായശീലനുമായ ഒരു മഹാനുഭാവൻ ഈ നവയുയഗത്തിൽ കേരളത്തിൽ ജനിച്ചിട്ടില്ല. അത്തരത്തിലുള്ള അതിമാനുഷന്മാരുടെ അവതാരം ഏതു ദേശത്തും ഏതു കാലത്തും അത്യന്തം വിരളമായിരിക്കുവാനല്ലാതെ മാർഗ്ഗവുമില്ല.

## കെ. സി. കേശവപിള്ള (1043–1089)

### ജനനവും ബാല്യവും

കൊല്ലം പരവൂരിൽ വാഴവിള എന്നൊരു ഗൃഹമുണ്ട്. ആ ഗൃഹത്തിലെ ഒരങ്ഗമായ ശങ്കരപ്പിള്ള വേലുത്തമ്പിദളവയുടെ കാലത്ത് ആലപ്പുഴ സർവ്വാധികാര്യക്കാരായിരുന്ന അവസരത്തിൽ ബാലരാമവർമ്മ മഹാരാജാവ് അദ്ദേഹത്തിനു 'ചെമ്പകരാമൻ' എന്ന സ്ഥാനം സമ്മാനിച്ചു. കേശവപിള്ളയുടെ മാതാവായ ലക്ഷ്മിയമ്മ 1017-ാമാണ്ടു ജനിച്ചു. 1036-ാമാണ്ടു പരവൂർ വലിയവെളിച്ചത്തുവീട്ടിൽ രാമൻപിള്ളയുടെ പത്നിയായി. ആ ദമ്പതിമാരുടെ പുത്രനായി കേശവപിള്ള വാഴവിളവീട്ടിന്റെ ഒരു ശാഖയായ കോതേത്തുവീട്ടിൽ 1043-ാമാണ്ടു മകരമാസം 22-ാംനു രോഹിണീനക്ഷത്രത്തിൽ ഭൂജാതനായി. സ്തവരത്നമാലികയിൽ കവി ഇവരെയെല്ലാം ചുവടേ ഉദ്ധരിക്കുന്ന ശ്ലോകത്തിൽ വന്ദിച്ചിരിക്കുന്നു.

> "ലക്ഷ്മീമം ഭോജനാഭസ്മരണഗതശുചം മാതരം മാന്യശീലാ-
> മക്ഷീണശ്രീവിലാസാലയമപി ജനകം രാമസംജ്ഞം മനോജ്ഞം
> സേവേഹം ഭാഗധേയോദ്ധരണവിധിസമാസാദിതസ്ഫാരകീർത്തിം
> വഞ്ചിക്ഷേശസ്യ ധീരം സവിനയമതുലം മാതുലം ശങ്കരാഖ്യം."

പരവൂർ മലയാളം പള്ളിക്കൂടത്തിൽ അഞ്ചാമത്തെ വയസ്സിൽ വിദ്യാഭ്യാസം ആരംഭിച്ചു. അഞ്ചു കൊല്ലത്തോളം ആ പഠിത്തം തുടർന്നു. പരവൂരിൽ അതിനുമേൽ പഠിക്കുവാൻ സൗകര്യമില്ലാതിരുന്നതിനാൽ വിദ്യാലയാധ്യയനം അവിടെവച്ചു നിറുത്തി. പിന്നീട് അധ്യാത്മരാമായണം, ഭാഗവതം മുതലായ കിളിപ്പാട്ടുകൾ വായിച്ചു പഠിച്ച് അവയിലെ രസം അനുഭവിച്ചു സ്വതസ്സിദ്ധമായ സങ്ഗീതവാസനയോടുകൂടി അവയെ പാടിക്കേൾപ്പിക്കുന്നതിൽ ഉത്സുകനായിത്തീർന്നു. അതോടുകൂടി കഥകളിയിൽ അസാമാന്യമായ അഭിനിവേശമുണ്ടായി. ഏതാനും വയസ്യന്മാരെ കൂട്ടിച്ചേർത്തു കട്ടിത്തരത്തിൽ ഒരു കളിയോഗം സംഘടിപ്പിച്ചു ദുര്യോധനവധം ആട്ടക്കഥ ബാലോചിതമായ വേഷവിധാനത്തോടുകൂടി അഭിനയിച്ചു. ചെണ്ടകൊട്ടും പാട്ടും ഹനുമാന്റെ അഭിനയവുമാണു കവിക്ക് അന്ന് അനുഷ്ഠിക്കേണ്ടിവന്ന കൃത്യപരിപാടി. കയ്യിൽ കിട്ടുന്ന ആട്ടക്കഥകൾ നിവൃത്തിയുള്ളേടത്തോളം പകർത്തിപ്പഠിച്ച് ആ സാഹിത്യവിഭാഗത്തിൽ വിപുലമായ വിജ്ഞാനം നേടി. പതിനഞ്ചാമത്തെ വയസ്സിൽ സിദ്ധരൂപത്തിന്റെ ജ്ഞാനം പോലുമില്ലാതിരുന്ന ആ ഉത്തിഷ്ഠമാനൻ പ്രഹ്ലാദചരിതം എന്ന പേരിൽ ഒരു പുതിയ ആട്ടക്കഥതന്നെ എഴുതി. അതിലെ ഒരു ശ്ലോകം അന്നു പരവൂർ മലയാളം പള്ളിക്കൂടം വാധ്യാരായിരുന്ന ഇടത്തറെ പരമു ആശാൻ കണ്ടു "കേശവനു കവിയായാൽ കൊള്ളാമെന്നു മോഹമുണ്ട് അല്ലേ?

പക്ഷേ അതിനു പഠിച്ചെങ്കിലേ ഒക്കൂ" എന്ന് അതിനെ നിശിതമായ രീതിയിൽ വിമർശനം ചെയ്തു. തന്റെ ആ പ്രഥമകൃതി പരിശോധിക്കുവാൻ പരവൂർ കേശവനാശാനെ സമീപിച്ചപ്പോൾ "അവിടുന്നു സംസ്കൃതംകൂടി കുറേ വായിക്കണം. വായിച്ചാൽ ഇതിനെ സ്വയമേവ തിരുത്തുന്നതിനു ശക്തനായിത്തീരും" എന്ന് ഉപദേശിച്ചു. രണ്ടു പ്രസ്താവനകളുടേയും സാരം ഒന്നുതന്നെയായിരുന്നു. ഭാഷ മാത്രമേ വ്യത്യസ്തമായിരുന്നുള്ളു.

## ഉപരിപഠനം

ഉടനടി കേശവനാശാനെത്തന്നെ തന്റെ പ്രഥമ സംസ്കൃതഗുരുവായി വരിച്ചു കവി ആ ഭാഷയിൽ പഠനം ആരംഭിച്ചു. കാവ്യനാടകാലങ്കാരങ്ങൾ അദ്ദേഹത്തിന്റെ അടുക്കൽനിന്ന് അഭ്യസിച്ചു. അത്യന്തം ശ്രദ്ധയോടുകൂടിയാണ് കേശവപിള്ള സംസ്കൃതം പഠിച്ചത്. അതുകൊണ്ടു ചുരുങ്ങിയ കാലത്തിനുള്ളിൽ മാഘം നൈഷധം മുതലായ കാവ്യങ്ങളിലും, ശാകുന്തളം ഉത്തരരാമചരിതം ഇത്യാദിനാടകങ്ങളിലും, മേഘസന്ദേശത്തിലും, കുവലയാനന്ദം തുടങ്ങിയ ചില അലങ്കാരഗ്രന്ഥങ്ങളിലും അദ്ദേഹം അഗാധമായ ജ്ഞാനം സ്വായത്തമാക്കി. കാവ്യങ്ങളിൽ അദ്ദേഹത്തിന് അത്യന്തം പരിചിതമായിരുന്നതു മാഘമാണെന്നുള്ളതിന് അദ്ദേഹത്തിന്റെ പശ്ചാൽക്കാലത്തെ പ്രയോഗവൈചിത്ര്യങ്ങളും സാക്ഷ്യം വഹിക്കുന്നുണ്ട്. വ്യുൽപ്പത്തിക്ക് ആ മഹാകാവ്യമാണല്ലോ അധികം പ്രയോജനപ്പെടുന്നതും. പ്രഹ്ലാദചരിതം അടുത്ത കൊല്ലത്തിൽ ഹിരണ്യാസുരവധം എന്ന പേരിൽ മാറ്റിയെഴുതി.

> "കല്യാണോദധി നിർജ്ജരാന്വയവരൻ മല്ലാരിഭക്തോത്തമൻ
> സ്വർല്ലോകാധിപനംബുസംഭവസുതാകാന്താഗ്രജൻ താൻനിജ
> കല്യാണാംഗികളായ വല്ലഭകളോടുല്ലാസമോടാശു താൻ
> സ്വർല്ലോകേ സുഖമോടു വാണിതു മനസ്സന്തോഷമാർന്നേറ്റവും"

എന്ന അതിലെ ആദ്യകാലത്തെ ശ്ലോകം,

> "ശ്രീമാൻ മഹോച്ഛ്രായസഹോ ജിതാരിഃ
> ശ്രീനാഥസേവൈകരതോ മഹാത്മാ
> നാകേ നിജാഭിസ്സുരസുന്ദരീഭി-
> സ്സാകം സുരേശസ്സസുഖം ന്യവാത്സീൽ"

എന്നാണ് രൂപഭേദം കൈക്കൊണ്ടത്. കേശവനാശാന്റെ ശിക്ഷാസാമർത്ഥ്യം കേശവപിള്ളയുടെ പരിശ്രമോന്മിഷിതമായ് പ്രതിഭാവിശേഷത്തോടു സമ്മേളിച്ചപ്പോൾ സഞ്ജാതമായ ഫലം വിസ്മയനീയമായിരുന്നു എന്നേ പറയേണ്ടതുള്ളൂ. ഒരിക്കൽ ആശാന്റെ ഗൃഹത്തിൽ ഗോപസ്ത്രീസമേതനായ ബാലഗോപാലന്റെ ഒരു പടം വച്ചിരുന്നതു കണ്ടു സന്ദർശകന്മാരിൽ ഒരാളുടെ അഭിമതമനുസരിച്ചു പെട്ടെന്നുണ്ടാക്കിച്ചൊല്ലിയതാണ് അധോലിഖിതമായ ശ്ലോകം.

> "മഹാരത്നഭ്രാജൽകനകവലയശ്രീകരധൃതോ-
> ജ്ജ്വലദ്വേണ്വദഞ്ചൽസുമധുരമനോമോഹനരവഃ
> വിഭാത്യേഷ ശ്രീമൽപശുപവനിതാലോചനമധു-
> വ്രതശ്രേണീപത്മായിതവരതനുശ്ശ്രീമധുരിപുഃ"

ആ ശ്ലോകം പിന്നീടു സ്തവരത്നമാലികയിൽ ഉൾപ്പെടുത്തീട്ടുണ്ട്. ആശാനെ കവി ഹിരണ്യാസുരവധത്തിൽ ഇങ്ങനെ സ്മരിക്കുന്നു.

"വിബുധാനന്ദസന്ദായീ വിദ്യാകേളിവിശാരദഃ
വിഭാതു ഹൃദയേ നിത്യം ദേശികഃ കേശവാഹ്വയഃ."

വ്യാകരണം അഭ്യസിപ്പിച്ചതു കേരളവർമ്മ വലിയകോയിത്തമ്പുരാന്റെ ശിഷ്യനും, സിദ്ധാന്തകൌമുദി കാരികാരൂപത്തിൽ പരാവർത്തനം ചെയ്ത പ്രശസ്ത പണ്ഡിതനുമായ എണ്ണയ്ക്കാട്ടു രാജരാജവർമ്മത്തമ്പുരാനായിരുന്നു. അദ്ദേഹം കേശവപിള്ള 1065-ൽ പരിഗ്രഹിച്ച പരവൂർ പടിഞ്ഞാറേ വീട്ടിൽ കല്യാണിയമ്മയുടെ ജ്യേഷ്ഠത്തിയായ ലക്ഷ്മിയമ്മയുടെ ഭർത്താവായിരുന്നു എന്ന് അന്യത്ര പ്രസ്താവിച്ചിട്ടുണ്ട്. ആ തമ്പുരാനെ കവി കൊല്ലം പ്രദർശനവർണ്ണനത്തിൽ താഴെക്കാണുംവിധം അഭിവാദനം ചെയ്യുന്നു.

"ശ്രീരാജമാനതരതൈലവനാവനീശ-
ശ്രീരാജരാജഗുരുപാദപദാരവിന്ദം
പാരിച്ച ഭക്തിഭരമാർന്ന മദീയചിത്ത-
താരിൽ പ്രസന്നത കലർന്നു വിളങ്ങിടേണം."

ഈ ശ്ലോകം 1067-ൽ രചിച്ചതാണെങ്കിലും അതിനുമുൻപു തന്നെ അവർ തമ്മിലുള്ള ഗുരുശിഷ്യബന്ധം ആരംഭിച്ചിരിക്കണം. തമ്പുരാനുപുറമെ കൊല്ലത്ത് 1063-ൽ ഒരു വൈദ്യവിദ്യാശാലയിൽ സംസ്കൃതാധ്യാപകനായിരുന്ന കാലത്തോമറ്റോ അവിടെ സർക്കാർഹൈസ്കൂളിൽ സംസ്കൃതപണ്ഡിതനായിരുന്ന ഒരു ശാസ്ത്രികളോടും അദ്ദേഹം വ്യാകരണത്തിൽ ചില പ്രകരണങ്ങൾ പഠിക്കുകയുണ്ടായി. ഏതായാലും അപ്പോഴേയ്ക്കും ആ ഭാഷയിൽ വ്യുൽപ്പത്തി നല്ലപോലെ ഉറച്ചുകഴിഞ്ഞിരുന്നു എന്ന് അതിലെ വന്ദനശ്ലോകങ്ങൾ തെളിയിക്കുന്നു. ചുരുക്കത്തിൽ ഏതാനും കൊല്ലത്തെ നിഷ്കൃഷ്ടമായ അധ്യയനംകൊണ്ടു സംസ്കൃതത്തിൽ സരസമായി കവനം ചെയ്യുന്നതിനും അതിൽ പണ്ഡിതൈകസാധ്യങ്ങളായ ചില പ്രയോഗവിശേഷങ്ങൾ ഉൾക്കൊള്ളിക്കുന്നതിനുമുള്ള പാടവം അദ്ദേഹത്തിനു ലഭിച്ചു. എന്നാൽ സംസ്കൃതപഠനംകൊണ്ടുമാത്രം ആ ഉൽക്കർഷേച്ഛു തൃപ്തനായില്ല. കുറേക്കാലം ഗുരുമുഖത്തിൽനിന്നും പിന്നീടു സ്വയം പരിശ്രമിച്ചും ഇംഗ്ലീഷിലും പ്രായോഗികമായ പരിചയം സമ്പാദിച്ചു. ആ വിവിധമണ്ഡലങ്ങളിലുള്ള വ്യവസായസന്നദ്ധതയെ ശ്ലാഘിച്ചു കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻതമ്പുരാൻ 1077-ൽ ഇങ്ങനെ പ്രസ്താവിക്കുന്നു.

"അധിപാഠകശാലമീയുഷാ
വിധിവൽ പാഠകതാം ചിരായുഷാ
ഭവതാ കൃതഘുണവാക്തൃഷാ
സ്വവയസ്യാഃ കിമു വിസ്മൃതാ മുഷാ?"

"കൊല്ലം ഹൈസ്കൂളിൽ മുൻഷിപ്പണിയുടയ തിരക്കിന്നുമസ്സംസ്കൃതത്തിൽ-
ക്കൊല്ലംതോറും വിശേഷജ്ഞത വളരുമൊരാ പ്രക്രമപ്രൌഢിമയ്ക്കും
മെല്ലെന്നിംർഗ്ലീഷു ശീലിപ്പതിനുമധികമായ് വിഘ്നമാകാത്തമട്ടിൽ
കില്ലെന്ന്യേ സ്വന്തഭാഷാകവിതയുമിടയിൽ താങ്കൾ താങ്ങുന്നു ധീരൻ."

1077-ാമാണ്ടു മകരമാസത്തിൽ തിരുവനന്തപുരത്തു വലിയ കൊട്ടാരത്തിൽ അദ്ധ്യാപകനായതിനുമേൽ ഏ. ആർ. രാജരാജവർമ്മ കോയിത്തമ്പുരാൻ മുതലായ മഹാപണ്ഡിതന്മാരുടെ സാഹചര്യംകൊണ്ട് അദ്ദേഹത്തിന്റെ സംസ്കൃതജ്ഞാനം പിന്നെയും പ്രവൃദ്ധമായി. അതോടുകൂടി ആംഗലഭാഷാജ്ഞാനവും ഉറച്ചു. മരണംവരെ ഒരു വിദ്യാർത്ഥിയുടെ ജീവിതമാണ് അദ്ദേഹം നയിച്ചുവന്നിരുന്നത്.

## പശ്ചാൽക്കാലചരിത്രം

കേശവനാശാന്റെ കീഴിലുള്ള സംസ്കൃതാഭ്യസനം കഴിഞ്ഞു കവി കുറേക്കാലം പാർവത്യാരായിരുന്ന അച്ഛനെ കണക്കെഴുത്തിലും മറ്റും സഹായിച്ചുകൊണ്ടിരുന്നു. 1063 മുതൽ കൊല്ലത്ത് ഒരു വൈദ്യവിദ്യാശാലയിൽ സംസ്കൃതം പഠിപ്പിച്ചുകൊണ്ടിരുന്നു എന്നു പറഞ്ഞുവല്ലോ. പിന്നീടു കൊല്ലം പെരിനാട്ട് ഒരു സംസ്കൃതവിദ്യാലയം നടത്തി; 1066-ൽ അതായതു മലയാളമനോരമ തുടങ്ങി ഒരു കൊല്ലം കഴിഞ്ഞപ്പോൾ അതു പരവൂരേക്കുമാറ്റി. 1072-ൽ കൊല്ലം മലയാളം പള്ളിക്കൂടത്തിൽ ഒരധ്യാപകനായും 1076-ൽ അവിടത്തെ ഇംഗ്ലീഷ് ഹൈസ്കൂളിൽ സംസ്കൃതപണ്ഡിതനായും നിയമിതനായി. 1077 മകരത്തിൽ തിരുവനന്തപുരത്തു ശ്രീമൂലം തിരുനാൾ മഹാരാജാവിന്റെ പുത്രനായ ശ്രീവേലായുധൻതമ്പിയുടെ അദ്ധ്യാപകനായി തിരഞ്ഞെടുക്കപ്പെട്ടു. മരണംവരെ തിരുവനന്തപുരത്തുതന്നെയായിരുന്നു താമസം. 1065-ൽ കവി കല്യാണിയമ്മയെ വിവാഹം ചെയ്തതായി പറഞ്ഞുകഴിഞ്ഞു. 1067 ധനുമാസത്തിൽ ആ സാധ്വി മരിച്ചു. 1069 മിഥുനത്തിൽ അച്ഛന്റെ അനന്തരവൾ നാണിക്കുട്ടിയമ്മയെ പരിഗ്രഹിച്ചു. അച്ഛൻ 1086 ചിങ്ങം 20-ാംനു യശശ്ശരീരനായി. കേശവപിള്ളയുടെ അപ്രതീക്ഷിതമായ ചരമഗതി 1089-ാമാണ്ടു ചിങ്ങമാസം 20-ാംനു ആയിരുന്നു. മധുര അമേരിക്കൻ കോളേജിൽ മലയാളം ശാഖയുടെ പര്യവേക്ഷകനും സംഗീതസാഹിത്യ രസികനുമായ ഗോപാലപിള്ള, എം. ഏ. അദ്ദേഹത്തിന്റെ പുത്രനാകുന്നു.

## കൃതികൾ

കേശവപിള്ള സംസ്കൃതത്തിൽ (1) കേരളവർമ്മവിലാസം (1071) എന്നൊരു ശതകം രചിച്ചിട്ടുണ്ട്. കോയിത്തമ്പുരാന് അൻപതു വയസ്സു തികഞ്ഞ അവസരത്തിൽ എഴുതിയതാണ് ആ കൃതി. ഭാഷയിൽ താഴെ കാണുന്ന വാങ്മയങ്ങൾ അദ്ദേഹം നിർമ്മിച്ചിരിക്കുന്നു. (2) ഹിരണ്യാസുരവധം (1058), (3) ശൂരപത്മാസുരവധം (1062), (4) ശ്രീകൃഷ്ണവിജയം (1063) എന്നീ മൂന്ന് ആട്ടക്കഥകൾ; 1057-ൽ എഴുതിയതും അച്ചടിപ്പിക്കാത്തതുമായ (5) പാർവ്വതിസ്വയംവരം അമ്മാനപ്പാട്ട് (6) രുക്മിണീസ്വയംവരം കമ്പടികളിപ്പാട്ട്, (7) വൃകാസുരവധം വഞ്ചിപ്പാട്ട് എന്നീ മൂന്നു ബാല്യകൃതികൾ; (8) സുരതവിധി പാന (1059-അഷ്ടാംഗഹൃദയത്തിൽ ഒരു ഭാഗത്തിന്റെ തർജ്ജമ), (9) അധ്യാത്മരാമായണാന്തർഗ്ഗതമായ ലക്ഷ്മണോപദേശത്തിനു തത്വബോധിനി എന്ന വ്യാഖ്യാനം (1061), (10) അജാമിളമോക്ഷോപാഖ്യാനം കിളിപ്പാട്ട് (1060), (11) രാസക്രീഡ ഈഞ്ഞാൽപ്പാട്ട് (1062), (12) സ്തവരത്നാവലി (1063), (13) സംഗീതമഞ്ജരി (1065) എന്നീ രണ്ട് ഈശ്വരസ്തോത്രപരങ്ങളായ ഗാനങ്ങൾ; (14) ഭാഷാനാരായണീയം (1067), (15) കവിസമാജയാത്രാശതകം (1067), (16) കൊല്ലം പ്രദർശനവർണ്ണനം (1067), (17) രാഘവമാധവം നാടകം, (18) ലക്ഷ്മീകല്യാണം നാടകം, (19) ഈശ്വരസ്തോത്രം ഗാനകൃതി (1069), (20) ആസന്നമരണചിന്താശതകം (1070), (21) ശ്രീകാശിയാത്ര, (22) ശാന്തിവിലാസം (1073), (23) ഗാനമാലിക ഒന്നാം ഭാഗം (ഈശ്വരസ്തുതിപരങ്ങളായ ഗാനങ്ങൾ- 1073), (24) സുഭാഷിതരത്നാകരം (1075), (25) ശ്രീമൂലരാജവിജയം ഗാനകൃതി (1075), (26) മങ്ഗല്യധാരണം തുള്ളൽപ്പാട്ട് (1078), (27) സദാരാമസങ്ഗീതനാടകം (1079), (28) ആംഗലസാമ്രാജ്യം (1079), (29) ഷഷ്ടിപൂർത്തിഷഷ്ടി (1080), (30) പള്ളിക്കെട്ടുവർണ്ണനം തുള്ളൽപ്പാട്ട് (1081), (31) മാനസോല്ലാസം (1082), (32) വിക്രമോർവ്വശീയം സംഗീതനാടകം (1083), (33) കല്യാണദർപ്പണം (1085), (34) ഗാനമാലിക രണ്ടാം ഭാഗം (1086), (35) അഭിനയമാലിക (1086)

(36) സംഗീതപ്രവേശിക, (37) സംഗീതമാലിക ഗാനകൃതി (1087), (38) കേശവീയം മഹാകാവ്യം (1088).

## ചില കവിതാപരിക്ഷകൾ

1065 മുതൽ മലയാളമനോരമയുടെ കവിതാപംക്തിയിൽ കേശവപിള്ള ഒരു പ്രധാനകവിയായി വറുഗീസുമാപ്പിളയെ സഹായിച്ചുവന്നു. കവിസമാജയാത്രാശതകത്തിൽ 1067-ൽ കോട്ടയത്തു സമ്മേളിച്ച കവിസമാജത്തിനു കവിയുടെ യാത്രയും അവിടെ നടന്ന കാര്യങ്ങളും അദ്ദേഹത്തിന്റെ പരവൂരേക്കുള്ള പ്രത്യാഗമനവും വർണ്ണിച്ചിരിക്കുന്നു. വെണ്മണിമഹന്റേയും മറ്റും രീതി പിടിച്ചു ഭർത്താവു ഭാര്യയോടു നിവേദനം ചെയ്യുന്ന മാതിരിയിലാണ് ആ കവിതയുടെ ഗതി.

> "കൊട്ടാരത്തിലെഴുന്ന വിശ്രുതനതാം ശങ്കണ്ണിയേയും പരം
> തുഷ്ട്യാ കണ്ടു രസിച്ചു പിന്നവരൊടും ചേന്നിട്ടു വിപ്രാലയേ
> പെട്ടെന്നെത്തിയുടൻ സുഖാശനമതും ചെയ്തെന്നതോർത്തീടുകെൻ
> മട്ടോലും മൊഴിമാർക്കു വാർകുഴലതിൽച്ചേർക്കേണ്ട മുക്താമണേ!"

എന്നതു് ആ കൃതിയിലെ ഒരു ശ്ലോകമാണ്. കവിസമാജത്തിലെ ഘടികാവിംശതിപരീക്ഷയിലും കവിതാചാതുര്യ പരീക്ഷയിലും കേശവപിള്ളയാണ് പ്രഥമസമ്മാനത്തിന് അർഹനായതു. തെക്കരും വടക്കരുമായ അനേകം കവികളും പണ്ഡിതന്മാരും സന്നിഹിതരായിരുന്ന ആ സദസ്സിൽ 'സരസദ്രുതകവികിരീടമണി' എന്ന ബഹുമതിബിരുദത്താൽ സർവ്വത്ര വിദിതനായ കുഞ്ഞിക്കുട്ടൻതമ്പുരാനെക്കാൾ ഉപരിയായ ഒരു സ്ഥാനം പ്രസ്തുതപരീക്ഷകൾകൊണ്ടു നേടിയ നമ്മുടെ കവിയെ കേരളീയർ അന്നുമുതൽ ഒരു കവിശ്രേഷ്ഠനായി കൊണ്ടാടിയതു് അത്ഭുതമല്ലല്ലോ. പക്ഷേ കുഞ്ഞിക്കുട്ടൻതമ്പുരാൻ അവിടെവച്ചുതന്നെ നടന്ന നാടകപരീക്ഷയിൽ തന്റെ വിശ്വരൂപം പ്രദർശിപ്പിക്കാതെയിരുന്നില്ല. ആ പരീക്ഷയിൽ കേശവപിള്ള സംബന്ധിക്കുകയുണ്ടായില്ല. 1070-ൽ തിരുവനന്തപുരത്തു നടന്ന ഭാഷാപോഷിണി സഭയുടെ ചതുർത്ഥയോഗത്തിലും കവിതാചാതുര്യപരീക്ഷയിൽ ഒന്നാം സമ്മാനം അദ്ദേഹത്തിനുതന്നെ കിട്ടി.

> "അങ്കത്തിങ്കലലം കളങ്കരഹിതം സംക്രാന്തമായീടുമ-
> ത്തങ്കപ്പങ്കജമങ്കതൻ കുളുർമുലപ്പങ്കേരുഹത്തിങ്കലേ
> തങ്കം കുങ്കുമപങ്കസങ്കലനയാലങ്കാരസങ്കാരമാ-
> മങ്കം പങ്കഹരം കലർന്നൊരുടൽ മേ സങ്കേതമാം കേവലം."

> "ഉൾക്കാമ്പിനേറീടിന ബാധ നല്കം
> ചിക്കെന്നു ശയ്യയുക്തിദോഷമേകം
> തീക്കായ്കിൽ വേഗത്തിൽ വളർന്നുകൂടും
> ദുഷ്കാവ്യവും മൂട്ടയുമൊന്നുപോലെ"

എന്നീ ശ്ലോകങ്ങൾ ആ പരീക്ഷയിൽ എഴുതിയവയാണ്. രണ്ടാമത്തേതിൽ നാലാം പാദം സമസ്യയാണ്. ആസന്നമരണചിന്താശതകവും ഭാഷാപോഷിണീ ഭാരവാഹികൾ മുൻകൂട്ടി പ്രസിദ്ധപ്പെടുത്തിയ തദ്വിഷയകങ്ങളായ കവിതകളിൽ പ്രഥമസമ്മാനത്തിനു യോഗ്യമെന്നു നിർണ്ണയിച്ചതാണ്. കേരളഭാഷാനാരായണീയത്തിനു നാല്പതുറുപ്പിക പാരിതോഷികവും ആ വിദ്വത്സമിതിയിൽനിന്നുതന്നെ ലഭിച്ചു.

ലക്ഷ്മീകല്യാണത്തിലെ ഇതിവൃത്തം ഉൽപ്പാദ്യമാകുന്നു. അതും ഭാഷാപോഷിണീധുരന്ധരന്മാരുടെ ഒരു പരസ്യമനുസരിച്ചുണ്ടാക്കിയതാണ്. അതിനു പ്രശംസാപത്രം മാത്രമേ ലഭിച്ചുള്ളു. പ്രഥമസമ്മാനം കൊട്ടാരത്തിൽ ശങ്കുണ്ണിയുടെ ദേവീവിലാസത്തിനാണ് കിട്ടിയതു്. ലക്ഷ്മീകല്യാണം കോഴിക്കോട്ടു മാനവിക്രമഏട്ടൻതമ്പുരാൻ സംസ്കൃതത്തിലേക്കു വിവർത്തനം ചെയ്തു വസ്തുത മുൻപു രേഖപ്പെടുത്തീട്ടുണ്ട്. അദ്ദേഹത്തിന്റെ കാശിയാത്ര എന്ന ഭാഷാഗദ്യകൃതി കേശവപിള്ളയും പദ്യരൂപത്തിൽ പരാവർത്തനം ചെയ്തു. ആ വിനിമയത്തെ അവർ തമ്മിൽ ഭാഷാപോഷിണി മുഖേന സംപുഷ്ടമായ സൌഹാർദ്ദത്തിന്റെ ലക്ഷ്യമായി കരുതാവുന്നതാണ്.

## കേരളവർമ്മ വലിയകോയിത്തമ്പുരാനും കേശവപിള്ളയും

ബാല്യംമുതല്ക്കുതന്നെ നമ്മുടെ കവിയ്ക്കു വലിയ കോയിത്തമ്പുരാന്റെ വാത്സല്യഭാജനമാകുന്നതിനുള്ള ഭാഗ്യം സിദ്ധിച്ചു. 19-ാമത്തെ വയസ്സിൽ എഴുതിയ ശൂരപത്മാസുരവധം ആട്ടക്കഥയെ അവിടുന്ന് "അദ്യതനയുവകവികളിൽവച്ച് അഗ്രഗണ്യനായ പരവൂർ കേശവപിള്ളയുടെ കൃതിയായ ശൂപത്മാസുരവധം ആട്ടക്കഥ ഞാൻ വായിച്ചുനോക്കി. കവിതാഗുണങ്ങൾ പലതും ഇതിൽ ഉള്ളതുകൂടാതെ ആടിക്കാണുന്നതിനും ഈ കഥ വളരെ നന്നായിരിക്കുമെന്നു തോന്നുന്നു" എന്ന് ഏറ്റവും പ്രോത്സാഹകമായ ഒരു പ്രശംസാപത്രം കൊണ്ടു് അനുഗ്രഹിച്ചു. അതിന്റെ പ്രണേതാവു് 1065-ൽ മനോരമയിലെ കവിതാപംക്തിയിൽ ഒരാദ്യവസാന വേഷക്കാരനായി പ്രത്യക്ഷപ്പെട്ടപ്പോൾ ആ വാത്സല്യം ദ്വിഗുണീഭവിച്ചു. ഭാഷാപോഷിണിവകയായുള്ള മത്സരപരീക്ഷകളിൽ തുടരെത്തുടരെ വിജയം നേടിക്കണ്ടപ്പോൾ അദ്ദേഹത്തെ എല്ലാ പ്രകാരത്തിലും ഉയർത്തിക്കൊണ്ടുവന്ന താൻ ചരിതാർത്ഥനായി എന്ന് അവിടത്തേക്കു തോന്നി. ആ വാത്സല്യപാരമ്യത്തിന് അനുഗുണമായ ഭക്തിപ്രകർഷം കേശവപിള്ളയ്ക്കുമുണ്ടായിരുന്നു. 1070-ൽ അവിടത്തേക്ക് അൻപതു വയസ്സുതികഞ്ഞ അവസരത്തിൽ രചിച്ച കേരളവർമ്മവിലാസം എന്ന സംസ്കൃതകാവ്യത്തിനുപുറമേ ഷഷ്ട്യബ്ദപൂർത്തിമഹോത്സവം സംബന്ധിച്ചു ഷഷ്ടിപൂർത്തിഷഷ്ടി എന്നൊരു ഭാഷാകാവ്യവും നിർമ്മിച്ചു. പ്രാസവാദം സംബന്ധിച്ച് അല്പകാലത്തേക്ക് ആ ബന്ധത്തിനു ശൈഥില്യമുണ്ടായില്ലെന്നില്ല. 1083 മീനത്തിൽ ആരംഭിച്ച ആ വാദം 1085 വൃശ്ചികത്തോടുകൂടി അവസാനിച്ചപ്പോൾ അതു പിന്നെയും ദൃഢീഭവിച്ചു. മഹാന്മാരുടെ നില എക്കാലത്തും അങ്ങനെയുള്ളതാണല്ലോ. "ജാതഃ കോപോ ന ഭൃത്യേഷു; ജാതോപി ന നിഗൂഹിതഃ; നിഗൂഹിതോപി ന ചിരമാസ്സ ചിത്തേ ഽസ്യ കോമളേ" എന്നു ഭഗീരഥവർണ്ണനയിൽ നീലകണ്ഠദീക്ഷിതർ പറയുന്നു. ഈ ശ്ലോകത്തിലെ 'ഭൃത്യേഷു" എന്ന പദം 'മിത്രേഷു' എന്നു പ്രകൃതത്തിൽ മാറ്റാം. ആദ്യം 'സരസഗായകകവി' എന്ന് അവിടുന്ന് കഥാനായകനു നല്കിയിരുന്ന ബിരുദം 1087-ൽ സംഗീതമാലിക സമർപ്പിച്ചപ്പോൾ 'സരസഗായകകവിമണി' എന്ന് ഒന്നുകൂടി സമഞ്ജസമായി വികസിപ്പിച്ചു. കേശവപിള്ള അവിടത്തെ കേശവീയം വായിച്ചുകേൾപ്പിച്ചു തിരുത്തിക്കുന്നതു് ഇതെഴുതുന്ന ആൾ നേരിട്ടു കണ്ടിട്ടുള്ളതാണ്.

## മറ്റു ചില കൃതികളിലെ ഉള്ളടക്കം

1067-ാമാണ്ടു മകരമാസം 24-ാംനു കൊല്ലം ഡിവിഷൻ കച്ചേരിവളപ്പിൽ ഗവമ്മെണ്ടിന്റെ ആഭിമുഖ്യത്തിൽ ഒരു കൃഷിവ്യവസായപ്രദർശനം ആഘോഷിക്കപ്പെട്ടു. അതിനെസ്സംബന്ധിച്ചു നാല്പത്തഞ്ചു ശ്ലോകങ്ങളിൽ കേശവപിള്ള എഴുതിയ ഒരു ലഘുകാവ്യമാണ് കൊല്ലം പ്രദർശനവർണ്ണനം.

“ഈടേറുന്നഭിവൃദ്ധിയും പല പരിഷ്കാരങ്ങളും മേല്ക്കുമേൽ-
ക്കൂടിക്കൂടി വളർന്നുവന്നിട്ടുവതിന്നുള്ളോരു സൽസൂത്രമായ്
നാടാകെപ്പരമെക്സിബിഷ്യണിതി ഹൗണ്യോക്ത്യാ സമാഖ്യാതമാ-
യീടും കാഴ്ചയിതിൻ മഹത്വമഖിലം വർണ്ണിപ്പതിന്നാവതോ?”

എന്നതു പ്രസ്തുതകൃതിയിലെ മൂന്നാമത്തെ ശ്ലോകമാണ്. ഈശ്വരസ്തോത്രം വറുഗീസുമാപ്പിളയുടെ അപേക്ഷയനുസരിച്ച് എല്ലാ മതാനുയായികൾക്കും പാരായണം ചെയ്യാവുന്ന വിധത്തിൽ രചിച്ചിട്ടുള്ള ചില ഗാനങ്ങളുടെ സമാഹാരമാണ്. ശാന്തിവിലാസം നീലകണ്ഠദീക്ഷിതരുടെ തന്നാമധേയമായ മൂലകൃതിയുടെ ഭാഷാനുവാദമാകുന്നു. അതു തർജ്ജമചെയ്തതു കെ. ചിദംബരവാധ്യാരുടെ ആവശ്യമനുസരിച്ചാണ്. മങ്ഗല്യധാരണം തുള്ളൽപ്പാട്ട് 1076-ൽ തിരുവിതാംകൂർ മഹാരാജകുടുംബത്തിലേക്കു ദത്തെടുക്കപ്പെട്ട രാജകുമാരിമാരുടെ മങ്ഗല്യധാരണമഹോത്സവത്തെ പുരസ്കരിച്ചു രചിച്ചു. പള്ളിക്കെട്ടുവർണ്ണനം, അവരിൽ ആറ്റിങ്ങൽ മൂത്തകോയിത്തമ്പുരാനു 1081 മേടം 24-ാംനു നടന്ന പള്ളിക്കെട്ടു സംബന്ധിച്ച് എഴുതിയ മറ്റൊരു തുള്ളൽപ്പാട്ടാണ്. കല്യാണദർപ്പണം, 1085–ാമാണ്ടു മീനമാസം 10-ാംനു നടന്ന വടശ്ശേരി ഭഗവതിപ്പിള്ളക്കൊച്ചമ്മയുടെ താലികെട്ടുകല്യാണം പ്രമാണിച്ചെഴുതിയ ഒരു കാവ്യമാണ്. അതിൽ 170 ശ്ലോകങ്ങളും ചില ഗാനങ്ങളും ഉൾപ്പെടുന്നു. മാനസോല്ലാസത്തിൽ അടങ്ങിയിരിക്കുന്ന പതിനേഴ് ലഘുകാവ്യങ്ങളിൽ ഗുരുഭക്തിയൊഴികെ പതിന്നാലെണ്ണം ഇംഗ്ലീഷ് കൃതികളുടെ തർജ്ജമയാണു. കൂപ്പർ, മാക്കേലൗവൽ, ഹീമാൻസ്, ടെനിസൺ, കാമ്പ്ബെൽ, ഷേക്സ്പിയർ മുതലായ കവിശ്രേഷ്ഠന്മാരുടെ കൃതികളാണ് വിവർത്തനത്തിനു തിരഞ്ഞെടുത്തിട്ടുള്ളത്. ഗുരുഭക്തിയിൽ രഘുവംശം ദ്വിതീയസർഗ്ഗത്തിലെ ഉപാഖ്യാനം സംഗ്രഹിച്ചിരിക്കുന്നു. നാഴികമണിയെന്നും പ്രസൂനവാദമെന്നും രണ്ടു സ്വതന്ത്രകൃതികൾക്കും പ്രസ്തുത പുസ്തകത്തിൽ സ്ഥാനം അനുവദിച്ചിട്ടുണ്ട്. സാഹിത്യവിലാസം കവിയുടെ സൂര്യൻ, ശിവദശകം, ഒരു വിലാപം, കൃഷ്ണൻകുന്ന് മുതലായ ഒന്നാം കിടയിലുള്ള കൃതികൾ ഉൾക്കൊള്ളുന്ന ഒരു ഖണ്ഡകാവ്യസമുച്ചയമാണ്. ഇനി പ്രത്യേക ഗണനയെ അർഹിക്കുന്ന ചില കൃതികളെപ്പറ്റി സ്വല്പം വിസ്തരിക്കാം.

## കേരളവർമ്മവിലാസം

വളരെ നല്ല ഒരു സംസ്കൃതകൃതിയാണു കേരളവർമ്മവിലാസം. 1072-ലേ അത് അച്ചടിച്ചതായി കാണുന്നുള്ളൂ. മൂന്നു ശ്ലോകങ്ങൾ പ്രദർശിപ്പിക്കാം.

“ഗുണപ്രവീണനികടാധ്യയനേന സോയം
സ്വീയശ്രമേണ ച മഹാപ്രതിഭാദ്ഭുതാത്മാ
രച്ഛാസ്ത്രസഞ്ചയമയാതിവിശാലസിന്ധു-
മുഷ്ടിയിന്ധയത്വമപി ഹന്ത! ദുരാപമാപ.

ഗൈർവാണ്യപി സ്വയമമന്ദരസാ വൃണാതാം
ലക്ഷ്മീശ്ച സാധു യമശേഷഗുണാഭിരാമം
തം ചേദ്ഭവേദവസരഃ കിമു ചാരുവാണീ
ഹാണീ ജഹാതി നവയരവനജൃംഭമാണാ?”

(തൃതീയദശകം)

“യന്നാമശ്രവണേ സതാം ബഹുമതിസ്സദ്യോ ജരീജൃംഭതേ
യസ്യാസേചനകാങ്ഗവീക്ഷണവിധാ ലോകാസ്സമുൽക്കണ്ഠിതാഃ

യദ്വാണീമമൃതസ്രു തേസ്സഹചരീം ശ്രോതും മിതാം സമ്മുഖം
വാഞ്ഛന്ത്യദ്യമനീഷിണശ്ചസുകൃതീ സോയംവിജേജീയതാം."

(ദശമദശകം)

## മൂന്നാട്ടക്കഥകൾ

കേശവപിള്ളയുടെ ആട്ടക്കഥകൾ മൂന്നും നന്നായിട്ടുണ്ടെങ്കിലും ആദ്യത്തെ കൃതിയായ ഹിരണ്യാസുരവധത്തെക്കാൾ ശൂരപത്മാസുരവധത്തിനും തദപേക്ഷയാ ശ്രീകൃഷ്ണവിജയത്തിനും കൂടുതൽ മേന്മ കല്പിക്കേണ്ടതുണ്ട്. ഈ കൃതികളെപ്പറ്റി "എനിക്കു കവിതയിൽ ഒരു വിധം പഴക്കമോ പരിചയമോ സിദ്ധിക്കുന്നതിനു മുമ്പാണ് ഈ മൂന്നു കഥകളും എഴുതുന്നതിന്നിടയായതെന്നു സ്പഷ്ടമാണല്ലോ. അതിനാൽ ഇപ്പോൾ നോക്കുന്ന സമയങ്ങളിൽ ഇവയിൽ പല ഭാഗങ്ങളും 'പോര', 'നന്നായില്ല' എന്നൊക്കെ എനിക്കു തോന്നാറുണ്ട്. എങ്കിലും കാലഭേദത്താൽ പലർക്കും കഥകളിയിൽ തോന്നിത്തുടങ്ങീട്ടുള്ള വൈമുഖ്യം നിമിത്തം ഇവയെ പരിഷ്കരിച്ച് അച്ചടിപ്പിക്കുന്നതിനോ വീണ്ടും ആട്ടക്കഥകളെ നിർമ്മിക്കുന്നതിനോ എനിക്ക് ഉത്സാഹമുണ്ടായില്ല" എന്നു കവി പറയുന്നു. ഇരയിമ്മൻതമ്പിക്കിപ്പുറം സങ്ഗീതത്തിലും സാഹിത്യത്തിലും ഒന്നുപോലെ അഭിജ്ഞനായി കേരളത്തിനു ലഭിച്ചിട്ടുള്ള ഏകമഹാകവിയാണ് കേശവപിള്ള. അതുകൊണ്ട് അദ്ദേഹം പരിണതപ്രജ്ഞനായതിനുമേൽ ഒരു ആട്ടക്കഥ രചിച്ചിരുന്നുവെങ്കിൽ അതു സർവ്വഗുണസമ്പന്നമായി പ്രശോഭിക്കുമായിരുന്നു. എങ്കിലും ഇരുപതാമത്തെ വയസ്സിനുമുമ്പുതന്നെ അദ്ദേഹം നേടിത്തന്ന ഈ സ്വത്തുകൊണ്ടും നമുക്കു സന്തോഷിക്കാവുന്നതാണ്. ചില ശ്ലോകങ്ങളും ഒരു പദത്തിൽനിന്ന് ഏതാനും ഭാഗവും പകർത്തുന്നു.

"ദൈത്യോത്തംസോ നഭസ്സുദ്ഭുജകമലവിധുഃ പദ്മജാനുഗ്രഹോദ്യൽ-
പ്രഖ്യാതപ്രൗഢതേജാഃ സ്മരഹൃതഹൃദയഃ പ്രോല്ലസൽപത്രവല്ലീം
പ്രേക്ഷാനന്ദപ്രദാത്രീം സുരഭിലകസുമാലംകൃതാം സൂനവാടീം
പ്രാഹ സ്വാധീരനേത്രാം സരസമിതി മഹാവീര്യശാലീ ഹിരണ്യഃ"

(ഹിരണ്യാസുരവധം)

"അസ്മിൻ ഗതേ സതി സഭാം സ്വയമാവിരാസീ-
ദസ്യാമസീമരുചി ഹേമമയഞ്ച കിഞ്ചിൽ
ഭദ്രാസനം സപദി തത്ര മുദൈഷ തസ്ഥാ-
വസ്ത്ര്യസ്ഥിതിഃ ക്വ നു സതാമദുരധ്വഗാനാം?"

(ശൂരപത്മാസുരവധം)

"നാനാനനാനൂനനാനാ നനാനൂനാനനനാനനു
നാനാനനാനോനനേനാ നനാനേനനനേനനുഃ"

എന്ന ഏകാക്ഷരശ്ലോകം ഈ കഥയിലുള്ളതാണ്. ഇതു സ്തവരത്നാവലിയിലെ വന്ദനശ്ലോകങ്ങളുടെ കൂട്ടത്തിലും ഉൾപ്പെടുത്തീട്ടുണ്ട്.

"ഉച്ചൈസ്ത്വതാവിതി സത്വരം പ്രതിഭയപ്രധ്വാനനിർദ്ധാവിത-
പ്രത്യർത്ഥിപ്രകരപ്രവൃദ്ധപൃതനൗ ഭുജാതദേവാന്തകൗ
ഗത്വാ മാഗധഭൂപകഞ്ജരമതിപ്രോച്ഛ്രായശൗര്യം മഹാ-
സംസ്ഥോടസ്സരിതസ്പൃഹാവിതി വചഃ പ്രോച്ചൈർബ്രു വാതേ സ്മതം."

(ശ്രീകൃഷ്ണവിജയം)

"അലർശരസമാകാര! അയി മമ ജീവനാഥ!
സുലഭമായ് മമ കാമം സദ്തീമനോഹരാങ്ഗ!

വിലസിതയായ നിന്റെ വരതനുവിനെയോർത്തു
അലസയായിഹ വാണേനമല! ഞാനിന്നയോളം,

പരിണതശശിബിംബം പരിചിൽക്കാണ്മതിനായി
പരമാശ ഏദി പൂണ്ടു മരുവും ചകോരി പോലെ.

അന്നു ജന്മസാഫല്യം തന്നു നീയെനിക്കായി
കുന്ദസായകൻതദനുമന്നേയെൻ വൈരിയായി.

മന്ദഹാസമധുരം സുന്ദര! തവ മുഖ-
മൊന്നു കണ്ടവർ പിന്നെയന്യമോർത്തീടുന്നുണ്ടോ?"
(ശ്രീകൃഷ്ണവിജയം—സൈരന്ധ്രി ശ്രീകൃഷ്ണനോട്)

## സ്തവരത്നാവലി

പുത്തൻ ഭജനകീർത്തനങ്ങൾ എന്നു കൂടി പേരുള്ള സ്തവരത്നാവലിയിൽ രണ്ടു ഹാരാവലികൾ അടങ്ങീട്ടുണ്ട്. ശ്രീരാമൻ, ശ്രീകൃഷ്ണൻ, ദുർഗ്ഗ തുടങ്ങിയ ദേവതകളെ ഏറ്റവും മനോമോഹനങ്ങളായ ഗാനങ്ങളിൽ കവി സ്തോത്രം ചെയ്യുന്നു. കവിയുടെ പാണ്ഡിത്യ പാരീണതയ്ക്കു മൂർദ്ധാഭിഷിക്തോദാഹരണങ്ങളായ ചില വന്ദനശ്ലോകങ്ങളും ഗ്രന്ഥാരംഭത്തിൽ ഘടിപ്പിച്ചിട്ടുണ്ട്. അവയിൽ ചില ശ്ലോകങ്ങൾ ശബ്ദചിത്രങ്ങളാണ്. തമിഴുപാട്ടുകളെ അനുകരിച്ചു 'കൊഞ്ചുമേ' "എന്റു" മുതലായി അപൂർവ്വം ചില തമിഴുവാക്കുകളും ഇടകലർത്തിയിരിക്കുന്നു. ഒരു പാട്ടിൽനിന്നു സ്വല്പം ചുവടേചേർക്കുന്നു.

"കോടി ദിവാകരശോഭയെഴും തവ-
കോമളതനുമീഡേ—രാമ!
ഹാടകനിർമ്മിതമകുടലസിത! രിപു-
പാടവാതിശയപാടനപടുതമ! (കോടി )
. . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . .
കനകവസന! മഘവോപലനീല!
കാമിതഫലതതിവിതരണലോല!
ഘനകരുണാമലപദനതപാല!
കാമകോടി സുഭഗാത്ഭുതലീല!" (കോടി)

## കേരളീയഭാഷാനാരായണീയം

മേല്പത്തൂർ നാരായണ ഭട്ടതിരിയുടെ നാരായണീയം ഭാഷാന്തരീകരിക്കുവാൻ ഒരു കവിക്കു സമഗ്രങ്ങളായ ശക്തിനൈപുണ്യാഭ്യാസങ്ങൾക്കു പുറമേ ഭക്തിപ്രാചുര്യത്തിൽനിന്നും പരോപകാരപ്രവണതയിൽനിന്നും ജനിക്കുന്ന മനോനിശ്ചയവും ആവശ്യമുണ്ട്. മൂലത്തിന്റെ ഗാംഭീര്യസാരങ്ങളെപ്പറ്റി ചിന്തിക്കുമ്പോൾ അത്ര വളരെ ക്ലേശാവഹമാണ് ആ സാഹിതീവ്യവസായം. കേശവപിള്ളയുടെ കേരളീയഭാഷാനാരായണീയം ആ സ്തോത്രരത്നത്തിന്റെ ആദ്യത്തെ ഭാഷാനുവാദമാണെന്നുമാത്രമല്ല, മറ്റൊരു തർജ്ജമകൂടി പിന്നീടും ആവിർഭവിച്ചിട്ടുണ്ടെങ്കിലും അതിനെക്കാൾ പതിന്മടങ്ങു വിശിഷ്ടവുമാണ്. രചനയിൽ വന്നിട്ടുള്ള ന്യൂനതകളെ തന്നിമിത്തം

അത്ര കാര്യമായി വിചാരിക്കുവാനില്ല. ചില നല്ല ശ്ലോകങ്ങളാണ് ചുവടേ കാണുന്നതു്.

“നിർവ്യാപാര! ഭവാന്റെയീക്ഷണമതാം നിർമ്മൂലയാം ചേഷ്ടയാൽ
ചേർന്നില്ലാത്തതുപോലെഴും പ്രകൃതിയുണ്ടാകുന്ന കല്പങ്ങളിൽ
ശുദ്ധം സത്ത്വമൊരംശമൻപൊടതിൽനിന്നുദ്ധാരണംചെയ്തു നീ
സർവ്വോൽക്കൃഷ്ട! വഹിച്ചിടുന്നു മഹിതം ലീലാസ്വരൂപം വിഭോ!”
(ഒന്നാം ദശകം)

“പിന്നെത്താമരനാളമൊക്കെ വിധിതാൻ നന്നായ്ത്തിരഞ്ഞാർത്തനായ്
തന്നെത്താനൊരു നൂറുവത്സരമഹോ! ചെന്നെത്തിയില്ലൊന്നിലും
പിന്നെത്താൻ സുഖമോടിരുന്നതിലുടൻ ഭിന്നത്വമെന്യേവിഭോ!
നിന്നെത്തന്നെ സമാധിശക്തിയൊടുമങ്ങുന്നിത്തപിച്ചീടിനാൻ.”
(ഒൻപതാം ദശകം)

“പ്രകാശിക്കും ശ്രീമന്മഹിതപരമാനന്ദലഹരീ-
പ്രവാഹത്താലേറ്റം നിറയുമൊരു കൈവല്യജലധൗ
ചിരംനന്നായന്നാൾ മുഴുകിയൊരു ഗോപാലരെ വിഭോ!
ഹരേ നീതാൻ പിന്നെപ്പരിചിനൊടുയർത്തീ മുരരിപോ!”
(അറുപത്തിനാലാം ദശകം)

“വ്യാപിക്കും കൗസ്തുഭശ്രീയൊടുമധുരമിളം ചോപ്പെഴും കണ്ഠവും തേ
ശ്രീവത്സം ചേർന്നു ശോഭിച്ചിളകമമലഹാരാഞ്ചിതം നെഞ്ചുമേറ്റം
നാനാവർണ്ണപ്പുതുപ്പൂന്തളിരിവയിളകം വണ്ടിനോടൊത്തു മാറിൽ-
ബ്ഭാസിക്കും മാലയും ചേലിയലിന മണിമാല്യത്തെയും പാർത്തിടുന്നേൻ.”
(നൂറാം ദശകം)

## നാലു നാടകങ്ങൾ

### രാഘവമാധവം

ശ്രീ കൃഷ്ണൻ രുക്മിണിയുടേയും ഗരുഡന്റേയും അഹങ്കാരത്തെ ശമിപ്പിക്കുന്നതാണ് രാഘവമാധവത്തിലെ പ്രതിപാദ്യം. ഭാഗവതാന്തർഗ്ഗതമായ ആ ഉപാഖ്യാനംകൊണ്ടു പല കവികളും കൈകാര്യം ചെയ്തിട്ടുണ്ട്. വറുഗീസുമാപ്പിളയുടെ ദർപ്പവിച്ഛേദം ആട്ടക്കഥയിലെ കഥാവസ്തുവും അതുതന്നെയാണെന്നു വായനക്കാരെ ഗ്രഹിപ്പിച്ചിട്ടുണ്ടല്ലോ. രണ്ടാമത്തെ പതിപ്പിൽ കേശവപിള്ള അഭിനേതാക്കളുടെ രുചിയനുസരിച്ചു സംഗീതനാടകമായി രൂപഭേദപ്പെടുത്തി അതിനു സംഗീതരാഘവമാധവം എന്നു പേരു കൊടുത്തു. ആ നാടകത്തിൽനിന്ന് ഒരു ശ്ലോകംമാത്രം ഉദ്ധരിക്കുന്നു.

“അതിപരിചയമൂലം ഹന്ത! വൈരാഗ്യമാർക്കും
മതിയതിലുളവാകും സംശയം ലേശമില്ല;
മതിമുഖി! മൃഗനാഭിക്കുള്ള സൗരഭ്യമേല്പാൻ
കൊതിയതു പെരുമാറും വാണിജന്നോർക്കിലുണ്ടോ?”

## ലക്ഷ്മീകല്യാണം

ഇതും രാഘവമാധവംപോലെ അഞ്ചങ്കത്തിലുള്ള ഒരു നാടകമാണ്. ഇതിവൃത്തം പ്രഖ്യാതമല്ലാത്തതിനാൽ കൂടുതൽ ആകർഷകമാണ്. കാലോചിതങ്ങളായ സമുദായ പരിഷ്കാരപദ്ധതികളെ സ്വാഗതം ചെയ്യുന്നതിൽ കവി ശ്രദ്ധാലുവായിരുന്നു. കൊച്ചുകുഞ്ഞുപിള്ള തന്റെ പുത്രിയായ ഗൌരിയെ അനന്തരവനായ കൃഷ്ണപിള്ളയെക്കൊണ്ടു വിവാഹം ചെയ്യിക്കണമെന്നു നിശ്ചയിക്കുന്നു. പരിഷ്കൃതഹൃദയനായ കൃഷ്ണപിള്ളയ്ക്ക് അനഭ്യസ്തവിദ്യയായ ഗൗരിയിൽ അനുരാഗമില്ല; അദ്ദേഹം പിച്ചകശ്ശേരി കൊച്ചുലക്ഷ്മി എന്ന യുവതിയിൽ ആകൃഷ്ടനാകുകയും ഒടുവിൽ കൊച്ചുകുഞ്ഞുപിള്ളതന്നെ ആ വിവാഹത്തിനു സമ്മതം നല്കുകയും ചെയ്യുന്നു. പ്രശ്നം, ശകുനം, മന്ത്രവാദം ഇവയിലുള്ള അന്ധവിശ്വാസത്തെ കവി പ്രാസങ്ഗികമായി നിശിതരീതിയിൽ അവഹേളനം ചെയുന്നു. ഏട്ടൻതമ്പുരാന്റെ തർജ്ജമയിൽ കൃഷ്ണപിള്ള ബാലകൃഷ്ണമേനോനും കൊച്ചുലക്ഷ്മി ബാലലക്ഷ്മിയും മറ്റുമായി മാറീട്ടുണ്ട്. രണ്ടു ശ്ലോകങ്ങൾ താഴെ ചേർക്കുന്നു.

> "കുപ്പായം നിത്യമുണ്ടക്കരകരിയതിലേ മിക്കവാറും വസിക്കു;
> ചൊല്ലൊല്ലാങ്ങും സാരമേറും പഴയ കഥകൾ ചൊല്ലീടുവാൻ വാഞ്ഛയില്ല;
> വയ്യിന്നും പോകയില്ലാ; പുതിയ കവിത വായിക്കുവാനായ് മിനക്കെ-
> ട്ടെപ്പോഴും വാണുകൊള്ളും; ചില കുറി വെറുതേ പാടി നേരങ്ങൾ പോക്കും."

> "പ്രാണാന്തത്തോളമെത്തും സുഖവുമസുഖവും പങ്കുകൊണ്ടങ്കരിക്കും
> പ്രാണപ്രേമം കലർന്നങ്ങനെ വരസഖിയായ് ബുദ്ധിയെത്താത്ത ദിക്കിൽ
> വേണമ്പോൾ വല്ലഭന്നായ് വിനയമൊടുപദേശങ്ങൾ ചൊല്ലി പ്രഭാവാൽ
> വാണീടാനുള്ള ഭാര്യയ്ക്കറിവകമതിലില്ലെങ്കിലെന്താണു സൗഖ്യം?"

## സദാരാമ

തമിഴ്നാടകക്കാർ അഭിനയിക്കാറുള്ള കഥകളിൽ അതിപ്രധാനമായ ഒരു സ്ഥാനം സദാറാംചരിത്രത്തിനുണ്ട്. ആ കഥയിൽ ചില പരിഷ്കാരങ്ങൾ വരുത്തി, കേരളീയർക്കു രുചിക്കുന്ന വിധത്തിൽ അഞ്ചങ്കങ്ങളിൽ ഓരോന്നിലും രങ്ഗവിഭജനംചെയ്തു രചിച്ചിട്ടുള്ള ഒരു നാടകമാണ് സദാരാമ. അതിന്റെ മുഖവുരയിൽ കവി ഇങ്ങനെ പ്രസ്താവിക്കുന്നു. "ഇതിൽ ശ്ലോകങ്ങളെക്കാൾ ഗാനങ്ങളെയാണ് ഞാൻ അധികമായി ചേർത്തിട്ടുള്ളതു്. അഭിനയത്തിൽ ശ്ലോകങ്ങളേയോ ഗാനങ്ങളേയോ സങ്ഗീതരീത്യാ പ്രയോഗിക്കുമ്പോഴും രങ്ഗസ്ഥിതന്മാർ സങ്ഗീതരസത്തിൽ മുഴുകിപ്പോകുന്നതിനാൽ അവർക്കു കഥാബന്ധത്തെക്കുറിച്ചുള്ള പര്യാലോചനയും തജ്ജന്യമായ സാക്ഷാൽ നാടകീയരസത്തിന്റെ അനുഭവവും ഉണ്ടാകുന്നില്ലെന്ന് ഒരഭിപ്രായമുണ്ട്. വാസ്തവത്തിൽ സ്വരവൈചിത്ര്യങ്ങളെ പ്രദർശിപ്പിക്കാനായി ഗാനാംശങ്ങളെ ക്രമത്തിലധികം ആവർത്തിക്കുന്ന ഭാഗവതർ മറ്റു നാടകാഭിനയത്തിൽ കഥയുടെ രസധാരയ്ക്കു വിച്ഛേദം വരുത്തുന്നതാകയാൽ ത്യാജ്യം തന്നെയാകുന്നു. എന്നാൽ സങ്ഗീതത്തിലും സാഹിത്യത്തിലും വൈദുഷ്യവും ഔചിത്യബോധവുമുള്ള 'സമർത്ഥനായ' ഒരു നടനു സങ്ഗീതസാഹിത്യരസങ്ങളെ ക്ഷീരനീരന്യായേന യോജിപ്പിച്ചു തദുഭയ രസികന്മാരെ ഏകകാലത്തിൽത്തന്നെ ആസ്വദിപ്പിക്കുവാൻ കഴിയുമെന്നാണ് എന്റെ അഭിപ്രായം." ഈ അഭിപ്രായമനുസരിച്ചാണ് കവി പ്രസ്തുത ദൃശ്യകാ

വ്യം നിബന്ധിച്ചിരിക്കുന്നത്. സദാരാമയ്ക്കു വളരെ വേഗത്തിൽ പൊതുജനങ്ങളുടെ ഹൃദയപൂർവ്വമായ അഭിനന്ദനം സിദ്ധിച്ചു. അതിലെ ചില പാട്ടുകൾ അക്ഷരജ്ഞാനമില്ലാത്ത ഗ്രാമീണർപോലും മൂളിപ്പാടി ആനന്ദിച്ചു. ഒട്ടു വളരെ പ്രതികൾ ഏഴെട്ടു കൊല്ലങ്ങൾക്കിടയിൽ വിറ്റഴിഞ്ഞു. വാസ്തവത്തിൽ സദാരാമയിലെ ഗാനങ്ങൾ എല്ലാംതന്നെ മനോഹരങ്ങളാകുന്നു. അതെഴുതുന്ന കാലത്തു് അപരിമേയമായ വാസനാവൈഭവംകൊണ്ടും അനേകം ഭാഗവതരന്മാരുമായുള്ള സമ്പർക്കംകൊണ്ടും ഒരു ഗാനസാഹിത്യകാരൻ എന്ന നിലയിൽ കവി എത്രമാത്രം സമുന്നതിയെ പ്രാപിച്ചുകഴിഞ്ഞിരുന്നു എന്നു ഭാവുകന്മാക്കു് അനുമാനിക്കാവുന്നതാണു്'. ഒരു ഗാനം ചുവടേ ചേർക്കുന്നു.

"കാ–മ–പാ–ലാ
കാ–മപാ–ലഭൂ–മിപാ–ലാ
കാ–മ–പാ–ലാ–ഭൂ–മി–പാ–ലാ
കാമ–പാലാ–ജയ ഭൂമി–പാലാ

സോമസ–മാനന–കാമിത–ദായക (കാമ)
കരുണാ–ശരണാ–തരുണാ–ഭരണാ (കാമ)
പാവനശീല–പാലനലോല
പരഗണകാല–പുരുഗുണജാല (കാമ)
കൈവരുമാദര–ഭാവരസത്തൊടു
ഭൂവരരേവരുമേ–പണിയുന്നൊരു (കാമ)
അസമാ–നസമാ–ഹിതമാ–നസമാ (കാമ)
നിനിമാ–മതിമാ–നദമാ–നസമാ (കാമ)
രണമതിലെതിരിടട്ടുമരികളെ യമപുര-
മണവതിനതിബലസഹിതമയപ്പൊരു" (കാമ)

## വിക്രമോർവശീയം

കാളിദാസകൃതമായ വിക്രമോർവ്വശീയനാടകത്തിലെ ശ്ലോകങ്ങളെ ഗാനങ്ങളാക്കി രചിച്ചിട്ടുള്ളതാണു് ഈ സങ്ഗീതനാടകം. ഒരു ഗാനം ഉദ്ധരിക്കുന്നു.

"ആരാവാം–ഓരുമ്പൊഴു–തിവളടെയുടൽ
തീർത്ത വിരുത-നാരാവാം?
ആരാജിതസുഷമാനിധി
താരാപതിതാനോ? പുന– (രാരാവാം)
ശൃങ്ഗാരരസാംബുനിധി
സുമസായകനോ? സുമകല-
സങ്ഗാഭിരാമമായ
സുരഭിയാകുമൃതുവോ? പുന– (രാരാവാം)
വേദങ്ങളെയുരുവിട്ടിഹ
വിഷയങ്ങളിൽ മുഷിവേന്തിയ
കിഴവൻമുനിയഴകീവിധ-
മുളവാക്കുവതെളുതോ? പുന– (രാരാവാം)

വിക്രമോവ്വശീയത്തിനു സദാരാമയ്ക്കെന്നപോലെയുള്ള പ്രചാരം ലഭിച്ചില്ല.

## സുഭാഷിതരത്നാകരം

സുഭാഷിതരത്നാകരത്തിൽ രണ്ടു പ്രകരണമങ്ങൾ അടങ്ങിയിരിക്കുന്നു. വിഷയങ്ങൾ അകാരാദിക്രമത്തിലാണ് രണ്ടിലും വിഭജിച്ചിരിക്കുന്നത്. 'ചില നീതിവാക്യങ്ങൾ' എന്ന തലക്കെട്ടിൽ കേശവപിള്ള അനേകം സദാചാരപദ്യങ്ങൾ ഭാഷാപോഷിണിയിൽ എഴുതിക്കൊണ്ടിരുന്നു. സംസ്കൃതത്തിൽനിന്നും ഇംഗ്ലീഷിൽനിന്നും തർജ്ജമ ചെയ്തിട്ടുള്ള ശ്ലോകങ്ങൾക്കുപുറമേ ചില സ്വകീയങ്ങളായ ശ്ലോകങ്ങളും ഇതിൽ കാണാവുന്നതാണ്. പരക്കെ ഏതുതരത്തിലുള്ള അനുവാചകന്മാർക്കും പ്രയോജകീഭവിക്കുന്ന ഈ ഗ്രന്ഥത്തിൽ നിന്നു രണ്ടു ശ്ലോകങ്ങൾ പകർത്തുന്നു.

"കാതിൽക്കുത്തുന്ന കാന്തിപ്രചുരിമ കലരും തോടയോ, മോടിയാടി-
ക്കോതി ബ്ബന്ധിച്ച കുന്തൽക്കുലമതിൽ വിലസും മാലതീമാലതാനോ
പാതിത്തിങ്കൾപ്രകാശം തടവുമളികമോ കാന്തിയേന്തുന്നതില്ല-
പ്പാതിവ്രത്യാഖ്യമാകും സുമഹിതമണിതാൻ ഭൂഷണം യോഷമാരിൽ."
(പാതിവ്രത്യം—സ്വകീയം)

"ശീലിപ്പിക്കണമന്യദുഃഖമനുശോചിക്കുന്നതിന്നും കനി-
ഞ്ഞാലോകിച്ചിട്ടുമന്യദോഷമൊളിവായ് വയ്പാനുമെന്നെ പ്രഭോ
ചാലേയന്യജനങ്ങളിൽസ്സതതമീ ഞാനിങ്ങു കാണിച്ചിടും-
പോലുള്ളോരലിവെന്നിലും വിശദമായ്ക്കാണിക്കവേണം ഭവാൻ."
(സാമാന്യസ്തുതി—പോപ്പിന്റെ ഇംഗ്ലീഷ് കൃതിയിൽനിന്ന്)

## ആംഗലസാമ്രാജ്യം

ഏ. ആർ. രാജരാജവർമ്മകോയിത്തമ്പുരാന്റെ ആങ്ഗലസാമ്രാജ്യം മഹാകാവ്യത്തിന്റെ ഭാഷാനുവാദമാണ് ഈ കൃതി. കോയിത്തമ്പുരാനും കേശവപിള്ളയും തമ്മിൽ 1067-ലെ കവിസമാജസമ്മേളനത്തിൽവെച്ചുണ്ടായ പരിചയം ക്രമേണ ദൃഢമൂലമായി സൗഹാർദ്ദാവസ്ഥയിൽ ഉയർന്നു. 1085-ലായിരുന്നു ഈ തർജ്ജമ അച്ചടിപ്പിച്ചതു്. തർജ്ജമ നന്നായിട്ടുണ്ട്. നാരായണീയം വിവർത്തനം ചെയ്തുകഴിഞ്ഞപ്പോൾ സിദ്ധിച്ച പാടവം ഇതിന്റെ രചനയക്കു ധാരാളം പ്രയോജകീഭവിച്ചിട്ടുണ്ട്. ചില ശ്ലോകങ്ങൾ നോക്കുക.

"ആൾ തിങ്ങിടും തെരുവുകൾക്കിടയിൽത്തുരന്ന
മാർഗ്ഗങ്ങളൂടെയിവിടെപ്പുകവണ്ടിജാലം
വീട്ടിന്റെയോവുകളിൽ മൂഷികരെന്നപോലെ
വാട്ടം വെടിഞ്ഞനിശമങ്ങനെ മണ്ടിടുന്നു."
(ഒന്നാംസർഗ്ഗം)

"ഘോരഘോരമവർ ചെയ്തിട്ടുന്നൊരി-
പ്പോരുകാണ്മതിനശക്തിയാർന്നപോൽ
ധൂമികാമയപടം വിടർത്തതി-
ന്നുള്ളിലാശകൾ മറച്ചു തന്മുഖം."
(പത്തൊൻപതാംസർഗ്ഗം)

"നല്കുന്നവങ്കലധമർണ്ണഗുണത്തിനാലും
വാങ്ങുന്നവങ്കലുരുസൽഫലവൃദ്ധിയാലും
മോദം വളർത്തിടുമൊരീയൃണബന്ധനീതി

ലോകർക്കു ചേർത്തു നൃപഭക്തിയെയേറ്റമന്നാൾ."

(ഇരുപതാം സർഗ്ഗം)

"ബ്രഹ്മാനന്ദൈകഖണ്ഡം ധരണിയുടെ ധനങ്ങൾക്കെഴും മാനദണ്ഡം
സാമ്രാജ്യത്തിൻ പ്രകർഷം പ്രഭുതതിയുടെ നൽപ്രേമസമ്പൂർണ്ണവർഷം.
സംസാരത്തിന്റെ സാരം സകലരുടെയുമുത്സാഹഘോഷാവതാരം
ഭാസിച്ചിടുന്നു പാരം മഹിതമിഹ മഹാരാജ്ഞിതൻ കീർത്തിപൂരം."

(ഇരുപത്തിമൂന്നാം സർഗ്ഗം)

## ഷഷ്ടിപൂർത്തിഷഷ്ടി

ഷഷ്ടി പൂർത്തിഷഷ്ടിയിൽ ഗീതിവൃത്തത്തിൽ രചിച്ച അറുപതു ശ്ലോകങ്ങൾ ഉൾപ്പെടുന്നു. ദ്വിതീയാക്ഷരം സ്വരവ്യഞ്ജനൈകരൂപ്യംകൊണ്ടു സുന്ദരമാക്കി രചിച്ചിട്ടുള്ളതാണ് ഓരോ ശ്ലോകവും. ചില ശ്ലോകങ്ങൾ നോക്കുക.

"ശ്രീമാൻ കേരളവർമ്മാ ധീമാൻ പർപ്പാവനീശവംശമണിഃ
സീമാവിരഹിതകീർത്തി സ്തോമാലയമായതാ! വിളങ്ങുന്നു."

"താപം പാത്രത്തിനുമൊരു ലോപം സ്നേഹത്തിനും വരുത്താതെ
ശ്രീ പകലും രാവുമെഴും ദീപമിതന്യാദൃശം നിനച്ചോളും."

"മതിമാൻ പണ്ടൊന്നിച്ചൊരു കുതിരയെയും കവിതയായ വനിതയെയും
അതിചിത്രപദക്രമമായ് ഗതിചെയ്യിച്ചെന്നതെത്ര മഹനീയം."

"വ്യായാമവിശേഷഭവശ്രീയാർന്നിടുമിമ്മഹാനൊടേറ്റീടിൽ
കായാഭ്യാസിജനത്തിനനായാസം ധരണിയെപ്പുണർന്നീടാം."

## സാഹിത്യവിലാസം

സാഹിത്യവിലാസത്തിൽ പല നല്ല ഖണ്ഡകൃതികളും അന്തർഭവിക്കുന്നുവെന്നു മുൻപു നിർദ്ദേശിച്ചിട്ടുണ്ടല്ലോ. ചില ശ്ലോകങ്ങൾ പരിശോധിക്കുക.

"ചൊല്ലാർന്നിടുന്ന ഭവദാഗമവേളയോർത്തി-
ട്ടുല്ലാസമോടു പതഗാവലി പാടിടുമ്പോൾ
കല്യത്വമിങ്ങണയുമാറണയും വിഭോ! നിൻ-
കല്യാണകാന്തി ഭരകന്ദളമെത്ര രമ്യം!" (സൂര്യൻ)

"അസിതമായ ഗളത്തിലുമുജ്ജ്വലൽ-
ഭസിതമാം തിരുമേനിയിലും പ്രഭോ!
ഹസിതമായ നിലാവിലുമേറ്റമു-
ല്ലസിതമാകണമെന്നുടെ മാനസം." (ശിവദശകം)

ഒരു വിലാപം എന്ന കൃതിയിൽ ജഗന്നാഥപണ്ഡിതരുടെ സുപ്രസിദ്ധമായ കരുണവിലാസത്തിലെ മിക്ക ശ്ലോകങ്ങളും ഭാഷാന്തരീകരിച്ചിട്ടുണ്ട്. മൂലത്തിൽനിന്നു തർജ്ജമയ്ക്കു യാതൊരപകർഷവും സജാതീയമായ ദ്വിതീയാക്ഷരപ്രാസനിർബ്ബന്ധം നിഷ്കൃഷ്ടമായി പരിപാലിക്കുന്ന ഈ ശ്ലോകങ്ങളിൽ നിരീക്ഷിക്കുവാൻ സാധിക്കുന്നതല്ല.

"നർമ്മങ്ങളോടു ചില നാളിഹ വാണു വിദ്യ-
ദ്ധർമ്മം കലർന്നൊരു മഹേന്ദ്രസുഖങ്ങളേകി
നിർമ്മന്ത്രനാം നൃപനെ ലക്ഷ്മികണക്കു പുണ്യ-
കർമ്മം തുലഞ്ഞപൊഴുതെന്നെ വെടിഞ്ഞുവോ നീ?
ഭൂവിങ്കൽ വാണു മധുരരോക്തികൾ ചൊല്ലിയെന്നെ
ദ്യോവിങ്കലാക്കിയ മനോഹരയായ നീതാൻ
ദ്യോവിങ്കലിപ്പൊഴുതു പോയളവെന്നെയേവം
ഭൂവിങ്കലെപ്പൊടിയിൽ വീഴ്ത്തുവതെന്തു ബാലേ?
താപിഞ്ഛവേണി! ബത നിദ്രയിലും പരങ്കൽ
പ്രാപിച്ചതില്ല തവ മാനസമാശയോടേ
നീ പിന്നെ നിർഗ്ഗുണതയാർന്ന പരൻപുമാനെ
പ്രാപിച്ചിടുന്നതിനു സമ്പ്രതി പോയതെന്തോ?"

എന്തൊരു കർണ്ണാമൃതം!

## സംഗീതമാലിക

സംഗീതപ്രവേശികയും സംഗീതമാലികയും ഒരേ പുസ്തകമായാണ് പ്രസിദ്ധീകരിച്ചിരിയ്ക്കുന്നത്. രാഗലക്ഷണങ്ങളെപ്പറ്റി പ്രവേശികയിൽ പ്രസ്താവിക്കുന്നു.

"അവയവവൃത്തികൾമൂലം ശ്രവണസുഖം നല്കിടും സ്വരാവലിയോ
അതിൽനിന്നുണ്ടായീടും വ്യക്തിയതോ രാഗമെന്നു ചൊല്ലുന്നു.
ശ്രുതിയുടെ പിറകേ വഴിപോൽ ശ്രുതിസദൃശാംശം ജനിച്ചിടും ശബ്ദം
സ്വത ഏവ രഞ്ജകത്വാൽ സ്വരമെന്നു പറഞ്ഞിടുന്നു വിദ്വാന്മാർ"

എന്നിങ്ങനെയാണ് ആ കൃതി ആരംഭിക്കുന്നത്. ആകെ ഇരുപതു ശ്ലോകങ്ങളേ അതിൽ ഉള്ളൂ. സങ്ഗീതമാലികയിൽ 42 പാട്ടുകൾ ഉൾപ്പെടുന്നു. അവയിൽ സ്വാതിതിരുനാൾ മഹാരാജാവിന്റെ കാലം മുതല്ക്കു ജീവിച്ചിരുന്ന പല കവികളും നിർമ്മിച്ചതായി ഇരുപത്തഞ്ചും കേശവപിള്ളയുടെ കൃതികളായി പതിനേഴും കാണുന്നു. അദ്ദേഹത്തിന്റെ പാട്ടുകളിൽ ഒന്നു പകർത്തുന്നു.

"പരിപാവനി—ദേവി—പരിപാവനി!
കരുണാവതി! പാഹി മഹേശ്വരി! (പരി)
തരുണാംഭോജായതാക്ഷി!
ആമയനാശിനി!—സാമജഗാമിനി!
ശ്രീമതി തവ പാദമാകലയാമി
കാമിതദായിനി! കരുണാമയി!
കാമവിനാശന—മാനസമോഹിനി!" (പരി)

## കേശവീയം

1066-ൽ മനോരമയിൽ ആരംഭിച്ച ദ്വിതീയാക്ഷരപ്രാസവാദത്തെപ്പറ്റി ഞാൻ ഒന്നിലധികം ഘട്ടങ്ങളിൽ പ്രസ്താവിച്ചുകഴിഞ്ഞിട്ടുള്ളതിനാൽ അതിനെ വീണ്ടും വിസ്തരിക്കുന്നില്ല. ആ വാദത്തിനുമേൽ സ്വരവ്യഞ്ജനങ്ങൾക്ക് ഐകരൂപ്യം വരുത്തി ദ്വിതീയാക്ഷരപ്രാസം സ്വീകരിക്കുന്നതു ശ്രവണസുഖം നല്കുവാൻ സവിശേഷം പ്രയോജകീഭവിക്കുന്നതാണെന്നുള്ള വലിയ കോയിത്തമ്പുരാന്റെ മതം ഭൂരിപക്ഷം

കവികളും അംഗീകരിക്കുകയും, "ദ്വിതീയാക്ഷരപ്രാസത്തെ ഭാഷാകവികൾ തങ്ങളുടെ കവിതാവനിതയ്ക്ക് ഒരു തിരുമംഗല്യമെന്നു വിചാരിച്ചു പോരുകയും ചെയ്യുന്നു. വേറേ അലങ്കാരങ്ങൾ എത്രതന്നെ ഇരുന്നാലും ദ്വിതീയാക്ഷരപ്രാസമില്ലെങ്കിൽ ശ്ലോകമേ അല്ല എന്നു കൂടി ശഠിക്കുവാൻ അവർ മടിക്കുന്നില്ല. ഈ നാലക്ഷരങ്ങളെ രക്ഷിക്കുവാൻവേണ്ടി കവികുഞ്ജരന്മാർ കാട്ടിക്കൂട്ടുന്ന ഗോഷ്ടികൾ കാണുമ്പോൾ കോപത്തിലും തുലോം താപമാണുണ്ടാകുന്നത്. ചിലർ യതികളെയെല്ലാം നിശ്ശങ്കം ഗളഹസ്തം ചെയ്യുന്നു; മറ്റു ചിലർ സാധുക്കളായ ശബ്ദങ്ങളുടെ കഴുത്തറുക്കുന്നു; എന്നുവേണ്ട കോലാഹലം പലതും കാണാം. ഈ പ്രാസത്തെ ഉപേക്ഷിച്ചാലല്ലാതെ നിരർത്ഥകശബ്ദപ്രയോഗം ഭാഷയിൽനിന്ന് ഒഴിഞ്ഞുനീങ്ങുന്നതല്ല" എന്ന് 1076-ൽത്തന്നെ ഏ. ആർ. രാജരാജവർമ്മ കോയിത്തമ്പുരാൻ ഭാഷാഭൂഷണത്തിൽ തദ്വിഷയകമായി ചെയ്തിരുന്ന നിശിതമായ വിമർശനം ദ്വിഃപ്രാസപക്ഷപാതികളായ ക്ഷുദ്രകവികളെമാത്രം ബാധിക്കുന്നതാകയാൽ ആ ഉപദേശം ശക്തിമാന്മാരുടെ വിഷയത്തിൽ കാര്യകാരിയല്ലെന്നു പ്രദർശിപ്പിക്കുകയും ചെയ്തു. 1083-ൽ കേശവപിള്ള രാജരാജവർമ്മകോയിത്തമ്പുരാന്റെ ആശയം വിശദീകരിക്കുന്നതിന് 'ഭാഷാകവിത' എന്ന ഒരു ഉപന്യാസം തിരുവനന്തപുരം കാളേജുസമാജത്തിന്റെ ആ കൊല്ലത്തെ വാർഷികസമ്മേളനത്തിൽ അമ്മാവന്റെ അധ്യക്ഷതയിലും അനന്തരവന്റെ സന്നിധാനത്തിലും ഏഴുതി വായിക്കുകയും പിന്നീട് അതു ഭാഷാപോഷിണിയിൽ പ്രസിദ്ധീകരിക്കുകയുംചെയ്തു. തത്സംബന്ധമായുള്ള വാക്കലഹം 1085-ൽ അവസാനിച്ചതിനുമേലാണ് കല്യാണദർപ്പണം രചിച്ചത്. അതിൽ കേരളപ്രാസം എല്ലാ ശ്ലോകങ്ങളിലും പരിത്യജിച്ചിട്ടില്ല; ആദ്യത്തെ മൂന്നു ശ്ലോകങ്ങളിൽ അതിന്റെ ദീക്ഷയുണ്ട്.

> "ശർമ്മം ജനങ്ങളിൽ വിളങ്ങുവതിന്നു വേണ്ടും
> കർമ്മങ്ങൾതന്നെ നിയതം നിറവേറ്റി നന്നായ്
> ധർമ്മവ്രതത്തൊടു വസിച്ചിടുമിന്നരേന്ദ്രൻ
> ഭർമ്മപ്രഭൻ ഭുവനപുണ്യഫലായിതൻതാൻ."

ഈ പശ്ചാത്തലത്തിൽ വേണം കേശവീയത്തെപ്പറ്റി ചർച്ചചെയ്യുവാൻ. പൂർവ്വകവികളാൽ ബഹുധാ ക്ഷുണ്ണമായ സ്യമന്തകോപാഖ്യാനത്തെ ഉപജീവിച്ചു പന്ത്രണ്ടു സർഗ്ഗങ്ങളിൽ രചിച്ചിട്ടുള്ള ഒരു മഹാകാവ്യമാണത്. കാളിദാസന്റെ കവനശൈലിയിലാണ് അതു രചിച്ചിട്ടുള്ളതെന്നു കേശവപിള്ളയും, ഭാഷയിൽനിന്നു വളരെക്കാലം മുൻപുതന്നെ അന്തർദ്ധാനം ചെയ്തിരുന്ന വൈദർഭമാർഗ്ഗത്തിനു പുനഃപ്രതിഷ്ഠ ലഭിച്ചതു ആ കാവ്യത്തിനാലാണെന്നും മറ്റും ഏ. ആറും അവകാശപ്പെടുന്നു.

> "രാജരാജാഖ്യനായോരഗ്ഗുരുവിന്റെ കൃപാരസം
> എന്മൊഴിക്കുള്ളഴുക്കെല്ലാം കഴുകിക്കളയേണമേ.
> തദുപജ്ഞം മതം നവ്യം സാമഞ്ജസ്യമനോഹരം
> ഒരുക്കിയെന്നെയിക്കാവ്യരചനാസാഹസത്തിനായ്.
> കാളിദാസകവീന്ദ്രന്റെ കാൽനഖേന്ദുമരീചികൾ
> കാവ്യാധ്വാവിൽസ്സഞ്ചരിക്കുമെനിക്കു വഴി കാട്ടണം"

എന്നു കേശവപിള്ള; പ്രസ്തുതകാവ്യത്തിനു നല്കിയ പ്രശംസാപത്രത്തിൽ

> "പാദാഗ്രേഷു പുനഃ പുനഃ പ്രഹരതാ പ്രാസേന പംഗൂകൃതാ
> ഗാഢീയേക്ഷരഡംബരേണ വിഷമേ മാർഗ്ഗേ സ്ഖലന്തീ ചിരാൽ

ബാലാ കേരളസാഹിതീ സമതയാ രമ്യേ സദർത്ഥോജ്ജ്വലേ
വൈദർഭാധ്വനി മോചിതാദ്യ ഭവതാ കൃഷ്ണാൽ സുഖം നൃത്യതു"

എന്നു കോയിത്തമ്പുരാൻ. കേശവീയം സമഞ്ജസമായ ഒരു മഹാകാവ്യമാണെന്നുള്ളതിൽ ആക്കും അഭിപ്രായഭേദമില്ല. പക്ഷേ, പ്രാസത്താൽ പംഗുകൃതനാകാതെ കാവ്യാധ്വാവിൽ സ്വച്ഛന്ദസഞ്ചാരം ചെയ്യുന്ന ഒരു കവിക്ക് ആ ത്യാഗംകൊണ്ടു കിട്ടിയ വിശേഷലാഭമെന്തെല്ലാം എന്നുകൂടി പ്രകൃതത്തിൽ പരിശോധിക്കേണ്ടതുണ്ടല്ലോ. അതു ചെയ്യുന്നതു പുരോഭാഗിത്വംകൊണ്ടല്ല, വാചയിതാക്കന്മാരെ വസ്തുസ്ഥിതി ഗ്രഹിപ്പിക്കുന്നതിനുവേണ്ടി മാത്രമാണ്.

"കനിഞ്ഞു മാധവൻ പോറ്റും വൃഷത്തിന്റെ വിഹാരവും
ശിവധാമത്വവും ശ്രീമദ്വിനായകവിലാസവും

നന്ദിയാളുന്ന ഭൂതൗഘമളകാപുരസഖ്യവും
മഹാസേനാഭയും പാർത്താലിതു കൈലാസമേ ദൃഢം."

"അനീതിബാധയില്ലാതെ മാധവൻ നാടു വാഴവേ
അനീതിബാധാകുലമായഹോ! ശോഭിച്ചു ഭൂതലം."

"കൃഷ്ണശബ്ദാത്ഥമായുള്ള സത്താനന്ദങ്ങൾ സർവ്വദാ
കലർന്നു ലോകർ ഭൂപാലന്നനുരൂപത തേടിനാർ."

"ഗദത്തിൻഗന്ധമേ നാട്ടിലാഗമിച്ചില്ലയെങ്കിലും
ദ്വിധാ മുകുന്ദപാർശ്വത്തിലുളവായി ഗദാഗമം"

"ശൗല്കികാദികൾ കൈവിട്ടു മൃഷാനാമിക വേശ്യയാൾ
കാദാചിൽകം കാവ്യകർത്തൃകടാക്ഷം പൂണ്ടു കേവലം."

"സുവർണ്ണം സുഷ്ഠുവായുയള്ള വർണ്ണത്താലെന്നപോലവേ
സത്യമായ് ഭാസ്സിനാൽ മായാമവളന്വർത്ഥതാൻ ഹരേ!"

ഈ ശ്ലോകങ്ങളെല്ലാം പ്രഥമസർഗ്ഗത്തിലുള്ളവയാണ്. ഇവയിൽ ചിലതിനു ചമൽക്കാരം ഇല്ലെന്നല്ല വാദം; ഇതു കാളിദാസന്റെ പന്ഥാവല്ലെന്നുമാത്രമാണ്.

"പത്മാകരംതന്നിൽ വസിക്കയാലും
മിത്രാവനംകൊണ്ടു ലസിക്കയാലും
പാഥോജസാദൃശ്യമിരിക്കവേ താൻ
യാതൊന്നു രാജാദരമാർന്നിരുന്നു"

എന്ന് ആറാം സർഗ്ഗത്തിൽ മറ്റൊരു ശ്ലോകമുണ്ട്. അതിലും ശ്ലേഷോത്ഥാപിതമായാണ് അലങ്കാരത്തിന്റെ സന്നിവേശം. "വിഭാവസുത്വം ദൃഢമിങ്ങുമുണ്ട്" ഇത്യാദി പാണ്ഡിത്യമാത്രദ്യോതകങ്ങളായ ശ്ലോകങ്ങൾ വേറെയും കാണാം. ഏഴാം സർഗ്ഗം ആറാം ശ്ലോകത്തിൽ രണ്ടാം. പാദം "തിരുവുടലിൽത്തിരളുന്ന കാന്തി കണ്ടു" എന്നു വിനയെച്ചത്തിൽ അവസാനിപ്പിച്ചിരിക്കുന്നു. 'ഇഹ' 'അഥ' മുതലായ നിരർത്ഥകശബ്ദങ്ങളും അങ്ങിങ്ങു സ്ഥലം പിടിച്ചിട്ടുണ്ട്. പന്ത്രണ്ടാം സർഗ്ഗത്തിൽ

"സിന്ധുജാവതരമായ് വിളങ്ങുമ-
സ്സിന്ധുജാനനയമർന്ന തേരിനെ
സിന്ധുജാശ്വനിവഹം വഹിച്ചുടൻ
സിന്ധുശായിവസതിക്കു മണ്ടിനാർ"

എന്നൊരു ശ്ലോകമുണ്ട്. അവതരം എന്ന ശബ്ദം അവതാരത്തിന്റെ പര്യായമായി മാഘനും ശ്രീഹർഷനും പ്രയോഗിച്ചിട്ടുണ്ടെങ്കിലും അതിനു കാളിദാസകൃതികളിലോ ഭാഷാസാഹിത്യത്തിലോ പ്രചാരമില്ല. സിന്ധുജശബ്ദം ചന്ദ്രൻ എന്ന അർത്ഥത്തിൽ പ്രയോഗിച്ചിരിക്കുന്നതും വ്യാഖ്യാഗമ്യമാണ്. പ്രാസദീക്ഷകൊണ്ടാണ് പ്രസ്തുതശ്ലോകം ഇങ്ങനെ രചിക്കേണ്ടിവന്നത് എന്നു ടിപ്പണത്തിൽ പറഞ്ഞുകാണുന്നുമില്ല. 'പാദാഗ്രേഷു' എന്ന ശ്ലോകത്തിന്റെ പൂർവ്വാർദ്ധത്തിൽ ഇതരഭാഷാകാവ്യങ്ങളെപ്പറ്റി ചെയ്തിട്ടുള്ള ഉപാലംഭവും ഉത്തരാർദ്ധത്തിൽ കേശവീയത്തെപ്പറ്റി ചെയ്തിട്ടുള്ള പ്രശംസയും ഉപപത്തിയുക്തങ്ങളല്ലെന്നു തെളിയിക്കുവാനാണ് ദിങ്മാത്രമായി ചില വൈകല്യങ്ങൾ ഇവിടെ പ്രദർശിപ്പിച്ചത്. കരുണവിലാസം തർജ്ജമ ചെയ്ത കവിക്കു ദ്വിതീയാക്ഷരപ്രാസത്യാഗംകൊണ്ടു യാതൊരു ലാഭവും കിട്ടേണ്ടതായിട്ടില്ല, കിട്ടീട്ടുമില്ല എന്നു വായനക്കാർ ചുരുക്കത്തിൽ മനസ്സിലാക്കിയാൽ മതി. കേശവീയത്തിൽ അനേകം ഹൃദയാവർജ്ജകങ്ങളായ വർണ്ണനകളും ചിന്തകളുമുണ്ട്. ഒരു ഉദാഹരണം മാത്രം പ്രദർശിപ്പിക്കാം. പരേതനായ പ്രസേനനെ കണ്ടു ശ്രീകൃഷ്ണൻ തത്വവിചാരത്തിൽ മഗ്നനാകുന്നതാണ് പ്രകരണം.

> "സുരഭിലസുമശയ്യയിൽസ്സുഖിപ്പാൻ
> സുകൃതമെഴും സുകുമാരനിക്കുമാരൻ
> ഇതുവിധമിവിടെക്കിടപ്പതോർത്താൽ
> വിധിഗതി വിസ്മയനീയമേവ നൂനം.
>
> ക്ഷണികതയുമനേകമട്ടിലെത്തും
> പിണികളുമൊന്നു മുതിർന്നു ചിന്തചെയ്താൽ
> മനുജനുടയ ജീവിതത്തിനുള്ളോ-
> രനുപമശോച്യത നല്ലപോലെ കാണാം.
>
> ഉലകിൽ നിരഭിസന്ധിയായ ഹാർദ്ദം
> സുവിരളമെന്നുമനേകസംഭവത്താൽ
> അവനവനുടെ മിത്രമായതെല്ലാ-
> മവനവനെന്നുമവൻ ഗ്രഹിച്ചിടുന്നു.
>
> അഹമഹമിക പൂണ്ടു ചിന്തയോരോ-
> ന്നനിശമണഞ്ഞു ബലാൽ മനസ്സിനേയും
> അഥ ബത! ജരതൻ വികാരമോരോ-
> ന്നുടലിനെയും ശിഥിലീകരിച്ചിടുന്നു.
>
> തദനു തനയാദരഗേഹവസ്തു-
> പ്രകരവിയോഗവിചാരമദഗ്ധചിത്തൻ
> അവനഴലൊടു ഭൂതപഞ്ചകത്തി-
> ന്നുടൽവിധി പോലെ പകുത്തു നല്കിടുന്നു.

## ആസന്നമരണചിന്താശതകം

കേശവപിള്ളയുടെ കൃതികളിൽ ഗുണംകൊണ്ടു പ്രഥമപീഠത്തെ അലങ്കരിക്കുന്ന ഒരു കാവ്യതല്ലജമാണ് ആസന്നമരണചിന്താശതകം. ശാർദ്ദൂലവിക്രീഡിതത്തിൽ 104 ശ്ലോകങ്ങളടങ്ങിയ ഈ കൃതിയിൽ ആസന്നമരണനായ ഒരു ഗൃഹസ്ഥാശ്രമിക്ക് ഉണ്ടാകുന്ന വിചാരങ്ങളും വികാരങ്ങളും ഏതു ശ്രോതാവിന്റേയും ഹൃദയത്തെ

ദ്രവിപ്പിക്കുമാറുള്ള കവിധർമ്മമർമ്മജ്ഞതയോടുകൂടി ചിത്രീകരിക്കപ്പെട്ടിരിക്കുന്നു. തദ്വിഷയകമായി അത്ര മനോഹരമായ ഒരു കാവ്യം ഭാഷയിൽ ഏതാവൽപര്യന്തം യാതൊരു കവിയും രചിച്ചിട്ടില്ലെന്ന് ഉറപ്പിച്ചുപറയാവുന്നതാണ്. ചില ശ്ലോകങ്ങൾ നോക്കുക.

"അമ്മേ! വന്നിടുകെന്നു ചൊന്നു കരവും കാലും കുടഞ്ഞാർത്തിപൂ-
ണ്ടമ്മിഞ്ഞയ്ക്കു കരഞ്ഞുകൊണ്ടുഴലുമെൻ പൊന്നോമനക്കുഞ്ഞിനെ
ചെമ്മേ ചെന്നുടനമ്മവെച്ചു വരികെന്നോതിപ്പുണർന്നിട്ടെടു-
ത്തമ്മയ്ക്കുള്ള കരത്തിലേകുവതിനിച്ചെയ്യാവതോ ദൈവമേ?"

"സ്വച്ഛാഭം ശയനാന്തരത്തിൽ നിശയിൽത്തങ്കുന്നൊരെൻ കുഞ്ഞണ-
ഞ്ഞച്ഛാ! വന്നിടുകെന്നു നോക്കുമളവിൽക്കാണാഞ്ഞു കേണേറ്റവും
ഇച്ഛാഭങ്ഗമിയന്നിടുന്ന സമയം കച്ചേൽമുലത്തയ്യലാൾ
വിച്ഛായാനനമാർന്നു ഞാനിവിടെയെന്തോതേണ്ടതെന്നോർത്തിടും."

"കാലൻ കോപമിയന്നു വന്നു കയറാൽപ്പെട്ടെന്നു കെട്ടീടുമെ-
ക്കാലത്തിങ്കലണഞ്ഞിടുന്ന മൃതിയെന്നോതുന്നു സാധാരണം
കാലാഹ്വാനസമാനനായൊരു പുമാനുണ്ടോ പുരാണങ്ങളിൽ
കാലത്തെച്ചിലർ കാലനെന്നുചിതമായ് ഖണ്ഡിച്ചു വർണ്ണിച്ചതോ?"

"സൂര്യൻതന്നുടെ സൂനുവാണു സുമനസ്സാകുന്നൊരക്കാലനെ-
ന്നാര്യന്മാരതി ദീർഘദർശികൾ പറഞ്ഞിട്ടുണ്ടതിസ്പഷ്ടമായ്
കാര്യം നേരതു രാത്രിയും പകലുമുണ്ടാക്കുന്നതോർക്കുമ്പൊഴ-
സ്സൂര്യൻ കാലമതിന്നെഴും ജനകനാണെന്നുംവരുന്നില്ലയോ?"

"എന്തിന്നച്ഛനെയീവിധത്തിലിവിടെക്കെട്ടിപ്പൊതിഞ്ഞോട്ടുപേ-
രെന്താണിന്നു കഴിപ്പതെന്നു പറ നീയെന്നേവമെൻ ബാലകൻ
ചന്തച്ചുണ്ടപൊളിച്ചുകൊണ്ടരുളവേ പെണ്ണുങ്ങൾ കണ്ണിൽപ്പരം
ചിന്തിച്ചിന്തിയൊലിക്കുമശ്രുനിരയേ പ്രത്യുക്തിയായ്ത്തീർത്തിടും."

"എല്ലാവർക്കുമിവണ്ണമന്ത്യഗതിതാൻ വന്നീടുമെന്നുള്ളതി-
ന്നില്ലാ സംശയമാകയാൽ സകലരും സന്മാർഗ്ഗകർമ്മങ്ങളിൽ
ഉല്ലാസേന മനസ്സുവച്ചു ജഗതീസന്താനമാം ശാന്തിയാൽ
നല്ലാനന്ദമിയന്നമന്ദമഹിതശ്രീ പൂണ്ടു മേവീടണം."

## ഉപസംഹാരം

ഇത്രമാത്രമുള്ള വിവരണത്തിൽനിന്നു ബഹുമൂല്യമായ ഒരു സാഹിത്യസമ്പത്താണ് നമുക്കു കേശവപിള്ളയിൽനിന്നു ലഭിച്ചിട്ടുള്ളതെന്നു കാണാം. സരസവും ധാരാവാഹിയുമായ ഒരു ഗദ്യരീതിയും അദ്ദേഹത്തിനു സ്വാധീനമായിരുന്നു. സാമുദായിക വിഷയങ്ങളിൽ അദ്ദേഹത്തിന്റെ പരിഷ്കൃതമായ ആശയഗതി നാം ലക്ഷ്മീകല്യാണം നാടകത്തിൽനിന്നു കണ്ടുവല്ലോ. 1069-ലെ ഭാഷാപോഷിണിയിൽ പ്രസിദ്ധീകരിച്ച 'ശകുനവിശ്വാസം' എന്ന ഉപന്യാസത്തിൽപ്പോലും "ശകുനവിശ്വാസത്താൽ ഉണ്ടാകുന്നവയും കേവലം മനോരാജ്യത്തിൽ സ്ഥിതിചെയ്യുന്നവയുമായ സുഖദുഃഖങ്ങളെ അനുഭവിക്കുന്നതു വളരെ ദയനീയമായിട്ടുള്ളതാണെന്നു പ്രത്യക്ഷപ്പെട്ടുവല്ലോ" എന്ന് ആ വിഷയത്തിൽ സ്വമതം ആവിഷ്കരിച്ചിരിക്കുന്നു. അദ്ദേഹത്തിന്റെ ഹസ്തലിഖിതത്തെപ്പറ്റിക്കൂടി ഒരു വാക്കു പ്രസ്താവിക്കേണ്ടതുണ്ട്. അത്രമാത്രം കണ്ണും

കരളും കവരുന്ന കൈപ്പടയിൽ എഴുതാവുന്ന കവികൾ അത്യന്തം വിരളമായിരുന്നു. സതതോത്ഥാനസുഭഗവും പരോപകാരനിരതവുമായ ഒരു ജീവിതമാണ് അദ്ദേഹം നയിച്ചതു്. ആ മഹാകവിയെ സബഹുമാനവും സാഭിമാനവുമായല്ലാതെ സ്മരിക്കുവാൻ ആർക്കും സാധിക്കുന്നതല്ല.

# 59

# അമ്പത്തൊമ്പതാമദ്ധ്യായം

## പി. രാമക്കുറുപ്പ് (1023—1073)

### ജനനവും വിദ്യാഭ്യാസവും

രാമക്കുറുപ്പിന്റെ മൂലകുടുംബം കൊടുങ്ങല്ലൂർ കിളിക്കോട്ടുതറവാടാണ്. അവിടെനിന്നു കൊച്ചിമഹാരാജാവു് ആ കുടുംബക്കാരെ നിഷ്കാസനം ചെയ്തപ്പോൾ അവർ ചേർത്തലകാട്ടൂരെന്ന സ്ഥലത്തു നെയ്ശ്ശേരിവീട്ടിൽ താമസമായി. പില്ക്കാലത്തു് അംഗങ്ങൾ വർദ്ധിച്ച അവസരത്തിൽ ആ തറവാട്ടിലെ ഒരു ശാഖ ആലപ്പുഴ കൈതവനക്കരയിൽ പിലാമ്പറമ്പുവീട്ടിൽ പാർത്തുതുടങ്ങി. ആ ഭവനത്തിൽ കൊച്ചുഅമ്മയുടേയും ചേർത്തല മാരാരിക്കുളത്ത് ഉഴുത്തുവേലിയിൽ രാമക്കയ്മളുടേയും പുത്രനായി രാമക്കുറുപ്പ് 1023-മാണ്ടു് ഇടവമാസത്തിൽ അവിട്ടം നക്ഷത്രത്തിൽ ജനിച്ചു. ജനനാൽത്തന്നെ കുഞ്ഞിനുകാഴ്ച കുറവായിരുന്നു. ആ വസ്തുത അദ്ദേഹം "അതിസൂക്ഷ്മദൃക്കുലപയഃപയോരാശി കൗസ്തുഭായമാനനായിരിക്കുന്ന പ്ലാമ്പറമ്പിൽ രാമക്കുറുപ്പ്" എന്ന ഒരു വിശേഷണംകൊണ്ടു ചക്രീചങ്കരത്തിൽ വിശേഷിപ്പിച്ചിരിക്കുന്നതിൽനിന്നു വ്യക്തമാകുന്നു. അക്കാലത്തു പൂർവ്വകുടുംബത്തിൽ കേശവക്കുറുപ്പ് എന്നൊരു കവി കൊടുങ്ങല്ലൂരുണ്ടായിരുന്നു. അദ്ദേഹം

> "ശ്രീമൻ! മനോരമയിൽ നിങ്ങടെ മൂലമെന്തെ—
> ന്നാമോദമോടു വിവരിച്ചറിയിച്ചിടേണം"

എന്ന് 1070-ാമാണ്ടിടയ്ക്കു മലയാളമനോരമ മുഖേന അപേക്ഷിച്ചതിനു രാമക്കുറുപ്പ് എഴുതിയ മറുപടിയിൽ പൂർവ്വചരിത്രത്തെപ്പറ്റി ഇങ്ങനെ പ്രസ്താവിച്ചിരിക്കുന്നു.

> "ഞാനാലപ്പുഴയുള്ള കൈതവനയാണുണ്ടായതെൻ വീട്ടുപേ—
> രുനം വിട്ട പിലാമ്പറമ്പവിടെയുണ്ടായെണ്പതായുത്സരം;
> നൂനം ചേർത്തല മുഖ്യമായ ഗൃഹമാക്കാട്ടൂരുനെയ്ശ്ശേരി പി—
> ന്നാനന്ദത്തൊടനേകവീട്ടുകളിലായാളുണ്ടു വേണ്ടോളവും.
> "എന്നാൽ വടക്കൻവഴിപോക്കർ വന്നാൽ
> നന്നായ്ക്കിളിക്കോട്ടെ വിശേഷമെല്ലാം
> അന്നന്നു ചോദിക്കുമറിഞ്ഞതെല്ലാം
> നന്ദിക്കുമെൻവീട്ടിലെയമ്മമാരു്."

"കേട്ടിട്ടുണ്ടവർ ചൊല്ലി ഞാനുമിരുനൂറ്റാണ്ടേയ്ക്കുമുൻപേ കിളി–
ക്കോട്ടേക്കോമനയായ് വയസ്സു പതിനാറായോരു പെൺകുട്ടിയെ
കൂട്ടിക്കൊണ്ടു തിരിച്ചു കുറുപെരുകും ഭ്രാതാക്കളാച്ചേർത്തലെ–
കാട്ടുരെത്തിയിരുന്ന നാരിയവൾതാൻ മൂലം കുലത്തിന്നു മേ."

ഈ ഐതിഹ്യത്തെ ആസ്സദമാക്കിയാണ് കുഞ്ഞിക്കുട്ടൻതമ്പുരാൻ തുപ്പല്ലോളാമ്പി രചിച്ചതു്.

രാമക്കുറുപ്പിന്റെ അമ്മ അദ്ദേഹത്തിന്റെ നാലാമത്തെ വയസ്സിൽ മരിച്ചുപോകുകയാൽ പിലാമ്പറമ്പിൽ അമ്മാവൻ പപ്പുക്കുറുപ്പിന്റെ സംരക്ഷണത്തിൽ പിന്നീട് കുറേക്കാലം വളർന്നു. കഥാപുരുഷനു വിദ്യാഭ്യാസം ഈ പപ്പുക്കുറുപ്പാണ് ആരംഭിപ്പിച്ചതു്. അദ്ദേഹത്തെ ചക്കീചങ്കരത്തിൽ താഴെക്കാണുന്ന വിധത്തിൽ പ്രശംസിച്ചിരിക്കുന്നു.

"നേരേ നാടകകാവ്യവൈദ്യഗണിതാലങ്കാരസംഗീതമെ–
ന്നോരോന്നില്ല ഖലു മന്ത്രശാസ്ത്രമിതിഹാസത്തിൽപ്പുരാണത്തിലും
സാരഗ്രാഹി പിലാമ്പറമ്പിലൊരു കാലം വാണ കീർത്ത്യാ ഗുരുർ–
ദ്ധീരൻ മുപ്പതൊടഞ്ചു വർഷമമലൻ പപ്പുക്കുറുപ്പാം കവിഃ."

അദ്ദേഹത്തിന്റെ കീഴിൽ രാമക്കുറുപ്പു കുറേക്കാലം സംസ്കൃതം പഠിച്ചു. 1035-മാണ്ടു മകരമാസത്തിൽ അദ്ദേഹവും പരഗതിയെ പ്രാപിച്ചപ്പോൾ കഥാപുരുഷൻ കേവലം അശരണനായിത്തീർന്നു. എങ്കിലും സഹജമായ വിദ്യാസമ്പാദനതൃഷ്ണ വിട്ടുമാറിയില്ല: പതിനെട്ടാമത്തെ വയസ്സുവരെ സംസ്കൃതം തന്നെ അഭ്യസിച്ചു. പിന്നീട്ട് ആലപ്പുഴ ഇംഗ്ലീഷുപള്ളിക്കൂടത്തിൽച്ചേർന്നു മൂന്നുനാലു വർഷംകൊണ്ടു മട്രിക്കുലേഷൻ പരീക്ഷ ജയിച്ചു. അതിനുമേൽ കോളേജുവിദ്യാഭ്യാസത്തിനായി തിരുവനന്തപുരത്തേക്കു പോയി. അവിടെ പുത്തൻചന്ത സുബ്രഹ്മണ്യസ്വാമിക്ഷേത്രത്തിൽ ശാന്തിക്കാരൻ രാമകൃഷ്ണൻപോറ്റി എന്നൊരു സൗജന്യശാലിയുടെ സാഹായ്യം അദ്ദേഹത്തിനു ഭക്ഷണവിഷയത്തിൽ ഉണ്ടായി. അന്ന് ഇളയതമ്പുരാനായിരുന്ന വിശാഖം തിരുനാൾ മഹാരാജാവിന്റെ കാരുണ്യവും ബാല്യത്തിൽതന്നെ സാഹിത്യരസികനായ അദ്ദേഹത്തിനു നേടുവാൻ കഴിഞ്ഞു. അവിടുന്ന് അദ്ദേഹത്തിനു ഒരു സ്വർണ്ണാംഗുലീയം അക്കാലത്തു കൊടുക്കുകയുണ്ടായി. ഗ്രന്ഥരചനയിലുള്ള വൈമുഖ്യത്തിനു പ്രധാനകാരണം നയനവൈകല്യമായിരുന്നു എങ്കിലും വേറേയും ചില ചിന്തകൾ അദ്ദേഹത്തെ ആ ഉദ്യമത്തിൽനിന്നു വിരമിപ്പിച്ചിരുന്നു എന്നു വിചാരിക്കുവാൻ ന്യായമുണ്ട്. ഒരിക്കൽ മനോരമയിൽ ശ്ലോകമെഴുത്തു നിറുത്തിയതു് എന്തെന്നു കിളിക്കോട്ടു കേശവപ്പണിക്കർ ചോദിച്ചതിന് താഴെക്കാണുന്ന ഉത്തരമാണ് അദ്ദേഹം നല്കിയതു്.

"പണ്ടേയുണ്ടാക്കിയിട്ടുള്ളൊരു കവിതകൾ പീ–
യൂഷതുല്യങ്ങളിപ്പോ–
ളുണ്ടല്ലോ വേണ്ടുവോളം പുനരവകൾ സഹ–
സ്രാംശമിന്നാരറിഞ്ഞു?
ഇണ്ടൽപ്പെട്ടെന്തിനിപ്പോൾ ഗുണലവമണയാ–
തുള്ള പദ്യങ്ങൾ ഞാൻകു–
ട്ടുണ്ടാക്കുന്നെന്നു വച്ചിട്ടൊരു മടിയുളവാ–
യായതോ പോയിതിപ്പോൾ."

ചക്കീചങ്കരത്തിന്റെ അവതാരികയിൽ ഇങ്ങനെയും പറഞ്ഞിരിക്കുന്നു. “ഞാൻ ഒരു മഹാകവിയാണെങ്കിലും ആ വിവരം മറ്റാരെയും ഗ്രഹിപ്പിക്കാതെ കാലം കഴിച്ചുകൂട്ടണമെന്ന സ്ഥിരവ്രതത്തോടുകൂടി എന്റെ പാട്ടിന് ഇവിടെ ഇരിക്കുമ്പോൾ വന്നുചേർന്ന ഏതോ ചില നാടകങ്ങളെ കണ്ടിട്ട് അഞ്ചുങ്കത്തിൽ ഒരു താൾക്കട്ടദാസിനകത്തു സമ്മാനിക്കുകയുണ്ടായി.” വളരെ ക്ലേശങ്ങൾ അനുഭവിച്ചാണ് ബി. ഏ. പരീക്ഷ പഠിച്ചു ജയിച്ചത്. 1050-ാമാണ്ടു കോവുണ്ണിനെടുങ്ങാടി വേറെ ജോലിയിൽ നിയമിതനാകുകയാൽ കോളേജിലെ മലയാളപണ്ഡിതസ്ഥാനം രാമക്കുറുപ്പിനു കിട്ടി.

## അധ്യാപകൻ

ഏകദേശം ഇരുപത്തിമൂന്നു കൊല്ലത്തോളം കഥാനായകൻ ആ ഉദ്യോഗംതന്നെ നോക്കി. വേതനം സ്വല്പമായിരുന്നുവെങ്കിലും അതിൽ വിഷാദിച്ചില്ല. 1054-ാമാണ്ടിടയ്ക്കു തമ്പാന്നൂർ മണ്ണുവിളയിൽ ആനന്ദമമ്മയെ വിവാഹം ചെയ്തു. അസാമാന്യമായ മേധാബലംകൊണ്ടു മിക്ക പാഠ്യപുസ്തകങ്ങളും പ്രത്യേകിച്ച് ആട്ടക്കഥകളും അദ്ദേഹത്തിനു പുസ്തകം നോക്കാതെതന്നെ പഠിപ്പിക്കുവാൻ സാധിക്കുമായിരുന്നു. അദ്ദേഹത്തിന്റെ മലയാളംക്ലാസ്സ് അഭിനയചാതുര്യംകൊണ്ടും ഫലിതധോരണി കൊണ്ടും മറ്റും ഒരു പ്രഹസനരങ്ഗമായി പ്രതിദിനം രൂപമെടുത്തു. ആരെയും ചിരിപ്പിക്കുന്ന നർമ്മോക്തികൾ നിരർഗ്ഗളമായി ആ അനുഗൃഹീതരസനയിൽ നിന്നു പുറപ്പെട്ടുകൊണ്ടിരുന്നു. “ഞെളിയുന്ന ജനങ്ങളെ ഞെരിപ്പാൻ” ഒരു വാസന അദ്ദേഹത്തിനു പ്രത്യേകിച്ചുണ്ടായിരുന്നു. എത്ര വലിയ നിലയിലുള്ളവരായാലും അവർ അഹങ്കാരികളാണെങ്കിൽ വെറുതേ വിടുകയില്ല. ഓരോ വ്യാജനാമത്തിൽ പലരേയും പത്രംമുഖേന അദ്ദേഹം കൊട്ടയാട്ടീട്ടുണ്ട്. എന്നാൽ അതെല്ലാം സഭ്യവും ശത്രുക്കൾക്കുപോലും സന്തോഷപ്രദവുമായ ഭാഷയിലായിരുന്നു. തുഞ്ചത്തെഴുത്തച്ഛനെപ്പറ്റി മാത്രമേ അദ്ദേഹത്തിനു പരിപൂർണ്ണമായ ബഹുമാനമുണ്ടായിരുന്നുള്ളു. “മനുഷ്യരാശിയുടെ പുരോഹിതൻ” എന്നാണ് ആ കവികുലഗുരുവിനെ അദ്ദേഹം പുകഴ്ത്താറുണ്ടായിരുന്നത്. അധ്യാത്മരാമായണംപോലെ അദ്ദേഹത്തെ ആകർഷിച്ച ഭാഷാകൃതി മറ്റൊന്നില്ല. 1072 കുംഭത്തിൽ പ്രാണസുഹൃത്തായ ഗോവിന്ദപ്പിള്ള സർവ്വാധികാര്യക്കാർ രക്തസമ്മർദ്ദം നിമിത്തം പെട്ടെന്നു മരിച്ചപ്പോൾ അദ്ദേഹം അടുക്കലുണ്ടായിരുന്നു. ആകസ്മികമായ ഏതോ ഒരശനിപാതത്തിന്റെ അഭിഘാതം ഹൃദയത്തിൽ ഏറ്റതുപോലെയുള്ള ഒരു സംഭ്രമത്തിന് അദ്ദേഹം അന്നു മുതൽ വിധേയനായി. അതുവരെ വിശ്രമം എന്തെന്നറിയാതിരുന്ന അദ്ദേഹം ശരീരാസ്വാസ്ഥ്യംനിമിത്തം മിഥുനം, കർക്കടകം എന്നീ മാസങ്ങളിൽ അവധിയെടുത്തു. തിരിയെ ജോലിക്കു പോയി എങ്കിലും വീണ്ടും അവധിയിൽ പ്രവേശിച്ചു. 1073-ാമാണ്ടു കന്നിമാസം 8-ാംനു ഏകാദശിനാളിൽ ചരമഗതിയെ പ്രാപിച്ചു. ആനന്ദമമ്മ ആരോഗ്യഭാഗ്യങ്ങളോടുകൂടി വളരെക്കാലം ജീവിച്ചിരുന്ന് 1119-ാമാണ്ടു വൃശ്ചികമാസം 15-ാംനു കഥാവശേഷയായി.

## കവിത

രാമക്കുറുപ്പ് അദ്ദേഹത്തിന്റെ വാസനാസമ്പന്നതയ്ക്കനുസരിച്ചു വളരെ ഗ്രന്ഥങ്ങളൊന്നും നിർമ്മിച്ചിട്ടില്ല. എഴുത്തച്ഛൻ, തച്ചുശാസ്ത്രം എന്നീ വിഷയങ്ങളെ അധികരിച്ച് ഓരോ പ്രസംഗവും ചക്കീചങ്കരം നാടകവും മാത്രമാണ് അദ്ദേഹത്തിന്റെ വാങ്മയങ്ങൾ. പക്ഷേ ചക്കീചങ്കരം ഒന്നുകൊണ്ടു തന്നെ അദ്ദേഹം കേരളീയരുടെ കൃതജ്ഞതാപൂർവ്വമായ സ്മരണത്തിന് അവകാശിയായിട്ടുണ്ട്. വാസ്തവത്തിൽ അദ്ദേഹത്തിന് ആ വിഷയത്തിൽ ഒരു നാടകം ആക്ഷേപമായി ഉണ്ടാക്കണമെന്ന് അതിനുമുൻ

പ്പതന്നെ തോന്നി. “ആ വിവരവും കൂടി അപ്പോൾ ഞാൻ മനോരമാപത്രാധിപർക്ക് അയയ്ക്കുവാൻ എഴുതിക്കൊണ്ടിരുന്ന ഒരു കത്തിൽ രഹസ്യവർത്തമാനശേഖരത്തിൽ പ്രസ്താവിച്ചു. അതിനെ എന്റെ പ്രിയശിഷ്യനും ഇഷ്ടമിത്രവുമായ ടി. പത്രാധിപർ വറുഗീസുമാപ്പിള അവർകൾ പത്രം മുഖേന പരസ്യംചെയ്തുകളഞ്ഞു. ചക്കീചങ്കരമെവിടെ? ചക്കീചങ്കരമെവിടെ? എന്നിങ്ങനെ ആളുകളുടെ ഉപദ്രവം കലശലായിത്തീർന്നിട്ടു മനസ്സിലിരിപ്പെല്ലാം ഇതാ വെളിയിലേക്കു എടുത്തെറിയുന്നു. ഒന്നിൽ ച്ചില്വാനം വർഷംകൊണ്ടേ ഇതു പൂർണ്ണമായി വന്നുള്ളു. പരമാർത്ഥത്തിൽ ഒരു മുപ്പതു മണിക്കൂറിലധികം ഞാൻ നാടകനിർമ്മാണത്തിൽ ശ്രമിച്ചിട്ടില്ല. എനിക്കു വേറെ പിടിപ്പതു ജോലിയുണ്ടുതാനും” എന്ന് അദ്ദേഹം പറഞ്ഞിരിക്കുന്നു. കുറുപ്പിന്റെ ശ്ലോകങ്ങൾ പ്രായേണ രചനാവിഷയത്തിൽ നിർദ്ദോഷങ്ങളല്ലെന്നും ഇവിടെ പറയേണ്ടതുണ്ട്.

## ചക്കീചങ്കരം

1068-ാമാണ്ടിടയ്ക്കു രചിച്ച ചക്കീചങ്കരത്തിന്റെ മുഖ്യോദ്ദേശ്യം അപണ്ഡിതന്മാരായ ഗ്രന്ഥകാരന്മാരേയും—പ്രത്യേകിച്ചു നാടകനിർമ്മാതാക്കളേയും—അവഹേളനം ചെയ്യുക എന്നുള്ളതാണെങ്കിലും അതിൽ ആത്മകഥയുടേയും അന്നത്തെ സമുദായദോഷങ്ങളുടേയും അംശവും ഇടകലർത്തീട്ടുണ്ട്. ചക്കി, ചങ്കരൻ ഇവർ പ്രധാന പാത്രങ്ങളെന്നുപോലും സമർത്ഥിക്കാം. അത്രയ്ക്കു ഹാസ്യപ്രധാനമാണ് ആപാദചൂഡം ആ കൃതി. കല്പിതാങ്കോടെന്നു തിരുവിതാംകൂറിനും വാസുകിപുരമെന്നു തിരുവനന്തപുരത്തിനും നാമകരണം ചെയ്തുകൊണ്ടാണ് നാടകത്തെ കവി പുരോഗമിപ്പിക്കുന്നത്. അക്കാലത്തെ—എന്നുവയ്ക്കേണ്ട, ഏതു കാലത്തേയും ഉദ്യോഗക്കയറ്റത്തിനുള്ള ഉപായം താഴെച്ചേർക്കുന്ന ശ്ലോകത്തിൽ പൂർവ്വപക്ഷച്ഛായയിൽ വിവരിച്ചിരിക്കുന്നു.

വേലച്ചെയ്തെല്ലൊടിഞ്ഞാലതിനുടെ ഫലമാ–
  ഹന്ത! കർത്താവിനില്ല–
ക്കൂലിക്കായ് കൈനിവർക്കുന്നതു പുനരപരൻ;
  ശ്ലാഘകൂടില്ലവന്നു;
കാലത്തേ കാത്തുകാത്തങ്ങവിടവിടെ നട–
  ന്നുള്ള പൊയ്യും പറഞ്ഞി–
ട്ടേലാനാകുന്ന കേചിൽച്ചില വലിയ പണി–
  ക്കാളെടുക്കുന്ന കാലം.”

ചുവടേ കാണുന്ന മൂന്നു ശ്ലോകങ്ങൾക്ക് ആ ശ്ലോകംപോലെ ഇന്നും തിരുവനന്തപുരത്തും പരിസരപ്രദേശങ്ങളിലും പ്രസിദ്ധിയുണ്ട്.

“ആൾജിബ്രാ മാഞ്ഞുപോയി; മമ ഹൃദി മരുവു–
  ന്നില്ല യൂക്ലിഡ്സു കുഞ്ഞേ!
മാജിയ്ക്കായ്ത്തീർന്നു മന്മാനസമതിനൊരു പെ–
  ണ്ണെന്തു ചെയ്യേണ്ടു ഞാനും?
ലോജിക്കും ഞാൻ മറന്നു; ലവമപി ലവണം
  വല്ല കാമ്പൌണ്ടിൽനിന്നും
യോജിപ്പിച്ചിട്ടെടുപ്പാനവശത പെരുതായ്–
  പ്പോയിതയ്യോ! കെമിസ്ത്രി.”

“കേസേ, പീസേ, വഴക്കേ, കുടിലത കുറയും
    കക്ഷിയേ, സാക്ഷിയേ, കൈ–
ലേസേ മൂക്കത്തു കോപത്തൊടു മരുവിടുമെൻ
    കോർട്ടുകാരേ, കസേരേ!
മാസംതോറും പണം കിട്ടണമതിനു കടാ–
    ക്ഷിക്കണേ നിങ്ങൾ തോന്ന്യാ–
വാസം കാട്ടൊല്ല; നഷ്ടത്തിനുമിട തരികിൽ–
    ക്കാട്ടുവൻ രണ്ടു ചാട്ടം.”
“മരച്ചീനി വെയ്പാനരയ്ക്കട്ടെ തേങ്ങാ;
പെരുക്കാലനും വന്നിരിക്കട്ടെ തിന്മാൻ;
ഉരിക്കാടിയിൽത്തെല്ലരിദ്ധൂളിയിട്ടാൽ
തെരുക്കെത്തിളപ്പിച്ചൊരിക്കൽക്കുടിക്കാം.”
“ചക്കിക്കുള്ളൊരു ചട്ടിമുഞ്ഞി പലനാൾ കണ്ടേൻ വെളിച്ചത്തു ഞാൻ
മൂക്കം താണുകുഴിഞ്ഞ കണ്ണു കവിളും പപ്രച്ഛമാം കേശവും;
ഒക്കപ്പാടു വെറുപ്പു തോന്നി; നിറമോ കാക്കയ്ക്കു തുല്യം; മണം
മുക്കോത്തിക്കെതിരേതു നായ്ക്കളിവളെക്കണ്ടാൽക്കുരയ്ക്കാത്തതും?”
“ചക്കിക്കും ചങ്കരന്നും സരസിജശരമാ–
    ലേറ്റമേറുന്ന കുഴ–
ച്ചക്കയ്ക്കും ചേമ്പിനും താളിനുമപി തകര–
    യ്ക്കും മരച്ചീനികൾക്കും
മുക്കോന്മാർ പൂർണ്ണചന്ദ്രോദയസമയമപാ–
    രാർണ്ണവേ പോയ് നിതാന്തം
തക്കത്തിൽക്കൈക്കലാക്കും ഝഷമതിനുമെവൻ
    ഹേതു; സോവ്യാച്ഛിവോ വഃ.”

മജിസ്ത്രേട്ടിനേയും വിട്ടിട്ടില്ല.

“കീർത്ത്യാ പാരേഴരണ്ടും കരിയുടെ പൊടിയാൽ
    പല്ലു മുപ്പത്തിരണ്ടും
വൃത്ത്യാ വീട്ടിന്റെ തൂണും ച്രമരുമഥ വെളു–
    ത്തോടനെക്കൊണ്ടു മുണ്ടും
നിത്യം ഭസ്മേന നെറ്റിത്തടമപിച നഖം
    നാപിതൻകത്തിയാലും
സത്യം പാരം വെളുപ്പിച്ചിയലിനൊരു മജി–
    സ്ത്രേട്ടു പാലിച്ചിടട്ടേ.”

കല്പിതാംകോട്ടസംസ്ഥാനത്തിലെ ഒരു മജിസ്ത്രേട്ടാണ് അച്യുതമേനോൻ. അദ്ദേഹത്തിന്റെ പുത്രനായ സുകുമാരന്റേയും, ഭാര്യ ലക്ഷ്മിക്കുട്ടിയമ്മയുടെ സഹോദരന്റെ പുത്രിയായ മാധവിക്കുട്ടിയമ്മയുടേയും വിവാഹവേളയിൽ പല നാടക സെറ്റുകാർ അഭിനയാർത്ഥികളായി അവരുടെ ഗൃഹത്തിൽ വന്നുചേർന്നു. അച്യുതമേനോന്റെ അരിവെയ്പുകാരനായ ചങ്കരന്റെയും മാധവിക്കുട്ടിയമ്മയുടെ അരിവെയ്പുകാരിയായ ചക്കിയുടേയും വിവാഹവും ആ മുഹൂർത്തത്തിൽത്തന്നെയാണ് നടക്കുന്നത്. അവരിൽ ഒരു നാടകസെറ്റുകാരുടെ മാനേജർ കരിങ്കൽമണ്ഡപത്തിന്റെ പ്രശംസാപത്രം ഹാജരാക്കുന്നു. അതാണ് അടിയിൽ ചേർക്കുന്നത്.

“ചൊല്ലേറും കുമ്പളങ്ങാഹ്വയസരസമഹാ–
നാടകം കണ്ടശേഷം
ചെല്ലുന്നില്ലല്ലൊട്ടുമേ ചോറൊരു പനി കുളിരും
കൂടിയുണ്ടായെനിക്കു്;
ഇല്ലിപ്പാരിങ്കലിപ്പോളിതിനൊടു സമമാം
നാടകം പാർത്തുകണ്ടാ–
ലെല്ലാരും സമ്മതിച്ചീടണമിഹ ബൃഹതി–
പ്പിള്ളതാൻ കാളിദാസൻ”

ഈ ഘട്ടത്തിൽ കാശിനു കൊള്ളാത്ത നാടകങ്ങളെഴുതുന്ന ദുഷ്ടകവികളെ തർജ്ജനം ചെയ്യുവാൻ ശിവപാർഷദനായ കുംഭാണ്ഡൻ രങ്ഗപ്രവേശം ചെയ്യുന്നു.

“രേരേ! നേരേ വരുവിൻ! കേരളഭൂഭാരനാടകക്കാരേ!
ഓരോന്നിതുകൊണ്ടേറ്റാൽ നേരേ വരുമിന്നു നിങ്ങളെല്ലാരും”

എന്നു് അലറി ആർത്തടുക്കുന്ന ആ ഭൂതം

“പണ്ടത്തെക്കൃതി ഭാഷയാക്കിയവരെത്തല്ലീടവോനല്ല ഞാൻ;
വേണ്ടുന്നോരറിവോടു നാടകമെഴുത്തായാലടിക്കില്ല ഞാൻ;
വീണ്ടും വൈദുഷിയുണ്ടു തെറ്റമെഴുതിപ്പോയെങ്കിലും പോട്ടെടാ;
വണ്ടിക്കാളകണക്കു വന്ന കവിമണ്ടന്മാർക്കു മണ്ടയ്ക്കടി”

എന്നു് ഒരുമാതിരി എഴുതാവുന്ന കവികളെ ആശ്വസിപ്പിക്കുകയും ചെയ്യുന്നു. അപ്പോൾ ദുഷ്ടകവികൾ

“അയ്യയ്യോ ഞങ്ങളെത്തല്ലല്ലേ കൊല്ലല്ലേ!
പാവങ്ങളാണേ പരമേശ്വരാ!
പുരപ്പാട്ടുണ്ടാക്കി നേരം ചിലവിടാം
പോരുമിശ്ശൂത്വം ഞങ്ങളോടേ!
നാരായണാ ഹരേ! നാരായണാ ഹരേ!
ആരാണ്ടോ ഞങ്ങളെത്തല്ലിടുന്നേ!
അല്പജ്ഞന്മാരായ നാടകക്കാർ ഞങ്ങൾ
കല്പിതാംകോട്ടീന്നു പൊയ്ക്കൊള്ളാമേ”

എന്നു നിലവിളിച്ചുകൊണ്ടു് ഓടുന്നു. “വിദ്യാഭ്യാസം വിനാനാടകമിനിയെഴുതിക്കൂട്ടുമോ നിങ്ങളെല്ലാം?” എന്നു. കുംഭാണ്ഡൻ പിന്നെയും ഗർജ്ജിച്ചു് ഇല്ലെന്നു് അവരെക്കൊണ്ടു സത്യം ചെയ്യിക്കുന്നു. ചക്കിയും ചങ്കരനും തമ്മിലുള്ള പ്രണയം ഹാസ്യഫലിതം വഴിഞ്ഞൊഴുകുന്ന പല ബീഭത്സരസങ്ങൾ വിജൃംഭിക്കുമാറു വർണ്ണിക്കുന്നു. വേറെയും പല രസകരങ്ങളായ ഭാഗങ്ങൾ ചക്കീചങ്കരത്തിലുണ്ടു്. ചുവടേ ചേർക്കുന്നതു ലക്ഷ്മികുട്ടിയമ്മയുടെ രാമായണമാണു്.

“മയ്യേൽക്കണ്ണാൾ മനോജ്ഞാകൃതി മിഥിലസുതാ
രാമനെക്കേട്ടു മാര–
ത്തീയ്യിൽച്ചാടിച്ചിരം വെന്തഴലൊടുമൊരുനാ–
ളുച്ചയായോരുനേരം
പയ്യെപ്പയ്യെപ്പതുങ്ങി രഘുവരഭവനം
തേടിയോടീയിടത്തോ–
ക്കയ്യിൽ ത്ര്യൈയംബകം മറ്റതിലൊരു മഴവും

കൊണ്ടയോധ്യയ്ക്കു നേരേ."

അതു നങ്ങേലിയമ്മ എന്നൊരു സ്ത്രീ ഉണ്ടാക്കിയതാണെന്നും അതിന് ആ സ്ത്രീക്കുള്ള സമാധാനം "ഇതിഹാസത്തിൽ കണ്ടതുപോലെ എഴുതിയാൽ നാടകമായില്ല. അതുകൊണ്ടു സീതതന്നെ അയോധ്യയ്ക്കു വന്നുവെന്നു പറഞ്ഞാലാണ് അധികം രസം.'സ്വയമേവാഗതാവരാ' എന്നല്ലേ രസജ്ഞന്മാർ പറയുന്നത്?" എന്നുമാണത്രേ ലക്ഷ്മിക്കുട്ടിയമ്മ വാദിക്കുന്നത്. താഴേക്കാണുന്നത് ഒരു നാടകത്തിലെ ശ്ലോകമാണ്.

"കൈലാസമന്ദ്രമതിലേക്കുവയസ്സുമൂപ്പും
ശേഷക്രിയാദികൾ കഴിപ്പതിന്നു വയോധികത്വോം
ദാരിദ്ര്യമായ ജലധിയിൽക്കിടന്നു നീന്തുവാനും
സൃഷ്ടിച്ചിതു ചതുമുഖൻ ധരണീതലത്തിൽ
നമസ്തുഭ്യായസ്തുഭ്യം നമഃ."

കുഞ്ചൻനമ്പ്യാർ കഴിഞ്ഞു ഭാഷയിലെ ഒന്നാമത്തെ ഫലിത സാമ്രാട്ട് രാമക്കുറുപ്പുതന്നെയാണെന്നു പറയാം. ഇരുവനാട്ടു നാരായണൻനമ്പിയാർക്കും ആ പീഠത്തിൽ അർദ്ധാസനത്തിന് അവകാശമുണ്ട്. അദ്ദേഹത്തിന്റെ ചക്കീചങ്കരവും ആയിടയാണല്ലോ ആവിർഭവിച്ചത്. നിശിതവും നിർഭീകവും നിരങ്കുശവും നിരനുക്രോശവുമാണ് രാമക്കുറുപ്പിന്റെ ഫലിതം. അദ്ദേഹം പ്രശംസാപത്രങ്ങൾ ആർക്കു കൊടുത്താലും. അതിൽ ആത്മവഞ്ചനയുടെ കണികപോലും കാണാനുണ്ടായിരുന്നില്ല. അവയിലെല്ലാം അന്തർഭാഗത്തു മറ്റൊരർത്ഥംകൂടി കാണും.

## രാമക്കുറുപ്പിന്റെ ചില അഭിപ്രായങ്ങൾ

ആങ്ഗലഭാഷാഭ്യസനംകൊണ്ടു സിദ്ധിക്കുന്ന ഫലങ്ങൾ ഗുണദോഷസമ്മിശ്രമായിരിക്കുമെന്നും ദോഷങ്ങളിൽ പ്രധാനം ഈശ്വരവിശ്വാസം ഇല്ലാതെയാകുന്നതാണെന്നും രാമക്കുറുപ്പിനു തോന്നിയിരുന്നു. ചക്കീചങ്കരത്തിലെ നാലാമങ്കത്തിൽ അദ്ദേഹം ഇന്ദുലേഖയിലെ മാധവനേയും ഇന്ദുലേഖയേയും രങ്ഗത്തു പ്രവേശിപ്പിച്ച് അവരെക്കൊണ്ട് ഇങ്ങനെ പറയിക്കുന്നു.

മാധവൻ: "ഹാ കഷ്ടം! പ്രാണനാഥേ! മതവിഷയവിചാ–
രങ്ങളും നിന്റെ വാക്കും
ലോകേ സ്വീകാരയോഗ്യം പലതിവയകലെ–
ത്തള്ളിയല്ലോ പുരാ ഞാൻ."
ഇന്ദുലേഖ: "ആകട്ടേ ഌണഭാഷാപരിചയജനിതം
സൽഗുണംമാത്രമിപ്പോൾ
സ്തോകം ദോഷം വിനാ ചേർന്നിതു ഭവതി;
നമുക്കിന്നിമേൽ ഭാഗ്യമല്ലോ."

ആട്ടമാണ് നാടകത്തെക്കാൾ ആസ്വാദ്യമെന്ന് അദ്ദേഹം സുദൃഢമായി വിശ്വസിച്ചു.

"ആട്ടത്തിൽഗ്ഗോഷ്ഠിയുണ്ടെങ്കിലുമടി തുടയിൽ–
പ്പെട്ടു പൊട്ടിപ്പഠിച്ചാ–
ലൊട്ടേറെക്കാലമായാലഭിനയവിഷയ
ചെറ്റു സാമർത്ഥ്യമുണ്ടാം

ചാട്ടം നോട്ടം കലാശം തിരിവൊടു ചരിവും
ഹന്ത! താളത്തിൽ വേണം
പാട്ടും കൊട്ടും നിനച്ചാടണമതിനൊടു നേ–
രാകുമോ നാടകൗഘം?"

## അമ്പലപ്പുഴ മാധവപ്പുതുവാൾ (1040–1123)

### ചരിത്രം

മാധവപ്പുതുവാൾ അമ്പലപ്പുഴ വടക്കേമഠത്തിൽ കുഞ്ഞിക്കുട്ടിപ്പുതുവാൾസ്യാരുടേയും വടക്കൻപറവൂർ വന്നത്തു തേക്കുംകാട്ടിൽ ഒരിയിൽ വക്കീൽ രാമപ്പുതുവാളിന്റേയും ദ്വിതീയപുത്രനായി 1040-ാമാണ്ടു മേടമാസത്തിൽ ഉത്രട്ടാതി നക്ഷത്രത്തിൽ ജനിച്ചു. അദ്ദേഹത്തിന് അച്യുതപ്പുതുവാൾ എന്നൊരു ജ്യേഷ്ഠൻ ഉണ്ടായിരുന്നു. രാമപ്പുതുവാൾ വൈക്കത്തു തെക്കുംഭാഗത്തിൽ താമസമായിരുന്നതിനാൽ മാധവപ്പുതുവാളും അദ്ദേഹത്തോടുകൂടിത്തന്നെയ്രാണ് പാർത്തിരുന്നത്. അവിടെ നിന്ന് അരിപ്പാട്ടു പോയി രാജരാജവർമ്മ മൂത്തകോയിത്തമ്പുരാനോടു കാവ്യനാടകാലങ്കാരങ്ങൾ പഠിച്ചു. തിരിയെ വന്നതിനുമേൽ കുറേക്കാലം തരണനല്ലൂരില്ലത്തെ കാര്യസ്ഥനും തിരുവല്ലായിലെ ഒരു പ്രൈമറി സ്കൂളിൽ അദ്ധ്യാപകനുമായിരുന്നു. ഒടുവിൽ വൈക്കത്തായിരുന്നു അദ്ധ്യാപകവൃത്തിനോക്കിയിരുന്നത്. 1070-ാമാണ്ടു തിരുവനന്തപുരത്തു നടന്ന ഭാഷാപോഷിണിസഭായോഗത്തിൽ കവിതാവേഗപരീക്ഷയിൽ രണ്ടാം സമ്മാനത്തിനർഹനായി. പുതുവാൾ പരിഗ്രഹിച്ചതു മൂഴിക്കുളത്തു തേക്കുംകാട്ടിൽ എന്നുകൂടി പേരുള്ള പുത്തനറയ്ക്കൽ മഠത്തിൽ പാർവ്വതിപ്പുതുവാൾസ്യാരെയായിരുന്നു. അവരെ പാപ്പി എന്നു ബന്ധുക്കൾ വിളിച്ചുവന്നു. 1123 കർക്കടകം 23-ാംനു-യായിരുന്നു പുതുവാളിന്റെ മരണം.

### കൃതികൾ

വലിയ പഠിത്തമൊന്നുമില്ലെങ്കിലും വാസനയുള്ള ഒരു കവിയായിരുന്നു പുതുവാൾ. 1 വെണ്മണിക്കായിതം, 2 സഹസ്രകലശം ശീതങ്കൻതുള്ളൽ ഉത്തരഭാഗം, 3 ദുഷ്ഷന്തൻ 4 സന്താനപ്രാർത്ഥന ഇവയാണ് പ്രധാനകൃതികൾ. വെണ്മണിക്കായിതം പേരുവയ്ക്കാതെ മലയാളമനോരമയിൽ ഖണ്ഡശഃ പ്രസിദ്ധീകരിച്ചുകൊണ്ടിരുന്നു. അതു് അക്കാലത്തു വലിയ ഒച്ചപ്പാടുണ്ടാക്കി. പലരേയും പരോക്ഷമായി അധിക്ഷേപിച്ചിട്ടുള്ള അതിന്റെ പ്രണേതാവ്് ആരെന്നു കണ്ടുപിടിക്കാൻ അനേകം കവികൾ ശ്രമിച്ചു. "പാല്പായസമധുരിമ കോലുന്ന പദ്യപ്രവാഹം" ആണ് അതെന്നു സൂക്ഷ്മഗ്രാഹിയായ കുഞ്ഞിക്കുട്ടൻതമ്പുരാൻ എഴുതിയപ്പോൾ അവരുടെ സംശയം തീർന്നു. സ്വര്യാതനായ വെണ്മണി മഹൻനമ്പൂരിപ്പാട്ടിലേക്കുള്ള ഒരു കത്തിന്റെ രൂപത്തിലാണ് അതു രചിച്ചിട്ടുള്ളതു്. അതിൽ ഈഴവർക്ക് അഭിമാനഭഞ്ജകമായി ഒരു പ്രയോഗമുണ്ടെന്നു മൂലൂർ പത്മനാഭപ്പണിക്കർക്കു തോന്നി. അദ്ദേഹം പരേതനായ പി. കെ. കൃഷ്ണൻവൈദ്യനും ഒരു കത്തെഴുതി. "ആമൂലാഗ്രമബദ്ധ സംഘടിതമാമിക്കായിതം" എന്നു പുതുവാളിന്റെ കവിതയെ പണിക്കർ ഭർത്സിച്ചിട്ടുണ്ട്. വെണ്മണിക്കായിതം പുസ്തകമായി പ്രസിദ്ധപ്പെടത്തീട്ടില്ല. സന്താനപ്രാർത്ഥന തനിക്ക് ഒരു പുത്രി ജനിക്കുവാൻ വേണ്ടി എഴുതിയ ഒരു പ്രാർത്ഥനാശതകമാണ്. കവിതയുടെ രീതി കാണിക്കുവാൻ സഹസ്രകലശത്തിൽനിന്ന് ഏതാനും വരികൾ ഉദ്ധരിക്കാം.

"വൈക്കത്തു മേവുന്ന മുക്കണ്ണനാം പെരും–
തൃക്കോവിലപ്പനു പാവ്വതീദേവിയിൽ
ചിക്കെന്നു രണ്ടായിരത്തിലുമപ്പുറം
മക്കളുണ്ടായവരൊക്കെഗ്ഗണപതി–
ക്കൊക്കുന്ന മട്ടിലായ് കുമ്പ വീർത്തുള്ളവ–
രിക്കണ്ട ഭൂസുരരെന്നു കാണുന്നവർ–
ക്കുൾക്കുരുന്നിൽപ്പരം സന്ദേഹമുണ്ടാക്കി–
വയ്ക്കുംവിധം കിഴക്കും വടക്കുംകൂടി
വെക്കം വെളിയിലേക്കൈകെഴകീട്ടുവാൻ
തിക്കിത്തിരക്കിപ്പുറപ്പെട്ടിടുന്നതാ–
മിക്കാഴ്ച കാണുവാൻ സാധിച്ചിടാത്തതാ–
മക്കണ്ണു കണ്ണല്ല സന്ദേഹമില്ല മേ.
ഇക്കാലമില്ലൊഴിവുദ്യോഗമേകുവാൻ
നില്ക്കേണ്ട പോകെന്നു ചൊല്ലുന്ന നിർദ്ദയൻ
പേഷ്കാരുതന്നുടെ പിന്നൂടൊഴിക്കാതെ
പോയ്ക്കാത്തുനില്ക്കുന്ന മാലോകരെപ്പോലെ
മൂക്കു മുട്ടെബ് ഭുജിച്ചെന്നതു കാരണ–
മോർക്കിലാമാശയം പക്വാശയത്തിലും
തർക്കമില്ലിപ്പോൾക്കടന്നുകൊൾവാനെന്നു
തർക്കിച്ചിടത്തുപുറത്തുള്ള കോപ്പുകൾ
ഒക്കെയുമന്തണാധീശ്വരന്മാരുയ്ക്കു പോയീടുവാൻ
ലാക്കുനോക്കിക്കൊണ്ടിരിക്കുന്നതെന്നതു
നോക്കുന്നവർക്കൊരു ശങ്കയയുണ്ടായ് വരും."

## വി. കൃഷ്ണൻതമ്പി (1065–1113)

### കടുംബവും ജനനവും

തിരുവനന്തപുരത്തു പാൽക്കുളങ്ങരയിൽ കൈപ്പള്ളി എന്ന പേരിൽ സുപ്രസിദ്ധ മായ ഒരു നായർഭവനമുണ്ട്. വീരമാർത്താണ്ഡവർമ്മ മഹാരാജാവിന്റെ കാലത്തു തന്നെ ബഹുമാന്യമായ ഒരു നിലയിൽ എത്തിയിരുന്ന ആ ഭവനത്തിലെ ലക്ഷ്മിക്കു ട്ടിയമ്മ എന്ന സ്ത്രീയെ നാഗരുകോവിൽ അമ്മവീട്ടിൽ കല്യാണിക്കുട്ടിയമ്മച്ചിയുടെ ആഗമനത്തോടുകൂടി ഇരിങ്ങാലക്കുട നടവരമ്പത്തുനിന്നു തിരുവനന്തപുരത്തേക്കു പോന്ന കൃഷ്ണൻനായർ വിവാഹം ചെയ്തു. കൃഷ്ണൻനായർ കൃഷ്ണപിള്ള എന്ന പേ രിൽ ആ അമ്മവീട്ടിലെ വിചാരിപ്പുകാരനായിത്തീർന്നു. ആ ദാമ്പത്യബന്ധത്തിന്റെ ഫലമായി കാത്യായനിയമ്മ, കല്യാണിയമ്മ, ഭാഗീരഥിയമ്മ എന്നു മൂന്നു സ്ത്രീസ ന്താനങ്ങളും ഒടുവിൽ ഒരു പുരുഷസന്താനവും ജനിച്ചു. 1065-ാമാണ്ടു ധനുമാസം ആയില്യം നക്ഷത്രത്തിൽ ജനിച്ച ആ ആൺകുട്ടിയാണു കൃഷ്ണൻ തമ്പി, കുട്ടൻ എന്ന പേരിലായിരുന്നു ബാല്യത്തിൽ അദ്ദേഹത്തെ വിളിച്ചിരുന്നത്.

### ബാല്യവും വിദ്യാഭ്യാസവും

1074-ാമാണ്ടു മൂത്ത ജ്യേഷ്ഠത്തി ശ്രീമൂലംതിരുനാൾ മഹാരാജാവിന്റെ പത്നിയായ തോട്ടുകുടി കൈപ്പള്ളിക്കുടുംബത്തിലെ അംഗങ്ങളെല്ലാം പൂർവ്വാചാരമനുസരിച്ചു

വടശ്ശേരി അമ്മവീട്ടിലേക്കു ദത്തെടുക്കപ്പെട്ടു. അങ്ങനെ നമ്മുടെ കഥാപുരുഷൻ വടശ്ശേരി (വി) കൃഷ്ണൻതമ്പിയായി. രംഗയ്യങ്കാർ ശാസ്ത്രിയായിരുന്നു ആദ്യത്തെ ഗുരു. ഗൃഹത്തിൽ മലയാളവും ഇംഗ്ലീഷും പഠിപ്പിക്കുന്നതിനു രാമകൃഷ്ണപിള്ള എന്ന മറ്റൊരു അദ്ധ്യാപകനുണ്ടായിരുന്നു. മൂന്നാം ഫാറംവരെ തിരുവനന്തപുരത്തു നേറ്റീവ് ഹൈസ്കൂളിൽ ഇംഗ്ലീഷ് പഠിച്ചതിനുശേഷം ഗവർമ്മെന്റ് ഹൈസ്കൂളിൽ ചേർന്നു. മഹാരാജാവിന്റെ പുത്രൻ ശ്രീവേലായുധൻതമ്പിയെ സംസ്കൃതം പഠിപ്പിക്കുവാൻ 1077-ൽ കെ.സി. കേശവപിള്ള നിയുക്തനായി എന്നു മുൻപു പ്രസ്താവിച്ചിട്ടുണ്ടല്ലോ. ആ ഗുരുനാഥനിൽനിന്നു സാഹിത്യവും സംഗീതവും അഭ്യസിക്കുവാനുള്ള ഭാഗ്യം കൃഷ്ണൻതമ്പിക്കു സിദ്ധിച്ചു. അവ രണ്ടിലും അസുലഭമായ വാസന തമ്പി കുട്ടിക്കാലംമുതല്ക്കുതന്നെ പ്രദർശിപ്പിച്ചുവന്നിരുന്നു എന്നുള്ള വസ്തുത പ്രകൃതത്തിൽ വക്തവ്യമാണ്. അഞ്ചാം ഫാറത്തിൽ പഠിക്കുമ്പോൾ വെങ്കടരാമയ്യങ്കാർ രാമകൃഷ്ണപിള്ളയ്ക്കുപകരം തമ്പിയുടെ ഗൃഹാധ്യാപകനായി. 1078-ൽ അച്ഛൻ മരിച്ചു. 1083-ൽ മെട്രിക്കുലേഷൻ പരീക്ഷയിൽ വിജയിയായി. അതിനുമുൻപുതന്നെ ആ കൊല്ലത്തിൽ കന്യാകുമാരിക്കു പോയിരുന്നപ്പോൾ അവിടത്തെ ദേവിയെ സ്തുതിച്ച് ഒരു കുമ്മി അദ്ദേഹം രചിച്ചിട്ടുണ്ട്.

> “കന്യാകുമാരിയിൽ മേവിടുന്ന
> ധന്യേ! ഭഗവതി! ലോകനാഥേ!
> സുരജനവന്ദ്യേ! ഭുവി ദുഷ്ട—ഹരേ! ഹരകന്യേ!
> പരമുരുദുരിതമെന്യേ ഞങ്ങളെ നീ
> പരിപാലയ പരമപാവനി
> പരിതാപമതൊരു കാലവു—
> മരികിലണഞ്ഞീടാതുള്ളവണ്ണം—നന്നായ്
> പെരുകിയ മോദേന കാത്തിടേണം”

എന്നതു് ആ കുമ്മിയിലെ ഒരു ചരണമാണ്. എഫ്. ഏ. പരീക്ഷയിൽ ഒരു കൊല്ലം പരാജിതനായെങ്കിലും അടുത്ത കൊല്ലം അതിനു പകരം ഏർപ്പെടുത്തിയ ഇൻടർമീഡിയേറ്റു പരീക്ഷയിൽ പ്രശസ്തമായ വിജയം നേടി വിദ്യാർത്ഥിവേതനത്തിന് അർഹനായി. പരിഷ്കരിച്ച പാഠപദ്ധതിപ്രകാരമുള്ള ആദ്യത്തെ ബി. ഏ. പരീക്ഷയിൽ സംസ്കൃതവും മലയാളവും ഐച്ഛികവിഷയങ്ങളായി സ്വീകരിച്ചു ജയിച്ചു. തദനന്തരം 1088-ൽ ആ വിദ്യാലയം വിട്ടു. 1086-ൽ തമ്പി തിരുവട്ടാറ്റമ്മവീട്ടിലെ രുക്മിണിപ്പിള്ളക്കൊച്ചമ്മയെ വിവാഹം ചെയ്തു.

## വിദേശയാത്ര

ബി. ഏ. ബിരുദം സമ്പാദിച്ചതിനുമേൽ സ്വല്പകാലം ഹജൂരാപ്പീസിൽ ഗുമസ്തനായി പണി നോക്കി. അതിനുമേൽ 1090-ൽത്തന്നെ ഉന്നതവിദ്യാഭ്യാസത്തിനായി ഇംഗ്ലണ്ടിലേക്കു പോയി. അക്കാലത്തു് ഐർലാൻഡിൽ സ്വാതന്ത്ര്യത്തിനുവേണ്ടിയുള്ള പ്രക്ഷോഭണം തീവ്രമായി നടന്നുകൊണ്ടിരുന്നു. സ്വാതന്ത്ര്യകാംക്ഷിയും സാധുജനാനുകമ്പിയുമായ തമ്പി താൻ അധ്യയനം തുടർന്നുകൊണ്ടിരുന്ന ഓക്സ്ഫോഡ് ബേലിയൽകാളേജ് വിട്ടു് 1091-ൽ സമരരംഗത്തിലേക്കു കുതിച്ചുപാഞ്ഞു. തന്നിമിത്തം 1092-ൽ ഇംഗ്ലണ്ടിലെ പഠിത്തം വിട്ടു ബിരുദമൊന്നുംകൂടാതെ തിരിയെപ്പോരേണ്ടിവന്നു എന്നു ചുരുക്കത്തിൽ പറഞ്ഞാൽ മതിയാകുന്നതാണല്ലോ. ബിരുദഭൂഷിതനല്ലെങ്കിലും വിജ്ഞാനസമ്പന്നനായിത്തന്നെയാണ് ആ ധിഷണാശാലി മടങ്ങിവന്നതു്.

## ഔദ്യോഗികജീവിതം

കൈപ്പള്ളിയിൽ വീണ്ടും താമസം തുടങ്ങിയതിനുമേൽ വാല്മീകിരാമായണം നിത്യപാരായണം ചെയ്യുന്നതിൽ തമ്പി ഉത്സുകനായിത്തീർന്നു. സംസ്കൃതത്തിന്റെ അഭ്യുന്നതിയിൽ അത്യധികം അഭിനിവേശമുണ്ടായിരുന്ന അദ്ദേഹം 1093-ൽ ഗവർമ്മെന്റ് സംസ്കൃതമഹാപാഠശാലയുടെ അധ്യക്ഷപദത്തിൽ നിയമിക്കപ്പെട്ടു. അതു തമ്പിക്കും കാളേജിനും ഒരുപോലെ ഉൽക്കർഷത്തിനുള്ള മാർഗ്ഗമായി പരിണമിച്ചു. ഏ. ആർ. രാജരാജവർമ്മകോയിത്തമ്പുരാൻ അതിനു മുൻപുതന്നെ ഗവർമ്മെന്റിലേക്കു സമർപ്പിച്ചിരുന്ന പുതിയ പദ്ധതി തമ്പി നടപ്പിലാക്കി. ഇംഗ്ലീഷ്, ചരിത്രം, രസതന്ത്രം, ക്ഷേത്രഗണിതം മുതലായ പാശ്ചാത്യ വിദ്യാവിഷയങ്ങൾകൂടി വിദ്യാർത്ഥികളെ പഠിപ്പിക്കുന്നതിന് അതിൽ വേണ്ട വ്യവസ്ഥയുണ്ടായിരുന്നു. ശുഷ്കശാസ്ത്രിമാർ എന്നുള്ള അവഹേളനത്തിനു പാത്രീഭവിച്ച് അവർ ജീവിതമത്സരത്തിൽ പുറന്തള്ളപ്പെട്ടുകൊണ്ടിരിക്കുന്നതിനു തമ്പി നിപുണമായി ശ്രമിച്ചു പ്രതിവിധി ഉണ്ടാക്കി. കോട്ടയ്ക്കകത്തുനിന്നു കാളേജുതന്നെ മാറ്റി വെളിയിൽ സ്ഥാപിച്ചു. ജാതി മതഭേദംകൂടാതെ അതിൽ എല്ലാ അധ്യേതാക്കന്മാർക്കും പ്രവേശനം നല്കി. തിരുവിതാംകൂറിൽ പല സ്ഥലങ്ങളിലും സംസ്കൃതപാഠശാലകൾ ഉത്ഭവിപ്പിക്കുന്നതിനുള്ള ഒരു പ്രധാന കാരണം അദ്ദേഹത്തിന്റെ പ്രചോദനമായിരുന്നു. കൈപ്പള്ളിയിൽ താമസിക്കുമ്പോൾ കെ. സാംബശിവശാസ്ത്രിയുടെ അടുക്കൽ സംസ്കൃതവ്യാകരണത്തിലെ ചില ഉൽഗ്രന്ഥങ്ങൾ പഠിച്ചു. പാഠശാലയിൽ അധ്യാപകന്മാരായിരുന്ന മറ്റു ചില ശാസ്ത്രിമാരുമായുള്ള സമ്പർക്കംകൊണ്ട് അദ്ദേഹത്തിന്റെ വൈദുഷ്യം വർദ്ധിച്ചു. 1096-ൽ രുക്മിണിപ്പിള്ളക്കൊച്ചമ്മ മരിച്ചപ്പോൾ ആ സാധ്വിയുടെ സഹോദരി ഭഗവതിപ്പിള്ളക്കൊച്ചമ്മയെ പരിഗ്രഹിച്ചു. ആ അമ്മ ഭവാനി എന്ന പേരിലും അറിയപ്പെട്ടിരുന്നു. 1099-ൽ ശ്രീമൂലംതിരുനാൾ മഹാരാജാവുതിരുമനസ്സുകൊണ്ടു നാടുനീങ്ങി. 1100-ാമാണ്ടു മാതാവും പരഗതിയെ പ്രാപിച്ചു. 1102-ൽ കടൽപ്പുറത്തു ശംഖിൻ മുഖത്ത് ഒരു ഗൃഹം പണിയിച്ച് അവിടെ താമസം തുടങ്ങി. 1109-ൽ തമ്പി ഗവർമ്മെന്റ് ആർട്ട്സ്കാളേജിലെ പൗരസ്ത്യ ഭാഷാപര്യവേക്ഷകനായി നിയമിക്കപ്പെട്ടു. ആ സ്ഥാനലാഭത്തിനുമേൽ തമിഴും ശാസ്ത്രീയരീതിയിൽ പഠിച്ചു. പല ശുഭപ്രതീക്ഷകളോടുകൂടിയാണ് അദ്ദേഹത്തിന്റെ ആ നൂതന പദവിയെ സകലഭാഷാഭിമാനികളും ഉറ്റുനോക്കിക്കൊണ്ടിരുന്നത്. എന്നാൽ ഈശ്വരേച്ഛ മറിച്ചായിരുന്നു, 1113-ാമാണ്ട് കുംഭമാസം 22-ാംനു താൻ ജീവിതതുല്യമായി സ്നേഹിച്ച തന്റെ കാളേജിൽ ഒരു വിദ്യാർത്ഥിസമ്മേളനത്തിൽ പ്രസംഗിച്ചുകൊണ്ടുനില്ക്കുന്ന അവസരത്തിൽ രക്തസമ്മർദ്ദം നിമിത്തം കഥാവശേഷനായിത്തീരുകയാണ് ചെയ്തതു്. ഒടുവിൽ എട്ടുകൊല്ലത്തോളം അദ്ദേഹത്തിന്റെ ഹൃദയം അന്തർമ്മുഖമായി വികസിച്ചിരുന്നു എന്നുള്ളതിനു ചില ലക്ഷ്യങ്ങൾ അദ്ദേഹം അക്കാലത്തുണ്ടാക്കിയ കൃതികളിൽ കാണ്മാനുണ്ട്.

## സ്വഭാവം

കൃഷ്ണൻതമ്പിയുടെ സ്വഭാവഗുണത്തെപ്പറ്റി സ്വല്പമൊന്ന് ഉപന്യസിക്കുന്നതിന് ഇതാണല്ലോ അവസരം. വിജ്ഞാനസമ്പാദനത്തിൽ അദ്ദേഹത്തേക്കാളധികം ശ്രദ്ധാലുവായിരുന്ന ഒരു പ്രഭുകുമാരനെ കാണുവാൻ വളരെ പ്രയാസമുണ്ട്. അദ്ദേഹത്തിന്റെ അഭിനന്ദനീയമായ സ്വാതന്ത്ര്യേച്ഛയെപ്പറ്റി സൂചിപ്പിച്ചുകഴിഞ്ഞു. എത്ര ധനം വേണമെങ്കിലും സഞ്ചയിക്കുവാൻ അദ്ദേഹത്തിനു യാതൊരു പ്രയാസവുമുണ്ടായിരുന്നില്ല. എന്നാൽ അതിലേക്ക് അദ്ദേഹം ഒരിക്കലുംയാതൊരു പരിശ്രമവും ചെയ്തിരുന്നില്ല. ഒരാളോട് ഒന്നു ചോദിച്ചു വാങ്ങുക എന്നതു് അദ്ദേഹത്തിനു പാരതന്ത്ര്യത്തി

ന്റെ പ്രകാരാന്തരമായി തോന്നിയിരുന്നു. തന്റെ കൈവശം വന്നുചേരുന്ന ധനം അന്യാർത്ഥമായി വിനിയോഗിച്ച് അദ്ദേഹം ചരിതാർത്ഥനായി; ആ വിഷയത്തിൽ 'നാളത്തെക്കാര്യമോ' എന്നുള്ള പ്രശ്നം അദ്ദേഹത്തിന്റെ ഹൃദയത്തെ പീഡിപ്പിച്ചതേയില്ല. എത്ര എളിയ നിലയിലുള്ള ആളുകളോടും സമഭാവനയിൽ പെരുമാറുവാൻ നിർമ്മലഹൃദയനായ അദ്ദേഹത്തിനുണ്ടായിരുന്ന വൈഭവം ജന്മസിദ്ധമെന്നുതന്നെ പറയണം. ആദ്യംമുതല്ക്കുതന്നെ അദ്ദേഹത്തിന്റെ പ്രവണത സ്ഥിതിസമത്വത്തിലേക്ക് (സോഷ്യലിസം) ആയിരുന്നുവെങ്കിലും അദ്ദേഹം ഉയർന്നവരെ അധഃപതിപ്പിക്കുകയല്ല, അധഃസ്ഥിതരെ ഉയർത്തുകയാണ് അതിന്റെ ശാശ്വതസ്ഥാപനത്തിനുള്ള മാർഗ്ഗമെന്നു ദൃഢമായി വിശ്വസിച്ചിരുന്നു.

## കലാപോഷണം

കൃഷ്ണൻതമ്പിയെ നാം ഒരു കവി, വാഗ്ഗേയകാരൻ, പ്രഹസനപ്രണേതാവ്, ഗദ്യകർത്താവ്, കലാപ്രവർത്തകൻ എന്നിങ്ങനെ പല നിലകളിൽ സാഭിമാനം സ്മരിക്കേണ്ടതുണ്ട്. കേരളീയദൃശ്യകലകളെ കാലാനുകൂലമായി പരിഷ്കരിച്ചു പോഷിപ്പിക്കുന്നതിന് അദ്ദേഹം അനവരതം ബദ്ധശ്രദ്ധനായിരുന്നു. ശീമയിൽനിന്നു തിരിയെ വന്നതിൽപ്പിന്നീട് അത് അദ്ദേഹത്തിന്റെ ജീവിതവ്രതമായിത്തീർന്നു. കലാവിലാസം എന്നൊരു സമാജം അതിലേക്കുവേണ്ടി ഏർപ്പെടുത്തി. പിന്നീടു കഥകളിക്ലബ്ബ് സ്ഥാപിച്ചു. രാത്രി ആറുമണിമുതൽ ഒൻപതു മണിവരെയുള്ള സമയംമാത്രമേ ഓരോ ദിവസത്തെ കഥകളിക്കു വിനിയോഗിച്ചിരുന്നുള്ളു. ഒന്നിലധികം കഥകളിൽനിന്നു ചില രങ്ഗങ്ങൾമാത്രം ചില ദിവസങ്ങളിൽ പ്രദർശിപ്പിച്ചുള്ളൂ. അങ്ങനെ ഓരോ കഥയും ചുരുക്കി പ്രശസ്തരായ നടന്മാരെയും മറ്റുള്ള മേളക്കാരെയയും വരുത്തി താൻതന്നെ ആദ്യവസാനം അണിയറയിൽനിന്നുകൊണ്ടു വേണ്ട ഉപദേശങ്ങൾ നല്കി തമ്പി കഥകളിയുടെ മാഹാത്മ്യത്തെ കൃത്യാന്തരവ്യാപൃതരായ പൊതു ജനങ്ങൾക്കും അവരിൽ അസംസ്കൃതമതികൾക്കും കൂടി ആകർഷകമായി തോന്നത്തക്കവിധത്തിൽ ചിട്ടപ്പെടുത്തി. അതിലേക്കുള്ള കായക്ലേശത്തെയോ ധനവ്യയത്തെയോ സാരമായി ഗണിച്ചില്ല. ആ പുരാതനദൃശ്യകലയുടെ പുനരുദ്ധാരണത്തിൽ തമ്പിക്കും ഒരു മഹനീയമായ സ്ഥാനത്തിനവകാശമുണ്ട്. കഥകളിക്ലബ്ബ് ഇന്നും അദ്ദേഹത്തിന്റെ സ്മാരകമായി തിരുവനന്തപുരത്തെ കലാപ്രണയികൾ ഒരുത്സവംപോലെ ആഘോഷിക്കുന്നുണ്ട്. 1111-ൽ സഹൃദയ എന്നൊരു മാസിക തുടങ്ങിച്ച് അതു ഉൽക്കൃഷ്ടമായ രീതിയിൽ കുറേക്കാലം നടത്തിച്ചു.

## കൃതികൾ

കൃഷ്ണൻതമ്പി സംസ്കൃതത്തിലും മലയാളത്തിലും പദ്യമയമായും ഗദ്യമയമായും പദ്യഗദ്യോഭയമയമായും പല കൃതികൾ രചിച്ചിട്ടുണ്ട്. അവയിൽ ചിലതു് അച്ചടിച്ചിട്ടില്ല. താഴെ കുറിക്കുന്ന വാങ്മയങ്ങൾ അദ്ദേഹം ഉണ്ടാക്കിയവയാണ്. 1 ലളിത, 2 അജ്ഞാതവാസം, 3 പേടികാസന്യാസി, 4 ദ്രൗപദീവിജയം എന്നീ നാലു് ഏകാങ്കങ്ങളും, 5 ശ്രീരാമകൃഷ്ണചരിതം ഗേയപ്രബന്ധവും (1106), 6 പാദുകാപട്ടാഭി ഷേകവും സംസ്കൃതകൃതികളാകുന്നു. 7 മുദ്രാരാക്ഷസനാടകത്തെ സംക്ഷേപിച്ചു ത്ജ്ജമ ചെയ്തിട്ടുള്ള ഒരു ഭാഷാകൃതിയാണ് ചാണക്യൻ (1096). 8 ഷഷ്ടിപൂർത്തിദപ്പണം (1093) ശ്രീമൂലംതിരുനാൾ മഹാരാജാവിന്റെ ഷഷ്ട്യബ്ദപൂർത്തി സംബന്ധിച്ചു രചിച്ചിട്ടുള്ള ഒരു ഗാനകാവ്യമാകുന്നു. 9 ഭാഷയിൽ ഹരികഥാകാലക്ഷേപത്തിനുവേണ്ടി രചിച്ച ഗദ്യഗേയ സമ്മിളിതമായ ഒരു കൃതിയാണ് ധ്രുവചരിതം. 10 വല്ലീകുമാരം, 11 ചൂഡാമണി, 12 താടകാവ

ധം ഇവ അദ്ദേഹത്തിന്റെ മൂന്ന് ആട്ടക്കഥകളാണ്. 13 കപാലകണ്ഡല, 14 സൗദാമിനി ഇവ നോവലുകളാകുന്നു. ബങ്കിമചന്ദ്രചതോപാധ്യായൻ ബംഗാളിയിൽ രചിച്ച സുപ്രസിദ്ധമായ മൂലഗ്രന്ഥത്തിന്റെ ആംഗലഭാഷാനുവാദം വായിച്ചു കഥാവസ്തു ഗ്രഹിച്ചു നിർമ്മിച്ച ഒരു സ്വതന്ത്രകൃതിയാണതു്. തമ്പി ആദ്യമായി പ്രസിദ്ധീകരിച്ച പുസ്തകവും അതുതന്നെയാണ്. 15 വിധി യന്ത്രത്തിരിപ്പ്, 16 കമലത്തിന്റെ കന്നിക്കേസ്, 17 മരതകമാല, 18 ഭാരതിക്കുട്ടി, 19 പ്രതിക്രിയ, 20 മൃണാളിനി, അഥവാ ഇന്നത്തെ വനിത ഇവയെല്ലാം പ്രഹസനങ്ങളാകുന്നു. തമ്പി സംസ്കൃതപാഠശാലാധ്യാപകനായതുമുതൽ കൊല്ലന്തോറും ഓരോ പ്രഹസനം എഴുതുകയും അതു വിദ്യാർത്ഥികളെക്കൊണ്ടു് അഭിനയിപ്പിക്കുകയും ചെയ്യുക പതിവായിരുന്നു. 21 ഉർവ്വശി, വിക്രമോർവ്വശീയം കഥയിൽ സ്വല്പം വ്യത്യാസം വരുത്തി കേകാവൃത്തത്തിൽമാത്രം പദ്യങ്ങൾ ഘടിപ്പിച്ചു. പാശ്ചാത്യരീതിയിൽ ഗദ്യത്തിന്റെ സ്പർശം കൂടാതെ എഴുതീട്ടുള്ള ഒരു നവീന നാടകമാകുന്നു. അതിൽ നാലു രംഗങ്ങളേ ഉള്ളു. 22 നളിനി ഒരു ചെറുകഥയാണ്. ആദ്യം സംസ്കൃതത്തിൽ എഴുതിയ ലളിത തമ്പി പിന്നീടു് ഇംഗ്ലീഷിലും മലയാളത്തിലുംകൂടി ത്ജ്ജമ ചെയ്തിട്ടുണ്ടു്. അക്ബറുടെ സേനാനിയായ മാനസിംഹൻ കലധർമ്മമായ വേശ്യാവൃത്തിയിൽ വിമുഖിയായ ലളിതയെ ലോകാപവാദത്തിൽ ചകിതനായി വിവാഹം ചെയ്യാത്തതിനാൽ ആ നായിക പ്രാണത്യാഗം ചെയ്യുന്നു.

“ആചാരമാം സ്മൃതികുലോജ്ജ്വലരാജമാർഗ്ഗ–
മെത്തിസ്സധൈര്യമുലകിൽപ്പെരിയോർ ഗമിപ്പൂ;
കീടങ്ങൾ പാദഹതിയേറ്റു നുറുങ്ങിയേതാ–
നെന്നാകിലാർക്കു പഴിയാർക്കു ഗുണാപകർഷം?”

എന്ന പാഠമാണ് കവി നമ്മെ ഈ ഏകാങ്കനാടകത്തിൽനിന്നു പഠിപ്പിക്കുന്നതു്. ശ്രീരാമകൃഷ്ണചരിതംപോലെ 23 ധ്രുവചരിതവും, 24 ശ്രീകൃഷ്ണാവതാരവും ഹരികഥാകാലക്ഷേപക്കാർക്കുവേണ്ടി എഴുതിയ വാഗ്ഗേയങ്ങളുമാകുന്നു. ചില പുസ്തകങ്ങളെപ്പറ്റി മാത്രം അല്പം പ്രസ്താവിക്കാം.

## സംസ്കൃതകൃതികൾ—ശ്രീരാമകൃഷ്ണചരിതം

എനിക്കു വളരെ ബോധിച്ചിട്ടുള്ള ഒരു കൃതിയാണ് ശ്രീരാമകൃഷ്ണചരിതം. കവി ശങ്കരഭഗവൽപാദരുടെ സ്വാദിഷ്ഠങ്ങളായ വാങ്മയങ്ങൾ ആസ്വദിച്ച് അദ്വൈതവേദാന്തത്തിൽ നിഷ്ണാതനായി ശ്രീരാമകൃഷ്ണപരമഹംസന്റെ ഉപദേശപദ്ധതിയിൽ ഉന്മുഖനായതിനുമേൽ രചിച്ച ഒരു ഗേയകാവ്യമാണ് പ്രസ്തുത കൃതി എന്നുള്ളതിനു സംശയമില്ല. അദ്ദേഹത്തിനു സംസ്കൃത ഭാഷയിലുണ്ടായിരുന്ന പാണ്ഡിത്യത്തിനും കവിത്വത്തിനും പരമോദാഹരണമായും അതു പ്രകാശിക്കുന്നു. നോക്കുക ചില ഭാഗങ്ങൾ.

“ശശ്വദ്യാപ്രിയമാണസ്യ പ്രാരംഭശതശാലിനഃ
ന കിഞ്ചിൽ കുർവ്വതോ ഹന്ത! ദ്വാത്രിംശന്മേ ഗതാസ്സമാഃ.
കാലേന വഹതാ നീതഃ പ്ലവമാന ഇതസ്തതഃ
കാര്യമാണോവശഃ കർമ്മ സഹസ്രമനയം വയഃ.
കരോതു കിം വാ കോ വാത്ര സംസാരേ പരവാൻ നരഃ
യത്ര ഭോക്താ ച ഭക്തം ച ഭോജനഞ്ചാപി ഭംഗുരം.
ചൂർണ്ണീഭവന്തി ജ്യോതീംഷി ച്യവന്തേതിമഹാന്ത്യപി
ആപദ്യതേ വ്യയസ്സിന്ധോർഗ്ലാനിസ്സുമനസാമപി.
ഓജസ്തേജസ്സൗകമാര്യം സൗജന്യം വാ ന ജാതു ചേൽ

കാലാഭി ഭവതോ ഗുപ്തം സംസാരേ കസ്യ വാ രതി.”
(ആമുഖം)

“അതുലാ കില ശിശുകേളികലാ-ഖില”
ജനതാവിസ്മയഭ്രരതിവിമലാ
കലയതി പരിതോ ബാലകദംബം
രചയതി സ മൃദാ വിവിധം ബിംബം.
ഗുംഫതി മാലാഃ കുസുമകലാപൈർ–
ഗ്ഗായതി നൃത്യതി ചാർച്ചതി ദീപൈഃ. (അതുലാ)
ശൃണോതി സതതം കഥകൈഃ കഥിതം
മധുരിപുചരിതം മധുരസഭരിതം
കുരുതേ സമുചിതപാത്രവിധാനം
ത്രുപയതേസൗ സകലമധീനം. (അതുലാ)”

താഴെക്കാണുന്ന ഗാനം പേടികാസന്യാസിയിൽ ഉള്ളതാണ്.

“ഭവതു സുഖീ നു കഥം നരോ ഭുവി
ഭവതു സുഖീ നു കഥം?
കാലേ കലയൻ ഘനമഭിമാനം
ക്ലേശശതാകുലിതോ നരോ ഭുവി (ഭവതു)
ഭൂസുരപഞ്ചമപണ്ഡിതപാമര–
ഭേദവിചാരപരോ നരോ ഭുവി (ഭവതു)
സ്മാരം സ്മാരം സ്ത്രൈണം ജനനീം
യോ മനുതേ ന സദാ നരോ ഭുവി. (ഭവതു)”

സംസ്കൃതത്തിൽ ശ്ലോകവും ഗാനവുംപോലെ, ഗദ്യവും തമ്പിക്കു സമഞ്ജസമായി രചിക്കുവാൻ സാധിക്കുമായിരുന്നു. ദ്രൗപദീ വിജയത്തിലെ ചില വാക്യങ്ങൾ ഉദ്ധരിച്ച് ഈ വസ്തുത തെളിയിക്കാം.

“ദുര്യോധനഃ ജാതാന്ധ്യേന യദർദ്ധം രാജ്യം താതേന പാണ്ഡവേഭ്യോ ദത്തം?

ദുശ്ശാസനഃ (സദന്തഘട്ടനം) ജാനാമ്യാര്യ, ജാനാമി. തസ്യഗോകുലാധമസ്യ ഐന്ദ്രജാലികസ്യ കുടിലതന്ത്രസ്യ കൃഷ്ണസ്യ ഭീഷണവചനാദ്ഭീതസ്താതഃ. തസ്മാല്ലഘുതരപഹൃതം അർദ്ധരാജ്യം പാണ്ഡുപുത്രൈഃ. ഹാ! കിമദ്ധരാജ്യമിതി സർവ്വമപി പൗരുഷം ഹൃതം കരുണാം.

ദുര്യോ സാധൂക്തം വത്സ! അധീശ്വരത്വം നാമ അവിഭാജ്യം വസ്തു. തത്രാർദ്ധേ ഗതേ സർവ്വം ഗതം. തത ഏവാഹം ശോചാമി. (സശോകം) കാ ഗതിഃ?

ദുശ്ശാ ഹാ! മഹദത്യാഹിതമാപതിതം കുരുവംശസ്യ, അന്ധേന നീതഃ കുരുമഹാരാജഃ; തേനാസ്മ്യഹം നീതേഃ (കപിതഃ) കാ ഗതിഃ?”

## ഭാഷാകൃതികൾ—ചാണക്യൻ

മൂലകൃതിയായ മുദ്രാരാക്ഷസത്തിലെ കഥാസംഗ്രഹത്തിലും അതിന്റെ വിവർത്തനത്തിലും തമ്പി വിജയം പ്രാപിച്ചിട്ടുണ്ട്. രണ്ടു ശ്ലോകങ്ങൾ ചുവടേ ചേർക്കുന്നു.

“മങ്ങാതൈശ്വര്യമാളും പതിയെയുലക സേ–
വിക്കുമർത്ഥാശമൂലം;
താങ്ങാറുണ്ടാം വിപത്തിൽച്ചിലരവനുദയം

    മേൽ വരാമെന്നുറച്ചും;
എങ്ങാനുണ്ടോ ഭവാൻപോൽ കൃതമുപകൃതിയോർ–
    ത്താസ്ഥയാ സ്വാർത്ഥലേശം
പൊങ്ങാതേ നാഥകാര്യാകുലത കലരുവോൻ
    നാഥനിര്യാണശേഷം?”

“കുതിക്കുന്നു ബന്ധിച്ചൊരു ശിഖയുതിർപ്പാൻ കരമിതാ;
കൊതിക്കുന്നു വീണ്ടും ശപഥപഥചര്യയ്ക്കു ചരണം;
മുതിർന്നു നീ നന്ദപ്പരിഷയുടെ വെണ്ണീറിൽ മുഴുകി–
പ്പതിഞ്ഞോരെൻകോപജ്വലനനെയുണർത്താൻ വിധിവശൻ.”

## ഭാഷാവാഗ്ഗേയങ്ങൾ

“വിലസീടുന്നുതേ സുന്ദരം മധുരാപുരം
വിജിതസുരേന്ദ്രമന്ദിരം
വിശ്വവിശ്രുതിചേരും യാദവവീരരാൽ
വിഗതകല്മഷം പരിപാലിതം പാവനം (വിലസീ)
സതതഹേഷിളുതുരഗപാളീകരിവരാളിനിഷേവിതം
ശ്രുതിവിശാരദമുഖരിതം സുരസുന്ദരീസദനായിതം
നയനമോഹനലളിതനർത്തനമൃദുളമദ്ദളനിനാദിതം
മലയമാരുതസതതകമ്പിതമഞ്ജുകുഞ്ജാവലിപരീതം
(വിലസീ)”
(ശ്രീകൃഷ്ണാവതാരം)

ഏറ്റവും ഹൃദയാകർഷകമായ ഒരു കൃതിയാണ് ധ്രുവചരിതം. ഒരു പാട്ടിൽ ചില ചരണങ്ങൾ പകർത്തുന്നു.

“കണ്ടുകൊണ്ടേനേ ഞാൻ
ജന്മകോടിയെപ്പുണർന്ന ക്ലേശം
നഖമരീചിയാലകറ്റുമടിയിണ (കണ്ട)
നന്മയെന്തു തിന്മയെന്തിനി മമ

ദുഃഖമെന്തു സുഖവുമെന്തു? കഴൽ തവ (കണ്ടു)
ദ്വന്ദ്വവാസനകൾ വെന്തടിഞ്ഞ പൊടി
ചിന്തിടും വിമലപാദസരോരുഹം (കണ്ടു)
ശമിതഭവതാപം, ഖലജനദുരാപം
നവജലദശോഭം പദയുഗളം (കണ്ടു)

തദനു യമുനാശീകരാർദ്രമന്ദാനിലോല്ലോലിതകളായ്,
വികസിതസുമസ്മേരസർവ്വാങ്ഗ–
സൗന്ദര്യകല്ലോലിതകളായ്,
ഇന്ദിരാകാന്തന്റെ കായകാന്തിച്ഛടാവിഭ്രാന്തി
    ചിന്തുന്നൊരിന്ദിന്ദിര–
നിര പോന്നു നിരന്തരം തേൻ നുകർന്നിടാനലർന്നിര

ന്നാർത്തടുത്തീടവേ,

രുചിരതരസാരസ്യലാസ്യയാദി–
ലീലാരസോത്ഭാസിതോല്ലാസിതകളായി”

എന്നിങ്ങനെ പോകുന്ന ഒരു ദണ്ഡകവും അതിൽ ഘടിപ്പിച്ചിട്ടുണ്ട്. കഥാപ്രവചനത്തിനു ദീപ്തി വളർത്തുന്നതാണല്ലോ അത്തരത്തിലുള്ള ദണ്ഡകം. വൃന്ദാവനത്തിനു പോകുവാൻ ആജ്ഞാപിച്ച സുരുചിയെ തന്റെ ഒരാചാര്യയായാണ് ധ്രുവൻ പ്രസ്തുത കൃതിയിൽ വിഭാവനം ചെയ്യുന്നതു്. തമ്പിയുടെ ഗാനങ്ങളിൽ സർവ്വഥാ വിശിഷ്ടമായ ഒരു പാട്ടുകൂടി ഈ കൃതിയിൽനിന്ന് എടുത്തു കാണിക്കേണ്ടതുണ്ട്.

“നിനദം-സുഖദമേ
മുരളീനിനദം–സുഖദമേ
മധുരമുരളീനിനദം-സുഖദമേ
വിധുരമധുരിപുമധുരമുരളീനിനദം–സുഖദമേ
സുമശരവി ധുരമധുരിപുമധുരമുരളീനിനദം–സുഖദമേ
ചതുരസുമശരവിധുരമധുരിപുമധുരമുരളീനിനദം–സുഖദമേ
ശൃണുതം-ശ്രവണേ-സതതം-വിഗതകദനം–നിനദം–സുഖദമേ.”

## ഉർവശി

ഈ നാടകം ആരംഭിക്കുന്നതു താഴെക്കാണുന്ന വിധത്തിലാണ്.

ചിത്രലേഖ:

“ആർക്കപോൽ വാനിലൂടെ തേർവഴി തെളിഞ്ഞുള്ള–
താർക്കപോലാനുകൂല്യം സ്വർവ്വധൂജനത്തോടും
നേർക്കേണമപ്പുണ്യവാൻ നീലകേശിയോടിങ്ങു,
ചേർക്കേണമെങ്ങൾക്കേകജീവനാമുർവ്വശിയെ”

പുരൂരവസ്സ്: (പർവ്വതത്തിന്റെ ചുവട്ടിലായി പ്രവേശിച്ച്)

“പോരുമേ പരിതാപം സുരസുന്ദരിമാരേ!
പോരുന്നൂ പുരൂരവസ്സാർത്തരക്ഷണത്തിന്ന്”
(നീലകേശിയെ നോക്കി വില്ലു കുലച്ചുകൊണ്ടു)
“നില്ലെടാ നാരീചോര! തീവ്രബാണങ്ങളാൽ നി–
ന്നല്ലടഗർവ്വമാകെശ്ശാന്തമാക്കീടട്ടെ ഞാൻ”

ഒടുവിൽ ഉർവ്വശി പുരൂരവസ്സിനെ പിരിഞ്ഞു സ്വർഗ്ഗത്തേക്കു പോകുന്ന അവസരത്തിൽ “ഓതുകെന്തൊരു ഗതി മേലെനിക്കുള്ളതെന്നും” എന്നു പുരൂരവസ്സു ചോദിക്കുകയും അതിന് ആ ദേവസ്ത്രീ

“സർവ്വഭൂതങ്ങൾക്കും നീ പ്രിയനാംമാറു വാഴ്ക,
സർവ്വരാഗാദ്യങ്ങളിൽനിന്നു നിർമ്മുക്തനാക,
സ്വർഗ്ഗവും തുച്ഛമാകും ലോകങ്ങൾ വിശാലങ്ങൾ
സന്തതാനന്ദദങ്ങൾ സുലഭങ്ങളാം തവ”

എന്നുപദേശം നല്കുകയും ചെയ്യുന്നു. ഈ കവിതയ്ക്കു വൈശിഷ്ട്യമില്ല.

## ആട്ടക്കഥകൾ

പ്രഹതമായ പദ്ധതിയിൽ അഭിനയിക്കുന്നതിനായി രചിച്ചിട്ടുള്ള ഒരാട്ടക്കഥയാണ് വല്ലീകുമാരം.

> "കൈലാസേ കില കാലകാലമകുടപ്രോദ്ഭാസി ചന്ദ്രോജ്ജ്വലേ
> സിദ്ധസ്ത്രീകരചാരുചാമരമരുത്സംസേവ്യമാനസ്സഖീ
> ആസ്തേസൗ സമുപാസിതസ്സുരവരൈരാധ്മാതശംഖൈഃ പുരഃ
> പ്രേംഖൽപ്രോദ്ധതബർഹിണോ വരഗുണാധാരഃ കുമാരഃ പുരാ"

എന്നതു് ഈ കൃതിയിലെ പ്രഥമശ്ലോകമാണ്. കവിത നന്നായിട്ടുണ്ട്. താടകാവധത്തിൽ കവി താടകയെ ഒരു കാമുകിയായ യുവതിയാക്കിയാണ് ചിത്രീകരിക്കുന്നതു്. ആര്യന്മാരോട്ട് ആ അനാര്യയുടെ വർഗ്ഗക്കാർക്ക് ഉണ്ടായിരുന്ന ശത്രുതയുടെ കാരണം അവർ "ഗോനിധനാദിതന്ത്രങ്ങൾ—ശുദ്ധതരദുർമ്മന്ത്രങ്ങൾ" ഉച്ചരിച്ചു ചത്ത പശുവിന്റെ വാൽ പിടിച്ചു സ്വർഗ്ഗത്തിൽ കേറുന്നതായിരുന്നുവത്രേ. അങ്ങനെ ഒരു വലിയ പുതുമ കഥാവസ്തുവിൽ അദ്ദേഹം വരുത്തിയിരിക്കുന്നു. കാളിദാസൻ രഘുവംശത്തിൽ

> "രാമമന്മഥശരേണ താഡിതാ
> ദുസ്സഹേന ഹൃദയേ നിശാചരീ
> ഗന്ധവദ്രുധിരചന്ദനോക്ഷിതാ
> ജീവിതേശവസതിം ജഗാമ സാ"

എന്ന് ആ രാക്ഷസിയുടെ മരണത്തെ വർണ്ണിച്ചിട്ടുണ്ടല്ലോ. ആ വർണ്ണനമാണ് തമ്പിക്ക് അവളെ രാമനിൽ അനുരാഗിണിയാക്കുന്നതിനു മാർഗ്ഗദർശകമായി പരിണമിച്ചതു്.

> "കമനീയാങ്ഗനിതാരോ കവരുന്നു കണ്ണിണ
> കാനനനീലിമയിൽ പൂനിലാവൊളി പൂശി
> നീരദനികരനിലീനനവോദിത–
> പൂർണ്ണസോമസാർവ്വഭൗമസദൃശാതിശോഭിതതനു (കമനീ)
>
> കാകപക്ഷസുന്ദരം ബിംബാധരമധുരം
> ഗന്ധമുകുരോജ്ജ്വലം മന്ദസ്മേരവദനം
> കോദണ്ഡശ്രീമഞ്ജുളം സിംഹസംഹതഗാത്രം
>
> രൂപം നിരുപമം ദുരാപമിതവനിയിൽ
> പണ്ടു കണ്ടുമില്ല തെല്ലുമിവനോടു തുല്യരുചി
> മുദിതമെന്മാനസമതങ്ഗജമതിലേറ്റി
>
> മദനമഹാവിജയമഹമഹിമ കൊണ്ടാടി
> മരുവുകിലൊരുകുറി മമ തനുജീവിത–
> മഖിലമിന്നു സഫലമെന്നു കരുതുന്നു ഞാൻ സപദി
> (കമനീ)"

### നോവലുകൾ

തമ്പിയുടെ കപാലകുണ്ഡലയെപ്പോലെ സൗദാമിനിയും മുഗൾചരിത്രത്തെ സ്പർശിക്കുന്ന ഒരു ആഖ്യായികയാണ്. ആഖ്യായികകളിൽ അദ്ദേഹം സ്വീകരിച്ചിട്ടുള്ള ശൈലി സംസ്കൃതപ്രധാനമായി കാണുന്നു. എന്നാൽ കേരളപാണിനി പറയുന്നതുപോലെ ആ സംസ്കൃതം "ഒരിടത്തും അസ്ഥാനത്തിലോ അസങ്ഗതമോ ആയിട്ടില്ലെന്നു" സമാധാനപ്പെടുകയും ചെയ്യാം. വാക്കിനു പ്രസാദഗുണം സർവ്വത്ര കാണുന്നുണ്ട്; ശൈലീഭങ്ഗം ഒരിടത്തും പതിച്ചിട്ടില്ല എന്ന വസ്തുതയും നാം ഓർമ്മിക്കേണ്ടതാണ്.

### പ്രഹസനങ്ങളും മറ്റും

മറ്റു കൃതികളെപ്പോലെ വിസ്തരിക്കുവാൻ സൗകര്യമില്ല. രാമൻമേസ്ത്രി എന്ന പേരിൽ സംസ്കൃതപാഠശാലയിൽ അഭിനയിക്കുവാൻ എഴുതിയ ഒരു പ്രഹസനമാണ് പിന്നീട് മൂണാളിനി അഥവാ ഇന്നത്തെ വനിത എന്ന പേരിൽ പ്രസിദ്ധീകൃതമായതു്. പുതിയ ആദർശങ്ങളെ പുരസ്കരിച്ചു സന്മാർഗ്ഗോപദേശം ചെയ്തു സമുദായത്തിൽ ദക്ഷിണപക്ഷത്തിലും വാമപക്ഷത്തിലും നിരീക്ഷിക്കാവുന്ന മാലിന്യങ്ങളെ ദൂരീകരിച്ച് അതിനെ ആശാസ്യവും അഭ്യുദയപ്രാപകവുമായ ലക്ഷ്യത്തിൽ എത്തിക്കുക എന്നുള്ളതാണ് ഇത്തരത്തിലുള്ള പുസ്തകങ്ങളുടെ നിർമ്മിതികൊണ്ടു തമ്പി ഉദ്ദേശിച്ചിരിക്കുന്നതു്. അതു സാമാന്യം ദീർഘമായ മൂണാളിനിയിൽ സവിശേഷം ഫലിച്ചിട്ടുണ്ട്. ആശ്ലീലമായി ഒരു വാക്കുപോലും അദ്ദേഹത്തിന്റെ പ്രഹസനങ്ങളിൽ കടന്നു കൂടീട്ടില്ല. മൂണാളിനിയെ ഇന്നത്തെ ശാലീനകളല്ലെങ്കിലും സദാചാരനിഷ്ഠകളായ വനിതകളുടെ ഒരു മാതൃകയായി പരിഗണിക്കാവുന്നതാണ്. തിരുവനന്തപുരത്താണ് പ്രഹസനങ്ങളുടെ ആവിർഭാവം; സി. വി. രാമൻപിള്ളയാണല്ലോ ആ പ്രസ്ഥാനത്തിന്റെ ഉപജ്ഞാതാവ്. അദ്ദേഹത്തിന്റെ പാദമുദ്രകളെ പിൻതുടർന്ന ഒന്നാമത്തെ ഗ്രന്ഥകാരനായി കൃഷ്ണൻതമ്പിയെ കരുതാം. ഇക്കാലത്തു പലരും ആ പന്ഥാവിൽ സഞ്ചരിച്ചു വിജയം നേടീട്ടുണ്ട്.

## പട്ടം എൻ. കൊച്ചുകൃഷ്ണപിള്ള (1061—1097)

### ചരിത്രം

എൻ. കൊച്ചുകൃഷ്ണപിള്ള തിരുവനന്തപുരം പട്ടത്തു കുറുങ്ങാനൂർ മഠത്തുവിളവീട്ടിൽ അനന്തുഅമ്മയുടേയും ജ്യോത്സ്യൻ നെയ്യാറ്റിൻകര ഏണിത്തോട്ടത്തു പത്മനാഭപിള്ളയുടേയും പുത്രനായി 1061—ാമാണ്ടു മേടമാസം ചിത്തിരനക്ഷത്രത്തിൽ ജനിച്ചു. തിരുവനന്തപുരത്തു ഗവർമ്മെൻറുകോളേജിൽ മട്രിക്കുലേഷൻപരീക്ഷ ജയിച്ചതിനുമേൽ തൃശ്ശിനാപ്പള്ളി സെന്റ്ജോസഫ് കോളേജിൽനിന്ന് ഇന്റർമീഡിയറ്റിലും തിരുവനന്തപുരം കോളേജിൽനിന്നു ബി. ഏ. യിലും ഉത്തീർണ്ണനായി. പ്രിന്നീട പ്രൈവറ്റായി പഠിച്ച് എം. ഏ. പരീക്ഷയിലും വിജയം നേടി. ആദ്യം ഹജ്ജൂർസെക്രറേററിയറ്റിൽ ഒരു ക്ലാർക്കായി പ്രവേശിച്ച അദ്ദേഹം എക്സൈസ് ഇൻസ്പെക്ടരായി ഉയർന്നു. 1092-ാമാണ്ടു മകരമാസം 27-ാംനു ഒരു നല്ല കവയിത്രിയായ തെക്കേക്കുന്നത്തു കല്യാണിക്കുട്ടിയമ്മയെ വിവാഹം ചെയ്തു. പുനലൂർനിന്നു പ്രചരിച്ചിരുന്ന ശാരദ എന്ന മാസികയുടെ ആധിപത്യം വഹിച്ചതു കല്യാണിക്കുട്ടിയമ്മയായിരുന്നു. അതിൽ അനേകം ഉപന്യാസങ്ങൾ കൊച്ചുകൃഷ്ണപിള്ള പ്രസിദ്ധീകരിച്ചിട്ടുണ്ട്. കല്യാണിക്കുട്ടിയമ്മ തന്റെ കൃതികൾ സാഹിത്യസൗന്ദര്യം ഒന്നാം ഭാഗം എന്ന പേരിൽ 1121-ൽ അച്ചടിപ്പിക്കുകയുണ്ടായി. ആ സാധ്വിയയുടെ പിതാവ് എറണാകുളം ചീഫ് കോർട്ടുവക്കീൽ കോഴിക്കോട്ടു കൃഷ്ണമേനോൻ ബി. ഏ. യും മാതാവു

തെക്കേക്കുന്നത്തു മാധവിയമ്മയുമായിരുന്നു. കൊച്ചി ചേന്നമങ്ഗലത്താണ് തെക്കേക്കുന്നത്തുഭവനം. 1097-ാമാണ്ട് ഇടവമാസം 15-ാംനു സന്നിപാതജ്വരംനിമിത്തം കൊച്ചുകൃഷ്ണപിള്ള അല്പായുസ്സിൽ മരിച്ചുപോയി.

## കൃതികൾ

കൊച്ചുകൃഷ്ണപിള്ള വൃത്താന്തവൃത്തമായും കേരളപ്രാസം സാർവ്വത്രികമായി ദീക്ഷിച്ചും മേഘസന്ദേശം ഭാഷയിൽ വിവർത്തനം ചെയ്തിട്ടുണ്ട്. സ്കൂൾകുട്ടികളെ ഉദ്ദേശിച്ച് എഴുതീട്ടുള്ള 'ബാലസാഹിത്യ'ത്തെപ്പറ്റി ഇവിടെ ഗണിക്കേണ്ടതില്ല. ബാല്യത്തിൽത്തന്നെ കവിതയിൽ നല്ല വാസനയുണ്ടായിരുന്നു. പതിന്നാലാമത്തെ വയസ്സിൽ രചിച്ച സരസ്വതീ പഞ്ചകത്തിലുള്ളതാണ് താഴെക്കാണുന്ന ശ്ലോകം.

"തുരാലുതുമ്പെന്നിവ ബോധിയാത്ത ഞാ–
നൊരാഗ്രഹത്താൽക്കവിതക്കൊരുങ്ങിനേൻ
വരാളകേ! വാണി! വചോഭിവൈഭവം
വരാനുടൻ വന്നു വസിക്ക നാവിൽ നീ."

മേഘസന്ദേശത്തിൽ നിന്നുകൂടി രണ്ടു ശ്ലോകങ്ങൾ ഉദ്ധരിക്കാം.

"മാഴ്കാതീയുള്ളവനെ നിരുപിച്ചാശു പോകം ഭവാനൊ–
ട്ടാകാംക്ഷിക്കാം കുടജസുരഭിക്കുന്നിലെല്ലാമിരിക്കാൻ
കേകാരാവക്കളവൊട്ടു മയിൽക്കൂട്ടവും സൽക്കരിച്ചെ–
ന്നാകാമെന്നാലൊഴികഴിവുരച്ചേഷ്ഷണം വല്ലമട്ടും."

"ഭദ്രാഭീകേ! ഭഗിനി! ഭവദാത്മേശനാൽ പ്രേഷിതൻ ഞാൻ
ത്വദ്രാഗാർത്തന്നുടെ മൊഴികളോതീടുവാനത്ര വന്നേൻ
ഉദ്രാവത്താലയി! വഴിയിൽനിന്നാശു കാന്താപ്രവേണീ–
മുദ്രാമോക്ഷോത്സുകരെ വസതിക്കാക്കമാക്കൊണ്ടലീഞാൻ."

## ഏ. ഗോവിന്ദപ്പിള്ള (1024–1100)

### ജനനവും ബാല്യവും

ഏ. ഗോവിന്ദപ്പിള്ള തിരുവനന്തപുരത്ത് ആറ്റുകാൽ എന്ന ദേശത്തിൽ ചെറുകര വീട്ടിൽ കല്യാണിയമ്മയുടെ തൃതീയപുത്രനായി 1024-ാമാണ്ടു മീനമാസം 30-ാംനു ജനിച്ചു. പിതാവു കുറേക്കാലം പട്ടാളത്തിൽ പരിഭാഷകനും പിന്നീടു കൊട്ടാരം സംപ്രതിയുമായിരുന്ന ശങ്കരൻപണ്ടാലയായിരുന്നു. പണ്ടാല യാതൊരു സഞ്ചാര സൗകര്യവും ഇല്ലാതിരുന്ന ആ കാലത്തു രണ്ടുതവണ കാശിക്കു പോയ ഒരു ഈശ്വരഭക്തനായിരുന്നുവെന്നറിയുന്നു. ഗോവിന്ദപ്പിള്ളയുടെ മൂത്ത ജ്യേഷ്ഠൻ കൊച്ചുകൃഷ്ണപിള്ള കാലക്രമത്തിൽ ഗവർമ്മെന്റിന്റെ സാനിട്ടറി വകുപ്പിൽ ഒരുദ്യോഗസ്ഥനായി. രണ്ടാമത്തെ ജ്യേഷ്ഠനായ നാരായണപിള്ള അല്പായുസ്സായിരുന്നു. കഥാപുരുഷന്റെ ശൈശവത്തിൽത്തന്നെ അച്ഛൻ മരിച്ചു പോയി. കുടുംബത്തിൽ പറയത്തക്ക സ്വത്തൊന്നുമില്ലാതിരുന്നതിനാൽ വളരെ അരിഷ്ടിച്ചാണ് ബാല്യം കഴിച്ചുകൂട്ടേണ്ടി വന്നത്. അമ്മയുടെ ഗൃഹഭരണസാമർത്ഥ്യം ഒന്നുമാത്രമായിരുന്നു ആ ദശാസന്ധിയിൽ കുടുംബത്തിന്റെ അവലംബം. ഗോവിന്ദപ്പിള്ളയുടെ പ്രഥമഗുരു ജ്യേഷ്ഠൻ കൊച്ചുകൃഷ്ണപിള്ളയായിരുന്നു. പത്താമത്തെ വയസ്സോടുകൂടി മലയാളം എഴുതുവാനും,

വായിക്കുവാനും ശീലിച്ച് അന്ന് ഉത്സവമഠം മൂത്തപിള്ളയായിരുന്ന അപ്പാവുപിള്ള യോടുകൂടി ആ തുറയിൽ കണക്കെഴുതുവാൻ പോയി. അങ്ങനെ പാഴാക്കിക്കള യേണ്ട ഒരു ജീവിതമല്ല അദ്ദേഹത്തിന്റേത് എന്നു മാതാവിനും നരസിംഹൻപിള്ള മുതലായ മറ്റു ചില ബന്ധുക്കൾക്കും തോന്നിയതിന്റെ ഫലമായി കൊച്ചുകൃഷ്ണപിള്ള യുടെ കീഴിൽത്തന്നെ ഇംഗ്ലീഷു പഠിക്കുവാനാരംഭിച്ചു. 1035-ാമാണ്ടു സർക്കാർ ഫ്രീ സ്കൂളിൽ പ്രവേശനം കിട്ടി. അവിടത്തെ ക്ലാസ്സുകളിലെല്ലാം പഠിച്ചു ജയിക്കുന്നതിനു മൂന്നു കൊല്ലത്തിലധികം വേണ്ടിവന്നില്ല. അക്കാലത്ത് അവിടെ അധ്യാപകനായി രുന്ന ശങ്കരസുബ്ബയ്യരുടെ ശുപാർശപ്രകാരം ഒരു വിദ്യാർത്ഥി വേതനത്തോടുകൂടി കഥാനായകൻ മദിരാശി പ്രസിഡൻസി കോളേജിൽ ഉപരിപഠനാർത്ഥം നിയുക്ത നായി. 1045-ൽ ആ കോളേജിൽ നിന്നു തന്നെ ബി. ഏ. പരീക്ഷ ജയിച്ചു.

## ഒദ്യോഗികജീവിതം

തിരുവനന്തപുരത്തേക്കു മടങ്ങി വന്നപ്പോൾ ഗോവിന്ദപ്പിള്ളയ്ക്കു തന്റെ പഴയ ഹൈ സ്കൂളിൽ ഒരു അധ്യാപകന്റെ പണി കിട്ടി. 1049-ൽ തിരുവനന്തപുരം ലാക്കാളേജിൽ നിന്നു ബി. എൽ. പരീക്ഷ ജയിച്ചു. ആ വർഷത്തിൽത്തന്നെ 100 ഉറുപ്പിക ശമ്പ ളത്തിൽ അദ്ദേഹത്തെ നാഗരുകോവിൽ അഡീഷണൽ മുൻസിഫായി നിയമിച്ചു. 1057-ൽ പറവൂർ ജില്ലാജഡ്ജിയായിരുന്നപ്പോൾ കൈക്കു വാതരോഗം ബാധിക്ക യാൽ ഗവർമ്മെൻറു താരതമ്യേന എഴുത്തുവേല കുറവുള്ള ദിവാൻപേഷ്കാരുദ്യോഗ ത്തിൽ അദ്ദേഹത്തെ മാറ്റി, വീണ്ടും സ്വല്പകാലം ജില്ലാജഡ്ജിയായി തിരുവനന്ത പുരത്തു ജോലി നോക്കിവന്നപ്പോൾ ലാക്കാളേജിൽ പ്രൊഫസർസ്ഥാനം ലഭിച്ചു. 1071-ൽ ഹൈക്കോടതിയിൽ പ്യൂണിജഡ്ജിയായിരിക്കവേ 1084-ൽ സർവ്വീസ്സിൽനി ന്നു പിരിഞ്ഞു. 1086-ൽ ദിവാൻബഹദൂർ എന്ന ബഹുമതി ഇൻഡ്യാ ഗവർമ്മെന്റു നല്കി. അരോഗദൃഢഗാത്രനായി പിന്നെയും വളരെക്കാലം ജിവിച്ചിരുന്നു. സമർത്ഥ മായി പൊതുജനസേവനം നിർവ്വഹിച്ചുകൊണ്ടിരിക്കവേ 1100-ാമാണ്ടു ധനുമാസം 15-ാംനു യശശ്ശരീരനായി. സന്നിപാതജ്വരമായിരുന്നു മരണഹേതുകമായ രോഗം. ഇരുപത്തിരണ്ടാമത്തെ വയസ്സിൽ അദ്ദേഹം കാലടി നെല്പിക്കാവിളാകത്തുവീട്ടിൽ കാത്യായനിയമ്മയെ വിവാഹംചെയ്തു. ആ സുചരിത 1109-ൽ ഭർത്താവിനെ അനുഗ മിച്ചു.

## സ്വഭാവം

ഗോവിന്ദപ്പിള്ള തിരുവിതാംകൂർ ഗവ്മെന്റ് സർവ്വീസിലെ ഏറ്റവും സത്യസന്ധ നായ ഒരുദ്യോഗസ്ഥനായിരുന്നു. അഴിമതിയും അക്രമവും കീഴുദ്യോഗസ്ഥന്മാരിൽ കണ്ടാൽ അവയുടെ മൂലനാശം വരുത്തുന്നതിന് അദ്ദേഹത്തെപ്പോലെ ക്ലേശിച്ചിട്ടു ള്ളവരെ കണ്ടുകിട്ടാൻ വളരെ പ്രയാസമുണ്ട്. സ്ഫടികനിർമ്മലമായിരുന്നു അദ്ദേഹ ത്തിന്റെ ഹൃദയം. മനസ്സിനും വാക്കിനും പ്രവൃത്തിക്കും ഐകരൂപ്യം വരുത്തുന്നതിൽ അദ്ദേഹം സദാ ശ്രദ്ധാലുവായിരുന്നു. വലിയ കാര്യങ്ങളിലെന്നപോലെ ചെറിയ കാര്യങ്ങളിലും ആത്മാർത്ഥമായിരുന്നു അദ്ദേഹത്തിന്റെ വീക്ഷണവും പ്രവർത്ത നവും. അനൗദ്ധത്യം ആ കർമ്മയോഗിയുടെ മറ്റൊരു ഗുണവിശേഷമായിരുന്നു. കാലത്തും സന്ധ്യയ്ക്കും വളരെ ദൂരം നടക്കും. കച്ചേരിയിൽനിന്നു കരമന നെടുങ്കാട്ടു ള്ള സ്വഗൃഹത്തിലേക്കു പോകുന്നതുതന്നെ കാൽനടയായിട്ടായിരുന്നു. ആ വീട് 1063 ചിങ്ങം 9-ാംനു പാലു കാച്ചി. 1075-ൽ അവിടെ ഒരു മാളിക പണിയിച്ച് അതിനു ടൌ വർ വ്യൂ (Tower view) എന്നു പേരു കൊടുത്തു. പാദസഞ്ചാരിയായ അദ്ദേഹത്തെ സ്വന്തം ഇരട്ടക്കുതിരവണ്ടി പിൻതുടരുകയായിരുന്നു വൈകുന്നേരത്തെ പതിവ്.

വഴിയിൽ ഏതു് എളിയ നിലയിലുള്ള പരിചിതരെക്കണ്ടാലും സുസ്മേരവദനനായി കുശലപ്രശ്നം ചെയ്യും. സമയവ്യവസ്ഥ അദ്ദേഹത്തെപ്പോലെ പരിപാലിച്ചിരുന്നവർ ഇല്ലെന്നുതന്നെ പറയാം. സഭായോഗങ്ങാക്കു് അധ്യക്ഷനായി വരണമെന്നു് അപേക്ഷിച്ചാൽ വരും. കാര്യപരിപാടി ആരംഭിക്കുവാൻ അഞ്ചു മിനിട്ടെങ്കിലും താമസിച്ചാൽ ഉടൻ തന്നെ തിരിയെപ്പോവുകയും ചെയ്യും. അദ്ദേഹത്തിന്റെ ദിനചര്യാക്രമത്തിൽനിന്നു മറ്റുള്ളവ്ക്കു പല നല്ല പാഠങ്ങളും പഠിക്കുവാൻ ഉണ്ടായിരുന്നു.

## പൊതുജനസേവനം

പെൻഷൻ പറ്റി പിരിഞ്ഞതിൽപ്പിന്നീടും ചൈതന്യപൂർണ്ണവും പരോപകാരപ്രവൃമായ ഒരു ജീവിതമാണു് അദ്ദേഹം നയിച്ചതു്. ഗവർമ്മെന്റു് അദ്ദേഹത്തെ പല കമ്മിറ്റികളുടേയും അദ്ധ്യക്ഷനായി നിയമിച്ചു. മരുമക്കത്തായംകമ്മിറ്റി, നാട്ടുഭാഷാ വിദ്യാഭ്യാസക്കമ്മിറ്റി മുതലായ സമിതികളിൽ അദ്ദേഹത്തിന്റെ സേവനം ഫലപ്രദമായിത്തീർന്നു. 1088-ലെ നായർറഗുലേഷൻ ആവിർഭവിച്ചതു് അവയിൽ ആദ്യത്തെ കമ്മിറ്റിയുടെ റിപ്പോർട്ടിനെ ആസ്പദമാക്കിയാണു്. 1100-ൽ ആ നിയമം പരിഷ്കരിക്കുന്നതിലും അദ്ദേഹം ഉള്ളഴിഞ്ഞു സഹായിച്ചു. എട്ടും ഒൻപതും ക്ലാസ്സുകളോടുകൂടിയ നാട്ടുഭാഷാഹൈസ്കൂളുകളുടെ സ്ഥാപനം രണ്ടാമത്തെ റിപ്പോർട്ടിലെ ശിപാർശയനുസരിച്ചാണു്. ഹിന്ദുമതാനുയായികളായ അധഃസ്ഥിതജനങ്ങളുടെ ഉന്നമനം. അദ്ദേഹത്തിന്റെ നിത്യവ്രതങ്ങളിൽ ഒന്നായിരുന്നു. ആ കാര്യത്തിനായി അദ്ദേഹം ധാരാളം സമയവും വ്യയം ചെയ്തിട്ടുണ്ടു്. 'പുലയ'ക്കുട്ടികൾക്കുവേണ്ടി ഒരു വിദ്യാലയം സ്ഥാപിക്കുകയും അതിൽ ചിലപ്പോൾ താൻതന്നെ പോയി വിദ്യാർത്ഥികളെ പഠിപ്പിക്കുകയും ചെയ്തുവന്നിരുന്നു. സ്വസമുദായത്തിന്റെ അഭ്യുന്നതിയെ ലക്ഷീകരിച്ചു പലതും പ്രവർത്തിച്ച അദ്ദേഹം ഇതര സമുദായങ്ങളുടെ ഉൽക്കർഷത്തിലും ജാഗരൂകനായിരുന്നു. എല്ലാ മതങ്ങളേയും സമഭാവനയോടുകൂടി വീക്ഷിച്ചു് അവയുടെ തത്ത്വങ്ങൾ അതാതു മതാനുവർത്തികളെ ഗ്രഹിപ്പിക്കുന്നതിലും അദ്ദേഹം വ്യാപൃതനായി. എന്നുവേണ്ട, തിരുവനന്തപുരത്തെ ഏതു പൊതുയോഗങ്ങളിലും തന്റെ സാന്നിദ്ധ്യം ഒരാവശ്യവും അലങ്കാരവുമായി തീരത്തക്കവിധം അവയുമായി അദ്ദേഹം ഗാഢസമ്പർക്കം പുലർത്തി. അങ്ങനെ സംഭവബഹുലമായ ഒരു ലോകയാത്രയാണു് അദ്ദേഹത്തിനു വാർദ്ധക്യത്തിലും അഭിമതമായിത്തോന്നിയതു്.

## കൃതികൾ

സംസ്കൃതത്തിലും തമിഴിലും ഗോവിന്ദപ്പിള്ളയ്ക്കു സാമാന്യമായ ജ്ഞാനമുണ്ടായിരുന്നു. ഇംഗ്ലീഷ്ഭാഷയിൽനിന്നു പല സൽഗ്രന്ഥങ്ങളും മലയാളത്തിൽ വിവർത്തനം ചെയ്യുന്നതിനു് അദ്ദേഹം ഭാഷാപോഷണംമാത്രം പ്രതിഫലമായിക്കരുതി തീവ്രമായി യത്നിച്ചു. ഒടുവിൽ ബംഗാളി പഠിച്ചു ടാഗോർ മഹാകവി രചിച്ച ഗീതാഞ്ജലിയുടെ തർജ്ജമയ്ക്കും ഒരുമ്പെട്ടു. താഴെ കുറിക്കുന്നവയാണു് അദ്ദേഹത്തിന്റെ മുഖ്യകൃതികൾ. അവയിൽ സ്മൈൽസിന്റെ കാരെക്ടർ (Character) എന്ന പുസ്തകത്തിന്റെ രീതി അനുസരിച്ചു് എഴുതീട്ടുള്ള ശീലം മാത്രമേ ഗദ്യമായുള്ളു. 1 ഭഗവൽഗീതം, 2 മനുസ്മൃതിയിലെയും യാജ്ഞവല്ക്യസ്മൃതിയിലെയും വ്യവഹാരവിഷയശ്ലോകങ്ങൾ, 3 സനൽസുജാതീയം, 4 അനുഗീത, 5 അഭിജ്ഞാനശാകുന്തളം, 6 തിരുക്കുറൾ, 7 ഷേക്സ്പീയർമഹാകവിയുടെ ലീയർ, 8 മാക്ബത്തു്, 9 ഹാംലെറ്റു്, 10 ഒഥെല്ലോ, 11 വെനിസ്സിലെ വ്യാപാരി, 12 സൊഫോക്ലിസ്സിന്റെ ഈഡിപ്പസ്, 13 നവരത്നമാലിക, 14 മരുമക്കത്തായസങ്ഗ്രഹം, 15 മാധവീനാടകം, 16 മുൻപു പറഞ്ഞ ശീലം, ഇവ കൂടാതെ

17 ഭർത്തൃഹരിനീതിശതകം, 18 ഗീതാഞ്ജലി, 19 പോൾഡ്യൂസന്റെ പ്രാഥമികവേദാന്തശാസ്ത്രം (Elements of Metaphysics by Paul Deussen). ഹിതോപദേശം ത്ജ്ജമ ചെയ്തിട്ടുള്ളതായി പറഞ്ഞുകേട്ടിട്ടേയുള്ളു. ചില കൃതികൾ അച്ചടിപ്പിച്ചിട്ടുണ്ടെന്നു തോന്നുന്നില്ല. സനൽസുജാതീയം മഹാഭാരതം ഉദ്യോഗപർവ്വത്തിലും അനുഗീത അശ്വമേധപർവ്വത്തിലും അന്തർഭവിക്കുന്നു. തിരുവള്ളുവരെന്ന ദ്രാവിഡമഹാകവിയുടെ സുപ്രസിദ്ധമായ തമിഴ് കൃതിയാണ് കുറൾ. ഏഴുമുതൽ പതിനൊന്നുവരെയുള്ള കൃതികൾ ഷേക്സ്പിയർ രചിച്ച ചില പ്രധാന നാടകങ്ങളാണ്. സൊഫോക്ലിസ് ഗ്രീസിലെ അതിപ്രാചീനനായ ഒരു നാടകകൃത്താണ്. ദുഃഖപര്യവസായികളാണ് അദ്ദേഹത്തിന്റെ നാടകങ്ങൾ. നവരത്നമാലികയിൽ ഒൻപതു് ഇംഗ്ലീഷ് കവികളുടെ ഖണ്ഡകൃതികൾ വിവർത്തനത്തിനു വിഷയീഭവിച്ചിരിക്കുന്നു. മരുമക്കത്തായസങ്ഗ്രഹവും മാധവീനാടകവും സ്വതന്ത്രകൃതികളാണ്. ഒന്നാമത്തേതിൽ മരുമക്കത്തായ നിയമത്തെപ്പറ്റിയുള്ള ഹൈക്കോർട്ടുവിധികളും മറ്റും ശ്ലോകരൂപത്തിൽ സങ്ഗ്രഹിച്ചിരിക്കുന്നു. സ്ത്രീപ്രശംസയാണ് രണ്ടാമത്തെ കൃതിയിലെ വിഷയം. ഗോവിന്ദപ്പിള്ളയുടെ കൃതികൾക്കു ചില വൈകല്യങ്ങളുണ്ട്. അദ്ദേഹത്തിന്റെ ഉദ്ദേശശുദ്ധിയേയും ഭാഷാപോഷണ വൈയഗ്ര്യയത്തേയും ക്ലേശസഹിഷ്ണതയേയും ആരും അഭിനന്ദിക്കും. എന്നാൽ ആ വ്യവസായപാരമ്യത്തിന് അനുസൃതമായുള്ള ഫലം കൈരളിക്കു സിദ്ധിച്ചിട്ടില. അതിന് പല കാരണങ്ങളുമുണ്ട്. പ്രായേണ പ്രസാദരഹിതമാണ് അദ്ദേഹത്തിന്റെ കവിത. അപ്രസിദ്ധങ്ങളും നിഘണ്ടുമാത്രനിഷ്ഠങ്ങളുമായ പദങ്ങളെക്കൊണ്ടുള്ള പെരുമാറ്റം, അസാധുക്കളായ ചില പദങ്ങളുടെ പ്രയോഗം, ഇവയും ആ കൃതിയുടെ ഭംഗി കുറയ്ക്കുന്നുണ്ട്. ഇംഗ്ലീഷ്നാടകം ത്ജ്ജമ ചെയ്യുമ്പോൾ ഇംഗ്ലീഷിലെന്നപോലെ മലയാളത്തിലും ബ്ലാങ്ക് വെഴ്സിന്റെ രീതിയിൽ വിരാമംവരാതെയുള്ള ഒരു പുതിയ വൃത്തം പ്രചരിപ്പിക്കേണ്ടതു് ആവശ്യമാണെന്ന് അദ്ദേഹത്തിനു തോന്നി. ആ ഉദ്യമം ആശാസ്യമാണ്. പക്ഷേ അദ്ദേഹം തിരഞ്ഞെടുത്ത ഉപജാതിവൃത്തം അതിനു പറ്റിയതല്ല. താഴെ കാണുന്ന വരികൾ ലീയറിൽ ഉള്ളവയാണ്.

> “ഇടയ്ക്കുമന്തർഗ്ഗതമിങ്ങു ചൊല്ലാ–
> മെടുക്കയബ്ഭൂപടമെന്റെ രാജ്യം
> അടക്കി മൂന്നാക്കി വയസ്സുകാലേ
> വിടിർത്തുവൻ ഭൂഭരണോദ്യമത്തെ
>
> അടുക്കമന്ത്യത്തിലൊഴിച്ചു ഭാരം
> കൊടുക്കുവൻ യൗവനമുള്ളവർക്കായ്
> മമേഷ്ടനാമാത്മജ, കേൾക്ക കാർൺവാൾ
> സമേഷ്ടനാമാമബിതാനുമെന്റെ
>
> കുമാരികൾക്കോഹരികൾ തിരിപ്പാൻ
> മമാശയാം മേൽക്കലഹം വരായ്വാൻ.”

പദവിന്യാസത്തിന്റെ ഉച്ഛൃങ്ഖലതയ്ക്കു ഒരുദാഹരണം വംശസ്ഥവൃത്തത്തിൽ ത്ജ്ജമ ചെയ്തിരിക്കുന്ന ടാഗുറിന്റെ ഗീതാഞ്ജലിയിൽനിന്ന് കാണിക്കാം. അതാണ് ഗോവിന്ദപ്പിള്ളയുടെ ഒടുവിലത്തെ കൃതി.

> “മദീയജീവസ്വരശൂന്യകർക്കശം

പതിഞ്ഞതെല്ലാമുരുകി സ്വരാജ്യമായ്
ത്വദർച്ചനയ്ക്കുള്ള വിരിക്കുവൻ മുദാ
ഛദം പതത്തബ്ധി തരിക്കുവാൻ യഥാ.”

ഇത്രതന്നെ ദോഷം ബാധിക്കാത്ത പദ്യങ്ങളും പ്രസ്തുതകൃതിയിലുണ്ട്.

“എനിക്കു നിൻഗീതിയൊടൊത്തു പാടുവാൻ
സ്വനം ലഭിക്കാതെഴുമുദ്യമം വൃഥാ
വദിക്കുവാനാശയൊടുച്ചരിച്ചിടും
മദുക്തി പാട്ടായൊഴുകുന്നതില്ലയോ”

എന്നതിനെ ഭേദപ്പെട്ട ഒരു പദ്യമായി കരുതാം. സാമാന്യം നല്ല കൃതികളുടെ കൂട്ടത്തിൽ പരിഗണിക്കേണ്ടവയാണ് ഭഗവൽഗീത, തിരുക്കുറൾ, നവരത്നമാലിക എന്നിവ. ഭഗവൽഗീതയിൽനിന്നു രണ്ടു ശ്ലോകങ്ങൾ ചുവടേ ചേർക്കുന്നു.

“തന്നത്താൻ താനിഴിക്കൊല്ല തന്നെത്താൻ താനുയർത്തണം;
തനിക്കു ബന്ധു താൻതന്നെ താനത്രേ തന്റെ ശത്രുവും;
തന്നാൽത്താൻ ജിതനാകുമ്പോൾ തന്നെത്താൻ തന്റെ ബന്ധുവും
തന്നെത്താനോടടുക്കാഞ്ഞാൽ പിന്നെത്താൻ തന്റെ ശത്രുവാം.”

“ചെയ്യാനുള്ളതിനെസ്സക്തി കൈവിട്ടെന്നും നടത്തുക
അവ്വണ്ണം ചെയ്കയാലല്ലോ ചൊവ്വേ മോക്ഷം വളർന്നീടൂ”

ഭർത്തൃഹരിയുടെ ഭാഷാന്തരത്തിൽനിന്ന് ഒരു ശ്ലോകം പ്രദർശിപ്പിക്കാം.

“നിന്ദിച്ചിടട്ടേ നയബോധി പഴിച്ചിടട്ടെ,
വന്നാന്നിടട്ടെ ധനദേവി ഗമിച്ചിടട്ടെ.
ഇന്നോ വരട്ടെ മൃതിയന്യയുഗത്തിലോവാൻ
തൻന്യായമായ വഴി വിട്ടിളകില്ല ധീരൻ.”

തിരുക്കുറളിൽനിന്നു ചില ശ്ലോകാർദ്ധങ്ങൾകൂടി കാണിക്കട്ടെ.

“താഴ്മെന്നും മഹാനല്പൻതന്നെപ്പൊക്കിപ്പുകഴ്ത്തുവോൻ.
അഹങ്കാരം മഹാന്മാർക്കില്ലല്പന്മാർ വിടുകില്ലതു്.
പരദോഷം മഹാൻ മൂടുമതേയല്പൻ പരത്തിടൂ.”

(൯൮-ാമധ്യായം)

കുറളിലെ ശൃംഗാരമയമായ കാമപ്പാൽ എന്ന ഭാഗം ത്ജ്ജമ ചെയ്തിട്ടില്ല. One thousand and one gems of English poetry എന്ന ലഘുകാവ്യസമുച്ചയത്തിൽനിന്നെടുത്തതാണ് നവരത്നമാലികയിലെ ഒൻപതു രത്നങ്ങളും. അവയിൽ പാർണലിന്റെ ഹെർമിറ്റ് (Parnell’s Hermit) എന്ന കാവ്യത്തിന്റെ ത്ജ്ജമയിൽനിന്ന് ഒരു ശ്ലോകം ഉദ്ധരിക്കുന്നു.

“വാക്കിന്നൊത്തതിർവാക്കുരച്ചുമുചിതം ചോദ്യോത്തരം ചൊല്ലിയും
മാർഗ്ഗം പോയതറിഞ്ഞതില്ലവർ വയോവ്യത്യാസമേറീടിലും
ചെറ്റും വേർപിരിയാതെ സപ്രിയമിളംപൂവല്ലി തൻപാദപേ
ചുറ്റിത്തമ്മിലണഞ്ഞിടുന്നതുകണക്കുള്ളൊത്തുചേർന്നോരവർ.”

### അഭിജ്ഞാനശാകുന്തളം

വംഗദേശീയപാഠമാണ് ഗോവിന്ദപ്പിള്ള തന്റെ ത്ജ്ജമയ്ക്കു തിരഞ്ഞെടുത്തിരിക്കുന്നതു്.

> "പദ്യങ്ങൾക്കു വൃത്തഭേദങ്ങളെ കാളിദാസൻ സ്വീകരിച്ചിട്ടുള്ളതു് അതതു പ്രകരണത്തിന്റെ സ്വഭാവം അനുസരിച്ചാണെന്നു തോന്നുകയാൽ ഭാഷാന്തരം മൂലാനുസാരിവൃത്തങ്ങളിൽത്തന്നെ ത്ജ്ജമ ചെയ്യുവാൻ ശ്രമിച്ചിട്ടുള്ളതാകുന്നു"

എന്നും അദ്ദേഹം പറയുന്നു. രണ്ടു ശ്ലോകങ്ങൾ പകർത്താം.

> "പ്രതികലമളിചുംബിതമായ്
> മൃദുകേസരശിഖയെഴും ശിരീഷത്തെ
> യുവതിജനം പ്രിയപൂർവ്വം
> ശ്രവണത്തിൽബ്ഭൂഷയായണിവൂ."

> "ശുശ്രൂഷിക്ക ഗുരുക്കളെ, ക്കണവനാലാക്ഷിപ്തയായീടിലും
> തച്ചിത്തത്തെ മറുക്കൊലാ, ചൊരിക നീ സ്നേഹം സപത്നീജനേ,
> അത്യന്താദരമാൾക നീ പരിജനേ, ഗർവ്വിച്ചിടൊല്ലാ ശുഭേ,
> ഇത്ഥം വാഴചകിലന്നു നീ ഗൃഹിണിയാം, വംശാധിയാമന്യഥാ."

## ശ്രീകണ്ഠേശ്വരം ജി. പത്മനാഭപിള്ള (1040—1121)

### ജനനവും വിദ്യാഭ്യാസവും

ജി. പത്മനാഭപിള്ള 1040-ാമാണ്ടു വൃശ്ചികം 12-ാംനു ചിത്തിരനക്ഷത്രത്തിൽ തിരുവനന്തപുരം ശ്രീകണ്ഠേശ്വരത്തു കുളവറ വിളാകത്തുവീട്ടിൽ ജനിച്ചു. പിതാവു മേൽകങ്ങാണം അമീനാദാരായിരുന്ന ശ്രീകണ്ഠേശ്വരം പരുത്തിക്കാട്ടു നാരായണപിള്ളയും മാതാവു ഭാഷാചരിത്രകർത്താവായ ഗോവിന്ദപ്പിള്ള സർവ്വാധികാര്യക്കാരുടെ മൂത്ത സഹോദരി നാരായണിയമ്മയുമായിരുന്നു. പ്രാഥമികവിദ്യാഭ്യാസം കഴിഞ്ഞു പേട്ടയിൽ രാമൻപിള്ള ആശാൻ സ്ഥാപിച്ച പള്ളിക്കൂടത്തിൽ ഇംഗ്ലീഷു പഠിച്ചുതുടങ്ങി. രാമക്കുറുപ്പ മുൻഷി, അദ്ദേഹത്തിന്റെ അസിസ്റ്റന്റായി ഹൈസ്കൂളിൽ മലയാളം പഠിപ്പിച്ചിരുന്ന പുരുഷോത്തമൻപിള്ള മുതൽപേരുടെ പ്രോത്സാഹനം ആ ബാലനു സിദ്ധിച്ചു. ആയിടയ്ക്കുതന്നെ പഴവങ്ങാടി വാഞ്ചേശ്വരശാസ്ത്രികളുടെ കീഴിൽ സംസ്കൃതവും, കവിയൂർ പരമേശ്വരൻമൂസ്സതിന്റെ കീഴിൽ വൈദ്യവും പഠിച്ചുതുടങ്ങി. എങ്കിലും അതിലൊന്നും പരിനിഷ്ഠിതമായ പാണ്ഡിത്യം സമ്പാദിക്കുവാൻ ഇടവന്നില്ല. ആദ്യകാലത്തു കഞ്ചൻനമ്പിയാരുടെ തുള്ളലുകളിലായിരുന്നു അദ്ദേഹത്തിനു ഭ്രമം. ചാലക്കമ്പോളത്തിൽ കിട്ടുന്നിടത്തോളം തുള്ളൽക്കഥകൾ വാങ്ങി ശേഖരിക്കുകയും അവ നിഷ്കർഷിച്ച് പഠിച്ച് അതിബാല്യത്തിൽത്തന്നെ അങ്കുരിച്ച സാഹിത്യവാസനയെ പോഷിപ്പിക്കുകയും ചെയ്തു . പിന്നീട് ആ ഭ്രമം ആട്ടക്കഥകളിലേക്കു സംക്രമിച്ചു. കെ. സി. കേശവപിള്ളയെപ്പോലെ അദ്ദേഹവും ദുര്യോധനവധം കഥ ചില വയസ്യന്മാരോട ചേർന്ന് ഒരു ശിവരാത്രിദിവസം അഭിനയിച്ചു. രാമക്കുറുപ്പായിരുന്നുവത്രേ അന്നു ചെണ്ടകൊട്ടി ആ കുട്ടികൾക്ക് ഉത്തേജനം നല്കിയതു്. സർവ്വാധികാര്യക്കാരുടെ അനന്തിരവൻ എന്ന നിലയിൽ പത്മനാഭപിള്ള കുറുപ്പിന്റെ വിശേഷപ്രീതിക്കു പാത്രീഭവിച്ചതിൽ ആശ്ചര്യമില്ലല്ലോ. മെട്രിക്കുലേഷൻപരീക്ഷ ഒരു കുറി തോറ്റതിനു

മേൽ അച്ഛൻ മരിച്ചു പോകുകയാൽ പഠിത്തം ആ നിലയിൽ അവസാനിപ്പിക്കേണ്ടി വന്നു.

## അനന്തരജീവിതം

ഗ്രന്ഥനിർമ്മിതിയിലേക്കായി പിന്നീട്ടുള്ള ഉദ്യമം. ബാലിവിജയം എന്ന തുള്ളൽ അതിനുമുൻപു തന്നെ എഴുതിയതാണ്. അത് അച്ചടിപ്പിച്ചിട്ടില്ല. ശിവപുരാണം കിളിപ്പാട്ടിലെ സോമവാരവ്രതമാഹാത്മ്യം കഥയെ ആശ്രയിച്ചു ധർമ്മഗുപ്തവിജയം ആട്ടക്കഥ 1061-ൽ ഉണ്ടാക്കി സ്വഭവനത്തിൽവച്ചു അരങ്ങേറ്റം കഴിപ്പിച്ചു. ആ പുസ്തകത്തിന്റെ ആരംഭത്തിൽ അമ്മാവനെ കവി താഴെ ഉദ്ധരിക്കുന്ന ശ്ലോകത്തിൽ വന്ദിച്ചിരിക്കുന്നു.

> "സ്യാനന്ദൂരപുരേ സമസ്തവിഭവൈവൈരൗദാര്യശീലൈർഭൃശം
> സാനന്ദം നിജസർവ്വമാനുഷഗണാൻ രക്ഷാഭിവൃദ്ധ്യൈ സദാ
> നിർവ്യാജം പരിരക്ഷചെയ്തരുളുമിക്ഷോണീപതേർദ്ദാസനാം
> ഗോവിന്ദം മമ മാതുലം പ്രതിദിനം വന്ദേ വിവേകാംബുധിം."

1063-ൽ കനകലതാസ്വയംവരം നാടകവും സുന്ദോപസുന്ദ യുദ്ധം ആട്ടക്കഥയും ആരംഭിച്ചു. 1067-ൽ മാത്രമേ കനകലതാസ്വയംവരം പൂർണമായുള്ളൂ. അതിലെ ഇതിവൃത്തം കല്പിതമാണ്. 1068-ൽ പാണ്ഡവവിജയം എന്ന പേരിൽ മറ്റൊരു നാടകവും പ്രസിദ്ധീകരിച്ചു. അക്കാലത്തു കവിക്കു കണ്ടെഴുത്തുവകുപ്പിൽ ഒരു ചില്ലറ പണിയുണ്ടായിരുന്നു. 1073-ൽ മജിസ്രേട്ടുപരീക്ഷ ജയിച്ചപ്പോൾ ആ ജോലിയിൽ നിന്നു തൽക്കാലം വിരമിച്ചു തിരുവനന്തപുരത്തു- ക്രിമിനൽ വക്കീലായി വ്യവഹരിച്ചുതുടങ്ങി. ഒരു വർഷം കഴിഞ്ഞപ്പോൾ വീണ്ടും പഴയ ജോലിതന്നെ സ്വീകരിക്കേണ്ടിവന്നു. ആയിടക്കു സുന്ദോപസുന്ദയുദ്ധവും പൂർത്തിയാക്കി. കനകലതാ സ്വയംവരം ഒന്നിലധികം നാടകക്കമ്പനിക്കാർ അഭിനയിച്ചു. കൈതമുക്കിൽ വാറുവിളാകത്തുവീട്ടിൽ ഗൗരിയമ്മയെ 1077 മേടമാസം 2-ാംനു വിവാഹം ചെയ്തു. 1072—ാമാണ്ടു കുംഭമാസത്തിലാണ് മലയാളത്തിൽ ഒരു നിഘണ്ടു നിർമ്മിക്കണമെന്ന മോഹം ഉദിച്ചത്. ആ ഉദ്യമത്തിൽ അതിനുമുൻപുതന്നെ അദ്ദേഹത്തിന്റെ സാഹിത്യപരിശ്രമങ്ങളെ അഭിനന്ദിച്ചിരുന്ന കേരളവർമ്മ വലിയകോയിത്തമ്പുരാനും ഏ. ആർ. രാജരാജവർമ്മ കോയിത്തമ്പുരാനും വേണ്ട പ്രോത്സാഹനം നല്കി. 20 കൊല്ലംകൊണ്ടു പ്രസ്തുതവ്യവസായം പൂർത്തിയാക്കി. 1081-ൽ കണ്ടെഴുത്തിലെ ജോലി രാജികൊടുത്തു നെയ്യാറ്റിൻകരെ ക്രിമിനൽ വക്കീലായി. അപ്പോഴും നിഘണ്ടു നിർമ്മിതിതന്നെയായിരുന്നു പ്രധാനമായ കൃത്യം. ആയിടക്കു മദനകാമചരിതം എന്നൊരു സംഗീതനാടകമെഴുതി. 1085-ൽ ഭാഷാവിലാസം എന്ന പേരിൽ ഒരു മാസിക ആരംഭിച്ച് ഒരു കൊല്ലം നടത്തി. പിന്നെ കുറേക്കാലം വർക്കല മജിസ്ട്രേട്ടുകോടതിയിൽ വക്കീലായിരുന്നു. 1098-ാമാണ്ട് ഇടവം 8-ാംനു അദ്ദേഹത്തിന്റെ സാഹിത്യപോഷണത്തെ അനുമോദിച്ചു ശ്രീമൂലംതിരുനാൾ മഹാരാജാവ് ഒരു വിരശൃംഖല സമ്മാനിച്ചു. ഒടുവിൽ കൈതമുക്കിലുള്ള സ്വഭവനത്തിലായിരുന്നു താമസം. സാഹിത്യാഭരണം നിഘണ്ടു അവിടെവെച്ചാണ് എഴുതിക്കൊണ്ടിരുന്നത്. അതു പൂർണ്ണമായില്ല. 1121-ാമാണ്ടു കുംഭമാസം 21-ാംനു യശശ്ശരീരനായി.

## കൃതികൾ

ഇതിനുമുൻപു നാമനിർദ്ദേശംചെയ്ത 1 ധർമ്മ ഗുപ്തവിജയം, 2 സുന്ദോപസുന്ദയുദ്ധം എന്നീ ആട്ടക്കഥകൾക്കും, 3 കനകലതാസ്വയംവരം, 4 പാണ്ഡവവിജയം, 5 മദന

കാമ ചരിതം എന്നീ നാടകങ്ങൾക്കും പുറമെ, പത്മനാഭപിള്ള 6 കീചകവധം തുള്ളൽ, 7 കേരളവർമ്മചരിതം, 8 കുഞ്ചൻ നമ്പിയാർ, 9 കാളിയമർദ്ദനം എന്നീ ലഘുകാവ്യങ്ങൾ, 10 ഹരിശ്ചന്ദ്രചരിതം കിളിപ്പാട്ട്, 11 ലക്ഷ്മീരാജ്ഞി, 12 നമ്മുടെ മഹാരാജാവ് എന്നീ ഗദ്യകൃതികൾ മുതലായി അനേകം പുസ്തകങ്ങൾ രചിച്ചിട്ടുണ്ട്. എന്നാൽ 13 ശബ്ദതാരാവലി എന്ന ബൃഹൽകോശമാണ് അദ്ദേഹത്തെ ഭാഷയുടെ പരമോപകർത്താക്കളിൽ അന്യതമനായി പ്രദർശിപ്പിക്കുന്നത്. 14 സാഹിത്യാഭരണം നിഘണ്ടുവിനെപ്പറ്റി മുൻപു പ്രസ്താവിച്ചിട്ടുണ്ടല്ലോ. ഊഞ്ഞാൽപ്പാട്ടുകൾ, തിരുവാതിരപ്പാട്ടുകൾ തുടങ്ങിയ ചില്ലറ ഗ്രന്ഥങ്ങൾ ഇവിടെ പരിഗണിക്കേണ്ടതില്ല.

## ആട്ടക്കഥകൾ

താഴെ കാണുന്നതു ധർമ്മഗുപ്തവിജയത്തിലെ ഒരു ശ്ലോകമാണ്

“കാടകത്തിലൂടനീടെഴുന്നൊരതിപാടവേന കളിയാടിയും
പാടി തോടിയിവ പാടിയാടി ബഹുമോടിയോടുമിടകൂടിയും
ഊഢമോദമൊടു പേടമാൻമിഴികൾ ചൂടുമംശുമതി ചേടിമാ–
രോടടുത്തു ശശിചൂഡഭക്തപദതാരിടത്തിൽ വടിവോടുടൻ.”

ഇതിനെക്കാൾ ഒരു നല്ല കൃതിയാണ് സുന്ദോപസുന്ദയുദ്ധം.

“മാലകൾ താലി വളയെടുത്തോ-നല്ല
ചേലൊടു ചേല ഞൊറിഞ്ഞുടുത്തോ
മാലിനി പോരാ പാദസരം കാലിന്നു ചേരാ തലയിൽപ്പൂ–
മാലയിതാരാ ചൂടി നിന്റെ കാലത്തും തീരാ നിൻ
ഗോഷ്ഠികൾ;
ചേലൊത്തൊരു ബാലത്തരുണീലിത്തിരുമേനിക്കൊരു
കാലത്തുമാശ ജനിക്കയില്ലേ നിന്റെ
കോലത്തെയീമട്ടിൽക്കാണിക്കൊല്ലേ”

എന്നീ വരികൾ അതിലെ കമ്മിയിലുള്ളവയാണ്.

## നാടകങ്ങൾ

രണ്ടു ശ്ലോകങ്ങൾ നാടകങ്ങളിൽനിന്നു കൂടി ഉദ്ധരിക്കാം.

“അമ്മേ നീ പെറ്റിവണ്ണം സരസമരിമയോ–
ടെന്നെയെന്നും വളർത്തി–
സ്സമ്മോദാൽ ലാളനംചെയ്തരികിലനുദിനം
തങ്കമേയെന്നണച്ചും
നിർമ്മായം വച്ചുസൂക്ഷിച്ചതുലമഹാ–
പാപിയിമ്മൂർഖനെന്നെ–
ത്തിന്മാനോ ഹന്ത! കഷ്ടം ജനകനെവിടെ? മാം
കാത്തുകൊൾകാരതമോദം.”

(കനകലതാസ്വയംവരം)

മണ്ടയിടികൊണ്ടു തലമണ്ട പിളരുന്നെ–
ന്നിണ്ടലിവൾ കണ്ടഴലുകൊണ്ടു വലയുന്നു;
വേണ്ട പനിയുണ്ടു കുളിരുണ്ടു ജലദോഷം
രണ്ടു ദിനമുണ്ടതൊഴിയാണ്ടിഹ വശായി.”

(പാണ്ഡവവിജയം)

നാലു സർഗ്ഗങ്ങളിൽ എഴുതീട്ടുള്ള കാളിയമർദ്ദനം കാവ്യത്തിൽ നിന്നുകൂടി ഒരു ശ്ലോകം എടുത്തു കാണിക്കാം.

“ആപത്തുകൊണ്ടഴലിൽ മുങ്ങിടുമുറ്റവർക്കൾ–
ത്താപത്തെ നീക്കുവതിനായ് ജഗദേകനാഥൻ
കോപത്തൊടന്നുടൽ കുടഞ്ഞഥ ചുറ്റിവിട്ടി–
ട്ടാബദ്ധഖേദമരവം തല ചുറ്റി വീണു”

ആകെക്കൂടി നോക്കുമ്പോൾ അദ്ദേഹത്തിന്റെ കവിത ഗുണോത്തരമാണെന്നു പറയുവാൻ പാടുള്ളതല്ല.

## ശബ്ദതാരാവലി

പി. ഗോവിന്ദപ്പിള്ള 1064-ൽ മലയാളഭാഷാഗ്രന്ഥചരിത്രത്തിന്റെ രചന അവസാനിച്ചപ്പോൾ “വെസ്റ്റർ സായ്പിന്റെ ഇംഗ്ലീഷ് നിഘണ്ടുവിൽ ചേർത്തിട്ടുള്ള ഇംഗ്ലീഷ് വാക്കുകൾക്ക് അത്രയും മലയാള അർത്ഥത്തോടുകൂടി ഒരു ഇംഗ്ലീഷ്—മലയാളനിഘണ്ടു ഞാൻ ഇപ്പോൾ തയ്യാർചെയ്വാൻ പോകുന്നു” എന്നൊരു നോട്ടീസ് പരസ്യം ചെയ്തു എങ്കിലും അത് എഴുതിയതായി അറിവില്ല. 1072-ലാണ് ശബ്ദതാരാവലി രചിക്കുവാൻ ആരംഭിച്ചത് എന്നു പറഞ്ഞുവല്ലോ. ഏഴു കൊല്ലം തുടർച്ചയായി ആ പണിയിൽ ഏർപ്പെട്ടിട്ടും പിന്നെയും പത്തുപതിനഞ്ചു കൊല്ലം കൊണ്ടേ അതു പൂർത്തിയാകുകയുള്ളു എന്നു കണ്ടു ബുദ്ധിക്കു വലിയ മട്ടുപ്പു തോന്നി ഏതാനും ശബ്ദങ്ങൾ മാത്രം തിരഞ്ഞെടുത്തു കീശാനിഘണ്ടു എന്ന പേരിൽ ഒരു ചെറിയ ഭാഷാകോശം പ്രസിദ്ധീകരിച്ചു. 1092-ൽ ഇരുപതു കൊല്ലത്തെ പ്രയത്നംകൊണ്ടു ശബ്ദതാരാവലി പരിസമാപ്തമായി. “ശീലാവതി തുടങ്ങി മഹാഭാഗവതംവരെ എല്ലാ ഗ്രന്ഥങ്ങളുടേയും അനേകം വ്യാഖ്യാനങ്ങളുടേയും പ്രത്യേകം പ്രത്യേകമുള്ള അകാരാദി തുടർച്ചയായിത്തന്നെ തയാറാക്കിയ മുഖ്യസംഗതിയാണ് അതു മുഴമിപ്പിക്കുന്നതിനു സഹായിച്ചത്” എന്നു മുഖവുരയിൽ ഗ്രന്ഥകാരൻ പ്രസ്താവിച്ചിട്ടുള്ളതു പരമാർത്ഥമാണ്. അങ്ങനെ പല കാര്യങ്ങളും മുൻകൂട്ടി ചെയ്തുവെച്ചില്ലെങ്കിൽ അത്തരത്തിലുള്ള ഒരു ഗ്രന്ഥം പുരോഗമിക്കുകയില്ലല്ലോ. ശബ്ദതാരാവലി ശബ്ദങ്ങൾക്കുമാത്രം അർത്ഥനിർദ്ദേശം ചെയ്യുന്ന ഒരു കോശഗ്രന്ഥമല്ല. ഒട്ടുവളരെ പുസ്തകങ്ങളിൽനിന്നു പല ശബ്ദങ്ങളുടേയും പ്രയോഗത്തിന് ഉദാഹരണം എടുത്തുകാണിച്ചിട്ടുണ്ട്. പുരാണപുരുഷന്മാരെപ്പറ്റിയുള്ള കഥകൾ അതാതു വാക്കുകൾക്കിടയിൽ ചേർത്തിരിക്കുന്നുവെന്നുള്ളതു പ്രസ്തുതഗ്രന്ഥത്തിന്റെ മറ്റൊരു വൈശിഷ്ട്യമാണ്. ഒരുദാഹരണം കാണിക്കാം.

“മൈത്രേയൻ:—കഷാരുവിന്റെ മകനും പരാശരന്റെ ശിഷ്യനുമായ ഋഷി. (ഓരോ മന്വന്തരത്തിൽ ഓരോ മഹർഷി വ്യാസപദവിയെ കൈക്കൊള്ളുന്നു. ഹിന്ദുമതം സ്ഥാപിച്ച വ്യാസൻ കൃഷ്ണദ്വൈപായനൻ എന്ന മഹർഷി ആയിരുന്നു. കൃഷ്ണദ്വൈപായനന്റെശേഷം വ്യാസപദത്തെ സ്വീകരിച്ചതു മൈത്രേയനാണ്. വ്യാസപദം വഹിക്കുന്ന മഹർഷിമാർ വിഷ്ണുവിന്റെ അംശമാകുന്നു. പാണ്ഡവരോടു കലഹിക്കരുതെന്നു ധൃതരാഷ്ട്രരെ ഉപദേശിച്ചവരിൽ മൈത്രേയമഹർഷിയുമുണ്ട്. അദ്ദേഹം ഇപ്പോൾ ബദരികാശ്രമത്തിനു സമീപം സ്വന്തം ആശ്രമത്തിൽ വസിക്കുന്നു. ഇപ്പോഴും വ്യാസപൗർണ്ണമി ദിവസം ശാർങ്ഗവനത്തിൽവെച്ച് ഒരു ഉപന്യാസം ഈ ധീമാൻ ചെയ്യാറുണ്ടുപോലും.)”

ഓരോ ശബ്ദത്തിന്റെ വ്യുൽപത്തിയെപ്പറ്റിക്കൂടി പ്രതിപാദിച്ചിരുന്നു എങ്കിൽ ഈ നിഘണ്ടു തികച്ചും സർവ്വങ്കഷമാകമായിരുന്നു. സർവ്വഥാ പ്രതികൂലമായ പരിതഃസ്ഥിതിയിൽ, അനന്യാശ്രയനായി ഇങ്ങനെ വിലപേറില്ലാത്ത ഒരു രത്നാഭരണം കൈരളിക്കു സമർപ്പിച്ച ഈ സുഗൃഹീതനാമാവിന്റെ വിധിപ്രകാരത്തിലുള്ള വിജ്ഞാനസമ്പത്തിയേയും വ്യവസായ സന്നദ്ധതയേയും ഭാഷാസേവനാസക്തിയേയും കേരളീയർ ഏതു കാലത്തും ഉള്ളഴിഞ്ഞു് അഭിനന്ദിക്കാതെയിരിക്കയില്ല. സർവ്വഥാ ചരിതാർത്ഥംതന്നെയാണ് ശ്രീകണ്ഠേശ്വരം പത്മനാഭപിള്ളയുടെ ജന്മം. “ദൈവം നിഹത്യ കുരു പൗരുഷമാത്മശക്ത്യാ” എന്ന ആപ്തവാക്യത്തിന് ഒരു ഉത്തമനിദർശനമായി അദ്ദേഹത്തിന്റെ ജീവിതം പ്രശോഭിക്കുന്നു.

## ചെമ്പ്രോൽക്കൊട്ടാരത്തിൽ അംബാദേവിത്തമ്പുരാട്ടി (1065—1103)

### ചരിത്രം

ലക്ഷ്മീപുരത്തുകൊട്ടാരത്തിൽ നിന്ന് അരിപ്പാട്ടു ചെമ്പ്രോൽക്കൊട്ടാരത്തിൽ താമസം തുടങ്ങിയ ചങ്ങനാശ്ശേരിയിലെ മറ്റൊരു ശാഖയിൽ 1065 മേടമാസത്തിൽ സ്വാതിനക്ഷത്രത്തിൽ അംബാദേവിത്തമ്പുരാട്ടി ജനിച്ചു. അനന്തപുരവും ചെമ്പ്രോലും ഭിന്നശാഖകളായിരുന്നുവെങ്കിലും അവയിലെ അംഗങ്ങൾ ഏകശാഖയിൽപ്പെട്ടവരെപ്പോലെയാണ് പെരുമാറിവന്നതു്. 1040-ാമാണ്ട് അരിപ്പാട്ടു താമസം തുടങ്ങിയ ദേവിഅമ്മത്തമ്പുരാട്ടിയുടെ നേരേ അനുജത്തിയാണ് ചെമ്പ്രോൽക്കൊട്ടാരത്തിൽ ഒന്നാമതായി പാർത്തതു്. അമ്മ കുഞ്ഞിക്കുട്ടിത്തമ്പരാട്ടിയും പിതാവു കോട്ടയം നാട്ടകത്തു് എളങ്ങല്ലൂർ കൃഷ്ണൻനമ്പൂതിരിയുമായിരുന്നു. കുഞ്ഞു് എന്ന ഓമനപ്പേരിലാണ് അംബാദേവിയെ സ്വജനങ്ങൾ വിളിച്ചുവന്നതു്. ചേപ്പാട്ടു രാമവാരിയരുടെ കീഴിൽ ബാലപാഠങ്ങൾ പഠിച്ചു. പിന്നീട് നങ്ങ്യാർകുളങ്ങര കല്ലമ്പള്ളിയില്ലത്തു വിഷ്ണുനമ്പൂരി എന്ന ദൈവജ്ഞനെ ഗുരുവായി സ്വീകരിച്ചു. അദ്ദേഹത്തോടു കാവ്യനാടകാലങ്കാരങ്ങളും വ്യാകരണവും അഭ്യസിച്ചു. ബാല്യം മുതല്ക്കുതന്നെ ഭാഷാകവനത്തിൽ അഭിരുചിയുണ്ടായിരുന്നുവെന്നുള്ളതു താഴെക്കാണുന്ന ശ്ലോകംകൊണ്ട് ഉദാഹരിക്കാം.

> “അവനിയിലതിമൂഢന്മാർക്കപോലും ക്ഷണത്തിൽ
> ധ്രുവമരിയ കവിത്വം നല്കുമെൻ വാണിയാളേ!
> അവശത കവനത്തിൽപ്പെട്ടു മുട്ടുന്നൊരെന്നെ–
> ജ്ജവമൊടു മതിമാന്ദ്യം മാറ്റി നീ പോറ്റിടേണം.”

പതിനെട്ടാമത്തെ വയസ്സിൽ പരിണീതയായി, ബ്രിട്ടീഷ് മലബാറിൽ പട്ടാമ്പിദേശത്തു് അണ്ടലാടി ദിവാകരൻനമ്പൂരി എന്ന താന്ത്രികനായിരുന്നു ഭർത്താവു്. ഭർത്തൃശുശ്രൂഷയുടേയും ബാലപരിചരണത്തിന്റേയും ഇടയിലും ആ സുചരിത പുസ്തകപാരായണത്തിലും ഗ്രന്ഥനിർമ്മിതിയിലും വ്യാപൃതയായിരുന്നു. 1103–ാമാണ്ടു മകരമാസം 26-ാംനു മരിച്ചു.

### കൃതികൾ

തമ്പരാട്ടി 1 ശ്രീഭൂതനാഥോദയം, 2 അഷ്ടമീ ചമ്പുഭാഷ, 3 ദശകുമാരചരിതം ഭാഷ എന്നിങ്ങനെ മൂന്നു ഗ്രന്ഥങ്ങൾ രചിച്ചിട്ടുള്ളതിനു പുറമേ സംസ്കൃതത്തിലും ഭാഷയിലും ചില ഭഗവൽ സ്തോത്രങ്ങളും എഴുതീട്ടുണ്ട്. ദശകുമാര ചരിതം മാനവിക്രമൻ ഏട്ടൻ തമ്പരാന്റെ ആ പേരിലുള്ള ഭാഷാഗദ്യപ്രബന്ധം അദ്ദേഹത്തിന്റെ ആവശ്യപ്രകാരം

സംസ്കൃതീകരിച്ചതാണ്. അത് അച്ചടിപ്പിച്ചിട്ടില്ല. അഷ്ടമീചമ്പു മേല്പത്തൂർ ഭട്ടപാദന്റെ തന്നാമധേയമായ സംസ്കൃതപ്രബന്ധത്തിന്റെ ഭാഷാനുവാദമാകുന്നു. തമ്പുരാട്ടിയുടെ കവിതാരീതി കാണിക്കുവാൻ അതിൽനിന്നുമാത്രം രണ്ടു ശ്ലോകങ്ങൾ ഉദ്ധരിക്കാം. കവയിത്രിയുടെ വിസ്മയനീയമായ പാണ്ഡിത്യവും പദ്യരചനാവൈദഗ്ദ്ധ്യവും അതിൽനിന്നു ഗ്രഹിക്കാവുന്നതാണ്.

“ദ്യോവോളമെത്തി വിലസീടിന കേതുദണ്ഡം
ദേവാഗ്രഭാഗമതി ലേറ്റമുയർന്നിടുന്നു;
കാൽത്താരു നിത്യയമൊരുപോലെ ഭജിപ്പവർക്കു
നാകത്തിലേറുവതിനുള്ളൊരു കോണിപോലെ.”

“വൈദേഹീദേവിയാൾതൻ ദൃഢതരവിപുലോ–
    ത്തുങ്ഗവക്ഷോജഗാഢാ–
ശ്ലേഷാൽ സമ്മിശ്രമാകും ഘുസൃണരസലസൽ–
    സുന്ദരോരഃപ്രദേശം
കൗസല്യാപുണ്യപൂരം പരിമൃദുലവപു–
    സ്സാന്ദ്രനീലോപലാഭം
നന്നായ് സച്ചിന്മരന്ദപ്പുതുരസലഹരീ–
    ഗന്ധമൊന്നുല്ലസിപ്പൂ.”

തമ്പുരാട്ടിയുടെ ഒരു സംസ്കൃതശ്ലോകം:

“ശ്രീമൻ ഹേ! മഹനീയചാരുചരിതൈഃ പുത്രൈശ്ച മിത്രൈർന്നിജൈർ–
ഭ്രാജദ്ഭക്തിപുരസ്സരം സവിനയം ശുശ്രൂഷമാണാ സദാ
സൽക്കർമ്മോജ്ഝിതകല്മഷാ ദിവിഷദാം ലോകം ഗതാ യാ വധൂ–
സ്സൈവേയം ജനനീ ച തേ സുകൃതിനീ; കസ്യാപി നോ സംശയഃ.”

## സി. പി. ഗോവിന്ദപ്പിള്ള (1052–1114)

### ചരിത്രം

സി. പി. ഗോവിന്ദപ്പിള്ള ചിറയിൻകീഴ് കരിങ്ങാടത്തുവീട്ടിൽ കല്യാണിക്കുട്ടിയമ്മയുടെ പുത്രനായി 1052-ാമാണ്ട് ഇടവമാസം 8-ാംനു ജനിച്ചു. പിതാവു വർക്കല കടവറത്തുർവീട്ടിൽ പരമേശ്വരൻപിള്ളയായിരുന്നു. ബാല്യംമുതല്ക്കു തന്നെ ഭാഷയിൽ ഗദ്യപദ്യങ്ങൾ എഴുതുന്നതിൽ അഭിരുചി പ്രദർശിപ്പിച്ചു. ചിറയിൻകീഴ് പി. ഗോവിന്ദപ്പിള്ള എന്ന പേരിലാണ് അക്കാലത്ത് അദ്ദേഹം അറിയപ്പെട്ടിരുന്നത്. ആദ്യം ഒരു പത്രപ്രവർത്തകനായി രങ്ഗപ്രവേശംചെയ്തു 1077–നുമുൻപു കേരളപഞ്ചികയും മറ്റും നടത്തി. പിന്നീടു വക്കത്തുനിന്നു പുറപ്പെട്ടുവിച്ച സ്വദേശാഭിമാനിയുടെ ആധിപത്യം വഹിച്ചു. 1081-ൽ അദ്ദേഹത്തിന്റെ സഹപ്രവർത്തകനായിരുന്ന കെ. രാമകൃഷ്ണപിള്ള അതിന്റെ പ്രസാധകത്വം സ്വീകരിച്ചപ്പോൾ അവിടെനിന്നു മാറി. ഭാഷാപോഷിണിക്കു നിരന്തരം ലേഖനമയച്ചു സഹായിച്ചു. വറുഗീസുമാപ്പിളയുടെ സുഹൃത്തും ആ വഴിക്കു വലിയകോയിത്തമ്പുരാന്റെ ആശ്രിതനുമായി. ആ മഹാന്റെ ശിപാർശകൊണ്ടു ഗോവിന്ദപ്പിള്ളയ്ക്കു സർക്കാർ ഇംഗ്ലീഷ് ഹൈസ്കൂളിൽ മലയാളം പണ്ഡിതനാകുവാൻ സാധിച്ചു. പേരു സി. പി. ഗോവിന്ദപ്പിള്ളയെന്നു മാറ്റി. പല സ്ഥലങ്ങളിൽ ആ ഉദ്യോഗത്തിൽത്തന്നെ പണിനോക്കി. അതിനിടയ്ക്കു തെക്കൻ തിരുവിതാംകൂറിലും

മറ്റും പ്രചരിയ്ക്കുന്ന പല വില്ലടിച്ചാൻ പാട്ടുകളും ഇരണിയൽ മുതൽ കൊല്ലംവരെയുള്ള സ്ഥലങ്ങളിൽ നടപ്പിലുള്ള മറ്റു നാടോടിപ്പാട്ടുകളും നിപുണമായ ഗവേഷണത്തിന്റെ ഫലമായി സഞ്ചയിച്ചു മലയാളത്തിലെ പഴയ പാട്ടുകൾ ഒന്നാം ഭാഗം എന്ന പേരിൽ 1093-ൽ പ്രസിദ്ധീകരിച്ചു. 1114-ാമാണ്ടു മീനമാസം 20-ാംനു- തിരുവനന്തപുരത്തു തമ്പാന്മാരുള്ള സ്വഗൃഹത്തിൽവച്ചു മരിച്ചു. മരിക്കുന്നതുവരെക്കും പലതരത്തിൽ സാഹിത്യസേവനം ചെയ്തുകൊണ്ടിരുന്നു. ഇടക്കാലത്തു ജ്യോതിഷത്തിലും നല്ല അറിവു സമ്പാദിച്ചു. ആദ്യം ചിറയിൻകീഴ് അണ്ണാർവിളാകത്തുവീട്ടിൽ പാർവ്വതിയമ്മയേയും, 1085-ൽ ആ സാധ്വിയുടെ മരണാനന്തരം തമ്പാന്മാർ കുഞ്ചുവീട്ടിൽ ലക്ഷ്മിക്കുട്ടിയമ്മയേയും വിവാഹം ചെയ്തു.

## കൃതികൾ

1 മലയാളത്തിലെ പഴയ പാട്ടുകടൾ ഒന്നാം ഭാഗം, 2 കൃഷ്ണകാന്തന്റെ പത്രിക, 3 മാലതി, 4 സാഹിത്യസുധാകരം, 5 നാടകകഥാചതുഷ്ടയം, 6 കാളിദാസചരിത്രം, 7 ക്രിസ്റ്റഫർ കൊളംബസ്, 8 വാസ്കോഡിഗാമാ, 9 ചന്ദ്രസേനൻ, 10 ആര്യഭൂഷണം, 11 പുരാണപ്രഭാവം, 12 ജാതകഫലബോധം ഇവയാണ് ഗോവിന്ദപ്പിള്ളയുടെ പ്രധാനകൃതികൾ. കൃഷ്ണകാന്തന്റെ പത്രിക എന്ന കൃതി ബങ്കിമചന്ദ്രചതോപാധ്യായന്റെ Krishnakanta's Will എന്ന സുപ്രസിദ്ധമായ ബംഗാളി ആഖ്യായികയുടെ ഭാഷാനുവാദമാകുന്നു. വേറെയും ഒരു ത്ജ്ജമ അതിനു ഭാഷയിലുണ്ട്. സാഹിത്യ സുധാകരത്തിൽ ശാകുന്തളം ഉത്തരരാമചരിതം എന്നീ രണ്ടു സംസ്കൃത നാടകങ്ങളിലെ കഥകൾ വിസ്തരിച്ചു പ്രതിപാദിച്ചിരിക്കുന്നു. അതാതു ഭാഷാനാടകത്തിൽനിന്ന് ആവശ്യമുള്ള ഭാഗങ്ങൾ അവസരോചിതമായി ഉദ്ധരിച്ചിട്ടുമുണ്ട്. മാലതി മഞ്ജരീവൃത്തത്തിൽ രചിച്ചിട്ടുള്ള ഒരു കാവ്യമാകുന്നു. കവിതയിലും ഗോവിന്ദപ്പിള്ളയ്ക്കുണ്ടായിരുന്ന സാമർത്ഥ്യത്തിന് ആ കൃതി നിദർശനമാണ്. ഇതിവൃത്തത്തിന്റെ അന്ത്യഭാഗത്തിനു കുമാരനാശാന്റെ ലീലയുടെ ഛായ അല്പമുണ്ട്.

> നമ്മെപ്പരസ്പരം ദാമ്പത്യബന്ധത്താൽ
> നന്മയ്ക്കായെന്നുമേ ചേർത്തിണക്കാൻ
> അമ്മയ്ക്കൊരാഗ്രഹമുണ്ടായിരുന്നതു
> ക്ടമ്മപ്പിഴയാൽ മറിഞ്ഞുപോയി.
> തൊട്ടിലിൽക്കൈകൊൽ കുടഞ്ഞു കരയുന്ന
> കുട്ടിയായ് നിന്നെ ഞാൻ കണ്ട കാലം
> കുട്ടിക്കരണം മറിഞ്ഞു തറയിൽ മെയ്
> തട്ടിപ്പതിച്ചു കളിച്ചിരുന്നു.
> അന്നുതൊട്ടിന്നോളമെന്റെ സഹോദരി–
> യെന്നുറച്ചൊന്നായ്പ്പുലർന്നു നമ്മൾ.
> ഇന്നതിന്നെങ്ങനെ ഭങ്ഗം വരുത്തുന്നി–
> തൊന്നുമറിയാതെ ഞാൻ കുഴങ്ങി."

## മലയാളത്തിലെ പഴയ പാട്ടുകൾ

ഭാഷാപോഷകൻ എന്ന നിലയിൽ സി. പി. ഗോവിന്ദപ്പിള്ളയുടെ സദ്യശസ്സു ശാശ്വതമായി പരിലസിക്കുന്നതും പരിലസിക്കുമെന്നുള്ളതും ഈ പുസ്തകത്തിന്റെ പ്രസിദ്ധീകരണംകൊണ്ടാണ്. ഒടിഞ്ഞും പൊടിഞ്ഞും കിടക്കുന്ന താളിയോലഗ്രന്ഥങ്ങളെ കൈകൊണ്ടു തൊടണമെങ്കിൽത്തന്നെ സാമാന്യത്തിലധികം ശ്രമക്ഷമത

ഉണ്ടായിരിക്കണം. മങ്ങിയും മാഞ്ഞും കാണുന്ന അവയിലെ അക്ഷരങ്ങളിൽ കണ്ണ് പതിയണമെങ്കിൽ ഭാഷാഭഗവതിയുടെനേർക്ക് അളവറ്റ ഭക്തിയുണ്ടായിരിക്കണം. ആ അക്ഷരങ്ങൾ വായിച്ചുനോക്കി കാര്യം ഗ്രഹിക്കണമെങ്കിൽ ഒന്നിലധികം ഭാഷകളുമായി സമീപപരിചയം സിദ്ധിച്ചിരിക്കണം. താളിയോലയിലല്ല പ്രായേണ നാടോടിപ്പാട്ടുകൾ പകത്തിവെച്ചിട്ടുള്ളത് എന്നോർമ്മിക്കുമ്പോൾ അവ ശേഖരിക്കുവാൻ പുറപ്പെടുന്നവർക്കുണ്ടാകാവുന്ന ക്ലേശത്തെപ്പറ്റി വായനക്കാർക്ക് കൂടുതലായി അനുമാനിക്കാവുന്നതാണ്. അനേകം പാട്ടുകൾ അക്ഷരജ്ഞാനം പോലുമില്ലാത്ത ചില ഗ്രാമീണഗായകന്മാരുടെ രസനാഞ്ചലത്തെമാത്രം വാസസ്ഥാനമാക്കീട്ടുണ്ട്. ഈ പ്രതിബന്ധങ്ങൾ കടന്നുവേണം ആർക്കെങ്കിലും വല്ലതും സാധിക്കുവാൻ. ഇതെല്ലാം ആലോചിക്കുമ്പോൾ ഗോവിന്ദപ്പിള്ളയുടെ ഏതദ്വിഷയകമായ വ്യവസായത്തെപ്പറ്റി നമുക്ക് അന്യഥാതന്നെ ജനിക്കാവുന്ന ബഹുമാനം ദ്വിഗുണീഭവിക്കുന്നു. തമ്പുരാൻപാട്ടുതുടങ്ങി പല പാട്ടുകളെക്കുറിച്ചും ഗ്രന്ഥകാരൻ ഇതിൽ സരസമായും സോദാഹരണമായും പ്രതിപാദിച്ചിട്ടുണ്ട്. ഓരോ കേരളീയനും അവശ്യം വിജ്ഞാനലബ്ധിക്കുവേണ്ടി ശ്രദ്ധിച്ചു പഠിക്കേണ്ട പുസ്തകങ്ങളിൽ ഒന്നാണ് ഇതെന്നു ചുരുക്കത്തിൽ പറയാം.

## കെ. സി. കുട്ട്യപ്പനമ്പ്യാർ (1057–1114)

### ചരിത്രം

കുട്ട്യപ്പനമ്പ്യാർ ഉത്തരകേരളത്തിൽ ചിറയ്ക്കൽ താലൂക്കിൽ മക്രേരിഅംശത്തിൽ കടലാ ചാത്തോത്തു ശ്രീദേവിയമ്മയുടെ പുത്രനായി ജനിച്ചു. ആ ഭവനം സ്ഥിതിചെയ്യുന്നതു കണ്ണൂരിൽനിന്ന് എട്ടൊൻപതു നാഴിക കിഴക്കു മാറിയാണ്. ജനനം 1057-ാമാണ്ടിടയ്ക്കാണ്. അദ്ദേഹത്തിന്റെ പ്രധാന ഗുരുനാഥൻ വി. ഒ. കുഞ്ഞിരാമൻനമ്പ്യാർ എന്ന പണ്ഡിതനായിരുന്നു. 38-ാമത്തെ വയസ്സിൽ കോഴിക്കോട്ടു സാമൂതിരിക്കോളേജിൽ മലയാളപണ്ഡിതനായി നിയമിക്കപ്പെട്ടു. ഇരുപതുകൊല്ലക്കാലം ആ കോളേജിൽ ജോലിനോക്കി. അവിടെവച്ചു പലരേയും സംസ്കൃതം അഭ്യസിപ്പിച്ചിട്ടുണ്ട്. സർവ്വീസിൽ നിന്നു പിരിയുന്നതിനുമുൻപു നിര്യാതനായി. 1114-ാമാണ്ടു കുംഭമാസത്തിൽ (1939 മാർച്ച് 26) മരിച്ചു. 42-ാമത്തെ വയസ്സിൽ കോട്ടയിൽ കുലോത്തു മീനാക്ഷിയമ്മയെ വിവാഹം ചെയ്തു. അദ്ദേഹത്തിനു കവിമണി എന്ന സ്ഥാനം ഇടപ്പള്ളി കൃഷ്ണരാജാവു സമ്മാനിച്ചതാണ്.

### കൃതികൾ

നമ്പിയാരുടെ കൃതികൾ എല്ലാം പ്രസിദ്ധപ്പെടുത്തിയിട്ടുണ്ടെന്നു തോന്നുന്നില്ല. അച്ചടിപ്പിച്ചിട്ടുള്ളവയിൽ പ്രധാനങ്ങൾ, 1 വിഘ്നരാജോത്സവം ആട്ടക്കഥ, 2 സാഹിതീ വിലാസം (ഖണ്ഡകൃതികൾ) മൂന്നു ഭാഗങ്ങൾ, 3 ഗദ്യകുമാരസംഭവം എന്നിവയാകുന്നു. നമ്മുടെ കവി ദ്രാവിഡവൃത്തങ്ങൾ സമർത്ഥമായി കൈകാര്യം ചെയ്യുമായിരുന്നുവെങ്കിലും സംസ്കൃതവൃത്തങ്ങളിലായിരുന്നു കൂടുതൽ കൃതഹസ്തത. നാടൻമട്ടിൽ ഒതുങ്ങിയതും പ്രശസ്തിയിൽ കാംക്ഷയില്ലാത്തതുമായ ഒരു ജീവിതമായിരുന്നു അദ്ദേഹം നയിച്ചത്. ചില ശ്ലോകങ്ങൾ ഉദ്ധരിക്കാം

> "പ്രൗഢപ്രസന്നതരമാം മധുരസ്വരത്തിൽ
> ശ്രീമന്മുകുന്ദചരിതങ്ങളെടുത്തുപാടി

ആമഞ്ജുഭാഷിണികൾ തൈർ കടയുന്നനേരം
കാമം മുഴങ്ങുമതുലധ്വനിഭംഗികൊണ്ടും;

ലോലംബനീലരുചി പൈതലുമായ്ക്കളിക്കും
കാലം രസാൽപ്പരിചയിച്ചതുപോലെതന്നെ
കാലത്തുണർന്നു ചെറുകുട്ടികൾ മന്ദമൂതും
ചേലഞ്ചിടും മുരളിതൻനിനദങ്ങൾകൊണ്ടും;

കീരങ്ങൾ കൂടുകളിൽനിന്നു മുകുന്ദഗാഥാ–
സാരങ്ങൾ പാടുമതിമുഗ്ദ്ധരവങ്ങൾകൊണ്ടും
താരങ്ങളാം സുരഭികണ്ഠമണിപ്രണാദ–
പൂരങ്ങൾകൊണ്ടുമരുണോദയവേളയിങ്കൽ;

നന്മയ്ക്കു നല്ല വിളഭൂമി മുകുന്ദമായാ–
ജന്മസ്ഥലം പ്രകൃതിതൻ കളകേളിരംഗം
സന്മംഗളൈകനിധി ഗോകുലമാകമാന–
മുന്മത്തനിർവൃതചരാചരമായ് വിളങ്ങി.”

(ഉദ്ധവന്റെ ഗോകുലയാത്ര)

ഒരു ശ്ലോകംകൂടി പകർത്തുവാൻ തോന്നുന്നു.

“ലോകം സുഖാസുഖമയം കരുതുന്നതായാൽ
ശോകത്തിനില്ല വഴി ശാശ്വതമല്ലിതൊന്നും
നാകത്തിലുണ്ടു നരകം നരകത്തിലുണ്ടാം
നാകം മനഃകലിതമിസ്സുഖദുഃഖഭേദം.”

## കെ. എം. കുഞ്ഞിലക്ഷ്മിക്കെട്ടിലമ്മ (1052–1122)

### ജീവിതം

ബ്രിട്ടീഷ് മലബാറിൽ കോട്ടയം താലൂക്കിൽ ഒളവിലംശത്തിൽ കണ്ണാരത്തു മല്ലോളിൽ എന്ന തറവാട്ടിൽ കുഞ്ഞിലക്ഷ്മിക്കെട്ടിലമ്മ 1052-ാമാണ്ടു മേടമാസത്തിൽ രോഹിണി നക്ഷത്രത്തിൽ ജനിച്ചു. പിതാവ് അക്കാലത്തെ ഒരു പേരുകേട്ട അഭിഭാഷകനായിരുന്ന കൊയ്യോടൻകുന്നത്തു കണ്ണൻനമ്പിയാരും മാതാവു ലക്ഷ്മിയമ്മയുമായിരുന്നു. മാതാപിതാക്കന്മാർ കുഞ്ഞുലക്ഷ്മിയുടെ വിദ്യാഭ്യാസത്തിൽ സവിശേഷമായ ശ്രദ്ധപതിപ്പിച്ചു. അന്നു വടക്കേ മലബാറിലെ ഒരു പണ്ഡിതമശ്രേഷ്ഠനായിരുന്ന കൊല്ലച്ചേരി കുഞ്ഞിരാമക്കുറുപ്പായിരുന്നു ബാലികയുടെ ഗുരുനാഥൻ. അദ്ദേഹത്തോടു കാവ്യനാടകങ്ങളും അലങ്കാരവും അഭ്യസിച്ചു. ശിവഭക്തനായിരുന്ന ആ ഗുരു തന്റെ ശിഷ്യവർഗ്ഗത്തോട് ഒരവസരത്തിൽ ഒരു ശിവസ്തോത്രം ഉണ്ടാക്കണമെന്നാജ്ഞാപിച്ചു. അപ്പോൾ രചിച്ചതാണ് സദാശിവസ്തോത്രം. അത് ഓടാട്ടിൽ കേശവമേനോന്റെ സ്തവരത്നമാലികയിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. പഠിച്ചുകൊണ്ടിരുന്ന കാ

ലത്തു് ആചാര്യൻ പറഞ്ഞു ഭാഷയിലും ശിവസ്തുതിപരമായ ഒരു പദ്യമെഴുതി: അതു താഴെ കാണുന്നതാണ്.

> "നാളീകായുധനെക്കണ്ണിൽപ്പാളിടും തീയിലിട്ടവൻ
> കേളീജിതകൃതാന്തൻ ശ്രീകാളീകാമുകനാശ്രയം."

19-ാമത്തെ വയസ്സിൽ കവയിത്രിയെ ഇരുവനാട്ടു പ്രഭുക്കന്മാരിൽ പ്രഥമഗണനീയനായ കിഴക്കേടത്തു ചന്ദ്രോത്തു കുഞ്ഞിയനന്തൻ വലിയനമ്പിയാർ വിവാഹം ചെയ്തു. അതിൽപ്പിന്നീടും ആ സ്ത്രീരത്നം തന്റെ സംസ്കൃതവിജ്ഞാനത്തിനു വൈപുല്യവും അഗാധതയും വർദ്ധിപ്പിച്ചുകൊണ്ടിരുന്നു. കുറേക്കഴിഞ്ഞു സ്വകുടുംബവും ഭർത്തൃകുടുംബവും തമ്മിൽ പല വ്യവഹാരങ്ങളും ഉണ്ടാകയും അതിന്റെ ഫലമായി ആ വിവാഹബന്ധം വിച്ഛിന്നമാകയും ചെയ്തു. പിന്നീട് ഏതാനും വർഷങ്ങൾക്കുമേൽ ഉത്തരകേരളത്തിലെ പ്രശസ്തവും ധനാഢ്യയവുമായ താഴക്കാട്ട് എന്ന നമ്പൂരികുടുംബത്തിലെ അന്നത്തെ മൂപ്പനായിരുന്ന നീലകണ്ഠൻതിരുമുൻപ് കവയിത്രിയെ വിവാഹം ചെയ്തു. 'തിരുമുൻപ്' എന്നതു സ്ഥാനപ്പേരാണ്. അന്നുമുതല്ക്കാണ് നമ്മുടെ ചരിത്രനായിക കെട്ടിലമ്മയായതു്. ആ വിവാഹത്തിൽ ഒരു പുത്രനും ഒരു പുത്രിയും ജനിച്ചു. അതിനുമുമ്പിലത്തെ വിവാഹത്തിൽ ഒരു പുരുഷപ്രജയും ജനിച്ചിരുന്നു. കുട്ടമത്തു കുഞ്ഞിക്കൃഷ്ണക്കുറുപ്പു കെട്ടിലമ്മയുടെ അയത്പക്കക്കാരനായിരുന്നു. അതിനാൽ അദ്ദേഹവുമായയുള്ള സഹവാസത്തിനു സംഗതി വന്നുചേരുകയും അതു കെട്ടിലമ്മയുടെ കവനപാടവത്തെ വളരെ വർദ്ധിപ്പിക്കുകയും ചെയ്തു. 1096-ൽ ഭർത്താവു മരിച്ചു. അതിനെത്തുടർന്നു സ്വപുത്രിയായ പത്മിനിക്കെട്ടിലമ്മയുടെ ഭർത്താവായ കടത്തനാട്ട് ഇടവലത്തു കോവിലകത്തു കുഞ്ഞിശ്ശങ്കരവർമ്മത്തമ്പുരാന്റെ നിര്യാണവും സംഭവിച്ചു. ഈ കുടുംബദുഃഖങ്ങൾ കുഞ്ഞിലക്ഷ്മിക്കെട്ടിലമ്മയുടെ ജീവിതത്തിൽ ഒരു വലിയ മാറ്റം വരുത്തി. മുമ്പുതന്നെ വിനീതയും ഭഗവൽഭക്തയും പരോപകാരപ്രവണയുമായ ആ മനസ്വിനി ബഹിർമ്മുഖങ്ങളായ വ്യാപാരങ്ങളിൽ നിന്നു പ്രായേണ വിരമിച്ചു. ഒടുവിൽ വാതരോഗം ബാധിച്ച് 1122-ാമാണ്ടു ഇടവമാസം 283-ാംനു യശശ്ശരീരയായി.

## കൃതികൾ

കെട്ടിലമ്മയുടെ കൃതികളിൽ സംസ്കൃതത്തിൽ 1 പ്രാർത്ഥനാഞ്ജലിയും, ഭാഷയിൽ 2 സാവിത്രീവൃത്തം കൈകൊട്ടിക്കളിപ്പാട്ടും, 3 കൗസല്യാദേവി, 4 പുരാണചന്ദ്രിക എന്നീ കാവ്യങ്ങളും, 5 ഗോകർണ്ണപ്രതിഷ്ഠ, കടാംകോട്ടു മാക്കം കിളിപ്പാട്ട് എന്നീ ക്ഷുദ്രകവിതകളും പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഇനിയും കവനകൗമുദിയിലെ ആഴ്വാഞ്ചേരിത്തമ്പ്രാക്കളും, ആത്മപപോഷിണിയിലെ കേളനും, സമുദായദീപികയിലെ ഏലക്കൻ കോരനും, ശാരദയിലെ ഒരൈതിഹ്യവും, ദക്ഷിണ ദീപത്തിലെ ഒരത്ഭുതവൃത്തവും മറ്റും അപ്രകാശിതങ്ങളായി കിടക്കുന്നു.

## കൗസല്യാദേവി

കാസല്യാദേവി അഥവാ 'വിധിബലം' എന്ന കാവ്യം പ്രശസ്തമാണ്. അതിൽ പൂർവ്വം, മധ്യം, ഉത്തരം എന്നിങ്ങനെ മൂന്നു ഖണ്ഡങ്ങളിലായി 107 ശ്ലോകങ്ങൾ അടങ്ങിയിരിക്കുന്നു. സഹൃദയന്മാർക്കു ചമൽക്കാര ജനകങ്ങളായ പുതിയ കല്പനകളും അനുസ്യൂതമായ രചനാചാതുര്യവും കെട്ടിലമ്മയുടെ കവിതക്കുള്ള വിശേഷഗുണങ്ങളാണ്. താഴെ ഉദ്ധരിക്കുന്ന ശ്ലോകങ്ങൾ നോക്കുക.

"ഭൂരിപ്രതാപഗരിമാർണ്ണവ, മുമ്പർനാട്ടിൻ
ദാരിദ്ര്യയബീജ, മബലാജനധൂമകേതു,
വൈരിപ്രമത്തഗജതാമൃഗരാ, ട്ടരക്ക–
ന്മാരിൽ പ്രമാണി, വിജയിച്ചിതു പംക്തികണ്ഠൻ."

"ഉത്തുങ്ഗവിക്രമമിളാധിപതിത്വമേറും
സ്വത്തുല്ലസൽപ്പകളരോഗവപുസ്സിതെല്ലാം
ഒത്തുള്ളവർക്കമൊരു മേൽവിധിയുള്ളതേതു–
മെത്തുന്നതില്ല വിഷയോർക്കടസക്തിമൂലം."

"പരിതോഷസമൃദ്ധഭൂതകാലം
പരിതാപാത്മകമായ വർത്തമാനം
ഹരിയോ ഹരി ഹന്ത! മൽഭവിഷ്യ–
ച്ചരിതത്തിൻഗതിയാരറിഞ്ഞിടുന്നു?"

## പുരാണചയന്ദ്രിക

ഇതു സാമാന്യം ദീർഘമായ ഒരു കവിതയാണ്. 1 മഹദ്ദർശനഫലം, 2 ഗർവ്വിഷ്ഠനായ പാർത്ഥൻ, 3 ശ്രീരാമനീതി, 4 ഭരതപ്രതീക്ഷ, 5 ഫൽഗുനശമം, 6 ഗുഹൻ അഥവാ രാമനാമം, 7 കൈകേയിയുടെ കൌമാരം, 8 ആഞ്ജനേയശമം, 9 മണ്ഡോദരി എന്നിങ്ങനെ ഒൻപതു ഖണ്ഡങ്ങളിൽ പ്രസ്തുതപുസ്തകം വിഭക്തമായിരിക്കുന്നു. കവിത വളരെ നന്നായിട്ടുണ്ട്. സംസ്കൃതവൃത്തങ്ങളിലും ദ്രാവിഡവൃത്തങ്ങളിലും രചിച്ചിട്ടുള്ള ഭാഗങ്ങൾ ഇതിൽ അടങ്ങിയിരിക്കുന്നു.

"കളവില്ല കടുപ്പമില്ല നാട്ടാർ–
ക്കളവും ദുഃഖവുമെങ്ങുമൊപ്പമായി
കള നീങ്ങിയ നെൽക്കൃഷിക്കു തുല്യം
വിളയാടുന്നിതു വൈശ്യവൃത്തിയെങ്ങും."

"ആറും ധനഞ്ജയനു ദുർമ്മദമപ്പൊഴപ്പോ–
ളേറും മനസ്സിലതു വിട്ടൊഴിയാതെ വീണ്ടും
മാറുന്ന ഭാസ്കരനുദിക്കുകിലെങ്കിലും ക–
യ്യേറുന്ന രാത്രിയിലിരുൾപ്പടയെന്നപോലെ.
നേരറ്റിടം പ്രകൃതിയാം ജനയിത്രിതന്റെ
നീരന്ധ്രനീലഘനകുന്തളമെന്നപോലെ
പാരം പടർന്നിരുളെഴും ഗഹനങ്ങളും ക–
ണ്ടാ രമ്യശീലരൊരു ശൈലതടത്തിലേറി."

"ആദിനായകൻ നിത്യൻ നിഷ്കളൻ നാരായണ–
നാദിതേയാരാധിതപാദപങ്കജദ്വയൻ
പള്ളികൊള്ളുന്നതെന്നുമെന്നടിയിങ്കലാണെ–
ന്നുള്ളിലുള്ളഹമ്മതി തള്ളിവന്നീടംപോലെ
തച്ചലച്ചിരമ്പീട്ടും തത്തിയും തുളുമ്പിയു
മച്ഛശോഭനം ദുഗ്ദ്ധസാഗരം വിളങ്ങുന്നു."

### കുട്ടകവിതകൾ

നാലു സർഗ്ഗങ്ങൾ ഉൾക്കൊള്ളുന്ന ഗോകർണ്ണപ്രതിഷ്ഠയിൽ നാലാമത്തെ സർഗ്ഗമാണ് കെട്ടിലമ്മയുടേതു്. മാതൃകയായി ഒരു ശ്ലോകം പ്രദർശിപ്പിക്കാം.

“തമീമുഖാവേശമദാന്തതാ ഹരേ!
നിമീലിതാർദ്ധത്തിലുദിച്ച പാവകൻ
സമീക്ഷണത്തിൽപ്പല ചിത്രസംഭവം
ക്രമീകരിക്കും വിധുമായ വിസ്മയം.”

ഗോകർണ്ണത്തിലെ ശിവപ്രതിഷ്ഠയ്ക്കു കാരണഭൂതമെന്ന് ആസ്തികന്മാർ വിശ്വസിക്കുന്ന ഒരൈതിഹ്യമാണ് ഇതിവൃത്തം. കടാങ്കോട്ടു മാക്കത്തെപ്പറ്റിയുള്ള പുരാവൃത്തം ഉത്തരകേരളത്തിൽ സുപ്രസിദ്ധമാണ്. ത്രിവിധകരണങ്ങളാലും ദുരിതസ്പർശം സംഭവിക്കാത്ത മാക്കം എന്ന സാധ്വിയെ സഹോദരന്മാർ സംശയഗ്രസ്തരായി ചാപ്പൻ എന്നൊരുത്തനെക്കൊണ്ടു വധിപ്പിക്കുന്ന ഈ കഥ ഏറ്റവും ഹൃദയദ്രവീകരണചണമാണെന്നു പറയേണ്ടതില്ലല്ലോ. ആകെ മൂന്നു ഖണ്ഡങ്ങളുള്ളതിൽ ആദ്യത്തേതാണ് കെട്ടിലമ്മയുടെ കൃതി. സന്തത്യുൽപാദനത്തിനു വിശേഷമായി കരുതി ഉത്തരകേരളത്തിൽ മാക്കംതിറ എന്നൊരു വഴിപാട് കഴിക്കാറുണ്ട്. താഴെ കാണുന്ന വരികൾ നമ്മുടെ കവയിത്രിയുടെ കവിതാഖണ്ഡത്തിൽപ്പെട്ടതാണ്.

“നലമോടിവൾതൻ കൈമണിമോതിരംപോലെ
വിലസും കടത്തനാടെന്ന ഭൂഖണ്ഡത്തിങ്കൽ
ഉണ്ടായിവന്നു കടാങ്കോടെന്നു പാരിൽ വിളി–
കൊണ്ട നായർവീടൊന്നു സമ്പത്തിൻവിളനിലം.
അക്കുലമണിമാലാനടുനായകക്കല്ലായ്
ചേല്ക്കണ്ണാളൊരുവളുണ്ടായി പണ്ടൊരുകാലം.
സൽക്രിയാവിധാനത്താലുത്തമാന്തണരുടെ
തൃക്കൽപ്പവല്ലവങ്ങൾ ജനനീജനകന്മാർ
അപ്രതിമാനഭക്ത്യാ സുചിരം സേവിച്ചതിൻ
സൽഫലമൊരു പെണ്ണു കുഞ്ഞായ് വന്നതുപോലെ,”

### പ്രാർത്ഥനാഞ്ജലി

വിവിധദേവന്മാരെപ്പറ്റിയുള്ള സംസ്കൃതസ്തോത്രങ്ങളും ഒരു ഭാഷാസ്തോത്രവും ഇതിൽ അന്തർഭവിക്കുന്നു.

“ലക്ഷ്മീകോമളപാണിലാളിതലസൽപാദാംബുജം മന്മഥ–
പ്രധ്വംസിപ്രമുഖാമരസ്തുതമഖണ്ഡാനന്ദസച്ചിന്മയം
സീമാതീതകൃപാരസാർദ്രനയനം സർപ്പേന്ദ്രപര്യങ്കഗം
സ്യാനന്ദൂരപുരാധിനാഥമനിശം ശ്രീപത്മനാഭം ഭജേ.”

വൻകിടയിലുള്ള ഒരു ഭാഷാകവയിത്രിയായി കെട്ടിലമ്മയെ നാം പരിഗണിക്കേണ്ടതാണെന്ന് ഇത്രയുംകൊണ്ടു വെളിവാകുന്നുണ്ടല്ലോ.

## പരുത്തിക്കാട്ടു ഗോപാലപിള്ള (1073–1117)

പരുത്തിക്കാട്ടു ഗോപാലപിള്ളയുടെ തറവാട്ടു തിരുവല്ലയ്ക്കു രണ്ടര മൈൽ അകലെ പടിഞ്ഞാറുള്ള ചാത്തങ്കരിയിൽ പരുത്തിക്കാട്ടുവീടാണ്. ഹജൂർ ഹെഡ് രായസം

തിരുവല്ലാ കൃഷ്ണപിള്ള അച്ഛനും ലക്ഷ്മിയമ്മ അമ്മയുമായിരുന്നു. ജനനം 1073-ാമാണ്ടു മേടമാസത്തിലാണ്. തിരുവനന്തപുരത്തു കോളേജിൽ പഠിച്ചു ബി. ഏ. പരീക്ഷ ജയിച്ചു. കുറേക്കാലം തിരുവിതാംകൂർ കർഷകമാസികയുടെ ആധിപത്യം വഹിച്ചു. പിന്നീടു തിരുവിതാംകൂർ ദേവസ്വം ഡിപ്പാർട്ടുമെന്റിൽ ഗ്രൂപ്പു സൂപ്രണ്ടുപണി നോക്കിക്കൊണ്ടിരിക്കവേ 1117-ആമാണ്ടു മിഥുനം 3-ാംനു മരിച്ചു. ഇംഗ്ലീഷ് കാവ്യങ്ങളെ വിവർത്തനം ചെയ്കയും അനുകരിക്കയും ചെയ്യുന്നതിൽ അദ്ദേഹം ബദ്ധശ്രദ്ധനായിരുന്നു. അദ്ദേഹത്തിന്റെ വകയായി മല്ലിക എന്നൊരു കാവ്യം 1096-ൽ പ്രസിദ്ധീകരിക്കപ്പെട്ടു. അതിൽനിന്നു ചില വരികളാണ് ചുവടേ ഉദ്ധരിക്കുന്നത്.

“ശീലവും രൂപവും തമ്മിലിണങ്ങീട്ടു–
മാളുകളാരേയുമാകർഷിക്കും
മാധവൻതാനും മതി മറന്നെത്രയും
സാധു സ്വഭാവയാം മല്ലികയെ
പ്രേമമാം ദേവിയെ വന്ദിപ്പതിന്നുള്ള
കോമളക്ഷേത്രമായോർത്തു പാരം.
അന്തികമാളാനിടയാകുമ്പോഴെല്ലാ–
മന്തരംഗത്തിലീ രണ്ടുപേർക്കും
അങ്കുരിച്ചീടും വികാരത്തിരക്കിനാൽ
സങ്കടം കേവലം ദുസ്സഹമായ്.
കഷ്ടം കിടന്നു മയങ്ങുന്ന വേളയി–
ലിഷ്ടജനരൂപം ദൃഷ്ടമാകും.
ഞെട്ടിയുണർന്നീടും പൊട്ടിക്കരഞ്ഞീടും
ചുട്ടുതപിക്കുമുൾത്തട്ടന്നേരം.
ഓരോ നിമിഷവുമേറുമനുരാഗ–
ഭാരം നിമിത്തമത്തന്വിയുടെ
പേരു കേൾക്കുന്നതും ക്ണ്ണപീയൂഷമായ്,
സ്വൈരത ചിത്തത്തിലസ്തമിച്ചു.
പാടത്തുവെയ് ലിൽപ്പണിപ്പെട്ടു വേലചചെ–
യ്താടൽപ്പെട്ടുമ്പോഴുമന്തി നേരം
കൂട്ടാളരൊന്നിച്ചു വിശ്രമാർത്ഥം ചെന്നു
തോട്ടങ്ങളിൽത്തെന്നലേല്ക്കുമ്പോഴും
താനുറങ്ങുമ്പോഴും താനുണരുമ്പോഴും
താനുഴന്നന്യത്ര പോകുമ്പോഴും
ആനന്ദമാകാരമാർന്നപോൽ മിന്നുമി–
മ്മാനിനീമൗലിതൻ മാനസത്തിൽ,”

കഥാബന്ധത്തിൽ കീറ്റ്സിന്റെ ഇസബൈല്ലയുടേയും മാത്യു ആർണോൾഡിന്റെ സോറാബും റസ്റ്റവും എന്ന കൃതിയുടേയും അനുരണനം കോൾക്കുവാനുണ്ട്. “ഉറങ്ങിക്കിടക്കുന്ന ഒരു ശിശുവിനോട്ട്” എന്ന ചെറിയ കാവ്യത്തിൽനിന്നെടുത്തതാണ് താഴെക്കാണുന്നത്.

“സുജനാക്ഷികളിൽക്കുളിർത്തിടും
സുധ തൂകും തനു പൂണ്ട പൈതലേ!
സുമകോമളതല്പമാർന്നു നീ
സുഖനിദ്രാവശനായ്ച്ചമഞ്ഞുവോ?

എരിയും തിരി പൊൻവിളക്കിലും
വിരിയും നന്മലർ പിച്ചകത്തിലും
തെളിയുംപടി നിന്നെയമ്മതൻ
മടിയിൽക്കണ്ടതുമിപ്പൊഴല്ലയോ?

ഉണരുന്നതു കാത്തു കാത്തു നി–
ന്നരികത്തീയിവനെത്ര നേരമായ്,
മരുവുന്നു! വിളിച്ചുണർത്തുകി–
ല്ലജനാലംബമുറങ്ങുറങ്ങു നീ.”

മല്ലിക കൂടാതെ 2 ഹൈമവതി എന്നൊരു നാടകവും, 3 ഉപദേശപാദങ്ങൾ, 4 പത്മാകരം, 5 ലോകസ്വഭാവം എന്നീ ഗ്രന്ഥങ്ങളും കൂടി പ്രസിദ്ധീകരിച്ചിട്ടുണ്ട്. തൈക്കാട്ടു ദേവകീപുരം എൻ. ലക്ഷ്മിക്കുട്ടിയമ്മയെയാണ് വിവാഹം ചെയ്തതു്. ആ സുചരിതയുടെ സഹോദരനാണ് റിട്ടയാർഡു ദേവസ്വം അസിസ്റ്റന്റ് കമ്മീഷണർ പി. എസ്. ശങ്കരൻനായർ.

## വി. കെ. ജോസഫ് മാപ്പിള (1049–1120)

വി. കെ. ജോസഫ് മാപ്പിള തൃപ്പൂണിത്തുറെനിന്നു രണ്ടര നാഴിക തെക്കു കണിയാപ്പള്ളി എന്ന ദേശത്തു വേമ്പനാട്ടു വീട്ടിൽ 1049-ാമാണ്ടു ജനിച്ചു. ചെറുപ്പത്തിലേ ഒരു സമുദായ പ്രവർത്തകനായിത്തീർന്നു. കൊച്ചിയിലെ ജന്മികുടിയാൻ നിയമം മുതലായ പല നല്ല നല്ല കാര്യങ്ങൾക്കുവേണ്ടി അക്ഷീണമായി പരിശ്രമിച്ചു. അക്കാലത്തു് എഴുതിയ ഒരു തിരുനാൾമങ്ഗളശ്ലോകമാണ് ചുവടേ ചേർക്കുന്നതു്.

“കാണത്തിന്നുടെ നാലിരട്ടിയവകാശം മാങ്ങ തേങ്ങാ പെരു–
ത്തോണക്കാഴ്ച, തിരണ്ടിടുംപൊഴുതിടിക്കാൻ നെല്ലതില്ലങ്ങളിൽ
കാണംകൊണ്ടവർ വച്ച കൈതൊഴുകിലും ദ്വേഷിച്ചു ചെയ്യുന്ന മേൽ–
ക്കാണച്ചാർത്തു നിറുത്തി മാടധരണീപാലൻ ജയിച്ചീടണം.”

പദ്യത്തിലായാലും ഗദ്യത്തിലായാലും തനിക്കു തോന്നിയതു തുറന്നുപറയുക എന്നുള്ളതായിരുന്നു അദ്ദേഹത്തിന്റെറ വ്രതം. തുളച്ചുകയറി ഹൃദയത്തിലേക്കു പായുന്ന ഒരു മാതിരി ഫലിത ശൈലി അദ്ദേഹത്തിനു സ്വാധീനമായിരുന്നു. പരമാർത്ഥമായി ജീവിതം നയിച്ച ഒരു ഗ്രാമീണനായ കർഷ്ഷകനാണ് അദ്ദേഹമെന്നു പറയാം. വില്ലാൾവട്ടം ചക്രവർത്തി, യൂദകുലദീപിക, അത്ഭുതപ്രസവം, വേദമണിഗാഥ, സംഗീതരൂപമാല, ചോദ്യാദിപാന, സാറാമ്മ മുതലായി പത്തുപന്ത്രണ്ടു പുസ്തകങ്ങൾ അദ്ദേഹം രചിച്ചിട്ടുണ്ട്. 1120–ാമാണ്ടു വൃശ്ചികമാസം 11-ാംനു മരിച്ചു. അദ്ദേഹത്തിന്റെ ഒരു കൃതിയെപ്പറ്റിമാത്രം അല്പം പ്രസ്താവിക്കാം.

### സാറാമ്മ

ജോസഫ് മാപ്പിള ഒരു നല്ല കവിയാണെന്നു പറയുവാൻ നിർവ്വാഹമില്ലെങ്കിലും ഗദ്യനാടകങ്ങൾ എഴുതുന്നതിൽ നിപുണനായിരുന്നു. പാത്രസൃഷ്ടിയിലാണ് അദ്ദേഹത്തിന്റെ ശക്തി പ്രത്യേകമായി കാണുവാൻ കഴിയുന്നതു്. കനകമങ്ഗലത്തു തറവാട്ടിലെ മൂപ്പൻ വക്കിയച്ചനു സ്വഗൃഹത്തിൽ ഭാര്യയ്ക്കുപുറമേ കുഞ്ഞുമറിയമെന്നും അവറാച്ചനെന്നും രണ്ടു സന്താനങ്ങൾകൂടിയുണ്ട്. കനകമങ്ഗലത്തിനു സമീപം

ചന്ദ്രൻകുന്നേൽ എന്നൊരു ഗൃഹവും ആ ഗൃഹത്തിൽ കുഞ്ഞുമാത്തൻ എന്നൊരാളുമുണ്ട്. അയാളുടെ മകൻ കുര്യച്ചൻ വളരെ ദ്രവ്യം അന്യായമായി സമ്പാദിച്ച ഒരു കടുത്ത മുതലാളിയാണ്. കലാൽകുത്തക പിടിച്ച ചെത്തുകാരുമായി പിണങ്ങുക നിമിത്തം പുലിക്കുന്നത്തു നീലകണ്ഠൻ എന്ന ചെത്തുകാരൻ അയാളെ കൊലപ്പെടുത്തി. വർക്കിയച്ചൻ കുര്യച്ചനുവേണ്ടി ജാമ്യം നിന്നിരുന്നതിനാൽ ആ കുടുംബത്തിലെ സ്വത്തും നശിച്ചു വർക്കിയച്ചൻ മരിച്ചു. കുടുംബഭരണം അവറാച്ചൻ ഏറ്റെടുക്കേണ്ടി വന്നു. അപ്പോൾ കന്യാസ്ത്രീമഠത്തിൽ പഠിച്ചിരുന്ന സാറാമ്മ എന്ന അഭ്യസ്തവിദ്യയായ ഒരു യുവതിയെ പരിഗ്രഹിക്കുവാൻ സങ്ഗതിവന്നു. കേരളത്തിലെ ക്രിസ്ത്യാനികളുടെ ഇടയിൽ വ്യാപിച്ചിരുന്ന ആഭരണഭ്രമം, മദ്യപാനം, കസവുവസ്ത്രധാരണം, ദുർവ്യവഹാരം എന്നീ ആചാരവൈകല്യങ്ങളെ ഗ്രന്ഥകാരൻ ഫലിതസമ്പൂർണ്ണമായ ഭാഷയിൽ നിർദ്ദയമായി പരിഹസിക്കുന്നു. കുഞ്ഞുമറിയം വീട്ടിലിരുന്നു പഠിച്ചിട്ടുള്ളവളും സാറാമ്മ ഇംഗ്ലീഷ് അഭ്യസിച്ചിട്ടുള്ളവളുമാണ്. വസ്ത്രാഭരണാദ്യാഡംബരങ്ങളിൽ കുഞ്ഞുമറിയം കിടന്നു മറിയുമ്പോൾ സാറാമ്മയ്ക്കു് അവയിലൊന്നും ആസക്തിയില്ല. ഇങ്ങനെ പോകുന്നു ഇതിവൃത്തം. നാടകീയങ്ങളായ നിയമങ്ങൾ അനുസരിച്ചു പരിശോധിക്കുമ്പോൾ ജോസഫ് മാപ്പിളയുടെ കൃതികൾ അനവദ്യങ്ങളല്ലെന്നുതന്നെ പറയേണ്ടിയിരിക്കുന്നു.

## കല്ലന്മാരുതൊടിയിൽ രാമുണ്ണിമേനോൻ (1079–1126)

കല്ലന്മാരുതൊടിയിൽ രാമുണ്ണിമേനോൻ പുസ്തകമായി ഒന്നും പ്രസിദ്ധീകരിച്ചിട്ടില്ല. അദ്ദേഹം കവന കൗമുദിയിലും മാതൃഭൂമിയിലും മറ്റും ചില ലഘുകൃതികൾ പ്രകാശിപ്പിച്ചിട്ടുണ്ട്. അവയെല്ലാം അദ്ദേഹത്തെ ഒരു നല്ല കവിയായി പ്രദർശിപ്പിക്കുന്നു. പുന്നശ്ശേരി നീലകണ്ഠശർമ്മാവിന്റെ കീഴിൽ പട്ടാമ്പി മഹാപാഠശാലയിലാണ് സംസ്കൃതഭാഷ പ്രധാനമായി അഭ്യസിച്ചതു്. കുറേക്കാലം ചില ഡിസ്ത്രിക്ട് ബോർഡ് സ്കൂളുകളിലും ഒറ്റപ്പാലം ഹൈസ്കൂളിലും മലയാളപണ്ഡിതനായിരുന്നു. 1105-ാമാണ്ടിടയ്ക്കു ഖദർ ധരിക്കുന്ന വിഷയത്തിൽ വിദ്യാഭ്യാസാധികൃതന്മാർ കൈക്കൊണ്ട നയത്തെ പ്രതിഷേധിച്ചു് ഉദ്യോഗം രാജിവെച്ചു. 1098 മുതല്ക്കുതന്നെ അദ്ദേഹം ഒരു കോൺഗ്രസ്സുകാരനായിരുന്നു. 1105 മുതൽ സത്യാഗ്രഹസമരത്തിൽ സജീവമായി പങ്കെടുത്തു. വള്ളുവനാട്ടു താലൂക്കുബോർഡിലും മലബാർ ഡിസ്ത്രിക്ട് ബോർഡിലും അങ്ഗമായിരുന്നിട്ടുണ്ട്. ഒടുവിൽ വയറ്റിൽ ഒരു പഴപ്പുണ്ടായി മാന്നന്നൂർ എന്ന സ്ഥലത്തു് അദ്ദേഹത്തിന്റെ സഹോദരിയുടെ ഗൃഹത്തിൽവച്ചാണ് മരിച്ചതു്. ആദ്യകാലത്തു സംസ്കൃതവൃത്തങ്ങളിലും പിന്നീടു പ്രായേണ ഭാഷാവൃത്തങ്ങളിലും ഭാവാത്മകങ്ങളായ കവിതകൾ എഴുതിക്കൊണ്ടിരുന്നു. ദേശീയമായ പ്രബുദ്ധത അവയിൽ പ്രായേണ തെളിഞ്ഞു കാണാവുന്നതാണ്.

> "എന്തൊരു ദുഃഖം സഹിക്കേണ്ടിവന്നാലും ശരി
> പിന്തിരിഞ്ഞോടാതെ ഞാൻ യതിക്കുമാജീവാന്തം.
> നിശ്ചിതസ്ഥലത്തെത്തിച്ചേരുവാനെനിക്കാ—വോ
> നിശ്ചയമില്ല—സാധിച്ചീടുമോ? ദൈവം കണ്ടു"

എന്ന വരികൾ അദ്ദേഹത്തിന്റെ ജീവിതത്തിലെ മുദ്രാവാക്യമാണെന്നു പറയാവുന്നതാണ്.

> "രത്നപീഠവും സ്വർണ്ണമേടയുമെല്ലാം വെറും
> സ്വപ്നനിർമ്മിതങ്ങളാണെന്നു മേ ബോധപ്പെട്ടു.

തൽക്കാലമെന്തോ പൂർവ്വജന്മവാസനകൊണ്ടെ–
ന്നൾക്കാമ്പിലേവം ചില ചിന്തകളങ്കുരിച്ചു.
ബന്ധമെന്തിവിടത്തിലെത്തുവാനെന്റെ മൂല–
മന്ദിരം നിത്യാനന്ദനന്ദനപ്പൂങ്കാവല്ലോ.
കേവലം മൃഗപ്രായമായ ജീവിതം പൂണ്ടു
പാവനമാമീ മർത്ത്യജന്മത്തിൻ പൂന്തൊത്തിലും
ദുഷ്കർമ്മരന്ധ്രങ്ങളെപ്പൂരിച്ചീ നരകീടം
സ്വർഗ്ഗക്കട്ടുറുമ്പിന്റെ കൂട്ടാളിയായീടുന്നോ?
മഞ്ജുളമാകും കള്ളപ്പുഞ്ചിരി തൂകിത്തുകി–
ക്കൊഞ്ചി വന്നയ്യോ മായാ രാക്ഷസി മോഹം ചേർത്തു.
ധർമ്മവൃത്തിക്കുപോലും സ്വാതന്ത്ര്യം നല്കാനെന്റെ
ജന്മത്തിൻ പകുതിയും വിഴുങ്ങിക്കളഞ്ഞല്ലോ.”

(ഞാൻ കണ്ട വൈകുണ്ഠം)

“കാമമുൾക്കുളിരേകുമിശ്യാമള–
കോമളനാരോ? പഞ്ചമനാണത്രേ!
ബാധയില്ലതുകൊണ്ടിങ്ങ ഹാ! കൊച്ചു–
സോദരനെന്തോ തീണ്ടലുമുണ്ടത്രേ.
ഇല്ല, നിർണ്ണയം ഞാനീ മരതക–
ക്കല്ലിലൊന്നുമേ കണ്ടീല മാലിന്യം.
കണ്ടവരെന്തോ നിന്നു പഴിക്കട്ടെ
മണ്ടിച്ചെന്നൊന്നെടുത്തു മുകർന്നാലോ?”

(ഒന്നു മുകർന്നാലോ)

# 60

# അറുപതാമധ്യായം

## വി. സി. ബാലകൃഷ്ണപ്പണിക്കർ (1064—1090)

### ജനനവും വിദ്യാഭ്യാസവും

ബ്രിട്ടീഷ്മലബാറിൽ ഏറനാട്ടു താലൂക്കിൽ ഊരകം അംശത്തിൽ വെള്ളാട്ടു ചെമ്പലശ്ശേരി വീട്ടിൽ 1064-ാമാണ്ടു കുംഭമാസം ചതയംനക്ഷത്രത്തിലായിരുന്നു ബാലകൃഷ്ണപ്പണിക്കരുടെ ജനനം. പിതാവു കപ്പേടത്തു കൃഷ്ണനുണ്ണിനായരായിരുന്നു.

കുലീനമെങ്കിലും ദരിദ്രമായ ഒരു കുടുംബമായിരുന്നു അക്കാലത്തു ചെമ്പലശ്ശേരി. തന്റെ മകൻ അത്യന്തം പ്രതിഭാശാലിയാണെന്നുള്ള വസ്തുത കൃഷ്ണനുണ്ണി നായർ എളുപ്പത്തിൽ ഗ്രഹിച്ച് ആ ഗ്രാമത്തിൽ ഒരു നാട്ടെഴുത്തച്ഛനായ കറുപ്പൻ പൂശാരി എന്നൊരാളെക്കൊണ്ടു സംസ്കൃതത്തിൽ പ്രാഥമിക പാഠങ്ങൾ അഭ്യസിപ്പിച്ചു. ഭാഗ്യവശാൽ പണിക്കർക്ക് 1075-ാമാണ്ടു ചിങ്ങമാസത്തിൽ കേരളഭോജരാജനെന്നു പ്രസിദ്ധനായ പടിഞ്ഞാറെക്കോവിലകത്ത് ഏട്ടൻതമ്പുരാനെ സന്ദർശിക്കുന്നതിന് ഇടവരികയും ശിഷ്യനെന്ന നിലയിൽ കൂടെത്താമസിച്ചുകൊള്ളുവാൻ അദ്ദേഹത്തിന്റെ അനുവാദം ലഭിക്കുകയും ചെയ്തു. തനിക്കു കിട്ടിയ ആ ശുഭാവസരം കവി പാഴാക്കിയില്ല. കാവ്യനാടകാലങ്കാരങ്ങളും കൗമുദിയിൽ ഏതാനും ഭാഗവും അതോടുകൂടി നിത്യോപയോഗത്തിനുവേണ്ട ഇംഗ്ലീഷും അവിടെവച്ചു വശമാക്കി. മലയാളത്തിൽ ഗദ്യവും പദ്യവും ഒന്നുപോലെ സരസമായും സമുജ്ജ്വലമായും എഴുതിശ്ശീലിച്ചു. കൈരളീദേവിയുടെ സമഗ്രമായ സപര്യയ്ക്കു വേണ്ട അഭ്യാസപാടവം സമ്പാദിച്ചതും അക്കാലത്തുതന്നെയാണ്. ഒന്നാമത്തെ കൃതി ഗുരുദക്ഷിണയുടെ രൂപത്തിൽ ഏട്ടൻതമ്പുരാനു സമർപ്പിച്ച മാനവിക്രമീയം എന്ന അലങ്കാരഗ്രന്ഥമായിരുന്നു. അന്നു കവിക്കു പതിന്നാലോ പതിനഞ്ചോ വയസ്സായിരുന്നതേ ഉള്ളൂ. ആ ഗ്രന്ഥം ഞാൻ വായിച്ചിട്ടില്ല.

### അനന്തരജീവിതം

അപ്പോഴേക്കും പണിക്കരുടെ ദാരിദ്ര്യശക്തിയും സ്വാതന്ത്ര്യാസക്തിയും അദ്ദേഹത്തെ വിദ്യാഭ്യാസം സമാപിച്ചു പത്രപ്രവർത്തനത്തിലേക്കു നയിച്ചു. അന്നു കോഴിക്കോട്ട് ഏട്ടൻതമ്പുരാന്റെ പ്രധാനാശ്രിതനായ പുളിയമ്പറ്റ കുഞ്ഞിക്കൃഷ്ണമേനവൻ മനോരമ എന്ന പത്രം പ്രചരിപ്പിച്ചുകൊണ്ടിരിക്കുകയായിരുന്നു. പത്രാധിപത്യം കൊണ്ടു വേണം ലോകസേവനം ചെയ്വാൻ എന്ന് അതിനുമുമ്പു തന്നെ തീർച്ചപ്പെ

ടുത്തിക്കഴിഞ്ഞിരുന്ന പണിക്കർ കുഞ്ഞിക്കൃഷ്ണമേനവനെ ആ തൊഴിലിൽ തന്റെ ഗുരുനാഥനായി വരിച്ച് ഏതാനും മാസം ആ വിദഗ്ദ്ധന്റെ കീഴിൽ പത്രപ്രവർത്തന രഹസ്യങ്ങൾ മനസ്സിലാക്കി. അപ്പോഴേക്കു തൃശ്ശൂരിൽനിന്നു പി.ഐ. കൃഷ്ണൻ എന്ന പ്രശസ്തനായ പുസ്തകവ്യാപാരി തന്റെ ചുമതലയിൽ 'കേരളചിന്താമണി' എന്ന പേരിൽ പ്രതിമാസം മൂന്നു തവണ പ്രചരിക്കുന്ന ഒരു പത്രം ആരംഭിക്കണമെന്നു നിശ്ചയിക്കുകയും അതിന്റെ ആധിപത്യം വഹിക്കുവാൻ പണിക്കരെ തിരഞ്ഞെടുക്കുകയും ചെയ്തു. 1080-ാമാണ്ടു കുംഭമാസത്തിൽ നമ്മുടെ കവി ആ പത്രത്തിന്റെ അധിപനായി. അന്നു പതിനാറാമത്തെ വയസ്സിൽ അദ്ദേഹം കാലുകുത്തുന്നു; അത്രേ ആയുള്ളു കായികമായി നോക്കുമ്പോൾ അദ്ദേഹത്തിന്റെ വളർച്ച. എന്നാൽ മനോവികാസം കൊണ്ട് അതിനുമുമ്പു തന്നെ അദ്ദേഹം ഒരു പരിണതപ്രജ്ഞനായി വിജൃംഭിച്ചിരുന്നു. മൂന്നു കൊല്ലത്തോളം ചിന്താമണിയുടെ അധിപരായിരുന്നതിനുശേഷം കോഴിക്കോട്ടു മലബാറി എന്ന വാരികയുടെ നായകത്വം സ്വീകരിച്ച് അങ്ങോട്ടു പോയി. അതിൽപ്പിന്നീട് ബ്രിട്ടീഷ്കൊച്ചിയിൽ ചക്രവർത്തി എന്ന പത്രത്തിന്റെ അധിപരായി. കുറേ കൊല്ലങ്ങൾക്കുമുമ്പു തന്നെ ബാധിച്ചിരുന്ന ക്ഷയരോഗം അതിനിടയിൽ ക്രമേണ വർദ്ധിക്കുകയും തന്നിമിത്തം 1090-ാമാണ്ടു പരലോകപ്രാപ്തനാകുകയും ചെയ്തു.

## കൃതികൾ

ബാലകൃഷ്ണപ്പണിക്കരുടെ പ്രധാനകൃതികൾ താഴെക്കുറിക്കുന്നവയാണ്. (1) മാനവിക്രമീയം, (2) കുമാരസ്തോത്രമാല, (3) കുമാരചരിത്രം നാടകം, (4) നാഗാനന്ദം, (5) സൂക്തിമുക്താമണിമാല, (6) മീനാക്ഷി—ഒരു മലയാളതരുണി, (7) ഇന്ദുമതീസ്വയംവരം നാടകം, (8) സാമ്രാജ്യഗീത, (9) മങ്കിഗീത, (10) ദുർഗ്ഗാഷ്ടകം, (11) ചില നീതിസാരങ്ങൾ, (12) ദേവീസ്തവം, (13) ഒരു നിശ, (14) ഒരു വിലാപം, (15) വിശ്വരൂപം, (16) മാലതീദേവി. ഇവയിൽ മാലതീദേവി ബംഗാളിയിലെ ഒരു ആഖ്യായികയെ അല്പമെല്ലാം ഉപജീവിച്ചു രചിച്ചിട്ടുള്ള ഒരു കഥയാണ്. ഇരുവനാട്ടു നാരായണൻനമ്പിയാരുടെ ഉദയാലങ്കാരംപോലെ പണിക്കരുടെ മാനവിക്രമീയവും പ്രതാപരുദ്രീയത്തെ മാതൃകയാക്കി രചിച്ച ഒരു കൃതിയാണെന്നു മുൻപു സൂചിപ്പിച്ചുകഴിഞ്ഞു. സൂക്തിമുക്താമണിമാല ഏട്ടൻ തമ്പുരാന്റെ ഒരു സംസ്കൃതകൃതിയുടെ തർജ്ജമയാണ്. ആകെ 125 ശ്ലോകങ്ങൾ അതിൽ അടങ്ങിയിരിക്കുന്നു. അതെഴുതുന്ന കാലത്തു പണിക്കർക്കു പതിനഞ്ചു വയസ്സേ തികഞ്ഞിരുന്നുള്ളു. അതിനുപുറമേ (17) നീതിസാരങ്ങൾ എന്നൊരു കൃതിയും അദ്ദേഹം പില്ക്കാലത്തു രചിച്ചിട്ടുണ്ട്. രണ്ടും മൂന്നുമായി അക്കമിട്ട ഗ്രന്ഥങ്ങൾ കണ്ടുകിട്ടീട്ടില്ല. മീനാക്ഷിയിൽ വസന്തതിലകവൃത്തത്തിൽ എഴുതിയ 32 ശ്ലോകങ്ങൾ ഉൾപ്പെടുന്നു. ഒരു യുവതിയുടെ കേശാദിപാദവർണ്ണനപരമായി രചിച്ചിട്ടുള്ള ആ കാവ്യവും ഒരു ബാല്യകാലകൃതിതന്നെ. അതോടടുപ്പിച്ചു നിർമ്മിച്ചതാണ് അഞ്ച് സർഗ്ഗങ്ങളടങ്ങിയ നാഗാനന്ദം ഭാഷാ കാവ്യം. ഇന്ദുമതീസ്വയംവരം നാടകം ഉണ്ടാക്കിയതും ആയിടയ്ക്കുതന്നെ. നാഗാനന്ദവും അതും 1080-ാമാണ്ടിടയ്ക്കു കവനോദയത്തിൽ പ്രസിദ്ധീകരിച്ചുകാണുന്നു. സാമ്രാജ്യഗീത ഡൽഹി ഡർബാർസ്മാരകമായി പണിക്കർ രചിച്ച ഒരു പുസ്തകമാണ്. അതിൽ ഭൂപാലമംഗളം (ഉപജാതിവൃത്തത്തിൽ പതിനഞ്ചു ശ്ലോകങ്ങൾ) സാമ്രാജ്യഗാഥ (കിളിപ്പാട്ട്) ഹാനോവർ വംശാവലി (മന്ദാക്രാന്താവൃത്തത്തിൽ ഇരുപത്തഞ്ചു ശ്ലോകങ്ങൾ) ഈ മൂന്നു കൃതികൾ ഉൾപ്പെടുന്നു. ആ പുസ്തകത്തിന്റെ പ്രസിദ്ധീകരണം 1083-മാണ്ടിടയ്ക്കാണ്. മങ്കിഗീതയുടെ മൂലം മഹാഭാരതം ശാന്തിപർവ്വത്തിലെ ഒരു

പാഖ്യാനമാണ്. അതുതന്നെ ശ്രീമദ്ഭാഗവതം ഏകാദശസ്കന്ധത്തിൽ ഭിക്ഷുഗീത എന്ന പേരിലും പ്രതിപാദിക്കപ്പെട്ടിരിക്കുന്നു. മങ്കിഗീതയുടെ രചനയും ഏകദേശം അക്കാലത്തുതന്നെയാണ്. വിശ്വരൂപമാണ് ഒടുവിലത്തെ കൃതി. വിലാപത്തിൽ ഇരുപത്തേഴും വിശ്വരൂപത്തിൽ അൻപത്താറും ശ്ലോകങ്ങളുണ്ട്.

## കവിതാരീതി

അത്ര ബാല്യത്തിൽ അത്ര വിശിഷ്ടങ്ങളായ ശ്ലോകങ്ങളെഴുതി സഹൃദയാഹ്ലാദം നല്കിയ ഒരു ഭാഷാകവിയെ കേരളം അറിയുന്നില്ല. സർവ്വഥാ നിർദ്ദോഷവും ഗുണോത്തരവുമായല്ലാതെ ഒരൊറ്റ വരിപോലും പണിക്കരുടെ തൂലികയിൽനിന്നു നിഷ്ക്രമിച്ചിട്ടില്ല. മനോരമയിൽ ചേരുന്നതിനു മുൻപെഴുതിയ കൃതികളെ ബാല്യത്തിലെ കൃതികളെന്നും അതിനപ്പുറമുള്ളവയെ യൗവനത്തിലെ കൃതികളെന്നും രണ്ടിനമായി വേണമെങ്കിൽ തരംതിരിക്കാം. കാലം ചെല്ലുന്തോറും ലോകപരിചയംനിമിത്തം സിദ്ധിക്കുന്ന കവികർമ്മനൈപുണ്യം അദ്ദേഹത്തിന്റെ വിഷയത്തിലും ഒന്നിനൊന്നുയർന്നുവെന്നുള്ള വസ്തുത ഞാൻ വിസംവദിക്കുന്നില്ല. പക്ഷേ, അങ്ങനെ വളരെയൊന്നും ഉയരേണ്ട നിലയിലല്ല അദ്ദേഹത്തിന്റെ ശക്തി പരിസ്ഫുരിച്ചതു്. ചില ഉദാഹരണങ്ങൾ കൊണ്ടു് എന്റെ ആശയം വിശദീകരിക്കാം.

### സൂക്തിമുക്താമണിമാല

“ഇന്നാസ്വദിച്ചിടുക സാഹിതിയാം സമുദ്ര-
ത്തിന്നുത്ഭവിച്ച കവിതാസുധയെബ്ബുധന്മാർ,
എന്നാൽ ജരാമരണമറ്റതിപൂജ്യഭാവം
ചിന്നുന്ന കീർത്തിമയഗാത്രമതേകിടുന്നു.”

ഈ കൃതിയിൽ ചില നിസ്സാരങ്ങളായ വൈകല്യങ്ങൾ കാണ്മാനുണ്ട്. അവ നാഗാനന്ദത്തിൽ മിക്കവാറും അപ്രത്യക്ഷമായി കഴിഞ്ഞിരിക്കുന്നു.

### നാഗാനന്ദം

“ഇക്കണ്ടിടുന്ന തനുതൊട്ട പദാർത്ഥജാത–
മൊക്കെബ്ബുവക്കടലിലെത്തിരമാലയല്ലോ;
ചൊല്ലൊല്ലാള്ളുമെൻജനക! ലക്ഷ്മിയുമേറെയൊന്നും
നില്ക്കുന്നതല്ല നരരിൽപ്പുതുസന്ധ്യപോലെ.”

ശ്രീഹർഷദേവന്റെ സുപ്രസിദ്ധമായ നാഗാനന്ദം നാടകത്തിലെ പ്രതിപാദ്യത്തെത്തന്നെയാണ് കവി ഈ നിബന്ധത്തിന് ഇതിവൃത്തമായി സ്വീകരിച്ചിരിക്കുന്നതു്.

### വാസുദേവാഷ്ടകം

താഴെക്കാണുന്നതു് അക്കാലത്തെഴുതിയ വാസുദേവാഷ്ടകത്തിലെ ഒരു ശ്ലോകമാണ്.

“സുവ്യക്തനായ്, സുസുഖിയായ്, സുഖമായ് സുരർക്കു-
മവ്യക്തനാ, യധികനാ, യണുവായമന്ദം
ഭവ്യപ്രദീപ്തിയൊടു ദിക്കഖിലം വിളക്കും
ഭവ്യപ്രദായക! ഭവാൻ ഭവികം തരേണം.”

### മീനാക്ഷി

നാഗാനന്ദത്തെക്കാൾ നന്നായിട്ടുണ്ട് മീനാക്ഷി.

> "ആ വൻപെഴുന്ന ചെറുപുഞ്ചിരിയോ വിളങ്ങും
> ഹാവങ്ങളോ കവിളിണയ്ക്കിയലും. തുടുപ്പോ
> ഭ്രൂവല്ലിയോ ചെറിയ തോടകളോ കടാക്ഷ-
> പ്പൂവല്ലിയോ മതിയിലോർത്തു മദിച്ചിടേണ്ടൂ?"
>
> "സൂനാശുഗന്റെ വിജയക്കൊടിയോ വിലാസ
> ശ്രീനാടകത്തിനൊരലംകൃതമാമരങ്ങോ
> മാനാതിശായി മനതാരിലെഴും മഹസ്സെൻ
> മീനാക്ഷിയോ മധുരസാർദ്രമനോജ്ഞവാണി."

### ഇന്ദുമതീസ്വയംവരം

ഇന്ദുമതീസ്വയംവരം നാടകത്തിൽ നാം പണിക്കരെ ഒരു പ്രൗഢകവിയായി നിരീക്ഷിക്കുന്നു.

> "പുതിയൊരുവിധമിച്ചരിതം മതിമാൻ നേതാവു വത്സയുവരാജൻ
> കൃതിമണി വിക്രുഭൂമീപതിശിഷ്യൻ കവിയു, മൊത്തു ഗുണമഖിലം"

എന്നു പ്രസ്താവനയിൽ കവി പറഞ്ഞിട്ടുണ്ടെങ്കിലും ഏതു വത്സരാജകഥയെയാണ് ഇവിടെ സൂചിപ്പിച്ചിരിക്കുന്നതെന്നു വ്യക്തമാകുന്നില്ല. വത്സരാജ്യത്തിലെ യുവരാജാവായ രത്നപ്രഭനാണ് നായകൻ. സിംഹളദ്വീപിലെ രാജകുമാരിയായ ഇന്ദുമതി നായികയും. ഇടയ്ക്ക് ശാപത്താൽ അശ്വരൂപനായിപ്പോയ ഒരു യക്ഷന്റെ സ്വാമിയായ കേരളരാജാവിനേയും രംഗപ്രവേശം ചെയ്യിക്കുന്നുണ്ട്. ചില ശ്ലോകങ്ങൾ കാണണ്ടേ?

> "വെള്ളക്കണ്ണാടി പോലുള്ളവളുടെ കവിളിൽക്കൈകളെച്ചേർത്തുവെന്നാ–
> ലുള്ളത്തിൽപ്പേടിമൂലം കിടുകിട വിറയാലൊന്നു ചുംബിച്ചതില്ല
> വെള്ളത്തിൽച്ചാടിയപ്പോളവളുടെയധരം തൊട്ടു ഞാനൊട്ടതിങ്കൽ-
> ക്കള്ളം കൂടാതെയോലും പുതുസുധയെ നുകർന്നില്ല ദുർദ്ദൈവയോഗാൽ."
>
> "മാനങ്ങോട്ടു പറന്നിടട്ടെ വെടി വെച്ചീടേണ്ട നേരത്തു ഞാൻ
> മാനം നേടുവനൊന്നയയ്ക്കു കടിഞാണങ്ങുന്നു വേണ്ടുംവിധൗ
> ഊനം വിട്ടു ഭവാനൊടിങ്ങിനെയഹോ! ഹേഷാരവംകൊണ്ടുര-
> ച്ചാനന്ദത്തൊടു പാർത്തിടുന്നവലുതാമശ്വം ത്രിവിശ്വശ്രുതൻ."

ത്രിവിശ്വശ്രുതൻ എന്നതു കേരളരാജാവിന്റെ പൂർവ്വസൂചിതമായ അശ്വത്തിന്റെ പേരാകുന്നു.

> "വന്നീടട്ടേ കടുപ്പം കലരുമൊരു കരം തന്നിലാ വജ്രമേന്തീ–
> ട്ടിന്നീടാർന്നീടുമിന്ദ്രൻ പടയിലറിക ഞാനിട്ടു വട്ടം തിരിക്കാം
> പിന്നീടാരാണു പോരിൽപ്പരമരനിമിഷംപോലുമെൻമുമ്പിലയ്യോ!
> നിന്നീടാൻ തക്ക മർത്ത്യൻ പരനൃപപടുകീടങ്ങളിങ്ങെന്തു സാരം?"
>
> "പാരം ഗണ്ഡം വിളർത്തും പനിമതിസമമാമാസ്യമേറ്റം കരിഞ്ഞും
> സാരം പൂമേനി വാടിസ്സരസിജബിസമെന്നുള്ളവണ്ണം കുഴഞ്ഞും
> താരമ്പൻ തട്ടി വിട്ടീടിന കടുകണകൾക്കൊക്കയും ലക്ഷ്യമായി

സ്സൈ്വരം കൂടാതെതാനെൻ പ്രിയരമണി കിടക്കുന്നു പൂമെത്തയിന്മേൽ."

### മങ്കിഗീത

മങ്കി എന്ന മഹർഷി താൻ അന്യായമായി ആർജ്ജിച്ച ധനം മുഴവൻ തന്ന്യായേന തന്നെ നശിച്ചപ്പോൾ നിർവ്വേദത്തെ പ്രാപിക്കുന്നതാണ് ഈ കൃതിയിലെ ഇതിഹാസം.

"പ്രഹായ കാമം ലോഭഞ്ച സുഖം പ്രാപ്തോസ്മി സാമ്പ്രതം
നാദ്യ ലോഭവശേ പ്രാപ്തോ ദുഃഖം പ്രാപ്സ്യാമ്യനാത്മവാൻ."

എന്നതാണ് അത് ഉപദേശിക്കുന്ന സദാചാരപാഠം. തർജ്ജമ കിളിപ്പാട്ടിലാണെന്നു സൂചിപ്പിച്ചവല്ലോ. അതിൽ ആദ്യത്തെ ഭാഗം കേകയിലും രണ്ടാമത്തേതു കാകളിയിലും എഴുതിയിരിക്കുന്നു. ദ്രാവിഡവൃത്തങ്ങളെക്കൊണ്ടും കൈകാര്യം ചെയ്യുന്നതിനു പണിക്കർ വിദഗ്ദ്ധനായിരുന്നു എന്ന് ഈ കൃതിയിൽ നിന്നു തെളിയുന്നുണ്ട്. ചില ഈരടികൾ പരിശോധിക്കുക.

കാമമേ! നിന്നുള്ളുരുക്കിന്റെ കട്ടിയാൽ–
ക്കേമമായുണ്ടാക്കിവച്ചതത്രേ ദൃഢം!
നൂറുവിധത്തിലനർത്ഥമേറ്റാകിലും
നൂറായ്ത്തകർന്നു തെറിക്കുന്നതില്ല നീ.
കാമമേ! നിന്നെശ്ശരിക്കറിഞ്ഞേൻ നിന്റെ
കാമമെന്തെന്നും ധരിച്ചിരിക്കുന്ന ഞാൻ.
നിന്നിഷ്ടമാടുവാനായിത്തുനിഞ്ഞേവ-
മെന്നാത്മസൌഖ്യം നശിച്ചുപോയീ സഖേ!
സങ്കല്പമാണു നിൻമൂലമെന്നുള്ളതും
സങ്കല്പയോനേ, ധരിച്ചിരിക്കുന്നു ഞാൻ.
നിന്നെക്കുറിച്ചിനിസ്സങ്കല്പമില്ല മേ
പിന്നെ നീ വേരറ്റുപോകുമെന്നെന്മതം."

### ദേവീസ്തവം

വിശ്വോത്തരമായ ഈ സ്തോത്രത്തിൽ നിന്നു രണ്ടു ശ്ലോകങ്ങൾമാത്രം എടുത്തുകാണിക്കാം.

"കാലാഗ്നിജ്വാലപോലേ കരുമന കളിയാടുന്ന കൈവാളുലച്ചും
ഹേലാഹ്ലങ്കാരമാർന്നും മൃദുലമണിമയപ്പൊൻചിലമ്പൊച്ച പൂണ്ടും
നീലാളിപ്പൂംകഴല്ക്കേട്ടണിമലർ വിതറും മട്ടു യുദ്ധക്കളത്തിൽ-
ച്ചേലായ് നൃത്തം ചവിട്ടും നടവരദയിതേ! ദേഹി മേ ദേഹസൗഖ്യം."

"പ്രാണായാമാദിനാനാവിധവിധികളൊടും നാസികാഗ്രത്തിലക്ഷി-
ക്കോണാക്കും സംയതാത്മാക്കളിലിരുളറുമാറർക്കഭാസ്സായിരിക്കേ
വീണാലാപേ! വിശിഷ്ടപ്രതിഭയുമറിവും നല്കവാൻ വന്ന നിന്നെ-
ക്കാണാമത്രേ നിലാവിൻപടി തിരുവടിതൻ തത്ത്വമെന്താരറിഞ്ഞു?"

ഈ സ്തോത്രത്തിൽ ഒറവങ്കരതൊട്ടുള്ള പൂർവ്വകവികളുടെ കൃതികൾ കുറെയെല്ലാം കവിക്കു മാർഗ്ഗദർശകമായിട്ടുണ്ട്.

### ഒരു നിശ

ആകൃതികൊണ്ടു ഹ്രസ്വമെങ്കിലും പ്രകൃതി കൊണ്ടു ബൃഹത്തായ ഒരുത്തമ ഖണ്ഡകാവ്യമാണ് ഇതു്. നോക്കുക പണിക്കരുടെ കമനീയമായ കല്പനാവൈഭവം.

"സതീജനത്തിൻ വ്രതവും ഹൃദന്തവും
വിടപ്രഭാവത്തിലിടിഞ്ഞിടുന്നതും
പ്രതിക്രിയാമൂഢത പൂണ്ടു കർക്കശൻ
കഠാരിയിൽച്ചോര പുരട്ടിടുന്നതും

കവർച്ചയിൽക്കണ്ണു തെളിഞ്ഞ കശ്മലൻ
കവാടഭങ്ഗത്തിനു കയ്യിടുന്നതും
നിധിക്കുവേണ്ടിദ്ദുരമൂത്ത ദുർഭഗൻ
കിളച്ചുനോക്കിക്ഷണിച്ചിരിപ്പതും

വിലോലനീലായതലോചനങ്ങളെ-
ക്കലക്കിയുണ്ടാക്കിയ കണ്ണുനീരിനാൽ
വിയോഗിനീപാണ്ഡുരഗണ്ഡഭിത്തിയിൽ
സ്മരവ്യഥാചിത്രമണച്ചിടുന്നതും

നിരാശനാം കാമുകനാർത്തി പൂണ്ടു വീർ-
ത്തുപായമില്ലാതുരുകുന്നൊരുള്ളൊടും
കവിൾക്കു കയ്യൊന്നു കൊടുത്തു കാമനെ–
ക്കഠോരനെക്കോപമൊടേ ശപിപ്പതും."

മറ്റും നിശാപിശാചികയുടെ വാഴ്ചക്കാലത്താണെന്നു കവി സമീചീനമായി ഇതിൽ സമർത്ഥിച്ചിരിക്കുന്നു.

### രണ്ടു പ്രശസ്തകൃതികൾ

ഇനി പണിക്കരെ മഹാകവിപദത്തിലേക്കുയർത്തുന്ന രണ്ടു മനോഹരകൃതികളെക്കുറിച്ചു മാത്രമേ പ്രസ്താവിക്കേണ്ടതുള്ളൂ. സാമ്രാജ്യഗീത എഴുതിയ അദ്ദേഹംതന്നെയാണ് രാഷ്ട്രീയകാര്യങ്ങളിൽ ലോകമാന്യതിലകന്റെ ഒരനുയായി എന്ന നിലയിൽ സാമ്രാജ്യദുഷ്പ്രഭുത്വത്തെ പത്രപംക്തികളിലും പ്രസംഗവേദികളിലും നിഷ്ഠുരമായി എതിർത്തുകൊണ്ടിരുന്നതു്. എന്നാൽ അക്കാലത്തു് ഇന്നത്തെപ്പോലെ ആ രണ്ടു ചിന്താഗതികൾക്കും തമ്മിൽ സാമാനാധികരണ്യത്തിന്റെ അഭാവം അത്രമാത്രം പ്രകടമായിക്കഴിഞ്ഞിരുന്നില്ല.

### ഒരു വിലാപം

വിശ്വസാഹിത്യത്തിലെ ഏതു ഖണ്ഡകാവ്യത്തോടും കിടനില്ക്കത്തക്ക മാഹാത്മ്യം വിലാപത്തിനുണ്ട്. ആ ശബ്ദസൌന്ദര്യം, ആ അർത്ഥസമൃദ്ധി, ആ തത്വഗഹനത, ആ ഭാവഗാംഭീര്യം, ആ രസനിർഭരത ഇങ്ങനെ ഒരു സരസകാവ്യത്തിനു വേണ്ട സർവ്വഗുണങ്ങളും തികഞ്ഞ ഒരു വാങ്മയം ഭാഷയിൽ ഉണ്ടോ എന്നു സംശയമാണ്. അതു രചിക്കുമ്പോൾ പണിക്കർക്കു വാശ്ദേവത ഏതോ ഒരു പ്രത്യേകവിധത്തിൽ മുക്തഹസ്തമായി അനുഗ്രഹവർഷം ചെയ്തുകൊണ്ടിരുന്നു എന്നു തോന്നിപ്പോകും. വിഷൂചികയിൽ പെട്ടെന്നു മരിച്ചുപോയ തന്റെ പ്രിയതമയുടെ സമീപത്തിരുന്നുകൊണ്ടു് ഒരു യുവാവു കരുണകരുണമായി വിലപിക്കുന്നതാണ് വിഷയം. പ്രസ്തുത കാവ്യത്തിന്റെ പരമോൽക്കൃഷ്ടത ആദ്യന്തം വായിച്ചു് അനേകം തവണ അനുസന്ധാനം

ചെയ്താൽമാത്രമേ ഭാവുകന്മാർക്കു സമഗ്രമായി ആസ്വദിക്കുവാൻ സാധിക്കുകയുള്ളു. എങ്കിലും ചില ശ്ലോകങ്ങൾ പ്രദർശിപ്പിക്കാതെ മുന്നോട്ടു കടക്കുവാൻ നിർവ്വാഹമില്ല.

“നാട്ടാരെല്ലാം വിഷുചീലഹളയിലുതിരും
 കാലമദ്ദീനമായ്ത്തൻ
കൂട്ടാളയ്യോ! പിരിഞ്ഞീടിന കഥ, വലുതാ–
 യുള്ള വർഷാനിശീഥം,
കേട്ടാലാരും ഭയംകൊണ്ടിളകിമറിയുമീ
 വേളയിൽക്കഷ്ടമായാൾ
നീട്ടാനുംകൂടി വയ്യാതെരിയുമൊരു വിള–
 ക്കിന്റെ നേരിട്ടിരുന്നു.”

“സ്വാതന്ത്ര്യത്തോടുകൂടി സ്വയമുയരുമൊരീ
 നിന്റെ ജീവൻ, ക്രമത്തിൽ–
ക്കൈതന്നുംവച്ച വാനോർവനിതകളരുളീ–
 ടുന്നൊരഗ്രാസനത്തിൽ
ആതങ്കം വിട്ടു മിന്നിക്കിളികളിളകുമാ
 നന്ദനത്തോപ്പിലേന്തും
ഗീതത്തോടൊത്തു പുത്തൻമണമണിയുമിള–
 ങ്കാറ്റു തെല്ലേറ്റിടട്ടേ.”

“ലാവണ്യംകൊണ്ടിണങ്ങും പുതുമ, കവിതകൊ–
 ണ്ടുള്ള സൽക്കീർത്തി, വിദ്വ–
ത്താവംകൊണ്ടുള്ള മാന്യസ്ഥിതി, രണപടുതാ–
 മൂലമാം വൻപ്രതാപം
ഈവണ്ണം വർണ്ണനീയം ഗുണമഖിലമൊരേ-
 വാതിലിൽത്തട്ടിമുട്ടി–
ജ്ജീവത്താമാദിമൂലപ്രകൃതിയിലൊടുവിൽ–
 ച്ചെന്നു ചേരുന്നുവല്ലോ.”

“പാതിവ്രത്യപ്രതാപക്കൊടിയുടെ ചരടേ,
 ദുർവ്വിധിക്കാറ്റു തട്ടി–
പ്പാതിത്യം വന്ന നിന്മെയ്യിളകുവതിനിനി-
 സ്സാധ്യമല്ലെന്നിരിക്കേ,
പാതിപ്പെട്ടും ഭവച്ചങ്ങലവലിയിലക–
 പ്പെട്ടു കാലാലയത്തിൻ
വാതില്ക്കൽപ്പോയി മുട്ടിത്തിരിയെ വരുമൊരെൻ
 ജീവിതം ഭാരഭൃതം.”

“ഞാനോ നീർകെട്ടി മൂടുന്നൊരു നയനതടം
 വിങ്ങിമങ്ങിക്കുഴങ്ങി–
പ്പീനോൽക്കണ്ഠാപരീതൻ വിരഹവിധുരതാ–
 ധൂസരാങ്ഗങ്ങളോടേ,
മാനോട്ടും കണ്ണി! മുള്ളും ചരലുമിടകലർ–
 ന്നുള്ള മാർഗ്ഗം ചവിട്ടി-

ത്താനോരോ ജീവിതായോധനമുറിവുകളേ–
  റ്റോടി വാടേണ്ടിവന്നു."

"വാതവ്യാസങ്ഗമൂലം വിറയുടയ പുരാ-
  രാമവല്ലീകുലത്തെ
സ്ഫീതസ്നേഹം തലോടിപ്പലപൊഴുതു പയോ–
  ധാര താനേ നടത്തി
ആതങ്കം മാറ്റുമയ്യോ! തവ തനുഭവമാ–
  യുള്ള വെണ്ണീർ കിടക്കെ
പ്രേതക്കാട്ടിൽക്കടത്തും കരവുമഫലമ–
  ല്ലോഷധീശന്നു മേലിൽ."

"സാനന്ദം സുപ്രഭാതോദയമഹിമ പുക-
  ഴ്ത്തുന്ന പക്ഷിവ്രജത്തിൻ
ഗാനത്താലോ ഗവാക്ഷംവഴി ദിനമണി തൻ–
  കൈകളാൽപ്പുല്കയാലോ
തേനഞ്ചുംവാണിയാളേ! ചുടലയൊടു സമീ-
  പിച്ച നിൻ ദീർഘനിദ്ര-
യ്ക്കുനം പറ്റില്ല, നിൻകണ്ണുകൾ നിയതിനിയോ-
  ഗത്തിനാൽ മുദ്രിതങ്ങൾ."

25 വയസ്സു തികയാത്ത ഒരു ബാലപ്രായനാണ് ഈ രസികരസായനത്തിന്റെ പ്രണേതാവെന്നു പറഞ്ഞാൽ ആരെങ്കിലും വിശ്വസിക്കുമോ?

### വിശ്വരൂപം

കോഴിക്കോട്ടെ കടൽപ്പുറത്തു പതിവുപോലെ ഒരു ദിവസം സായാഹ്നത്തിൽ ഏകാകിയായി നില്ക്കുമ്പോൾ പണിക്കരുടെ ഉള്ളിൽ സമുദിതമായ വിചാരപരമ്പരയാണ് പ്രസ്തുത കൃതിയിലെ പ്രതിപാദ്യം. അന്നു ദ്വിതീയാക്ഷരപ്രാസവാദത്തിന്റെ കോലാഹലം കേരളത്തിൽ എങ്ങുമെവിടെയും മാറ്റൊലിക്കൊണ്ടുകൊണ്ടിരുന്നു. ആ പ്രാസത്തിന്റെ അപേക്ഷകൂടാതെ ഭാഷയിൽ ഒരു വിശിഷ്ടകാവ്യം നിർമ്മിക്കണമെന്നുള്ള അദ്ദേഹത്തിന്റെ ആഗ്രഹമാണ് അതിൽ പ്രതിഫലിപ്പിച്ചിരിക്കുന്നത്. വിധിനിഷേധങ്ങൾ പണിക്കരെപ്പോലെയുള്ള അതിമാനുഷവ്യക്തികൾക്ക് ഒരിക്കലും ബാധകമാകുന്നതല്ലെന്നു പറയേണ്ടതില്ലല്ലോ. അവർ എന്തിനെപ്പറ്റിയും എന്തെഴുതിയാലും എങ്ങനെ എഴുതിയാലും അതെല്ലാം ഒന്നാംകിടയിലല്ലാതെ നിലകൊള്ളുകയില്ലതന്നെ. വിശ്വരൂപം ആദ്യന്തം ഉല്ലേഖകല്ലോലിതമാണ്. അപൂർവ്വം ചില കല്പനകൾമാത്രം ശ്ലേഷാനുപ്രാണിതങ്ങളായിപ്പോയിട്ടുണ്ട്. അവയ്ക്കു പ്രായേണ പ്രകൃതോപയോഗിത്വവും കുറയും. അവയെ തള്ളിനോക്കിയാലും ഒരു വരിഷ്ഠമായ ഖണ്ഡകാവ്യമായി പ്രസ്തുത കൃതി പരിലസിക്കുന്നു.

"ചിത്രാംശുവെന്നു പുകളേറിയ ചിത്രകാരൻ
മുൻപേ കുറിച്ച ഘനചിത്രപടത്തെയെല്ലാം
ആകാശഭിത്തിയിലെടുത്തു നിവർത്തി നേരേ
ചായം കൊടുത്തു മിഴിവേകി മിനുക്കിടുന്നോ?"

എന്നതാണ് പ്രഥമപദ്യം. വേറെ ചില പദ്യങ്ങളാണ് ചുവടേ ചേർക്കുന്നത്.

“കല്ലോലമാലകളടിച്ചടിവിട്ടുയർന്നു
വാരാശിഗുപ്തനവരത്നനിറക്കുടങ്ങൾ
വാനത്തടിഞ്ഞുടലുടഞ്ഞുതിരുന്നനേരം
ജാജ്വല്യമാനമണിരാശി പരന്നതാമോ?”

“വിജ്ഞാനശാസ്ത്രവിധി പൂർവ്വകവീക്ഷണങ്ങ–
ളാകാശയാനഗതസൂക്ഷ്മപരീക്ഷണങ്ങൾ
വിദ്യുൽപ്രയോഗമിവയാലുമക്ലൃപ്തമുദ്രം
ജ്യോതിസ്സമൂഹമിതനാവിലമുജ്ജ്വലിപ്പൂ.”

“ആകാശവീഥിയിലലക്ഷ്യതനുപ്രകാശ–
മോരോന്നനന്തക്രമമുദിച്ചുഡുരാജി മിന്നി
രാജാവുതൻ വരവു നോക്കി വഴിക്കു നില്ക്കും
രക്ഷാഭടേന്ദ്രരുടെ പൊന്മകുടങ്ങൾപോലെ.”

“അങ്ങോട്ടു പോകിലതിരില്ലതിരാകുവോള–
മന്വേഷണത്തിനൊരു മാർഗ്ഗവുമില്ലതെല്ലും
ഊഹിക്കയോ വലിയ ദുർഘടമാണു പിന്നെ-
യാകാമിതൊക്കെ വിരമിക്കുകയാണു ഭേദം.”

“മന്നിൽക്കോളാർന്നിരമ്പും ജലനിധി,
മുകളിൽച്ചാരുതാരാസമൂഹം
ചിന്നിക്കാണും നഭോമണ്ഡല, മതിനു നടു-
ക്കുജ്ജ്വലിക്കുന്ന ചന്ദ്രൻ
എന്നിസ്സർവ്വേശസൃഷ്ടിക്രമമഹിമ കുറി–
ക്കുന്ന വസ്തുക്കളെല്ലാ-
മൊന്നിച്ചാഹന്ത! കാണ്‌കെക്കരളിടയിലഹം
ബുദ്ധി നില്ക്കുന്നതാണോ?”

“പാരാവാരം കരേറിക്കരകൾ മുഴുവനും
മുക്കി മൂടാത്തതെന്തോ?
താരാവൃന്ദങ്ങൾതമ്മിൽ സ്വയമുരസി മറി-
ഞ്ഞത്ര വീഴാത്തതെന്തോ?
നേരായാരാഞ്ഞുനോക്കീടുക മദമിയലും
മർത്ത്യരേ! നിങ്ങളെന്നാ–
ലാരാൽക്കണ്ടെത്തുമെല്ലാറ്റിനുമുപരി വിള-
ങ്ങുന്ന വിശ്വസ്വരൂപം.”

## ഒരു മുക്തകം

പ്രാസവാദകാലത്തു കാര്യവശാൽ വലിയ കോയിത്തമ്പുരാൻ തനിക്കു വന്നുകൊണ്ടിരുന്ന മലബാറിയും പണിക്കരുടെ ബഹിശ്ചരപ്രാണനായിരുന്ന കുന്നത്തു ജനാർദ്ദനമേനോന്റെ (ഇന്നു കണ്ണൻ ജനാർദ്ദനൻ) സുദർശനവും നിറുത്തുകയുണ്ടായി. അപ്പോൾ തങ്ങൾക്കു തന്നിമിത്തമുണ്ടായ സങ്കടം പണിക്കർ താഴെക്കാണുന്ന ശ്ലോകത്തിൽ നിവേദനം ചെയ്തു.

“മൂന്നാണങ്ങേയ്ക്കു പണ്ടേ ദയിതകളവരിൽ

സ്വസ്ഥയായേക കഷ്ടം!
പിന്നീട്ടുള്ളോൾ പുകൾപ്പെണ്ണവളപരപുരാ-
ന്തങ്ങളിൽസ്സഞ്ചരിപ്പൂ
ഭാഷായോഷിത്തു പെറ്റിപ്രജകൾ വളരെയാ-
യങ്ങനർത്ഥത്തിലായീ
വാർദ്ധക്യം കൊണ്ടവറ്റിൽച്ചിലതിനു ചിലവേ-
കാനുമാകാതെയായോ?"

എടവട്ടിക്കാടിന്റെ "ലക്ഷ്മീഃ കീർത്തിഃ കൃപാണീ" എന്ന പ്രസിദ്ധപദ്യത്തിന്റെ ഒരു അനുകരണകച്ഛായ ഈ ശ്ലോകത്തിൽ കാണാമെങ്കിലും ആദ്യത്തേതിനെ രണ്ടാമത്തേതു പ്രകടമായി ഉപജീവിച്ചിട്ടുണ്ടെന്നു പറയാവുന്നതല്ല.

### ഉപസംഹാരം

പണിക്കരുടെ ഗദ്യത്തിനും അസാമാന്യമായ ശക്തിയും സൗഷ്ഠവവുമുണ്ടായിരുന്നെന്നു സൂചിപ്പിച്ചിട്ടുണ്ട്. ഊർജ്ജസ്വലനും കർമ്മധീരനുമായ ഒരു പത്രാധിപർ, വികാരതരളനായ ഒരു ഭാരതീയദേശാഭിമാനി, ഏതു സദസ്സിനെ ആകർഷിക്കുവാനും പരിപൂർണ്ണമായ പാടവമുള്ള ഒരു സരസോജ്ജ്വലവാഗ്മി, ഇങ്ങനെ അനേകം ഇതരസിദ്ധികളും അദ്ദേഹം സമ്പാദിച്ചിരുന്നുവെന്നുള്ളതിനു പല തെളിവുകളുമുണ്ട്. ആയുരാരോഗ്യൈശ്വര്യങ്ങൾകൊണ്ടുമാത്രം വിധി അദ്ദേഹത്തെ അനുഗ്രഹിച്ചില്ല. സാമ്പത്തികവൈഷമ്യങ്ങളിൽനിന്നു വിമുക്തി നേടുവാൻ അദ്ദേഹം നിത്യവും പകലും രാവും പണിപ്പെടേണ്ടിവന്നു. ആംഗ്ലേയകവിവര്യനായ കീറ്റ്സിനെപ്പോലെ അദ്ദേഹത്തിനും സ്വല്പകാലത്തേക്കു മാത്രമേ സാഹിത്യനഭോമണ്ഡലത്തിൽ തന്റെ ഉൽക്കോപമമായ പ്രകാശം നിലനിറുത്തുവാൻ കഴിഞ്ഞുള്ളു. കൈരളിയുടെ ഭാഗ്യഹീനത എന്നല്ലാതെ എന്തു പറയട്ടെ. "നിയതിഃ കേന ലംഘ്യതേ?" എന്നുണ്ടല്ലോ.

## വള്ളത്തോൾ കെ. ഗോപാലമേനവൻ (1057—1115)

### ചരിത്രം

ബ്രിട്ടീഷ് മലബാറിൽ വെട്ടത്തുനാട്ടു പൊന്നാനിത്താലൂക്കിൽ മങ്ഗലം അംശത്തിൽപ്പെട്ട പുല്ലൂണി ദേശത്തു വള്ളത്തോൾ എന്നൊരു പ്രാചീനവും പ്രസിദ്ധവുമായ നായർത്തറവാട്ടുണ്ട്. ഒടുവിലത്തെ വെട്ടത്തുനാട്ടുരാജാവിന്റെ മന്ത്രിയായ കോന്തിമേനവൻ കാര്യക്കാർ ആ തറവാട്ടിലെ ഒരങ്ഗമായിരുന്നു. പ്രസ്തുതകുടുംബത്തിൽപ്പെട്ട വെള്ളറക്കാട്ടു പള്ളിയത്തുശാഖയിൽ നാണിയമ്മയുടേയും കറുത്തേടത്തു വിഷ്ണുനമ്പൂതിരിയുടേയും പുത്രനായി ഗോപാലമേനവൻ 1057-ാമാണ്ട് ഇടവമാസം തിരുവാതിരനക്ഷത്രത്തിൽ ജനിച്ചു. മഹാകവി വള്ളത്തോൾ കെ. നാരായണമേനവൻ ആ ശാഖയുടെ മൂലകുടുംബത്തിലെ ഒരങ്ഗമാണ്. ആ കുടുംബത്തിൽ പാർവ്വതിയമ്മയുടേയും കൊച്ചിശ്ശീമയിൽ എയ്യാൽപ്രദേശത്തു കട്ടങ്ങോട്ടു മല്ലിശ്ശേരി ദാമോദരനിളയതിന്റേയും പുത്രനായ അദ്ദേഹത്തിൻറ ജനനം 1054-ാമാണ്ടു തുലാമാസം 1-ാംനു-യാണല്ലോ. ഗോപാലമേനവന്റെ പിതാവു ശൈശവത്തിൽത്തന്നെ മരിച്ചുപോയി; മാതാവു 1088—ാമാണ്ടു മകരത്തിൽ അമ്പത്തേഴാമത്തെ വയസ്സിൽ പരേതയായി. ആ സംഭവത്തെക്കുറിച്ചു 36 ശ്ലോകങ്ങളടങ്ങിയ 'ഒരു വിലാപം' എന്ന കാവ്യത്തിൽ കവി

"ജനയിത്രി! സദാ ഭവദ്ദിലോ—

കനകൗതുഹലലോലനായിതാ
തനയൻ മരുവുന്നു താവകാ–
നനമൊന്നൻപൊടു കാട്ടിടേണമേ.

മനതാർ മലിനപ്പെടുത്തിടും
നിനവേലാത്ത വിശുദ്ധിശാലിനി
അനപായതപനസ്സസാദ്ധ്യമാ–
മനഘം ചിൽപദമാർന്നിരിക്കയാം.

അഴകാർന്നുയരം കുറഞ്ഞു പൊൻ–
നിറമാം മെയ്യൊളി മിന്നുമാനനം
ശരിയായൊരു ശാന്തഭാവമി–
പ്പരിചുള്ളമ്മയെയെന്നു കാണുമോ?”

എന്നും മറ്റും പരിദേവനം ചെയ്തിട്ടുണ്ട്. കടുംബത്തിനു നേരിട്ട ചില ദുരിതങ്ങൾ നിമിത്തം പത്തുപന്ത്രണ്ടു വയസ്സായതിനുമേലേ ഗോപാലമേനവനെ എഴുത്തിനുത ന്നെ ഇരുത്തിയുള്ളു. പള്ളിയത്തെ ഒരു പ്രാഥമിക വിദ്യാലയത്തിൽ രണ്ടു കൊല്ലം പഠിച്ചു. തദനന്തരം കൊല്ലങ്കോട്ടു ഹൈസ്കൂളിൽ വിദ്യാഭ്യാസം ചെയ്യണമെന്നാ യിരുന്നു മോഹം. എങ്കിലും ചില കാരണങ്ങളാൽ അതു സാധിച്ചില്ല. വെട്ടത്തു പുതിയങ്ങാടി മുൻസിഫുകോടതിയിൽ ഉമസ്ഥനായിച്ചേരണമെന്നായിരുന്നു വിധി യുടെ കല്പന. അതു ഫലിക്കുകയും ചെയ്തു. അതിനപ്പുറം പ്രതിഭാശാലിയായ ആ ബാലൻ ദാമോദരനിളയതിന്റെ ദൃഷ്ടിയിൽപ്പെട്ടു. സംസ്കൃതം പഠിക്കുകയും അഭി നയകല ശീലിക്കുകയും ചെയ്യണമെന്നുള്ള അദ്ദേഹത്തിന്റെ ഉപദേശമനുസരിച്ചു മഹാകവിയുടെ മാതുലനും ഗുരുനാഥനുമായിരുന്ന രാമുണ്ണി മേനവന്റേയും പിന്നീടു നേരിട്ടു വള്ളത്തോളിന്റേയും കീഴിൽ രണ്ടുമൂന്നു കാവ്യങ്ങളിൽ ഏതാനും സർഗ്ഗങ്ങളും കുറേ അഷ്ടാങ്ഗഹൃദയവും അഭ്യസിക്കുകയും ചെയ്തു. 1079 കർക്കടകത്തിൽ ഇളയ തു മരിച്ചു. മഹാകവി കേരളകല്പദ്രുമം അച്ചുക്കൂടത്തിന്റെ മാനേജരായി തൃശ്ശൂർക്കു പോയി. ഗോപാലമേനവൻ പള്ളിയത്തു നാരായണൻനായർ നടത്തിവന്ന ഒരു പാഠശാലയിൽ അദ്ധ്യാപകനുമായി. സ്വല്പകാലത്തേക്കുമാത്രമേ അദ്ദേഹം സം സ്കൃതം പഠിച്ചുള്ളുവെങ്കിലും മഹാകവിയുടെ വാത്സല്യപൂർണ്ണമായ ശിക്ഷണത്തിൽ അതിന്റെ ഫലം പതിന്മടങ്ങായി വർദ്ധിച്ചു. 1083-ൽ അദ്ദേഹം മഹാകവിയുടെ പത്നി യുടെ അനുജത്തി ചിറ്റഴിനാണിക്കുട്ടിയമ്മയെ വിവാഹം ചെയ്തു. 1096-ാമാണ്ടു തുലാം 15-ാംനു-യായിരുന്നു ആ സുചരിതയുടെ അപ്രതീക്ഷിതമായ ദേഹവിയോഗം. 1083 മുതൽ മഹാകവിയുടെ അനുചരനും ആജ്ഞാനുവർത്തിയും ശിഷ്യനുമായി ജീവിതം നയിച്ചു. 57-ാമത്തെ വയസ്സിൽ 1115-ാമാണ്ടു ചിങ്ങമാസം ഉത്രംനക്ഷത്രത്തിലാണ് യശശ്ശരീരനായത്. അത്യന്തം അനാഡംബരവും ശാന്തവുമായിരുന്നു അദ്ദേഹത്തി ന്റെ ലോകയാത്ര.

## കൃതികൾ

വളരെ വിരളമായി മാത്രം ചില ഖണ്ഡകൃതികളെഴുതി വരിഷ്ഠമായ കീർത്തിക്കു പാ ത്രീഭവിച്ച ഒരു കവിശ്രേഷ്ഠനാണ് ഗോപാലമേനവൻ. 1081-ൽ പഞ്ചതന്ത്രം മണിപ്ര വാളകാവ്യം എന്ന പേരിൽ ഒരു പുസ്തകം മഹാകവിയും അദ്ദേഹത്തിന്റെ ശിഷ്യന്മാ രായ ഗോപാലമേനവനും കുറ്റിപ്പുറത്തു കേശവൻനായരും കിട്ടുണ്ണിനായരുംകൂടി പ്ര സിദ്ധീകരിച്ചു. കിട്ടുണ്ണിനായർ കേശവൻനായരുടെ ശാഖാന്തരത്തിൽപ്പെട്ട അനു

ജനം, കഥാസരിത്സാഗരത്തിന്റെ വിവർത്തകനുമാണ്. അദ്ദേഹം വളരെക്കാലമായി ഒന്നും എഴുതാറില്ല. രണ്ടും നാലും തന്ത്രങ്ങൾ തർജ്ജമചെയ്തതു ഗോപാലമേനവനാണ്. അന്നുതന്നെ അവരുടെയെല്ലാം കവനകലാപാടവം പ്രായേണ അതിന്റെ അത്യുച്ചകക്ഷ്യയിൽ പ്രകാശിച്ചിരുന്നു. ഗോപാലമേനവൻ എഴുതിയ രണ്ടു ശ്ലോകങ്ങൾ പ്രദർശിപ്പിക്കാം.

"അലകളലറിയേറിത്തത്തുമാഴിക്കകം പൃ–
ക്കലഘുസുഖമിരിക്കും ജന്തുവൃന്ദങ്ങൾപോലും
ചിലപൊഴുതു കടുക്കും കാലദോഷം നിമിത്തം
വലകളിലടിപെട്ടിട്ടാശു ചാകുന്നതില്ലേ?

പുതുമയൊടു ജഗത്തിൽച്ചേർന്ന ജന്തുക്കളെല്ലാ–
മതുലവിഷയഘോരത്തീയിൽ വീഴുന്നതില്ലേ?
ഇതു മമ സുഖമെന്നും ദുഃഖമെന്നും നിനയ്ക്കു–
ന്നതു നിഖിലഗുണാബ്ധേ! നിഷ്ഫലംതന്നെയത്രേ."

അവർ നാലുപേർക്കുംകൂടി വള്ളത്തോൾക്കമ്പനി എന്ന ഒരു ബഹുമതി അക്കാലത്തെ സഹൃദയന്മാർ നല്കുകയുണ്ടായി. വിഷയത്തിലും ശബ്ദത്തിലും പ്രതിപാദനത്തിലും അർത്ഥത്തിലും യൗഗപദ്യേനയുള്ള ശ്രദ്ധ അതിനുമുമ്പുള്ള കവികളാരും അതിലധികം പരിപാലിച്ചിരുന്നില്ല. ഗോപാലമേനവൻ വളരെയൊന്നും എഴുതിയിട്ടില്ലെന്നു പറഞ്ഞുവല്ലോ. എഴുതിയതിൽത്തന്നെ ചിലതെല്ലാം ഇനിയും പത്രങ്ങളിൽനിന്നും മാസികകളിൽനിന്നും പകർത്തി പുസ്തകരൂപത്തിൽ പ്രസിദ്ധപ്പെടുത്തിയാലല്ലാതെ അവ പൊതുജനങ്ങൾക്കു സുലഭമാകയില്ല. എങ്കിലും "കരിണീ ചിരേണ സൂതേ സകലമഹീ പാലലാളിതം തനയം" എന്ന ന്യായത്തിൽ മുദ്രിതകൃതികൾ കൊണ്ടുമാത്രംതന്നെ അദ്ദേഹം മോഹനമായ ഒരു യശസ്തംഭം സ്ഥാപിച്ചിരിക്കുന്നു. ഭാഷാകവിതയുടെ നവോത്ഥാനത്തിനു കാരണഭൂതന്മാരായ വാണീവല്ലഭന്മാരിൽ ഒരു സ്പൃഹണീയമായ സ്ഥാനത്തെ അദ്ദേഹം അലങ്കരിക്കുന്നു. അദ്ദേഹത്തിന്റെ പ്രകാശിതങ്ങളായ പുസ്തകങ്ങൾ 1 മധുമഞ്ജരി ഒന്നാം ഭാഗവും, 2 ഗോപാലകൃഷ്ണനുമാണ്. മധുമഞ്ജരിയിൽ 16 കൃതികളും ഗോപാലകൃഷ്ണനിൽ മറ്റു രണ്ടു കൃതികളും സഞ്ചയിച്ചിട്ടുണ്ട്. ഇന്നത്തെ ലോകം, ഒരു സ്ത്രീയുടെ ക്രൌര്യം മുതലായ കൃതികൾ കവനകൗമുദിയിലും മറ്റുമായി ചിതറിക്കിടക്കുന്നു. ഗോപാലമേനവന്റെ എല്ലാ കൃതികളും പത്തിനൊൻപതും സ്വാനുഭവത്തിൽനിന്ന് ഉടലെടുത്തവയാകയാൽ അവയിലെ ആസ്വാദ്യതയ്ക്കു മാറ്റുകൂടും. ചില ഭാഗങ്ങളിലേക്ക് അനുവാചകന്മാരുടെ ഹൃദയത്തെ ആകർഷിക്കാം.

## മധുമഞ്ജരി

1096-ൽ ഭാര്യ മരിച്ച അവസരത്തിൽ എഴുതിയ "എന്റെ പൊയ്പ്പോയ പ്രാണൻ" എന്ന കവിതയിലുള്ള ചില ശ്ലോകങ്ങളാണ് ചുവടേ ചേർക്കുന്നത്.

"മധുരാമൃതപൂർണ്ണമായ നിൻ–
മണികുംഭത്തൊടണയ്ക്കു പുത്രിയെ
തുടുവായ്മലരാലതിന്നുമേൽ
പവിഴക്കീറണിയട്ടെ പൈതലാൾ.

പ്രിയതന്റെ തണ്ടത്തെ ചേവടി–
ത്തളിർ വിട്ടിങ്ങു പതിച്ച പാപി നീ

മമ ജീവിതപാന്ഥ! ചുറ്റുകീ–
ച്ചുടലപ്പാരിൽ നിരാശനായ്ച്ചിരം.

മൃതിയെസ്സതിയേതുമട്ടു ചെ–
ന്നെതിരേല്ക്കുന്നതിനാഗ്രഹിച്ചിതോ
അതുപോലെ കഴിഞ്ഞു കാര്യവും
ചരിതം തേ ചരിതാർത്ഥതാവഹം.”

“തുരുമ്പുപിടിച്ച വാൾ” വീരരസത്തിന്റെ ചില ഉൽക്കടഭാവങ്ങളെ ഉദ്ദീപിപ്പിക്കുന്ന ഒരു കൃതിയാണ്.

“മുൻപാഞ്ഞു ചീറിയൊരുപാടുയിരാക്രമിച്ച
വൻപാർന്ന വാളുറയിലിപ്പൊഴടങ്ങിവാഴ്വൂ
തൻപാർപ്പളയ്ക്കകമണഞ്ഞു കിടന്നുറങ്ങും
വൻപാമ്പുപോലിതു ഭയങ്കരമൂർത്തിതന്നെ!

ധാടിപ്പെടും തവ പരാക്രമപാടവങ്ങൾ
പാടിപ്പുകഴ്ത്തുവതിനുള്ള പദങ്ങളേതോ?
പേടിച്ചരണ്ടൊരിവരക്കഥയോർപ്പതിന്നും–
കൂടിക്കരുത്തു കലരാത്ത വെറും പുഴക്കൾ.”

## ദൈവത്തിന്റെ കുറ്റക്കാർ

ദരിദ്രന്മാർ കഷ്ടപ്പെടുന്നതു ദൈവവിധിയാണെന്നും അവരെ സഹായിച്ചാൽ നമ്മോടും ദൈവം കോപിക്കുമെന്നും ഒരു വക്കീൽ ഗർജ്ജനംചെയ്തു കൃതാർത്ഥത നേടുന്നതാണ് ഈ കൃതിയിലെ വിഷയം. കണ്ണുനീർ വാർക്കാതെ വായിക്കുവാൻ നിർവ്വാഹമില്ലാത്ത പല കാവ്യങ്ങൾ ഗോപാലമേനവൻ എഴുതിയിട്ടുണ്ടെങ്കിലും അവയിലൊന്നും പ്രകടമല്ലാത്ത ഒരു ഗുണഭ്രയിഷ്ഠത പ്രസ്തുതകൃതിയിൽ കാണുന്നുണ്ട്.

“പിച്ചയ്ക്കു കെഞ്ചുന്നോരെത്തൽക്ഷണം തൽഭൃത്യന്മാർ
തച്ചാട്ടിപ്പുറത്താക്കി വാതിലും തഴുതിട്ടു.
താനെന്തോ വലുതായ നല്ലൊരു കാര്യം ചെയ്തു-
ള്ളാനന്ദം പൂണ്ടമ്മഹാനേറ്റലാത്തുകയായി.
കയ്യു പിന്നോക്കം കെട്ടിനിന്നയാൾ പറയുന്നു:
‘ചെയ്യരുതിക്കൂട്ടർക്കു നാമൊരു സഹായവും.
ദൈവത്തിൻകുറ്റക്കാരാമിവരെത്തുണച്ചെന്നാൽ
ദൈവകോപത്തിനിരയായീടുമല്ലോ നാമും
കുറ്റത്തിലകപ്പെട്ട കൂട്ടരെത്തുണപ്പോരും
കുറ്റക്കാരാണെന്നല്ലോ നിയമം പറയുന്നു.’
വക്കീലേ! ശരി ശരി, നിയമജ്ഞനാമങ്ങു
വിക്കിയോതുവതെല്ലാം വിരുതിൻ നിയമങ്ങൾ.
പണക്കാരെല്ലാവരും ദൈവത്തിൻ മര്യാദക്കാർ
പണമില്ലാത്തോരെല്ലാം ദൈവത്തിൻ കുറ്റക്കാരും;
വയറു വീർപ്പിപ്പവർ ദൈവത്തിന്നിഷ്ടപ്പെട്ടോർ,
വയറൊട്ടിയ കൂട്ടർ ദൈവത്തിൻ വിരോധികൾ.”

## പിന്നാമ്പുറം അഥവാ നമ്മുടെ ബാല്യം

ഇതിൽ കവി തന്റെ ചില ബാല്യകാലസ്മരണകളെ സരസമായി ചിത്രണം ചെയ്തിരിക്കുന്നു.

> "തിരിഞ്ഞുനോക്കിടുക നാമിതാ പരി
> സ്ഫുരിപ്പു പാരിങ്കലെഴുന്ന നന്ദനം
> ശരിക്കിളന്തേൻ ചൊരിയുന്ന പൂക്കളാൽ
> ചിരിപ്പു ചിത്തം കുളുർമപ്പെട്ടുംവിധം.
>
> അനാവിലപ്രേമലതാവിതാനിതം
> കിനാവിലും ദുർല്ലഭകാമ്യദർശനം
> ജനാദൃതപ്രാകൃതരാമണീയകം
> സനാതനാനന്ദമരന്ദസുന്ദരം."

ഇവയെല്ലാം മധുമഞ്ജരിയിൽപ്പെട്ട കൃതികളാണ്.

## ഗോപാലകൃഷ്ണൻ

ശ്രീകൃഷ്ണന്റെ രണ്ടു ബാലലീലകൾ ഇതിൽ വർണ്ണിച്ചുകാണുന്നു.

> "ചേലത്തലപ്പിനെച്ചിത്രിതമാക്കിടും
> പേലവത്തൃക്കരമൊട്ടു രണ്ടും
> നമ്രവദനയാമമ്മ കനിഞ്ഞുതൻ
> കമ്രകരത്തളിർത്തൊത്തിലാക്കി
> വാരിയെടുത്തുടൻ വാരിജനേത്രനെ
> വാരുറ്റുയർന്ന തൻമാറിൽച്ചേർത്തു
> സ്വേദാംബു മിന്നുമക്കന്നൽക്കാർവർണ്ണനെ
> മോദാകുലയായ് മുകർന്നുനില്ക്കേ
> മന്യവാം നേരിയ കാറാർന്ന മാതാവിൻ
> മഞ്ജുമുഖത്തൊരു മിന്നലുണ്ടായ്.
> പുഞ്ചിരിക്കുള്ളോരു ഗൗരവഭാഷയിൽ
> പഞ്ചാരവാണിയാൾ ചോദിക്കുന്നു."

ഇനി ഈ പുസ്തകങ്ങളിൽ ചേരാത്ത രണ്ടു കൃതികളിൽനിന്നുകൂടി സ്വല്പം പകർത്താം.

> "ഞാൻ കേമനാണെന്നതു സമ്മതിക്കാം
> ഞാനേ മഹാനെന്നതബദ്ധവാദം;
> അവാസ്തവത്വത്തിലവാസ്തവത്തെ-
> ക്കുത്തിച്ചെലുത്തുന്നിതു ലോകമേ! നീ.
>
> അമ്മിഞ്ഞ നല്കീടിന തായയാൾതൻ
> പൊൻപോർമുലക്കച്ച വലിച്ചുചീന്തി
> വേശ്യാംഗനാപാംസുലപാദപാംസു
> തുടപ്പു നാം നീചരിൽവച്ചു നീചർ." (ഇന്നത്തെ ലോകം)
>
> "ആലസ്യമോടുമവളാ വണിഗാലയത്തിൽ
> വേലയ്ക്കുനിന്നു പുലരുന്നവളായിരുന്നു;

ചേലഞ്ചിടും മണിവിഭൂഷകൾ ചാർത്തിയാലാ
നീലത്തഴക്കുഴലി നീരലർമങ്കതന്നെ!"

"ഭൂരിപ്രശസ്തഗുണജാലമശേഷമിന്നി–
പ്പാരിൽദ്ധനത്തിലടിയൂന്നിയുറച്ചുനിൽപ്പൂ;
ദാരിദ്ര്യമാം പെരിയ ചങ്ങല കാല്ക്കുപെട്ട്
പേരിജ്ജഗത്തിൽ വിജയത്തോടടുപ്പതില്ല."

(ഒരു സ്ത്രീയുടെ ക്രൌര്യം)

എല്ലാം ആകർഷകമെന്നേ നമ്മുടെ കവിയുടെ കൃതികളെക്കുറിച്ചു സമഷ്ടിയായി പറയേണ്ടതുള്ളൂ. ആധുനികമായ ഉത്തമകവിതയുടെ പാര്യന്തികമായ ഫലവും ഇതുതന്നെയാണ്. അദ്ദേഹത്തിന്റെ ഭാവനയ്ക്കു ദുഷ്പ്രവേശമായി ഒന്നുമില്ല. ഏതിനെ സ്പർശിച്ചാലും അതിനെ പത്തരമാറ്റു തങ്കമാക്കി മാറ്റുന്നതിനുള്ള ശക്തിവിശേഷവും അതിനുണ്ടായിരുന്നു.

## എൻ. കുമാരനാശാൻ (1048–1099)

### ജനനവും ബാല്യകാലവും

ചിറയിൻകീഴ് താലൂക്കിൽ കടയ്ക്കാവൂർ പകുതിയിൽ ഒട്ടുവളരെ ഈഴവകുടുംബങ്ങൾ തിങ്ങിത്താമസിക്കുന്ന കായിക്കര എന്നൊരു പ്രദേശമുണ്ട്. അവിടെ തൊമ്മൻ വിളാകത്തുവീട്ടിൽ കൊച്ചുപെണ്ണ് എന്ന പേരിൽ അറിയപ്പെട്ടിരുന്ന കാളിയമ്മയുടേയും നാരായണന്റേയും ദ്വിതീയപുത്രനായി 1049-ാമാണ്ട് മേടമാസം 1-ാംനു ചിത്രാപൗർണ്ണമാസിനാളിൽ കുമാരനാശാൻ ജനിച്ചു. അച്ഛനു മലയാളത്തിനുപുറമേ തമിഴിലും അറിവുണ്ടായിരുന്നതോടുകൂടി സംഗീതത്തിലും സാമാന്യമായ ജ്ഞാനമുണ്ടായിരുന്നു. ഏഴാമത്തെ വയസ്സിലാണ് അദ്ദേഹം കുമാരുവിനെ എഴുത്തിനിരുത്തിയതു്. ആദ്യത്തെ സംസ്കൃതഗുരു കുമ്മമ്പള്ളി രാമൻപിള്ള ആശാന്റെ ശിഷ്യനായ ഉടയാൻകുഴി കൊച്ചുരാമൻവൈദ്യനായിരുന്നു. എട്ടാമത്തെ വയസ്സിൽ ശ്രീകൃഷ്ണവിലാസം പഠിച്ചുകൊണ്ടിരുന്നപ്പോൾ കൊച്ചുരാമൻവൈദ്യൻ അദ്ധ്യാപകവൃത്തിയിൽ നിന്നു നിവൃത്തനാകയാൽ നമ്മുടെ കവിക്കു ഉപരിവിദ്യാഭ്യാസത്തിനു തരം കിട്ടാതെ കുറേക്കാലം വിഷമിക്കേണ്ടിവന്നു. പിന്നെ പിതാവിന്റെ പരിശ്രമത്താൽ സ്വദേശത്തു് ഒരു സർക്കാർപള്ളിക്കൂടം സ്ഥാപിതമാകുകയും അവിടെ പതിന്നാലാമത്തെ വയസ്സുവരെ പഠിച്ചതിനുശേഷം ഒരു ഉപാധ്യായനാകുകയും ചെയ്തു. സർക്കാർസർവ്വീസിൽ ചേരുന്നതിനുവേണ്ട വയസ്സു തികയാതിരുന്നതിനാൽ ആ പണി തുടർന്നു കൊണ്ടുപോകുവാൻ സാധിച്ചില്ല. ഗത്യന്തരമില്ലാത്തതിനാൽ സമീപത്തുള്ള ഒരു കച്ചവടക്കാരന്റെ കണക്കെഴുത്തുപിള്ളയായി ജോലിനോക്കി. കവിയുടെ അച്ഛനും ഒരു കച്ചവടക്കാരനായിരുന്നു എന്നു് ഇവിടെ ഓർമ്മിക്കേണ്ടതുണ്ട്. കുമാരുവിന്റെ 16-ാമത്തെ വയസ്സിൽ മണമ്പൂർ ഗോവിന്ദനാശാൻ എന്ന ഒരു പണ്ഡിതൻ അവിടെ സംസ്കൃതവിദ്യാലയം സ്ഥാപിച്ചു. ഗോവിന്ദനാശാൻ പരിസരപ്രദേശങ്ങളിൽ വൈദുഷ്യത്തിനും കവിത്വത്തിനും സാമാന്യം വിശ്രുതനായിരുന്നു.

"വിദ്യോതിക്കുംപ്രകാരം നവനവകൃതി തീർത്തങ്ങു സർവ്വത്രമേവും
വിദ്വാന്മാരേ രസിപ്പിച്ചമലതരയശഃപുഞ്ജമാർജ്ജിച്ചു മുറ്റും
വിദ്യാനൈപുണ്യമേന്തും വിശദമതി മണമ്പൂരുഗോവിന്ദനാശാൻ"

എന്ന് അദ്ദേഹത്തെ മൂലൂർ എസ്. പത്മനാഭപ്പണിക്കർ 1080-ൽ അച്ചടിപ്പിച്ച കവിരാമായണത്തിൽ, വർണ്ണിച്ചിട്ടുണ്ട്. അദ്ദേഹത്തിന്റെ കീഴിൽ മാഘം, നൈഷധം, ഭോജചമ്പു, ശാകുന്തളം, കുവലയാനന്ദം തുടങ്ങിയ സംസ്കൃതഗ്രന്ഥങ്ങൾ ഒന്നുരണ്ടു കൊല്ലം വായിച്ച് ഒരുവിധം ലോകവ്യുൽപത്തി നേടി. പിന്നെ അത്തരത്തിൽ പഠിക്കാവുന്ന ഗ്രന്ഥങ്ങളില്ലാതിരുന്നതിനാൽ ഗുരുമുഖേനയുള്ള വിദ്യാഭ്യാസം അവിടെ നിറുത്തി. എങ്കിലും അതിനുമുൻപുതന്നെ അദ്ദേഹം ഏർപ്പെടുത്തിയ കവിതാമത്സരപരീക്ഷകളിൽ വിജയിയായി ആ സരണിയിൽ ജന്മസിദ്ധമായി തനിക്കുണ്ടായിരുന്ന വാസനയ്ക്ക് ഉന്മീലനം നല്കിക്കൊണ്ടിരുന്നു. ആദ്യം എഴുതിയതു വെണ്മണിച്ഛായയിലുള്ള ചില ശൃംഗാരശ്ലോകങ്ങളാണ്.

## ശ്രീനാരായണഗുരുവും കുമാരനാശാനും

ആയിടയ്ക്ക് ഒരിക്കൽ, പില്ക്കാലത്തു 'ശ്രീനാരായണഗുരുദേവൻ' എന്ന പേരിൽ ജഗൽപ്രസിദ്ധനായ ഒരു യതിവര്യനായിത്തീർന്ന അരുവിപ്പുറത്തു നാണുഗുരു തന്റെ ഒരു പര്യടനത്തിൽ കായിക്കരെ ചെന്നുചേരുകയും കുമാരുവിന്റെ അച്ഛൻ അദ്ദേഹത്തെ തന്റെ ഗൃഹത്തിൽ അതിഥിയായി സ്വീകരിക്കുകയും ചെയ്തു. കുമാരുവിന്റെ ബുദ്ധിശക്തിയും കവിതാവാസനയും കണ്ടു വിസ്മിതനായ അദ്ദേഹം ശൃംഗാരശ്ലോകങ്ങൾ എഴുതരുതെന്ന് ആ ബാലനെ ഉപദേശിക്കുകയും അയാളുടെ സംസ്കൃതവിദ്യാഭ്യാസത്തിൽ പൂർവ്വാധികം നിഷ്കർഷിക്കണമെന്ന് അച്ഛനെ അനുശാസിക്കുകയും ചെയ്തു. ബാലന്റെ കവിത ഭക്തിമാർഗ്ഗത്തിലേക്കു തിരിഞ്ഞു; സംസ്കൃതത്തിലും തമിഴിലും ഭഗവദ്വിഷയങ്ങളായ പുസ്തകങ്ങൾ വായിച്ചു തുടങ്ങി. സ്വദേശത്ത് ഈഴവസമുദായത്തിന്റെ വകയായി ഒരു സുബ്രഹ്മണ്യക്ഷേത്രമുണ്ട്. ആ ക്ഷേത്രത്തിൽത്തന്നെ കുറേക്കാലം താമസിച്ചു ശാന്തിക്കാരന്റെ നിലയിൽ പൂജ ചെയ്യുകയും ഗുരൂപദേശത്തിന് അധികാരിയാകത്തക്ക നിലയിൽ ശമദമാദികൾ പരിശീലിക്കുകയും ചില വിദ്യാർത്ഥികളെ സംസ്കൃതം പഠിപ്പിക്കുകയും ചെയ്തു. അദ്ധ്യാപകനായതിനാൽ കുമാരു 'കുമാരു ആശാൻ' എന്ന പേരിൽ അറിയപ്പെട്ടു തുടങ്ങി. അന്നു വയസ്സു പതിനെട്ടു കഴിഞ്ഞിരിക്കും. ആയിടയ്ക്ക് എഴുതിയ കൃതികളാണ് ശങ്കരശതകം, സുബ്രഹ്മണ്യശതകം മുതലായവ. ഭാവഗഹനതയില്ലെങ്കിലും കർണ്ണസുഖം നല്കുവാൻ പര്യാപ്തങ്ങളാണവ. ഒരു ശ്ലോകം ചുവടേ ചേർക്കുന്നു.

"ഘോരാകാരാട്ടഹാസപ്രകടിതകലഹം മൃത്യു വന്നെത്തിനോക്കും
നേരം നാരീജനത്തിൻകളികളുമിളിയും നോക്കുമൂക്കുള്ള വാക്കും
പോരാ പോരിൽത്തടുപ്പാൻ പരമശിവപദാംഭോജരേണു പ്രസാദം
പോരും പോരും കൃതാന്തപ്രതിഭയമകലത്താക്കുവാനാർക്കുമെന്നും."

## വിദേശവാസം

കുമാരനാശാന്റെ അത്രമാത്രമുള്ള പുരോഗമനംകൊണ്ടു നാണുഗുരു തൃപ്തനായില്ല. ആ കുട്ടി ഒരു ശാസ്ത്രജ്ഞനായിത്തീരണമെന്നായിരുന്നു അദ്ദേഹത്തിന്റെ അഭിസന്ധി. അതോടുകൂടി അരുവിപ്പുറത്തു താമസിക്കുവാൻ ആദ്യമായി ആജ്ഞാപിക്കുകയും, അനന്തരം ശിഷ്യനാക്കി ചില ഉപദേശങ്ങൾ നല്കുകയും ചെയ്തു. വേദാന്തപരിശീലനത്തിനും യോഗാഭ്യാസത്തിനുമായാണ് അവിടെ കിട്ടിയ സമയം ആശാൻ വിനിയോഗിച്ചത്. മൂന്നു കൊല്ലം ആ നിലയിൽ കഴിഞ്ഞു. 1071-ൽ മൈസൂർരാജ്യത്തിലെ മെഡിക്കൽ വകുപ്പിൽ ഒരു വലിയ ഉദ്യോഗസ്ഥനായിരുന്ന പേട്ടയിൽ തച്ചക്കുടിയിൽ പി. പല്പുവിന്റെ അടുക്കൽ ആശാനെ കൂടുതൽ സംസ്കൃതം പഠിപ്പിക്കണമെ

ന്നുള്ള നിർദ്ദേശത്തോടുകൂടി അങ്ങോട്ടയച്ചു. പല്പു റാവുബഹദൂർ പി. വേലായുധന്റെ കനിഷ്ഠ സഹോദരനാണ്. ആശാൻ തർക്കശാസ്ത്രം ഐച്ഛികമായി എടുത്തു 'ന്യായ വിദ്വാൻ' എന്ന പരീക്ഷക്കു ബാംഗളൂർ സംസ്കൃതവിദ്യാലയത്തിൽച്ചേർന്നു പഠിത്ത വും ആരംഭിച്ചു. പ്ലേഗുനിമിത്തം ആ വിദ്യാലയം ദീർഘകാലത്തേക്കു പൂട്ടുകയാൽ പരീക്ഷയ്ക്കു ചേരുവാൻ തരപ്പെട്ടില്ല. ഉപരിപഠനത്തിനായി ഡോക്ടർ പല്പു ശീമയ്ക്കു പോവുകയും ചെയ്തു. അവിടെ താമസിക്കുമ്പോഴാണ് സൗന്ദര്യലഹരി തർജ്ജമ ചെയ്തതു്. അക്കാലത്തു് ഈഴവരുടെ വകയായി വിദ്യാവിലാസിനി എന്ന പേരിൽ ഒരു മാസിക കൊല്ലത്തുനിന്നു പ്രചരിച്ചിരുന്നു എന്നു മുൻപു പ്രസ്താവിച്ചിട്ടുണ്ടല്ലോ. അതിൽ ആദ്യമായി പ്രസിദ്ധീകരിച്ച സൗന്ദര്യലഹരി 1076-ൽ 'അരുവിപ്പുറം നാണു ഗുരുസ്വാമികളുടെ ശിഷ്യൻ കുമാരു ആശാൻ ഉണ്ടാക്കി' എന്ന വിവരണത്തോടുകൂടി പുസ്തകരൂപത്തിൽ പ്രകാശിതമായി. അക്കാലത്തു് ആശാനു സംസ്കൃതകവിതയും സ്വാധീനമായിക്കൊണ്ടിരുന്നു എന്നു ഭാഷാസൌന്ദര്യലഹരിയിലെ അധോലിഖിത മായ അവതരണികാപദ്യം തെളിയിക്കും.

> "വിശുദ്ധാ വാഗ്വേണീ വിഹിതസുകൃതാ ശങ്കരഗുരോർ–
> ഗ്ഗഭീരാ ഗൂഢാർത്ഥൈർഭുവി ഗഗനഗംഗേവ ലസതി
> തദീയേയം ഭാഷാ മമ ഭവതു സൗന്ദര്യലഹരീ
> യഥാ ദൈവി മൂർത്തിഃ പരിണമതി മൃത്സ്നാപ്രതി കൃതിഃ."

സംസ്കൃതപഠനത്തിലുള്ള തൃഷ്ണ ആശാനു വർദ്ധിച്ചുവന്നതിനാൽ ബാംഗളൂരിൽ നിന്നു മദിരാശിയിലേക്കു പോയി, അവിടെയും ആറു മാസം ആ ഭാഷ പഠിച്ചു. അനന്തരം ഡോക്ടർ പല്പുവിന്റേയും മറ്റും ഉത്സാഹത്തിലും ചിലവിലും കല്ക്കത്തയിൽ പ്പോയി മഹാമഹോപാദ്ധ്യായ കാമാഖ്യനാഥതർക്കവാഗീശൻ എന്ന പണ്ഡിതന്റെ കീഴിൽ ഉൽഗ്രന്ഥങ്ങൾ പരിശീലിക്കുകയും തർക്കതീർത്ഥപരീക്ഷയ്ക്കു ചേരുവാൻ സജ്ജനാകുകയും ചെയ്തു. 1075-ൽ കല്ക്കത്തയിലും പ്ലേഗിന്റെ ഭയങ്കരമായ ബാധയു ണ്ടാകയാൽ നാട്ടിലേക്കുതന്നെ മടങ്ങി. കല്ക്കത്തയിൽ ആശാൻ തന്റെ സംസ്കൃത വിജ്ഞാനം വിപുലീകരിച്ചതിനു പുറമേ ഇംഗ്ലീഷിൽ സാമാന്യമായ അറിവും ആ ഭാഷയിലെ സാഹിത്യഗ്രന്ഥങ്ങൾ ആസ്വദിക്കുന്നതിനുവേണ്ട ശക്തിയും സമ്പാ ദിച്ചു. വംഗദേശത്തെ സ്വതന്ത്രവായു ശ്വസിച്ച അവിടത്തുകാരുടെ ഉൽക്കടമായ ദേശീയാഭിമാനത്തെയും ഭാഷാഭക്തിയെയും നേരിട്ടു കണ്ടു വികാരഭരിതനായി, പണ്ഡിതന്മാരുമായി ഇടപഴകി, സഹൃദയത്വത്തിനു വിശാലത വർദ്ധിപ്പിച്ചു. പ്രകൃ തിയെ അതിന്റെ വിവിധമായ ഭാവത്തിൽ നിരീക്ഷണംചെയ്തു തന്മയീഭവിക്കുവാൻ വേണ്ട പാടവം നേടി തിരിയെ എത്തിയ ആശാൻ 1071-ൽ ബാംഗളൂരിലേക്കു പോയ കുമാരു ആശാനാണോ എന്നു സംശയിക്കത്തക്കവിധത്തിൽ അദ്ദേഹത്തിന്റെ സി ദ്ധികൾ മൂന്നരക്കൊല്ലംകൊണ്ടു് അത്രമാത്രം വികാസത്തെ പ്രാപിച്ചിരുന്നു. പിന്നെ യും ബംഗാളിലേക്കു പോകണമെന്നുള്ള അദ്ദേഹത്തിന്റെ ആഗ്രഹം സാധിച്ചില്ല. 1077 മേടത്തിൽ വിദ്യാവിലാസിനിയിൽ മേഘസന്ദേശം തർജ്ജമ ചെയ്തു പ്രസി ദ്ധപ്പെടുത്തിത്തുടങ്ങിയപ്പോൾ 'വംഗദേശീയൻ' എന്നും 1078-ൽ അതിൽത്തന്നെ പ്രസിദ്ധീകരിച്ച 'ഒരു രസകരമായ ഐതിഹ്യം' എന്ന ഉപന്യാസത്തിൽ 'കാമാഖ്യ നാഥതർക്കവാഗീശഭട്ടശിഷ്യൻ' എന്നും എഴുതിക്കാണുന്നു. മേഘസന്ദേശത്തി ന്റെയും പ്രബോധചന്ദ്രോദയത്തിന്റെയും തർജ്ജമകളും, വിചിത്രവിജയം, മൃത്യുഞ്ജ യനാടകം എന്നീ നാടകങ്ങളും 1080-നു മുൻപു് എഴുതിയവയാണെന്നു് ഊഹിക്കാം. അവയിൽ മേഘസന്ദേശവും വിചിത്രവിജയവും ആരംഭിച്ചതു് 1077-ൽത്തന്നെയാണ്.

## ശ്രീനാരായണധർമ്മപരിപാലനയോഗം

തിരിയെപ്പോന്നതു് അരുവിപ്പുറത്തേക്കു ശ്രീനാരായണഗുരുദേവന്റെ സന്നിധാനത്തിലേക്കുതന്നെയാണ്. പണ്ഡിതനും പ്രതിഭാശാലിയും കവിയും കാര്യജ്ഞനുമായ ഒരു യുവാവിനെ തന്റെ വശവർത്തിയായി ലഭിക്കുക എന്നതു് അദ്ദേഹത്തിന് ഒരു വലിയ ലാഭമായിരുന്നു. ആശാനും ആ സാത്വികസമ്പർക്കം തന്റെ സമുൽക്കർഷത്തിനു ഒരു രാജരഥ്യയായിരുന്നു. ആ ഗുരുഭക്തൻ കുറേക്കാലം അരുവിപ്പുറത്തുതന്നെ താമസിച്ചുകൊണ്ടു സ്വാമിയെ ശുശ്രൂഷിക്കുകയും, അധ്യേതാക്കളെ സംസ്കൃതം പഠിപ്പിക്കുകയും വേദാന്തവിചാരത്തിൽ മഗ്നനാകുകയും ചെയ്തുവന്നു. ആ അവസരത്തിലാണ് അരുവിപ്പുറത്തു നാമമാത്രമായി നടന്നുവന്നിരുന്ന വാവൂട്ടുയോഗം ഇക്കാലത്തു ലോകപ്രസിദ്ധി നേടീട്ടുള്ള ശ്രീനാരായണധർമ്മപരിപാലനമായി (എസ്.എൻ.ഡി.പി.) വികസിച്ചതു്. 1078-ൽ അതു് ആരംഭിച്ചപ്പോൾ പന്ത്രണ്ട് അംഗങ്ങൾ മാത്രമേ ഉണ്ടായിരുന്നുള്ളു. 1079-ൽ ആ യോഗം രജിസ്റ്റർ ചെയ്യപ്പെട്ടു. ആയിടയ്ക്കുതന്നെയാണ് യോഗത്തിന്റെ രസനയായ വിവേകോദയം മാസികയുടേയും ഉത്ഭവം. സമുദായോദ്ധാരകനായ ഗുരുദേവന്റെ ആശയങ്ങളെ സ്വജനങ്ങളുടെ ഇടയിൽ പ്രചരിപ്പിച്ചു് അവയ്ക്കു് അവരുടെ ആനുകൂല്യവും സഹകരണവും സമ്പാദിക്കുവാൻ ആശാൻ പല പ്രാവശ്യം കേരളമെങ്ങും സഞ്ചരിച്ചു. ചിലപ്പോൾ സ്വാമികളോടുകൂടിയും ചിലപ്പോൾ തനിച്ചുമുള്ള നിരന്തരമായ ആ പര്യടനം കൊണ്ടു് ആശാൻ യോഗത്തിനുവേണ്ടി പലതും സാധിച്ചു. കൂടുതൽ അംഗങ്ങളെ ചേർക്കുക, സമാജങ്ങൾ സ്ഥാപിക്കുക, ആചാരപരിഷ്കരണവിഷയത്തിലും വിദ്യാഭ്യാസനവിഷയത്തിലും സ്വസമുദായത്തെ ഉൽബുദ്ധമാക്കുക എന്നിങ്ങനെ പല കാര്യങ്ങൾ അന്നത്തെ കർത്തവ്യപരിപാടിയിൽ ഉൾപ്പെട്ടിരുന്നു. അവയിലെല്ലാം ഗുരുദേവന്റെ എന്നപോലെ ശിഷ്യന്റേയും ശ്രദ്ധ നിപുണമായി പതിഞ്ഞു. യോഗീശ്വരനായ ശ്രീകൃഷ്ണനും ധനുർദ്ധരനായ അർജ്ജുനനും എന്ന വിധത്തിലാണ് അവർ തമ്മിൽ അക്കാലത്തു പുലർത്തിവന്ന ബന്ധം. ഹെഡ്ഓഫീസിലെ ജോലി വർദ്ധിച്ചതോടുകൂടി തിരുവനന്തപുരത്തുതന്നെ താമസമാക്കി; യോഗത്തിന്റെ കാര്യദർശിയും വിവേകോദയത്തിന്റെ പ്രസാധകനും അദ്ദേഹമായിരുന്നു. 1095-ൽ മാത്രമാണ് അദ്ദേഹം കാര്യദർശി സ്ഥാനത്തിൽനിന്നൊഴിഞ്ഞതു്. ആ സ്ഥാനത്തിരുന്നുകൊണ്ടു അദ്ദേഹം യോഗത്തിനുവേണ്ടി ചെയ്തിട്ടുള്ള ബഹുമുഖമായ സേവനത്തിന്റെ മഹിമ വാചാമഗോചരമാണ്. തിരുവിതാംകൂർ നിയമസഭയിൽ തിരുവിതാംകൂർ ഗവർമ്മെണ്ടു് അദ്ദേഹത്തെ അംഗമായി നിയമിക്കുകയും അവിടെയും ആ അനുഗൃഹീതപുരുഷൻ തന്റെ വ്യക്തിമാഹാത്മ്യം അന്യാദൃശമായ പ്രഭാവത്തോടുകൂടി വിശദീകരിക്കുകയും ചെയ്തുവന്നിരുന്നു. അത്തരത്തിലുള്ള പ്രവർത്തനങ്ങളെ ഈ പുസ്തകത്തിൽ പ്രപഞ്ചനം ചെയ്യുവാൻ സ്ഥലസൗകര്യം ഇല്ലാതിരിക്കുന്നു.

## ചില ഗാർഹികസംഭവങ്ങളും മരണവും

ശ്രീനാരായണഗുരുവിന്റെ സ്ഥാനത്തെ അദ്ദേഹത്തിന്റെ സമാധിക്കുമേൽ അലങ്കരിക്കേണ്ട ആ സുഗൃഹീതനാമാവിനെ 1080-ാമാണ്ടു മുതൽ സ്വസമുദായാംഗങ്ങൾ ‘ചിന്നസ്വാമികൾ’ എന്ന ബിരുദനാമം നല്കി ബഹുമാനിച്ചതിൽ ആശ്ചര്യത്തിന് അവകാശമില്ലല്ലോ. കവിരാമായണത്തിൽ മൂലൂർ അദ്ദേഹത്തെ

> “അത്യന്തപ്രതിഭാബലം കവനസംബന്ധാൽ ദിഗന്തംവരെ–
> യ്ക്കുൾത്തുർന്നീടിന കീർത്തി പൂരമിതുകൾക്കൊക്കയ്ക്കുമന്യാദൃശം
> ആസ്ഥാനത്വമിയന്ന ഭാഗ്യനിധിയാമാത്തർക്കവാചാസ്പതി–

ച്ഛാത്രൻ ഹന്ത! കുമാരയോഗി സുമുഖൻ സുത്രാമജിത്താണു താൻ”

എന്നു പ്രശംസിച്ചിരിക്കുന്നു. 1086-ൽ അമ്മ മരിച്ചു. 1074-ാമാണ്ടിടയ്ക്കു ബാംഗളൂരിൽ താമസിച്ചുകൊണ്ടിരുന്ന അവസരത്തിലായിരുന്നു അച്ഛന്റെ നിര്യാണം. മണിമാലയിൽചേർത്തു പ്രസിദ്ധപ്പെടുത്തീട്ടുള്ള ഒരനുതാപം എന്ന ദശശ്ലോകിയിൽ കവി ഇങ്ങനെ വിലപിച്ചിരിക്കുന്നു.

“അച്ഛൻ നന്ദനവത്സലൻ സുചരിതൻ ദ്യോവേറിയസ്സംഭവം
തച്ചീലീവിധമെന്നെയന്നിളയ കാലത്തും പ്രവാസത്തിലും,
അച്ഛിന്നം വളരും പ്രിയങ്ങൾ പരിബാധിക്കാം അതല്ലമ്മയിൽ
സ്വച്ഛന്ദം തനയർക്കെഴും സഹജമാം കൂറൊന്നു വേറൊന്നുമാം.
ശോകത്താലിഹ ‘യോഗസംഗതി’ സമാധാനം തരുന്നീലെനി–
ക്കേകുന്നീല ചിരാനുഭൂതരസമിന്നദ്ധ്യാത്മബോധം സുഖം
ഹാ! കഷ്ടം സുഖമല്ലതാൻ സുഖവുമില്ലെകാന്തികം സൗഖ്യമീ
ലോകപ്രീതി ദശാനിബന്ധിനിയുപാസിക്കുന്നു ദുഃഖത്തെ ഞാൻ.”

1093-ാമാണ്ടുചിങ്ങമാസത്തിലാണ് ആശാൻ തിരുവനന്തപുരം കുന്നുകുഴിയിൽ വയലിൽ വീട്ടിൽ ഭാനുമതിയമ്മയെ വിവാഹംചെയ്തതു്. അതു സമുദായത്തിൽ പല കോളിളക്കങ്ങളുമുണ്ടാക്കി; ഓരോ കാരണവശാൽ വിരോധമുള്ളവർക്ക് അപവാദങ്ങൾ പ്രയോഗിക്കുന്നതിന് ഒരവസരവും ഉൽപ്പാദിപ്പിച്ചു. മഹാത്മാവായ ഗുരുദേവന്റെ പൂർണ്ണാനുമതിയോടുകൂടിത്തന്നെയാണ് അദ്ദേഹം ഗൃഹസ്ഥാശ്രമം സ്വീകരിച്ചതു് എന്നുള്ള വസ്തുത അവർ ധരിച്ചിരുന്നില്ല. അങ്ങനെ അപ്രതീക്ഷിതമായി പൊട്ടിപ്പുറപ്പെട്ട ഒരു കൃതിയാണ് കുയിൽകുമാരൻ. അതു് ആശാനു മർമ്മഭേദകമായി തോന്നിയതിനാൽ അതിനൊരു മറുപടി എന്ന നിലയിൽ ’ഗ്രാമവൃക്ഷത്തിലെ കുയിൽ’ എന്ന പേരിൽ ഒരു കൃതി 1094-ൽ പ്രസിദ്ധീകരിച്ചു. ഒരു ഗ്രാമത്തിലെ മാവിൽ പാടിക്കൊണ്ടിരുന്ന കുയിലിനെ ഒരു ദേവൻ ആശ്വസിപ്പിക്കുന്നു. കുയിൽ ആശാൻതന്നെയാണ്.

“ഖേദിച്ചിടൊല്ല കളകണ്ഠ വിയത്തിൽ നോക്കി
രോദിച്ചിടൊല്ല ഖജയേകമതിജ്ജനത്തിൽ
വേദിപ്പതില്ലിവിടെയുയർന്ന തമോവൃതന്മാ-
രാദിത്യലോകമറിയുന്നിതു നിൻഗുണങ്ങൾ.

ഈവണ്ണമന്യപരിഹാസവിമർദ്ദമേറ്റു
ധാവള്യമേറിയ ഭവൽഗുണമുജ്ജ്വലിക്കും
ദൈവം പരന്റെ നുണ കേൾക്കുകയില്ല സൗമ്യ!
കൈവന്നിടും ശുഭവിഭൂതി നിനക്കു മേന്മേൽ.”

ഇവ ഈ കാവ്യത്തിലെ രണ്ടു ശ്ലോകങ്ങളാണ്. അക്കാലത്തെ ഇതരകൃതികളുടെ മാധുര്യം കുയിലിനുമുണ്ട്. അതിന്റെ പ്രതിപാദ്യം ആത്മകഥാംശമാകയാൽ, അത്രതന്നെ പ്രചാരമില്ലെന്നേയുള്ളൂ. 1097-ൽ വെയിത്സിലെ രാജകുമാരൻ അദ്ദേഹത്തിനു മദിരാശിയിൽവെച്ച് ഒരു കേരളീയമഹാകവി എന്ന നിലയിൽ പട്ടും വളയും സമ്മാനിച്ചു. ആയിടയ്ക്കുതന്നെ തിരുവനന്തപുരത്തുനിന്നു സുമാർ പന്ത്രണ്ടു നാഴിക വടക്കു തോന്നക്കൽ എന്ന സ്ഥലത്ത് ഒരു പുരയിടം വാങ്ങി ഗൃഹം പണിയിച്ച് അവിടെ സ്ഥിരതാമസമാക്കി. ആ സ്ഥലത്തു തന്റെ പുസ്തകങ്ങളുടെ പ്രചരണത്തിനും പ്രചാരത്തിനുമായി ‘ശാരദാ ബുക്കുഡിപ്പോ’ എന്ന പേരിൽ ഒരു പുസ്തകശാലയും സ്ഥാ

പിച്ചു. കുറേക്കാലം ആലുവായിൽ യോഗംവക അദ്വൈതാശ്രമത്തിലെ കാര്യങ്ങളു ടെ ഊർജ്ജിതമായ പര്യവേക്ഷണത്തിനായി സകുടുംബം താമസിക്കുകയും ഉണ്ടാ യിട്ടുണ്ട്. 1099-ാമാണ്ടു മകരമാസം 3-ാംനു തൃക്കുന്നപ്പുഴക്ക് അല്പം വടക്കുള്ള പല്ലന യാറ്റിൽ റെഡിമർ എന്ന ബോട്ടപകടത്തിൽപെട്ട് ഭാഷാകവിതയുടെ ആ പരമോ പകർത്താവു പ്രപഞ്ചയവനികയ്ക്കുള്ളിൽ തിരോധാനം ചെയ്തു. മരിക്കുന്നതുവരെ നാ ട്ടിനേയും സമുദായത്തേയും സർവ്വോപരി സാഹിത്യത്തേയും പകലും രാവും നിസ്തന്ദ്ര മായി സേവിച്ചുകൊണ്ടിരുന്നു.

## കൃതികൾ

1083 വൃശ്ചികത്തിൽ പാലക്കാട്ടു സഞ്ചരിച്ചിരുന്നപ്പോൾ ആശാൻ 'ഒരു വീണ പൂവ്' എന്ന തലക്കെട്ടിൽ 41 ശ്ലോകങ്ങളടങ്ങിയ ഒരു ഖണ്ഡകാവ്യം കോഴിക്കോട്ടുനിന്നു പു റപ്പെട്ടുകൊണ്ടിരുന്ന മിതവാദിയിൽ പ്രസിദ്ധീകരിച്ചു. ഭാഷാപോഷിണിയിൽ 1084-ാമാണ്ടു തുലാം-വൃശ്ചികം ലക്കത്തിൽ സി.എസ്. സുബ്രഹ്മണ്യൻപോറ്റി അതു വീ ണ്ടും പ്രകാശനം ചെയ്തു. അതുമുതല്ക്ക് അദ്ദേഹത്തിന്റെ കൃതികളിൽ അദൃഷ്ടപൂർവ്വങ്ങ ളായ പല ഗുണവിശേഷങ്ങൾ ഭാവുകന്മാർ കണ്ടു. അതുകൊണ്ടു വീണപൂവു വരെ ആശാൻ രചിച്ച നിബന്ധങ്ങളെ അദ്ദേഹത്തിന്റെ പൂർവ്വകാലകൃതികളായും വീണ പൂവ മുതലുള്ളവയെ ഉത്തരകാലകൃതികളായും പരിഗണിക്കുന്നതിൽ പാകപ്പിഴയി ല്ല. പൂർവ്വകാലകൃതികളുടെ പേരുകൾ നിർദ്ദേശിച്ചിട്ടുണ്ട്. (1) ശാങ്കരശതകം, (2) സു ബ്രഹ്മണ്യശതകം, (3) സൗന്ദര്യലഹരി തർജ്ജമ, (4) മേഘസന്ദേശം തർജ്ജമ, (5) വിചിത്രവിജയം നാടകം, (6) പ്രബോധചന്ദ്രോദയം നാടകം (തർജ്ജമ), (7) മൃത്യ ഞ്ജയനാടകം (കണ്ടുകിട്ടാത്തത്), ഇവയും ചില സംസ്കൃതശ്ലോകങ്ങളും ഭാഷാശ്ലോ കങ്ങളും ആ ഇനത്തിൽപ്പെടും. (8) ഒരു വീണപൂവ് (1083), (9) ഒരു സിംഹപ്രസവം (1084), (10) നളിനി (1087), (11) ലീല (1086), (12) ശ്രീബുദ്ധചരിതം കിളിപ്പാട്ട് (1090), (13) ബാലരാമായണം 1092), (14) ഗ്രാമവൃക്ഷത്തിലെ കുയിൽ, (15) പ്രരോദനം (1094), (16) ചിന്താവിഷ്ടയായ സീത (1095), (17) പുഷ്പവാടി (1097), (18) ദുരവസ്ഥ, (19) ചണ്ഡാല ഭിക്ഷുകി (1098), (20) കരുണ, (21) മണിമാല, (22) വനമാല എന്നീ പദ്യകൃതികളാണ് ഉത്തരകാലകൃതികളിൽ പ്രധാനങ്ങൾ, ഇവ കൂടാതെ (23) രാജയോഗം (1090), (24) മൈത്രേയി, (25) മനശ്ശക്തി, (26) ദൈവികമായ പ്രതികാരം എന്നീ ഗദ്യകൃതികളു മുണ്ട്. വിവേകാനന്ദസ്വാമികൾ ഇംഗ്ലീഷിൽ എഴുതീട്ടുള്ള ഒരു പുസ്തകത്തിന്റെ ഭാഷാ നുവാദമാണ് രാജയോഗം. ശ്രീബുദ്ധചരിതം ഒന്നും രണ്ടും കാണ്ഡങ്ങൾ ആദ്യവും മൂ ന്നും നാലും കാണ്ഡങ്ങൾ പിന്നീടും പ്രസിദ്ധപ്പെടുത്തി. അഞ്ചാം കാണ്ഡത്തിന്റേയും കരുണയുടേയും പ്രകാശനം ആശാന്റെ മരണാനന്തരമാണ്. പുഷ്പവാടി, വനമാല, മണിമാല എന്നി മൂന്നു കൃതികൾ കാദാചിൽക്കങ്ങളായ കാവ്യഖണ്ഡങ്ങളുടെ സമാ ഹാരങ്ങളാണ്. ഇവയിൽ ഒടുവിലത്തെ രണ്ടു ഗ്രന്ഥങ്ങളും ആശാന്റെ മരണശേഷം ഭാനുമതിയമ്മ സഞ്ചയിച്ചു. ഉത്തരകാലത്തിലും ചില സംസ്കൃതശ്ലോകങ്ങൾ എഴുതീ ട്ടുണ്ട്.

## ആശാന്റെ കവിതാരീതി

അഗാധമായ തത്വചിന്ത, അനന്യസുലഭമായ ആശയസമ്പത്തി, അചുംബിതമായ ഉല്ലേഖനബാഹുല്യം, അതിസൂക്ഷ്മമായ പ്രകൃതിനിരീക്ഷണം ഇവയോടുകൂടിയ ഒരു മഹാകവി ജാതികൃതമായ പാരതന്ത്ര്യത്തിൽ നിന്നു സ്വദേശത്തെ വിമുക്തമാക്കുവാ നായി ചെയ്യുന്ന നിപുണമായ സേവനത്തിന്റെ വൈപുല്യത്തിന്റേയും വൈമല്യത്തി ന്റേയും അനുരണനം നമുക്ക് ആശാന്റെ മിക്ക കൃതികളിലും കാണാവുന്നതാണ്. കാ

വ്യകാരന്റെ കലാശില്പം അതിന്റെ അത്യുന്നതമായ സൗവർണ്ണശിഖരത്തെ ആരോഹണം ചെയ്ത് അംബരചുംബിയായി പരിലസിക്കുന്നതും നമുക്കു നിരീക്ഷിക്കാം. ആശാനെ സ്നേഹഗായകൻ എന്നു ചിലർ വർണ്ണിക്കുന്നതു ശരിതന്നെ. എന്നാൽ അതു കേവലം വൈഷയികമായ കാമമല്ല. "ധ്രുവമിഹമാംസനിബദ്ധമല്ല രാഗം" എന്ന് അദ്ദേഹംതന്നെ ലീലയിൽ ആ വസ്തുത ഗാനംചെയ്തിട്ടുണ്ട്. അദ്ദേഹത്തിന്റെ ഏതു കൃതിയിലും ആത്മീയമായ ഒരു സന്ദേശം അനുഭവഗോചരമാണ്. ആദ്യം ശിവൻ, സുബ്രഹ്മണ്യൻ തുടങ്ങിയ ഹൈന്ദവദേവതകളെ ഉപാസിച്ചിരുന്ന അദ്ദേഹം ബുദ്ധചരിതം എഴുതിത്തുടങ്ങിയ 1090-ാമാണ്ടുമുതല്ക്കു ബുദ്ധമതതത്വങ്ങളിൽ ലീനചിത്തനായി. ചണ്ഡാലഭിക്ഷുകിയിലേയും കരുണയിലേയും ഇതിവൃത്തം ബുദ്ധമതഗ്രന്ഥങ്ങളിൽനിന്ന് എടുത്തതാണ്. ദുരവസ്ഥ പ്രഥമശ്രവണത്തിൽ വിപ്ലവപരമായി തോന്നാമെങ്കിലും അതിന്റെ പശ്ചാത്തലത്തിൽ മനസ്സിരുത്തുമ്പോൾ നമുക്ക് ആ തോന്നൽ അബദ്ധമാണെന്നു പ്രതിഭാസിക്കാതിരിക്കയില്ല. ഏതെങ്കിലും ഒരു കുറവു പറയുവാനുണ്ടെങ്കിൽ അതു സംസ്കൃതവൃത്തങ്ങളിൽ അദ്ദേഹം രചിച്ചിട്ടുള്ള കൃതികളിൽ അപൂർവ്വം ചില ഭാഗങ്ങൾക്കു ശബ്ദമാധുര്യം കുറയുമെന്നുള്ളതാണ്. അതിന്റെ കാരണം എന്റെ അറിവിലും അനുമാനത്തിലും പെട്ടിടത്തോളം അതിലുള്ള അശ്രദ്ധയാണ്. അർത്ഥപരമ്പര തള്ളിക്കേറി പ്രവാഹരൂപത്തിൽ പാഞ്ഞുവരുമ്പോൾ അതിനെ ശബ്ദസേതുകൊണ്ടു നിയന്ത്രിക്കുന്നതു സമീചീനമല്ലെന്നായിരിക്കണം അദ്ദേഹത്തിന്റെ മനോഗതി. അല്ലാതെ 1079 വരെ അനുസ്യൂതമായി സാമാന്യേന നിലനിന്നുപോന്ന ശ്രവണസുഖം 1083-ൽ പെട്ടെന്നു തിരോഭവിച്ചുവരുന്നതു സാധാരണമല്ലല്ലോ. ദ്രാവിഡവൃത്തങ്ങളിൽ ഗ്രഥിതങ്ങളായ കൃതികൾക്ക് ഈ ന്യൂനതയൊട്ടില്ലതാനും. ആശാനെ കേരളത്തിലെ ഒരു പ്രഥമഗണനീയനായ കവിയായി നാം കൊണ്ടാടുന്നത് ഏതു പ്രകാരത്തിൽ നോക്കിയാലും സമുചിതംതന്നെ. അദ്ദേഹത്തിന്റെ കൃതികളോളം വിമർശകന്മാരുടെ മണ്ഡനത്തിനും ഖണ്ഡനത്തിനും വിഷയീഭവിച്ചിട്ടുള്ള കാവ്യങ്ങൾ വേറെയില്ല. അദ്ദേഹത്തിന്റെ ചില നായികമാരിൽ ഹൃദയദൗർബ്ബല്യവും നായകന്മാരിൽ ഹൃദയകാർക്കശ്യവും ആരോപിക്കുന്നവർ കുറേക്കൂടി നിഷ്കർഷിച്ച് ഉദ്ദേശ്യം ഗ്രഹിച്ചു പ്രസ്തുതകൃതികൾ അനുസന്ധാനം ചെയ്യേണ്ടതാണ്. ഇനി ചില വാങ്മയങ്ങളെപ്പറ്റി സ്വല്പം ഉപന്യസിക്കാം.

## പൂർവ്വകാലകൃതികൾ

"ചൊല്ലേറും ശക്തിയോടൊത്തിഹ ശിവനഖിലംചെയ്യുവാൻ ശക്തനാകു-
ന്നല്ലെന്നാൽച്ചെറ്റനങ്ങുന്നതിനുമറികിലദ്ദേവനാളല്ലയല്ലോ;
മല്ലാക്ഷൻ ശംഭുമുൻപാം മഹിതവിബുധരാൽമാന്യയാം നിന്നെ വാഴ്ത്തി-
ച്ചൊല്ലാനും കുമ്പിടാനും ജനനി! പുനരിതാർക്കാവു പുണ്യം പെറാഞ്ഞാൽ."
(സൌന്ദര്യലഹരി)

"ദേവൻതൻ ക്രോധമാകും ദഹനശിഖകളിൽദ്ദേഹമാഹന്ത! വെന്താ–
പ്പൂവമ്പൻ വന്നുവീണാൻ ഝടിതി ഭവതിതൻ നാഭിയാം വാപിതന്നിൽ
ആവിശ്യ്യാമാഭമപ്പോൾച്ചെറിയ പുക പുറപ്പെട്ടു മേൽപ്പോട്ടതിന്നും
ഭാവിച്ചിടുന്നു ലോകം ജനനി! ഭവതിതൻ രോമദാമാഭയെന്നും."
(സൗന്ദര്യലഹരി)

"കാണപ്പെട്ടുള്ള കൃത്യസ്ഖലനമതിനൊരാണ്ടാർന്നു കാന്താവിയോഗം
ക്ഷീണശ്രീയാകുമാറാദ്ധനദനുടെ കടുംശിക്ഷയാൽ യക്ഷനേകൻ
വാണാൻ വൈദേഹി നീരാടിയ മഹിമയെഴും വാരിയും ഭൂരിവൃക്ഷ–

ശ്രേണിച്ഛായാഭിരാമാങ്ഗണനിരയുമെഴും രാമഗിര്യാശ്രമത്തിൽ."
(മേഘസന്ദേശം)

"കത്തും വൻകാട്ടുതീയിൽക്കഠിനമഴ പൊഴിക്കുന്ന നീ ചെന്നണഞ്ഞാ–
ലധ്വക്ലേശം കെടുക്കും നിജശിരസി വഹിച്ചാമ്രകൂടാദ്രിയപ്പോൾ
അത്യല്പൻപോലുമേതെങ്കിലുമുപകൃതിചെയ്തുള്ള മിത്രം വരുമ്പോൾ
പ്രത്യേകം പൂജചെയ്യുന്നതി ലഭിമുഖനാം പിന്നെയെന്താ മഹാത്മാ?"
(മേഘസന്ദേശം)

"ഏറെക്കല്പമിരുന്നിടുന്ന വിധിയോടിന്ദ്രാദിവൃന്ദാരക-
ന്മാരും മറ്റു മനുക്കളും മുനികളും മണ്ണാ മഹാംഭോധിയും
നീരിൽപ്പോളകൾപോലിരുന്നു നിധനം പ്രാപിക്കവേ പിന്നെയി–
പ്പാരിൽ ഭൗതികപിണ്ഡനാശമതിലിന്നെന്തുള്ളു ചിന്തിക്കുവാൻ?"
(പ്രബോധചന്ദ്രോദയം)

"ഞെട്ടിപ്പോകുന്ന ഘോരാകൃതി പുരുഷകപാലങ്ങളാൽക്കർണ്ണപൂരം
പൊട്ടും മിന്നൽപ്പൊരി പ്രേക്ഷണമനലകഡാരാഭമാക്കേശപാശം
ദംഷ്ട്രാ വക്രേന്ദുമധ്യേ രസനയിഴയുയമാബ്ഭൈരവീരൂപമോർക്കിൽ–
പ്പെട്ടെന്നുള്ളം നടുങ്ങുന്നിളയ കദളിതൻകന്നുപോലിന്നുമയ്യാ!"
(പ്രബോധചന്ദ്രോദയം)

"രാവിൽപ്പണ്ടതിരമ്യസൗധമതിൽ നാം മഞ്ചത്തിൽ മന്ദസ്മിതം
തൂവിത്തൂവി രമിക്കുവാൻ പുതുനിലാവെന്നും കൊതിച്ചില്ലയോ?
ഈവണ്ണം കട്ടകാളരാത്രിയതുപോലേകുന്നിതിപ്പോൾ ഭയം
ഭാവിപ്പാനരുതാർക്കുമിബ്ഭുവനഭോഗത്തിൻവിവർത്തം പ്രിയേ!"
(വിചിത്രവിജയം)

"ഇന്നാളല്ലിയിരുണ്ടൊരാ മിഴിയയച്ചൾപ്രേമസംവിഗ്നയായ്–
ച്ചൊന്നാൾ ജീവിതമെന്റെ ദർശനമിതൊന്നത്രേ നിനക്കെന്നു നീ?
മന്ദൻ ഞാൻ കനിവെന്നിയേയതു മറന്നീടുന്നു ഭർത്സിക്കൊലാ
സന്ദർഭങ്ങളിലേതകൃത്യവുമഹോ! ചെയ്യും മനുഷ്യൻ ശുഭേ!"
(വിചിത്രവിജയം)

അഞ്ചങ്കത്തിലുള്ള ഈ സ്വതന്ത്രനാടകം പ്രബോധചന്ദ്രോദയത്തെക്കാൾ ഹൃദ്യമാണ്. പ്രബോധചന്ദ്രോദയംതന്നെ ആ നാടകത്തിന്റെ മറ്റു മലയാളതർജ്ജമകളെക്കാൾ വളരെ മേലേക്കിടയിലാണ് നില്ക്കുന്നതെന്നും പറയേണ്ടതുണ്ട്.

## ചില സംസ്കൃതശ്ലോകങ്ങൾ

ആശാൻ സംസ്കൃതത്തിൽ ഏതാനും ശ്ലോകങ്ങളേ എഴുതീട്ടുള്ളു. എന്നാൽ അവയും ആസ്വാദ്യങ്ങളായിട്ടുണ്ട്. അധോലിഖിതമായ ശ്ലോകം ഭാഷാ മേഘസന്ദേശത്തിന്റെ ആരംഭത്തിൽ കാണുന്നു.

"ക്വ വാ വ്യാസഃ പ്രാചേതസ ഇതി ച ശാന്തോ മുനിജനഃ?
പുരാവൃത്താരംഭഃ ക്വ ച വിതതവീരോജ്ജ്വലരസഃ?
കവീന്ദ്രോക്തിവ്യാഖ്യാവിധിഷു യ ജഹി ജിഹ്വേ വിമുഖതാം
വിചിത്രവ്യാപാരാ ഖലു വിഹിതസംഗേ വിധിസുതാ."

"വിശ്വോത്തരോസി ഭഗവൻ! ഖലു ദശനീയ–

സ്തുഞ്ചാപ്തയഞ്ച ഗുഹ! വാഹപരിഗ്രഹസ്തേ
ചിത്രം തനോതി ഘടനാ യുവയോർമ്മമേയം
ബാലാർക്കപൂർവ്വധരയോരിവ ലോകരമ്യം."

(ശിഖിവാഹനധ്യാനദശകം– 1081)

"സേവേ ഭവന്തമനിശം ഹൃദയസ്ഥ! കിഞ്ചി-
ന്നാഭ്യർത്ഥയേ സ്വയമവിജ്ഞതയാ ഹി തസ്യ
യച്ഛ്രേയസേ മമ കുരുഷ്വ യതഃ പ്രപദ്യേ
ത്വാം ദേവ! താരകജിതം ജിതസർവ്വലോകം."

(ശിഖിവാഹനധ്യാനദശകം)

1087-ൽ വലിയ കോയിത്തമ്പുരാന്റെ മയൂരസന്ദേശം സംസ്കൃതത്തിലേക്കു വിവർത്തനം ചെയ്യുവാൻ ആരംഭിച്ചതായി അറിയാം. അതിലെ ആദ്യത്തെ ശ്ലോകംമാത്രമേ കണ്ടുകിട്ടീട്ടുള്ളൂ.

"ശ്രീമാൻ വഞ്ചിക്ഷിതിഭൃദുരഗർക്ഷോദ്ഭവോ ഭാഗിനേയീം
ലക്ഷ്മീം വിശ്വോത്തരഗുണഗണൈസ്താം സ തൈസ്തൈർഗ്ഗരിഷ്ഠാം
ആർത്താം കുർവ്വൻ പ്രണയവസതേഃ പ്രേയസോ വിപ്രയോഗാ–
ച്ചിക്ഷേപേ തം ബത നിരവധൌ കേരളം ദുഃഖസിന്ധൌ."

## ഒരു വീണപൂവും ഒരു സിംഹപ്രസവവും

താഴെ വീണു കിടക്കുന്ന ഒരു പൂവിനെക്കണ്ടു് ഒരു സമസൃഷ്ടസ്നേഹിയായ ഉത്തമകവി തനിക്കു് ഉള്ളിൽ കുതിച്ചുപൊങ്ങുന്ന വികാരപരമ്പരയെ 'ഒരു വീണ പൂവിൽ' തദുചിതങ്ങളായ ഭാവങ്ങളുടെ ഉന്മീലനനിമീലനങ്ങളെക്കൊണ്ടു സകലസഹൃദയന്മാരുടേയും ഹൃദയങ്ങളെ ആകർഷിക്കുമാറു ചിത്രണം ചെയ്തിരിക്കുന്നു.

"ഹാ! പുഷ്പമേ! അധികതുംഗപദത്തിലെത്ര
ശോഭിച്ചിരുന്നിതൊരു രാജ്ഞികണക്കയേ! നീ?
ശ്രീ ഭൂവിലസ്ഥിരയസംശയമിന്നു നിന്റെ–
യാ ഭൂതിയെങ്ങു പുനരെങ്ങു കിടപ്പിതോർത്താൽ?

എന്ന ശ്ലോകത്തിൽ ആരംഭിച്ചു്

"കണ്ണേ! മടങ്ങുക, കരിഞ്ഞുമലിഞ്ഞുമാകെ
മണ്ണാകുമീ മലരു, വിസ്മൃതമാകുമിപ്പോൾ;
എണ്ണീടുകാർക്കുമിതുതാൻ ഗതി സാധ്യമെന്തു
കണ്ണീരിനാൽ? അവനിവാഴ്‌വു കിനാവു കഷ്ടം!"

എന്ന ശ്ലോകത്തിൽ അവസാനിക്കുന്നു. ആയുസ്സിനെ ക്ഷണഭംഗുരതയെപ്പറ്റി ആർക്കും ബോധമുണ്ടാകുവാൻ ഈ ഒരു ഖണ്ഡകാവ്യം വായിച്ചാൽ മതി. തിരുവനന്തപുരത്തു കാഴ്ചബംഗ്ലാവിലെ തോട്ടത്തിൽ ഒരു സിംഹം പ്രസവിച്ചുകിടക്കുന്നതു കണ്ടപ്പോൾ എഴുതിയതാണ്. മുപ്പത്താറു ശ്ലോകങ്ങൾ ഉൾക്കൊള്ളുന്ന ഒരു സിംഹപ്രസവം. ഏതു ക്രൂരജന്തുവിനും അപത്യസ്നേഹമുണ്ടെന്നും അന്യഥാ സർക്കാരിന്റെ മേൽനോട്ടത്തിൽ സുഖമായിക്കഴിഞ്ഞുകൂടുന്നവർക്കും പാരതന്ത്ര്യം സന്താപഹേതുകമാണെന്നും മറ്റും കവി ലോകത്തെ ഈ കൃതിയിൽ ഉപദേശിക്കുന്നു.

“കരളിൽക്കനിവാർന്നിടുന്നതേ
ഖരകണ്ഠീരവിതാനമീവിധം;
ഒരു ജന്തുവിനും സ്വപുത്രരിൽ–
പ്പുരുഷത്വം വിധിയേകിയില്ലതാൻ.”

സിംഹശാബകങ്ങളെ നോക്കി ആ ഭാവനാകുശലൻ പറയുകയാണ്

“ജനവാതിലിലൂടെ കാട്ടിയീ–
യനഘോദ്യാനമസാരമെങ്കിലും
ജനയിത്രിയുദാഹരിച്ചിടാം
ഘനഗംഭീരമഹാടവീതടം.

മലയും ഗുഹയും മൃഗങ്ങൾതൻ
കുലവും കാട്ടുമടക്കിവാണതും
പലതമ്മ പറഞ്ഞു കേട്ടിടാം
കുലകൂടസ്ഥപരാക്രമക്രമം.”

## നളിനി

നളിനിയാണ് ആശാന്റെ കൃതികളിൽ അത്യുൽക്കൃഷ്ടമെന്നു ചിലർ പറയാറുണ്ട്. അദ്ദേഹത്തിന്റെ വാങ്മയങ്ങളെ അങ്ങനെ തരംതിരിക്കുന്നത് എളുപ്പമല്ല. എന്നാൽ അദ്ദേഹത്തിന്റെ അലൗകികമായ ശൃംഗാരരസത്തിന്റെ ആവിഷ്കരണത്തിന് അതിനെ ഒരു പരമമാതൃകയായി പരിഗണിക്കാം. നളിനിക്കു തന്റെനേരെയുള്ള പരിശുദ്ധമായ പ്രേമവും അതിലേക്കുവേണ്ടിയുള്ള സർവ്വസ്വാർപ്പണവും ശരീരത്യാഗവും ദിവാകരൻ എന്ന യോഗിവര്യന്റെ അശ്മകർക്കശമായ ഹൃദയത്തിനെക്കൂടി അല്പനേരത്തേക്ക് അലിയിക്കുന്നു.

“ആരറിഞ്ഞു തനുഭൃത്തുകൾക്കു നി–
സ്സാരമേവമസുബന്ധമെന്നഹോ?
നാരി നിന്നിളവയസ്സിതേതു ഹൃ-
ത്താരിയന്ന പരിപാകമേതയേ?

ഹന്ത! സാധ്വി! മധുരീകരിച്ചു നീ
സ്വന്തമൃത്യു സുകുമാരചേതനേ!
എന്തു നാണമിയലാം ഭവജ്ജിതൻ
ജന്തുഭീകരകരൻ ഖരൻ യമൻ!

ആകുലത്വമിയലില്ല യോഗി ഞാൻ
ശോകമില്ലിനി നിനക്കുമേതുമേ
നീ കുലീനഗുണദീപികേ! വിട്ടും
ലോകമാണു ദയനീയമെൻപ്രിയേ!”

എന്നും മറ്റുമാണ് തന്റെ തോളിൽത്തന്നെ ചാഞ്ഞുവീണു മരിച്ച ആ തപസ്വിനിയെപ്പറ്റി അദ്ദേഹം വിലപിക്കുന്നത്. ഒന്നുരണ്ടു ശ്ലോകങ്ങൾകൂടി പ്രദർശിപ്പിക്കാം.

“ഹാ! ഹസിക്കരുതു ചെയ്തു കേവലം
സാഹസിക്യമിവളെന്നു; സാധ്വിയാൾ
ഗേഹവും സുഖവുമൊക്കെ വിട്ടു തൻ

സ്നേഹമോതിയതു ചെയ്തതാണിവൾ."

"സ്നേഹമാണഖിലസാരമൂഴിയിൽ;
സ്നേഹസാരമിഹ സത്യമേകമാം;
മോഹനം ഭവനസംഗമിങ്ങതിൽ
സ്നേഹമൂലമമലേ! വെടിഞ്ഞു ഞാൻ."

ഇതു ദിവാകരൻ നളിനിക്കു നല്കുന്ന ഉപദേശമാണ്. നളിനിയെ ഒരവതാരിക കൊണ്ടു് അലങ്കരിച്ചതു് ഏ. ആർ. രാജരാജവർമ്മകോയിത്തമ്പുരാനാണെന്നുകൂടി ഇവിടെ സ്മരണീയമാണ്.

## ലീല

ലെയ്‌ലാ, മജ്ജുൻ എന്നിവരെ യഥാക്രമം നായികാനായകന്മാരാക്കിക്കൊണ്ടു ഹാഫീസ് എന്ന പാരസീക മഹാകവി ഒരു കാവ്യം നിർമ്മിച്ചിട്ടുണ്ട്. അതുതന്നെയാണ് ലീലയിലേയും കഥാവസ്തു എങ്കിലും ആശാൻ അതിന്റെ ഒരു സംക്ഷേപം ഒരു ഇംഗ്ലീഷ് മാസികയിൽ ഒരിക്കൽമാത്രമേ വായിച്ചിരുന്നുള്ളു. നളിനിയെക്കാൾ ലീലയിൽ ലൗകിക സംഭവങ്ങളുടെ പ്രതിഫലനവും അധികമായി കാണാം. ലീലയും മദനനും പ്രണയബദ്ധരാകുന്നതും ലീലയെ ബന്ധുക്കൾ ധനവാനായ ഒരു വണിക്കിനെക്കൊണ്ടു വിവാഹം ചെയ്യിക്കുന്നതും തന്നിമിത്തം മദനൻ ഉന്മാദത്തിനു വശംവദനായി "ലീലേ! ലീലേ!" എന്നു നർമ്മദാതീരത്തിലെ വനങ്ങളിൽ വിലപിച്ചുകൊണ്ട് അലഞ്ഞുതിരിയുന്നതും ഒടുവിൽ ലീല വിധവയായതിനുമേൽ തന്റെ പ്രാണനാഥൻ ജീവിച്ചിരിക്കുന്നുണ്ടെന്നു തോഴി മാധവിമുഖേന മനസ്സിലാക്കി അങ്ങോട്ടു പാഞ്ഞു ചെല്ലുന്നതും ഒരു നിമിഷത്തെ സമാഗമത്തിനുശേഷം അവിടെനിന്നോടിപ്പോയി മദനൻ നർമ്മദയിൽ ആത്മഹത്യചെയ്യുന്നതും അനന്യശരണയായ ലീല അവിടെത്തന്നെ താനും ചാടിമരിച്ചു കൃതകൃത്യയാകുന്നതും കവി അന്യാദൃശമായ കവിധർമ്മജ്ഞതയോടുകൂടി ചിത്രണം ചെയ്തിരിക്കുന്നു. സൂക്ഷ്മദേഹം ലഭിച്ച ആ ദമ്പതിമാർ മാധവിക്കു നല്കുന്ന തത്ത്വോപദേശമാണ് കാവ്യത്തിന്റെ സാരസർവ്വസ്വം."നളിനിയിലെ നായികാനായകന്മാർ രാജസം മിക്കവാറും വിട്ടു സാത്വികാവസ്ഥയിൽ എത്തിനില്ക്കുന്ന പുണ്യാത്മാക്കളാണ്. അതിനുമുൻപുള്ള അവസ്ഥകളിലാണല്ലോ ജീവിതത്തിന്റെ കഷ്ടതകളും മാനസികരഹസ്യങ്ങളും അധികം അടങ്ങിയിരിക്കുന്നതു്. അതുകൊണ്ടു നളിനിയിലെ പാത്രങ്ങളുടെ അടുത്ത താണപടിയിൽ എത്തീട്ടുള്ള ജീവിതങ്ങളെപ്പറ്റിയാണ് പിന്നെ എഴുതേണ്ടതായി തോന്നിയതു്" എന്നു കവിതന്നെ അതിനുള്ള കാരണത്തെപ്പറ്റി പ്രതിപാദിക്കുന്നുമുണ്ട്. പ്രസ്തുതതത്ത്വോപദേശം താഴെച്ചേർക്കുന്നു.

"ആരും തോഴീ! യുലകിൽ മറയുന്നില്ല, മാംസം വെടിഞ്ഞാൽ–
ത്തീരുന്നില്ലീ പ്രണയജടിലം ദേഹിതൻ ദേഹബന്ധം
പോരും ഖേദം പ്രിയസഖി! ചിരം വാഴ്ക മാഴ്കാതെ വീണ്ടും
ചേരും നാം കേൾ വിരതഗതിയായില്ല സംസാരചക്രം."

ഇതാ മറ്റു ചില ശ്ലോകങ്ങൾ;

"ക്ഷിതിയിലഹഹ! മർത്ത്യജീവിതം
പ്രതിജനഭിന്നവിചിത്രമാർഗ്ഗമാം
പ്രതിനവരസമാമതോർക്കുകിൽ

കൃതികൾ മനുഷ്യകഥാനുഗായികൾ.”

“അപഥമതിലവൻ നടന്നതി–
ല്ലപരയെയോർത്തതുമില്ല നാരിയായ്
അപകൃതനവളോടു വൈരമി–
ല്ലപചയമാർന്നതുമില്ല സൗഹൃദം.”

“കുസുമിതവനകാന്തിയാത്മകാന്ത–
വ്യസനിനി ലീല വിചാരിയാതെ പോയാൾ
അസുലഭമണി തേടുവോർ ഗണിക്കി–
ല്ലസദൃശമാകരമാർന്ന ധാതുഭംഗി.”

“കുരുതുവതിഹ ചെയ്യുവയ്യ; ചെയ്‌വാൻ
വരുതി ലഭിച്ചതിൽ നിന്നിടാ വിചാരം;
പരമഹിതമറിഞ്ഞുകൂടയായുഃ–
സ്ഥിരതയുമില്ലതിനിന്ദ്യമീ നരത്വം.”

“ദയയൊടവൾ തലോടിയുമ്മവച്ചാൾ
ദയിതനെ രാഗമിരുന്ന ഹൃത്തടത്തിൽ
നിയതമഴൽ ചുടുന്ന നെറ്റിമേലും
പ്രിയതമ, പൈതലെയമ്മയെന്നപോലെ.”

## പ്രരോദനം

1093-ൽ ഏ.ആർ. രാജരാജവർമ്മ കോയിത്തമ്പുരാന്റെ അപ്രാപ്തകാലമായ ദേഹവിയോഗത്തിൽ ഹൃദയം നീറി ആശാൻ രചിച്ച ഒരു മനോജ്ഞമായ വിലാപകാവ്യമാണ് പ്രരോദനം. നിരവധി പ്രപഞ്ചതത്വരഹസ്യങ്ങൾ ഈ കൃതിയിലും നമുക്കു ദർശിക്കാം.

“വ്യോമത്തിൻ മലിനത്വമേറ്റിയവിടെപ്പൊങ്ങുന്നതെന്തോ മഹാ–
ഭീമത്വം കലരുന്ന കാലഫണിതൻ ജിഹ്വാഞ്ചലംപോലവേ
ശ്രീമൽഭാസുരശാരദാലയമഹാദീപം കലാശിച്ചെഴും
ധൂമത്തിൻ നികരുംബമല്ലി? വസുധേ! കേണീടു കേണീടു നീ.”

“കഷ്ടം സ്ഥാനവലിപ്പമോ പ്രഭുതയോ സജ്ജാതിയോ വംശമോ
ദൃഷ്ടശ്രീതനുധാടിയോ ചെറുതുമിങ്ങോരില്ല ഘോരാനലൻ
സ്പഷ്ടം മാനുഷഗർവ്വമൊക്കെയിവിടെപ്പൂക്കസ്തമിക്കുന്നിതി–
ങ്ങിഷ്ടന്മാർ പിരിയുന്നു ഹാ! ഇവിടമാണധ്യാത്മ വിദ്യാലയം!”

“വത്സേ! കൈരളി! യാശ്വസിക്ക വിധിസങ്കല്പത്തെ മാനിക്ക നിൻ
ഹൃത്സേതുക്കൾ തകർത്ത മോഹനദി വിട്ടേറീടുകെൻ പൈതലേ!
സത്സേവ്യേ! സഖി! കേരളാവനി! കുഴഞ്ഞീടായ്ക ദുഃഖങ്ങളിൽ
ചിത്സേകച്യുതമോഹനായ ഭഗവൽപാദന്റെ മാതാവു നീ.”
“ആകാശങ്ങളെയണ്ഡരാശികളൊടും ഭക്ഷിക്കുമാകാശമാ-
യീ കാണുന്ന സഹസ്രരശ്മിയെയിരുട്ടാക്കും പ്രഭാസാരമായ്
ശോകാശങ്കയെഴാത്ത ശുദ്ധസുഖവും ദുഃഖീകരിക്കുന്നതാ–
മേകാന്താദ്വയശാന്തിഭൂവിനു നമസ്കാരം നമസ്കാരമേ.”

## ചിന്താവിഷ്ടയായ സീത

സഗർഭയായ സീതാദേവിയെ പ്രജാരഞ്ജനത്തിനുവേണ്ടി ശ്രീരാമചന്ദ്രൻ അരണ്യത്തിൽ പരിത്യജിച്ച ഇതിഹാസമാണല്ലോ ഉത്തരരാമായണത്തിലെ ഇതിവൃത്തം. അങ്ങനെ അവിടെ താമസിക്കുന്നകാലത്ത് ഒരു ദിവസം ആ സതീരത്നത്തിന്റെ ഹൃദയകുഹരത്തിൽനിന്നു പ്രവഹിച്ച വിവിധ വികാരങ്ങളെയാണ് കവി പ്രസ്തുതകൃതിയിൽ പ്രതിഫലിപ്പിക്കുന്നത്. അത് ധർമ്മപത്നി മരിച്ചുപോയിരിക്കാമെന്നുള്ള വിചാരത്തിൽ ആ ദേവിയുടെ കാഞ്ചനപ്രതിമ മുന്നിൽ വച്ചുകൊണ്ടു ശ്രീരാമചന്ദ്രൻ അശ്വമേധയാഗം നടത്തുവാൻ തീർച്ചപ്പെടുത്തിയ അവസരം. വാല്മീകിമഹർഷിയോടുകൂടി സീത ആ യാഗത്തിൽ സന്നിഹിതയായി. എന്നാൽ

> "മിണ്ടാതന്തികമെത്തിയൊന്നനുശയകാന്താസ്യനാം കാന്തനെ–
> ക്കണ്ടാൾ പൗരസമക്ഷമന്നിലയിലീ ലോകം വെടിഞ്ഞാൾ സതി!"

എന്നതായിരുന്നു ഉത്തരക്ഷണത്തിലെ സംഭവം. സീതയുടെ ചില ചിന്തകൾ സ്വല്പം പരുഷങ്ങളായിട്ടുണ്ടെങ്കിൽ കവിയുടെ ഭാവനയിൽ പൊന്തിവരുന്നത് ഒരു ദിവ്യവനിതയല്ല, ഒരു മാനുഷിയാണെന്നു സമാധാനപ്പെട്ടുകൊണ്ടാൽ മതി. പോരെങ്കിൽ

> "ക്ഷുഭിതേന്ദ്രിയ! ഞാൻ ഭവാനിലി–
> ന്നുപദർശിച്ച കളങ്കരേഖകൾ
> അഭിമാനിനിയാം സ്വകാന്തയിൽ–
> ക്കൃപയാൽ ദേവ! ഭവാൻ ക്ഷമിക്കുക."

> "നിരുപിക്കുകിൽ നിന്ദ്യമാണു മ–
> ച്ചരിതം ഞാൻ സുചരിത്രയെങ്കിലും
> ഉരുദുഃഖനിരയ്ക്കു നല്കിനേ–
> നിരയായിപ്പലവാറു കാന്തനെ."

എന്നും മറ്റും ദേവിതന്നെ ക്ഷമായാചനാരൂപത്തിൽ ആ പ്രലാപം അവസാനിപ്പിക്കുന്നുണ്ടെന്നുള്ള വസ്തുതയുംവിസ്മരണീയമല്ലല്ലോ.

> "മുടിയിൽക്കൊതി ചേർത്തു പുത്രനെ–
> ജ്ജടിയാക്കും ചിലർ; തൽകുമാരരോ
> മടി വിട്ടു മഹാവനത്തിലും
> വെടിയും ദോഹദമാർന്ന പത്നിയെ."

> "സമദൃഷ്ടി സമർത്ഥചിന്തനം
> ക്ഷമയന്യോന്യഗുണാനുരാഗിത
> ക്രമമായിവയെക്കരണ്ടിടാം
> ശ്രമമറ്റാന്തരഗർവ്വമൂഷികൻ."

> "പറവാൻ പണി, തൻപ്രിയെക്കൊരാൾ
> കുറ ചൊന്നാൽ സഹിയാ കുശീലനും
> കറയെന്നിലുരപ്പതുത്തമൻ
> മറപോലെങ്ങനെ കേട്ടു മന്നവൻ?"

> "വിഷയാധിപധർമ്മമോർത്തഹോ!
> വിഷമിച്ചിങ്ങനെ ചെയ്തതാം നൃപൻ

വിഷസംക്രമശങ്കമൂലമായ്
വിഷഹിക്കും ബുധരങ്ഗകൃന്തനം."

ഇവ ഈ കാവ്യത്തിലെ മറ്റു ചില ശ്ലോകങ്ങളാണ്. ലീലയെപ്പോലെ അലങ്കാരോജ്ജ്വലമല്ല സീത; അതിന്റെ ഹൃദയഹാരിത്വം പ്രായേണ സ്വഭാവോക്തിയിലും അർത്ഥാന്തരന്യാസത്തിലും മറ്റും അധിഷ്ഠിതമായിരിക്കുന്നു.

## ദുരവസ്ഥ

ഇതുവരെ നാം വിവരിച്ച കാവ്യങ്ങൾ സംസ്കൃതവൃത്തങ്ങളിലാണല്ലോ നിബന്ധിച്ചിരിക്കുന്നത്. ഇനിയത്തെ മൂന്നു കാവ്യങ്ങളും, അതായതു ദുരവസ്ഥ, ചണ്ഡാലഭിക്ഷുകി, കരുണ ഇവ, നിർമ്മിച്ചിരിക്കുന്നതു ദ്രാവിഡവൃത്തങ്ങളിലാണ്. ശ്രീബുദ്ധചരിതം നാലു കാണ്ഡങ്ങൾ എഴുതിയതിനുമുൻപുതന്നെ കേകാദിമാർഗ്ഗങ്ങളിൽ സഞ്ചരിക്കുന്നതിനു വേണ്ട കൃതഹസ്തത കവി സമ്പാദിച്ചുകഴിഞ്ഞിരുന്നു. ജാതികൃതങ്ങളും ആചാരോൽപന്നങ്ങളുമായ അസമത്വയാതനകളിൽനിന്ന് അധഃസ്ഥിതജനങ്ങളെ സമുദ്ധരിക്കുക എന്നുള്ളതാണ് ഇവയിൽ ആദ്യത്തെ രണ്ടു കൃതികളേയുംകൊണ്ടു കവി സാധിക്കുവാൻ ഉദ്യമിക്കുന്നത്. വർത്തമാനകാലത്തു വായനക്കാരുടെ മുൻപിൽ നടന്ന ഒരു സങ്കല്പസംഭവത്തെ ആസ്പദമാക്കി ആശാൻ ദുരവസ്ഥ മാത്രമേ രചിച്ചിട്ടുള്ളു. ബ്രിട്ടീഷ്മലബാറിലെ ഒരന്തർജ്ജനം മാപ്പിളലഹളക്കാലത്തു തന്റെ ഇല്ലം കൊള്ളക്കാർ ആക്രമിച്ചപ്പോൾ പ്രാണരക്ഷയ്ക്കായി അവിടം വിട്ട് ഓടിപ്പോയി ചാത്തൻ എന്ന ഒരു പുലയയുവാവിന്റെ ചാളയിൽ ചെന്നു ചേർന്നു. ആ യുവതിയെ നാട്ടിലേക്കു മടങ്ങിയാൽ സ്വജനങ്ങൾ ജാതിഭ്രഷ്ടയായല്ലാതെ കരുതുകയില്ലല്ലോ. അതിനാൽ അവൾക്കു ഭാവിജീവിതം അന്ധകാരമയമായിത്തോന്നി. കരണീയമെന്തെന്നുള്ള ഉപരിചിന്തയിൽ തന്നെ സ്നേഹിക്കുന്ന ഒരു പുരുഷനെങ്കിലും—അതായതു ചാത്തൻ തന്നെ —ഭൂമിയിലുണ്ടല്ലോ എന്നു കണ്ട് ആ സാധ്വി സമാശ്വസിച്ചു. ആ സാത്വികനിൽ ആദ്യമായുണ്ടായ അനുകമ്പ പടവുകൾ കയറി ഗാഢമായ അനുരാഗമായി പരിണമിച്ചു. ഒടുവിൽ അവർ അഗ്നിസാക്ഷിയായി വിവാഹംചെയ്തു ഭാര്യാഭർത്താക്കന്മാരായിത്തീർന്നു. ഉൽകൃഷ്ടമായ ഒരു ധർമ്മാദർശത്തെ പുരസ്കരിച്ചുള്ള കൃത്യബോധത്താൽ പ്രേരിതനായാണ് താൻ ആ കവിത എഴുതുന്നത് എന്ന് ആശാൻ പറഞ്ഞിട്ടുള്ളതു പരമാർത്ഥമാണ്. സാവിത്രിക്കു സംഭവിച്ച ആ കുടുംബസംബന്ധമായ ദുരവസ്ഥയുടെ പരിപാകം അങ്ങനെയല്ലാതെ വരുവാൻ മാർഗ്ഗമില്ല; അങ്ങനെതന്നെ വരികയും വേണം. കാലക്രമത്തിൽ ജാതിമതവ്യത്യാസങ്ങൾ ഭൂമുഖത്തിൽ നാമാവശേഷങ്ങളാകും. അപ്പോൾ അത്തരത്തിലുള്ള ഒരു പശ്ചാത്തലത്തിന്റെ ആവശ്യകത താദൃശമായ ഒരു വിവാഹത്തിന് ഉണ്ടാകുന്നതുമല്ല. ചില ഈരടികൾ പകർത്താം.

### ദുരവസ്ഥയിലെ പുലമാടം

"അങ്ങടുത്തായ് മേഞ്ഞു നാളേറെയായ് നിറം
മങ്ങിപ്പതിഞ്ഞ പാഴ് പുല്ലുമാടം

കാണാം ചെറുതായകലെ നിന്നാലൊരു
കൂണെന്നപോലെ വയൽവരമ്പിൽ.

അന്തികത്തിൽച്ചെല്ലുന്തോറുമൊരു ചൊവ്വും
ചന്തവുമില്ലക്കുടിലു കണ്ടാൽ.

വൃത്തവും കോണും ചതുരവുമില്ലതി—

ലെത്തി നോക്കീട്ടില്ല ശില്പിതന്ത്രം.

വണ്ണം കുറഞ്ഞൊരു രണ്ടു ചാൺ പൊക്കത്തിൽ
മണ്ണുചുവരുണ്ടകത്തു ചുറ്റും.

കോണും മുഴകളും തീർത്തിട്ടില്ലായതിൽ–
ക്കാണുന്നു കൈവിരൽപ്പാടുപോലും.

മുറ്റം കിഴക്കായി വീതി കുറഞ്ഞൊരു
മുറ്റമതിന്നുണ്ടതിൽ മുഴുവൻ

പറ്റിക്കറുകയും പർപ്പടകപ്പുല്ലും
മറ്റു തൃണങ്ങളും മങ്ങിനില്പൂ.

പൊട്ടക്കലമൊന്നിൽ നീരുമൊരു കരി–
ച്ചട്ടിയും കാണാം വടക്കരുകിൽ,

കന്നുകടിച്ചില പോയിത്തല ചാഞ്ഞു
നിന്നിടും തൈവാഴതൻചുവട്ടിൽ.”

## കവിയുടെ തത്വോപദേശം

“ഉദ്യാനപാലകരേ! ഭവാന്മാരുണർ–
ന്നുദ്യമിപ്പിൻ പുഷ്പകാലമായി.

ഉച്ചാവചങ്ങളാമോമൽസ്സുമങ്ങളാൽ
മെച്ചമേറീടുമീയാരാമത്തിൽ
ദേവൻ വനമാലിക്കാനന്ദമേകാത്ത
പൂവൊന്നുമില്ലെന്നതോത്തുകൊൾവിൻ.

എല്ലാസ്സുമവുമവന്റെയിച്ഛയ്ക്കൊത്തു
മെല്ലേ വളന്നു തൻപൂർണ്ണതയിൽ
ചെല്ലാനുഴറുകയാണഗ്ഗതിയാരും
തല്ലിനിർത്താതെ സൂക്ഷിച്ചുകൊൾവിൻ.

ഭവ്യമാം തെന്നലും ഭാനുമരീചിയും
ദിവ്യമാം ത്തുമഴനീരും നിത്യം
നവ്യരസമാർന്നു നല്കുന്നല്ലോയിവ–
യ്ക്കവ്യത്യയെ ദേവനൊന്നുപോലെ.

എല്ലാം വിടർന്നു പരിമളം തൂവട്ടേ,
എല്ലാം ചിതറട്ടേ വർണ്ണശോഭ,
എല്ലാമിതളുകൾ നീട്ടി വലിപ്പമാർ–
ന്നല്ലാഘഭാവമിയന്നിടട്ടേ.

പൂജ്യരാം വൈദികന്മാരേ! തുനിഞ്ഞിവൻ
യോജ്യമല്ലെങ്കിലുമൊന്നോതുന്നേൻ,
രാജ്യത്തെയോത്തും മതത്തെയോർത്തുംപിന്നെ
പ്രാജ്യരാം നിങ്ങളെത്തന്നെയോത്തും.
കാലം വൈകിപ്പോയി കേവലമാചാര-
നൂലുകളെല്ലാം പഴകിപ്പോയി.

കെട്ടിനിറുത്താൻ കഴിയാതെ ദുർബ്ബല–
പ്പെട്ട ചരടിൽ ജനത നില്ക്കാ.

മാറ്റവിൻ ചട്ടങ്ങളെ സ്വയമല്ലെങ്കിൽ
മാറ്റമതുകളീ നിങ്ങളെത്താൻ.
മദ്വചനങ്ങൾക്കു മാർദ്ദവമില്ലെങ്കി–
ലുദ്ദേശ്യശുദ്ധിയാൽ മാപ്പുനല്കിൻ."

## ചണ്ഡാലഭിക്ഷുകി

ഗൗതമബുദ്ധന്റെ ശിഷ്യനായ ആനന്ദഭിക്ഷു ഒരു ദിവസം മധ്യാഹ്നത്തിൽ ദാഹംകൊണ്ടു വലഞ്ഞുവരുമ്പോൾ ചാമർ എന്ന പേരിൽ അറിയപ്പെടുന്ന ഒരു കൂട്ടം പതിതജനങ്ങളുടെ നായകന്റെ പുത്രിയായ മാതംഗി അദ്ദേഹത്തിനു വഴിക്കിണറ്റിൽനിന്നു വെള്ളം കോരിക്കൊടുത്തു. ആനന്ദൻ അതു കുടിച്ചതിനുമേൽ ആ സ്ഥലത്തുനിന്നു പോയി. മാതംഗിക്ക് ആ മഹാനിൽ അടക്കിയാലടങ്ങാത്ത അഭിനിവേശം ജനിച്ചു. തന്നിമിത്തം അവൾ അദ്ദേഹത്തെ അന്വേഷിച്ച് അടുത്തുള്ള ബുദ്ധവിഹാരത്തിൽ പോകുകയും അവിടെ ശരണത്രയം സ്വീകരിച്ചു ഭിക്ഷുകിയായിത്തീരുകയും ചെയ്തു. ആ വർണ്ണസങ്കരത്തെക്കുറിച്ചു നാടുവാഴിയായ പ്രസേനജിത്തു കേട്ടപ്പോൾ അദ്ദേഹം ആ വിഹാരത്തിലേക്കു പോയി ഭഗവാനോടതന്നെ സംശയം ചോദിക്കുകയും അവിടുന്നു ജാതിയുടെ നിരർത്ഥകതയെ പല യുക്തികൾകൊണ്ടും ഉദാഹരണങ്ങളെക്കൊണ്ടും സമർത്ഥിച്ച് മഹാരാജാവിനെ കർത്തവ്യോന്മുഖനാക്കുകയും ചെയ്തു. താരതമ്യേന ശുഷ്കമായ ഈ ഇതിവൃത്തം പരിണതപ്രജ്ഞനും ക്രാന്തദർശിയുമായ മഹാകവിയുടെ ഭാവനയിൽക്കൂടി പുറത്തു വന്നപ്പോൾ ഒരു ഉത്തമകാവ്യമായി പരിണമിക്കുന്നു.

### ചണ്ഡാലഭിക്ഷുകിയിലെ മാതംഗിയുടെ ആഗമനം

"അപ്പൊഴുതങ്ങൊരു പെണ്കൊടിയാൾ ചെറു–
ചെപ്പുക്കുടമൊന്നരയ്ക്കുമേലിൽ
അഞ്ചിതമായ വള മിന്നുമിടങ്കര–
പ്പിഞ്ചുലതകൊണ്ടു ചുറ്റിച്ചേർത്തും
വീശും വലങ്കരവല്ലിയിൽപ്പാളയും
പാശവും ലീലയായ്ത്തൂക്കിക്കൊണ്ടും
ചെറ്റു കുനിഞ്ഞു വലംചാഞ്ഞ പൂമേനി
ചുറ്റിമറച്ചു ചെങ്കാന്തിതേടും
പൂഞ്ചേലതൻതല പാശ്വത്തിൽപ്പാറിച്ചും
ചാഞ്ചാടി വയ്ക്കുമടിത്തളിരിൽ
ലോലപ്പൂമ്പാദസരത്തിലേക്കിങ്ങിണി-
ജാലം കിലുങ്ങി മുഴങ്ങുമാറും
മന്ദമടുത്തുള്ളൊരൂരിൽനിന്നോമലാൾ
വന്നണയുന്നു വഴിക്കിണറ്റിൽ."

### ജാതിയുടെ നിരർത്ഥകത

"സത്യധർമ്മങ്ങൾക്കെതിരാം ശാസ്ത്രം ശ്രദ്ധിയ്ക്കായ്കങ്ങു നൃപതേ!
അർത്ഥപ്രവചനംചെയ്യാമതിൽ വ്യർത്ഥമുദരംഭരികൾ.

ഇന്നലെച്ചെയ്യോരബദ്ധം മൂഢർക്കിന്നത്തെയാചാരമാവാം.
നാളത്തെശ്ശാസ്ത്രമതാവാം അതിൽ മൂളായ്ക സമ്മതം രാജൻ!
സ്നേഹത്തിൽനിന്നുദിക്കുന്നു ലോകം സ്നേഹത്താൽ വൃദ്ധിതേടുന്നു.
സ്നേഹം താൻ ശക്തി ജഗത്തിൽ സ്വയം സ്നേഹംതാനാനന്ദമാർക്കും.
സ്നേഹംതാൻ ജീവിതം ശ്രീമൻ! സ്നേഹവ്യാഹതിതന്നെ മരണം.
സ്നേഹം നരകത്തിൻ ദ്വീപിൽ സ്വർഗ്ഗഗേഹം പണിയും പടുത്വം.
അമ്മതൻ നെഞ്ചുഞരമ്പിൽത്തങ്ങിച്ചെമ്മേചെഞ്ചോരയെത്തന്നെ
അമ്മിഞ്ഞത്തുവമൃതാക്കും മൈത്രി നമ്മോടതോതുന്നു രാജൻ!"

## കരുണ

ജന്മനാ ഒരു വേശ്യയായ വാസവദത്തയ്ക്ക് ഉപഗുപ്തൻ എന്ന ബുദ്ധശിഷ്യനെ കാണു മ്പോൾ ആദ്യമായി അന്നുവരെ ആരിലും തോന്നാത്ത ഒരു വികാരം ഉണ്ടാകുന്നു. തന്റെ കാമക്രീഡയ്ക്ക് ആ ഭിക്ഷുവിനെ ഉപയോഗിക്കാമെന്ന് അവൾക്കു തോന്നുന്നു. താൻ അങ്ങോട്ടു ചെല്ലുവാൻ 'സമയമായില്ല' എന്ന് ഉപഗുപ്തൻ പറഞ്ഞതായി അറി ഞ്ഞു ദുഃഖിക്കുന്നു. കേവലം ഭോഗാസക്തയും ധനാർജ്ജനപരയുമായ ആ ഗണിക എവിടെ? സർവ്വസങ്ഗപരിത്യാഗം ചെയ്തു ജീവന്മുക്തനായി ലോകപര്യടനം ചെയ്യു ന്ന ഉപഗുപ്തനെവിടെ? വാസവദത്ത ഒടുവിൽ കൊലക്കുറ്റത്തിനുള്ള അങ്ഗച്ഛേദശി ക്ഷയനുഭവിച്ച് ചുടുകാട്ടിൽ കണ്ഠഗതപ്രാണയായി കിടന്നു തന്റെ പ്രാണനെ അവ സാനിപ്പിക്കേണ്ട ഘട്ടമായി. അപ്പോൾ ഉപഗുപ്തൻ അവിടെ വന്ന് അവൾക്കു ബു ദ്ധമതത്തിലെ "ബുദ്ധം ശരണം ഗച്ഛാമി, ധർമ്മം ശരണം ഗച്ഛാമി, സംഘം ശരണം ഗച്ഛാമി" എന്നീ ശരണത്രയങ്ങൾ ഉപദേശിക്കുകയും തന്നിമിത്തം അവൾ ശാന്തയാ യി സന്തുഷ്ടയായി ഐഹികയാത്രയിൽനിന്നു വിരമിക്കുകയും ചെയ്യുന്നു. ഇതാണ് കരുണയിലെ ഇതിവൃത്തം. ആശാന്റെ സകലകൃതികളിൽവെച്ചും ഉത്തമോത്തമമാ യി ഞാൻ പ്രസ്തുതകാവ്യത്തെ പരിഗണിക്കുന്നു. ആ കഥയെത്തന്നെ ആസ്പദമാക്കി രവീന്ദ്രനാഥടാഗ്ഗൂറും ഒരു കവിത ഫലസഞ്ചയനം (Fruit Gathering) എന്ന പുസ്ത കത്തിൽ അതിനുമുൻപ് 1098-ൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. അതു ബംഗാളികൃതിയുടെ ഇംഗ്ലീഷ്തർജ്ജമയാണ്. ബുദ്ധോപദേശസാഹിത്യ(The Gospel of Buddha)മെ ന്ന മറ്റൊരു ഇംഗ്ലീഷ് പുസ്തകത്തിലും ആ ഉപാഖ്യാനം വായിക്കാം. ആശാൻ ആ കഥയെ പല ആവാപോദ്വാപങ്ങൾ ചെയ്തു സ്വതന്ത്രമാക്കിട്ടുണ്ട്.

## കരുണയിലെ ശ്മശാനം

"ജനരഹിതമാം മേലേക്കരയിലങ്ങങ്ങു കരു–
മ്പനയും പാറയും പുറ്റും പാഴ്ച്ചെടികളും
വെളിയിടങ്ങളും വായ്ക്കും സ്ഥലം കാണാം ശൂന്യതയ്ക്കു
കളിപ്പാനൊരുക്കിയിട്ട കളംകണക്കേ.
നെടിയ ശാഖകൾ വിണ്ണിൽ നിവന്നു മുട്ടിയിലയും
വിടപങ്ങളും ചുരുങ്ങി വികൃതമായി
നടുവിലങ്ങു നില്ക്കുന്ന വലിയൊരശ്വത്ഥം മൂത്തു
തടികൾ തേഞ്ഞും തൊലികൾ പൊതിഞ്ഞു വീർത്തും
ചടുലദലങ്ങളിലും ശൃങ്ഗഭാഗത്തിലും വെയിൽ
തടവിച്ചുവന്നു കാറ്റിലിളകി മെല്ലെ
തടിയനരയാലതു തലയിൽത്തീ കാളും നെടും–

ചുടലബ്ഭൂതംകണക്കേ ചലിച്ചനില്പൂ.
അടിയിലതിൻചുവട്ടിലധികം പഴക്കമായ്ക്ക–
ല്ലടഞ്ഞും പൊളിഞ്ഞുമുണ്ടൊരാൽത്തറ ചുറ്റും.
ഇടുങ്ങിയ മാളങ്ങളിലിഴഞ്ഞേറും പാമ്പുകൾപോൽ
വിടവുതോറും പിണ്ണണഞ്ഞ വേരുകളോടും
പറന്നടി ഞ്ഞരയാലിൻ പഴുത്ത പത്രങ്ങളോടും
നിറം മങ്ങി നിലം പറ്റിക്കിടപ്പു നീളേ,
ഉറുമ്പരിക്കുമരിയുമുണങ്ങിയ പൂവും ദർഭ–
മുറിത്തുമ്പും മറ്റും ചേർന്നു ചിതറിച്ചിന്നി.
അകലത്തൊരു മൂലയിൽക്കെട്ടുന്ന കനലിൽനിന്നു
പുകവല്ലി പൊങ്ങിക്കാറ്റിൽപ്പടർന്നേറുന്നു.
ചികഞ്ഞെടുത്തെന്തോ ചില ദിക്കിൽനിന്നു ശാപ്പിടുന്നു
പകലെന്നോർക്കാതെ കൂറ്റൻ കുറുനരികൾ.
കുറിയൊരങ്കുശം പോലെ കൂർത്തുവളഞ്ഞുള്ള കൊക്കു
നിറയെക്കൊത്തിവലിച്ചും നഖമൂന്നിയും
ഇരയെടുക്കുന്നു പെരുംകഴുകുകൾ ചില ദിക്കിൽ
പരിഭ്രമിയാതിരുന്നു ഭയങ്കരങ്ങൾ.
ഉടഞ്ഞ ശംഖുപോലെയുമുരിച്ച മുറിച്ച വാഴ–
ത്തടപോലെയും തിളങ്ങമസ്ഥിഖണ്ഡങ്ങൾ
അവയവശിഷ്ടങ്ങളായടിഞ്ഞു കിടക്കുന്നുണ്ടൊ–
ട്ടവിടവിടെ മറഞ്ഞും മറയാതെയും.
അരയാൽത്തറവരെയും വടക്കുനിന്നെത്തുന്ന കാൽ–
പ്പെരുമാറ്റം കുറഞ്ഞ പാഴ് നടക്കാവിന്റെ
പരിസരങ്ങളിൽ ഭസ്മപ്പാത്തികൾ കാണുന്നു ചുറ്റും
കരിക്കൊള്ളിയും കരിഞ്ഞ കട്ടയുമായി.
ഉടലെടുത്ത നരന്മാർക്കൊന്നുപോലേവർക്കും ഭോജ്യ–
മിടരറ്റു പിതൃപൈതാമഹസസമ്പ്രാപ്തം
ഇടമതി ഹലോകത്തിൻപരമാവധിയാണൊരു
ചുടുകാടാണതു ചൊല്ലാതറിയാമല്ലോ.”

## ഉപഗുപ്തന്റെ കരുണ

“ഹാ! മിഴിച്ചുനിന്നങ്ങവനമ്മധുരയിലെ മുഖ്യ–
കാമനീയകത്തിൻ ഭസ്മകദംബം കണ്ടു.
ആ മഹാന്റെ കണ്ണിൽനിന്നാച്ചാമ്പലിലൊരശ്രുകണ–
മാമലകീഫലം പോലെയടർന്നുവീണു.
ഉൽക്കടശോകതിക്തമല്ലോർക്കുകിലന്നയനാംബു
ദുഃഖസത്യജ്ഞനദ്ധീരൻ കരകയില്ല.
തൽകൃതാർത്ഥതാസുഖത്തേൻതുള്ളിയല്ലതു ജന്തുവി–
ന്നൽക്രമണത്തിൽ മോദിക്കാ ഹൃദയാലുക്കൾ.
ക്ഷിപ്രസിദ്ധി കണ്ടു ഝർന്ന വിസ്മയരസവുമല്ല–
തത്ഭുതചാപലം ഹേതുദർശിയാർന്നിടാ.
കരുതാം മറ്റൊന്നല്ലതു, കരുണതൻ കയത്തിലെ–

പ്പരിണതോജ്ജ്വലമുക്താഫലമല്ലാതേ.”

## ഇതരകാവ്യങ്ങൾ

ഇതരകാവ്യങ്ങളിൽ അപൂർണ്ണങ്ങളായ ശ്രീബുദ്ധചരിതത്തേയും ബാലരാമായണത്തേയുംപറ്റി ഇവിടെ വിസ്തരിക്കാൻ സ്ഥലദൗർലഭ്യം അനുവദിക്കുന്നില്ല. ബുദ്ധചരിതം ഒന്നാം കാണ്ഡം പ്രകാശിതമായ 1090-ൽത്തന്നെയാണ് നാലപ്പാട്ട നാരായണമേനോൻ മൂലഗ്രന്ഥം എട്ടുകാണ്ഡങ്ങളുംകൂടി ഒരു പുസ്തകമായി പൗരസ്ത്യദീപം എന്ന പേരിൽ അനുഷ്ടുപ്പുവൃത്തത്തിൽ രചിച്ചു പ്രസിദ്ധപ്പെടുത്തിയതു്. രണ്ടു കാവ്യങ്ങൾക്കും രണ്ടു വിധത്തിലാണ് ആസ്വാദ്യത. ആശാന്റെ കൃതി അനുപദവിവർത്തനമല്ല. ഒന്നാം കാണ്ഡത്തിൽമാത്രമേ അദ്ദേഹം മൂലഗ്രന്ഥത്തെ ഏകദേശമെങ്കിലും അനുസരിക്കുന്നുള്ളു. പിന്നീടു കുറേക്കൂടി സ്വാതന്ത്ര്യം സ്വീകരിക്കുകയാണ് ചെയ്യുന്നതു്. ബാലരാമായണം വിദ്യാർത്ഥികളുടെ ആവശ്യത്തെ പുരസ്കരിച്ചു നിർമ്മിച്ചിട്ടുള്ള ഒരു കാവ്യമാണെങ്കിലും അതിലുമുണ്ടു് ഉത്തമകവിധർമ്മത്തിന്റെ പരിസ്ഫുരണം. നിരവധി ചെറിയ വിശിഷ്ടകവിതകൾ ഓരോ ആവശ്യം പ്രമാണിച്ചു് ഉണ്ടാക്കീട്ടുള്ളവയിൽ ഒന്നാണ് 1097-ൽ രചിച്ച സ്വാതന്ത്ര്യഗാഥ. അത്യുജ്ജ്വലമായി പ്രശോഭിക്കുന്ന അതിലെ ചില വരികൾ നോക്കുക.

> “അന്ധകാരത്തിന്റെയാഴത്തിൽ ക്രൂരമാ–
> മെന്തൊരു മായാവ്യവസ്ഥയാലോ
> ബന്ധസ്ഥരായ് ഞങ്ങൾ കേഴുന്നു ദേവ! നിൻ
> സ്വന്തം കിടാങ്ങൾ നിരപരാധർ.
>
> ഓരുന്നു ഞങ്ങൾ പിതാവേ! നിൻ കൺമുന
> ദൂരത്തും തേൻമഴ ചാറുമെന്നും
> ക്രൂരതതന്നുടെ നേരേയതുതന്നെ
> ഘോരമിടിത്തീയായ് മാറുമെന്നും.
>
> ചട്ടറ്റ നിൻകരവാളിൻ ചലൽപ്രഭ
> തട്ടുമാറാക ഞങ്ങൾക്കു കണ്ണിൽ.
> വെട്ടിമുറിക്കുക കാൽച്ചങ്ങല വിഭോ!
> പൊട്ടിച്ചെറികയിക്കൈവിലങ്ങും.
>
> ഞങ്ങളെപ്പൊക്കുക കൂരിരുട്ടിൻ കോട്ട
> യെങ്ങും ചവിട്ടിനിരത്തുവാനും
> തങ്ങളിൽക്കൈ കോർത്തു മോക്ഷസുഖാബ്ധിയിൽ
> മുങ്ങിക്കുളിച്ചുപുളയ്ക്കുവാനും.”

## ഗദ്യം

ആശാന്റെ ഗദ്യത്തിനും നല്ല അഴകും അന്തസ്സുമുണ്ടു്. രാജയോഗത്തിൽ വിവേകാനന്ദസ്വാമികളുടെ ഇംഗ്ലീഷുഗ്രന്ഥത്തിന്റെ തർജ്ജമയോടുകൂടി പാതഞ്ജലയോഗസൂത്രങ്ങൾക്കു ടിപ്പണിയും ചേർത്തിട്ടുണ്ടു്. ആധ്യാത്മികജ്ഞാനത്തിന്റെ സമ്പാദനത്തിനു വളരെ പ്രയോജനപ്പെടുന്ന ഒരു പുസ്തകമാണതു്. മനശ്ശക്തി, ജെംസ് ആലൻ ഇംഗ്ലീഷിൽ എഴുതീട്ടുള്ള As a man thinketh എന്ന ഗ്രന്ഥത്തിന്റെ ഭാഷാനുവാദമാകുന്നു. ഒരു ദൈവികമായ പ്രതികാരത്തിലെ ഇതിവൃത്തം മെഡോസ്

ടെയിലറുടെ താര എന്ന നോവലിൽനിന്നു സംഗ്രഹിച്ചിരിക്കുന്നു. ഇംഗ്ലീഷിലെ കവിതകളിൽ നിന്നെന്നപോലെ ഗദ്യഗ്രന്ഥങ്ങളിൽനിന്നും സ്വന്തം പരിശ്രമംകൊണ്ടു് അദ്ദേഹം ഇംഗ്ലീഷിൽ നേടിയിരുന്ന പരിചയം അത്ഭുതാവഹമാണെന്നു കാണാവുന്നതാണല്ലോ.

## ഉപസംഹാരം

ഭാഷാകവികളുടെ മധ്യത്തിൽ കുമാരനാശാന്റെ സ്ഥാനം എത്രമാത്രം അനന്യലഭ്യവും സർവ്വോൽക്കൃഷ്ടവുമാണെന്നു നാം ഇത്ര ദൂരമുള്ള വിചാരണകൊണ്ടു കണ്ടുകഴിഞ്ഞു. നമ്മുടെ സാഹിത്യത്തിൽ ആധുനികരീതിക്കു യോജിച്ചവിധത്തിൽ ഒരു പരിവർത്തനം വരുത്തുന്നതിൽ മുന്നിട്ടുനിന്നു പ്രയത്നിച്ച സുഗൃഹീതനാമാക്കളിൽ അദ്ദേഹത്തിനും അദ്വിതീയമായ ഒരു സ്ഥാനമുണ്ട്. പരിസരസ്ഥിതികൾ അദ്ദേഹത്തിന്റെ ജന്മസിദ്ധമായ സംസ്കാരത്തിനു പരിഷ്കാരകങ്ങളായി ഭവിച്ചു. ആ അനുഗ്രഹങ്ങളിൽ അതിപ്രധാനമായി ഞാൻ കരുതുന്നതു ശ്രീനാരായണഗുരുദേവന്റെ അന്തേവാസിത്വംനിമിത്തം അന്തർമുഖമായി ചിന്തിക്കുന്നതിനു ലഭിച്ച ശക്തിവിശേഷത്തെയാണ്. ആ കുശാഗ്രീയമായ നിരീക്ഷണപാടവവും യോഗമാർഗ്ഗപരിശീലനത്തിന്റെ ഫലമായി വർദ്ധിച്ചിരുന്നിരിക്കണം. അതെല്ലാം എങ്ങനെയിരുന്നാലും വാശേവതയുടെ പ്രത്യേകമായ പ്രസാദത്തിനു പാത്രീഭവിച്ച ഒരു മഹാകവിമൂർദ്ധന്യനായിരുന്നു അദ്ദേഹം എന്നുള്ളതു സർവ്വസമ്മതമാണ്. അദ്ദേഹം താൻ ജനിച്ച സമുദായത്തെമാത്രമല്ല ഉയർത്തിയതു്, കേരളത്തെ ആകമാനം അഭിമാനം കൊള്ളിച്ചു. അവരുടെ ഇടയിൽ ആധുനികകാലത്തും വിശ്വസാഹിത്യകാരന്മാർ ഉണ്ടാകുമെന്നുള്ള വസ്തുത തെളിയിച്ചു. ആ ഉദാരചരിതൻ നമുക്കു നല്കീട്ടുള്ള കാവ്യനിധി അമൂല്യവും അനശ്വരവും ആദിത്യഭാസുരവുമാകുന്നു.

# ഇടപ്പള്ളി രാഘവൻപിള്ള (1084–1111)

## നവ്യകവനരീതി

ഇനി ഇടപ്പള്ളിക്കാരും അത്യന്തം വാസനാസമ്പന്നന്മാരും ഭാഷയുടെ ഭാഗ്യദോഷത്താൽ അല്പായുസ്സിൽ മരണം പ്രാപിച്ചവരുമായ രണ്ടു കവിപുങ്ഗവന്മാരെപ്പറ്റിയാണ് പ്രസ്താവിക്കേണ്ടിയിരിക്കുന്നതു്. അവരിൽ ഒന്നു് ഇടപ്പള്ളി രാഘവൻപിള്ളയും മറേറതു് ചങ്ങമ്പുഴ കൃഷ്ണപിള്ളയുമാണ്. ഒരേ ഞെട്ടിൽ വികസിച്ച രണ്ടു സുരഭിലകുസുമങ്ങളായിരുന്നു അവർ. അവരുടെ കവനമാധുര്യം കേരളീയരെയാകമാനം വശീകരിച്ചു. പുതിയ രീതിയിലുള്ള കവിത ഭാഷയിൽ അതിനുമുൻപും ഉണ്ടായിരുന്നുവെങ്കിലും ആ രീതിയിൽത്തന്നെ ആമൂലാഗ്രം തങ്ങളുടെ വാങ്മയങ്ങളെ ഇദംപ്രഥമമായി ആവിഷ്കരിച്ചവർ അവരായിരുന്നു. ഒന്നാം ലോകമഹായുദ്ധം കഴിഞ്ഞാണ് അവർ എഴുതിത്തുടങ്ങിയതു്. ആ യുദ്ധത്തിന്റെ അനന്തരഫലങ്ങളായ പാരതന്ത്ര്യം, ദാരിദ്ര്യം, രോഗം, സ്വാർത്ഥനിഷ്ഠ, പരവഞ്ചന തുടങ്ങിയ സമുദായദോഷങ്ങളെ അവർ ശക്തവും വികാരോത്തേജകവുമായ ഭാഷയിൽ ചിത്രണം ചെയ്തിട്ടുണ്ട്. നിവൃത്തിയുള്ളിടത്തോളം ദ്രാവിഡവൃത്തങ്ങളെമാത്രം സ്വീകരിക്കുക, ആശയങ്ങളുടെ വിഷയത്തിൽ പാശ്ചാത്യസാഹിത്യത്തെ അനുകരിക്കുക, സംസ്കൃതത്തിന് ഒരുവിധത്തിലും അധമർണ്ണന്മാരാകാതെ ഷെല്ലി, കീറ്റ്സ്, ബൈറൺ, ബ്രൗണിംഗ്, സ്വിൻബെർൺ മുതലായ ആംഗലേയകവികളുടെ നിരന്തരോപാസനകൊണ്ടു പ്രതിഭയെ വിവിധമാർഗ്ഗങ്ങളിൽ പോഷിപ്പിക്കുക ഇവയെല്ലാം അവരുടെ കവിതയ്ക്കുള്ള ചില പ്രത്യേ

കതകളാണ്. ഈ രീതി യുവാക്കന്മാർക്ക് ഏറ്റവും ഹൃദ്യമായിത്തോന്നി. ഇടപ്പള്ളി രാഘവൻപിള്ളയുടെ കൃതികളെല്ലാം ഹ്രസ്വങ്ങളും ഭാവാവിഷ്കാരകങ്ങളുമാണ്.

## ചരിത്രം

രാഘവൻപിള്ളയുടെ കുടുംബം വടക്കൻപറവൂരിലാണ്. അവിടെനിന്നു കല്യാണിയമ്മ എന്നൊരു യുവതിയെ ഇടപ്പള്ളി പാണ്ടവത്തു നീലകണ്ഠപ്പിള്ള വിവാഹം ചെയ്തു. രാഘവൻപിള്ള അവരുടെ സന്താനമായി 1084-ാമാണ്ടിടയ്ക്കു ജനിച്ചു. ബാല്യത്തിൽത്തന്നെ അമ്മ മരിച്ചുപോകയാൽ അച്ഛന്റെ സംരക്ഷണത്തിൽ വളർന്നു. അദ്ദേഹത്തിനുണ്ടായിരുന്ന ഒരു സർക്കാർശിപായിപ്പണിയിൽനിന്നു ലഭിച്ച തുച്ഛമായ വേതനംകൊണ്ടു വേണ്ടിയിരുന്നു പുലരാൻ. ഏതാനും കൊല്ലം കഴിഞ്ഞപ്പോൾ നീലകണ്ഠപ്പിള്ള വേറെയും വിവാഹം ചെയ്തു. രാഘവൻപിള്ള തീരെ നിരാശ്രയനായി പള്ളിക്കൂടങ്ങളിൽ വളരെ അരിഷ്ടിച്ചു വിദ്യാഭ്യാസം ചെയ്ത് എറണാകുളം ഗവർമ്മെൻറ് ഹൈസ്കൂളിൽ ഇ.എസ്.എൽ.സി. ക്ലാസ്സുവരെ വായിച്ചു. വിദ്വാൻപരിക്ഷയ്ക്കു ചേർന്നുവെങ്കിലും അതിൽ ജയിച്ചില്ല. അങ്ങനെ ആദ്യന്തം കരൾ വെന്തും കണ്ണുനീരിൽ കുളിച്ചുമാണ് നമ്മുടെ കവി ലോകയാത്രയാരംഭിച്ചത്. ദുർവിധിയും അദ്ദേഹത്തിന്റെ മുന്നിൽ വിലങ്ങടിച്ചുനിന്നു. അങ്ങനെയുള്ള ഒരു യുവാവിന്റെ കവിത വിഷാദാത്മകമായതിൽ അതിശയിക്കാനില്ലല്ലോ. അദ്ദേഹത്തിന്റെ ചരമവും ദയനീയമായിരുന്നു. തന്നെക്കാൾ പല പ്രകാരത്തിൽ ഉപരിതലസ്ഥയായ ഒരു യുവതിയിൽ അദ്ദേഹം തന്റെ പ്രേമം സമർപ്പിച്ചു. യുവതിയുടെ പിതാവ് ആ വിവാഹബന്ധത്തെ അനുകൂലിച്ചില്ല. കവിയുടെ നൈരാശ്യം അതിന്റെ മൂദ്ധന്യദശയിലെത്തി. 1111-ാമാണ്ടു മിഥുനമാസം 21-ാംനു കൊല്ലത്തുള്ള ആ യുവതിയുടെ ഗൃഹത്തിൽവച്ചുതന്നെ ആ ഇതികർത്തവ്യതാമൂഢൻ ആത്മഹത്യചെയ്തു. ഇഹലോകത്തിൽ ലഭിക്കാത്ത സ്വാച്ഛന്ദ്യവും സുഖവും പരലോകത്തിലെങ്കിലും ലഭിക്കുമോ എന്നു പരീക്ഷിക്കുവാനായിരിക്കാം ആ സാഹസം. ഏതായാലും ഭാഷയ്ക്ക് ഉത്തിഷ്ഠമാനനായ ഒരു വരിഷ്ഠകവി നഷ്ടമായി. അദ്ദേഹത്തിന്റെ മാതാവും ആത്മഹത്യചെയ്തതാണെന്നു ജനപ്രവാദമുണ്ട്.

## കൃതികൾ

രാഘവൻപിള്ളയുടെ കൃതികൾ സമാഹൃതങ്ങളായി തുഷാരഹാരം എന്ന പേരിൽ 1110-ാമാണ്ടു പ്രസിദ്ധീകരിക്കപ്പെട്ടു. അതിൽപ്പിന്നീടു നവസൗരഭം എന്നൊരു കാവ്യസമുച്ചയം 1111 ചിങ്ങമാസത്തിൽ അച്ചടിക്കപ്പെട്ടു. ഇവയ്ക്കുപുറമേ ഹൃദയസ്മിതം, മണിനാദം, അവ്യക്തഗീതം ഇവകൂടി കൂട്ടി അദ്ദേഹത്തിന്റെ കവിതകളെല്ലാം ചേർത്ത് ഗ്രന്ഥകാരന്റെ മരണാനന്തരം ഒരൊറ്റ പുസ്തകമാക്കി ചങ്ങമ്പുഴ കൃഷ്ണപിള്ള പ്രകാശിപ്പിച്ചു. രാഘവൻപിള്ളയുടെ കവിതയുടെ മാതൃക പ്രദർശിപ്പിക്കേണ്ട ആവശ്യമില്ലാത്തവിധത്തിൽ അവ അത്രമാത്രം സുവിദിതങ്ങളാണ്. എങ്കിലും ചില വരികൾ ഉദ്ധരിക്കാം.

1 "അഴകിന്റെ തുവെള്ളിക്കിണ്ണമെല്ലാ–
മഴലു നിറഞ്ഞവയായിരുന്നു.
സ്ഫടികാഭമാകുമരുവികൾത–
ന്നടിയെല്ലാം പങ്കിലമായിരുന്നു.
ചിരിയൊന്നറിയാതെ തൂകി പ്പോയാൽ–
ച്ചിരകാലം തേങ്ങിക്കരഞ്ഞിടേണം.

ചെറുമിന്നൽകണ്ടു തെളിഞ്ഞ മേഘ-
മൊരു ജന്മം കണ്ണീർ പൊഴിച്ചിടേണം."

2 "തന്നന്ത്യഗാനവും പാടിപ്പടിഞ്ഞാട്ടു
പൊന്നന്തിപ്പൈങ്കിളി പാറിപ്പോയി.
അല്ലിന്റെയമ്മലർവാടിയിലിന്നത്തെ
മുല്ലപ്പൂവെല്ലാം വിരിഞ്ഞുതീർന്നു.
അംബുജംതൻ മൃദുമന്ദസ്മിതാങ്കര—
മന്തിപ്രഭയിലലിഞ്ഞുചേർന്നു.
കൂകിത്തളർന്നോരു കോകിലം മുറ്റത്തെ
മാകന്ദക്കൊമ്പിലുറക്കമായി.
ആകാശദേശത്തിലെങ്ങാനലയുമെ—
ന്നാശാപതംഗമേ! പോരിക നീ."

3 "വർഷം കഴിഞ്ഞു കൊയിത്തു തീർന്നു.
കർഷകരെല്ലാരും ഹർഷമാർന്നു.
സസ്യലതാദികൾ സൽഫലത്താ—
ലുത്സവം കണ്ണിന്നരുളിയാർക്കും.
കാർമുകിൽമാല മറഞ്ഞു വാനം
ശ്യാമളകോമളമാകമാനം.
ഓരോരോ രാവും കുളുർമയേന്തു-
മോണനിലാവിനാലോളം തല്ലും."

മണിനാദം എന്നതു കവിയുടെ ഒടുവിലത്തെ കൃതികളിൽ ചിലതാണ്. അതിൽ തനിക്ക് അടുത്ത കാലത്തു സംഭവിച്ചേക്കാവുന്ന മരണത്തെപ്പറ്റി പ്രത്യേകമായ സൂചനയുണ്ട്. ചില വരികൾ നോക്കുക.

"മണിമുഴക്കം മരണദിനത്തിന്റെ
മണിമുഴക്കം, മധുരം, വരുന്നു ഞാൻ.
അനുനയിക്കുവാനെത്തുമെൻകൂട്ടരോ—
ടരുളിടട്ടെയെന്നന്ത്യയാത്രാമൊഴി.
മറവിതന്നിൽ മറഞ്ഞു മനസ്സിലെൻ
മരണഭേരിയടിക്കും സഖാക്കളേ!
സഹതപിക്കാത്ത ലോകമേ! യെന്തിലും
സഹകരിക്കുന്ന ശാരദാകാശമേ!
കവനലീലയിലെന്നുറ്റ തോഴരാം
കനകതുലികേ! കാനനപ്രാന്തമേ!
മധുരമല്ലാത്തൊരെൻ മൗനഗാനത്തിൽ
മദതരളരാം മാമരക്കൂട്ടമേ!
വരികയാണിതാ ഞാനൊരധഃകൃതൻ
കരയുവാനായ്പ്പിറന്നോരു കാമുകൻ."

## ചങ്ങമ്പുഴ കൃഷ്ണപിള്ള (1089—1123)

## ചരിത്രം

രാഘവൻപിള്ളയുടെ ബഹിശ്ചരപ്രാണനും സന്തതസഹചാരിയുമായിരുന്ന ചങ്ങമ്പുഴ കൃഷ്ണപിള്ളയുടെ ജീവിതവും ഹ്രസ്വവും ക്ലേശഭൂയിഷ്ഠവുമായിരുന്നു. അദ്ദേഹം 1089-ാമാണ്ടു കന്നിമാസം 24-ാംനു ഇടപ്പള്ളി ചങ്ങമ്പുഴവീട്ടിൽ സി. കെ. പാറുക്കുട്ടിയമ്മയുടേയും കൊച്ചിശ്ശീമയിൽ തെക്കേടത്തു നാരായണമേനോന്റെയും പുത്രനായി ജനിച്ചു. പ്രാഥമിക വിദ്യാഭ്യാസം ഇടപ്പള്ളിയിൽവെച്ചുതന്നെയാണ് നിർവ്വഹിച്ചത്. പിന്നീട് ആലുവാ, എറണാകുളം എന്നീ കോളേജുകളിൽ വായിച്ച് ഇൻറർമീഡിയേറ്റു പരീക്ഷ ജയിച്ചു. അതിനുമേൽ തിരുവനന്തപുരത്തു യൂണിവേഴ്സിറ്റി കോളേജിൽ ബി. ഏ. ഓണേഴ്സ് ക്ലാസ്സിൽ മലയാളവും സംസ്കൃതവും ഗ്രൂപ്പിൽ ചേർന്ന് ആ പരീക്ഷയിലും ഉത്തീർണ്ണനായി. അത് 1116-ാമാണ്ടായിരുന്നു. അദ്ദേഹത്തിന് അക്കാലത്ത് ദാരിദ്ര്യത്തോട് അനുനിമിഷം മല്ലിടേണ്ടതായി വന്നിട്ടുണ്ട്. തിരുവനന്തപുരത്തു പഠിക്കുമ്പോൾ ക്യാപ്റ്റൻ വി.പി. തമ്പി (ശ്രീമൂലംതിരുനാൾ മഹാരാജാവിന്റെ പൗത്രൻ) അദ്ദേഹത്തെ സഹായിക്കുകയാൽ ആ പിശാചബാധയിൽനിന്നു കുറേക്കാലത്തേക്ക് അകന്നുനില്ക്കുവാൻ സാധിച്ചു. 1115-മാണ്ടു മീനമാസത്തിൽ ഇടപ്പള്ളി എസ്.കെ. ശ്രീദേവിയമ്മയെ വിവാഹം ചെയ്തു. വിദ്യാഭ്യാസാനന്തരം രണ്ടു കൊല്ലം പൂനാ, കൊച്ചി ഇവിടങ്ങളിൽ മിലിറ്ററി ഡിപ്പാർട്ടുമെൻറിൽ പണിനോക്കി. ആ പണി കവിതാരചനയ്ക്കു പ്രതിബന്ധമായി തോന്നിയതിനാൽ അതു രാജിവെച്ചു. അദ്ദേഹത്തിന്റെ ആദ്യകാലത്തെ കൃതികളിൽ അതിപ്രധാനമായ രമണൻ 1112-ൽ പ്രസിദ്ധീകരിച്ചു. അത് എഴുതിത്തീർന്നത് ആ കൊല്ലം കന്നി 5-ാംനുയായിരുന്നു എന്നുള്ളതിന് അതിൽത്തന്നെ തെളിവുണ്ട്. ഇടപ്പള്ളി രാഘവൻപിള്ളയുടെ അകാലനിര്യാണത്തിൽ അതിതീവ്രമായി അനുശോചിച്ചു പാശ്ചാത്യരീതിയിൽ എഴുതിയ ഒരു ഗ്രാമീണവിലാപകാവ്യമായിരുന്നു അത്. രണ്ടിൽച്ചില്വാനം മാസങ്ങളേ ഇരുപത്തിരണ്ടു വയസ്സമാത്രം പ്രായമുണ്ടായിരുന്ന ആ യുവാവിന് അതെഴുതുവാൻ വേണ്ടിവന്നുള്ളു. ആ കാവ്യത്തിന്റെ രണ്ടാമത്തെ പതിപ്പ് 1115-ൽ പ്രകാശിതമായി. തുടർന്ന് അനേകം പതിപ്പുകൾ പുറപ്പെടേണ്ട ആവശ്യം നേരിടുകയും നാല്പതിനായിരം പ്രതികളോളം വിറ്റഴിയുകയും ചെയ്തു. കുറേക്കാലം മദിരാശി ലാക്കാളേജിൽ വായിച്ചുവെങ്കിലും മാനസികമായും ശാരീരികമായും ഉണ്ടായ ചില ക്ലേശങ്ങൾനിമിത്തം പഠിത്തം പൂർത്തിയാക്കാൻ സാധിച്ചില്ല. തിരിയെ ഇടപ്പള്ളിക്കു പോന്ന് ഒരു വർഷത്തിനുമേൽ അവിടെ കഴിച്ചുകൂട്ടി. രമണൻ മുതലായ പുസ്തകങ്ങൾ അദ്ദേഹത്തെ അതിനിടയ്ക്കു സമ്പന്നനാക്കിക്കഴിഞ്ഞിരുന്നു. കേരളീയർക്കെല്ലാം അദ്ദേഹത്തിന്റെ കൃതികളിൽ ആദരവും ആനന്ദവും സഞ്ജാതമായി. പിന്നീട കേരളത്തിലെ സുപ്രസിദ്ധമുദ്രണാലയമായ മംഗളോദയത്തിന്റെ ഉടമസ്ഥനും അദ്ദേഹവും തമ്മിൽ സ്നേഹമായി. തന്റെ പുസ്തകങ്ങൾ ശീഘ്രമായും ഭംഗിയായും അച്ചടിപ്പിക്കുന്നതിനുവേണ്ടി ചങ്ങമ്പുഴ തൃശ്ശൂരിൽ കാനാട്ടുകരയ്ക്കു താമസം മാറ്റി. മങ്ഗളോദയത്തിന്റെ പത്രാധിപസമിതിയിൽ ഒരു അംഗമായിച്ചേർന്നു. 1121-ാമാണ്ട് ഒടുവിൽ തൃശ്ശൂർ വിട്ടു. അതിനും മാനസികങ്ങളായ അസ്വാസ്ഥ്യങ്ങളായിരുന്നു കാരണമെന്ന് ആ കാര്യത്തെപ്പറ്റി അറിവുള്ളവർ പറയുന്നു. കേരളത്തിലെ കവികളിൽ അഗ്രഗണ്യനാകണമെന്ന ആഗ്രഹം അദ്ദേഹത്തിനു യൗവനാരംഭത്തിൽത്തന്നെ അങ്കുരിച്ചിരുന്നു. നിരന്തരമായ പുസ്തകപാരായണംകൊണ്ടും നിസ്തന്ദ്രമായ ദൈനംദിനാഭ്യാസം കൊണ്ടും അദ്ദേഹം തന്റെ അനന്യസാധാരണമായ വാസനയെ പരിപുഷ്ടമാക്കി. വിശ്വസാഹിത്യത്തിൽ അദ്ദേഹം ഒട്ടുവളരെ ഉത്തമഗ്രന്ഥങ്ങൾ വായിച്ച് അവയിലെ ആശയങ്ങൾ തന്നിൽ ലയിപ്പിച്ചു. അതോടുകൂടി അനിയന്ത്രിതമായ ഒരു ദിനചര്യയും തുടർന്നുകൊണ്ടുപോയി.

നശ്വരമായ ശരീരംകൊണ്ടാണ് താൻ കൈകാര്യം ചെയ്യുന്നതെന്നുള്ള വസ്തുതതന്നെ അദ്ദേഹം ഓർമ്മിച്ചില്ല. മാദകവസ്തുക്കൾ ആ ശരീരത്തിന്റെ ശക്തിയെ ക്ഷയിപ്പിക്കുകയല്ലാതെ വർദ്ധിപ്പിക്കുകയില്ലെന്നും കരുതിയില്ല. 1122-ാമാണ്ടു നമ്മുടെ കവി രോഗഗ്രസ്തനായി. അതു ഭയങ്കരമായ രാജയക്ഷ്മാവായിരുന്നു. 1123-ാമാണ്ടു മിഥുനമാസം 4-ാംനു തൃശ്ശൂർ മംഗളോദയം നഴ്സിങ്ഹോമിൽവച്ചു ചരമഗതിയെ പ്രാപിച്ചു. അദ്ദേഹം യുവകൈരളിയുടെ ആശാകേന്ദ്രമായിരുന്നു എന്നു ചുരുക്കത്തിൽ പറയാം. ആ അത്യാപത്തിൽ കേരളീയരെല്ലാം അശ്രുധാരവാർത്തു. അവരുടെ കനകമുരളി തകർന്നു; അതിന്റെ മോഹനഗാനം നിലച്ചു.

## കൃതികൾ

1110 മുതൽ 1123 വരെ പതിമ്മൂന്നു കൊല്ലങ്ങളിലാണ് ചങ്ങമ്പുഴ തന്റെ കൃതികൾ പ്രസിദ്ധീകരിച്ചതു്. അവയിൽ നാല്പതിൽപ്പരം ഗ്രന്ഥങ്ങൾ ഉൾപ്പെടുന്നു. കളിത്തോഴി മുതലായി ചിലതെല്ലാം ഗദ്യങ്ങളാണ്. (1) ബാഷ്പാഞ്ജലി (1110), (2) ആരാധകൻ (1110), (3) ഹേമന്തചന്ദ്രിക (1110), (4) മദിരോത്സവം (1110), (5) മണിവീണ (ബാഷ്പാഞ്ജലിയിലെ ചില ഭാഗങ്ങൾ 1110), (6) രമണൻ (1112), (7) കലാകേളി (1112), (8) മയൂഖമാല (1115), (9) ദേവയാനി (1115), (10) കഥാരത്നമാലിക (1115), (11) രക്തപുഷ്പങ്ങൾ (1116), (12) സങ്കല്പകാന്തി (1117), (13) വത്സല (1119), (14) തിലോത്തമ (1119), (15) ശ്രീതിലകം (1119), (16) അപരാധികൾ (1119), (17) ഓണപ്പൂക്കൾ (1120), (18) മോഹിനി (1120), (19) ദേവത (1120), (20) ചൂഡാമണി (1120), (21) അമൃതവീചി (1120), (22) ഉദ്യാനലക്ഷ്മി (1120), (23) സ്പന്ദിക്കുന്ന അസ്ഥിമാടം ( 1120), (24) സാഹിത്യചിന്തകൾ (1120), (25) വിവാഹാലോചന (1120), (26) സുധാംഗദ (1120), (27) ആകാശഗംഗ (1121), (28) കളിത്തോഴി (1121), (29) കരടി 1121), (30) അനശ്വരഗാനം (1121), (31) ദിവ്യഗീതം (1121), (32) ദേവഗീത (1121), (33) മാനസേശ്വരി (1121), (34) യവനിക (1121), (35) നിർവൃതി, (36) മാനസാന്തരം, (37) പെല്ലീസും മെലിസാന്ദയും (1123), (38) പ്രതികാരദുർഗ്ഗ (1123), (39) മൗനഗാനം, (40) കല്ലോലമാല, (41) നിർവ്വാണമണ്ഡലം, (42) അസ്ഥിയുടെ പൂക്കൾ, (43) മഞ്ഞക്കിളികൾ, (44) പാടുന്ന പിശാച്. ഇതു് ആരെയും ആശ്ചര്യപരതന്ത്രരാക്കുന്ന ഒരു കാവ്യപ്രവാഹംതന്നെയാണല്ലോ. ഇവയിൽ ചിലതെല്ലാം അദ്ദേഹം മരിച്ചതിൽപ്പിന്നെ പ്രസിദ്ധീകരിക്കപ്പെട്ടവയാണ്. ഇനിയും ചില ഗ്രന്ഥങ്ങൾ അച്ചടിക്കാതെ കിടപ്പുണ്ട്. ഇപ്പോഴും അവയിൽ ചിലതു പല മാസികകൾക്കും അയച്ചുകൊടുത്തു് അദ്ദേഹത്തിന്റെ പത്നി പ്രസിദ്ധീകരിച്ചുവരുന്നു. ചങ്ങമ്പുഴയുടെ കൃതികളെ ഓരോന്നായി അവ അർഹിക്കുന്ന വിധത്തിൽ വിമർശിക്കണമെങ്കിൽ അതു് ഒരു വലിയ പുസ്തകം കൊണ്ടേ സാധിക്കൂ. അതിന് ഇവിടെ ഒരുങ്ങുന്നില്ല. രമണൻ, സങ്കല്പകാന്തി, ഓണപ്പൂക്കൾ, സ്പന്ദിക്കുന്ന അസ്ഥിമാടം, ദേവഗീത തുടങ്ങിയ ചില കാവ്യങ്ങൾ വിശ്വോത്തരങ്ങളാണ്. ചങ്ങമ്പുഴയുടെ വൈശിഷ്ട്യം ഏതെല്ലാം ഉപാധികളെ ആശ്രയിച്ചിരിക്കുന്നു എന്നു ദിങ്മാത്രമായി സൂചിപ്പിക്കുവാൻ മാത്രമേ സ്ഥലം അനുവദിക്കുന്നുള്ളു.

## ചങ്ങമ്പുഴക്കവിതയുടെ വൈശിഷ്ട്യം

### ശബ്ദം

ചങ്ങമ്പുഴക്കവിതയുടെ വൈശിഷ്ട്യം ശബ്ദത്തിലും അർത്ഥത്തിലും ഒന്നുപോലെ അധിഷ്ഠിതമാണെങ്കിലും ശബ്ദത്തിലാണ് അദ്ദേഹത്തിന്റെ ശക്തി അന്യാദൃശമായി

ഫലിക്കുന്നതു്. സംസ്കൃത വൃത്തങ്ങളിൽ അദ്ദേഹം കവനം ചെയ്തിട്ടില്ലെന്നു ശപഥം ചെയ്യുവാൻ നിർവ്വാഹമില്ലെങ്കിലും അത്തരത്തിലുള്ള കൃതികൾ അത്യന്തം വിരളങ്ങളാണ്.

"ഒരു പിടി മണലിന്നു മേന്മയെന്തു–
ണ്ടൊരു ദിനമാ മണൽ മണ്ണടിഞ്ഞിടില്ലേ?
വരുവതു വരുമാക്രമിക്കുമയ്യോ!
പൊരുതുകിലും ഫലമില്ല, കാല്യ തെറ്റും."

ഇത്യാദി ശ്ലോകങ്ങളിലല്ല അദ്ദേഹത്തിന്റെ സിദ്ധി കാണേണ്ടതു്. ദ്രാവിഡവൃത്തനിബദ്ധങ്ങളായ കാവ്യങ്ങളിലും കേക മുതലായ ദീർഘവൃത്തങ്ങളല്ല നമ്മെ ഹഠാദാകർഷിക്കുന്നതു്. അവകൊണ്ടു് അദ്ദേഹം അധികമായി കൈകാര്യം ചെയ്തിട്ടുമില്ല. സംഗീതാത്മകങ്ങളായ ലഘുവൃത്തങ്ങളിൽ കവിത എഴുതി ഫലിപ്പിക്കുന്നതിനുള്ള പാടവം അദ്ദേഹത്തിലെന്നതുപോലെ അന്യകവികളിൽ കേരളം നാളതുവരെ കണ്ടിട്ടുണ്ടെന്നു തോന്നുന്നില്ല. അത്തരത്തിലുള്ള വൃത്തങ്ങളിൽ മധുരങ്ങളായ മലയാളപദങ്ങളെക്കൊണ്ടും മലയാളത്തിൽ അലിഞ്ഞുചേർന്ന തന്മയത്വം പ്രാപിച്ചിട്ടുള്ള സംസ്കൃതപദങ്ങളെക്കൊണ്ടും മാത്രമാണു് അദ്ദേഹം തന്റെ കവനം വിജയപ്രദമാക്കീട്ടുള്ളതു്. അത്ര വളരെ ദ്രാവിഡവൃത്തങ്ങൾ പലമാതിരി അദ്ദേഹത്തെപ്പോലെ ആരും പ്രയോഗിച്ചിട്ടുമില്ല. വെറുതേയല്ല ആ ഗന്ധർവ്വൻ സാമാന്യജനങ്ങളുടെ കവിയായതു്. ആർക്കും ഒരിയ്ക്കൽ കേട്ടാൽ മതി, അദ്ദേഹത്തിന്റെ ഈരടികൾ ഹൃദയത്തിൽ ശാശ്വതമായി നില ഉറപ്പിച്ചുകൊള്ളും.

### അർത്ഥം

ദീർഘങ്ങളും ഹ്രസ്വങ്ങളുമായി ഒട്ടു വളരെ കാവ്യങ്ങൾ അദ്ദേഹം രചിച്ചിട്ടുണ്ടു്.

"എനിയ്ക്കുമുണ്ടേതോ ചിലതെല്ലാമുഴി-
പ്പുരപ്പിനോടൊന്നു പറഞ്ഞു പോകുവാൻ."

എന്നു് അദ്ദേഹം ലോകത്തെ ഉൽബോധിപ്പിച്ചു. പറയുകയല്ല, പാടുകയാണു് ചെയ്തതു്, പല വിഷയങ്ങളെക്കുറിച്ചും പഞ്ചമസ്വരത്തിൽ പൂങ്കുയിൽ പാടി. ചങ്ങമ്പുഴ വായിച്ചതായി കാണുന്ന ഗ്രന്ഥങ്ങൾക്കു കയ്യും കണക്കുമില്ലെന്നു മുൻപു സൂചിപ്പിച്ചുവല്ലോ. സംസ്കൃതസാഹിത്യത്തോടു് അദ്ദേഹത്തിന്നു കടപ്പാടുണ്ടായിരുന്നു. അദ്ദേഹത്തിന്റെ കവിതയിൽ ഒരു വിധത്തിലുള്ള വളച്ചുകെട്ടുമില്ല. ഉപമോൽപ്രേക്ഷാദ്യലങ്കാരങ്ങളെ ആശ്രയിയ്ക്കുന്നതു് അപൂർവ്വമാണ്. പ്രതിപാദ്യം എവിടെനിന്നു സ്വീകരിച്ചാലും അതിനു പ്രായേണ കേരളീയച്ഛായ കൊടുക്കുവാൻ അദ്ദേഹത്തിനു സാധിച്ചിരുന്നു. ഇതെല്ലാം പ്രതീതിസലഭ്യത്തിനു് ഏറ്റവും പ്രയോജകീഭവിച്ചു. പ്രതിരൂപാത്മകങ്ങളായ ചില ഭാവഗീതങ്ങൾ അദ്ദേഹവും രചിച്ചിട്ടുണ്ടു്. എന്നാൽ അവ അനുവാചകന്മാരെ വിഷമിപ്പിക്കുന്നവയല്ല. അദ്ദേഹം കരുണം, ശൃങ്ഗാരം എന്നീ രണ്ടു രസങ്ങൾ പ്രതിപാദിക്കുന്നതിലാണു് അത്യന്തം കൃതഹസ്തനായി കാണപ്പെടുന്നതു്. നിരവധി അനുഭൂതികൾക്കും ഭാവങ്ങൾക്കും അദ്ദേഹം മായാത്ത ഉടലും മങ്ങാത്ത പ്രകാശവും കൊടുത്തിട്ടുണ്ടു്. (1) കാപട്യം നിറഞ്ഞ ഇന്നത്തെ ലോകം, (2) ദുഷ്ടന്മാർക്കു ജീവിതത്തിൽ ലഭിയ്ക്കുന്ന അനുസ്യൂതമായ വിജയം, (3) സമസൃഷ്ടികളുടെ വ്യഥയിൽ അലിയാത്ത മനുഷ്യഹൃദയത്തിന്റെ ക്രൂരത, (4) യാചകന്റെ പരിദേവനം, (5) കൂലിക്കാരന്റെ ദുരന്തദുഃഖം, (6) കർഷകന്റെ തോരാത്ത കണ്ണുനീർ, (7) പ്രതികൂലശക്തികളുടെ മർദ്ദനത്തിൽപ്പെട്ടു ഞെരുങ്ങുന്ന ദരിദ്രന്റെ നിസ്സഹായത, (8) എല്ലാവർ

ക്കും അവരവരുടെ കഴിവിന്നൊപ്പം ഉയരുവാൻ നിർവ്വാഹമില്ലാത്തതും ഭൂരിപക്ഷത്തിന്റെ സ്വാതന്ത്ര്യേച്ഛയെ ചവിട്ടിമെതിച്ച കബന്ധനൃത്തം ചെയ്യുന്നതുമായ നീതി എന്നിങ്ങനെ പുരോഗമനത്തിന്റെ മുന്നിൽ വിലങ്ങടിച്ചു നില്ക്കുന്ന പല പ്രമേയങ്ങളേയുംപറ്റി അദ്ദേഹം ശക്തിയുക്തമായ ഭാഷയിൽ ഇടിമുഴക്കത്തിനൊപ്പം ഗർജ്ജിച്ചിട്ടുണ്ട്. സമതയ്ക്കുവേണ്ടിയുള്ള സമരത്തിൽ അദ്ദേഹം ഒരു നിർഭീകനായ ധർമ്മഭടനായിരുന്നു. തന്നെസ്സംബന്ധിച്ചിടത്തോളം കാവ്യസ്വരൂപിണിയായ ദേവതതന്നെയാണ് തനിയ്ക്ക് അഭീഷ്ടദാത്രിയായ ദേവത എന്ന് രേഖപ്പെടുത്തി. ശാന്തിദായിനിയായ മൃതി കരളലിഞ്ഞു തന്നെ ആശ്ലേഷിക്കണമെന്ന് അദ്ദേഹം ചിലപ്പോൾ അഭ്യർത്ഥിച്ചിരുന്നു എങ്കിലും ആത്മഹത്യചെയ്യുവാൻ അദ്ദേഹം സന്നദ്ധനായിരുന്നില്ല. തന്റെ കവിതകൾ അസാന്മാർഗ്ഗികവും വിപ്ലവാത്മകവുമാണെന്നുവച്ച് ഉൽക്കൃഷ്ടപദവിയിലുള്ള ചിലർ അദ്ദേഹത്തെ അധിക്ഷേപിച്ചു. അത് അദ്ദേഹത്തിനു കഠിനമായ മനശ്ശല്യത്തിനു കാരണമായി. സ്വന്തം പ്രണയഗതിയിലും ചില പരാജയങ്ങൾ പറ്റീട്ടുണ്ടെന്നു പറഞ്ഞുകഴിഞ്ഞുവല്ലോ. ആദ്യകാലത്തെ ദാരിദ്ര്യബാധയിൽനിന്നു പിന്നീട് നിശ്ശേഷം വിമുക്തനായിയെങ്കിലും അതിന്റെ സ്മരണയും അദ്ദേഹത്തെ വിഷാദിപ്പിച്ചു. ഇങ്ങനെ പല കാരണങ്ങളാലും അദ്ദേഹത്തിന്റെ കാവ്യങ്ങൾ വായനക്കാരെ വിനോദിപ്പിയ്ക്കുവാൻ ഒരിയ്ക്കലും ഒരുങ്ങിയില്ല. ഉൽബോധനമാണ് അവയുടെ പ്രധാനലക്ഷ്യം.

> "കപടലോകത്തിലാത്മാർത്ഥമായൊരു
> ഹൃദയമുണ്ടായതാണെൻപരാജയം"

എന്ന് അദ്ദേഹം പാടുന്നു. "കരയും ഞാൻ കരയും ഞാൻ" എന്ന് ആവേശത്തോടുകൂടി ആക്രന്ദനംചെയ്യുന്നു. സങ്കചിതമല്ല അദ്ദേഹത്തിന്റെ വിപ്ലവഗതി. മുതലാളിമാരെ ശകാരിക്കുവാൻ അദ്ദേഹം തന്റെ തൂലികയെ അധികമൊന്നും ഉപയോഗിച്ചിട്ടില്ല. ലോകത്തിലെങ്ങും പടർന്നുപിടിച്ചിരിയ്ക്കുന്ന മനുഷ്യസമുദായത്തിലെ വൈകല്യങ്ങളോടാണ് അദ്ദേഹത്തിന്റെ വൈരസ്യം. ഒരു ഭാവത്തിന്റെയോ അനുഭവത്തിന്റെയോ പ്രതിഫലനം വികാരതീക്ഷ്ണതയിൽ നിറംപിടിപ്പിക്കുകയും ഹൃദയസ്പർശകമാക്കിച്ചമയ്ക്കുകയും ചെയ്യുന്നതാണ് ഭാവാത്മകഗീതങ്ങൾ അഥവാ സ്വച്ഛന്ദഗീതങ്ങളുടെ കലാപരമായ വൈശിഷ്ട്യം എന്ന് അദ്ദേഹം സങ്കല്പകാന്തിയുടെ മുഖവുരയിൽ പ്രസ്താവിച്ചിട്ടുണ്ട്. കർത്തൃനിഷ്ഠങ്ങളായ സ്വച്ഛന്ദഗീതങ്ങളാണ് പദാർത്ഥനിഷ്ഠങ്ങളായ സ്വച്ഛന്ദഗീതങ്ങളെക്കാൾ അധികം അദ്ദേഹത്തിൽനിന്നു ബഹിർഗ്ഗമിച്ചിട്ടുള്ളത്.

അദ്ദേഹം നമ്മെ പല വഴിക്കും ആകർഷിക്കുന്നു. നമുക്ക് അദ്ദേഹത്തിൽ അനുകമ്പ തോന്നുന്നു. നാം അദ്ദേഹത്തെ സ്നേഹിക്കുന്നു; ബഹുമാനിക്കുന്നു. അദ്ദേഹത്തിന്റെ കൃതികളിൽ അങ്ങിങ്ങു കാണുന്ന വാചാലത, പൂർവ്വാപരവിരുദ്ധത മുതലായ വൈകല്യങ്ങളെ പണ്ഡിതന്മാർപോലും അറിയുന്നില്ല. അത്രയ്ക്കുണ്ട് അവയുടെ നൈസർഗ്ഗികമായ വശീകരണശക്തി.

## ചില ഉദാഹരണങ്ങൾ

1. താഴെക്കാണുന്നതു ചങ്ങമ്പുഴയുടെ ഒന്നാമത്തെ കൃതിസമുച്ചയമായ ബാഷ്പാഞ്ജലിയിലെ പ്രസ്താവനയിൽനിന്നാണ്.

> "ശരിയായിരിക്കാമീ ലോകമേറ്റം
> നിരുപമാനന്ദദമായിരിക്കാം.
> പ്രബലപ്രതാപാദിജീവിതമാം

നറുപാല്ക്കടലിൻ തരങ്ഗമാകാം.
ഹതഭാഗ്യൻ ഞാൻ പക്ഷേ കണ്ടതെല്ലാം
പരിതാപാച്ഛാദിതമായിരുന്നു.
സതതമെൻ കാതിൽപ്പതിച്ചതെല്ലാം
കരുണതൻ രോദനമായിരുന്നു.
പരമാർത്ഥസ്നേഹത്തിനായോരെന്റെ
പരിദേവനങ്ങളും പാഴിലായി.
ഇനിയും വെളിച്ചം വരാത്തമട്ടി–
ലിരുളിൽക്കിടന്നു ഞാൻ വീർപ്പുമുട്ടി."

2. അടുത്തത് ഇടപ്പള്ളി രാഘവൻപിള്ളയുടെ അകാലനിര്യാണത്തിൽ അനുശോചിച്ചുകൊണ്ട് അദ്ദേഹം തകർന്ന മുരളി എന്ന തലക്കെട്ടിൽ എഴുതീട്ടുള്ളതും സങ്കല്പകാന്തിയിൽ ഉൾക്കൊള്ളുന്നതുമായ വിലാപകാവ്യത്തിലെ ഒരു ഭാഗമാണ്.

"നിശ്ചലമക്കാഴ്ച കണ്ടുനിന്ന
മൃത്യുവും പൊട്ടിക്കരഞ്ഞിരിക്കും.
ആ മഹാജീവിതം മാഞ്ഞനേരം
ഭൂമിയും സ്തംഭിച്ചുപോയിരിക്കും.
വിണ്ണിലെത്താരകളൊക്കെയും ക-
ണ്ണൊന്നിച്ചിറുക്കിയടച്ചിരിക്കും.
അക്കാഴ്ച, കാണെച്ചരാചരങ്ങ-
ളൊക്കെയും ഞെട്ടിത്തെറിച്ചിരിക്കും.
കായായിത്തീരാൻ തുടങ്ങിയപ്പോൾ-
പ്പോയല്ലോ, പോയല്ലോ പുഷ്പമേ നീ.
നാളത്തെയോമൽപ്രഭാതവുമായ്
നാകത്തിൽ നീ പോയൊളിച്ചുവല്ലോ."

3. ഒരു പുലപ്പെണ്ണിന്റെ പാട്ട്:

"ചിങ്ങം പിറന്നു പറന്നു പച്ചച്ചങ്ങാലി പാടത്തു വന്നു
ചെമ്പാവെൻ തമ്പ്രാക്കൾക്കുണ്ണാൻവേണ്ടിച്ചെമ്പഴംകൊണ്ടു കഴിഞ്ഞു
മിന്നിക്കൊച്ചോളങ്ങൾ ചിന്നിച്ചിന്നിപ്പൊന്നിളവെയ്ല്പ പരന്നു.
തുമ്പക്കുടങ്ങളിൽത്തുങ്ങിത്തങ്ങിത്തുമ്പികൾ തത്തിക്കളിച്ചു.
ഉണ്ടയിട്ടോടിപ്പിടിച്ചും വീണ്ടും മണ്ടിയും തത്തിപ്പിടിച്ചും
അപ്പപ്പൊഴങ്ങിങ്ങിലത്തുമ്പത്തൊരല്പനേരം വിശ്രമിച്ചും
ചിത്രശലഭങ്ങൾ പാറിപ്പാറിച്ചുറ്റിപ്പറന്നു കളിച്ചു.
പാടുന്നു തൈവള്ളിത്തുഞ്ചത്തിരുന്നാടിക്കൊണ്ടാറ്റക്കിളികൾ.
നാണംകുണുങ്ങുന്നോരോണപ്പൂക്കൾ നാലുപാടും തിങ്ങിനില്പൂ.
കാണുന്നിതെങ്ങും വെളിച്ചം ഹാ! പൊന്നോണം വരുന്ന വെളിച്ചം!
കാറൊഴിഞ്ഞിടാത്തതിന്നും കഷ്ടം! നീറുമീയെൻമനംമാത്രം."

(സ്പന്ദിക്കുന്ന അസ്ഥിമാടം)

4. ഓണപ്പൂക്കളിലെ മനുഷ്യൻ എന്ന കൃതിയിൽനിന്നാണ് ചുവടേ ചേർക്കുന്ന വരികൾ ഉദ്ധരിക്കുന്നത്.

“ത്രഷ്ടിയാർന്നീശ്വരൻ തൻപ്രതി രൂപമായ്
സൃഷ്ടിച്ചതാണുപോൽ മാനുഷനെ
നേരാണതെങ്കിലോ നൂനമാദ്ദൈവത്തിൻ
പേരു കേട്ടാൽ മതി പേടിയാവാൻ.
നിസ്സാരനീനരൻപോലുമിമ്മട്ടൊരു
നിസ്സീമസംഹാരമൂർത്തിയായാൽ
ശപ്തമാം തത്സർഗ്ഗസിദ്ധിക്കു താങ്ങായ
ശക്തിതൻ ശക്തിയെന്തായിരിക്കും?

പാഷാണമാത്രാത്മസത്വനാം ഭീകര-
പാതകമൂർത്തിയാമിമ്മനുഷ്യൻ
ദൈവപ്രതിരൂപമാണെങ്കിലത്തരം
ദൈവത്തിനെപ്പിന്നെയാർക്കു വേണം?”

5. പഴമയോടുള്ള പക: താഴെ കാണുന്നത് ചുട്ടെരിക്കൽ എന്ന കൃതിയിലുള്ളതാണ്. സങ്കല്പകാന്തിയിൽ

“മതത്തിൻപേരും പറഞ്ഞയ്യയ്യോ! പടിഞ്ഞാറു
മനുഷ്യൻ മനുഷ്യനെക്കൊന്നുകൊന്നൊടുക്കുമ്പോൾ
ഭാരതത്തിലെ നീണ്ട താടിക്കാർ, കാട്ടാളന്മാർ
പോരെങ്കിൽപ്പരിഷ്കാരശൂന്യന്മാർ കറമ്പന്മാർ
നേരിന്റെ നാട്ടും തേടി സ്നേഹത്തിൻ പാട്ടും പാടി–
ച്ചാരുവാമൈക്യത്തിന്റെ പൂന്തോപ്പിലൂഞ്ഞാലാടി.
ഭൂതലമജ്ഞാനാന്ധകാരത്തിൽക്കിടന്നപ്പോൾ
ഗീതയാം വാടാവിളക്കീ നാട്ടിലാളിക്കത്തി”

എന്നെഴുതിയ ചങ്ങമ്പുഴതന്നെയാണ് പില്ക്കാലത്ത് ചുട്ടെരിക്കൽ എന്ന പാട്ടിൽ

“ജടയുടെ സംസ്കാരപ്പനയോലക്കെട്ടൊക്കെ–
പ്പൊടി കെട്ടിപ്പഴകുത്തിച്ചിതല്ല മുറ്റി.
ചികയുന്നോ? ചിരി വരും–ചിലതിനിയുമുണ്ടെന്നോ
ചിതയിലേക്കവയെടുത്തെറിയു വേഗം!
അറിയാനിനിയുലകിൽ നമുക്കുള്ളതെന്തെന്നോ
പറയാം ഞാൻ—അരിവാളിൻ തത്വശാസ്ത്രം.
ഇതുവരെയും ഹാ നമ്മെ വഴി തെറ്റിച്ചഴൽ മുറ്റി–
ച്ചിവിടംവരെയെത്തിച്ച കാവിവസ്ത്രം
ഇനിയുമിതിൻപുറകേയോ?–തിരിയുവിൻ! തിരിയുവിൻ!
തുനിയല്ലേ നിഴലുകളെപ്പിൻതുടരാൻ.
ഭജനകൾ പാടി നാം ഭസ്മക്കുറി ചൂടി നാം

ഭരദേവതമാരുടെ പടിയും കാത്തു.
വയറെങ്ങനെയിപ്പോഴും? പവിഴക്കതിരിടമുറ്റും
വയലുകൾ! വയറൊട്ടി വരളുന്നെന്നോ?
വരളും വരളും, നിങ്ങൾക്കിനിയും വരളും, നിങ്ങൾ
വനവീഥിയിലേക്കുള്ളീ വഴിയേ പോയാൽ"

എന്നും എഴുതിയതു്. അപ്പോഴപ്പോൾ വിജൃംഭിക്കുന്ന വികാരങ്ങൾക്കു് അധീനമായ അദ്ദേഹത്തിന്റെ ഹൃദയത്തിൽനിന്നു വിഭിന്നരീതിയിലുള്ള ഭാവഗീതങ്ങൾ പൊന്തിവരുന്നുവെന്നേ ഇതിനർത്ഥമുള്ളു. പല വേഷങ്ങളിലും പരിവേഷങ്ങളിലും അദ്ദേഹത്തെ നാം നിരീക്ഷിക്കുന്നുണ്ടെങ്കിലും ഭാരതീയരുടെ പുനർജ്ജന്മസിദ്ധാന്തത്തിലും മറ്റും അദ്ദേഹത്തിനു വിശ്വാസമുണ്ടായിരുന്നു എന്നു തെളിയിക്കുന്ന കവിതകളുമുണ്ടു്.

6. താഴെച്ചേർക്കുന്ന വരികൾ അദ്ദേഹത്തിന്റെ ഓണപ്പൂക്കളിൽപ്പെട്ട വൃത്തം എന്ന കൃതിയിലുള്ളവയാണ്.

"ജീവിതവ്യാസം ചുരുങ്ങിച്ചുരുങ്ങിയ–
ക്കേവലത്വത്തിന്റെ കേന്ദ്രത്തിലെത്തുവാൻ
കർമ്മമല്ലാതില്ല മാർഗ്ഗമിന്നാകയാൽ–
ക്കർമ്മത്തെയാദ്യം പവിത്രീകരിക്ക നാം.
മൃണ്മയമാകുമിക്കോവിലിൽബ്ഭക്തിയാർ–
ന്നുണ്മയിൽച്ചിന്മയധ്യാനനിലീനയായ്
ആവസിപ്പൂ ജീവയോഗിനി, വെണ്മല–
രാവട്ടെ കർമ്മങ്ങളർച്ചനയ്ക്കെപ്പൊഴും.
എങ്കിൽ ക്ഷണപ്രഭാചഞ്ചലസ്വപ്നങ്ങൾ
സങ്കടമേകുകില്ലാശ്വസിക്കു സഖി!
ജന്മാന്തരങ്ങളിൽപ്പണ്ടുമിതുവിധം
നമ്മളൊരുമിച്ചിരുന്നൊരാ വേളയിൽ
അന്നു നാം കണ്ടൊരപ്പൊന്നിൻകിനാക്കള–
ല്ലിന്നുമണഞ്ഞതെന്നാരറിഞ്ഞു സഖി?
ഇന്നവമാഞ്ഞു മറഞ്ഞതു കണ്ടിട്ടു
ഖിന്നയാകായ്കവ വന്നിടും പിന്നെയും.
വർത്തമാനം ഭൂതമായ് സ്വയം മാറുന്നു
വർത്തമാനത്തിലണയുന്നു ഭാവിയും.
ഭൂതങ്ങൾ ഭാവിയായ് മാറുന്നിതബ്ഭാവി
ഭൂതമായ്ത്തീരുന്നു വർത്തമാനംവഴി
വൃത്തമാണേവം സമസ്തവും പോയവ
യെത്തും മറഞ്ഞുപോം നില്പവയൊക്കെയും."

ഇനിയും പലതും ഉദ്ധരിക്കുവാൻ തോന്നുന്നുണ്ടെങ്കിലും ആ ഉദ്യമത്തിൽ നിന്നു വിരമിക്കേണ്ടിയിരിക്കുന്നു. അനന്യസുലഭമായ സിദ്ധിവിശേഷങ്ങളോടുകൂടിയ ഒരു വരിഷ്ഠകവിതന്നെയായിരുന്നു ചങ്ങമ്പുഴ. അദ്ദേഹത്തിന്റെ പേരും പെരുമയും മലയാളഭാഷ ഉള്ള കാലത്തോളം നിലനില്ക്കും. ആധുനികകാലത്തെ ഭാഷാകവിതയുടെ നവോത്ഥാനത്തിന് അദ്ദേഹം നല്കീട്ടുള്ള ഉത്തേജനം അത്യന്തം മഹനീയമാണ്.

അത്തരം കവിതയുടെ ഉപജ്ഞാതാവും പ്രവാചകനും മാർഗ്ഗദർശിയയമാണ് അദ്ദേഹം. അദ്ദേഹത്തെ അനുകരിക്കുന്നതിന് അരയും തലയും മുറുക്കി അരങ്ങത്തുവന്നിട്ടുള്ള യുവാക്കന്മാർക്കു സംഖ്യയില്ല. അവരിൽ രണ്ടോ മൂന്നോ പേർക്കെങ്കിലും കാലാന്തരത്തിൽ അദ്ദേഹത്തിന്റെ അടുത്തെങ്ങാനും എത്തുവാൻ കഴിയുമെങ്കിൽ കൈരളി കൃതാർത്ഥയാകും.

## 61

# ചില വിശിഷ്ടപണ്ഡിതന്മാരും സിദ്ധന്മാരും

### കൂടല്ലൂർ കുഞ്ചുണ്ണിനമ്പൂതിരിപ്പാട്ട് (1005–1060)

#### 11-ാം ശതകത്തിൽ കൂടല്ലൂരിലെ വിദ്വൽപരമ്പര

കൂടല്ലൂർ മനക്കലെ അംഗങ്ങൾ വ്യാകരണപാണ്ഡിത്യത്തിനു കേൾവിപ്പെട്ടവരാണെന്നു മുൻപു പ്രസ്താവിച്ചിട്ടുണ്ടല്ലോ. 11-ാം ശതകത്തിന്റെ ആരംഭത്തിൽ ആ മനയ്ക്കൽ വാസുദേവൻനമ്പൂരിപ്പാട്ട് എന്നൊരു മഹാവിദ്വാൻ ജീവിച്ചിരുന്നു. പരദേശങ്ങളിൽ അദ്ദേഹം വാസുദേവശാസ്ത്രി എന്ന പേരിലാണ് അറിയപ്പെട്ടിരുന്നത്. അദ്ദേഹത്തിന്റെ ജ്യേഷ്ഠന്റെ മകനും വൈയാകരണനുമായിരുന്ന കുഞ്ചുനമ്പൂരിപ്പാട്ട് ചെറുപ്പത്തിൽ മരിച്ചുപോയി. ആ കുഞ്ചു നമ്പൂരിപ്പാട്ടും വിദ്വാൻ പട്ടുതോൾ നമ്പൂരിപ്പാട്ട്, നമ്മുടെ കുഞ്ചുണ്ണിനമ്പൂരിപ്പാട്ട് മുതൽപേരും വാസുദേവൻനമ്പൂരിപ്പാട്ടിലെ ശിഷ്യന്മാരായിരുന്നു. കൊച്ചി ചാലക്കുടി പിലാങ്ങോട്ടു പട്ടുതോൾ നമ്പൂരിപ്പാട്ടിലെ മരുമകനായ ഈ കുഞ്ചു (ബ്രഹ്മദത്തൻനമ്പൂരിപ്പാട്ട്) ആണ് കുഞ്ചുണ്ണിയുടെ അച്ഛൻ. കുഞ്ചുനമ്പൂരിപ്പാട്ട് രണ്ടന്തർജ്ജനങ്ങളെ പരിഗ്രഹിച്ചു. ആദ്യത്തെ വേളി പാഴൂർ കറുത്തേടത്തു മനയ്ക്കൽനിന്നും രണ്ടാമത്തേതു പെരുമ്പിള്ളിശ്ശേരി കിരാങ്ങാട്ടുമനയ്ക്കൽനിന്നുമായിരുന്നു. രണ്ടു പത്നിമാരിലും മുമ്മൂന്നു പുത്രന്മാർ ജനിച്ചു. ദ്വിതീയപത്നിയുടെ പുത്രന്മാരാണ് കുഞ്ഞൻനമ്പൂരിപ്പാട്ടും കുഞ്ഞുണ്ണിനമ്പൂരിപ്പാട്ടും കുഞ്ചുണ്ണിനമ്പൂരിപ്പാട്ടും. കുഞ്ചുണ്ണിയുടെ പിതൃദത്തമായ നാമധേയം നീലകണ്ഠൻ എന്നായിരുന്നു. കുഞ്ഞുണ്ണിനമ്പൂരിപ്പാട്ട് ഒരു മികച്ച മീമാംസകനും കൂടിയായിരുന്നു. പ്രഥമപത്നിയുടെ ശാഖയിൽപ്പെട്ട കുഞ്ഞിക്കാവുനമ്പൂരിപ്പാടാണ് സുപ്രസിദ്ധനായ ഭാഗവതപൗരാണികൻ. ഭക്തിസാരാമൃതസംഗ്രഹം എന്നൊരു ചെറിയഗദ്യഗ്രന്ഥം അദ്ദേഹത്തിന്റെ വകയായി പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഭക്തിമാർഗ്ഗത്തിന്റെ സകലരഹസ്യങ്ങളും പ്രമാണപുരസ്സരം ആർക്കും മനസ്സിലാകുന്ന ഭാഷയിൽ അതിസ്പഷ്ടമായി പ്രതിപാദിച്ചിരിക്കുന്നു. ഭക്തിയുടെ സ്വരൂപം, അതിന്റെ വിഭാഗങ്ങൾ, അതിന്റെ ആവശ്യം, ഭക്തി കൊണ്ടുമാത്രം സാക്ഷാൽക്കരിക്കാവുന്ന ഭഗവത്സ്വരൂപത്തിന്റെ ലക്ഷണം, ഭക്തിയുടെ വളർച്ചയിൽ ഭക്തനുണ്ടാകുന്ന അവസ്ഥാവിശേഷം, ഭക്തിയോഗത്തിനു ജ്ഞാനയോഗാദികളിൽനിന്നുള്ള വൈലക്ഷണ്യം ഇങ്ങനെയുള്ള വിഷയങ്ങളാണ് അതിൽ അദ്ദേഹം സംഗ്രഹിച്ചിരിക്കുന്നത്. അദ്ദേഹത്തിന്റെ ജ്യേഷ്ഠൻ കാവുനമ്പൂരിയോടാണ് ചേന്നമംഗലത്ത് അയ്യാശാസ്ത്രികളും മറ്റും കുറേക്കാലം വ്യാകരണം അഭ്യസിച്ചത്. കഞ്ചുണ്ണിനമ്പൂരിപ്പാട്ടിലെ കാലം കഴിഞ്ഞതിനുമേൽ ഉണ്ണിനമ്പൂരിപ്പാ

ട്ട് എന്നൊരു പണ്ഡിതൻകൂടി കൂടല്ലൂർമനയ്ക്കൽ ജീവിച്ചിരുന്നു. സ്ഥാനസസന്ന്യാസം ചെയ്ത കൊച്ചി വലിയതമ്പുരാനോട്ട് ആ ഉണ്ണിനമ്പൂരി ഒരവസരത്തിൽ "ഇല്ലത്തു വ്യാകരണം പ്രധാനമായി പഠിച്ചുതുടങ്ങിയിട്ടു പതിന്നാലു തലമുറയായി. എന്നോടു കൂടി അതവസാനിക്കാൻ പോകുന്നു എന്നു വിചാരിച്ച് എനിക്കു വലിയ സങ്കടമുണ്ട്" എന്നു തിരുമനസ്സറിയിച്ചതു കൂടെനിന്നു കേട്ടുകൊണ്ടിരുന്ന പരീക്ഷിത്തു രാമവർമ്മ വലിയതമ്പുരാൻ തിരുമേനിയിൽനിന്ന് എനിക്ക് അറിവാൻ ഇടവന്നിട്ടുണ്ട്. ഉണ്ണിനമ്പൂരിപ്പാടുതന്നെയായിരുന്നു കൂടല്ലൂർ മനക്കലെ ഒടുവിലത്തെ പണ്ഡിതൻ.

## ചരിത്രം

1005-ാമാണ്ടു മിഥുനമാസം 18-ാംനു സ്വാതിനക്ഷത്രത്തിലാണ് കുഞ്ചുണ്ണിനമ്പൂരിപ്പാടു ജനിച്ചതു്. ബാല്യത്തിൽത്തന്നെ കേട്ടതെല്ലാം കാണാതെ പഠിക്കുവാൻ ഒരു വാസന പ്രത്യേകമുണ്ടായിരുന്നു. മണിക്കുറ്റി വാരിയരായിരുന്നു ആദ്യത്തെ ഗുരു. കൂടല്ലൂർമനക്കലെ കുലഗുരുസ്ഥാനം പരമ്പരയാ ആ കുടുംബത്തേയ്ക്കുണ്ട്. ഓത്തു ചൊല്ലിച്ചതു് മുത്തച്ഛനാണ്. വാസുദേവശാസ്ത്രിയായിരുന്നു വ്യാകരണാചാര്യൻ എന്നു മുൻപുതന്നെ പ്രസ്താവിച്ചിട്ടുണ്ടല്ലോ. കുഞ്ചുണ്ണിനമ്പൂരിപ്പാടു വ്യാകരണത്തിനുപുറമെ വേദാന്തത്തിലും പരിനിഷ്ഠിതമായ പാണ്ഡിത്യം സമ്പാദിച്ചു. ഉമയാപുരം രാമയ്യാശാസ്ത്രികളാണ് ആ വിഷയത്തിൽ ഗുരു. ജ്യോതിഷത്തിലും ധർമ്മശാസ്ത്രത്തിലും കൂടി അദ്ദേഹം നൈപുണ്യം നേടി. ഇരുപതാമത്തെ വയസ്സിൽ സിദ്ധാന്തകൗമുദി പഠിപ്പിച്ചുതുടങ്ങി. ആ ശാസ്ത്രത്തിൽ കാരയ്ക്കാട്ടു അച്ഛൻനമ്പൂരിയും മുല്ലപ്പള്ളി സ്വാമിയാരുമാണ് അദ്ദേഹത്തിന്റെ പ്രഥമശിഷ്യന്മാർ. 1030-ാമാണ്ടോടുകൂടി തൃശ്ശൂരിൽ താമസം തുടങ്ങി വടക്കേക്കുറുപ്പത്തു കുട്ടിപ്പാറുവമ്മയെപരിഗ്രഹിച്ചു. അവിടെയും വ്യാകരണംതന്നെയാണ് മുഖ്യമായി പഠിപ്പിച്ചതു്. മഹാമഹോപാധ്യായൻ കിള്ളിമംഗലത്തു നാരായണൻനമ്പൂരിപ്പാട്ട്, വാടാനംകുറിശ്ശി പിച്ചുശാസ്ത്രികൾ, ചേന്നമങ്ഗലം അയ്യാശാസ്ത്രികൾ, കൂടല്ലൂർ കുഞ്ഞിക്കാവുനമ്പൂരിപ്പാട്ട്, കാവുനമ്പൂരിപ്പാട്ട്, വാഴയൊഴിഞ്ഞ കൊച്ചിവലിയതമ്പുരാൻ മുതലായവർ ആ കാലത്തു് അദ്ദേഹത്തിനു ലഭിച്ച ശിഷ്യോത്തമന്മാരാണ്. സി. പി. അച്യുതമേനോനും കുറേക്കാലം അദ്ദേഹത്തിന്റെ കീഴിൽ പഠിച്ചിട്ടുണ്ട്. കോഴിക്കോട്ടു തളിയിൽ സദസ്സിൽ ശിഷ്യന്മാരേയുംകൊണ്ടു പതിവായിപ്പോകാറുണ്ടായിരുന്നു. മിഥുനമാസത്തിൽ തീപ്പെട്ട വലിയതമ്പുരാൻ അദ്ദേഹത്തിന്റെ വൈദുഷ്യത്തെ അഭിനന്ദിച്ചു മാസന്തോറും ഇരുപത്തിരണ്ടര ഉറുപ്പിക പാരിതോഷികമായി കൊടുത്തു. തിരുവനന്തപുരത്തു് ആയില്യം തിരുനാൾ മഹാരാജാവും ഒരു വീരശൃംഖല സമ്മാനിച്ചു. നമ്പൂരിമാരുടെയിടയിൽ ഇംഗ്ലീഷ് വിദ്യാഭ്യാസം പ്രചരിപ്പിക്കാൻ തൃശ്ശൂരിൽവച്ച് അവരുടെ ഒരു യോഗം സംഘടിപ്പിച്ചു. സ്വസമുദായത്തിൽ കാലോചിതമായ ഏതു പരിഷ്കാരവും നടപ്പിലാക്കുന്ന വിഷയത്തിൽ അദ്ദേഹം ആത്മാർത്ഥമായി സഹായിച്ചു. വിഷൂചികാബാധിതനായ ഒരു ദീനക്കാരനെ പരിചര്യചെയ്യുക നിമിത്തം ആ രോഗം തനിക്കും ബാധിക്കുകയും അതു മൂർച്ഛിച്ച് 1060-ാമാണ്ടു് ഇടവമാസം ഉത്രാടംനാൾ പരഗതിയെ പ്രാപിക്കുകയും ചെയ്തു. കുഞ്ചുണ്ണിനമ്പൂരിപ്പാട്ടിലെ യശസ്സ് ഇക്കാലത്തും നിലനില്ക്കുന്നതു വ്യാകരണത്തിൽ അദ്ദേഹത്തിനുണ്ടായിരുന്ന അധീതി ബോധാചരണ പ്രചാരണങ്ങളുടെ ഫലവത്തായ സ്വപരിശ്രമം നിമിത്തമാണ്.

## റ്റി. ഗണപതിശാസ്ത്രി (1036—1101)

## ചരിത്രം

ഗണപതിശാസ്ത്രി തിരുനെൽവേലി ജില്ലയിൽ തരുവൈ ഗ്രാമത്തിൽ രാമസുബ്ബയ്യരുടേയും സീതാംബയുടേയും പുത്രനായി 1036-ാമാണ്ടു തുലാമാസം 11-ാംനു ജനിച്ചു. അദ്ദേഹത്തിന്റെ കുടുംബം വളരെ ദരിദ്രമായിരുന്നു. നീലകണ്ഠശാസ്ത്രി എന്നൊരു പണ്ഡിതന്റെ അടുക്കൽ നിഷ്കർഷിച്ചു സംസ്കൃതം അഭ്യസിച്ചതിനുമേൽ വദാന്യന്മാരും വൈദുഷ്യനിധികളുമായ വഞ്ചിമഹാരാജാക്കന്മാരുടെ വാസസ്ഥാനമായ തിരുവനന്തപുരത്തു സ്വഗൃഹത്തിൽനിന്നു കാൽനടയായി നടന്നെത്തി ചാലഗ്രാമത്തിൽ താമസിച്ചു കടയം സുബ്ബയ്യാദീക്ഷിതരെന്ന മഹാവൈയാകരണന്റെ കീഴിൽ വ്യാകരണവും അലങ്കാരവും പഠിച്ചു. വളരെ വേഗത്തിൽ ഒരു ഗണനീയനായ പണ്ഡിതനായി വികസിച്ചു. 1054-ാമാണ്ടു മീനമാസം 1-ാംനു തിരുവിതാംകൂർ ഹൈക്കോടതിയിൽ ഒരു ഗുമസ്തനായി സർവ്വീസിൽ പ്രവേശിച്ചു. അവിടെനിന്നു സംസ്കൃതമഹാപാഠശാലയിൽ ആദ്യം ഒരു ഉപാധ്യായനായും പിന്നീടു ഹെഡ്മാസ്റ്ററായും തദനന്തരം പ്രിൻസിപ്പലായും ഉയർന്നു. കേരളവർമ്മ വലിയകോയിത്തമ്പുരാന്റെ ആശ്രിതനും അന്തേവാസിയുമായ അദ്ദേഹത്തിന്റെ ബഹുമുഖമായ പാണ്ഡിത്യത്തെയും വികസ്വരമായ പ്രതിഭാപാരമ്യത്തേയും പറ്റി അക്കാലത്തെ സംസ്കൃതവിദ്വാന്മാർക്കെല്ലാം വലിയ മതിപ്പായിരുന്നു. വിശാഖം തിരുനാൾ മഹാരാജാവു് ഒരു മോതിരം സമ്മാനിച്ചു; 1084-ാമാണ്ടു ചിങ്ങമാസം 19-ാംനു പ്രാച്യഗ്രന്ഥങ്ങളുടെ പ്രസിദ്ധീകരണത്തിനു പ്രത്യേകമായി ഒരു വകുപ്പു ഗവർമ്മെന്റ് സംവിധാനം ചെയ്തപ്പോൾ ആ വകപ്പിലെ ആദ്യത്തെ ക്യൂറേട്ടറായി നിയമിതനായതും, നമ്മുടെ ശാസ്ത്രിയായിരുന്നു. ആ നിലയിൽ പതിനെട്ടു കൊല്ലം ലോകസേവനം ചെയ്തു ദിഗന്തങ്ങളിൽ തന്റെയും വഞ്ചിനാട്ടിന്റെയും കീർത്തി പ്രചരിപ്പിച്ചു. ലണ്ടനിലെ റോയൽ ഏഷ്യാറ്റിക് സൊസൈറ്റിയിലെ ഓണററിമെംബർ സ്ഥാനവും, ജർമ്മനിയിലെ ട്യൂബിൻജൻ സർവ്വകലാശാലയിൽനിന്നു പി. എച്ച്. ഡി. ബിരുദവും, ഭാരതചക്രവർത്തിയിൽനിന്നു മഹാമഹോപാധ്യായ പദവിയും, വെയിത്സ് രാജകുമാരൻ ഭാരതം സന്ദർശിച്ചപ്പോൾ ഒരു കീർത്തിമുദ്രയും അദ്ദേഹത്തിനു ലബ്ധമായി. 1101-ാമാണ്ടു തുലാമാസം 10-ാംനു ഉദ്യോഗത്തിൽനിന്നു വിരമിക്കുകയും ആ കൊല്ലത്തിൽത്തന്നെ മീനം 21-ാംനു പരമപദത്തെ പ്രാപിക്കുകയും ചെയ്തു.

## കൃതികൾ

ഗണപതിശാസ്ത്രി ഒരു വൈയാകരണനായിരുന്നുവെന്നു പറഞ്ഞുവല്ലോ. അലങ്കാരത്തിലും സാഹിത്യത്തിലും അദ്ദേഹത്തിനുണ്ടായിരുന്ന അവഗാഹം അനന്യസാമാന്യമായിരുന്നു. വിശ്രമം എന്നൊന്നു് അദ്ദേഹം അറിഞ്ഞിരുന്നതേയില്ല. (1) മാധവീവാസന്തീയം നാടകം, (2) സേതുയാത്രാവർണ്ണനം, (3) തുലാപുരുഷദാനകാവ്യം, (4) അർത്ഥചിന്താമണിമാല, (5) ചക്രവർത്തിനീഗുണമണിമാലം, (6) ഭാരതാനുവർണ്ണനംഗദ്യം, (7) വലിയകോയിത്തമ്പുരാന്റെ ശാകുന്തളപാരമ്യത്തിനു വ്യാഖ്യാനം ഇവ അദ്ദേഹത്തിന്റെ കൃതികളിൽ ഉൾപ്പെടുന്നു. ഇവ കൂടാതെ വലിയ കോയിത്തമ്പുരാന്റെ വിശാഖവിജയത്തിനും, ഏ. ആർ. രാജരാജവർമ്മ കോയിത്തമ്പുരാന്റെ ആംഗലസാമ്രാജ്യത്തിനും ലഘുടിപ്പണികളും അദ്ദേഹം എഴുതീട്ടുണ്ടു്.

## പ്രാച്യഗ്രന്ഥപ്രകാശനം

എന്നാൽ ഗണപതിശാസ്ത്രിയുടെ യശസ്സ്, ക്യൂറേട്ടർ എന്ന നിലയിൽ അദ്ദേഹം പ്രസിദ്ധീകരിച്ചിട്ടുള്ള ഗ്രന്ഥങ്ങളെ ആശ്രയിച്ചാണു് സർവ്വോപരി നിലകൊള്ളുന്നതു്.

ഒട്ടുവളരെ ഉത്തമഗ്രന്ഥങ്ങൾ അദ്ദേഹം പ്രകാശിപ്പിക്കുകയുണ്ടായി. (1) മഹിമഭട്ടന്റെ വ്യക്തിവിവേകം, (2) കാമന്ദകന്റെ നീതിസാരം, (3) കേശവസ്വാമിയുടെ നാനാർത്ഥാർണവസംക്ഷേപം, (4) വന്ദ്യഘടീയ സർവ്വാനന്ദന്റെ ടീകാസർവ്വസ്വത്തോടുകൂടിയ നാമലിംഗാനുശാസനം, (5) മഹേന്ദ്രവിക്രമവർമ്മാവിന്റെ മത്തവിലാസപ്രഹസനം, (6) കൃഷ്ണാനന്ദസരസ്വതിയുടെ സിദ്ധാഞ്ജനം, (7) ഈശാനശിവഗുരുദേവന്റെ പദ്ധതി, (8) കൗടില്യന്റെ അർത്ഥശാസ്ത്രം, (9) അര്യമഞ്ജുശ്രീമൂലകല്പം, (10) വിശ്വരൂപന്റെ ബാലക്രീഡയോടുകൂടിയ യാജ്ഞവല്ക്യസ്മൃതി എന്നീ അപൂർവ്വഗ്രന്ഥങ്ങൾ അവയിൽ ചിലതുമാത്രമാണ്. ഭാസന്റേതെന്ന് അദ്ദേഹവും മറ്റു ചില പണ്ഡിതപ്രവേകന്മാരും സ്ഥാപിക്കുവാൻ ശ്രമിക്കുന്ന പതിമ്മൂന്നു രൂപകങ്ങൾ പ്രസിദ്ധീകരിക്കുക നിമിത്തമാണ് അദ്ദേഹത്തെ സകലരാജ്യങ്ങളിലെ സംസ്കൃതപണ്ഡിതന്മാരും ഒന്നുപോലെ സർവ്വോപരി ബഹുമാനിച്ചത്. ആ രൂപകങ്ങൾക്കും അർത്ഥശാസ്ത്രത്തിനും അദ്ദേഹം വളരെ മേലേക്കിടയിലുള്ള വ്യാഖ്യാനങ്ങൾ രചിച്ചിട്ടുണ്ട്. അർത്ഥശാസ്ത്രവ്യാഖ്യയ്ക്ക് അദ്ദേഹത്തിന് അവലംബമായിത്തീർന്നതു് ഒരു മഹത്തും പ്രാക്തനവുമായ ഭാഷാവ്യാഖ്യാനമാണെന്നുള്ള വസ്തുത അവിസ്മരണീയമാണ്. പദ്യത്തെക്കാൾ ഗദ്യമായിരുന്നു അദ്ദേഹത്തിന് അധികം സ്വാധീനം. ആ കൃതഹസ്തത ഭാരതാനുവർണ്ണനം എന്ന ലഘുഗ്രന്ഥത്തിൽനിന്നു മാത്രമല്ല, പ്രതിമാനാടകത്തിന് അദ്ദേഹം എഴുതീട്ടുള്ളതും സ്വപ്നവാസവദത്താദി ഗ്രന്ഥങ്ങളൊന്നും ഭാസന്റേതല്ലെന്നു വാദിക്കുന്ന പണ്ഡിതന്മാരെ ഇരുത്തിച്ചിന്തിപ്പിക്കുന്നതുമായ ഉപോൽഘാതത്തിൽനിന്നും കാണാവുന്നതാണ്. വളരെ താളിയോലഗ്രന്ഥങ്ങൾ കേരളത്തിന്റെ നാനാഭാഗങ്ങളിൽനിന്ന് അദ്ദേഹം വരുത്തി സംഭരിച്ചു. ഏതു പ്രകാരത്തിൽ നോക്കിയാലും അദ്ദേഹം ക്യൂറേറ്ററായിരുന്ന കാലത്തുചെയ്തിട്ടുള്ള സംസ്കൃതസേവനം ആർക്കും പുളകോൽഗമകാരിയായി, അന്യാദൃശമായ തേജസ്സോടുകൂടി എവിടെയും എല്ലാക്കാലത്തും പരിലസിക്കും. അത്തരത്തിലുള്ള ഒരു വിദ്യാവല്ലഭനെ ആ സേവനത്തിനു കിട്ടിയതു തിരുവിതാംകൂറിന്റെ ഭാഗ്യാതിരേകം കൊണ്ടുതന്നെയാണ്.

## കിള്ളിമംഗലത്തു നാരായണൻനമ്പൂരി (1030–1109)

### ചരിത്രം

ഗണപതിശാസ്ത്രിക്കുപുറമേ രണ്ടു കേരളീയർക്കുകൂടി ബ്രിട്ടീഷ് ഗവർമ്മെന്റു മഹാമഹോപാദ്ധ്യായബിരുദം സമ്മാനിച്ചിട്ടുണ്ട്. അവരിൽ ഒരാൾ കിള്ളിമംഗലത്തു നാരായണൻനമ്പൂരിപ്പാടും മറ്റേയാൾ കൊടുങ്ങല്ലൂർ വലിയഗോദവർമ്മത്തമ്പുരാനുമാകുന്നു. രണ്ടുപേരും കൊച്ചിക്കാരായിരുന്നു എന്നു പറയേണ്ടതില്ലല്ലോ. കൊച്ചിശ്ശീമ തലപ്പിള്ളിത്താലൂക്കിൽ മംഗലത്തു നടുവത്തു പാഞ്ഞാൾ എന്നൊരു ദേശമുണ്ട്. അവിടെ നടുവത്തുമനയ്ക്കൽ നാരായണൻനമ്പൂരിപ്പാട്ട് 1030-ാമാണ്ടു മീനമാസത്തിൽ ജനിച്ചു. അദ്ദേഹത്തിന്റെ അച്ഛന് അന്നു 47 വയസ്സു പ്രായമായിരുന്നു. തൃശ്ശിവപേരൂർ ജഡ്ജിയായിരുന്ന സുപ്രസിദ്ധനായ വ്യാകരണാചാര്യരോടാണ് അച്ഛൻ ശബ്ദേന്ദുശേഖരം പഠിച്ചതു്. ആ മഹാവൈയാകരണന്റെ ആദ്യത്തെ ശിഷ്യന്മാരിൽ ഒരാളായിരുന്നു അദ്ദേഹം. എറണാകുളം കോളേജിൽ മലയാളം പണ്ഡിതനായിരുന്ന കുഞ്ഞൻവാരിയരുടെ അമ്മാവൻ ശങ്കുവാരിയരായിരുന്നു നാരായണൻ നമ്പൂരിപ്പാട്ടിലെ ആദ്യത്തെ ഗുരു. ഓത്തുചൊല്ലിച്ചതു് തെക്കേമഠത്തിലേക്കു സന്യസിച്ച വെമ്മലത്തൂർ നമ്പൂരിയാണ്. സംസ്കൃതത്തിൽ ഉപരിപഠനത്തിനായി നമ്മുടെ കഥാനായകൻ കൂടല്ലൂർമനയ്ക്കൽ ചെന്നുകൂടി. അവിടെ വാസുദേവശാസ്ത്രിയോടു

നൈഷധം ഒരു സർഗ്ഗം പഠിച്ചു. സിദ്ധാന്തകൗമുദി, മനോരമ, പരിഭാഷേന്ദുശേഖരം ആദ്യഭാഗം എന്നീ ഗ്രന്ഥങ്ങൾ കഞ്ചുനമ്പൂരിപ്പാട്ടിലേയും മറ്റും സന്നിധിയിൽ നിന്ന ഭ്യസിച്ചു. പിന്നീടു തൃശ്ശൂരേയ്ക്കു താമസം മാറ്റി കുഞ്ചുണ്ണിനമ്പൂരിപ്പാട്ടിലെ അടുക്കൽ കുറേക്കാലം തർക്കം പഠിച്ചുവെങ്കിലും അതു വ്യാകരണാഭ്യസനത്തിനു പ്രതിബന്ധ മാകുമെന്നു കരുതി തുടർന്നുകൊണ്ടു പോയില്ല. പരിഭാഷേന്ദുശേഖരം മുഴുമിപ്പിച്ചു ശബ്ദേന്ദുശേഖരവും പഠിച്ചു. ആയിടയ്ക്കുതന്നെ ശാങ്കരീയഭാഷ്യവും വായിച്ചു വേദാന്ത ത്തിലും നിഷ്ണാതതനായി. പിന്നീടു മഹാഭാഷ്യം മുഴുവൻ വശമാക്കി. മഹാഭാഷ്യം പഠിച്ചുതീർന്നപ്പോൾ അദ്ദേഹത്തെ കുന്നംകുളത്തിനു മൂന്നു മൈൽ വടക്കുകിഴക്കു സ്ഥിതിചെയ്യുന്ന ചൊവ്വന്നൂർ സഭാമഠത്തിലെ വ്യാകരണഭട്ടതിരിയായി നിയമിച്ചു. അവിടെ ആറു ശാസ്ത്രങ്ങളും പഠിപ്പിക്കുവാൻ ആറു പണ്ഡിതപ്രവേകന്മാരെ നിയ മിച്ചിരുന്നു. ഒന്നിലധികം തവണ തിരുവനന്തപുരത്തു പോവുകയും വിശാഖംതിരു നാൾ മഹാരാജാവിന്റെയും അവിടുത്തെ സദസ്യകേസരികളുടേയും മുക്തകണ്ഠമായ അഭിനന്ദനത്തിനു പാത്രീഭവിക്കുകയും ചെയ്തു. തൃപ്പൂണിത്തുറ വിദ്വത്സദസ്സിൽ ആദ്യ മായി പ്രവേശിച്ചത് 1063-ലാണ്. ആ സദസ്സിൽ പ്രഥമസമ്മാനം വളരെക്കൊല്ലം അദ്ദേഹം വാങ്ങിച്ചു. 1109 മകരമാസം 6-ാംനു-യാണ് യശശ്ശരീരനായത്. അദ്ദേ ഹം സ്വജാതിയിൽ വിവാഹം ചെയ്തിരുന്നില്ല. രണ്ടു നായർ സ്ത്രീകളെ പരിഗ്രഹിച്ചു. അവരിൽ ഒന്നു വടക്കാഞ്ചേരിക്കടുത്തു പുത്തൻകളത്തിലെ കുട്ടിപ്പാറുവമ്മയും മറേ റതു കിള്ളിമംഗലത്ത് ഊരമ്പകത്തെ കൊച്ചുകുട്ടിയമ്മയുമാണ്. നടുവത്തുമനയ്ക്കു ചൊവ്വന്നൂരിനടുത്ത് അകത്തിയൂർ എന്നൊരില്ലവും സ്വത്തുമുണ്ട്. വ്യാകരണത്തിൽ അർത്ഥവാദസൂത്രശതകോടി എന്നൊരു മഹാഗ്രന്ഥം നിർമ്മിച്ചിട്ടുള്ളതിനു പുറമേ, നാമി (6–4–3) സാമ ആകം (7–1–3)എന്നീ രണ്ടു പാണിനീസൂത്രങ്ങളെ സമഗ്രമായി വ്യാഖ്യാനിക്കുകയും സ്വപ്നചരിതം എന്നൊരു കാവ്യം രചിക്കുകയും ചെയ്തിട്ടുണ്ട്.

## കൊടുങ്ങല്ലൂർ വലിയ ഗോദവർമ്മത്തമ്പുരാൻ (1034–1109)

### ചരിത്രം

ഗോദവർമ്മത്തമ്പുരാൻ 1034-ാമാണ്ടു മിഥുനമാസം 14-ാംനു- എളകുറിശ്ശി നാരായ ണൻ നമ്പൂരിപ്പാട്ടിലേയും കുഞ്ഞിക്കുട്ടിത്തമ്പുരാട്ടിയുടേയും പുത്രനായി ജനിച്ചു. അദ്ദേ ഹത്തിനു വിശിഷ്ടന്മാരായ പലഗുരുക്കന്മാരും ഉണ്ടായിരുന്നു. അവരിൽ ഗോദ വർമ്മത്തമ്പുരാനും (1005–1049) കുഞ്ഞുണ്ണിത്തമ്പുരാനും (1028–1090) കുംഭകോണം കൃഷ്ണശാസ്ത്രികളും, കൊച്ചി വാഴ്ചയൊഴിഞ്ഞ വലിയ തമ്പുരാന്റെ അനുജൻ കൊച്ചു ണ്ണിത്തമ്പുരാനും, മഹാമഹോപാദ്ധ്യായൻ കുംഭകോണം ശഠകോപാചാര്യരും പ്ര ധാനന്മാരാണ്. മഹാകവി കൊച്ചുണ്ണിത്തമ്പുരാൻ ഗോദവർമ്മത്തമ്പുരാന്റെ ശിഷ്യ നും കഥാപുരുഷന്റെ സഹപാഠിയുമായിരുന്നു. മനോരമയും ശേഖരവും പഠിപ്പിച്ചതു കുഞ്ഞുണ്ണിത്തമ്പുരാനായിരുന്നു. ശഠകോപാചാര്യരാണ് അദ്ദേഹത്തിനു തർക്കശാ സ്ത്രത്തിൽ പാരങ്ഗതത്വം വരുത്തിയത്. തത്സംബന്ധമായി കൊച്ചി ഇളയതമ്പുരാ ന്റെ പേരും സ്മരിക്കേണ്ടതുണ്ട്. ബ്രഹ്മാനന്ദീയം, സിദ്ധാന്തബിന്ദു എന്നീ വേദാന്ത ഗ്രന്ഥങ്ങളും കഥാപുരുഷൻ നിഷ്കർഷിച്ചു വശമാക്കി. ഇങ്ങനെ മൂന്നു ശാസ്ത്രങ്ങളിൽ പരിനിഷ്ഠിതമായ പാണ്ഡിത്യം സമ്പാദിച്ചിരുന്നുവെങ്കിലും തർക്കമായിരുന്നു അദ്ദേ ഹത്തിന്റെ മുഖ്യശാസ്ത്രം. വിദ്വാന്മാർ അദ്ദേഹത്തെ ഭട്ടൻ എന്ന ബിരുദം നല്കി ബഹു മാനിച്ചു. ഭട്ടൻ എന്ന് ഒരാളെ വ്യപദേശിക്കണമെങ്കിൽ ഗഹനങ്ങളായ ശാസ്ത്രങ്ങൾ വ്യാഖ്യാനിക്കുകയോ അല്ലെങ്കിൽ അത്തരത്തിലുള്ള ഗ്രന്ഥങ്ങൾ സ്വയം രചിക്കുക യോ ചെയ്തിരിക്കണം. മഹാതാർക്കികനായ മാന്തിട്ട കുഞ്ചുനമ്പൂരി അദ്ദേഹത്തിന്റെ

പ്രധാന ശിഷ്യനാണ്. വടശ്ശേരി കുഞ്ഞിക്കാവമ്മയുടെ പുത്രി ലക്ഷ്മിക്കുട്ടിയമ്മയെ വിവാഹം ചെയ്തു. 1108 ധനുമാസം 25-ാംനു മുതൽ വലിയതമ്പുരാനായിരുന്നു. ഭട്ടൻ തമ്പുരാൻ പ്രകൃത്യാ ദുർബ്ബലനും വാതരോഗിയുമായിരുന്നു. എങ്കിലും തൃപ്പൂണിത്തുറ വിദ്വത്സദസ്സിൽ സന്നിഹിതനാകാറുണ്ടായിരുന്നു. 1109-ാമാണ്ടു കുംഭമാസം 16-ാംനു ആയില്യം നാളിൽ പ്രപഞ്ചയവനികയ്ക്കുള്ളിൽ തിരോധാനംചെയ്തു.

### കൃതികൾ

ഭട്ടന്റെ വാങ്മയങ്ങളിൽ ഉൾപ്പെട്ടവയാണ് ചുവടേ കുറിയ്ക്കുന്ന കൃതികൾ. (1) പ്രാമാണ്യവാദവ്യാഖ്യാനം (തൃതീയവ്യുൽപ്പത്തിവരെ), (2) ദൃത്തകമീമാംസ; (3) സ്മാർത്ത പ്രായശ്ചിത്തവ്യാഖ്യാനം, (4) ഉപകാരപ്രവേശികാവ്യാഖ്യാനം, (5) ഭാഗവതപ്രഥമ ശ്ലോകവ്യാഖ്യാനം, (6) ന്യായരത്നാവലീവ്യാഖ്യാനം, (7) ശക്തിതത്വപ്രകാശിക, (8) വ്യുൽപത്തിവാദകാരിക. ഇവയെല്ലാം പ്രമാണഗ്രന്ഥങ്ങളാണ്. നമ്മുടെ മഹാമഹോപാദ്ധ്യായന്മാരെല്ലാം ആ സ്ഥാനത്തിനു സർവ്വഥാ അർഹന്മാരായിരുന്നുവെന്ന് ഇത്രമാത്രമുള്ള പ്രസ്താവനയിൽ നിന്നു വ്യക്തമാകുന്നതാണല്ലോ.

## കൊച്ചി രാമവർമ്മമഹാരാജാവ് (1028—1107)

### ജനനം

രാജർഷിയെന്നും വാഴ്ചയൊഴിഞ്ഞ വലിയതമ്പുരാനെന്നുമുള്ള വിശേഷണങ്ങളാൽ പ്രശസ്തനായ കൊച്ചി രാമവർമ്മ മഹാരാജാവ് 1028-ാമാണ്ടു ധനുമാസം 14-ാംനു ജനിച്ചു. 971-ൽ ജനിച്ച് 1036-ൽ തീപ്പെട്ട വലിയമ്മത്തമ്പുരാന്റെ തൃതീയപുത്രിയായിരുന്നു അവിടത്തെ മാതാവായ അംബത്തമ്പുരാട്ടി. ആ മഹതിയെ കുഞ്ഞിക്കിടാവ് എന്നാണ് വിളിച്ചുവന്നിരുന്നത്. അവിടുന്ന് 1008-ാമാണ്ടു വൃശ്ചികമാസത്തിൽ ജനിച്ചു. 13-ാമത്തെ വയസ്സിൽ കൂടലാറ്റു പുറത്തു ഭാസ്കരൻ അനുജൻ നമ്പൂരിപ്പാട്ടിലെ ധർമ്മപത്നിയായി. രാമവർമ്മമഹാരാജാവിനു നാലു സഹോദരന്മാരും മൂന്നു സഹോദരിമാരും ഉണ്ടായിരുന്നു.

### വിദ്യാഭ്യാസം

കഥാപുരുഷൻ ബാല്യത്തിൽ തത്സഹജങ്ങളായ ലീലാവിനോദങ്ങളിൽ വ്യാപൃതനായിരുന്നതല്ലാതെ വിദ്യാസമ്പാദനത്തിൽ വിശേഷവിധിയായി ശ്രദ്ധിച്ചിരുന്നില്ല. ആമു (രാമപട്ടർ) എന്നൊരു വിശ്വസ്തനും സ്വാമിഭക്തനുമായ പരിചാരകനെ വാത്സല്യവതിയായ മാതാവ് അവിടുത്തെ മേൽനോട്ടത്തിനായി പ്രത്യേകം നിയമിച്ചിരുന്നു. മൂഴിക്കുളത്തു കുഞ്ഞുണ്ണിനമ്പിയാരായിരുന്നു ഒന്നാമത്തെ സംസ്കൃതഭാഷാധ്യാപകൻ. 1037-ൽ റോബർട്ട് വൈറ്റ്, നാരായണയ്യർ എന്നീ ഉപാധ്യായന്മാരുടെ കീഴിൽ ഇംഗ്ലീഷ് പഠിച്ചുതുടങ്ങി. അനന്തരം സുപ്രസിദ്ധനായ പാലപ്പുറത്തു ഗോവിന്ദൻനമ്പിയാരെ വരുത്തി തൃപ്പൂണിത്തുറ താമസിപ്പിച്ചു സംസ്കൃതത്തിൽ ഉപരിഗ്രന്ഥങ്ങൾ അദ്ദേഹത്തെക്കൊണ്ടഭ്യസിപ്പിക്കുവാൻ അന്നത്തെ വലിയ തമ്പ്രാൻ തീർച്ചപ്പെടുത്തി. ഗോവിന്ദൻനമ്പിയാർ കൈക്കുളങ്ങര രാമവാരിയരുടേയും ഗുരുനാഥനായിരുന്നു എന്ന് അനുവാചകന്മാർ സ്മരിക്കുമല്ലോ. അന്ന് അദ്ദേഹത്തെപ്പോലെ സമഞ്ജസമായും സരഹസ്യമായും ധ്വന്യാലോകത്തിന് അർത്ഥവിവരണം ചെയ്യുന്ന പണ്ഡിതന്മാർ കേരളത്തിൽ ഉണ്ടായിരുന്നില്ല. അദ്ദേഹം അധ്യാപകനായതോടുകൂടി മഹാരാജാവിന്റെ പഠനരീതിക്ക് ഒരു മാറ്റംവന്നു. കാലത്ത് ഏഴു മണിമുതൽ ഒൻപതു മണിവരെ നമ്പിയാർ പഠിപ്പിക്കും. താൻ ഉണ്ണാൻ പോകുന്ന

അവസരങ്ങളിൽ പാഠം ചൊല്ലുന്നതു കേൾക്കുവാൻ മകനെ കൂടെയിരുത്തും. പത്തു മണിമുതൽ പന്ത്രണ്ടു മണിവരെ പഴയ പാഠങ്ങൾ ഉരുവിടണം. മൂന്നു മണിമുതൽ അഞ്ചു മണിവരെ പിന്നെയും പഠിപ്പിക്കും. ആ ഗുരുനാഥൻ ഒരു കൊല്ലം കഴിഞ്ഞപ്പോൾ വസൂരിദീനത്താൽ നിര്യാതനാകുക നിമിത്തം ആ പരിപാടി വിച്ഛിന്നമായി. തൃപ്പൂണിത്തുറ തീപ്പെട്ട വീരഇളയതമ്പുരാനും പാറമേക്കാവു രാമൻനമ്പിയാരുമായിരുന്നു പിന്നത്തെ അധ്യാപകന്മാർ. അവർ മൂന്നുനാലു കൊല്ലം പഠിപ്പിച്ചതോടുകൂടി അവിടത്തേക്കു വ്യുൽപ്പത്തി ഉറച്ചു. പിന്നീടു ശാസ്ത്രപഠനമായി. അക്കാലത്തു ശേഷാചാര്യരെന്നും രങ്ഗപ്പാചാര്യരെന്നും രണ്ടു പണ്ഡിതപഞ്ചാനനന്മാർ കൊച്ചിയിലുണ്ടായിരുന്നു. മഹാരാജാവു ശേഷാചാര്യരോടു തർക്കവും വ്യാകരണവും വായിച്ചു. അവിടുത്തെ സഹചാരിയായ കൊച്ചുണ്ണിത്തിരുമുൽപ്പാട് എന്നൊരാൾ രങ്ഗപ്പാചാര്യരോടു തർക്കംപഠിച്ച് അലസനായ അവിടത്തെ പരാജിതനാക്കുമെന്നുള്ളഘട്ടം സമീപിച്ചപ്പോൾ അവിടുത്തേക്കും ആത്മാവിൽ നിലീനമായ ഉത്സാഹശക്തി അത്ഭുതാവഹമായ വിധത്തിൽ ഉൽബുദ്ധമായി. ശേഷാചാര്യർ മൂന്നു കൊല്ലത്തോളം പഠിപ്പിച്ചു. ആ ഗുരുശ്രേഷ്ഠന്റെ സ്മാരകമായി സ്വന്തം ചിലവിൽ 'ശ്രീശേഷാചാര്യപാഠശാല' എന്നൊരു സംസ്കൃതവിദ്യാലയം 1060-ാമാണ്ട് കർക്കടകമാസത്തിൽ തൃപ്പൂണിത്തുറെ സ്ഥാപിച്ചു. അതാണ് ഇന്നത്തെ സംസ്കൃതകോളേജായി വികസിപ്പിച്ചിട്ടുള്ളത്. ആ വിദ്യാലയത്തിന്റെ ആവശ്യത്തിനു 'ബാലബോധനം' എന്നൊരു ലഘുവ്യാകരണഗ്രന്ഥം നിർമ്മിച്ചു. അനന്തരകാലങ്ങളിൽ വേദാന്തത്തിലും നിപുണമായി പരിശ്രമിച്ചു. അങ്ങനെ ഇളയതമ്പുരാനാകുന്നതിനു മുൻപുതന്നെ മൂന്നു ശാസ്ത്രങ്ങളിൽ നിഷ്ണാതനായി. സി. പി. അച്യുതമേനോനിൽനിന്ന് ഇംഗ്ലീഷിൽ തനിക്കുള്ള ജ്ഞാനത്തിനു പരിപൂർണ്ണതയും വരുത്തി. 1063-ാമാണ്ടു മിഥുനമാസത്തിലാണ് അവിടുന്ന് ഇളയതമ്പുരാനായത്.

## വിവാഹം

മഹാരാജാവ് 1055-ാമാണ്ട് വൃശ്ചികമാസത്തിൽ എടക്കുന്നി ഇട്ടിയുഴത്തിരവാരിയരുടേയും കോരകത്തു കുഞ്ഞിക്കാളിയമ്മയുടേയും പുത്രിയായ പാറുക്കുട്ടിയമ്മയെ വിവാഹം ചെയ്തു. ആ സാധ്വി 1056 തുലാത്തിൽപരേതയായി. പിന്നീടു പന്ത്രണ്ടു വർഷത്തോളം വിധുരനായി കഴിച്ചുകൂട്ടിയതിനുമേൽ 1068-ാമാണ്ടു തുലാമാസത്തിൽ തൃശൂർ ഇട്ട്യാണത്തു പാറുക്കുട്ടിയമ്മയെ പത്നിയായി സ്വീകരിച്ചു.

## രാജ്യഭാരം

ഇന്നത്തെ കൊച്ചിയുടെ പിതാവ് എന്ന ബഹുമതിയാണ് അവിടുന്നു സമാർജ്ജിച്ചത്. അതിനെപ്പറ്റി സാഹിത്യചരിത്രത്തിൽ അധികമൊന്നും പ്രസ്താവിക്കുവാൻ സാധിക്കുന്നതല്ലെങ്കിലും തീരെ വിസ്മരിക്കുന്നത് അനുചിതമായിരിക്കും. 1071-ാമാണ്ടു ചിങ്ങം 27-ാംനു അന്നു നാടുവാണിരുന്ന മഹാരാജാവു തീപ്പെട്ടു. കഥാപുരുഷൻ സിംഹാസനാരൂഢനുമായി. അന്ന് അവിടുത്തേക്ക് 42 വയസ്സു പ്രായമായിരുന്നു. ഇളയതമ്പുരാനായിരുന്നപ്പോൾത്തന്നെ വലിയതമ്പുരാന്റെ സഹചാരിയും ഉപദേഷ്ടാവുമായി രാജ്യഭരണം സംബന്ധിച്ചുള്ള കാര്യങ്ങളിൽ അസാധാരണമായ നൈപുണ്യം സമ്പാദിച്ചിരുന്നു. പല പരിഷ്കാരങ്ങൾ അവിടുത്തെ വാഴ്ചക്കാലത്ത് ഏർപ്പെടുത്തപ്പെട്ടു. രാജ്യത്തിന്റെ ആയവ്യയസ്ഥിതി ക്രമീകരിച്ചു. സർവ്വേയും സെറ്റിൽമെന്റും നടത്തി. വനസംരക്ഷണത്തിന് ആശാസ്യമായ ഒരു പദ്ധതി രൂപവൽക്കരിച്ചു. ട്രാംവെ ഉൽഘാടനം ചെയ്തു. പ്രധാന പട്ടണങ്ങളിൽ രോഗികളെ കിടത്തി ചികിത്സിക്കുന്നതിനുള്ള ആശുപത്രികൾ സ്ഥാപിച്ചു. എക്സൈസ് തുടങ്ങിയ

പലഡിപ്പാർട്ടുമെന്റുകളും കാര്യക്ഷമമായി പരിഷ്കരിച്ചു. മാജിസ്റ്റ്രിസിയും റവന്യൂവും വകുപ്പുകൾ വേർതിരിച്ചു. ആരോഗ്യം, കൃഷി എന്നീ വകുപ്പുകൾ ഇദംപ്രഥമമായി സംഘടിപ്പിച്ചു. എറണാകുളം, മട്ടാഞ്ചേരി, തൃശ്ശൂർ എന്നീ സ്ഥലങ്ങളിൽ നഗരസഭകൾ ഏർപ്പെടുത്തി പഞ്ചായത്തുഭരണം ആരംഭിച്ചു. കോവിലകം ചിലവു ക്ലിപ്തപ്പെടുത്തി. ചെറുവണ്ണൂർ എറണാകുളം തീവണ്ടിപ്പാത നടപ്പിലാക്കി. വ്യവസായസർവ്വേ നിവ്വഹിച്ചു. അധഃസ്ഥിതരെ സർക്കാരുദ്യോഗങ്ങളിൽ നിയമിച്ചു. വിദ്യാഭ്യാസം വ്യാപ്തിയിലും പരിണാമത്തിലും അത്ഭുതപൂർവ്വമായി വർദ്ധിപ്പിച്ചു. എന്തിനു വിസ്തരിക്കുന്നു? അവിടുത്തെ കുശാഗ്രബുദ്ധിയുടേയും രാജ്യതന്ത്രപാരീണതയുടേയും മുദ്രപതിയാത്തയാതൊരു ഗവർമ്മെന്റ് സ്ഥാപനവും അക്കാലത്ത് ഉണ്ടായിരുന്നില്ല. കൊള്ളയും കോഴയും അസ്തമിച്ചു. അധർമ്മം ഒരുദിക്കിലും തലപൊക്കിയില്ല. തന്റെ രാജ്യമെന്നും പ്രജകളെന്നുമല്ലാതെ അവിടത്തേക്കു വേറെ യാതൊരു ചിന്തയും ഉണ്ടായിരുന്നില്ല. അരിഷഡ്വർഗ്ഗത്തെ ജയിച്ച ഒരു മഹാത്മാവായിരുന്നു ആ തിരുമേനി. അവിടത്തെ രാജ്യഭരണത്തിലുള്ള മതിപ്പുനിമിത്തം ബ്രിട്ടീഷ് ഗവർമ്മെന്റ് അവിടത്തേക്ക് ജി. സി. എസ്. ഐ., ജി. സി. ഐ. ഈ. എന്നീ ബിരുദങ്ങൾ പ്രദാനം ചെയ്തു. അവിടത്തേക്കുള്ള ആചാരവെടി പതിനേഴിൽനിന്നു പത്തൊൻപതായി ഉയർത്തി. ഇൻഡ്യയൊട്ടുക്കു സഞ്ചരിക്കുകയും പല രാജാക്കന്മാരും പണ്ഡിതന്മാരുമായി പരിചയം സമ്പാദിക്കുകയും ചെയ്തു. കൃതജ്ഞരായ പ്രജകൾ അവിടത്തെ ഷഷ്ട്യബ്ദപൂർത്തിമഹോത്സവം യഥോചിതം കൊണ്ടാടി.

## സ്ഥാനസന്ന്യാസം

അത്തരത്തിലുള്ള അഭികാമ്യമായ അത്യുച്ചസ്ഥാനത്തെ അവിടുന്ന് 1090-ാമാണ്ടു വൃശ്ചികമാസം 22-ാംനു സ്വയം പരിത്യജിച്ചു. അതു പാടില്ലെന്നു ബ്രിട്ടീഷ് ഗവർമ്മെന്റ് ആകുന്നതും ഉപദേശിച്ചുനോക്കി. ഭിന്നജാതിമതസ്ഥരായ സകലപ്രജകളും അവിടത്തെ ആ ഉദ്യമത്തിൽനിന്നു വിരമിപ്പിക്കുവാൻ പലപ്രകാരത്തിൽ പരിശ്രമിച്ചു. അതൊന്നും ഫലിച്ചില്ല. തന്റെ നിശ്ചയം അവിടുന്നു ദൃഢവ്രതനായി നിറവേറ്റുകതന്നെ ചെയ്തു. താൻ രാജ്യഭാരം കയ്യേറ്റ പതിനൊന്നാമത്തെ വർഷത്തിൽത്തന്നെ അവിടുത്തേക്ക് അതിൽനിന്ന് ഒഴിയണമെന്ന് ആഗ്രഹമുണ്ടായിരുന്നു. അന്ന് അതു സാധിച്ചില്ല. “ഗളിതവയസാമിക്ഷ്വാകൂണാമിദം ഹി കുലവ്രതം” എന്ന കാളിദാസവചനത്തിൽ അന്തർഭവിച്ചിരിക്കുന്ന തത്വം പ്രവൃത്തിപഥത്തിൽ വരുത്തുവാൻ പിന്നെയും കുറേക്കാലംകൂടി താമസിക്കേണ്ടിവന്നു. സ്ഥാനത്യാഗത്തിനുമേൽ സ്ഥിരവാസം തൃശ്ശൂർ കാനാട്ടുകര കോയിക്കലാക്കി ശാസ്ത്രചിന്തകളിൽ വ്യാപൃതനായി ആയുശ്ശേഷം നയിച്ച് 1107-ാമാണ്ടു മകരമാസം 16-ാംനു പരമപദത്തിൽ ലയിച്ചു.

## മഹാരാജാവും ഭാഷാപോഷണവും

ഷഷ്ടിപൂർത്തിമഹോത്സവത്തിൽ കഥാപുരുഷൻ സംസ്കൃതഭാഷയുടെ പോഷണത്തിനായി മുപ്പതിനായിരം ഉറുപ്പികയും ഭാഷാപരിഷ്കരണത്തിനായി ഇരുപതിനായിരം ഉറുപ്പികയും തുക്കെച്ചിലവായി നല്കി മലയാളത്തിൽ പ്രാചീനങ്ങളും നവീനങ്ങളുമായ ഗ്രന്ഥങ്ങൾ ആ സംഖ്യയിലെ ആദായംകൊണ്ട് പ്രസിദ്ധീകരിക്കുന്നതിന് ഒരു കമ്മിറ്റിയെ നിയമിച്ചു. ആ കമ്മിറ്റിയുടെ മേൽനോട്ടത്തിൽ അനേകം നല്ല ഗ്രന്ഥങ്ങൾ പ്രകാശിപ്പിച്ചിട്ടുണ്ട്. (1) സാഹിത്യദർപ്പണത്തിന്റെ പരിഭാഷ, (2) അർത്ഥശാസ്ത്രത്തിന്റെ ഭാഷാഗദ്യവിവർത്തനം (കെ. വി. എം.), (3) ദൂതവാക്യം ഭാഷാഗദ്യം (അതിപ്രാചീനം), ഉത്തരരാമായണംഭാഷാഗദ്യം (പ്രചീനം), (5) പ്രാചീനകേരളലിപികൾ (എൽ. ഏ. രവിവർമ്മ), (6) ഒട്ടനേകം ഭാഷാചമ്പുക്കൾ ഇവ ആ

കൂട്ടത്തിൽപ്പെട്ടവയാണ്. അവിടുത്തെ അനുകരിച്ചു മദിരാശിയിൽവെച്ചു തീപ്പെട്ട വലിയതമ്പുരാൻ കേളികേട്ട ഭാഷാപണ്ഡിതന്മാരെ കീർത്തിമുദ്ര നല്കി പ്രോത്സാഹിപ്പിച്ചതായി നാം കണ്ടുവല്ലോ. 1121-ൽ തീപ്പെട്ട രവിവർമ്മ വലിയതമ്പുരാനും ചില ഗ്രന്ഥകാരന്മാർക്കു കീർത്തിമുദ്ര സമ്മാനിക്കുകയും സംസ്കൃതഭാഷയുടെ അഭിവൃദ്ധിക്കായി ഒരു ലക്ഷം ഉറുപ്പികദാനം ചെയ്യുകയും ചെയ്തു. പല താളിയോലഗ്രന്ഥങ്ങൾ അവിടുന്നുതന്നെ സംഭരിച്ചിരുന്നു. 1092-ൽ തിരുമനസ്സുകൊണ്ട് അഖിലഭാരതീയായുർവ്വേദസമിതിയിൽ ആധ്യക്ഷ്യം വഹിച്ചുകൊണ്ടു ചെയ്ത ഗംഭീരമായ പ്രസംഗം കേട്ട മഹാപണ്ഡിതനായ ലോകമാന്യതിലകൻ അഭിപ്രായപ്പെട്ടത് "അവിടുന്നു രാജാക്കന്മാരുടെ ഇടയിൽ ഒരു പണ്ഡിതനാണെന്നു ഞാൻ അറിഞ്ഞിട്ടുണ്ട്. ഇപ്പോളാണ് അവിടന്നു പണ്ഡിതന്മാരുടെ ഇടയിൽഒരു രാജാവാണെന്ന് അറിയുന്നത്" എന്നായിരുന്നു. മഹാമഹോപാധ്യായന്മാരായ പണ്ഡിതഗണനാഥസേനനും, ഡോക്ടർ ഗണനാഥസേനനും അവിടുത്തെ സംസ്കൃതഭാഷാവൈദുഷ്യത്തെപ്പറ്റി മുക്തകണ്ഠമായി പ്രശംസിച്ചിട്ടുണ്ട്. തൃപ്പൂണിത്തുറവിദ്വത്സദസ്സിൽ ആധ്യക്ഷ്യം വഹിച്ചുവന്നതു തന്റെ വാഴ്ചക്കാലത്തെല്ലാം അവിടുന്നുതന്നെയാണ്. അവിടുത്തെ വാഗ്മിത്വവും ഉപപാദനപാടവവും അസാധാരണമായിരുന്നു തനിക്കു വല്ലസംശയവും നേരിട്ടാൽ വ്യാകരണമാണെങ്കിൽ കിള്ളിമങ്ഗലത്തു നമ്പൂരിപ്പാടിനോടും തർക്കമായാൽ ഭട്ടൻതമ്പുരാനോടും ചോദിച്ചു അതു തൽക്ഷണംതന്നെ പരിഹരിക്കുന്നതിലും അവിടുത്തേക്കു സങ്കോചമുണ്ടായിരുന്നില്ല. അവിടുന്നു വേദാന്തപരിഭാഷാസങ്ഗ്രഹം എന്ന ശീഷകത്തിൽ ഒരു വിശിഷ്ടഗ്രന്ഥം രചിച്ചിട്ടുണ്ട്. സരളമായ ശൈലിയിൽ വേദാന്തത്തിന്റെ സാരസംക്ഷേപം അതിൽ പ്രതിപാദിതമായിരിക്കുന്നു. "വേദാന്തശാസ്ത്രസ്യ പ്രയോജനം പരമപുരുഷാർത്ഥഃസ ച മോക്ഷഃ യജ്ജ്ഞാനം സൽസ്വവൃത്തിതയേഷ്യതേ സൽപുരുഷാർത്ഥഃ മുഖ്യാമുഖ്യഭേദേന സ ദ്വിവിധഃ" എന്നിങ്ങനെയാണ് അതിലെ വാക്യങ്ങളുടെ ഗതി. ആ രാജർഷിയുടെ ഭാഗിനേയനും ജാമാതാവും കേരളത്തിൽ ഇന്നുള്ള ശാസ്ത്രപണ്ഡിതന്മാരിൽ പ്രഥമഗണനീയനുമായ കൊച്ചി പരീക്ഷിത്തു രാമവർമ്മമഹാരാജാവു് അവിടുത്തെപ്പറ്റി ഇങ്ങനെ ഉപശ്ലോകനം ചെയ്തിരിക്കുന്നു.

> "യേനാമാഥി ധിയാ കുശാഗ്രസമയാ ശാസ്ത്രാംബുരാശിർന്നവേ
> യേനാഭോജി ച മധ്യമേ വസുമതീ യത്നേന സംലാളിതാ
> യേനാത്യാജി വിപശ്ചിതാ വയസി തദ്രാജ്യം തഥാ പശ്ചിമേ
> ദിഷ്ട്യാ രാജതി സോയമച്യുതപദന്യസ്താന്തരാത്മാ നൃപഃ."

## ചേന്നമങ്ഗലം അയ്യാശാസ്ത്രി (1039—1120)

### ജനനം

അയ്യാശാസ്ത്രി 1039-ാമാണ്ടു ധനുമാസം 30-ാംനു ചതയം നക്ഷത്രത്തിൽ ജനിച്ചു. അദ്ദേഹത്തിന്റെ അച്ഛൻ സുന്ദരശാസ്ത്രി പാലക്കാട്ട് എണ്ണപ്പാടം ഗ്രാമത്തിൽനിന്നു ചേന്നമംഗലത്തു ചെന്നുചേർന്നു പാലിയത്തെ പണ്ഡിതനും പൌരാണികനുമായി താമസിച്ചു. ആ വഴിക്കാണ് ചേന്നമംഗലം എന്നുകൂടി അയ്യാശാസ്ത്രിയുടെ നാമധേയത്തോടു ചേർത്തുവന്നത്. സുന്ദരശാസ്ത്രി ഒരു നല്ല വൈയാകരണനും പ്രൌഢമനോരമ, ശബ്ദകൗസ്തുഭം എന്നീ ഗ്രന്ഥങ്ങൾ പഠിച്ചിരുന്ന പണ്ഡിതനുമായിരുന്നു. അദ്ദേഹത്തിന്റെ നാലു പുത്രന്മാരിൽ കനിഷ്ഠനാണ് നമ്മുടെ കഥാനായകൻ. 'അയ്യാ'

എന്നതു് ഓമനപ്പേരാണു്. പിതൃദത്തമായ നാമധേയം ഹരിഹരപുത്രൻ എന്നായിരുന്നു.

## വിദ്യാഭ്യാസം

ശാസ്ത്രിയുടെ പ്രഥമഗുരു അച്ഛൻതന്നെയായിരുന്നു. കാവ്യങ്ങൾ പഠിക്കുന്നതോടുകൂടി നിഘണ്ടുക്കളും മുഖസ്ഥമാക്കുവാൻ തുടങ്ങി. കൃഷ്ണവിലാസം രണ്ടു സർഗ്ഗവും, രഘുവംശം മൂന്നു സർഗ്ഗവും, നൈഷധം ഒരു സർഗ്ഗവും ഗുരുമുഖത്തുനിന്നുതന്നെ അഭ്യസിച്ചു. പിന്നീടു സിദ്ധാന്തകൗമുദി പഠിച്ചു തുടങ്ങി. അതിൽ പൂർവ്വാർദ്ധവും ഉത്തരാർദ്ധത്തിൽ ണിജന്തം വരെയുള്ള ഭാഗങ്ങളും അച്ഛൻതന്നെ പഠിപ്പിച്ചു. പിന്നീടു് 1057-ൽ കൊടുങ്ങല്ലൂർ കുഞ്ഞുണ്ണിനമ്പൂരിപ്പാട്ടിലെ ശിഷ്യനായി ആ ശാസ്ത്രത്തിലെ ഉൽഗ്രന്ഥങ്ങൾ അഭ്യസിച്ചു. അമരകോശത്തിനുപുറമെ വിശ്വപ്രകാശം, മേദിനി, ഹാരാവലി, ദ്വിരൂപകോശം എന്നീ നിഘണ്ടുക്കളും അതോടുകൂടി ഹൃദിസ്ഥമാക്കി. പ്രൗഢമനോരമ പഠിക്കുന്ന കാലത്തു കുഞ്ഞുണ്ണിനമ്പൂരിപ്പാടു പരേതനാകുകയാൽ അതിന്റെ ബാക്കി ഭാഗങ്ങളും, മഹാഭാഷ്യത്തിലെ ചില ആഹ്നികങ്ങളും കൊടുങ്ങല്ലൂർ കാവുനമ്പൂരിപ്പാട്ടിലെ അടുക്കൽനിന്നു വശമാക്കി. കാവുനമ്പൂരിപ്പാട്ട് ഒരു മീമാംസകനും കൂടിയായിരുന്നതിനാൽ മീമാംസാന്യായമാല, ഭാട്ടദീപികയിലെ ചില ഭാഗങ്ങൾ എന്നീ ഗ്രന്ഥങ്ങളും അദ്ദേഹത്തിന്റെ കീഴിൽ പഠിച്ചു. അന്നു കൊടുങ്ങല്ലൂർ താമസിച്ചു ശാസ്ത്രാഭ്യാസം ചെയ്യിച്ചിരുന്ന പഴമാനേരി സുന്ദരശാസ്ത്രിയുടെ ശിഷ്യൻ കൃഷ്ണശാസ്ത്രിയിൽനിന്നു ബ്രഹ്മസൂത്രഭാഷ്യം പരിശീലിച്ചു. 1067-ലാണു് അയ്യാശാസ്ത്രി ആദ്യമായി തൃപ്പൂണിത്തുറ വിദ്വത്സദസ്സിൽ പ്രവേശിച്ചതു്. ആ അവസരത്തിൽത്തന്നെ അദ്ദേഹം ഉത്തമസംഭാവനയ്ക്കു് അർഹനായി. “അയ്യൻ തർക്കത്തിൽ വാദഗ്രന്ഥങ്ങൾകൂടി പഠിക്കണം” എന്നു് അന്നു് ഇളയതമ്പുരാനായിരുന്ന രാജർഷി അനുശാസിക്കുകയാൽ രണ്ടു കൊല്ലം തൃപ്പൂണിത്തുറെ താമസിച്ചു ശഠകോപാചാര്യരോടു പഞ്ചലക്ഷണി, ചതുർദ്ദശലക്ഷണി, സിദ്ധാന്തലക്ഷണം, സംശയപക്ഷത, അവയവത്തിലെ ആദ്യഭാഗം ഇവ അഭ്യസിച്ചു. ഗദാധരീയത്തിലെ ഉപരിഗ്രന്ഥങ്ങളായ ഹേത്വാഭാസനിബന്ധങ്ങളും ആ ഗുരുവിൽനിന്നുതന്നെ ഗ്രഹിച്ചു. 35 വയസ്സു കഴിഞ്ഞതിനുമേൽ പറവൂർ ശ്രീരാമഘനപാഠികളോടു വേദം അഭ്യസിച്ചു. അത്തരത്തിൽ വേദജ്ഞനായ ഒരു ചതുശ്ശാസ്ത്രപണ്ഡിതൻഅക്കാലത്തു കേരളത്തിൽ ഇല്ലായിരുന്നു എന്നു തീർച്ചയായിപറയാം.

## ചില സംഭവങ്ങൾ

അയ്യാശാസ്ത്രിക്കു കർമ്മാനുഷ്ഠാനങ്ങളിൽ വളരെ ആസക്തിയും നിഷ്ഠയുമുണ്ടായിരുന്നു. ആചാരലോപം സംഭവിക്കുവാൻ ഇടവരുന്ന വിദേശസഞ്ചാരത്തിൽ അദ്ദേഹം പ്രകൃത്യാ വിമുഖനായിരുന്നു. ഒരിക്കൽ കാശിക്കുപോയി ഗംഗാസ്നാനം ചെയ്യുക മാത്രമുണ്ടായി. മദിരാശി സർവ്വകലാശാലയിൽ ഒരു പരീക്ഷകസ്ഥാനംപോലും അദ്ദേഹം സ്വീകരിച്ചില്ല. ഇതിഹാസപുരാണങ്ങളിലും ധർമ്മശാസ്ത്രത്തിലും ശാസ്ത്രിക്കുള്ള അവഗാഹം അന്യാദൃശമായിരുന്നു. രാമായണം, ഭാഗവതം എന്നീ ഗ്രന്ഥങ്ങൾ ആമൂലാഗ്രം ഹൃദിസ്ഥമായിരുന്നു. വാഴ്ചയൊഴിഞ്ഞ വലിയതമ്പുരാൻ ധർമ്മശാസ്ത്രം സംബന്ധിച്ചുള്ള കാര്യങ്ങളിൽ അദ്ദേഹത്തെ ഒരു പ്രധാനോപദേഷ്ടാവായി ആദരിച്ചിരുന്നു. കേരളീയരായ സകല വൈദികന്മാർക്കും അദ്ദേഹത്തിന്റെ പ്രാമാണികത സമ്മതമായിരുന്നു. തിരുവിതാംകൂറിൽ ശ്രീമൂലം തിരുനാൾ മഹാരാജാവു് അദ്ദേഹത്തിനു മൂന്നുതവണ പാരിതോഷികങ്ങൾ നല്കീട്ടുണ്ടു്. കോഴിക്കോട്ടു താനത്തിനു സാമൂതിരിപ്പാട്ട് കൊടുങ്ങല്ലൂർ നമ്പൂരിപ്പാടോടൊപ്പം തന്നെ സംഭാവന നല്കി. രാജർഷി

1090-ൽ അദ്ദേഹത്തിനു ശാബ്ദികതിലകനെന്നും മാന്തിട്ട നമ്പൂതിരിക്കു താർക്കികതിലകനെന്നും വലിയ രാമപ്പിഷാരടിക്കു സഹൃദയതിലകനെന്നുമുള്ള ഉചിതങ്ങളായ സ്ഥാനമാനങ്ങൾ സമ്മാനിച്ചു. പണ്ഡിതരാജൻ എന്ന കീർത്തിമുദ്ര തൃപ്പൂണിത്തുറ വിദ്വത്സദസ്സിൽ ആദ്യമായി ലഭിച്ചതു് അദ്ദേഹത്തിനായിരുന്നു. അതു് 1101-ലാണ്. ചൊവ്വരെവച്ചു തീപ്പെട്ട വലിയതമ്പുരാൻ അദ്ദേഹത്തെ വീരശൃംഖലാർപ്പണത്താൽ ബഹുമാനിച്ചു. വിദ്യയ്ക്കനുസരിച്ചുള്ള വിനയം അദ്ദേഹത്തിന്റെ വിശിഷ്ടഗുണങ്ങളിൽ ഒന്നായിരുന്നു. ശാസ്ത്രിയുടെ വിശ്വതോമുഖമായ ഉപസ്ഥിതി വിസ്മയാവഹമായിരുന്നുവെന്നേ പറയാവൂ. ഒരിക്കൽ പി. എസ്. അനന്തനാരായണശാസ്ത്രി യക്ഷിണീ എന്ന ശബ്ദം സാധുവാണോ എന്നു ചോദിക്കുകയും അതിന് ആ പാണ്ഡിത്യവൈശ്രവണൻ “യക്ഷഃ പതിത്വേന അസ്യാ അസ്തീതിയക്ഷിണീ ഇതി ഗോവിന്ദരാജീയേ വ്യാഖ്യാതം” എന്നു കൂസൽകൂടാതെ ഉത്തരം പറയുകയും ചെയ്തു. മറ്റൊരിക്കൽ ‘ശിപ്രാ’ എന്നതിനുപകരം ‘സിപ്രാ’ എന്നല്ലേ ഉച്ചരിക്കേണ്ടതു് എന്ന അദ്ദേഹത്തിന്റെ പൂർവ്വപക്ഷത്തിനു ലഭിച്ച മറുപടി “ശിപ്രാ സിപ്രാ ച കഥ്യതേ ഇതി ദ്വിരൂപകോശഃ” എന്നായിരുന്നു മറുപടി. 1120-ാമാണ്ടു മകരമാസം 4-ാംനു- അയ്യാശാസ്ത്രിയുടെ ശതാഭിഷേകം ആഘോഷിക്കപ്പെട്ടു. നാല്പതു കൊല്ലത്തോളം ചേന്നമംഗലത്തു താമസിച്ചു പാലിയത്തെ പൌരാണികവൃത്തിയിൽ ഏർപ്പെട്ടിരുന്നു. എല്ലാ ചിലവുകളും കഴിച്ച് ഒരു സംഖ്യ പ്രതിമാസം വേതനമായും വലിയച്ചൻ കൊടുത്തുവന്നു. ആ കുടുംബത്തിലെ ചില അംഗങ്ങളെ സംസ്കൃതവും അഭ്യസിപ്പിച്ചിട്ടുണ്ട്. 1107 മുതൽ തന്റെ മക്കളിൽ ഒരാൾ മുള്ളൂർക്കരെ പണിചെയ്യിച്ചിട്ടുള്ള വസതിയിലേക്കു താമസം മാറ്റി. ശതാഭിഷേകം നടന്നതു് അവിടെവച്ചാണ്. ആ മഹോത്സവം കഴിഞ്ഞു് അടുത്ത ചതയത്തിൻനാളിൽ 1120-ാമാണ്ടു കുംഭമാസം 2–ാംനു- സായൂജ്യം പ്രാപിച്ചു. അനന്തനാരായണശാസ്ത്രി അദ്ദേഹത്തെപ്പറ്റി ശതാഭിഷേകാവസരത്തിൽ താഴെക്കാണുന്ന വിധത്തിൽ പ്രശംസിച്ചിരിക്കുന്നു.

> “ശ്രീനാഗേശവചോഝരീവിഹരണാനന്ദപ്രമഗ്നാശയോ
> ന്യായാംഭോനിധിമന്ദരായിതമഹാമേധാസമുദ്ഭാസിതാഃ
> മീമാംസാദ്വിതയാമൃതപ്രവണധീർവ്വേദജ്ഞഭൂദേവരാ–
> ഡയ്യാശാസ്ത്രിമഹാശയോ വിജയതാമാചന്ദ്രതാരം സുഖീ.”

അയ്യാശാസ്ത്രി കിള്ളിമങ്ഗലത്തു നമ്പൂരിപ്പാട്ടിലെ ശതകോടിയ്ക്ക് ഒരു ഉപോൽഘാതം എഴുതീട്ടുള്ളതല്ലാതെ ഗ്രന്ഥങ്ങളൊന്നും രചിച്ചിട്ടില്ല. പ്രാചീനന്മാരുടെ ഗ്രന്ഥങ്ങൾ നിഷ്കർഷിച്ചു നോക്കി ഗ്രഹിക്കുവാൻ സമയവും ശക്തിയുമില്ലാത്തവർ പുതിയ ഗ്രന്ഥം ഉണ്ടാക്കുന്നതെങ്ങനെയെന്നും എന്തിനെന്നുമായിരുന്നു ആ പരിണതപ്രജ്ഞന്റെ ആശയഗതി.

## കെ. രാമപ്പിഷാരടി (1042–1122)

### ജനനം

കൊച്ചിരാജ്യത്തു് ഇരിങ്ങാലക്കുട കൂടൽമാണിക്യം ക്ഷേത്രത്തിൽ നിന്ന് ഏകദേശം മുക്കാൽമൈൽ അകലെയായി കല്ലങ്കര എന്ന പേരിൽ ഒരു പിഷാരമുണ്ട്. ആ ഗൃഹത്തിൽ വെള്ളാങ്ങല്ലൂർ വാഴപ്പള്ളിമനയ്ക്കൽ നമ്പൂരിപ്പാട്ടിലേയും കുഞ്ചിപ്പിഷാരസ്യാരുടേയും മൂത്ത പുത്രനായി രാമപ്പിഷാരടി 1042-ാമാണ്ടു തുലാമാസത്തിൽ ആയില്യം നക്ഷത്രത്തിൽ ജനിച്ചു. തന്റെ മരുമകനായ പ്രഫസർ കെ. രാമപ്പിഷാരടിയിൽനിന്നു തിരിച്ചറിയുന്നതിനുവേണ്ടി കഥാനായകനെ വലിയ രാമപ്പിഷാരടി എന്ന പേരി

ലാണ് വ്യവഹരിക്കാറുള്ളത്. പ്രഫസർ പിഷാരടിയും വലിയ പിഷാരടിയുടെ മകൻ കുട്ടമശ്ശേരി നാരായണപ്പിഷാരടിയും സാഹിത്യകാരന്മാരാണ്.

## വിദ്യാഭ്യാസം

അച്ഛനമ്മമാർ ബാല്യത്തിൽ മരിച്ചപോവുകയാൽ മാതുലനായ അച്യുതപ്പിഷാരടിയാണ് രാമപ്പിഷാരടിയെ പാഠങ്ങൾ പഠിപ്പിച്ചത്. കൊച്ചി മഹാരാജകുടുംബത്തിലെ ഗുരുസ്ഥാനം കല്ലങ്കരപ്പിഷാരത്തേക്കായിരുന്നതിനാൽ അച്യുതപ്പിഷാരടിയുടെ താമസം അധികവും തൃപ്പൂണിത്തുറയായിരുന്നു. ഉദ്ദേശം പത്താമത്തെ വയസ്സിൽ അദ്ദേഹത്തോടുകൂടി രാമപ്പിഷാരടിയും അവിടെത്തന്നെ താമസമായി. അച്യുതപ്പിഷാരടി പ്രധാനമായി ആശ്രയിച്ചതു മദിരാശിയിൽവച്ചു തീപ്പെട്ട വലിയ തമ്പുരാനെയായിരുന്നു. ആ തമ്പുരാന്റെ അടുക്കൽ നമ്മുടെ ബാലൻ മുക്താവലിയും ദിനകരീയവും പഠിച്ചു. പിന്നീടു ന്യായശാസ്ത്രം അഭ്യസിപ്പിച്ചതു രങ്ഗപ്പാചാര്യരും അദ്ദേഹത്തിന്റെ പുത്രൻ മാധ്വാചാര്യരുമാണ്. ഒടുവിൽ ശഠകോപാചാര്യർ ആ ശാസ്ത്രത്തിലെ ഉൽഗ്രന്ഥങ്ങൾ പഠിപ്പിച്ചു. ആ വഴിയ്ക്കു പരീക്ഷിത്തു തമ്പുരാന്റെ സതീർത്ഥ്യനാകുവാനുള്ള ഭാഗ്യം പിഷാരടിക്കു സിദ്ധിച്ചു. അവർതമ്മിൽ നാൾക്കുനാൾ വളർന്നുവന്ന സൌഹാർദ്ദം സൗഭ്രാത്ര നിർവ്വിശേഷമായി വിജൃംഭിച്ചു. രണ്ടുപേരും തൃപ്പൂണിത്തുറെയുണ്ടെങ്കിൽ ഒരു ദിവസമെങ്കിലും ഒന്നിച്ചുകൂടാതെയോ, കാവ്യശാസ്ത്രാർത്ഥചിന്തനം ചെയ്യാതെയോ ഇരുന്നിട്ടില്ല. രാമപ്പിഷാരടി പ്രധാനമായി ശീലിച്ച ശാസ്ത്രം തർക്കം തന്നെയാണ്. പാലപ്പുറത്തു ഗോവിന്ദൻനമ്പ്യാരുടെ ശിഷ്യനായ മുരിങ്ങോട്ടു കൊച്ചുകുഞ്ഞൻനമ്പ്യാരാണ് വ്യാകരണം പഠിപ്പിച്ചത്. രാമപ്പിഷാരടിയ്ക്ക് അലങ്കാരത്തിലുള്ള വൈദുഷ്യം അനന്യസാധാരണമായിരുന്നു. ധ്വന്യാലോകലോചനം, കാവ്യപ്രകാശം, വ്യക്തിവിവേകം, രസഗങ്ഗാധരം തുടങ്ങിയുള്ള ആ ശാസ്ത്രത്തിലെ പ്രൗഢഗ്രന്ഥങ്ങൾ സ്വയമേവ പരിശീലനംചെയ്തു. വേദത്തിലും സാമാന്യമായ വ്യുൽപ്പത്തി നേടി. ഇരിങ്ങാലക്കുട ശങ്കുവാരിയരുടേയും അദ്ദേഹത്തിന്റെ അനന്തിരവൻ കുട്ടൻവാരിയരുടേയും അടുക്കൽനിന്നു ജ്യോതിഷവും വശമാക്കി.

## ഉദ്യോഗവും ബഹുമതികളും

വാഴയൊഴിഞ്ഞ തമ്പുരാൻ രാമപ്പിഷാരടിയെ ശേഷാചാര്യപാഠശാലയിലെ ഒരു അദ്ധ്യാപകനായി നിയമിച്ചു. 1078-ാമാണ്ട് എറണാകുളം കോളേജിൽ പ്രധാന സംസ്കൃതപണ്ഡിതനായി. 1097-ൽ അവിടെ നിന്നു പെൻഷൻപറ്റി പിരിഞ്ഞു. വാഴയൊഴിഞ്ഞ തമ്പുരാൻ അദ്ദേഹത്തിനു സഹൃദയതിലകൻ എന്ന സ്ഥാനം നല്കിയതിനെപ്പറ്റി മുമ്പു പ്രസ്താവിച്ചല്ലോ. പണ്ഡിതരാജകീർത്തിമുദ്രയും അദ്ദേഹത്തിന് അചിരേണ ലബ്ധമായി. തിരുവിതാംകൂർ ശ്രീചിത്തിരതിരുനാൾ മഹാരാജാവും ഒരു സുവർണ്ണമുദ്ര സമ്മാനിച്ചു. പല സർവ്വകലാശാലകളും പണ്ഡിതപരിഷത്തുകളുമായി അദ്ദേഹം ഗാഢമായ ബന്ധം പുലർത്തി. ഒട്ടുവളരെ ശിഷ്യസമ്പത്ത് അദ്ദേഹം സമ്പാദിച്ചു. കെ. പി. കറുപ്പനെ അലങ്കാരവും വ്യാകരണവും പഠിപ്പിച്ചിട്ടുണ്ട്. കേരളത്തിലെ പണ്ഡിതപാരമ്പര്യത്തെപ്പറ്റി അത്ര വളരെ അറിവുള്ള ഒരാൾ സമീപകാലത്ത് നമ്മുടെയിടയിൽ ഉണ്ടായിരുന്നില്ല. അത്തരത്തിലുള്ള ഒരു വിദ്യാവ്യസനിയേയും കണ്ടുകിട്ടുവാൻ പ്രയാസമുണ്ട്. രഘുവംശത്തേയും നൈഷധത്തേയുംകുറിച്ച് അദ്ദേഹത്തിനുണ്ടായിരുന്ന ബഹുമാനത്തിനളവില്ല. കൊച്ചിയിലും മലബാറിലും സഞ്ചരിച്ച് അമൂല്യങ്ങളായ താളിയോലഗ്രന്ഥങ്ങൾ സമ്പാദിച്ചു തൃപ്പൂണിത്തുറ ഈടുവയ്പുഗ്രന്ഥപ്പുരയ്ക്കു കൊടുത്തുവെന്നുള്ള വസ്തുതയും പ്രകൃതത്തിൽ വക്തവ്യമാണ്. 1122-ാമാണ്ടു തുലാമാസം 6-ാംനു തൃപ്പൂണിത്തുറ സ്വഗൃഹത്തിൽവെച്ചു

യശശ്ശരീരനായി. ഒടുവിൽ ഒരു നിത്യോപദ്രവിയായിരുന്ന കാസശ്വാസത്തെ പരിഗണിക്കാതെ മരിക്കുന്നതുവരെ ഗ്രന്ഥനിർമ്മിതിയിൽ വ്യാപൃതനായിരുന്നു. മരിയ്ക്കുന്ന ദിവസംകൂടി ശാസ്ത്രാർത്ഥവിചാരം ചെയ്തുകൊണ്ടിരുന്നുവെന്നു പറഞ്ഞാൽ ആർക്കാണ് ആശ്ചര്യം തോന്നാത്തത്?

### കൃതികൾ

രാമപ്പിഷാരടിയുടെ വകയാണ് ചുവടേചേർക്കുന്ന കൃതികൾ. (1) ശാകുന്തളവ്യാഖ്യാനം, (2) മാളവികാഗ്നിമിത്രവ്യാഖ്യാനം (സാരാർത്ഥദീപിക), (3) ധ്വന്യാലോകലോചന വ്യാഖ്യാനം (ബാലപ്രിയ), (4) രാമവർമ്മശതകം (വാഴ്ചയൊഴിഞ്ഞ വലിയതമ്പുരാന്റെ ഷഷ്ട്യബ്ദപൂർത്തിയവസരത്തിൽ എഴുതിയത്. കുവലയാനന്ദത്തിന്റെ അംഗീകൃതങ്ങളായ നൂറർത്ഥാലങ്കാരങ്ങൾക്കും ഇതിൽ ഉദാഹരണങ്ങൾ ഉൾക്കൊള്ളിച്ചിട്ടുണ്ട്), (5) രത്നാവലീവ്യാഖ്യാനം, (6) വിക്രമോർവ്വശീയവ്യാഖ്യാനം, (7) ശുകസന്ദേശവ്യാഖ്യാനം, (8) ചിത്രമീമാംസാടിപ്പണി, (9) കുവലയാനന്ദവ്യാഖ്യാനം, (10) ദശരൂപകവ്യാഖ്യാനം, (11) വ്യുൽപ്പത്തിവാദവ്യാഖ്യാനം, (12) നാരായണീയവ്യാഖ്യാനം, (13) ശിവാനന്ദലഹരീവ്യാഖ്യാനം, (14) ശിവപാദാദികേശവ്യാഖ്യാനം, (15) ശിവകേശാദിപാദവ്യാഖ്യാനം, (16) ദിനകരീയടിപ്പണി, (17) ദേവീമാഹാത്മ്യവ്യാഖ്യാനം, (18) വ്യഞ്ജനാവൃത്തി (സംസ്കൃതഗദ്യം). ഇവയിൽ ആദ്യത്തെ നാലു ഗ്രന്ഥങ്ങൾ മുദ്രിതങ്ങളായിട്ടുണ്ട്. നാരായണീയവ്യാഖ്യാനം ദശമകഥാഭാഗത്തിനേ എഴുതീട്ടുള്ളു.

### ബാലപ്രിയ

ലോചനത്തിന്റെ വ്യാഖ്യയായ ബാലപ്രിയയാണ് പിഷാരടിയുടെ അലങ്കാരവിജ്ഞാന സമ്പത്തിനു മൂർദ്ധാഭിഷിക്തോദാഹരണമായി പരിലസിക്കുന്നത്. അഭിനവഗുപ്തന്റെ അതിപ്രൗഢമായ ആ ഗ്രന്ഥം അതുവരെ ആരും സമഗ്രമായി വ്യാഖ്യാനിക്കുവാൻ ഒരുമ്പെട്ടിട്ടില്ല. കഥാപുരുഷനു മാത്രമേ അതിനുവേണ്ട ആത്മവിശ്വാസമുണ്ടായുള്ളു. സർവ്വങ്കഷമായ ആ വ്യാഖ്യാനം സഹൃദയന്മാർ വായിച്ചിരിക്കേണ്ടതാണ്. അദ്ദേഹം ബാലപ്രിയയുടെ ഉപക്രമത്തിൽ ഇങ്ങനെ പറയുന്നു:

> “കാവ്യാലോകോ ലോചനഞ്ച ദ്വേഗ്രാഹ്യഗ്രാഹകേ സദാ
> തദ്ഗ്രന്ഥകാരാവാചാര്യൗ രസികാഗ്രേസരൗ സ്തുമഃ.
> ലോചനസ്യാദിമോദ്യോതമാത്രസ്യാത്ര പുരാ കൃതാ
> വിവൃതിർല്ലഭ്യതേ തത്താം ദൃഷ്ട്വാ ഗ്രന്ഥാന്തരാണി ച
> പാഠാൻ കേരളവിഖ്യാതാനാലംബ്യ ച യഥാമതി
> കുർമ്മോ ബാലപ്രിയാം പ്രായഃ പ്രൗഢലോചനടിപ്പണീം.”

## കെ. സാംബശിവശാസ്ത്രി (1054–1121)

### കുടുംബവും വിദ്യാഭ്യാസവും

തിരുവനന്തപുരത്ത് ആയില്യംതിരുനാൾ മഹാരാജാവിന്റേയും വിശാഖംതിരുനാൾ മഹാരാജാവിന്റേയും ആശ്രിതനായി വൈക്കം കൃഷ്ണശാസ്ത്രി എന്നൊരു വ്യാകരണ പണ്ഡിതൻ ജീവിച്ചിരുന്നു. ആ കൃഷ്ണശാസ്ത്രിയുടെ പുത്രനാണ് സാംബശിവശാസ്ത്രി. അച്ഛനു മകനെ ഇംഗ്ലീഷ് പഠിപ്പിച്ചാൽക്കൊള്ളാമെന്ന് ആഗ്രഹമുണ്ടായിരുന്നെങ്കിലും മകനു സംസ്കൃതപഠനത്തിലായിരുന്നു വാസന. പത്താമത്തെ വയസ്സിൽ പിതാവു മരിച്ചുപോകയാൽ നാലാം ഫാറത്തിൽവെച്ച് ആ ദരിദ്രനായ ബാലന് ഇംഗ്ലീഷ്

വിദ്യാഭ്യാസം മതിയാക്കേണ്ടിവന്നു. അനന്തരം സംസ്കൃതമഹാപാഠശാലയിൽ പഠിച്ച മഹോപാധ്യായ പരീക്ഷയിൽ വ്യാകരണവും സാഹിത്യവും ഐച്ഛികവിഷയമായി സ്വീകരിച്ച് ഒന്നാമനായി ജയിച്ചു. അക്കാലത്തെ ഒരു മഹാവൈയാകരണനായ തുറവൂർ നാരായണശാസ്ത്രിയായിരുന്നു ഗുരുനാഥൻ.

## ഉദ്യോഗവും ബഹുമതികളും

സാംബശിവശാസ്ത്രി ആദ്യം നെയ്യാറ്റിൻകരെ മലയാംപള്ളിക്കൂടത്തിൽ മലയാളം മുൻഷിയായി നിയമിക്കപ്പെട്ടു. അവിടെനിന്നു താൻ പഠിച്ച മഹാപാഠശാലയിലേക്കു മാറ്റംകിട്ടി അവിടെ വ്യാകരണപണ്ഡിതനായി ഉയർന്നു. തദനന്തരം ഗവർമ്മെൻറ് കോളേജിൽ സംസ്കൃതാധ്യാപനത്തിനു നിയുക്തനായി. 1101-ൽ റ്റി. ഗണപതിശാസ്ത്രി പ്രാച്യഗ്രന്ഥപ്രകാശനശാഖയുടെ അധ്യക്ഷപദത്തിൽനിന്നു പെൻഷൻ പറ്റി പിരിഞ്ഞപ്പോൾ ആ സ്ഥാനത്തിൽ ആരൂഢനായതു സാംബശിവസ്ത്രിയായിരുന്നു. 1114-ാമാണ്ടു തുലാമാസംവരെ ആ പണി തുടർച്ചയായി നോക്കി. അദ്ദേഹത്തിനു മലയാളത്തിലും പരിജ്ഞാനമുണ്ടായിരുന്നതിനാൽ ഈ പുസ്തകം എഴുതുന്ന വ്യക്തി ആദ്യവും, ഡോക്ടർ കൊളത്തേരി ശങ്കരമേനോൻ അതിനപ്പുറവും വഹിച്ച ഭാഷാഗ്രന്ഥപ്രകാശനവകപ്പിന്റെ ആധ്യക്ഷ്യവും അദ്ദേഹത്തിൽ അവരോധിതമായി. പൗരസ്ത്യഭാഷാഗ്രന്ഥങ്ങളുടെ പ്രസാധകനെന്ന നിലയിൽ അദ്ദേഹത്തിനു ഗവർമ്മെന്റ്, ഭാരതം മുഴുവൻ പര്യടനം ചെയ്യുന്നതിനും അതാതു സ്ഥലങ്ങളിലുള്ള വിദ്വൽകേസരികളുടെ പരിചയം സമ്പാദിക്കുന്നതിനും സൗകര്യം നല്കി. പെൻഷൻ പറ്റിയതിനുശേഷവും കേരളമെങ്ങും ചുറ്റിസ്സഞ്ചരിച്ചു പല താളിയോലഗ്രന്ഥങ്ങൾ സർവ്വകലാശാലയ്ക്കു സമ്പാദിച്ചുകൊടുത്തു. ഒടുവിൽ ഗവർമ്മെന്റ് ഹിന്ദുമതഗ്രന്ഥശാലയുടെ ക്യൂറേറ്ററായി അദ്ദേഹത്തെ നിയമിക്കുകയും ആ ചുമതല അദ്ദേഹം രണ്ടു കൊല്ലത്തോളം വഹിക്കുകയും ചെയ്തു. തിരുവനന്തപുരത്തു നവരാത്രി വിദ്വത്സദസ്സിലെ അധ്യക്ഷനായി വളരെക്കാലം അതിനെ നയിച്ചു. ബ്രിട്ടിഷ് ഗവർമ്മെന്റിൽനിന്ന് ഒരു സിൽവർജൂബിലിമെഡലും, കൊച്ചി വിദ്വത്സദസ്സിൽനിന്നു പണ്ഡിതരാജൻ എന്ന സ്ഥാനവും കുംഭകോണം കാമകോടിപീഠത്തെ അലങ്കരിക്കുന്ന ജഗൽഗുരു ശ്രീശങ്കരാചാര്യരിൽനിന്നു ഗീർവ്വാണവാണീതിലകൻ എന്ന ബിരുദവും അദ്ദേഹത്തിനു ലഭിച്ചിട്ടുണ്ട്. വ്യാകരണശാസ്ത്രത്തിൽ അദ്ദേഹത്തിന്റെ വിജ്ഞാനം അസാമാന്യമായിരുന്നു. ഒടുവിൽ വേദാന്തത്തിലും നിഷ്ണാതനായി. അദ്ദേഹത്തിന്റെ സിദ്ധിവിശേഷങ്ങളിൽ ആരെയും ആശ്ചര്യപരതന്ത്രരാക്കിവന്നതു് ആ വാഗ്മിക്കു സംസ്കൃതത്തിൽ പ്രസംഗിക്കുന്നതിനും വാക്യാർത്ഥവിവരണം ചെയ്യുന്നതിനുമുള്ള നൈസർഗ്ഗികവും നിത്യാഭ്യാസപ്രവൃദ്ധവുമായ പാടവമായിരുന്നു. അദ്ദേഹത്തിന്റെ സമശീർഷനായ ഒരു പ്രഭാഷകനായി പുന്നശ്ശേരി നീലകണ്ഠശർമ്മാ മാത്രമേ ഉണ്ടായിരുന്നുള്ളു.

## കൃതികൾ

ശാസ്ത്രിയുടെ ഭാഷാകൃതികളിൽ പ്രഥമഗണനീയമായുള്ളതു് മേല്പത്തൂർ ഭട്ടതിരിയുടെ നാരായണീയത്തിന് അദ്ദേഹം ഏഴു ഭാഗങ്ങളായി രചിച്ചിട്ടുള്ള (1) ലക്ഷ്മീവിലാസം എന്ന അതിവിസ്തൃതവും അതലസ്പർശിയുമായ വ്യാഖ്യാനമാകുന്നു. അതിന്റെ മുഖവുരയിൽ വ്യാഖ്യാതാവു് ഇങ്ങനെ പറഞ്ഞിരിക്കുന്നു. "ഈ വ്യാഖ്യാനം അന്വയക്രമത്തിനുള്ള അർത്ഥവിവരണം, സാരം, നിരൂപണം, അലങ്കാരാദിവിമർശം എന്നിങ്ങനെ അനേകം സോപാനങ്ങളായിട്ടാണ് രചിച്ചിരിക്കുന്നതു്. സാരാർത്ഥവർണ്ണനത്തിനു

ചിലേടത്തു ഭാഗവതപ്രകാരം നാരായണീയഗതിക്കു് അവിരുദ്ധങ്ങളായ ആശയങ്ങൾ ചേർത്തുകാണുന്നതാണ്. നിരൂപണംകൊണ്ടു ഭങ്ഗ്യന്തരേണ ലോകോപദേശപര്യവസായികളായ ഗുണപാഠങ്ങളും പദപ്രയോജനങ്ങളും ശാസ്ത്രീയസിദ്ധാന്തസ്ഥാപനങ്ങളും യുക്തിചർച്ചകളും ബഹുമുഖങ്ങളായ കവിവാക്യങ്ങളിൽനിന്നു ദ്യോതിയ്ക്കുന്ന അഭിപ്രായാന്തരങ്ങളും പാഠഭേദപര്യാലോചനകളും ആവശ്യപ്പെടുന്നിടത്തു മതാന്തരഖണ്ഡങ്ങളും വർണ്ണിക്കുന്നതായിരിക്കും. നിരൂപിതങ്ങളായ ഭാഗങ്ങൾക്കു് ആവശ്യമുള്ള അനേകം പ്രമാണങ്ങൾ ഭാഗവതാദിഗ്രന്ഥങ്ങളിൽനിന്നു് ഉദ്ധരിച്ചു ചേർത്തിട്ടുണ്ടു്." ഭാഷയ്ക്കു് ഒരു അനർഘമായ നിധി തന്നെയാണു് ദീർഘതമമായ ഈ പുസ്തകം. (2) ഹിന്ദുമതതത്വങ്ങളെ വിശദീകരിച്ചു ഹിന്ദുമതപ്രദീപിക എന്നൊരുഗ്രന്ഥവും ഗവർമ്മെന്റിന്റെ ആവശ്യപ്രകാരം ഉണ്ടാക്കി. (3) എഴുത്തച്ഛന്റെ അധ്യാത്മരാമായണത്തിനു് ഒരു ഭാഷാവ്യാഖ്യാനമെഴുതി. അതു് അദ്ദേഹത്തിന്റെ ആദ്യത്തെ കൃതിയാണ്. സംസ്കൃതത്തിൽ, (4) ചിത്രോദയമണി മുതലായിചില ഗ്രന്ഥങ്ങൾ എഴുതീട്ടുണ്ടു്. പ്രക്രിയാസർവ്വസ്വത്തിനു് അദ്ദേഹം ആരംഭിച്ച സംസ്കൃതവ്യാഖ്യാനം മുഴമിച്ചിട്ടില്ല. സാംബശിവീയം എന്നൊരു മഹാകാവ്യവും ആ ഭാഷയിൽ എഴുതിത്തുടങ്ങി; അതും മൂന്നു സർഗ്ഗങ്ങളോളമേ തീർന്നിട്ടുള്ളു. ക്യുറേറ്റർ എന്ന നിലയിൽ അദ്ദേഹം പല ഗ്രന്ഥങ്ങൾ പ്രകാശിപ്പിച്ചിട്ടുണ്ടു്. (1) സ്കന്ദസ്വാമിയുടേയും വേങ്കടമാധവന്റേയും വ്യാഖ്യാനങ്ങളോടുകൂടിയ ഋക്സംഹിത, (2) സുചരിതമിശ്രന്റെ കാശികാവ്യാഖ്യാനത്തോടുകൂടിയ മീമാംസാശ്ലോകവാർത്തികം, (3) നീലകണ്ഠസോമയാജിയുടെ ഭാഷ്യത്തോടുകൂടിയ ആര്യഭടീയം, (4) ഹേലാരാജന്റെ പ്രകീർണ്ണപ്രകാശവ്യാഖ്യാനത്തോടുകൂടിയ വാക്യപദീയം, (5) ഭോജരാജാവിന്റെ സരസ്വതീകണ്ഠാഭരണം (വ്യാകരണം) എന്നിവ സംസ്കൃതഗ്രന്ഥങ്ങളിലും, (6) കണ്ണശ്ശഭാഗവതം, (7) കണ്ണശ്ശഭാരതം, (8) കൗടലീയം അർത്ഥശാസ്ത്രം, (9) രാമചരിതം, (10) ബ്രഹ്മാണ്ഡപുരാണം ഗദ്യം എന്നിവ ഭാഷാഗ്രന്ഥങ്ങളിലും പ്രാധാന്യത്തെ അർഹിക്കുന്നു. ഇവയിൽ ചില ഗ്രന്ഥങ്ങൾ ഇനിയും പൂർണ്ണമായി മുദ്രണം ചെയ്തുകഴിഞ്ഞിട്ടില്ല.

## കരമന കേശവശാസ്ത്രി (1042—1109)

### ജനനവും വിദ്യാഭ്യാസവും

കേശവശാസ്ത്രിയുടെ ജന്മഭൂമി പത്മനാഭപുരമാണ്. ജനനം 1042 കന്നി 16-ാംനു-യാണ്. അച്ഛനമ്മമാർ ബാല്യത്തിൽത്തന്നെ മരിച്ചുപോകയാൽ തിരുവനന്തപുരത്തു കരമനഗ്രാമത്തിൽ അന്നു താമസിച്ചിരുന്ന തന്റെ പിതൃവ്യനായ അഞ്ചൽമാസ്റ്റർ നാണുവയ്യരുടെ സംരക്ഷണത്തിലാണു വളർന്നതു്. നാണുവയ്യർ ഒരു സാഹിത്യരസികനായിരുന്നു. കരമന ശാമുശാസ്ത്രിയായിരുന്നു ആദ്യത്തെ ഗുരു.

> "കാവ്യേഷു വ്യദപാദിഷൽ കരുണയാ യോ മാം തഥാ പാണിനേ–
> സ്തന്ത്രേ ന്യസ്തപയദ് ഗുരും ഗുരുകൃപം തം സ്വാമിശാസ്ത്ര്യാ ഹ്വയം
> വാത്സല്യാതിശയം ദധാനമനിശം മയ്യാത്മപുത്രാധികം
> പൂതാത്മാനമമേയസദ്ഗുണമഹം ധ്യായാമി ഹൃദ്യമ്പുഹം"

എന്നു പതിനാറാമത്തെ വയസ്സിൽ എഴുതിയ ഗുരുപഞ്ചകം എന്ന സ്തോത്രത്തിൽ കവി തന്റെ ഗുരുവിനെപ്പറ്റി വിവരിച്ചിരിക്കുന്നു.

## ഉദ്യോഗം

ദാരിദ്ര്യബാധകൊണ്ടു് 1060-ാമാണ്ടു കുംഭമാസത്തിൽ കണ്ടുകൃഷിക്കച്ചേരിയിൽ അഞ്ചു രൂപാ ശമ്പളത്തിൽ ഒരു ഗുമസ്തനായി സക്കാർ സർവ്വീസിൽ പ്രവേശിച്ചു. അത്തരത്തിൽ നാലു കൊല്ലം പണി നോക്കിയതിന്റെശേഷം 1064-ൽ തിരുവനന്തപുരത്തു സംസ്കൃതപാഠശാല സ്ഥാപിച്ചപ്പോൾ അവിടെ സാഹിത്യാധ്യാപകനായി നിയമിക്കപ്പെട്ടു. 20 കൊല്ലം അവിടെ ജോലി ചെയ്തു. 1084-ൽ ഹൈസ്കൂൾ സംസ്കൃതമുൻഷിയായി നിയമിതനായി. തുടർന്നു് 1087-ാമാണ്ടു കുംഭമാസത്തിൽ മലയാളം മുൻഷിവേല നോക്കിത്തുടങ്ങി. 1090-ൽ രാജകീയ മഹാപാഠശാലയിൽ സംസ്കൃതപണ്ഡിതനായി. 1094-ൽ കർക്കിടകമാസത്തിലേ ആ ഉദ്യോഗം ഉറച്ചുള്ളു. 1097 വരെ അവിടെ സാൻസ്ക്രിറ്റ് അസിസ്റ്റന്റ് എന്ന നിലയിൽ തുറവൂർ നാരായണശാസ്ത്രിയുടെ അനന്തരഗാമിയായി പണിനോക്കിയപ്പോൾ വയഃക്ലപ്തി നിയമമനുസരിച്ചു സർവ്വീസിൽനിന്നു പിരിയേണ്ടിവന്നു. പലരേയും ഗൃഹത്തിൽവച്ചും സംസ്കൃതം പഠിപ്പിച്ചിട്ടുണ്ടു്. തികഞ്ഞ ഒരു സഹൃദയനായിരുന്നു ശാസ്ത്രി. നല്ല കവിതകളിൽ ആസ്വാദ്യാംശം ഏതെങ്കിലും കണ്ടാൽ അദ്ദേഹത്തിനുള്ള ആനന്ദം അനിർവ്വചനീയമായിരുന്നു. അശ്രുധാര വാർത്തുകൊണ്ടു വളരെ നേരത്തേക്കു പൊട്ടിച്ചിരിക്കുക എന്നുള്ളതാണു് അതിന്റെ ബഹിർലക്ഷണം. 1109—ാമാണ്ടു മേടമാസം 20-ാംനു ചരമഗതിയെ പ്രാപിച്ചു.

## കൃതികൾ

ശാസ്ത്രി സംസ്കൃതത്തിലും മലയാളത്തിലുമായി പല കൃതികൾ രചിച്ചിട്ടുണ്ടു്. അവയിൽ ചിലതിന്റെ പേരുകൾ താഴെ ചേർക്കുന്നു. (1) കൃതജ്ഞതാശതകം (1074), (2) അനുഭവജ്ഞാനം (1074), (3) ഇക്കാവമ്മയുടെ സുഭദ്രാർജ്ജുനനാടകത്തിന്റെ സംസ്കൃതാനുവാദം (1075), (4) സൂര്യശതകം (1077), (5) ശിഖരിണീസ്തുതി (1074), (6) ആര്യാസ്തുതി, (7) ദേവകീനന്ദനാശ്രമസ്വാമിവിജയ ഖണ്ഡകാവ്യം (1100), (8) ആര്യാഗീതിസഹസ്രം (1103), (9) ഗോമതീപഞ്ചാശിക, (10)ഭഗവതീനവമഞ്ജരി, (11) വഞ്ചിസേതുലക്ഷ്മീവിജയഖണ്ഡകാവ്യം, (12) ഉപസർഗ്ഗവൃത്തി, (13) ശങ്കരവിജയകഥാസാരം,(14) നീലകണ്ഠദീക്ഷിതരുടെ കലിവിഡംബനത്തിന്റെയും സഭാരഞ്ജനത്തിന്റെയും വൈരാഗ്യശതകത്തിന്റെയും ഭാഷാനുവാദം. ഗോദാവരീമഠത്തിലെ ശ്രീദേവകീനന്ദനാശ്രമസ്വാമികളുടെ അപദാനങ്ങളെ വിഷയീകരിച്ചു രചിച്ചിട്ടുള്ളതാണു് ഏഴും എട്ടും നമ്പർ കൃതികൾ. ആ സ്വാമികൾ തിരുവനന്തപുരത്തു സന്നിധാനം ചെയ്തു പല ശിഷ്യന്മാരെ സമ്പാദിച്ചു. സുഭദ്രാർജ്ജുനത്തിൽനിന്നു് ഒന്നുരണ്ടു ശ്ലോകങ്ങൾ ശാസ്ത്രിയുടെ കവിതാരീതി കാണിക്കുവാൻ ഉദ്ധരിക്കാം.

> “ഭൃത്യാ ലിപ്തവപുർവ്വതംസിതവിയദ്ഗംഗസ്സടാത്യുജ്വലോ
> രുദ്രാക്ഷാഞ്ചിതയാ സ്രുജാ വിമലയാ സംഭൂഷി തോരസ്തടഃ
> ഏകീഭൂയ സഹോമയാതികുതുകം തത്താദൃശൈർവ്വിഭ്രമൈ—
> സ്സാമോദം വിഹരൻ ഹരോ ദിശതു വഃ പ്രീത്യാനിശം മംഗലം.”

> “കദാചിദപി നോ ഭവേൽ കപടിതാ വിശിഷ്ട ജനേ
> തദപ്രിയമിദം വചോ നിശമയംശ്ച പാപി ദൃഢം
> ഭഗിന്യപി വരീയസി യതിപതിശ്ച ശംഭ്രപമഃ
> കനിഷ്ഠ! കലയാധുനാ കഠിനമേവ തേ ഭാഷിതം.”

താഴെക്കാണുന്ന ശ്ലോകം ദേവകീനന്ദനാശ്രമവിജയത്തിലുള്ളതാണു്.

> “മാതേവാവതി യഃ പിതേവ ഹിതകൃൽ കൃത്യോപദേശാദിഭി-

ര്യശ്ശാസ്ത്രാർത്ഥമശേഷതോ ഗുരുരിവ സ്വാൻ ബോധയത്യാ ശ്രിതാൻ
യശ്ചാപാദയതീഷ്യദൈവതമിവ ശ്രേയസ്സമസ്തം നൃണാം
തസ്മൈ ദേവകി നന്ദനാശ്രമയതീന്ദ്രായാസ്തു നിത്യം നമഃ."

## പുന്നശ്ശേരി നമ്പി നീലകണ്ഠശർമ്മാ (1033–1110)

### ജനനം

ബ്രിട്ടീഷ്മലബാറിൽ വള്ളുവനാട്ടു താലൂക്കു പെരുമുടിയൂർ അംശം ഈങ്ങയൂർദേശത്തു പുന്നശ്ശേരി എന്ന പേരിൽ പ്രസിദ്ധമായി മൂത്തതന്മാരുടെ ഒരില്ലമുണ്ട്. ആ ഇല്ലത്തിനു സാമൂതിരിക്കോവിലകവുമായി പരമ്പരയാ ഉള്ള ഔദ്യോഗികബന്ധത്തെപ്പറ്റി പുന്നശ്ശേരി ശ്രീധരൻനമ്പിയുടെ ചരിത്രത്തിൽ ഇതിനുമുമ്പു ഞാൻ പ്രസ്താവിച്ചിട്ടുണ്ടല്ലോ. പുന്നശ്ശേരിയില്ലത്തിൽ നാരായണൻനമ്പി കഥാപുരുഷന്റെ പിതാവും മാതാവ് അച്ചുതത്തു നങ്ങയ്യ അന്തർജ്ജനവും (നീലിയെന്നും പറയും) ആയിരുന്നു. കൊച്ചിശ്ശീമ തലപ്പിള്ളിത്താലൂക്കിൽ തളിയിൽ ഏഴിക്കര എന്ന ഇല്ലമാണ് അമ്മാത്ത്. അമ്മാമൻ നാരായണൻമൂസ്സത് അന്നത്തെ കൊച്ചി മഹാരാജാവിന്റെ പ്രീതിബഹുമാനങ്ങൾക്കു പാത്രീഭവിച്ച ഒരു ദൈവജ്ഞോത്തമനായിരുന്നതായി അറിവുണ്ട്. കഥാപുരുഷന്റെ പിതാവായ നാരായണൻനമ്പിയും ഒരു നല്ല സംസ്കൃതപണ്ഡിതനായിരുന്നു. ഈ ദമ്പതികളുടെ സന്താനമായി നീലകണ്ഠശർമ്മാ 1033-ാമാണ്ടു മിഥുനമാസം 4-ാംനു മകം നക്ഷത്രത്തിൽ ജനിച്ചു.

### വിദ്യാഭ്യാസം

1038 കന്നിയിൽ അച്ഛൻ മരിച്ചുപോയി. അതിനാൽ അമ്മയുടെ സംരക്ഷണത്തിലാണ് പുത്രൻ വളർന്നത്. ആ അമ്മയുടെ പരിചരണമാണ് തന്റെ ശ്രേയസ്സിനെല്ലാം നിദാനമെന്ന് അദ്ദേഹം പറയാറുണ്ടായിരുന്നു. അഞ്ചാമത്തെ വയസ്സിൽ കുലഗുരുവായ ആറങ്ങോട്ടുവാരിയർ എഴുത്തിനുവച്ചു. അദ്ദേഹവും എടവീട്ടിൽ ഗോവിന്ദമാരാരും കല്ലുക്കമില്ലാവൂർ ഉണിക്കണ്ടവാരിയരും ബാലപാഠങ്ങൾ പഠിപ്പിച്ചു. അതിനു ശേഷം ചേലൂർ കേളവർമ്മ ഉണിത്തിരിയുടെ ശിഷ്യനായി ജ്യോതിശ്ശാസ്ത്രം അഭ്യസിച്ചു. ഉണിത്തിരി അക്കാലത്തെ പേരുകേട്ട ഒരു ജ്യോത്സ്യനായിരുന്നു. നീലകണ്ഠശർമ്മാവിനെ പ്രശ്നമാർഗ്ഗം, ഹോര, ജാതകാദേശം എന്നീ ജ്യോതിഷഗ്രന്ഥങ്ങൾ പഠിപ്പിച്ചതും, ലീലാവതിയിലെ കണക്കുകളും, പഞ്ചബോധത്തിലേയും മറ്റും ക്രിയകളും അഭ്യസിപ്പിച്ചതും അദ്ദേഹമാണ്. ആ ആചാര്യനെ ചമൽക്കാരചിന്താമണി എന്ന ജ്യോതിഷഗ്രന്ഥത്തിന്റെ വ്യാഖ്യാനോപക്രമത്തിൽ ശർമ്മാ താഴെക്കാണും വിധത്തിൽ പ്രശംസിച്ചിരിക്കുന്നു.

"ഗുരും കേളവർമ്മാണമന്തർന്നിധായ
പ്രസാദേന തസ്യാപ്തവിജ്ഞാനസിദ്ധിഃ
ചമൽകാരചിന്താമണിം നീലകണ്ഠ–
സ്സ്വധീശാണകോല്ലേഖിതം സംവിധത്തേ."

പ്രശ്നമാർഗ്ഗത്തിനു താൻ രചിച്ച ഉപരതശിഖാവ്യാഖ്യാനത്തിലും

"ശ്രീകേളവർമ്മഗുരുവര്യമുഖാരവിന്ദ–
സമ്പാദിതാർത്ഥമധുസാരനിഷേകഹൃദ്യാം
തം പ്രശ്നമാർഗ്ഗമുപരതശിഖാം പ്രദർശ്യ

ശിഷ്യാഭിലാഷവിവശോ വിശദീകരോമി."

1047-ൽ സമാവർത്തനം കഴിഞ്ഞതിനുമേൽ വ്യാകരണം പഠിക്കുവാൻ ആരംഭിച്ചു. സിദ്ധാന്തകൗമുദിയിൽ സന്ധിത്രയാന്തം വരെ ചിറ്റിലപ്പള്ളി അപ്പശാസ്ത്രിയിൽ നിന്ന് അഭ്യസിച്ചു. 1051-ാമാണ്ട് ആ ശാസ്ത്രം നിഷ്കർഷിച്ചു പഠിക്കുന്നതിനായി തൃപ്രങ്ങോട്ടു കുഞ്ഞുണ്ണി (ശങ്കരൻ) മൂസ്സതിന്റെ അന്തേവാസിയായി കൂടി. കഞ്ഞുണ്ണിമൂസ്സതിന്റെ പാണ്ഡിത്യപ്രകർഷത്തേയും അധ്യാപനപാടവത്തേയുംപറ്റി അന്യത്ര ഉപന്യസിച്ചിട്ടുണ്ട്. വ്യാകരണവും വൈദ്യവും അദ്ദേഹത്തിൽ അഹമഹമികയാ സമ്മേളിച്ചിരുന്നു. അവിടെ കൗമുദി രണ്ടു കൊല്ലം കൊണ്ടു പഠിച്ചുതീർത്തു. പ്രൗഢമനോരമ മുതലായ ചില ഉൽഗ്രന്ഥങ്ങളും ശീലിച്ചു. എങ്കിലും കൗമുദിയെ ആശ്രയിച്ചായിരുന്നു അദ്ദേഹത്തിന്റെ പ്രതിഷ്ഠ. ആ ഗ്രന്ഥത്തിലുള്ള ഉപസ്ഥിതി അന്യാദൃശമായിരുന്നതിനാൽ പ്രക്രിയാഭാഗത്തിൽ അദ്ദേഹത്തെ ജയിക്കത്തക്ക ഒരു വൈയാകരണൻ അദ്ദേഹത്തിന്റെ ജീവിതകാലത്തിൽ കേരളത്തിൽ ഇല്ലായിരുന്നുവെന്നു പറയാം. മണന്തല നീലകണ്ഠൻമൂസ്സതു് അദ്ദേഹത്തിന്റെ സബ്രഹ്മചാരിയായിരുന്നു. 1063-ൽ കുഞ്ഞുണ്ണിമൂസ്സതു മരിച്ചതിനുമേൽ സ്വഗൃഹത്തിലേയ്ക്കു പോന്നു. അതിനുമുമ്പുതന്നെ ആ ഗുരുവര്യനിൽനിന്ന് അലങ്കാരശാസ്ത്രവും അഷ്ടാങ്ഗഹൃദയവും മറ്റും അഭ്യസിച്ചുകഴിഞ്ഞിരുന്നു. കുഞ്ഞുണ്ണിമൂസ്സതിനെപ്പറ്റി കഥാപുരുഷൻ തന്റെ "പ്രജ്ഞാവൈഭവമന്ഥദണ്ഡമഥിതാൽ" ഇത്യാദി പദ്യത്തിൽ ഉപശ്ലോകനം ചെയ്തിട്ടുണ്ട്.

## അനന്തരഘട്ടം — പത്രപ്രവർത്തനം

ലോകസേവനം ഒന്നു മാത്രമായിരുന്നു നമ്പിയുടെ ലക്ഷ്യം. അദ്ദേഹം മാതൃഭൂമിയെ പലപ്രകാരത്തിൽ ഉപാസിച്ചിട്ടുണ്ട്. വാചാമഗോചരമായിരുന്നു അദ്ദേഹത്തിന്റെ അനുജിഘൃക്ഷ! വിജ്ഞാനചിന്താമണി എന്ന മാസിക നമ്പിയുടെ പിൻതുണയോടുകൂടി വെള്ളാനശ്ശേരി വാസുണ്ണിമൂസ്സതു് ആരംഭിച്ചതും വളരെ ക്ലേശങ്ങൾ സഹിച്ചു കുന്നംകുളത്തു കൊണ്ടുപോയി അച്ചടിപ്പിച്ചതും മുമ്പു പ്രസ്താവിച്ചിട്ടുണ്ട്. അതിൽ സംസ്കൃതമയൂഖം എന്നും ഭാഷാമയൂഖം എന്നും രണ്ടു വിഭാഗങ്ങൾ ഉണ്ടായിരുന്നുവെന്നും ആദ്യത്തേതിൽ സംസ്കൃതലേഖനങ്ങളും രണ്ടാമത്തേതിൽ ഭാഷാലേഖനങ്ങളുമാണ് പ്രസിദ്ധീകരിച്ചിരുന്നതെന്നും വായനക്കാർ ധരിച്ചിരിക്കും. ആദ്യത്തെ കൊല്ലത്തിൽ രണ്ടു മയൂഖങ്ങളും മലയാളത്തിലും അടുത്ത രണ്ടു കൊല്ലങ്ങളിൽ സംസ്കൃതമയൂഖം ഗ്രന്ഥാക്ഷരത്തിലുമാണ് പ്രകാശിപ്പിച്ചതു്. പിന്നീട് രണ്ടു കൊല്ലക്കാലം ആ പത്രം മുടങ്ങിപ്പോയി. നമ്പിയുടെ ജാതകത്തിൽ ദ്വാത്രിംശദ്യോഗം കണ്ടതിനാൽ ഈശ്വരഭജനം കൊണ്ട് അതിനു പരിഹാരം നേടുവാൻ അദ്ദേഹം ഉദ്യമിച്ചു. ആ ഉദ്യമത്തിൽ അദ്ദേഹം വിജയിയായി. പിന്നീടു മുടങ്ങിക്കിടന്ന വിജ്ഞാനചിന്താമണി പുനരുദ്ധരിച്ചു. 1067-ൽ സ്വദേശത്തുതന്നെ വിജ്ഞാനചിന്താമണി എന്ന പേരിൽ ഒരു മുദ്രണാലയം സ്ഥാപിച്ചു. സംസ്കൃതലേഖനങ്ങൾ മാത്രമേ അനന്തരകാലത്ത് ആ മാസികയിൽ പ്രസിദ്ധീകരിച്ചുള്ളു. ആദ്യം മലയാളത്തിലും പിന്നീടു ഗ്രന്ഥാക്ഷരത്തിലും ഒടുവിൽ ദേവനാഗരിയിലുമാണ് അതു് അച്ചടിപ്പിച്ചതു്. ഇടയ്ക്കു ഒന്നു രണ്ടു തവണ മുടങ്ങിയെങ്കിലും ഏകദേശം പത്തൊൻപതു കൊല്ലക്കാലം വിജ്ഞാനചിന്താമണി പ്രചരിച്ചു. ദേശവൃത്താന്തങ്ങൾ, അവയെക്കുറിച്ചുള്ള വിമശനങ്ങൾ, ഖണ്ഡകൃതികൾ, ചെറുകഥ, സമസ്യാപൂരണങ്ങൾ, ചിത്രപ്രശ്നങ്ങൾ, സാഹിത്യപരമായും ശാസ്ത്രപരമായുമുള്ള പണ്ഡിതമൂർദ്ധന്യന്മാരുടെ വാദപ്രതിവാദങ്ങൾ ഇവയെല്ലാം അതിൽ അടങ്ങിയിരുന്നു. കേരളീയർ മാത്രമല്ല, വൈദേശികന്മാരായ മഹാപണ്ഡിതന്മാരും അതിലേക്കു ലേഖനങ്ങൾ അയച്ചുകൊടുത്തിരുന്നു. നമ്പിയുടെ ശ്ലക്ഷ്ണവും

പ്രസന്നവുമായ ശൈലിയിൽ എഴുതപ്പെടുന്ന മുഖപ്രസംഗങ്ങൾ അതിനൊരു വിശേഷാലങ്കാരമായി ശോഭിച്ചിരുന്നു. ശാകുന്തളമോ, ഉത്തരരാമചരിതമോ മഹനീയം എന്ന വിഷയത്തെപ്പറ്റി കേരളവർമ്മ വലിയകോയിത്തമ്പുരാൻ എഴുതിയ ശാകുന്തളപാരമ്യവും, കവിഭൂഷണൻ കുമാരതാതാചാര്യൻ എഴുതിയ ഭവഭൂതിഭാരതിയും അതിലാണ് പ്രസിദ്ധീകരിച്ചത്. കേരളത്തിൽ മലയാളപത്രങ്ങൾപോലും വിരളമായിരുന്ന ഒരു കാലത്തു സ്വന്തമായ ഒരു അച്ചുക്കൂടം സ്ഥാപിച്ച് അവിടെ നിന്ന് ഒരു സംസ്കൃതമാസിക പ്രചരിപ്പിക്കാമെന്നുതോന്നിയ നമ്പിയുടെ ഉത്സാഹശക്തിയും അകുതോഭയതയും ആശ്ചര്യകരമെന്ന് ആരുതന്നെ സമ്മതിക്കയില്ല?

## സാരസ്വതോദ്യോതിനീപാഠശാല

സംസ്കൃതഭാഷയുടെ ഉജ്ജീവനത്തിനായി അവതരിച്ച ഒരു മഹാപുരുഷനായിരുന്നു നമ്പി. ഗുരുനാഥൻ എന്ന ഉപാധി പലരും പലരേയും സംബന്ധിച്ച് ഉപയോഗിക്കാറുണ്ടെങ്കിലും ആ വിശേഷണംകൊണ്ടു പരക്കെ അറിയപ്പെടുന്നത് അദ്ദേഹമൊരാൾ മാത്രമാണ്. 1063-ൽ ചുരുങ്ങിയ നിലയിൽ പ്രസ്തുതപാഠശാല ആരംഭിച്ചു. 1096-ൽ അത് ഒരു കോളേജായി ഉയർന്നു. ആദ്യംമുതല്ക്കുതന്നെ ജാതിമതവ്യത്യാസം പരിഗണിക്കാതെ എല്ലാവരേയും സംസ്കൃതം അഭ്യസിപ്പിച്ചു. അന്നത്തെ കാലസ്ഥിതിക്ക് അത് അദ്ദേഹത്തിന്റെ ഹൃദയവിശാലതയെ സ്പഷ്ടമായി പ്രഖ്യാപനം ചെയ്യുന്നു. അദ്ദേഹത്തിന്റെ അധ്യാപനം രണ്ടുതരത്തിലായിരുന്നു. നേരിട്ടും, പാഠശാലമുഖാന്തരവും. ഉയർന്ന ക്ലാസ്സുകളിൽ വ്യാകരണം, അലങ്കാരം, ജ്യോതിഷം, വൈദ്യം എന്നീ വിഷയങ്ങൾ പഠിപ്പിച്ചിരുന്നത് അദ്ദേഹംതന്നെയാണ്. ഗൃഹത്തിൽ പ്രഭാതത്തിൽ ഒന്നുരണ്ടു വിഷയങ്ങളും, രാവിലത്തെ കുളിയും ജപവും കഴിഞ്ഞാൽ വേറെ ഒന്നു രണ്ടു വിഷയങ്ങളും പഠിപ്പിക്കും. ഭക്ഷണം കഴിഞ്ഞാൽ വിശ്രമത്തിനുമുൻപും, വിശ്രമാനന്തരം സന്ധ്യയ്ക്കുമുൻപും അധ്യാപനമുണ്ട്. അത്താഴമൂണിനുമുൻപും ചിലരെ അഭ്യസിപ്പിക്കുക പതിവുണ്ട്. ഇങ്ങനെയാണ് പല പ്രായക്കാരും പല തരക്കാരുമായ ശിഷ്യന്മാർക്ക് അദ്ദേഹം പാണ്ഡിത്യം നേടിക്കൊടുത്തത്. നമ്പിയുടെ അധ്യാപനസമ്പ്രദായം അത്യന്തം ആകർഷകമായിരുന്നു. അദ്ദേഹം ഒരു പണ്ഡിതമൂർദ്ധന്യനെന്നപോലെ സഹൃദയധുരീണനുമായിരുന്നു. രഘുവംശം, മേഘസന്ദേശം മുതലായ കാവ്യങ്ങൾക്കും, അനർഘരാഘവം തുടങ്ങിയ നാടകങ്ങൾക്കും അദ്ദേഹം സ്വയം അർത്ഥവിചാരംചെയ്ത് അചുംബിതങ്ങളായ ചില നിഗമനങ്ങളിൽ എത്തിയിരുന്നു. അവ അദ്ദേഹത്തിന്റെ മുഖത്തുനിന്നു കേൾക്കുവാൻ ഭാഗ്യംചെയ്തവർക്കേ സാധിക്കൂ. പാഠശാലയിൽ അഷ്ടമിതോറും ഒരു സഭായോഗം സംഘടിപ്പിച്ച് അതിൽ വിദ്യാർത്ഥികളെക്കൊണ്ടു സംസ്കൃതത്തിലും ഭാഷയിലും പ്രസംഗങ്ങൾ ചെയ്യിച്ചുവന്നു. നമ്പിയുടെ ശിഷ്യന്മാരായി വളർന്ന പല വിദ്യാർത്ഥികളും പില്ക്കാലത്തു പേരുകേട്ടിട്ടുണ്ട്. അവരിൽ പഴയ ശിഷ്യന്മാരായ വാചസ്പതി ടി. സി. പരമേശ്വരൻമൂസ്സതും, മഹാവൈദ്യൻ വടക്കേപ്പാട്ടു നാരായണൻനായരുമാണ് പ്രഥമഗണനീയന്മാർ. നമ്പി നൈഷ്ഠികബ്രഹ്മചാരിയായിരുന്നതിനാൽ ശിഷ്യന്മാർ തന്നെയായിരുന്നു അദ്ദേഹത്തിന്റെ സന്താനങ്ങൾ. അദ്ദേഹത്തിന് അവരിൽ പ്രാണാധികമായ സ്നേഹം ഉണ്ടായിരുന്നതു പോലെ അവർക്ക് അദ്ദേഹത്തിന്റെ പേരിൽ ദേവതാബുദ്ധിയും ഉണ്ടായിരുന്നതിൽ ആശ്ചര്യപ്പെടുവാനില്ലല്ലോ.

## ജ്യോത്സ്യവും വൈദ്യവും

1060-ാമാണ്ടിടയ്ക്കു തന്നെ നമ്പി പട്ടാമ്പി പഞ്ചാങ്ഗം പ്രസിദ്ധീകരിച്ചുതുടങ്ങി. ഗ്രഹഗണിതത്തിലും ഗോളഗണിതത്തിലും അദ്ദേഹം ഒന്നുപോലെ നിഷ്ണാതനായിരുന്നു.

വിവാഹവിഷയത്തിൽ സ്ത്രീപുരുഷജാതകങ്ങൾ പരിശോധിച്ചു പൊരുത്തം നോക്കി വിധി പറയുന്നതിനു വിശേഷനൈപുണ്യം സമ്പാദിച്ചിരുന്നു. 1063-ാമാണ്ടു മുതല്ക്കുതന്നെ വൈദ്യം പഠിപ്പിച്ചുതുടങ്ങി. 1078-ൽ ചിന്താമണി എന്ന പേരിൽ ഒരു വൈദ്യശാല സ്ഥാപിച്ചു. ആര്യവൈദ്യസമാജത്തിന്റെ ഒരു പ്രധാന പ്രവർത്തകനായിരുന്നു നമ്പി. അനന്തപുരത്തു മൂത്തകോയിത്തമ്പുരാന്റെ നിര്യാണത്തിനുശേഷം ആ സമാജത്തിന്റെ സ്ഥിരാദ്ധ്യക്ഷനായി തിരഞ്ഞെടുക്കപ്പെട്ടു.

### ദേശസഞ്ചാരം

സാമൂതിരിക്കോവിലകത്തു നമ്പി നിത്യനായിരുന്നു. മാനവിക്രമ ഏട്ടൻതമ്പുരാനും അദ്ദേഹവും തമ്മിലുള്ള സൗഹാർദ്ദത്തെക്കുറിച്ചു മുമ്പു പ്രസ്താവിച്ചിട്ടുണ്ട്. അദ്ദേഹം സഹൃദയസമാഗമം എന്ന പേരിൽ ഒരു വിദ്വൽസഭ ആരംഭിക്കയും ഏതാനും വർഷക്കാലത്തേക്ക് അതു് മുടക്കംകൂടാതെ നടക്കുകയും ചെയ്തു. അതിന്റെ മുഖ്യ ഭാരവാഹിയും നമ്പിയായിരുന്നു. അദ്ദേഹം കാശിയും, ദക്ഷിണഭാരതത്തിലെ പല പുണ്യസ്ഥാനങ്ങളും ഈശ്വരഭജനത്തിനുവേണ്ടി സന്ദർശിച്ചിട്ടുണ്ട്. ആ വഴിക്ക് അനേകം സംസ്കൃതപണ്ഡിതന്മാരുടെ സൌഹാർദ്ദം സമ്പാദിക്കുവാൻ സാധിച്ചു. ആ സൌഹാർദ്ദം വിജ്ഞാനചിന്താമണി പത്രികയ്ക്കു് ഉപകാരപ്രദവുമായി.

### വാഗ്മിത്വം

സദസ്സുകളിൽ ആദ്ധ്യക്ഷ്യം വഹിക്കുന്നതിനും പ്രസങ്ഗിക്കുന്നതിനും നമ്പി ഒരവസരത്തിലും വൈമുഖ്യം പ്രദർശിപ്പിച്ചിരുന്നില്ല. സംസ്കൃതപാരീണന്മാരായി അനേകം സഹൃദയന്മാരും ശാസ്ത്രജ്ഞന്മാരും ധാരാളം ഉണ്ടായിരുന്നുവെങ്കിലും പ്രസങ്ഗവേദിയിൽ കയറിയാൽ അവർ പ്രായേണ വാചംയമന്മാരായാണ് കാണപ്പെടുന്നതു്. സംസ്കൃതത്തിലും മലയാളത്തിലും യാതൊരു തടവും കൂടാതെ ശ്രോതാക്കളുടെ ഹൃദയം കവരുമാറു സരസമായും ഫലിതമായും സാരസമ്പൂർണ്ണമായും പ്രസങ്ഗിക്കുവാനുള്ള പാടവം അദ്ദേഹത്തിന്റെ അപൂർവ്വസിദ്ധികളിൽ ഒന്നായിരുന്നു. 1067-ാമാണ്ടു കോട്ടയത്തു കവിസമാജത്തിൽ അദ്ദേഹം ചെയ്ത സംസ്കൃതപ്രസങ്ഗത്തെപ്പറ്റി ചങ്ങനാശ്ശേരി രവിവർമ്മ കോയിത്തമ്പുരാൻ കവിസഭാരഞ്ജനത്തിൽ

> “രണ്ടായിരം രസന കണ്ഠതലത്തിലുള്ള
> തണ്ടാർദളാക്ഷനുടെ തല്പമതാം ഫണിക്കും
> ഉണ്ടാകയില്ലിതുകണക്കു സദസ്യരാകെ–
> ക്കൊണ്ടാടുമാറൊരു നിരർഗ്ഗളവാഗ്വിലാസം”

എന്നു പ്രശംസിച്ചിരിക്കുന്നു.

### ഇതരപ്രവർത്തനങ്ങൾ

നമ്പി ഒരു തികഞ്ഞ കാര്യസ്ഥനും പൊതുകാര്യസേവകനുംകൂടിയായിരുന്നു. മലബാർ ഡിസ്ത്രിക്ട്ബോർഡിൽ മൂന്നു കൊല്ലക്കാലത്തേക്ക് ഒരു അങ്ഗമെന്ന നിലയിൽ പണി നോക്കി. പഞ്ചായത്തുകോടതിയിലും ഒരു ജഡ്ജിയായിരുന്നു. പുന്നശ്ശേരിക്കുടുംബത്തിനു ധാരാളം ജന്മസ്വത്തുണ്ട്. വൈമാത്രേയനായ ജ്യേഷ്ഠൻ നാരായണൻനമ്പിയായിരുന്നു ഭരണക്കാരൻ. 1093–ലാണ് കഥാപുരുഷന്റെ ഭിക്ഷാടനകാവ്യം, ചന്ദ്രികാവീഥി, മാനസോല്ലാസം, ഗൈർവ്വാണീവിജയം ഇത്യാദി

ഗ്രന്ഥങ്ങളും പ്രസ്താവയോഗ്യങ്ങളാണ്. പുരുഷോത്തമന്റെ പ്രശ്നായനം എന്ന ജ്യോതിശ്ശാസ്ത്രഗ്രന്ഥവും ആ അച്ചുക്കൂടത്തിൽ നിന്നുതന്നെ അച്ചടിപ്പിക്കുകയുണ്ടായി.

### ചില ശ്ലോകങ്ങൾ

"സന്തസ്സന്തതസന്നിവേശിതസുധാസൂതിസ്സ്മരന്മൗലയഃ
കാമ്യാഃ കാശ്ചന കാമദേവജയിനഃ കാമാഗമാധ്യാപികാഃ
അദ്വൈതാഗമസാരതത്വഹൃദയാ ഭൂയാസുരുച്ചൈസ്തമാം
യുഷ്മാകം മനസസ്സമാഗമസുഖപ്രാപ്ത്യൈ മഹാസിദ്ധയഃ."

(ഒരു മങ്ഗളശ്ലോകം)

"താവച്ഛുശ്രുവിരേ ദിഗന്തനിവസന്മാതങ്ഗകർണ്ണാന്തര–
പ്രോദ്ഭേദൈകപടിഷ്ഠതാമതിതമാംസ്പഷ്ടം ദധാനഃ ക്ഷണാൽ
ആഗ്നേയൗഷധപൂർണ്ണഭൂരിനളികശ്രേഷ്ഠാന്തരോത്ഥാ രവാ
നാകദ്വാരകവാടപാടനചണാസ്തൽസ്ഥാനഭീത്യാ ചിരം."

## റ്റി. സി. പരമേശ്വരൻ മൂസ്സത് (1042–1114)

### ജനനം

റ്റി. സി. പരമേശ്വരൻ മൂസ്സതു ബ്രിട്ടീഷ്മലബാർ ഏറനാടു താലൂക്കു പൊന്മുള അംശത്തിൽ ചോലക്കരയില്ലത്ത് 1042-മാണ്ടു മേടമാസത്തിൽ മൂലംനക്ഷത്രത്തിൽ ജനിച്ചു. അദ്ദേഹത്തിന്റെ പിതാവു വാസുദേവൻമൂസ്സതും മാതാവു ദേവകിയമ്മയും (തേതി) ആയിരുന്നു. നമ്മുടെ കഥാപുരുഷന് ഒരു ജ്യേഷ്ഠനും രണ്ടു സഹോദരിമാരുമുണ്ടായിരുന്നു. അതിൽ ജ്യേഷ്ഠസഹോദരൻ വാസുദേവൻമൂസ്സത് അക്കാലത്തെ ഒരു പ്രസിദ്ധവൈദ്യനും, ഒരു സഹോദരിയുടെ പ്രഥമപുത്രനായ പണ്ഡിതർ സി. കെ. വാസുദേവശർമ്മ അനേകം വ്യാഖ്യാനങ്ങളുടെ കർത്താവുമാണ്. അവയിൽ അഷ്ടാങ്ഗഹൃദയം, ചരകം, പരമേശ്വരൻമൂസ്സതോടുകൂടി സുശ്രുതസംഹിത, ഹൃദയോല്ലാസം വ്യാഖ്യ, അഞ്ജനനിദാനം, ഉന്മീലനവ്യാഖ്യ, സുഖസാധകവ്യാഖ്യ, ശാർങ്ഗധരസംഹിത, വൈദ്യപ്രിയാവ്യാഖ്യ, അഷ്ടസ്ഥാനപരീക്ഷയിൽ മർമ്മവിഭാഗം, ആശൗചദീപികാവ്യാഖ്യ എന്നിവയാണ് മുഖ്യങ്ങൾ. പൂന്തശ്ശേരി നീലകണ്ഠശർമ്മാവിന്റെ മാതുലനായ ഏഴിക്കര നാരായണൻമൂസ്സതായിരുന്നു പരമേശ്വരൻമൂസ്സതിന്റെ അമ്മാത്തുമുത്തച്ഛൻ.

### വിദ്യാഭ്യാസം

ആദ്യത്തെ ഗുരു വരയ്ക്കൽ പാറമഠത്തിൽ കൃഷ്ണനമ്പിയായിരുന്നു. അദ്ദേഹം കാവ്യനാടകാലങ്കാരങ്ങൾ പഠിപ്പിച്ചു. 1058-ാമാണ്ടു മീനമാസം 13-ാംനു അച്ഛൻ മരിച്ചു. 1060-ാമാണ്ടു കുംഭം 4-ാംനു പട്ടാമ്പിയിൽ പോയി പുന്നശ്ശേരി നമ്പിയുടെ ശിഷ്യനായി. സിദ്ധാന്തകൗമുദി, അഷ്ടാങ്ഗഹൃദയം, ലീലാവതി തുടങ്ങിയ ഗ്രന്ഥങ്ങൾ പഠിപ്പിച്ചത് ആ ആചാര്യനാണ്. 1062-ാമാണ്ടു മുതൽ പട്ടാമ്പി വിടുന്നതുവരെ ഗുരുനാഥന്റെ സകലപ്രവർത്തനങ്ങളിലും ഭാഗഭാക്കായിരുന്നു. അച്യുതത്തു രാമൻമൂസ്സതിന് അവയിൽ ഗണനീയമായ ഒരു പങ്കുണ്ട്. 1104-ലാണ് അദ്ദേഹം മരിച്ചത്. 1067-ൽ വിജ്ഞാനചിന്താമണി അച്ചുക്കൂടം സ്ഥാപിച്ചപ്പോൾ. അദ്ദേഹത്തിന്റെ പണി വർദ്ധിച്ചു. ചിന്താമണിപത്രികയിൽ അതിനുമുമ്പുതന്നെ ഉപന്യാസങ്ങൾ എഴുതിശ്ശീലിച്ചിരുന്നു. 1063-ൽ അച്യുതത്തു വാസുദേവൻ മൂസ്സതിന്റെ പുത്രിയെ വിവാഹം ചെയ്തു.

## അനന്തരചരിതം

1068-ൽ മൂസ്സത് ഇല്ലത്തേക്കു മടങ്ങി. അവിടെ ചില വിദ്യാർത്ഥികളെ സംസ്കൃതം അഭ്യസിപ്പിച്ചു. 1072-ൽ പൊന്നുള ശിവക്ഷേത്രം ജീർണ്ണോദ്ധാരണം ചെയ്തു. 1078-ൽ കോട്ടക്കൽനിന്നു പുറപ്പെട്ട ധന്വന്തരി എന്ന മാസികയുടെ ഉപപത്രാധിപരായി. പത്രാധിപർ വൈദ്യരത്നം പി. എസ്സ്. വാരിയരായിരുന്നു. 1080-ൽ മാളിയമ്മാവിൽ കുഞ്ഞുവറിയതു തൃശ്ശൂരിൽ ഭാരതവിലാസം അച്ചുക്കൂടം സ്ഥാപിച്ചപ്പോൾ മൂസ്സതു താമസം അങ്ങോട്ടു മാറ്റി. അദ്ദേഹത്തിനു വേണ്ടി പുസ്തകങ്ങൾ എഴുതിക്കൊടുത്തു തുടങ്ങി. 1081-ൽ കൊച്ചി കടവല്ലൂരിൽ ഒരു സ്ഥലം വാങ്ങി പുരപണിനടത്തി അതിനു ദ്വാരക എന്നു നാമകരണം ചെയ്തു. 1090-ൽ പട്ടാമ്പി ഗുരുഗൃഹത്തിൽ കാര്യസ്ഥനായി. അതേ കൊല്ലം മകരം 5-ാംനു മാനവിക്രമ ഏട്ടൻതമ്പുരാൻ അദ്ദേഹം അമരകോശത്തിനു രചിച്ച പാരമേശ്വരി എന്ന വ്യാഖ്യാനം കണ്ടു സന്തുഷ്ടനായി അഭിനവവാചസ്പതി എന്ന ബിരുദം സമ്മാനിച്ചു. 1086 മേടത്തിൽ മാസികയായി ആരംഭിച്ച ആ പുസ്തകം 1090 കന്നിയിൽ അവസാനിച്ചു. ഇടയ്ക്കു കറേക്കാലം കുടുംബത്തിലെ ചില പ്രാരബ്ധങ്ങൾ നിമിത്തം പൊന്നുളയിൽ താമസിക്കേണ്ടിവന്ന അദ്ദേഹം 1103 ചിങ്ങത്തിൽ ഭാരതവിലാസക്കാരുമായുള്ള ബന്ധം വീണ്ടും ആരംഭിച്ചു. 1104-ൽ ഹരിപ്പാട്ടുവെച്ചു നടന്ന വാർഷികസമ്മേളനത്തിൽ അധ്യക്ഷനായി തിരഞ്ഞെടുത്തത് അദ്ദേഹത്തെയായിരുന്നു. 1105-ൽ ഇരിങ്ങണ്ണൂർ വച്ചുനടന്ന വാഷികയോഗത്തിൽ വായിക്കുവാൻ സമുദായബോധം എന്ന പേരിൽ സംസ്കൃതഭാഷയിൽ ഒരു ചെറിയ പദ്യപുസ്തകം എഴുതി അച്ചടിപ്പിച്ചു. 1109-ൽ ഏറ്റുമാനൂരിൽ താമസമാക്കി അവിടെ വച്ചും ചിലപുസ്തകം രചിച്ചു. 1112 തുലാത്തിൽ ഏറ്റുമാനൂരിലെ താമസം മതിയാക്കി കടവല്ലൂരിലേക്കു തിരിയെ പോന്നു. രാമവാരിയരെപ്പോലെ സാമ്പത്തികമായ ക്ലേശം അദ്ദേഹവും അനുഭവിച്ചിട്ടുണ്ട്. 1114-ാമാണ്ടു വൃശ്ചികമാസം 7-ാംനു ചരമഗതിയെ പ്രാപിച്ചു. രക്തവാതമായിരുന്നു മരണകാരണമായ രോഗം. മരിക്കുന്നതിന് ഏതാനും ദിവസങ്ങൾക്കുമുൻപു ചുവടേ ഉദ്ധരിക്കുന്ന ശ്ലോകം ഉണ്ടാക്കി ചൊല്ലി.

> “ശ്രീനീലകണ്ഠഗുരുപാദസരോജയുഗ്മം
> മൂർദ്ധ്നാ പ്രണമ്യ പരമേശ്വരഭൂസുരോ/യം
> വാചസ്പതിർജ്ജിഗമിഷത്യധുനാ ദിദൃക്ഷുഃ
> കൈലാസശൈലനിലയം കുലദൈവതം മേ.”

## കൃതികൾ

മൂസ്സത് 35 പുസ്തകങ്ങൾ രചിച്ചിട്ടുള്ളതായി അറിവുണ്ട്. (1) അമരം പാരമേശ്വരീവ്യാഖ്യാനം, (2) അമരംസംക്ഷിപ്ത പാരമേശ്വരീവ്യാഖ്യാനം, (3) അമരം പദാർത്ഥദീപികാവ്യാഖ്യാനം, (4) അമരം ത്രിവേണീവ്യാഖ്യാനം, (5) നാരായണീയം ശ്യാമസുന്ദരം വ്യാഖ്യാനം, (6) ശാങ്കരസ്മൃതി എന്നുകൂടി പേരുള്ള ലഘുധർമ്മപ്രകാശികയുടെ വ്യാഖ്യാനം, (7) വിഷ്ണുസഹസ്രനാമം മുക്തിമാർഗ്ഗപ്രദീപവ്യാഖ്യാനം, (8) വിഷ്ണുസഹസ്രനാമം ഭാഷാവ്യാഖ്യാനം, (9) ശിവാനന്ദലഹരി ഉമാമഹേശ്വരം വ്യാഖ്യാനം, (10) ഭഗവൽഗീത മാർഗ്ഗദർശിവ്യാഖ്യാനം, (11) ഭഗവൽഗീത ഭാഗ്യോദയം വ്യാഖ്യാനം, (12) ഭഗവൽഗീതലോകമാന്യം വ്യാഖ്യാനം, (13) ലോകമാന്യതിലകന്റെ ഗീതാരഹസ്യം പൂവ്വാർദ്ധം പരിഭാഷ, (14) രുക്മിണീസ്വയംവരം വ്യാഖ്യാനം, (15) ഏറ്റുമാനൂർക്ഷേത്രമാഹാത്മ്യം ഭാഷാവിവരണം, (16) സുബ്രഹ്മണ്യപൂജാകല്പം വ്യാഖ്യാനം, (17)സന്ധ്യാവന്ദനഭാഷ്യം, (18) വൈദ്യമനോരമ ഭാഷാവ്യാഖ്യാനം, (19) കൈക്കുളങ്ങര രാമവാ

രിയരുടെ ജീവചരിത്രം, (20) പരശുരാമന്റെജീവചരിത്രം, (21) കാളീകല്പം മാർഗ്ഗദർശിവ്യാഖ്യാനം, (22) ശ്രീരുദ്രചമകങ്ങൾക്കു ഭാഷാഭാഷ്യം, (23) രുദ്രസൂക്തം ഭാഷാഭാഷ്യം, (24) ശാസ്താവിന്റെ മൂലതത്വം, (25) ഭാഗവതം മാർഗ്ഗദശിവ്യാഖ്യാനം, (26) കാഠകോപനിഷത്ത്ഭാഷാസാരം വ്യാഖ്യാനം, (27) കേരളാചാരം ഭാഷാവ്യാഖ്യാനം, (28) ഭാവപ്രകാശം അഭിനവവാചസ്പത്യവ്യാഖ്യാനം, (29) ചരകസംഹിത വാചസ്പത്യവ്യാഖ്യാനം, (30) ഗുരുവായുപുര മാഹാത്മ്യം കിളിപ്പാട്ട്, (31) ദൃഗ്ദൃശ്യവിവേകം അർത്ഥവിവരണം, (32) രത്നത്രയം മാർഗ്ഗദർശിവ്യാഖ്യാനം എന്നിവയ്ക്കുപുറമേ, മുൻസൂചിപ്പിച്ച (33) സമുദായബോധവും, (34) സ്വൈരക്കേട് എന്നൊരു ചെറുകഥയുംകൂടി അദ്ദേഹത്തിന്റെ വാങ്മയങ്ങളിൽ ഉൾപ്പെടുന്നു. (35) ബൗധായനച്ചടങ്ങ് എന്നും അദ്ദേഹത്തിന്റെ വകയായി ഒരു പുസ്തകമുണ്ട്. അതിന്റെ ഒരു പ്രതീകം മാത്രമേ അച്ചടിച്ചിട്ടുള്ളതായി കേട്ടിട്ടുള്ളു. 7, 10, 16, 17, 22, 23, 24, 26 എന്നീ നമ്പർപുസ്തകങ്ങൾ ഈശ്വരാനന്ദ സരസ്വതി എന്ന കർതൃനാമത്തിലാണ് അച്ചടിച്ചിരിക്കുന്നത്. ചരകസംഹിതാവ്യാഖ്യയിൽ സി. കെ. ശർമ്മാവിനും പങ്കുണ്ടെന്നു നാം കണ്ടുവല്ലോ. അമരം പദാർത്ഥദീപിക, ഭഗവൽഗീതയുടെ മാർഗ്ഗദർശിവ്യാഖ്യ, ഭാഗവതം, ഭാവപ്രകാശം, ദൃഗ്ദൃശ്യവിവേകം എന്നീ അഞ്ചു പുസ്തകങ്ങൾ പൂർണ്ണമായിട്ടില്ല. ഇവയ്ക്കുപുറമെ മൂസ്സത് അനേകം പത്രങ്ങൾക്കും മാസികകൾക്കും ഗദ്യലേഖനങ്ങൾ എഴുതിവന്നിരുന്നു. വാചസ്പതിക്കു ജ്യോത്സ്യം മാത്രമേ വശമല്ലാതിരുന്നുള്ളു. അതിനുപകരം പുരോഹിതകർമ്മങ്ങളിൽ നിഷ്ണാതനായിരുന്ന അദ്ദേഹത്തിനു പൂജാക്രമം സംബന്ധിച്ച ചില ഗ്രന്ഥങ്ങൾ എഴുതുവാൻ സാധിച്ചു. ഒരു അടിയുറച്ച വൈയാകരണനും കോശജ്ഞനുമായിരുന്നു അദ്ദേഹം എന്നുകൂടി എടുത്തുപറയേണ്ടതായുണ്ട്.

## അമരം പാരമേശ്വരിയും ത്രിവേണിയും

മൂസ്സതിന്റെ ഗ്രന്ഥങ്ങളിൽ പ്രഥമഗണനീയമായുള്ളത് അമരത്തിന് അദ്ദേഹം രചിച്ച പാരമേശ്വരിയാകുന്നു. 16 വ്യാഖ്യാനങ്ങൾ നിഷ്കർഷിച്ചു പരിശോധിച്ചു ത്യാജ്യഗ്രാഹ്യവിവേചനം ചെയ്ത് ഒട്ടുവളരെ ക്ലേശങ്ങൾ സഹിച്ച് അദ്ദേഹമെഴുതിയ ആ വ്യാഖ്യാനം അത്യന്തം വിസ്തൃതവും സർവ്വസംശയച്ഛേദിയുമാകുന്നു. ഉപരിപ്ലവമായ രീതിയിൽ ഒരു പുസ്തകവും അദ്ദേഹം ഉണ്ടാക്കീട്ടില്ല. 'ഗതോ വദാന്യാന്തരം' എന്നൊരു അവസ്ഥ സംഭവിക്കരുതെന്ന് അദ്ദേഹത്തിന് അത്യൽക്കടമായ ആഗ്രഹമുണ്ടായിരുന്നു. ഏറ്റുമാനൂർ താമസിക്കുമ്പോൾ രചിച്ചതാണ് ത്രിവേണി. അതു പാരമേശ്വരിപോലെ വിസ്തൃതമല്ല. എങ്കിലും അതിലെ ചില സ്ഖലിതങ്ങൾ തിരുത്തുന്നതിനും ചില പരിഷ്കാരങ്ങൾ വരുത്തുന്നതിനും ഉപയോഗപ്പെട്ടിട്ടുണ്ട്. അനേകം ശബ്ദങ്ങൾക്ക് ഇംഗ്ലീഷിൽക്കൂടി അർത്ഥം രേഖപ്പെടുത്തീട്ടുണ്ടെന്നുള്ളത് അതിന്റെ കാര്യകാരിതയെ വർദ്ധിപ്പിക്കുന്നു. ത്രിവേണിയുടെ പ്രാരംഭത്തിൽമൂസ്സത് ഇങ്ങനെയാണ് മാലാചരണം ചെയ്യുന്നത്.

> "ഉദ്യത്തൈണപുരാവാസശ്ശങ്കരസ്സങ്കടാപഹഃ
> പ്രചോദയതി മാമന്തഃ സ്ഥിതോ വ്യാഖ്യാനകർമ്മണി.
> ശ്രീനീലകണ്ഠശർമ്മാന്തേവാസിനാ ടീസിനാധുനാ
> വ്യാഖ്യാനമമരേശസ്യ ത്രിവേണ്യാഖ്യാ വിലിഖ്യതേ."

ഗ്രന്ഥാവസാനത്തിലുള്ള അധോലിഖിതമായ പദ്യത്തിൽ നിന്ന് അദ്ദേഹത്തിനു വേണമെങ്കിൽ നല്ല പദ്യവും എഴുതാമെന്നുള്ളതു വെളിപ്പെടുന്നു.

> "സമർപ്പ്യതേ സകലചരാചരാനതേ

മഹത്തരേ മുനിജനഹൃൽസുശോഭിതേ
പദാംബുജേ പരമശിവസ്യ ശൈലജാ–
വിലോചനഭ്രമരകിശോരമന്ദിരേ."

## ഗീതാരഹസ്യം

ബാലഗംഗാധരതിലകന്റെ ഗീതാരഹസ്യം പൂർവ്വഭാഗത്തിനു മൂസ്സതു രചിച്ച പരിഭാഷ അത്യന്തംവിശിഷ്ടമാകുന്നു. മൂലഗ്രന്ഥം നമ്മുടെ മാതൃഭൂമിയുടെ അമൂല്യനിധികളിൽ ഒന്നാണ്. തിലകന്റെ വിശ്വവ്യാപിയായ വൈദുഷ്യപ്രകർഷവും ഊഹാപോഹകുശലതയും അതിൽ ആപാദചൂഡം സഹസ്രകിരണമായ ആദിത്യബിംബംപോലെ പ്രകാശിക്കുന്നു. അതിനു കർണ്ണാടകഭാഷയിലുള്ള തർജ്ജമയാണ് മൂസ്സതിനു പ്രസ്തുതപരിഭാഷയ്ക്കു് അവലംബമായി പരിണമിച്ചിരിക്കുന്നതു്. അദ്ദേഹം പ്രസ്താവനയിൽ "കർണ്ണാടകാക്ഷരവും ഭാഷയും മുമ്പുതന്നെ ഏതാണ്ടെനിക്കു പരിചയപ്പെട്ടിരുന്നതിനുപുറമേ അടുത്ത കാലത്തു ഞാൻ അതിൽ പൂർവ്വാധികം പരിശ്രമിക്കയും ചെയ്തിട്ടുണ്ടു്. കൂടാതെ സംസ്കൃതം, മലയാളം, കർണ്ണാടകം എന്നീ മൂന്നു ഭാഷകളിലും ധാരാളം വ്യുൽപന്നനായ ഒരു എമ്പ്രാന്തിരി എന്നെ ഇക്കാര്യത്തിൽ വേണ്ടിടത്തോളം സഹായിപ്പാനേല്ക്കുകയും അതുപ്രകാരം സഹായിച്ചുവരികയും ചെയ്യുന്നതുകൊണ്ടു തർജ്ജമയുടെ കാര്യത്തിൽ ലോകമാന്യരുടെ അനുഗ്രഹം സഫലമാകാതെ വരികയില്ലെന്ന് എനിക്കു ധാരാളം ധൈര്യമുണ്ട്" എന്നു നിവേദനം ചെയ്തിരിക്കുന്നു. കഥാപുരുഷനു പ്രസന്നപ്രൗഢവും, ധാരാവാഹിയുമായ ഒരു ഗദ്യശൈലി സ്വാധീനമായിരുന്നുവെന്നു പ്രകൃതഗ്രന്ഥത്തിൽ ഏതു ഭാഗം പരിശോധിച്ചാലും ബോധ്യമാകുന്നതാണ്.

## ഉപസംഹാരം

റ്റി. സി. പരമേശ്വരൻ മൂസ്സതു് ആജീവനാന്തം ഒരു വിദ്യാർത്ഥിയും ജിജ്ഞാസുവും ഗ്രന്ഥകാരനും ലോകഗുരുവുമായിരുന്നു. സാധാരണപണ്ഡിതന്മാരിൽ ചിലപ്പോൾ കാണാറുള്ള സങ്കുചിതമനസ്ഥിതിക്ക് അദ്ദേഹം ഒരിക്കലും അധീനനായിരുന്നില്ല. കൈക്കുളങ്ങര രാമവാരിയർക്കിപ്പുറം ഭാഷയെ തന്റെ അപ്രതിമമായ പാണ്ഡിത്യംകൊണ്ടും, അത്ഭുതാവഹമായ പരിശ്രമംകൊണ്ടും ധന്യതമയാക്കിയ മഹാപുരുഷന്മാരിൽ അഗ്ര്യപൂജയ്ക്കു് അർഹൻ വാചസ്പതിതന്നെയാകുന്നു. പാരമേശ്വരിയും ഗീതാരഹസ്യവും മാത്രം മതി അദ്ദേഹത്തിന്റെ സദ്യശസ്സ് അമ്ലാനമായും അക്ഷയമായും നിലനിറുത്തുവാൻ. ഇന്നത്തെ പരിതസ്ഥിതിയിൽ കേരളത്തിൽ അത്തരത്തിലുള്ള ഒരു പുരുഷൻ ജനിക്കുമോ എന്നു കണ്ടുതന്നെ അറിയേണ്ടിയിരിക്കുന്നു.

# പി. എസ്. അനന്തനാരായണശാസ്ത്രി (1060–1122)

## ജനനവും വിദ്യാഭ്യാസവും

പി. എസ്സ്. അനന്തനാരായണശാസ്ത്രി തൃശ്ശൂർ ഡിസ്ട്രിക്റ്റ് കോടതി വക്കീൽ സീതാരാമയ്യരുടേയും നാരായണിയമ്മാളുടേയും പുത്രനായി 1060-ാമാണ്ടു കർക്കടകമാസം 30-ാംനു ജനിച്ചു. തൃശ്ശൂർ സർക്കാർ സ്കൂളിൽ ഇംഗ്ലീഷ് വിദ്യാഭ്യാസം ആരംഭിച്ചു. ബാല്യത്തിൽതന്നെ അച്ഛൻ മരിച്ചുപോകയാൽ സ്കൂൾ വിടേണ്ടിവന്നു. സംസ്കൃതം ആദ്യകാലത്തു കുറേ പഠിച്ചിരുന്നു. ആ വിദ്യാഭ്യാസം പൂർത്തിയാക്കുവാനായിരുന്നു പിന്നീടുള്ള ശ്രമം. അതിലേയ്ക്കായി പല പണ്ഡിതന്മാരുടേയും കീഴിൽ ശാസ്ത്രാഭ്യാസംചെയ്തു.

പുതുക്കോടാണ് ശാസ്ത്രിയുടെ മൂലകുടുംബം. അച്ഛൻ മരിച്ചതിനുശേഷം അമ്മാത്തു മുത്തച്ഛൻ നമ്മുടെ കഥാപുരുഷനെ പുതുക്കോട്ടു കൊണ്ടുപോയി. പുതുക്കോട്ടു രാമശാസ്ത്രികൾ, എടമന നമ്പൂരിപ്പാട്, വാടാനങ്കുറിശ്ശി നാരായണശാസ്ത്രികൾ, പുന്നശ്ശേരി നമ്പി നീലകണ്ഠശർമ്മ, മഹാമഹോപാധ്യായൻ ആർ.വി. കൃഷ്ണമാചാര്യർ ഇവരായിരുന്നു പ്രധാനഗുരുനാഥന്മാർ. പുതുക്കോട്ടു രാമശാസ്ത്രി തർക്കത്തിൽ പ്രകരണപാഠവും ചിലവാദഗ്രന്ഥങ്ങളും, മനുസ്മൃതി വൈദ്യനാഥദീക്ഷിതീയം തുടങ്ങിയ സ്മൃതിഗ്രന്ഥങ്ങളും വാടാനങ്കുറിശ്ശി നാരായണശാസ്ത്രി വേദാന്തഭാഷ്യവും, എടമന നമ്പൂരിപ്പാട് ദിനകരീയവും, പുന്നശ്ശേരിനമ്പി വ്യാകരണം, ജ്യോതിഷം, വൈദ്യം എന്നിവയും, ആർ. വി. കൃഷ്ണമാചാര്യർ വ്യാകരണവുമാണ് അഭ്യസിപ്പിച്ചത്. കൃഷ്ണമാചാര്യരുടെ അന്തേവാസിത്വം സ്വീകരിച്ചത് ആ മഹാപണ്ഡിതന്റെ സ്വദേശമായ തൃശ്ശിനാപ്പള്ളിയിൽ വെച്ചാണ്. സുപ്രസിദ്ധനായ പിച്ചുശാസ്ത്രികളുടെ അനുജനായിരുന്ന നാരായണശാസ്ത്രി.

## പിച്ചുശാസ്ത്രി

വാടാനങ്കുറിശ്ശി പിച്ചുശാസ്ത്രികളെക്കുറിച്ചും ഈ പ്രകൃതത്തിൽ അല്പം സ്മരിക്കേണ്ടതായുണ്ട്. വാടാനങ്കുറിശ്ശി ഷൊറണൂർ റയിൽവേസ്റ്റേഷനു മൂന്നു മൈൽ വടക്കുപടിഞ്ഞാറാണ്. ശാസ്ത്രി നല്ലൊരു വേദജ്ഞനും തർക്കത്തിലും വ്യാകരണത്തിലും മികച്ച പണ്ഡിതനും ഗണിതപദ്ധതികളിൽ സ്വപ്രയത്നം കൊണ്ട് ഉറച്ച വിദ്വാനുമായിരുന്നു. വളരെക്കാലം ദേശമങ്ഗലത്തു മനയ്ക്കലെ പണ്ഡിതനായിരുന്നു. അനുജൻ നാരായണ ശാസ്ത്രിക്കുപുറമേ അനന്തനാരായണശാസ്ത്രിയുടെ ഗുരു രാമശാസ്ത്രിയും മുണ്ടയൂർ നമ്പ്യാത്തൻനമ്പൂരിയും പൂന്തോട്ടത്തു മഹൻ ദാമോദരൻനമ്പൂരിയും അദ്ദേഹത്തിന്റെ ശിഷ്യന്മാരായിരുന്നു. തർക്കം, വേദാന്തം എന്നീ ശാസ്ത്രങ്ങളിലും അനന്തനാരായണശാസ്ത്രി പരിനിഷ്ഠിതമായ പരിജ്ഞാനം സമ്പാദിച്ചിരുന്നുവെങ്കിലും വ്യാകരണത്തിലായിരുന്നു പാരങ്ഗതത്വം. ആ ശാസ്ത്രത്തിൽ ശേഖരാന്തം നിഷ്കൃഷ്ടമായി അധ്യയനംചെയ്തു കേരളത്തിലെ പ്രാമാണികനായ ഒരു വൈയാകരണൻ എന്ന പേരു പരത്തി.

## അനന്തരകാലജീവിതം

1084-ൽ തൃപ്പൂണിത്തുറ വിദ്വത്സദസ്സിൽ സന്നിഹിതനാകുകയും അവിടെനിന്നു സമ്മാനം ലഭിക്കുകയും ചെയ്തു. ഇംഗ്ലീഷും ഹിന്ദിയും സ്വയം അഭ്യസിച്ചു. ഇംഗ്ലീഷിൽ അദ്ദേഹം സമ്പാദിച്ച പാണ്ഡിത്യം അന്യാദൃശമായിരുന്നു. ആ ധിഷണാശാലി മദിരാശിയിലെ ഹിന്ദുപത്രത്തിൽ കുറേക്കാലം നിപുണമായി ഗ്രന്ഥങ്ങൾ നിരൂപണം ചെയ്തുകൊണ്ടിരുന്നതു സഹൃദയന്മാർ മറക്കാറായിട്ടില്ല. ഒടുവിൽ തൃപ്പൂണിത്തുറ വിദ്വത്സദസ്സിൽനിന്നു പണ്ഡിതരാജൻ എന്ന ബിരുദവും തിരുവിതാംകൂർ നവരാത്രി സദസ്സിൽനിന്നു കീർത്തിമുദ്രയും നേടി. കൊച്ചിയിൽ ആദ്യം തൃശ്ശൂർ സർക്കാർ ഹൈസ്കൂളിലും പിന്നീടു രാജകീയമഹാപാഠശാലയിലും സംസ്കൃതപണ്ഡിതനായി. ഒരു വലിയ കുടുംബം സംരക്ഷിക്കേണ്ട ഭാരം നിമിത്തം വളരെക്കാലം സാമ്പത്തികമായ ക്ലേശം അനുഭവിച്ചു. ബാലാംബാളെയാണ് ധർമ്മപത്നിയായി സ്വീകരിച്ചത്.

## കൃതികൾ

ശാസ്ത്രികൾക്കു സംസ്കൃതത്തിലും മലയാളത്തിലും ഒന്നുപോലെ പ്രൗഢഗംഭീരമായ രീതിയിൽ ഗദ്യമെഴുതുവാൻ പാടവമുണ്ടായിരുന്നു. (1) മണിമഞ്ജൂഷ, (2) നവപുഷ്പമാല. (3) ഭഗവൽഗീതയ്ക്കു് അനുസ്വാനം എന്ന മർമ്മസ്പൃക്കായ വ്യാഖ്യാനം, (4) ദേ

വീമാഹാത്മ്യ വ്യാഖ്യാനം, (5) നാരായണീയ വ്യാഖ്യാനം (അപൂർണ്ണം), (6) വാകൃതത്വം, (7) തർക്കസാരം, (8) പ്രവേശകത്തിനു വിവൃതി എന്ന സംസ്കൃതവ്യാഖ്യാനം, (9) ബാലരാമായണം, (10) മേഘസന്ദേശവിമർശനം. ഇവയ്ക്കുപുറമേ അനേകം സംസ്കൃതഗ്രന്ഥങ്ങൾ അദ്ദേഹം മംഗളോദയം കമ്പനിക്കും മറ്റും വേണ്ടി പ്രസാധനം ചെയ്തിട്ടുണ്ട്. ഇതുകൂടാതെ ലഘുകൗമുദി, സാംഖ്യകാരിക എന്നീ രണ്ടു ഭാഷാവ്യാഖ്യാനങ്ങളും അദ്ദേഹത്തിന്റെ വകയായുണ്ട്. ശങ്കരന്റെ ശ്രീകൃഷ്ണവിജയം കാവ്യവും അത്തരത്തിലുള്ള ഒരു ഗ്രന്ഥമാണ്. മംഗളോദയം മാസികയുടെ ആധിപത്യവും കുറേക്കാലം വഹിക്കുകയുണ്ടായി.

### വാക്യതത്വം

ഈ ചെറിയ പുസ്തകംകൊണ്ടു വാക്യസംബന്ധമായി പല അറിവുകൾ സംസ്കൃതവിദ്യാർത്ഥികൾക്കു നല്കുവാൻ ഗ്രന്ഥകാരൻ സമർത്ഥമായി യത്നിച്ചിരിക്കുന്നു.

> "ആലോക്യസാഹിത്യമഹാംബുരാശി–
> മനന്തനാരായണശാസ്ത്രിണേദം
> സംഗൃഹ്യ സാരാംശമണീൻ വികീർണ്ണാൻ
> സംഗ്രഥ്യതേ സംസ്കൃതവാക്യതത്വം"

എന്നതു് അതിലെ പ്രതിജ്ഞാപദ്യമാണ്.

### പദൗചിതി

"സാമാന്യതഃ കോശാദിഷു പര്യായതയാ പരിഗണിതാനാമപി പദാനാം കേഷാഞ്ചിൽ ക്വചചിൽ പ്രയോഗ ഔചിത്യാതിശയോ ഭവതി. യഥാ തനുഃ ദേഹ ഇത്യനയോഃ പര്യായതയാ ഗണ്യമാനയോരപി തനുശബ്ദസ്യ കാർശ്യദ്യോതകത്വം ദേഹശബ്ദസ്യ പുനഃ പുഷ്ടിവിശേഷവ്യഞ്ജകത്വം ച സഹൃദയൈരനുഭൂയതേ. സന്താപാദിജനിതകാർശ്യവർണ്ണനേ പ്രകൃതേ ദേഹശബ്ദപ്രയോഗോ അനുചിത ഇതിഭാസേത. ഏവം ഉപചയാതിരേകേ വർണ്ണ്യമാനേ തനുശബ്ദപ്രയോഗോപി ന തനുതേ സ്വാരസ്യം. ഏവം തത്ര തത്ര വർത്തമാനം സൂക്ഷ്മരൂപമർത്ഥവിശേഷം വിജ്ഞായൈവ പദാനി പ്രയോജ്യാനി."

തർക്കസാരം അതുപോലെ തർക്കത്തിന്റെ മൂലതത്വങ്ങളെപ്പറ്റി പ്രതിപാദിക്കുന്നു.

### വിവൃതിവ്യാഖ്യാ

അച്യുതപ്പിഷാരടിയുടെ പ്രവേശകം എന്ന വ്യാകരണത്തിനു ശാസ്ത്രി രചിച്ച വ്യാഖ്യാനമാണ് വിവൃതി എന്നു മുൻപു സൂചിപ്പിച്ചുവല്ലോ. ഇതു ഗോശ്രീ സംസ്കൃത ഗ്രന്ഥാവലിയുടെ ദ്വിതീയാങ്കമായി പ്രസിദ്ധീകരിച്ചിട്ടുള്ളതാണ്.

> "പ്രവേശകേ പ്രകരണേ സുഖേന പ്രവിവിക്ഷതാം
> ഉപകാരായ ബാലാനാം വിവൃതിഃ ക്രിയതേ ലഘു"

എന്ന ശ്ലോകത്തോടുകൂടിയാണ് ഗ്രന്ഥകാരൻ തന്റെ വ്യാഖ്യാനം ആരംഭിക്കുന്നതു്. ഒടുവിൽ കാണുന്ന

> "അച്യുതാവർജ്ജിതസ്വാന്തഃ കൃപാപാത്രം പരീക്ഷിതഃ
> നാരായണോനന്തപൂർവ്വോ വ്യവരിഷ്ട പ്രവേശകം."

എന്ന ശ്ലോകത്തിൽ തന്റെ പുരസ്കർത്താവായ പരീക്ഷിത്തുതമ്പുരാനെ കൃതജ്ഞതാപൂർവ്വം സ്മരിക്കുന്നു.

### ബാലരാമായണവും മറ്റും

ബാലരാമായണം ഒരു സംസ്കൃതഗദ്യഗ്രന്ഥമാണ്. കഴിയുന്നതും വാല്മീകിയുടെ ഭാഷ തന്നെയാണ് ഉപയോഗിച്ചിട്ടുള്ളത്. മേഘസന്ദേശവിമർശനം ഭാഷയിലാണ് രചിച്ചിരിക്കുന്നത്. ശാസ്ത്രികളുടെ പാണ്ഡിത്യവും സഹൃദയത്വവും അതിൽനിന്നു വിശദമാകും. മണിമംജൂഷയും ഭാഷതന്നെ മംഗളോദയം പത്രാധിപരായിരുന്ന കാലത്ത് അതിൽ എഴുതിയിരുന്ന ശാസ്ത്രോപന്യാസങ്ങളുടെ സമാഹാരമാണ് അതിലെ ഉള്ളടക്കം. ഷഡ്ദർശനങ്ങളെ മാത്രമല്ല, പാശ്ചാത്യശാസ്ത്രങ്ങളിൽ പ്രതിപാദ്യങ്ങളായ ചില വിഷയങ്ങളെക്കുറിച്ചും അതിൽ ഉപന്യാസങ്ങളുണ്ട്. അത്തരത്തിൽ ഒന്നാണ് കുജലോകം.

### നവപുഷ്പമാല

ഒരു തികഞ്ഞ സഹൃദയനെന്ന നിലയിൽ ശാസ്ത്രിയെ ഉയർത്തിക്കാണിക്കുന്ന ഒരു വിമർശനഗ്രന്ഥമാണ് നവപുഷ്പമാല. ഇതിൽ ഒൻപതുപന്യാസങ്ങൾ അടങ്ങിയിരിക്കുന്നു. നവശബ്ദത്തിനു പ്രകൃതത്തിൽ രണ്ടർത്ഥം കല്പിച്ചിട്ടുണ്ട്; കുമാരനാശാന്റെ കരുണയെപ്പറ്റി മണ്ഡനപരമായ ഒരു നിരൂപണവും ഇവയിൽ ഒരു പുഷ്പമാണ്. ശാസ്ത്രിയുടെ ഗദ്യരചനാപാടവവും ഭാവനാവിശേഷവും പ്രദർശിപ്പിക്കുവാൻ മേഘപ്രാദുർഭാവം എന്ന ഉപന്യാസത്തിൽനിന്ന് ഒരു ഭാഗം ഉദ്ധരിക്കാം.

"രാമഗിര്യാശ്രമത്തിന്റെ പർവ്വതശിഖരത്തിൽ എന്നെ കൂട്ടുകാരില്ലാതെ ഒറ്റയാക്കി നിർത്തി വിട്ടുപോകുന്നു. ആ വിജനമായ ഗിരിശിഖരത്തിന്റേയും എന്റെ പുരാതനഗൃഹമായ — അന്തരാത്മാവിന്റെ പ്രാർത്ഥനീയധാമമായ — അളകാപുരിയുടേയും മധ്യത്തിൽ അത്യന്തം വിശാലവും രമണീയവുമായ മൈതാനം പരന്നുകിടക്കുന്നതായിത്തോന്നുന്നു. ആ മൈതാനത്തിൽ നദികളുടെ നിർഝരത്തിന്റെ മാറ്റൊലി കേൾക്കുന്നു. ഉന്നതങ്ങളായ പർവ്വതങ്ങൾ ശിഖരങ്ങളായ ശിരസ്സുയർത്തി നില്ക്കുന്നു. ഫലം നിറഞ്ഞ ജംബുവൃക്ഷങ്ങളുടെ നിഴൽ ഇരുൾ പരത്തുന്നു. പുതുമഴയേറ്റ പിച്ചകത്തിന്റെ വാസന നാലുപാടും വീശുന്നു. മനുഷ്യരുടെ ഹൃദയം ഈ മൈതാനത്തിലെ ഓരോ വനത്തിലും ഗ്രാമത്തിലും പർവ്വതത്തിലും നദീതീരത്തിലും ചുറ്റിനടന്ന് ആ രമ്യമായ പ്രദേശത്തിന്റെ പരിചയം സമ്പാദിക്കുകയും, ഒടുവിൽ ദീർഘവിരഹത്തിന്റെ അവസാനത്തിൽ മാനസസരസ്സിലേക്കായി ഉൽക്കണ്ഠയോടെ യാത്ര തുടരുന്ന രാജഹംസത്തോടൊപ്പം മോക്ഷസ്ഥാനത്തെ പ്രാപിപ്പാൻ ആഗ്രഹിക്കയും ചെയ്യുന്നു."

## വാഴകുന്നത്തു വാസുദേവൻ നമ്പൂരി (1066—1122)

### ആദ്യകാലചരിത്രം

തെക്കേ മലബാറിൽ തിരുവേഗപ്പുറ എന്ന പ്രസിദ്ധമായ ദേശത്തിൽ വാഴകുന്നം എന്നൊരു നമ്പൂരിയില്ലമുണ്ട്. ആ ഇല്ലത്തിൽ രാമൻ അടിതിരിപ്പാട്ടിലേയും മുണ്ടക്കിഴി കാലടി മനയ്ക്കൽ പാർവ്വതി അന്തർജ്ജനത്തിന്റേയും പുത്രനായി വാസുദേവൻ നമ്പൂരി 1066-ാമാണ്ടു മേടമാസം 12-ാംനു ജനിച്ചു. അടിതിരിപ്പാടിനു വ്യൽപ്പത്തിയും

കവിതയും ഉണ്ടായിരുന്നു. ഭാഗവതം ഏകാദശസ്കന്ധവും ഭഗവൽഗീതയും പാനയായി അദ്ദേഹം രചിച്ചിട്ടുണ്ട്. നമ്മുടെ കഥാപുരുഷന്റെ 11-ാമത്തെ വയസ്സിൽ അദ്ദേഹത്തിന്റെ അമ്മ മരിച്ചു. സമാവർത്തനം കഴിഞ്ഞു തിരുനാവായിൽ നാലു കൊല്ലം താമസിച്ചു വേദം വേണ്ടവിധത്തിൽ അഭ്യസിച്ചു. ജട, രഥ എന്നിവയിൽ പാണ്ഡിത്യം നേടി. പിന്നെ കഥകളി, നാടകം, സങ്ഗീതം മുതലായവയിലായി ഭ്രമം. എങ്കിലും പഞ്ചാക്ഷരം മുവ്വായിരം ഉരു ജപിക്കുക എന്നുള്ള കൃത്യം ഒരു ദിവസവും മുടക്കിയില്ല. ശുകപുരത്തു ദക്ഷിണാമൂർത്തി പ്രസാദിച്ചു; നമ്പൂരിയുടെ ഭാഗ്യതാരവും അന്നുമുതൽ തെളിഞ്ഞുതുടങ്ങി.

## സംസ്കൃതപഠനം

ഇരുപത്തൊന്നാമത്തെ വയസ്സിൽ മാത്രമാണ് വാസുദേവൻനമ്പൂരി സംസ്കൃതപഠനം ആരംഭിച്ചത്. ആദ്യം വരിക്ക മാഞ്ചേരി മനയ്ക്കൽ താമസിച്ചു കാവ്യനാടകങ്ങൾ പഠിച്ചു. കുറേ തർക്കവും വശമാക്കി. പിന്നീടു മുക്കോലയിൽ പോയി പകരാവൂർ മനയ്ക്കൽ നീലകണ്ഠൻ നമ്പൂരിപ്പാട്ടിലെ കീഴിൽ ചതുർദ്ദശലക്ഷണി അഭ്യസിച്ചു. തദനന്തരം തൃപ്പൂണിത്തുറ സംസ്കൃതപാഠശാലയിൽച്ചേർന്ന് ഒരു കൊല്ലം പഠിക്കുകയും അവിടത്തെ വേദാന്താചാര്യനായിരുന്ന പഞ്ചാപകേശശാസ്ത്രികളോടു പഞ്ചദശി, സിദ്ധാന്തലേശസങ്ഗ്രഹം തുടങ്ങിയ വേദാന്തഗ്രന്ഥങ്ങൾ വായിക്കുകയും ചെയ്തു. കിരാങ്ങാട്ടു കുഞ്ഞുണ്ണിനമ്പൂരിപ്പാട്ട് സാമാന്യനിരുക്തി പഠിപ്പിച്ചു. പരീക്ഷിത്തു തമ്പുരാൻ തിരുമേനിയും തർക്കത്തിൽ അദ്ദേഹത്തിന്റെ ഗുരുവാണ്. അദ്ദേഹം ദിനകരീയം അഭ്യസിപ്പിച്ചു. സ്വല്പകാലം തൃപ്പൂണിത്തുറയ്ക്കടുത്തുള്ള മുക്കോട്ടിൽ ഭഗവതീക്ഷേത്രത്തിൽ ലളിതാസഹസ്രനാമം പാരായണം ചെയ്തു. പിന്നീടു തിരുവേഗപ്പുറയ്ക്കു മടങ്ങി. അവിടെ ഹരിവിലാസം എന്ന സ്ഥലത്തു് ഒരു സംസ്കൃതവിദ്യാലയം ഉൽഘാടനംചെയ്തു് ഏതാനും ബാലന്മാരെ പഠിപ്പിച്ചു. അക്കാലത്തു് 75000 പവൻ ഒന്നാം സമ്മാനമായി കിട്ടാവുന്ന ഒരു ഭാഗ്യക്കുറിയിൽ 10 ഉറുപ്പിക ഒരു സ്നേഹിതന്റെ പക്കൽനിന്നു കടം വാങ്ങി ചേർന്നു. ആറുമാസം ആ സമ്മാനം തനിക്കു കിട്ടുന്നതിന്നുവേണ്ടി ദേവിയെ ശ്രീചക്രപൂജകൊണ്ടും, ലളിതാസഹസ്രനാമപുഷ്പാഞ്ജലികൊണ്ടും ആരാധിച്ചു. പരിപൂർണ്ണമായ പരാജയമായിരുന്നു ഫലം. ഒരു കാശുപോലും ആ കുറിയിൽനിന്നു കിട്ടീട്ടില്ല. ധനത്തിലുള്ള തൃഷ്ണ അതോടുകൂടി വിട്ടൊഴിഞ്ഞു. ഈ സംഭവത്തെപ്പറ്റി താഴെക്കാണുന്ന ശ്ലോകത്തിൽ ഇങ്ങനെ പ്രസ്താവിക്കുന്നു.

> “ഒന്നാം സമ്മാനമേകു ഭഗവതി ലളിതേ–
> യെന്നു ചിത്തേ നിനച്ചി–
> ട്ടന്നാളർപ്പിച്ചു മോദാൽ ജനനി! തവ പദേ
> ഹന്ത! നാമങ്ങളോതി
> തന്നാൾ നീയും കനിഞ്ഞായതിനിവനു പര–
> ബ്രഹ്മമാം കൃഷ്ണനെത്താൻ
> നന്നായീ മൂഢരാരും കുഴിയിലിനി വിഴാ
> ദേവി! നീയുള്ള കാലം.”

അവിടെനിന്നു കൊടുങ്ങല്ലൂരിൽച്ചെന്നു ദേവിയെ ഭജിക്കുകയും വലിയ കൊച്ചുണ്ണിത്തമ്പുരാന്റെ കീഴിൽ ഹോര പത്തദ്ധ്യായം പഠിക്കുകയും, മഹാകവി ചെറിയ കൊച്ചുണ്ണിത്തമ്പുരാന്റെ ഭാഗവതംവായന കേൾക്കുകയും ചെയ്തു. അതിബാല്യത്തിൽത്തന്നെ വാഴകുന്നത്തിനു കഥ പറഞ്ഞുകേൾപ്പിക്കാൻ ഒരു പ്രാഗല്ഭ്യം

സ്വതസ്സിദ്ധമായുണ്ടായിരുന്നു. അതു യൗവനത്തിൽ ഉൽക്കടമായ ശ്രീകൃഷ്ണഭക്തിയായി വികസിക്കുകയും ഭാഗവതത്തിൽ നിരതിശയമായ അഭിരുചിക്കു കാരണമായി പരിണമിക്കുകയും ചെയ്തു. കൊച്ചുണ്ണിത്തമ്പുരാന്റെ ഭാഗവതപാരായണം അദ്ദേഹത്തിന്റെ ഹൃദയത്തെ അസാമാന്യമായി വശീകരിച്ചു. 1093-ൽ അവിടം വിട്ടു കടത്തനാട്ടേക്കുപോയി. അവിടെവച്ചു കഠിനമായ വാതരോഗം പിടിപെട്ടു. അതിന്റെ ശാന്തിക്കായി ഗുരുവായൂരപ്പനെ പ്രാർത്ഥിച്ചു. ആ പ്രാർത്ഥന ഫലവത്തായി. രോഗം ഉടൻതന്നെ മാറി. നേരേ ഗുരുവായൂരിലേക്കു പോയി. അവിടെ 12 ദിവസം ദേവനെഭജിച്ചു.

## ഭാഗവതം വായന

ആ ഭജനത്തിന്റെ അവസാനത്തിലാണ് ഭാഗവതംവായന ആരംഭിച്ചത്. വളരെ വേഗത്തിൽ വാഴകുന്നം ഒരു കേളികേട്ട ഭാഗവതംവായനക്കാരനും പുരാണപ്രഭാഷകനുമായി ഉയർന്നു. നാലു കൊല്ലം തുടർന്നു ഗുരുവായൂരമ്പലത്തിൽ ആ ഭക്തിസംവർദ്ധകമായ പുരാണം പാരായണം ചെയ്തു. 1097-ാമാണ്ടു തുലാമാസം 27-ാംനു ഒരുളൂർമന പാർവ്വതി അന്തർജനത്തെ വിവാഹം ചെയ്തു. 1098 മുതൽ അദ്ദേഹം പ്രഭാഷണത്തിനായി ഒരുങ്ങി. തൃശ്ശൂർ വിവേകോദയം സ്കൂളിൽവച്ചായിരുന്നു ആദ്യത്തെ പ്രസംഗം. അവിടെനിന്നു കേരളത്തിന്റെ നാനാഭാഗങ്ങളിലും മദിരാശിയിലും ബാംബയിലും പ്രസംഗങ്ങൾ നടത്തി. അനവധി ജനങ്ങളെ നിരീശ്വരതയിൽനിന്നു വിഷ്ണുഭക്തിയിലേക്കു പരിവർത്തനം ചെയ്യിക്കുവാൻ അദ്ദേഹത്തിന് അനായാസേന സാധിച്ചു. എറണാകുളത്ത് ഒരവസരത്തിൽ അദ്ദേഹത്തിന്റെ പ്രഭാഷണം കേട്ട് ആനന്ദതുന്ദിലയായ വലിയമ്മത്തമ്പുരാൻ രണ്ടു കൈയ്ക്കും വീരശൃംഖല സമ്മാനിച്ചു. ആ ഭക്തനാകട്ടേ ആ സമ്മാനത്തിൽ മതിമറക്കാതെ ഒന്നു തോന്നല്ലൂർത്തേവർക്കും മറേറതു നെല്ലുവായിൽത്തേവർക്കും സമർപ്പിച്ചു. 1121-ാമാണ്ടു രോഗശയ്യയെ അവലംബിച്ചു. 1122 ധനു 2-ാം തീയതി കൊച്ചി രവിവർമ്മവലിയതമ്പുരാൻ അദ്ദേഹത്തിനു ഭക്തശിരോമണി എന്ന സ്ഥാനവും 20 ഉറുപ്പിക മാസികവേതനവും നല്കി. ശരീരാസ്വാസ്ഥ്യം നിമിത്തം തമ്പുരാനോട് ആ പാരിതോഷികങ്ങൾ നേരിട്ടു വാങ്ങുവാൻ നിവൃത്തിയില്ലാതിരുന്നതിനാൽ സർവ്വാധികാര്യക്കാർ സ്ഥാനചിഹ്നം മുതലായവ ഒരുളൂരിൽ കൊണ്ടുചെന്നു കൊടുക്കുകയാണുണ്ടായത്. ആകൊല്ലം മേടം 10-ാംനു വാഴകുന്നം യശശ്ശരീരനായി വിഷ്ണുസായൂജ്യം പ്രാപിച്ചു. അദ്ദേഹത്തിന് തോട്ടം, വെണ്മണി തുടങ്ങി പല ഉത്തമശിഷ്യന്മാരുമുണ്ട്.

## പ്രഭാഷണരീതി

1078-ൽ മരിച്ച കൂടല്ലൂർ കുഞ്ഞിക്കാവുനമ്പൂരിപ്പാടായിരുന്നു ഗുരുവായൂരിലെ അധുനാതനന്മാരായ ഭാഗവതംവായനക്കാരിൽ അഗ്രഗണ്യൻ. ചില അംശങ്ങളിൽ വാഴകുന്നം അദ്ദേഹത്തെപ്പോലും ഒന്നു കവച്ചുവയ്ക്കുകയാണ് ചെയ്തത്. ലളിതമായ ഭാഷയിൽ, സരളമായ രീതിയിൽ, മധുരങ്ങളായ ഭാവനകളിൽ, ശ്രാവ്യമായ സ്വരത്തിൽ, ഉചിതമായ മുഖഭാവത്തോടും, കരചരണവിന്യാസത്തോടുംകൂടി ഗങ്ഗാപ്രവാഹംപോലെ പരിശുദ്ധമായി, നിരർഗ്ഗളമായി പുരോഗമനം ചെയ്യുന്ന അദ്ദേഹത്തിന്റെ പ്രഭാഷണപരിപാടി അത്ഭുതാവഹമായിരുന്നു. ഒന്നിലും മമതയില്ലാതിരുന്ന അദ്ദേഹം എല്ലാ മതങ്ങളേയും ആദരിച്ചു. വിവിധഗ്രന്ഥങ്ങളിൽ തികഞ്ഞ ഉപസ്ഥിതി ഉണ്ടായിരുന്നതിനാൽ മേല്പുത്തൂർ, വില്വമംഗലം എന്നീ സംസ്കൃതകവികളുടെ മാത്രമല്ല, തുഞ്ചത്തെഴുത്തച്ഛൻ, പൂന്താനം എന്നീ ഭഷാകവികളുടെ സൂക്തികളേയും മറ്റും അവസരോചിതമായി ഉദ്ധരിച്ചു. ഫലിതസമ്മിശ്രമായ അദ്ദേഹത്തിന്റെ ഓരോവാക്കും ശ്രോതാ

ക്കളുടെ ഹൃദയങ്ങളിൽ തുളച്ചുകേറി. ആധുനികഭാരതത്തിലെ രാഷ്ട്രീയസംഭവങ്ങളും അദ്ദേഹം ഉദാഹരണത്തിനു സ്വീകരിക്കുകനിമിത്തം ഈശ്വരസത്തയെ മറന്ന പുതുമോടിക്കാർക്കും അദ്ദേഹത്തിന്റെ പ്രസങ്ഗങ്ങൾ ആകർഷകങ്ങളായി. 1096-ൽ തിരുവേഗപ്പുറവച്ചു പ്രഹ്ലാദനെപ്പറ്റി നടത്തിയ ഒരു രാഷ്ട്രീയച്ഛായയുള്ള പ്രഭാഷണത്തിൽ അദ്ദേഹം പറയുന്നതു നോക്കുക. "അതുകൊണ്ട് ഈ മർദ്ദനഭരണത്തിൽ നിന്നു രക്ഷപ്പെടണമെങ്കിൽ എന്നെപ്പോലെ നിങ്ങളും കുട്ടിക്കാലത്തു ശ്രീകൃഷ്ണനെ ശരണംപ്രാപിക്കണം എന്നായി പ്രഹ്ലാദൻ" എന്നു കഥാപ്രസങ്ഗം അവസാനിപ്പിച്ചു. "ആ! നമുക്കും നാമം ജപിക്കുക ഹരിനാമം! ഇല്ല. നിങ്ങൾ ജപിക്കില്ല അല്ലേ? നിങ്ങളോടു ഞാൻ പറയുന്നില്ല" എന്നു പറഞ്ഞു പിൻവശത്തേക്കു തിരിഞ്ഞ് "അക്കരെ നില്ക്കുന്ന പച്ചപിടിച്ച മാമരങ്ങളേ! ജപിക്കുക! നാരായണനാമം ജപിയ്ക്കുക" എന്നു തുടർന്നു. എല്ലാവരും ഏകകണ്ഠമായി നാരായണനാമം ജപിച്ചു. ഇതു നടന്നത് അദ്ദേഹം ഭാഗവതം വായന ആരംഭിക്കുന്നതിനു മുൻപാണ് എന്നുകൂടി നാം ഓർമ്മിക്കേണ്ടതാണ്. ഭാഷയിൽ ഇത്ര ഹൃദയാവർജ്ജകമായി പ്രസങ്ഗിക്കാവുന്ന ഒരു വാഗ്മിയെ കേരളം സമീപകാലത്തു കണ്ടിട്ടില്ല.

## കൃതികൾ

വാഴകുന്നത്തെ ഒരു മഹാപണ്ഡിതൻ എന്ന നിലയിലല്ല, ഭക്തശിരോമണി എന്ന നിലയിലാണ് കേരളം അറിയുന്നതും അറിയേണ്ടതും. പ്രകൃതത്തിൽ ശാസ്ത്രപണ്ഡിതന്മാരുടെ കൂട്ടത്തിൽ സൗകര്യമുദ്ദേശിച്ച് അദ്ദേഹത്തിന്റെ പേരു കൂടി ചേർത്തുവെന്നേയുള്ളൂ. ചുവടേ ചേർക്കുന്നവയാണ് അദ്ദേഹത്തിന്റെ പ്രധാന കൃതികൾ. (1) വാസുദേവകർണ്ണാമൃതം എന്ന പ്രഥമകൃതി 1106-ൽ എഴുതി. (2) അതിൽപ്പിന്നീട് 335 ശ്ലോകങ്ങൾ ഉൾക്കൊള്ളുന്ന ഭാഗവതസംഗ്രഹം എന്ന ഗ്രന്ഥംനിർമ്മിച്ചു. (3) ശ്രീധരാചാര്യർ എന്ന ഒരു ഏകാങ്കനാടകവും, (4) ഭാഗവതസംഗ്രഹം ഗാഥയും ഉണ്ടാക്കി. (5) അദ്ദേഹത്തിന്റെ അതിപ്രധാനകൃതിയാണ് ഭാഗവതത്തിനു വിശദവും വിസ്തൃതവുമായ ഭാഷാവ്യാഖ്യാനം. അതുമുഴുമിപ്പിക്കുവാൻ സങ്ഗതി വന്നില്ല. 70 അധ്യായങ്ങളുടെ വ്യാഖ്യാനമേ എഴുതിയിട്ടുള്ളൂ. അന്വിതാർത്ഥപ്രകാശിക, ബാലപ്രബോധിനി, ശ്രീധരീയം എന്നീ വ്യാഖ്യാനങ്ങൾ നിഷ്കർഷിച്ചുനോക്കി ഭാഗവതത്തിലെ ഓരോ ശ്ലോകത്തിനും അവതാരിക, അന്വയം, അർത്ഥം, പ്രസങ്ഗം ഈ ക്രമത്തിലാണ് വാഴകുന്നത്തിന്റെ ഭാഷാവ്യാഖ്യാനരീതി. പ്രസങ്ഗഭാഗത്തിൽ അദ്ദേഹം തന്റെ നൈപുണ്യം പ്രകൃഷ്ടമായി പ്രദർശിപ്പിച്ചിരിക്കുന്നു. "നിഗമകല്പതരോഃ" എന്ന ശ്ലോകം സംബന്ധിച്ചുള്ള പ്രസങ്ഗമാണ് ചുവടേ ചേർക്കുന്നത്. "പ്രപഞ്ചപ്പന്തലിൽ ഭാഗവതസദ്യയ്ക്കു രസം എടുത്തുകഴിഞ്ഞു. പുരുഷാർത്ഥചതുഷ്ടയാദിവിഭവങ്ങൾ തുടച്ചുനീക്കി ഒരുങ്ങിയിരുന്നുകൊള്ളുക. ശുകവായ്മലരിൽ അകപ്പെട്ട് അധികം മധുരിച്ചുപോയ വേദമന്ദാരമരത്തിന്റെ പഴം പിഴിഞ്ഞുണ്ടാക്കിയ ഈ രസം മുക്താവസ്ഥയിലും ചൂടാറുന്നതല്ല; മുത്തശ്ശിസ്തോത്രം പോലെ മനംമടുപ്പിക്കുന്നതുമല്ല. സംസാരസങ്കടത്തിൽ ആസക്തിയില്ലാത്തവർ മാത്രമേ ഇതുപാനംചെയ്യാവൂ." (6) ഓർമ്മക്കുറിപ്പുകൾ, (7) ഭാഗവതമകരന്ദം,(8) ലഘുഭാഗവതം ഭാഷ, (9) രാമകഥാസുധ, (10) വാല്മീകിയും വ്യാസനും തുടങ്ങിയ മറ്റു ചില നാടകങ്ങൾ ഇവയും അദ്ദേഹത്തിന്റെ കൃതികളുടെ കൂട്ടത്തിൽ ഉൾപ്പെടുന്നു. സംസ്കൃതത്തിൽ (11) ഭാഗവതാധ്യായസാരം, അഥവാ ലഘുഭാഗവതം, (12) വാല്മീകിരാമായണസർഗ്ഗസാരം, (13) ശ്രീകൃഷ്ണകൃപാസ്തോത്രം എന്നീ ഗ്രന്ഥങ്ങൾ എഴുതിയിട്ടുണ്ട്. ലഘുഭാഗവതത്തിൽ നിന്ന് ഒരു ശ്ലോകംകൂടി ഉദ്ധരിക്കാം.

"ധർമ്മൻതൻപുത്രനോടായ് കദനമൊഴിയുവാൻ
ഭീഷ്മരോതുന്ന വാക്കും
മർമ്മം സ്പർശിച്ച ചൊല്ലും സ്തവവുമയി വിഭോ!
കാൺമു കണ്ണീരൊടും ഞാൻ
ആ സ്തോത്രം ചൊല്ലി നിൻകാലടികളിലടിയൻ
വീണിടാം വീണ്ടുമയ്യോ!
വീഴ്ത്തൊല്ലേ ഘോരദുഃഖപ്രദ ജനനപയോ–
രാശിയിൽക്കേശിവൈരിൻ."

### ഒരു വിജ്ഞപ്തി

ഈ അധ്യായത്തിൽ ഞാൻ ഇതഃപര്യന്തം വർണ്ണിച്ചിട്ടുള്ള പഴഞ്ചൻ പണ്ഡിതന്മാരെ നമുക്ക് എന്തിനു സ്മരിക്കണം എന്നു ചിലർ ചോദിക്കുമായിരിക്കാം. പറയാം. ഇവരാണ് നമ്മുടെ ഭാരതഭൂമിയുടെ പ്രാചീനസംസ്കാരം — വിജ്ഞാനദീപം — ഈ പരിവർത്തനദശയിൽ മലനാട്ടിൽ പ്രോജ്ജ്വലിപ്പിച്ചുകൊണ്ടിരുന്നത്; ആങ്ഗലഭാഷാവാത്യയുടെ പ്രചണ്ഡസമ്മർദ്ദത്തിൽനിന്ന് ഇവിടെ ആ നെയ്‌വിളക്കിനെ രക്ഷിച്ചത്. ഇവരിൽ പലരും നിർദ്ധനരായിരുന്നു. എങ്കിലും വിജ്ഞാനത്തിന്റെ സമ്പാദനത്തിലും വിതരണത്തിലുമല്ലാതെ അവർ മറ്റൊന്നിലും ശ്രദ്ധിച്ചില്ല. എന്തൊരു നിരീഹത! എന്തൊരു നിസ്വാർത്ഥത! ഉപശമപരമാണ് വിദ്യാബീജം എന്ന് അവർ വേണ്ടവിധത്തിൽ ഗ്രഹിച്ചിരുന്നു. ഇവരും ഇവരുടെ ശിഷ്യന്മാരും തമ്മിലുള്ള ബന്ധം എത്ര പാവനമായിരുന്നു! അങ്ങനെ ശിഷ്യപ്രശിഷ്യപ്രണാളികാദ്വാരാ ഈ ദേശത്തിൽ സംസ്കൃതഭാഷയെ നിത്യയൗവനയും നിതാന്തസൗന്ദര്യവതിയുമായി അടുത്ത കാലത്തു പോറ്റിപ്പുലർത്തിയത് ഇവരാകുന്നു. ഇവരുടെ വാങ് മയങ്ങൾ വായിച്ചറിയുവാൻവേണ്ട മനോവൃത്തിയും വൈദുഷ്യവും സൗകര്യവും ഇല്ലാത്തവർ അതു ചെയ്യണമെന്നില്ല. എന്നാൽ നമുക്കെല്ലാവർക്കും ഒരു കർത്തവ്യമുണ്ട്. ഇവരെ സാഷ്ടാങ്ഗപാതമായി നമസ്കരിക്കാം; അതിൽ തെറ്റില്ല. "പ്രതിബധ്നാതി ഹിശ്രേയഃ പൂജ്യപൂജാവ്യതിക്രമഃ" എന്ന് ഉപദേശിക്കുന്ന മഹാകവി കാളിദാസൻ.

## ശ്രീ ചട്ടമ്പിസ്വാമികൾ (1029–1099)

### ജനനവും കുടുംബവും

തിരുവനന്തപുരം നഗരത്തിൽ കൊല്ലൂർ എന്നൊരു ഗ്രാമമുണ്ട്. അവിടെയുള്ള പുരാതനമായ ഒരു നായർ കുടുംബത്തിൽ 1029-ാമാണ്ടു ചിങ്ങമാസം ഭരണി നാളിൽ കുഞ്ഞൻപിള്ളച്ചട്ടമ്പി ജനിച്ചു. മാതാവു നങ്ങയമ്മയും പിതാവ് അനന്തശർമ്മാ എന്നൊരു ബ്രാഹ്മണനുമായിരുന്നു. പിതൃദത്തമായ നാമധേയം അയ്യപ്പൻ എന്നാണ്. കുഞ്ഞൻ എന്നതു് ഓമനപ്പേരും. സ്വാതിതിരുനാൾ മഹാരാജാവിന്റെ ആശ്രിതന്മാരുടെ കൂട്ടത്തിൽ ഒരു വിദ്വദ്വരേണ്യനായ ഉമ്മിണിപ്പിള്ളയാശാനായിരുന്നു മാതുലൻ. മൂലകുടുംബം നെയ്യാറ്റിൻകരയാണ്.

### ആദ്യകാലത്തെ ചരിത്രം

നമ്മുടെ കഥാപുരുഷൻ ജനിക്കുന്ന കാലത്ത് അദ്ദേഹത്തിന്റെ കുടുംബം അത്യന്തം ദരിദ്രമായിരുന്നു. അതുകൊണ്ടു പള്ളിക്കൂടത്തിൽച്ചേർന്നും മറ്റും വിദ്യയഭ്യസിയ്ക്കുന്നതിന് അദ്ദേഹത്തിനു സൗകര്യം ലഭിച്ചില്ല. കൊല്ലൂരിൽ ശ്രീപത്മനാഭസ്വാമിക്ഷേത്രത്തിൽ എട്ടരയോഗത്തിന്റെ അങ്ഗമായ ഒരു പോറ്റിയുടെ (കൊല്ലൂർ അത്തിയറ)

ഭവനമുണ്ട്. കൊല്ലൂർമഠം എന്ന പേരിലാണ് അതിനെ വ്യവഹരിക്കുന്നത്. അതിലെ ഗൃഹനാഥൻ തന്റെ കുട്ടികളെ സംസ്കൃതം പഠിപ്പിക്കുവാൻ ഒരു ശാസ്ത്രിയെ ഏർപ്പെടുത്തിയിരുന്നു. അദ്ദേഹം അവർക്കു ചൊല്ലിക്കൊടുക്കുന്ന പാഠങ്ങൾ അവിടെ ഒരു നിത്യനായിരുന്ന കുഞ്ഞൻ ഒളിഞ്ഞു കേട്ടു പഠിക്കുകയും അതറിഞ്ഞ് ആ ശാസ്ത്രി അദ്ദേഹത്തിന്റെ അത്ഭുതാവഹമായ ബുദ്ധിവൈഭവത്താൽ ആകൃഷ്ടനായി നേരിട്ടു പഠിച്ചുകൊള്ളുവാൻ അനുവദിക്കുകയും ചെയ്തു. അങ്ങനെയാണ് സംസ്കൃതത്തിലെ ലഘുകാവ്യങ്ങളും മറ്റും അഭ്യസിച്ചത്. അന്ന് ആ ബാലനു കൊല്ലൂർ ക്ഷേത്രത്തിൽ മാലകെട്ടുകൂടിയുണ്ടായിരുന്നു. വയസ്സു പതിമ്മൂന്നോ പതിന്നാലോ വരും. അക്കാലത്തു ജടാവല്ക്കലധാരിയായ ഒരു സിദ്ധൻ അദ്ദേഹത്തെ അനുഗ്രഹിച്ചു ബാലസുബ്രഹ്മണ്യമന്ത്രം ഉപദേശിക്കുകയും അതു ജപിച്ചു സിദ്ധിവരുത്തിക്കൊള്ളണമെന്നാജ്ഞാപിക്കുകയും ചെയ്തു. സ്വാമി ആ അനുശാസനം അക്ഷരംപ്രതി അനുഷ്ഠിച്ചു. പില്ക്കാലങ്ങളിൽ ഷണ്മുഖദാസൻ എന്ന ബിരുദനാമം അദ്ദേഹത്തിനു ലഭിച്ചത് ആ വഴിക്കാണ്. അതിനിടയ്ക്കു കൊല്ലൂർ മഠത്തിൽ കണക്കെഴുത്തുവേല കിട്ടി. പിന്നെ നെയ്യാറ്റിൻകര രജിസ്റ്റർ കച്ചേരിയിൽ ആധാരമെഴുതിത്തുടങ്ങി. വടിവീശ്വരം വേലുപ്പിള്ള എന്നൊരാളോടു മലയാളം പഠിച്ചു. തദനന്തരം പേട്ടയിൽ രാമൻപിള്ളയാശാന്റെ പള്ളിക്കൂടത്തിൽ പോയി മലയാളത്തിൽ കൂടുതൽ അറിവും സങ്ഗീതവിജ്ഞാനവും സമ്പാദിച്ചു. അക്കാലത്ത് ആ പള്ളിക്കൂടത്തിൽ ഒരു മോണിട്ടറായി ജോലി നോക്കുകയാൽ ചട്ടമ്പി എന്ന് അദ്ദേഹത്തെ ചിലർ വിളിച്ചുതുടങ്ങി. ഏതായാലും ആ പേരിലാണ് അദ്ദേഹത്തിനു കൂടുതൽ പ്രശസ്തി. സ്വാമിനാഥദേശികൻ എന്നൊരു ദ്രാവിഡഭാഷാപണ്ഡിതനോട് ആദ്യമായി തമിഴ് പഠിച്ചു. സർ.ടി. മാധവരായർ അദ്ദേഹത്തെ ഒരു കണക്കെഴുത്തുഉദ്യോഗസ്ഥനായി നിയമിച്ചുവെങ്കിലും ആ പണിയിൽനിന്ന് ഉടൻതന്നെ രാജിവെച്ചു പിരിഞ്ഞു.

## ഉപരിവിദ്യാഭ്യാസം

അക്കാലത്ത് തിരുനെൽവേലി ജില്ലയിൽ കല്ലടക്കുറിച്ചി എന്ന ഗ്രാമത്തിൽനിന്നു സുബ്ബജടാപാഠികൾ എന്നൊരു വേദവേദാന്തവിജ്ഞനായ പണ്ഡിതമൂർദ്ധന്യൻ തിരുവനന്തപുരത്തു നവരാത്രി വിദ്വത്സദസ്സിൽ ഭാഗഭാക്കാകുവാൻ വന്നുചേർന്നു. അദ്ദേഹം കുഞ്ഞൻപിള്ളച്ചട്ടമ്പിയുടെ ഗുണങ്ങൾ കണ്ടു സന്തുഷ്ടനായി അദ്ദേഹത്തെ സ്വദേശത്തുകൂടെക്കൊണ്ടുപോയി തർക്കം, വ്യാകരണം, മീമാംസ, വേദാന്തം, വേദങ്ങൾ, എന്നിവയിൽ നിഷ്ണാതനാക്കി. ചട്ടമ്പിയുടെ പ്രധാന വിഷയങ്ങൾ തർക്കവും വേദാന്തവുമാണ്. മൂന്നുനാലു കൊല്ലം ചട്ടമ്പി ജടാവല്ലഭരുടെ അന്തേവാസിയായി ഇരുന്നിട്ടുണ്ട്. അതിനുശേഷം ദക്ഷിണാപഥത്തിന്റെ നാനാഭാഗങ്ങളിൽ സഞ്ചരിച്ചു തന്റെ ശാസ്ത്രവിജ്ഞാനം ഒന്നുകൂടി വർദ്ധിപ്പിച്ചു. അതു കഴിഞ്ഞപ്പോൾ ഒരു അവധൂതസന്യാസി യാദൃച്ഛികമായി അദ്ദേഹത്തിന്റെ മുന്നിൽ പ്രത്യക്ഷീഭവിക്കുകയും, ആ പരിപക്വമതിയെ ബ്രഹ്മോപദേശം നല്കി അനുഗ്രഹിക്കുകയും ചെയ്തു. ഖുർആൻ ഒരു തങ്ങളിൽനിന്ന് അഭ്യസിച്ചു. ബൈബിൾ സ്വപരിശ്രമം കൊണ്ടു വശമാക്കിയതാണ്. കൂപക്കരമഠത്തിലെ ഗ്രന്ഥപ്പുര പരിശോധിച്ചു മന്ത്രങ്ങൾ, മർമ്മവിദ്യ മുതലായ വിഷയങ്ങളെസ്സംബന്ധിച്ചുള്ള പഴയ ഗ്രന്ഥങ്ങൾ നിഷ്കർഷിച്ചു വായിച്ച് അവയിലും അറിവുനേടി. വട്ടെഴുത്തു വായിക്കുവാൻ അദ്ദേഹത്തിനു നല്ല പരിചയമുണ്ടായിരുന്നു. ഏതു കലാവിദ്യയും അദ്ദേഹത്തിനു സ്വാധീനമായിരുന്നു എന്നു ചുരുക്കത്തിൽ പറയാം. തന്നിമിത്തം ശ്രീവിദ്യാധിരാജൻ എന്നൊരു ബഹുമതിപ്പേരുകൊണ്ടും

പൊതുജനങ്ങൾ അദ്ദേഹത്തെ ആരാധിച്ചുവന്നു. "ശ്രീവിദ്യാധിരാജപരമഭട്ടാരക ചട്ടമ്പിസ്വാമികൾ" എന്നാണു സോപാധികമായ നാമധേയം.

## അനന്തരകാലചരിത്രം

യൗവനാരംഭത്തിനുമമ്പുതന്നെ പിതാവും, ഏകദേശം 25-ാമത്തെ വയസ്സിൽ മാതാവും മരിച്ചു. മാതാവിന്റെ സംസ്കാരകർമ്മങ്ങൾ കഴിച്ചു സ്വഭവനം വിട്ടതിൽപ്പിന്നെ ഒരിക്കലും അവിടം സ്പർശിച്ചിട്ടില്ല. സ്വാമികൾ ഒരു നിത്യബ്രഹ്മചാരിയായാണ് ജീവിതം നയിച്ചതു്. തിരുവനന്തപുരം റസിഡൻസിയിൽ ഉദ്യോഗമായി 'അയ്യാ' എന്ന പേരിൽ ഒരു ആദിദ്രാവിഡനായ സിദ്ധനുണ്ടായിരുന്നു. അദ്ദേഹവും ചട്ടമ്പിസ്വാമികളും തമ്മിൽ ഉണ്ടായിരുന്ന ഗാഢമായ സൗഹാർദ്ദം ഗുരുശിഷ്യബന്ധത്തിന്റെ ഫലമായിരുന്നുവെന്നും, അയ്യാവിനോടു സ്വാമികൾ ശീലിച്ചതു ഹഠയോഗത്തിലെ ചില അഭ്യാസക്രമങ്ങളായിരുന്നുവെന്നും അറിയുന്നു. കുമാരവേലുനാടാർ അഥവാ ആത്മാനന്ദയോഗിയാണ് തമിഴ്മുറയ്ക്കുള്ള യോഗവിദ്യയിൽ അദ്ദേഹത്തെ പാരങ്ഗതനാക്കിയതു് എന്നുള്ള വസ്തുത എല്ലാവരും അങ്ഗീകരിക്കുന്നു. സ്വഗൃഹം വിട്ടതിൽപ്പിന്നീടു തന്റെ ബന്ധുവായ കല്ലുവീട്ടിൽകേശവപിള്ള എന്ന ഒരു പൊതുമരാമത്ത് ഓവർസീയറോടുകൂടി പല സ്ഥലങ്ങളിലും ദേശസഞ്ചാരത്തിനു ഭങ്ഗം വരുത്താതെ താമസിച്ചിരുന്നു. നെടുമങ്ങാട്, വാമനപുരം, കോട്ടയം, ഏറ്റുമാനൂർ, മൂവാറ്റുപുഴ, ആലുവാ തുടങ്ങിയ സ്ഥലങ്ങളിൽ താമസിക്കുമ്പോൾ ആദ്ധ്യാത്മികരശ്മി കേരളമെങ്ങും പ്രസരിപ്പിക്കുകയും, ഗ്രന്ഥങ്ങൾ രചിക്കുകയും ചെയ്തുകൊണ്ടിരുന്നു. ഒരു ആശ്രമം സ്ഥാപിച്ച് അതിന്റെ അദ്ധ്യക്ഷനാകണമെന്ന് അദ്ദേഹത്തിന് ആഗ്രഹമുണ്ടായിരുന്നില്ല. 1099-ാമാണ്ടു മേടമാസം 23-ാംനു കാർത്തികനക്ഷത്രത്തിൽ കരുനാഗപ്പള്ളിയിൽ പന്മനവച്ച് ആ പുണ്യപുരുഷൻ മഹാസമാധിയെ പ്രാപിച്ചു — സച്ചിദാനന്ദമഹസ്സിൽ ലയിച്ചു. അദ്ദേഹത്തിന്റെ ഭക്തന്മാർ അവിടെ 'ഭട്ടാരകേശ്വരം' എന്ന പേരിൽ ഒരു ക്ഷേത്രം പണിയിച്ച് അതോടനുബന്ധിച്ച് ഒരാശ്രമവും സ്ഥാപിച്ചിട്ടുണ്ട്. അവിടെ സന്ദർശനത്തിനും ആരാധനത്തിനുമായി പലഭക്തന്മാരും വന്നുകൊണ്ടിരിക്കുന്നു.

## സ്വഭാവം

സകലകലാവല്ലഭനായ സ്വാമികളെ ഔദ്ധത്യത്തിന്റെ കണികപോലും തീണ്ടിയിരുന്നില്ല. വിദ്യാപൗഷ്കല്യത്തിനു അനുരൂപമായ വിനീതിസമ്പത്ത് അദ്ദേഹത്തിന്റെ വിശിഷ്ടഗുണങ്ങളിൽ ഒന്നായിരുന്നു. നിരവധി സിദ്ധികൾ സമാർജ്ജിച്ചിരുന്ന അദ്ദേഹം കേരളീയർക്കു പൊതുവേയും സമുദായത്തിനു പ്രത്യേകിച്ചുമുള്ള ഒരമൂല്യനിധിയായിരുന്നു. എങ്കിലും ഒരു സാധാരണമനുഷ്യന്റെ നിലയിൽ സാധാരണ രീതിയിൽ പെരുമാറിയതേ ഉള്ളു. സമഭാവന അദ്ദേഹത്തിന് എല്ലാക്കാലത്തും അലങ്കാരമായിരുന്നു. ഭൂതദയയെയാണ് അദ്ദേഹത്തിന്റെ ഗുണഗണങ്ങളിൽ പരമപ്രധാനമായി ഗണിക്കേണ്ടതു്. പാമ്പ് കടുവാ തുടങ്ങിയ ഹിംസ്രജന്തുക്കൾ അദ്ദേഹത്തിന്റെ സന്നിധാനത്തിൽ ശാന്തങ്ങളായി നില്ക്കുന്നതു പലരും കണ്ടിട്ടുണ്ട്. സാമരസ്യദർശനത്തിൽ അദ്ദേഹത്തിനുണ്ടായിരുന്ന ഔത്സുക്യം അപരിമേയമാണ്. ശങ്കരഭഗവൽപാദരുടെ അദ്വൈതമതത്തേയും, ജ്ഞാനസംബന്ധർ, അപ്പർ, മാണിക്യവാചകർ മുതലായ ദ്രാവിഡാചാര്യന്മാർ പ്രചരിപ്പിച്ച ശൈവസമയത്തേയും കൂട്ടിയിണക്കി അദ്ദേഹം നടപ്പിൽ വരുത്തിയതാണ് തീർത്ഥപാദമതം.

## ശിഷ്യസമ്പത്ത്

സ്വാമികൾക്ക് ഒരു വലിയ ശിഷ്യസമ്പത്തുണ്ടായിരുന്നു. പ്രധാനശിഷ്യന്മാർ നാരായണഗുരുസ്വാമികളും, നീലകണ്ഠതീർത്ഥപാദസ്വാമികളും, തീർത്ഥപാദ പരമഹംസ സ്വാമികളുമാണ്. അവരെപ്പറ്റി ഉപരി വർണ്ണിക്കും. തീർത്ഥപാദപരമഹംസൻ ബാല്യത്തിൽത്തന്നെ ശിഷ്യത്വം സ്വീകരിച്ചു ബ്രഹ്മനിഷ്ഠനായി തദുപദിഷ്ടങ്ങളായ യോഗജ്ഞാനസമ്പ്രദായങ്ങൾ പ്രചരിപ്പിക്കുകയും ആശ്രമങ്ങൾ സ്ഥാപിക്കുകയും വേദാന്ത പ്രഭാഷണങ്ങൾചെയ്യുകയും ചെയ്തുകൊണ്ടിരുന്നു.

## കൃതികൾ

താഴെ പേർ കുറിക്കുന്നവ സ്വാമികളുടെ കൃതിസമുച്ചയത്തിൽ ഉൾപ്പെടുന്നു. (1) പ്രാചീനമലയാളം ഭാഷാഗദ്യം — ഇതിന്റെ ഒന്നാം ഭാഗം മാത്രമേ പ്രസിദ്ധീകരിച്ചുള്ളു. ആറു ഭാഗങ്ങൾ എഴുതിവച്ചിരുന്നതായി അറിവുണ്ട്. (2) സർവ്വമതസാമരസ്യം — ഇതാണ് അദ്ദേഹത്തിന്റെ ആദ്യത്തെ കൃതി. (3) തർക്കരഹസ്യരത്നം — ഇതു ന്യായശാസ്ത്രത്തെ ആസ്പദമാക്കിയുള്ള ഒരു കൃതിയാണ്. (4) ബ്രഹ്മതത്വനിർഭാസം — ഇത് ഒരു വേദാന്തഗ്രന്ഥമാണ്.

> “വിനുമോ വ്യഷ്ടിപദാർത്ഥേഷ്വർക്കച്ഛായേവ മുകുരഖണ്ഡേഷു
> അജഹന്നിജസത്താം സമ്പ്രവിഷ്ടമിവ വസ്തു ബിംബഭൂതം തൽ”

എന്ന ശ്ലോകംമാത്രം ഇതിൽനിന്ന് ഉദ്ധരിക്കുന്നു. (5) സ്തവരത്നഹാരാവലി—സ്തോത്രരൂപമായ ഈ കൃതിയിൽനിന്നുകൂടി ഒരു ശ്ലോകം പ്രദർശിപ്പിക്കാം.

> “പരാന്തരക്തിര്യദി നാമ കസ്യചി–
> ച്ഛിവാങ്കകേളീകുതുകേ മഹസ്യദൈൽ
> നവേ വയസ്യക്ഷയപുണ്യസമ്പദാം
> ഖനിസ്സ ഏവേതി വചസ്സമഞ്ജസം.”

(6) പരമശിവസ്തവം — ഇതും സ്തോത്രാത്മകംതന്നെ. ദ്വൈതചിന്ത സ്വാമികൾക്കില്ലായിരുന്നുവെങ്കിലും ശിവനായിരുന്നു ആരാധനാമൂർത്തി. (7) അദ്വൈതപഞ്ജരം — ഈ കൃതിയിലെ ഒരു ശ്ലോകം കൂടി ഉദ്ധർത്തവ്യമായി തോന്നുന്നു.

> “ഏവഞ്ച ഘടാദ്ഭിന്നഃ പട ഇതി ഭാതി; നതു സാധയതിഭേദം;
> ഘടപടതദ് ഭേദാനാം സദഭേദേനൈകതാസിദ്ധേഃ.”

(8) വേദാധികാരനിരൂപണം, (9) അദ്വൈതചിന്താപദ്ധതി, (10)ചിദാകാശലയം, (11) പുനർജ്ജന്മനിരൂപണം, (12) ജീവകാരുണ്യനിരൂപണം, (13) ശ്രീചക്രപൂജാകല്പം എന്നീ പേരുകളിലും ആറുകൃതികൾ അദ്ദേഹം രചിച്ചിട്ടുള്ളതായി അഭിജ്ഞന്മാർ പറയുന്നു. (14) ക്രിസ്തുമതഖണ്ഡനം, (15) ക്രിസ്തുമതസാരം, (16) മോക്ഷപ്രദീപഖണ്ഡനം എന്നിവയാണ് മറ്റു കൃതികൾ. ഈ കൃതികൾ വാദഗ്രന്ഥങ്ങളാകുന്നു. ഇവയിലെ ഭാഷാഗദ്യശൈലി പ്രൗഢോദാരമെന്നേ പറഞ്ഞുകൂടു. തന്റെ ഗ്രന്ഥങ്ങളെപ്പറ്റി ഒരവസരത്തിൽ ഇങ്ങനെ പ്രസ്താവിച്ചിരിക്കുന്നത് അവിസ്മരണീയമാണ്.

“ഞാൻ എഴുതുന്ന പുസ്തകങ്ങളെക്കുറിച്ച് ആരെങ്കിലും എന്തെങ്കിലും പറഞ്ഞാൽ അതിൽ അസഭ്യമായി വല്ലതും ഉണ്ടായിരുന്നാൽ അതിലേക്കു വന്ദനം പറഞ്ഞുകൊള്ളുകയും, സഭ്യങ്ങളായുള്ളവയെ നമസ്കാരപൂർവ്വം സ്വീകരിച്ചുകൊള്ളുകയും മാത്രമേ ചെയ്യുകയുള്ളൂ.”

ആലത്തൂർ ബ്രഹ്മാനന്ദശിവയോഗിയുടെ ഒരു നിബന്ധമാണ് മോക്ഷപ്രദീപം. ‘ആദിഭാഷ’ എന്ന ശീർഷകത്തിൽ ഒരു ബൃഹൽ ഗ്രന്ഥം അദ്ദേഹം എഴുതിവച്ചിരുന്നതായി കേട്ടിട്ടുണ്ട്. ഇപ്പോൾ അതു ഒരിടത്തും കണ്ടുകിട്ടുന്നില്ല.

## ശ്രീ നാരായണഗുരുസ്വാമികൾ (1032–1104)

### ജനനം

തിരുവനന്തപുരം നഗരത്തിന് ഏഴു നാഴിക വടക്കു ചെമ്പഴന്തി എന്നൊരു ഗ്രാമവും അവിടെ മണയ്ക്കൽ എന്നൊരു ക്ഷേത്രവുമുണ്ട്. അത് ഈഴവരുടെ ക്ഷേത്രമാണ്. അതിന്റെ വടക്കുപടിഞ്ഞാറായി വയൽവാരം എന്നൊരു പറമ്പും അതിൽ ഒരു ചെറിയ ഗൃഹവുമുണ്ട്. ആ ഗൃഹത്തിൽ നാരായണഗുരുസ്വാമികൾ 1032-ാമാണ്ടു ചിങ്ങമാസം ചതയം നക്ഷത്രത്തിൽ ജനിച്ചു. 1032-ലല്ല, 1030-ലാണ് ജനനം എന്നു പറയുന്നവരുമുണ്ട്. നാരായണൻ എന്നായിരുന്നു അച്ഛൻ നല്കിയ പേര് എങ്കിലും നാണു എന്നാണ് ആ ശിശുവിനെ എല്ലാവരും വിളിച്ചുവന്നത്. മാതാവു കുട്ടിയമ്മയും, പിതാവു മാടനാശാനുമായിരുന്നു. മാടനാശാൻ സാമാന്യവിദ്യാഭ്യാസം സിദ്ധിച്ച ഒരു കുടിപ്പള്ളിക്കൂടം അധ്യാപകനായിരുന്നുവെന്നു കേട്ടിട്ടുണ്ട്. കഥാപുരുഷന്റെ കുടുംബം ഏറ്റവും ദരിദ്രമായിരുന്നു. അദ്ദേഹത്തിനു രാമൻവൈദ്യൻ എന്നും കൃഷ്ണൻവൈദ്യൻ എന്നും രണ്ടു് അമ്മാവന്മാരുണ്ടായിരുന്നു. കൃഷ്ണൻവൈദ്യൻ ഒരു സംസ്കൃതജ്ഞനും വൈദ്യനുമായിരുന്നു. അദ്ദേഹത്തിന്റെ സാഹായ്യമാണ് സ്വാമികൾക്ക് ആദ്യകാലത്തു പ്രധാനമായുണ്ടായിരുന്നത്.

### ആദ്യകാലത്തെ വിദ്യാഭ്യാസം

ചെമ്പഴന്തി മൂത്തപിള്ള എന്ന നായർ പ്രമാണി എഴുത്തിനിരുത്തി. തമിഴും മലയാളവും കുറെയെല്ലാം പഠിച്ചു. തമിഴ്ഭാഷയിൽ പിന്നീടു പരിനിഷ്ഠിതമായ ജ്ഞാനം സമ്പാദിച്ചതു ചാലയിൽ ഒരു പാണ്ടിപ്പിള്ളയുടെ കടയിൽനിന്നു പുസ്തകങ്ങൾവാങ്ങി വായിച്ചാണ്. ഉപരിവിദ്യാഭ്യാസത്തിനു ധനസ്ഥിതി ഒട്ടും അനുകൂലമല്ലാതിരുന്നതിനാൽ പഠിത്തം നിറുത്തി കൃഷി, മാടുമേച്ചിൽ മുതലായ തൊഴിലുകളിൽ ഏർപ്പെട്ടു കുറേക്കാലം കഴിച്ചു. അക്കാലത്തു തിരുവനന്തപുരത്തും ചിറയിൻകീഴിലും ഈഴവർ ഇടതിങ്ങിപ്പാർക്കുന്ന സ്ഥലങ്ങളിൽ സഞ്ചരിച്ച് അവിടത്തെ ദേവന്മാരെ ഭജിച്ചുവെന്നും, കുളിയും ഭസ്മധാരണവും ജപവും നിർബന്ധമായിരുന്നുവെന്നും കേൾവിയുണ്ട്. അങ്ങനെയിരിക്കെ 1053 ധനുമാസത്തിൽ അമ്മാവൻ കൃഷ്ണൻവൈദ്യന്റെ പ്രോത്സാഹനം നിമിത്തം വാരണപ്പള്ളി കുടുംബക്കാരുടെ ഒരു ആശ്രിതനും പണ്ഡിതമശ്രേഷ്ഠനുമായ കമ്മമ്പള്ളി രാമൻപിള്ള ആശാന്റെ കീഴിൽ സംസ്കൃതം പഠിക്കുവാൻ പോയി. വാരണപ്പള്ളിക്കാരുടെ ഒരു ശാഖാഗൃഹമായ കുന്നത്തുവീട്ടിലായിരുന്നു താമസം. വെളുത്തേരി കേശവൻവൈദ്യനും പെരുന്നെല്ലി കൃഷ്ണൻവൈദ്യനും അവിടെ അദ്ദേഹത്തിന്റെ സതീർത്ഥ്യന്മാരായിരുന്നുവെന്നു മുൻപു പ്രസ്താവിച്ചിട്ടുണ്ടല്ലോ. ക്ലാസ്സിൽ ഒന്നാമനാകയാൽ ‘ചട്ടമ്പി’ എന്ന സ്ഥാനം കിട്ടി. അങ്ങനെയാണ് നാണു നാണുച്ചട്ടമ്പിയായത്. 1057-ാമാണ്ടു തുലാമാസംവരെയേ അവിടെ പഠിക്കുവാൻ സാധിച്ചുള്ളു. കഠിനമായ അർശോരോഗം ബാധിക്കുകയാൽ തിരിയെ ചെമ്പഴന്തിക്കുതന്നെ പോന്നു. പിന്നെ കടക്കാവൂരിൽ മീരാൻകടവിന്നടുത്തും, അഞ്ചുതെങ്ങിലും, സ്വദേശത്തും ഓരോ പാഠശാലസ്ഥാപിച്ചു വിദ്യാർത്ഥികളെ സംസ്കൃതം അഭ്യസിപ്പിച്ചു. ഒരിടത്തും ഉറച്ചിരുന്നില്ല. ജനങ്ങൾ അദ്ദേഹത്തെ നാണുവാശാൻ എന്നു വിളിച്ചു തുടങ്ങിയത് അപ്പോഴാണ്. അതിനു മുമ്പുതന്നെ അദ്ദേഹം വേദാന്തവിചാരത്തിൽ നിമ

ഗനായിക്കഴിഞ്ഞിരുന്നു. 28-ാമത്തെ വയസ്സിൽ തന്റെ ഹിതത്തിനു വിപരീതമായി നെടുങ്ങണ്ടയിൽ ഒരു സ്ത്രീയെ വിവാഹം ചെയ്യേണ്ടിവന്നുവെങ്കിലും ആ സംസാരപാശം അടുത്ത നിമിഷത്തിൽത്തന്നെ ഛേദിച്ചുകളയുവാൻ അദ്ദേഹത്തിനു മനോധൈര്യമുണ്ടായി. അന്നുമുതൽ സ്വഗൃഹത്തിലോ നെടുങ്ങണ്ടയിലെ ആ വീട്ടിലോ അദ്ദേഹം പ്രവേശിക്കയുണ്ടായില്ല. നെടുങ്ങണ്ടവീട്ടിൽ ഒരിക്കൽ അദ്ദേഹം പ്രവേശിച്ചതു താൻ പരിവ്രാട്ടാകാൻ പോകുന്നു എന്നു കാണിക്കുവാനാണ്. 1060-ൽ അച്ഛൻ മരിച്ച കാലത്ത് അദ്ദേഹം അരുവിപ്പുറത്തായിരുന്നു.

## യോഗവും വേദാന്തവും

യോഗത്തിലും വേദാന്തത്തിലും അഭ്യാസത്തിന് ഉത്തമനായ ഒരു ഗുരുവിനെ അദ്ദേഹം അന്വേഷിക്കുന്ന കാലമായിരുന്നു അത്. പെരുന്നെല്ലി കൃഷ്ണൻ വൈദ്യൻ കഥാനായകനെ ചട്ടമ്പിസ്വാമികളുമായി സംഘടിപ്പിച്ചു. ചട്ടമ്പിസ്വാമി റസിഡൻസിയിൽ അയ്യാവിനെ സമിപിച്ച് അദ്ദേഹത്തെ ശിഷ്യനായി സ്വീകരിക്കണമെന്നു നിർദ്ദേശിച്ചു. അയ്യാ അദ്ദേഹത്തെ യോഗവും തമിഴ്വഴിക്കുള്ള വേദാന്തവും കുറേയൊക്കെ പരിശീലിപ്പിച്ചു. യോഗാഭ്യാസവിധികളിൽ പ്രായോഗികവിജ്ഞാനവും സംസ്കൃതത്തിലൂടെയുള്ള അദ്വൈതവേദാന്തോപദേശവും നല്കിയത് ചട്ടമ്പിസ്വാമികൾതന്നെയായിരുന്നു. ആ രണ്ടു ഗുരുക്കന്മാരുടേയും അന്തേവാസിയായി നാരായണഗുരു വികസിച്ചു. ചട്ടമ്പിസ്വാമികൾ നാരായണഗുരുസ്വാമികളുടെ ആചാര്യനായിരുന്നുവോ എന്നു ചിലർ സംശയിക്കുന്നു. ആ സംശയം അനാസ്പദമാണ്.

> "ശിശുനാമഗുരോരാജ്ഞാം കരോമി ശിരസാ വഹൻ
> സ്തവമഞ്ജരികാം ശുദ്ധിം കർത്തുമർഹന്തി കോവിദാഃ"

എന്നു നാരായണഗുരുതന്നെ ജനനീസ്തവമഞ്ജരിയിൽ പ്രസ്താവിച്ചിട്ടുണ്ട്. ശിശു എന്നാൽ കുഞ്ഞൻ എന്നർത്ഥം. നാരായണഗുരുസ്വാമി യോഗജ്ഞാന വിഷയങ്ങളിൽ തന്റെ ശിഷ്യനായിരുന്നതായി ചട്ടമ്പിസ്വാമികളും ഒരെഴുത്തിൽ പ്രാസംഗികമായി സൂചിപ്പിച്ചിരിക്കുന്നു. ഇതിൽക്കൂടുതൽ തെളിവു ആവശ്യമില്ലല്ലോ.

## തപസ്സ്

തനിക്കു കിട്ടിയ ഉപദേശങ്ങളുടെ സാധനയ്ക്കായി നാരായണഗുരു കന്യാകുമാരിക്കു സമീപമുള്ള മരുത്വാമലയിലേക്കു പോയി. അവിടം ചില യോഗികളുടെ വാസസ്ഥാനമെന്നതിനുപുറമേ ഒററമൂലിമരുന്നുകൾക്കു പേരുകേട്ട ഒരു വിജനപ്രദേശവുമായിരുന്നു. അവിടെ പിള്ളത്തടം എന്ന കുന്നിൽനിന്നു തപശ്ചര്യ കഴിഞ്ഞു ബഹിർഗ്ഗമിക്കുമ്പോൾ നാം അദ്ദേഹത്തെ കാണുന്നത് ഒരു വൈദ്യവിദഗ്ധനും മനഃശാസ്ത്രകുശലനുമായ മഹാപുരുഷനായാണ്. അന്നാണു സ്വാമികൾ എന്ന ഉപാധികൊണ്ട് ജനങ്ങൾ അദ്ദേഹത്തെ പൂജിച്ചുതുടങ്ങിയത്. അദ്ദേഹത്തിന്റെ മുഖത്ത് അഭൗമമായ ഒരു തേജസ്സു പ്രകാശിച്ചിരുന്നു. സാത്വികങ്ങളായ ക്ഷേത്രങ്ങൾ പ്രതിഷ്ഠിക്കുന്നതിനാണ് ആ അഹിംസാവ്രതി ആദ്യമായി ഉദ്യമിച്ചത്. പ്രകൃതിരമണീയങ്ങളായ സ്ഥലങ്ങൾ കണ്ടുപിടിക്കുന്ന വിഷയത്തിൽ അദ്ദേഹം അവർണ്ണനീയമായ ഏതോ അന്തർദൃഷ്ടിയാൽ അനുഗൃഹീതനായിരുന്നു. നെയ്യാറ്റിൻകരത്താലൂക്കിൽ നെയ്യാർ എന്ന് ഒരു പുഴ പ്രവഹിക്കുന്നുണ്ട്. അതിന്റെ തീരത്തിൽ പൂവാർ എന്ന തുറമുഖത്തിനടുത്താണ് അരുവിപ്പുറം. 1060-ാമാണ്ട് ആ സ്ഥലത്തു താമസിച്ചു തുടങ്ങുകയും 1063-ാമാണ്ടു ശിവരാത്രി ദിവസം ശിവലിംഗാകൃതിയിൽ ആറ്റിൽ കിടന്നിരുന്ന ഒരു

ശിലാഖണ്ഡമെടുത്ത് ആറ്റിന്റെ കിഴക്കേ തീരത്തുള്ള പാറയിൽ വളരെപ്പേരുടെ സാന്നിധ്യത്തിൽ ശൈവമന്ത്രപുരസ്സരം പ്രതിഷ്ഠിക്കുകയും ചെയ്തു. അതാണ് സ്വാമികൾ നിർമ്മിച്ച ആദ്യത്തെ ക്ഷേത്രം. അരുവിപ്പുറത്തുവച്ചാണ് കുമാരനാശാൻ അദ്ദേഹത്തിന്റെ അനുചരനായത്. അദ്ദേഹമാണ് സ്വാമികളുടെ പ്രധാന ശിഷ്യനെന്നു വായനക്കാർ ധരിച്ചിരിക്കുമല്ലോ.

## അനന്തരകാലചരിത്രം

പിന്നീടു സ്വാമികൾ തന്റെ പ്രവത്തനകേന്ദ്രം വർക്കല വലിയതുരപ്പിനു സമീപമുള്ള വിശാലമായ ഒരു കുന്നിലേക്കു മാറ്റി. ആ കുന്നിനേക്കാൾ മനോഹരമായി അത്തരം സ്ഥലങ്ങൾക്കു കേൾവിപ്പെട്ട ഒരു സ്ഥലം കേരളത്തിൽ ഉണ്ടോ എന്നു സംശയമാണ്. 1079-ാമാണ്ടു മുതൽ അവിടെ താമസിച്ചു. അദ്ദേഹത്തിന്റെ ഉദ്ദേശശുദ്ധിക്ക് ഉതകത്തക്കവണ്ണം അതിനു മുമ്പിലത്തെ കൊല്ലം ധനു 23-ാംനു ശ്രീനാരായണ ധർമ്മപരിപാലനയോഗം എന്ന പേരിൽ ഒരു യോഗം ഭക്തജനങ്ങൾ സംഘടിപ്പിച്ചിരുന്നു. ആ യോഗത്തിന്റെ ഒൻപതാമത്തെ വാർഷിക സമ്മേളനം നടന്ന 1087-ാമാണ്ടു കന്നിമാസത്തിൽ അവിടെ ഒരു ശിവക്ഷേത്രം നിമ്മിക്കുവാൻ വേണ്ട സാഹചര്യമുണ്ടായി. 1087 മേടം 18-ാംനു-മുതൽ 21-ാംനു-വരെ സ്വാമികൾ ആ പുണ്യസ്ഥലത്തു ശിവനേയും ശാരദയേയും അടുത്തടുത്തായി രണ്ടു ക്ഷേത്രങ്ങളിൽ പ്രതിഷ്ഠിച്ചു. ശിവനും സുബ്രഹ്മണ്യനുമായിരുന്നു അദ്ദേഹത്തിന്റെ ഇഷ്ടദേവതകൾ. ശിവപ്രതിഷ്ഠകുമേലാണ് ആ കുന്നിനു ശിവഗിരി എന്നു പേരുവന്നത്. ഇപ്പോൾ അവിടെ നല്ല രീതിയിൽ നടത്തപ്പെടുന്ന ഒരു ഇംഗ്ലീഷ് ഹൈസ്കൂളും മറ്റു ചില പൊതുസ്ഥാപനങ്ങളുമുണ്ട്. തദനന്തരം 1090-ാമാണ്ടിടയ്ക്കു ആലുവായിൽ ഒരാശ്രമവും സംസ്കൃതപാഠശാലയും സ്ഥാപിച്ചു. അങ്ങനെ ആദ്യകാലത്തു പൂജാദികൾ നടത്തുന്ന ക്ഷേത്രങ്ങളും പിന്നിട്ട് ധ്യാനത്തിനുമാത്രം പ്രയോജകീഭവിക്കുന്ന വിധത്തിൽ ഒരു ബിംബത്തോടു കൂടിയ ശാരദാക്ഷേത്രവും ഒടുവിൽ ക്ഷേത്രവും ബിംബവും മറ്റുമില്ലാത്ത അദ്വൈതാശ്രമവും, മനുഷ്യനു സർവ്വസാധാരണമായ അധികാരഭേദത്തിന് അനുഗുണമായി സ്വാമികൾ നിർമ്മിച്ചു. അദ്ദേഹത്തിന് ഏകമതത്തിലും ഏകജാതിയിലും ഏകദൈവത്തിലുമായിരുന്നു വിശ്വാസം. 1096-ാമാണ്ട് അദ്ദേഹം നല്കിയ ഉപദേശത്തിൽ,

> "ഒരു ജാതി, ഒരു മതം, ഒരു ദൈവം- മനുഷ്യന്
> ഒരു യോനി ഒരാകാരം ഒരു ഭേദവുമില്ലതിൽ.
> ഒരു ജാതിയാൽനിന്നല്ലോ പിറന്നീടുന്നു സന്തതി
> നരസംഘമിതോർക്കുമ്പോൾ ഒരു ജാതിയിലുള്ളതാം."

എന്നീ പ്രസിദ്ധശ്ലോകങ്ങൾ അടങ്ങിയിരിക്കുന്നു. "ജാതിചോദിക്കരുത്, വിചാരിക്കരുത്, പറയരുത്" എന്നും അദ്ദേഹം അനുശാസിച്ചിട്ടുണ്ട്. 1099-ാമാണ്ടു കുംഭമാസം 20, 21 തീയതികളിൽ ആലുവായിൽ ഒരു സർവ്വമതസമ്മേളനം വിളിച്ചുകൂട്ടി. എല്ലാ മതാനുയായികൾക്കും തമ്മിൽ ഏകത്വബോധം ജനിപ്പിക്കുക എന്നുള്ളതായിരുന്നു ആ സമ്മേളനത്തിന്റെ മുഖ്യോദ്ദേശം. സ്വാമികൾ ദക്ഷിണകർണ്ണാടകമുൾപ്പെടെ പല സ്ഥലങ്ങളിലും അവിടവിടെയുള്ള ജനങ്ങളുടെ അഭ്യർത്ഥനയനുസരിച്ച് ക്ഷേത്രങ്ങൾ സ്ഥാപിച്ചിട്ടുണ്ട്. അവയുടെ നാമനിർദ്ദേശത്തിനുപോലും നിർവ്വാഹമില്ലാതെയിരിക്കുന്നു. അവയിൽ അതിപ്രധാനമായി കരുതേണ്ടതു തലശ്ശേരി ജഗന്നാഥക്ഷേത്രത്തെയാകുന്നു. ആ ക്ഷേത്രം 1083-ാമാണ്ടു കുംഭമാസം 1-ാംനു-യാണ് പ്രതിഷ്ഠിച്ചത്. മതപരിഷ്കാരത്തോടുകൂടി അന്ധവിശ്വാസത്തിൽ ആണ്ടുകിടന്ന സമുദായത്തിലെ അനാചാരങ്ങൾക്കും സമൂലപരിവർത്തനം വരുത്തി.

## മഹാസമാധി

70-ാമത്തെ വയസ്സിനുമേലും സ്വാമികൾ തെക്കേ ഇന്ത്യയിലും സിലോണിലും ഒരു ദീർഘസഞ്ചാരം നടത്തി. വഴിയ്ക്കുവച്ചു രോഗഗ്രസ്തനാകുക നിമിത്തം തിരിയെ ശിവ ഗിരിയ്ക്കു പോന്നു. അവിടെവച്ച് 1104-ാമാണ്ടു കന്നിമാസം 5-ാംനു- ആ അത്ഭുതമഹസ്സ് ചിത്സ്വരൂപത്തിൽ വിലയം പ്രാപിച്ചു.

## സ്വഭാവം

സ്വാമികൾക്ക് ആശ്ചര്യകരങ്ങളായ പലസിദ്ധിവിശേഷങ്ങളും ഉണ്ടായിരുന്നുവെന്നു മുമ്പു പ്രസ്താവിച്ചിട്ടുണ്ടല്ലോ. അവയൊന്നും വലിയ നേട്ടങ്ങളായി ഗണിക്കാതെ അദ്ദേഹം തന്റെ സമുദായത്തെ രാവിൽനിന്നു പകലെന്നവണ്ണം ഉൽബുദ്ധമാക്കി; അതിന്റെ മാലിന്യങ്ങളെ നിമ്മാർജ്ജനം ചെയ്തു; ആത്മാഭിമാനവും ആത്മവിശ്വാസവും അതിലെ അംഗങ്ങൾക്കു സഞ്ജാതമാക്കി. ആ മഹാത്മാവിന്റെ അത്ഭുതാവഹമായ നേതൃത്വത്തിൽ ആ അങ്ഗങ്ങൾ സമീചീനമായി സമുൽഗമിച്ചു. ഇതരസമുദായങ്ങൾക്കും അദ്ദേഹം ഒരു ഉൽപതിഷ്ണുവായ മാർഗ്ഗദർശിയായി കേരളത്തിൽ ഉത്തരോത്തരം പേരും പെരുമയും വള്ത്തി. സ്വാമികളുടെ ഭൂതാനുകമ്പ, ഹൃദയശുദ്ധി, ലോകോദ്ധാരണവൈയഗ്ര്യം, പരേങ്ഗിതജ്ഞാനം, ദൂരവീക്ഷാകുശലത, സരസവും, സാരഭൂയിഷ്ഠവും ഫലിതസമ്മിശ്രവുമായ സംഭാഷണരീതി ഇത്യാദി ഗുണങ്ങൾ ആരെയും ഹഠാദാകർഷിക്കുവാൻ പര്യാപ്തമായിരുന്നു. അദ്ദേഹത്തെ ലോകപ്രസിദ്ധരായ വിദേശീയർപോലും അഭിവാദനംചെയ്തു ചരിതാർത്ഥരായി. അദ്ദേഹം അനുഷ്ഠിച്ചതുപോലെ അത്ര ഫലപൂർണ്ണമായ സമസൃഷ്ടകൈങ്കര്യം നമ്മുടെ നാട്ടിൽ മറ്റാരെങ്കിലും ചെയ്തിട്ടുണ്ടോ എന്നു ഞാൻ സംശയിക്കുന്നു.

## കൃതികൾ

ഗ്രന്ഥരചന അദ്ദേഹത്തിന്റെ കൃത്യശതങ്ങളുടെ കൂട്ടത്തിൽ ഉൾപ്പെട്ടിരുന്നില്ല. ആദ്യകാലത്തു ചില സുബ്രഹ്മണ്യസ്തോത്രങ്ങളും ശിവസ്തോത്രങ്ങളും പിന്നീടു ചില അദ്വൈതപദ്യങ്ങളും ഒടുവിൽ ദർശനമാലയുമാണ് അദ്ദേഹത്തിന്റെ കൃതികൾ. അവയിൽ (1) കണ്ഡലിനിപ്പാട്ട്, (2) വൈരാഗ്യദശകം, (3) മുനിചര്യാപഞ്ചകം, (4) ശിവശതകം, (5) മതമീമാംസ, (6) കാളീനാടകം (ഒരു ദണ്ഡകം), (7) ദർശനമാല ഇവയാണ് വാങ്മയങ്ങളിൽ പ്രധാനം. ഭാഷാകൃതികളിൽ ശിവശതകവും സംസ്കൃതകൃതികളിൽ ദർശനമാലയും പ്രാമുഖ്യത്തെ അർഹിയ്ക്കുന്നു. ചില ഉദാഹരണങ്ങൾ ഉദ്ധരിയ്ക്കാം.

> "ആടു പാമ്പേ! പുനം തേടു പാമ്പേ! അരു–
> ളാനന്ദക്കൂത്തു കണ്ടിടും പാമ്പേ!
> തിങ്കളും കൊന്നയും ചൂടുമീശർ തിരു–
> ച്ചെങ്കഴൽ ചേർന്നുനിന്നാടും പാമ്പേ!
> പുള്ളിപ്പുലിത്തോൽ പുതയ്ക്കും പൂമേനിയെ–
> ന്നുള്ളിൽക്കളിക്കുമെന്നാടു പാമ്പേ!
> കാമനെച്ചുട്ട കണ്ണുള്ള കാലാരിതൻ
> നാമം നുകർന്നുനിന്നാടു പാമ്പേ!" (കുണ്ഡലിനിപ്പാട്ട്)

> "ഭുജഃ കിമുപധാനതാം കിമു ന കുംഭിനീ മഞ്ചതാം
> വ്രജേദ്വൃജിനഹാരിണീ സ്വപദപാതിനീ മേദിനീ
> മുനേരപരസമ്പദാ കിമിഹ മുക്തരാഗസ്യ ത
> ത്ത്വമസ്യധിഗമാദയം സകലഭോഗ്യമത്യശ്നുതേ" (മുനിചര്യാപഞ്ചകം)

ഈ പഞ്ചകം സംസ്കൃതമാണ്.

“കണ്ണുണ്ടീരാറു കാതും കരവുമതുകണ–
ക്കുണ്ടു കാരുണ്യമോയീ–
വണ്ണം മറ്റാർക്കുമില്ലീയടിമയിഹ പെടും
പാടു കണ്ടീലയോ നീ?
കണ്ണിൽക്കണ്ടോർ പഴിക്കുന്നതുമൊരു ചെവികൊ–
ണ്ടെങ്കിലും കേട്ടതില്ലേ?
ദണ്ഡം തീർത്തെന്നെ രക്ഷിച്ചഭയമരുളുവാൻ
കയ്യുമൊന്നല്ലെ വേണ്ടൂ?”

(സുബ്രഹ്മണ്യസ്തോത്രം)

“പലമതസാരവുമേകമെന്നു പാരാ–
തുലകിലൊരാനയിലന്ധരെന്നപോലെ
പലവിധയുക്തി പറഞ്ഞു പാമരന്മാ–
രലമതു കണ്ടലയാതമർന്നിടേണം.

അഖിലരുമാത്മസുഖത്തിനായ് പ്രയത്നം
സകലവുമിങ്ങു സദാപി ചെയ്തിടുന്നു
ജഗതിയിലമ്മതമേകമെന്നു ചിന്തി–
ച്ചഘമണയാതകതാരമർത്തിടേണം.” (മതമീമാംസ)

“നമോ നാദവിദ്യാത്മികേ! നാശഹീനേ! നമോ നാ–
രദാദീഡ്യപാദാരവിന്ദേ! നമോ നാന്മറയ്ക്കും മണി–
പ്പൂവിളക്കേ! നമോ നാന്മുഖാദിപ്രിയാംബാ നമസ്തേ!!” ഇത്യാദി

(കാളീനാടകം)

## ദർശനമാല

ഉപനിഷത്സാരസർവ്വസ്വമായ ഈ സംസ്കൃതഗ്രന്ഥം മതവിഷയത്തിൽ അദ്വൈത വേദാന്തത്തിൽ സ്വാമികൾക്കുണ്ടായിരുന്ന അചഞ്ചലമായ വിശ്വാസം സ്പഷ്ടമായി പ്രദർശിപ്പിക്കുന്നു. അധ്യാരോപദർശനത്തിൽ തുടങ്ങി നിർവ്വാണദർശനത്തിൽ അവസാനിക്കുന്ന പത്തു ദർശനങ്ങൾ ഇതിൽ അന്തർഭവിക്കുന്നു. ഓരോ ദർശന ത്തിലും പത്ത് അനുഷ്ടുപ്പ് ശ്ലോകങ്ങൾ വീതമുണ്ട്.

“ആസീദഗ്രേ സദേവേദം ഭവനം സ്വപ്നവൽ പുനഃ
സസർജ്ജ സർവ്വം സങ്കല്പമാത്രേണ പരമേശ്വരഃ.”

(അധ്യാരോപദർശനം)

“ആത്മാ ന ക്ഷീരവദ്യാതി രൂപാന്തരമതോഖിലം
വിവർത്തമിന്ദ്രജാലേന വിദ്യതേ നിർമ്മിതം യഥാ.”

(അസത്യദർശനം)

“ഭക്തിരാത്മാനുസന്ധാനമാത്മാനന്ദഘനോ യഥാ
ആത്മാനമനുസന്ധത്തേ സദൈവാത്മവിദാത്മനാ.”

(ഭക്തി ദർശനം)

“ഏകമേവാദ്വിതീയം ബ്രഹ്മാസ്തി നാന്യന്ന സംശയഃ

ഇതി വിദ്വാൻ വിവർത്തേത ദ്വൈതാന്നാവർത്തതേ പുനഃ."
(നിർവ്വാണദർശനം)

ചട്ടമ്പിസ്വാമികളും നാരായണഗുരുസ്വാമികളും അവർ ജനിച്ച സമുദായങ്ങളുടേയോ രാജ്യത്തിന്റേയോ പ്രത്യേകസ്വത്തുക്കളല്ല. ഭാരതത്തിലെ അധുനാതനന്മാരായ പരമാചാര്യന്മാരുടെ കൂട്ടത്തിലാണ് അവരുടെ സ്ഥാനം.

## നീലകണ്ഠതീർത്ഥപാദർ (1047—1096)

### ജനനം

മൂവാററുപുഴത്താലൂക്കിൽ തിരുമാറാടി എന്നൊരു ഗ്രാമമുണ്ട്. ശ്രീമധുരേശ്വരക്ഷേത്രം അതിനു സമീപമാണ് സ്ഥിതിചെയ്യുന്നതു്. ആ ഗ്രാമത്തിൽ വാളാനിക്കാട്ടു കല്യാണിയമ്മ എന്ന പുണ്യവതിയുടേയും, നീലകണ്ഠപ്പിള്ള എന്ന ഒരു മാന്യന്റേയും തൃതീയപുത്രനായി നീലകണ്ഠതീർത്ഥപാദർ 1047 ഇടവം 13-ാംനു തൃക്കേട്ടനാളിൽ ജനിച്ചു. അച്ഛന്റെ ഗൃഹം പാഴൂരിനു രണ്ടുമൂന്നു നാഴിക അകലെയാണ്. അമ്മയുടേയും അച്ഛന്റെയും കുടുംബങ്ങൾ സമ്പന്നങ്ങളായിരുന്നു. പിതാവും പത്മനാഭപിള്ള, നാരായണപിള്ള എന്ന രണ്ടു ജ്യേഷ്ഠന്മാരും വിദ്വാന്മാരായിരുന്നു. അമ്മാവൻ പരമേശ്വരക്കുറുപ്പാണ് എഴുത്തിനിരുത്തിയതു്. കഥാപുരുഷനു 15 വയസ്സായപ്പോൾ അച്ഛൻ മരിച്ചു.

### വിദ്യാഭ്യാസം

തൃപ്പൂണിത്തുറ സ്കൂളിൽനിന്നു മിഡിൽസ്കൂൾ പരീക്ഷ ജയിച്ചതിനുമേൽ കഥാപുരുഷൻ എറണാകുളം ഇംഗ്ലീഷ് ഹൈസ്കൂളിൽ ആറാം ഫാറംവരെ വായിച്ചു. അത്തരത്തിലുള്ള വിദ്യാഭ്യാസത്തിൽ ആഭിമുഖ്യമില്ലാതിരുന്നതിനാൽ സംസ്കൃതപഠനത്തിലാണ് കൂടുതലായി ശ്രദ്ധ പതിപ്പിച്ചതു്. ബാല്യത്തിൽത്തന്നെ മൂത്ത ജ്യേഷ്ഠന്റെ കീഴിൽ കുറേയെല്ലാം സംസ്കൃതം അഭ്യസിക്കുകയും വിഷവൈദ്യവും മന്ത്രശാസ്ത്രവും സാംഗോപാംഗമായി പഠിച്ചു സിദ്ധിവരുത്തുകയും ചെയ്തു. തീർത്ഥപാദർ അക്കാലത്ത് ഒരു തികഞ്ഞ വിഷ്ണുഭക്തനും, സ്നാനജപാദിനിത്യകർമ്മങ്ങളിൽ ഏറ്റവും തൽപരനുമായിരുന്നു. തർക്കശാസ്ത്രം ശഠകോപാചാര്യരോടും, വ്യാകരണം കുംഭകോണം കൃഷ്ണശാസ്ത്രികളോടും മറ്റും അഭ്യസിച്ചു. കവിതയും പരിശീലിച്ചു. 20-ാമത്തെ വയസ്സിൽ വേദാന്തവിചാരത്തിൽ മനസ്സുവെച്ചു.

### ചട്ടമ്പി സ്വാമികൾ

തീർത്ഥപാദർ ഒരു വർഷത്തോളം ജപവ്രതാദികളിലും, ഗ്രന്ഥപാരായണത്തിലും, പിന്നീടു സ്വല്പകാലം സ്വദേശത്ത് അധ്യാപകവൃത്തിയിലും കഴിച്ചുകൂട്ടിയതിനുശേഷം യോഗവേദാന്തപാരീണനായ ചട്ടമ്പിസ്വാമികളുടെ അന്തേവാസിയായിത്തീരുകയും, ഖേചരീമുദ്ര ബന്ധിച്ചു ധ്യാനനിഷ്ഠ അഭ്യസിക്കുകയും, ബ്രഹ്മോപദേശം വാങ്ങുകയും ചെയ്തു. ചട്ടമ്പിസ്വാമികളുടെ ശിഷ്യന്മാരിൽ നാരായണഗുരു സ്വാമികളെ കഴിച്ചാൽ അടുത്ത സ്ഥാനം തീർത്ഥപാദർക്കുതന്നെയാണ്. "ശിശുനാമാവതു മാം സ പൂജ്യപാദഃ" എന്നവസാനിക്കുന്ന അഞ്ചു ശ്ലോകങ്ങൾ ശ്രീമദാരാധ്യപാദപഞ്ചകം എന്ന ശീർഷകത്തിൽ പിന്നീടു തന്റെ ആചാര്യനെപ്പററി രചിച്ചിട്ടുണ്ട്. അതു പിന്നീടു സപ്തകമാക്കി. ആ ആചാര്യനെ വന്ദിച്ചുകൊണ്ടാണ് മിക്ക കൃതികളും ആരംഭിച്ചിരിക്കുന്നതു്.

> "നിസ്തുലാനുഗ്രഹങ്ങൾക്കു വസ്തുഭൂവായ് വിളങ്ങിടും
> വസ്തു വിദ്യാധിരാജാഖ്യമസ്തു വാഗർത്ഥദം സദാ."

എന്നു ബ്രഹ്മാഞ്ജലിയിൽ കാണുന്നു. ഈ പരിശീലനം മൂന്നു കൊല്ലത്തേക്കേ നീണ്ടു നിന്നുള്ളു. അതിനിടകയ്ക്കുതന്നെ അദ്ദേഹം ജീവന്മുക്തനായിക്കഴിഞ്ഞു.

## അനന്തരകാലചരിത്രം

തീർത്ഥപാദർ ഒരു സഞ്ചാരപ്രിയനായിരുന്നു. ബഹുമുഖമായിരുന്ന അദ്ദേഹത്തിന്റെ ലോകസേവനമെങ്കിലും അവയിൽ ശിഷ്യോപദേശം, ശാസ്ത്രാഭ്യാസം, ദേശസഞ്ചാരം, ഗ്രന്ഥപാരായണം, കവിതാനിർമ്മാണം എന്നിവയ്ക്കായിരുന്നു പ്രാധാന്യമെന്നു പറയാം. സംസ്കൃതത്തിൽ ഗദ്യവും പദ്യവും ഒന്നുപോലെ രചിക്കുവാൻ വൈദഗ്ദ്ധ്യം ഉണ്ടായിരുന്നതുകൊണ്ടും, വ്യാകരണം, തർക്കം, വേദാന്തം മുതലായ ശാസ്ത്രങ്ങളിൽ നിഷ്ണാതനായിരുന്നതുകൊണ്ടും ഔത്തരാഹവും ദാക്ഷിണാത്യവുമായ ഭാരതപര്യടനങ്ങളിൽ അദ്ദേഹത്തിനു പല പണ്ഡിതസുഹൃത്തുക്കളെ സമ്പാദിക്കുവാൻ സാധിച്ചു. വേണ്ടിവന്നാൽ പ്രാകൃതത്തിലും കവനം ചെയ്യാമായിരുന്നു. മലയാളത്തിൽ സരസഗംഭീരങ്ങളായ ഗദ്യപദ്യങ്ങൾ നിർമ്മിക്കുന്നതിനുള്ള പാടവം അതിനു മനുതന്നെ നേടിയിരുന്നു. താനുണ്ടാക്കിയ ഗ്രന്ഥങ്ങൾ അച്ചടിപ്പിച്ചു സഹൃദയന്മാരുടെയിടയിൽ മൂല്യംകൂടാതെ വിതരണംചെയ്തു വന്ന അദ്ദേഹത്തിന്റെ യശസ്സ് ജർമ്മനി മുതലായ പാശ്ചാത്യരാജ്യങ്ങളിൽപ്പോലും പ്രസരിച്ചു. പരിവ്രാജകനായിരുന്നതിനാൽ ഒരു സ്ഥലത്തും സ്ഥിരമായി താമസിച്ചില്ല. അദ്ദേഹത്തിന് ഒരു വലിയ ശിഷ്യസമ്പത്തു മധ്യതിരുവിതാംകൂറിലും ഉത്തരതിരുവിതാംകൂറിലും ഉണ്ടായിരുന്നു. അവരെ അദ്ദേഹം പരിശീലിപ്പിച്ചതു് അദ്വൈതവേദാന്തമാണ്. തീർത്ഥപാദർ സംസ്കൃതത്തിലോ മലയാളത്തിലോ പ്രസിദ്ധീകൃതങ്ങളായ പുസ്തകങ്ങൾ മിക്കവാറും പാരായണം ചെയ്തിരുന്നു. എന്നുമാത്രമല്ല. മലയാളത്തിലെ മാസികകളും വൃത്താന്തപത്രങ്ങളും കൂടി മുടങ്ങാതെ വായിക്കുന്ന വിഷയത്തിൽ ശ്രദ്ധാലുവുമായിരുന്നു. പരിപൂർണ്ണമായ വേദാന്തവിജ്ഞാനത്തിനുവേണ്ടി തമിഴും, ദേശസഞ്ചാരത്തിനുപയോഗപ്പെടത്തക്കവണ്ണം തെലുങ്ക്, ബംഗാളി മുതലായ ഭാഷകളും സ്വാധീനമാക്കി . ഇത്രമാത്രം പരിശ്രമശീലന്മാരും പരോപകാരനിരതന്മാരുമായ പണ്ഡിതമൂർദ്ധന്യന്മാരെ അപൂർവ്വമായി മാത്രമേ കാണുവാൻ സാധിക്കുകയുള്ളു. യാവജ്ജീവം അദ്ദേഹം ഒരു വിദ്യാർത്ഥിയായിത്തന്നെ കാലയാപനം ചെയ്തു. വിനീതനും ജിജ്ഞാസുക്കൾക്ക് അഭീഷ്ടദാതാവുമായിരുന്നു ആ മഹാപുരുഷൻ. ഉപനിഷത്തുകൾ, സ്മൃതികൾ, ജ്ഞാനവാസിഷ്ഠം, പഞ്ചദശി എന്നീ വിശിഷ്ടഗ്രന്ഥങ്ങളിൽ അദ്ദേഹത്തിനുള്ള അന്യാദൃശമായ അവഗാഹം ആരെയും ആശ്ചര്യപരതന്ത്രന്മാരാക്കി. അന്നത്തെ സംഭവങ്ങൾ ഒരു ഡയറിയിൽ എഴുതി സൂക്ഷിച്ചിരുന്നുവെന്നുള്ളതു വിശിഷ്യ അഭിനന്ദനീയമാണ്. അദ്ദേഹത്തിനു തീരെ അറിവില്ലാത്ത വിഷയം സങ്ഗീതം മാത്രമായിരുന്നു എന്നു ചിലർ പറയാറുള്ളതിൽ അത്യുക്തിയില്ല. 1096-ാമാണ്ടു കർക്കടകമാസം 23-ാംനു കരുനാഗപ്പള്ളിയിൽ പള്ളിത്തോട്ടത്തുമഠത്തിൽവച്ചു സായൂജ്യം പ്രാപിച്ചു. അപ്രാപ്തകാലമായിരുന്നു ആ നിര്യാണം എന്നു പറയേണ്ടതില്ലല്ലോ.

## കൃതികൾ

തീർത്ഥപാദർ മലയാളത്തിലും സംസ്കൃതത്തിലുമായി ഒട്ടുവളരെ കൃതികൾ രചിച്ചിട്ടുണ്ട്. അവയിൽ ചിലതിന്റെ പേർ താഴെ ചേർക്കുന്നു. (1) മൗസലം മണിപ്രവാളം

14-ാമത്തെ വയസ്സിലും, (2) സുന്ദോപസുന്ദം നാടകം 20-ാമത്തെ വയസ്സിലും എഴുതി. അവയെ അപക്വഫലങ്ങളായി കരുതിയാൽ മതി. ചട്ടമ്പിസ്വാമികളിൽനിന്നു ബ്രഹ്മോപദേശം സിദ്ധിച്ചതിനുമേൽ എഴുതിയ കൃതികളെയേ കാര്യമായി ഗണിക്കേണ്ടതുള്ളു. അദ്വൈതസ്തബകം എന്ന പേരിൽ എട്ടു വാങ്മയങ്ങൾ 1079-നു മുൻപു നിർമ്മിച്ചു. (3) വേദാന്താര്യാശതകം, (4) ശ്രീരാമഗീതഭാഷ, (5) ആനന്ദമന്ദാരം, (6) ഹരികീർത്തനം, (7) രാമഹൃദയം ഭാഷ, (8) ആത്മപഞ്ചകം ഭാഷ, (9) കൈവല്യകന്ദളി വ്യാഖ്യാനം ഗദ്യം, (10) ശ്രീമദാരാധ്യപാദപഞ്ചകം ഇവയാണ് ആ എട്ടു വാങ്മയങ്ങൾ. ഇവയിൽ ഒടുവിലത്തേതുമാത്രമേ സംസ്കൃതത്തിൽ നിബന്ധിച്ചിട്ടുള്ളു. പ്രായേണ മിക്ക കൃതികളും അദ്വൈതപ്രതിപാദകങ്ങളാണ്. ശ്രീകണ്ഠാമൃതാർണ്ണവത്തിൽ അന്തർഭവിച്ചിരിക്കുന്നവയാണ്, (11) പ്രശ്നോത്തരമഞ്ജരി, (12) ശിവാമൃതം, (13) അദ്വൈതപാരിജാതം, (14) ഹരിഷഡ്വൃത്തം എന്നീ നാലു കൃതികൾ. ഇവയിൽ രണ്ടാമത്തേതിൽ 262 ശ്ലോകങ്ങളുണ്ട്. തീർത്ഥപാദരുടെ സംസ്കൃതശൈലി വ്യുൽപന്നന്മാർക്കുപോലും വ്യാഖ്യാനാപേക്ഷകൂടാതെ ഗ്രഹിക്കുവാൻ വിഷമമാകുന്നു. അത്തരത്തിലുള്ളകാവ്യങ്ങളിലെ നാളികേരപാകവും, അപൂർവ്വപദപ്രയോഗവും, ആരെയും അമ്പരപ്പിക്കുന്ന വ്യാകരണപാണ്ഡിത്യ പ്രകടനവും കാലക്രമേണ കുറഞ്ഞുവന്നുവെങ്കിലും വളരെയൊന്നും കുറഞ്ഞില്ല. യോഗാമൃതതരങ്ഗിണിയിൽപ്പെട്ട (15) ഹരിഭജനാമൃതം, (16) വിധുനവസുധാഝരി, (17) ഹരിപഞ്ചകം, (18) വിധുസ്തവമധുദ്രവം, (19) സ്വാത്മസുധാകരം, (20) യോഗരഹസ്യകൌമുദി, (21) യോഗമഞ്ജരി, (22) അമൃതലത (കൈവല്യകന്ദളി), (23) കാളീപഞ്ചകം ഇവയും, സങ്കല്പലതികയിൽ ചേർത്തിട്ടുള്ള (24) ദിവ്യക്ഷേത്രാദർശം, (25) ലക്ഷ്മീകടാക്ഷമാല, (26) ഭുവനേശ്വര്യഷ്ടകം, (27) സൂര്യാഷ്ടകം, (28) ശങ്കരാർഭോദയം, (29) അച്യുതാനന്ദലഹരി, (30) നീലകണ്ഠപഞ്ചകം, (31) ദക്ഷിണാമൂർത്തിഭുജംഗം, (32) അംബാകൃപാംബുവാഹം, (33) സ്വാരാജ്യലക്ഷ്മീപഞ്ചകം എന്നിവയും സംസ്കൃതനിബന്ധങ്ങളാണ്. (34) കണ്ണാമൃതലഹരി ശിഖരിണീവൃത്തത്തിൽ കവി നിർമ്മിച്ചിട്ടുള്ള ഒരു വിദ്വൽപ്രിയമായ ലഘുകാവ്യമാണ്. ആത്മാമൃതം എന്ന പുസ്തകത്തിൽ (35) പഞ്ചാക്ഷരസ്തോത്രം, (36) വിഷമൃത്യുഞ്ജയം, (37) സ്തവമാല എന്നീ സംസ്കൃതകൃതികൾ കാണാം. (38) സ്വരാജ്യസർവ്വസ്വം എന്നതാണ് മറ്റൊരു വാങ്മയം. (39) ബ്രഹ്മാഞ്ജലി, (40) ഹഠയോഗപ്രദീപിക, (41) ആചാരപദ്ധതി, (42) ദേവാർച്ചാപദ്ധതി ഗദ്യം ഇവ ഭാഷാകൃതികളാകുന്നു. ആചാരപദ്ധതിയും ദേവാർച്ചാപദ്ധതിയും താൻ ജനിച്ച സമുദായത്തിന്റെ ഉന്നമനത്തെ പുരസ്കരിച്ചു പലരുടേയും അഭ്യർത്ഥനകൾക്കു വിധേയനായി എഴുതിയതാണ്. ഇവകൂടാതെ വളരെ മാസികകൾക്ക് ഉപന്യാസങ്ങൾ സംഭാവനചെയ്തുവന്നു. യതികൾക്കു സദസ്സുകളിൽ സന്നിഹിതരായി പക്ഷം പിടിച്ചു പ്രസംഗിക്കുന്നതു് ഉചിതമല്ലെന്നായിരുന്നു അദ്ദേഹത്തിന്റെ നിഷ്കൃഷ്ടമായമതം. അതിനാൽ സഭകളിൽ പോവുക പതിവില്ലായിരുന്നുവെങ്കിലും നിർബ്ബന്ധിച്ചാൽ അവയിൽ വായിക്കുന്നതിനു ചില ഉപന്യാസങ്ങൾ എഴുതിക്കൊടുത്തുകൊണ്ടിരുന്നു. ഏതു ഗഹനതമമായ വേദാന്തവിഷയവും അദ്ദേഹം വിശകലനം ചെയ്തു പ്രകാശിപ്പിക്കുമ്പോൾ അത്യന്തം ലളിതമാകും. ഇതിനൊരുദാഹരണം പ്രദർശിപ്പിക്കാം. "മുൻപ് ഉപദേശിക്കപ്പെട്ടിരിക്കുന്ന ബ്രഹ്മധ്യാനനിഷ്ഠയിൽ ദൃഢത സിദ്ധിക്കാൻ നാഡി — ഹൃദയ — ശുദ്ധിദ്വാരാ ഉപയുക്തമെന്നു് പറഞ്ഞു് അപേക്ഷിക്കയാൽ പരമാനന്ദനാഥനു പ്രാണായാമക്രമം പറഞ്ഞുകൊടുത്തു. പ്രാണായാമം വല്ല അംശത്തിലും ജ്ഞാനത്തിനു സഹകാരിസാധനം (സഹായം) ആകുമെങ്കിലും ബ്രഹ്മനിഷ്ഠ ചെയ്യുന്നവർക്ക് ഇതു് ആവശ്യമെന്നു ഞങ്ങൾ വച്ചിട്ടില്ല. "അത ഏവ

ഭഗവൽപാദാഃ കുത്രാപി യോഗാപേക്ഷാം നവ്യൽപാദയാമാസുഃ" എന്ന വിദ്യാരണ്യസ്വാമിയും പറഞ്ഞിരിക്കുന്നു."

## ചില ഉദാഹരണങ്ങൾ

തീർത്ഥപാദരുടെ കവിതാരീതികാണിക്കുവാൻ ചില ഉദാഹരണങ്ങൾചുവടേ ചേർക്കുന്നു.

"ശ്രീമന്നാരായണപദതലദ്വന്ദ്വമദ്വൈതകന്ദം
സർവ്വോൽകൃഷ്ടം ഖന മതിവരാഹാത്മനാ ചാനുഭുങ്ക്ഷ്വ
ഏവംകാരേ ഭവസി ഹി സുഖീ നിത്യതൃപ്തത്വമീതോ
യത്നാദ്ധ്യാജ്ഞാം സഫലയ തതഃ പൂർണ്ണകാമോപ്യഹം സ്യാം."

(ഹരിഭജനാമൃതം)

"ശ്രുത്വാ മാതുർന്നിലീനാഃ സുരമുനിവചനാൽസ്വാവമാനം ച സമ്യ–
ക്കുപ്യൽകാലാഗ്നിരുദ്രാത്മകഹരനിടിലാക്ഷ്യുത്ഥിതാ ഭൈരവീ യാ
ബ്രഹ്മാണ്ഡവ്യാപ്യദേഹാ ദിഗിഭകരസഹസ്രാധികാഘോരരൂപാ
കണ്ഠേകാളീ സദാ സാ വിതരതു കരുണാർദ്രാന്തരാത്മാ ശിവം മേ."

(കാളീപഞ്ചകം)

"ഹൃദന്തഃപൂർവ്വാദ്രിം തിലകയതു ചിദ്ഭാനുരുദയൻ
സഭർഗ്ഗാഖ്യം തേജോ വിദിതമിഹ യസ്മിൻ ഭഗവതി
യദംശ്രുസ്രക്സമ്യഗ്ബുദയരജസം ധൂനയതി ത–
ത്തമസ്തസ്മാന്നിത്യം നിരുപമകൃപലതം (?) പ്രണവതി."

(കണ്ഠാമൃതലഹരി)

"ഇന്നെൻഹൃദയഗുഹാധിഗമിന്ദുസഹസ്രപ്രഭം രമാകാന്തം
സന്നമസ്സൊട്ടുമനിശം കിന്നരവദനം നമസ്കരിക്കുന്നേൻ."

(വേദാന്താര്യാശതകം)

## ത്ീത്ഥപാദപരമഹംസസ്വാമി (1057–1114)

### ചരിത്രം

തീർത്ഥപാദപരമഹംസസ്വാമി എന്ന പേർ സന്യാസാശ്രമം അങ്ഗീകരിച്ചപ്പോൾ കൈക്കൊണ്ടതാണ്. വടക്കൻപറവൂരിൽ വടക്കേക്കരപ്പകുതിയിൽ മഠത്തിൽ ഭവനത്തിൽ നാരായണക്കുറുപ്പ് എന്നാണ് ആദ്യകാലത്തെ പേർ. അദ്ദേഹം 1057 തുലാമാസത്തിൽ പൂരം നക്ഷത്രത്തിൽ ജനിച്ചു. പുതുക്കടി നാരായണൻ ഇളയതാണ് ആദ്യകാലത്തു സംസ്കൃതം പഠിപ്പിച്ചത്. പതിനാറാമത്തെ വയസ്സിൽ ചട്ടമ്പിസ്വാമികളുടെ ശിഷ്യനായി. പണ്ഡിതന്റേയും വേദാന്തിയുടേയും നിലയിൽ ഉയർന്നു. കവിതയും ഉണ്ടായിരുന്നു. താഴെക്കുറിക്കുന്ന കൃതികൾ അദ്ദേഹം രചിച്ചിട്ടുണ്ട്. (1) ലേഖനമാലിക (രണ്ടു ഭാഗങ്ങൾ — ഗദ്യം), (2) നവാലയേശ്വരീസ്തവം (പറവൂർ പുതിയകാവു ദേവിയെപ്പറ്റി), (3) സർവ്വേശ്വരാഷ്ടകം, (4) വേദാന്തചിന്താശതകം, (5) ചൂഡാലാശിഖിധ്വജം നാടകം, (6) ശ്രീകുമാരാഭരണശതകം, (7) വിഷ്ണുസ്തോത്രശതകം, (8) അമൃതാനന്ദലഹരി (ഗുരുസ്തോത്രം). ഇവയിൽ നവാലയേശ്വരീസ്തവം, വിഷ്ണുസ്തോത്രശതകം, അമൃതാനന്ദലഹരി ഇവ സംസ്കൃതഗ്രന്ഥങ്ങളാണ്.

"ജീവന്മാർക്കാ വിലയനിലയിൽ സ്വാത്മബോധപ്രകാശം
കൈവന്നീടാനിടവരികയില്ലാവൃതിപ്രാഭവത്താൽ
ജീവത്വത്തെപ്പരിചൊടരുളിക്കൊണ്ടിരിപ്പോരവിദ്യാ–
ജീവൻ പാർത്താലറിവിനെ മറയ്ക്കുന്നൊരശ്ശക്തിയല്ലോ."

(വേദാന്തവിചാരശതകം)

"ഓമൽച്ചെന്താർകരംകൊണ്ടളിവരചികുരം
മന്ദമന്ദം തലോടി
ശ്രീ മെത്തീടുന്ന ബാലത്തിരനിരപുരികം
മെല്ലെമെല്ലെന്നിളക്കി
പ്രേമം പൂണ്ടക്കരുംകുവളമിഴിമുനയാ–
ലീക്ഷണം ചെയ്തുചെയ്തു–
ങ്ങാമോദാൽപ്പുഞ്ചിരിക്കൊണ്ടരുളമൊരു ശര–
ത്തന്വിയെക്കണ്ടിതോ നീ?"

(ചൂഡാലാശിഖിധ്വജം)

1114-ാമാണ്ട് ചിങ്ങമാസം 26-ാംനു സമാധിയെ പ്രാപിച്ചു.

## പന്നിശ്ശേരി നാണുപിള്ള (1061—1118)

### ചരിത്രം

നാണുപിള്ളയെ ഈ സിദ്ധന്മാർക്കു പിന്നീടു ഇവിടെ സ്മരിച്ചിരിക്കുന്നതു് അദ്ദേഹം ഇവരിൽ ഒന്നും മൂന്നും പേരുടെ അന്തേവാസിയായതു കൊണ്ടാണ്. കരുനാഗപ്പള്ളിത്താലൂക്കിൽ മരുതൂർകുളങ്ങര എന്ന ഗ്രാമത്തിൽ പന്നിശ്ശേരി എന്നൊരു ഭവനമുണ്ടു്. അവിടെ കല്യാണിയമ്മയുടേയും പത്മനാഭക്കുറുപ്പ് എന്ന ഒരു പണ്ഡിതന്റേയും പുത്രനായി അദ്ദേഹം 1061-ാമാണ്ടു കന്നിമാസം 7-ാംനു ജനിച്ചു. കൊല്ലം ഇംഗ്ലീഷ് ഹൈസ്കൂളിൽ മൂന്നാം ഫാറംവരെ വായിച്ചു. അപ്പോഴത്തേക്ക് അച്ഛൻ അദ്ദേഹത്തിന്റെ 40-ാമത്തെ വയസ്സിൽ മരിച്ചുപോയി. അമ്മ വീണ്ടും പരിണീതയായി. പിന്നീടു സ്വല്പകാലത്തേയ്ക്കു് അമ്മാവന്റേയും ജ്യേഷ്ഠൻ വേലുപ്പിള്ളയുടേയും സംരക്ഷണത്തിൽ വളർന്നു. അമ്മാവന്റെ പേരു് കൃഷ്ണൻ എന്നായിരുന്നുവെന്നറിയുന്നു. സ്കൂളിലെ അദ്ധ്യയനം അവസാനിപ്പിക്കേണ്ടിവന്നുവെങ്കിലും ഇംഗ്ലീഷിൽ വേദാന്തപ്രതിപാദകങ്ങളായ പുസ്തകങ്ങൾ ധാരാളമായി വായിച്ച് ആ ഭാഷ കുറേക്കൂടി സ്വാധീനമാക്കി. അപ്പോഴാണ് നീലകണ്ഠതീർത്ഥപാദസ്വാമികൾ ആസ്ഥലത്തു ചെന്നുചേർന്നതു്. അദ്ദേഹവുമായുള്ള സഹവാസത്തിന്റെ ഫലമായി സംസ്കൃതം പഠിക്കണമെന്നുറച്ചു. കരിങ്ങോലിൽ കൃഷ്ണനാശാൻ എന്നൊരീഴവനായിരുന്നു ആദ്യത്തെ ഗുരു. പിന്നീടു നാരായണദേശികൻ എന്നൊരു പണ്ഡിതന്റെ കീഴിൽ പഠിത്തം തുടർന്നു. നാണുപിള്ളയുടെ തീക്ഷ്ണമായ ബുദ്ധിശക്തിയും മേധാബലവും വിശിഷ്യ വേദാന്തവാസനയുംകണ്ടു സന്തുഷ്ടനായ നീലകണ്ഠതീർത്ഥപാദർ അദ്ദേഹം ചട്ടമ്പിസ്വാമികളോടു ശിഷ്യപ്പെടണമെന്നുപദേശിച്ചു. അവിടെച്ചെന്നു വേദാന്തത്തിന്റേയും തർക്കത്തിന്റേയും മർമ്മങ്ങൾ ഗ്രഹിച്ചു. സംസ്കൃതത്തിലും പാണ്ഡിത്യം ഉറപ്പിച്ചു. മങ്ങാട്ടുവീട്ടിൽ കൊച്ചുകൃഷ്ണനാശാൻ, നാരായണനാശാൻ എന്നിങ്ങനെ രണ്ടു കഥകളിയാശാന്മാരുടെ ജന്മഭൂമിയെന്ന നിലയിൽ മരുതൂർകുളങ്ങര പ്രശസ്തമായിരുന്നു. നാണുപിള്ളയ്ക്കു ബാല്യംമുതല്ക്കുതന്നെ കഥകളിയിൽ അസാമാന്യമായ അവഗാഹമുണ്ടായിരുന്നതിനാൽ പല നടന്മാർക്കും മുദ്രക്കൈകളും മറ്റും മനസ്സി

ലാക്കിക്കൊടുത്തു് അവരുടെ ആചാര്യസ്ഥാനം വഹിക്കുവാൻ പ്രാപ്തിനേടി. രണ്ടു സിദ്ധന്മാരുടെ അന്തേവാസിയായി കാലയാപനം ചെയ്കനിമിത്തം പല വിഷയങ്ങളിലും വൈദുഷ്യം സമ്പാദിക്കുവാൻ അദ്ദേഹത്തിനു സാധിച്ചു എന്നു ചുരുക്കത്തിൽ പറയാം. ‘പരമാനന്ദനാഥൻ’ എന്ന ബിരുദത്താൽ അദ്ദേഹം അറിയപ്പെട്ടിരുന്നു. 1118-ാമാണ്ടു ചിങ്ങമാസം 4-ാംനു-യായിരുന്നു മരണം.

## കൃതികൾ

നാണുപിള്ള താഴെ പേരു കുറിക്കുന്ന കൃതികൾ രചിച്ചിട്ടുണ്ടു്. (1) പഞ്ചദശി കിളിപ്പാട്ടു (തർജ്ജമ,അപൂർണ്ണം), (2) നീലകണ്ഠതീർത്ഥപാദരുടെ ബ്രഹ്മാഞ്ജലിയിലെ ചില ഭാഗങ്ങൾ, (3) നിഴൽക്കുത്തു്, (4) ഭദ്രകാളീവിജയം, (5) പാദുകാപട്ടാഭിഷേകം, (6) ശങ്കരവിജയം എന്നീ നാലു് ആട്ടക്കഥകൾ, (7) സൂര്യശതകം (തർജ്ജമ). ഇവ കൂടാതെ നീലകണ്ഠതീർത്ഥപാദചരിത്രസമുച്ചയത്തിലെ പ്രഥമഭാഗവും അദ്ദേഹമാണു് എഴുതിയതു്. ആട്ടക്കഥകളെല്ലാം നന്നായിട്ടുണ്ടു്. നിഴൽക്കുത്തിൽനിന്നും ശങ്കരവിജയത്തിൽനിന്നും ഓരോ ഭാഗം ഉദ്ധരിക്കാം.

പദഭാഗം — ഭീമസേനൻ പാഞ്ചാലിയോടു്:

“അസമാശുഗവിജയപതാകേ! കുസുമാധികമൃദുതനുലതികേ!
ബിസസൂനമനോഹരവദനേ! അസിതോൽപലനയനേ! കാണ്ക
മതിതിലകം മങ്ങി രഥാംഗസ്തനവിഭ്രമവേഗമടങ്ങി
ഉഡുഘർമ്മാങ്കുരതതി ചിന്നിഗ്ഗഗനകപോലാന്തേ മിന്നി
ഗതയാമകയായ് വിലസീടും ശതദളലോചന നിന്നൊടു തുല്യം
ഗതിനിർജ്ജിതബാലമരാളേ! രതിതാന്തത തേടുന്നധുനാ.
ഹതദുഷ്ടമൃഗമാമീയടവി കണ്ടാലും കാമം
ക്രുധതൊട്ടതറ്റയോഗിഹൃദയാന്തംപോലെ ശാന്തം
ഉദരത്തെയുന്നിസ്സദാ പതറീടും പ്രാകൃതരെ–
യപഹസിപ്പൂ ജന്തുക്കളയത്നലബ്ധഭോജ്യങ്ങൾ.
തരുലതാകുലം ഫലനിരപേക്ഷം ഫലാദിക–
ളരുളിയുപചരിച്ചു നരനെ ലജ്ജിപ്പിക്കുന്നു.
പരിശുദ്ധിയകൃത്രിമപരിസരമെന്നിവയാൽ
പരദൃഷ്ടിപരിചയം കരുതുന്നോരിഹ വാഴ്വൂ.
സുരഭി വന്നിതു കാമസുരഭി പോൽ സുരസ്മിത–
സുരുചിരരുചി ചൊരിഞ്ഞുരുസുഖം നല്കുന്നിതാ.
പരഭൃതസ്വരത്താൽ നാം പുരിതന്നിൽഗ്ഗമിക്കുവാൻ
പറകയും ചെയ്തീടുന്നു പരിചോടു പോകതന്നെ.”

താഴെക്കാണുന്ന ശ്ലോകം സൂര്യശതകത്തിൽനിന്നാണു്.

“ചൊവ്വേ കാലങ്ങാൾ നില്ക്കുംചെടി വിളവുതരും
  മാരി നേരത്തിനുണ്ടാം
ഹവ്യത്താൽ തൃപ്തി നേടും സുരരുഡുനികരം
  മിന്നിടും കാറ്റു വീശും
ഭുവൈത്താങ്ങും മഹീഭൃത്തുകൾ കടൽ കയറാ
  ശാന്തമാമാശയെല്ലാ–
മേവൻ ശോഭിക്കയേവം ത്രിഭവനമിളകി–
  ല്ലായവൻ ശ്രീ തരട്ടേ.”

"ഉൽക്കടകാര്യോൽക്കടകർക്കശമഹാജ്ഞാന–
നക്രനിഗ്രഹമാകും മുഖ്യവൃത്തിയെപ്പൂണ്ടു
ചിൽക്കലാവിലാസശ്രീശങ്കരാനന്ദസ്വാമി
സൽഗുരുപാദാംബുജം വീണു ഞാൻ വണങ്ങുന്നേൻ.

നിന്തിരുവടിയുടെ പാദപങ്കജദ്വന്ദ്വ–
സന്തതസേവാപരിപാവനചിത്തന്മാർക്കു
ചന്തമോടറിവാനാത്മതത്ത്വത്തിൽ വിവേചന–
മന്തരമകന്നിങ്ങു നിർവ്വചിച്ചീടുന്നു ഞാൻ.
ജാഗരാവസ്ഥതന്നിൽ വേദ്യമായുള്ള ശബ്ദ–
സ്പർശാദിപഞ്ചേന്ദ്രിയവിഷയമോരോന്നുമേ
ഓരോരോ പ്രകാരത്തിൽക്കാണ്‍കയാലവയെല്ലാം
വേറുവേറായിത്തന്നെ വർത്തിച്ചുകൊണ്ടീടുന്നു."

(പഞ്ചദശി ഭാഷാഗാനം)

# 62

# നോവൽസ്സാഹിത്യം

## റ്റി. എം. അപ്പനെടുങ്ങാടി (1038–1109)

### ഉപക്രമം

ഭാഷയിൽ അക്കാലത്തു കഥ എന്ന സാഹിത്യവിഭാഗത്തിൽപ്പെടുന്ന യാതൊരു പുസ്തകവും ഇല്ലായിരുന്നു. ഇതിഹാസങ്ങളിലും പുരാണങ്ങളിലും പ്രതിപാദിതങ്ങളായ ഉപാഖ്യാനങ്ങൾ കവിതയ്ക്കാണ് വിഷയീഭവിച്ചതു്. മിഷണറിമാർ വിദ്യാർത്ഥികളെ ഉദ്ദേശിച്ച ചില അതിഹ്രസ്വങ്ങളായ കെട്ടുകഥകളും മറ്റും എഴുതി. വേറെയും ക്രിസ്തുമതപ്രചരണത്തിനുവേണ്ടി ആർച്ചുഡീക്കൺ കോശിയും മറ്റും പുല്ലേലികുഞ്ചു മുതലായ കൃതികളും രചിച്ചു. ഷേക്സ്പീയരുടെകോമഡി ഓഫ് എറേഴ്സ് എന്ന നാടകത്തിന്റെ ഇതിവൃത്തം ഉമ്മൻ പിലിപ്പോസ് ആൾമാറാട്ടം എന്ന പേരിൽ സംക്ഷേപിച്ചു. പി. വേലായുധൻ ആ മഹാകവിസാർവ്വഭൗമന്റെ പെരിക്ലിസ് നാടകത്തിലെ ഇതിവൃത്തം പരിക്ലേശരാജാവിന്റെകഥ എന്ന പേരിലും സംഗ്രഹിച്ചു. അത്തരത്തിലെല്ലാമല്ലാതെ സ്വതന്ത്രമായി, പാശ്ചാത്യ സമ്പ്രദായത്തിൽ നോവൽ എന്ന ഇനത്തിൽ ഉൾപ്പെടുത്താവുന്ന ഒരു കഥ ആദ്യമായി എഴുതി ഭാഷയെ ഭൂഷിപ്പിച്ചതു റ്റി. എം. അപ്പനെടുങ്ങാടിയാകുന്നു.

### കുടുംബം

തെക്കേ മലബാറിൽ വള്ളുവനാട്ടു താലൂക്കിൽ ഒററപ്പാലത്തിനുസമീപം കോതകുറിശ്ശി അംശത്തിൽ തലക്കോടിമഠം എന്നൊരു സാമന്തഭവനമുണ്ട്. അതിന്റെ ഒരു ശാഖ കോഴിക്കോട്ടു മാങ്കാവ് കോവിലകത്തിനു തൊട്ടടുത്തായി സ്ഥിതി ചെയ്യുന്നു. പുതിയപറമ്പ് എന്നാണ് ആ ശാഖാഗൃഹത്തിന്റെ പേർ. അപ്പനെടുങ്ങാടിയുടെ മാതാമഹികുഞ്ഞുക്കുട്ടിക്കോവിലമ്മയും മാതാവു കുഞ്ചുക്കുട്ടിക്കോവിലമ്മയും അവിടെയാണ് താമസിച്ചിരുന്നതു്. കുഞ്ചുക്കുട്ടി ക്കോവിലമ്മ സങ്ഗീതസാഹിത്യങ്ങളിൽ നിപുണയായിരുന്നു. കഥാപുരുഷന്റെ അച്ഛൻ സാമൂതിരിക്കോവിലകത്തെ മൂന്നാങ്കൂർ വാഴ്ചയായിരുന്ന മാനവിക്രമൻതമ്പുരാനാണ്.

### വിദ്യാഭ്യാസം

ബാല്യത്തിൽ കാവ്യനാടകങ്ങൾ വായിച്ചതിനു മേൽ അപ്പനെടുങ്ങാടി കോഴിക്കോട്ടു ഗവർമ്മെന്റ് കോളേജിലും കേരളവിദ്യാശാലയിലും പഠിച്ച് എഫ്. ഏ. പരീക്ഷ

ജയിച്ചു. പിന്നീടു മദിരാശിയിൽ പോയി ഡാക്ടർ മില്ലറുടെ കീഴിൽ ഒരധ്യേതാവായി ബി. ഏ. ജയിച്ചു. തദനന്തരം കണ്ണൂരിൽ ഒരു ഉപാദ്ധ്യായനായി ജോലിനോക്കി. അതിനുമേൽ കോഴിക്കോട്ടു മിഷണറിസ്കൂളിൽ സയൻസ്ടീച്ചറായി. ഒടുവിൽ മദിരാശി ക്രിസ്ത്യൻകോളേജിൽ ഒരു ട്യൂട്ടറായി മില്ലർസായിപ്പ് അദ്ദേഹത്തെ നിയമിച്ചു. ആ പണിയിൽ ഇരിക്കുമ്പോൾ ബി. എൽ. പരീക്ഷയിൽ ഉത്തീർണ്ണനായതിനുപുറമേ കുശാഗ്രബുദ്ധിയായ അദ്ദേഹം ബാങ്കുനടത്തുന്നതിനും മറ്റും സ്വപരിശ്രമംകൊണ്ടു പ്രായോഗികപരിജ്ഞാനം സമ്പാദിച്ചു.

## പൊതുജനസേവനം

ഇംഗ്ലീഷ് വർഷം 1888-ൽ അപ്പുനെടുങ്ങാടി കോഴിക്കോട്ടു വക്കീലായി വ്യവഹരിച്ചുതുടങ്ങി. 1897-ൽ അവിടത്തെ ഒരു ഒന്നാംകിടയിലുള്ള അഭിഭാഷകനായി. ആ കൊല്ലം മദിരാശി ഹൈക്കോടതിയിൽ വ്യവഹരിക്കാൻ തുടങ്ങിയെങ്കിലും ശരീരാസ്വാസ്ഥ്യം നിമിത്തം കോഴിക്കോട്ടേക്കു തിരിയെപ്പോന്നു. 1899-ലാണ്, അദ്ദേഹത്തിന്റെ പേരുമായി ഘടിപ്പിച്ചതും, ഇന്നും നല്ല നിലയിൽ നടന്നു പോരുന്നതുമായ നെടുങ്ങാടിബാങ്ക് അവിടെ സ്ഥാപിച്ചതു ബി. എൽ. പരീക്ഷയ്ക്കു പഠിക്കുന്ന അവസരത്തിൽ പിതൃമരണംനിമിത്തം ധനസംബന്ധമായ ക്ലേശം അദ്ദേഹത്തിന് അനുഭവിക്കേണ്ടിവന്നു. അന്നാണു സ്വന്തം നാട്ടിൽഅത്തരത്തിലുള്ള ഒരു സ്ഥാപനത്തിന്റെ ആവശ്യം അദ്ദേഹത്തിനു ബോദ്ധ്യമായതു്. തന്റെ ഒരു കാരണവരായിരുന്ന നെല്ലായ കിഴക്കേപ്പാട്ടു കേളു ഏറാടിയുടെ പുത്രി മീനാക്ഷിയമ്മയെ വിവാഹം ചെയ്തു. 1906-ൽ കോഴിക്കോട്ടു പബ്ലിക്പ്രാസിക്യൂട്ടറായി നിയമിതനായി. ഒൻപതു കൊല്ലത്തോളം ആ പണി നോക്കി. മലബാറിൽ ആദ്യം ക്ഷീരവ്യവസായത്തിനായി ഒരു കമ്പനി സ്ഥാപിച്ചു കുറേക്കാലം അതിന്റെ മാനേജിംഗ് ഡയറക്ടറായിരുന്നു. വേറേയും ഷാപ്പുസാമാനങ്ങൾ, തുണി മുതലായ പല കച്ചവടങ്ങളിലും അദ്ദേഹം ഏർപ്പെട്ടു. ഒരേ സമയത്തു ബുദ്ധി പല കാര്യങ്ങളിലും ചെലുത്തുവാൻ കഴിവുള്ള ഒരു നിർഭീകനും കർമ്മകുശലനും സ്ഥിരോത്സാഹിയും നിരന്തരവ്യവസായിയുമായിരുന്നു അദ്ദേഹം.

## സാഹിത്യപ്രവർത്തനം

കോഴിക്കോട്ട് ആരംഭിച്ച കേരളപത്രികയുടെ ജനയിതാക്കന്മാരിൽ ഒരാളായിരുന്നു നെടുങ്ങാടി എന്ന് അന്യത്ര പ്രസ്താവിച്ചിട്ടുണ്ട്. അവിടെ നിന്നു പിന്നീടു പുറപ്പെട്ടു കേരളസഞ്ചാരിയുടേയും തൃശ്ശൂരിലെ സുപ്രസിദ്ധമായ വിദ്യാവിനോദിനിയുടേയും ഉടമസ്ഥതയും മേൽനോട്ടവും സ്വല്പകാലത്തേക്കു വഹിച്ചിട്ടുണ്ട്. ബ്രിട്ടീഷ് ഗവർമ്മേന്റിൽ നിന്ന് അദ്ദേഹത്തിനു റാവുബഹദൂർ എന്ന സ്ഥാനം സമ്മാനിക്കുകയുണ്ടായി. കോഴിക്കോട്ടു കാൺവെന്റിൽ ക്രിസ്ത്യാനികളല്ലാത്ത ബാലികമാർക്കു പ്രവേശനമില്ലെന്നു കണ്ടു ചാലപ്പുറത്ത് എസ്. പി. ഇ. ഡബ്ല്യൂ. (Society for the Promotion of Education of Women) എന്ന പേരിൽ ഒരു സംഘം സ്ഥാപിച്ച് അതിന്റെ ആഭിമുഖ്യത്തിൽ ഒരു ഇംഗ്ലീഷ് സ്കൂൾ ഉൽഘാടനം ചെയ്തു. 1109-ാമാണ്ടു തുലാമാസത്തിലായിരുന്നു മരണം.

## കുന്ദലത

അപ്പുനെടുങ്ങാടി കുന്ദലതയ്ക്കുപുറമേ ഒരു പാഠാവലി മാത്രമേ എഴുതിയിട്ടുള്ളു. 1063-ാമാണ്ടു തുലാമാസത്തോടുകൂടിപ്പിച്ചാണ് കുന്ദലത പ്രസിദ്ധീകരിച്ചതു്. കുന്ദലത, താരാനാഥൻ, കപിലനാഥൻ, അഘോരനാഥൻ, രാമകിശോരൻ തുടങ്ങിയ കഥാപാത്രങ്ങളുടെ പേരുകൾ കേരളീയങ്ങളല്ല എന്നുള്ള അപവാദത്തിന് ഗ്രന്ഥകാരൻ “കേ

രള സമ്പ്രദായത്തിനനുസരിക്കാത്ത ചില മാതൃകകളും മര്യാദകളും ഇതിലെങ്ങാനും കാണ്മാനിടയുണ്ടെങ്കിൽ ഈ കഥ കേരളത്തിൽ നിന്നു വളരെ ദൂരെയുള്ള ഒരന്യദേശത്തു സംഭവിച്ചതായാണ് പറഞ്ഞിരിക്കുന്നത് എന്നും, ആയവ ആ ദേശത്തെ നടപ്പുകൾക്കനുസരിച്ചിരിക്കാ"മെന്നും സമാധാനം പറയുന്നു. "സാരബുദ്ധികളും, വിവേകികളും, സൗശീല്യപ്രധാനന്മാരും, ദയാലുക്കളും, ധൈര്യശാലികളും, നല്ല തനിക്കുതാൻപോന്നവരുമായ സ്ത്രീപുരുഷന്മാരുടെ വൃത്താന്തങ്ങളാണ് ഈ കഥയിൽ മുഴുവൻ" എന്നു തന്റെ അഭിപ്രായം സി. പി. അച്യുതമേനോൻ രേഖപ്പെടുത്തിയിട്ടുണ്ട്.

### കുന്ദലതയിലെ ശൈലി

"ആ ആളെ കണ്ടാൽ ഒരു യോഗീശ്വരനാണെന്നു തോന്നും. പീതാംബരം ചുറ്റിയിരിക്കുന്നു. വേറെ ഒരു വസ്ത്രംകൊണ്ടു ശരീരം നല്ലവണ്ണം മറയത്തക്കവിധത്തിൽ പുതച്ചിരുന്നതിനുപുറമേ ഒരു മാൻതോൽ കൊണ്ട് ഇടത്തുഭാഗം മുഴുവനും മറയ്ക്കുകയും ചെയ്തിരിക്കുന്നു. കഴുത്തിൽക്കൂടി പുറത്തേക്ക് ഒരു ചെറിയ ഭാണ്ഡം തൂക്കിട്ടുണ്ട്. കയ്യിൽ ഒരു ദണ്ഡും ഉണ്ട്. വലിയ ജടാഭാരം ശിരസ്സിന്റെ മുൻഭാഗത്തു നിരത്തിക്കെട്ടിവെച്ചിരിക്കുന്നു. താടി അതിനിബിഡമായി വളർത്തിയിട്ടുള്ളതിൽ ഒന്നോ രണ്ടോ നരച്ചരോമവും കാണ്മാനുണ്ട്. ഉന്നതകായനായ അദ്ദേഹത്തിന്റെ ലക്ഷണയുക്തമായ മുഖവും, വ്യൂഢമായിരിക്കുന്ന ഉരസ്സും, ഉജ്ജ്വലങ്ങളായിരിക്കുന്ന നേത്രങ്ങളും, ശരീരത്തിന്റെ തേജസ്സും കണ്ടാൽ സാമാന്യനല്ലെന്ന് ഉടനേ തോന്നാതിരിക്കയില്ല."

ഇത് ഒരു യോഗീശ്വരന്റെ വർണ്ണനയാണ്. ഇന്നും നമ്മുടെ ബാലന്മാരെയും ബാലികമാരെയും കുന്ദലത രസിപ്പിച്ചുകൊണ്ടിരിക്കുന്നതിൽ ആശ്ചര്യമില്ല.

## ഒ. ചന്തുമേനോൻ (1022—1075)

### ഉപക്രമം

സാമുദായികമായോ, ശാസ്ത്രഗന്ധിയായോ, ചരിത്രപരമായോ ഉള്ള ഒരു ആഖ്യായികയല്ല കുന്ദലത എന്നു മുൻപു സൂചിപ്പിച്ചുവല്ലോ. "അളകാപുരി അളകാപുരി എന്നൊരു രാജ്യം; അവിടെ അളകേശ്വരൻ അളകേശ്വരൻ എന്നൊരു രാജാവ്"എന്നും മറ്റും തുടങ്ങുന്ന മുത്തശ്ശിക്കഥകളുടെ കരുവിൽ കലാകൗശലത്തോടുകൂടി വാർത്തെടുത്ത ഒരു പഴയതും പുത്തനുമല്ലാത്ത ചെറിയ നോവൽ എന്നേ അതിനെ ഗണിക്കുവാൻ നിർവ്വാഹമുള്ളൂ. അക്കാലത്ത് ഉത്തരകേരളത്തിൽ അപ്പനെടുങ്ങാടിയെക്കാൾ വളരെ അനുഗൃഹീതനായ ഒരു സാഹിത്യകാരൻ ജീവിച്ചിരുന്നു. അദ്ദേഹമാണ് ഒയ്യാരത്തു ചന്തുമേനോൻ അദ്ദേഹം 1065-ൽ ലക്ഷണസമ്പന്നമായ ഒരു സാമുദായികാഖ്യായിക പ്രസിദ്ധീകരിച്ചു; അതാണ് ഇന്ദുലേഖ.

### ജനനം

ചന്തുമേനോന്റെ അച്ഛൻ ഉത്തരകേരളത്തിൽ കോട്ടയം താലൂക്കിൽ തലശ്ശേരിക്കു സമീപം പിണറായി അംശം കേളാലൂർ ദേശത്ത് ഇടപ്പാടി ചന്തുനായരായിരുന്നു. അദ്ദേഹം പോലീസ് ആമീൻ അഥവാ മജിസ്ത്രേട്ടുദ്യോഗവും അതിൽപ്പിന്നീട്ട താസിൽദാരുദ്യോഗവും വഹിക്കുകയാൽ ജനങ്ങൾ അദ്ദേഹത്തെ ചന്തുആമീൻ താസിൽദാർ എന്നു വിളിച്ചുവന്നു. കൊടുങ്ങല്ലൂരിനുസമീപം ചിറേറഴത്തുഭവനത്തിൽ പാർവ്വതിയമ്മയെ അദ്ദേഹം വിവാഹം ചെയ്തു. ആ ദമ്പതിമാരുടെ കനിഷ്ഠപുത്രനാണ് കഥാനായകൻ. 1022-ാമാണ്ടു ധനുമാസം 22-ാംനു ജനിച്ചു. പാർവ്വതിയമ്മയ്ക്കു

പുറമേ ചന്തുനായർ തലശ്ശേരിക്കടുത്ത് കൊറ്റിയത്തുവീട്ടിൽനിന്നു മറ്റൊരു യുവതി യേയും പരിഗ്രഹിക്കുകയുണ്ടായി. ആ സംബന്ധത്തിൽ ജനിച്ച ജ്യേഷ്ഠനാണ് കുഞ്ഞ മ്പുനായർ. അദ്ദേഹത്തിനു സ്വല്പം കവിതാവാസനയുമുണ്ടായിരുന്നു. ചന്തുനായർ കുറുമ്പ്രനാടുതാലൂക്കിൽ താസിൽദാരായിരുന്നപ്പോൾ അവിടെ നടുവണ്ണൂർകുളങ്ങര ക്കണ്ടി മഠത്തിൽവച്ചായിരുന്നു ചന്തുമേനോൻ ജനിച്ചത്. പിന്നീട് അച്ഛനു നടുവ ണ്ണൂരിൽനിന്നു കോവിൽക്കണ്ടിയിലേക്കു സ്ഥലംമാറ്റം കിട്ടുകയാൽ അവിടെ താൻ പണിയിച്ച ഒരു ഭവനത്തിൽ താമസിച്ചു. അനന്തരം കോട്ടയം താലൂക്കിലേക്കു മാറിയപ്പോൾ അവിടെ തിരുവങ്ങാട്ടു ശ്രീരാമക്ഷേത്രത്തിനു സമീപം താൻ മക്കൾ ക്കുവേണ്ടി ഉണ്ടാക്കിയ ഒയ്യാരത്ത് എന്ന ഗൃഹത്തിൽ പാർത്തു. ആ വഴിക്കാണ് ഒയ്യാരത്തു ചന്തുമേനോൻ എന്ന പേർ കഥാനായകനിൽ സംക്രമിച്ചത്.

## വിദ്യാഭ്യാസം

1038-ൽ പാർവ്വതിയമ്മ മരിച്ചു. തിരുവങ്ങാട്ടുവച്ചു കോരൻ ഗുരുക്കൾ എന്ന ഒരു നാട്ടെഴുത്തച്ഛന്റെ കീഴിൽ മലയാളം കുട്ടിവായിക്കുവാൻ പഠിച്ചതിനുമേൽ ചന്തുമേ നോൻ കുഞ്ഞമ്പുനമ്പിയാർ എന്ന പണ്ഡിതനോടു സംസ്കൃതത്തിലെ ബാലപാഠ ങ്ങൾ അഭ്യസിച്ചു. അച്ഛൻ വീണ്ടും കോവിൽക്കണ്ടിയിലേക്കു സ്ഥലം മാറിപ്പോകുക യാൽ മകനും കൂടെ പോയി. അവിടെ ഒരു ഇംഗ്ലീഷ് സ്കൂളിൽ ചേർന്നു പഠിച്ചുതുടങ്ങി. ചന്തുനായർ 1032-ൽ മരിച്ചു. അതിൽപ്പിന്നീടു ചന്തുമേനോൻ ഒയ്യാരത്തേക്കു തിരിയെ പ്പോന്നു. അതോടു കൂടി കുഞ്ഞമ്പുനമ്പിയാർ സംസ്കൃതവും അഭ്യസിപ്പിച്ചു. പാഠശാസ്കൂ ളിൽനിന്നും യഥാകാലം അൺകവനൻറഡ് സിവിൽസർവ്വീസ് (Uncovenented Civil Service) എന്ന പരീക്ഷയിൽ ജയിച്ചു. മട്രിക്കുലേഷനു പഠിച്ചുതുടങ്ങി. ആ അവസരത്തിൽ തലശ്ശേരി സ്മാൾക്കാസ് കോർട്ട് ജഡ്ജിയായിരുന്ന ജി. ആർ. ഷാർപ്പ് എന്ന സായിപ്പ് അദ്ദേഹത്തെ തന്റെ കോടതിയിലെ ആറാം ഗുമസ്തനായി നിയമിച്ചു. അങ്ങനെ ഇംഗ്ലീഷുവർഷം 1864-ൽ ചന്തുമേനോന്റെ വിദ്യാഭ്യാസം അവ സാനിച്ചുവെങ്കിലും സ്വപരിശ്രമംകൊണ്ട് അദ്ദേഹം ഇംഗ്ലീഷ് ഭാഷയിൽ അത്യന്തം നിപുണനായിത്തീർന്നു. തന്റെ മേലുദ്യോഗസ്ഥന്മാരായിരുന്ന എല്ലാ ധ്വരമാരുടേ യും പ്രീതി അദ്ദേഹത്തിനു സമ്പാദിക്കുവാൻ കഴിഞ്ഞതു സഹജമായ സ്വഭാവഗുണ വൈശിഷ്ട്യം കൊണ്ടും ആ നൈപുണ്യം കൊണ്ടുമായിരുന്നു.

## ഉദ്യോഗസ്ഥൻ

സ്മാൾക്കാസ് കോടതിയിൽനിന്നു ചന്തുമേനോൻ മലബാർ കലക്ടർ ലോഗൻ സാ യിപ്പിന്റെ വാത്സല്യം നിമിത്തം ഇംഗ്ലീഷ്‌വർഷം 1867-ൽ സബ്കലക്ടർ ആഫീസിൽ ഒരു ഗുമസ്തനായി നിയമിക്കപ്പെട്ടു. 1869-ൽ ആക്റ്റിംഗ് ഒന്നാം ഗുമസ്തനും 1871-ൽ ഹജ്ജൂർ ഹെഡ് മുൻഷിയുമായി. 1872-ൽ കോഴിക്കോട്ടു സിവിൽകോടതി ഹെ ഡ്ക്ലാർക്കായും അതിൽപ്പിന്നീടു മുൻസിഫായും ഉയർന്നു. 1892 വരെ പല മലബാർ കോടതികളിൽ ആ ഉദ്യോഗം വഹിച്ചതിനുശേഷം സബ്ജഡ്ജിയായി കയറ്റം ചെ യ്യപ്പെട്ടു. 1893-ൽ മംഗലാപുരം സബ്ജഡ്ജിയായി. അവിടെവച്ചു പക്ഷവാതം പിടി പെട്ടു കിടപ്പിലായി. 1897-ൽ ആ രോഗം ശമിച്ചപ്പോൾ കോഴിക്കോട്ടു സബ്ജഡ്ജി യായി. 1898-ൽ ബ്രിട്ടിഷ് ഗവമ്മെന്റ് അദ്ദേഹത്തിനു റാവുബഹദൂർ എന്ന സ്ഥാനം സമ്മാനിച്ചു. സർ. സി. ശങ്കരൻനായരുടെ മലബാർ വിവാഹബില്ലിനെപ്പറ്റി അന്വേ ഷിച്ചു റിപ്പോർട്ടു ചെയ്യാൻ മദിരാശി ഗവമ്മെണ്ടിൽ നിന്നു ഹൈക്കോടതി ജഡ്ജി സർ. ടി. മുത്തുസ്വാമിഅയ്യരുടെ അധ്യക്ഷതയിൽ നിയമിച്ച കമ്മിറ്റിയിൽ ചന്തുമേ നോനും ഒരു അംഗമായിരുന്നു. കോഴിക്കോട്ടുവച്ച് 1075 ചിങ്ങം 24-ാംനു യശശ്ശരീര

നായി. അന്നും പതിവുപോലെ കോടതിയിൽ പോവുകയും ഔദ്യോഗികകൃത്യങ്ങൾ പൂർണ്ണമായി നിർവ്വഹിക്കുകയും ചെയ്തിരുന്നു.

## ദാമ്പത്യം

കൊച്ചി ഇരിങ്ങാലക്കുട ക്ഷേത്രത്തിൽ പണിയുണ്ടായിരുന്ന വരമ്പത്തു കൃഷ്ണമേനോന്റെയും, കാത്തോളി ലക്ഷ്മിയമ്മയുടേയും പുത്രിയായ ലക്ഷ്മിക്കുട്ടിയമ്മയെ ആ ഭാഗ്യവതിയുടെ 12-ാമത്തേയോ 19-ാമത്തേയോ വയസ്സിൽ ചന്തുമേനോൻ വിവാഹം കഴിച്ചു. അവർ അദ്ദേഹത്തിന് ഏററവും അനുരൂപയായ സഹധർമ്മിണിയായിരുന്നു. സങ്ഗീതസാഹിത്യങ്ങളിൽ നിപുണയായ ആ സാധ്വിയാണ് ചന്തുമേനോനെക്കൊണ്ട് ഇന്ദുലേഖ രചിപ്പിച്ചതും വലിയകോയിത്തമ്പുരാനെക്കൊണ്ട് അമരുകശതകം ഭാഷാന്തരീകരിപ്പിച്ചതും. “സുമതികൾമണി ചന്തുമേനവന്റെ കമനി മനീഷിണി” എന്നാണ് ആ മഹിളാരത്നത്തെപ്പറ്റി വലിയകോയിത്തമ്പുരാൻ എഴുതിയിരിക്കുന്നത്.

## ചില ഗുണവിശേഷങ്ങൾ

ചന്തുമേനോന്റെ സ്വഭാവനൈർമ്മല്യവും നീതിനിഷ്ഠയും സത്യസന്ധതയും അത്യന്തം പ്രശംസനീയങ്ങളാണ്. ആരിലും ഗുണം കണ്ടാൽ അകമഴിഞ്ഞു ബഹുമാനിക്കുകയും ദോഷം കണ്ടാൽ നിർദ്ദയമായി പരിഹസിക്കുകയും ചെയ്യുന്നതിൽ അദ്ദേഹം ഉപേക്ഷ കാണിച്ചിരുന്നില്ല. അദ്ദേഹത്തിന്റെ നിശിതങ്ങളായ പരിഹാസങ്ങൾക്ക് ഉദാഹരണങ്ങൾ എത്ര വേണമെങ്കിലും എടുത്തു കാണിക്കാവുന്നതാണ്. താൻ ഒരു കേരളീയനാണെന്നുള്ളതിൽ അദ്ദേഹം തികച്ചും അഭിമാനംകൊണ്ടു. സാഹിത്യത്തിനു പുറമേ സങ്ഗീതം, ചെണ്ടകൊട്ട്, കഥകളി, മോഹിനിയാട്ടം എന്നിവയിലും അദ്ദേഹത്തിന് അസാമാന്യമായ അഭിനിവേശമുണ്ടായിരുന്നു.

## കൃതികൾ

ചന്തുമേനോൻ (1) ഇന്ദുലേഖ, (2) ശാരദ ഈ രണ്ടു നോവലുകളും, (3) മയൂരസന്ദേശം, (4) ഉത്തരരാമചരിതം ഇവയെപ്പറ്റി നിരൂപണങ്ങളും, തന്റെ സ്നേഹിതൻ കുഞ്ഞിശ്ശങ്കരൻ നമ്പിയാരുടെ,

> “ഇതി നരിചരിതം സമാപ്തമേതൽ
> കഥകളിലുത്തമമെത്രയുംവിചിത്രം
> പരിചൊടിതു കഥിക്ക കേൾക്കയെന്നാൽ
> നരിഭയമില്ലയകത്തടച്ചിരുന്നാൽ”

എന്നവസാനിക്കുന്ന നരിചരിതം (5) എന്ന വിനോദകാവ്യത്തിനു മുഖവുരയുമാണ് രചിച്ചിട്ടുള്ളത്. ഇവയ്ക്കുപുറമേ “എന്തിനു വെറുതേ സുന്ദരിമണി നീ കേഴുന്നതു— കളമൊഴി! കമലമിഴി! കളക കലഹം” എന്നൊരു ഗാനവും അദ്ദേഹം രചിച്ചിട്ടുള്ളതായി കാണുന്നു.

## ഇന്ദുലേഖ

ഒട്ടു വളരെ ഇംഗ്ലീഷ് നോവലുകൾ ചന്തുമേനോൻ വായിച്ചിരുന്നു. തന്റെ പത്നിയെ അവയിൽ ചിലതിലെ കഥ ഗ്രഹിപ്പിച്ചുതുടങ്ങിയപ്പോൾ ആ സുചരിത മലയാളത്തിൽ അങ്ങനെ ഒരു പുസ്തകം ഉണ്ടാക്കിക്കൊടുക്കണമെന്നു നിർബ്ബന്ധിച്ചു. എല്ലാ കാര്യങ്ങളും ആലോചിച്ച് ഒരു ഇംഗ്ലീഷ് നോവൽ തർജ്ജമ ചെയ്യുന്നതിനെക്കാൾ

നല്ലതു് അതിന്റെ രീതി പിടിച്ചു മലയാളത്തിൽ ഒന്നു സ്വതന്ത്രമായി നിർമ്മിക്കുന്നതാണു് എന്നു് അദ്ദേഹത്തിനു ബോധ്യപ്പെട്ടു. അതിന്റെ ഫലമായി പരപ്പനങ്ങാടിയിൽ മുൻസിഫായിരുന്ന കാലത്തു് ഇംഗ്ലീഷ്‌വർഷം 1889 ജൂൺ 11-ാംനു ഇന്ദുലേഖ എഴുതിത്തുടങ്ങുകയും ആ പണി ആഗസ്റ്റ് 17-ാംനു അവസാനിപ്പിക്കുകയും ചെയ്തു. അങ്ങനെ സുമാർ രണ്ടു മാസം കൊണ്ടു മുഴുമിച്ചതാണു് പ്രസ്തുത പുസ്തകം. ചന്തുമേനോന്റെ കൃതഹസ്തതയ്ക്കു് ഇതിലധികം ഒരു തെളിവ് ആവശ്യമില്ലല്ലോ. ഇന്ദുലേഖ ഒരു സാമുദായിക കഥയാണു്. അതു നടന്നതായി കവി സങ്കല്പിക്കുന്നതു കേരളത്തിലല്ലാതെ മറ്റെങ്ങുമല്ല. സൂക്ഷ്മനിരീക്ഷണത്തിന്റെ ഫലമായി അനേകം സമുദായങ്ങളിൽപ്പെട്ടവരെ അദ്ദേഹം കഥാപാത്രങ്ങളാക്കീട്ടുണ്ടു്. അവരിൽ വിടനും വിഡ്ഢിയുമായ സൂരിനമ്പൂരിപ്പാട്ടു് ഒരു വിശേഷസൃഷ്ടിയാണു്. അതിനേക്കാൾ വിശേഷസൃഷ്ടിയാണു് ശാരദയിലെ വൈത്തിപ്പട്ടർ. ഒരു പാത്രത്തെ നല്ലതാക്കിയാൽ അതിരില്ലാതെ വാഴ്ത്തുകയും ചീത്തയാക്കിയാൽ അളവില്ലാതെ താഴ്ത്തുകയും ചെയ്യുന്നതിനു ഗ്രന്ഥകാരനു പ്രത്യേകം ഒരു പ്രവണതയുണ്ടായിരുന്നു. എന്നാൽ അത്തരത്തിലുള്ള നീചപാത്രവർണ്ണനയിൽ അദ്ദേഹത്തിനു ദുരുദ്ദേശമൊന്നും ഉണ്ടായിരുന്നില്ല. “മലയാളത്തിൽ അത്യുൽക്കൃഷ്ടസ്ഥിതിയിൽപ്പെട്ടിട്ടുള്ളവരായ നമ്പൂരിപ്പാടന്മാരെയും നമ്പൂരിമാരെയും പരിഹസിക്കണമെന്നുള്ള ഒരു ദുഷ്ടവിചാരം എനിക്കു ഒരിക്കലും ഉണ്ടായിട്ടില്ലെന്നു് എന്റെ ബുദ്ധിമാന്മാരും നിഷ്പക്ഷവാദികളുമായ വായനക്കാർക്കു് ധാരാളമായി മനസ്സിലാകുമെന്നു ഞാൻ വിശ്വസിക്കുന്നു” എന്നു് അദ്ദേഹം തന്നെ തുറന്നു പറഞ്ഞിട്ടുമുണ്ടു്. നമ്പൂരിമാരും നായന്മാരും ഒന്നുപോലെ നന്നായിക്കാണണമെന്നായിരുന്നു അദ്ദേഹത്തിന്റെ അഭിസന്ധി. കാലോചിതമായ വിദ്യാഭ്യാസവും തജ്ജന്യമായ പരിഷ്കാരവും ആ രണ്ടു സമുദായങ്ങളിലെ അങ്ഗങ്ങൾക്കും ഉണ്ടാകണമെന്നു് അദ്ദേഹം അത്യധികമായി ആശിച്ചിരുന്നു. സർവ്വോപരി പുരുഷന്മാരെപ്പോലെ സ്ത്രീകളും വിദ്യ അഭ്യസിക്കുണമെന്നായിരുന്നു അദ്ദേഹത്തിന്റെ ആഗ്രഹം. ഇന്ദുലേഖയിൽ പ്രയോഗിച്ചിരിക്കുന്ന ഭാഷയെപ്പറ്റിയും അദ്ദേഹത്തിനു ചിലതെല്ലാം പറയുവാനുണ്ടു്. സംസ്കൃതത്തെ കഴിവുള്ളിടത്തോളം അകറ്റിനിറുത്തി സാധാരണജനങ്ങൾ ഗൃഹത്തിൽ സംസാരിക്കുന്ന രീതിയിലാണു് അദ്ദേഹം തന്റെ കൃതികൾ രചിച്ചിരിക്കുന്നതു്. അദ്ദേഹത്തിനു സംസ്കൃതത്തിൽ ലോകവ്യുൽപ്പത്തിഉണ്ടായിരുന്നു എന്നു ചാത്തുക്കുട്ടി മന്നാടിയാരുടെ ഉത്തരരാമചരിതത്തിന് അദ്ദേഹം എഴുതീട്ടുളള നിരൂപണത്തിൽനിന്നു വ്യക്തമാകുന്നുണ്ടു്. “വ്യുൽപത്തി എന്നു ശരിയായി സംസ്കൃതത്തിൽ ഉച്ചരിക്കേണ്ട പദത്തെ വില്പത്തി എന്നാണു് നോം സാധാരണ പറയാറു്. അതു് ആ സാധാരണമാതിരിയിൽത്തന്നെയാണു് ഈ പുസ്തകത്തിൽ എഴുതിയിരിയ്ക്കുന്നതു്. ഇതുപോലെ പലേ വാക്കുകളേയും കാണാം; ‘പട്ടു’. ‘ധ്രുതഗതി’, ‘ധ്രുതഗതിക്കാരൻ’, ‘യോാഗ്യമായ സഭാ’ ഈവക പലേ പദങ്ങളും സമാസങ്ങളും സംസ്കൃതസിദ്ധമായ രീതിയിൽ അല്ല, മലയാളത്തോടു ചേർത്തു പറയുമ്പോൾ ഉച്ചരിക്കുന്നതും അർത്ഥം ഗ്രഹിക്കുന്നതും. അതുകൊണ്ടു സാധാരണ മലയാളഭാഷ സംസാരിക്കുമ്പോൾ ഈ വാക്കുകൾ ഉച്ചരിക്കുന്ന പ്രകാരം തന്നെയാകുന്നു ഈ പുസ്തകത്തിൽ ഉപയോഗിച്ചിരിക്കുന്നതു്” എന്നും മറ്റും അദ്ദേഹം തനിക്കു് ആ വിഷയത്തിലുള്ള അഭിപ്രായം രേഖപ്പെടുത്തിയിരിക്കുന്നു. എങ്കിലും ചില വർണ്ണനാത്മകങ്ങളായ ഘട്ടങ്ങളിൽ ഭാഷാവിഷയകമായി അദ്ദേഹം ഒന്നുകൂടി മനസ്സിരുത്തേണ്ടതായിരുന്നു എന്നു തോന്നാറുണ്ടു്.

## ഗുണദോഷനിരൂപണം

ഇന്ദുലേഖയുടെ കഥാഗുംഫനത്തിൽ ഗ്രന്ഥകാരൻ വിജയം പ്രാപിച്ചിട്ടുണ്ടെന്നു പറയുവാൻ നിർവ്വാഹമില്ല. 18-ാമധ്യായത്തിലെ ദീർഘമായ നിരീശ്വരതത്വവാദവും, ഇന്ത്യൻ നാഷണൽ കാൺഗ്രസ്സിനെക്കുറിച്ചുള്ള വിമർശവും മറ്റും കഥയുടെ പുരോഗതിയെ യാതൊരു വിധത്തിലും സഹായിക്കുന്നില്ല. ഇങ്ങനെ വേറെയും ചില വൈകല്യങ്ങൾ ഇത്രതന്നെ അനുചിതങ്ങളല്ലെങ്കിലും ചൂണ്ടിക്കാണിക്കുവാൻ കഴിയും. എന്നാൽ പ്രകൃതിവർണ്ണനം, പാത്രസൃഷ്ടി, സ്വഭാവവിശകലനം, ഭാവനാകുശലത, ഫലിതമാർമ്മികത, ഉപാലംഭനപാടവം എന്നിങ്ങനെയുള്ള അംശങ്ങളിൽ ആ കൃതി സർവ്വോൽകൃഷ്ടമായ ഒരു സ്ഥാനത്തെ അലങ്കരിക്കുന്നു. ചില ഉദാഹരണങ്ങൾ ചൂണ്ടിക്കാണിച്ച് എന്റെ ആശയം സ്പഷ്ടമാക്കാം.

## ബോംബേതുറമുഖത്തിന്റെ വർണ്ണനയിലെ ഒരു ഭാഗം

“പാൽനുരപോലെ അതിധവളങ്ങളായും നീരുണ്ട മേഘം പോലെ ശ്യാമളങ്ങളായും കങ്കമവർണ്ണങ്ങളായും അരുണവർണ്ണങ്ങളായും മിശ്രവർണ്ണങ്ങളായുമുള്ള പലമാതിരി അത്യുന്നതങ്ങളായ ആറും നാലും രണ്ടും കുതിരകളാൽ വലിക്കപ്പെടുന്നതും, മഞ്ഞവെയിലിൽ അതിമനോഹരമായി മിന്നിത്തിളങ്ങിക്കൊണ്ടു കണ്ണുകളെ മയക്കുന്നതും ആയ ഗാഡികൾ അസംഖ്യം അന്യോന്യം തിക്കിത്തിരക്കില്ലാതെ ഓടുന്നതുകളടേയും, ചിത്രത്തിൽ നില്ക്കുന്നതുപോലെ ബഹുസജ്ജമായിട്ടു സമുദ്രതീരത്തിൽ ചിലേടങ്ങളിൽ നിർത്തീട്ടുള്ളതുകളടേയും കാഴ്ച, പിന്നെ ആ ഗാഡികളിൽത്തന്നെയിരുന്നു കടൽക്കാറ്റു കൊള്ളുന്നവരുടേയും പുറത്തിറങ്ങി നടന്നിട്ടും കടൽവക്കത്തു കെട്ടിയുണ്ടാക്കീട്ടുള്ള അതിമനോഹരമായ ഇരിപ്പിടങ്ങളിൽ ഇരുന്നിട്ടും കാണാവുന്ന മഹാന്മാരായ പുരുഷന്മാരുടേയും ചന്ദ്രമുഖികളായ സ്ത്രീകളുടേയും വികസിച്ചുനില്ക്കുന്ന ചെന്താമരപ്പൂക്കളെപ്പോലെ ശോഭിക്കുന്ന മുഖങ്ങളോടുകൂടിയ ചെറിയ കിടാങ്ങളുടേയും സംഘം സമുദ്രത്തിൽനിന്നു വരുന്ന മന്ദസമീരണനെ ഏറ്റു രസിച്ചു സല്ലപിച്ചിരിക്കുന്നതിനെ കാണുന്ന ആനന്ദകരമായ കാഴ്ച . . . പിന്നെ ഈ സകല കാഴ്ചകൾക്കും വിനോദങ്ങൾക്കും ജീവനും അതിശോഭയും കൊടുക്കുന്നതും വാചാമഗോചരമായി, നിസ്തുല്യമായിരിയ്ക്കുന്ന സൂര്യാസ്തമനശോഭ.”

സൂരിനമ്പൂരിപ്പാടും അദ്ദേഹത്തിന്റെ വ്യവഹാരകാര്യസ്ഥൻ താശ്ശൻമേനോനും:

“നമ്പൂരി: എനിയ്ക്ക് ഇന്നു കാര്യം നോക്കാൻ ഒന്നും ഇടയില്ല. താച്ചൂ, നീ പൊയ്ക്കോ.

താശ്ശൻ: ഇത് അസാരം ഒന്നു നോക്കാതെ കഴികയില്ല.

ന: ഇന്നു നീ എന്തു പറഞ്ഞാലും എനിയ്ക്ക് ഇടയില്ല.

താ: മറ്റന്നാൾ നമ്പർ വിചാരണയാണ്. അടിയന് ഒരു വിവരം ഉണർത്തിക്കാനുണ്ടായിരുന്നു. അത് ഇപ്പോൾ ഉണർത്തിക്കാതെ കഴികയില്ല.

ന: എന്തു വിചാരണയായാലും വേണ്ടതില്ല. ഇന്ന് എനിക്കു ഒരു കാര്യവും കേൾക്കാൻ ഇടയില്ല.

താ: ഒരാധാരം ഫയലാക്കേണ്ടതുണ്ട്. അതിന് ഒരു ഹരജി കൊടുക്കണം. ഹരജി എഴുതിക്കൊണ്ടുവന്നിട്ടുണ്ട്. അതിൽ ഒന്നു തൃക്കൈവിളയാടിത്തന്നാൽ മതി.

ന: ഇന്നു ശനിയാഴ്ചയാണ്. ശനിയാഴ്ച ഞാൻ ഒരു കടലാസ്സിലും ഒപ്പിടാറില്ലെന്നു താച്ചുവിന്നു നിശ്ചയമില്ലേ? പിന്നെ എന്തിന് എന്നെ ഉപദ്രവിക്കുന്നു?

താ: ആധാരം ഫയലാക്കാൻ തിങ്കളാഴ്ച ഹാജരാക്കീട്ടില്ലെങ്കിൽ നമ്പർ ദോഷമായ്പ്പോകും.

ന: എങ്ങനെയെങ്കിലും തീരട്ടെ, അപ്പീൽക്കോടതി ഇല്ലേ?

താ: ആധാരം ഫയലാക്കാഞ്ഞാൽ അപ്പീൽക്കോടതിയിലും തോല്ക്കും.

ന: ഇതു വലിയ അനർത്ഥംതന്നെ. താച്ചുവിനെ ഒരു കാര്യം ഏല്പിച്ചാൽ പിന്നെ എന്നെ വന്ന് ഇങ്ങനെ ബുദ്ധിമുട്ടിക്കുന്നത് എന്തിനാണ്?

താ: ഹരജിയിൽ അടിയന്ന് ഒപ്പിട്ടു കൊടുക്കാൻ പാടുണ്ടോ?

ന: ഇന്നു ശനിയാഴ്ച ഞാൻ ഒരു ഹരജിയിലും ഒപ്പിടുകയില്ല. പണ്ട് ഒരന്യായത്തിൽ ശനിയാഴ്ച ഒപ്പിട്ട് ഒരു നമ്പ്ര് തോറ്റുപോയതു് താച്ചുവിന് ഓർമ്മയില്ലേ?

താ: ഇതു് അന്യായമല്ലാ ഹരജിയല്ലേ?"

ഇങ്ങനെ പോകുന്ന ആ സംഭാഷണം എത്ര തന്മയത്വത്തോടുകൂടിയാണ് ചന്തുമേനോൻ നമ്മെ വരച്ചുകാണിച്ചിരിയ്ക്കുന്നത്!

ഇന്ദുലേഖയ്ക്കു ഒരു വലിയ മെച്ചം കിട്ടിയതു് ആ പുസ്തകം മലബാർ കലക്ടരായിരുന്ന ഡബ്ലിയു. ഡ്യൂമെർഗ്ഗ് (W. Dumergue) 1066-ൽ ഇംഗ്ലീഷിലേക്കു വിവർത്തനംചെയ്തു എന്നുള്ളതാണ്. ഡ്യൂമെർഗ്ഗിന്റെ തർജ്ജമ വളരെ നന്നായിട്ടുണ്ട്. അക്കാലത്തു മലബാർജില്ലയിൽ കലക്ടരുദ്യോഗം വഹിച്ച സായിപ്പന്മാരിൽ പലരും മലയാളഭാഷയെ സ്നേഹിച്ചിരുന്നു. ലോഗൻ അദ്ദേഹത്തിന്റെ മലബാർമാനുവലിൽ ഒരു തച്ചോളിപ്പാട്ടു പരിഭാഷപ്പെടുത്തിച്ചേർത്തിരിക്കുന്നു. പെർസി മാക്വീൻ (Percy Maccqueen) അടിയേറി കുഞ്ഞിരാമന്റെ സാഹായ്യത്തോടുകൂടി ഒട്ടു വളരെ തച്ചോളിപ്പാട്ടുകൾ ശേഖരിക്കയുണ്ടായിട്ടുണ്ട്. കുഞ്ഞിരാമൻ അദ്ദേഹത്തിന്റെ കീഴിൽ മുൻഷിയായിരുന്നു. അദ്ദേഹം മരിച്ചതു് 1948-ലാണ്.

ഇന്ദുലേഖ കേരളത്തിലെ ഒന്നാമത്തെ ലക്ഷണപൂർണ്ണമായ നോവലാണെന്നു പറഞ്ഞുവല്ലോ. വലിയ കോയിത്തമ്പുരാന്റെ അക്ബർ 1055-ൽ ആരംഭിച്ചു. എങ്കിലും അതിലെ പത്തു് അധ്യായങ്ങൾ മാത്രമേ 1057 വരെയുള്ള കാലത്തിനിടയ്ക്കു പൂർത്തിയായുള്ളു. 1069-ലാണ് അതച്ചടിച്ചതു്. സി. വി. രാമൻപിള്ളയുടെ മാർത്താണ്ഡവർമ്മ 1058-നും 1060-നും ഇടയ്ക്കു രചിച്ചതാണെങ്കിലും 1065-ലേ പ്രകാശിതമായുള്ളു.

## ശാരദ

ശാരദ ഒരപൂർണ്ണകൃതിയാണ്. 1068-ാമാണ്ട് ആരംഭത്തിൽ (ഇംഗ്ലീഷ്‌വർഷം 1892 ആഗസ്റ്റ് 16-ാംനു)അതിലെ ആദ്യത്തെ എട്ടധ്യായങ്ങൾ ഒന്നാം ഭാഗമായി പ്രസിദ്ധീകരിച്ചു. മൂന്നു ഭാഗങ്ങളായി പ്രകാശിപ്പിക്കണമെന്നായിരുന്നു ഉദ്ദേശം. രണ്ടും മൂന്നും ഭാഗങ്ങൾ ആ ഇംഗ്ലീഷ് വർഷം അവസാനിക്കുന്നതിനു മുമ്പിൽ പ്രസിദ്ധപ്പെടുത്തണമെന്നുണ്ടായിരുന്ന അദ്ദേഹത്തിന്റെ മോഹം ഫലിച്ചില്ല. പിന്നീടു മൂന്നദ്ധ്യായങ്ങൾ മാത്രമേ എഴുതിയുള്ളു. അവ കൂടി ഒന്നാം ഭാഗത്തിൽ ഉൾപ്പെടുത്തി അദ്ദേഹത്തിന്റെ ജാമാതാവു പാട്ടത്തിൽ നാരായണമേനോൻ 1079-ൽ അച്ചടിപ്പിച്ചു. ഇന്ദുലേഖയെക്കാൾ വിശിഷ്ടമായ ഒരു നോവലാണ് ശാരദ. അതിലെ കഥാഘടനയിൽ പരിണാമഗുപ്തി ഗ്രന്ഥകാരൻ നിഷ്കൃഷ്ടമായി പാലിച്ചിട്ടുള്ളതുകൊണ്ടു പിന്നീടുള്ള ഇതിവൃത്തഗതി എന്തെന്നു നിർണ്ണയിയ്ക്കുന്നതു് അസാധ്യംതന്നെ. സി. അന്തപ്പായിയും, പയ്യംപള്ളി ഗോപാലപിള്ളയും ശാരദ പൂരിപ്പിച്ചിട്ടുണ്ട്. ആ പൂരണങ്ങൾ അവരുടേതാണ് ചന്തുമേനോന്റേതല്ല. ശാരദ തന്നെയാണ് നായിക. നായകൻ ആ വിലാസിനിയുടെ അമ്മാവന്റെ മകനായ കൃഷ്ണമേനോൻ ആയിരിയ്ക്കുമെന്നു ഊഹിക്കുവാൻ മാർഗ്ഗമില്ലാതെയില്ല. ശാരദയിലെ ചില കഥാപാത്രങ്ങളെ ചന്തുമേനോൻ അത്യന്തം സജീവങ്ങളാക്കീട്ടുണ്ട്. വൈത്തിപ്പട്ടർ, കുണ്ടൻമേനോൻ,

പുഞ്ചോലക്കരയിടത്തിൽ അച്ചൻ മുതലായവർ അനുവാചകന്മാരുടെ ഹൃദയഭിത്തികളിൽനിന്ന് ഒരിക്കലും മാഞ്ഞുപോകുന്നതല്ല. ശാരദയിലെ ഭാഷയും ഇന്ദുലേഖയിലേതിനെക്കാൾ ഒന്നുകൂടി മിനുസപ്പെട്ടിട്ടുണ്ട്. ചില ഉദാഹരണങ്ങൾ ഉദ്ധരിക്കാം.

### ദുഷ്ടന്മാർ

“മനുഷ്യന്റെ ബുദ്ധിയുടെ ദുഷ്ടതയെപ്പറ്റി ഓർത്താൽ ആശ്ചര്യപ്പെടാതെയിരിപ്പാൻ നിവൃത്തിയില്ല. ഒരു സിംഹത്തേയോ പുലിയേയോ കരടിയേയോ കാണുന്ന ക്ഷണത്തിൽ അത് എന്തൊരുമാതിരി ദുഷ്ടജന്തുവാണെന്നു മനുഷ്യനും മറ്റുള്ള ജന്തുക്കൾക്കും മനസ്സിലാകുന്നു. അങ്ങനെ മനസ്സിലാകുന്നതിനാൽ ആവക ജന്തുക്കളിൽനിന്നുണ്ടാവുന്ന ആപത്തുകളെ തടുപ്പാൻ വഴി മുൻകൂട്ടി കരുതുന്നു. എന്നാൽ ദുഷ്ടമനുഷ്യർ എന്നു പറയുന്നത് എന്തൊരു ജന്തുവാണ്. ഈ ജന്തുവിന്റെ സ്വഭാവം എന്താണ്! സിംഹം, പുലി, കരടി, കാട്ടുപോത്ത്, പന്നി, പശു, മാൻ മുതലായ ജന്തുക്കളുടെ ക്രൗര്യഗുണമോ, സൗമ്യഗുണമോ ഏകദേശം ഇന്നപ്രകാരമാണെന്നു നാം ഗ്രഹിച്ചിട്ടുണ്ട്. എന്നാൽ ഒരു ദുഷ്ടമനസ്സായ മനുഷ്യന്റെ ദൗഷ്ട്യത്തിന് ഇന്നപ്രകാരമുള്ള ചേഷ്ടകൾ ഉണ്ടാകാമെന്നു വല്ല ഒരു നിശ്ചയവും നമുക്കാർക്കെങ്കിലും. കിട്ടീട്ടുണ്ടോ? ഇല്ല, കിട്ടുവാൻപാടില്ല.” ഇത്യാദി. വൈത്തിപ്പട്ടർ സ്വാർത്ഥസിദ്ധിക്ക് എത്ര ക്രൗര്യകർമ്മവും ചെയ്വാൻ മടിയില്ലാത്തവിധം പഠിപ്പും അറിവും അശേഷമില്ലാത്ത ഒരു ദുഷ്ടനായിരുന്നുവെന്ന് ആ ഭാഗം ഗ്രന്ഥകാരൻ ഉപസംഹരിക്കുന്നു.

### പുഞ്ചോലക്കര എടത്തിലെ അച്ചൻ

### ആകാരവർണ്ണനം

“അതിന്റെ വഴിയേ അത്യന്തം തടിച്ച് ഉരുണ്ടു കറുത്ത വർണ്ണത്തിൽ ഭയങ്കരമായ ഒരു സ്വരൂപം ഇറങ്ങിവരുന്നതായും കണ്ടു. ഈ സ്വരൂപത്തിന്റെ തലയിൽ വാൽക്കണ്ണാടി പോലെ അത്ര മിനുസമായി വെളിച്ചം തട്ടുമ്പോൾ മിന്നുന്ന കഷണ്ടിയാണ് കണ്ടത്. കറുത്ത നെറ്റി മുഴുവൻ വെളുത്ത ഭസ്മംകൊണ്ടു മൂടിയിരിക്കുന്നു. കണ്ണുകൾ വൃത്തത്തിൽ അത്യന്തം ചൊകന്ന രസത്തോടെ രാശിയായിട്ടാണ്. ദീർഘം കുറഞ്ഞു തടിച്ച കുറേ മേലോട്ടുയർന്ന ദ്വാരത്തോടുകൂടി ആ മൂക്കും പരന്ന മുഖവും കറുത്തുതടിച്ച ചുണ്ടും അത്യന്തം വിശാലമായ വക്ഷസ്സു നിറയെ തേച്ച ഭസ്മപ്രഭയും അതിന്നുപരി കിടക്കുന്ന സ്വർണ്ണം കെട്ടിയ രുദ്രാക്ഷമാലയും കണ്ടു ശങ്കരൻ അത്ഭുതപ്പെട്ടു.” ഇത്യാദി.

### നാട്ടുകാര്യസ്ഥൻ

കരിപ്പാട്ടിൽ കുണ്ടൻമേനോനെ രങ്ഗത്തിൽ പ്രവേശിപ്പിക്കുന്നതിനുമുമ്പു നാട്ടുകാര്യസ്ഥന്മാരെപ്പറ്റി ഒരു അവഹേളനപരമായ വിവരണമുണ്ട്. അത്തരത്തിലുള്ള പലരേയും ചന്തുമേനോൻ അക്കാലത്തു കോടതികളിൽ കണ്ടിരിക്കണം. ഇപ്പോഴും ഇങ്ങങ്ങ് അവരെ കാണുവാൻ പ്രയാസമില്ല.

താഴെക്കാണുന്ന ഉപാലംഭം നോക്കുക. “സർക്കാരുദ്യോഗം, കച്ചവടം, കൃഷി, ഗൃഹസ്ഥിതി, വിദ്യാപരിശ്രമം, കൈവേലപ്രവൃത്തികൾ, കൂലിപ്പണി, പിച്ചയെടുക്കൽ മുതലായ യാതൊരു വ്യാപാരങ്ങളിലും ക്രമമായും ശരിയായും പ്രവേശിക്കാതേയും അധികകാലം കോടതികളിൽ വ്യവഹാരകാര്യങ്ങളിൽ പരിചയിച്ച വ്യവഹാരത്തിൽ അത്യന്തം രസംപിടിച്ച പൂർവ്വാർജ്ജിതമായി വല്ല സ്വത്തുക്കളും

തനിക്ക് ഉണ്ടായിരുന്നുവെങ്കിൽ അതു വ്യവഹാരഭ്രാന്തിനാൽ നശിപ്പിച്ചു, ദിവസവൃത്തിക്കു നല്ല ബുദ്ധിമുട്ടോടുകൂടി, വല്ല കാര്യങ്ങളിലും മദ്ധ്യസ്ഥം പറഞ്ഞും വ്യവഹാരങ്ങൾ നടത്തുന്നതിൽ വക്കീൽമാരുടെ ഉപദേഷ്ടാവായും വല്ല മുറിവാചകങ്ങളും പഠിച്ച ഹരജികൾ, ആധാരങ്ങൾ, തറവാട്ടുകരാറുകൾ മുതലായതു് എഴുതുന്നതിൽ ബഹുസമർത്ഥനെന്ന് അറിവില്ലാത്ത ആളുകളെ ധരിപ്പിച്ചു, ധനപുഷ്ടിയും ജനപുഷ്ടിയും ഉള്ള തറവാടുകളിൽ കടന്നുകൂടി കുടുംബച്ഛിദ്രവും നാശവും ഉണ്ടാക്കിയും നാട്ടിൽ വ്യവഹാരങ്ങൾ വർദ്ധിപ്പിച്ചും കാലക്ഷേപം ചെയ്യുന്ന ഒരു മനുഷ്യനു ഞാൻ നാട്ടുകാര്യസ്ഥനെന്നു പേരു കൊടുക്കുന്നു."

"കുണ്ടൻമേനോൻ നിയമസംബന്ധമായുള്ള അനേകം പദങ്ങൾ മലയാളത്തിൽ തർജ്ജമചെയ്യുന്നതിന്റെ തമാശ വായിച്ചുതന്നെ അറിയേണ്ടതാണ്. ബാണപിട്ടു (Bonafides), മേലാപിട്ടു (Malafides), സൂയജ്രോസ് (Surjuris), റീസ് ഇന്ത്രവലിയൻ ചൂടിക്കെട്ട് (Res Interalias Adjudicate), ലവിഡൻസ് (Evidence), ചെമ്പരത്തി (Champerty) തുടങ്ങിയ വാക്കുകൾ ആരെയാണ് ചിരിപ്പിക്കാത്തതു്?"

## താശ്ശൻമേനോന്റെ കോപം

പുഞ്ചോലക്കര എടത്തിലെ വ്യവഹാരകാര്യസ്ഥനാണ് താശ്ശൻ മേനോൻ. അയാൾ വക്കീലന്മാരുടെ ക്ലബ്ബ് അന്വേഷിച്ചു പോയപ്പോൾ വലിയ അമ്പലത്തിന്റെ കിഴക്കു ഭാഗത്താണ് അവരുടെ കൊളമ്പു് എന്നൊരു ഭൃത്യൻ പറഞ്ഞു. സാധു വഴിക്ക് ഒരു സ്കൂൾകുട്ടിയെ കണ്ടുമുട്ടി.

"കുളമ്പ് എവിടെയാണ് അറിയുമോ?" എന്നു താശ്ശൻ മേനോൻ ചോദിച്ചു. ആ കുട്ടി നിശ്ശങ്കം പറഞ്ഞു 'കുളമ്പു സിലോണിലാണ്.'

താശ്ശൻ: വിഷമമായി, ഇപ്പോൾ രണ്ടു സംശയമായി. സിലോൺ എവിടെയാണ്?

കുട്ടി: അതു് ഒരു ദ്വീപിലാണ്; തെക്കേ സമുദ്രത്തിലാണ്.

താശ്ശൻ: ദ്വീപോ? വക്കീലന്മാർ വായിക്കുന്നതു ദ്വീപിൽ നിന്നാണോ?

കുട്ടി: എന്താണ്? നിങ്ങൾക്കു ഭ്രാന്തുണ്ടോ? എന്താണ് തുമ്പില്ലാതെ സംസാരിക്കുന്നതു്?

താശ്ശൻമേനോനു കലശലായ ദേഷ്യം വന്നു. 'എന്താണ് താൻ പറഞ്ഞതു്? തുമ്പില്ലാതെ താനല്ലേ വിശേഷം പറയുന്നതു്? സ്കൂൾകുട്ടി ആയിരിക്കും അല്ലേ? ആ ധിക്കാരം നല്ലവണ്ണം പുറത്തു കാണ്മാനുണ്ടു്' ഇത്യാദി.

പാറവക്കിലന്മാർ, ജ്യോതിഷക്കാർ, ഒരുവക നോവലെഴുത്തുകാർ മുതലായവരെ ഗ്രന്ഥകാരൻ സ്വായത്തമായ ഭാവനയിലും ഫലിതത്തിലും ഭാഷയിലും കളിയാക്കീട്ടുണ്ട്.

## ഉപസംഹാരം

വാസനാസമ്പന്നനും കുശാഗ്രബുദ്ധിയുമായ ഈ മഹാത്മാവു ഭാഷാദേവിക്കു സമ്മാനിച്ചിട്ടുള്ള ഇന്ദുലേഖയും ശാരദയും രണ്ട് അനർഘങ്ങളായ രത്നങ്ങൾതന്നെയാണ്. അത്തരത്തിൽ അവയ്ക്കു സമീപമെങ്ങും ചെല്ലാവുന്ന ഗ്രന്ഥങ്ങൾ മലയാളത്തിൽ വേറെയില്ല. ഈ പാദങ്ങളിൽ ഊന്നി തലയുയത്തിപ്പിടിച്ചു നിലകൊള്ളുന്ന ചന്തുമേനോന്റെ നിത്യയൗവനയും നിതാന്തസുഷമയുമായ സൽക്കീർത്തിക്കു വാട്ടമോ കോട്ടമോ ഒരു കാലത്തും തട്ടുന്നതല്ല.

## സി. വി. രാമൻപിള്ള (1033–1097)

### ഉപക്രമം

കേരളത്തിലെ നോവൽസ്സാഹിത്യകാരന്മാരുടെയിടയിൽ കനിഷ്ഠികാധിഷ്ഠിതനായ സി. വി. രാമൻപിള്ളയെപ്പറ്റിയാണ് ഇനി പ്രസ്താവിക്കുവാനുള്ളത്. വിശ്വസാഹിത്യ കാരന്മാരുടെ കൂട്ടത്തിൽ അദ്ദേഹത്തിന് അപ്രതിഷേധ്യമായ ഒരു സ്ഥാനമുണ്ട്. അദ്ദേഹത്തിന്റെ സമീപത്തിൽ കേരളീയരായ മറ്റുനോവലെഴുത്തുകാർ ആദിത്യഭഗ വാന്റെ തേജഃപ്രസരത്തിൽ പകൽവിളക്കുകൾ പോലെ മങ്ങിപ്പോകുന്നു. ചന്തുമേ നോൻപോലും അദ്ദേഹത്തിനു തുല്യനല്ല.

### ജനനം

തിരുവനന്തപുരം കോട്ടയക്കകത്തു മിത്രാനന്ദപുരത്തു നിന്നു കോട്ടമതിലിന്നരികിൽ ക്കൂടി വടക്കോട്ടു പോകുന്ന വഴിയുടെ കിഴക്കരുകിൽ കൊച്ചുകണ്ണച്ചാർവീട് എന്നൊ രു ഭവനമുണ്ടായിരുന്നു. രാജാകേശവദാസൻ തന്റെ ഭാര്യ നങ്കക്കോയിക്കൽ അര ത്തമപ്പിള്ളയ്ക്കു പണിയിച്ചുകൊടുത്ത ഒരു കെട്ടിടമായിരുന്നു അത്. 1033-ാമാണ്ടു ഇട വമാസം 7ാംനു ആയില്യം നക്ഷത്രത്തിൽ നമ്മുടെ കഥാനായകൻ ആ ഗൃഹത്തിൽ ജനിച്ചു. സി. വി. യുടെ തറവാടു നെയ്യാറ്റിൻകരത്താലൂക്കിൽ ചെങ്കൽപ്പകുതിയിൽ ആറയൂർ എന്ന സ്ഥലത്തുള്ള കണ്ണങ്കരവീടാണ്. അവിടെ അദ്ദേഹത്തിന്റെ മാതാവു പാർവ്വതിപ്പിള്ള 997-ൽ ജനിച്ചു. 1014-ൽ നെയ്യാറ്റിൻകര കുളത്തൂർ പനവിളാകത്തു നീലകണ്ഠപ്പിള്ള ആ യുവതിയെ വിവാഹം ചെയ്തു. അവരുടെ എട്ടാമത്തെ സന്താ നമാണ് സി. വി. ആദ്യത്തെ പ്രസവത്തിൽ ശങ്കരപ്പിള്ളയെന്നും നാരായണപിള്ള യെന്നും രണ്ടു പുത്രന്മാർ ജനിച്ചു. കാലാന്തരത്തിൽ അവർ രണ്ടുപേരും തഹശീൽ ദാരന്മാരായി ഉയർന്നു. അവർ തറവാടിന്നു സമീപം പുന്നത്താനം എന്നൊരു ഗൃ ഹംകൂടി പണിയിച്ചു. പാർവ്വതിപ്പിള്ളയുടെ മാതാവിനു വലിയ കൊട്ടാരത്തിൽ ജോ ലിയുണ്ടായിരുന്നതിനാൽ മകളുംകൂടി തിരുവനന്തപുരത്തു താമസിക്കാൻ ഇടവന്ന താണ്. കാലാന്തരത്തിൽ പാർവ്വതിപ്പിള്ളയ്ക്കും അവിടെത്തന്നെ ജോലികിട്ടി. നീല കണ്ഠപ്പിള്ളയ്ക്കു ഗ്രന്ഥമെഴുത്തായിരുന്നു പ്രധാന കാലക്ഷേപമാർഗ്ഗം. അതോടുകൂടി അദ്ധ്യാപകവൃത്തിയിലും ഏർപ്പെട്ടുകയാൽ നീലകണ്ഠപ്പിള്ളയാശാൻ എന്ന് അദ്ദേ ഹത്തെ ജനങ്ങൾ വിളിച്ചു. ഏറെത്താമസിയാതെ അദ്ദേഹത്തിന് ഒരു ചെറിയ ജോലി വലിയ കൊട്ടാരത്തിൽ കിട്ടി.

### നങ്കക്കോയിക്കൽ കേശവൻ തമ്പി

കേശവദാസനന്റെ ദൗഹിത്രിയുടെ പുത്രനായി അന്ന് ഒരു ഉദാരചരിതൻ തിരുവ നന്തപുരത്തു താമസിച്ചിരുന്നു. അദ്ദേഹമാണ് നങ്കക്കോയിക്കൽ കേശവൻതമ്പി. സംസ്കൃതത്തിലും ഇംഗ്ലീഷിലും നല്ല പരിജ്ഞാനമുണ്ടായിരുന്ന അദ്ദേഹത്തെ ആയി ല്യംതിരുനാൾ മഹാരാജാവു സിംഹാസനാരൂഢനായപ്പോൾ ഭജനപ്പുരയിൽ കാ ര്യക്കാരനായി നിയമിച്ചു. തമ്പിയുടെ ആശ്രിതനാകുവാനുള്ള ഭാഗ്യം നീലകണ്ഠപ്പി ള്ളയ്ക്കു ലഭിച്ചതോടുകൂടി അദ്ദേഹത്തിന്റെ ദാരിദ്ര്യത്തിന് ഒട്ടൊരു ശമനം വന്നു. 1042-ൽ അദ്ദേഹം മരിച്ചുപോയി എങ്കിലും തമ്പി രാമു (സി. വി.) വിനെ പുത്രതുല്യമായി സംരക്ഷിച്ചു. അമ്മ കണ്ണങ്കരവീട്ടിലേക്കു തിരിയെപ്പോകയാൽ തമ്പി കാര്യക്കാരുടെ ഗൃഹത്തിൽത്തന്നെയാണ് വളർന്നതു്. ആ സുചരിത 90 വയസ്സുവരെ ജീവിച്ചിരുന്ന് 1087-ൽ മരിച്ചു. സി. വി. ജനിച്ച വീടും വളർന്ന വീടും കേശവദാസനുമായി ബന്ധമുള്ള തായിരുന്നുവെന്നു നാം പ്രകൃതത്തിൽ സ്മരിക്കേണ്ടതുണ്ട്. അതിന്റെ അന്തശ്ചോദന

യുംകൂടി കേശവദാസനെപ്പറ്റിയുള്ള നോവലുകൾ എഴുതുന്നതിനു സി. വി.ക്കു സഹായകമായിട്ടുണ്ട്.

## വിദ്യാഭ്യാസം

പന്ത്രണ്ടാമത്തെ വയസ്സിൽ സി. വി. ഇംഗ്ലീഷ് പഠിക്കുവാൻ ആരംഭിച്ചു. കാര്യക്കാരോടുകൂടി കൊട്ടാരത്തിലും തെക്കൻ തിരുവിതാംകൂറിലും പോയി അവിടത്തെ പൂർവ്വചരിത്രങ്ങളും ഐതിഹ്യങ്ങളും ഗ്രഹിച്ച് അവയുടെ സ്മാരകങ്ങളായ അക്കാലത്തെ മന്ദിരങ്ങളേയും മറ്റും സൂക്ഷ്മമായി നിരീക്ഷിച്ചു ജന്മസിദ്ധമായ കഥാശ്രവണകൌതുകത്തെ പോഷിപ്പിക്കുവാൻ തനിക്കു ലഭിച്ച സൗകര്യത്തെ അദ്ദേഹം വേണ്ടവിധത്തിൽ ഉപയോഗിച്ച് ഒരു കാഥികനായി ഉയർന്നു. കഥകളിപ്പാട്ടുകൾ, കിളിപ്പാട്ടുകൾ, തുള്ളൽപ്പാട്ടുകൾ ഇവ കഴിവുള്ളിടത്തോളം ഹൃദിസ്ഥമാക്കി. സി. വി. ക്കു സംഗീതത്തിലും അഭിനയത്തിലും ഗണനീയമായ വാസനയുണ്ടായിരുന്നു. 1052-ൽ തിരുവനന്തപുരം കോളേജിൽ ചേർന്നു. ഇംഗ്ലീഷിൽ പല വിഷയത്തെപ്പറ്റിയുള്ള പുസ്തകങ്ങളും പ്രത്യേകിച്ച് സർ. വാൾട്ടർ സ്കോട്ടിന്റെ 'വേവർലി' നോവലുകളും നിഷ്കർഷിച്ചു വായിച്ചു. പില്ക്കാലങ്ങളിൽ ആ ഭാഷകൊണ്ടു കൈകാര്യം ചെയ്യാവുന്ന അഭ്യസ്തവിദ്യരുടെ മുന്നണിയിൽ അദ്ദേഹം അനായാസേന പാഞ്ഞുകയറിയതു് അന്നുമുതല്ക്കുള്ള നിസ്തന്ദ്രമായ വ്യവസായത്തിന്റെ ഫലമാകുന്നു. ആയില്യംതിരുനാൾ തീപ്പെട്ടതോടുകൂടി കേശവൻതമ്പിക്കു കൊട്ടാരത്തിലെ ജോലി രാജിവെയ്ക്കേണ്ടതായി വന്നു. തന്മൂലം നേരിട്ട സാമ്പത്തിക വൈഷമ്യത്തിൽനിന്നു തമ്പിക്കുപുറമേ തന്റെ ഇരട്ടപെറ്റ ജ്യേഷ്ഠന്മാരുടേയും, ദിവാൻ നാണുപിള്ളയുടെ പുത്രൻ എൻ. രാമൻപിള്ള (പിന്നീടു തിരുവിതാംകൂർ എക്സൈസ് കമ്മീഷണർ) യുടേയും സാഹായ്യം അദ്ദേഹത്തെ കുറെയെല്ലാം രക്ഷിച്ചുവെങ്കിലും അന്നത്തെ ജീവിതം അദ്ദേഹത്തിനു ഭാരമായിത്തോന്നി. പക്ഷേ അപ്പോഴേക്കു കോളേജ് വിദ്യാഭ്യാസം അവസാനിക്കാറായിരുന്നു. അവിടെ സി. വി. യുടെ ബുദ്ധിശക്തി, വിനോദരസികത, അഭിനയവാസന മുതലായ സിദ്ധികൾകൊണ്ടു് അദ്ദേഹം പ്രഥസറന്മാരുടെ വാത്സല്യം ധാരാളമായി സമാർജ്ജിച്ചു. ഗ്രാൻഡ് ലിറ്റററി യൂണിയൻ (Grand Literary Union) എന്നൊരു വിദ്യാർത്ഥിസ്മിസമിതി സംഘടിപ്പിച്ചു. രാഷ്ട്രീയകാര്യങ്ങളെപ്പറ്റി ഇംഗ്ലീഷിൽ അവിജ്ഞാത കർത്തൃകങ്ങളായ ലേഖനങ്ങൾ പ്രസിദ്ധീകരിച്ചുതുടങ്ങിയപ്പോൾ ഉപരിപഠനത്തിനുവേണ്ടി തിരുവനന്തപുരം വിട്ടു മദിരാശിക്കു പോകുന്നതാണ് ഉചിതമെന്നു തോന്നി. 1056-ൽ ബി. ഏ. പരിക്ഷ ജയിച്ചു. മദിരാശിയിലെ താമസത്തിനിടയ്ക്കു് അദ്ദേഹത്തെ ബാധിച്ച ഉദരരോഗം മരണംവരെ നില നിന്നു.

## വിവാഹം

ആദ്യം ഒരു തങ്കച്ചിയെയാണ് സി. വി. വിവാഹം ചെയ്തതു്. അതു പൂർവ്വോക്തന്മാരായ ജ്യേഷ്ഠന്മാരുടെ നിർബ്ബന്ധം നിമിത്തമായിരുന്നു. ആ ബന്ധം ഉടൻ തന്നെ ശിഥിലമായി. പെരുന്താന്നി കീഴേവീട്ടിൽ ഭാഗീരഥിയമ്മയെന്നും ജാനകിയമ്മയെന്നും രണ്ടു കുലീനകളായ സഹോദരികളുണ്ടായിരുന്നു. അവരിൽ ജാനകിയമ്മയെ വിവാഹം ചെയ്യണമെന്നായിരുന്നു ആശയെങ്കിലും അതു് അന്നു സഫലമായില്ല. ആ യുവതി കിളിമാനൂർ ചിത്രമെഴുത്തു രാജരാജവർമ്മ കോയിത്തമ്പുരാന്റെ (രവിവർമ്മ കോയിത്തമ്പുരാന്റെ കനിഷ്ഠസഹോദരൻ) പത്നിയായി. ഭാഗീരഥിയമ്മയെ സി. വി. യും പരിഗ്രഹിച്ചു. അതു് 1062 വൃശ്ചികം 3-ാംനു-യായിരുന്നു. 1079-ൽ കോയിത്തമ്പുരാൻ മരിച്ചുപോകയാൽ വിധവയായിത്തീർന്ന ജാനകിയമ്മ സി. വി.യുടെ കുട്ടികളെ പരിചരിക്കുവാൻ അദ്ദേഹത്തിന്റെ ഗൃഹത്തിൽ വന്നുചേർന്നു. ക്രമത്തിൽ ആ

ഭാഗ്യവതിതന്നെ സി. വി. യുടെ സഹധർമ്മിണിയുമായി. ഭാഗീരഥിയമ്മ സംഗീത സാഹിത്യങ്ങളിൽ അഭിജ്ഞയും, തികഞ്ഞ സഹൃദയയുമായിരുന്നതിനാൽ ആവിവാഹം അദ്ദേഹത്തിന്റെ സാഹിത്യപരിശ്രമത്തിനു പലപ്രകാരത്തിൽ ഉത്തേജകമായിത്തീർന്നു. ആ പക്വമനസ്കയുടെ ആത്മാർത്ഥമായ പരിചരണമാണ് സി. വി. യുടെ ആയുർദ്ദൈർഘ്യത്തിനുള്ള കാരണങ്ങളിലൊന്ന്.

## സർക്കാരുദ്യോഗസ്ഥൻ

തിരുവനന്തപുരത്തു തിരിച്ചുവന്നതിനുമേൽ സി. വി. രണ്ടുമൂന്നു മാസക്കാലം മൈസൂർ ഹൈദരബാദ് മുതലായ രാജ്യങ്ങളിൽ ഊരും പേരും അറിയിക്കാതെ ചുറ്റിസ്സഞ്ചരിച്ചു. ആ സഞ്ചാരം അദ്ദേഹത്തിന്റെ ദേശപരിചയത്തെ വർദ്ധിപ്പിക്കുകയും പില്ക്കാലത്തു നോവൽ നിർമ്മാണത്തിനു ചില വിഷയങ്ങളിൽ പ്രയോജകീഭവിക്കുകയും ചെയ്തു. പിന്നീടു ഹൈക്കോടതിയിൽ ഒരു ചെറിയ ശമ്പളത്തിൽ നിയമിതനായി. ലാക്കോളേജിൽ ചേർന്നു പഠിത്തം ആരംഭിച്ചു. ഭാഗീരഥിയമ്മയുമായുള്ള വിവാഹം കഴിഞ്ഞതിനുമേൽ അദ്ദേഹം കീഴേവീട്ടിലാണ് താമസിച്ചത്. അവിടത്തെ പരിസരം തന്റെ നൃത്യകലാവിജ്ഞാനത്തേയും സംഗീതപാടവത്തേയും വിനോദസംഭാഷണകശലതയേയും പ്രവൃദ്ധമാക്കുവാൻ സഹായിച്ചു. ലാക്കാളേജ് വിദ്യാഭ്യാസം പൂർത്തിയാക്കാതെ പ്ലീഡർപരിക്ഷയ്ക്കു പഠിയ്ക്കുവാൻ 1065 തുലാമാസത്തിൽ വീണ്ടും മദിരാശിക്കു പോയി. ആ പരീക്ഷയിലും ചേരുവാൻ സാധിച്ചില്ല. ഹൈക്കോടതിയിൽ ശിരസ്തദാർ ഉദ്യോഗംവരെ ഉയർന്നു. അവിടെനിന്നു 1080-ൽ 200 രൂപ ശമ്പളത്തിൽ സർക്കാരച്ചുക്കുടം സൂപ്രണ്ടായി നിയമിക്കപ്പെട്ടു. 1077നു മുമ്പുതന്നെ അദ്ദേഹത്തിന്റെ റൊസ്സ്കോട്ട് എന്ന സുപ്രസിദ്ധമായ ഭവനം നിർമ്മിച്ചുകഴിഞ്ഞിരുന്നു. അന്നുമുതൽ സി. വി. താമസിച്ചത് അവിടെയാണ്. 1087 വരെ സൂപ്രണ്ടുദ്യോഗത്തിൽത്തന്നെ മറ്റു ഡിപ്പാർട്ടുമെൻറുകളിലേക്കു മാററമൊന്നും കിട്ടാതെ തുടരുകയും 1088-ൽ പെൻഷൻ പറ്റുകയും ചെയ്തു. അതിനുമുൻപുതന്നെ 1087-ൽ പെൻഷന്റെ പ്രാരംഭമായി തനിക്കവകാശമുള്ള അവധിയെടുത്തു സാഹിത്യ പ്രവർത്തനത്തിൽ പൂർവ്വാധികം ശ്രദ്ധയോടുകൂടി ഏർപ്പെട്ടുകഴിഞ്ഞിരുന്നു. 1093-ാമാണ്ട് ഇടവമാസം 31-ാംനു അദ്ദേഹത്തിന്റെ ഷഷ്ട്യബ്ദപൂർത്തി ആഡംബരപൂർവ്വം നാടെങ്ങും ആഘോഷിക്കുകയുണ്ടായി. മദിരാശിയിൽവച്ചു തീപ്പെട്ട കൊച്ചിമഹാരാജാവു 1094 കന്നിമാസം 22-ാംനു അദ്ദേഹത്തിനു സാഹിത്യകശലൻ എന്ന ബിരുദവും ആ സ്ഥാനത്തേക്കുള്ള കിർത്തിമുദ്രയും നല്കിയതിനുപുറമേ ഒരു വീരശൃംഖലയും സമ്മാനിച്ചു. തിരുവിതാംകൂർ ടെക്സ്റ്റ് ബുക്കുകമ്മിറ്റിയുടെ അദ്ധ്യക്ഷൻ എന്ന നിലയിലും മറ്റും അദ്ദേഹം അനുഷ്ഠിച്ചിട്ടുള്ള സേവനത്തെപ്പറ്റി ഇവിടെ വിസ്തരിക്കുന്നില്ല. ധനസംബന്ധമായ ക്ലേശങ്ങളിൽനിന്ന് അദ്ദേഹം ഒരിക്കലും വിമുക്തനായിരുന്നില്ല. എങ്കിലും ജീവിതത്തിന്റെ സായാഹ്നത്തിൽ ശ്രീമൂലംതിരുനാൾ മഹാരാജാവിന്റെ കാരുണ്യത്താൽ വളരെ ലഘൂകൃതമായി. അദ്ദേഹത്തെപ്പോലെയുള്ള ഒരു സാഹിത്യ സവ്യസാചിക്കു സർവ്വീസിൽ വളരെ ഉയർന്നുപോകാമായിരുന്നു. അതിനു പ്രധാനപ്രതിബന്ധമായി നിന്നത് അദ്ദേഹത്തിന്റെ രാജ്യസേവാപ്രവണതയാണ്. ആ സാഹസിയെ അധികാരസ്ഥന്മാർ ബഹുമാനിച്ചതോടുകൂടി ഭയപ്പെടുകയും ചെയ്തു. 1093-ലാണ് അദ്ദേഹം ടെക്സ്റ്റ് ബുക്കു കമ്മിറ്റിയുടെ അദ്ധ്യക്ഷനായത്.

## സാമുദായികവും രാഷ്ട്രീയവുമായ സേവനങ്ങൾ

സമുദായസേവനത്തിൽനിന്നു വിഭിന്നമല്ലായിരുന്നു സി. വി.യുടെ രാഷ്ട്രസേവനവും പത്രപ്രവർത്തനവും. തിരുവിതാംകൂറിലെ ഉയർന്ന ഉദ്യോഗങ്ങളിൽ വിദേശികളെ

നിയമിക്കരുതെന്നും അവ ഭരിക്കുവാൻ വേണ്ട കെല്പും കോപ്പും നാട്ടുകാർക്കുതന്നെ ഉണ്ടെന്നും അദ്ദേഹം നിരവധി ലേഖനങ്ങൾ എഴുതി ഒട്ടവളരെ പ്രക്ഷോഭണങ്ങൾ നടത്തി തീവ്രമായി വാദിച്ചു. 1057-ൽ കേരള പേടിയട്ട് എന്നൊരു വാരിക ആരംഭിച്ചു. 1061-ൽ മലയാളി സോഷ്യൽ യൂണിയൻ എന്ന കോളേജ് സമിതിയെ മലയാളി സഭയായി വികസിപ്പിച്ച് അതിന്റെ രസനയായി മലയാളി എന്ന പത്രിക ഉൽഘാടനം ചെയ്തു. സഭയുടെ ആദർശങ്ങളെ പ്രചരിപ്പിക്കുന്നതിനായി അതിൽ മുഖലേഖനങ്ങൾ എഴുതി. 1062-ൽ അതിനെ പ്രതിപക്ഷപത്രമാക്കി. തന്റെ ചില സഹപ്രവർത്തകന്മാരോടുകൂടി മലയാളി മെമ്മോറിയൽ എന്ന പ്രക്ഷോഭണം ആരംഭിച്ചു. ഇംഗ്ലീഷ് വർഷം 1891 ജനുവരി 1-ാംനു അതു മഹാരാജാവിനുസമപ്പിതമായി. ദിവാൻ വി. പി. മാധവരായരുടെ ഭരണത്തെ കഠിനമായി വിമർശിച്ച് 1080-ൽ വഞ്ചിരാജ് എന്നൊരു ഇംഗ്ലീഷ് പത്രം നടത്തി. മലയാളിസഭ പോയി കേരളസമാജം അതിന്റെ സ്ഥാനത്ത് ആവിർഭവിച്ചതും, സി. കൃഷ്ണപിള്ളയുടെ തിരുവിതാംകൂർ നായർ സമാജം അതിൽ ലയിച്ചതും രണ്ടുംകൂടി ചേർന്നു കേരളീയനായർ സമാജമായതും വളരെക്കാലം യോജിച്ചും പിന്നെ കുറേക്കാലം ഭിന്നിച്ചും ആ രണ്ടു സമുദായനേതാക്കന്മാരും പ്രവർത്തനം നടത്തിയതും സി. വി.യുടെ ചരിത്രത്തിൽ സ്മരണീയമായ ഒരുപാഖ്യാനമാണ്. അത് ഇവിടെ പ്രപഞ്ചനം ചെയ്യേണ്ട ആവശ്യമില്ല. സമുദായ പരിഷ്കാരം മാത്രമായിരുന്നു കൃഷ്ണപിള്ളയുടെ ഉദ്ദേശം. രാഷ്ട്രീയച്ഛായ അതിനില്ലാത്തത് ഒരു വൈകല്യമായി സി. വി.ക്കു തോന്നി. ആദർശങ്ങൾ അഭിന്നങ്ങളായിരുന്ന കാര്യങ്ങളിലും ഏറെക്കുറെ ഭിന്നങ്ങളായ പ്രവർത്തനമാർഗ്ഗങ്ങളാണ് അവർ സ്വീകരിച്ചത്. ഫലസമ്പാദനത്തിലായിരുന്നു സി. വി.യുടെ ശ്രദ്ധ. അതിലേക്കുവേണ്ടി അന്യഥാ ആദരണീയരല്ലാത്ത ചിലരുടെ സഖ്യം നേടുന്ന വിഷയത്തിൽ കൃഷ്ണപിള്ള പരാങ്മുഖനായിരുന്നു. 1080 മകരത്തിലാണ് കേരളീയനായർ സമാജം സ്ഥാപിതമായതു്. മന്നത്തു കൃഷ്ണൻനായരുടെ ഭരണത്തെ അലങ്കോലപ്പെടുത്തുന്നതിനു ചില ഉല്പതിഷ്ണുക്കൾ ചെയ്ത ശ്രമത്തെ തടയുന്നതിനു മിതഭാഷി എന്നൊരു പത്രം പ്രചരിപ്പിച്ചു. വിദേശീയ മേധാവിത്വം എന്ന തലക്കെട്ടിൽ സി. വി. എഴുതിയ ഒരു ലേഖനപരമ്പരയാണ് ആ പേരിൽ ഒരു ലഘുപുസ്തകമായി പിന്നീട് മുദ്രിതമായതു്. 1096 മീനം 11-ാംനു അദ്ദേഹത്തിന്റെ അദ്ധ്യക്ഷതയിൽ തിരുവനന്തപുരത്ത് ഒരു നായർവിദ്യാർത്ഥിമന്ദിരവും ഹോസ്റ്റലും സ്ഥാപിതമായി. 1097-ൽ ദിവാൻ ടി. രാഘവയ്യായുടെ ഭരണകാലത്തു നടന്ന വിദ്യാർത്ഥി ബഹളത്തിൽ തന്റെ വാർദ്ധക്യത്തെ വകവയ്ക്കാതെ പ്രക്ഷോഭകന്മാർക്കു വേണ്ട സാഹായ്യം നല്കി. ഇങ്ങനെ 1057 മുതൽ നിരന്തരമായി 40 കൊല്ലക്കാലത്തോളം കഥാപുരുഷൻ തന്റെ നാട്ടിനേയും സമുദായത്തേയും സർവ്വാത്മനാ ഉപാസിച്ചു. ആവക കാര്യങ്ങളിലെല്ലാം അദ്ദേഹത്തിന്റെ വലങ്കയ്യായിരുന്നതു പ്രസിദ്ധസാഹിത്യരസികനും അഭിഭാഷകപ്രമുഖനുമായ മള്ളൂർ ഗോവിന്ദപ്പിള്ളയായിരുന്നു. സി. വി. യുടെ പ്രഹസനങ്ങൾ അഭിനയംമൂലവും മറ്റും പ്രചരിപ്പിക്കുന്നതിനും മള്ളൂർ നിപുണമായി സഹായിച്ചിട്ടുണ്ട്. 1097-ാമാണ്ടു മീനമാസം 8-ാംനു ആ പുരുഷകേസരി സായൂജ്യം പ്രാപിച്ചു. ഈ. വി. കൃഷ്ണപിള്ളയായിരുന്നു അദ്ദേഹത്തിന്റെ കനിഷ്ഠപുത്രി മഹേശ്വരിയമ്മയുടെ ഭർത്താവ്.

## സ്വഭാവം

സി. വി. ഈശ്വരഭക്തനും രാജഭക്തനും സദാചാരനിരതനുമായിരുന്നു. അദ്ദേഹം രാജസിംഹാസനത്തെ ചലിപ്പിക്കുവാൻ ഒരിക്കലും തന്റെ തൂലിക ഉപയോഗിച്ചിട്ടില്ല. പ്രത്യുത വിദേശീയന്മാരായ ഉദ്യോഗസ്ഥന്മാരുടെ പിടിയിൽ നിന്നു വിട്ടാൽ അതു

പൂർവ്വാധികം ഉറയ്ക്കമെന്നായിരുന്നു അദ്ദേഹത്തിന്റെ അഭേദ്യമായ വിശ്വാസം. (മാർത്താണ്ഡവർമ്മയിൽ മാങ്കോയിക്കൽക്കുറുപ്പു മാർത്താണ്ഡവർമ്മ മഹാരാജാവിനെ അറിയിക്കുകയാണ്. "ഭൂതപ്പാണ്ടിയിൽ പാളയം കെട്ടിക്കിടക്കുന്ന പരദേശിപ്പടയ്ക്കു തിരുമേനി എങ്ങനെയും പോട്ടെന്നേ വിചാരമുള്ളു. കുരുവലം നിറഞ്ഞിരുന്നാൽ തിരുമേനി തങ്കക്കുടം; ഒഴിഞ്ഞോ അകിടറ്റ പശു. അടുപ്പിൽ തീയെരിയെ അയൽവീട്ടിൽ തീ കൊളുത്തി ഇരപ്പാനേ? തിരുമേനിയുടെ ഉപ്പും ചോറും തിന്നു കിടക്കുന്ന കുടികളെ അടവുചേർത്തു പടകൂട്ടാതെ മുൻവഴി വിട്ട് എങ്ങാനും കെടന്ന കൂട്ടത്തെപ്പോയി വാഅപ്പാ, ഒത്താശചെയ്യപ്പാ, എന്നു താങ്ങിയതു പൂത്തിയോ?" വീട്ടിലായാലും നാട്ടിലായാലും സി. വി. ഒരു ജനനേതാവായിരുന്നു. സമവയസ്കന്മാരെയെന്നപോലെ യുവാക്കന്മാരെയും അദ്ദേഹത്തിന് ആകർഷിക്കുവാൻ കഴിഞ്ഞു. അത് ആകൃതിയുടേയും പ്രകൃതിയുടേയും നൈസർഗ്ഗികമായ ഗാംഭീര്യംകൊണ്ടും വിനോദവും വിജ്ഞാനവും ഒരേ അവസരത്തിൽ പ്രദാനംചെയ്യുന്ന സംഭാഷണചാതുര്യംകൊണ്ടും മാത്രമല്ല നിഷ്കളങ്കവുംസ്നേഹപൂർണ്ണവുമായ ഹൃദയത്തിന്റെ ആകർഷണശക്തി കൊണ്ടും കൂടിയായിരുന്നു. സി. വി. ഏതു നിലയിലുള്ളവർക്കും ഏതു പ്രായക്കാർക്കും അഭിഗമ്യനും ഉപദേഷ്ടാവുമായിരുന്നതിനാൽ അദ്ദേഹത്തിന്റെ ഗൃഹം ഒരു നിത്യസഭാമണ്ഡപമായി രൂപാന്തരപ്പെട്ടിരുന്നു. യുവാക്കന്മാരോടും വിദ്യാർത്ഥികളോടും അദ്ദേഹം അന്യാദൃശമായ സൗഹാർദ്ദസമ്പർക്കം പുലർത്തി, അവരുടെ വിചാരങ്ങളിലും വികാരങ്ങളിലും പങ്കുകൊണ്ടു. സമുദായകാര്യങ്ങളിൽ അദ്ദേഹം ഒരു തികഞ്ഞ ഉൽപതിഷ്ണുവായിരുന്നുവെങ്കിലും ഉച്ഛൃംഖലനായ ഒരു വിപ്ലവകാരിയായിരുന്നില്ല. സ്ത്രീവിദ്യാഭ്യാസത്തിന് അനുകൂലനായിരുന്നുവെങ്കിലും ഇംഗ്ലീഷ് പഠിത്തം നിമിത്തം യുവതികളിൽക്കണ്ട മദാമ്മചമയലിനെ തീക്ഷ്ണമായി വെറുത്തു. സ്വന്തം പെൺകുട്ടികളെ പള്ളിക്കൂടങ്ങളിൽ അയച്ചല്ല പഠിപ്പിച്ചത്. അവരുടെ കാര്യത്തിൽ അദ്ദേഹത്തിന്റെ ഹൃദയം ഒരു ശിശുവിന്റേതു പോലെ മൃദുലമായിരുന്നു. അദ്ദേഹത്തിന്റെ പുത്രി ഗൗരിയമ്മയുടെ ഭർത്താവായ പുന്നയ്ക്കൽ ഏ. ആർ. പിള്ള ഉപരിവിദ്യാഭ്യാസത്തിനായി യൂറോപ്പിൽ പോയി ഒന്നാമത്തെ ലോകമഹായുദ്ധത്തിൽ ജർമ്മനിയിൽ അകപ്പെട്ടു ദാരിദ്ര്യം നിമിത്തം പലക്ലേശങ്ങൾ അനുഭവിച്ചു. ഗാർഹികമായ ബന്ധം നിശ്ശേഷം വേർപെടുത്തിയതുപോലെയായിരുന്നു അദ്ദേഹത്തിന്റെ സകലബന്ധുക്കളോടുമുള്ള പെരുമാറ്റം. അദ്ദേഹത്തിനു സി. വി. 1096-ാമാണ്ടിടയ്ക്ക് അയച്ച ഒരു എഴുത്തിൽ നിന്ന് ഉദ്ധരിക്കുന്നതാണ് താഴെച്ചേർക്കുന്ന വാക്യങ്ങൾ: "ഞാൻ വൃദ്ധനാണ്. ദുർബ്ബലനാണ്. രോഗിയാണ്. നിങ്ങളുടെ അമ്മയേയും നിങ്ങൾ ജന്മദാതൃത്വം വഹിക്കുന്ന ആ ജീവികളേയും നിങ്ങൾ അറിയുന്ന ഭാവം പോലുമില്ല. നിങ്ങളോടു ധാർമ്മികമായ ഒരു കർത്തവ്യമെന്ന നിലയിൽ ഞാൻ നിങ്ങളുടെ ഭാര്യയേയും കുട്ടികളേയും സംരക്ഷിക്കുകയും കുറ്റകരമായ ഒരു പക്ഷപാതബുദ്ധിയോടുകൂടി നിങ്ങളുടെ ഭാര്യയുടെ വിദ്യാഭ്യാസച്ചിലവുകൾ നിർവ്വഹിക്കുകയും ചെയ്യു. നിങ്ങളുടെ അമ്മ എന്നേക്കാളും പ്രായംകൂടിയവരാണ്. നിങ്ങളുടെ ഭാര്യയെ കാണുക എന്നതു എനിക്ക് ഓരോ നിമിഷവും സങ്കടകരമായ ഒരു സങ്ഗതിതന്നെ. അപ്പോഴപ്പോൾ നിങ്ങളുടെ അമ്മയെ കാണുന്നതോ, ലോകത്തിൽ സഹിക്കാവുന്നതിൽക്കവിഞ്ഞുള്ള യാതനയുമാണ്." ഈ മഹാദുഃഖം അദ്ദേഹത്തിന്റെ മരണത്തെ ഏറെക്കുറെ ത്വരിപ്പിച്ചു. ഏ. ആർ. പിള്ള പല പ്രാരബ്ധങ്ങൾ തരണംചെയ്തു തിരിയെ തിരുവനന്തപുരത്തു വന്നപ്പോൾ സി. വി. ഇഹലോകവാസം വെടിഞ്ഞുകഴിഞ്ഞിരുന്നു.

## കൃതികൾ

താഴെപ്പറയുന്നവയാണ് സി. വി.യുടെ പ്രധാന കൃതികൾ. (1) ചന്ദ്രമുഖീവിലാസം പ്രഹസനം, (2) മത്തവിലാസം പ്രഹസനം (1068-ാമാണ്ടിടയ്ക്ക്), (3) മാർത്താണ്ഡവർമ്മ (1058), (4) ധർമ്മരാജാ (1088), (5) പ്രേമാമൃതം (1090-ൽ ആരംഭിച്ചത്). (6) രാമരാജബഹദൂർ രണ്ടു ഭാഗങ്ങൾ (1093-1095 ഈ കൊല്ലങ്ങളിൽ) എന്നീ നാലു നോവലുകളും, (7) ദിഷ്ടദംഷ്ട്രം, (8) പ്രേമാരിഷ്ടം എന്നീ രണ്ടു അപൂർണ്ണകഥകളും, (9) കുറുപ്പില്ലാക്കളരി (1084), (10) പണ്ടത്തെ പാച്ചൻ, (11) തെന്തനാംകോട്ടു ഹരിശ്ചന്ദ്രൻ, (12) കയ്മളശ്ശന്റെ കടശ്ശിക്കൈ, (13) ചെറുതേൻകൊളംബസ്, (14) കുറുപ്പിന്റെ തിരിപ്പ്, (15) ബട്ട്ലർ പപ്പൻ, (16) ഡാക്ടർക്കു കിട്ടിയ മിച്ചം എന്നീ എട്ടു പ്രഹസനങ്ങളും, (17) വിദേശീയമേധാവിത്വവുമാണ്. വിദേശീയമേധാവിത്വത്തെപ്പറ്റി മുൻപു പ്രസ്താവിച്ചിട്ടുണ്ട്. കെ. രാമകൃഷ്ണപിള്ള പ്രസിദ്ധീകരിച്ച പാറപ്പുറത്തെ ഖണ്ഡിച്ചു മുദ്രണംചെയ്യപ്പെട്ട പാറപ്പുറംപിളർപ്പ് അദ്ദേഹത്തിന്റെ കൃതിയല്ല. ചന്ദ്രമുഖിവിലാസത്തിൽ, പദ്യങ്ങളും അടങ്ങീട്ടുണ്ട്. അവയുടെ പ്രണേതാവു പേട്ടയിൽ രാമൻപിള്ള ആശാനായിരുന്നു. ഗദ്യശൈലി പ്രാസഭ്രയിഷ്ഠവും വിലക്ഷണവുമാണ്. അന്നത്തെ മരുമക്കത്തായക്കുടുംബങ്ങളിൽ കണ്ടുവന്ന പല അനാചാരങ്ങളേയും അവയുടെ അനിഷ്ടഫലങ്ങളേയും തിരുവാതിരക്കളിയിലെ ആശാന്മാരുടെ സ്ത്രീലംപടതയേയും മറ്റും പറ്റി അതിൽ നിപുണമായി ഉപാലംഭനം ചെയ്തിട്ടുണ്ട്. ശക്തിപൂജയുടെ മറയിൽ തിരുവനന്തപുരത്തെ ചില സമുദായാംഗങ്ങളുടെ മധ്യത്തിൽ കടന്നുകൂടിത്തുടങ്ങിയ മദ്യപാനത്തെ ഉന്മൂലനംചെയ്യുന്നതിനാണ് മത്തവിലാസം എഴുതിയത്. ആ രണ്ടു പുസ്തകങ്ങളും അച്ചടിച്ചിട്ടില്ല. പ്രഹസനപ്രസ്ഥാനത്തിന്റെ ഉപജ്ഞാതാവാണ് സി. വി. അദ്ദേഹത്തിന്റെ പ്രഹസനങ്ങളിൽ പ്രഥമസ്ഥാനത്തിനവകാശം കുറുപ്പില്ലാക്കളരിക്കുമാണ്. ഇംഗ്ലീഷ് പഠിച്ച യുവാക്കന്മാരും യുവതികളും യഥാക്രമം സായിപ്പന്മാരേയും മദാമ്മമാരേയും അനുകരിച്ചു കാണിക്കുന്ന ഗോഷ്ടികളെ അതിൽ ഫലിതസമ്മിശ്രമായ ഭാഷയിൽ ആദ്യന്തം അവഹേളനം ചെയ്തിരിക്കുന്നു. ഭാസ്കരമേനോനേയും പഞ്ചാമൃതക്കൊച്ചമ്മയേയും ആർക്കു മറക്കുവാൻ സാധിക്കും? കുറുപ്പില്ലാക്കളരിയിലെ പാട്ടുകളും നന്നായിട്ടുണ്ട്. പഞ്ചാമൃതക്കൊച്ചമ്മ ഒടുവിൽ പറയുകയാണ്: "ഇത് ഇരുപതാം ശതവർഷമാണ്. Miss Pancke ആണ് ഞങ്ങളുടെ Apostle. വലിയ ഒരു ഭൂകമ്പത്തിന്റെ മുരളിച്ചയാണ് കേട്ടുതുടങ്ങുന്നത്. സൂക്ഷിച്ചിരിക്കട്ടേ ഈ സമുദ്രലംഘനക്കാർ, ലങ്കാദഹനക്കാർ, ദശകണ്ഠനിഗ്രഹക്കാർ ഇവർ എന്തു സാധിച്ചു? സാക്ഷാൽമായയല്ലേ പരബ്രഹ്മത്തിനു സൃഷ്ടിസ്ഥിതിസംഹാരശക്തിയെ നല്കുന്നത്? Eve മാതാവല്ലേ മനുഷ്യർക്കു ബുദ്ധിയേയും ജ്ഞാനത്തേയും സമ്പാദിച്ചത്? രാജാക്കന്മാർ ഭരിക്കുന്നതു സ്ത്രീലിങ്ഗപ്രത്യയാന്തത്തോടുകൂടിയ മന്ത്രി മുഖേനയല്ലേ? വിശേഷിച്ചും ഈ ഞങ്ങളുടെ സംഗതിയിൽ കുടുംബം, സ്വത്ത് etc. ജന്മാവകാശങ്ങളല്ലേ? വരട്ടേ; കാണട്ടേ; കിഴക്കോട്ടുള്ള ഭ്രഭ്രമണത്തെ പടിഞ്ഞാറോട്ടാക്കിയില്ലെങ്കിൽ അന്നു ലിങ്ഗഭേദം നഷ്ടമായിപ്പോകട്ടെ." മറ്റു പ്രഹസനങ്ങൾ രണ്ടുമൂന്നു മണിക്കൂർ നേരത്തെ അഭിനയത്തിനുവേണ്ടി എഴുതീട്ടുള്ള അതിലഘുക്കളായ കൃതികളാണ്. ഹാസ്യരസത്തിനാണ് അവയിൽ പ്രാധാന്യം നല്കിക്കാണുന്നത്. സമുദായത്തിലെ ചില വൈകല്യങ്ങൾ ചൂണ്ടിക്കാണിക്കുക എന്ന ഉദ്ദേശം അവയിലുമുണ്ട്. മാർത്താണ്ഡവർമ്മമഹാരാജാവു പല പ്രബലന്മാരായ ശത്രുക്കളെ ജയിച്ചു സിംഹാസനാരൂഢനാകുന്നതാണ് മാർത്താണ്ഡവർമ്മയിലെ കഥാവസ്തു. കേശവദാസന്റെ അപദാനങ്ങളെ അനുകീർത്തനം ചെയ്തു മൂന്നു നോവലുകൾ രചിക്കണമെന്ന് സി. വി. ക്ക് ആഗ്രഹമുണ്ടായിരുന്നതായി ധർമ്മരാജായുടെ മുഖവുര

യിൽനിന്നു കാണാം. അവയിൽ ധർമ്മരാജാ ഒന്നാമത്തേതും, രാമരാജബഹദൂർ രണ്ടാമത്തേതും, ദിഷ്ടദംഷ്ട്രം മൂന്നാമത്തേതുമാണ്. രാമവർമ്മമഹാരാജാവിന്റെ രാജ്യഭരണത്തിന്റെ ആദ്യത്തെ ഘട്ടത്തെയാണ് ധർമ്മരാജാ പരാമർശിക്കുന്നത്. ടിപ്പുസുൽത്താനുമായുള്ള സംഘട്ടനമാണു രാമരാജബഹദൂരിന്റെ പശ്ചാത്തലം. കേശവദാസന്റെ അകാലമൃത്യുവാണ് ദിഷ്ടദംഷ്ട്രത്തിലെ ഇതിവൃത്തമെന്ന് ഊഹിക്കാം. പ്രേമാരിഷ്ടം ആത്മകഥാകഥനരൂപത്തിലുള്ള ഒരു നോവലാണ്. മിസ് മേരി കൊറെലി (Miss Marie Corelli) എന്ന ആഖ്യായികാകാരിണിയുടെ പ്രസിദ്ധമായ വെൺഡെററാ (Vendetta) എന്ന നോവലിൽ ലോകത്തിലെ സകലദുർവൃത്തികൾക്കും കാരണം സ്ത്രീചാപല്യമാണെന്നു സ്ഥാപിച്ചിട്ടുള്ളത് അബദ്ധമാണെന്നും, പുരുഷന്റെ ദുസ്സ്വഭാവമാണ് അവയ്ക്കെല്ലാം കാരണമെന്നും കാണിക്കുന്നതിനുവേണ്ടി രചിച്ച ഒരു നോവലാണ് പ്രേമാമൃതം. മുഖവുരയിൽ സി. വി. വെൺഡെറ്റായിലെ പ്രധാന സംഭവത്തെ ഈ കഥയുടെ രചനയിൽ ഭാവമൊന്നു മാറ്റി കവർന്നിട്ടുണ്ടെന്നുവരികിലും ശേഷം ഭാഗം സംഭവാദി കഥകൾ ആപാദമസ്തകം സ്വതന്ത്രസൃഷ്ടിയാണ്. “പാത്രങ്ങളും അവയുടെ പ്രവർത്തനങ്ങളും മനുഷ്യസ്വഭാവങ്ങളുടേയും ലോകഗതികളുടേയും വിവിധതയ്ക്കു ദൃഷ്ടാന്തങ്ങളായി സങ്കല്പിച്ചിട്ടുള്ളതും ആ സ്ഥിതിയിൽ വായനക്കാർ അവയെ അവലോകനം ചെയ്യേണ്ടതുമാണ്” എന്നു പറയുന്നു. സാമുദായികാഖ്യായിക രചിക്കുന്നതിനെക്കാൾ ചരിത്രാഖ്യായിക രചിക്കുന്നതിലാണ് അദ്ദേഹത്തിനു കൂടുതൽ വൈദഗ്ദ്ധ്യം.

## പ്രധാനകഥകളെപ്പറ്റി പൊതുവെയുള്ള പരാമർശം

ശൈലി പരിശോധിക്കുകയാണെങ്കിൽ മാർത്താണ്ഡവർമ്മയ്ക്കും സി. വി.യുടെ മറ്റു മൂന്നു നോവലുകൾക്കും തമ്മിൽ പ്രകടമായ വ്യത്യാസം കാണാം. മാർത്താണ്ഡവർമ്മയിലെ ശൈലി ഋജുവും സരളവുമാണ്. മറ്റു നോവലുകളിലേതു വക്രവും പരുഷവുമായി സാമാന്യന്മാരായ വായനക്കാരുടെ മസ്തിഷ്കശക്തിയെ പരീക്ഷിക്കുന്നു. ഈ വിമർശം സംഭാഷണഭാഗങ്ങളെ സ്പർശിക്കയില്ലെന്നുകൂടി പറയേണ്ടതുണ്ട്. മാർത്താണ്ഡവർമ്മ എഴുതി 20-ൽച്ചില്വാനം കൊല്ലങ്ങൾ കഴിഞ്ഞതിനുമേലാണല്ലോ ധർമ്മരാജാ രചിച്ചത്. അതിൽ പൂർവ്വശൈലി വിസ്മൃതമോ തിരസ്കൃതമോ ആയപോലെ തോന്നിപ്പോകുന്നു. മാർത്താണ്ഡവർമ്മയിൽ കഥാഘടനയ്ക്കാണ് മെച്ചം. മറ്റു നോവലുകളിൽ ചിത്തവൃത്തികളുടെ വികസനത്തിനാണ് പ്രാധാന്യം. ഉഗ്രഹരി പഞ്ചാനനൻ, പെരിഞ്ചക്കോട്ടു കുഞ്ചുമായിറ്റിപ്പിള്ള, ചിലമ്പിനേത്തു ചന്ത്രക്കാറൻ ഇത്തരത്തിലുള്ള പാത്രങ്ങൾ മാർത്താണ്ഡവർമ്മയിലില്ല. അതിമാനുഷന്മാരായ കഥാപാത്രങ്ങളെ വർണ്ണിക്കുന്നതിന് അസാധാരണരീതിയിലുള്ള ഭാഷവേണമെന്നു ഗ്രന്ഥകാരനു തോന്നിയിരിക്കാമെന്നേ ഒരു സമാധാനം പറയുവാൻ കാണുന്നുള്ളു. ശബ്ദശുദ്ധിയിൽ അദ്ദേഹം വളരെ നിഷ്കർഷയൊന്നും പാലിച്ചിരുന്നില്ല. ചന്തുമേനോനെപ്പോലെ അദ്ദേഹവും ആ വിഷയത്തിൽ ഉന്മാർഗ്ഗസഞ്ചാരിയായിരുന്നു. മലയാളം പോലെ വളർന്നുവരുന്ന ഒരു ഭാഷയിൽ ‘മനോവേഗം’ പോലെ ‘മനോശല്യവും’ അംഗീകാര്യമെന്നായിരുന്നു അദ്ദേഹത്തിന്റെ പക്ഷം. നീലരക്തദ്യുതിക്കാരൻ (Blue blooder) തുടങ്ങിയ ചില ഇംഗ്ലീഷ്ശൈലികളും അപൂർവ്വമായി അങ്ങിങ്ങു പകർത്തീട്ടുണ്ട്. നാലു നോവലുകളിലും സ്കോട്ടിന്റെ നോവലുകളിലെന്നപോലെ ഓരോ അധ്യായത്തിന്റെ ആരംഭത്തിലും കഥാസൂചകങ്ങളായ കവിതാശകലങ്ങൾ ചേർത്തിട്ടുണ്ട്. സി. വി.ക്കു തെക്കൻതിരുവിതാംകൂറിൽ ഗ്രാമീണന്മാർ സംസാരിക്കുന്ന അസംസ്കൃതമായ മലയാളം—തമിഴ്ഭാഷ–മറ്റൊരുത്തർക്കും വഴങ്ങാത്ത വിധ

ത്തിൽ സ്വാധീനമായിരുന്നു. മാർത്താണ്ഡവർമ്മയിലെ ശങ്കുആശാൻ മുതൽ. പല ഉപപാത്രങ്ങളെ അദ്ദേഹം അത്തരത്തിലുള്ള ഭാഷയുടെ മർമ്മസ്പൃക്കായ പ്രയോഗത്താൽ രംഗപ്രവേശം ചെയ്യിച്ച് അനുവാചകന്മാരെ ആനന്ദപരവശരാക്കുന്നു. സംഭാഷണചാതുര്യം, അദ്ദേഹത്തിന്റെ നോവലുകൾക്ക് ഒരു വിശേഷസിദ്ധിയാണ്. ഉപപാത്രങ്ങളുടെ ഉക്തിപ്രത്യുക്തികളിൽ ആ സിദ്ധി കൂടുതലായി പ്രകാശിക്കുന്നു. തന്നിമിത്തം ഉപപാത്രസൃഷ്ടിയിലാണ് അദ്ദേഹത്തിന്റെ മഹിമ പ്രാധാന്യേന അധിഷ്ഠിതമായിരിക്കുന്നതെന്നു ചില നിരൂപകന്മാർ പറയാറുള്ളതിലും സത്യാംശമുണ്ട്. വർണ്ണനാദ്യംശങ്ങളിലും അദ്ദേഹം അനുഗൃഹീതൻതന്നെ. സി. വി. ഗ്രാമീണന്മാരുമായി നമ്മെ അധികം അടുപ്പിക്കാറില്ലെന്നുള്ളത് അദ്ദേഹത്തിന്റെ നോവലുകൾക്ക് ഒരു വൈകല്യമായി ചിലർ കരുതുന്നു. നാഗരികങ്ങളായ പരിസരങ്ങളിൽ വളർന്ന അദ്ദേഹത്തിന് ആ പരിസരങ്ങളെ ചിത്രീകരിക്കുന്നതിലായിരുന്നു കൂടുതൽ പ്രാഗല്ഭ്യം എന്നു സമ്മതിക്കാം. എന്നാൽ മാങ്കോയിക്കൽക്കുറുപ്പ്, അരത്തമ്മപ്പിള്ളത്തങ്കച്ചി,അഴകശ്ശാർ മുതലായ ഗ്രാമിണപാത്രങ്ങളെ സൃഷ്ടിച്ചതും അദ്ദേഹമാണെന്നു നാം ഓർമ്മിക്കേണ്ടതുണ്ട്. അത്തരത്തിലുള്ള പാത്രങ്ങളുടെ വൈരള്യം ഒരു നോവലിന് ഒരിക്കലും മാറ്റുകുറയ്ക്കയില്ല. ശർക്കരയുണ്ടയിൽ ഏതു വശമാണ് മധുരമല്ലാത്തത്? സ്വന്തം അനുഭവത്തിൽനിന്ന് ഉടലെടുത്തവയാണ് അദ്ദേഹത്തിന്റെ മിക്ക കഥാപാത്രങ്ങളും. സി. വി.യുടെ നോവലുകളിൽനിന്ന് ഉദാഹരണങ്ങൾ ഉദ്ധരിക്കുന്നതു് ദുഷ്കരമായ ഒരു കൃത്യമാണ്. എങ്കിലും ചില ഖണ്ഡികകൾ പ്രദർശിപ്പിക്കാതെ നിർവ്വാഹമില്ല.

### തീപിടുത്തം

അഗ്നി വളരെ ഭയങ്കരമായും ക്രൂരതയോടുകൂടിയും കത്തിത്തകർക്കുന്നു. ജ്വാലകൾ മേല്പോട്ടു പൊങ്ങി അഗ്നിയാൽ നിർമ്മിതമായ ഒരു സ്തംഭംകണക്കേ അംബരത്തിൽ ഉയർന്നു കളിയാടുന്നു. വായുവിന്റെ ചലനം വർദ്ധിച്ചു കൂടുമ്പോൾ അതു പരന്നു ശിഥിലങ്ങളായി പരന്നു ചുവന്ന് അങ്ങുമിങ്ങും ചലിച്ച് ഉഴറിക്കൊണ്ടിരിക്കുന്ന അഗ്നിജിഹ്വകൾ എന്നപോലെ ജ്വലിക്കുന്നു. പിന്നീട് എല്ലാം ഒന്നായിച്ച മഞ്ഞു് ഒരു ഗോപുരാകൃതിയിൽ മേല്പോട്ടുയർന്ന് അഗ്രഭാഗം ഇടത്തോട്ടും വലത്തോട്ടും കുടക്കുടെ ഊക്കോടെ ചാഞ്ഞും ഒരു പത്തുനൂറായിരം ദീപയഷ്ടികളുടെ ശോഭയെ വെല്ലുന്ന തേജസ്സോടുകൂടി കാണപ്പെടുന്നു. ഇപ്പോൾ പാവകന്റെ ശക്തി കഠിനസാഹസത്താൽ താനേ ശമിച്ച് അമർന്നതുപോലെ കാണപ്പെടുന്നു. പിന്നെയും തന്റെ ക്രൂരപ്രവൃത്തിയെ നൂതനശക്തികൈക്കൊണ്ട് ആവർത്തിക്കുന്നതിനുവേണ്ട ഒരുക്കങ്ങൾ ചെയ്‌വാൻ അടങ്ങിയിരുന്നു എന്നു തോന്നുംവണ്ണം പൊടുന്നനവേ പല ആകൃതികൾ പൂണ്ടു കഠിനതേജസ്സോടുകൂടി വീണ്ടും ജ്വലിച്ചുകാണുന്നു. അസംഖ്യം കടച്ചക്രങ്ങളിൽനിന്നു യോജിപ്പോടുകൂടി പുറപ്പെടുംവണ്ണം തീപ്പൊരികൾ ആകാശത്തിൽ പരന്നു നാലു ഭാഗങ്ങളിലും ചിതറുന്നു.”

(മാർത്താണ്ഡവർമ്മ)

### ചിലമ്പിനേത്തു ചന്ത്രക്കാരൻ

“ഈ നവലങ്കാനാഥന്റെ ഇംഗിതത്തെ ത്രികാലജ്ഞാനശക്തികൊണ്ടു ധരിച്ചിട്ടെന്നപോലെ അനന്യസാധാരണമായ ഒരു മാതൃകയിൽത്തന്നെ അദ്ദേഹത്തെ ബ്രഹ്മാവു നിർമ്മാണം ചെയ്തു. ഇരുക്കോൽ വട്ടമുള്ള ഒരു വെള്ളകിൽഗോളത്തിൽ നിന്നു ശില്പവിദഗ്ദ്ധന്റെ കൃത്രിമകരകൗശലംകൊണ്ടു നിർമ്മിക്കപ്പെട്ട ആ രൂപത്തെ അങ്ഗംപ്രതി പരിശോധിച്ചാലും മിക്കതിന്റെ സൃഷ്ടിയിലും ഗോളധർമ്മം വിസ്മൃതമാകാതെതന്നെ രൂപനിർമ്മാണം നിർവ്വഹിക്കപ്പെട്ടിരുന്നു എന്നു കാണപ്പെടും.

വിസ്തൃതലലാടത്തിനു പുറകോട്ടുള്ള വളവും ചരിവും തെളതെളപ്പം നേത്രഗർത്ത ങ്ങളിൽനിന്ന് ഉന്തിനില്ക്കുന്ന വട്ടക്കണ്ണുകളുടെ മണികൾക്കുള്ള പിംഗലതയും, ചിരിക്കുമ്പോൾ കർണ്ണങ്ങളെ എച്ചിലാക്കുന്ന വായുടെ ദൈർഘ്യവും, പത്മനാഭസ്വാമി ക്ഷേത്രത്തിന്റെ മീനമഹോത്സവത്തിൽ നിറുത്തപ്പെടുന്ന പാണ്ഡവപ്രതിമകളിൽ കാണപ്പെടുന്നതുപോലെയുള്ള ദന്തപ്പരലുകളുടെ വെണ്മയും, കഥകളിക്കാരുടെ കറുത്ത കുപ്പായം ശകലിച്ചു പതിച്ചപോലുള്ള രോമാവലിഭംഗിയും, മിത്രഭേദോപാഖ്യാനത്തിലെ പിംഗളർഷഭന്റെ മുക്കറയ്ക്കുള്ള ശബ്ദഘോരതയും, ശിവകിങ്കരനായ കുംഭോദരന്റെ ഹാലാസ്യപുരാണപ്രസിദ്ധമായുള്ള അതിരോചകതയും, സഞ്ചാരത്തിൽ ‘പാരിലെന്നെയിന്നാരറിയാത്തവർ?’ എന്നു ചോദ്യംചെയ്യുന്ന തലയെടുപ്പം, വദനാണ്ഡംകൊണ്ട് ആകാശപത്രത്തിൽ വൃത്തലേഖനം ചെയ്യുന്നതിൽ അന്തർഭവിച്ചുള്ള ഉന്മത്തതയും കൂട്ടിച്ചേർത്താൽ ആ അമാനുഷന്റെ ആകൃതിയും ഏതാനും പ്രകൃതികളും ഒരുവിധം ഗ്രഹിക്കാവുന്നതാണ്.”

(ധർമ്മരാജാ)

## വസൂരിക്കാരന്റെ മൃതദേഹം

“ശവശരീരത്തെ അണിയിപ്പാൻ കൊടുത്ത വിശേഷവസ്തുങ്ങൾ ഏതോ മദ്യശാലയിലെത്തി ആ യമകിങ്കരന്മാരുടെ മദ്യദാഹത്തെ ശമിപ്പിച്ചിരിക്കുന്നു. പഴംതുണിക്കഷണങ്ങൾ ധരിച്ചു കീറിയ പനയോലപ്പാക്കഷണങ്ങൾകൊണ്ടു പൊതിഞ്ഞ് ഒറ്റമുളക്കണ്ടത്തിൽ തൂക്കി ആ മനുഷ്യശിഷ്യത്തെ ചുമന്നുകൊണ്ടു വാഹകന്മാർ കോലം തുള്ളി കുതിരചാടി പോകുന്നതിനിടയിൽ, വേഷ്ടസാമഗ്രികളെ ഭേദിച്ച് ശവത്തിന്റെ ഒരു കാൽ പുറത്തു ഞാന്ന് ആ ശരീരത്തിനു നേരിടുന്ന അവമാനത്തിനു ശിക്ഷയായി അന്ദോളകന്മാരെ ഇടയ്ക്കിടയ്ക്കു പ്രഹരിച്ചുകൊണ്ടിരുന്നു. ഈ യാത്രാരംഭത്തിൽ പ്രോക്ഷിക്കപ്പെട്ട ദ്രവ്യങ്ങളുടെ ഗന്ധവും, രോഗിയുടെ ശുശ്രൂഷാകാലത്ത് ഉപയോഗിക്കപ്പെട്ട സാധനങ്ങളുടെ അളിഞ്ഞ ദുർഗ്ഗന്ധവും, മൃതശരീരം അഴുകിത്തുടങ്ങിയതിന്റെ വിസ്രശല്യവും എല്ലാത്തെയും പൊതിഞ്ഞു പരിചാരകന്മാരുടെ ഉദരഭരണികളിൽനിന്നു പുറപ്പെടുന്ന മദ്യപ്രസരവും, മരിക്കാതെ മൃതപ്രായനായിരുന്ന രാഘവൻ എന്ന ശരീരത്തിന്റെയും നാസാരന്ധ്രത്തെ പരിപീഡിപ്പിച്ചു. അവസാനത്തിലെ മാന്ത്രിക കർമ്മങ്ങൾക്കു കൊണ്ടുപോകുന്ന കോഴികളുടെ ആർത്തനാദങ്ങളും പരികർമ്മികളുടെ കർണ്ണഭേദകങ്ങളായ ആർപ്പുകളും ആ രാജവീഥിയെത്തന്നെ പ്രേതപിശാചാദിപൂർണ്ണമായുള്ള രുദ്രഭൂമി ആക്കി.” (പ്രേമാമൃതം)

## കേശവദാസന്റെ വിടവാങ്ങൽ

“മഹാരാജാവിനാകട്ടെ അവിടത്തെ ഭൃത്യപ്രധാനനാകട്ടെ വല്ലതും കല്പിക്കുന്നതിനോ ഉണർത്തുന്നതിനോ നാവുകൾ സ്വാധീനങ്ങളാവുന്നില്ല. ‘കേശവാ!’ ‘അടിയൻ’ എന്നീ രണ്ടു പദങ്ങൾകൊണ്ട് ആജ്ഞാദാനവും അംഗീകാരബോധനവും സമാപിക്കപ്പെടുന്നു. കരുണാവൃദ്ധനായ രാജർഷിയുടെ തരളാംഗ്യങ്ങൾ നിരർഗ്ഗളഭക്തനായ ഭൃത്യനെ സർവ്വാംഗം തളർത്തി, അവിടത്തെ തൃപ്പാദങ്ങളിൽ പ്രണാമവാനാക്കി വീഴ്ത്തുന്നു. രാജഹസ്തങ്ങൾ ത്രസിച്ചു. പൈത്രമായ വാത്സല്യപൗഷ്കല്യത്തോടെ ഭൃത്യനെ എഴുന്നേല്പിക്കുന്നു. പ്രജാഹൃദയവേദിയിൽ ചിരംജീവവാസത്തെ സമാർജ്ജിച്ച ആ പുണ്യാബ്ധിശശാങ്കൻ ശ്രീപത്മനാഭന്റെ തിരുനാമമാകുന്ന ദിവ്യമന്ത്രത്തിന്റെ ഉച്ചാരണത്തോടെ തന്നാൽ പ്രതിഷ്ഠിതനായുള്ള ആ സചിവകേസരിയുടെ ശിരസ്സിൽ തൃക്കൈകൾ രണ്ടും അനുഭാവസമുല്ക്കർഷത്തോടെ അണച്ചു തന്റെ ഓജ

സ്സിനെ വിജയസിദ്ധ്യർത്ഥം അങ്ങോട്ടു പകർന്ന് ആശിസ്സുകൾനല്കി വിടവാങ്ങുന്നു."
(രാമരാജബഹദൂർ)

### കുഞ്ചെക്കുട്ടിപ്പിള്ള കാര്യക്കാരുടെ ആത്മാർപ്പണം

"സരസ്സിലെ ജലം അല്പാല്പമായി വാർന്നൊഴുകി സേതുഭൂമിയെ വിദ്രവിപ്പിച്ചു കീഴോട്ടിഴയിച്ചുതുടങ്ങി. അനന്തശയ്യ എന്നപോലെ പടുക്കുന്ന ആ ശിവലിംഗത്തിന്റെ അടിയിലോട്ട് അദ്ദേഹത്തിന്റെ ഇരുമ്പുപാരയെ കടത്തി രാവണഹസ്തങ്ങളെ കൈലാസത്തിന്റെ അധോഭാഗത്തിലെന്നവണ്ണം ആ ലോഹഖണ്ഡത്തിന്റെ അഗ്രഭാഗം മുഴവനേയും താഴ്ത്തി ആ ശിലാകുട്ടിമത്തെ സരസ്സിലോട്ട് ആവേശിപ്പാൻ താൻ അഭ്യസിച്ചിട്ടുള്ള യോഗസിദ്ധിയെ കാര്യക്കാർ പ്രയോഗിച്ചു. മുസലത്തിന്റെ ബഹിരന്തത്തെ മുഷ്ടികൾ ഗ്രഹിച്ചു. കാര്യക്കാരുടെ വക്ഷസ്സും സ്കന്ധങ്ങളും ജാനുക്കളും ജൃംഭിച്ചു. നാസാദളങ്ങളും ഇമകളും നിമീലനംചെയ്തു. മുഖബിംബം വികസിച്ചു കാളായദ്യുതിയോടെ പ്രകാശിച്ചു. മുഷ്ടികൾ മുസലാന്തസഹിതം കീഴ്പോട്ടു രേഖാമാത്രക്രമത്തിൽ താണുതുടങ്ങി. ശ്വാസസംയമനം ആ യമിസമഗ്രന്റെ കായകുട്ടിമത്തെ പുഷ്കലീകരിച്ചു. ശിലാലിംഗത്തിന് ആ സേതുഭൂമിയോടുള്ള ബന്ധം വിച്ഛിന്നമായിത്തുടങ്ങി. കാര്യക്കാരുടെ ജംഘകളിലേയും ഹസ്തദണ്ഡങ്ങളിലേയും ജൃംഭിതങ്ങളായ പേശിബന്ധങ്ങൾ ഭ്രൂഭ്രമണോർജ്ജിതത്തോടെ പുളഞ്ഞുതുടങ്ങി. കാര്യക്കാരുടെ കണ്ഠം ശിരസ്പരിമിതിയോളം വീർത്തു. ലലാടാസ്ഥികൾ ഭേദിക്കുംവണ്ണം കപോലബന്ധങ്ങൾ ത്രസിച്ചു. ഊരുജംഘകൾ സംയോജിക്കുമാറ് ആകുഞ്ചിതങ്ങളായി. വക്ഷസ്തടം കോദണ്ഡാകൃതിയിൽ വക്രിച്ചു. മുഖകണ്ഠങ്ങൾ പൃഷ്ഠഭാഗത്തോടു നമ്രങ്ങളായി. ആ സിദ്ധബലിഷ്ഠന്റെ മൂർദ്ധാവു ഹാ! തകരുന്നു. മുഷ്ടികൾ താഴുന്നു. പ്രതിബന്ധശിലാകൂടം തടാകത്തിൽ ആമജ്ജനം, ചെയ്തു ബുൽബുദനിരകളെ പൊങ്ങിക്കുന്നു. ഒരു വജ്രകണിക ആ സ്വജീവഹോതാവിന്റെ ജടാവലയമധ്യത്തിൽ ഉദിതമാകുന്നു. ഒരു മർമ്മരധ്വനി—സിംഹാരവം—മേഘാരവം—ബ്രഹ്മാണ്ഡഭേദനാരവം . . .
"
(രാമരാജബഹദൂർ)

മതി; ഈ ചരിത്രം ഇവിടെ അവസാനിപ്പിക്കാം. ഇംഗ്ലണ്ടിനു സ്കോട്ടും ഫ്രാൻസിന് അലക്സാണ്ഡർഡ്യൂമായും, ബംഗാളത്തിനു ബങ്കിമചന്ദ്രചതോപാധ്യായനും, മഹാരാഷ്ട്രത്തിനു ഹരിനാരായണ ആപ്തേയും എങ്ങനെയോ അങ്ങനെയാണ് കേരളത്തിനു സി. വി. ദുർഗ്ഗേശനന്ദിനിക്കും കപാലകുണ്ഡലയ്ക്കും സമശീർഷമാണ് അദ്ദേഹത്തിന്റെ മാർത്താണ്ഡവർമ്മയും ധർമ്മരാജാവും രാമരാജബഹദൂരും. അദ്ദേഹത്തിനെ നമുക്കു തന്നു ദൈവം കൈരളിയെ അന്യാദൃശമായി അനുഗ്രഹിച്ചിരിക്കുന്നു.

## കുന്നുകുഴിയിൽ കൊച്ചുതൊമ്മൻ അപ്പാത്തിക്കിരി (1026–1088)

### ചരിത്രം

തെക്കൻകോട്ടയത്തു പുതുപ്പള്ളി കുന്നുകുഴിയിൽ കൊച്ചുതൊമ്മൻ അപ്പാത്തിക്കിരിയാണ് ക്രിസ്ത്യാനികളുടെയിടയിൽ ആദ്യത്തെ നോവലെഴുത്തുകാരൻ. അദ്ദേഹം പ്രസിദ്ധനായ കെ. കെ. കുരുവിള ഇഞ്ചിനീയരുടെ ജ്യേഷ്ഠസഹോദരനും, ഒ. എം. ചെറിയാന്റെ ശ്വശ്രുരനുമായിരുന്നു. 1026-ാമാണ്ടു മീനമാസം തിരുവാതിരനക്ഷത്രത്തിൽ ജനിച്ചു. സംസ്കൃതം പഠിച്ചിരുന്നു. 'പരിഷ്കാരപ്പാതി' എന്ന പേരിൽ ഒരു നോവൽ 1067-ൽ പ്രസിദ്ധീകരിച്ചു. 1088-ൽ മരിച്ചു.

## പരിഷ്കാരപ്പാതി

നസ്രാണികളുടെ ജീവിതരീതി, വിവാഹം മുതലായ വിഷയങ്ങളുടെ ഒരു ചിത്രണമാണ് പ്രസ്തുതഗ്രന്ഥം. ഒരു ക്രിസ്തീയഭവനത്തിൽ ഔസേപ്പച്ചൻ എന്നൊരു യുവാവുണ്ടായിരുന്നു. അയാളെക്കൊണ്ട് അനുരൂപയായ ഒരു സ്ത്രീയെ വിവാഹംചെയ്യിക്കുവാൻ ബന്ധുക്കൾ ദൂരെ ഒരു സ്ഥലത്തേയ്ക്കു പോവുകയും, അക്കാമ്മ എന്ന ഒരു യുവതിയെ കാണുകയും ചെയ്യുന്നു; അവർ തമ്മിൽ വിവാഹം നടക്കുന്നു. പഴയ കല്യാണച്ചടങ്ങുകൾ പ്രപഞ്ചനം ചെയ്തിട്ടുണ്ട്. അതിനുശേഷം ഔസേപ്പച്ചന്റെ വീട്ടിൽ ഭയങ്കരമായ നാത്തൂൻ പോരുണ്ടാവുകയും അതിന്റെ ഫലമായി അക്കാമ്മ കഷ്ടപ്പെടുകയും ചെയ്യുന്നു. നാത്തൂന്മാർ ആ ഗൃഹം വിട്ടു പോയതിനുശേഷം ഭാര്യാഭർത്താക്കന്മാർ സ്വതന്ത്രരാകുന്നു; അക്കാമ്മ അനന്തരം പ്രസവത്തിനു പിതൃഗൃഹത്തിൽ പോകുന്നു. പ്രസവം കഴിഞ്ഞതിനുമേൽ ഔസേപ്പച്ചന്റെ സഹോദരി തങ്കമ്മയുടെ വിവാഹം നിശ്ചയിക്കുന്നു. തങ്കമ്മ കുറേ പരിഷ്കാരം സിദ്ധിച്ച യുവതിയാണ്. ആ സ്ത്രീ ഒരു ബിരുദധാരിയിൽ അനുരക്തയായിത്തീരുന്നു. അദ്ദേഹത്തെ കാണുമ്പോൾ ആ സ്ത്രീക്കു മോഹാലസ്യം ഉണ്ടാകുകയും അത് അപസ്മാരരോഗമാണെന്നു കരുതി വേണ്ടപ്പെട്ടവർ ചികിത്സിക്കുകയും ചെയ്യുന്നു. ഒടുവിൽ കാര്യം മനസ്സിലായി തങ്കമ്മ ആശിച്ച യുവാവിനെക്കൊണ്ടുതന്നെ ആ സ്ത്രീയെ വിവാഹം ചെയ്യിക്കുന്നു. ആ വിവാഹവും വിസ്തരിച്ചു വർണ്ണിച്ചിട്ടുണ്ട്. പിന്നീട് ഔസേപ്പച്ചന്റെ വീട്ടിലെ മൂപ്പീന്നു മരിക്കുന്നു. ഇതു സംബന്ധമായ ചടങ്ങുകളുടെ വർണ്ണനയും നന്നായിട്ടുണ്ട്. 60-ൽച്ചില്വാനം കൊല്ലങ്ങൾക്കുമുൻപ് ഉത്തരതിരുവിതാംകൂറിലെ നസ്രാണികളുടെ സാമൂഹ്യസ്ഥിതിയെത്തന്നെ പരിഷ്കാരപ്പാതി നമുക്കു കരതലാമലകംപോലെ കാണിച്ചുതരുന്നു. യഥാതഥപ്രസ്ഥാനത്തിൽ എഴുതിയ ഒരു നോവൽ എന്ന നിലയിലല്ലാതെ പ്രസ്തുതകൃതിക്കു മറ്റൊരു മെച്ചവും കാണുന്നില്ല. ഒരു ക്രിസ്തീയകഥയാകയാൽ അതിനു വിശേഷിച്ച് ഒരാകർഷണശക്തിയുണ്ടെന്നും പറയേണ്ടിയിരിക്കുന്നു.

## കിഴക്കേപ്പാട്ടു രാമൻകുട്ടിമേനോൻ (1033–1069)

ചന്തുമേനോന്റെ ഇന്ദുലേഖയുടെ നിർജ്ജീവമായ ഒരനുകരണം ഭാഷയിലുണ്ടായി. അതു ചെറുശ്ശേരി ചാത്തുനായരുടെ മീനാക്ഷി എന്ന നോവലാണ്. അദ്ദേഹം കോഴിക്കോട്ടു മിഷൻ ഹൈസ്കൂളിൽ ഒരു അധ്യാപകനായിരുന്നു. സഹൃദയന്മാർക്ക് ഉദ്വേഗജനകങ്ങളായ അത്തരത്തിലുള്ള കഥകളുടെ ആവിഷ്കാരത്തെ തടയണമെന്നുള്ള ഉദ്ദേശത്തോടുകൂടി എഴുതിയ ഒരു ഹാസ്യരസപ്രധാനമായ നോവലാണ് പറങ്ങോടീപരിണയം. അത് 1067-ാമാണ്ടിടയ്ക്ക് (ഇംഗ്ലീഷ്‌വർഷം 1892-ൽ) പ്രസിദ്ധീകരിച്ചു. അതിന്റെ പ്രണേതാവായ രാമൻകുട്ടി മേനോൻ സബ്ജഡ്ജി കൃഷ്ണമേനോന്റെ അനന്തരവനായി പാട്ടത്തിൽ കൃഷ്ണമേനോന്റെയും ശ്രീദേവിയമ്മയുടേയും മകനായി 1033-ൽ ജനിച്ചു. പത്താംക്ലാസ്സുവരെയേ പഠിച്ചിരുന്നുള്ളുവെന്നു വരികിലും ഇംഗ്ലീഷിൽ പ്രായോഗികമായ അറിവും സംസ്കൃതത്തിൽ സാമാന്യജ്ഞാനവും ഗദ്യരചനയിൽ പാടവവുമുണ്ടായിരുന്നു. അദ്ദേഹത്തിനു പരിഹാസത്തിലായിരുന്നു പാടവവും അഭിരുചിയും. 1069-മാണ്ട് ഇടവമാസത്തിൽ മരിച്ചു. വിദ്യാവിനോദിനി മാസികയിൽ വേങ്ങയിൽ കുഞ്ഞിരാമൻ നായനാർ ആഖ്യായിക എന്ന പേരിൽ ഒരു ഉപന്യാസം പ്രസിദ്ധപ്പെടുത്തിയിരുന്നു. അതിൽ നോവലെഴുത്തുകാരൻ എഴുതേണ്ട അധ്യായങ്ങളുടെ പേരുകൾ ഫലിതരൂപത്തിൽ നിർദ്ദേശിക്കുന്നുണ്ട്. കുളത്തിൽപ്പോയതും നീർക്കോലിയെക്കണ്ടതും—ഒന്നാമധ്യായം. ഒരുത്തതം—രണ്ടാമധ്യായം. നമ്പൂരിയുടെ വിഡ്ഢിത്തവും ചങ്ങനെ ചെണ്ടകൊട്ടിച്ചതും—മൂന്ന്. നാലാമത്തേത് ഒരാ

ണ്ടിയാട്ടം. എന്നിങ്ങനെ ഒൻപതധ്യായങ്ങൾക്കു ശീർഷകങ്ങൾ അദ്ദേഹം കൊടുത്തിട്ടുള്ളതുതന്നെയാണ് ആദ്യത്തെ ഒൻപതധ്യായങ്ങൾക്കു രാമൻകുട്ടിമേനോനും സ്വീകരിച്ചിരിക്കുന്നത്. ആ പുസ്തകത്തിനു മുഖവുര എഴുതിയതു നായനാർ തന്നെയാണ്.

## പറങ്ങോടീപരിണയം

മേൽക്കുളങ്ങര മാരാത്തു ചങ്ങമാരാർക്കു പറങ്ങോടൻ എന്നൊരു മരുമകനും, പറങ്ങോടി എന്നൊരു മകളുമുണ്ട്. ചങ്ങമാരാർക്ക് അമ്പലത്തിൽ ചെണ്ടകൊട്ടാണ് നിത്യവൃത്തി. കണ്ടപ്പമ്മാമന്റെ മകൻ താമരശ്ശേരിയിലെ പങ്ങശ്ശമേനോനെക്കൊണ്ടു പറങ്ങോടിയെ സംബന്ധം ചെയ്യിക്കുവാൻ അമ്മാവൻ ശ്രമിക്കുന്നു. അങ്ങനെയാണ് കഥാരംഭം. സ്ത്രീകൾ ഇംഗ്ലീഷ് പഠിക്കേണ്ടതിന്റെ ആവശ്യകതയെപ്പറ്റി പത്താമധ്യായത്തിൽ സരസമായി ഉപപാദിച്ചിരിക്കുന്നു. ഗ്രന്ഥകാരന്റെ മുഖവുരയിൽ നിന്ന് ഒരു ഭാഗം ചുവടേ ചേർക്കുന്നതിൽനിന്ന് അദ്ദേഹത്തിന്റെ പരിഹാസപ്രഗല്ഭത നിരീക്ഷിക്കാവുന്നതാണ്. . .

“മലയാളഭാഷയിൽ നോവൽ പുസ്തകങ്ങൾ നിശ്ശേഷം ബാക്കി ആകയാൽ ആവക പുസ്തകങ്ങൾ എഴുതി പ്രസിദ്ധപ്പെടുത്തിയാൽ വാല്മീകി ആദികവിയായതുപോലെ എനിക്കും “ആദിമലയാളനോവൽകർത്താവ്” എന്നുള്ള പേരു സിദ്ധിക്കുമെന്നുള്ള മോഹത്തിന്മേൽ ഞാൻ വളരെക്കാലമായി യത്നംചെയ്തുവന്നിരുന്നു. ഈ കാര്യം സാധിക്കാൻവേണ്ടി പലവഴികളിലും ഞാൻ ശ്രമിച്ചു. ഒരു ഇംഗ്ലീഷ് നോവൽ അപ്പടി തർജ്ജമചെയ്തു ‘സ്വന്തമായി ചമയ്ക്കപ്പെട്ടത്’ എന്നു പുസ്തകത്തിന്റെ പുറത്തെഴുതി പ്രസിദ്ധപ്പെടത്തിയാലോ എന്ന് ആലോചിച്ചു കുറേ തർജ്ജമ ചെയ്തുനോക്കി. ഇംഗ്ലീഷ് പഠിച്ച പല വിദ്വാന്മാരും എന്റെ കഷ്ടകാലംകൊണ്ട് ഇത് ഒരു സമയം വായിച്ചുപോയി എങ്കിൽ നമ്മുടെ കള്ളി പുറത്താകുമെന്ന ഭയത്താൽ അതു വേണ്ടെന്നുവച്ചു. ഇംഗ്ലീഷുകാർക്കു മലയാളമെന്നു കേട്ടാൽ തിക്തകം കഷായമാണെന്ന് എനിക്കു നല്ലവണ്ണമറിയാമെങ്കിലും ചെമ്പാണെന്നുതന്നെ കരുതിയാൽ മേലിൽ വ്യസനിക്കേണ്ടിവരുന്നതല്ലല്ലോ എന്നു കരുതിയാണ് അതു വേണ്ടെന്നുവച്ചത്. രണ്ടാമത്തെ ആലോചന കുറഞ്ഞോന്നു ഭേദപ്പെടുത്തി. ഇംഗ്ലീഷിൽ ‘വേവർലി നോവൽ’ മുതലായ പുസ്തകങ്ങൾ ഞാൻ വായിച്ചിട്ടുണ്ട്. അതിലുള്ള കഥകൾ നല്ല രസമുള്ളവയാണെന്നു പരമബോധ്യമായിട്ടുള്ളതുകൊണ്ട് അതിൽനിന്ന് എല്ലാം കൂടി കൂടിപ്പിടിച്ച് ആകെപ്പാടെ ഒരു പുതിയ കഥയാക്കിത്തീർത്താൽ കാര്യം പറ്റിക്കാമെന്നു കരുതി അതിനുദ്യമിക്കുമ്പോഴാണ് കുന്ദലത പുറത്തുവന്നത്. ഇനിമേൽ ആദികവി എന്ന പേരുകിട്ടാൻ കുറേ പ്രയാസമെന്നുവന്നതിനാൽ അതിയായ കുണ്ഠിതമുണ്ടായി എങ്കിലും ഞാൻ എഴുതുവാൻ പോകുന്ന പുസ്തകത്തിലെ കഥാസാരസ്യം കുന്ദലതയിൽ കവിഞ്ഞുവന്നാൽ എന്റെ യോഗ്യതക്കു ഹാനി സംഭവിക്കയില്ലെന്നു സമാധാനിച്ചു. എങ്കിലും പുസ്തകം ആരംഭിക്കേണ്ട സമ്പ്രദായം ഒന്നൊന്നായി തീർച്ചപ്പെടാത്തതിനാൽ പിന്നെയും കാലതാമസം വന്നു. എളുപ്പത്തിൽ പേരു സമ്പാദിക്കാനുള്ള വിദ്യയാണ് ഞാൻ ആദ്യം ആലോചിച്ചത്. അതു കുന്ദലതക്കാരനും കൊണ്ടുപോയി. പിന്നെ സ്വന്തം സൃഷ്ടിക്കാണെങ്കിൽ അത്ര വേഗത്തിൽ ഒന്നും തോന്നുന്നതുമില്ല, ഇങ്ങനെ ബുദ്ധിമുട്ടുള്ള കാലത്ത് ഇന്ദുലേഖയും മീനാക്ഷിയും വന്നു ലഹളകൂട്ടാൻ തുടങ്ങി. എവിടെച്ചെന്നാലും പഞ്ചുമേനോനന്റെയും സൂരിനമ്പൂരിപ്പാട്ടിലെയും ലഹളതന്നെ. ഞാൻ വളരെക്കാലമായി മോഹിച്ചിരുന്ന സ്വത്ത് ഇക്കൂട്ടർ എല്ലാവരുംകൂടി കവർന്നുകൊണ്ടു പോകുന്നതു വിചാരിച്ച് അതിനായി

വ്യസനവും അസൂയയും എനിക്കുണ്ടായതിനെ എന്റെ ഗുണമേറിയ വായനക്കാർ മാപ്പുചെയ്യേണ്ടതിനു സവിനയം അപേക്ഷിക്കുന്നു. ഇങ്ങനെ ദുഃഖപരവശനായി ഇരിക്കുന്ന കാലം ഒരു ദിവസം രാവിലെ ഒരു ഇന്ദുലേഖാപുസ്തകം കയ്യിലെടുത്ത് ഓരോ മനോരാജ്യവും വിചാരിച്ച് കടലാസ്സുകൾ ഓരോന്നായി വെറുതേ മറിച്ചുകൊണ്ടിരിക്കുമ്പോൾ അതിന്റെ അവതാരിക ഒന്ന് അശ്രദ്ധനായി വായിച്ചുനോക്കി. അതിൽ ഇങ്ങനെ ഒരു പുസ്തകം എഴുതേണ്ടതിനുത്സാഹിപ്പിച്ചത് ആ ഗ്രന്ഥകത്താവിന്റെ ഭാര്യയാണെന്നും മറ്റും കണ്ടപ്പോൾ കാര്യം പറ്റി എന്നു നിശ്ചയിച്ച് എനിക്കു മനസ്സിൽ ബഹുസുഖം തോന്നി. ഉടനേ എന്റെ പ്രാണപ്രിയയോടു വിവരമെല്ലാം പറഞ്ഞ് എന്നെമേല്പറഞ്ഞ പ്രവർത്തിക്കുത്സാഹിപ്പിക്കേണ്ടത് ആവശ്യപ്പെട്ടപ്പോൾ എനിക്കുണ്ടായ ഭവിഷ്യത്തല്ലേ പറയേണ്ടത്? ഞാൻ വലിയ കാര്യമായി പുസ്തകകർത്താവിനു സിദ്ധിക്കുന്ന ശ്രേയസ്സിനേയും പുസ്തകം വിറ്റാൽ കിട്ടുന്ന ലാഭത്തേയും കുറിച്ചു വളരെ ഗാരവഭാവത്തോടെ പറയാൻ തുടങ്ങിയതു കേട്ട് എന്റെ ഭാര്യ ഒന്നും മിണ്ടാതെ കുട്ടിയെ കുളിപ്പിക്കാൻ പോയതുകൊണ്ടു ഞാൻ മൗഢ്യം ഭാവിക്കാതെ പിന്നാലെ ചെന്നു പിന്നെയും ചോദിച്ചു. അപ്പോൾ തിരിഞ്ഞുനിന്ന് 'നിങ്ങൾക്കു മറ്റു തൊരം ഒന്നുമില്ലെങ്കിൽ നാലു നേന്ത്രവാഴവച്ചു നനയ്ക്കരുതോ? എനിക്കു വേറെ പ്രവൃത്തിയുണ്ട്. കുട്ടിയെ കുളിപ്പിച്ചിട്ടില്ല; അടിച്ചുതളിച്ചിട്ടില്ല; പയ്യിനെ കറന്നിട്ടില്ല.' എന്നുവേണ്ട, ഈ മാതിരി അഞ്ഞൂറുകൂട്ടം ജോലികൾ പിറുപിറുക്കാൻ തുടങ്ങി. 'എന്നേ വിഷമമേ! പിന്നാലേ പോയതുതന്നെ അബദ്ധമായല്ലോ' എന്നു പറഞ്ഞ് അതിയായ ബുദ്ധിക്ഷയത്തോടെ ഞാൻ മടങ്ങിപ്പോന്നു."

ഉദ്ധരിച്ച ഭാഗം കുറേ അധികം ദീർഘമായിപ്പോയെങ്കിലും ഇത് അന്നുവരെ മലബാറിൽ ആവിർഭവിച്ച നോവലുകളുടെ വിനോദവിമർശനമാകയാൽ അങ്ങനെ ചെയ്തതാണ്.

> "നെടിയരിച്ചോറുണ്ടിട്ടും മത്തൻകൂട്ടാൻ കൂട്ടീട്ടും
> എണ്ണ തേച്ചു കുളിക്കാഞ്ഞിട്ടും പിത്തം വർദ്ധിച്ചു ഭൂപതേ!"

എന്ന പ്രസിദ്ധ ശ്ലോകവും ഇതിൽ കാണ്മാനുണ്ട്.

പറങ്ങോടീപരിണയത്തിന്റെ ഒന്നാം പതിപ്പ് മൂന്നുമാസത്തിനകം വിറ്റഴിഞ്ഞു. നോവലെഴുത്തുകാർക്കു സ്വല്പം ഒരു ലജ്ജ അങ്കുരിപ്പിക്കുന്ന വിഷയത്തിൽ രാമൻകുട്ടിമേനോന്റെ പ്രയത്നം ഫലിച്ചു.

## പോത്തേരി കുഞ്ഞമ്പു (1032–1095)

### ചരിത്രം

ഉത്തരകേരളത്തിൽ അധഃസ്ഥിതരുടെ ഉന്നമനത്തിനുവേണ്ടി കാര്യക്ഷമമായി പലതും പ്രവർത്തിച്ച ഒരു മനുഷ്യസ്നേഹിയാണ് പോത്തേരി കുഞ്ഞമ്പു. അദ്ദേഹം 1032-ാമാണ്ടു (ഇ.വ. 1857 ജൂൺ 6-ാംനു-) വ്യാഴാഴ്ചനാളിൽ ജനിച്ചു. കണ്ണൂരിനു രണ്ടു നാഴിക അകലെയുള്ള പള്ളിക്കുന്നു ദേശത്തിലാണ് പോത്തേരി എന്ന ഭവനം സ്ഥിതിചെയ്യുന്നത്. അച്ഛൻ പോത്തേരി കണക്കൻ നടത്തിവന്ന ഒരു എഴുത്തുപള്ളിയിലും, അതിനുമേൽ സംസ്കൃതത്തിലും മലയാളത്തിലും സാമാന്യപരിചയമുണ്ടായിരുന്ന ചെറുമണലിൽ കുഞ്ഞമ്പുട്ടി ഗുരുക്കളുടെ കീഴിലും പ്രാഥമിക വിദ്യാഭ്യാസം ലഭിച്ചതിന്റെ ശേഷം കണ്ണൂർ ഗവർമ്മേന്റ് ഇംഗ്ലീഷ് ഹൈസ്കൂളിൽ ചേർന്നു മെട്രിക്കുലേഷൻ പരീക്ഷ ജയിച്ചു. ഉപരിപഠനത്തിനു കുടുംബത്തിലെ ദാരിദ്ര്യം അനുവദിക്കാത്തതിനാൽ ആദ്യം മലപ്പുറത്തു പോസ്റ്റുമാസ്റ്ററും, പിന്നീടു തളിപ്പറമ്പു മജിസ്ട്രേട്ടുകോടതി

യിൽ ഒരു പകർപ്പെഴുത്തു ഗുമസ്തനമായി സ്വല്പകാലം പണിനോക്കി. സ്വാതന്ത്ര്യേച്ഛുവായ കഥാപുരുഷന് അത്തരത്തിൽ ഒരു ജീവിതം നയിക്കുന്നതു് അനഭിലഷണീയമായിത്തോന്നിയതിനാൽ വക്കീൽപ്പരീക്ഷയിൽ ജയിച്ചു. തളിപ്പറമ്പിലും, പിന്നീടു കണ്ണൂരിലും അഭിഭാഷകനായി ഒരു വക്കീലെന്ന നിലയിൽ അദ്ദേഹം വളരെ ഉയർന്നു. നിസ്തന്ദ്രമായ പ്രയത്നവും നിഷ്കളങ്കമായ സത്യസന്ധതയുമാണ് ആ ഉയർച്ചയ്ക്കു കാരണം.

## സമുദായസേവനം

താൻ ജനിച്ച തീയസമുദായം അന്നു ജാതിസംബന്ധമായി പല അവശതകൾ അനുഭവിച്ചുകൊണ്ടിരുന്നു. തീയരെക്കാൾ അധഃസ്ഥിതരായ ചെറുമക്കളുടെ നരകജീവിതം അദ്ദേഹത്തിന്റെ ഹൃദയത്തെ അത്യന്തം വേദനിപ്പിച്ചു. അത്തരത്തിലുള്ള സമുദായങ്ങൾക്കുവേണ്ടി അദ്ദേഹം ആത്മസമർപ്പണം ചെയ്‌വാൻ തീർച്ചപ്പെടുത്തി. മതപരിഷ്കാരത്തേയും സാധുജനോദ്ധാരണത്തേയും പറ്റി നിശിതങ്ങളായ പല ഉപന്യാസങ്ങൾ കേരളപത്രിക, കേരളസഞ്ചാരി എന്നീ പത്രങ്ങളിലും ഭാഷാപോഷിണി മാസികയിലും പ്രസിദ്ധീകരിച്ചു. ചെറുമക്കൾക്കു വേണ്ടി സ്വന്തമായി ഒരു പ്രാഥമിക വിദ്യാലയം സ്ഥാപിക്കുകയും, അതിൽ പഠിപ്പിക്കുവാൻ അദ്ധ്യാപകന്മാരെ കിട്ടായ്കയാൽ സ്വന്തം സഹോദരന്മാരിൽ ഒരാളെത്തന്നെ നിയോഗിക്കുകയും ചെയ്തു. 'എഡ്വേർഡ് പ്രസ്സ്' എന്ന പേരിൽ ഒരച്ചുക്കൂടവും അദ്ദേഹത്തിന്റെ സ്ഥാപനങ്ങളിൽ അപ്രധാനമല്ല. കുഞ്ഞമ്പുവിന്റെ പുസ്തകങ്ങളെല്ലാം വിദ്യാഭ്യാസം കൊണ്ടും അന്ധവിശ്വാസോച്ചാടനംകൊണ്ടും ചെറുമക്കളെപ്പോലെയുള്ള സമുദായങ്ങളെ പുരോഗമിപ്പിക്കുന്നതിനുവേണ്ടി എഴുതപ്പെട്ടിട്ടുള്ളവയാണ്. പുലയർക്കു 'പഞ്ചമർ'എന്ന പേർ ആദ്യമായി നല്കിയതു് അദ്ദേഹമാണെന്നു പറയപ്പെടുന്നു. നിലവിലിരിക്കുന്ന ഹിന്ദുമതത്തെ അദ്ദേഹം കഠിനമായി വെറുത്തു. ക്രിസ്തുമതം സ്വീകരിച്ചാലല്ലാതെ തീയർക്കു രക്ഷയില്ലെന്നു ദൃഢമായി വിശ്വസിച്ചു. പക്ഷേ, ആ രക്ഷയ്ക്കു് ഏതാനുംചില തീയർ ക്രിസ്ത്യാനികളായാൽ പോരെന്ന് അദ്ദേഹം കണ്ടു. തന്റെ ആഗ്രഹം അപ്രായോഗികമാകയാൽ ഹിന്ദുവായിത്തന്നെ ജീവിതം നയിക്കുവാൻ നിശ്ചയിച്ചു. അദ്ദേഹം "നിങ്ങൾ എല്ലാവരും വരുന്നില്ലെങ്കിൽ ഞാൻ പോകയില്ല" എന്നാണ് സ്വസമുദായാംഗങ്ങളോടു പറഞ്ഞതു്. ഇംഗ്ലീഷ്‌വർഷം 1892 ജനുവരി 1-ാംനു അദ്ദേഹത്തിന്റെ പ്രധാന കൃതിയായ 'സരസ്വതീവിജയം' എന്ന നോവൽ പ്രസിദ്ധീകൃതമായി. കുഞ്ഞമ്പു 1095-ൽ (ഇ.വ. 1919—ഡിസമ്പർ 24-ാംനു) മരിച്ചു.

## കൃതികൾ

(1) സരസ്വതീവിജയം (2) തീയർ, (3) രാമകൃഷ്ണസംവാദം, (4) രാമായണസാരശോധന, (5) മൈത്രി, (6) ഭഗവൽഗീതോപദേശം ഈ പുസ്തകങ്ങൾ രചിച്ചിട്ടുണ്ട്. അദ്ദേഹത്തിന്റെ ഭാഷ ശക്തിമത്താണ്. ഹിന്ദുമതത്തെ അപലപിക്കുന്ന രാമായണസാരശോധന മുതലായ ഗ്രന്ഥങ്ങളിൽ അദ്ദേഹം ഒരു വക്കീലിന്റെ നിലയാണ് അവലംബിച്ചിരിക്കുന്നതു്; ഒരു ജഡ്ജിയുടെയല്ല. രാമായണസാരശോധന 1893-ൽ പ്രസിദ്ധപ്പെടുത്തി. സരസ്വതീവിജയത്തെപ്പറ്റി മാത്രമേ ഇവിടെ എന്തെങ്കിലും പ്രസ്താവിക്കണമെന്ന് ഉദ്ദേശിക്കുന്നുള്ളു.

## സരസ്വതീവിജയം

തന്റെപറമ്പിൽ അടകുടികിടക്കുന്ന ഒരു അധഃസ്ഥിത കുടുംബത്തിലെ അംഗമായ മരത്തൻ എന്ന പുലയക്കുട്ടി

> "എള്ളിലുള്ളെണ്ണകണക്കേ ദേഹങ്ങടെ–
> യുള്ളിലുള്ളിശ്വരൻതാനിരിപ്പു
> ഉള്ളവണ്ണംതന്നെ കാട്ടിത്തരുംഗുരു
> നിത്യം ഗുരുനാഥ കുമ്പിടുന്നേൻ"

എന്നും മറ്റും പാടത്തുനിന്നു പാടിയതു കനകശേഖരഇല്ലത്തു കുബേരൻനമ്പൂരി കേട്ടിട്ടു കോപാന്ധനാകുന്നു. അദ്ദേഹത്തിന്റെ വാല്യക്കാരനായ രാമൻകുട്ടിനമ്പ്യാർ ഓടിപ്പോയി അവനെ ചവിട്ടുന്നു. തന്നിമിത്തം അവൻ മരിച്ചതായി ആദേശത്തു ശ്രുതി പൊങ്ങുന്നു. പോലീസുകാർ അറസ്റ്റ് ചെയ്യുമെന്നു ഭയപ്പെട്ടു നമ്പൂരി നാടുവിട്ടു പോകുന്നു. അദ്ദേഹത്തിന്റെ മകൾ സുഭദ്ര എന്ന അന്തർജ്ജനത്തിനു ജാരസംസർഗ്ഗമുള്ളതായി ഒരു ഘോരമായ അപവാദം നമ്പൂരിയുടെ ശത്രുക്കൾ പരത്തുകയും, സ്മാർത്തന്മാർ ആ സാധ്വിയെ കൈകൊട്ടി പുറത്താക്കുകയും ചെയ്യുന്നു. അശരണയായ സുഭദ്രയെ കണ്ണൂരിലെ ഒരു പാതിരി രക്ഷിക്കുന്നു. സുഭദ്ര അവിടെവച്ച് ഇംഗ്ലീഷ് പഠിക്കുകയും, കണ്ണൂരിൽ പാതിരിമാർ നടത്തുന്ന ഒരു പെൺപള്ളിക്കൂടത്തിൽ ഉപാധ്യായയായി നിയമിക്കപ്പെടുകയും ചെയ്യുന്നു. കാശിയിൽ ഒളിച്ചു താമസിച്ചുകൊണ്ടിരുന്ന നമ്പൂരിയെ പോലീസുകാർ പിടിച്ചുകൊണ്ടുവന്നു മേൽസൂചിപ്പിച്ച കുറ്റത്തിനു തലശ്ശേരി സെഷൻകോടതിയിൽ വിസ്തരിച്ചു. അന്ന് അവിടെ ജഡ്ജിയായിരുന്നത് ഏശുദാസൻ എന്നൊരു പുലക്രിസ്ത്യാനിയാണ്. അദ്ദേഹം നമ്മുടെ പഴയ മരത്തനല്ലാതെ മറ്റാരുമല്ല. അദ്ദേഹം കോഴിക്കോട്ടുള്ള ഒരു പാതിരിയുടെ സഹായത്തോടുകൂടി ബി. ഏ. ജയിച്ചു പല ഉദ്യോഗങ്ങളിൽ ഇരുന്നുയർന്ന് ആ പദവിയിൽ എത്തി. തെളിവില്ലാത്തതിനാൽ ജഡ്ജി നമ്പൂരിയെ മോചിപ്പിക്കുന്നു. ഇതാണ് പ്രസ്തുതകൃതിയിലെ ഇതിവൃത്തസങ്ഗ്രഹം. വിദ്യാഭ്യാസംകൊണ്ട് ഏതു അധഃസ്ഥിതനും ഉച്ചസ്ഥന്റെ നിലയിലെത്താമെന്നു സൂചിപ്പിക്കുന്നതിനാണ് സരസ്വതീവിജയം എന്ന പേർ ഗ്രന്ഥകാരൻ പുസ്തകത്തിനു നല്കിയിരിക്കുന്നത്. നമ്പൂരിയെക്കൊണ്ട് അദ്ദേഹം പദേപദേ മനുസ്മൃതിയിൽനിന്നു പ്രമാണങ്ങൾ ഉദ്ധരിപ്പിക്കുന്നതും, താൻതന്നെ അധ്യാത്മരാമായണം, ഭാരതം, പഞ്ചതന്ത്രം എന്നീ കിളിപ്പാട്ടുകളിൽനിന്നും മറ്റും ഈരടികൾ പകർത്തുന്നതും പുസ്തകത്തിന്റെ മേന്മയ്ക്കു ഹാനികരമായിട്ടുണ്ട്.

## ഉദാഹരണം

ഏതാനും ചില വാക്യങ്ങൾ ഉദ്ധരിച്ചു കുഞ്ഞമ്പുവിന്റെ ശൈലി പ്രദർശിപ്പിക്കാം.

നമ്പൂരിയെ കാണാത്തതിനാൽ അന്തർജ്ജനത്തിനുണ്ടായയാതന:— "സാധാരണയായി തന്റെ ഭർത്താവിരിക്കുന്ന സ്ഥലത്തു ചെന്നു നോക്കും; ഉടനേ പൊട്ടിക്കരയും; മടങ്ങിവരും. വല്ലവരും വാതിൽ മുറിയേ പോകുന്ന നിഴലാട്ടം കണ്ടാൽ അതു ഭർത്താവാണോ എന്നു ശങ്കിച്ച് എത്തിനോക്കും. ഉടനേ വീണുരുളും. പിന്നെ കുറേ നേരം ഒന്നും മിണ്ടാതെ ഇരിക്കും. അപ്പോൾ ഭർത്താവു തന്നെ വിളിക്കുന്ന ഒച്ചയല്ലേ കേട്ടത് എന്നുതോന്നും. ഉടനെ അതല്ല എന്നു മനസ്സിലായി നെടുവീർപ്പിട്ടുകരയും. കരയരുതേ എന്നു വല്ലരും പറയുമ്പോൾ പൊട്ടിക്കരയും. ഇങ്ങനെ ഏകദേശം രാത്രി മൂന്നു യാമവും കഴിഞ്ഞു."

## ജീവത്സാഹിത്യം

പ്രസ്തുതപുസ്തകത്തിന് അവതാരിക എഴുതിയ മൂർക്കോത്തു കുമാരൻ പറയുന്നതു രാമായണവും മഹാഭാരതവും ജീവത്സാഹിത്യപംക്തിയിൽ ഉൾപ്പെടുന്നതാണെന്നും, കീഴ് ജാതികളും ദരിദ്രരും പാവങ്ങളും ആയവരെപ്പറ്റി വിവരിക്കുന്ന കാവ്യങ്ങൾ

മാത്രമേ ജീവത്സാഹിത്യമാകയുള്ളു എന്നു ശഠിക്കുന്നതായാൽ അതിന്നുള്ള ഒരുത്ത മദൃഷ്ടാന്തം ഇതാ—'സരസ്വതീവിജയം' എന്നു പറയുന്നു. അദ്ദേഹത്തിന്റെ ഈ അഭിപ്രായം ആദരണീയമാണ്. സരസ്വതീവിജയത്തിനു മുൻപ് അത്തരത്തിൽ ഒരു ഇതിവൃത്തഘടനയ്ക്കായി ഭാഷാസാഹിത്യകാരന്മാരിൽ ആരും ഉദ്യമിച്ചിട്ടില്ല.

## കൊച്ചിരാമവർമ്മ (അപ്പൻ) തമ്പുരാൻ (1051–1117)

### ഉപക്രമം

അപ്പൻതമ്പുരാൻ ഒരു മാസികാപ്രവർത്തകൻ, കേരളചരിത്രഗവേഷകൻ, ഗ്രന്ഥ വിമർശകൻ, ആഖ്യായികാകാരൻ, ഉപന്യാസകർത്താവ്, ഗദ്യകവി എന്നിങ്ങനെ പലനിലകളിൽ നിരതിശയമായ ഭക്തിയോടുകൂടി കൈരളിയെ ഉപാസിച്ചിട്ടുണ്ട്. ആ സാഹിത്യപദ്ധതികളിലെല്ലാം ഒന്നുപോലെ വിജയം നേടിയിട്ടുമുണ്ട്. സൗകര്യത്തിനുവേണ്ടി അദ്ദേഹത്തിന്റെ ചരിത്രം ഈ ഘട്ടത്തിൽ രേഖപ്പെടുത്തുന്നുവെന്നേയുള്ളു.

### ജനനം

അപ്പൻതമ്പുരാൻ 1051-ാമാണ്ടു തുലാമാസം 24-ാംനു പൂരുരുട്ടാതി നക്ഷത്രത്തിൽ ജനിച്ചു. സ്ഥാനസന്യാസംചെയ്ത കൊച്ചി രാമവർമ്മ വലിയതമ്പുരാന്റെ മൂത്ത സഹോദരി കൊച്ചിക്കാവുതമ്പുരാട്ടിയായിരുന്നു മാതാവ്. ആ സാധ്വി പാഴൂർ പടുതോൾ തുപ്പൻ നമ്പൂരിപ്പാട്ടിലെ സഹധർമ്മിണിയായി. അവരുടെ സന്താനങ്ങളായി ഒരു സ്ത്രീപ്രജയും, നാലു പുരുഷപ്രജകളും ജനിച്ചതിൽ നാലാമത്തെ പുരുഷസന്താനമാണ് അപ്പൻതമ്പുരാൻ. കൊച്ചിക്കാവുതമ്പുരാട്ടിക്കു സംഗീതത്തിലും സാഹിത്യത്തിലും പരിജ്ഞാനമുണ്ടായിരുന്നു. സംഗീതത്തിൽ ഒരു നല്ല ശിഷ്യപരമ്പരയുണ്ട്. അങ്ങനെ മാതാവിൽനിന്നു ലഭിച്ചതാണ് അപ്പൻതമ്പുരാന്റെ സംഗീതവാസന. ആ തമ്പുരാട്ടി 1053-ൽ തീപ്പെട്ടു. ചിറ്റമ്മയായ അമ്മുത്തമ്പുരാട്ടിയാണ് പിന്നീടു കുമാരനെ വളർത്തിയത്.

### വിദ്യാഭ്യാസം

ചാഴൂർ കോവിലകത്തുവച്ചു വാഴയൊഴിഞ്ഞ വലിയതമ്പുരാന്റെ മേൽനോട്ടത്തിൽ ആശാൻതമ്പാൻ എന്നൊരു പണ്ഡിതൻ സിദ്ധരൂപവും മറ്റും പഠിപ്പിച്ചു. ശേഷാചാര്യ പാഠശാലയിൽ ഈച്ചരവാരിയർ കാവ്യങ്ങൾ അഭ്യസിപ്പിച്ചു. കല്ലിങ്കൽ വലിയ രാമപ്പിഷാരടിയും അദ്ദേഹത്തിന്റെ സംസ്കൃതാധ്യാപകന്മാരുടെ കൂട്ടത്തിൽ ഉൾപ്പെടുന്നു. 1068-ൽ എറണാകുളം കോളേജിൽ അഞ്ചാംഫാറത്തിൽ ചേർന്നു. 1070-ൽ മെട്രിക്കുലേഷൻ പരീക്ഷ ജയിച്ചു. മദിരാശി പ്രസിഡൻസി കോളേജിൽനിന്ന് എഫ്. ഏ. പാസ്സായി. ബി. ഏ.യ്ക്കു സംസ്കൃതം വിട്ടു മലയാളം ഉപഭാഷയാക്കി. അന്നാണ് ആ ഭാഷയുടെ മർമ്മങ്ങളും മനോജ്ഞതയും ഗ്രഹിച്ചത്. തനിക്കും ആ ഭാഷയുടെ ഉൽക്കർഷത്തിനുവേണ്ടി ജീവിതാർപ്പണം ചെയ്യണമെന്ന് ഒരാഗ്രഹം തോന്നി. അക്കാലം മുതൽ അതിലേക്കായി ശ്രമിച്ചു. 1074-ൽ ബി. ഏ. യ്ക്കു മലയാളത്തിനുമാത്രം ജയിച്ചു. അടുത്തകൊല്ലത്തിൽ ഇംഗ്ലീഷിലും ഉത്തീർണ്ണനായി. ഐച്ഛികവിഷയത്തിൽ തോറ്റുപോയി. ഇംഗ്ലീഷുവിദ്യാഭ്യാസം അവിടെ നിറുത്തി. പിൽക്കാലത്ത് തൃശ്ശൂരിൽ താമസമാക്കിയതിനുമേൽ പി. എസ്. അനന്തനാരായണശാസ്ത്രിയോടു

വ്യാകരണവും, ആറ്റൂർ കൃഷ്ണപ്പിഷാരടിയോടു തർക്കവും, വെയിലൂർശങ്കരവാരിയരോടു അഷ്ടാംഗഹൃദയവും പഠിക്കുകയുണ്ടായി. വേദാന്തം തന്നത്താൻ അഭ്യസിച്ചതാണ്. ആ മഹാരാജാവിന്റെ മറ്റൊരു സഹോദരിയുടെ പുത്രനായ കേരളവർമ്മ അമ്മാമൻതമ്പുരാനെപ്പറ്റി മേൽ പരാമർശിക്കും. വേറെ ഒരു തായ് വഴിയിൽപ്പെട്ട മങ്കു എന്ന അംബത്തമ്പുരാട്ടിയാണ് പണ്ഡിത സാർവ്വഭൗമനും ഇന്നത്തെ കൊച്ചി മഹാരാജാവുമായ പരീക്ഷിത്തു തമ്പുരാന്റെ മാതാവ് (വാഴ്ചയൊഴിഞ്ഞ തമ്പുരാന്റെ ജാമാതാവ്). ഇങ്ങനെ ഒരേ കാലത്തുതന്നെ കൊച്ചി രാജകുടുംബത്തിൽ ഭാഷാപോഷകന്മാരും സാഹിത്യബന്ധുക്കളുമായ മൂന്നു കുമാരന്മാർ ഉദയംചെയ്തു. സംസ്കൃതത്തിന്റെയും മലയാളത്തിന്റെയും അഭ്യുന്നതിക്കു പല പ്രകാരത്തിൽ പ്രേരകരായി ഭവിച്ചു.

## രസികരഞ്ജിനി

1074-ൽത്തന്നെ ഭാഷയിൽ ഉത്തമമായ രീതിയിൽ ചിത്രങ്ങളോടുകൂടിയ ഒരു മാസിക പുറപ്പെടവിക്കണമെന്നും അന്നു ശൈശവപ്രായത്തിൽ വളർന്നുവന്ന മദിരാശിയിലെ ഇൻഡ്യൻ റെവ്യൂ (Indian Review) അതിനൊരു മാർഗ്ഗദർശകമാണെന്നും ആ പുണ്യശ്ലോകനു തോന്നി. മദിരാശിയിൽ പഠിക്കുമ്പോൾ മദ്രാസ് സ്റ്റാൻഡേർഡ് പത്രത്തിലേക്കു ലേഖനങ്ങൾ എഴുതിക്കൊണ്ടിരുന്നു. തന്റെ മാസികസംബന്ധിച്ചുള്ള ആലോചനകൾ 1077 കുംഭം 14-ാംനു-യേ പൂർത്തിയായുള്ളു. 1078 ചിങ്ങത്തിൽ രസികരഞ്ജിനി എന്ന അന്വർത്ഥനാമത്തോടുകൂടി അദ്ദേഹത്തിന്റെ മാസിക ഉദയം ചെയ്തു. ഒന്നാം ലക്കത്തിലെ പ്രസ്താവനയിൽ ഇങ്ങനെ പറഞ്ഞുകാണുന്നു. “രസികരഞ്ജിനി പ്രവേശിപ്പാനുള്ള കാരണം ഉദ്ദേശപത്രത്തിൽ പറഞ്ഞിട്ടുള്ളതുകൊണ്ടു് അതിനെ വീണ്ടും എടുത്തുപറയുന്നില്ല. എങ്കിലും നാന്ദിപ്രസ്താവനകൾ ഇല്ലാത്ത നാടകം, തോടയത്തോടുകൂടാത്ത അരങ്ങേറ്റം, ഉപസ്തരണശൂന്യമായസദ്യ മുതലായവ ലോകമര്യാദയ്ക്കു വിരോധമായിട്ടുള്ളവ ആകകൊണ്ടു പ്രകൃതമാസികയുടെ തിരനോട്ടത്തിങ്കൽ കുറച്ചു വല്ലവിദ്യയെടുക്കാഞ്ഞാലും അത്ര ഉചിതമായിരിക്കയില്ല. രസികരഞ്ജിനിയുടെ ജാതകം നോക്കിച്ചിട്ടില്ല; നോക്കിച്ചിട്ടു് ആവശ്യവും കാണുന്നില്ല. ദീനം വരുന്നകാലത്തു വൈദ്യന്മാരെ ആശ്രയിക്കുമ്പോൾ വിമുഖത കാണിക്കാതിരുന്നാൽ കഷ്ടാരിഷ്ടങ്ങൾ ഒന്നും കൂടാതെ ആകൃതിയും പ്രകൃതിയും നന്നായി ആയുസ്സോടും ഓജസ്സോടും വളർന്നുവരുന്ന ഈ നൂതനസന്താനത്തെ എല്ലാവരും എടുത്തു ലാളിക്കുന്നതു കാണ്മാൻ സംഗതി വരുമെന്നാണ് ഞങ്ങൾ പൂർണ്ണമായി വിശ്വസിക്കുന്നത്.

എറണാകുളത്തു വടക്കേമാളികയിലായിരുന്നു അക്കാലത്ത് അദ്ദേഹത്തിന്റെ താമസം. അവിടെ മാസികയുടെ പുരോഗതിക്കു നിത്യമെന്നപോലെ സുഹൃത്സമ്മേളനങ്ങളും നടത്തി. 1065-ൽ സി. പി. അച്യുതമേനോൻ തൃശ്ശൂരിൽ ആരംഭിച്ചു 12 കൊല്ലം പ്രചരിച്ച വിദ്യാവിനോദിനി അന്ന് അസ്തമിച്ചുകഴിഞ്ഞിരുന്നു. അതുകൊണ്ടു രസികരഞ്ജിനി മാത്രമേ അന്നു കേരളത്തിൽ ഗണനീയമായ ഒരു സാഹിത്യമാസികയായി ഉണ്ടായിരുന്നുള്ളു. അതോടുകൂടി മഹാനുഭാവനായ കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻതമ്പുരാനെ പത്രാധിപരായി ലഭിക്കുന്നതിനുള്ള ഭാഗ്യവും അപ്പൻതമ്പുരാനു സിദ്ധിച്ചു.

> “പ്രസന്നപ്രൗഢസരസപ്രസംഗങ്ങൾ നിറഞ്ഞിനി
> രസജ്ഞർക്കു കൊടുക്കട്ടേ രസം രസികരഞ്ജിനി”

എന്ന മുദ്രാവാക്യം തന്നെ കുഞ്ഞിക്കുട്ടൻതമ്പുരാൻ എഴുതിച്ചേർത്തതാണ്. ഇങ്ങനെ രണ്ടു മഹാരഥന്മാരുടെ സഹപ്രവർത്തനത്തിന്റെ ഫലമാണ് ആ മാസിക. കുഞ്ഞിക്കുട്ടൻ തമ്പുരാന്റെ സംസ്കൃതവും ആധുനിക കൈരളിയും, അപ്പൻതമ്പുരാന്റെ പ്രാചീനകൈരളിയും ഇംഗ്ലീഷും കൂടി സമ്മേളിച്ചപ്പോൾ ഉണ്ടായഫലം വിസ്മയാവഹമായിരുന്നു. ഒന്നാമത്തെ ലക്കത്തിൽ നെടുവിരിപ്പുസ്വരൂപത്തിൽനിന്നു കൊച്ചിരാജ്യത്തു് ഏറ്റം ചെയ്തപ്രകാരം എന്ന ചരിത്രലേഖനവും, യുക്തിഭാഷ, നാഗാനന്ദം നാടകത്തിന്റെ തർജ്ജമ മുതലായ ഇതരലേഖനങ്ങളും ഉണ്ടായിരുന്നു. ഒരു മാസികയ്ക്കു വേണ്ട സകല ഗുണങ്ങളും അതിൽ കളിയാടി. കവിത, ചെറുകഥ, ചരിത്രം, ശാസ്ത്രം തുടങ്ങി പല വിഷയങ്ങളിലും ലേഖനങ്ങൾ പ്രസിദ്ധീകരിച്ച് ഉള്ളടക്കത്തിന് ആശാസ്യമായ വൈവിധ്യം ഉല്പാദിപ്പിക്കുന്നതിൽ ഭാരവാഹികൾ ബദ്ധശ്രദ്ധരായിരുന്നു. കൊച്ചുണ്ണിത്തമ്പുരാൻ, കുണ്ടൂർ, ഒറവങ്കര, ഒട്ടുവ്, നടുവം മഹൻ, വള്ളത്തോൾ മുതലായ കവികളും സി. എസ്. ഗോപാലപ്പണിക്കർ, കാരാട്ട് അച്യുതമേനോൻ, അമ്പാടി നാരായണപ്പൊതുവാൾ, വി. കെ. രാമൻമേനോൻ, മൂർക്കോത്തു കുമാരൻ തുടങ്ങിയ ഗദ്യകാരന്മാരുമായിരുന്നു ലേഖകന്മാർ എന്നു പറയുമ്പോൾതന്നെ ലേഖനങ്ങളുടെ ഗുണപൗഷ്കല്യം ഊഹ്യമാണല്ലോ. കുഞ്ഞിക്കുട്ടൻതമ്പുരാൻ നല്ല ഭാഷാഗദ്യം എഴുതിപ്പഠിച്ചതു രസികരഞ്ജിനിയിൽക്കൂടിയായിരുന്നു. അപ്പൻതമ്പുരാന്റെ സാഹിത്യപരിചയം പ്രവൃദ്ധമായതും പ്രധാനമായി ആ വഴിക്കുതന്നെയാണ്. ഉണ്ണുനീലിസന്ദേശം ആദ്യമായി വെളിയിൽ വന്നതു് ആ മാസികവഴിക്കു തന്നെയായിരുന്നു എന്നുള്ള വസ്തുത നമുക്ക് ഒരിക്കലും വിസ്മരിക്കാവുന്നതല്ല. 3000 ഉറുപ്പിക കെട്ടിവെച്ചുകൊണ്ടാണ് അപ്പൻതമ്പുരാൻ രസികരഞ്ജിനി ആരംഭിച്ചതു്. നാലു കൊല്ലവും നാലു മാസവും അതു നടന്നപ്പോൾ ആ സംഖ്യ മുഴുവൻ നഷ്ടപ്പെട്ടു. കേരളത്തിനു മാസികകളെ സംബന്ധിച്ചിടത്തോളം ഏതോ ഒരു ശാപം ഉള്ളതുപോലെ തോന്നിപ്പോകുന്നു. അല്ലെങ്കിൽ അത്ര വളരെ അനുകൂലമായ പരിതഃസ്ഥിതിയിൽ ജനിച്ച് അനുദിനം അഭിവൃദ്ധിയെ പ്രാപിച്ചുവന്ന ഒരു മാസിക അല്പായുസ്സിൽ അന്തരിക്കുവാൻ യാതൊരു ന്യായവുമില്ലല്ലോ. എന്നാൽ ഒന്നു പറയാം. അതുപോലെ മഹനീയമായ ഒരു മാസിക നമ്മുടെ നാട്ടിൽ അതിനുമുൻപും പിൻപും ഉണ്ടായിട്ടില്ല.

## ദാമ്പത്യം

രസികരഞ്ജിനിയുടെ അന്തർദ്ധാനത്തിനുശേഷം തമ്പുരാൻ എറണാകുളത്തുനിന്നു തൃശ്ശൂരിലേക്കു മാറി. അവിടെ ആദ്യം തോട്ടേക്കാട്ടു കുടുംബക്കാരുടെ വകയായ ഒരു ഗൃഹത്തിലാണ് താമസിച്ചതു്. പിന്നീട് 1083-ാമാണ്ടിടയ്ക്കു് അയ്യന്തോളിൽ ഒരു സ്ഥലം വാങ്ങി കുമാരമന്ദിരം എന്ന പേരിൽ ഒരു കോവിലകം പണിയിച്ച് അവിടെ പാർത്തുതുടങ്ങി. ഗുരുവായൂർക്കു സമീപം അമ്പാടി വടക്കേ മുടവക്കാട്ടിൽ നാനിക്കുട്ടിയമ്മയെ പത്നിയായി സ്വീകരിച്ചു. ആ ദാമ്പത്യത്തിന്റെ ഫലമായി മൂന്നു പുത്രന്മാരും ഒരു പുത്രിയും ജനിച്ചു. അവരിൽ രണ്ടു പുത്രന്മാർ അദ്ദേഹത്തിന്റെ വാർദ്ധക്യത്തിൽ അകാലമൃത്യുവിനാൽ ഗ്രസ്തരായി. ആ സംഭവം അദ്ദേഹത്തിന്റെ ഹൃദയത്തെ അത്യധികം വ്യഥപ്പെടുത്തി. അവശിഷ്ടനായ പുത്രൻ ഒരു നല്ല ഭാഷാഭിമാനിയും ഗവേഷകനുമായ വി. എം. കുട്ടിക്കൃഷ്ണമേനോനാണ്.

## മങ്ഗളോദയം

സ്വന്തമായി ഒരു അച്ചുകൂടം ഇല്ലാത്തതായിരുന്നു രസികരഞ്ജിനിയുടെ പരാജയത്തിനു പ്രധാന കാരണമെന്നു തമ്പുരാൻ ദൃഢമായി വിശ്വസിച്ചു. അതുകൊണ്ടു തൃശ്ശൂരിൽ താമസമുറപ്പിച്ചതിനുമേൽ മങ്ഗളോദയം മാസിക നമ്പൂരിമാരെക്കൊണ്ടു 1084

വൃശ്ചികത്തിൽ ആരംഭിപ്പിക്കുവാൻ ഏർപ്പാടുചെയ്തു. ദേശമംഗലം അച്ചുക്കൂടത്തിലാണ് ആദ്യത്തെ ലക്കങ്ങൾ അച്ചടിപ്പിച്ചത്. താമസിയാതെ മങ്ഗളോദയം എന്ന പേരിൽ ഒരു കമ്പനി സ്ഥാപിക്കുകയും ലിപികളുടെ മനോജ്ഞതയ്ക്കു കീർത്തിപ്പെട്ട കേരളകല്പദ്രുമം അച്ചുക്കൂടം അതിന്റെ ആവശ്യത്തിനായി വിലക്കു വാങ്ങിക്കുകയും ചെയ്തു. മങ്ഗളോദയം എന്ന പേർ മാസികയ്ക്കു നല്കിയതും ഉടമസ്ഥതയും പത്രാധിപത്യവും അന്യർക്കായിരുന്നുവെങ്കിലും അതിന്റെ യഥാർത്ഥ സൂത്രധാരത്വം വഹിച്ചിരുന്നതും ആ കമ്പനിയുടെ മാനേജിംഗ് ഡയറക്ടരായ തമ്പുരാൻതന്നെയായിരുന്നു. എറണാകുത്തു വടക്കേ മാളികയിലെന്നപോലെ മങ്ഗളോദയം അച്ചുക്കൂടത്തിലും അദ്ദേഹത്തിന്റെ അധ്യക്ഷതയിൽ ധാരാളം ചർച്ചായോഗങ്ങൾ നടന്നുവന്നിരുന്നു. ആദ്യകാലത്തു മങ്ഗളോദയത്തിന് ഓരോ കൊല്ലത്തിന്റെയും ആരംഭത്തിൽ പ്രസ്താവന എഴുതിക്കൊണ്ടിരുന്നതും മററാരുമല്ല. മാസികയുടെ ഉദ്ദേശം രസികരഞ്ജിനിയുടേതിൽ നിന്നു ഭിന്നമായിരുന്നു. ഒന്നാം ലക്കത്തിന്റെ പ്രസ്താവനയിൽ ഇങ്ങനെ പറഞ്ഞിരിക്കുന്നു.

“നമ്പൂരിമാരുടേയും മറ്റു ജാതിക്കാരായ മലയാളികളുടേയും ആചാരങ്ങളേയും തന്മൂലമായ ധർമ്മത്തെയും പറ്റിയും ഇവയെല്ലാം അറിയിക്കുന്ന പൂർവ്വചരിത്രത്തെപ്പറ്റിയും അവരവരുടെ നിത്യവൃത്തിക്കുതകുന്ന ഗൃഹഭരണത്തെപ്പറ്റിയും അവശ്യം അറിഞ്ഞേ കഴിയൂ എന്നുള്ള രാജനീതിനിയമത്തെപ്പറ്റിയും പല സംശയങ്ങൾക്കും നിവൃത്തി വരുത്തുന്നതും വിനോദകരവുമായ തത്വവാദതങ്ങളെപ്പറ്റിയും മറ്റും പല ഉപന്യാസങ്ങളെക്കൊണ്ടും, ഹിന്ദുക്കളുടെ ജ്ഞാനനിക്ഷേപത്തിന് ഇരിപ്പിടമായ സംസ്കൃതഭാഷയിൽ ചില പ്രസംഗങ്ങളെക്കൊണ്ടും മലയാളികൾക്കു മങ്ഗളോദയത്തിനുതകത്തക്കവണ്ണം ഈ മങ്ഗളോദയം ഞങ്ങൾ ആരംഭിച്ചിരിയ്ക്കുന്നു.”

കുഞ്ഞിക്കുട്ടൻതമ്പുരാൻ മങ്ഗളോദയത്തിൽ ചില വിശിഷ്ടങ്ങളായ ഉപന്യാസങ്ങൾ പ്രസിദ്ധീകരിച്ചു. പ്രസിദ്ധന്മാരായ പി. എസ്സ്. അനന്തനാരായണശാസ്ത്രി, ആറ്റൂർ കൃഷ്ണപ്പിഷാരടി, കൈയ്യുള്ളി വാസുദേവൻമൂസ്സത് മുതൽപേരുടെ പല നല്ല ലേഖനങ്ങൾ മങ്ഗളോദയം വഴിയ്ക്കു പ്രകാശിതങ്ങളായിട്ടുണ്ട്. ലീലാതിലകത്തിന്റെ പ്രഥമശില്പവും, കാമദഹനം തുടങ്ങിയ അനേകം ഉത്തമങ്ങളായ ഭാഷാചമ്പുക്കളും, പ്രസിദ്ധീകരിച്ചതും അതിൽത്തന്നെയാണ്. ഈ യോഗങ്ങൾ എല്ലാം ഒത്തുകൂടിയിട്ടും ആ മാസികയും പത്തുപതിനാറുകൊല്ലത്തെ പ്രചാരത്തിനുമേൽ തിരോഭവിക്കുകയാണ് ചെയ്തതു്. മങ്ഗളോദയം സാഹിത്യസമിതി വികസിച്ചതാണ് കൊച്ചി സാഹിത്യസമാജം. ആ സമാജം 1091–മാണ്ടിടയ്ക്കു മങ്ഗളോദയം അതിന്റെ ചുമതലയിൽ ഏറ്റെടുത്തു സജീവമായി പ്രവർത്തിച്ചു. അതും കുറേക്കാലത്തേക്കേ നടന്നുള്ളു. ആ സമാജത്തിന്റെ നായകനും തമ്പുരാൻതന്നെയായിരുന്നു.

## മറ്റു പത്രപ്രവർത്തനങ്ങൾ

പിന്നീട് തമ്പുരാൻ തൃശ്ശൂർ സരസ്വതീവിലാസം അച്ചുക്കൂടത്തിൽനിന്നു പ്രാചീനഗ്രന്ഥമാല എന്ന പേരിൽ ഒരു മാസിക പ്രസിദ്ധീകരിച്ചുതുടങ്ങി. ഒരു കൊല്ലത്തേക്കു മാത്രം നിലനിന്നിരുന്ന അതും ബാംബയിൽനിന്നു പുറപ്പെട്ടുകൊണ്ടിരുന്ന കാവ്യമാല (സംസ്കൃതം) യുടെ രീതിയിൽ പ്രാചീനഭാഷാകാവ്യങ്ങളും പഴയ പാട്ടുകളുമാണ് പ്രകാശിപ്പിച്ചുവന്നതു്. 1106-ൽ ഇടപ്പള്ളിയിൽ വച്ച് ആവിർഭവിച്ച സമസ്തകേരള സാഹിത്യപരിഷത്തിന്റെ ജനയിതാക്കളിൽ ഒരാൾ അദ്ദേഹമായിരുന്നു. അതിനെ ബാല്യത്തിൽ വളർത്തിക്കൊണ്ടുവരുന്നതിന് ആ മഹാപുരുഷൻ വളരെ ക്ലേശിച്ചിട്ടുണ്ട്. അദ്ദേഹത്തിന്റെ ഭാരവാഹിത്വത്തിൽ പരിഷത്തിന്റെ രണ്ടാമത്തെ വാഷി

കസമ്മേളനം തൃശ്ശൂരിൽവച്ച നടത്തപ്പെട്ടു. അത്ര ഭംഗിയായി ഒരു സമ്മേളനവും അതിന്റെ റിപ്പോർട്ടും ഒരിക്കലും പ്രസിദ്ധീകൃതമായിട്ടില്ല. പരിഷത്തിന്റെ പ്രധാനോദ്ദേശങ്ങൾ എന്തായിരിക്കണമെന്ന തീർച്ചപ്പെടുത്തിയതു് ആ സമ്മേളനത്തിലാണ്. അവ ഭാഷാസംബന്ധമായ 1 ഗവേഷണം, 2 സംഭരണം, 3 നിർമ്മാണം, 4 പ്രസാധനം, 5 മുദ്രണം, 6 വിമർശനം, 7 പ്രവർത്തനം, 8 പ്രചാരണം എന്നിവയാണ്. ഈ മാർഗ്ഗങ്ങളിൽക്കൂടിയെല്ലാം അദ്ദേഹം ഏകാകിയായി സഞ്ചരിക്കുകയും അനന്യസുലഭമായ വിജയം നേടുകയും ചെയ്തിട്ടുണ്ട്. 1107-ൽ പരിഷത്തു് ഒരു കമ്പനിയായി റജിസ്റ്റർ ചെയ്യിച്ചതും 1108-ൽ അതിന്റെ ആഭിമുഖ്യത്തിൽ ഒരു ത്രൈമാസികഗ്രന്ഥം പുറപ്പെടുവിച്ചതും ആ ആഫലോദയകർമ്മാവുതന്നെയാണ്. അനന്തരം അദ്ദേഹം താൻ സ്ഥാപിച്ച വിലങ്ങൻകുന്നിലെ രാമകൃഷ്ണാശ്രമത്തിന്റെ ആഭിമുഖ്യത്തിൽ പ്രബുദ്ധകേരളം എന്നൊരു മാസിക പുറപ്പെടുവിച്ചു. 1112 ചിങ്ങം മുതൽ പുറപ്പെടുവിച്ചു കുറേക്കാലം നടത്തി. 'ആടിയ കാലും പാടിയ വായും വെറുതേയിരിക്കയില്ല' എന്നു പഴമക്കാർ പറയുന്നതു് എത്ര പരമാർത്ഥമാണ്. അതിനു മന്വതന്നെ അദ്ദേഹം രാമകൃഷ്ണപരമഹംസന്റെ ഒരു അടിയുറച്ച ഭക്തനായിക്കഴിഞ്ഞിരുന്നു. ഭാഗവതപാരായണത്തിൽ അദ്ദേഹത്തിനുണ്ടായിരുന്ന ആസക്തിയും സാമാന്യമായിരുന്നില്ല.

## ചില സിദ്ധികൾ

ഏതു നല്ല കാര്യങ്ങളിലും ഏർപ്പെട്ടു് അവയിൽ നേതൃത്വംവഹിച്ചു ലോകസങ്ഗ്രഹം ചെയ്യുക എന്നുള്ളതായിരുന്നു അപ്പൻതമ്പുരാന്റെ ജീവിതവ്രതം. ആരുടെ ഹൃദയത്തേയും കവരുന്നതിനു പര്യാപ്തമായിരുന്നു അദ്ദേഹത്തിന്റെ സംഭാഷണശൈലി. ചില പ്രധാനസ്ഥാപനങ്ങളിൽ അദ്ദേഹത്തിനുണ്ടായിരുന്ന പങ്കിനെപ്പറ്റി മുൻപു പറഞ്ഞുകഴിഞ്ഞു. അഭിനയം, ചിത്രമെഴുത്തു്, ശില്പവിദ്യ, ഭവനനിർമ്മാണം തുടങ്ങിയ സുകമാരകലകളിൽ അദ്ദേഹം വിദഗ്ദ്ധനായിരുന്നു. പക്ഷേ, അവയിലൊന്നും സാഹിത്യസേവനത്തിനുവേണ്ടി സമർപ്പിച്ചുപോയ അദ്ദേഹത്തിന്റെ മനസ്സിനു കേന്ദ്രീകരിക്കുവാൻ സാധിച്ചില്ല. സാളഗ്രാമം, ബാണലിങ്ഗം ഇവയുടെ ലക്ഷണങ്ങളെപ്പറ്റി അദ്ദേഹത്തിന്റെ അഭിപ്രായമറിയവാൻ ആളുകൾ കോവിലകത്തെത്തിച്ചേരുക സാധാരണമായിരുന്നു. സങ്ഗീതത്തിൽ അദ്ദേഹത്തിന്റെ വാസനനൊക്ക് അതിരുണ്ടായിരുന്നില്ല. മലയാളത്തിലെ അപ്രകാശിതങ്ങളായ പഴയ പാട്ടുകൾ കണ്ടുപിടിച്ചു് അവയ്ക്കു മട്ടിട്ടു ഹൃദയംഗമമായി പാടുന്നതു് അദ്ദേഹത്തിന്റെ നിത്യവ്യവസായങ്ങളിൽ ഒന്നായിരുന്നു. കേരളത്തിലെ ഒന്നാമത്തെ ഫിലിംകമ്പനി 1104-ാമാണ്ടിടയ്ക്കു സ്ഥാപിച്ചു് ഇതിനു കേരളാ സിനിട്ടോൺ എന്നു നാമകരണംചെയ്തു. ഭൂതരായർ ചലച്ചിത്രമാക്കുന്നതിനുവേണ്ടിയായിരുന്നു ഇതു്. എന്നാൽ നവീനോപകരണങ്ങളുടെ അഭാവവും ധനസംബന്ധമായുള്ള ശക്തിഹീനതയും നിമിത്തം അതു വിജയത്തിൽ കലാശിച്ചില്ല. മങ്ഗളോദയത്തിൽനിന്നു് അധ്യാത്മരാമായണം തുടങ്ങിയ ഉത്തമഗ്രന്ഥങ്ങൾ മങ്ഗളോദയം ഗ്രന്ഥാവലി എന്ന പേരിൽ ആകർഷ്ക്കമായ രീതിയിൽ മുദ്രണം ചെയ്യിച്ചതു് അദ്ദേഹമാണ്. കമ്പനിയ്ക്കു ആ വിഷയത്തിൽ തമ്പുരാന്റെ ഉപദേശം സ്വീകരിക്കുക നിമിത്തം ലാഭമേ ഉണ്ടായിട്ടുള്ളു. ആ പുതിയ മട്ടിലുള്ള പുസ്തകങ്ങളെപ്പറ്റി അതിന്റെ ഭാരവാഹികൾ പറഞ്ഞിട്ടുള്ളതു നോക്കുക. "പുസ്തകങ്ങളുടെ വിലയും നന്മയും തമ്മിൽ അഭേദ്യമായ ബന്ധമുള്ളതുകൊണ്ടു് വില അധികമാകാതെ നല്ല പുസ്തകങ്ങൾ നിർമ്മിയ്ക്കുവാൻ നന്നെ ബുദ്ധിമുട്ടുണ്ട്. എങ്കിലും മഹാജനങ്ങളുടെ സഹായത്താലെന്നുതന്നെ പറയട്ടേ ഈ സംരംഭത്തിൽ (മങ്ഗളോദയം ഗ്രന്ഥാവലി) ഞങ്ങൾക്കു് ഒട്ടുംതന്നെ മനസ്സു മടുക്കേണ്ടിവന്നിട്ടില്ല.

ഒന്നാംതരം കടലാസ്സിൽ അവസരോചചിതങ്ങളായ ചിത്രങ്ങൾ ചേർത്ത് അക്ഷരപ്പിഴയില്ലാതെ വൃത്തിയായി അച്ചടിച്ച ഭംഗിയായി ബയൻറുചെയ്ത് അന്തസ്സിൽ പുറത്തിറക്കിയിട്ടുള്ള എട്ടുപുസ്തകങ്ങളിൽ ചിലതിനു ഒന്നും രണ്ടും പതിപ്പുകൾ വിറ്റുകഴിഞ്ഞിരിക്കുന്നു." തമ്പുരാൻ കൊച്ചി ഭാഷാപരിഷ്ക്കരണക്കമ്മിറ്റിയുടെ അധ്യക്ഷനായി കൗടലീയം അർത്ഥശാസ്ത്രത്തിന്റെ ഭാഷാനുവാദം മുതലായ ചില നല്ല പുസ്തകങ്ങൾ എഴുതിച്ച പ്രസിദ്ധപ്പെടുത്തീട്ടുണ്ടെന്നുള്ള വസ്തുതയും പ്രകൃതത്തിൽ സ്മരണീയമാണ്.

## ചില വിശിഷ്ടഗുണങ്ങൾ

തമ്പുരാന്റെ വ്യക്തിമാഹാത്മ്യത്തിന്റെ അതിപ്രധാനമായ ഘടകം അദ്ദേഹത്തിന്റെ സൽഗുണമാണ്. അനാഡംബരവും അനഹങ്കാരവുമായ ജീവിതത്തിനു കീർത്തിപ്പെട്ടതാണ് കൊച്ചിരാജകുടുംബം. ശീലവിദ്യാധനനായല്ലാതെ ആ കുടുംബത്തിൽ ഒരു രാജകുമാരനെപ്പോലും കാണുകയില്ല. ആ കുമാരന്മാർക്കുപോലും അപ്പൻതമ്പുരാൻ ഒരു ആദർശപുരുഷനായിരുന്നു. ആഭിജാത്യപ്രൗഢി അദ്ദേഹത്തിന്റെ സമീപത്തിലെങ്ങും ചെന്നിട്ടില്ല. താനും പ്രജകളും വ്യത്യസ്തരീതിയിൽ ജീവിക്കേണ്ടവരല്ലെന്ന് അദ്ദേഹത്തിന് അടിയുറച്ച ബോധ്യമുണ്ടായിരുന്നു. നാട്ടുകാരുടെ നന്മയെ ഉദ്ദേശിച്ച് അദ്ദേഹം ചെയ്തിട്ടുള്ള കൃത്യങ്ങളെല്ലാം "പൊതുജനങ്ങൾ തരുന്ന ആഹാരമല്ലേ ഞാൻ കഴിക്കുന്നത്? അതു ദഹിക്കണമെങ്കിൽ ഇങ്ങനെ വല്ലതുമെങ്കിലും അവർക്കുവേണ്ടി ഞാൻ ചെയ്യേണ്ടേ?" എന്നുള്ള മനോഭാവത്താൽ പ്രേരിതമായിരുന്നു. 'കുലമഹിമ കുരുത്തക്കേടിനായിട്ടുമാത്രം' എന്നു താനുണ്ടാക്കിയ ഒരു പദ്യശകലം ആ സൂക്ഷ്മനിരീക്ഷകൻ കൂടെക്കൂടെ ചൊല്ലും. യുവാക്കന്മാരോടും ബാലന്മാരോടും സമ്മേളിച്ച വിനോദിക്കുന്നതിൽ അദ്ദേഹത്തിനുണ്ടായിരുന്ന ഔത്സുക്യം അളവറ്റതാണ്. തന്നാൽ കഴിവുള്ള ഏതു തരത്തിലുള്ള സാഹായ്യങ്ങൾകൊണ്ടും യുവസാഹിത്യകാരന്മാരെ പ്രോത്സാഹിപ്പിക്കുന്നതിന് അദ്ദേഹം സർവ്വദാജാഗരൂകനായിരുന്നു. അധഃസ്ഥിതസമുദായങ്ങൾക്ക് അദ്ദേഹത്തെക്കാൾ വലിയ ഒരു സമുദ്ധാരകൻ അന്നു കൊച്ചിയിൽ ഉണ്ടായിരുന്നില്ല. അദ്ദേഹത്തിന്റെ കൃത്യനിഷ്ഠയേയും ഹൃദയശുദ്ധിയേയും ജനങ്ങൾ മുക്തകണ്ഠമായി പ്രശംസിച്ചു. പരിഷത്സമ്മേളനങ്ങളിലും മറ്റും ഔപചാരികങ്ങളായ യോഗങ്ങൾകഴിഞ്ഞാൽ എല്ലാവർക്കും പ്രവേശമുള്ള ഒരു വെടിവട്ടം ഉണ്ടായിരിക്കയും അവിടെ തമ്പുരാൻ തന്നെ മറന്നു വിനോദസംഭാഷണങ്ങളിൽ ഏർപ്പെട്ട് അവരെ വശീകരിക്കുകയും ചെയ്തുവന്നു. ഒരു പ്രവക്താവ് എന്ന നിലയിൽ അദ്ദേഹത്തിന് അത്യുൽക്കൃഷ്ടമായ സ്ഥാനമാണുണ്ടായിരുന്നത്. വിനീതമായ സ്വരത്തിൽ നാടോടിപ്പദങ്ങളെക്കൊണ്ടു കൈകാര്യം ചെയ്യുന്ന ആ കൈരളീഭക്തനെക്കണ്ട് ആനന്ദബാഷ്പം വാർക്കാത്ത ശ്രോതാക്കൾ ഉണ്ടായിരുന്നില്ല. ആ പ്രഭാഷണം ഓരോന്നും അച്ഛസ്ഫടികസങ്കാശമായ ഗംഗാപ്രവാഹമായിരുന്നു.

## ചരമഗതി

വാർദ്ധക്യത്തിൽ വലിയ സാമ്പത്തികക്ലേശം തമ്പുരാന് അനുഭവിക്കേണ്ടിവന്നു. അവയെല്ലാം മകുടംവച്ചതു കോവിലകപറമ്പിനു തൊട്ടുകിടന്നിരുന്ന തിരുവാണത്തുക്ഷേത്രത്തിന്റെ ജീർണ്ണോദ്ധാരണമായിരുന്നു. 30000-ത്തിൽപ്പരം ഉറുപ്പിക അതിലേക്കായി സ്വന്തം മുതലിൽനിന്നു ചിലവാക്കി. സർക്കാർ അതു മടക്കിത്തരുമെന്നു വിശ്വാസമുണ്ടായിരുന്നുവെങ്കിലും യാതൊന്നും കിട്ടിയില്ല. 1111-ാമാണ്ടു തുലാമാസം

20-ാംനു- അദ്ദേഹത്തിന്റെ ഷഷ്ട്യബ്ദപൂർത്തി ആഘോഷപൂർവ്വം നടക്കുകയും പൊതുജനങ്ങൾ കുസുമാഞ്ജലി എന്നൊരു സ്മാരകഗ്രന്ഥം അദ്ദേഹത്തിനു സമർപ്പിക്കുകയും ചെയ്തു. അതു കഴിഞ്ഞു തമ്പുരാന്റെ ശരീരം ക്ഷീണിച്ച് ഓജസ്സ് കുറഞ്ഞുവന്നു. പ്രമേഹമായിരുന്നു രോഗം. ഒരിക്കൽ സകലചികിത്സകളും നിർത്തിവച്ചിട്ടു ബാംഗ്ളൂർ രാമകൃഷ്ണാശ്രമത്തിൽ പോയി താമസിക്കുകയും തെല്ലൊരാശ്വാസം കിട്ടിയപ്പോൾ തൃശ്ശൂരേക്കു തിരിയെപ്പോരികയും ചെയ്തു. പിന്നീടു രോഗം ക്രമേണ മൂർച്ഛിച്ചു. 1117-ാമാണ്ടു തുലാമാസം മൂന്നാം തീയതി ആ പ്രാതഃസ്മരണീയനായ മഹാപുരുഷൻ വിഷ്ണുസായൂജ്യം പ്രാപിച്ചു.

## കൃതികൾ

അപ്പൻതമ്പുരാന്റെ പ്രധാനകൃതികളുടെ പേരുകളാണ് താഴെക്കുറിക്കുന്നത്. (1) ഭാസ്കരമേനോൻ, (2) ഭൂതരായർ, (3) പ്രസ്ഥാനപഞ്ചകം, (4) കാലവിപര്യയം, (5) ദ്രാവിഡവൃത്തങ്ങളും അവയുടെ ദശാപരിണാമങ്ങളും, (6—10) മങ്ഗളമാല അഞ്ചു ഭാഗങ്ങൾ, (11) സംഘക്കളി, (12) മുന്നാട്ടുവീരൻ. ഇവ കൂടാതെ വിദ്യാർത്ഥികളെ ഉദ്ദേശിച്ച് (13) കൊച്ചിരാജ്യചരിതങ്ങൾ ഒന്നാം ഭാഗം എന്നൊരു ചെറിയ പുസ്തകവും രചിച്ചിട്ടുണ്ട്. ഭാസ്കരമേനോൻ ഒരു അപസർപ്പകകഥയാണ്. ആദ്യം അതിൽ കുറേ ഭാഗം ഒരു ദുർമ്മരണം എന്ന തലക്കെട്ടിൽ രസികരഞ്ജിനിയിൽ പ്രസിദ്ധീകരിച്ചിരുന്നു. പിന്നീട് ആ ശീർഷകം അമങ്ഗളമാണെന്നു ഗ്രന്ഥകാരനു തോന്നുകയാലാണ് പ്രസ്തുതകഥയിലെ ഒരു പ്രധാനപാത്രമായ ഭാസ്കരമേനോന്റെ പേര് ആ സ്ഥാനത്ത് പ്രവേശിപ്പിച്ചത്. ഭൂതരായരാണ് തമ്പുരാന്റെ കൃതികളിൽ മുഖ്യം. അത് ഒരു കെട്ടുപഴങ്കഥയാണെന്നേ അദ്ദേഹം അവകാശപ്പെടുന്നുള്ളു. “മൂവാറുനൂററാണ്ടിനുമുമ്പു മുടിഞ്ഞരുളിയ വീരമാർത്താണ്ഡപ്പെരുമാ”ളിന്റെ കാലത്തു നടന്നതായി സങ്കല്പിച്ചിട്ടുള്ള ഒരു കഥയ്ക്കു വിശദമായ ഒരു ചരിത്രപശ്ചാത്തലം ഉണ്ടാകുവാൻ നിർവ്വാഹമില്ലല്ലോ. എങ്കിലും അതിനെ ഒരു ചരിത്രാഖ്യായികയായി ഗണിക്കുന്നതിൽ അനൗചിത്യമില്ല. ഈ ആഖ്യായികയിൽ പ്രഭുശക്തി നായികയും, രാജബലം നായകനുമാണെന്നു ചില വിമർശകന്മാർ അഭിപ്രായപ്പെടുന്നതു സങ്ഗതംതന്നെ. വീരമാർത്താണ്ഡപ്പെരുമാൾ, പള്ളിബാണർ, ഭൂതരായർ എന്നിവരെ പരിത്യജിച്ചു നായിക ഗംഗാധരതിരുകോവില്പാടിനെ മാലയിടുന്നു. പ്രാചീനകേരളത്തിലെ പല ആചാരങ്ങളേയും വിനോദങ്ങളേയും പററി ഒരു സമകാലികന്റെ സൂക്ഷ്മദൃഷ്ടിയോടുകൂടി ഗ്രന്ഥകാരൻ ഇതിൽ ചിത്രണം ചെയ്തിട്ടുണ്ട്. ഭാഷയിൽ സംക്രമിച്ചിട്ടുള്ള വിദേശീയസാഹിത്യപ്രസ്ഥാനങ്ങൾ അഞ്ചുതരത്തിലാണെന്നു തീർച്ചപ്പെടുത്തി, അവ ഓരോന്നിനും ചില ഉദാഹരണങ്ങൾ ഗ്രന്ഥകാരൻതന്നെ എഴുതിച്ചേർത്തിട്ടുള്ള ഒരു പുസ്തകമാണ് പ്രസ്ഥാനപഞ്ചകം. അവ 1. പ്രഹസനപ്രമേയം (Problem play), 2. പ്രകടനപ്രസംഗം (Elocution), 3. ആധ്യാനകം (Meditation), 4. ഭക്തിഭാവന (Devotional), 5. കഥനാത്മകം (Narration) എന്നിവയാണ്. ഗ്രന്ഥകാരൻ ഒരു കവിയുമായിരുന്നുവെന്ന് ഈ പുസ്തകത്തിൽ ചേർത്തിട്ടുള്ള ചില ലഘുകൃതികളിൽനിന്നു കാണാം. കാലവിപര്യയം ഒരു പ്രഹസനപ്രമേയമാണ്. ‘ദ്രാവിഡവൃത്തങ്ങളും അവയുടെ ദശാപരിണാമങ്ങളും’ ദ്രാവിഡവൃത്തങ്ങളുടെ ആഗമത്തേയും വളർച്ചയേയും ശാസ്ത്രദൃഷ്ട്യാ പരിശോധിക്കുന്ന ഒരു ഗവേഷണഗ്രന്ഥമാണ്. ആ ദശാപരിണാമങ്ങൾ കണ്ടുപിടിക്കുന്നതിനു തമ്പുരാൻ വളരെ ക്ലേശിച്ചിട്ടുണ്ട്. അദ്ദേഹത്തിന്റെ സംഗീതജ്ഞാനവും ആ ഗവേഷണത്തിന് ഒട്ടുവളരെ ഉപയോഗപ്രദമായിത്തീർന്നിരിക്കുന്നു. “ഛന്ദോവൃത്തങ്ങളുടെ അസ്ഥിവാരം ഗണങ്ങളും, ഗണങ്ങളുടെ അവയവങ്ങൾ ഗുരുലഘുക്കളും,

ഗുരുലഘുക്കളുടെ നിയാമകം മാത്രയും ആകുന്നതുപോലെ, താളവട്ടങ്ങളുടെ അസ്ഥിവാരം താളഗതിയും, അതായതു ദശപ്രാണങ്ങളിൽ അടങ്ങിയ ജാതിയും, ജാതിയുടെ നിയാമകം മാത്രയുമാണ്" എന്ന് അദ്ദേഹം പറയുന്നു. മംഗളമാല അഞ്ചു ഭാഗങ്ങൾ അദ്ദേഹത്തിന്റെ ചില വിശിഷ്ടോപന്യാസങ്ങളുടെ സമാഹാരമാണ്. വിവിധ വിഷയങ്ങൾ അവയിൽ അടങ്ങീട്ടുണ്ട്. ഒന്നാം ഭാഗം ചരിത്രത്തേയും, രണ്ടാം ഭാഗം സാഹിത്യത്തേയും മൂന്നാം ഭാഗം ജീവചരിത്രത്തേയും, നാലാം ഭാഗം ശാസ്ത്രത്തേയും, പ്രായേണ പരാമർശിക്കുന്നു. അഞ്ചാം ഭാഗം വിവിധ വിഷയ വ്യാമിശ്രമാണ്. നാലും അഞ്ചും ഭാഗങ്ങൾക്കു് കൂടുതൽ ആസ്വാദ്യതയുണ്ട്. സാങ്കേതിക ശബ്ദനിർമ്മാണത്തിൽ തമ്പുരാനുണ്ടായിരുന്ന ഔത്സുക്യവും വൈദഗ്ദ്ധ്യവും അഞ്ചാം ഭാഗത്തിൽ ചേർത്തിട്ടുള്ള അനുബന്ധത്തിൽനിന്നു മനസ്സിലാക്കാം. സംഘക്കളി, യാത്രക്കളിയുടെ ഉത്ഭവത്തേയും ചരിത്രത്തേയും പറ്റിയുള്ള മറ്റൊരു ഗവേഷണഗ്രന്ഥമാണ്. "പ്രാചീനഗ്രന്ഥമാലയിൽ ചൊല്ലിയാട്ടം കഴിച്ചു; ചാത്തുപ്പണിക്കർ സ്മാരകഗ്രന്ഥത്തിൽ ഉടുത്തുകെട്ടി മുടിവെച്ചു; പരിഷൽത്രൈമാസികത്തിൽ തിര പുറപ്പെട്ടു. ഇങ്ങനെ ഒരു വിജാതീയസസമ്പ്രദായത്തിലാണ് ഈ സംഘക്കളി അരങ്ങേറീട്ടുള്ളത്" എന്നു ഗ്രന്ഥകാരൻ ഈ പുസ്തകരചനയെക്കുറിച്ചു പറയുന്നു. എം. ആർ. കെ. സി. യുടെ വെള്ളുവക്കമ്മാരൻ അഥവാ സർദാർഷേക് ആസാദ് ഖാൻ എന്ന ചരിത്രാഖ്യായികയിലെ ഇതിവൃത്തത്തെ ഉപജീവിച്ച് എഴുതീട്ടുള്ളതാണ് പത്തു രംഗങ്ങൾ അടങ്ങിയ മുന്നാട്ടുവീരൻ എന്ന ഗദ്യനാടകം. ഈ ഉൽകൃഷ്ടഗ്രന്ഥങ്ങളെപ്പറ്റി കൂടുതൽ വിമർശനത്തിനു സ്ഥലസൗകര്യമില്ല. ചില ഉദാഹരണങ്ങൾ മാത്രം ഉദ്ധരിക്കാം. തമ്പുരാന്റെ ഒടുവിലത്തെ സാഹിത്യപരിശ്രമം സർവ്വങ്കഷമായ രൂപത്തിൽ ഒരു കേരളചരിത്രം നിർമ്മിക്കുന്നതിനു വേണ്ട സാമഗ്രികളുടെ സംഭരണമായിരുന്നു. ആ പുസ്തകം എഴുതിത്തുടങ്ങുന്നതിനു മുൻപ് അദ്ദേഹം ചരമം പ്രാപിച്ചുപോയി. തമ്പുരാന്റെ കവിതയും സ്വാധീനമായിരുന്നുവെന്നു പറഞ്ഞുവല്ലോ. അദ്ദേഹത്തിന്റെ പ്രസ്ഥാനപഞ്ചകത്തിലെ ആധ്യാനഭാഗത്തിൽനിന്നു രണ്ടു് ശ്ലോകങ്ങളാണ് ചുവടേ ചേർക്കുന്നതു്.

> "കൃമി കിടി കരിയെന്നെന്തൊക്കയോ പൂർവ്വജന്മ-
> ക്രമമടിയനടങ്ങി, വാങ്ങി മർത്ത്യന്റെ ജന്മം;
> ക്രമനികുതി കൊടുപ്പാനാവതല്ലെന്തിനാണീ
> ഭ്രമമടിയനു വേണ്ടേ വേണ്ട ജന്മാവകാശം."

> "ഭാവം പകർന്നു പുരികങ്ങളൊടിഞ്ഞു രോഷം
> പാവുന്നതിന്നുഴവുചാലുകളിട്ടിടുന്നു;
> ദാവാനലപ്രഭ മുഖത്തു തെളിഞ്ഞിതെന്താ-
> ണാവോ മനസ്സിലെരയുന്ന വികാരഘോഷം."

## ഗദ്യശൈലി

തമ്പുരാന്റെ ഗദ്യശൈലി അപ്രതിമപ്രഭാവമാണ്. ഉചിതങ്ങളായ പദങ്ങൾ ഉചിതങ്ങളായ സ്ഥാനങ്ങളിൽ ഉപവിഷ്ടങ്ങളാകുമ്പോൾ മനോഹരമായ വാക്യം ഉത്ഭവിക്കുന്നു; അത്തരത്തിലുള്ള വാക്യങ്ങളെ അവയുടെ അളവും തൂക്കവും ശരിക്കു നോക്കി ഒരുക്കിയിണക്കിച്ചേർത്തു ഖണ്ഡികകളാക്കി ആ ഖണ്ഡികകളെക്കൊണ്ടു ഗ്രഥിക്കുന്ന ഹാരമാണ് ഗദ്യകാവ്യം. നമ്മുടെ കഥാനായകന്റെ ഗദ്യരീതിക്കു ചിലപ്രത്യേകതകളുണ്ട്. ചെറിയ ചെറിയ വാക്യങ്ങൾകൊണ്ടാണ് അദ്ദേഹം

വലിയ വലിയ ആശയങ്ങൾ—സാഹിത്യവിഷയമാകട്ടെ, ശാസ്ത്രവിഷയമാകട്ടെ—പ്രകടിപ്പിയ്ക്കുന്നത്. അവയ്ക്ക് സർവ്വാങ്ഗീണമായ പ്രസാദവും മാധുര്യവുമുണ്ട്; ആവശ്യമുള്ളപ്പോൾ ഓജസ്സുമുണ്ട്, ഫലിതവുമുണ്ട്. ഇഷ്ടാർത്ഥവ്യവച്ഛിന്നമെന്നു തികച്ചും വർണ്ണിക്കാവുന്നതുതന്നെയാണ് അദ്ദേഹം പ്രയോഗിക്കുന്ന ലളിതകോമളകാന്തമായ പദാവലി. സങ്ഗീതാത്മകത അദ്ദേഹത്തിന്റെ വാക്യങ്ങളിൽ ആമൂലാഗ്രം കളിയാടുന്നു. ആ ശൈലി മറ്റുള്ളവർക്കു അനുപസർപ്പണീയമാണെന്ന് അനുകരിക്കുവാൻ ശ്രമിക്കുമ്പോൾ അറിയാറാകും. അതാണ് ആ രസസിദ്ധൻ കൈരളിക്കു നല്കീട്ടുള്ള പരമാനുഗ്രഹം.

## ചില ഉദാഹരണങ്ങൾ

"തല്ലു തുടങ്ങി. ആദ്യം വടക്കേച്ചേരിയിൽ ഉള്ളവർ കളരിയിൽ ഇറങ്ങി ആർത്തുവിളിച്ചു ചോടുവെച്ചു കളിച്ചുകയറി. അതുപോലെതന്നെ തെക്കേച്ചേരിക്കാരും ഇറങ്ങി കളിച്ചു പോരിനു വിളിച്ചു പിൻവാങ്ങി. അതിനുശേഷം അവിടെ അവിടെ കൂട്ടംകൂട്ടമായി കുറേ ആലോചന നടന്നതിന്റെ ഫലമായിട്ട് ഇരുചേരിയിൽനിന്നും ഓരോ 'ചാതിക്കാരൻ' കയറു കവച്ചു കളത്തിൽ ചാടി അരങ്ങത്തേയ്ക്കുതിരിഞ്ഞു നീട്ടിവലിച്ചു തൊഴുതു. ഉടനേതന്നെ രണ്ടു ചെറുമല്ലന്മാരും ചാടിക്കടന്നു മെയ്യുറപ്പിച്ച് അരങ്ങു തൊഴുതുവന്ദിച്ചു നിലംതൊട്ടു തലയിൽവെച്ചു പോർക്കളി തുടങ്ങി. ഓടിച്ചാടി നടന്ന് നാലു ചാൽ കളിച്ചു രണ്ടുപേരും അടുത്തുകൂടി കൈകോർത്തുപിടിച്ചു പിരിഞ്ഞുനിന്നു. ചുറ്റും മുഴങ്ങിയിരുന്ന കളകളശബ്ദം തത്സമയത്തു കുറഞ്ഞൊന്നു ശമിച്ചു. എന്നാൽ കാണികളുടെ ഔത്സുക്യംകൊണ്ടുണ്ടായ ഈ ശാന്ത ഭാവം വളരെനേരത്തേയ്ക്കു നിന്നില്ല. ഇടത്തേ കൈപ്പടം മൂക്കിനുനേരേ വിറപ്പിച്ചുകൊണ്ടും വലത്തുകൈ തുടമേൽ അടിച്ചു വീശിക്കൊണ്ടും നിന്നിരുന്ന ബാലവീരന്മാർ അടവും തടവും വിട്ടു പിടിയും വലിയും പൊത്തിപ്പിടിയും തുടങ്ങി." (ഭൂതരായർ)

"കേരളകുടുംബത്തിൽ പണ്ടുണ്ടായിരുന്ന കാരണവന്മാർ പണിപ്പെട്ടു നേടിവച്ചിരുന്ന നാണയങ്ങളും നാണ്യങ്ങളും എത്രമാത്രം നഷ്ടകോടിയിൽപ്പെട്ടു പോയെന്നും എത്ര വളരെ നാശോന്മുഖങ്ങളായിത്തീർന്നിരിക്കുന്നുവെന്നും ബാക്കി കയ്യിലിരിപ്പ് എന്തുണ്ടെന്നും പര്യാലോചിക്കുവാനുള്ള ക്ഷമയും സൗകര്യവും നമുക്കുണ്ടായിരുന്നുവെങ്കിൽ എന്തെന്നില്ലാത്ത അഭിമാനവും അപമാനവും ഒരേ സമയത്തു നമുക്കു തോന്നാതിരിക്കയില്ല; അഭിമാനം നമ്മുടെ പൂർവ്വമഹിമയിൽ; അപമാനം നമ്മുടെ ആലസ്യംകൊണ്ടും ഔദാസീന്യംകൊണ്ടും അനാദരംകൊണ്ടും നാം എത്തിച്ചേർന്നിട്ടുള്ള അവസ്ഥയിൽ. കേരളചരിത്രത്തിന്റെ കേന്ദ്രം ഇതുവരെ ആർക്കും കാണുവാൻ കഴിഞ്ഞിട്ടില്ല, കേരളസമുദായാംഗങ്ങളുടെ സംഖ്യയും സമുദായക്കെട്ടിന്റെ സമ്പ്രദായവും അതിന്റെ പ്രത്യേകതയും ഇന്നും ഗവേഷണഗത്തിൽക്കിടന്നു കളിക്കുന്നു. അന്യാദൃശമായ കേരളസംസ്കാരത്തിന്റെ വൈശിഷ്ട്യവും വൈപുല്യവും ആലോചനയ്ക്കുതന്നെ വിഷയീഭവിച്ചിട്ടില്ല. കേരളത്തിലെ വിനോദങ്ങളെല്ലാം മാഞ്ഞുതുടങ്ങി; മന്ദഹാസം മങ്ങിത്തുടങ്ങി; മലനാട്ടിൽ കളിച്ചിരുന്ന ശൗര്യവീര്യപരാക്രമങ്ങളുടെ വിധമെല്ലാം പകർന്നു, കേരളത്തിന്റെ കരളടഞ്ഞു. ഉദിച്ചുയന്നു ലോകോത്തരമഹിമയോടുകൂടി പ്രകാശിച്ചിരുന്ന കേരളകലകൾ അസ്തോമുഖങ്ങളായി. കേരളത്തിന്റെ കണ്ണുകളും അടഞ്ഞു." (സംഘക്കളി)

"ലക്ഷ്യം ഒന്ന്, വിക്ഷണകോണങ്ങൾ അനേകം; പ്രാപ്യസ്ഥാനം ഒന്ന്, അതിലേക്കുള്ള വഴികൾ വളരെ; ലക്ഷ്യം കുറിക്കുവാനുള്ള കണ്ണുകൾക്കു കാഴ്ചയില്ല, മാർഗ്ഗങ്ങളാണെങ്കിൽ തമോമയം; മഹാജനങ്ങൾ സഞ്ചരിച്ചിട്ടുള്ള പന്ഥാക്കളാകട്ടേ ദുർ

ജ്ഞേയങ്ങളും വിഭിന്നങ്ങളും; സുഖമെന്ത്, ദുഃഖമെന്ത്, ധർമ്മാധർമ്മങ്ങളേവ, കർമ്മാകർമ്മങ്ങളേവ എന്നു വിവേചിച്ചറിഞ്ഞു ജീവിതം നയിക്കുവാൻ പ്രയാസം; മായയുടെ വലയിൽപ്പെടാതെ ഒരു പദം മേല്പോട്ടുവയ്ക്കുവാൻ സാമാന്യന്മാർക്കു സാധിക്കുകയില്ല. ശരീരം രോഗഗ്രസ്തം; മനസ്സുചഞ്ചലം; ബുദ്ധി സങ്കുചിതം; 'യത്തദഗ്രേ വിഷമിവ പരിണാമേമൃതോപമം' എന്നു പറഞ്ഞിരിക്കുന്നതു വെറുതേയല്ല; സത്തായ ഒന്നിനെ പലതായിട്ടും പല പ്രകാരത്തിലും കാണുന്നതിൽ അത്ഭുതപ്പെടുവാനില്ല; ഈ സുഖവും ആ ക്ലേശവും അനുഭവിച്ചവർക്കേ അറിഞ്ഞുകൂടൂ; അനുഭവസ്ഥന്മാർക്കു മാത്രമേ അറിഞ്ഞുകൂടൂ. ഈ ഒരു വിഷയത്തിലാണ് രമണമഹർഷിയുടെ ജീവിതഗതികളുടെ ഒരു പ്രത്യേകത."

### ഉപസംഹാരം

നാല്പതു കൊല്ലക്കാലം അപ്പൻ തമ്പുരാൻ ഭാഷാഭഗവതിയെ ഫലാപേക്ഷ കൂടാതെ, ഇടതടവില്ലാതെ, തന്റെ സുരഭിലങ്ങളായ കാവ്യകുസുമങ്ങൾകൊണ്ടു നിത്യാർച്ചന ചെയ്തു. അദ്ദേഹത്തിന്റെ പ്രതിപാദനരീതിക്ക് ഏതോ ഒരു അപൂർവ്വചൈതന്യം, സ്വർഗ്ഗീയസരന്ദര്യം, ജ്യോതിർഗ്ഗോളദീപ്തി അങ്ങോളമിങ്ങോളം കളിയാടുന്നുണ്ടെന്നു മേലുദ്ധരിച്ച ഉദാഹരണങ്ങളിൽനിന്നു കാണാവുന്നതാണല്ലോ. അതിന്റെ അന്യാദൃശതയ്ക്കു സാക്ഷി സഹൃദയന്റെ അന്തഃകരണം തന്നെയാണ്. അത് ഇദമിത്ഥമെന്നു പരിച്ഛേദിക്കാവുന്നതല്ല. വായിക്കുക; വീണ്ടും വീണ്ടും വായിക്കുക; വായിച്ചു വായിച്ചു രസിക്കുക; രസിച്ചു രസിച്ചു നിർവൃതി നേടുക. അത്രമാത്രമേ അതിനെപ്പറ്റി പറയുവാൻ നിവൃത്തിയുള്ളു.

## മുത്തിരിങ്ങോട്ടു ഭവത്രാതൻ നമ്പൂതിരിപ്പാട് (1077–1119)

### ജനനവും വിദ്യാഭ്യാസവും

ഭവത്രാതൻനമ്പൂരിപ്പാട് തെക്കൻ വള്ളുവനാട്ടിലെ ഒരു പ്രഭുകുടുംബമായ മുത്തിരിങ്ങോട്ടുമനയ്ക്കൽ 1077-ാമാണ്ടു കുംഭമാസം 1-ാംനു ജനിച്ചു. ആ കുടുംബം പണ്ടുതന്നെ വൈദുഷ്യത്തിനു കീർത്തിപ്പെട്ടിരുന്നു. അദ്ദേഹത്തിന്റെ മുത്തച്ഛൻ വേദാന്തം, വ്യാകരണം, തർക്കം എന്നീ ശാസ്ത്രങ്ങളിൽ പണ്ഡിതനായിരുന്നു. അച്ഛൻ സുബ്രഹ്മണ്യൻ നമ്പൂരിപ്പാടും ഒരു വൈയാകരണൻ എന്ന നിലയിൽ പേർ പുലർത്തിവന്നു. അദ്ദേഹം 1116-ൽ മരിച്ചു. ഭവത്രാതൻനമ്പൂരിപ്പാട്ടിലെ അമ്മയുടെ ഗൃഹം ധനാഢ്യമായ ഒളപ്പമണ്ണ മനയ്ക്കലായിരുന്നു. കഥാപുരുഷന്റെ വലിയമ്മാവന്റെ ഒരനുജനായ ഇരശ്വരൻനമ്പൂരിപ്പാടാണ് സാഹിതിയുടെ (മാസിക) പ്രസാധകനായിരുന്നത്. സ്വകുടുംബത്തിലെ ഓതിക്കോന്റെ നാടായ പാഞ്ഞാളിൽ താമസിച്ചു സാമവേദം അഭ്യസിയ്ക്കുകയും അതിൽ നൈപുണ്യം നേടുകയും ചെയ്തു. അതിൽപ്പിന്നീട് അച്ഛന്റെയും അപ്ഫന്റെയും അടുക്കൽ തർക്കം പഠിച്ചു. ആദ്യം എടക്കുന്നി നമ്പൂരിവിദ്യാലയത്തിലും പിന്നീട് ഒരു ഗാർഹികാധ്യാപകനെ ഏർപ്പെടുത്തി അദ്ദേഹത്തിന്റെ കീഴിലും കുറേ ഇംഗ്ലീഷും വശമാക്കി. 1117-ാമാണ്ടിടയ്ക്കു സ്വല്പം വേദാന്തവും പഠിച്ചു.

### ജീവിതലക്ഷ്യം

പത്തൊൻപതാമത്തെ വയസ്സിൽ മന്ത്രേടത്തു മനയ്ക്കൽനിന്നു വേളികഴിച്ചു. നമ്പൂരിയോഗക്ഷേമസഭയുടെ പ്രവർത്തനം നമ്പൂരിപ്പാട്ടിലെ യൗവനാരംഭത്തിൽ സജീവമായി നടന്നുകൊണ്ടിരുന്നു. കുറൂർ ഉണ്ണിനമ്പൂരിപ്പാടും, ഒളപ്പമണ്ണ കുട്ടൻ നമ്പൂരിപ്പാടുമായിരുന്നു ആ സഭയുടെ നേതാക്കന്മാർ. അവരുമായുള്ള സമ്പർക്കം നിമി

ത്തം അദ്ദേഹത്തിനു സമുദായസേവനത്തിൽ ആസക്തിയും സാഹിത്യത്തിൽ അഭിനിവേശവുമുണ്ടായി, യോഗക്ഷേമം, ഉണ്ണിനമ്പൂരി, സാഹിതി എന്നീ മാസികകളിൽ ലേഖനങ്ങൾ എഴുതി സ്വതസ്സിദ്ധമായ സാഹിത്യവാസനയെ പോഷിപ്പിച്ചു. നമ്പൂരി യുവജനസംഘത്തിന്റെ ഒരു ജനയിതാവായി അദ്ദേഹത്തെ ഗണിക്കണം. മുടങ്ങിക്കിടന്ന മങ്ഗളോദയം മാസികയെ 1107 ചിങ്ങത്തിൽ പുനരുദ്ധരിപ്പിച്ച് അതിന്റെ നായകനായി. അതു സ്വല്പകാലത്തേക്കേ പ്രചരിച്ചുള്ളു. സ്വസമുദായത്തെ അന്ധവിശ്വാസങ്ങളിൽനിന്നും അനാചാരങ്ങളിൽനിന്നും വിമുക്തമാക്കി സ്ത്രീജനങ്ങൾക്കു പുറത്തിറങ്ങി നടക്കുവാനും കാലോചിതമായി വിദ്യാഭ്യാസം നേടുവാനും അദ്ദേഹം തീവ്രമായി യത്നിച്ചു. ഇതൊന്നായിരുന്നു അദ്ദേഹത്തിന്റെ ജീവിതത്തിലെ പരമലക്ഷ്യം. സോദ്ദേശമായിരുന്നു ആ സമുദായബന്ധുവിന്റെ സാഹിത്യവ്യാപാരം. 1119-ാമാണ്ടു ധനുമാസം 22-ാംനു മരിച്ചു.

## കൃതികൾ

(1) അപ്പന്റെ മകൾ, (2) പൂങ്കല, (3) ആത്മാർപ്പണം, (4) മറുപുറം എന്നീ നാലു കൃതികൾ മൂത്തിരിങ്ങോടു രചിച്ചിട്ടുണ്ട്. അപ്പന്റെ മകൾ പന്ത്രണ്ടധ്യായത്തിലുള്ള ഒരു നോവലാണ്. അടുത്ത രണ്ടു കൃതികളിൽ ഗ്രന്ഥകാരൻ തന്റെ ചില ചെറുകഥകൾ സമാഹരിച്ചിരിക്കുന്നു. മറുപുറത്തിൽ മറവി, നിരാശത, മടി, മനോരാജ്യം എന്നീ നാലുപന്യാസങ്ങൾ അടങ്ങീട്ടുണ്ട്. ആദ്യത്തെ മൂന്നു കൃതികളും നമ്പൂരി സമുദായത്തിന്റെ സർവ്വതോമുഖമായ പരിഷ്കാരത്തിനു പൊതുവേയും, അതിലെ സ്ത്രീകളുടെ അസ്വാതന്ത്ര്യനിവാരണത്തിനു പ്രത്യേകിച്ചും പ്രയോജകീഭവിക്കുന്നു. കഥാഘടനയിലും പാത്രസൃഷ്ടിയിലും സംഭാഷണചാതുര്യത്തിലും ഗ്രന്ഥകാരൻ വിജയം പ്രാപിച്ചിട്ടുണ്ട്. മറുപുറം അദ്ദേഹത്തെ ഒരുൽക്കൃഷ്ടചിന്തകനായി പ്രദർശിപ്പിക്കുന്നു.

## ഗദ്യശൈലി

നമ്പൂരിമാരുടെ ഗദ്യത്തിനു സാധാരണമായിത്തന്നെ ഒരഴകം അടുക്കും ആഭിജാത്യവുമുണ്ട്. അവരുടെ ഭാഷയിൽ അന്യത്ര അവിജ്ഞാതങ്ങളായ പല സാമുദായികശബ്ദങ്ങളും സംക്രമിച്ച് ആ ശൈലിക്കു മാറ്റുകൂട്ടുന്നു. ഈ ഗുണവിശേഷങ്ങൾ നമ്പൂരിപ്പാട്ടിലെ കൃതികളിൽ സവിശേഷം കളിയാടുന്നുണ്ട്. കേവലഗദ്യമല്ല, ഗദ്യകവിതയാണ് അദ്ദേഹം എഴുതുന്നത്. അനുപ്രാസഭ്രമം മാത്രമില്ലെങ്കിൽ അതിന്റെ രാമണീയകം ഇതിലും അധികം പ്രകാശിക്കുമായിരുന്നു. രണ്ടുദാഹരണങ്ങൾ ഉദ്ധരിക്കാം.

## സരോജത്തിന്റെ ചമയൽ

“ആ തളത്തിൽ, അതാ, ഒരു സർവ്വാംഗസുന്ദരി ഒരു നിലക്കണ്ണാടിയുടെ മുമ്പിൽ ഒരു കസേരയിൽ ഇരിക്കുന്നു. അവൾ അഴിച്ചിട്ട ചികുരഭാരം ചീകിമിനുക്കി ഒതുക്കിക്കെട്ടുവാനുള്ള ശ്രമമാണ്. അടുത്തുള്ള സുവർണ്ണചഷകത്തിൽനിന്നു സുഗന്ധം വീശുന്ന അല്പം കുന്തളതൈലമെടുത്ത് ഒന്നു പെരുമാറി ആദ്യം വലതുഭാഗത്ത് ഒന്നു വകഞ്ഞു നോക്കി. തൃപ്തിവരായ്കയാൽ സിമന്തരേഖ നടുവിലേക്കുമാറ്റി; ആയില്ല. ഒടുവിൽ ഇടത്തുവശത്തുടേ വകഞ്ഞിട്ടു. വളരെ ആകർഷകമായവിധം ഒതുക്കിക്കെട്ടി ഒരു പനിനീർപ്പൂവെടുത്ത് അല്പനേരം ഭംഗിനോക്കി മുടിക്കെട്ടിൽ ചൂടി. സുവാസിതമായ ഒരു പട്ടുകൈലേസുകൊണ്ടു മുഖമൊന്നു തുടച്ചു. ഒരു സുവർണ്ണശലാകയെടുത്തു വിശാലമായ നെറ്റിത്തടത്തിൽ ഒരു ചാന്തുപൊട്ടു തൊട്ടു. ചന്തം ബോധിച്ചില്ല. തുടച്ചു. സനിഷ്കർഷം രണ്ടാമതും തൊട്ടു. നല്ല പന്തിയായില്ല. അല്പം മുഷിഞ്ഞ ഭാവത്തിൽ അങ്ങോട്ടുമിങ്ങോട്ടും രണ്ടു ചാൽ നടന്നു. പിന്നെയുമിരുന്ന് ഒരിസ്കൂൽക്കൂടി പരിക്ഷിച്ചു

നോക്കി; പറ്റി. അവൾ സംതൃപ്തിയോടെ മന്ദസ്മിതം തൂകി ആരെയും ഒന്നുമയക്കാമെന്ന് അഭിമാനം പൂണ്ടു. അമിതദർപ്പം ഉൾക്കൊണ്ടു. ആനന്ദം കൊണ്ടു മതിമറന്നു.”

(അപ്ഫന്റെ മകൾ)

### മറവി

“പാൽമഴ പൊഴിക്കുന്ന പനിമതി പാതിരാവിന്റെ മറവിയാണ്. കതിർചിതറുന്ന കൊള്ളിമീൻ കൂരിരുളിന്റെ മറവിയാണ്. പൂമരങ്ങളുടെ പൂന്തണൽ പകലിന്റെ മറവിയാണ്. പച്ചപിടിച്ച പുൽത്തകിടി പട്ടുവേനലിന്റെ മറവിയാണ്—മുഴുക്കെ കരിതേയ്ക്കുവാൻ പാതിരാവും, തൂർത്തുകരിമ്പടം വിരിക്കുവാൻ കൂരിരുളും, എമ്പാടും വെള്ളവലിക്കുവാൻ പകലും, എങ്ങും ഉണക്കിക്കരിക്കുവാൻ പട്ടുവേനലും തീരെ മറന്നുപോയി; മറവിയുടെ ചിത്രകലാനൈപുണ്യം— ഹാ! അതു മനുഷ്യന്റെ ജീവിതഫലകത്തിൽ ആകാരരമ്യങ്ങളും അകൃത്രിമരമണീയങ്ങളുമായ സുഷ്ഠുരൂപങ്ങൾ വരച്ചുവയ്ക്കുന്നു. മറവിയുടെ തയ്യൽപ്പണിവിരുത്—അതു മനുഷ്യന്റെ ജീവിതപ്പൂമ്പട്ടിന്റെ വക്കത്തു തങ്കപ്പൂക്കൾ തുന്നിപ്പിടിപ്പിക്കുന്നു. മറവിയുടെ മനോഹരമായ മന്ദഹാസം—അതു മനുഷ്യന്റെ ജീവിതമാർഗ്ഗത്തിൽ വെള്ളവിരിക്കുന്നു.” (മറുപുറം)

## പി. കെ. കൊച്ചീപ്പൻതരകൻ (1036–1115)

### ചരിത്രം

കൊച്ചീപ്പൻതരകൻ മാവേലിക്കര പോളച്ചിറക്കുടുംബത്തിൽ 1036-ാമാണ്ടു ജനിച്ചു. ആ കുടുംബം അന്നു ദാരിദ്രബാധിതമായിരുന്നതിനാൽ പ്രാഥമിക വിദ്യാഭ്യാസം മാത്രമേ തരകനു ലഭിക്കുന്നതിനു യോഗമുണ്ടായുള്ളു. പതിനഞ്ചാമത്തെ വയസ്സിൽ രജിസ്ട്രേഷൻ പരീക്ഷ ജയിച്ച് ആ ഡിപ്പാർട്ടുമെന്റിൽ ഒരു ഗുമസ്തനായി. കുറേക്കാലം വക്കീൽഗുമസ്തനായും പണി നോക്കീട്ടുണ്ട്. സാഹിത്യത്തിൽ കുറേ വാസനയുണ്ടായിരുന്ന അദ്ദേഹത്തെ മാതുലനായ കണ്ടത്തിൽ വറുഗീസുമാപ്പിള കോട്ടയത്തേയ്ക്കു കൂടെക്കൊണ്ടുപോകകയും മലയാളമനോരമയുടെ പ്രാരംഭകാലംമുതൽ സഹപ്രവർത്തകനാക്കുകയും ചെയ്തു. അവിടെ കൊട്ടാരത്തിൽ ശങ്കുണ്ണിയുടേയും മറ്റും സാഹചര്യത്തിൽ തന്റെ സാഹിത്യപരിചയം വർദ്ധിപ്പിച്ചു. വറുഗീസുമാപ്പിളയുടെ മരണാനന്തരം ഭാഷാപോഷിണി മാസികയുടെ പ്രവർത്തനത്തിന്റെ ഭാരം ഏറ്റെടുത്തു പതിനഞ്ചു കൊല്ലക്കാലം അതിനെ ഉത്തമമായ രീതിയിൽ പ്രചരിപ്പിച്ചു ഗദ്യരചനയ്ക്കു നൈപുണ്യം നേടി. മനോരമയുടെ സൂപ്രണ്ടായിരുന്ന കാലത്ത് അതിൽ ഒരു ചതുരങ്ഗപംക്തി ഉൽഘാടനം ചെയ്തു. കേരളവർമ്മവലിയകോയിത്തമ്പുരാന്റെ അധ്യക്ഷതയിലും തന്റെ കാര്യദശിത്വത്തിലും ഒരു ചതുരങ്ഗസമിതി സ്ഥാപിച്ച് അതിന്റെ ആഭിമുഖ്യത്തിൽ കൊല്ലന്തോറും ഒരു മത്സരപ്പരീക്ഷ നടത്തി വിജയികൾക്കു സമ്മാനം നല്കുകയും ചെയ്തു. കോട്ടയം മുനിസിപ്പാലിറ്റിയിലെ ഒരു അങ്ഗമായും, ശ്രീമൂലം പ്രജാസഭാസാമാജികനായും, കേരള ക്രൈസ്തവസേവാസമിതിയുടെ കാര്യദർശിയായും ജനസേവനം ചെയ്തിട്ടുണ്ട്. കാർഷികവ്യവസായത്തിൽ അത്യന്തം വിദഗ്ധനായിരുന്ന അദ്ദേഹം ബ്രിട്ടീഷ് മലബാർ മുതലായ പ്രദേശങ്ങളിൽ തോട്ടങ്ങൾ സ്ഥാപിച്ചു ധാരാളമായി ധനം സമ്പാദിച്ചു. 1115-ാമാണ്ട് ഇടവമാസം 8-ാംനു മരിച്ചു.

### കൃതികൾ

തരകന്റെ പ്രധാന കൃതികൾ (1) മറിയാമ്മനാടകവും, (2) ബാലികാസദനം നോവലുമാണ്. അവ കൂടാതെ (3) മധുവർജ്ജനം നാടകം, (4) കുസുഹല കഥാമാല എന്നീ രണ്ടു ഗദ്യപുസ്തകങ്ങളും (5) ചൂതപ്രബോധനം എന്നൊരു പദ്യഗ്രന്ഥവും കൂടി അദ്ദേഹം രചിച്ചിട്ടുണ്ട്. വറുഗീസുമാപ്പിളയുടെ യബ്രായക്കുട്ടിയുടെ രീതി പിടിച്ചെഴുതിയ ഒരു കല്പിതകഥയാണ് മറിയാമ്മ നാടകം. അതിൽ കഥാംശം പോരെന്നു ചിലർ ഗ്രന്ഥകാരനെ അറിയിക്കുകയാൽ അതിദീർഘവും സംഭവബഹുലവുമായ ബാലികാസദനം നോവൽ രണ്ടു ഭാഗങ്ങളിൽ നിർമ്മിച്ചു. പാത്രസൃഷ്ടിയിലാണ് അദ്ദേഹം സമർത്ഥനായിക്കാണുന്നത്. മറിയാമ്മ നാടകത്തിലെ തൊമ്മച്ചനേയും, ബാലികാസദനത്തിലെ ഭക്തൻകുഞ്ഞിനേയും അനുവാചകന്മാർക്ക് ഒരിയ്ക്കലും വിസ്മരിക്കാവുന്നതല്ല. ഭാഷ കഴിയുന്നതും ലളിതമാക്കുവാൻ യത്നിച്ചിട്ടുണ്ടെങ്കിലും അത് അത്ര വളരെ ആകർഷകമാണെന്നു പറയുവാൻ നിർവ്വാഹമില്ല. എങ്കിലും നിർദ്ദോഷം തന്നെ. താഴെക്കാണുന്ന വാക്യപംക്തി ഉദ്ധരിക്കുന്നതു ബാലികാസദനത്തിൽനിന്നാണ്.

"ഹോ കഷ്ടം! മനോഹരവും ദുർല്ലഭവുമായ ഒരു സൌഗന്ധിക പുഷ്പത്തെ കണ്ടാലുടനെ കശക്കി നശിപ്പിച്ചുകളയുന്നത് ആരാണ്? അമൂല്യമായ ഒരു രത്നം തല്ലിപ്പൊട്ടിച്ച് ഊതിപ്പറപ്പിക്കുവാൻ ശ്രമിക്കുന്നതും ആര്? ഒരു ഭ്രാന്തനാണെന്നല്ലാതെ ആരും പറയുകയില്ല. മനുഷ്യർ പല സന്ദർഭങ്ങളിലും ഈ വിധം ഭ്രാന്തന്മാരാകാറുണ്ട്. മദ്യപാനം, അതിക്രോധം, നൈരാശ്യം മുതലായ ദുർഗ്ഗുണങ്ങൾക്കു പെട്ടെന്ന് ഒരുത്തനെ ഭ്രാന്തനാക്കാൻ കഴിയും. ഇങ്ങനെ ഭ്രാന്തുപിടിച്ചവനായിരിയ്ക്കുമോ പ്രൗഢയും സർവ്വാങ്ഗസുന്ദരിയമായ ആ അബലാമണിയെ ഇപ്രകാരം മരണാവസ്ഥയിലാക്കിയിട്ടിരിയ്ക്കുന്നതു്."

## കെ. നാരായണക്കുരുക്കൾ (1036–1123)

### ജനനം

കേരളത്തിലെ ഒന്നാമത്തെ രാഷ്ട്രീയനോവലിന്റേയും മറ്റു് അനേകം ബൃഹൽകഥകളുടേയും പ്രണേതാവായ കെ. നാരായണക്കുരുക്കൾ 1036-ാമാണ്ടു മീനമാസം 8–ാംനു തിരുവനന്തപുരത്തു പാല്ക്കുളങ്ങരെ ഉദയന്നൂർ മഠത്തിൽ ജനിച്ചു. പിതാവു പാല്ക്കുളങ്ങരെ ദേവീക്ഷേത്രത്തിൽ മേൽശാന്തിയും ദേവ്യുപാസകനുമായ വെങ്കടാചലം പോറ്റിയും, മാതാവു പാല്ക്കുളങ്ങരെ ഉദയനന്നൂർമഠത്തിലെ ഭാരതിയമ്മയുമായിരുന്നു. മകന്റെ ശൈശവത്തിൽത്തന്നെ അദ്ദേഹം ഭാര്യാഗൃഹംവിട്ടു വിദേശങ്ങളിൽ ദീർഘകാലപര്യടനത്തിനായി പുറപ്പെട്ടു. ഒടുവിൽ തിരിയെ ഉദയന്നൂർത്തന്നെ വന്നുചേരുകയും അവിടെവെച്ചു ചരമഗതിയെ പ്രാപിക്കുകയും ചെയ്തു. മാതാവ് 84 വയസ്സുവരെ ജീവിച്ചിരുന്നു. കഥാപുരുഷന്റെ രണ്ടു് അമ്മാവന്മാരാണ് കുടുംബത്തേക്കു വേണ്ട സ്വത്തു സമ്പാദിച്ചുകൊടുത്തതു്.

### വിദ്യാഭ്യാസവും സർക്കാരുദ്യോഗവും

ഗ്രന്ഥകാരൻ 1041 മുതൽ 1048 വരെ സമീപമുള്ള ഒരു മലയാംപള്ളിക്കൂടത്തിലും, 1051 വരെ ചാല സെൻട്രൽ വർണ്ണാക്യുലർ സ്കൂളിലും, 1061 വരെ സ്ഥലം ഇംഗ്ലീഷ് ഹൈസ്കൂളിലും കോളേജിലും പഠിച്ചു ബി. ഏ. പരീക്ഷ ജയിച്ചു. 1061-ൽ താൻ പഠിച്ച ഹൈസ്കൂളിൽ ഒരധ്യാപകനായി നിയമിയ്ക്കപ്പെട്ടു. ആ വൃത്തിയിൽ ഏർപ്പെട്ടിരിക്കുമ്പോഴാണ്

പാറപ്പുറം എന്ന രാഷ്ട്രീയ നോവൽ രചിച്ചതു്. 1068 മുതൽ സ്കൂൾ അസിസ്റ്റന്റ് ഇൻസ്പെക്ടരായി തിരുവനന്തപുരത്തുനിന്നു മാറി നെയ്യാറ്റിൻകരയിലും അവിടെ നിന്നു നെടുമങ്ങാട്ട്, ചിറയിൻകീഴ് എന്നീ താലൂക്കുകളിലും ജോലിനോക്കി. തദനന്തരം പറവൂർ, വൈക്കം എന്നീ ഇംഗ്ലീഷ് ഹൈസ്കൂളുകളിൽ ഹെഡ്മാസ്റ്ററായി. അതിനിടയ്ക്കാണു് അദ്ദേഹത്തിന്റെ ഉദയഭാനു എന്ന മറ്റൊരു രാഷ്ട്രീയനോവലിന്റെ ഒന്നാം ഭാഗം 1079-ൽ പ്രസിദ്ധീകൃതമായതു്. ഗവർമ്മെണ്ടിന്റെ അപ്രീതിക്കു് അദ്ദേഹം തന്നിമിത്തം പാത്രീഭവിച്ചു. ഉദയഭാനുവിന്റെ ഒന്നാം ഭാഗം 1081-ലും രണ്ടാംഭാഗം 1083-ലും രാമകൃഷ്ണപിള്ളതന്നെ അച്ചടിപ്പിച്ചു. മൂവാറ്റുപുഴ, തൊടുപുഴ, മീനച്ചൽ എന്നീ താലൂക്കുകളിൽ വീണ്ടും അസിസ്റ്റന്റ് ഇൻസ്പെക്ടരായിത്തന്നെ പണിനോക്കേണ്ടിവന്നു. 1081-ൽ സർവ്വീസിൽനിന്നു പിരിഞ്ഞുപോകുവാൻ ഇടയായി. അതിനുമുമ്പുതന്നെ അദ്ദേഹത്തിനുണ്ടായിരുന്ന സ്വാതന്ത്ര്യേച്ഛയെ ആ സംഭവം ഒന്നുകൂടി ഉത്തേജിപ്പിച്ചു. അദ്ദേഹത്തിന്റെ ചിന്തകൾ അന്തർമ്മുഖങ്ങളായി. ജ്യോതിഷം ഫലഭാഗത്തിലും, മന്ത്രശാസ്ത്രത്തിലും അതിനുമുമ്പുതന്നെ പ്രാവീണ്യം സമ്പാദിച്ചിരുന്നു. പക്ഷേ രാഷ്ട്രീയോന്നമനവും അതോടുകൂടിത്തന്നെ അദ്ദേഹം തന്റെ ഒരു പ്രധാനലക്ഷ്യമാക്കി പ്രവർത്തിച്ചു. ഒടുവിൽ കുടുംബസ്വത്തുക്കൾ രണ്ടു ശാഖകളിലുമുള്ള അനന്തരഗാമികൾക്കു വീതിച്ചുകൊടുത്തു. തപോനിഷ്ഠനായി കുറേക്കാലം ജീവിതം നയിച്ചു. ആദ്യം തയ്ക്കാട്ടിനു സമീപമുള്ള തെക്കേ മഠത്തിൽ കാത്യായനിയമ്മയെ പരിഗ്രഹിച്ചു. ആ സാധ്വിയുടെ മരണാനന്തരം സ്കൂൾമിസ്റ്റ്റസ് ആറ്റിങ്ങൽ അമ്മുക്കുട്ടിയമ്മയെ (നായർ സ്ത്രീ) വിവാഹം ചെയ്തു. 1123-ാമാണ്ടു് ഇടവമാസം 30-ാനു- ആറ്റിങ്ങൽ വച്ചു പരഗതിയെ പ്രാപിച്ചു.

## നാരായണക്കുരുക്കളും രാമകൃഷ്ണപിള്ളയും

പ്രസിദ്ധപത്രപ്രവർത്തകനും സാഹിത്യകാരനുമായ കെ. രാമകൃഷ്ണപിള്ളയുടെ രാഷ്ട്രീയഗുരുവായിരുന്നു കുരുക്കൾ. പ്രകൃത്യാ അകുതോഭയനായിരുന്ന രാമകൃഷ്ണപിള്ളയെ കുരുക്കളുടെ ഉപദേശങ്ങൾ കൂടുതൽ ധീരനാക്കി. പാറപ്പുറം ഒന്നും രണ്ടും ഭാഗങ്ങൾ പ്രകാശിപ്പിച്ചതും രാമകൃഷ്ണപിള്ളയാണു്. ആ ശിഷ്യൻ ഗുരുവിനെ നിരുപാധികമായി ആരാധിച്ചു. ഗുരു എന്തെഴുതിയാലും അതെല്ലാം ശിഷ്യനു വേദവാക്യമായിരുന്നു. ആ വിഷയത്തിൽ കുരുക്കൾക്കു് ഉപദേഷ്ടാവു റേഞ്ചു് ഇൻസ്പെക്ടർ സി. കൃഷ്ണപിള്ളയായിരുന്നതിനാൽ രാമകൃഷ്ണപിള്ളയ്ക്കു് അദ്ദേഹത്തിന്റെ പ്രശിഷ്യത്വവും ഉണ്ടായിരുന്നതായി ഗണിക്കാവുന്നതാണു്. 1076-ൽ രാമകൃഷ്ണപിള്ള പാല്ക്കുളങ്ങരെ തോപ്പുവീട്ടിൽ നാരായണിയമ്മയെ വിവാഹം ചെയ്തു. ആ അമ്മയുടെ താമസം കുരുക്കളുടെ ഗൃഹത്തിനു സമീപമായിരുന്നതിനാൽ ആ വഴിക്കു ശിഷ്യനും ഗുരുവും തമ്മിലുള്ള ബന്ധം ദൃഢമൂലമായിയെന്നുകൂടി പറയേണ്ടതുണ്ടു്. 1079-ൽ നാരായണിയമ്മ മരിച്ചതിനുമേലാണു് 1080-ൽ വഞ്ചിയൂർ കുഴിവിളാകത്തുവീട്ടിൽ ബി. കല്യാണിയമ്മയെ പരിഗ്രഹിച്ചതു്.

## കൃതികൾ

താഴെക്കാണുന്നവയാണു് കുരുക്കളുടെ പ്രധാനകൃതികൾ. (1) പാറപ്പുറം മൂന്നു ഭാഗങ്ങൾ, (2) ഉദയഭാനു, (3) എന്റെ ഗീത, (4) സത്യഗ്രാഹി, (5) വിജയമംഗളം അഥവാ മൗനചന്ദ്രിക, (6) ജ്യോതിഷ്മതി, (7) ജ്ഞാനസുധ, (8) കുസുമമഞ്ജൂഷ (കുസുമമഞ്ജുഷി എന്നു് അച്ചടിയിൽ). ഇവക്കുപുറമേ ഇംഗ്ലീഷ് വിദ്യാഭ്യാസം, പുരുഷഭൂഷണം, ജ്ഞാനം, പരിഷ്കാരം, ശ്രീമതം എന്നീ വിഷയങ്ങളെ ആസ്പദമാക്കി ഉപന്യാസങ്ങളും പ്രസിദ്ധീകരിച്ചിട്ടുണ്ടു്. അവകൂടാതെ സത്യം എന്നൊരു മാസിക നാലു മാസവും, സ്വരാട് എന്ന വാരിക മൂന്നു മാസവും, സ്വദേശാഭിമാനി ആറു മാസവും, പര

വുരിൽ നിന്നു പുനഃപ്രകാശിതമായ കേരളൻ വാരിക മൂന്നു മാസവും അദ്ദേഹത്തിന്റെ പ്രസാധകത്വത്തിൽ പ്രചരിച്ചിട്ടുണ്ട്. പാറപ്പുറത്തിന്റെ അവതാരികയിൽ രാമകൃഷ്ണപിള്ള ഇങ്ങനെപറയുന്നു. "ഗ്രന്ഥകർത്താവിന്റെ കല്പനാശക്തികൊണ്ടു പലേ അനുഭവങ്ങളെ ചേരുംപടി ചേർത്ത് ഓരോരോ കഥാപാത്രങ്ങളെ രചിക്കുമ്പോൾ അത് ഇന്നാരെ ഉദ്ദേശിച്ചാണ് എന്നു പറയുവാൻ എന്താവശ്യമാണുള്ളത്? കഥ ലോകഗതിക്കു ചേർന്നതാണോ എന്നു നോക്കിയാൽ പോരേ? എന്നാൽ ബാലിശമായ മനസ്സിന്റെ സംഗ്രഥനശക്തിക്കുള്ള വൈകല്യം നിമിത്തം കള്ളനു കണ്ണിൽ കാണുന്നതെല്ലാം കാൺസ്റ്റബിൾ എന്നുതോന്നുന്നതുപോലെ ഈ ഗ്രന്ഥത്തിലെ ചില കഥാപാത്രങ്ങൾക്കു തങ്ങളുടെ നടത്തകളോടുള്ള ഏകദേശസാമ്യത്തെ അന്യഥാ ധരിച്ച ചില മുഗ്ദ്ധബുദ്ധികൾ ഈ ഗ്രന്ഥത്തിന്റെ നേർക്കു കണ്ണുരുട്ടുകയും പല്ലുറുമ്മുകയും കൈതിരുമ്മുകയും ചെയ്ത് അവരുടെ ചേതോവികൃതികളെ പിളർന്നു കാണിച്ചതിനെക്കുറിച്ച്, അവരുടെ ദയനീയമായ വ്യാമൂഢതയിൽ അനുകമ്പയോടുകൂടിയ ഒരു ചെറിയ മന്ദഹാസം ഇളകുന്നതിനെ വായനക്കാർ ക്ഷമിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു." പാറപ്പുറം വായിച്ച ക്ഷുബ്ധരായ ചിലർ പാറപ്പുറംപിളർപ്പ് എഴുതിയ സംഭവത്തെയാണ് ഇവിടെ സൂചിപ്പിച്ചിരിക്കുന്നത്. രാമകൃഷ്ണപിള്ളയും കല്യാണിയമ്മയും തങ്ങളുടെ സ്ത്രീസന്താനത്തിന് കുരുക്കളുടെ പാറപ്പുറത്തിലെ നായികയായ ഗോമതിയുടെ പേരാണ് നല്കിയത്. തന്റെ കനിഷ്ഠപുത്രിയായ ജ്യോതിഷ്മതിയുടെ പേരു കുരുക്കൾ തന്റെ ഒരു പ്രധാന നോവലായ ജ്യോതിഷ്മതിക്കും കൊടുത്തു.

## വിമർശനം

കുസുമമഞ്ജൂഷ ആത്മകഥാപരമായ ഒരു അപൂർണ്ണകൃതിയാകുന്നു. ജ്ഞാനസുധയും അസമഗ്രംതന്നെ. കുരുക്കളുടെ എല്ലാ പുസ്തകങ്ങളേയുംകുറിച്ച പ്രത്യേകമായി വിമർശിക്കുന്നതിനു സ്ഥലസൗകര്യമില്ല. ഉദയഭാനുവും പാറപ്പുറവും രാഷ്ട്രീയനോവലുകളാണെന്നു സൂചിപ്പിച്ചുവല്ലോ. ഉദയഭാനു അന്നത്തെ ചില രാജസേവകന്മാരെക്കുറിച്ച കുരുക്കൾ കോട്ടയത്തു താമസിക്കുമ്പോൾ എഴുതിയതാണ്. രാഷ്ട്രീയ നവഭാരതം എന്നും അതിനു പേർ നല്കിയിരിക്കുന്നു. ഗ്രന്ഥകാരൻ രണ്ടാമദ്ധ്യായത്തിൽ കോട്ടയം നഗരത്തിന്റെ ഒരു വിശിഷ്ടമായ വർണ്ണനം എഴുതിയിട്ടുണ്ട്. കഥാനായകനായ ഉദയഭാനു "ധർമ്മക്ഷേത്രത്തിലേക്കു (തിരുവനന്തപുരത്തേക്കു) പുറപ്പെടുകയും അവിടെ ചില ഏറ്റുമുട്ടലുകളുണ്ടാകുകയും ചെയ്യുന്നു. അങ്ങനെയാണ് അതിലെ കഥാഗതി. പാറപ്പുറത്തിലെ കഥ നടക്കുന്നതു മനോരാജ്യത്തിലാണ്. സത്യഗ്രാഹിയിലെ ഇതിവൃത്തവും രാഷ്ട്രീയംതന്നെ. "ഇൻഡ്യയിൽ ഈ രണ്ടു ചെറുരാജ്യങ്ങളെക്കൂടാതെ സ്വദേശീയന്മാരായ രാജാക്കന്മാരുടെ ഭരണത്തിൽ ഉൾപ്പെട്ട രണ്ടോ മൂന്നോ ശതം രാജ്യങ്ങൾ ബ്രിട്ടീഷുകാരുടെ മേല്ക്കോയ്മയ്ക്ക് അധീനപ്പെട്ടിട്ടുണ്ട്. ആ ഭരണാധിപന്മാരെ ഒക്കെ കൂട്ടിച്ചേർത്ത് ഇൻഡ്യയ്ക്ക് ഇംഗ്ലണ്ടിലെപോലെ ഒരു പ്രഭുജനസഭ ബ്രിട്ടീഷ് ഗവർമ്മെണ്ടിനെ ഉപദേശിക്കുവാനുണ്ടാകുന്നുവെങ്കിൽ ഇൻഡ്യയ്ക്കു ബ്രിട്ടീഷ് ഭരണത്തിൽത്തന്നെ ഏകീകരിക്കുവാൻ കഴിയും. ഇതിലേയ്ക്കുള്ള ജനശക്തിയുടെ എന്തു ശ്രമങ്ങളും ക്ഷോഭങ്ങളും ഇൻഡ്യയെ ഒരു രാഷ്ട്രമാക്കുകയും ഇൻഡ്യയെ ഒരു രാഷ്ട്രീയശക്തിയാക്കുകയും ചെയ്യും. ഇങ്ങനെയുള്ള രാഷ്ട്രീയോദ്ദേശങ്ങളോടു കൂടിയാണ് ഈ ഗ്രന്ഥത്തെ ഒരു ഭാരതീയകഥയാക്കി എഴുതുവാൻ സങ്ഗതി വന്നിട്ടുള്ളത്" എന്നു പ്രണേതാവു പറയുന്നു. എന്റെ ഗീതയിൽ "ഞാൻ ആരാണ്? ഞാൻ എവിടെയാണ്? ഞാൻ എന്തിനായിട്ടാണ് ഇവിടെ വന്നത്? ഞാൻ എവിടെയാണ് പോകുന്നത്? എനിക്ക് അമ്മയില്ലയോ? അച്ഛനില്ലയോ? സഹോദരന്മാരില്ലയോ?

സഹോദരിമാരില്ലയോ? എനിയ്ക്ക ബന്ധുക്കളുമില്ലയോ? ഞാൻ ജീവിച്ചിരുന്നിട്ടുതന്നെ എന്താണ് പ്രയോജനം? ആർക്കുവേണ്ടിയാണ് ഞാൻ ജീവനെ വഹിക്കുന്നത്" എന്നു തുടങ്ങി മൗലികങ്ങളായ പല പ്രശ്നങ്ങൾക്കും ഉത്തരം പറയുവാൻ ഗ്രന്ഥകാരൻ ശ്രമിക്കുന്നു. മാനചന്ദ്രികയുടെ നിർമ്മിതിയ്ക്കുള്ള ഉദ്ദേശത്തെക്കുറിച്ച് അദ്ദേഹം ഇങ്ങനെപറയുന്നു "ആദ്യത്തെ പാറപ്പുറം കഥയിൽ അനാഥമായിവന്നുചേരുന്ന ഒരു ചെറുബാലൻ മനോരാജ്യത്തിലെ വലിയ ദിവാൻജിയായി രാഷ്ട്രീയ സായൂജ്യത്തെ പ്രാപിയ്ക്കുന്ന കഥ നാട്ടുകാർക്കു സർവ്വോത്തമമായ രാഷ്ട്രീയമാതൃകയെ നല്കുന്നതുപോലെ മങ്ഗളമ്മാളുടെ (പ്രസ്തുതകൃതിയിലെ നായിക) ജീവിതവും, സ്ത്രീലോകത്തിന് ഒരു ജീവിതോത്തമമാതൃകയെ നല്കാതെയിരിക്കുന്നതല്ല." ആകെ 96 അധ്യായത്തിൽ മൂന്നു കാണ്ഡങ്ങളായി പ്രസിദ്ധീകരിക്കണമെന്നുദ്ദേശിച്ച ഗ്രന്ഥം പൂർത്തിയാക്കി എങ്കിലും ആറ് അധ്യായമടങ്ങിയ ഒന്നാം കാണ്ഡംമാത്രമേ മുദ്രണം ചെയ്യിട്ടുള്ളു. ജ്യോതിഷ്മതിയിലെ ഇതിവൃത്തം ഭർഗ്ഗൻ എന്ന ഒരു ഗുണവാനായ പുരുഷൻ തന്റെ പത്നിയോടും ജ്യോതിഷ്മതി എന്ന പുത്രിയോടുംകൂടി താമസിക്കുന്ന ഒരു ഗ്രാമത്തിൽ ആരംഭിക്കുന്നു. ആ പുത്രിയുടെ ഭാഗ്യം ഏകദേശം പതിനഞ്ചാമത്തെ വയസ്സിൽ ഭണ്ഡൻ എന്നൊരു പാപി നശിപ്പിയ്ക്കുന്നു. ഇങ്ങനെ പുരോഗമിക്കുന്ന നോവലിൽ അവസാനം വരെ കഥാരഹസ്യങ്ങൾ പരിപാലിച്ചിട്ടുണ്ട്. എന്റെ ഗീതപോലെ ജ്യോതിഷ്മതിയും ഒരു ആത്മീയകാര്യപ്രതിപാദകമായ നോവലാണ്. കുരുക്കളുടെ കഥകൾക്കുള്ള ഒരു പ്രധാന വൈകല്യം അവയിൽ ഒട്ടുവളരെ രാഷ്ട്രീയവും സദാചാരപ്രതിപാദകവും സാമുദായികവും ആത്മീയവുമായ ഉപദേശങ്ങൾ അടങ്ങിയിരിക്കുന്നു എന്നുള്ളതാണ്. ആ ഉപദേശങ്ങൾ പ്രചരിപ്പിക്കുന്നതിനു വേണ്ടിയാണോ തന്റെ കൃതികൾ അദ്ദേഹം രചിച്ചിരിക്കുന്നത് എന്ന് അനുവാചകന്മാർ സംശയിച്ചാൽ അതിന് അവരെ കുററപ്പെടുത്താവുന്നതുമല്ല. പല ദുരാചാരങ്ങളേയും അന്ധവിശ്വാസങ്ങളേയും അദ്ദേഹം നിശിതമായി വിമർശിക്കുകയും സമുദായത്തിൽനിന്ന് അവയെ ഉന്മൂലനം ചെയ്യുന്നതിനുള്ള മാർഗ്ഗങ്ങൾ സൂക്ഷ്മദൃഷ്ടിയോടുകൂടി നിർദ്ദേശിക്കുകയും ചെയ്യുന്നു.

## ചില ഉദാഹരണങ്ങൾ

"ദൈവാരാധനക്രമം പ്രായണ ജനങ്ങളുടെ വിദ്യാഭ്യാസത്തേയും ബുദ്ധിവികാസത്തേയും ആശ്രയിച്ചിരിക്കുന്നു. ശിലാദിപ്രതിമകൾക്കു പല നാമധേയങ്ങളേയും സങ്കല്പിച്ചും അവയേയും വൃക്ഷവി ശേഷങ്ങളേയും പാറകളേയും നദികളേയും എന്നു വേണ്ട, വിചാരിക്കത്തക്ക എല്ലാ വസ്തുക്കളേയും പ്രമാണീകരിച്ചും, ലോകത്തിൽ ഈശ്വരാരാധന ചെയ്യുവരുന്നുണ്ട്. സുഖദുഃഖങ്ങളിൽ മനുഷ്യർക്കു സ്വഭാവേന ജനിയ്ക്കുന്ന സന്തോഷത്തേയും വേദനയേയും ത്യജിച്ച് ഏകമായ പരബ്രഹ്മത്തിൽ നിരന്തരമായി മനസ്സിനെ ലയിപ്പിച്ച ചിലർ നിത്യാനന്ദം അനുഭവിക്കുന്നതായും കാണുന്നു. ദൈവപ്രീതി സമ്പാദിക്കുന്നതു ഭഗവന്നാമങ്ങൾ, മന്ത്രങ്ങൾ ഇവയെ ഉച്ചരിക്കുന്നതുകൊണ്ടാണെന്നും, അതല്ല, സദ്വൃത്തികളാലാണെന്നും ചിലർ സിദ്ധാന്തിക്കുന്നു."

(പാറപ്പുറം)

## ബ്രഹ്മദത്തൻ

"രൂപലാവണ്യം അവരുടെ (സ്ത്രീകളുടെ) ഭ്രമത്തിൽനിന്നും ഉണ്ടായതല്ല. മറ്റൊക്കെ അവരുടെ ഭ്രമങ്ങൾ തന്നെ. സൗന്ദര്യം ജിതേന്ദ്രിയത്വത്തോടു ചേർന്നെങ്കിൽ മാത്രമേ പ്രകാശിക്കയുള്ളു. ലോകത്തെ ഭ്രമിപ്പിക്കുന്ന മൂന്നു വസ്തുക്കൾ വാക്കും രൂപവും അർത്ഥവുമാകുന്നു. അസത്യമായ വാക്കുകളും ജിതേന്ദ്രിയത്വത്തോടുകൂടാതെയു

ള്ള സൗന്ദര്യവും ന്യായാനുസൃതമല്ലാത്ത ധനവുമാണ് ദുഃഖങ്ങൾക്കും രോഗങ്ങൾക്കും വേദനകൾക്കും കാരണം. സത്യമായ വാക്കും ഹിംസ കൂടാതെയുള്ള വ്യവസായം കൊണ്ടു് ആർജ്ജിച്ച ധനവും ഇന്ദ്രിയങ്ങളെ ജയിച്ച സൗന്ദര്യവും ലോകത്തിൽ അഭിനന്ദനീയമാണ്" (സത്യഗ്രാഹി)

### ശ്രീമതം

കുരുക്കളുടെ ബുദ്ധികൊണ്ടു ത്യാജ്യഗ്രാഹ്യവിവേചനംചെയ്തു ലോകത്തിനു സമർപ്പിച്ചിട്ടുള്ള ഒരു പരിഷ്കൃതമതമാണ് ശ്രീമതം. ഉപനിഷത്തുകളിൽ ഗാഢമായ വൈചക്ഷണ്യം സമ്പാദിച്ചിരുന്ന അദ്ദേഹത്തിനു ദേവിപരങ്ങളായ ത്രിപുരാദ്യപനിഷത്തുകളിൽ വിശേഷപ്രതിപത്തിയുണ്ടായിരുന്നു. ലോകാഭിവൃദ്ധിയുടെ കാരണം സന്മാർഗ്ഗനിഷ്ഠയാണെന്ന് അദ്ദേഹം ദൃഢമായി വിശ്വസിച്ചിരുന്നു. താഴെക്കാണുന്നതു ശ്രീമതം എന്ന ഉപന്യാസത്തിലുള്ള ചില വാക്യങ്ങളാകുന്നു.

"അതിവിസ്മയനീയങ്ങളായ ദിവ്യശക്തിയോടു കൂടിയ മനസ്സിനേയും കുണ്ഠിതമാക്കുന്നതായി അവ്യക്തമായും മഹത്തായും ഒരു തത്വമുണ്ടു്. ആ തത്വത്തെ പ്രപഞ്ചത്തിന്റെ മൂലപ്രമാണമായി നാം അറിയുമ്പോൾ പ്രപഞ്ചത്തിന്റെ സംഭവങ്ങളുടെ കാര്യകാരണസംബന്ധത്തെ നാം ഗ്രഹിക്കുന്നതായിവരും. നമ്മുടെ മനസ്സിനെ ആ തത്വത്തെ വിശദീകരിക്കുന്നതിനും ഗ്രഹിക്കുന്നതിനും പ്രേരിപ്പിക്കുമ്പോൾ ആ തത്വങ്ങൾ നമ്മുടെ മനസ്സിന്റെ എന്തു തൃഷ്ണയേയും എന്തു വികാസത്തേയും തൃപ്തിപ്പെടുത്തുന്നതായി കാണപ്പെടും. ആ മഹത്ത്വത്തെയാണ് ദൈവം എന്ന സംജ്ഞകൊണ്ടു വ്യക്തമാക്കുവാൻ ഉദ്ദേശിക്കുന്നതു്."

## കാരാട്ടു് അച്യുതമേനോൻ (1042—1088)

### ചരിത്രം

പാലക്കാട്ടു താലൂക്കിൽ എലപ്പുള്ളി അംശത്തിൽ കാരാട്ടു് എന്ന ഭവനത്തിൽ അച്യുതമേനോൻ 1042-ാമാണ്ടു വൃശ്ചികമാസം രേവതി നക്ഷത്രത്തിൽ ജനിച്ചു. കാരാട്ടു കൊച്ചി ചിറ്റൂർ താലൂക്കിൽ പ്രസിദ്ധജന്മിയായ പട്ടഞ്ചേരി നായർത്തറവാട്ടിലെ ഒരു ശാഖയാകുന്നു, അച്യുതമേനോന്റെ പിതാവു വിദ്വാനും പ്രഭുവുമായ എക്കണത്തു ശങ്കുണ്ണി വലിയകയ്മളും മാതാവു ലക്ഷ്മിയമ്മയുമായിരുന്നു. ആ ബാലന്റെ താമസം എക്കണത്തു് അച്ഛന്റെകൂടെയായിരുന്നതിനാൽ അന്നു സാമാന്യംപോലെ സംസ്കൃതം പഠിക്കുന്നതിനിടകിട്ടി. പിതാവിന്റെ മരണാനന്തരം ജ്യേഷ്ഠൻ ദാമോദരമേനോന്റെ സംരക്ഷണയിൽ വളർന്നു. ദാമോദരമേനോൻ കൊച്ചി ഹൈക്കോർട്ടിൽ ഒരു നല്ല വക്കീലായിരുന്നു. കേരളവിദ്യാശാലയിൽനിന്ന് എഫ്. ഏ. യും മദിരാശിയിൽ നിന്ന് സംസ്കൃതം ഐച്ഛികഭാഷയായി സ്വീകരിച്ചു ബി. ഏ. യും പിന്നീടു ബി. എല്ലും പരീക്ഷകൾ ജയിച്ചു. 1074-ാമാണ്ടിടയ്ക്കാണ് ബി. എൽ. പാസ്സായതു്. 1086 വരെ തൃശ്ശൂരും എറണാകുളത്തുമായി വക്കീൽപ്പണി നോക്കി. ആ പണിയിൽ ശോഭിച്ചില്ല. ആ കാലത്തിനിടയ്ക്കു് തമിഴ്ഭാഷയും വേദാന്തവും ജ്യോതിഷവും കൂടി അഭ്യസിച്ചു. ജ്യോതിശ്ശാസ്ത്രത്തിന്റെ ഫലഭാഗത്തിൽ അത്യന്തം നിപുണനായിരുന്നു. ഒരു ഗ്രന്ഥകാരനാകണമെന്ന് ആഗ്രഹമില്ലാതിരുന്നതിനാൽ വളരെനാൾ ഒന്നും എഴുതാതെ കഴിച്ചുകൂട്ടി. 1080-ൽ രചിച്ച അമ്മായിപ്പഞ്ചതന്ത്രമാണ് ഒന്നാമത്തെ കൃതി. 1087-ൽ ക്ഷയരോഗത്താൽ ബാധിതനായി മദിരാശിയിൽ താമസിച്ചുകൊണ്ടിരുന്ന അവസരത്തിൽ വിരുതൻശങ്കു എന്ന നോവൽ എഴുതുവാൻ ആരംഭിച്ചു. മുഴുവനെഴുതി ഭാര്യാഗൃഹമായ പട്ടഞ്ചേരിയിൽ വച്ചിരുന്നു. മങ്ഗളോദയം അച്ചുക്കൂടത്തിൽ അച്ചടിക്കുവാൻ

കൊടുത്തിരുന്ന ആദ്യത്തെ ഏഴദ്ധ്യായങ്ങൾമാത്രം മടക്കിക്കിട്ടി. ബാക്കി ചിതൽ തിന്നുപോയിരുന്നതിനാൽ വീണ്ടും എഴുതേണ്ടിവന്നു. ആ രോഗസ്ഥിതിയിൽ അതും ഒരു ദുസ്സഹമായ ക്ലേശകാരണമായാണ് പരിണമിച്ചതു്. അന്നു ഭാര്യ മരിച്ചുകഴിഞ്ഞിരുന്നു. മകളാണ് പട്ടഞ്ചേരിയിൽ താമസിച്ചുവന്നതു്. 1088-ാമാണ്ടുകർക്കടകമാസം 19-ാംനു പരലോകപ്രാപ്തനായി. വിരുതൻശങ്കുവിന് അവതാരിക എഴുതിയ സി. എസ്. ഗോപാലപ്പണിക്കർ അദ്ദേഹത്തിന്റെ പ്രേഷ്യസുഹൃത്തായിരുന്നു. രസികരഞ്ജിനിയിൽ അമ്മായിപ്പഞ്ചതന്ത്രവും, നായന്മാരോട്ട് ഒരുവാക്കു്, ഉറുമ്പു മുതലായ ഉപന്യാസങ്ങളും എഴുതിച്ചതു പണിക്കരായിരുന്നുവെന്ന് ഊഹിക്കുവാൻ ന്യായമുണ്ടു്. വേറേയും 1082-ൽ തൃശ്ശൂർനിന്ന് പ്രസിദ്ധപ്പെടുത്തിയ രാമാനുജൻ മാസികയിൽ കാണാവുന്ന എഴുത്തുപള്ളിക്കു പുറമേ സംഭാഷണം, സ്ത്രീധർമ്മം, രാമക്കുറുപ്പിന്റെ തീരാത്ത ശങ്ക, ഒരു കഥ എന്നിങ്ങനെ ചില ഉപന്യാസങ്ങൾകൂടി അദ്ദേഹത്തിന്റെ കൃതികളായുണ്ടു്. അമ്മായിപ്പഞ്ചതന്ത്രവും വിരുതൻശങ്കുവുമല്ലാതെ അദ്ദേഹം പുസ്തകരൂപത്തിൽ ഒന്നും പ്രസിദ്ധീകരിച്ചിട്ടില്ല. ഏകയോഗക്ഷേമമായി കഴിഞ്ഞുവന്ന മരുമക്കത്തായത്തറവാടുകളിലെ അന്നത്തെ അപകൃഷ്ടസ്ഥിതിയേയും അതിനുള്ള കാരണങ്ങളേയും അവയെ നിവാരണംചെയ്യാനുള്ള മാർഗ്ഗങ്ങളേയും ഗ്രന്ഥകാരൻ പ്രസ്തുതകൃതികളിൽ സൂക്ഷ്മമായി നിർദ്ദേശിക്കുന്നു. പഞ്ചതന്ത്രം ആപാദചൂഡം ഫലിതമയമാണ് എന്നൊരു വിശേഷമുണ്ടു്. ഇതാ ഒരു ഉദാഹരണം.

### അമ്മായിപ്പഞ്ചതന്ത്രം

'അമ്മായിയമ്മയെ കല്ലിന്മേൽ വച്ചിട്ടു നല്ലോരു കല്ലോണ്ടു നാരായണ,' എന്റെ തറവാട്ടിൽ കുട്ടിതൊട്ടു കമ്പിട്ടുനടക്കുന്ന മുതുമുത്തശ്ശിവരെ നിരന്തരഗാനം ചെയ്തുവരുന്ന സാമവചനമാണ് മേൽ കൊടുത്തിട്ടുള്ളതു്. വാക്കുകളുടെ വക്കും മുക്കും മാത്രം പറഞ്ഞു പ്രലപിക്കുന്ന പച്ചക്കുട്ടികളുംകൂടി സ്വരപ്പിഴവരാതെ പാടിക്കൊണ്ടു നടക്കത്തക്കവണ്ണം സർട്ടിഫിക്കറ്റു സമ്പാദിച്ച അമ്മായിയമ്മ ഏതാണെന്ന സംശയം തീരാത്തവർ അനവധിയുണ്ടു്. എന്റെ തറവാട്ടു കുട്ടിച്ചോറായതു മരുമക്കത്തായത്തിനു സ്വതസിദ്ധമായ കേടുകൊണ്ടാണെന്ന് അച്ചിക്കൊതിയന്മാരായ ചിലരും അമ്മാവനും പറയുന്നുണ്ടു്. 'സഖ്യവും വിവാഹവും വ്യവഹാരവും തനിക്കൊക്കമൊട്ടാഭിജാത്യമുള്ളവരോടു വേണം' എന്നു പറഞ്ഞു് എന്റെ വിട്ടിലെ കുട്ടികളുടെ നേരെ കടക്കണ്ണെറിയുന്നവരും ഇല്ലെന്നില്ല. അനന്തിരവന്മാരെ ആശാരിക്കോല്ക്ക് അഞ്ചുകോൽ ദൂരത്തു നിർത്തി കരിമുഖം മാത്രം കാണിക്കുന്നതു കൊണ്ടാണെന്ന് അനന്തിരവന്മാർ മിക്കവരും പറയുന്നുണ്ടു്. 'പള്ളിയിലെ കാര്യം അള്ളാവിനറിയാം' എന്നു പറയുന്ന കൂട്ടത്തിൽ എന്റെ തറവാട്ടിൽ ഭദ്രം വീഴാനുള്ള കാരണം അമ്മായിപ്പഞ്ചതന്ത്രത്തിന്റേയും തലേണമന്ത്രത്തിന്റേയും ഉള്ളിൽ ലയിച്ചിരിക്കുന്നതാണെന്ന് എനിക്കും അമ്മായിയമ്മയ്ക്കും മാത്രമേ അറിയാവൂ. അഞ്ചു തന്ത്രങ്ങളുടേയും പേരടങ്ങിയ ഒരു ശ്ലോകം താഴെച്ചേർക്കുന്നു.

> മയക്കും മറിമായഞ്ച മോഷണം നാരദക്രിയാ
> അഞ്ചാം പുരയ്ക്കസ്ത്രീവാരമഞ്ചുണ്ടിങ്ങനെ തന്ത്രവും."

### വിരുതൻ ശങ്കു

കഥാനായകനായ പൂത്തുമകത്തു തറവാട്ടിലെ വിക്രമനുണ്ണിയ്ക്കു മരുമക്കത്തായത്തറവാടുകളിൽ പ്രായേണ കണ്ടുവന്നിരുന്ന അന്തശ്ഛിദ്രം നിമിത്തം വീടു വിട്ടുപോകേണ്ടിവരികയും ചില കൊള്ളക്കാരുമായി കൂട്ടുകെട്ടിൽ ഏർപ്പെടുകയും അവരുടെ

തലവനെന്ന നിലയിൽ പല അക്രമങ്ങൾ പ്രവർത്തിക്കുകയും ചെയ്യുന്നു. അങ്ങനെ സംഭവിച്ചതു് "ഈ സംസാരസമുദ്രത്തിൽ കിടക്കുമ്പോൾ എത്ര ധീരനായാലും ചിലപ്പോൾ മനുഷ്യനു് ഒഴിവാക്കുവാൻ സാധിക്കാതെ വരുന്നപോലെയുള്ള ചില ബന്ധങ്ങളിൽനിന്നു ജനിക്കുന്ന കഷ്ടകാലങ്ങളുടെ കർക്കശതനിമിത്തമാണെന്നും, താൻ അതിൽനിന്നു് ഒഴിയുവാൻതക്ക നിലയിൽ എത്തിയപ്പോൾ ആ വക ദുഷ്ടന്മാരെ സന്മാർഗ്ഗത്തിലേക്കു വീണ്ടെടുക്കുകയും താൻ ചെയ്യേണ്ടിവന്ന നിസ്സാരങ്ങളും പരിഹാര്യങ്ങളും ആയ ഹീനകൃത്യങ്ങൾക്കു മതിയായ വിധത്തിൽ പരിഹാരങ്ങൾ ചെയ്കയും ചെയ്കതിനാൽ മുൻചെയ്ത പ്രവൃത്തികളുടെ മാലിന്യത്തിനു നിവൃത്തിയുണ്ടായി" എന്നുമാകുന്നു പ്രസ്തുതകഥയിലെ തത്ത്വോപദേശമെന്നു സി. എസ്. ഗോപാലപ്പണിക്കർ പറയുന്നു. അതുമാത്രമാണു് ഗ്രന്ഥകാരന്റെ വിവക്ഷ എന്നു തോന്നുന്നില്ല. ഒരു കാര്യം പരമാർത്ഥമാണ്. ശങ്കു മൂന്നു ദിവസംകൊണ്ടു ചെയ്ത ദുഷ്പ്രവൃത്തികൾ ആരേയും അത്ഭുതപരതന്ത്രരാക്കുകതന്നെ ചെയ്യും. ദുഷ്ടസംഘവുമായി ചേർന്നപ്പോളാണു് വിരുതൻശങ്കു എന്നു പേരു നേടിയതു്. ചില വാക്യങ്ങൾ പ്രദർശിപ്പിക്കാം.

"ആ ദിവസം നമ്പൂരിക്കു നേരംപോകാതെ ഒരു നേരമ്പോക്കുണ്ടായി. നേരം പോകാതെയായപ്പോൾ ആദിത്യനു വിഗതിയാണെന്നു വിചാരിച്ചു ഗണിതം പഠിക്കുന്ന കുട്ടികളോടു് ആ മാസത്തിൽ ആദിത്യന്റെ വിഗതി എത്രയാണെന്നു ചോദിച്ചു. ആദിത്യനു വിഗതിയില്ലെന്നു കുട്ടികൾ പറഞ്ഞപ്പോൾ ആശാൻ പഠിപ്പിക്കായ്കയാണെന്നു തീർച്ചപ്പെടുത്തി ആശാനേയും കുട്ടികളേയും ശകാരിച്ചു. സന്ധ്യാവന്ദനം ചെയ്തു സന്ധയെ വരുത്തി. വിളക്കു കൊളുത്തി പകലിനെ രാത്രീകരിച്ചു."

പൊതുവേ അദ്ദേഹത്തിന്റെ ഉപന്യാസങ്ങൾക്കും ഒരു ആകർഷകതയുണ്ടു്. അടിയിൽ ചേർക്കുന്ന വാക്യങ്ങൾ നായന്മാരോടു ഒരു വാക്കു് എന്ന ഉപന്യാസത്തിൽനിന്നു് എടുത്തിട്ടുള്ളതാണ്.

"ഉദരപൂരണത്തിനുംകൂടി വകയില്ലാതെ ആരാനും തന്നാൽ ഭക്ഷിയ്ക്കാം അല്ലെങ്കിൽ പട്ടിണി കിടക്കാം എന്നു വിചാരിച്ചു തെണ്ടി നടക്കുന്ന ദൃഢഗാത്രന്മാർ സർവ്വനിന്ദ്യന്മാരും ജനക്ഷേമത്തിനു് ആധിയുമാണെന്നുള്ളതിനു രണ്ടഭിപ്രായമില്ല. ഇങ്ങനെ ഭിക്ഷതെണ്ടി നടക്കുന്നവർ നായർസമൂഹത്തിൽ മുൻകാലത്തുണ്ടായിരുന്നില്ലെന്നുള്ളതു് നായർ ജാതിക്കു മുഴുവൻ അഭിമാനാസ്പദമായിരുന്നു. ഇക്കാലത്തു യാചകവൃത്തിയുടെ പ്രഥമപാദമായ സഹായക്കുറി, കെട്ടുകല്യാണവരി, പുരകെട്ടുവരി മുതലായതും തല്ക്കാലം ചുറ്റിപ്പോയതായി വ്യാജം പറഞ്ഞു് ഊണിന്നിരക്കലും ദിവസംപ്രതി വർദ്ധിച്ചുവരുന്നതും നഗരവാസികൾക്കു നിത്യാനുഭവമാണല്ലോ. ഇതിനുള്ള ഹേതുവും നിവൃത്തിയും നായർ സമൂഹത്തിൽത്തന്നെയാണ്."

# 63

# ചെറുകഥാപ്രസ്ഥാനം

## അമ്പാടി നാരായണപ്പുതുവാൾ (1046—1111)

### ഭാഷാചെറുകഥകൾ

മലയാളത്തിലെ അതിപ്രമുഖന്മാരായ ചെറുകഥാകർത്താക്കന്മാരിൽ ഒരാളായിരുന്നു അമ്പാടിനാരായണപ്പുതുവാൾ. നതേനിയൽ ഹാതോർൺ (1804—1864) (Nathaniel Hawthorne) എന്ന അമേരിക്കൻ ഗ്രന്ഥകാരനെയാണ് ഇംഗ്ലീഷിൽ പ്രസിദ്ധീകരിച്ചിട്ടുള്ള ചെറുകഥകളുടെ ഉപജ്ഞാതാവായി ഗണിക്കേണ്ടതു്. എഡ്ഗാർ ആലൻ പോ (Edgar Allan Poe) എന്ന അമേരിക്കൻ കാഥികനും (1809-1849) ചെറുകഥയെഴുത്തുകാരുടെ കൂട്ടത്തിൽ ഒരു മാന്യസ്ഥാനത്തിന് അവകാശിയാണ്. സംഭവവികാസത്തിൽമാത്രം ഭത്തദൃഷ്ടികളായ ഗയോവാനി ബൊക്കാച്ചിയോ (Giovanni Boccaccio) (1313—1375) മുതലായ പ്രാചീനന്മാരെ ഇവിടെ സ്മരിക്കേണ്ട ആവശ്യമില്ല, അദ്ദേഹത്തിന്റെ ഡെക്കാമെരൺ പ്രായേണ അസഭ്യശൃങ്ഗാരം കൊണ്ടു മലിനമാണ്. റഷ്യയിലെ ആന്റോണേ ചെക്കോവും (Antone Chekhov) ഫ്രാൻസിലെ ഗൈ ഡി മൗപ്പസാങ്ങും (Guy De Maupassant) ഈ പ്രസ്ഥാനത്തിന്റെ ഉത്തുംഗസൗധങ്ങളിൽ വിഹരിക്കുന്ന രണ്ടു് ഉജ്ജ്വലതാരങ്ങളാകുന്നു. പുതുവാളെപ്പറ്റി പരാമർശിക്കുന്നതിനു മുമ്പായി ചെറുകഥകളെപ്പറ്റി അല്പം ഉപന്യസിയ്ക്കാം. ചെറുകഥ എത്ര പൊലിപ്പിച്ചാലും നോവലാകയില്ല; നോവൽ എത്ര ചുരുക്കിയാലും ചെറുകഥയുമാകയില്ല. ഈ രണ്ടു സാഹിത്യസരണികൾക്കും തമ്മിൽ പല പ്രകാരത്തിൽ അന്തരമുണ്ടു്. ഇവയുടെ ആഗമനം പാശ്ചാത്യരാജ്യങ്ങളിൽനിന്നാണ്. ചെറുകഥാപ്രസ്ഥാനത്തിന്റെ അരുണോദയകാലത്തു നമുക്ക് പല അനുഗൃഹീതന്മാരായ വാണീവല്ലഭന്മാരെ നിരീക്ഷിയ്ക്കുവാൻ കഴിയും. 1 വേങ്ങയിൽ കുഞ്ഞിരാമൻനായനാർ, 2 ഒടുവിൽ കുഞ്ഞിക്കൃഷ്ണമേനോൻ, 3 അമ്പാടി നാരായണപ്പുതുവാൾ, 4 എം. ആർ. കെ. സി., 5 എം. രാമുണ്ണിനായർ, 6 ഈ. വി. കൃഷ്ണപിള്ള, 7 കെ. സുകുമാരൻ. ഇവരിൽ സുകുമാരൻ മാത്രമേ ഇന്നു നമ്മോടുകൂടിയുള്ളു. മറ്റു ഗ്രന്ഥകാരന്മാരെക്കുറിച്ചു് ഉപരിപ്രസ്താവിക്കും.

ചെറുകഥയിൽ ഒരു സംഭവമേ കേന്ദ്രീകരിക്കാവൂ. അതു് ഋജുവും ഹ്രസ്വവുമായിരിക്കുകയും വേണം. ഉപകഥകൾക്ക് അവിടെയെങ്ങും സ്ഥാനമേയില്ല. ചെറുകഥാകാരന്റെ ഹൃദയം വികാരോഷ്മളമായിരിക്കണം. അതേസമയത്തിൽ അദ്ദേഹത്തിന് ആത്മസംയമനം വേണം. ആ മാനദണ്ഡംവച്ചു നോക്കുമ്പോൾ, കുറേക്കൂടി കേ

ന്ദ്രീകരണവും ആത്മനിയന്ത്രണവുമുണ്ടായാൽ ചെറുകഥ ഒരു ഭാവകാവ്യമായിപ്പരിണമിക്കുന്നതാണ്. പത്തുപേരെക്കൊണ്ടു നോവൽ എഴുതുവാൻ സാധിക്കും. അവരിൽ ഒരാൾക്കുപോലും നല്ല ചെറുകഥ എഴുതുവാൻ പ്രയാസമുണ്ട്. താൻ ചിത്രണം ചെയ്യുന്ന വിഷയവുമായി ഒരു ചെറുകഥാകാരനു പ്രത്യക്ഷവും സ്നേഹപൂർവ്വവുമായ ഹൃദയസമ്പർക്കമുണ്ടായിരിക്കണം. സംഭവപരം, സ്വഭാവവർണ്ണനപരം, വസ്തുസ്ഥിതിവിവരണപരം എന്നു ചെറുകഥകളെ വിഷയമനുസരിച്ചു മൂന്നു തരമായി വിഭജിക്കാം. അപസർപ്പകകഥകൾ സംഭവപരങ്ങൾതന്നെ. ചില പ്രധാന കഥാംശങ്ങളെ ഗ്രഹനം ചെയ്യേണ്ടതുണ്ട്. അതു വായനക്കാരുടെ ജിജ്ഞാസയെ ഉദ്ദീപിപ്പിക്കുന്നതിനായിരിക്കണം. തന്റെ കണ്ണിൽ കണ്ടതിന്റെയും ഹൃദയത്തിൽ പതിഞ്ഞതിന്റെയും സാരാംശം മാത്രമേ ചെറുകഥാകാരൻ സ്വീകരിക്കാവൂ. അയാളുടെ ചിത്രപടം അത്രയ്ക്കു പരിമിതമാണല്ലോ. അനുവാചകൻ ഗ്രന്ഥകാരനെയും തന്നെയും മറന്നു ഗ്രന്ഥത്തെ ആസ്വദിക്കണമെങ്കിൽ അതല്ലാതെ മാർഗ്ഗമില്ല. അതനുസരിച്ചു സംഭാഷണത്തിനു ഗതിവേഗവും സ്തോഭജനകത്വവും സരസത്വവും ഉണ്ടായിരിക്കണം. തലക്കെട്ടിന്റെ കാര്യത്തിൽ നിപുണമായി ശ്രദ്ധ പതിപ്പിക്കേണ്ടതുണ്ട്. അത് ഇതിവൃത്തത്തിന്റെ സൂചനമാത്രമേ ആകാവൂ; ഒരു കാലത്തു ചെറുകഥകളുടെ പ്രയോജനം സന്മാർഗ്ഗോപദേശമാണെന്ന് അവയുടെ പ്രണേതാക്കൾ വിശ്വസിച്ചിരുന്നു. ആ വിശ്വാസം ഇപ്പോളില്ല. ഇന്നു പാശ്ചാത്യരാജ്യങ്ങളിൽ ഏതു വിഷയവും ആ പ്രസ്ഥാനത്തിൽപ്പെടുന്നുണ്ട്. എല്ലാത്തരത്തിലുള്ള വികാരങ്ങളേയും അതിനു പ്രതിപാദിക്കുവാൻ അധികാരമുണ്ട്. കല്പനാവൈഭവത്തിലാണ് ആധുനികന്മാരായ ചെറുകഥാകൃത്തുകൾ അവരുടെ പൂർവ്വഗാമികളിൽ നിന്നു വളരെ ഉയർന്നുനില്ക്കുന്നത്. ഇങ്ങനെ ചിലതെല്ലാം ഈ വിഷയത്തെപ്പറ്റി കുറിച്ചുവെന്നേയുള്ളു. ഇതു ഞാൻ ചെയ്തതു നാരായണപ്പുതുവാൾ തന്നെ ചെറുകഥാപ്രസ്ഥാനം എന്ന പേരിൽ അദ്ദേഹത്തിന്റെ അനുഭവത്തെ ആസ്പദമാക്കി ഒരു ഉപന്യാസമെഴുതീട്ടുള്ളതുകൊണ്ടും ഭാഷയിൽ മറ്റേതു പ്രസ്ഥാനത്തെയുംകാൾ ഇന്നു ചെറുകഥ വളർന്നുവരുന്നതുകൊണ്ടുമാണ്.

## ചരിത്രം

പുതുവാൾ തൃശ്ശിവപേരൂരിലുള്ള സുപ്രസിദ്ധമായ അമ്പാടി എന്ന ഭവനത്തിൽ 1046-ാമാണ്ട് ഇടവമാസം ഉത്രാടം നക്ഷത്രത്തിൽ ജനിച്ചു. പിതാവു വക്കീൽ ശേഷയ്യരും മാതാവു പാപ്പി എന്നു വിളിച്ചുവന്ന പാർവ്വതിപ്പുതുവാൾസ്യാരുമായിരുന്നു. അക്കാലത്തു തറവാട്ടിലെ കാരണവസ്ഥാനം വഹിച്ചിരുന്ന സരസകവി കുഞ്ഞിക്കൃഷ്ണപ്പുതുവാളെപ്പറ്റി വായനക്കാർക്കറിവുള്ളതാണല്ലോ. തൃശ്ശൂർ ഹിന്ദുഹൈസ്കൂളിൽച്ചേർന്നു മട്രിക്കുലേഷൻപരീക്ഷ ജയിച്ചു. പിന്നീട് എറണാകുളം കോളേജിൽ ഒരു വിദ്യാർത്ഥിയായി ഇന്റർമീഡിയേറ്റ്ക്ലാസ്സിൽ പഠിക്കുമ്പോൾത്തന്നെ സർക്കാർ സർവ്വീസിൽ പ്രവേശിച്ചു. ദീർഘകാലത്തെ ഗവർമ്മെന്റു സേവനത്തിനുശേഷം 1101-ാമാണ്ടു സബ്‌രജിസ്ത്രാരുദ്യോഗത്തിൽ ഇരിക്കവേ പെൻഷൻവാങ്ങി പിരിഞ്ഞു. തൃശ്ശൂരിൽ പെരിങ്ങാവ് എന്ന സ്ഥലത്തു വെച്ചു 1111-ാമാണ്ടു മിഥുനമാസം 32-ാനു കാലധർമ്മം പ്രാപിച്ചു. മുണ്ടല്ലൂർ അടമ്പുകളത്തു അമ്മാളുഅമ്മയായിരുന്നു പത്നി. ആ സാധ്വി മരിച്ചതിനുമേൽ ചെറുവത്തു വടക്കാഞ്ചേരി അമ്മുഅമ്മ എന്ന നാരായണിയമ്മയെ പരിഗ്രഹിച്ചു. അവർ രണ്ടുപേരും നായർ സ്ത്രീകളായിരുന്നു.

## സാഹിത്യപരിശ്രമം—കവിത

പുതുവാൾ സാഹിത്യസേവനം ആരംഭിച്ചത് ഒരു കവിയുടെ നിലയിലാണ്. വിദ്യാവിനോദിനിയിലായിരുന്നു അദ്ദേഹത്തിന്റെ ആദ്യത്തെ രങ്ഗപ്രവേശം. ഒടുവിൽ ക

LINKS TO CHAPTERS TOC 57 58 59 60 61 62 63 64

ഞ്ഞിക്കൃഷ്ണമേനോൻ കവിമൃഗാവലി എന്നൊരു കവിത അതിൽ പ്രസിദ്ധപ്പെടുത്തി. “മന്നാടിയാർ മദനമഞ്ജരി! മത്തദന്തി” എന്ന ചാത്തുക്കുട്ടിമന്നാടിയാരെ അതിൽ പുകഴ്ത്തിയപ്പോൾ സി. പി. കക്ഷിക്ക് അതു രസിച്ചില്ല. ഒടുവിന് ഒരു മറുപടിയായിരുന്നു പുതുവാളിന്റെ കവിത. അതിലെ

> “മന്നാടിയാർ മദനമഞ്ജരി! മത്തദന്തി–
> യെന്നാണു നിങ്ങൾ പറയുന്നതതത്ര വേണ്ട;
> ഭേഷാണിതെൻ മതമഹോ! ബത! ലബ്ധവർണ്ണൻ
> ഭാഷാന്തരത്തിൽ വിരുതേറുമൊരാന്തയാവാം.”

എന്ന ശ്ലോകം മന്നാടിയാരെ വളരെ ക്ഷോഭിപ്പിച്ചു. “തങ്കന്നവങ്കനൊടുവിൽക്കഴുതപ്രമാണം” എന്ന് ഒടുവിനെക്കുറിച്ചും പരിഹാസമുണ്ടായിരുന്നു. അതു കഴിഞ്ഞ് ഒരിയ്ക്കൽ മന്നാടിയാർ പുതുവാളെ കണ്ടപ്പോൾ “പുതുവാൾക്കു കവിതയുണ്ടോ? വിനോദിനിയിൽ പ്രസിദ്ധപ്പെടുത്തിയിരുന്ന കവിതകൾ പുതുവാളുടേതാണോ?” എന്നു കോപത്തോടുകൂടി ചോദിക്കുകയും, അതിനു പുതുവാൾ “വിനോദിനിയിൽ ചിലപദ്യങ്ങൾ ഞാൻ പ്രസിദ്ധം ചെയ്തിട്ടുണ്ട്. എനിയ്ക്കു കവിതയുണ്ടോ എന്നറിഞ്ഞുകൂടാ” എന്നു ശാന്തമായി മറുപടി പറയുകയും ചെയ്തു. “എനിയ്ക്കും പേനയെടുക്കാൻ അറിയുമെന്നു കുഞ്ഞിക്കുട്ടൻതമ്പുരാനോടു പറഞ്ഞേയ്ക്കൂ” എന്നു മന്നാടിയാർ വീണ്ടും സ്വരം മൂപ്പിച്ചു സംഭാഷണം തുടർന്നു. സി. പി. യ്ക്കു വേണ്ടി കുഞ്ഞിക്കുട്ടനുണ്ടാക്കിയ കവിതയാണെന്നുള്ള തെറ്റിദ്ധാരണയിലാണ് അങ്ങനെ പറഞ്ഞത്. കുഞ്ഞിക്കുട്ടന്റെ കവിത പുതുവാളിന്റേതിൽനിന്നു തരം തിരിയ്ക്കുവാൻ കഴിയാതെപോയതു തൽക്കാലത്തെ ശ്രുണ്ഠിനിമിത്തമായിരുന്നിരിക്കണം. അപ്പോൾ കൂടെയുണ്ടായിരുന്ന അമ്മാമൻ വക്കീൽ കൃഷ്ണപ്പുതുവാൾ “കുട്ടൻ എന്തിനാണ് വേണ്ടാത്ത പ്രവൃത്തിയ്ക്കു പോയി മറ്റുള്ളവരുടെ മുഷിച്ചിൽ സമ്പാദിക്കുന്നത്? കവിതയെഴുതി പേരെടുക്കുവാനൊന്നും ശ്രമിക്കേണ്ട” എന്നുപദേശിച്ചു. പിന്നെ പദ്യം എഴുതീട്ടുണ്ടോ എന്നു സംശയമാണ്.

## ഗദ്യം

അനന്തരം പുതുവാൾ വികസിച്ചത് ഒരു ചെറുകഥാകാരനായാണ്. 1111-ൽ എഴുതിയ ഒരു ഉപന്യാസത്തിൽ അദ്ദേഹം പറയുന്നത് “ഏകദേശം ഒരു നാലു പന്തീരാണ്ടുമുമ്പു മുതല്ക്കുതന്നെ എനിയ്ക്ക് ഒരു ചെറുകഥാകാരനാകുവാനുള്ള മോഹം തുടങ്ങീട്ടുണ്ട്. ആ മോഹം സാധിക്കുവാൻ ഇപ്പോഴും ഞാൻ ഉത്സാഹിച്ചുവരുന്നതുമുണ്ട്” എന്നാണ്.

## കൃതികൾ

പുതുവാൾ തന്റെ ചെറുകഥകൾ സമാഹരിച്ചു മൂന്ന് ഭാഗങ്ങളിലായി കഥാസൗധം എന്ന പേരിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്”. അതു കൂടാതെ മോചനം എന്നൊരു നാടകവും, കേരളപുത്രൻ എന്നൊരു നോവലുംകൂടി അദ്ദേഹത്തിന്റെ പുസ്തകങ്ങളുടെ കൂട്ടത്തിൽ ഉൾപ്പെടുന്നു. മുൻപു സൂചിപ്പിച്ച ഉപന്യാസത്തിലെ നിയമങ്ങളിൽ ചിലതൊന്നും അദ്ദേഹം പരിപാലിച്ചിട്ടില്ല. ഒട്ടനേകം കഥകൾ കേരളത്തിന്റെ പുരാതനങ്ങളായ ഐതിഹ്യങ്ങളെ ആസ്പദമാക്കി രചിച്ചിട്ടുള്ളവയാണ്. രസികരഞ്ജിനിയുടെ കാലത്ത് അപ്പൻതമ്പുരാന്റെ വടക്കേമാളികയിലെ സദസ്സിൽ അദ്ദേഹത്തിനും അഭ്യർഹിതമായ ഒരു സ്ഥാനമുണ്ടായിരുന്നു. ലേഖനങ്ങൾ തിരഞ്ഞെടുക്കുന്നതിൽ

അദ്ദേഹത്തിന്റെ അരോചകിത്വം സുപ്രസിദ്ധമാണ്. അക്കാലത്ത് അപ്പൻതമ്പുരാനും ഒരുചരിത്രപണ്ഡിതനും നോവലെഴുത്തുകാരനും ആയിരുന്നുവല്ലോ. വിഷയസ്വീകരണത്തിലും ഗദ്യശൈലിയിലും അവർക്കു വളരെ സാജാത്യമുണ്ടായിരുന്നു. വിഷയത്തിൽ യോജിച്ച പ്രാചീനഭാഷാശബ്ദകോശം അവർക്ക് ഒരുപോലെ അധീനമായിരുന്നു എന്നുകൂടി പ്രകൃതത്തിൽ സ്മരിക്കേണ്ടതുണ്ട്. അമ്പാടിക്കു ഫലിതമുണ്ട്; തമ്പുരാൻ്അതില്ല. എങ്കിലും തമ്പുരാന്റെ ഉപന്യാസരചനയ്ക്കുവേണ്ട ശാസ്ത്രപാണ്ഡിത്യവും ഗംഭീരശൈലിയും പുതുവാളിന് അപ്രാപ്യമായിരുന്നു. പുതുവാളിന്റെ പ്രധാനദോഷം പ്രാസഭ്രമമാണ്. അതു തലക്കെട്ടുകളേയും ബാധിക്കുന്നു. കഥാസൗധം മൂന്നാം ഭാഗത്തിൽ അന്തർജ്ജനത്തിന്റെ തന്ത്രം, കൊച്ചപ്പന്റെ കോച്ചൽ, വളകൊണ്ടവനിത, ആദരിച്ച പാതിര, ഇങ്ങനെയാണ് അതിലെ ചില കഥകളുടെ നാമധേയം. പുതുവാൾ ഒരു പേരുകേട്ട പരിഹാസവിദഗ്ധനായിരുന്നു എന്ന് ആവർത്തിച്ചു പറയേണ്ടതില്ല. ഒരു ചെറുകഥാകാരന് അതിൽ അത്ര വലിയ പ്രാഗല്ഭ്യം ആവശ്യമില്ലെന്നാണ് അഭിജ്ഞമതം. ഇതൊക്കെ എങ്ങനെയിരുന്നാലും അദ്ദേഹത്തിന്റെ ചെറുകഥകൾക്കുള്ള ആസ്വാദ്യത അന്യാദൃശമാണ്. ഉളി പിടിച്ച കയ്യ്, കൈമ്മളശ്ശന്റെ കല്യാണം, കണ്ടപ്പന്റെ കൊണ്ടാട്ടം മുതലായ കഥകൾ ചിരഞ്ജീവികളാണ്. കഥാഗുംഫനത്തിൽ അദ്ദേഹത്തിന് അപൂർവ്വമായേ നോട്ടക്കുറവു പറ്റീട്ടുള്ളൂ. ശൃംഗാര പ്രധാനങ്ങളായിരുന്ന ഒടുവിന്റെ കഥകളിൽനിന്നു പുതുവാളിന്റെ കഥകൾ വിഷയഗ്രഹണത്തിലും പരിണാമഗുപ്തിയിലും മറ്റും ഒട്ടുവളരെ ഉയർന്നിട്ടുണ്ട്. അദ്ദേഹത്തിന്റെ സംഭാഷണചാതുര്യവും, പരിഹാസപാടവവും ഏതാനും വാക്യങ്ങൾ ഉദ്ധരിച്ചു പ്രദർശിപ്പിക്കാം.

“അമ്മാമൻ: എടാ, കൊശവാ! കണ്ണിക്കണ്ട ദിക്കിലെല്ലാം കേറിച്ചെന്നു ദണ്ഡം പിടിപ്പിച്ചതിനു ഞാനാടാ ഉത്തരവാദി?

ഞാൻ കാര്യം മനസ്സിലാകാതെ മിഴിച്ചുനില്ക്കുമ്പോൾ ‘നടക്കു കുളത്തിലേക്ക്’ എന്നു കേട്ട് അവരോടുകൂടി കുളത്തിലേക്കുതന്നെ മടങ്ങിപ്പോന്നു.

അമ്മാ: എട! തെണ്ടി! ഈ ദീനം വച്ചുകൊണ്ട് എവിടേക്കെടാ തെണ്ടാൻ പോയിരുന്നത്? പറ.

ഞാൻ: എനിക്കൊന്നുമില്ല; ഞാൻ തെണ്ടാനുമല്ല പോയത്.

അപ്പോത്തിക്കിരി: എന്നാൽ പിന്നെ നിങ്ങൾ ഐഡ ഫോറം വാങ്ങിച്ചതെന്തിനാ? നിങ്ങളെ ഇപ്പോഴും ആ മരുന്നുനാറുന്നുണ്ടല്ലോ.

പൊടി കൊണ്ടുവന്നതു വേറേ ആവശ്യത്തിനാണെന്നു പറവാൻ ഇടകിട്ടുന്നതിനു മുൻപ് ‘ദീനമില്ലെടാ? എന്നാൽഞാനുണ്ടാക്കാം’ എന്നു പറഞ്ഞ് അമ്മാമൻ ഏറക്കാലിൽ നിന്നു കുന്നാലിക്കോലൂരി കണ്ണും മൂക്കുമില്ലാതെ എന്നെ തല്ലിത്തുടങ്ങി.”

(എന്റെ ആദ്യത്തെ ലേഖനം)

“നാലു പാദം വയ്ക്കുന്നവർ സംഘക്കളിക്കാരോ മൃഗങ്ങളോ കവിതക്കാരോ ആരോ എന്തോ ആകട്ടെ, കാഴ്ചപ്പുറമേയുള്ള ഭങ്ഗി കൊണ്ടെടുത്തു മലർത്തുമ്പോൾ പല വർണ്ണഭേദങ്ങളും ഇരുവശത്തും വരിയൊത്ത പാദങ്ങളും നോക്കുന്തോറും വെറുപ്പും ഉൾക്കട്ടിക്കുറവും ഉപദ്രവവുമുള്ള വസ്തു തേരട്ടയോ പുഴുവോ പഴുതാരയോ ആണെന്ന് ആരും ഓർക്കാതെ പറഞ്ഞുപോകരുത്. . . ‘പ്രഥമൻകുടി മണിപ്രവാളദ്വയം വിലയെരണ്ട്;’ “കീരത്രയം പോൽ കുലിമാത്രം;” ദധിമഥനം മൂന്നു ശ്ലോകം കുറച്ച് ഒരങ്കത്തിലുള്ള നാടകം, തപാൽക്കൂലി അടക്കം വില രണ്ടു പൈ; മൂന്നു പുസ്തകം ഒന്നിച്ചു വാങ്ങുന്നവർക്കു അരയണ കുറച്ചുകൊടുക്കപ്പെടും;’ ‘കൂമന്റെ മൂളക്കം, അഥവാ കണക്കന്റെ തെങ്ങേറ്റം;’ ഒരു പുതിയ നോവൽ, ഉടനേ പുറത്താകും. അനു

മോദനപത്രം അയയ്ക്കുന്നവർക്കു വിലകൂടാതെ കിട്ടുന്നതും സ്വകാര്യകത്തുമൂലം വില തെരിയപ്പെടുത്തുന്നതുമായ ഒരു വിശേഷ ഗ്രന്ഥം!' ഇങ്ങനെ എണ്ണംപറഞ്ഞ വിലപിടിപ്പുള്ള പുസ്തകങ്ങൾ ഉടമസ്ഥനും പ്രസാധകനും ഗ്രന്ഥകർത്താവുമായ ബാലകവി 'വിശല്യാകരണി' എന്ന മാസികയുടെ പത്രാധിപസ്ഥാനം വഹിക്കുന്നതിന്നുമുൻപു 'കവച്ചുവച്ച'താണെന്ന് ആ മാസികയിൽത്തന്നെ പ്രത്യേകപരസ്യംമൂലം അറിയിക്കുകയും ചെയ്യും." (പേരില്ലാപ്രമേയം)

ക്രി. പി. പതിനെട്ടാം ശതകത്തിൽ തൃശ്ശൂരിൽവച്ചു നടന്ന സാമൂതിരി വാഴ്ചയെപ്പറ്റി സ്കോട്ടിന്റെ സുപ്രസിദ്ധമായ ബ്രൈഡ് ഓഫ് ലാമർമൂർ (The Bride of Lammermoor) എന്ന ആഖ്യായികയെ ഉപജീവിച്ചെഴുതിയ ഒരു ഗദ്യനാടകമാണ് മോചനം.

### കേരളപുത്രൻ

പെരുമാക്കന്മാരുടെ വാഴ്ചക്കാലത്തെ പശ്ചാത്തലമാക്കിക്കൊണ്ടു പൊതുവാൾ രചിച്ചിട്ടുള്ളതാണ് കേരളപുത്രൻ എന്ന നോവൽ. കഥാഘടനയ്ക്കു വലിയ ഭങ്ഗിയുണ്ടെന്നു പറയുവാൻ പാടില്ലെങ്കിലും ഒരു നല്ല നോവലിന് ആവശ്യമുള്ള മറ്റംശങ്ങളിൽ ഗ്രന്ഥകാരൻ പ്രായേണ വിജയം പ്രാപിച്ചിട്ടുണ്ട്. ചോളരാജാവായ കരികാലന്റെ പുത്രിപുലോമജയും ചേരരാജാവായ അത്തന്റെ പുത്രൻ ഇമയകുമാരനുമാണ് അതിലെ നായികയും നായകനും. കേരളരാജ്യത്തിന്റെ തലസ്ഥാനമായ മഹോദയപുരത്തിൽ ഇമയകുമാരൻ ശസ്ത്രാഭ്യാസത്തിനായി ചെന്നെത്തി അവിടെ അന്നു നാടുവാണിരുന്ന പള്ളിബാണപ്പെരുമാളുടെ പുത്രനായ ഉണ്ണിയുമായി ഒന്നിച്ചു കഴിയുന്ന കാലത്താണ് ഒന്നാമധ്യായത്തിൽ പ്രതിപാദിക്കുന്ന സംഭവം നടക്കുന്നത്. ഭൂലോകരംഭയുടെ ദാസിയായ കുട്ടിപ്പെണ്ണിന്റെ ദ്രര, കടൽക്കള്ളനായ ആദികാമന്റെ അക്രമം, കാടർക്കരചന്റെ കൈമിടുക്ക്, ചെന്നികുല പ്രഭുവിന്റെ ദുഷ്ടത, സേനാപതിയുടെ സാമർത്ഥ്യം എന്നിങ്ങനെ പലതും പ്രസ്തുതകൃതിയിൽ തത്തദ്രസസ്ഫൂർത്തിയോടുകൂടി മിന്നിത്തിളങ്ങുന്നുണ്ട്. താഴെക്കാണുന്നത് ഒരു വർണ്ണനമാണ്.

### അരാകുളം

"മേച്ചിപ്പുറം കേറിപ്പോരുന്ന കാലിക്കൂട്ടങ്ങൾ തരിമുഴുത്ത മണൽത്തീരങ്ങളിൽ വന്നിറങ്ങി ദാഹം ശമിപ്പിച്ചിട്ടും മുഖം വെള്ളത്തിൽ നിന്നെടുക്കാതെ ക്ലാന്തഭാവത്തോടെ നില്ക്കുന്നതു കണ്ടാൽ ആർത്തത്രാണതല്പരയായ ഗങ്ഗയോട് എന്തോ മന്ത്രിക്കുകയാണെന്നു തോന്നും; മനസ്സിനെ പരിഷ്കരിച്ചു മാലിന്യത്തെ ദൂരീകരിച്ചു സ്വധർമ്മത്തെ പരിപാലിക്കുവാൻ തക്ക കോപ്പും കെൽപ്പുമുള്ള സാധ്വികളിൽ വിടന്മാരുടെ അലട്ടും പകിട്ടും പ്രക്ഷോഭജനകമല്ലെന്നു പ്രത്യക്ഷീകരിക്കുന്നവിധം, കന്നാലിപ്പിള്ളർ കുളംചാടി കുത്തിമറിഞ്ഞിട്ടും ആ നിർമ്മലതോയഭരിതയായ വാപിയിൽ ലേശമെങ്കിലും കലങ്ങൽ കണ്ടില്ല. കാലി മേയ്ക്കുന്നവർ കോലു കരയ്ക്കുവച്ചു വെള്ളത്തിലിറങ്ങി മദിക്കുന്നതിനിടയ്ക്കു കറ്റക്കിടാങ്ങൾ തള്ളയെ വിട്ടു തെറ്റിച്ചാടി മറ്റു പശുക്കളുടെ അകിടുപറ്റി കടിക്കുന്നതു കണ്ടു് ഈറയോടെ ഏറി ഓടുന്നവർ മുട്ടോളം പൂലുന്ന മണലിൽ മുന്നുകുത്തി വീഴുന്നുണ്ട്."

### ഒരു സംഭാഷണം

"ഒന്നാമൻ: എടോ, ഉരുണ്ടാൽ നന്നെന്നാണോ തന്റെ വിചാരം? യുക്തി മുട്ടുമ്പോൾ തനിക്കു ഉരുളിച്ച. സ്വാധീനമാകുമെന്നതുകൊണ്ടായിരിക്കാം അതിൽ തനിക്ക് ഇത്ര പഴംമനസ്സു പ്രമാണമെന്നു പറഞ്ഞിട്ട് ഇപ്പോൾ ഉരുണ്ടുതുടങ്ങിയോ?

രണ്ടാമൻ: തൊട്ടതിനൊക്കെ എന്നെ കുറ്റം കല്പിക്കുവാൻ അത്രയ്ക്കുമാത്രം യോഗ്യത അപ്പുറത്തില്ല. ഞാൻ ഉരുളുന്നവെങ്കിൽ മറ്റൊരാളെ ഉരുട്ടാനും എനിക്കറിയാം.

ഒന്നാ: സ്നേഹിതാ, തന്റെ മനസ്സാകുന്ന പ്രമാണത്തിൽ അതും പിഴച്ചെഴുതിപ്പോയി.

രണ്ടാ: എന്റെ പ്രമാണം പിഴച്ചിട്ടില്ല. അങ്ങയുടെ അനുമാനമാണ് തെറ്റിയതു്. ചരുകുളക്കടവിൽച്ചെന്നാൽ അനുഭവപ്പെടുത്തിത്തരാം.

ഒന്നാ: എന്നിട്ടു താൻ പറയുമ്പോൾ ഞാൻ അവിടെ കിടന്നു ഒന്നുരുണ്ടാൽ തന്റെ അനുമാനവും പ്രമാണവും അനുഭവവും ഒക്കും ഇല്ലേ?"

## സി. എസ്. ഗോപാലപ്പണിക്കർ (1047–1105)

### ജനനവും വിദ്യാഭ്യാസവും

അമ്പാടി നാരായണപ്പുതുവാളിന്റേയും ഒടുവിൽ കുഞ്ഞിക്കൃഷ്ണമേനോന്റേയും ചെറുകഥകളെപ്പറ്റി മുമ്പു പ്രസ്താവിച്ചിട്ടുണ്ടല്ലോ. പുസ്തകരൂപത്തിൽ ഒന്നുംപ്രസിദ്ധീകരിക്കാതെ ചെറുകഥാകൃത്തുക്കളുടെയിടയിൽ ഒരു മാന്യസ്ഥാനം നേടിയ സാഹിത്യകാരനായ സി. എസ്. ഗോപാലപ്പണിക്കർ കൊച്ചിരാജ്യത്തു കിഴക്കൻ ചിറ്റൂർത്താലുക്കിൽ ചിറ്റൂർദേശത്തു പ്രസിദ്ധമായ ശ്രീകണ്ഠത്തുവീട്ടിൽ 1047-ാമാണ്ടു് ഇടവമാസം 17-ാംനു ചതയം നക്ഷത്രത്തിൽ ജനിച്ചു. പാലക്കാട്ടുതാലൂക്കു പല്ലഞ്ചാത്തനൂരംശം തച്ചങ്കാട്ടുദേശം പെരിങ്ങാട്ടുവീട്ടിൽ നാരായണപ്പണിക്കർ പിതാവും ലക്ഷ്മിയമ്മ മാതാവുമായിരുന്നു. ഗോപാലപ്പണിക്കർ ജനിച്ചതു പിതൃഗൃഹത്തിലാണ്. പല്ലഞ്ചാത്തനൂർ വീശുപലം ദേശം ആറ്റിശ്ശേരി ചാത്തപ്പ എഴുത്തച്ഛനായിരുന്നു ആദ്യത്തെ ഗുരുനാഥൻ. ചിറ്റൂർ ഡസ്ത്രിക്ട് മിഡിൽ സ്കൂൾ പരീക്ഷ ജയിച്ചതിനുശേഷം മലബാറിൽ പെരുവെമ്പാ ഹൈസ്കൂളിലും പാലക്കാട്ടു വിക്ടോറിയാ ഹൈസ്കൂളിലും പഠിച്ചു മട്രിക്കുലേഷൻ പരീക്ഷ ജയിച്ചു. എഫ്. ഏ.യ്ക്കു വായിച്ചതു് കോഴിക്കോട്ടു കേരളവിദ്യാശാലയിലും എറണാകുളം കോളേജിലുമായിരുന്നു. പിന്നീടു മദിരാശി പ്രസിഡൻസി കോളേജിൽ ചേർന്നു ജന്തുശാസ്ത്രം ഐച്ഛികവിഷയമായി സ്വീകരിച്ചു് 1071-ൽ ബി. ഏ.യും ജയിച്ചു. എഫ്. ഏ.യ്ക്കു എറണാകുളത്തു വായിക്കുമ്പോൾ ഒടുവും അമ്പാടി നാരായണപ്പുതുവാളും അദ്ദേഹത്തിന്റെ സതീർത്ഥ്യന്മാരായിരുന്നു.

### ഉദ്യോഗജീവിതം

ബി. ഏ. പാസ്സായി മൂന്നു മാസം കഴിയുന്നതിനുമുമ്പ് എറണാകുളത്തു ഹജ്ജൂരാപ്പീസിൽ ലാൻഡ് റവന്യൂ വകുപ്പിൽ പണിക്കർ ഒരു ഗുമസ്തനായി നിയമിക്കപ്പെട്ടു. 1072-ാമാണ്ടു മീനമാസം 1-ാംനു ആ വകുപ്പിൽ ആക്ടിംഗ് ഹെഡ്ഗുമസ്തനായും 1073 വൃശ്ചികമാസം, 21-ാംനു ആക്ടിംഗ് ശിരസ്തദാരായും ഉയർന്നു. ഗവർമ്മെന്റിന്റെ അനുവാദത്തോടുകൂടി കുറേക്കാലം ഇടപ്പള്ളിസ്വരൂപം കാര്യക്കാരായി പണിനോക്കി. പിന്നീടു ക്രമേണ 1087-ൽ താസിൽദാർ, 88-ൽ സ്റ്റാമ്പുസൂപ്രണ്ടു്, പഞ്ചായത്തു രജിസ്ത്രാർ തിരുമല ദേവസ്വം മാനേജർ, ആക്ടിംഗ് ദേവസ്വം കമ്മീഷണർ എന്നീ തസ്തികകളിൽ നിയമിതനായി. തിരുമല ദേവസ്വം മാനേജരായി ആറു കൊല്ലത്തോളം ജോലി നോക്കി. 1104-ൽ പെൻഷൻ പറ്റി. തദനന്തരം നിലമ്പൂർക്കോവിലകം മാനേജിംഗ് ഏജന്റായി. 1105 മകരം 17-ാംനു മരിച്ചു. പണിക്കർ സാഹിത്യകാരൻ എന്നതിനുപുറമേ ഒരു നല്ല നടനുമായിരുന്നു. ചിറ്റൂരിൽ തുഞ്ചത്താചാര്യൻ സ്ഥാപിച്ച ഗുരുകലത്തിന്റെ പുനരുദ്ധാരണത്തിനു വളരെ ശ്രമിച്ചിട്ടുണ്ടു്. തന്റെ അമ്മാമന്റെ മകളായ ചിറ്റൂർ വലിയതച്ചാട്ടു മീനാക്ഷിയമ്മയെ വിവാഹം ചെയ്തു. അദ്ദേഹത്തിന്റെ പുത്രിമാരായ

കൊച്ചി സബ് ജഡ്ജി തമ്പുരാന്റെ സഹധർമ്മിണി ദേവകി നേത്യാരമ്മയും കടത്ത നാട്ടെ ഒരു തമ്പുരാന്റെ പത്നി ദാക്ഷായണിക്കെട്ടിലമ്മയുംകൂടി ‘സ്വർണ്ണലത’ എന്ന ബംഗാളി നോവൽ തർജ്ജമ ചെയ്തിട്ടുണ്ട്.

## സാഹിത്യം

പണിക്കർ ഒരു കവിയും ഗദ്യകാരനുമായിരുന്നു. ഭാഷാപോഷിണിയുടെ ദ്വിതീയസ മ്മേളനം തൃശ്ശൂർവെച്ചു നടത്തിയപ്പോൾ കവിതാമത്സരപരീക്ഷയിൽ പ്രഥമസ്ഥാനം അദ്ദേഹത്തിനാണ് ലഭിച്ചത്. വളരെ കുറച്ചുമാത്രമേ പദ്യഗദ്യങ്ങൾ എഴുതീട്ടുള്ളു. ഒരു ശ്ലോകം ഉദ്ധരിക്കാം. അതു ‘കരതലകമലസ്ഥാം സ്ഫാടികീമക്ഷമാലാം’ എന്ന സര സ്വതീവന്ദനപരമായ ശ്ലോകത്തിന്റെ ഭാഷാനുവാദമാണ്.

“കൈത്താരിൽച്ചേർത്തുമിന്നും സ്ഫടികമണിലസ–
    ന്മാലയിൽക്കൈനഖശ്രീ
തത്തുമ്പോൾ മാതളത്തിൻമണിഗണമിതി ചി–
    ന്തിച്ചുകൊത്തുന്നതിന്നായ്
എത്തും തത്തക്കിടാവെപ്പുലവുരു തടവി–
    പ്പിൻവലിപ്പിച്ചിടും നിൻ
പുത്തൻപൂമന്ദഹാസം സരസിജഭവജേ
    ഭൂരിഭാഗ്യം തരട്ടേ.”

ചില മാസികകളിൽ അവയുടെ പ്രവർത്തകന്മാരുടെ നിർബ്ബന്ധം കൊണ്ടു പണി ക്കർ ചില ഉപന്യാസങ്ങളും ചെറുകഥകളും എഴുതീട്ടുണ്ട്. വിദ്യാവിനോദിനി, രസികര ഞ്ജിനി തുടങ്ങിയ മാസികകളിലാണ് അദ്ദേഹത്തിന്റെ തൂലിക വ്യാപരിച്ചത്. സ്വയം പ്രകാശമുള്ള ചില ജന്തുക്കൾ, പക്ഷികളുടെ ആസ്പത്രി, മൊണാക്കോ, ജപ്പാൻകാ രും അവരുടെ ചക്രവർത്തിയും ഇത്യാദിവിജ്ഞാനപ്രദങ്ങളായ ലേഖനങ്ങളെക്കുറി ച്ച് പ്രകൃതത്തിൽ ഒന്നും പ്രസ്താവിക്കേണ്ടതില്ല. മേൽവിലാസം മാറി, നീളംകുറഞ്ഞ കത്ത്. ഒരു മുതലനായാട്ട് എന്നിവയാണ് അദ്ദേഹത്തിന്റെ ചില ചെറുകഥകൾ. 1081 വൃശ്ചികത്തിലെ രസികരഞ്ജിനിയിൽ പ്രസിദ്ധീകരിച്ച ഒരു മുതലനായാട്ടിനു ഭാ ഷയിൽ ശാശ്വതമായ പ്രതിഷ്ഠ ലഭിച്ചിട്ടുണ്ട്. അതിൽ നിന്നു ചില വാക്യങ്ങൾ പ്ര ദർശിപ്പിച്ചുകൊള്ളുന്നു. “അപ്പോൾ ആകാശത്തിന്റെ പൂർവ്വദ്വാരം തുറന്നു ഞങ്ങൾ ക്കഭിമുഖനായി പ്രവേശിച്ച സൂര്യൻ തന്റെ കനകരശ്മി പ്രവാഹത്തിൽ ലോകം മുഴവ നും പെട്ടെന്ന് ഒന്ന് കുളിപ്പിച്ചു. മേലേക്കുമേലേ കട്ടകട്ടയായി മുരിങ്ങപിടിച്ചു നില്ക്കുന്ന അഞ്ചോ ആറോ കാലുകളിന്മേൽ കിടക്കുന്ന ആ തോട്ടിന്റെ കിഴക്കേയറ്റത്തു കാ യ്ച്ചുതുടങ്ങിയതും തുടങ്ങാറായതുമായി മദിച്ചു നില്ക്കുന്ന അനവധി തെങ്ങിൻതൈക ളാൽ സാമാന്യം നാലുപുറവും ഇടതൂർന്നു ചുറ്റപ്പെട്ടതും സ്വർണ്ണപ്പച്ചവർണ്ണമായ ഇല കൾ തിങ്ങി വളർന്നുകൂടിയ കണ്ടൽച്ചെടികളാൽ മൂടപ്പെട്ട വെള്ളത്തിൽ അവിടവി ടെ വലിയ പച്ചക്കല്ലുകൾ പതിച്ചപോലെ കിടക്കുന്ന ചില തുരുത്തുകളാൽ മദ്ധ്യഭാ ഗങ്ങൾ അലങ്കരിക്കപ്പെട്ടതുമായ ഒരു തുറന്ന കായലിലേക്കു ഞങ്ങൾ പ്രവേശിച്ചിട്ട് ആ തുരുത്തുകളിലെ കണ്ടൽച്ചെടികളുടെ ഇടകളിൽനിന്നു തപോവിഘ്നംവന്ന അന വധി വൃദ്ധക്കൊക്കുകൾ കൂട്ടംകൂട്ടമായി ‘ക്രോ ക്രോ’ എന്നു ഞങ്ങളെ ശപിച്ചുംകൊ ണ്ടു മേല്പോട്ടുയന്നു.” ഈ വാക്യം ദൈർഘ്യംകൊണ്ടു വിരൂപമാണെങ്കിലും എല്ലാം ഇതുപോലെയല്ല. നോക്കുക മറ്റു ചില വാക്യങ്ങൾ. “വെള്ളത്തിൽ വാലിട്ടൊരു പിട.

‘ഡിമൂതൈ’ എന്നൊരു കട്ടിക്കരണം. കണ്ടലിന്റെ ഇടയിൽക്കൂടി മറിഞ്ഞു തുരുത്തിന്റെ ഉള്ളിലേക്കു ‘ഡീം’ എന്നൊരു ചാട്ടം. ഞങ്ങൾ എല്ലാവരും ആയുധപാണികളായി തുരുത്തിനുള്ളിൽ പ്രവേശിച്ചു. അവിടെ മുട്ടുവരെ ചേറുള്ള ഒരു സ്ഥലത്തുകൂടെ ഭീമച്ചൻ ഇഴഞ്ഞുപിഴഞ്ഞുകൊണ്ട് ഒരോട്ടം. പിന്നാലെ കുമിളിച്ചുകൊണ്ട് ഓടുന്ന സൈന്യങ്ങളിൽ കണ്ടൻകോരൻ ഉളികൊണ്ടൊരേറ്. നീലാണ്ടൻ കുന്തംവച്ചൊരു കുത്ത്. ചംകു കോടാലികൊണ്ടൊരു കൊത്ത്. ഭീമച്ചന്റെ ഊക്കു ശമിച്ചു. ചേറ്റിൽ പതിഞ്ഞു കിടപ്പായി. മുക്കാലും കഴിഞ്ഞു. കാൽപ്രാണൻ ബാക്കി. മുഴുവനാക്കുവാൻ ചെകിട്ടാണിക്ക് എന്റെ ഒരുണ്ട. അസ്തു.”

## ചെങ്കളത്തു ചെറിയ കുഞ്ഞിരാമമേനോൻ (1057—1115)

### ജനനവും വിദ്യാഭ്യാസവും

കേരളപത്രികയുടെ ജനയിതാവായ ചെങ്കളത്തു വലിയ കുഞ്ഞിരാമമേനോന്റെ ഭാഗിനേയനാണ് ചെറിയ കുഞ്ഞിരാമമേനോൻ. അച്ഛന്റെ വീടു വടക്കേ മലബാറിൽ ചിറയ്ക്കൽ വളർപട്ടണത്തിലായിരുന്നു. അവിടെ പുഴാതി എന്ന ദേശത്തിൽ ഒരു സംസ്കൃതവിദ്വാനും ജ്യോതിശ്ശാസ്ത്രപണ്ഡിതനുമായ കുഞ്ഞികണ്ണൻ ഗുരുക്കൾ നടത്തിവന്ന എഴുത്തുപള്ളിയിൽ പ്രാഥമികപാഠങ്ങൾ അഭ്യസിച്ചു. നാലാം ക്ലാസ്സ് പരീക്ഷ പാസ്സായതിനുമേൽ രണ്ടു കൊല്ലം ഗണിതവും കാവ്യങ്ങളും ഗുരുക്കളുടെ അടുക്കൽ നിന്നു പഠിച്ചു. പന്ത്രണ്ടാമത്തെ വയസ്സിൽ കണ്ണൂരിലുള്ള മുനിസിപ്പൽ ഇംഗ്ലീഷ് ഹൈസ്കൂളിൽ ഇംഗ്ലീഷ് വിദ്യാഭ്യാസം ആരംഭിച്ചു. ഇംഗ്ലീഷ് വർഷം 1899-ൽ മദിരാശിക്കു പോയി അപ്പർ സെക്കൻഡറി പരീക്ഷ ജയിച്ചു. 1900-ൽ മലബാർ ജന്മം രജിസ്ട്രേഷൻ ആപ്പീസ്സിൽ ഒരു ഗുമസ്ഥനായിച്ചേരുകയും പിന്നീടു നാലു കൊല്ലം കോഴിക്കോട്ടു റവന്യൂ ഡിപ്പാർട്ടുമെന്റിൽ പണി നോക്കുകയും ചെയ്തു. അക്കാലത്തു കോഴിക്കോട്ടു പുത്തനായി ഏർപ്പെടുത്തിയ വാണിജ്യവിദ്യാലയത്തിൽ നിന്നു ചുരുക്കെഴുത്ത്, ടൈപ്പ്റൈറ്റിംഗ്, ബുക്കീപ്പിംഗ്, കമേഴ്സ്യൽ കറസ്പാണ്ഡൻസ് എന്നീ വിഷയങ്ങൾ പഠിച്ചു ജയിച്ചു. സർവ്വേ തുടങ്ങിയ റവന്യൂ ടെസ്റ്റുകളിലും ഉത്തീർണ്ണനായി. അപ്പോഴേയ്ക്കു ഇംഗ്ലീഷിലും മലയാളത്തിലും ലേഖനങ്ങൾ എഴുതുന്നതിനു വേണ്ട വൈദഗ്ദ്ധ്യം സമ്പാദിച്ചുകഴിഞ്ഞിരുന്നു.

### പത്രപ്രവർത്തനം

1904-ൽ പുന്നത്തൂർ രാജാവിന്റെ എസ്റ്റേറ്റു സർക്കാറിന്റെ ഭരണത്തിലായിരുന്നു. ആ എസ്റ്റേറ്റു വക വസ്തുക്കൾ പൊളിച്ചെഴുതുന്നതിനു കുഞ്ഞിരാമമേനോൻ ഹെഡ് ഗുമസ്തനായി നിയമിയ്ക്കപ്പെട്ടു. അവിടെവെച്ചു കോഴിക്കോട്ടുനിന്നു പ്രചരിച്ചിരുന്ന വെസ്റ്റ് കോസ്റ്റ് സ്പെക്റ്റേറ്റർ (West Coast Spectator) എന്ന പത്രത്തിൽ ഇംഗ്ലീഷ് ലേഖനങ്ങൾ പ്രസിദ്ധീകരിച്ചു തുടങ്ങി. മലയാളപത്രങ്ങളിൽ പല വിഷയങ്ങളെക്കുറിച്ചും ഉപന്യാസങ്ങൾ എഴുതിവന്നു. എം. ആർ. കേ. സി. എന്ന തൂലികാനാമമാണ് അദ്ദേഹം സ്വീകരിച്ചത്. അതു സി. കുഞ്ഞി-രാമ-മേനോൻ എന്ന തന്റെ പേർ ഇംഗ്ലീഷിൽ എഴുതി അതു മറിച്ചിട്ടാൽ കിട്ടുന്ന നാലു പ്രഥമാക്ഷരങ്ങളുടേയും സമാഹാരമാണ്.

കോട്ടയ്ക്കൽവെച്ചു നടത്തിയിരുന്ന ജന്മി, ലക്ഷ്മീവിലാസം എന്നീ മാസികകളിൽ എസ്റ്റേറ്റുഭരണത്തെപ്പറ്റി അദ്ദേഹം പ്രസിദ്ധപ്പെടുത്തിയ ഉപന്യാസങ്ങൾ ‘മലയാളത്തിലെ ജന്മികൾ’ എന്ന പേരിൽ ഒരു പുസ്തകമായി പുറത്തുവന്നു. ഇതാണു ഗ്രന്ഥകാരന്റെ ഒന്നാമത്തെ കൃതി. 1909-ൽ കേരളപത്രികയുടെ നടത്തിപ്പിൽ പല കുഴപ്പ

ങ്ങളും ഉണ്ടായിരുന്നു. ആ ശോച്യാവസ്ഥയിൽനിന്ന് അതിനെ ഉദ്ധരിക്കേണ്ട ഭാരം കാരണവരുടെ ആജ്ഞാനുസാരം തന്നിൽ ചുമത്തുകയാൽ എട്ടുകൊല്ലത്തെ ഗവർമ്മെന്റ് സർവ്വീസിൽ നിന്ന് അവധിവാങ്ങി അതിലേക്കായി കോഴിക്കോട്ടു പോയി. പ്രതീക്ഷിച്ചതുപോലെതന്നെ ആ പത്രം വീണ്ടും ഊണാദിബാധകളിൽനിന്നു വിമുക്തമായി, പത്രമണ്ഡലത്തിൽ പൂർവ്വാധികം ഉയർന്നു. 1911-ൽ ജോർജ്ജ് ചക്രവർത്തിയുടെ ഡൽഹിയിൽവച്ചു നടന്ന പട്ടാഭിഷേകത്തെസ്സംബന്ധിച്ച് ഒരു പുസ്തകം മലബാർ കലക്ടർ ഇന്നിസ്സിന്റെ അപേക്ഷയനുസരിച്ചു എഴുതി. ഇതാണു ജോർജ്ജുപട്ടാഭിഷേകം. അക്കാലത്താണ് ദേശമങ്ഗലത്തുമനയ്ക്കൽ ആരംഭിച്ച മങ്ഗളോദയം മാസിക നിർവ്വിഘ്നമായി നടത്തിക്കൊണ്ടുപോകുന്നതിന് 1080-ലെ കൊച്ചി കമ്പനി റഗുലേഷൻ പ്രകാരം മങ്ഗളോദയം കമ്പനി ലിമിറ്റഡ് എന്ന പേരിൽ ഒരു കമ്പനി ആരംഭിച്ചതു്. ആ കമ്പനിയുടെ മാനേജരായി പണി നോക്കണമെന്ന് അപ്പൻതമ്പുരാനും മറ്റും ആവശ്യപ്പെടുകയാൽ കുഞ്ഞിരാമമേനോൻ തൃശ്ശൂരിൽ താമസമുറപ്പിച്ചു. അതോടുകൂടി സർക്കാർജോലി രാജിവച്ചു "വളരെ ഉപകാരപ്രദങ്ങളും, ദുർല്ലഭങ്ങളും, ഇതുവരെ അച്ചടിപ്പിക്കാത്തവയുമായ വിവിധവിഷയങ്ങളിലുള്ള സംസ്കൃതപുസ്തകങ്ങളും മലയാളപുസ്തകങ്ങളും പരിഷ്കൃതരീതിയിൽ അച്ചടിച്ചുപ്രസിദ്ധംചെയ്യുന്നതിനും" കമ്പനിവക കേരളകല്പദ്രുമം അച്ചുക്കൂടത്തെ പരിഷ്കരിച്ചു നന്നാക്കുന്നതിനും മറ്റുമാണ് കമ്പനി സ്ഥാപിച്ചതു്. "മലയാളഭാഷാധ്യയനത്തിൽ ഉത്സാഹം ഉണ്ടാക്കിത്തീർക്കുക, മലയാളഭാഷാസാഹിത്യത്തിന്റെ എല്ലാ ശാഖകളേയും പരിഷ്കരിക്കുകയും പോഷിപ്പിക്കുകയും ചെയ്ക" എന്നിവയായിരുന്നു സാഹിത്യസമാജത്തിന്റെ ഉദ്ദേശങ്ങൾ. പ്രസ്തുത സമാജത്തിന്റെയും ജീവനാഡി അപ്പൻതമ്പുരാൻ കഴിഞ്ഞാൽ കുഞ്ഞിരാമമേനോൻതന്നെയായിരുന്നു. അങ്ങനെ മങ്ഗളോദയം കമ്പനിയുമായുള്ള ബന്ധം 1912 മുതൽ 1930 വരെ തുടച്ചയായി പതിനെട്ടുകൊല്ലക്കാലം പുലർത്തി. തൃശ്ശൂർ താമസിക്കുമ്പോൾ 1913-ാമാണ്ടിടയ്ക്കു തൃശ്ശൂർ ചെമ്പുക്കാവിൽ രായിരത്തു വീട്ടിൽ അമ്മുക്കുട്ടിയമ്മയെ വിവാഹംചെയ്തു. 1920-ാമാണ്ടിടയ്ക്ക് അദ്ദേഹത്തിന് ഒരു വലിയ ആപത്തു സംഭവിച്ചു. അന്നു പണിയിപ്പിച്ചുകൊണ്ടിരുന്ന മങ്ഗളോദയംകമ്പനിവക കെട്ടിടം ഇടിഞ്ഞുവീഴുകയും ആ അത്യാഹിതത്തിൽപ്പെട്ടു കുഞ്ഞിരാമമേനോന്റെ ഒരു കാൽ ഒടിയുകയും ചെയ്തു. ആ കാൽ മുറിച്ചുകളയേണ്ടതായിവന്നുവെങ്കിലും തലയ്ക്കും വലത്തുകൈയ്ക്കും ഹാനി പറ്റാത്തതിൽ ആ മനസ്വി സമാധാനപ്പെടുകയാണ് ചെയ്തതു്. അവയായിരുന്നുവല്ലോ ജീവികയ്ക്കുള്ള ഉപകരണങ്ങൾ. 1933-ൽ ഭാരതി എന്നൊരു മാസിക അദ്ദേഹം തൃശ്ശൂരിൽനിന്നു പ്രചരിപ്പിച്ചുകൊണ്ടിരുന്നു. അതിനെ 1934 മെയ് 20-ാംനു കുടുംബപത്രിക എന്ന പേരിൽ പരിഷ്കരിച്ച് ഒരു വാരികയാക്കി പ്രസിദ്ധീകരിച്ചുതുടങ്ങി. ഇംഗ്ലണ്ടിൽ ഹോംമാഗസീന്റെയും മറ്റും നിലയിൽ അതു വളർത്തിക്കൊണ്ടുവരണം എന്നായിരുന്നു അദ്ദേഹത്തിന്റെ ആഗ്രഹം. സ്വല്പകാലം കഴിഞ്ഞതിനുശേഷം സാമ്പത്തികമായ വൈഷമ്യംകൊണ്ട് അതു മുടക്കേണ്ടിവന്നു. പിന്നീടു തൃശ്ശൂരിൽനിന്നു പുറപ്പെട്ട കേരളൻ എന്ന ദിനപത്രത്തിന്റെ അധിപനായി. ഒരു ദിനപത്രം നടത്തിക്കൊണ്ടുപോകുന്നതിനുള്ള ആരോഗ്യമില്ലാതിരുന്നതിനാൽ അതിൽനിന്നു വിരമിച്ചു. അനന്തരം കൊച്ചി സെൻട്രൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റി പ്രസിദ്ധീകരിച്ചുകൊണ്ടിരുന്ന സഹകരണപ്രബോധിനി എന്ന മാസികയുടെ ആധിപത്യം കയ്യേറ്റു. ആ ഭാരവും കുറേ കഴിഞ്ഞപ്പോൾ ദുർവ്വഹമായിത്തോന്നി. എങ്കിലും മരിക്കുന്നതിനു തലേ ദിവസംകൂടി സഹകരണപ്രബോധിനിയ്ക്കുള്ള മുഖപ്രസംഗം പറഞ്ഞുകൊടുത്തു് എഴുതിച്ചു. 1115-ാമാണ്ടു ചിങ്ങമാസം 4-ാംനു ആ സതതോത്ഥായിയായ ഭാഷാഭിമാനി യശശ്ശരീരനായി.

## കൃതികൾ

കുഞ്ഞിരാമമേനോന്റെ പ്രധാന കൃതികൾ, (1) മലയാളത്തിലെ ജന്മികൾ, (2) ജോർ ജ്ജ് പട്ടാഭിഷേകം, (3) സർരാമവർമ്മ (വാഴ്ചയൊഴിഞ്ഞ കൊച്ചി മഹാരാജാവ്), (4) കമ്പരാമായണം, (5) രഘുവംശചരിത്രം, (6) ഭാർഗ്ഗവരാമൻ, (7) വെള്ളുവക്കമ്മാരൻ, (8) ചെറുകഥകൾ ഒന്നും രണ്ടും ഭാഗങ്ങൾ ഇവയാകുന്നു. രഘുവംശത്തിലെ ആദ്യ ത്തെ ആറു സർഗ്ഗങ്ങളുടെ ഭാഷാഗദ്യവിവർത്തനമാണ് രഘുവംശചരിത്രം. വെള്ളു വക്കമ്മാരൻ ഒരു ചരിത്രകഥയാണ്. റിട്ടയാർഡ് സബ്‌രജിസ്ത്രാർ കുത്തുപറമ്പ് എം. ഒതേനമേനോൻ ആദ്യം ഇംഗ്ലീഷിൽ എഴുതിയ ഒരു കഥയുടെ ഒരു സ്വതന്ത്രമായ തർജ്ജമയാണ് കുഞ്ഞിരാമമേനോന്റേത്. വെള്ളുവത്തറവാട്ടുകാരുടെ പുരാതനഗൃ ഹം എടക്കാട്ടിനടുത്ത ഇളന്തേരിയായിരുന്നു. അവിടെനിന്നു ചാലാട്ടും (കണ്ണൂരിനടു ത്ത്) കല്യാട്ടും ഓരോ തായ്‌വഴി പിരിഞ്ഞുപോയി. കഥയിൽ പറയുന്ന മൈരു യജ മാനൻ ചാലാട്ടുതായ് വഴിയിലാണ് പാർത്തിരുന്നതെന്നും കമ്മാരൻ (കമ്മു) ജനി ച്ചതു ചാലാട്ടുവെച്ചാണെന്നും ഐതിഹ്യമുണ്ട്. മഹമ്മദുമതത്തിൽ വിശ്വസിച്ച കമ്മു ഷെയിക് ആയാസ്ഖാനായി പിന്നീട് ഹൈദരെ സഹായിച്ച പല സ്ഥാനമാനങ്ങ ളും നേടി. ഒടുവിൽ ഇളന്തേരിയിലെ ക്ഷേത്രം ജീർണ്ണോദ്ധാരണം ചെയ്യുകയും ഭൂസ്വ ത്തുക്കൾ വെള്ളൂർ നമ്പൂരിപ്പാടിലേക്കു ദാനം ചെയ്യുകയും ചെയ്തു. കമ്മു ബദനൂർ കോ ട്ട ബ്രിട്ടീഷുകാരെ ഏല്പിച്ച തലശ്ശേരിയിൽനിന്നു നീങ്ങി അമീനാബീഗത്തോടുകൂടി (മാ ധവി) മാലിഖാൻകുന്നിൽ താമസിച്ചു. 959 കന്നിമാസത്തിൽ കോലത്തിരി അദ്ദേ ഹത്തെ സന്ദർശിച്ചിട്ടുണ്ട്. വെള്ളുവക്കമ്മാരൻതന്നെയാണ് കുഞ്ഞിരാമമേനോന്റെ കൃതികളിൽ പ്രഥമസ്ഥാനത്തെ അർഹിക്കുന്നത്. അതിനെ ആസ്പദമാക്കിയാണ് അപ്പൻതമ്പുരാൻ മുന്നാട്ടുവീരൻ എന്ന നാടകം രചിച്ചിട്ടുള്ളതെന്ന് മുമ്പ് പറഞ്ഞിട്ടു ണ്ടല്ലോ. അദ്ദേഹം പല ചെറുകഥകൾ മങ്ഗളോദയത്തിലും മറ്റും എഴുതീട്ടുണ്ട്. അവ യിൽ ചില കഥകൾ മാത്രമേ ഒന്നും രണ്ടും ഭാഗങ്ങളായി പ്രസിദ്ധീകരിച്ചിട്ടുള്ളു. ചരി ത്രസംബന്ധമായുള്ള കഥകളാണ് ഒന്നാംഭാഗത്തിൽ അടങ്ങീട്ടുള്ളത്. രണ്ടാം ഭാഗ ത്തിൽ അപൂർവ്വം ചില സാമുദായികകഥകൾ ചേർത്തിരിക്കുന്നു. ചരിത്രകഥകളാ ണ് അദ്ദേഹം അധികം എഴുതീട്ടുള്ളത്. അവയിലാണ് അദ്ദേഹത്തിന്റെ സാമർത്ഥ്യ വും അധികമായി പ്രകാശിക്കുന്നത്. കുഞ്ഞിരാമമേനോന്റെ പ്രതിപാദ്യങ്ങൾ നിത്യാ നുഭവങ്ങളിൽനിന്നു വളരെ അകന്നിരിക്കുന്നുവെങ്കിലും അവയുടെ പ്രതിപാദനം രമ ണീയമായിട്ടുണ്ട്. ഇത്തരത്തിലുള്ളവയുടെ പ്രണയനം കൊണ്ടാണ് കുഞ്ഞിരാമമേ നോനെ ചെറുകഥാകാരനെന്ന് പറയുന്നത്. ചില ഉദാഹരണങ്ങൾ വെള്ളുവക്കമ്മാ രനിൽനിന്നും ചെറുകഥകളിൽ നിന്നും പ്രദർശിപ്പിക്കാം.

"അക്കാലത്തൊക്കെ നീതിന്യായം നടത്തുക എന്നതു വളരെ എളുപ്പമായ പണിയാണ്. ശിക്ഷയൊക്കെ ഏറ്റവും നിർദ്ദയമായിട്ടാണ് നടത്തിയിരുന്നത്. നീ തിന്യായക്കോടതികളിൽ ഇപ്പോൾ കാണുന്ന കെട്ടിമറിഞ്ഞ നടവടികളോ, വളരെ ബുദ്ധിമുട്ടി വ്യാഖ്യാനിക്കേണ്ട നിയമങ്ങളോ മറ്റോ അന്നുണ്ടായിരുന്നില്ല. കൊല ക്കുറ്റത്തിനും പുരയ്ക്കു തീകൊടുത്തു എന്ന അപരാധത്തിനും കഴുവിന്മേൽ കയറ്റി തൂക്കിക്കൊല്ലുകയും സ്വത്തുക്കൾ പിടിച്ചടക്കുകയും ആയിരുന്നു അന്നത്തെ ശിക്ഷ. ചതിയും കളവും ചെയ്തുവന്ന് അടിയും മുഖത്തു കരിതേച്ച കഴുതപ്പുറത്തു വാലുനോക്കി യിരുന്നു വാദ്യഘോഷത്തോടെ രാജവീഥികളിൽക്കൂടിയുള്ള സഞ്ചാരവുമായിരുന്ന ശിക്ഷ... അക്കാലത്തു നികുതി എന്ന പേരിൽ ഒന്നും ഭൂമിയുടമസ്ഥന്മാർ കൊ ടുക്കേണ്ടതുണ്ടായിരുന്നില്ല. എന്നാൽ വിളവിൽ ഒരു ഭാഗം പാട്ടമെന്ന നിലയിൽ സാധനമായോ വിലത്തരമായോ ഏവരും കൊടുക്കണമെന്നുണ്ടായിരുന്നു. ഈ രാ

ജഭോഗം അതാതു കാലത്തു കൊടുക്കാത്തവരെ വലിയ കരിങ്കല്ല തലയിൽ കയറ്റി വെയിലത്തു നിറുത്തി ശിക്ഷിക്കുമെന്ന ഭയത്താൽ പാട്ടം ആരും ബാക്കിവയ്ക്കാറുണ്ടായിരുന്നില്ല." (വെള്ളുവക്കമ്മാരൻ)

"കുട്ടപ്പണിക്കർ തിരുവയൽദേശത്തു താമസമാക്കീട്ടു കുറച്ചുമാസമായി. ചെമ്പുക്കാവു കളപ്പുരയും കൃഷിയും തിരുത്തിക്കാട്ടു നായരുടെ സഹായം കൊണ്ടാണ് എളുപ്പത്തിൽ ഇദ്ദേഹം വാങ്ങീട്ടുള്ളത്. ഒരു സ്ഥാനിയും ജന്മിയുമായ നായരുടെ സ്നേഹിതന്റെ നിലയിൽ പെരുമാറുമ്പോൾ തിരുവയൽ ദേശത്തുള്ള ഭേദപ്പെട്ട വീട്ടുകളിൽ പ്രവേശം കിട്ടിയതിലും നേതാക്കന്മാരുടെ ഇടയിൽ ഒരു സ്ഥാനം കിട്ടിയതിലും ആശ്ചര്യമില്ല. സിങ്കപ്പൂരിൽ അഡ്വൊക്കേറ്റുജനറാളായ ബാരിസ്റ്റർനമ്പ്യാരുടെ ശിപാർശിക്കത്തും പണിക്കർ കൊണ്ടുവന്നിട്ടുണ്ട്. തറവാട്ടുകാരേയും ബന്ധുക്കളേയും മറ്റും തിരക്കിച്ചോദിച്ചറിയേണ്ടതായ ആവശ്യം പിന്നെ ആർക്കാണ്?" (438-ാംനമ്പ്ര് ഏകാന്തം—ഒരു ചെറുകഥ)

## വിനോദസാഹിത്യപ്രസ്ഥാനം

### ഫലിതം

ദുഃഖഭൂയിഷ്ഠമായ ജീവിതത്തിൽ മനുഷ്യനു ചിരിയ്ക്കുവാൻ ഏതെങ്കിലും മാർഗ്ഗം ലഭിയ്ക്കുന്നതു് ഒരു വലിയ ലാഭമാകുന്നു. അതു് ആനന്ദത്തിനും ആയുരാരോഗ്യങ്ങൾക്കും ഉപകരിയ്ക്കും. വാചികവും ആംഗികവുമായ രണ്ടുവിധം വിനോദമുണ്ടെങ്കിലും വാചികമായ വിനോദം മാത്രമേ നമ്മുടെ ശ്രദ്ധയ്ക്കുപ്രകൃതത്തിൽ വിഷയീഭവിക്കുന്നുള്ളു. ശബ്ദനിഷ്ഠമായോ അർത്ഥനിഷ്ഠമായോ ഭാവനിഷ്ഠമായോ ഭാവുകന്മാർക്ക് അനുവാചകന്മാരെ ചിരിപ്പിയ്ക്കുവാൻ സാധിയ്ക്കും. ഇവയിൽ ഭാവനിഷ്ഠമായ നർമ്മോക്തിയാണ് ഉത്തമം. എല്ലാവിധത്തിലുമുള്ള വിനോദോക്തികളെയും ഉൾക്കൊള്ളുന്ന ഒരു സംജ്ഞ ഭാഗ്യവശാൽ കേരളീയർക്കുണ്ട്. അതിനെയാണ് ഫലിതം എന്നു പറയുന്നതു്. അതു് ആരു സൃഷ്ടിച്ചാലും അദ്ദേഹം ഒരു തികഞ്ഞ വൈഹാസികനായിരുന്നിരിയ്ക്കണം. ഹാസ്യവിഡംബനത്തെ (parody) കുറിച്ചു് ഇവിടെ ഒന്നും പ്രസ്താവിക്കുന്നില്ല. ഹൃദയത്തിനു വിശാലത, ബുദ്ധിയ്ക്കു സംസ്കാരം, ലോകത്തിലെ അസംഗതങ്ങളും ഹാസോൽപാദകങ്ങളുമായ സംഭവങ്ങളെ നിരീക്ഷിക്കുന്നതിനുള്ള ശക്തി, അവയെ പ്രകാശിപ്പിയ്ക്കുന്നതിനു സ്വതസ്സിദ്ധമായി വേണ്ട പാടവം ഇങ്ങനെ പല സിദ്ധികൾ ഉണ്ടെങ്കിലേ ഒരു ഗ്രന്ഥകാരനു ഫലിതസാഹിത്യ നിർമ്മാതാവായിത്തീരാൻ സാധിയ്ക്കുകയുള്ളു. പിന്നെയും ഒരു കാര്യം പ്രകൃതത്തിൽ സ്മരിക്കേണ്ടതുണ്ട്. അത്തരത്തിലുള്ള സാഹിത്യകാരന്റെ മനസ്സു നിർമ്മലമായിരിയ്ക്കണം. സന്മാർഗ്ഗോപദേശമായിരിയ്ക്കണം അദ്ദേഹത്തിന്റെ ലക്ഷ്യം; വ്യംഗ്യമായിരിയ്ക്കണംആ ഉപദേശം. വ്യക്തിവിദ്വേഷത്തിന്റേയോ സമുദായസ്പർദ്ധയുടേയോ നിഴലാട്ടം അവിടെയെങ്ങും കടന്നുകൂടരുതു്. കോപം അസൂയ മുതലായ ദുർഗ്ഗുണങ്ങൾക്കും അവിടെ സ്ഥാനമേയില്ല. അതു് ആ സാഹിത്യകാരനെ പൊതുജനങ്ങളുടെ മുമ്പിൽ ഒരപരാധിയായി നിർത്തും. ഇംഗ്ലണ്ടിൽ ഡൺസിയഡ് (Dunciad)എഴുതിയ പോപ്പും (Pope) ഇംഗ്ലീഷ് ബാർഡ്സ് ആൻഡ് സ്കോച്ച് റിവ്യൂവേഴ്സ് (English Bards and Scotch Reviewers) എഴുതിയ ബൈറനും (Byron), അവർ അന്യഥാ എത്ര തന്നെ ഉൽകൃഷ്ടന്മാരായ കവികളായിരുന്നുവെങ്കിലും, പ്രസ്തുതഗ്രന്ഥങ്ങളിലെ വ്യക്തിവിദ്വേഷപ്രകടനം അവരുടെ കലാസൗഭഗത്തിന് ഒരു തീരാക്കളങ്കമായി നിലകൊള്ളുന്നു.

## കേരളത്തിലെ ഫലിതസാഹിത്യം

കേരളഭാഷ ഉടലെടുത്തതു മുതൽ അതിലെ സാഹിത്യത്തിൽ ഫലിതവുമുണ്ട്. നമ്പൂരിമാർക്ക് പ്രസ്തുതവിഷയത്തിൽ ജന്മസിദ്ധമായുള്ള പാരമ്പര്യം അവിസ്മരണീയമാണ്. തോലൻ, പുനം (കൃഷ്ണഗാഥാകാരൻ) ഇവർ അതാതു കാലത്തെ ഫലിതസാമ്രാട്ടുകളായിരുന്നു. അവരെയെല്ലാം ജയിച്ച മഹാകവിമൂർദ്ധന്യനാണ് കുഞ്ചൻ നമ്പിയാർ. സമുദായങ്ങളുടെ ഉൽക്കർഷത്തിനുവേണ്ടി അദ്ദേഹം വ്യക്തികളെ പരിഹസിക്കുന്നു. അദ്ദേഹത്തിന്റെ ദുര്യോധനനും ശകുനിയും രാവണനും മറ്റും തനി മലയാളികളാണ്. അങ്ങിങ്ങ് അല്പം അശ്ലീലതയില്ലെങ്കിൽ നമ്പിയാരുടെ തുള്ളൽ മുഴുവൻ തനിത്തങ്കമായിരിക്കും. വെണ്മണിമഹന്റെ ഫലിതത്തിനും സംസ്കാരം കുറയും. ശീവൊള്ളിക്കും സഹൃദയന്റെ നിഷ്കൃഷ്ടമായ പരിശോധനയിൽ ചില കുറ്റങ്ങളും കുറവുകളമുണ്ട്. ചന്തുമേനോൻ അദ്വിതീയനായ ഒരു ഫലിതക്കാരനായിരുന്നു. ഇന്ദുലേഖയിൽ സൂരിനമ്പൂരിപ്പാടും, അദ്ദേഹത്തിന്റെ വ്യവഹാരകാര്യസ്ഥനായിരുന്ന താശ്ശൻ മേനോനും തമ്മിലുള്ള സംഭാഷണവും മറ്റും നോക്കുക.

## വേങ്ങയിൽ കുഞ്ഞിരാമൻനായനാർ (1036–1090)

### കുടുംബം

വേങ്ങയിൽത്തറവാടു മൂന്നു നൂറ്റാണ്ടുകൾക്കുമേലായി സ്ഥാനമാനങ്ങളോടും ധനപുഷ്ടിയോടും വടക്കേ മലയാളത്തിൽ ജീവിച്ചുപോന്ന ഒരു നായർ പ്രഭുകുടുംബമായിരുന്നു. അതിന്റെ മൂലഗൃഹം തെക്കൻ കർണ്ണാടകത്തിലെ കോടത്തുവേങ്ങയെന്ന തറവാടാണ്. കോടത്തുവേങ്ങയിലെ ഒരു സ്ത്രീയെ താഴയ്ക്കാട്ടു മനയ്ക്കലെ ഒരു ശാഖക്കാരായ രയരമങ്ഗലത്തെ ഒരു തിരുമുമ്പു വിവാഹം ചെയ്തു കുറ്റൂരിനു സമീപമുള്ള മാതമങ്ഗലത്തു പ്രതിഷ്ഠിച്ചു. ആ തായ്‌വഴിയാണ് കുറ്റൂരുവേങ്ങ. ആ തറവാടിനെ വേങ്ങയിൽ എന്നുമാത്രം വിളിച്ചുവരുന്നു. വടക്കേ മലയാളത്തിലെ നായർ കുടുംബങ്ങളിൽ അതിനുതന്നെയാണ് അഗ്രഗണ്യത. മാടായിക്കാവിൽ ഭഗവതി ആ കുടുംബത്തിന്റെ ഇഷ്ടദേവതയാകുന്നു.

### ജനനവും വിദ്യാഭ്യാസവും

നായനാർ 1036-ാമാണ്ടിടയ്ക്കു (ക്രിസ്തുവർഷം 1861-ൽ) ജനിച്ചു. പിതാവു പെരിഞ്ചെല്ലൂർ ഗ്രാമത്തിൽ പുളിയമ്പടപ്പു ഹരിദാസൻ സോമയാജിപ്പാടവർകളും, മാതാവു കുഞ്ഞാക്കം അമ്മയുമായിരുന്നു. പിതാവ് 1067-ൽ 77-ാമത്തെ വയസ്സിൽ മരിച്ചു. അമ്മയും എഴുപത്തേഴുവയസ്സു ജീവിച്ചിരുന്ന്, 1071-ാമാണ്ടു ചിങ്ങമാസത്തിൽ പരലോകപ്രാപ്തയായി, അവരുടെ കനിഷ്ഠപുത്രനാണ് നായനാർ. അദ്ദേഹത്തിനു സംസ്കൃതത്തിൽ പറയത്തക്ക വ്യുൽപത്തി ഉണ്ടായിരുന്നില്ല. തളിപ്പറമ്പിൽ ഇംഗ്ലീഷ്സ്കൂളിൽച്ചേർന്ന് ആ ഭാഷയിലെ പ്രഥമപാഠങ്ങൾ പഠിച്ചു. പിന്നീടു കോഴിക്കോട്ടു ഗവർമ്മെന്റ് കോളേജിൽ ഇംഗ്ലീഷ് വിദ്യാഭ്യാസം തുടർന്നു. അതാണ് കേരള വിദ്യാശാലയെന്നും സാമൂതിരിക്കോളേജെന്നുമുള്ള പേരുകളിൽ പിന്നീട് അനുക്രമമായി വികസിച്ചതു് എന്ന് ഈ പുസ്തകത്തിൽ പ്രസ്താവിച്ചിട്ടുണ്ട്. എഫ്. ഏ. പരീക്ഷയ്ക്കു തോറ്റുപോവുകയാൽ മദിരാശി പ്രസിഡൻസി കോളേജിലെ ഒരു വിദ്യാർത്ഥിയായി. അവിടെവെച്ചു ലോഗൻസായിപ്പിന്റെ ഉപദേശമനുസരിച്ചു സൈദാപ്പേട്ട കാർഷികവിദ്യാശാലയിൽ ചേർന്നു പഠിത്തം പൂർത്തിയാക്കി. നായനാരെപ്പോലെയുള്ള ഒരു ഉത്തിഷ്ഠമാനനായ ജന്മി ശാസ്ത്രീയരീതിയിൽ കൃഷി അഭ്യസിച്ചാൽ അതുകൊണ്ടു മലബാറിനു

വരാവുന്ന അഭ്യുദയത്തെപ്പറ്റി മലബാർ ജില്ലയുടെ ക്ഷേമകാംക്ഷിയായിരുന്ന അദ്ദേഹം വിഭാവനം ചെയ്തതിന്റെ ഫലമാണ് ആ ഉപദേശം.

## അനന്തരജീവിതം

ഒരു സംസ്കൃതപണ്ഡിതനും ബ്രഹ്മവിദ്യാവിശാരദനും ഒന്നാം ക്ലാസ്സ് മുൻസിപ്പുമായിരുന്ന അറയ്ക്കൽകണ്ടോത്തു കണ്ണൻ നമ്പിയാരുടെ മരുമകൾ എം. സി. കല്യാണിയമ്മയെയാണ് നായനാർ വിവാഹം ചെയ്തതു്. 1892-ൽ മലബാർ ഡിസ്ട്രിക്ട് ബോർഡിലെ ഒരങ്ഗമായി. കുടുംബത്തിൽ മൂപ്പുകിട്ടിയതു് 1904-ലായിരുന്നു. 1907-ൽ വീണ്ടും ഡിസ്ട്രിക്ട് ബോർഡങ്ഗമായി. ജോർജ്ജു ചക്രവർത്തിയുടെ പട്ടാഭിഷേകോത്സവത്തിന് ബ്രിട്ടീഷ് ഗവർമ്മെന്റ് അദ്ദേഹത്തിന് ഒരു കീർത്തിമുദ്ര സമ്മാനിച്ചു. 1912-ൽ മദിരാശി നിയമസഭയിൽ മലബാർ, ദക്ഷിണകർണ്ണാടകം ഈ ജില്ലകളിലെ ജന്മിപ്രതിനിധിയായി അദ്ദേഹത്തെ തിരഞ്ഞെടുത്തു. 1090-ാമാണ്ട് (1914 നവമ്പർ 14-ാംനു-) ആ സദസ്സിൽ പ്രസങ്ഗിച്ചുകഴിഞ്ഞതിനുശേഷം അവിടെവച്ചുതന്നെ ഹൃദയസ്തംഭനംമൂലം നിര്യാതനായി. അഭികാമ്യമായ ഒരു മരണം തന്നെയായിരുന്നു അതു്. തന്റെ എല്ലാ ശക്തികളും സിദ്ധികളും മലബാറിലെ എല്ലാ സമുദായങ്ങളുടേയും ഉന്നമനത്തിനു ഉപയുക്തങ്ങളാക്കി. കൃഷി, വ്യവസായം തുടങ്ങിയ വിഷയങ്ങളിൽ വിദഗ്ദ്ധോപദേശം നല്കുന്നതിനുവേണ്ട ശാസ്ത്രീയവും പ്രായോഗികവുമായ വിജ്ഞാനം അദ്ദേഹത്തിനുണ്ടായിരുന്നു എന്നു പറയേണ്ടതില്ലല്ലോ.

## പത്രപ്രവർത്തനം

'കേസരി' എന്ന തൂലികാനാമധേയമാണ് നായനാർ അദ്ദേഹത്തിന്റെ ലേഖനങ്ങളിൽ പ്രായേണ സ്വീകരിച്ചിരുന്നതു്. ആ പേരില്ലാതേയും അദ്ദേഹം പല ലേഖനങ്ങൾ എഴുതീട്ടുണ്ടു്. 1067 മുതൽ വിദ്യാവിനോദിനിയുടെ സഹപത്രാധിപരായിരുന്ന കാലത്തു പേരുവയ്ക്കാതെയാണ് എല്ലാ ഉപന്യാസങ്ങളും പ്രസിദ്ധീകരിച്ചുവന്നതു്. എങ്കിലും കേരളീയരുടെ കേസരി നായനാർതന്നെയാണ്; മറ്റാരുമല്ല. 1879-ൽ തിരുവനന്തപുരത്തുനിന്നു പ്രചരിച്ചുകൊണ്ടിരുന്ന കേരളചന്ദ്രിക എന്ന പത്രത്തിലായിരുന്നു അദ്ദേഹത്തിന്റെ പ്രഥമലേഖനത്തിന്റെ പ്രകാശനം. അന്ന് അദ്ദേഹത്തിനു പതിനെട്ടു വയസ്സേ പ്രായമായിരുന്നുള്ളു. സി. കുഞ്ഞിരാമമേനോനും, റ്റി. എം. അപ്പുനെടുങ്ങാടിയും കൂടി കോഴിക്കോട്ടു സ്ഥാപിച്ച കേരളപത്രികയിലെ ഒരു പ്രധാനലേഖകനായിരുന്നു കേസരി. ആ ലേഖനങ്ങളെ ആസ്പദമാക്കിയും ഗവർമ്മെണ്ടിൽനിന്നും ചില അഴിമതിക്കാരായ ഉദ്യോഗസ്ഥന്മാരെ ശിക്ഷിക്കുകയുണ്ടായി. മുൻകാലത്തെ നായർകുടുംബങ്ങളിലെ കാരണവന്മാരെ അവഹേളനംചെയ്തു് അദ്ദേഹം പത്രികയിൽ ദേശാഭിമാനി എന്ന വ്യാജനാമത്തിൽ ഒരു സരസമായ ലേഖനം എഴുതുകയുണ്ടായി. സ്വകുടുംബത്തെത്തന്നെയാണ് അതിൽ പ്രതിപാദിച്ചിരിയ്ക്കുന്നതു്. അവ എല്ലാം പൊയ്പോയതു ഭാഷയ്ക്കു് ഒരു തീരാത്ത നഷ്ടമാകുന്നു. അക്കാലത്തു പൂവാടൻ രാമൻ എന്നൊരു വക്കീൽ കോഴിക്കോട്ടുണ്ടായിരുന്നു. അദ്ദേഹം മലബാർ സ്പെക്റ്റേറ്റർ (Malabar Spectator)എന്നൊരു ഇംഗ്ലീഷ് പത്രം അവിടെനിന്നു പ്രസിദ്ധീകരിച്ചു തുടങ്ങി. നായനാരുമായി ആലോചിച്ച് അദ്ദേഹത്തിന്റെ ആധിപത്യത്തിൽ കേരളസഞ്ചാരി എന്നൊരു ഭാഷാപത്രവും തുടങ്ങി. സഞ്ചാരിയും അദ്ദേഹവും തമ്മിലുണ്ടായിരുന്ന ബന്ധത്തെപ്പറ്റി മൂർക്കോത്തുകുമാരൻ ഇങ്ങനെ പറയുന്നു: "അന്നത്തെ ഉദ്യോഗസ്ഥരങ്ഗത്തിന്റെ മദ്ധ്യത്തിൽ കടന്നുചാടി, ചിലരെ സംഹരിച്ചു; ചിലരെ ഓടിച്ചു; ചിലരെ അനുഗ്രഹിച്ചു; ചിലരെ നല്ലവരാക്കിപ്പരിണമിപ്പിച്ചു. രങ്ഗം കലുക്കി ചവിട്ടിക്കലാശംവച്ചു പൊടിപാറ്റി." 1898-ൽ മൂർക്കോത്തു

കുമാരൻസഞ്ചാരിയുടെ ആധിപത്യം കയ്യേറ്റപ്പോൾ കേസരി, വജ്രബാഹു, വജ്രസൂചി, ദേശാഭിമാനി എന്നിങ്ങനെ പല പേരുകളിൽ ലേഖനങ്ങൾ എഴുതി. കോട്ടയം മനോരമയിലും കോഴിക്കോടൻ മനോരമയിലുംകൂടി അദ്ദേഹത്തിന്റെ അനുഗൃഹീതമായ തൂലിക കാര്യക്ഷമമായി വ്യാപരിക്കുകയുണ്ടായി. വിദ്യാവിനോദിനിയുടെ സഹപത്രാധിപത്യത്തെപ്പറ്റി മുൻപു പ്രസ്താവിച്ചിട്ടുണ്ടല്ലോ. സി. പി. അച്യുതമേനോൻ തന്റെ ഫലിതധോരണിയ്ക്കു കുറേയെല്ലാം നായനാരോടു കടപ്പെട്ടിട്ടുള്ളതായി അനുമാനിയ്ക്കാം. കുമാരൻ തലശ്ശേരിയിൽനിന്നു പുറപ്പെട്ട മിതവാദിയുടെ പ്രസാധകനായപ്പോൾ അതിലും ധാരാളമായി ലേഖനങ്ങൾ എഴുതി. ഈവക ലേഖനങ്ങളും നശിച്ചുപോയിരിക്കുന്നു. 1086-ാമാണ്ടു തുലാമാസം 30-ാംനു തൃശ്ശൂരിലെ സി. സി. ഡേവിഡ്സ് എന്ന ഭാഷാഭിമാനി കേസരി എന്ന ശീർഷകത്തിൽ അദ്ദേഹത്തിന്റെ ഇരുപത്തഞ്ചു ഉപന്യാസങ്ങൾ പ്രസിദ്ധപ്പെടുത്തി. കേസരിയെ നാം ഇന്നറിയുന്നതു് ഈ ഉപന്യാസങ്ങൾവഴിക്കു മാത്രമാണ്. അവയിൽത്തന്നെ മഹാകവികളുടെ കാലം, നാടകം, മഹാകാവ്യം, ഒവൈദ്യം എന്നീ ഗവേഷണപരങ്ങളായ ഉപന്യാസങ്ങൾ ചമൽക്കാരശൂന്യങ്ങളാകുന്നു. അവയെ പ്രസ്തുത പുസ്തകത്തിൽ ഉൾപ്പെടുത്തേണ്ടിയിരുന്നില്ല. നായനാർക്കു് ആ വഴിയ്ക്കു എഴുതുന്നതിനുവേണ്ട പാണ്ഡിത്യം കുറവായിരുന്നു. മറ്റുള്ള ഉപന്യാസങ്ങളിലാണ് അദ്ദേഹത്തിന്റെ ശക്തി അതിന്റെ സമഗ്രരൂപത്തിൽ കാണാവുന്നതു്. നാട്ടെഴുത്തശ്ശന്മാർ, മരിച്ചാലത്തെ സുഖം ഇവപോലെ അത്രമാത്രം ഹാസ്യരസപ്രധാനങ്ങളായി ഭാഷയിൽ വേറേ ഉപന്യാസങ്ങൾ ഉണ്ടായിട്ടില്ല. ദ്വാരക, പരമാർത്ഥം, മദിരാശിപ്പിത്തലാട്ടം, ഒരു പൊട്ടബ്ഭാഗ്യം എന്നീ ചെറുകഥകളുടെ സ്വാരസ്യവും അന്യാദൃശമാണ്. കൃഷിയെക്കുറിച്ചും ചില നല്ല ഉപന്യാസങ്ങൾ പ്രസിദ്ധപ്പെടുത്തീട്ടുണ്ടു്.

## നായനാരുടെ ശൈലി

വളരെ ലളിതവും കോമളവുമായിരുന്നു നായനാരുടെ ശൈലി. എന്നാൽ ആ വാഗ്വജ്രത്തിന്റെ ശക്തി അനുവാചകന്മാരുടെ ഹൃദയങ്ങളിൽ തുളച്ചുകേറി മറുപുറം പായുന്നതായിരുന്നു. ആരെയും വാച്യമായി ആക്ഷേപിക്കുവാൻ നായനാർ സന്നദ്ധത പ്രദർശിപ്പിച്ചില്ല. ചന്തുമേനോന്റെ ഫലിതം വിവൃതമാണ്. നായനാരെയാണ് പല അവസരങ്ങളിലും നമുക്കു ക്ലുപ്തലായി അഭിനന്ദിക്കുവാൻ തോന്നുന്നതു്. അമേരിക്കയിൽ മാർക്ക്ട്വെയിൻ (1830–1910) എന്ന പേനപ്പേരിൽ അറിയപ്പെടുന്ന ഒരു സുപ്രസിദ്ധഫലിതസാഹിത്യകാരൻ ഉണ്ടായിരുന്നു. അദ്ദേഹത്തിന്റെ യഥാർത്ഥനാമധേയം സാമുവൽ ലാങ്ങ് ഹോറൺ ക്ലെമെൻസ് (Samuel Long Horne Clemens) എന്നാണ്. മലയാളത്തിലെ മാർക്ക്ട്വെയിനാണ് നായനാർ എന്നു ചില സഹൃദയന്മാർ വർണ്ണിക്കുന്നതു പരമാർത്ഥമല്ലെന്നു പറയാവുന്നതല്ല.

## ചില ഉദാഹരണങ്ങൾ

ഫലിതമല്ലാതെ പൊട്ടിക്കാത്ത ഒരു ഗദ്യകവിയുടെ ഏതു വാക്യങ്ങളാണ് ഉദ്ധരിക്കേണ്ടതു്? എങ്കിലും സാഹിത്യചരിത്രകാരന്റെ ധർമ്മം അനുഷ്ഠിക്കാതെ നിർവ്വാഹമില്ലാത്തതുകൊണ്ടു ചിലതെല്ലാം പ്രദർശിപ്പിക്കാം.

## ഗുണദോഷനിരൂപണം

"പക്ഷേ ഗുണദോഷനിരൂപണം ചെയ്‌വാൻ തക്ക സാമർത്ഥ്യമുള്ളവർ നല്ലതേതാണ് ചീത്തയേതാണ് എന്നു ജനങ്ങൾക്കു പറഞ്ഞുകൊടുക്കണം. അല്ലാതെ

'അദ്ദേഹമുണ്ടാക്കിയ നോവലും വിശേഷം; ഇദ്ദേഹമുണ്ടാക്കിയതും നന്നായിരിക്കുന്നു. അല്പം ചില ദൂഷ്യങ്ങൾഉണ്ടാകുന്നത് അസാധാരണമല്ലെങ്കിലും പുസ്തകം ആകപ്പാടെ വിശേഷമായിരിക്കുന്നു. കഥയിൽ അസംഭവ്യങ്ങളായ ചിലസംഗതികളുണ്ടെന്നു വരികിലും വാചകത്തിനു വളരെ പുഷ്ടിയുണ്ട്' എന്നൊക്കെ അങ്ങുമിങ്ങും തൊടാത്തവിധത്തിൽ വഴക്കി ഒരഭിപ്രായം പറയുന്നതുകൊണ്ടു യാതൊരു സാധ്യവുമില്ല." (ആഖ്യായിക അല്ലെങ്കിൽ നോവൽ)

## ചതിയന്റെ തട്ടിപ്പ്

"നമ്പ്യാര് ഇപ്പഴ് മരിക്കും; മുതലൊക്കെ വിദ്വാനും പറ്റിക്കും. എനിക്കും കുട്ടികൾക്കും എന്താണീശ്വരാ ഗതി? എന്നിങ്ങനെ ഓരോന്നു വിചാരിച്ച ഭാര്യ വലിയ പരിഭ്രമത്തിലാണെന്നു നമ്പ്യാർക്കും ഏതാണ്ടു മനസ്സിലായി. പക്ഷേ ശ്വാസത്തിന്റെ ഗോഷ്ഠിനിമിത്തം അധികം സംസാരിക്കാനും വഹിയാ. ആകപ്പാടെ വലിയ വിഷണ്ണനായി. ഭാര്യാമക്കളെ കയ്യാംഗ്യംകൊണ്ടു മെല്ലെ അടുക്കെ വിളിച്ചു. അപ്പോഴേക്കു ഗതി ഒന്നു മാറി. തമകൻ എളകി. താക്കോൽ കൊടുക്കേണ്ടുന്ന ദിക്കിലായി. അവരടുത്തു ചെന്നപ്പോൾ ഈ കള്ളന്റെ ചതിയറിവാൻമാത്രം നിങ്ങൾക്കു ബുദ്ധിയില്ലേ എന്നു പറവാൻ ഭാവിച്ചതു ശ്വാസത്തിന്റെ ഉപദ്രവംകൊണ്ടു 'പുത്തിയില്ലേ' എന്നായിപ്പോയി. അതു കേട്ട ഉടനേ വളരെ അനുതാപം നടിച്ചു കരഞ്ഞുംകൊണ്ടിരുന്ന ആ രസികൻ 'ഉണ്ടമ്മോമ! ഉണ്ട്—ഏ്ഃ—എന്റമ്മോമനു കുടുംബങ്ങളോട് എന്തു വാത്സല്യമാണ്! പത്തുപതിനഞ്ചു കൊല്ലമായില്ലേ വീടുവിട്ടു പോന്നിട്ട്? ആരേയും മറന്നിട്ടില്ലെന്റമ്മോമൻ. കേട്ടില്ലമ്മായിമ്മേ? പുത്തിയെയാണിപ്പോൾ ചോദിച്ചത്. അമ്മോമന്റെനേരേ ഉടപ്പിറന്നവളാണ്.' എന്നിങ്ങനെ കണ്ണീരും മൂക്കീരും വെള്ളം ഒലിപ്പിച്ചുകൊണ്ട് 'പുത്തിയുണ്ടമ്മോമാ—പുത്തിയുമുണ്ട്. പുത്തിപെറ്റ നാലഞ്ചു മക്കളുമായി' എന്ന് ഉച്ചത്തിൽ പറഞ്ഞു." (ഒരു പൊട്ടബ്ഭാഗ്യം)

## ഒരു ഹൃദയംഗമമായ ഉപാലംഭം

"കേരളത്തിൽ പഠിപ്പുകുറഞ്ഞവരും രോഗികളും ധാരാളമുണ്ടെങ്കിലും ഇത്രയധികം മുറിവൈദ്യന്മാരെയും എഴുത്തശ്ശന്മാരെയും ക്ഷാമം തീർന്നുകിട്ടുന്നദിക്കും വേറേ ഉണ്ടോ എന്നു സംശയമാണ്. . . ഈ ജാതിയിൽ നാലഞ്ചു തരക്കാരുണ്ടെങ്കിലും തല്ക്കാലം ഇവിടെ വിവരിപ്പാൻ പോകുന്നതു കാലക്രമേണ നശിച്ചുപോകുന്നവരും നാട്ടുംപുറങ്ങളിൽ മാത്രം ഇപ്പഴും ദുർല്ലഭമായി കണ്ടുവരുന്നവരുമായ കൂട്ടരെപ്പറ്റിയാണ്. . . കഷണ്ടിയാണെന്നു പറയാൻ പാടില്ലാത്തവിധത്തിൽ തലയിൽ രോമം വളരെ കുറഞ്ഞു, ഇരുവിരൽ നെറ്റിയും, കുണ്ടൻകണ്ണും, ഒട്ടിയ കവിളും, നീളം കുറഞ്ഞു ബഹുവിസ്തീർണ്ണമായ ദ്വാരത്തോടുകൂടിയ മൂക്കും, നേരിയ ചുണ്ടും, ഒരുമാതിരി പച്ചനിറത്തോടുകൂടിയ നീണ്ടപല്ലും, വലിയ മുഴയോടുകൂടിയ വണ്ണം കുറഞ്ഞ കഴുത്തും, നെഞ്ചുന്തി ലേശംപോലും ഉദരപുഷ്ടിയില്ലാതെ മെലിഞ്ഞദേഹവും, കയ്യും കാലും നന്നേ നേർത്തും, കഷ്ടിച്ചു മുട്ടു മറയുന്നതായ കുട്ടിമുണ്ടും ഉടുത്ത്, എടങ്ങഴി ഭസ്മവും വാരിത്തേച്ചു നല്ലൊരു എഴുത്താണിപ്പിശ്ശാങ്കത്തിയുമായി, ക്ഷയരോഗിയുടെ മാതിരി എല്ലായ്പ്പോഴും കുരച്ചോണ്ടു ചൊറിഞ്ഞോണ്ട് ആകപ്പാടെ മനുഷ്യാകൃതിയിൽ ഭയങ്കരമായ ഒരു പൈശാചികരൂപം കണ്ടാൽ അതൊരു എഴുത്തശ്ശനായിരിക്കണമെന്ന് ഊഹിക്കുന്നതായാൽ അധികമായ അബദ്ധമൊന്നും വരാനിടയില്ല."
(നാട്ടെഴുത്തശ്ശന്മാർ)

## മരണാനന്തരം

“ശ്വാസംകഴിക്കേണ്ടെന്നു വരുമ്പോൾ അസംഖ്യങ്ങളായ രോഗബീജങ്ങൾ വ്യാപിച്ചിട്ടുള്ളതായ വായുക്കളെക്കൊണ്ടാവട്ടെ, അന്യന്മാരു ചുരുട്ടു മുതലായതു വലിക്കുമ്പോഴുള്ള ദുസ്സഹമായ പുകകൊണ്ടാവട്ടെ, യാതൊരുപദ്രവവുംഉണ്ടാവുന്നതല്ല. മോട്ടോർകാറും സൈക്കിളും ഓടിച്ചു പൊടിപാറ്റിയാലും വീണാലും ചത്താലും മൂക്കുമുറിഞ്ഞാലും ഒന്നും വിചാരിക്കാനില്ല. ആവക സങ്കടമേ അനുഭവിക്കേണ്ടതില്ല. മണി മുട്ടുന്നതും കാളം വിളിക്കുന്നതും ഭേകവാക്കുകളായ ജിഹ്വാപരിഷ്കാരികൾ കണ്ഠക്ഷോഭം ചെയ്യുന്നതും വഴി പോകുമ്പോൾക്കൂടി നാടകശ്ലോകങ്ങൾ ചൊല്ലുന്നതും ഒന്നും കേട്ടു സഹിക്കേണ്ടതുമില്ല. കരിസനെണ്ണയുടെ ദുർഗ്ഗന്ധമേ ഉണ്ടാവില്ല. . . ആർക്കാണീ വോട്ടു ചെയ്യേണ്ടത്? എപ്പോഴാണ് കൈ പൊന്തിക്കേണ്ടത്? എവിടെയാണ് എസ് മൂളേണ്ടത്? എങ്ങനെയാണ് ഇംഗ്ലീഷിൽ ഒപ്പിടേണ്ടത്? എന്നതെല്ലാം പഠിക്കാനും ബുദ്ധിമുട്ടാനും കണ്ടവരെക്കൊണ്ടു ചിരിപ്പിക്കാനും ഒന്നിനും പോകണ്ട. പരമസുഖം. ഈവക പ്രകൃതിരഹസ്യങ്ങളെല്ലാം കേൾക്കുമ്പോൾ ഇനി ജീവിച്ചിരിക്കയല്ല നല്ലത്, കുടിച്ചു മരിച്ചുകളയുന്നതാണുത്തമം എന്നു വിചാരിച്ച് ആരും ഇന്നു വൈകുന്നേരം തന്നെ അബ്കാരിനികുതി വർദ്ധിപ്പിക്കാനും ശ്രമിക്കരുത്. അതു നമ്മളാരുടേയും പരിശ്രമം കൂടാതെ പുതിയ പരിഷ്കാരത്തിനനുസരിച്ചു കൊല്ലംതോറും പതിവിലധികം വർദ്ധിക്കുന്നുണ്ട്.” (മരിച്ചാലത്തെ സുഖം)

ചന്തുമേനോന്റെ നാട്ടാശാന്മാർ നായനാരുടെ നാട്ടെഴുത്തശ്ശന്മാരെ അനുസ്മരിപ്പിക്കുന്നതുപോലെ കുഞ്ചൻനമ്പിയാരുടെ കാലനില്ലാത്ത കാലത്തെ നായനാരുടെ മരിച്ചാലത്തെ സുഖവും അനുസ്മരിപ്പിക്കുന്നു. ചെറുകഥകൾ അധികമില്ലെങ്കിലും ഉള്ളതുകൊണ്ടു നമുക്കു തൃപ്തിപ്പെടാവുന്ന നിലയിലാണ് ദ്വാരകയും മറ്റും. ദ്വാരകയിലെ ചില വാക്യങ്ങൾ നോക്കുക. “ഇതൊക്കെക്കണ്ടു ഭയപ്പെട്ടു വിസ്മിതന്മാരായി നില്ക്കുമ്പോൾ കുറച്ചുമുൻപേ ഭിത്തിയുണ്ടായിരുന്ന ദിക്കിൽ, വെളുവെളുത്ത സ്തംഭാകൃതിയിൽ വളരെ നേർമ്മയായി ചുറ്റിലും ചുഴന്നുംകൊണ്ടു മേലോട്ടു പുകപോലെയൊന്നു പൊങ്ങിവരുന്നതു കണ്ടു; കാളമേഘംപോലെ കറുത്തു മഹാമേരുപോലെ ഘോരാകൃതിയിൽ ആയുധപാണികളായ രണ്ടു ഭൂതങ്ങൾ ആ പുകയുടെ പിന്നാലേ ഞങ്ങൾക്കഭിമുഖമായി വരുന്നതു കണ്ടു. ഈ ഘോരസത്വത്തെ കണ്ടുകൂടുമ്പോഴേയ്ക്കു ഞങ്ങൾ രണ്ടുപേരും വല്ലാതെ ഭയപ്പെട്ടു മോഹിച്ചു മോഹാലസ്യപ്പെട്ട് ഇടിവെട്ടിയ മരംപോലെ നിശ്ചേഷ്ടന്മാരായി അവിടെത്തന്നെനിന്നുപോയി. അങ്ങനെയിരിക്കുമ്പോൾ അതിലൊരുത്തൻ ഒരു വലിയ ഗദയും ഉയർത്തിപ്പിടിച്ചുകൊണ്ട് എന്റെ അടുക്കൽ വന്നു കഴുത്തിനു കൈ കൂട്ടിയപ്പോൾ ഞാൻ നിലവിളിച്ചു. ആ സമയം ആരോ ഒരാൾ ‘നാ . . . രേ, എടോ . . . ഹേ! നാ . . . രേ! ഇതെന്തൊറക്കാണെടോ? നേരം ഉച്ചയാവാറായല്ലോ. എന്താ ഹേ! നിലവിളിക്കുന്നത്? വല്ല സ്വപ്നവും കണ്ടു ഭയപ്പെട്ടുവോ? എഴുനീല്ക്കു! ചായ കുടിക്കണ്ടേ?’ എന്നൊക്കെ ഉച്ചത്തിൽ പറയുന്നതു കേട്ടു.”

ഇനിയും നായനാർ പൊട്ടിച്ചിട്ടുള്ള പല ഊക്കൻ ഫലിതങ്ങളെപ്പറ്റിയും പ്രതിപാദിക്കേണ്ടതായുണ്ടെങ്കിലും സ്ഥലദൗർല്ലഭ്യം അതിനു പ്രതിബന്ധമായി നില്ക്കുന്നു. ചില അംശങ്ങളിൽ നായനാരെ ജയിക്കുന്ന ഒരു വിനോദസാഹിത്യകാരൻ കേരളത്തിൽ ജനിച്ചിട്ടില്ല എന്നു ധൈര്യമായി പറയാം.

## എം. രാമുണ്ണിനായർ (1078–1119)

### ജനനം

എം. രാമുണ്ണിനായർ തലശ്ശേരിയിൽ ഒതയോത്ത് എന്ന ഒരു പുരാതനമായ നായർ കുടുംബത്തിൽ ഇംഗ്ലീഷ് വർഷം 1903 ജൂൺമാസം 13-ാംനു (1078) ജനിച്ചു. അദ്ദേഹത്തിന്റെ പിതാവു തലശ്ശേരി ബി. ഇ. എം. പി. സ്കൂളിൽ മലയാളപണ്ഡിതനായിരുന്ന മാടാവിൽ ചെറിയ കുഞ്ഞിരാമൻവൈദ്യരും മാതാവു മാണിക്കോത്തു പാറുവമ്മയുമായിരുന്നു. മാണിക്കോത്ത് എന്നത് അദ്ദേഹത്തിന്റെ തറവാട്ടു പേരാണ്. ചെറിയകുഞ്ഞിരാമൻവൈദ്യർ വലിയ കുഞ്ഞിരാമൻവൈദ്യരുടെ അനന്തരവനായിരുന്നു എന്നു മുൻപു പ്രസ്താവിച്ചിട്ടുണ്ട്. മാണിക്കോത്തു രാമുണ്ണി നായർ കാലാന്തരത്തിൽ എം. ആർ. നായരായി. പക്ഷേ പത്രപ്രവർത്തകനായപ്പോൾ പല തൂലികാനാമധേയങ്ങൾ അദ്ദേഹം സ്വീകരിക്കുകയും അവയിൽ പാറപ്പുറത്തു സഞ്ജയൻ എന്ന പേരിൽ അദ്ദേഹം സുപ്രസിദ്ധനാകുകയും ചെയ്തു. ചെറിയ കുഞ്ഞിരാമൻവൈദ്യരും അദ്ദേഹത്തിന്റെ അമ്മാവനെപ്പോലെ ഒരു ഭാഷാസാഹിത്യകാരനായിരുന്നതിനുപുറമേ ഒരു വാഗ്മിയും പത്രപ്രവർത്തകനുമായിരുന്നു; അദ്ദേഹം 42-ാമത്തെവയസ്സിൽ അന്തരിച്ചപ്പോൾ എം. ആർ. നായർക്ക് ഏഴു വയസ്സേ കഴിഞ്ഞിരുന്നുള്ളു. സംസ്കാരസമ്പന്നയും സുപരിചിതയുമായ മാതാവാണ് പിന്നീടു കുമാരനെ വളർത്തിയത്.

### വിദ്യാഭ്യാസം

മാതാവിന്റെ പ്രയത്നം സഫലമായി. അടിയുറച്ച ഈശ്വരവിശ്വാസത്തോടും അചഞ്ചലമായ ആത്മവിശ്വാസത്തോടും ആ മകൻ വളർന്നുയർന്നു. അദ്ദേഹത്തിന്റെ ഈശ്വരൻ പരബ്രഹ്മനിർവ്വിശേഷനാണെന്നുമാത്രം ഒരു വ്യത്യാസമുണ്ട്. തന്റെ സർവ്വസ്വത്തിനും നിദാനീഭൂതയായ ആപുണ്യശ്ലോകയോട് അദ്ദേഹത്തിന്റെ ഭക്തിക്ക് അതിരുണ്ടായിരുന്നില്ല. തിരുവങ്ങാടു ഗവർമ്മെന്റ് ബ്രണ്ണൻ ബ്രാഞ്ച് സ്കൂൾ, തലശ്ശേരി ഗവർമ്മെന്റ് ബ്രണ്ണൻകോളേജ്, പാലക്കാട്ടു വിക്ടോറിയാകോളേജ്, മദിരാശി ക്രിസ്ത്യൻകോളേജ് എന്നീ വിദ്യാലയങ്ങളിൽ ഇംഗ്ലീഷു പഠിച്ച് 1927-ൽ ഇംഗ്ലീഷ്സാഹിത്യം ഐച്ഛികവിഷയമായി സ്വീകരിച്ചു ബി. ഏ. ആണേഴ്സ് പരീക്ഷ ജയിച്ചു. ഫ്രഞ്ച്, ജർമ്മൻ എന്നീ ഇതരപാശ്ചാത്യ ഭാഷകളിലും പ്രായോഗികമായ വിജ്ഞാനം സമ്പാദിച്ചിരുന്നതായി അഭിജ്ഞന്മാർ പറയുന്നു. സ്വയം പരിശ്രമിച്ചു സംസ്കൃതഭാഷയിലും ഗാഢമായ വ്യുൽപത്തിനേടി.

### പത്രപ്രവർത്തനവും മറ്റും

പരീക്ഷാവിജയത്തിനുശേഷം നായർ കോഴിക്കോട്ടു ഹജ്ജൂരാപ്പീസിൽ ഒരു ഗുമസ്തനായി പണി നോക്കി. അവിടെ ഫൈലുകൾക്കിടയിൽ നശിച്ചു പോകേണ്ടതല്ലായിരുന്നു അദ്ദേഹത്തിന്റെ ജീവിതം. അതുകൊണ്ടു കൈരളിയുടെ ഭാഗ്യാതിരേകത്താൽ എന്നുവേണം പറയുവാൻ—അദ്ദേഹം ആ പണി രാജിവച്ചു വെളിയിലേക്കു കടന്നു. പിന്നീടു കുറേക്കാലം കോഴിക്കോട്ടു ക്രിസ്ത്യൻ കാളേജിൽ ഒരു അധ്യാപകനായിരുന്നു. അനന്തരം തിരുവനന്തപുരത്തു ലാക്കാളേജിൽ ചേർന്നുവെങ്കിലും എഫ്. എൽ. പരീക്ഷജയിച്ചതിനുമേൽ പഠിത്തം തുടരാൻ സാധിച്ചില്ല. 1932-ൽ ആ വിദ്യാഭ്യാസം പൂർത്തിയാക്കുവാൻ തിരുവനന്തപുരത്തേക്കുവീണ്ടും പോയിയെങ്കിലും പരീക്ഷയ്ക്കു സ്വല്പം മുൻപു ക്ഷയരോഗബാധിതനായിത്തീർന്നു കിടപ്പിലായിപ്പോയി.

അന്ന് അദ്ദേഹത്തിനു മുപ്പതു വയസ്സു തികഞ്ഞിരുന്നില്ല. മദനപ്പള്ളിയിൽ ചികിത്സി ച്ച് ആ രോഗം തല്ക്കാലം ശമിപ്പിച്ചു. 1933-ൽ അവിടെനിന്നു തിരിച്ചെത്തി. പിന്നീടു മൂന്നുകൊല്ലത്തേയ്ക്കു നിരന്തരമായി പുസ്തകപാരായണത്തിൽ ഏർപ്പെട്ടു. അക്കാല ത്താണ് ജ്യോതിശ്ശാസ്ത്രത്തിലും ഭഗവൽഗീതയിലും നിഷ്ണാതനായത്.

വീണ്ടും കോഴിക്കോട്ടു ക്രിസ്ത്യൻ കോളേജിൽ ലെക്ചററായി. അങ്ങനെ 1935 മുതൽ 1942 ഏപ്രിൽമാസം വരെ അദ്ദേഹം കോഴിക്കോട്ടുതന്നെ അദ്ദേഹത്തിന്റെ പ്രവർത്തനരങ്ഗമാക്കി സാഹിത്യസേവനം ചെയ്തു. തദനന്തരം ശരീരത്തിന് അസു ഖം കൂടിവരുന്നതായി കണ്ടതിനാൽ നാട്ടിലേയ്ക്കുതന്നെ മടങ്ങി. പിന്നീട് അധികമൊ ന്നും എഴുതിയില്ല. ആകെ എട്ടു കൊല്ലത്തോളമേ അദ്ദേഹത്തിനു ഭാഷാസാഹിത്യ ത്തെ തദേകതാനനായി ഉപാസിക്കുവാൻ സാധിച്ചുള്ളു. അതുതന്നെയും നിരന്തര മാണെന്നു പറയുവാൻ നിർവ്വാഹമില്ല. സഞ്ജയന്റെയും വിശ്വരൂപത്തിന്റെയും പണി അതാതു ലക്കം പുറപ്പെടാറാകുമ്പോൾ മാത്രമാണ് നിർവ്വഹിച്ചത്. “എൻമടിശ്ശീലയ ല്ലെൻ മടിശ്ശീലമാണുണ്മയിൽ വാഴ്‌വതെന്നോമനയായ്” എന്ന് അദ്ദേഹം തന്നെ പാടീട്ടുണ്ട്.

## ഗാർഹികജീവിതം

എം. ആറിനെ ബാധിച്ചിരുന്ന രോഗം ഭയങ്കരമായിരുന്നു എന്നു പറയേണ്ടതില്ലല്ലോ. 1927-ൽ തന്റെ അമ്മാമനായ റിട്ടയർഡ് ഡെപ്യൂട്ടി കലക്ടർ എം. അനന്തൻനായരു ടെ ദ്വിതീയപുത്രി കാത്യായനിയമ്മയെ വിവാഹംചെയ്തു. 1929-ൽ ആ ദാമ്പത്യത്തി ന്റെ ഫലമായി ബാബു എന്നൊരു പുത്രൻ ജനിച്ചു. 1930-ൽ പത്നിയും 1939-ൽ ബാബു വും അന്തരിച്ചു. മലയാംകൊല്ലം 1117-ൽ ജ്യേഷ്ഠസഹോദരനും മരിച്ചു. എന്തെല്ലാം കു ടുംബദുഃഖങ്ങളാണ് അദ്ദേഹത്തിന് അനുഭവിക്കേണ്ടിവന്നത്! അദ്ദേഹത്തിന്റെ വാ ങ്മയം വായിച്ചാൽ അതിന്റെ കരിനിഴൽ അതിൽ എവിടെയെങ്കിലും തട്ടീട്ടുള്ളതാ യി കാണുമോ? ആ അജയ്യതയിലാണ് അദ്ദേഹത്തിന്റെ അന്യാദൃശത്വം പ്രധാന മായി നിലകൊള്ളുന്നത്. അത്തരത്തിൽ ഒരു വ്യക്തിയെ ലോകം അത്യന്തം വിരള മായേ ദർശിക്കുന്നുള്ളു. 1944-ാമാണ്ടു സെപ്റ്റമ്പർമാസം 13-ാംനു ആ മഹാപുരുഷൻ പ്രപഞ്ചയവനികയ്ക്കുള്ളിൽ തിരോധാനംചെയ്തു. അതുവരെ അദ്ദേഹം ചെറുത്തുനിറു ത്തിയിരുന്ന കേരളീയരുടെ അശ്രുപ്രവാഹം അണപൊട്ടിയൊഴുകി.

## സാഹിത്യസേവനം

എം.ആർ. നായർ ഏറ്റവും ഹൃദയങ്ഗമമായി പദ്യരൂപത്തിലും ഗദ്യരൂപത്തിലും പലതും എഴുതീട്ടുണ്ട്. ആദ്യകാലത്ത് അദ്ദേഹത്തിന്റെ തൂലിക വ്യാപരിച്ചത് അധി കവും പദ്യത്തിലായിരുന്നു. 1916-ാമാണ്ടിടയ്ക്കു പതിന്നാലു വയസ്സു മാത്രമുള്ളപ്പോൾ കൈരളിയിൽ പ്രസിദ്ധീകരിച്ചതാണ് ഒന്നാമത്തെ കവിത. കെ. കെ. രാജാവിന്റെ കൃതിക്ക് ഒരു മറുപടിയായിരുന്നു അത്.

> “രാജൻ! മഹേശാജ്ഞയഭിജ്ഞരാകും
> മുനീന്ദ്രർ നമ്മോടരുൾ ചെയ്തിരിപ്പൂ;
> അതീശ്വരങ്കൽ ദൃഢഭക്തിയൊത്തു
> കർത്തവ്യകർമ്മങ്ങളിൽ നിഷ്ഠയത്രേ.”

നായരുടെ പല കവിതകളും ലേഖനങ്ങളും ജനരഞ്ജിനി, കവനകൗമുദി, സാഹിത്യ ചന്ദ്രിക മുതലായ മാസികകളുടേയും, സ്വാഭിമാനി, സമുദായദീപിക, ഗജകേസരി തു ടങ്ങിയ വൃത്താന്തപത്രികകളുടേയും പുറങ്ങളിൽ കാണാം. കെ. വി. അച്യുതൻനാ

യരുടെ ഉടമസ്ഥതയിൽ കേരളപത്രിക നടന്നുകൊണ്ടിരുന്ന കാലത്താണ് അദ്ദേഹം അതിലെ സാഹിത്യനായകനായിത്തീർന്നത്. ആ പത്രത്തിന്റെ എട്ടാം പുറം എം. ആർ. നായരുടെ ഉപന്യാസങ്ങളെക്കൊണ്ടു നിരന്തരം അലംകൃതമായിരുന്നു. പിന്നീടു സ്വതന്ത്രമായി രണ്ടു മാസികകൾ അദ്ദേഹം ആരംഭിച്ചു. (അവയിൽ സഞ്ജയൻ 1936 മുതൽ 1939 വരെയും 'വിശ്വരൂപം' 1940 മുതൽ 1941 വരെയും പ്രചരിച്ചു. എം. ആറിന്റെ പേര് അവയുടെ പ്രസിദ്ധീകരണം കൊണ്ടാണ് അനശ്വരമായി, അഭങ്ഗുരമായി, അഖണ്ഡജ്യോതിസ്സു പ്രസരിപ്പിച്ചുകൊണ്ടു നിലകൊള്ളുന്നത്. എം. ആറിന്റെ പ്രവർത്തനങ്ങളിൽ എം. ബി. അദ്ദേഹത്തിന്റെ ചിത്രകാരനും മാധവൻ നായർ (മാധവജി) സാഹായ്യകാരനുമായിരുന്നു. മാധവൻനായർ സഞ്ജയന്റെ മാനേജരുംകൂടിയായിരുന്നു. കോഴിക്കോട്ടു പുതിയതറയിലെ ഒരങ്ഗമായിരുന്ന എം. ബി. മാധവജി, കുതിരംപള്ളിയാടിൽ മാധവൻനായരാണ്. അദ്ദേഹത്തിന്റെ സ്വദേശം വള്ളുവനാടു താലൂക്കിൽ പുലാമന്തോൾ എന്ന ദേശമാണ്. പാലക്കാട്ടു കോളേജിൽ സഞ്ജയന്റെ സഹപാഠിയായിരുന്നു. ഇൻടർമീഡിയറ്റുപരീക്ഷ ജയിച്ചിട്ടില്ല.

## കൃതികൾ

എം. ആർ. നായർ വേറേ ചില കൃതികൾകൂടി പ്രസിദ്ധീകരിച്ചിട്ടില്ലെന്നില്ല. (1) കേരളപത്രികയിൽ എഴുതിയിരുന്ന ആറു നിരൂപണങ്ങൾ 1935-ൽ സാഹിത്യനികഷം എന്ന പേരിൽ അച്ചടിപ്പിച്ചു. (2) 1942-ൽ ഷേക്സ്പീയർമഹാകവിയുടെ ലോകപ്രസിദ്ധമായ ഒഥെല്ലോ എന്ന നാടകം ഗദ്യമായി തർജ്ജമചെയ്തു. ഇംഗ്ലീഷിൽനിന്ന് ഒരു കൃതി മലയാളത്തിലേയ്ക്കു തർജ്ജമചെയ്യുമ്പോൾ അത് അനുപദാനുവാദമാകരുത് എന്ന് അദ്ദേഹത്തിനു പ്രത്യേകം നിഷ്കർഷയുണ്ടായിരുന്നു. "മൂലഗ്രന്ഥത്തിലെ ഒരു വാചകം വായിച്ച് ആ വാചകത്തിന്റെ അർത്ഥം അതിന്റെ സമ്പൂർണ്ണമായ ശക്തിയോടുകൂടി ശ്രോതാവിന്റെ ഹൃദയത്തിലേയ്ക്കു സംക്രമിപ്പിയ്ക്കുവാൻവേണ്ടി ആ വാചകം പറയുന്ന ആളുടെ സ്വഭാവത്തോടും വിദ്യാഭ്യാസത്തോടും സാഹചര്യത്തോടും തല്ക്കാലപരിതഃസ്ഥിതിയോടും തല്ക്കാലവികാരത്തോടും കൂടിയ ഒരു മലയാളി എന്തു പറയുമോ അതു പകർത്തുക. ഇതു മൂലവാചകത്തിന്റെ അനുപദതർജ്ജമയായി പരിണമിയ്ക്കുന്നിടങ്ങളിൽ ഞാൻ അതിനെ സ്വീകരിച്ചിട്ടുണ്ട്. അല്ലാത്തിടങ്ങളിൽ ഞാൻ അനുപദതർജ്ജമയെ കേവലം തള്ളുകയും ചെയ്തിരിക്കുന്നു. ഷേക്സ്പീയരുടെ മഹത്വത്തിന്റെ നേരേ മലയാളിയുടെ കണ്ണുതുറപ്പിയ്ക്കുകയാണ് എന്റെ ഉദ്ദേശം." എം. ആറിന്റെ മരണാനന്തരം 'അന്യോപഹാരം' (പദ്യം) 'ഹാസ്യാഞ്ജലി' (പദ്യം) എന്നീ പുസ്തകങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

## സഞ്ജയൻ

കേരളപത്രികയിൽ അദ്ദേഹം സാഹിത്യദാസൻ എന്ന പേരിലാണ് ഉപന്യാസങ്ങൾ എഴുതിവന്നത്. ഒരു വാസനാസമ്പന്നനായ കവി, സമുജ്ജ്വലനായ തത്ത്വചിന്തകൻ, സൂക്ഷ്മദൃക്കായ നിരീക്ഷകൻ, നിർഭയനും നിസ്സങ്ഗനുമായ നിരൂപകൻ, സരസനായ ഗദ്യകാരൻ, അദ്വിതീയനായ ഫലിതമാർമ്മികൻ എന്നിങ്ങനെ പല നിലകളിൽ അദ്ദേഹം നമ്മുടെ അന്യാദൃശമായ സ്നേഹത്തിനും ബഹുമാനത്തിനും പാത്രീഭവിയ്ക്കുന്നു. ഒന്നു തീർച്ചയായിപറയാം. ഇത്രയും സാംസ്കാരികമായ കലാസമ്പത്തോടുകൂടി വിനോദസാഹിത്യത്തിൽ വിഹരിച്ചവർ കുഞ്ചൻനമ്പിയാർക്കിപ്പുറം വേറേയില്ല. ദൈവം അദ്ദേഹത്തെ പലവിധത്തിൽ പീഡിപ്പിച്ചു. അവയെല്ലാം പാറപ്പുറത്ത് എയ്ത ഒരു ദുർബ്ബല ശത്രുവിന്റെ മൊട്ടമ്പുകളായി കരുതി അദ്ദേഹം ദൈവത്തേയും പ്രഹരിച്ചു. താൻ കരഞ്ഞുകാണണമെന്നായിരുന്നു ദൈവത്തിന്റെ

ആഗ്രഹം. അതു പറ്റിയില്ലെന്നു മാത്രമല്ല അദ്ദേഹം താനും ചിരിച്ച് അതോടുകൂടി സകല കേരളീയരേയും ചിരിപ്പിച്ചു. ദൈവം അവനതശിരസ്കനും ഇതികർത്തവ്യതാമൂഢനുമായി അദ്ദേഹത്തിന്റെ പാദങ്ങളിൽ പതിച്ചു. ഇതാണ് പരമാർത്ഥം. പിന്നിട് അവിസ്മരണീയമായ ചങ്ങലംപരണ്ട പാറപ്പുറത്തു സഞ്ജയൻ എന്ന തൂലികാനാമധേയം സ്വീകരിച്ചു. ആറ്റുപുറം വയലിൽ പെരുംകളം പാലയുടെ അടുത്തെങ്ങാണ്ടോ ആണത്രേ പാറപ്പുറം. പാറപ്പുറത്തെ സഞ്ജയൻ സങ്കുചിതരൂപം കൈക്കൊണ്ടപ്പോൾ പി. എസ്. ആയി പരിണമിച്ചു. ആരാണ് സഞ്ജയൻ? മഹാഭാരതത്തിൽ അദ്ദേഹം അന്നന്നു നടന്ന ഭാരതയുദ്ധത്തെ അന്ധനായ ധൃതരാഷ്ട്രരുടെ കർണ്ണങ്ങളിൽ യഥാതഥം വർണ്ണിച്ചു കേൾപ്പിക്കുന്നു. നമ്മുടെ സഞ്ജയന്റെ സേവനത്തിനും അതോടു സാജാത്യമുണ്ട്. അന്ധന്മാരായ പൊതുജനങ്ങളുടെ ദാസനാണ് അദ്ദേഹം. മഹാഭാരതയുദ്ധം ഇന്നും നടക്കുന്നുണ്ട്; എന്നും നടക്കുകയും ചെയ്യും. കുറേ സത്തുക്കളും ഒട്ടനവധി അസത്തുക്കളും തമ്മിലുള്ള ഒരു യുദ്ധമാണ് അത്. ദുഷ്ടന്മാരെ നല്ല വഴിക്കു നയിക്കുവാൻ സഞ്ജയൻ യത്നിക്കുന്നു. ചങ്ങലംപരണ്ട അദ്ദേഹത്തിനു സാധാരണദൃഷ്ട്യാ സംഭവിക്കാവുന്ന ക്ലേശങ്ങളേയും പാറപ്പുറം ആപത്തിലും അദ്ദേഹത്തിൽ കാണപ്പെടുന്ന മനസ്സൈഥര്യത്തേയും വ്യഞ്ജിപ്പിക്കുന്നു.

## ഫലിതസാഹിത്യം

ആധുനികകാലത്തെ ഫലിതസാഹിത്യത്തിന്റെ സാമ്രാജ്യാധിഷ്ഠിതനാണ് പി. എസ്. യഥാർത്ഥമായ ഹാസസാഹിത്യം എന്തെന്ന് അദ്ദേഹം തന്നെ താഴെക്കാണുന്ന വിധത്തിൽ നിർവ്വചനം ചെയ്തിട്ടുണ്ട്”

“കരളെരിഞ്ഞാലും തല പുകഞ്ഞാലും
ചിരിക്കണമതേ വിദൂഷകധർമ്മം.
ചിരിയും കണ്ണീരുമിവിടെക്കാണവ—
യൊരുപോൽ മിഥ്യയെന്നറിവോനല്ലി നീ?
ഇവ രണ്ടിൽച്ചിരി പരം വരണീയ—
മവനിയിൽ ഹാസ്യമമൃതധാരതാൻ.
വിഷാദമാത്മാവിൻ വിഷം, വിദൂഷക!
വിശുദ്ധാനന്ദത്തിൻ വിലേപനം ചിരി.
. . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . .
ചെറുകവികളിങ്ങരങ്ങേറും മുൻപേ—
യൊരു കളരിയിൽപ്പഠിച്ചിരിക്കണം
യുവവിമർശകകരാംഗുലികളെ
വിവേകമുള്ളോരൊന്നുഴിഞ്ഞിരിക്കണം
തിര മുറിച്ചാഴിപ്പരപ്പിൽ നീന്തുവാൻ
കുളത്തിലെ വെള്ളം വയറ്റിലെത്തണം.
നവീനവിപ്ലവവികൃതിപ്പിള്ളരെ—
ച്ചെവി പിടിച്ചു നേർവഴിയിലാക്കണം.
ചിരികൊണ്ടു കയ്പു കലരും സത്യത്തെ—
പ്പൊതിഞ്ഞു നല്കുവതെളുപ്പമെന്നാരും
കരുതിപ്പോകൊല്ലേ! ശരിക്കതു ചെയ്‌വാൻ
പരിചയം പോരാ, ഗുരുത്വവും വേണം.
. . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . .

പരിഹാസമെന്നാൽ ശകാരംമാത്രമ–
ല്ലൊരിക്കലുമതു മറക്കരുതാരും.
പരിഹാസപ്പൂവുപ്പനീർച്ചെടിക്കെടോ
ചിരിയത്രേ പുഷ്പം; ശകാരം മുള്ളുതാൻ.
അതിന്റെ പൂവാണച്ചെടിക്കലങ്കാര–
മതിന്റെ മുള്ളല്ലെന്നറിഞ്ഞുകൊള്ളുക.
വെറും മുള്ളായ്ത്തീർന്നാൽ സഹൃദയലോക–
മറുത്തെറിഞ്ഞീടുമതിനെയപ്പൊഴേ.
ചിരിയെന്നാലതിന്നൊരു മയം വേണം:
വരസാരസ്യത്താൽ സുഗന്ധിയാകണം;
പതിഞ്ഞ ശബ്ദത്താൽ മൃദുലമാക്കണം;
തികഞ്ഞ സാഹിത്യപ്രഭ കൊടുക്കണം.
ഒരു മുള്ളു തട്ടി മുറിഞ്ഞാലും പ്രിയാ–
നഖക്ഷതം പോലെ മനോജ്ഞമാകണം.
കുറച്ചൊരു നീറലിരുന്നാലുമതി–
ലുറന്ന രാഗത്തിൽ മനം ലയിക്കണം.
അതിന്റെ മാധുര്യസുഖലഹരിയിൽ
മതി മയങ്ങണം; കദനമാറണം.
ഇതു വയ്യെന്നാകിൽപ്പരിഹാസം നീച–
മതിലിറങ്ങാതെ കഴിക്ക കേസരി!"

എത്ര ഉൽക്കൃഷ്ടങ്ങളായ ആദർശങ്ങളാണ് ഈ വരികളിൽ വിഭാവനം ചെയ്തിരിക്കുന്നത്! ഈ ആദർശങ്ങളെ ആകുന്നിടത്തോളം ലക്ഷീകരിച്ചുകൊണ്ടായിരുന്നു പി. എസ്. തന്റെ സാഹിത്യജീവിതം നയിച്ചത്. അപൂർവ്വം ചില അവസരങ്ങളിൽ ആകാശത്തിലേക്ക് എയ്ത അമ്പുകൾ ഇടയ്ക്കുള്ള മരക്കൊമ്പുകളോളമേ പൊങ്ങിയുള്ളു എന്നു വരാം; വന്നിട്ടുണ്ട്. ആർക്കാണ് വരാത്തത്?

## എം. ആറിന്റെ മറ്റു ചില ഗുണവൈശിഷ്ട്യങ്ങൾ

ഏതൊരു കാഴ്ചയിലും ഭാവനയിലും ചിരിക്കാനുള്ള വക സഞ്ജയനുണ്ടായിരുന്നു. അതിനെ പരഹൃദയങ്ങളിൽ അതേനിലയിൽത്തന്നെ പ്രസരിപ്പിച്ച് അവിടമെല്ലാം ആനന്ദമയമാക്കുന്നതിനുള്ള ശക്തിയും അതോടുകൂടിത്തന്നെ സമ്മേളിച്ചിരുന്നു. ഏതു വിഷയത്തെപ്പറ്റി എഴുതുമ്പോഴും അദ്ദേഹത്തിനു സ്വകീയമായ ഒരു അഭിപ്രായമുണ്ടായിരുന്നു. അദ്ദേഹം ഹാസ്യാനുകരണങ്ങളിലല്ലാതെ പരകീയത്വം പ്രദർശിപ്പിച്ചിട്ടില്ല. ലണ്ടനിലെ സുപ്രസിദ്ധമായ പഞ്ച് (Punch) എന്ന വാരിക വായിച്ചു പഠിച്ചു ചിന്തിച്ചു മനനംചെയ്തു ഹൃദയത്തിൽ അലിയിച്ചു ചേർത്തുവന്നതു സംസ്കാരസമുന്നതിയെ കാംക്ഷിച്ചുമാത്രമാണ്. പഞ്ചിനേയും അതിശയിക്കുന്ന പാടവത്തോടുകൂടി അദ്ദേഹം പരശ്ശതം ലേഖനങ്ങൾ എഴുതീട്ടുണ്ട്. തന്റെ തൂലിക ഒരവസരത്തിലും മതത്തിനോ സമുദായത്തിനോ കക്ഷിക്കോവേണ്ടി അദ്ദേഹം മലീമസമാക്കീട്ടില്ല. അദ്ദേഹത്തിന് ആരും ശത്രുക്കളല്ലായിരുന്നു. അദ്ദേഹത്തിനെ പിൻതിരിപ്പനാണെന്നു ചിലർ അവഹേളനം ചെയ്തത് അവരുടെ സ്പർദ്ധയ്ക്കും സങ്കുചിതചിന്തയ്ക്കും ഉദാഹരണമായി ഗ്രഹിക്കാം. തന്റെ സർവ്വസ്വമായ കലാബോധത്തിനുംമേൽ ഉയർന്നുപ്രകാശിക്കുന്ന ആദ്ധ്യാത്മിക സൗന്ദര്യത്തിന്റെ പരമാരാധകനായിരുന്നു അദ്ദേഹം. ഒരു പ്രതിയോഗിക്ക് എഴുതിയ മറുപടിയിൽ ആ വശ്യവചസ്സു പറഞ്ഞി

ട്ടുള്ളതു് ഇങ്ങനെയാണ്: “അങ്ങുന്നേ! തത്വവുംസത്യവ്യം ഇന്ന വേഷക്കാരന്റെ മുഖ ത്തുകൂടിയേ നിർഗ്ഗമിക്കാവു എന്നില്ല. യാതൊരു സ്ഥിരസത്തയും ശൈലീഭേദത്തെ യോ ഭാഷാഭേദത്തെയോ ആസ്പദിയ്ക്കുന്നുമില്ല. ‘പ്രഭോ! ഒരു ഗായകന്റെ നിലയിൽ മാത്രമേ അങ്ങയുടെ സന്നിധിയിൽ വരുവാൻ എനിക്ക് അവകാശമുള്ളു’ എന്നു മഹാകവി ടാഗൂറാണ് പറഞ്ഞതു്. ആ വാചകത്തിൽ സ്ഫുരിക്കുന്ന വിനയത്തോ ടും അഭിമാനത്തോടും കൂടിത്തന്നെ ‘പടച്ചവനേ! ഒരു കോമാളിയുടെവേഷത്തിൽ മാത്രമേ തിരുമുമ്പിൽ ഹാജരാകവാൻ അടിയൻ ധൈര്യപ്പെടുന്നുള്ളു’ എന്ന് ഒരു കോമാളിക്കും പറഞ്ഞുകൂടേ? അതുകൊണ്ടു സഞ്ജയബന്ധോ! സഞ്ജയൻ കോമാ ളി ആണെന്നു ധരിക്കുന്നുണ്ടെങ്കിൽ അതിൽപ്പരം ഒരു കൃതാർത്ഥത പി. എസ്സിനു വന്നുചേരുവാനില്ലതന്നെ. പക്ഷെ, തമിഴ് സ്റ്റേജിന്മേലുള്ള കോമാളിയാണെന്നു മാത്രം ആളുകൾ തെറ്റിദ്ധരിക്കാതിരുന്നാൽ മതി. എനി സാക്ഷാൽ പടച്ചവന്റെ കാര്യംതന്നെഎടുക്കുക. അദ്ദേഹത്തിന്റെ സന്ദേശം വഹിച്ചുവരുന്നവരായ സ്വന്തം പ്രതിനിധികൾകൂടി ചിലപ്പോൾ ഒരു പരിഹാസച്ചിരി ചിരിക്കാറുണ്ടെന്നുള്ളതിന് എനിക്കു മതിപ്പെട്ട തെളിവുഹാജരാക്കുവാനുണ്ട്.

പശ്യ:

‘തമുവാച ഹൃഷീകേശഃ പ്രഹസന്നിവ ഭാരത!
സേനയോരുഭയോർമ്മദ്ധ്യേ വിഷീദന്തമിദം വചഃ.’

നോക്കിയോ? ‘പ്രഹസന്നിവ’ ഗൗരവമേറിയ കാര്യങ്ങളാണ് പറയുവാൻ പോ കുന്നതു്. പക്ഷെ നമ്മുടെ വിഷാദാത്മകന്മാരെപ്പോലെ കണ്ണിൽ വെള്ളം നിറച്ചും മൂക്കു പിഴിഞ്ഞും നെടുവീർപ്പിട്ടുംകൊണ്ടല്ല ‘പ്രഹസന്നിവ’—അതു പരിഹാസച്ചി രിതന്നെയായിരുന്നു എന്നുള്ളതിനു തെളിവ് അടുത്ത ശ്ലോകത്തിൽ കിടക്കുന്നു. എവിടെവിടെ പൂർവ്വാപരവിരോധവും യുക്തിഭങ്ഗവും ബുദ്ധിവിപ്ലവവും പൊങ്ങച്ച വും മിഥ്യാചാരവും സൊള്ളും ഭള്ളും കാണുന്നുവോ, അവിടവിടെ, അതിന്റെനേർക്കു മുൻചൊന്ന പരിഹാസച്ചിരി പകർത്തുകയാണ് ഈ കോമാളിയുടെ ഉദ്ദേശം. അതു കൊണ്ടു് ‘അശോച്യാനന്വശോചസ്ത്വം’. ആരെപ്പറ്റി ആളുകൾ കോമാളിയാണെന്നു പറയുമ്പോൾ ആർക്കുവേണ്ടി അങ്ങുന്ന് അനുശോചിയ്ക്കുന്നുവോ ആ ഞാൻ മേപ്പടി വിശേഷണത്തെ രത്നമകുടംപോലെ ധരിയ്ക്കുവാനായിക്കൊണ്ടു തലതാഴ്ത്തി നില്ക്കുന്ന വനാണ്. അതിനുള്ള എന്റെ അർഹതയെപ്പറ്റിമാത്രമേ തല്ക്കാലം അനിവാര്യമായ ഒരു ശങ്ക എന്നെ ബാധിയ്ക്കുന്നുള്ളു.”

എന്താണ് മനുഷ്യജീവിതം? അതു കരയാനുള്ളതല്ലെന്നും, പ്രത്യുത, ചിരിക്കാ നുള്ളതാണെന്നുമാകുന്നു അദ്ദേഹത്തിന്റെ സിദ്ധാന്തം. ആഹാരം അത്യാവശ്യകം തന്നെ. അതിനുവേണ്ടി അല്പം കൈമുതലുള്ളവരോട്ട് അവജ്ഞ കാണിക്കുകയും അവരുടെ സ്വത്തു പിടിച്ചടക്കുവാൻ സംഘടിതശ്രമം ചെയ്കയുമല്ല ഉത്തമനായ സാഹിത്യകാരന്റെ കർത്തവ്യം. കുറേക്കാലം കരച്ചിലും പിഴിച്ചിലുമായി കഴിഞ്ഞു കൊണ്ടിരുന്ന സാഹിത്യത്തിന്റെ മഹനീയമായ പാരമ്പര്യത്തെ നാം വിസ്മരിക്ക രുതു്. അനശ്വരമായ ആനന്ദം പഞ്ചേന്ദ്രിയങ്ങളുടെ തർപ്പണത്തിൽനിന്നുമാത്രം ലഭിക്കുന്നതല്ല. സഞ്ജയന്റെ ലോകം ശ്രീകൃഷ്ണൻ ഗീതയിൽ ഉപദേശിച്ചിരിക്കുന്ന മാ തിരിയിലുള്ളതാണ്. ആസുരീസമ്പത്തിൽനിന്നു ദൈവീസമ്പത്തിലേയ്ക്കു് അദ്ദേഹം മനുഷ്യനെ ഉയർത്തുന്നു. അതിനുള്ള മാർഗ്ഗം മാത്രമാണ് ഫലിതം. ആ ഫലിതം മാഹാത്മ്യത്തിന്റെ കേന്ദ്രമാണ്. ആദർശത്തിനൊത്ത യുക്തിയും, യുക്തിക്കൊത്ത ആശയവും, ആശയത്തിനൊത്ത വാക്കും, വാക്കിനൊത്ത അർത്ഥവും, അർത്ഥത്തി

നൊത്ത വ്യങ്ഗ്യവും അതിൽ അഹമഹമികയാ കളിയാടുന്നു. വടക്കൻപാട്ടുരീതിയായാലും കൊള്ളാം, ദേവപ്പക്കുക്കിലിയായുടെ തുളുനാടൻ മലയാളഗദ്യമായാലും കൊള്ളാം, ഏതുതരത്തിലും നിലയിലുമുള്ള വായനക്കാരനേയും, രാജാവിനേയും രജകനേയും, അദ്ദേഹം അമൃതാശനംകൊണ്ടു നിർവൃതരാക്കും, പദസമുച്ചയത്തിൽ അദ്ദേഹം ഒരു കോടീശ്വരനാണ്. അതിന് അദ്ദേഹം എഴുതീട്ടുള്ള ഓരോ വാക്യവും സാക്ഷിനില്ക്കുന്നു. അന്യന് അനുകരിക്കാവുന്നതല്ല അദ്ദേഹത്തിന്റെ ശൈലി. രാഷ്ട്രീയവും സാമുദായികവുമായ കാര്യങ്ങളിൽ അദ്ദേഹം മഹാത്മാഗാന്ധിയുടെ ഒരു വിനീതാനുയായിയായിരുന്നു. ഇന്ത്യയുടെ സ്വാതന്ത്ര്യത്തിൽ അദ്ദേഹത്തെക്കാൾ തൃഷ്ണ ആരും പ്രദർശിപ്പിച്ചിരുന്നില്ല. സന്മാർഗ്ഗനിഷ്ഠ അദ്ദേഹത്തിനു പ്രാണനിൽ പ്രാണനാണ്. അതു കലയ്ക്കു കീഴടങ്ങണമെന്നു വാദിയ്ക്കുന്നവരുടെനേർക്ക് അവർ അന്യഥാ എത്രതന്നെ ബഹുമാന്യന്മാരായാലും തന്റെ വിശ്വരൂപം കാണിയ്ക്കുന്നതിനും, വേണ്ടിവന്നാൽ തൂലികാചക്രം ഇളക്കുന്നതിനും അദ്ദേഹം മടിച്ചില്ല. കുട്ടിച്ചെകുത്താനാണെന്ന് അദ്ദേഹത്തെ കണ്ടു ചിലർ അന്ധാളിച്ചു. വാസ്തവത്തിൽ സ്വർഗ്ഗീയ സന്ദേശത്തിന്റെ സംവാഹകനായിരുന്നു അദ്ദേഹം.

## കവിത

ഫലിതസാഹിത്യകാരന്മാർ സമീപകാലത്തു പദ്യനിർമ്മാണപ്രാഗല്ഭ്യത്തോടുകൂടി കേരളത്തിൽ ജനിച്ചിട്ടില്ല. സഞ്ജയനെസ്സംബന്ധിച്ചു പറയുകയാണെങ്കിൽ അദ്ദേഹം ഫലിതസാഹിത്യം എഴുതിത്തുടങ്ങുന്നതിനുമുമ്പിൽത്തന്നെ ഒരു ശ്രുതിപ്പെട്ട പദ്യകാരനായിക്കഴിഞ്ഞിരുന്നു. നോക്കുക ചില ഉദാഹരണങ്ങൾ.

“അളികളൊടടരാടിടുന്ന വർണ്ണ–
പ്പുതുമ കലർന്ന മനോജ്ഞമാം കചത്താൽ
നവകമലകളാഭയിൽക്കളിക്കും
തവ മുഖമെന്തു മറച്ചിടുന്നു ബാലേ?” (മൂടുപടം)

“കളയേണമടർക്കളത്തിലും
ക്ഷതിയാർന്നുള്ള വിനഷ്ടചേഷ്ടനെ
അതിദുശ്ശ്രവമർത്ഥശൂന്യമാം
പദമെന്തിന്നു സുകാവ്യവേദിയിൽ?” (തിലോദകം)

“ഭയം ഭ്രമിപ്പിച്ച നയനങ്ങളുടൻ
വിയത്തിലേക്കോടീ–മനുഷ്യചാപല്യം.
അവിടെയെങ്ങനെ കഥിക്കുമക്കഥ?
നമോസ്തു ദേവി തേ, മഹാഭയാപഹേ!
ഒരു സൂരൻ പോയി മറയുമ്പോഴേക്കു–
മൊരായിരമല്ലോ വരുന്നു സൂരന്മാർ.
നിരന്തമാകുമീ മഹാഗൃഹത്തിലേ–
ച്ചിരന്തനമണിസുവർണ്ണദീപങ്ങൾ;
വിയൽക്കടാഹത്തിൽ തനിച്ചല്ല നമ്മൾ
തിരിയുവതെന്നു പറയും ഗോളങ്ങൾ;
മരണകാകോളം സുധയായ്മാറ്റുന്ന
ജനനിതൻ ദയാദ്രവത്തിൻതുള്ളികൾ;

അഴകൊഴുകുന്ന ഗഗനമേലാപ്പിൽ
മുഴുക്കെക്കാണാകും കനകപ്പുള്ളികൾ;
തടയാതെങ്ങുമേ കുതിച്ചിടും കാല–
നദിയിലേ മനോഹരനീർപ്പോളകൾ;
നഭോജലധിതന്നടിത്തട്ടിൽ മിന്നും
പ്രഭ കലരുന്ന മനോജ്ഞരത്നങ്ങൾ;
മഴ പൊഴിച്ചൂഴി ഫലാഢ്യമാക്കുന്ന
സുരാധിനാഥന്റെ സഹസ്രനേത്രങ്ങൾ;
പടർന്നുപൊങ്ങിയ വസന്തരാവായ
നറുംപിച്ചകത്തിൻ നിറംകൂട്ടും പൂക്കൾ;
. . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . .
കവിക്കെഴും കണ്ണും കരളമില്ലാതേ
കഥിപ്പുഹാ! കഥമവതൻവൈചിത്ര്യം?” (ആ രാത്രി)

ഇവയെല്ലാം 1931-നു മുമ്പെഴുതിയ കൃതികളാണ്.

## വിനോദസാഹിത്യം

ഇതിന്റെ സ്വരൂപം ചില ഉദാഹരണങ്ങൾമൂലം ഇതിനുമമ്പു പ്രദർശിപ്പിച്ചുകഴിഞ്ഞിട്ടുണ്ടെങ്കിലും മറ്റു ചിലവകൂടി എടുത്തുകാണിക്കാം.

“മക്കുണത്തോടു മൂളുന്നു കൊതു; നീയൊരു ചൂഷകൻ
തൊഴിലാളി മനുഷ്യന്റെ ചോര കട്ടുകടിക്കുവോൻ;
സംഘടിപ്പിച്ചിടും ഞാനെൻ തൊഴിലാളിസ്സഖാക്കളെ
ഇച്ചൂഷണത്തിനെതിരായ്; നിന്റെ കാലമടുത്തുപോയ്.
ഉദയംതൊട്ടന്തിയോളം വേലചെയ്തു പൊറുത്തിടും
നരന്റെ ചോര ശാപ്പിട്ടു പുലരും നീചനാണു നീ.
നിണക്കൊടി പറപ്പിച്ചു പാറും ഞാൻ വീടുതോറുമേ;
പ്രക്ഷോഭണം കൂട്ടിടും ഞാൻ പ്രസംഗം പൊടിപാറ്റിടും;
നിന്നെച്ചവിട്ടിത്തേപ്പിക്കാതടങ്ങുകയുമില്ല ഞാൻ;
മാർക്സു ഞാൻ; ലെനിനീ ഞാൻ താൻ സ്റ്റാലിൻ ഞാനോർക്ക ദുർമ്മതേ!”
(മൂട്ടയും കൊതുകും)

ഹിമവാൻ ചോദിച്ചു.

“ആരിസ്സഖാക്കൾ നാടെങ്ങും പ്രസംഗിച്ചുനടക്കുവോർ?
ഉദ്ദേശമെന്തവർക്കെല്ലാം വിസ്തരിച്ചുരചെയ്ക നീ?”

ഭാരതം പറഞ്ഞു:

“വിദ്വേഷപ്പട്ടടത്തീയിൽ ജ്ഞാനമാഹുതിചെയ്യുവോർ;
ഉത്തമാംഗം മനുഷ്യന്നു വയറെന്നു ശഠിക്കുവോർ;
ഒരു നേരത്തെയൂണിന്നു സത്യാഹിംസകൾ വില്ക്കുവോർ;
ആസ്തിക്യത്തെ ‘യവീ’ നെന്നു ചൊല്ലിപ്പരിഹസിക്കുവോർ;
അവർക്കു ഹിതമല്ലാത്തതോതുന്നോരെദ്ദുഷിക്കുവോർ;
അതോടൊന്നിച്ചഭിപ്രായസ്വാതന്ത്ര്യത്തെ സ്തുതിക്കുവോർ;
മുതലാളിത്തമാം ചൂടിൽ നീറുന്ന തൊഴിലാളിയെ

വിപ്ലവത്തീക്കുഴിക്കുള്ളിൽത്തള്ളി രക്ഷിച്ചിടുന്നവർ;
അവർക്കൊരുപമാനത്തിന്നാരെയും കാണ്മതില്ല ഞാൻ;
അവർക്കു തുല്യമവർതാൻ; രാക്ഷസൻ രാക്ഷസോപമൻ.” (അനന്വയം)

സഞ്ജയന്റെ പരിഹാസകൃതികളിൽ പ്രധാനസ്ഥാനത്തെ അർഹിക്കുന്ന ഒന്നാണ് ഏമറിഗീത.

“ശിഷ്യ ഉവാച:

ഡിമോക്രസിക്കു ലോകത്തിൽ മൂത്ത കോമരമാം ഭവാൻ
സ്വേച്ഛപോലല്ലയോ രാജ്യം ഭരിച്ചീടുന്നതിന്ത്യയിൽ?

ശ്രീ ഏമറിഭഗവാനുവാച:

അറിവറ്റവനെന്നോണം ചോദിക്കുന്നെന്തു ശിഷ്യ! നീ?
ചോദ്യം ചോദിച്ചിടും നീയും ഞാനുമൊന്നെന്നതോർക്കണം.
തടങ്ങലിൽപ്പാർക്കുവോനുമപ്പോൽപ്പാർപ്പിക്കുവോനുമേ
ഒന്നുതന്നെ ധരിച്ചാലുമടിപ്പോനടിഭേസിയും

* * * *

ബ്രിട്ടീഷെമ്പയറെന്നൊന്നു സത്യമാണന്യമൊക്കെയും
മിഥ്യയാണിതു ലോകത്തിലാദ്യതത്വമനശ്വരം.
പണ്ടേയ്ക്കുപണ്ടേയുള്ളോന്നിതെന്നെന്നും നിലനിന്നിടും;
ഭൂമുഖംമുഴുവൻ വ്യാപിച്ചതുനില്ക്കുന്നു നിസ്തുലം.
മഴ വെട്ടിമുറിക്കില്ല തീയു ചുട്ടുകരിച്ചിടാ;
വെള്ളം നനയ്ക്കില്ലിതിനെക്കാറ്റുണക്കുകയില്ലെടോ.
. . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . . .
ഇതിശ്രീമദേമറിഗീതാസൂപനിഷത്സു സാമ്രാജ്യഭരണവിദ്യായാം
മറിമായശാസ്ത്രേഷു ശ്രീയേമറിശിഷ്യസംവാദേ സാംഖ്യ
യോഗോ നാമ പ്രഥമോധ്യായഃ.”

മൂന്നാമത്തെ അധ്യായത്തിൽ ഈ ഹൃദയാകർഷകമായ കവിത മുറിഞ്ഞുപോയിരിക്കുന്നു. ബാക്കി ഭാഗം എഴുതീട്ടില്ല.

“ഞങ്ങളുടെ കൊച്ചിക്കത്ത്:

‘പിന്നെ പി. എസ്. ഒറു റസം ഉണ്ടായത് എന്താണെന്നു നമ്മൾ പറയാം ഇന്നാൾ ഒറു ദിവസം എറണാകുളം ബോട്ടുജട്ടിയിൽ വെച്ച് രണ്ട് ആളുകൾ തമ്മിൽ വാദപ്രതിവാദം ഇടുന്നതു നമ്മൾ കേട്ടു. സഞ്ജയൻ പുസ്തകത്തിൽ കൊച്ചീക്കത്തു എഴുതുന്ന ദേവപ്പാ കുക്കിലിയാ എറണാകുളത്ത് ഉള്ള നമ്മുടെ ഒറു ആൾ തന്നെയെന്നും അതൊന്നും അല്ലാ പി. എസ്. തന്നെയാണെന്നും അവർ പറഞ്ഞു തമ്മിൽ വളരെ കഷപിഷയായിപ്പോയി. പി. എസ്സിന്റെ ഷൈല്ൽ അങ്ങനെയല്ലാ എന്ന് ഒരാൾ പറഞ്ഞു അപ്പോൾ മറ്റേ ആൾ തനിക്ക് ഒറു മണ്ണും അറിഞ്ഞുകൂടാ എന്നു പറഞ്ഞു. ഷൈല്ൽ എന്നു പറഞ്ഞാൽ എന്തെന്നു നമുക്ക് അറിഞ്ഞുകൂടാ എന്നാലും ഇപ്പോളും ഇങ്ങനെ അവിഷ്വാസം ഉള്ള ആളുകൾ ഉണ്ടല്ലോ എന്നു നമ്മൾ വളരെ പരിതാപ ഇടുന്നു എന്നാൽ നമ്മൾ കള്ളി കൊടുക്കേണ്ട എന്നുവിചാരിച്ചുതന്നെ അവരോട് ഒന്നും പറഞ്ഞില്ല.”

(ദേവപ്പകുക്കിലിയായുടെ ഒരു കൊച്ചിക്കത്തിൽനിന്ന്)

സഞ്ജയന്റെ സരസ്വതീപ്രസാദം ആസ്വദിക്കുവാൻ ഭാഗ്യം സിദ്ധിച്ച നമ്മെ ചരിതാർത്ഥരാണെന്നു നാം പറയുന്നതിൽ അനൗചിത്യമില്ല. ആ 'രാപ്പകൽ പൂർണ്ണശോഭ'മായ ആദിത്യമണ്ഡലം അതിന്റെ അനന്തപ്രകാശം നാലുപാടും വീശി ആകാശത്തിൽ കല്പാന്തസ്ഥായിയായി വിഹരിക്കുന്നു; അനവധി ഗോളങ്ങളെ പൊട്ടിച്ചിരിപ്പിക്കുന്നു. സഞ്ജയനുള്ള സ്ഥലത്തു വിഷാദാത്മകതയെന്നൊന്നില്ല. എല്ലാം രസമയം; എല്ലാം ആനന്ദപൂർണ്ണം. ദേവന്മാർപോലും അദ്ദേഹത്തിന്റെ ആഗമനത്തിനു കൊതിച്ചിരിക്കണം; അല്ലെങ്കിൽ അദ്ദേഹം അത്ര അല്പായുസ്സിൽ നമ്മെ വിട്ടുപിരിയുവാൻ കാരണമില്ലല്ലോ.

## ഇ. വി. കൃഷ്ണപിള്ള (1070—1113)

### ജനനം

കുന്നത്തൂർതാലൂക്കിൽ കുന്നത്തൂർ എന്ന സ്ഥലത്ത് ഇഞ്ചക്കാട്ടുപുത്തൻവീട് എന്നൊരു ഗൃഹമുണ്ട്. അതിന്റെ ഒരു ശാഖയാണ് ശാസ്താംകോട്ടയ്ക്കു സമീപം വള്ളിശ്ശേരിക്കൽ ആലത്തൂർ എന്ന കുടുംബം. ആ കുടുംബം കാലാന്തരത്തിൽ ഇഞ്ചക്കാട്ടുപുത്തൻവീട്ടിൽ ലയിച്ചു. ആ വീട്ടിലെ കല്യാണിയമ്മയുടേയും, പിന്നീട് അടൂർ മജിസ്ട്രേട്ടുകോടതിയിലെ ഒരു വക്കീലായി വളരെക്കാലം വ്യവഹരിച്ചിരുന്ന കുന്നത്തൂർ പപ്പുപിള്ളയുടേയും പുത്രനായി ഇ. വി. കൃഷ്ണപിള്ള 1070-ാമാണ്ടു ചിങ്ങമാസം 30-ാംനു ജനിച്ചു. ഏഴു മാസത്തോളം മാത്രമേ അവിടെ താമസിച്ചുള്ളു. അപ്പോഴേയ്ക്കു പപ്പുപിള്ള ഒരു നല്ല വക്കീലെന്നു പേരു കേട്ടുതുടങ്ങിയിരുന്നതിനാൽ അടൂർ താലൂക്കുകച്ചേരിയ്ക്കു സമീപം ഒരു വീടു വാടകയ്ക്കെടുത്ത് അവിടെ പാർപ്പുതുടങ്ങി. അടൂരിൽനിന്നു രണ്ടു നാഴിക അകലെയുള്ള പെരുങ്ങനാട്ട് എന്ന സ്ഥലത്തെ ചെറുതെങ്ങിലഴികത്തുവീട് ഒരു ഉടമ്പടിപ്രകാരം തനിയ്ക്കു കിട്ടുക നിമിത്തം ആ വീട്ടിലേയ്ക്ക് അദ്ദേഹം താമസം മാറ്റി.

### മലയാളവിദ്യാഭ്യാസം

കൃഷ്ണപിള്ള ആദ്യം പെരുങ്ങനാട്ടു പ്രൈമറിസ്കൂളിലും മൂന്നാംക്ലാസ്സിനുമേൽ വടക്കേടത്തുകാവു സ്കൂളിലും പഠിച്ചു. ബാല്യത്തിൽത്തന്നെ അദ്ദേഹത്തിനു സാഹിത്യത്തിൽ പ്രശംസനീയമായ അഭിരുചി ഉണ്ടായിരുന്നു. അച്ഛൻ പതിവായി ഭാഗവതം കിളിപ്പാട്ടു വായിക്കുകയും മകനെക്കൊണ്ടു വായിപ്പിച്ച് അർത്ഥം പറഞ്ഞു കൊടുക്കുകയും ചെയ്തുവന്നിരുന്നുവെങ്കിലും മകന് അതിലൊന്നും മനസ്സുറച്ചതായി കാണുന്നില്ല. കഥ കേൾക്കുന്നതിലും പറയുന്നതിലും ഇ. വി. അന്നുതന്നെ വളരെ താല്പര്യം പ്രദർശിപ്പിച്ചുവന്നു. അഞ്ചാംക്ലാസ്സിൽ പഠിയ്ക്കുമ്പോൾ ചില കവികളെ അനുകരിച്ച് അനേകം ചില്ലറക്കവിതകൾ എഴുതി. 1083-ൽ മിഡിൽസ്കൂൾ പരീക്ഷയിൽ ജയിച്ചു. പിന്നീടു ഒരു കൊല്ലം ഏഴാംക്ലാസ്സിൽ പഠിച്ചതിനുമേൽ 1084 മിഥുനത്തിൽ തുമ്പമൺ ഇംഗ്ലീഷ് മിഡിൽസ്കൂളിൽച്ചേർന്ന് ആ ഭാഷ പഠിച്ചു തുടങ്ങി. ആയിടക്കു 'മറിയാമ്മ' എന്ന പേരിൽ ഒരു ചെറുകഥയെഴുതി കുന്നംകുളത്തെ ആത്മപോഷിണിയിൽ പ്രസിദ്ധീകരിച്ചു.

### ഇംഗ്ലീഷുവിദ്യാഭ്യാസം

1086-ൽ തുമ്പമൺ വിട്ടു് ആലപ്പുഴ സനാതനധർമ്മവിദ്യാശാലയിൽ ഒരു വിദ്യാർത്ഥിയായിക്കൂടി. ഇ. വി. യുടെ വിപുലമായ ലോകപരിചയസമ്പത്തിന്റെ ആരംഭം

അവിടെവെച്ചാണ്. ബി. വാമനബാലിക എന്ന അസിസ്റ്റന്റുമാസ്റ്ററെപ്പറ്റി അദ്ദേഹത്തിനു വലിയ ബഹുമാനമായിരുന്നു. ആ ഗുരുഭൂതൻ നിദ്ദേശിച്ച ആദർശങ്ങൾ അനുസരിക്കുവാൻ തനിക്കു സാധിച്ചില്ലെന്നും അതാണു തന്റെ ജീവിതത്തിലെ പരാജയത്തിനു കാരണമെന്നും എന്നാൽ 'കുറച്ചൊക്കെ ശരിയാക്കുന്നതിനുള്ള കാലം ഇനിയും വൈകീട്ടില്ലല്ലോ' എന്നും അദ്ദേഹം ജീവിതസ്മരണകളിൽ ഏറ്റു പറഞ്ഞിരിയ്ക്കുന്നു. ഭാഷാപോഷിണിയിലും മറ്റും ചില ലേഖനങ്ങൾകൂടി അക്കാലത്തു പ്രസിദ്ധപ്പെടുത്തി. സ്കൂൾ ഫൈനൽപരീക്ഷയ്ക്കു ചേർന്നതിനുശേഷം ബാലകൃഷ്ണൻ എന്നൊരു നോവൽ എഴുതി കായങ്കുളത്തുനിന്നു പ്രചരിച്ചിരുന്ന സുമങ്ഗല എന്ന മാസികയിൽ മുദ്രണം ചെയ്യിച്ചു. ഇംഗ്ലീഷിൽ നവീനവനത്തിലെ ബാലന്മാർ (Children of the new forest) എന്നൊരു കഥാപുസ്തകമുണ്ട്. കഥാപുരുഷൻ അതിനെ ആസ്പദമാക്കി അനുകരണരൂപത്തിൽ എഴുതിയ ഒരു കഥയാണ് ബാലകൃഷ്ണൻ. ഇംഗ്ലണ്ടിലെ ചാറത്സ് ഒന്നാമൻ ത്രുഭയംനിമിത്തം കാന്ദിശീകനായി സഞ്ചരിക്കുന്നതും, രാജഭക്തന്മാരായ ചില പ്രജകൾ അദ്ദേഹത്തെ രക്ഷിക്കുവാൻ ഉദ്യമിക്കുന്നതുമാണ് മൂലഗ്രന്ഥത്തിലെ ഇതിവൃത്തം. ചാറത്സിനുപകരം മാർത്താണ്ഡവർമ്മ മഹാരാജാവിനെ പ്രവേശിപ്പിച്ചു തന്റെ കഥയ്ക്കു ചരിത്രപരമായ ഒരു പശ്ചാത്തലമുണ്ടാക്കി. സമകാലികങ്ങളായ സംഭവങ്ങളെ വിവരിച്ചാൽ അത്തരത്തിലുള്ള ഒരു പുസ്തകത്തിൽ കുറ്റവും കുറവും കണ്ടുപിടിക്കുവാൻ എളുപ്പമുണ്ടെന്നും, അതു കൂടാതെകഴിക്കണമെങ്കിൽ ചരിത്രാവലംബിയായിരിക്കണം പ്രതിപാദ്യമെന്നുമായിരുന്നു അദ്ദേഹത്തിന്റെ അക്കാലത്തെ വിചാരം. സ്കൂൾ ഫൈനൽ പരീക്ഷ ജയിച്ചതിനുമേൽ കോട്ടയം സി. എം. എസ്. കോളേജിൽ ചേരുകയും അവിടെനിന്ന് ആ പരീക്ഷയിൽ ഉത്തീർണ്ണനായി ബി. എ. യ്ക്കു പഠിയ്ക്കുവാൻ തിരുവനന്തപുരത്തു പോകുകയും ചെയ്തു. അവിടെവെച്ചു സി. വി. രാമൻപിള്ള അദ്ദേഹത്തെ കാണുവാൻ ആളയച്ചു. അങ്ങനെ സി. വി. യുമായി പരിചയപ്പെട്ടു. അതോടുകൂടി ഈ. വി. യുടെ ജീവിതത്തിലെ മറ്റൊരു കാലഘട്ടം ആരംഭിയ്ക്കുന്നു.

## അനന്തരകാലവിദ്യാഭ്യാസം

### സി. വി. രാമൻപിള്ളയുമായുള്ള സമ്പർക്കം

കഥകൾ എഴുതുവാനുള്ള സാമർത്ഥ്യം ഈ. വി. ക്ക് അക്കാലത്ത് ഒന്നിനൊന്നു വർദ്ധിച്ചുവന്നു; എന്നാൽ അതിനുവേണ്ട വൈദുഷ്യം അദ്ദേഹം സമ്പാദിച്ചുകഴിഞ്ഞിരുന്നില്ല. അതിന് ഉത്തേജകമായിത്തീർന്നതു സി. വി. യുമായുള്ള സമ്പർക്കമാണ്. അന്നു സി. വി. രാമരാജബഹദൂർ രചിക്കുകയായിരുന്നു. താൻ അതു പറഞ്ഞുകൊടുക്കുമെന്നും, ഈ. വി. കേട്ടെഴുതിക്കൊള്ളണമെന്നും അദ്ദേഹം ആജ്ഞാപിച്ചു. ഈ. വി. യുടെ സാഹിത്യപരിചയത്തേയും, ഭാവനാകുശലതയേയും ആ അന്തേവാസിത്വം ഗണനീയമായ വിധത്തിൽ പോഷിപ്പിച്ചു. 1093-ൽ ബി. ഏ. പരീക്ഷ ജയിച്ചു. മലയാളത്തിന് ഒന്നാമതായി ജയിക്കുകയാൽ കേരളവർമ്മ മെഡലിന് അർഹനായി. 1094 തുലാത്തിൽ ഹജൂർക്കച്ചേരിയിൽ ഒരു ക്ലാർക്കായി; അവിടെനിന്നു കല്ക്കുളം അസിസ്റ്റന്റ് തഹശീൽദാരായി ഉയർന്നു. പിന്നീടു ലാന്റ് റവന്യൂ കമ്മീഷണർ ആഫീസിലും, അക്കൗണ്ടാഫീസിലും ജോലിനോക്കി. 1094 ഇടവത്തിൽ സി. വി. യുടെ കനിഷ്ഠപുത്രി മഹേശ്വരിയമ്മയെ വിവാഹം ചെയ്തു. 1097-ലായിരുന്നുവല്ലോ സി. വി. യുടെ ചരമം. 1099-ൽ ബി. എൽ. ജയിച്ച് ഈ. വി. തിരുവനന്തപുരത്തെ കോടതികളിൽ വ്യവഹരിക്കുവാൻ ആരംഭിച്ചു. 1100-ാമാണ്ടു ചിങ്ങമാസത്തിൽ പ്രവർത്തനകേന്ദ്രം കൊല്ലത്തേക്കു മാറ്റി. വക്കീൽപ്പണിക്കുപുറമേ അവിടെ മലയാളിയുടെ പ്രസാധ

കത്വവും നിർവഹിച്ചു. ക്രിമിനൽ കേസ്സുകൾ വ്യവഹരിക്കുന്നതിൽ സമർത്ഥനെന്ന പേർ പ്രചരിച്ചുതുടങ്ങി. പക്ഷേ താണതരം സർക്കാരുദ്യോഗത്തിലെന്നപോലെ അഭിഭാഷകവൃത്തിയിലും അദ്ദേഹത്തിന് ഔത്സുക്യമുണ്ടായിരുന്നില്ല. എല്ലാവിധത്തിലും നിരങ്കുശമായ ഒരു ജീവിതം നയിക്കണമെന്നും അതിനു ഉലികാവ്യാപാരമാണ് സമുചിതമായ ആയുധമെന്നും അദ്ദേഹം നിശ്ചയിച്ചു. പല പുസ്തകങ്ങളും ലേഖനങ്ങളും പ്രസിദ്ധീകരിച്ചു. 1106-ൽ നിയമസഭയിലെ ഒരങ്ഗമായി. മലയാളരാജ്യം ചിത്രവാരിക 1109-ൽ ചിങ്ങം 26-ാംനു ആരംഭിച്ചപ്പോൾ ത്രിലോകസഞ്ചാരി എന്ന നിഗൂഢനാമത്തിൽ പല വിഷയങ്ങളെപ്പറ്റി ഫലിതമയങ്ങളായ ഉപന്യാസങ്ങൾ എഴുതി. 1113 ചിങ്ങം 13–ാംനു കോട്ടയം മനോരമക്കാർ ഒരു പുതിയ വാരിക തുടങ്ങിയപ്പോൾ അതിൽ നേത്രരോഗി എന്ന വ്യാജപ്പേരിൽ അതേമാതിരി ലേഖനങ്ങൾ തുടർന്നെഴുതി. 1110-ൽ തിരുവനന്തപുരത്തേക്കു വീണ്ടും പ്രാക്ടീസു മാറ്റി. ആ രണ്ടു വാരികകൾക്കും പ്രശസ്തി നേടിക്കൊടുത്തതു് ഈ. വി. ആയിരുന്നു. മനോരമയുമായുള്ളബന്ധം അവസാനംവരെ നിലനിന്നു. 1113-ാമാണ്ട് മീനമാസം 17-ാംനു യശശ്ശരീരനായി. മഹേശ്വരിയമ്മയുമായുള്ള ബന്ധത്തെപ്പറ്റി മുമ്പു പ്രസ്താവിച്ചുവല്ലോ. മരിക്കുന്നതിനു കുറേക്കാലംമുമ്പ് ഒരു ബി. ഏ. ക്കാരിയെ രജിസ്റ്റർ വിവാഹവും ചെയ്തു.

## കൃതികൾ

ഈ. വി. ഒട്ടുവളരെ കൃതികൾ രചിച്ചിട്ടുണ്ട്. ആദ്യം നോവലുകളും, രണ്ടാമതു ചെറുകഥകളും, മൂന്നാമതു നാടകങ്ങളും, ഒടുവിൽ ഫലിതോപന്യാസങ്ങളുമാണ് പ്രായേണ എഴുതിവന്നതു്. (1) ബാലകൃഷ്ണൻ, (2) ബാഷ്പവർഷം ഇവയാണ് അദ്ദേഹത്തിന്റെ നോവലുകൾ. ബാഷ്പവർഷം ഒരു ഇംഗ്ലീഷ് നോവലിലെ പ്രതിപാദ്യത്തെ ഉപജീവിച്ച് എഴുതിയ ഒരു ചെറിയ കഥയാകുന്നു. ഇവയെ ഗ്രന്ഥകാരന്റെവാസനയുടെ അപക്വഫലങ്ങൾ എന്നേ പറയുവാൻ നിർവ്വാഹമുള്ളൂ. ചെറുകഥകളിൽ അധികവും കല്ക്കുളത്തു സർക്കാർ ജോലിയിൽ ഇരുന്നപ്പോൾ എഴുതിയതാണ്. അവ പ്രായേണ കൊച്ചിയിൽ കുന്നങ്കുളത്തുനിന്നു പുറപ്പെട്ടുകൊണ്ടിരുന്ന കഥാകൗമുദി എന്ന മാസികയിലാണ് പ്രസിദ്ധീകരിച്ചിട്ടുള്ളതു്. ഒടുവിൽ (3) കേളീസൗധം എന്ന പേരിൽ അറുപതു ചെറുകഥകൾ നാലു ഭാഗങ്ങളിലായി മുദ്രണം ചെയ്യിച്ചു. നാലാം ഭാഗത്തിന്റെ പ്രാദുർഭാവം 1102-ലാണ്. മുത്തളക്കുറിച്ചിസർവ്വാധികാര്യക്കാർ, നല്ലവാക്കിന്റെ വില എന്നിങ്ങനെ ചില ഉപന്യാസങ്ങൾക്ക് അതിൽ പ്രവേശനത്തിന് അവകാശമില്ല. വളച്ചുകെട്ടുകൂടാതെ വിവക്ഷ ലളിതശൈലിയിൽ ബഹിർഗ്ഗമിപ്പിയ്ക്കേണ്ടതു് ഒരു ചെറുകഥാകാരന്റെ ഒഴിച്ചുകൂടാത്ത ചുമതലയാണ്. ആ അംശത്തിൽ ഈ. വി. വിജയം പ്രാപിച്ചിട്ടുണ്ട്. ഈ. വി. യുടെ വാങ്മയങ്ങളിൽ നാടകങ്ങളാണ് ഭൂരിപക്ഷവും. (4) കള്ളപ്രമാണം, (5) സീതാലക്ഷ്മി (1101), (6) രാജാകേശവദാസൻ (1105), (7) രാമരാജപട്ടാഭിഷേകം (1107) (8) പ്രണയക്കമ്മീഷൺ (1107), (9) വിസ്മൃതി (1108), (10) ബി. ഏ. മായാവി (1108), (11) ഇരവിക്കുട്ടിപ്പിള്ള (1109), (12) വിവാഹക്കമ്മട്ടം (1109), (13) മായാമാനുഷൻ (1109), (14) പെണ്ണരശുനാട് എന്നിവ അക്കൂട്ടത്തിൽ ഉൾപ്പെടുന്നു. ഇവയിൽ അഞ്ചും ആറും ഏഴും പതിനൊന്നും നമ്പറുകൾ ചരിത്രനാടകങ്ങളും ബാക്കിയുള്ളവ സമുദായനാടകങ്ങളുമാണ്. സീതാലക്ഷ്മി എന്ന നാടകത്തിൽ സീതാലക്ഷ്മി എന്ന വീരവനിതയുടെ കുടുംബയശഃപ്രതിഷ്ഠാപകങ്ങളായ പരാക്രമങ്ങൾ വർണ്ണിക്കപ്പെട്ടിരിക്കുന്നു. രാജാകേശവദാസനിൽ വലിയ ദിവാൻജിയുടെ ചരമദിനങ്ങളും ജയന്തൻശങ്കരൻ നമ്പൂരിയുടെ രാജ്യസാരഥ്യവുമാണ് ചി

ത്രീകരിക്കുന്നതു്. രാമരാജപട്ടാഭിഷേകം ശ്രീ ചിത്തിരതിരുനാൾ മഹാരാജാവു തിരുമനസ്സിലെ ഭരണാധികാരപ്രതിഷ്ഠാപനം സംബന്ധിച്ചു് എഴുതിയ ഒരു കൃതിയാകയാൽ തദനുരോധേന രാമായണോപാഖ്യാനത്തിൽ ചില വ്യതിയാനങ്ങൾ വരുത്തീട്ടുണ്ടു്. ചില ചരിത്രനാടകങ്ങളിൽ സി. വി. രാമൻപിള്ളയുടെ അനേകം പ്രധാനകഥാപാത്രങ്ങളെ പ്രവേശിപ്പിച്ചിരിയ്ക്കുന്നു. സമുദായനാടകങ്ങളെപ്പറ്റി സവിസ്തരമായി പ്രതിപാദിക്കുന്നതിനു സ്ഥലസൗകര്യമില്ല. റോബർട്ട് ലൂയിസ് സ്റ്റീവൻസൺ (Robert Louis Stevenson) എന്ന സുപ്രസിദ്ധനായ ബ്രിട്ടീഷ് നോവൽ സാഹിത്യകാരന്റെ ഡോക്ടർ ജക്കീലിന്റെയും മിസ്റ്റർ ഹൈഡിന്റെയും വിചിത്രവൃത്തി (The strange case of Doctor Jekyll and Mister Hyde) എന്ന കഥയെ ഉപജീവിച്ചാണു് മായാമാനുഷൻ രചിച്ചിട്ടുള്ളതു്. സ്ത്രീസ്വാതന്ത്ര്യത്തെ വിഷയീകരിച്ചു പെണ്ണരശുനാട്ടു് എഴുതി. ഈ. വി. തന്നെയും ഒരു വിശിഷ്ടനായ നടനായിരുന്നു എന്നുള്ള വസ്തുതയും നാം പ്രകൃതത്തിൽ സ്മരിക്കേണ്ടതുണ്ടു്. രാജാകേശവദാസനിലെ മാത്തുത്തരകന്റെയും മറ്റും വേഷങ്ങളിൽ രങ്ഗപ്രവേശം ചെയ്തു പ്രേക്ഷകന്മാരെ അപഹൃതചിത്തവൃത്തികളാക്കുവാൻ അദ്ദേഹത്തിനു് അസാമാന്യമായ പാടവമുണ്ടായിരുന്നു. (15) വീരമഹത്ത്വം, (16) ഗുരുസമക്ഷം, (17) ബാലലീല, (18) ഭാസ്കരൻ ഇവ സ്കൂളുകളിൽ പാഠ്യപുസ്തകങ്ങളാക്കുന്നതിനുവേണ്ടി എഴുതിയവയാണു്. വീരമഹത്ത്വം തോമസ് കാർലൈൽ (Thomas Carlyle) എന്ന ബ്രിട്ടീഷ് ഗദ്യകാരസാർവ്വഭൗമന്റെ വീരന്മാരും വീരാരാധനയും (Heroes and Hero-worship) എന്ന വിശിഷ്ടഗ്രന്ഥത്തെ ഉപജീവിക്കുന്നു. ഇംഗ്ലീഷ് കഥാകർത്ത്രിയായ മേരി കോറല്ലി (Marie Corelli) യുടെ സ്വർഗ്ഗീയനിക്ഷേപം (Treasure of Heaven) എന്ന ഗ്രന്ഥത്തെ അടിസ്ഥാനപ്പെടുത്തി എഴുതിയിരിക്കുന്നു. ഇവ്ക്കുപുറമെ (19) സുഖജീവിതം എന്ന പേരിൽ ഗ്രാമോദ്ധാരണ മാർഗ്ഗങ്ങളെ വിവരിച്ചു് ഒരു പുസ്തകവും രചിച്ചിട്ടുണ്ടു്. (20) കാൺഗ്രസ് ചിത്രങ്ങൾ എന്ന പുസ്തകത്തിൽ മഹാത്മാഗാന്ധി, തേജ്ബഹദൂർ സ്പ്രൂ, എം. ആർ. ജയക്കാർ, ജവഹർലാൽ നെഹറു എന്നീ ഭാരതീയനേതാക്കന്മാരെ പരാമർശിക്കുന്നു. ഫലിതസാഹിത്യകാരൻ എന്ന നിലയിലാണു് ഈ. വി. യെ കേരളീയർ പ്രധാനമായി അറിയുന്നതു്. അതുകൊണ്ടു് ആ വഴിയ്ക്കുള്ള നേട്ടങ്ങളെപ്പറ്റി മേൽ പ്രസ്താവിക്കുമെങ്കിലും ആ പ്രസ്ഥാനത്തിൽ ഉൾപ്പെടുന്ന ചില പുസ്തകങ്ങളുടെ പേരുകൾമാത്രം ഇവിടെക്കുറിക്കാം. (21). എം. എൽ. സി. കഥകൾ (1103-ൽ തിരുവിതാംകൂർ നിയമസഭയിലേയ്ക്കു തിരഞ്ഞെടുത്തു് അയയ്ക്കപ്പെട്ടിരുന്നവരിൽ ചിലർക്കു് അതിനുള്ള അപ്രാപ്തിയെ എം. എൽ. സി. കഥകളിൽ വർണ്ണിക്കുന്നു) (22) ഈ. വി. ക്കഥകൾ, (23) കവിതക്കേസ്, (24) പോലീസ് രാമായണം. മലയാളരാജ്യത്തിലും മനോരമയിലും പ്രസിദ്ധീകരിച്ചിരുന്ന ഫലിതോപന്യാസങ്ങളിൽ ചിലതെല്ലാം സമുച്ചയിച്ചു് (25) ചിരിയും ചിന്തയും എന്ന തലക്കെട്ടിൽ രണ്ടു പുസ്തകങ്ങളായി പ്രസിദ്ധപ്പെടുത്തി. അതുവരെ ആത്മകഥാപ്രസ്ഥാനത്തിൽ ഒരു പുസ്തകവും ഭാഷയിൽ ഉണ്ടായിരുന്നില്ല. പാച്ചുമൂത്തതു്, കോവുണ്ണി നെടുങ്ങാടി എന്നിവരുടെ ജീവിത ചരിത്രക്കുറിപ്പുകൾക്കു് ആ പേർ കൊടുക്കുവാൻ നിവൃത്തിയില്ലല്ലോ. (26) ജീവിതസ്മരണകൾ എന്ന ശീർഷകത്തിൽ ഒരു പുസ്തകം രണ്ടു ഭാഗങ്ങളായി പ്രസിദ്ധീകരിക്കപ്പെട്ടു. അതും അപൂർണ്ണമാണു്. 1106-ാമാണ്ടുവരെയുള്ള സംഭവങ്ങളെയേ അതിൽ പ്രതിപാദിച്ചിട്ടുള്ളു. അതിന്റെ പ്രകാശനവും ഗ്രന്ഥകാരന്റെ മരണാനന്തരമാണു്. 1101-ൽ അദ്ദേഹത്തിന്റെയും കെ. ദാമോദരന്റെയും പ്രസാധകത്വത്തിൽ സേവിനി എന്നൊരു മാസികയും പുറപ്പെടുവിച്ചു. 'ചിരിയും ചിന്തയും' എന്ന പുസ്തകത്തിലെ ഉപന്യാസങ്ങൾ ശാശ്വചതയശസ്സിനെ അർഹിയ്ക്കുന്നു. ഈ. വി. യുടെ വിവിധങ്ങളായ വിശി

ഷ്യവിനോദഭാവനകൾ അവയുടെ സാരസ്യധോരണി കൊണ്ട് അനുവാചകന്മാരെ വിസ്മയിപ്പിക്കുന്നതും നിർവൃതരാക്കുന്നതും സർവോപരി അവയിലാണ്.

## ഈ. വി. യുടെ ഫലിതവും സ്വഭാവവും

ഈ. വി. ഒരു വ്യക്തിയല്ല; ഒന്നിലധികം വ്യക്തികളുടെ സമ്മിളിതരൂപമാണ്. സരസസംഭാഷണം അദ്ദേഹത്തിനു ബാല്യം മുതല്ക്കുതന്നെ സ്വാധീനമായിരുന്നു. ഫലിതം പറയുകയും എഴുതുകയും ചെയ്യുന്നതിനെക്കാൾ പ്രയോഗിക്കുന്നതിലായിരുന്നു അക്കാലത്തു കൂടുതൽ വിരുത്. "എന്നെ ആരും അറിയാത്തതായ ദിക്കിൽ പോകുക, മലിനവസ്ത്രധാരിയായി നടക്കുക, ഓരോരുത്തരുടെ ഭാവങ്ങൾ ശ്രദ്ധിക്കുക, ഞാൻ സുഖിക്കുക, പിന്നീട് അക്കാര്യങ്ങളെല്ലാം ഒന്നിനു പത്തായി സ്നേഹിതന്മാരോടു പറഞ്ഞു രസിക്കുക." ഈ വിനോദവ്യാപാരങ്ങളിൽ അദ്ദേഹം കൗമാരം മുതല്ക്കു തന്നെ കുതുകിയായിരുന്നതായി ജീവിതസ്മരണകളിൽ പ്രസ്താവിച്ചിട്ടുണ്ട്. ഈ. വി. ഫലിതം എഴുതിത്തുടങ്ങിയത് 1098-ലാണ്. തത്സംബന്ധമായി ചില ചെറുകവിതകളും ഒരു സ്നേഹിതനെ കൂട്ടുപിടിച്ചു എഴുതീട്ടുണ്ട്. ഒരു ഭാഷയിലും അധികമൊന്നും വായിച്ചറിവുള്ള ആളായിരുന്നില്ല. നൈസർഗ്ഗികമായ വാസനാസമ്പത്തുതന്നെയായിരുന്നു അദ്ദേഹത്തിന്റെ വാങ്മയ പരമ്പരയുടെ അടിസ്ഥാനം. ഏതു പുസ്തകവും എഴുതുവാൻ അദ്ദേഹത്തിന് അല്പസമയംമാത്രം മതിയായിരുന്നു. ഏതെങ്കിലും സംഭവം കാണുകയോ അതിനെപ്പറ്റി കേൾക്കുകയോ ചെയ്യുമ്പോൾ വിനോദപരമായ ഒരുചിത്രം മനസ്സിൽ പതിയുന്നു എന്നും ആ ഭാവനയെ ആസ്പദമാക്കി സുഹൃത്തുക്കളുമായി ആവർത്തിച്ചാവർത്തിച്ചു സംഭാഷണം ചെയ്ത് അതിന് നിറപ്പകിട്ടു കൊടുക്കുന്നുവെന്നും അതിനുശേഷം, പറയുമ്പോൾ തോന്നുന്നതിനെക്കാൾ കൂടുതൽ എഴുതുമ്പോൾ തോന്നുമെന്നും അദ്ദേഹം ജീവിതസ്മരണകളിൽ രേഖപ്പെടുത്തിയിരിക്കുന്നു. ചില വിനോദമാസികകളിൽ ദ്വിജേന്ദ്രനാഥടാഗോർ എന്നും മറ്റുമുള്ള വ്യാജനാമങ്ങളിൽ 1105-ാമാണ്ടിടയ്ക്ക് അഭീഷ്ടസിദ്ധിയ്ക്കും വൈരനിര്യാതനത്തിനും വേണ്ടി ഉപയോഗിച്ച തന്റെ ഗുളികയെപ്പറ്റി പില്ക്കാലത്തു ലജ്ജിയ്ക്കുകയും സന്തപിയ്ക്കുകയും ചെയ്തിട്ടുണ്ട്.

"എന്റെ ചിത്രങ്ങളിൽ പലരെപ്പറ്റിയും കഠിനമായി ആക്ഷേപിച്ചിട്ടുണ്ട്. ചിലരുടെ ശീലവിശേഷങ്ങൾ, രൂപവൈകല്യങ്ങൾ, മനോഭാവങ്ങൾ, പ്രവൃത്തികൾ മുതലായവ കത്തിക്കൊല പോലെയുയുള്ള നിശിതവിമർശനത്തിന് ആ പ്രബന്ധങ്ങളിൽ വിഷയങ്ങളായിത്തീർന്നിട്ടുണ്ട്. ഇക്കാലത്തായിരുന്നുവെങ്കിൽ ആ അവിവേകം ഞാൻ കാണിയ്ക്കുകയില്ലായിരുന്നു." അക്കൂട്ടത്തിൽ തന്നെപ്പറ്റിയും ആക്ഷേപിക്കുകയും കള്ളക്കഥകൾ എഴുതി പ്രസിദ്ധീകരിയ്ക്കുകയും ചെയ്യുന്നതിൽ അദ്ദേഹത്തിന് ഒരു കൂസലും ഉണ്ടായിരുന്നില്ല എന്ന് ആ പുസ്തകത്തിൽ ഏറ്റുപറഞ്ഞിരിയ്ക്കുന്നു. അന്നു ചില കൂട്ടുകാർ അദ്ദേഹത്തെ പല അപഥങ്ങളിലും സഞ്ചരിപ്പിച്ചിട്ടുണ്ട്. സുരാസേവനം അന്നാണ് ആരംഭിച്ചതെന്ന് അദ്ദേഹത്തിൽ നിന്നു തന്നെ നാം അറിയുന്നു. അക്കാര്യങ്ങൾ വളരെ വ്യസനത്തോടുകൂടിയാണ് രേഖപ്പെടുത്തേണ്ടിയിരിയ്ക്കുന്നത്. 1108-നുമേൽ അദ്ദേഹം അങ്ങനെയുള്ള ആഭാസസാഹിത്യമെന്ന് അദ്ദേഹം തന്നെ പറയുന്ന ഗുളികാചിത്രാവലിയുടെ നിർമ്മാണത്തിനൊരുങ്ങിയതായി കാണുന്നില്ല. വ്യക്തിയിൽനിന്നു സമുദായത്തിലേയ്ക്കും, സമുദായത്തിൽനിന്നു പൊതുലോകത്തേയ്ക്കും അദ്ദേഹം ക്രമേണ ഉയരുകയായിരുന്നു. ഏതു പൂർവ്വാചാരത്തെയും നിരങ്കുശമായി അവഹേളനം ചെയ്യുന്നതിനുള്ള ഭഞ്ജകമനോവൃത്തി അദ്ദേഹത്തിന് ഏറെക്കുറെ ജന്മസിദ്ധമായിരുന്നുവെന്നു പറയണം. അദ്ദേഹത്തിന്റെ ഉരുണ്ടുത

ള്ളി അഗ്നിഗോളങ്ങൾപോലെ ഉജ്ജ്വലിച്ചുകൊണ്ടിരുന്ന കണ്ണുകൾക്കു കാണുവാൻ കഴിയാത്തതായി യാതൊന്നുമില്ലായിരുന്നു. അവയ്ക്കു അസംഗതവും അപ്രതീക്ഷിതവും അതിശയോക്തിപരവും ഹാസജനകവുമായ രൂപം കൊടുത്തു പൊടിപ്പും തൊങ്ങലും വച്ചു നിഷ്കർമിപ്പിയ്ക്കുന്നതിൽ അദ്ദേഹം സമാർജ്ജിച്ചിരുന്ന ചാതുര്യത്തിന് അതിരില്ലതന്നെ. കുറേക്കൂടി ജീവിച്ചിരുന്നുവെങ്കിൽ ഇനിയും ഉയരുമായിരുന്നുവെന്ന് ഊഹിയ്ക്കുവാൻ ന്യായമുണ്ട്. ഏതു നിലയിലും തരത്തിലും നില്ക്കുന്നവരുമായി താദാത്മ്യം പ്രാപിയ്ക്കുവാൻ കഴിവുള്ള ഒരസാധാരണപുരുഷനായിരുന്നു അദ്ദേഹം. പോലീസുകാരെപ്പററി അത്രവളരെ അറിവു് ഒരു ഗ്രന്ഥകാരനുമുണ്ടായിരുന്നില്ല. ആ സിദ്ധിമൂലമാണ് ഈ. വി. സാമാന്യജനങ്ങൾക്ക് ആരാധ്യനായിത്തീർന്നത്.

## ഉദാഹരണങ്ങൾ

ഇനി ഈ. വി. യുടെ കൃതികളിൽ നിന്നു ചില ഉദാഹരണങ്ങൾ പ്രദർശിപ്പിക്കാം. താഴെക്കാണുന്ന ഖണ്ഡിക ചെറുകഥകൾ നാലാം ഭാഗത്തിൽനിന്ന് ഉദ്ധരിക്കുന്നതാണ്.

“തിരുനെൽവേലിപ്പേട്ടയായപ്പോൾ പരപരാ വെളുത്തു. ഞാനും പെട്ടിയും പരസ്പരസാമീപ്യത്തിൽ ആഹ്ലാദിച്ചും ഉൽകണ്ഠയോടുകൂടിയും ആ മുറിയിൽ ശേഷിക്കുന്നുണ്ടു്. തകർത്തടിച്ച കാറ്റോടുകൂടി ചരമഘട്ടത്തിലേക്കു പ്രവേശിച്ച നിശായക്ഷിക്കും ഞങ്ങളുടെ സ്ഥാനങ്ങൾ മാറ്റുവാൻ കഴിവുണ്ടായില്ല. പിന്നീടു മധുരയിൽ എത്തുന്നതുവരെ ഞാനും നിദ്രയുമായികഴിച്ച പോരും ചില്ലറയൊന്നുമല്ലായിരുന്നു. പാണ്ടിയിലെ ഊഷരപ്രദേശങ്ങളെ വരട്ടുന്ന ആദിത്യനും വൈദ്യുതവിശറിയെ കൊല്ലന്റെ ഉലയാക്കുന്ന ചൂടും എന്നെ വളരെ കഷ്ടപ്പെടുത്തി. മധുരയിൽച്ചെന്നിട്ടു ധനുഷ്കോടിവണ്ടിയിൽ കയറുന്നതിനു പത്തൊമ്പതു മിനിട്ടോളം ഒരു നെട്ടോട്ടം കുറിയോട്ടം വരുമെന്ന് എനിക്കറിയാമായിരുന്നു. ആ അവസരത്തിൽ എന്റെ പെട്ടി ഏതു കയ്യിൽ തൂക്കണം; ഏതു വഴിയെല്ലാം പോകണം എന്നുള്ള ആലോചന രണ്ടുമൂന്നു പാണ്ടി സ്റ്റേഷനെ തള്ളിവിട്ടു. ആലോചനയിലോ മയക്കത്തിലോ ലയിച്ചു ഞാൻ മധുരയിൽ ചെന്നുചേർന്നു.”

സീതാലക്ഷ്മി അനന്തപത്മനാഭൻ പടത്തലവനോടു്:

“സീതാലക്ഷ്മി—(ആക്ഷേപസ്വരത്തിൽ) നാം തമ്മിൽ രാജിയോ? നാം തമ്മിൽ സമത്വമോ? ഒരുപക്ഷേ നിങ്ങൾ വിഭ്രമിക്കുന്നുണ്ടായിരിക്കാം. എന്റെ വംശഭാസ്കരന്മാർ ലോകരുടെ ആക്ഷേപങ്ങൾക്കു പാത്രങ്ങളായി നീചമായ മരണത്തിൽപ്പെട്ടു നശിച്ചുപോയെന്നും, നിങ്ങളും മറ്റും സർവ്വവിജയികളായി ലോകത്തിന്റെ ശാശ്വതപൂജയെ അർഹിച്ചു നിതാന്തയശോരാശിയിൽ മുഴുകുന്നെന്നും, ഇതുപോലെ വേറേ ഒരബദ്ധമില്ല. എന്റെ പൂർവ്വികന്മാരുടെ പേരുകൾ അനന്തമായ അനന്തരജനപരമ്പരകളാൽ ഭക്ത്യാദരസമന്വിതം കീർത്തിക്കപ്പെടുമ്പോൾ, ഹേ, ഉഗ്രപ്രതാപശാലിയായ പടത്തലവൻ! അങ്ങയുടെ നാമധേയം ഒരു നിചനീചനായ കുലദ്രോഹിയുടേതായി ലോകാവസാനംവരെ വ്യവഹരിക്കപ്പെടുന്നതാണ്. അങ്ങേ പേർ കേൾക്കുമ്പോൾ ലജ്ജാപാരവശ്യത്തോടുകൂടി തല കുനിക്കാത്തവരായി ആരും ഈ വർഗ്ഗത്തിൽ ഉണ്ടാകുന്നതല്ല. ഈ മഹനീയ വർഗ്ഗത്തിനു ജന്മസിദ്ധമായുണ്ടായിരുന്ന സ്വാതന്ത്ര്യസമ്പത്തിനെ സപ്തസാഗരങ്ങളുടെ ആഴത്തിലേക്കു വലിച്ചെറിഞ്ഞ മഹാദ്രോഹി എന്നായിരിക്കും അങ്ങേയ്ക്കു കിട്ടുന്ന മാറാപ്പേരു്. ധൈര്യവീര്യശൌര്യങ്ങളുടെ മണിനിലയനങ്ങളായി എന്റെ പൂർവ്വികന്മാർ സകലമാനപേരുടേയും ഹൃദയവേദിയിൽ പ്രതിഷ്ഠിക്കപ്പെടുന്നതാണ്. ഇതുതന്നെയാണ് അങ്ങേയ്ക്കു കിട്ടുന്ന

ശിക്ഷയും ജനങ്ങൾക്കു കിട്ടുന്ന സമ്മാനവും. എന്തിനു മുഖം വക്രിപ്പിക്കുന്നു? ഞാൻ പറഞ്ഞുതീരട്ടെ. ദ്രോഹി! മനുഷ്യവർഗ്ഗത്തിൽ ആർക്കും കാണാത്ത ബുദ്ധിശൂന്യത ആഭരണം പോലെ പ്രതാപത്തിനായി അണിഞ്ഞിരിക്കുന്ന നേതാവേ! നിങ്ങളെ ഞാനല്ല, മനുഷ്യരാരുമല്ല കാലം—സത്യവേദിയായ ആ സത്വം—യഥായോഗ്യം ശിക്ഷിച്ചുകൊള്ളും." (സീതാലക്ഷ്മി)

കേശവദാസന്റെകൈയ്ക്കു വിലങ്ങു വയ്ക്കാൻ വന്ന പട്ടക്കാരനോടു സാവിത്രി കേശവദാസന്റെ സന്നിധിയിൽ: "ഏതു കൈകൾക്കമ്മാവാ! ഏതു കൈകൾക്കെടോ ശേവുകക്കാരൻപിള്ളേ! വിലങ്ങുവയ്ക്കേണ്ടതു്? ഞാൻ പറയാം ഏതു കൈകൾക്കെന്ന്. കാർത്തികതിരുനാൾ ശ്രീരാമവർമ്മമഹാരാജാവു തിരുമനസ്സുകൊണ്ടു് ഏതു കൈകൾ കാഴ്ചകണ്ട ദിവസമാണോ ക്ഷാമം തീരെ നീങ്ങത്തക്കവണ്ണം ധാരാളം സാമാനങ്ങൾ തിരുമനസ്സിലേക്കു നല്കിയതു് ആ കൈകൾ. രാജ്യത്തിലെ അന്തഃച്ഛിദ്രംമൂലം പണമില്ലാതെ രാജ്യം കുചേലഭവനമായ സന്ദർഭത്തിൽ ഏതു കൈകൾ കൊണ്ടു കണക്കെഴുതി ആ ശാഖയിലെ കുഴപ്പം തീർത്തു തിരുമനസ്സിലെ ഭണ്ഡാഗാരത്തിൽ സ്വർണ്ണനാണയം കിലുകിലെ വാരിയിട്ടു നിറച്ചുവോ ആ കൈകൾ. ഞാൻ പറയാം ഏതു കൈകളെന്ന്. അമ്മാവൻ എന്നെ തടുക്കരുതു്. ഭാരതഭൂമിയിൽ ശക്തി ഉറപ്പിച്ചും ചെറിയ സംസ്ഥാനങ്ങളെ മോഹാഗ്നിയിൽ ദഹിപ്പിച്ചും സഹ്യപർവ്വതാഗ്രങ്ങൾ കടന്ന് ഇങ്ങോട്ടടുത്ത വെള്ളക്കാർ കമ്പനിയാന്മാരെ ഈ രാജ്യത്തിന്റെ ഉത്തമബന്ധുക്കളാക്കി അവരെക്കൊണ്ടും ഇതിന്റെ അനിർവ്വചനീയമായ മാഹാത്മ്യം സമ്മതിപ്പിക്കത്തക്കവിധം ചാതുര്യത്തോടെ ബുദ്ധിചെലുത്തി ലേഖനങ്ങൾ എഴുതിയ ആ കൈകൾ... ഏതു കൈകളിലാണോ കൊച്ചുതിരുമേനിയേയും പ്രജകളേയും ഏല്പിച്ചിട്ടു കഴിഞ്ഞ ശിവരാത്രി ദിവസം ആ പൊന്നുതിരുമേനി ദിവംഗതനായതു്; ഏതു കൈകൾ കണ്ടാണോ കമ്പനിയാരന്മാർ തിരുവിതാംകൂറിനെ ആദരിക്കുന്നതു്; ഏതു കൈകളാണോ തിരുവിതാംകൂറിന്റെ അടിത്തട്ടും മേൽത്തട്ടും താങ്ങിയതു്... ഈ സാവിത്രിയുടെ മുന്നിൽവച്ച്—എടോ രാജഭൃത്യൻ!—വയ്ക്കു വിലങ്ങ്." (രാജാകേശവദാസൻ)

മീറ്റിംഗ് ചടങ്ങ്—ഈശ്വരപ്രാർത്ഥനയാണ് ആദ്യം:

"ഉണങ്ങിവരണ്ട മൂന്നു പെൺകുട്ടികൾ ഒരു ദിവസംമാത്രം അവർക്കു പരിചയപ്പെടുന്ന വെള്ളമുണ്ടും വല്ലവരുടേയും ജാക്കറ്റുമായി അദ്ധ്യക്ഷന്റെ മുമ്പിൽ വന്നുനിന്നു ക്ഷാമഗാനം നടത്തുന്നതിനാണ് ഇരശ്വരപ്രാർത്ഥന എന്നു പറയുന്നതു്. പട്ടിണിക്കാരിലും പാതിജീവനുള്ളവരിലും കനിയുന്ന ഇരശ്വരനാണെങ്കിൽ ഇതു കേട്ടാൽ ഉടൻ പ്രത്യക്ഷപ്പെടുമെന്നുള്ളതു തീർച്ചയാണ്. ആ ദിക്കിലെ ഒരു വാത്സ്യായനപടുവായ നാട്ടുഭാഷാവിദ്യാലയമഹഷിയുടെ കൃതിയായിരിക്കും ഈ പ്രാർത്ഥന. അയാൾ ഒട്ടുമുക്കാലും നട്ടുവനായി ഈ ദരിദ്രശിശുക്കളുടെ അടുത്തു കാണും. അത്തക്കം നോക്കി വിദ്വാനെ തട്ടിയെടുത്തു് അടുത്ത പോലീസ് ലോക്കപ്പിലേക്ക് ആനയിച്ചാൽ പിന്നെ ഇശ്വരനും മനുഷ്യനും ആ ദേശത്തു സുഖമായി കഴിഞ്ഞുകൂടാം. പക്ഷേ, മനുഷ്യനിർമ്മിതങ്ങളായ നിയമങ്ങൾ എത്ര അപൂർണ്ണങ്ങൾ! അതുകൊണ്ടു് ഈവകക്കാർക്കു യാതൊരുതടസ്സവും ഒരിക്കലും വരുന്നതല്ല." (ചിരിയും ചിന്തയും, ഒന്നാം പുസ്തകം)

"തനിക്കു ലഭിക്കുവാൻ യോഗ്യതയില്ലാത്ത ഒരു ഭാര്യയെയാണ് കിട്ടിയിരിക്കുന്നതെന്നു വിചാരിക്കുന്ന ഭർത്താവാണ് ലോകത്തിൽ പരമസുഖം അനുഭവിക്കുന്നതു്. അവന്റെ മുഖത്തൊന്നു നോക്കണം. എപ്പോഴും ഒരു സംതൃപ്തി, ഒരു ചാരിതാർത്ഥ്യം, അല്പം ഒരു ശൃംഗാരച്ഛായയും. താൻ ഇങ്ങനെ ഒരു ഭാഗ്യവാൻ ഈ ഭൂമുഖ

ത്തിൽക്കൂടെ നടക്കുന്നു, താൻമാത്രം സുഖിക്കുന്നു, മറ്റുള്ളവരെല്ലാം മുജ്ജന്മത്തിൽ ചെയ്ത പാപംകൊണ്ട് അസംതൃപ്തരായി കഴിയുന്നു എന്നാണ് അവന്റെ ഭാവവിശേഷം... ഇവൻ പ്രായേണ ഭാര്യാദാസനാണ്. അവളുടെ ആജ്ഞകൾ കേൾക്കുവാൻ ഉള്ള സന്തോഷം ഉള്ളിൽ മറയ്ക്കുകയുമില്ല. നമ്മോടെല്ലാം പറയും 'എന്താചെയ്ക? എനിക്ക് അതിൽ തീരെ മനസ്സില്ലായിരുന്നു. പിന്നെ രാജമ്മ പറഞ്ഞു. പിന്നെ നമ്മളെന്തു ചെയ്യും?' ഇതിൽ 'നമ്മൾ' എന്ന പ്രയോഗം കേട്ടു തെറ്റിദ്ധരിക്കേണ്ട. അയാളെ മാത്രമേ ഉദ്ദേശിച്ചിട്ടുള്ളു."

(ചിരിയും ചിന്തയും, രണ്ടാം പുസ്തകം—പെൺപിറന്നോന്മാർ)

## മരണം

ഈ. വി. മരിക്കുന്നതിന് ഏതാനും ദിവസങ്ങൾക്കു മുമ്പു മരണത്തെക്കുറിച്ച് ഒരു ലേഖനം മാതൃഭൂമിയിൽ പ്രസിദ്ധീകരിച്ചിരുന്നു. അതിൽനിന്നാണ് താഴെക്കാണുന്ന വാക്യങ്ങൾ ഉദ്ധരിക്കുന്നത്.

"ഈശ്വരൻ ഉണ്ട്; ഇല്ലേ? ആകട്ടെ, അങ്ങനെ സമ്മതിക്കാം. ആ ഈശ്വരനു നമ്മെപ്പറ്റി ചില നിർബ്ബന്ധങ്ങൾ ഒക്കെയുണ്ടെന്നും പറയുന്നു. നാം എന്തൊക്കെയോ ചെയ്യണമെന്ന്. അതാണ് നിർബ്ബന്ധം. എന്നാൽ ഈശ്വരന്റെ അധികാരാതിർത്തി എവിടംവരെയായിരിക്കുമോ? നാം ഇക്കാണുന്നതും കേൾക്കുന്നതുമായ പ്രപഞ്ചം മുഴുവനുണ്ട്. അതുതന്നെ പോരല്ലോ. പരലോകത്തിലും കാണണമല്ലോ. പരലോകം എന്നുവെച്ചാൽ എന്താണ്? ആത്മാവിനു നാശമില്ലെന്നും, വിക്രമാദിത്യനെപ്പോലെ കാടാറുമാസം, നാടാറുമാസം എന്ന നിലയിലോ, ഇൻഡ്യാ വൈസ്രോയിയെപ്പോലെ ഡൽഹിയിൽ കുറേനാൾ, സിംലയിൽ കുറേനാൾ എന്ന രീതിയിലോ ഇഹലോകത്തിൽ കുറേനാൾ പരലോകത്തിൽ കുറേനാൾ എന്ന മട്ടിൽ സഞ്ചരിക്കുകയാണെന്നും ആണല്ലോ സുസമ്മതമായ നിലയിൽ എത്തിട്ടുള്ള ബോധം."

ഇത്രയുമുള്ള പ്രസ്താവനയിൽനിന്ന് എത്ര ബുദ്ധിമാനും, പ്രതിഭാശാലിയും, നിരീക്ഷണപടുവും, ഭാവനാസമ്പന്നനും, ഫലിതമാർമ്മികനും, തൂലികാചാലനപടുവുമായ ഒരു സരസഗദ്യകാരനായിരുന്നു ഈ. വി. കൃഷ്ണപിള്ള എന്നുള്ള വസ്തുത വിശദമാകുന്നു. സഞ്ജയന്റേതെന്നപോലെ അദ്ദേഹത്തിന്റേയും അകാലനിര്യാണം കൈരളിക്ക് ഒരു തീരാനഷ്ടമായി പരിണമിച്ചതിൽ ആശ്ചര്യമില്ല.

# 64
# അറുപത്തിനാലാമധ്യായം

## കെ. ചിദംബരവാദ്ധ്യയാർ (1035–1115)

### ജനനവും വിദ്യാഭ്യാസവും

കെ. ചിദംബരവാദ്ധ്യയാർ തിരുവനന്തപുരത്തു കരമനഗ്രാമത്തിൽ പൌരോഹിത്യം കുലവൃത്തിയായ ഒരു ഗൃഹത്തിൽ ജനിച്ചു. പിതാവു കൃഷ്ണവാദ്ധ്യാരും മാതാവു വള്ളി അമ്മാളുമായിരുന്നു. ബാല്യത്തിൽ സംസ്കൃതം അഭ്യസിച്ചതിനുമേൽ രാജകീയമഹാപാഠശാലയിൽ ചേർന്ന് 1054-ൽ ബി. ഏ. പരീക്ഷ ജയിച്ചു. ഐച്ഛികഭാഷ സംസ്കൃതമായിരുന്നു. മാത്തമാറ്റിക്സിൽ വിശേഷസാമർത്ഥ്യം പ്രകടിപ്പിച്ചുവന്നു. അന്നു വിശാഖംതിരുനാൾ മഹാരാജാവു് ഇംഗ്ലീഷിൽനിന്നു മലയാളത്തിൽ ഗദ്യപുസ്തകങ്ങൾ തർജ്ജമചെയ്തു കാണ്മവാൻ അത്യന്തം ഔത്സുക്യം പ്രകടിപ്പിച്ചിരുന്നു. കോളേജ് വിദ്യാർത്ഥിയായിരുന്ന കാലത്തുതന്നെ വാദ്ധ്യാർ ലാംബ് എഴുതിയ ഷേക്സ്പീയർ കഥകളിൽ (Lamb's Tales from Shakespeare) നിങ്ങളുടെ ഇഷ്ടംപോലെ (As you like it) എന്ന കഥ കാമാക്ഷീചരിതം എന്ന പേരിൽ ഭാഷാന്തരീകരിച്ചു. ആ തർജ്ജമ തിരുമനസ്സിലെ ശ്രദ്ധയിൽപ്പെടുകയും തത്സംബന്ധമായി 1883-ലെ കോളേജ് വാഷികസമ്മാനദാനാവസരത്തിൽ അദ്ദേഹത്തെ അവിടുന്നു മുക്തകണ്ഠം പ്രശംസിക്കുകയും ചെയ്തു.

### ഔദ്യോഗികജീവിതവും ഗ്രന്ഥനിർമ്മിതിയും

ഉടൻതന്നെ കേരളവർമ്മ വലിയകോയിത്തമ്പുരാന്റെ ആധ്യക്ഷത്തിൽ സംഘടിതമായിരുന്ന സർക്കാർ പാഠ്യപുസ്തകക്കമ്മിറ്റിയിൽ ഒരങ്ഗമായി നിയമിക്കപ്പെട്ടു. അവിടെ കുറേക്കാലം ജോലി നോക്കിയതിനുശേഷം കോട്ടയത്തും കൊല്ലത്തും ഡിവിഷൺ ശിരസ്തദാരായി ഗവർമ്മെന്റിനെ സേവിച്ചു. കൊല്ലത്തുനിന്നു തിരിയെ ഹജ്ജൂരാപ്പീസിലേക്കു പോകേണ്ടിവന്നു. അക്കാലത്തു പല പുസ്തകങ്ങൾ പ്രസിദ്ധീകരിച്ചു. (2) വർഷകാലകഥ (Winter's Tale), (3) സിംഹളനാഥൻ (Cymbeline) ഇവ ലാംബിന്റെ ഷേക്സ്പീയർ കഥകളുടേയും, (4) ശരീരരക്ഷ ദിവാൻ രാമയ്യങ്കാരുടെ ആജ്ഞയനുസരിച്ചു കണ്ണിങ്ഹാം സായ്പിന്റെ സാനിറ്ററി പ്രൈമർ (Sanitary Primer) എന്നപുസ്തകത്തിന്റേയും, (5) വ്യവസ്ഥിതിയും ബോധവും എന്ന പുസ്തകം ജെ. റ്റി. ഫൗളർ (J.T. Fowler) സായ്പിന്റെ ഡിസിപ്ലിൻ ആൻഡ് ഇൻസ്ട്രക്ഷൺ (Discipline and Instruction) എന്ന പുസ്തകത്തിന്റേയും വിവർത്തനങ്ങളാണ്.

അക്കാലത്തെഴുതീട്ടുള്ള പുസ്തകങ്ങളിൽ, (6) ക്ഷേത്രവ്യവഹാരം പ്രത്യേകഗണനയെ അർഹിയ്ക്കുന്നു. (7) ഇന്ത്യൻ പീനൽകോഡ് നോട്ടോട്ടുകൂടി 1069-ൽ എഴുതി പ്രസിദ്ധീകരിച്ചു. യഥാകാലം ഹജൂരാപ്പീസിൽ ഹെഡ്ട്രാൻസ്ലേറ്ററായി ജോലി നോക്കി. അക്കാലത്തു പല പുതിയ മലയാളപദങ്ങൾ ഓരോ ആവശ്യത്തിനായി സൃഷ്ടിച്ചതിൽ ചിലതെല്ലാം ഇന്നും പ്രചാരത്തിലിരിക്കുന്നു. ഷേക്സ്പീയരുടെ, (8) റിച്ചർഡ് തൃതീയൻ (Richard III), (9) മാക്ബത്ത് (Macbeth) (10) റോമിയോ ആൻഡ് ജൂലിയേററ് (11) ട്വൽത്ത് നൈറ്റ് (Twelfth Night) എന്നീ നാടകങ്ങളും അദ്ദേഹം തർജ്ജമ ചെയ്തിട്ടുള്ളതായി കാണുന്നു. 1074-ൽ തയാറാക്കപ്പെട്ട പുതിയ മലയാളം റീഡർ പരിശോധിയ്ക്കുന്നതിൽ നിയമിതനായതു് അദ്ദേഹം തന്നെയാണ്. ഇവയെ എല്ലാംകാൾ അദ്ദേഹം അനുഷ്ഠിച്ചിട്ടുള്ള പ്രധാനകൈരളീസപര്യ, ഭാഷാരാമായണചമ്പുവിലെ, (12) രാവണോത്ഭവം, രാമാവതാരം, താടകാവധം, അഹല്യാമോക്ഷം, സീതാവിവാഹം, വിച്ഛിന്നാഭിഷേകം, ബാലിവധം എന്നീ ഭാഗങ്ങളുടെയും, (13) സ്വാതിതിരുനാൾ സംഗീതകൃതികളുടെയും പ്രസിദ്ധീകരണമാണ്. അതിനുമുമ്പ രാമായണചമ്പു എന്നൊരു കൃതി ഭാഷയിൽ ഉണ്ടെന്ന് ആരും ധരിച്ചിരുന്നില്ല. ഇവയിൽ ആദ്യത്തെ രണ്ടു ഭാഗങ്ങൾക്കു രാമായണചമ്പുവെന്നും അടുത്ത നാലിന് ഉത്തരരാമായണചമ്പുവെന്നും പേർ കൊടുത്തിരിയ്ക്കുന്നു. സ്വാതിതിരുനാൾ സംഗീതകൃതികളുടെ പ്രകാശനത്തിലും അദ്ദേഹം നിപുണമായി ശ്രദ്ധിച്ചിട്ടുണ്ട്. ഇനിയും ചില പുസ്തകങ്ങൾ അദ്ദേഹം രചിച്ചിട്ടുണ്ടെങ്കിലും അവ കേവലം സ്കൂൾ ബുക്കുകളാകയാൽ ഇവിടെ നാമനിർദ്ദേശം ചെയ്യേണ്ട ആവശ്യമില്ല. താഴെച്ചേർക്കുന്ന വാക്യപംക്തി ഉത്തരരാമായണ ചമ്പുവിന്റെ മുഖവുരയിൽ ഉള്ളതാണ്.

“എന്നാൽ സർവ്വോപരി ഈ ഗ്രന്ഥത്തിന്റെ പ്രകാശനത്തിനു ഹേതുഭൂതരായിരിക്കുന്നതു മലയാളഭാഷയുടെ സഞ്ജീവിനീരൂപയായ ചിത്തവൃത്തിയോടുകൂടി ആ ഭാഷയിലുള്ള ഗ്രന്ഥസമൂഹങ്ങൾ അഹമഹമികയോടെ ചാടി വെളിയിൽ വരുന്നതിനായി രാത്രിന്ദിവം പ്രയത്നിച്ചുകൊണ്ടിരിക്കുന്ന കവികുലരത്നമായ വലിയകോയിത്തമ്പുരാൻ തിരുമനസ്സുകൊണ്ടാകുന്നു. ആ തിരുമനസ്സിലെ പരിശ്രമത്തിന്മേൽ ആകുന്നു കേവലം കുപ്പക്കൂട്ടമായി കിടക്കുന്ന വലിയകൊട്ടാരത്തിലെ ഗ്രന്ഥപ്പുര വാണീനൃത്യരംഗമായിത്തീർന്നിരിക്കുന്നത്. ആ തിരുമനസ്സിലെ അനുവാദത്തോടുകൂടിയാണ് ഈ ഗ്രന്ഥത്തെ ഏട്ടിൽനിന്നു പകർത്തിച്ച് അച്ചടിപ്പിക്കാൻ ഇടയായതും. അതുകൊണ്ട് ഈ ഗ്രന്ഥത്തിന്റെ പ്രചാരണത്തിലും തിരുമനസ്സുകൊണ്ടു ചെയ്തിട്ടുള്ള ഉപകാരം മലയാളഭാഷയെ സ്നേഹിക്കുന്ന എല്ലാവരേയും തിരുമനസ്സിലെ കടപ്പെട്ടവരാക്കിത്തീർത്തിരിക്കുന്നു.”

വലിയ കോയിത്തമ്പുരാന്റെ നിര്യാണംവരെ വാദ്ധ്യാർ അദ്ദേഹത്തിന്റെ ഒരു പ്രധാനാശ്രിതനായിരുന്നു. ലക്ഷ്മിയമ്മാളായിരുന്നു സഹധർമ്മിണി. വാദ്ധ്യാരും, എം. സി. നാരായണപിള്ളയും നിത്യസഹചാരികളായാണ് കഴിഞ്ഞുകൂടിയതു്. രണ്ടുപേരുടേയും സാഹിത്യ പ്രവർത്തനത്തിനു പരസ്പരം പ്രോത്സാഹനവും സഹകരണവും നിരന്തരമായി ഉണ്ടായിരുന്നു. വാദ്ധ്യാർ 1115-ാമാണ്ടു മകരമാസം 26-ാംനു മരിച്ചു. ദിനചര്യയിൽ യാതൊരു നിഷ്കർഷയുമില്ലായിരുന്നുവെങ്കിലും അവസാനംവരെ അരോഗദൃഢഗാത്രനായിരുന്നു.

## ഒരു ഉദാഹരണം

വാദ്ധ്യാരുടെ ഗദ്യശൈലി ഒരുദാഹരണംകൊണ്ടു വ്യക്തമാക്കാം.“ആരോഗ്യം മനുഷ്യനുണ്ടാകാവുന്ന അത്യുത്തമങ്ങളായ ഭാഗ്യങ്ങളിലൊന്നാകുന്നു. രോഗിയായിരി

ക്കുമ്പോൾ മനുഷ്യനു വേല ചെയ്‌വാൻ കഴിയുകയില്ല; അഥവാ കഴിയുമെങ്കിലും അതു ശ്രമസാധ്യമായിരിക്കും. മറ്റുസമയങ്ങളിൽ അവനു സന്തോഷത്തെ ഉണ്ടാക്കുന്നവ അക്കാലത്തു തീരെ സന്തോഷത്തെ ജനിപ്പിക്കുന്നില്ല. രോഗം സുഖാദ്യനുഭോഗത്തെ ഇല്ലാതെയാക്കുന്നു എന്നുമാത്രമല്ല, പലപ്പോഴും ദുഃഖകരമായ കഷ്ടതയേയും ദാരിദ്ര്യത്തേയുംകൂടി ഉണ്ടാക്കുന്‌... ചിലപ്പോൾ രോഗം അവന്റെ മരണത്തിനു ഹേതുവായിത്തീരുകയും അതുഹേതുവായിട്ട് ഒരു കുടുംബത്തിന്റെ സുഖത്തിനും ഭാഗ്യത്തിനും വേണ്ടവയെ എല്ലാം സമ്പാദിച്ചുകൊണ്ടിരുന്ന ഒരുത്തൻ പൂർണ്ണയൗവനദശയിൽത്തന്നെ ആ കുടുംബത്തിനു നഷ്ടനായിപ്പോകുകയും ചെയ്യാം. ഇപ്രകാരം ഒരു കുടുംബത്തെപ്പറ്റി പറഞ്ഞത് അനേകകുടുംബങ്ങളുടെ സമുദായമായ ഗ്രാമത്തിന്റെയോ നഗരത്തിന്റെയോ വിഷയത്തിലും സത്യംതന്നെയാകുന്നു. എന്നാൽ ആരോഗ്യം ഓരോരുത്തനും അത്ര വലിയ ആശിസ്സായും ഓരോ സമുദായത്തിനും അത്ര വലുതായ നിധിയായും ഇരുന്നിട്ടും അത് എത്ര സാധാരണമായി ഉപേക്ഷിക്കപ്പെട്ടുവരുന്നു?”

(ശരീരരക്ഷ—മുഖവുര)

## സി. ഡി. ഡേവിഡ് (1035—1095)

### ചരിത്രം

സി. ഡി. ഡേവിഡിന്റെ ജനനവും മരണവും ഏതു കൊല്ലങ്ങളിലായിരുന്നു എന്നു സൂക്ഷ്മമായി അറിയുന്നില്ല. 1035 എന്നും 1095 എന്നും കുറിച്ചിട്ടുള്ളത് കുറേയെല്ലാം അനുമാനത്തെ ആധാരമാക്കിയാണ്. അദ്ദേഹം തൃശ്ശൂർ കുന്നത്തിക്കര ഡാനിയലിന്റെ പുത്രനും സി. എം. എസ്. ക്രിസ്തീയവിഭാഗത്തിൽപ്പെട്ട ആളുമായിരുന്നു. ബാല്യത്തിൽ സംസ്കൃതഭാഷയിൽ സാമാന്യവിജ്ഞാനം സമ്പാദിച്ചു. ഇംഗ്ലീഷ് മട്രിക്കുലേഷൻ ക്ലാസ്സുവരെ പഠിച്ചു. അക്കാലത്തു പിതൃസഹോദരനോടുകൂടി കുറേക്കാലം ലക്കടിയിൽ താമസിച്ചു. ആദ്യം തൃശ്ശൂർ സർക്കാർ ഹൈസ്കൂളിൽ ഉപാധ്യായനും പിന്നീട് അവിടത്തെ ശിക്ഷാക്രമപാഠശാലയിൽ മലയാളപണ്ഡിതനുമായിരുന്നു. ദേവജി ഭീമജിയുടെ കേരളമിത്രം പത്രത്തിൽ സഹപത്രാധിപരായി സ്വല്പകാലത്തേക്കു പണി നോക്കി. അതിനുപുറമേ മലയാളമനോരമ, കോഴിക്കോടൻ മനോരമ, കേരളപത്രിക, കേരളസഞ്ചാരി, പശ്ചിമതാരക, നസ്രാണിദീപിക, സത്യനാദകാഹളം തുടങ്ങിയ വൃത്താന്തപത്രങ്ങളിലും, വിദ്യാവിനോദിനി, ഭാഷാപോഷിണി, രസികരഞ്ജിനി, നല്ലീശ്വരവിലാസം ഇത്യാദിമാസികകളിലും വിജ്ഞാനപ്രദങ്ങളായ ലേഖനങ്ങൾ എഴുതി പ്രസിദ്ധീകരിച്ചിട്ടുണ്ട്. സി. പി. അച്യുതമേനോന്റെ പ്രിയസുഹൃത്തുക്കളിൽ ഒരാളായിരുന്നതിനാൽ വിദ്യാവിനോദിനിയെ പല പ്രകാരത്തിൽ സഹായിച്ചു. സക്കാർ സർവ്വീസിൽ നിന്നു പിരിഞ്ഞതിനു ശേഷം ജനോപകാരി എന്ന അച്ചുക്കൂടത്തിന്റെ മാനേജരായി കുറേക്കാലം പണിനോക്കി. ഒടുവിൽ വടക്കാഞ്ചേരിയിൽ ഒരു ഗൃഹം പണിയിച്ച് അവിടെ താമസമാക്കി. മരണം അവിടെവെച്ചായിരുന്നു. ഭാഷയുടെ ഉന്നമനത്തിൽ അതീവ തൽപരനായിരുന്ന അദ്ദേഹം 1067 മുതൽ ഉദ്ദേശം 1090 വരെ ഭാഷയെ നിരന്തരമായി സേവിച്ചു.

### കൃതികൾ

ഡേവിഡ് ഒരു ഗദ്യകാരനാണെങ്കിലും പദ്യരചനയും അദ്ദേഹത്തിനു വശമായിരുന്നു. അദ്ദേഹത്തിന്റെ കൃതികളിൽ താഴെ കുറിക്കുന്നവയാണ് പ്രധാനങ്ങൾ. (1) പ്രബന്ധമഞ്ജരി മൂന്നു ഭാഗങ്ങൾ, (2) പ്രബന്ധമാലിക മൂന്നു ഭാഗങ്ങൾ, (3) ആരോഗ്യരക്ഷാമാർഗ്ഗം, (4) ഗൃഹഭരണം, (5) കുഞ്ചൻനമ്പിയാരുടെ കാലം, (6) ക്രിസ്തോത്ഭ

വം ഓട്ടൻതുള്ളൽ, (7) മിശിഹാചരിത്രസംഗ്രഹം കിളിപ്പാട്ട്, (8) സദാചാരമാലിക (പദ്യം), (9) ദിവ്യോപദേശം മഞ്ജരി. ഡേവിഡിന്റെ പദ്യകൃതികൾ ക്രിസ്തുമതപരങ്ങളും, ഗദ്യകൃതികൾ സദാചാരപരങ്ങളുമാണ്. കുഞ്ചൻ നമ്പിയാരുടെ കാലം എന്ന പുസ്തകം ആ മഹാകവിയുടെ ചരിത്രത്തെയും കൃതികളെയും ആസ്പദമാക്കി എഴുതീട്ടുള്ള ഒരു പുസ്തകമാണ്. ഭാഷയിൽ ഗവേഷണപ്രധാനമായി രചിച്ചിട്ടുള്ള ഒന്നാമത്തെ ഗ്രന്ഥം അതാണെന്നു തോന്നുന്നു. അദ്ദേഹത്തിന്റെ കൃതികളിൽ നിന്നു ചില ഉദാഹരണങ്ങൾ എടുത്തുകാണിക്കാം.

### പദ്യം

“ലോഹത്തെ വഹ്നിയിലിട്ടീടിൽക്കിട്ടാംശ–
മാകവേ വേർപിരിഞ്ഞീടും പോലെ
ദുഷ്ടാംശമുള്ളവ നീങ്ങീട്ടുഭക്തന്മാർ
ശുദ്ധിയിൽ വർദ്ധിച്ചു ജീവിക്കുവാൻ
സന്താപവഹ്നിയിലാക്കിജഗദീശൻ
ശുദ്ധിചെയ്തീടുമെന്നോർത്തിടേണം.
കുന്തിരിക്കം ഭദ്രമായിട്ടു സൂക്ഷിപ്പാ–
നുണ്ടൊരു കാലമതിനെത്തന്നെ
തീയിലിട്ടീടാനുമുണ്ടൊരു കാലമെ–
ന്നീയുലകത്തിൽ നാം കാണുന്നീലേ?
അഗ്നിയിലായതിട്ടാലുണ്ടാം സൗരഭ്യ–
മെന്തെന്നെല്ലാരുമറിഞ്ഞിട്ടില്ലേ?
എന്നതുപോലെ ചില കാലം ശോകമാ–
മഗ്നിയിലാക്കും ചിലരെ നാഥൻ.” (ദിവ്യോപദേശം)

### ഗദ്യം

പ്രബന്ധമഞ്ജരി. പ്രസിദ്ധീകരിക്കുവാൻ പലസാഹിത്യകാരന്മാരും ലേഖനങ്ങൾ നല്കി സഹായിച്ചു കാണുന്നു. അതിലെ രണ്ടാം ഭാഗത്തിൽ സ്വഭാഷയും അന്യഭാഷയും എന്ന തലക്കെട്ടിൽ ഡേവിഡിന്റെ ഒരു നല്ല ഉപന്യാസമുണ്ട്. അതിൽ നിന്നാണ് താഴെക്കാണുന്ന വാക്യങ്ങൾ ഉദ്ധരിക്കുന്നത്.

“മനുഷ്യർക്കു മനോവിചാരത്തെ പരസ്പരം അറിയിക്കേണ്ടതിനു ഭാഷ ആവശ്യമായിരിക്കുന്നു. എങ്കിലും എല്ലാവരും ഒരേ ഭാഷതന്നെ സംസാരിച്ചുവരുന്നതായി കാണുന്നില്ല. ഓരോ രാജ്യത്തുള്ളവർ ഓരോ ഭാഷയാകുന്നു സംസാരിച്ചുവരുന്നത്. അതിനാൽ ചിലരുടെ സ്വഭാഷ മറ്റു ചിലരുടെ അന്യഭാഷയായിരിക്കുമെന്നു തെളിയുന്നു. ഒരു രാജ്യത്തുള്ള ജനങ്ങളിൽ അധികഭാഗം, പ്രത്യേകമായി സ്വഭവനങ്ങളിൽ സംസാരിക്കുന്ന ഭാഷ ഏതോ, അത് ആ രാജ്യത്തുള്ളവരുടെ സ്വഭാഷയായിരിക്കുമെന്നാണ് തോന്നുന്നത്. ഒരു കുട്ടി ആദ്യം കേൾക്കുന്നതും സംസാരിക്കുന്നതും സ്വഭാഷയിലുള്ള പദങ്ങളെയാണ്. മാതാപിതാക്കന്മാരുടെ മനോവിചാരങ്ങളെ കുട്ടികളും കുട്ടികളുടേതിനെ മാതാപിതാക്കന്മാരും അറിയേണ്ടതിന്നു സ്വഭാഷയാണ് ആദ്യമേതന്നെ ആവശ്യമായിരിക്കുന്നത്. പ്രയോജനകരങ്ങളായ പുസ്തകങ്ങൾ സ്വഭാഷയിൽ ഇല്ലെന്നുള്ള ഒരു ന്യായത്തെ അടിസ്ഥാനമാക്കിക്കൊണ്ടു സ്വഭാഷയെ വെറുക്കുന്നത് അത്ര ഭങ്ഗിയാണെന്നു തോന്നുന്നില്ല. തന്റെ പിതാവു സുന്ദരനല്ലെന്നു നിശ്ചയിച്ച് ‘അഴകനെ അച്ഛനെന്നു വിളിക്ക’ യോഗ്യമോ?”

## ഇതു മറ്റൊന്ന്

സഭാങ്ഗങ്ങളല്ലാത്തവരിൽ ചിലർ സഭാങ്ഗങ്ങളിൽ ചിലരെക്കാൾ സമർത്ഥന്മാരാണെന്നോ സഭാങ്ഗങ്ങളിൽ ചിലരിൽ ഗുണത്തിലേയ്ക്കുള്ള യാതൊരു മാറ്റവും കാണപ്പെടുന്നില്ലെന്നോ വന്നേക്കാം. ഇങ്ങനെ വന്നാൽത്തന്നെ സഭയെ കുറ്റപ്പെടുത്തുവാനില്ലെന്നാണ് എന്റെ പക്ഷം. കുറേ മെഴുകും കുറേ ചളിയുമെടുത്ത് ഒരേ കാലത്തു വെയിലത്തുവച്ചാൽ ഉഷ്ണം വർദ്ധിക്കുന്തോറും മെഴുക് അധികമധികം ഉരുകുന്നതായും ചളി നേരേമറിച്ച് ഉറച്ചുകട്ടയാകുന്നതായും കാണാം. വസ്തുവിന്റെ പ്രകൃതിഭേദത്താലല്ല സൂര്യന്റെ ദൂഷ്യത്താലാണ് ഇപ്രകാരം വിപരീതഫലം കാണപ്പെടുന്നതെന്ന് ഇതേവരെ ആരെങ്കിലും പറക ഉണ്ടായിട്ടുണ്ടോ?
(പ്രബന്ധമഞ്ജരി, മൂന്നാം ഭാഗം)

## മൂർക്കോത്തു കുമാരൻ (1049–1116)

### ജനനവും വിദ്യാഭ്യാസവും

ഈ അധ്യായത്തിൽ ഇതുവരെ സ്മൃതന്മാരായ സാഹിത്യകാരന്മാരുടെ ലോകസേവനത്തിന് ഒരു പരിമിതിയുണ്ട്. അതുപോലെയുള്ളതല്ല കുമാരന്റേത്. അദ്ദേഹം വിവിധങ്ങളായ പ്രവർത്തനകോടികളിൽ സഞ്ചരിച്ചു പ്രശംസനീയമായ വിജയം നേടി. അതുകൊണ്ടാണ് അദ്ദേഹത്തിന്റെ ചരിത്രം പ്രത്യേകമായി പ്രതിപാദിക്കേണ്ടിയിരിയ്ക്കുന്നത്. കുമാരൻ 1049-ാമാണ്ട് (ഇംഗ്ലീഷ്‌വർഷം 1874-ാമാണ്ട്) രേവതീനക്ഷത്രത്തിൽ തലശ്ശേരിയിൽ ജനിച്ചു. പിതാവു മൂർക്കോത്തു രാമുണ്ണിയും മാതാവു് കുഞ്ഞിച്ചിരുതയുമായിരുന്നു. ഏകദേശം ആറാമത്തെ വയസ്സിൽ അമ്മയും എട്ടാമത്തെ വയസ്സിൽ അച്ഛനും മരിച്ചു. കുമാരൻ അച്ഛന്റെ തറവാട്ടിൽ വളർന്നു. കാലാന്തരത്തിൽ അച്ഛന്റെ മരുമകൾ ചൂര്യയി മൂർക്കോത്തു യശോദമ്മയെ വിവാഹം ചെയ്തു. തലശ്ശേരി ഗവർമ്മെന്റ് ബ്രണ്ണൻ കോളേജിൽ എഫ്. ഏ. പരീക്ഷ ജയിച്ചതിനുശേഷം മദിരാശി ക്രിസ്ത്യൻ കോളേജിൽ ബി. ഏ. പരീക്ഷയ്ക്കു ചേർന്നു ബാക്കി രണ്ടു ഭാഗങ്ങളിലും ജയിച്ചുവെങ്കിലും ഐച്ഛികവിഷയമായ ചരിത്രത്തിൽ തോറ്റുപോയി. സൈദാപ്പേട്ട് കോളേജിൽ ട്രയിനിംഗ് കഴിച്ചു മലബാറിലേക്കു മടങ്ങി. ഇംഗ്ലീഷ് വർഷം 1890-ൽ കോഴിക്കോട്ടു സെന്റ് ജോസഫസ് ബോയിസ് ഹൈസ്കൂളിൽ ആദ്യം ഉപാധ്യായനായി. കുമാരൻമാസ്റ്റർ എന്ന പേര് അദ്ദേഹത്തിന് അങ്ങനെയാണ് സിദ്ധിച്ചത്. അവിടെ നിന്നു കോഴിക്കോട്ടു പ്രോവിഡൻസ് കോൺവെന്റിലേയ്ക്കു മാറി. പിന്നീടു തലശ്ശേരി നെട്ടൂർ ബി. ഈ. എം. സെക്കണ്ടറി സ്കൂൾ ഹെഡ്മാസ്റ്ററായും തദനന്തരം മങ്ഗലാപുരം സെന്റ് അലൂഷിയസ് കോളേജ് മലയാളപണ്ഡിതനായും ഒടുവിൽ തലശ്ശേരി സെന്റ് ജോസഫ്സ് സെക്കണ്ടറി സ്കൂളിൽ ഒന്നാം അസിസ്റ്റന്റായും പണി നോക്കി. 1105-ൽ (ഏപ്രിൽ 1930) അധ്യാപകവൃത്തിയിൽനിന്നു വിരമിച്ചു. 45-ൽപ്പരം കൊല്ലം പല പ്രവർത്തനരങ്ഗങ്ങളിലും പ്രേക്ഷകന്മാരുടെ കണ്ണും കരളും കുളർപ്പിക്കുമാറു ചൊല്ലിയാടി. 1934-ൽ അദ്ദേഹത്തിന്റെ ഷഷ്ട്യബ്ദപൂർത്തി കേരളമെങ്ങും ആഡംബരപൂർവ്വം ആഘോഷിയ്ക്കപ്പെട്ടു. ഒടുവിൽ അർബ്ബുദം ബാധിച്ച് ഒരു കൊല്ലത്തോളം കാലം ശയ്യാശരണനായി. അദ്ദേഹം ചില ലേഖനങ്ങൾ പറഞ്ഞുകൊടുത്ത് അന്നും എഴുതിച്ചിരുന്നു. ആടിയ കാലും പാടിയ വായും അതാതിന്റെ തൊഴിലിൽനിന്നു വിരമിയ്ക്കുവാൻ പ്രയാസമുണ്ട്. 1116-ാമാണ്ട് (1941 ജൂൺ 25) യശശ്ശരീരനായി.

## പത്രപ്രവർത്തനം

കുമാരനു ബാല്യംമുതല്ക്കുതന്നെ ഭാഷാപോഷണത്തിൽ അഭിരുചിയും ഗദ്യപദ്യങ്ങൾ രചിക്കുന്നതിൽ പാടവവും ഉണ്ടായിരുന്നു. അദ്ദേഹം മദിരാശിയിൽ പഠിച്ചുകൊണ്ടിരുന്ന കാലത്തു് എഴുതിയതാണു് മർക്കടസന്ദേശം എന്ന കാവ്യം.

> “ആഴിക്കെട്ടിൽ പുകഴു പെരുകും കേരളത്തിൽ പ്രസിദ്ധം
> കോഴിക്കോട്ടാം പെരിയ പുരിയിൽച്ചെന്നുചേർന്നാലുടൻ നീ
> ആഴിപ്പെണ്ണെത്തിരയവതിനായഞ്ജനാസൂനു പാരാ–
> താഴിക്കെട്ടേവിധമതുവിധം വണ്ടിയിൽനിന്നു ചാട്ടു.”

ഈ കവിതക്കു രചനാഭംഗി കുറയുമെങ്കിലും കാലക്രമത്തിൽ ഒരു നല്ല കവിയാകുന്നതിനുവേണ്ട യോഗ്യതകൾ അദ്ദേഹം സമ്പാദിച്ചു. എന്നാൽ താൻ ഒരു കവിയെന്നു് അഭിമാനിയ്ക്കുകയോ അതിലേയ്ക്കായി വളരെ സമയം വ്യയംചെയ്യുകയോ ചെയ്തില്ല. ഗദ്യനിർമ്മിതിയിലാകുന്നു അദ്ദേഹത്തിന്റെ വിജയം അതിന്റെ സമഗ്രമായ രൂപത്തിൽ പ്രകാശിക്കുന്നതു്. 1894-ൽ താൻ ഒരു ചെറുകഥ എഴുതി കോഴിക്കോട്ടെ രണ്ടു പത്രങ്ങൾക്കു് അയച്ചതിൽ ആ പത്രങ്ങളുടെ അധിപന്മാർ അതു മടക്കിയയയ്ക്കുകയാണുണ്ടായതെന്നും അതുതന്നെ മലയാളമനോരമയ്ക്കു് അയച്ചപ്പോൾ വറുഗീസുമാപ്പിള അതു ഭാഷാപോഷിണിയിൽ പ്രസിദ്ധീകരിക്കുകയും തന്നെ പ്രോത്സാഹനരൂപത്തിലുള്ള ഒരു കത്തുകൊണ്ടും ഉചിതമായ ധനസംഭാവനകൊണ്ടും അനുഗ്രഹിയ്ക്കുകയും ചെയ്തതായും അദ്ദേഹം ഒരവസരത്തിൽ പ്രസ്താവിച്ചിട്ടുണ്ടു്. വറുഗീസമാപ്പിളയുടെ പേരിൽ അദ്ദേഹത്തിനു ജ്യേഷ്ഠനിർവ്വിശേഷമായ ഭക്തിയാണുണ്ടായിരുന്നതു്. അന്നു കോഴിക്കോട്ടു കേരളസഞ്ചാരിയുടെ പ്രസാധകനായിരുന്ന സി. കൃഷ്ണൻ ഉന്നതവിദ്യാഭ്യാസത്തിനായി മദിരാശിയിൽ പോകുകയും അതിനുപകരം കുമാരൻ ആ സ്ഥാനത്തിൽ നിയുക്തനാകുകയും ചെയ്തു. അതാണു് കുമാരന്റെ ആധിപത്യത്തിൽ പ്രചരിച്ച ഒന്നാമത്തെ പത്രം. തദ്വാരാ ചന്തുമേനോൻ, കുഞ്ഞിരാമൻനായനാർ മുതലായ സാഹിത്യകാരന്മാരുമായി സ്നേഹം പുലർത്തുന്നതിനു സൗകര്യം കിട്ടി. ഫലിതം സംബന്ധിച്ചു് അവരുടെ ശിഷ്യനായിരുന്നു കുമാരൻ എന്നു പറയുന്നതിൽ അപാകമില്ല. സഞ്ചാരിയുടെ പ്രസാധകനായിരുന്ന കാലത്തു സരസ്വതി എന്നൊരു മാസികയും ആരംഭിച്ചു. അതിൽപ്പിന്നീടു് 1913-ൽ സി. കൃഷ്ണൻ അതിന്റെ അവകാശം വാങ്ങി സഞ്ചാരി മിതവാദിയിൽ ലയിപ്പിച്ചു. അതിൽനിന്നു മിതവാദി എന്ന പത്രം തുടങ്ങി. പിന്നീട്ടാണു് ഗജകേസരി എന്ന പത്രത്തിന്റെ ആവിർഭാവം. 1935-ൽ അതോടുകൂടി സത്യവാദി എന്നൊരു വാരികയും നടത്തി. ചിന്താമണി, ആത്മപോഷിണി എന്നീ മാസികകളുടേയും, വിദ്യാലയം, ധർമ്മം എന്നീ പത്രങ്ങളുടേയും അധിപരായി ഓരോ കാലത്തു ജോലി നോക്കീട്ടുണ്ടു്. ഇവയെയെല്ലാം തന്റെ തുലികാചാലനം കൊണ്ടു് അദ്ദേഹം ഉയർത്തി. എങ്കിലും അതുകൊണ്ടൊന്നും താൻ വിഭാവനം ചെയ്തുകൊണ്ടിരുന്ന ആദർശങ്ങൾക്കു് അവ അർഹിയ്ക്കുന്ന രൂപം കൊടുക്കുവാൻ അദ്ദേഹത്തിനു സാധിച്ചില്ല. ഒടുവിൽ ഉദാരമതിയും ഭാഷാപോഷണവ്യഗ്രനുമായ തോമസ് പോൾ ദീപം എന്നൊരു ചിത്രമാസിക എറണാകുളത്തുനിന്നു് 1105-ാമാണ്ടു ചിങ്ങമാസം 1-ാംനു- മുതൽ പ്രചരിപ്പിയ്ക്കുവാൻ തീർച്ചപ്പെടുത്തിയപ്പോൾ അതിന്റെ പ്രസാധകനായി തിരഞ്ഞെടുത്തതു കുമാരനെയായിരുന്നു. ദീപംപോലെ വിജ്ഞാനപ്രദവും വിവിധവിഷയസ്പർശിയുമായ ഒരു മാസിക അതിനുമുമ്പും പിമ്പും ഉണ്ടായിട്ടില്ല എന്നു പറയുന്നതു മറ്റു മാസികകൾക്കു് ഒരുവിധത്തിലും അവജ്ഞാദ്യോതകമല്ല; രാജ്യസംബന്ധമായുള്ള കാര്യങ്ങളെപ്പറ്റി വിമർശങ്ങൾ, ചെറുകഥകൾ, ജീവിതചരിത്രങ്ങൾ,

നോവൽ, കവിതകൾ, കൌതുകവാർത്തകൾ, സർവ്വോപരി ഹൃദയാവർജ്ജകങ്ങളായ ചിത്രങ്ങൾ ഇത്യാദി വിഷയങ്ങൾകൊണ്ട് ഓരോ ലക്കവും അലംകൃതമായിരുന്നു. മൂന്നുകൊല്ലത്തോളമേ ദീപം നടന്നുള്ളു.

## മറ്റു പ്രവർത്തനങ്ങൾ

കുമാരൻ ഒരു തികഞ്ഞ സമുദായ സേവകനും പൊതുകാര്യപ്രസക്തനുമായിരുന്നു. പതിനെട്ടുകൊല്ലം തലശ്ശേരി മുനിസിപ്പൽ കൌൺസിലറായും ഒൻപതു കൊല്ലം മലബാർ ഡിസ്ട്രിക്ട് എഡ്യുക്കേഷൻ കൗൺസിലിലെ ഒരംഗമായും. ഓരോ പ്രാവശ്യം കോട്ടയം താലൂക്കുബോർഡ് വൈസ്പ്രസിഡണ്ടായും മുനിസിപ്പൽ വൈസ് ചെയർമാനായും പണി നോക്കി. മദിരാശി ഗവർണ്ണർ മലബാറിലെ ജന്മിമാരുടേയും കുടിയാന്മാരുടേയും ഒരു വട്ടമേശസമ്മേളനം സംഘടിപ്പിച്ചതിൽ കുമാരൻ കുടിയാന്മാരുടെ ഒരു പ്രതിനിധിയായിരുന്നു. അക്കാലത്ത് അദ്ദേഹത്തിന്റെ ലേഖനങ്ങൾ കൂടാതെ കേരളത്തിൽ പ്രചരിച്ചുവന്ന പത്രങ്ങൾ ഉണ്ടോ എന്നു സംശയിക്കേണ്ടിയിരിക്കുന്നു. പല ഗൂഢനാമങ്ങളിൽ അദ്ദേഹം ലേഖനങ്ങൾ എഴുതീട്ടുണ്ട്. വജ്രസൂചി, ഗജകേസരി എന്നീ പേരുകളിൽ വടക്കൻപത്രങ്ങളിലും, പതഞ്ജലി എന്ന പേരിൽ തെക്കൻ പത്രങ്ങളിലുമാണ് അത്തരത്തിലുള്ള ലേഖനങ്ങൾ പ്രായേണ കാണാറുണ്ടായിരുന്നത്. കുമാരൻ ഒരു ഉറച്ച ഹിന്ദുമതഭക്തനായിരുന്നു എന്നും പ്രത്യേകിച്ചും അദ്ദേഹത്തിന്റെ ഇഷ്ടദേവത ശ്രീകൃഷ്ണനായിരുന്നു എന്നുമുള്ളതിനു പല ലക്ഷ്യങ്ങളുണ്ട്. അദ്ദേഹത്തിന്റെ ഗൃഹത്തിനു ഗോകുലമെന്നായിരുന്നു നാമകരണം. ഭഗവൽഗീതയെപ്പോലെ മനുഷ്യർക്ക് ഐഹികവും ആമുഷ്മികവുമായ ഉൽക്കർഷത്തിനു പ്രയോജകീഭവിക്കുന്ന ഒരു ഗ്രന്ഥം ലോകത്തിലില്ലെന്നായിരുന്നു അദ്ദേഹത്തിന്റെ ഗാഢമായ വിശ്വാസം. ഹിന്ദുക്കളുടെ ആചാരപരിഷ്കരണത്തിൽ അദ്ദേഹം ബദ്ധശ്രദ്ധനായിരുന്നു. ആ പരിഷ്കരണം ശ്രീനാരായണഗുരുസ്വാമിയുടെ ഉപദേശങ്ങൾകൊണ്ടും ചര്യാവിശേഷംകൊണ്ടും സിദ്ധമായിയെന്ന് അദ്ദേഹം തീർച്ചപ്പെടുത്തി. തലശ്ശേരി ജഗന്നാഥക്ഷേത്രത്തിന്റെ നിർമ്മിതിയ്ക്കും, അതിനു തൊട്ടുള്ള ഗുരുദേവന്റെ ലോഹപ്രതിമാസ്ഥാപനത്തിനും അദ്ദേഹമാണ് മുൻകയ്യെടുത്തു പ്രവർത്തിച്ചത്. സ്വാമികളുടെ 'ഒരു ജാതി, ഒരു മതം, ഒരു ദൈവം മനുഷ്യന്' എന്ന സന്ദേശത്തെ മലബാറിൽ പ്രധാനമായി പ്രചരിപ്പിച്ചത് അദ്ദേഹമായിരുന്നു. തീയർ ഹിന്ദുമതം ഉപേക്ഷിക്കണമെന്നും ബുദ്ധമതം സ്വീകരിക്കണമെന്നും മറ്റുമുള്ള ചിലരുടെ അഭിപ്രായങ്ങൾക്ക് അദ്ദേഹം പരമവിരോധിയായിരുന്നു. ഉത്തരകേരളത്തിൽ ഈ പ്രക്ഷോഭണത്തെ നിർജ്ജീവമാക്കിത്തീർത്തത് അദ്ദേഹവും അദ്ദേഹത്തിന്റെ സുഹൃത്തുക്കളായ ചില തീയപ്രമാണികളുമായിരുന്നു എന്നുള്ള വസ്തുത അവിസ്മരണീയമാണ്. വെറുതേയല്ല അദ്ദേഹത്തെ ഉത്തരകേരളത്തിലെ കിരീടം വയ്ക്കാത്ത രാജാവ് എന്നു പറഞ്ഞുവന്നത്. ഉദാരമായിരുന്നു അദ്ദേഹത്തിന്റെ ചിത്തവൃത്തി. അനേകം പാവപ്പെട്ട വിദ്യാർത്ഥികളെ അദ്ദേഹം തന്റെ ചിലവിൽ പഠിപ്പിച്ചിട്ടുണ്ട്.

## സാഹിത്യസേവനം

കുമാരന്റെ കൃതികളിൽ പ്രധാനങ്ങളായുള്ളവയെ മാത്രം ഇവിടെ കുറിയ്ക്കുന്നു. (1) മർക്കടസന്ദേശം, (2) ആശാകല, (3) ഇലഞ്ഞിപ്പൂമാല മുതലായ ഖണ്ഡകൃതികൾ, (4) ദർശനമാല (തർജ്ജമ), (5) ലോകാപവാദം, (6) കനകംമൂലം, (7) അമ്പുനായർ, (8) വസുമതി, (9) ഒരു വൈദ്യന്റെ അനുഭവങ്ങൾ, (10) ജാഹനീറ, (11) രജപുത്രവിവാഹം, (12) കുനിയുടെ കുസൃതി, (13) യാദവകൃഷ്ണൻ, (14) ഒയ്യാരത്തു ചന്തുമേനോൻ, (15) വേങ്ങയിൽ കുഞ്ഞിരാമൻനായനാർ, (16) ശ്രീനാരായണഗുരുസ്വാമി, (17) കാകൻ, (18)

പ്രകൃതിശാസ്ത്രത്തിലെ ചില അത്ഭുതങ്ങൾ, (19) ഗദ്യമഞ്ജരി ഒന്നാം ഭാഗം, (20) സൈരന്ധ്രി, (21) മുത്തശ്ശന്റെ കഥകൾ, (22) നൂറ്റിൽപ്പരം ചെറുകഥകൾ, (23) അമ്മമാരോട്ട്, (24) വെള്ളിക്കൈ.

## അവയിലെ ഉള്ളടക്കം

### പദ്യം

ആശാകലയാണ് കുമാരന്റെ കൃതികളിൽ പ്രഥമഗണനീയം. സുപ്രസിദ്ധനായ കീറ്റ്സ് (Keats) എന്ന ആംഗലേയമഹാകവിയുടെ ഇസബല്ലാ (Isabella) എന്ന കാവ്യത്തിന്റെ സ്വതന്ത്രാനുവാദമാണത്. അത്യന്തം ഹൃദയദ്രവീകരണചണമായ മൂലകൃതി വലിയ താഴ്ചവീഴ്ചകൾ കൂടാതെ കുമാരൻ ഭാഷാന്തരീകരിച്ചിരിയ്ക്കുന്നു. ചില വരികൾ ഉദ്ധരിക്കാം.

> “ലാലസൻതന്റെ കഥയുദ്ധരിയ്ക്കാം ഞാൻ
> ധീരതയുള്ളവർ കേട്ടുകൊൾവിൻ.
> എങ്ങവൻ? എങ്ങാനൊരുൾനാട്ടിൽ ശഷ്പങ്ങൾ
> തിങ്ങിവളർന്നൊരു കുറ്റിക്കാട്ടിൽ,
> ആറ്റിൻകരയിൽ മനുഷ്യപാദസ്പർശം
> തട്ടാറില്ലാത്തൊരു ദിക്കിലായി,
> ആറടി ദീർഘതയുള്ള കുഴിയൊന്നു
> മൂടിക്കിടപ്പുണ്ടു പുത്തനായി.
> ലാലസനെങ്ങെന്നതിൽച്ചെന്നു ചോദിപ്പിൻ
> മാലുറ്റ വാർത്ത കൊതിപ്പോരെല്ലാം.”

ഇലഞ്ഞിപ്പൂമാല ചെറുതാണെങ്കിലും ഒന്നുകൂടി ചേതോഹരമാണെന്നു പറയാം. ഒരു പെൺകിടാവു് ആ മാല നിരത്തിൽക്കൂടി വില്പനയ്ക്കു കൊണ്ടുപോകുന്നു.

> “ഇലഞ്ഞിപ്പൂമാലയിലഞ്ഞിപ്പൂമാല–
> യിലഞ്ഞിപ്പൂ വാങ്ങിൻ, വണങ്ങുന്നേൻ.”

ആ പെൺകുട്ടിയുടെ ആകാരസുഷമയെ കവി ഇങ്ങനെ വർണ്ണിയ്ക്കുന്നു.

> “തരുണശ്രീ വന്നങ്ങുദിച്ചില്ലായതിൻ
> കരുക്കൾമേനിയിൽക്കുരുത്തില്ല.
> ഉടുമുണ്ടല്ലാതെ മുറിമുണ്ടില്ലവൾ–
> ക്കുടലുമംഗവും മറയുവാൻ.
> കുളി കഴിഞ്ഞല്പം നനഞ്ഞുലഞ്ഞേറ്റ–
> മളിവർണ്ണം പൂണ്ട ചികുരത്തെ
> അനിലപോതങ്ങൾ ചലിപ്പിച്ചീടുന്നു–
> ണ്ടനംഗൻ മാനവമനം പോലെ.
> ഇലഞ്ഞിപ്പൂമാല മുഴുവനും വാങ്ങി–
> യലസാപാംഗിക്കു പണമേകാൻ
> പരതി കീശ ഞാ,നൊരു കാശില്ലതിൽ–
> പ്പരിതാപമെന്തു പറയാവൂ?”

ദർശനമാല ശ്രീനാരായണഗുരുസ്വാമികളുടെ തന്നാമധേയമായ വേദാന്തഗ്രന്ഥത്തിന്റെ തർജ്ജമയാണ്.

## ഗദ്യം

ഒരു ഗദ്യകാരൻ എന്ന നിലയിലാണല്ലോ കുമാരൻ പരക്കെ അറിയപ്പെടുന്നതും അറിയപ്പെടേണ്ടതും. അഞ്ചുമുതൽ ഏഴുവരെ നമ്പർ കൃതികൾ നോവലുകളാണ്. വസുമതി ഒരു സമുദായാഖ്യായികയാണ്. വടക്കേ മലബാറിലെ അക്കാലത്തെ തീയരെ സംബന്ധിച്ചുള്ള പല കാര്യങ്ങളും അതിൽനിന്നു ഗ്രഹിയ്ക്കുവാൻ കഴിയും. ഒരു വൈദ്യന്റെ അനുഭവങ്ങൾ ചില ചെറുകഥകൾ സമാഹരിച്ചു പ്രസിദ്ധീകരിച്ച ഒരു പുസ്തകമാണ്. പത്തും പതിനൊന്നും കൃതികൾ ഇന്ത്യാചരിത്രത്തിലെ ചില കഥകൾ സംഭവമാക്കി എഴുതീട്ടുള്ളതാകുന്നു. പന്ത്രണ്ടാം നമ്പർ രാമായണത്തിലെ ഒരുപാഖ്യാനത്തെ ആസ്പദമാക്കി രചിച്ചിട്ടുള്ള ഗദ്യനാടകമാണ്, 13 മുതൽ 16 വരെ നമ്പരുകൾ ജീവിതചരിത്രഗ്രന്ഥങ്ങളാണെന്നു പറയേണ്ടതില്ലല്ലോ. കാകൻ ഏററവും മനോഹരമായ ഒരു കൃതിയാണ്. കുമാരന്റെ നാനാമുഖമായ മനോധർമ്മപ്രസരം അതിൽ അതിന്റെ അത്യുച്ചകോടിയിൽ തെളിഞ്ഞുകാണാം. പ്രകൃതിശാസ്ത്രത്തിലെ അത്ഭുതങ്ങൾ എന്ന ഗ്രന്ഥത്തിലെ വിഷയം പേരുകൊണ്ടുതന്നെ വിശദമാകുന്നുണ്ടല്ലോ. ഗമദ്യമഞ്ജരി ഒന്നാംഭാഗം സാഹിത്യവിമർശനപരമാണ്. അതിൽ കവിത, ഭാവനാശക്തി, മലയാളഭാഷയ്ക്കു സഹായങ്ങൾ, ഗദ്യപ്രബന്ധം, നോവൽ മുതലായി പല വിഷയങ്ങൾ അടങ്ങിയിരിയ്ക്കുന്നു. കുമാരനെ ഒരു നിരൂപണവിചക്ഷണനായി ഉയർത്തിക്കാണിക്കുന്നത് പ്രസ്തുത ഗ്രന്ഥമാണ്. സൈരന്ധ്രിയും മുത്തശ്ശന്റെ കഥകളും ബാലവിദ്യാർത്ഥികളുടെ ഉപയോഗത്തിനായി എഴുതിയിരിക്കുന്നു. ചെറുകഥകളിൽ അധികവും ദീപം മാസികയിൽ, പ്രസിദ്ധീകരിച്ചതാണ്. അവയിൽ ചിലതിന്റെയെല്ലാം വിഷയം സ്വകപോലകല്പിതമല്ല. റംഗൂണിൽവച്ചു മലയാളി മഹിളാമണ്ഡലത്തിന്റെ ആഭിമുഖ്യത്തിൽ എഴുതിവായിച്ചതാണ് അമ്മമാരോട് എന്ന ചെറുകൃതി. പതിനെട്ടാം നൂറ്റാണ്ടിൽ ഹൈദരാലിയും മഹാരാഷ്ട്രന്മാരും യോജിച്ചു പരന്ത്രീസുകാരുടെ സഹായത്തോടുകൂടി യുദ്ധംചെയ്തു പല അക്രമങ്ങളും പ്രവർത്തിച്ച സംഭവമാണ് വെള്ളിക്കയ്യുടെ പശ്ചാത്തലം. ദീപത്തിൽ അതു ഖണ്ഡശഃ പ്രസിദ്ധീകരിച്ചുവന്നു. പ്രത്യേകം പുസ്തകമായി അച്ചടിപ്പിച്ചിട്ടില്ല.

## വാക്കലഹം

തന്റെ സാഹിത്യസേവനത്തെപ്പറ്റി കുമാരൻ ഒരവസരത്തിൽ ഇങ്ങനെ പറയുന്നു: "ഞാൻ ചിലതെഴുതി; അതു ചിലക്കു രസിച്ചു. ഞാൻ പിന്നെയും എഴുതി; അതു ചിലരെ മുഷിപ്പിച്ചു. അവർ എന്നെ കുത്തി എഴുതി; ഞാനും കുത്തി എഴുതി. ഇങ്ങനെ കമ്പിളിക്കെട്ടു ഞാൻ വിട്ടിട്ടും കമ്പിളിക്കെട്ട് എന്നെ വിടുന്നില്ലെന്നു പറഞ്ഞപോലെ ഞാൻ സാഹിത്യസമുദ്രത്തിൽക്കിടന്ന്

> 'ഓട്ടുനാളിറങ്ങിയും മങ്ങിയും തിരവന്നു
> തട്ടിയിട്ടലച്ചുമങ്ങൊട്ടേടം ചെന്നും പോന്നും'

അങ്ങനെ പരിചയിച്ച് ഒരുവിധം നീന്തിക്കളിയ്ക്കുവാൻ പഠിച്ചുവെന്നേ പറയേണ്ടതുള്ളു." സൂക്ഷ്മത്തിൽ അദ്ദേഹം സാഹിത്യക്കളരിയിൽ നെടുനാൾ കച്ചകെട്ടി കയ്യും മെയ്യും ഉറച്ച ഒരുധീരയോദ്ധാവായിരുന്നു. കുമാരൻ ധാരാളം വെട്ടും തട്ടും പയറ്റി. കൊടുക്കുകയും കൊള്ളുകയും ചെയ്തു. എതിരാളിയെ അമ്പരപ്പിയ്ക്കുകയും അടിപണിയിയ്ക്കുകയും ചെയ്ത അവസരങ്ങൾ അനവധിയുണ്ട്. വ്രണകിണങ്ങളാൽ അങ്കിതമായിരുന്ന അദ്ദേഹത്തിന്റെ വിരിമാറ്. അപൂർവ്വം ചില ഘട്ടങ്ങളിൽ അടവു തെറ്റി താഴെ വീണിട്ടുണ്ട്. വീണേടത്തുകിടന്നു വിദ്യയുമെടുത്തിട്ടുണ്ട്. നിശിതവും മർമ്മവേധിയുമായിരുന്ന അദ്ദേഹത്തിന്റെ ലുലികാപ്രയോഗം. തനിയ്ക്കു പറയുവാനുള്ളത്

ആരെപ്പറ്റിയായാലും ഒളിവും മറവും കൂടാതെ പറയും. പല അച്ചുക്കൂടമുടമസ്ഥന്മാരു മായി ഗാഢമായ ബന്ധം പുലർത്തിവന്ന അദ്ദേഹം അവരെയും വിട്ടിട്ടില്ല: ഒരവസ രത്തിൽ ഇങ്ങനെ പറയുന്നു:

"പ്രസാധകന്മാരിൽ അധികം പേരും കച്ചവടത്തിന്റെ കണ്ണുകണ്ട സമർത്ഥ ന്മാരാണ്. അവർക്കൊരു പേർ കൊടുക്കുവാൻ എനിക്ക് അധികാരമുണ്ടായിരു ന്നുവെങ്കിൽ ഞാൻ അവരെ 'ചോരകുടിയന്മാർ' എന്നു വിളിയ്ക്കുമായിരുന്നു. കവിക ളുടേയും ഗ്രന്ഥകാരന്മാരുടേയും ചോരകുടിച്ചാണ് അവരിൽപലരും ജീവിയ്ക്കുന്നതും, തങ്ങൾക്കും തങ്ങളുടെശേഷം സന്താനങ്ങൾക്കുംവേണ്ടി ധനം സമ്പാദിയ്ക്കുന്നതും. വിദ്വാന്മാർ പ്രായേണ ദരിദ്രന്മാരാണല്ലോ. അവരെക്കൊണ്ടു ഗ്രന്ഥങ്ങൾ രചിപ്പിച്ച് അല്പം വല്ലതും കൊടുത്തും കൊടുക്കാമെന്നു വാഗ്ദാനംചെയ്തും പിന്നെ കൊടുക്കാതെ യും ആ ഗ്രന്ഥങ്ങൾ അച്ചടിപ്പിച്ചു പ്രസിദ്ധംചെയ്ത്, അതുകൊണ്ടുള്ള വമ്പിച്ച ആദാ യംമുഴുവൻ ഈ ചോരകുടിയന്മാർ എടുക്കുന്നു. ഗ്രന്ഥകർത്താക്കന്മാരോ? പട്ടിണി!" അങ്ങനെയുള്ള ഒരാൾ അഭിയോക്താവിനു ഭയങ്കരനായ പ്രതിദ്വന്ദ്വിയായിരുന്നത് അസാധാരണമല്ലല്ലോ. എങ്കിലും അദ്ദേഹത്തിന്റെ ഹാസ്യരസനിഷ്യന്ദികളായ ഉക്തിപ്രത്യുക്തികൾ അവരേയും ആനന്ദസാഗരത്തിൽ ആറാടിയ്ക്കുകയായിരുന്നു പതിവ്. തന്നെയോ തന്റെ സമുദായ നേതാക്കന്മാരെയോ തനിയ്ക്കു വേണ്ടപ്പെ ട്ടവരെയോ ആക്ഷേപസൂചകമായി ആര് എന്തെഴുതിയാലും അദ്ദേഹം ഉലച്ച വാളുമായി അരങ്ങത്തു കയറി നിർഭയമായി പോരാടും. പക്ഷേ, അദ്ദേഹത്തിന്റെ വിമലമായ ഹൃദയത്തിൽ വ്യക്തിവിദ്വേഷത്തിന്റെയോ സമുദായസ്പർദ്ധയുടെയോ ലാഞ്ഛനം ഒരൊറ്റവാക്കിലെങ്കിലും മഷിയിട്ടു നോക്കിയാൽപ്പോലും കാണ്മാനുണ്ടാ യിരുന്നില്ല. താൽക്കാലികമായ ഒരു രസത്തിനുവേണ്ടി വേണ്ടതിലധികം തട്ടിവിടും. എങ്കിലും അതെല്ലാം ശരൽക്കാലത്തിലെ മേഘശകലത്തിന്റെ കളി കാട്ടി ക്ഷണ ത്തിൽ മറഞ്ഞുപോകും. കുമാരനെ നല്ലപോലെ അറിയുന്ന ഫലിതപ്രിയന്മാർക്ക് ആ വാക്പ്രവാഹം വിനോദത്തിന്റെ പ്രകാരാന്തരമായല്ലാതെ തോന്നുമായിരുന്നി ല്ല.

## കൃത്യനിഷ്ഠ

ഇതു കുമാരന്റെ എണ്ണപ്പെട്ട ഗുണങ്ങളിൽ ഒന്നായിരുന്നു. താൻ ഏതു സാഹിത്യ വ്യവസായത്തിൽ ഏർപ്പെട്ടാലും അതു വിജയപൂർവ്വമായി കലാശിപ്പിക്കണമെന്ന് അദ്ദേഹത്തിനു നിർബ്ബന്ധമുണ്ടായിരുന്നു. മറ്റു ചിലരെപ്പോലെ വല്ലതും കാട്ടിക്കൂട്ടി ഒപ്പിച്ചുമാറുന്നതിൽ അദ്ദേഹത്തിനു തെല്ലും വിശ്വാസമുണ്ടായിരുന്നില്ല. ശ്രീനാരാ യണഗുരുവിന്റെ ജീവിതചരിത്രം രചിക്കുവാൻ അദ്ദേഹം യോഗാഭ്യാസ പ്രതിപാ ദകങ്ങളായ പല പുസ്തകങ്ങൾ വായിക്കുകയും അറുപത്തഞ്ചോളം വശം വരുന്ന തത്സംബന്ധമായ ഒരധ്യായം ആ പുസ്തകത്തിന്റെ പ്രഥമഭാഗമായി എഴുതിച്ചേർക്കു കയും ചെയ്തു. ചന്തുമേനോന്റെ ചരിത്രം ഗദ്യകാവ്യത്തിന്റെ വളർച്ച എന്ന അധ്യായം കൊണ്ടാണ് ആരംഭിക്കുന്നത്. യാദവകൃഷ്ണൻ എന്ന പുസ്തകത്തിൽ ശ്രീകൃഷ്ണനെപ്പറ്റി യുള്ള ഇതിഹാസപൗരാണികോപാഖ്യാനങ്ങളിൽ ഇക്കാലത്ത് അവിശ്വസനീയങ്ങ ളാണെന്നു തോന്നാവുന്ന അംശങ്ങളെ പരിത്യജിച്ചു കേവലം ഒരു ഉത്തമപുരുഷൻ എന്ന നിലയിൽ ആ മഹാത്മാവിന്റെ ചരിത്രം ഉപപാദിക്കുന്നതിനുവേണ്ടി പല പുസ്തകങ്ങളും നിഷ്കർഷിച്ചു വായിച്ചു. ഇതെല്ലാം എന്തിനാണെന്നു ചിലർ ചോദിച്ചേ ക്കാം. അവർ ക്ലേശഭീരുക്കളും വിഷയപൂർത്തിയെപ്പറ്റി വേണ്ട വിജ്ഞാനമില്ലാത്ത വരുമാണെന്നു പറയേണ്ടിയിരിക്കുന്നു.

## സംസ്കൃതപദപ്രയോഗം

തന്റെ ഗദ്യത്തിൽ സംസ്കൃത പദങ്ങൾ വേണ്ടതിലധികം കടന്നുകൂടാതിരിക്കുന്നതിനു കുമാരൻ പ്രത്യേകം യത്നിച്ചു. തനിക്കു സംസ്കൃതത്തിലുള്ള പരിജ്ഞാനത്തിന്റെ കുറവ് അതിനു സഹായമായും തീർന്നു. വെള്ളിക്കൈ ദീപത്തിൽ പ്രസിദ്ധീകരിച്ചുതുടങ്ങിയപ്പോൾ "ഇത് എല്ലാവരും വായിച്ചു രസിക്കണമെന്നല്ലാതെ സ്കൂളുകളിൽ പാഠപുസ്തകമാക്കിക്കിട്ടണമെന്ന് ഉദ്ദേശമില്ലാത്തതിനാൽ അനാവശ്യമായി അപൂർവ്വ സംസ്കൃതപദങ്ങൾ കുത്തിച്ചെലുത്തുകയോ അന്വയവിഷമത വരുത്തുകയോ ചെയ്യേണ്ടുന്ന ആവശ്യം നേരിട്ടിട്ടില്ല" എന്ന് അദ്ദേഹം ആ വിഷയത്തിൽ തനിക്കുള്ള അഭിപ്രായം രേഖപ്പെടുത്തിയിരിക്കുന്നു. മറ്റൊരവസരത്തിൽ ഇങ്ങനെയും പറഞ്ഞിട്ടുണ്ട്: "ശരിയായി അർത്ഥമറിഞ്ഞുകൂടാത്ത സംസ്കൃതപദങ്ങൾ ഉപയോഗിക്കാതിരിക്കാൻ ശ്രമിക്കണമെന്നുള്ളതു സംസ്കൃതം അറിഞ്ഞുകൂടാത്ത എന്നെപ്പോലുള്ളവർ പ്രബന്ധരചനയിൽ അനുസരിക്കേണ്ടുന്ന ഒരു സമ്പ്രദായമാണെന്നു ഞാൻ അവരെ ഓർമ്മപ്പെടുത്തിക്കൊള്ളുന്നു."

## ഗദ്യശൈലി

കുമാരന്റെ വിവിധസിദ്ധികളിൽവച്ച് അത്യന്തം സമുന്നതമായി. എല്ലാവർക്കും പ്രതിഭാസിക്കുന്നത് അദ്ദേഹത്തിന്റെ അപ്രതിമമായ ഗദ്യശൈലിയാകുന്നു. അദ്ദേഹം ആ ശൈലികൊണ്ടു പലപ്പോഴും നമുക്കു സ്വർഗ്ഗീയമായസുഖം തരുന്നുണ്ട്. അദ്ദേഹത്തിന്റെ ഗദ്യം ഒരുതരം ശ്രവണമധുരമായ സംഗീതമാണ്. അതിന്റെ ആരോഹാവരോഹക്രമങ്ങൾ അദ്ദേഹത്തിനേ നിശ്ചയമുള്ളൂ. അതു വായിക്കുമ്പോൾത്തന്നെ അർത്ഥം ഗ്രഹിക്കാം. വിവക്ഷിതം വേണ്ടവിധത്തിൽ ആലോചിച്ചു ക്രമപ്പെടുത്തിയേ പറയൂ. സരളവും പ്രസന്നവും മധുരവുമാണ് ആ ഗദ്യരീതി. ഉജ്ജ്വലലത ആവശ്യംപോലെ പ്രകടിപ്പിക്കും. ഫലിതംകൊണ്ടാണ് അദ്ദേഹം ആദ്യന്തം കൈകാര്യം ചെയ്തു കാന്തിവിശേഷം ഉൽപാദിപ്പിക്കുന്നത്. സംഭാഷണങ്ങളിലും പ്രസംഗങ്ങളിലും ഗ്രന്ഥങ്ങളിലും ആ ഫലിതം പ്രയോഗിക്കും. അതിന് ഒരു അദൃഷ്ടപൂർവ്വമായ ആകർഷണശക്തിയുണ്ട്. അതിലേക്ക് ആവശ്യമുള്ള പഴഞ്ചൊല്ലുകളും ഉപകഥകളും മറ്റും ഒരു പുഴയിലെ അലകൾ പോലെ അതിൽ പൊങ്ങിയും മുങ്ങിയും പ്രകാശിക്കുന്നു. കുമാരൻ ഒരു വിശ്രുതനായ വാഗ്മിയായിരുന്നുവെന്നും നാം ഇവിടെ ഓർമ്മിക്കേണ്ടിയിരിക്കുന്നു. അദ്ദേഹം പ്രസംഗവേദിയിൽ കടന്നാൽ ചിരിക്ക് എന്തെങ്കിലും വകയുണ്ടാകുമെന്നു ശ്രോതാക്കൾക്കറിയാമായിരുന്നു. ആ വിഷയത്തിൽ അദ്ദേഹത്തെപ്പോലെയുള്ള പ്രവക്താക്കളും പത്രലേഖകന്മാരും ഗ്രന്ഥകാരന്മാരും കേരളത്തിൽ അധികമുണ്ടായിട്ടില്ല.

## ചില ഉദാഹരണങ്ങൾ

ചില ഉദാഹരണങ്ങൾകൊണ്ടു പ്രസ്തുത ശൈലി പ്രദർശിപ്പിക്കാം. കുമാരൻ നടത്തിത്തുടങ്ങിയ കേരളചിന്താമണിയെപ്പറ്റി അല്പം ആക്ഷേപസൂചകമായി മലബാറിയുടെ പ്രസാധകനായ വി. സി. ബാലകൃഷ്ണപ്പണിക്കർ ഒരു കുറിപ്പ് എഴുതി. പണിക്കർ പിരിഞ്ഞതിൽപ്പിന്നെയാണ് കുമാരൻ ചിന്താമണിയുടെ നടത്തിപ്പ് ഏറ്റെടുത്തത്. ആ കുറിപ്പിനു കുമാരന്റെ പ്രത്യുക്തിയാണ് ചുവടേ ചേർക്കുന്നത്.

"കഴിഞ്ഞ പ്രാവശ്യം ഞങ്ങൾ മലബാറിയെപ്പറ്റി പറഞ്ഞതിനു മറുപടിയൊന്നും പറയാതെ കേരളചിന്താമണി പ്രത്രാധിപരെ കുറേ ചീത്തപറഞ്ഞു വിടുകയാണ്

ചെയ്തിട്ടുള്ളതു്. ഇതിനു മറുപടി പറവാൻ ഞങ്ങൾ പഠിച്ചിട്ടില്ലെന്നു പറയേണ്ടിയിരിക്കുന്നു. ഇതു പക്ഷേ മലബാറിപ്പത്രത്തിനു വലിയ ഇച്ഛാഭംഗത്തിനു കാരണമായേക്കാം. എന്തു ചെയ്യാം? നിവൃത്തിയില്ലാത്ത ദിക്കിൽ ഞങ്ങളുടെ മാന്യസഹജീവികളേയും വ്യസനിപ്പിക്കേണ്ടിവരുന്നു . . . ഇനിയും കാര്യം പറയാതെ ചീത്ത പറയാനാണ് ഭാവമെങ്കിൽ ഞങ്ങളുടെ ഭാവം മൗമുദ്ര ധരിക്കാനാണ്. കേരളചിന്താമണിയുടെ അഭ്യുദയകാംക്ഷികൾ ഞങ്ങൾക്കെഴുതാതെ മലബാറിപ്പത്രത്തിനു രഹസ്യമായി എഴുതിയതു വലിയ പുതുമയായിത്തോന്നുന്നു തന്നെ! അവർതന്നെ അഭ്യുദയകാംക്ഷികൾ."

ഏതു വിഷയവും എത്ര കഠിനവും ശാസ്ത്രീയവുമായ രീതിയിൽ പ്രതിപാദിക്കുന്നതിനുള്ള ശക്തി കുമാരനിൽ അസാധാരണമായി വിദ്യോതിച്ചിരുന്നു. താഴെക്കാണുന്നതു കാകൻ എന്ന പുസ്തകത്തിന്റെ മുഖവുരയിൽ നിന്ന് ഒരു ഭാഗമാണ്.

"കാക്കയെപ്പറ്റി എഴുതുവാനുള്ളതൊക്കെ എഴുതിക്കഴിഞ്ഞു. അച്ചടിച്ചുംകഴിഞ്ഞു. ഇനി ഒരു മുഖവുര വേണ്ടയോ എന്നാണ് അച്ചുക്കൂടക്കാർ ചോദിക്കുന്നതു്. അതിനാണ് വിഷമം. പുസ്തകം കാക്കയെപ്പറ്റിയാണ്. അതിനെ സ്തുതിച്ചാലും ദൂഷിച്ചാലും ആരും ചോദിക്കുവാനില്ല. മുഖവുര പുസ്തകത്തെപ്പറ്റി ആയിരിക്കണമല്ലോ. അതിനെ ഞാൻ തന്നെ സ്തുതിക്കുന്നതു കുറേ അങ്ങനെയല്ലേ? ദൂഷിക്കാൻ മനസ്സും വരുന്നില്ല. എഴുതാമെന്നുവെച്ചാൽ പലതും എഴുതാം, 'ഈ പുസ്തകം അശേഷം നന്നായിട്ടില്ലെന്ന് എനിക്കുതന്നെ ബോധ്യമുണ്ട്. പക്ഷേ, ചില സ്നേഹിതന്മാരുടെ നിർബ്ബന്ധംകൊണ്ട് ഇങ്ങനെ അച്ചടിച്ച് പരസ്യംചെയ്യതാണ്' എന്നു പറയാമായിരുന്നു. അതു വെറും കളവായിരിക്കും. 'ഇതു പരസ്യംചെയ്‌വാൻ എന്നെ ആരും നിർബ്ബന്ധിച്ചിട്ടില്ല. ഇതിൽ വളരെ തെറ്റുകളുണ്ട്. അതു വായനക്കാർ സദയം ക്ഷമിക്കണം.' എന്നെഴുതിയാലോ? അതു കേവലം അനാവശ്യമാണ്. എന്റെ പുസ്തകത്തിൽ തെറ്റുണ്ടായാലും ഇല്ലെങ്കിലും അതു വെളിക്കിറങ്ങുന്ന തക്കവും നോക്കി അതിനെ കൊത്തിപ്പറിച്ചു ഛിന്നഭിന്നമാക്കുവാൻ നോമ്പും നോറ്റു നില്ക്കുന്ന ചില രസികശിരോമണികളുണ്ട്. അവർക്ക് അതുകൊണ്ടു കാര്യസാധ്യവുമുണ്ടെന്നാണ് ഒരാൾ ഇതിനിടെ പറഞ്ഞതു്. എനിക്കും ഗുണമില്ലാതെയല്ല. പുസ്തകം വേഗത്തിൽ വിറ്റുപോകും. അതുകൊണ്ടു കാക്കയ്ക്കു ബലിയിട്ടുകൊടുക്കുമ്പോലെ രണ്ടുപേക്കും ഉപകാരമാകത്തക്കവണ്ണം ഈ 'കാക'നെ അവർക്കായി സമർപ്പിക്കുക."

അടിയിൽ ചേർക്കുന്ന ഭാഗവും അതിലുള്ളതുതന്നെയാണ്.

"ചിലപ്പോൾ തള്ളപ്പക്ഷിക്കു വല്ല ഭക്ഷണസാധനവും കിട്ടി അവൾ അതു കൊത്തിത്തിന്നാൻ ഭാവിക്കുമ്പോൾ കുട്ടി അടുത്തുചെന്ന് അതു പിടിച്ചുപറ്റാൻ ഭാവിക്കുന്നതും അതിനു കൊടുക്കാതെ തള്ള പകുതി വിഴുങ്ങുന്നതും പിന്നെ കുട്ടിയുടെകരച്ചിൽ കേട്ടിട്ട് അലിവുണ്ടായിട്ടെന്നപോലെ വായിൽനിന്നുഴിഞ്ഞു കുട്ടിയുടെ കൊക്കിൽ ഇട്ടുകൊടുക്കുന്നതും കാണ്മാൻ ബഹുരസമുള്ള കാഴ്ചകളാണ്. വലതും തിന്നാൻ കിട്ടിയാൽ അതു തന്റെ സ്വന്തം ഉദരപൂരണത്തിന് ഉപയോഗിക്കുകയോ വേണ്ടതു്? കരയുന്ന കുഞ്ഞുങ്ങളെ രക്ഷിക്കുവാൻ അവയ്ക്കുകൊടുക്കുകയോ വേണ്ടതു്? എന്നിങ്ങനെ മനസ്സിൽ രണ്ടു വിചാരങ്ങൾ അടിക്കടി വളരെ നേരം ജയാപജയങ്ങൾ സംശയത്തിലായിരിക്കയും ചിലപ്പോൾ 'ആത്മപൂജ' ജയിച്ചു എന്നു തീർച്ചപ്പെട്ടത്താൻ സംഗതിയാകത്തക്കവിധം പകുതിയോളം വിഴുങ്ങുകയും ചെയ്യുന്നുണ്ടെങ്കിലും, കാക്കയ്ക്കു തന്റെ കുഞ്ഞുങ്ങളോടുള്ള കാരുണ്യത്തിനാണ് സ്വാർത്ഥപ്രതിപത്തിയെക്കാൾ ശക്തിയുള്ളതെന്ന് അവ സംശയംകൂടാതെ സ്ഥാപിച്ചിട്ടുണ്ട്."

യാദവകൃഷ്ണനിൽനിന്നു ചില വാക്യങ്ങൾകൂടി അടിയിൽചേർക്കുന്നു.

"ഇത്രയും പറഞ്ഞു ഭീഷ്മർ അല്പം നിർത്തി. ആദ്യം വൃന്ദാവനത്തിലെ ഗോപാലന്മാരുടെ ഹൃദയത്തിൽ വ്യാപിച്ചതും, ഗോപസ്ത്രീകളുടെ മനോമുകരങ്ങളെ വികസിപ്പിച്ചതും, ക്രമേണ ഭാരതഖണ്ഡത്തിലെ ആമര്യന്മാരുടെയിടയിൽ സൗഭാഗ്യരശ്മിയെ ഉദിപ്പിച്ചതുമായി, കൃഷ്ണനിൽ നിന്നു ജനിച്ചുയർന്നസ്നേഹം ഭീഷ്മരുടെ ഹൃദയത്തിലും നിറഞ്ഞുകവിഞ്ഞിരുന്നു. അദ്ദേഹത്തിന്നു തൊണ്ടയിടറി, കണ്ണിൽ വെള്ളം നിറഞ്ഞു. നെഞ്ഞിടിച്ചു. ഒടുവിൽ കഴിയുന്നത്ര ഉച്ചത്തിൽ പൂജ്യനായ ആ വയോവൃദ്ധൻ ഇങ്ങനെ പറഞ്ഞു: 'അതേ, കൃഷ്ണനെ വിശ്വത്തിന്റെ ആദികാരണമായി ധരിച്ചു നമ്മൾ പൂജിക്കുന്നു; വിശ്വത്തിന്റെ ലയകാരണമായി നമ്മൾ പൂജിക്കുന്നു. അവൻ ശാശ്വതനും അവൻ സർവ്വശക്തിക്കും അതീതനുമത്രേ.' ഭീഷ്മർക്കു പിന്നെ സംസാരിപ്പാൻ കഴിയാതായി. അല്പം വിശ്രമിച്ചു ശ്വാസം നേരേയാക്കി. കൃഷ്ണനിലുള്ള ഭക്തിനിമിത്തം ജനിച്ച മനോവികാരത്തെ നിയന്ത്രിക്കുവാൻശ്രമിച്ചു."

മതി, ഈ ഉദാഹരണങ്ങളിൽനിന്നു കുമാരൻ എത്രമാത്രം അനുഗൃഹീതനായ ഒരു സാഹിത്യകാരനായിരുന്നുവെന്നും ആ വടവൃക്ഷത്തിന്റെ ഏതെല്ലാം അംബരചുംബികളായ ശാഖകളിലാണ് വിവിധ ഗാനങ്ങൾപാടി കേരളീയരെ ആകമാനം പുളകംകൊള്ളിച്ചു വിഹരിക്കുവാൻ അദ്ദേഹത്തിനു സാധിച്ചിരുന്നതെന്നും വ്യക്തമാകുന്നതാണ്. വാദ്ധക്യത്തിന്റെയാതൊരു ലക്ഷണവും രോഗഗ്രസ്തനാകുന്നതുവരെ അദ്ദേഹത്തെ ബാധിച്ചിരുന്നില്ല. ആ സുകുമാരവും പട്ടാംബരവേഷ്ടിതവും മന്ദസ്മിതമധുരവുമായ ആകാരത്തെ നിത്യയൗവനം ആശ്ലേഷിച്ചു ചാരിതാർത്ഥ്യം നേടിയിരുന്നതുപോലെ തോന്നി. അത്തരത്തിലുള്ള ഒരു തികഞ്ഞ സാഹിത്യവീരനെ നമുക്ക് അത്ര എളുപ്പത്തിലൊന്നും കിട്ടുന്നതല്ലെന്നു പറയേണ്ടതില്ലല്ലോ.

## കെ. രാമകൃഷ്ണപിള്ള (1053–1091)

### കുടുംബവും ജനനവും

കെ. രാമകൃഷ്ണപിള്ള നെയ്യാറ്റിൻകരത്താലൂക്കിൽ മുൻസീഫ് കോടതിവക്കീൽ എം. കേശവപിള്ളയുടെ ജ്യേഷ്ഠസഹോദരി ചക്കിയമ്മയുടേയും സ്ഥലം ശ്രീകൃഷ്ണസ്വാമിക്ഷേത്രത്തിൽ ശാന്തി നരസിംഹൻ പോറ്റിയുടേയും പുത്രനായി 1053-ാമാണ്ടു ഇടവമാസം 16-ാംനു പൂരുരുട്ടാതി നക്ഷത്രത്തിൽ ജനിച്ചു. പൂർവ്വകുടുംബം നെയ്യാറ്റിൻകര അതിയന്നൂർ അംശം തെക്കേ കൂടില്ലാവീടായിരുന്നു. ആ കുടുംബത്തിലെ മല്ലൻപിള്ള എന്ന ഒരു പൂർവ്വപുരുഷൻ വീരമാർത്താണ്ഡവർമ്മമഹാരാജാവിനെ ശത്രുബാധയിൽനിന്നു രക്ഷിക്കുകയാൽ മഹാരാജാവ് അദ്ദേഹത്തിനു പേരാർ എന്ന സ്ഥാനം സമ്മാനിച്ചതിനു പുറമേ കുറേ വസ്തുവകകളും കൊടുത്തു. ആ വസ്തുക്കളിൽ ഒന്നാണ് നെയ്യാറ്റിൻകര കോട്ടയ്ക്കകത്ത് ഇപ്പോൾ മുല്ലപ്പള്ളി പുത്തൻവീട് എന്നു വിളിച്ചുവരുന്ന ഭവനം. 1053-ാമാണ്ടു അതു മുല്ലപ്പള്ളി വീടുമാത്രമായിരുന്നു.

### വിദ്യാഭ്യാസം

ആദ്യഗുരു നെയ്യാറ്റിൻകര മലയാംപള്ളിക്കൂടത്തിൽ വാധ്യാരായിരുന്ന കുട്ടപ്പന നാഗനാഥയ്യരായിരുന്നു. 1062-ൽ സ്ഥലം ഇംഗ്ലീഷ് മിഡിൽസ്കൂളിൽ പഠിത്തമാരംഭിച്ചു. അക്കാലത്തു കഥകളിയിൽ കലശലായ ഭ്രമമുണ്ടായിരുന്നു. 1067-ൽ ആ മിഡിൽസ്കൂളിലെ പഠിത്തം അവസാനിപ്പിച്ചു തിരുവനന്തപുരത്തു ഗവർമ്മെന്റ് കോളേജിൽ വിദ്യാഭ്യാസം തുടർന്നു. യഥാകാലം മട്രിക്കുലേഷൻ പരീക്ഷ ജയിച്ചു. എഫ്. ഏ.യ്ക്കു പഠിക്കുവാൻ അരംഭിച്ചതോടുകൂടി പത്രലേഖകനായി. ചിത്രമെഴുത്തിൽ ആദ്യകാലത്തു

നല്ലവാസന പ്രദർശിപ്പിച്ചിരുന്നുവെങ്കിലും സാഹിത്യം ആ കലയെ നിശ്ശേഷം ഗ്രസിച്ചുകളഞ്ഞു. ഒടുവിൽ കഞ്ഞിക്കൃഷ്ണമേനോൻ തിരുവനന്തപുരത്തുനിന്നു പ്രസിദ്ധപ്പെടുത്തിക്കൊണ്ടിരുന്ന രാമരാജനിൽ നെയ്യാറ്റിൻകര ലേഖകനായാണ് ഗദ്യമെഴുതി പരിചയിച്ചതു്. മൂന്നു കൊല്ലം കൊണ്ടു 1073-ൽ എഫ്. എ. ജയിച്ചു. ബി. ഏ. ക്ലാസ്സിലും പഠിത്തം സംബന്ധിച്ച യാതൊരുത്സാഹവും പ്രദർശിപ്പിച്ചില്ല.

## ആദ്യകാലത്തെ പത്രപ്രവർത്തനം

1075 ചിങ്ങമാസത്തിൽ തിരുവനന്തപുരത്തുനിന്നു കേരളദർപ്പണമെന്നും വഞ്ചിഭൂപഞ്ചിക എന്നും രണ്ടു പത്രങ്ങൾ പുറപ്പെട്ടുകയും രാമകൃഷ്ണപിള്ള കേരളദർപ്പണത്തിന്റെ ആധിപത്യം വഹിച്ചുതുടങ്ങുകയും ചെയ്തു. രാജ്യഭരണകാര്യങ്ങളിൽ ജനപ്രതിനിധികൾക്കു കൂടി ഭാഗഭാഗിത്വം ഉണ്ടായിരിക്കണം എന്നുള്ള തത്വത്തെയാണ് അദ്ദേഹം ദർപ്പണംവഴി പ്രചരിപ്പിച്ചതു്. പരസ്യമായി അനന്തരവൻ പത്രവുമായി ബന്ധം പുലർത്തിത്തുടങ്ങിയപ്പോൾ കോപിഷ്ഠനായ അമ്മാവൻ കേശവപിള്ള അദ്ദേഹത്തെ സ്വഗൃഹത്തിൽനിന്നു നിഷ്കാസനം ചെയ്തു. തനിക്കു വേറേ ആദായമാർഗ്ഗം ഒന്നുമില്ലായിരുന്നുവെങ്കിലും വീട്ടിൽനിന്നു പുറത്തു പോകുവാൻ സമ്മതമാണെന്ന് അദ്ദേഹത്തെ അറിയിച്ചുകൊണ്ടു സർവ്വവും സന്ത്യജിച്ച് ആ ധീരൻ സ്വാതന്ത്ര്യം നേടുകയാണ് ഉണ്ടായതു്. ആ കൊല്ലം മലയാളത്തിൽമാത്രം ബി. ഏ. യ്ക്കു ചേന്ന് ഒന്നാംക്ലാസ്സിൽ ഒന്നാമനായി ജയിച്ചു കേരളവർമ്മ കീർത്തിമുദ്രയ്ക്കു് അഹനായി. പണ്ഡിതശ്രേഷ്ഠനായ പി. കെ. നാരായണപിള്ളയെ ആ വിഷയത്തിൽ അതിശയിക്കുന്നതിനുള്ള കാരണങ്ങളിൽ ഒന്ന് അദ്ദേഹത്തിന്റെ കൈപ്പടയുടെ ആകർഷകതയാണ്. അടുത്ത കൊല്ലത്തിൽ ഇംഗ്ലീഷ് വിഭാഗത്തിനു ചേരണമെന്ന തീർച്ചപ്പെടുത്തിയിരുന്നുവെങ്കിലും അപേക്ഷാപത്രികയിൽ എഴുതിയിരുന്ന വയസ്സു തെറ്റിപ്പോയി എന്ന കാരണത്താൽ സർവ്വകലാശാലയിൽനിന്നു മൂന്നു കൊല്ലത്തേക്കു ബഹിഷ്കരിക്കപ്പെട്ടു. എങ്കിലും കോളേജിൽ അധ്യയനം തുടർന്നുകൊണ്ടിരുന്നു. അക്കാലത്താണ് ഇംഗ്ലീഷും മലയാളവും ധാരാളമായി വായിക്കുകയും തദ്വാരാ തന്റെ വിവിധവിഷയകമായ വിജ്ഞാനം പരിപുഷ്ടമാക്കുകയും ചെയ്തു. അന്ന് ഏ. ആർ. രാജരാജവർമ്മകോയിത്തമ്പുരാനായിരുന്നു അവിടെ സംസ്കൃതത്തിനും മലയാളത്തിനും പ്രൊഫസർ. അദ്ദേഹവുമായി ഗാഢസർക്കത്തിൽ ഏർപ്പെട്ട് ഇംഗ്ലീഷിലെ സാങ്കേതികശബ്ദങ്ങൾക്കു മലയാളത്തിൽ തർജ്ജമയുണ്ടാക്കുവാൻ പരിശീലിച്ചു. കുറേ സംസ്കൃതവും അഭ്യസിച്ചു. കേരളദർപ്പണത്തിൽ ക്രമേണ രാജ്യകാര്യങ്ങളും സാമുദായികവിഷയങ്ങളും ചുരുക്കുകയും സാഹിത്യവിമർശനത്തിനു പ്രാധാന്യം നല്കുകയും ചെയ്തു.

## പ്രഥമപത്നി

1076 മകരത്തിൽ തിരുവനന്തപുരത്തു പാല്ക്കുളങ്ങര തോപ്പുവീട്ടിൽ നാണിക്കുട്ടിയമ്മയെ വിവാഹം ചെയ്തു. ആ സാധ്വി ഏറ്റവും സമർത്ഥയും ഗുണശാലിനിയും സംഗീതസാഹിത്യങ്ങളിൽ വിചക്ഷണയുമായിരുന്നു. നാണിക്കുട്ടിയമ്മയുടെ അമ്മാവനായ കെ. പരമേശ്വരൻപിള്ളയായിരുന്നു കേരളദർപ്പണത്തിന്റെ ഉടമസ്ഥൻ. അദ്ദേഹം രാമകൃഷ്ണപിള്ളയെ പലപ്രകാരത്തിൽ കഷ്ടനഷ്ടപ്പെടുത്തി. 1076 മേടത്തിൽ കേരളദർപ്പണവും പഞ്ചികയും സംയോജിപ്പിച്ചു കേരളപഞ്ചിക എന്ന പേരിൽ നേറ്റീവ് ഹൈസ്കൂളിൽ ഹെഡ്മാസ്റ്റർ റ്റി. മാർത്താണ്ഡൻ തമ്പി ഒരു പത്രം പുറപ്പെടുവിച്ചു. 1077 ചിങ്ങം മുതൽ 1078 കുംഭം വരെ അതു നടത്തിയതു രാമകൃഷ്ണപിള്ളയായിരുന്നു.

1079 ചിങ്ങത്തിലാണു മലയാളിപ്പത്രത്തിന്റെ ആധിപത്യം സ്വീകരിച്ചതു്. ഒരു കൊല്ലമേ അതിന്റെ ആധിപത്യം വഹിച്ചുള്ളു. 1079 മകരത്തിൽ നാണിക്കുട്ടിയമ്മ മരിച്ചു.

## ദ്വിതീയഭാര്യ

1080-ാമാണ്ടു ചിങ്ങമാസം 7-ാംനു രാമകൃഷ്ണപിള്ള തിരുവനന്തപുരത്തു വഞ്ചിയൂർ കഴിവിളാകത്തുവീട്ടിൽ ബി. കല്യാണിയമ്മയെ പരിഗ്രഹിച്ചു. കല്യാണിയമ്മയുടെ ചരിത്രം വിസ്മയത്തോടും അഭിമാനത്തോടും കൂടിയല്ലാതെ കേരളീയർക്കു സ്മരിക്കുവാൻ നിർവ്വാഹമില്ല. ദാമ്പത്യത്തിന്റെ ഉത്തമമാതൃകയാണ് ആ മഹിളാരത്നം നമുക്കു കാണിച്ചു തന്നിട്ടുള്ളതു്. 1079-ൽ ലളിത എന്നൊരു ചെറുകഥ ആ അമ്മ ഇംഗ്ലീഷിൽനിന്നു തർജ്ജമചെയ്തു രസികരഞ്ജിനിയിൽ പ്രസിദ്ധപ്പെടുത്തി. വീട്ടിലും പുറത്തും, താമരശ്ശേരി അഥവാ അമ്മുവിന്റെ ഭാഗ്യം, വ്യാഴവട്ടസ്മരണകൾ മഹതികൾ ഒന്നാം ഭാഗം, കർമ്മഫലം എന്നീ പുസ്തകങ്ങൾ രചിച്ചു. ഭർത്താവിന്റെ സുഖദുഃഖങ്ങളിൽ ഇതുപോലെ പങ്കുകൊണ്ടു മഹിളകൾ പുരാണങ്ങളിൽ കാണുമെന്നല്ലതെ നമ്മുടെ മാംസദൃഷ്ടികൾക്കു വിഷയിഭവിക്കാറില്ല. വിവാഹത്തിനു മുമ്പു രാമകൃഷ്ണപിള്ള കല്യാണിയമ്മക്ക് അയച്ച ഒരു കത്തിൽ ഇങ്ങനെ കാണുന്നു.

“ഭവതിക്ക് ഇപ്പോഴുള്ളതിൽക്കൂടുതൽ പദവിയോ, ധനമോ, സുഖമോ നല്കാൻ ഞാൻ ഇപ്പോൾ അശക്തൻതന്നെ. എന്നാൽ കാർമേഘങ്ങൾക്കിടയിൽക്കൂടെ കാണുന്ന രജതരേഖകൾപോലെ ക്ലേശശോകാദികൾക്കിടയിൽ നാം അനുഭവിക്കാനിടയുള്ള സുഖസംതൃപ്തികൾ എത്രയോ മെച്ചമേറിയവയാണെന്ന് അനുഭവം കൊണ്ടു മനസ്സിലാകും.”

## കേരളൻ

വിവാഹാനന്തരം കല്യാണിയമ്മയോടുകൂടി താമസിക്കുവാൻ കൊല്ലത്തുനിന്നു തിരുവനന്തപുരത്തേക്കു തിരിയെപ്പോന്നു. മലയാളിയുടെ പ്രസാധകത്വവും അതോടുകൂടി വിട്ടു. 1080 മേടത്തിൽ കേരളൻ എന്ന പേരിൽ രാജ്യകാര്യസംബന്ധമായ ഒരു മാസിക തനതുടമസ്ഥതയിലും പത്രാധിപത്യത്തിലും തിരുവനന്തപുരത്തുനിന്നു പുറപ്പെടുവിച്ചു. കേരളൻ തികച്ചും വിപ്ലവാത്മകമായ ഒരു പത്രഗ്രന്ഥമായിരുന്നു, നാരായണക്കുരുക്കളും രാമകൃഷ്ണപിള്ളയും തമ്മിൽ രാജ്യഭരണവിഷയകമായുയുള്ള ഗുരുശിഷ്യഭാവത്തെപ്പറ്റി മുമ്പു പ്രസ്താവിച്ചിട്ടുണ്ടല്ലോ. കുരുക്കളുടെ ഉദയഭാനു കേരളന്റെ ഒന്നാം ലക്കം മുതൽ അതിൽ ഖണ്ഡശഃ പ്രസിദ്ധീകരിച്ചുതുടങ്ങി. രാമകൃഷ്ണപിള്ളയുടെ ഗദ്യശൈലി നിശിതവും ഊർജ്ജസ്വലവുമായിരുന്നു. അതിനുമുമ്പുതന്നെ അദ്ദേഹം കേരളത്തിലെ ഗദ്യകാരന്മാരിൽ പ്രമുഖനായിക്കഴിഞ്ഞിരുന്നു. ഒന്നാം ലക്കത്തിൽ ലോകാഭിവൃദ്ധിയെന്ന തലക്കെട്ടിൽ അദ്ദേഹം എഴുതിച്ചേർത്തിട്ടുള്ള പ്രസ്താവനയിൽ ഒരു ഭാഗമാണ് താഴെക്കാണുന്നതു്.

“പൊതുജനപ്രതിനിധി എന്നു ഭാവിക്കുന്ന പല പത്രങ്ങളും ഈ നാട്ടിലുണ്ടു്. അവ പൊതുജനങ്ങളുടെ ക്ഷേമത്തിനും ഐശ്വര്യത്തിനും അഭിവൃദ്ധി ഉണ്ടാകണമെന്നു കരുതി അവരുടെ കാര്യങ്ങളെപ്പറ്റി പറയുന്നതായി ഭാവിക്കുന്നുണ്ടു്. അവയുടെ ഭാവം യഥാർത്ഥമായിരിക്കാം. അഥവാ കപടമായിരിക്കാം. എന്നാൽ സ്ഥിതിസ്ഥാപകരെന്നോ ഉല്പതിഷ്ണുക്കളെന്നോ രാജ്യപക്ഷ്യരെന്നോ പ്രജാപക്ഷ്യരെന്നോ മറ്റോ ഭേദങ്ങളില്ലാത്ത ഈ നാട്ടിലെ കാര്യങ്ങളിൽ സ്വവർഗ്ഗചാപലം കൊണ്ടാകട്ടെ, പരവർഗ്ഗദ്വേഷം കൊണ്ടാകട്ടെ, ഈ പത്രങ്ങളിൽ ചിലതുകൾ ഉണ്ടാക്കിക്കൂട്ടുന്ന ബഹളമായ ലഹളയിൽ ബഹുജനങ്ങളുടെ പൊതുവായ നന്മ നിശ്ശേഷം

മറയ്ക്കപ്പെട്ടു പോകുന്നുവെന്നും, തന്നിമിത്തം ഗവർമ്മേണ്ടിനു പ്രജാക്ഷേമകാര്യങ്ങളിൽ അനാസ്ഥ കാണിക്കുവാൻ മാർഗ്ഗമുണ്ടാകുന്നുവെന്നും അനുശോചിക്കാതെ നിർവ്വാഹമില്ല."

ഇതാ മറ്റൊരു ലക്കത്തിലെ ഒരു ഖണ്ഡികയിൽനിന്ന്. "രാജാവു ദൈവത്തിന്റെ പ്രതിപുരുഷൻ അല്ലെങ്കിൽ അവതാരം എന്നു രാജാക്കന്മാർ വിശ്വസിക്കുകയും പ്രജകളെ വിശ്വസിപ്പിക്കുകയും ചെയ്തിരുന്നു . . . ഈ വിശ്വാസം വ്യാജംതന്നെ. മനുഷ്യർ ജീവജന്തുക്കളിൽ ഒരു വംശത്തിൽ പെട്ടവരാണല്ലോ. പട്ടികളുടെ രാജാവായിട്ട് ഒരു പട്ടിയെ ദൈവം സൃഷ്ടിച്ചുവോ? ആനകളുടെ രാജാവായിട്ട് ഒരു വിശേഷമായ ആനയെ ദൈവം സൃഷ്ടിച്ചിട്ടുണ്ടോ? അങ്ങനെയുണ്ടെങ്കിൽ രാജാവിന് ആ കുലത്തിലുള്ള മറ്റു ജീവികളിൽനിന്നും വ്യത്യാസപ്പെടുത്തുന്ന അടയാളങ്ങൾ ഉണ്ടായിരിക്കുമല്ലോ."

## സ്വദേശാഭിമാനി

അക്കാലത്ത് ചിറയിൻകീഴ് താലൂക്കിൽ വക്കത്തുനിന്നു സ്വദേശാഭിമാനിയെന്ന പത്രം പുറപ്പെട്ടുകൊണ്ടിരുന്നു. 1081-ാമാണ്ടു കുംഭമാസത്തിൽ ആ പത്രത്തിന്റെ ആധിപത്യം സ്വീകരിച്ചു. 1082 മിഥുനത്തിൽ ആ പത്രത്തിന്റെയും സ്വദേശാഭിമാനി അച്ചുക്കൂടത്തിന്റെയും കൂട്ടുടമസ്ഥനായി അവ രണ്ടും തിരുവനന്തപുരത്തു മാറ്റിസ്ഥാപിച്ചു. 1081-ലാണ് കുരുക്കളുടെ പാറപ്പുറം ഒന്നാംഭാഗം പ്രസിദ്ധീകരിച്ചത്. 1080 വൃശ്ചികം മുതൽ ശാരദ എന്ന പേരിൽ സ്ത്രീകളെ ഉദ്ദേശിച്ച് ഒരു മാസിക തൃപ്പൂണിത്തുറനിന്നും പുറപ്പെട്ടുകൊണ്ടി രുന്നു. അതിന്റെ അധിപകളിൽ അന്യതമയായിരുന്നു കല്യാണിയമ്മ. അതിലേക്കു നിരന്തരമായി ലേഖനസാഹായം ചെയ്തുകൊണ്ടിരുന്നു. ശാരദയുടെ അവകാശം രാമകൃഷ്ണപിള്ള ഏറ്റുവാങ്ങുകയും വിദ്യാർത്ഥിയെന്ന നാമധേയത്തിൽ മറ്റൊരു മാസിക കൂടി ആരംഭിയ്ക്കുകയും ചെയ്തു. മൂന്നു വർഷവും രണ്ടു മാസവും വളരെ ക്ലേശിച്ചു പത്രം സംബന്ധിച്ചുള്ള എല്ലാ ജോലികളും താൻ തന്നെ നോക്കി. അതിന്റെ ഫലമായി അദ്ദേഹത്തിന്റെ ആരോഗ്യം വളരെ ക്ഷയിച്ചു. ആഴ്ചയിൽ ഒന്നിൽനിന്നു രണ്ടാക്കിയും രണ്ടിൽനിന്നു മൂന്നാക്കിയും ആ പരിതസ്ഥിതിയിലും അതിനെ വികസിപ്പിച്ചു.

## നാടുകടത്തൽ

രാമകൃഷ്ണപിള്ളയും തിരുവിതാംകൂർ ഗവർമ്മെന്റും തമ്മിലുള്ള വിരോധം ഒന്നിനൊന്നു വർദ്ധിച്ച് 1086-ൽ മൂർദ്ധന്യദശയിലെത്തി. 1086-ാമാണ്ടു കന്നിമാസം 10-ാംനു (1910 സെപ്തംബർ 26) ഗവർമ്മെന്റ് അദ്ദേഹത്തെ തിരുവിതാം കൂറിൽനിന്ന് ഇരുചെവിയറിയാതെ നിഷ്കാസനം ചെയ്തു. പി. രാജഗോപാലാചാരിയായിരുന്നു അന്നത്തെ ദിവാൻജി. ഉടൻ തനിയ്ക്കു തിരുവനന്തപുരം ഗേൾസ് ഹൈസ്കൂളിൽ ഉണ്ടായിരുന്ന ജോലി രാജിവെച്ചു കല്യാണിയമ്മ അദ്ദേഹത്തെ അന്വേഷിച്ചു തമിഴ്നാട്ടിലേയ്ക്കു പോയി. തിരുനെൽവേലിയിൽ എത്തി ഭർത്താവിനെ മലിനവസ്ത്രധാരിയായി, കയ്യിൽ ഒരു കാശുപോലുമില്ലാതെ, കുളിച്ച് ഈറൻമാറാൻ പോലും വസ്ത്രം കൂടാതെയാണ് കണ്ടത്. ഭാര്യയുടെ കയ്യി ലുണ്ടായിരുന്ന സ്വല്പം പണംകൊണ്ടു മദിരാശിയിൽ ചെന്നു ചേർന്നു. പെരിയമേട്ടിൽ ഒരു ചെറിയ വീടു വാടകയ്ക്കെടുത്ത് അതിൽ താമസമാരംഭിച്ചു. അങ്ങനെ ആദ്യം സ്വഗൃഹത്തിൽനിന്നു ബഹിഷ്കാരം, പിന്നീടു സ്വസമുദായത്തിലെ പഴമക്കാരായ പ്രമാണികളുടെ ശത്രുത, ഒടുവിൽ സ്വദേശത്തുനിന്നു പ്രവാസം ഇതെല്ലാമാണ് അദ്ദേഹത്തിനു സ്വരാജ്യസേവനത്തിനു കിട്ടിയ സമ്മാനങ്ങൾ. ആ

ബുദ്ധിമാനു അത്തരത്തിലുള്ള ഒരു പരിണാമമാണ് തന്റെ സ്വതന്ത്രമായ പത്രപ്രവർത്തനത്തിനു ലഭിയ്ക്കാവുന്ന നേട്ടം എന്നു ദീർഘദർശനം ചെയ്യുവാൻ പ്രയാസമുണ്ടായിരുന്നില്ല. "തിരുവിതാംകൂറിനോടുള്ള എന്റെ ബന്ധം വേർപെട്ടു. മാതൃഭൂമിയോടുള്ള എന്റെ കടമ ഞാൻ നിവ്വഹിച്ചുകഴിഞ്ഞു. എനിയ്ക്കു് ഇനി അവിടെ മടങ്ങിപ്പോകണമെന്നു് ആഗ്രഹമില്ല; അതിനിടവരികയുമില്ല." എന്നാണ് അദ്ദേഹം ആ അവസരത്തിൽ പറഞ്ഞതു്. അതു പരമാർത്ഥമായിത്തീർന്നു.

## നാടുകടത്തലിനുശേഷം

അനന്തരകാലത്തെ ജീവിതം അതുവരെയുള്ളതിനെക്കാൾ ദുഃഖഭൂയിഷ്ഠമായിരുന്നു. സ്ഥിരമായ ഒരാദായമാർഗ്ഗവും കൂടാതെയാണ് ഭർത്താവും ഭാര്യയും കുഞ്ഞുങ്ങളും മദിരാശിയിൽ താമസിച്ചതു്. അതോടുകൂടി രാമകൃഷ്ണപിള്ളയെ പലകുറി അധിക്ഷേപിച്ചു് ഉപന്യാസങ്ങൾ തന്റെ ഇന്ത്യൻ പെടിയറ്റ് (Indian Patriot) എന്ന ദിനപത്രത്തിൽ പ്രസിദ്ധപ്പെടുത്തിക്കൊണ്ടിരുന്ന ദിവാൻ ബഹദൂർ സി. കരുണാകരമേനോന്റെ പേരിൽ ഒരു മാനനഷ്ടക്കേസ് കൊടുക്കേണ്ട ആവശ്യവും നേരിട്ടു. മദിരാശിയിലെ ശീതോഷ്ണാവസ്ഥ രാമകൃഷ്ണപിള്ളയുടെ ദുർബ്ബലമായ ശരീരത്തിനു കൂടുതൽ അസ്വാസ്ഥ്യം ഉണ്ടാക്കി. തന്നിമിത്തം തൽക്കാലം മലബാറിലേക്കു സകുടുംബം താമസം മാറ്റി. അവിടെ പാലക്കാട്ട് അവർക്ക് ഒരു ഉദാരചരിതയുടെ അതിഥികളാകുവാൻ ഭാഗ്യം സിദ്ധിച്ചു. ആ വിദുഷി ഒരു ഉത്തമഗദ്യകർത്രിയായ തരവത്ത് അമ്മാളുവമ്മയായിരുന്നു. ആ അമ്മയെപ്പറ്റി മേൽ പ്രസ്താവിക്കും. 1086-ൽ എഫ്. എൽ. പരീക്ഷജയിച്ചു. ശരീരം ഭയങ്കരമായ ക്ഷയരോഗത്താൽ ഗ്രസ്തമായിത്തുടങ്ങിയിരുന്നതിനാൽ ബി. എൽ. പരീക്ഷക്കു ചേരുവാൻസാധിച്ചില്ല. 1912-ാമാണ്ടു മലേഷ്യാ മലയാളികളുടെ ഒരു പ്രതിനിധി പാലക്കാട്ടെത്തി അദ്ദേഹത്തിനു സ്വദേശാഭിമാനി എന്ന ബിരുദം സമർപ്പിക്കുകയുണ്ടായി. അദ്ദേഹത്തിന്റെ ശരീരപാരവശ്യം കണ്ടു ചില ഗുണകാംക്ഷികൾ തിരുവിതാംകൂർ മഹാരാജാവിനോടു ക്ഷമായാചനം ചെയ്താൽ സ്വന്തം നാട്ടിലേക്കു തിരിയെപ്പോകാം എന്നുപദേശിച്ചു. അതിന് ആ ധീരോദാത്തന്റെ മറുപടി താഴെ കാണുന്നതായിരുന്നു: "മഹാരാജാവു തിരുമനസ്സുകൊണ്ടു കൃപാനിധി ആണെന്നും തിരുമനസ്സിലെ വിദ്വേഷത്താലല്ല ഞാൻ ഭ്രഷ്ടനായതെന്നും എനിക്കറിയാം. പക്ഷേ, മാപ്പു യാചിക്കണമെങ്കിൽ എന്തപരാധമാണ് ഞാൻ ചെയ്തതെന്നറിയണ്ടേ? ചെയ്യാത്ത കുറ്റത്തിനു മാപ്പു യാചിക്കുന്നതു പുരുഷത്വമാണോ? തിരുവിതാംകൂറുമായുള്ള എന്റെ ബന്ധം വിട്ടുകഴിഞ്ഞു. പുരുഷധർമ്മം മറന്നും മനസ്സാക്ഷിക്കു വിപരീതമായും ഞാൻ ഇജ്ജന്മം പ്രവർത്തിക്കുകയില്ല." അതാണ് ഉത്തമപുരുഷന്മാരുടെ ലക്ഷണം. "അധോമുഖസ്യാപി കൃതസ്യ വഹ്നേർ നാധശ്ശിഖാ യാതി കദാചിദേവ" എന്നുണ്ടല്ലോ. മരിക്കുന്നതുവരെ സാഹിത്യവിഷയകങ്ങളായ പല പ്രവർത്തനങ്ങളിൽ ഏർപ്പെട്ടു കൊണ്ടിരുന്നു. കുന്നങ്കുളത്തുനിന്നു പുറപ്പെട്ടുകൊണ്ടിരുന്ന ആത്മപോഷിണിയിൽ പല ഉപന്യാസങ്ങൾ പ്രസിദ്ധപ്പെടുത്തുകയും 1913-ൽ അതിന്റെ സാഹിത്യനായകനായിത്തീരുകയും ചെയ്തു. തനിക്കു സഹജമായ സത്യസന്ധത ഗ്രന്ഥവിമർശനത്തിലും പ്രദർശിപ്പിച്ചു. 1915-ൽ ഒരു ഇംഗ്ലീഷ് മലയാളനിഘണ്ടു രചിക്കുവാൻ തുടങ്ങി. അതിനിടയ്ക്കും 1913-ൽ കല്യാണിയമ്മ ബി. ഏ. പരീക്ഷയിൽ ജയിച്ചു. 1915-ാമാണ്ടു ജനുവരി മാസത്തിൽ കണ്ണൂർ ഗവർമ്മെന്റ് ബാലികാപാഠശാലയിൽ ഒരു ഉപാധ്യായയായി. രാമകൃഷ്ണപിള്ളയും അവിടെത്തന്നെ താമസിച്ചു. രോഗം ക്രമേണ വർദ്ധിച്ചു; വൈദ്യന്മാരുടെ പരിശ്രമം അശേഷം ഫലിച്ചില്ല. 1091-ൽ (1916 മാർച്ച് 28-ാംനു) അവിടെവച്ചുതന്നെ അദ്ദേഹം

യശശ്ശരീരനായി. സംഭവബഹുലവും ദുരന്തദുഃഖവുമായ അദ്ദേഹത്തിന്റെ ജീവിത ചരിത്രം ഹൃദയമുള്ളവർക്ക കണ്ണുനീർ വാർക്കാതെ വായിക്കുവാൻ നിവൃത്തിയില്ല. അതിന്റെ സമ്പൂർണ്ണമായ ഒരു വിവരണം ലഭിക്കണമെന്നുള്ളവർ അതിനുവേണ്ട മനോധൈര്യമുണ്ടെങ്കിൽ കല്യാണിയമ്മയുടെ വ്യാഴവട്ടസ്മരണകൾ എന്ന കരുണാമയമായ പുസ്തകം വായിക്കേണ്ടതാണ്. ആ സുചരിത ഇന്നും കോഴിക്കോട്ടു ജീവിച്ചിരിക്കുന്നു.

## കൃതികൾ

രാമകൃഷ്ണപിള്ള ഒരു വിശ്രുതനായ പത്രപ്രവർത്തകനായിരുന്നതിനാൽ അദ്ദേഹത്തിന്റെ ലേഖനങ്ങൾ പല പത്രങ്ങളിലും മാസികകളിലും വിപ്രകീർണ്ണങ്ങളായി കിടക്കുന്നു. അദ്ദേഹം രചിച്ച പുസ്തകങ്ങളുടെ ഒരു പട്ടിക അറിവുള്ളിടത്തോളം താഴെക്കുറിക്കുന്നു. (1) സോക്രട്ടീസ്, (2) നായന്മാരുടെ സ്ഥിതി, (3) ഭാര്യാധർമ്മം എന്നീ പുസ്തകങ്ങളും, (4) കൃഷിശാസ്ത്രം, (5) അങ്കഗണിതം മുതലായ സ്കൂൾ ബുക്കുകളും 1079-നു മുമ്പ് എഴുതി. 1080-ൽ (6) ക്രിസ്റ്റഫർ കൊളംബസ്സും, (7) വാമനനും രചിച്ചു. 1087-ലാണ് (8) ഡൽഹി ഡർബാർ ഒന്നും രണ്ടും ഭാഗങ്ങളുടെയും, (9) വൃത്താന്തപത്രപ്രവർത്തനത്തിന്റേയും നിർമ്മിതി. (10) തിരുവിതാംകൂർ നാട്ടുകടത്തൽ (മലയാളത്തിലും ഇംഗ്ലീഷിലും), (11) കാറൽമാർക്സ്, (12) ബെൻജമിൻ ഫ്രാങ്ക്ളിൻ, (13) മോഹനദാസ് ഗാന്ധി, (14) മന്നന്റെ കന്നത്തം, (15) നരകത്തിൽനിന്ന് (രണ്ടും കഥാപുസ്തകങ്ങൾ) ഇവയെല്ലാം 1085-നുമേൽ നിർമ്മിച്ചവയാണ്. ഇവ കൂടാതെ ഉദയഭാനുവും പാറപ്പുറവും ഈരണ്ടു ഭാഗങ്ങളായി അച്ചടിപ്പിച്ചതു് അദ്ദേഹമാണ്. ഗ്രാമത്തിൽ രാമവർമ്മ കോയിത്തമ്പുരാന്റെ അന്യാപദേശമാലയ്ക്കു പുറമേ വേദാന്തസാരം എന്നൊരു കിളിപ്പാട്ടുംകൂടി രാമകൃഷ്ണപിള്ളയുടെ പ്രസിദ്ധീകൃത പുസ്തകങ്ങളുടെ കൂട്ടത്തിലുൾപ്പെടുന്നു. അദ്ദേഹത്തിന്റെ സരസോജ്ജ്വലമായ ഗദ്യരീതി, പ്രതിപാദ്യം രൂപപ്പെടുത്തുന്നതിലുള്ള പരിപാടി തുടങ്ങി ഒരുത്തമഗദ്യകാരൻ പാലിക്കേണ്ട പല കാവ്യധർമ്മങ്ങളിലും അദ്ദേഹം അദ്വിതീയനാണ്. പുസ്തകവിമർശനത്തിൽ “തൽ സ്വല്പമപി നോപേക്ഷ്യം കാവ്യേ ദുഷ്ടം കഥഞ്ചന” എന്ന മതമായിരുന്നു അദ്ദേഹത്തിന് അഭിമതമെന്നു സൂചിപ്പിച്ചുകഴിഞ്ഞു. കേരളത്തിൽ സമഷ്ടിവാദത്തിന്റെ പ്രഥമപ്രചാരകൻ അദ്ദേഹമായിരുന്നു. ക്രി. പി. 1883-ൽ മരിച്ച മാർക്സിനെപ്പറ്റി ഒരു പുസ്തകം ആദ്യമായി പ്രസിദ്ധീകരിക്കണമെന്നു തോന്നിയതു് അദ്ദേഹത്തിന്നാണല്ലോ. ഇനി അദ്ദേഹത്തിന്റെ രണ്ടു ഗ്രന്ഥങ്ങളിൽ നിന്ന് ഓരോ ഭാഗം ഉദ്ധരിച്ചു കാണിക്കാം.

“വിഖ്യാതന്മാരായ സാഹിത്യകാരന്മാരുടെ ഗ്രന്ഥങ്ങൾ വായിച്ച് അവരുടെ ഭാഷാസരണിയെ പകർത്തെടുക്കാം എന്നുവിചാരിക്കുന്നവർ ചിലരുണ്ട്. ഈ വിചാരം തീരെ അസംബന്ധമെന്നാണ് എനിക്കു പറയാനുള്ളതു്. ഒരുവന്റെ ഭാഷാസരണിയെ അനുകരിക്കാൻ മറ്റൊരുത്തനു കഴിയാത്ത വിധത്തിൽ ഭാഷാസരണിയെന്നതു് അതാതാളുകൾക്ക് സ്വഭാവജന്യമായിട്ടുള്ളതാകുന്നു എന്നു നാം ഓർമ്മവയ്ക്കണം. ഒരുവന്റെ അനുഭവങ്ങളേയും പരിചയങ്ങളേയും അവന്റെ മനോഗതിക്കനുസരിച്ചിട്ടാകുന്നു ഭാഷാരൂപമായി പ്രകാശിപ്പിക്കുന്നതു്. അതേ പ്രകാരത്തിലുള്ള മനോഗതി ഉണ്ടാകുവാൻ മറ്റൊരുവൻ അതേ പ്രകാരത്തിലുള്ള അനുഭവങ്ങളേയും പരിചയങ്ങളേയും അതേ അവസ്ഥയിൽ പ്രാപിക്കുന്നവനായിരിക്കണം. ഇതു സാദ്ധ്യമല്ലല്ലോ.” (വൃത്താന്തപത്രപ്രവർത്തനം)

"ധനതത്വശാസ്ത്രം സംബന്ധിച്ച മാർക്സ് സ്ഥാപിച്ച സിദ്ധാന്തമാണ് ഏറെ പ്രസിദ്ധപ്പെട്ടത്. എന്താണ് ഒരുവൻ കുറേ മൂലധനം മുടക്കി ഒരു തൊഴിൽ നടത്തുമ്പോൾ അതിൽനിന്നു ലഭിക്കുന്ന ആദായം എത്ര വലുതായിരുന്നാലും അതുണ്ടാകുവാൻ പണിയെടുക്കുന്ന വേലക്കാർക്കു ദാരിദ്ര്യം കുറയാതെയും മുതലാളിയായ യജമാനനു ധനം വർദ്ധിച്ചും ഇരിപ്പാൻ കാരണം? ഒരു സാധനത്തിന്റെ വിലയെ വർദ്ധിപ്പിക്കാൻതക്കവണ്ണം അതിന്മേൽ വേലചെയ്യുന്നവനായ കൂലിവേലക്കാരനു കിട്ടേണ്ടുന്ന ന്യായമായ ആദായം ലഭിക്കുന്നില്ലെന്നും വേലക്കാരന്റെ ഓഹരി കൂടെ മുതലാളി കയ്യടക്കിക്കൊള്ളുന്നുവെന്നുമാണ് മാർക്സിന്റെ അഭിപ്രായഗതി. ഈ അഭിപ്രായം സോഷ്യലിസത്തിന്റെ അധിഷ്ഠാനങ്ങളിൽ മുഖ്യമായുള്ളത് അല്ലെങ്കിൽ ഒന്നാമത്തേതാകുന്നുവെന്നു പറയാം." (കാറൽ മാർക്സ്)

## കെ. എസ്. രാമൻമേനവൻ (1052—1100)

### ജനനവും വിദ്യാഭ്യാസവും

ഇനി അച്ചുക്കൂടം ഉടമസ്ഥന്മാരെക്കുറിച്ച് അല്പം പ്രസ്താവിക്കാം. അവർ കെ. എസ്. രാമൻമേനവനും, തോമസ് പോളും, കെ. ജി. പരമേശ്വരൻപിള്ളയുമാണ്. രാമൻമേനവൻ കൊച്ചി തലപ്പള്ളിത്താലൂക്ക മായന്നൂർ അംശം ചിറങ്കര ദേശത്തിൽ സുപ്രസിദ്ധമായ തിരുവില്വാമലക്ഷേത്രത്തിൽനിന്നു മൂന്നു മൈൽ അകലെയായി സ്ഥിതിചെയ്യുന്ന മായന്നൂർ വടക്കുമ്മുറിയിൽ കുളക്കുന്നത്തുവീട്ടിൽ 1052-ാമാണ്ടു ചിങ്ങമാസത്തിലെ ചതയം നക്ഷത്രം നാളിൽ ജനിച്ചു. മാതാവ് പാർവ്വതിയമ്മയും, പിതാവ് അണിയത്തു ശങ്കുണ്ണിനായരുമായിരുന്നു. അക്കാലത്തു കുളക്കുന്നത്തുകുടുംബം വളരെ ദരിദ്രമായിരുന്നു. ജ്യേഷ്ഠൻ ഗോപാലമേനവൻ അന്നു തൃശ്ശൂരിൽ താമസമായിരുന്നതിനാൽ അദ്ദേഹത്തോടുകൂടി പാർക്കുകയും, ഇംഗ്ലീഷ് മിഡിൽസ്കൂൾ പരീക്ഷയിൽ ജയിച്ചു ട്രയിനിംഗ് കഴിച്ച് 1070-ൽ ഒരു വാധ്യാരായി മൂവാറ്റുപുഴയിൽ നിയമിതനാകുകയും ചെയ്തു. അവിടെനിന്നു മാവേലിക്കര ഇംഗ്ലീഷ് ഹൈസ്കൂളിലേക്കും പിന്നീടു തിരുവനന്തപുരത്തു ചാലയിൽ മലയാളം സ്കൂളിലേക്കും മാറ്റം കിട്ടി.

### പ്രവർത്തനങ്ങൾ

തനിക്കു കിട്ടിവന്ന സ്വല്പവേതനംകൊണ്ടു ചിലവിനു തികയാത്തതിനാൽ എന്തെങ്കിലും തൊഴിലിൽ ഏർപ്പെടണമെന്നു മേനവൻ തീർച്ചയാക്കി. ആദ്യമായി നന്തിയാർ വിട്ടിൽ താമസിച്ചുകൊണ്ട് ആ ഗൃഹത്തിലെ കുട്ടികളെ പഠിപ്പിച്ചു തുടങ്ങി. അങ്ങനെ നന്തിയാർവീട്ടിൽ പരമേശ്വരൻപിള്ളയും അദ്ദേഹവും തമ്മിൽ സുഹൃത്തുക്കളായി. ആ പണ്ഡിതൻ മുഖാന്തരം ഏ. ആർ. രാജരാജവർമ്മ കോയിത്തമ്പുരാന്റേയും കേരളവർമ്മ വലിയകോയിത്തമ്പുരാന്റേയും പരിചയം സമ്പാദിച്ചു. പല പുസ്തകങ്ങൾ അവരെക്കൊണ്ടു രചിപ്പിച്ച് അവ പ്രസിദ്ധീകരിച്ചു. തന്റെ വ്യവസായശീലവും സത്യസന്ധതയും കൃത്യനിഷ്ഠയുംകൊണ്ടു വേറേയും ചില ഗ്രന്ഥകാരന്മാരുടെ പുസ്തകങ്ങളുടെ പകർപ്പവകാശം വാങ്ങി. ഗ്രന്ഥകാരന്മാർക്കു നേരനീക്കം വരുത്താതെ പ്രതിഫലം കൊടുത്തുതുടങ്ങിയത് അദ്ദേഹമാണെന്നാണറിവ്. ആ ഗ്രന്ഥങ്ങളിൽ പലതും പാഠ്യപുസ്തകങ്ങളായി. 1078-ൽ അദ്ദേഹം സ്ഥാപിച്ച ബി. വി. (ഭാഷാഭിവർദ്ധിനി) ബുക്കുഡിപ്പോയുടെ പേരും പെരുമയും വളർന്നു. രാമൻമേനവൻ ധനാഢ്യനുമായി. കുറേ കഴിഞ്ഞപ്പോൾ അദ്ദേഹം രാമവർമ്മ അപ്പൻതമ്പുരാന്റേയും ആശ്രിതനായിത്തീർന്നു. തിരുവനന്തപുരത്തു രസികരഞ്ജിനിയുടെ പ്രചാരം വർദ്ധിപ്പിക്കുവാൻ വളരെ ശ്രമിച്ചു. സ്വന്തമായി ഒരു അച്ചുക്കൂടത്തിന്റെ ആവശ്യം അപരിഹരണീ

യമായിത്തീരുകയാൽ കമലാലയം എന്ന പേരിൽ ഒരു മുദ്രാലയം സ്ഥാപിച്ചു. 1093 മകരത്തിൽ സമദർശി എന്ന വാരികയും അവിടെനിന്നു പുറപ്പെടുവിച്ചു. മലബാറിൽ ഒറ്റപ്പാലത്തും ഒരു അച്ചുക്കൂടവും പുസ്തകശാലയും ഉൽഘാടനം ചെയ്തു. ഇവയുടെയെല്ലാം പരിപോഷണത്തിനു വേണ്ടി താമസം മായന്നൂരേക്കു മാറ്റി. 1100-ാമാണ്ട് ഇടവമാസം 4-ാംനു ഹൃദയസ്തംഭനംമൂലം മരിച്ചു. മായന്നൂർ തെക്കേക്കുറുവത്തു ശ്രീദേവിയമ്മയെയാണ് വിവാഹം ചെയ്തതു്. കമലാലയം അച്ചുക്കൂടത്തിൽനിന്നു കാലാന്തരത്തിൽ പിരിഞ്ഞതാണ് ബി. വി. പ്രിന്റിംഗ് വർക്കസ്. അവിടെനിന്നു ശ്രീചിത്രയുഗം ദിനപത്രം പ്രചരിച്ചിരുന്നു.

### ചില വിശിഷ്ടപുസ്തകങ്ങൾ

രാമൻമേനവൻ പല നല്ല പുസ്തകങ്ങൾ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ടെങ്കിലും അവയിൽ അതിപ്രധാനങ്ങളായി ഗണിക്കേണ്ടതു പുരാണങ്ങളുടെ തർജ്ജമകളാണ്. വളരെ ധനവ്യയം കൂടാതെ അവ എഴുതിച്ചു മുദ്രണം ചെയ്യാവുന്നതല്ല. ആ പരിശ്രമത്തിനു തക്ക പ്രതിഫലം ഒരിക്കലും പ്രതിക്ഷിക്കാവുന്നതുമല്ല. അഞ്ചു ഭാഷാപുരാണങ്ങളാണ് മേനവൻ അച്ചടിപ്പിച്ചിട്ടുള്ളതു്. പാത്മം, വാമനം, മാത്സ്യം, ആഗ്നേയം, വൈഷ്ണവം ഇവയാണ് ആ പുരാണങ്ങൾ. ഇവയിൽ പാത്മം വളരെ ദീർഘമാണ്. പാത്മം, വാമനം, മാത്സ്യം ഇവ വള്ളത്തോളും ആഗ്നേയം കൈപ്പള്ളി വാസുദേവൻ മൂസ്സതും (കെ. വി. എം.) വൈഷ്ണവം സ്വാമി ആഗമാനന്ദനുമാകുന്നു വിവർത്തനം ചെയ്തിട്ടുള്ളതു്. ഏ. ആർ. രാജരാജവർമ്മകോയിത്തമ്പുരാന്റെ കേരളപാണിനീയത്തെയും (ആഗമികപ്രസ്ഥാനത്തിൽ രചിച്ചതു്) വൃത്തമഞ്ജരി, സാഹിത്യസാഹ്യം, നളചരിതം കഥകളിക്കു കാന്താരതാരകവ്യാഖ്യ, മണിദീപിക ഇവയേയും ആറ്റൂർ കൃഷ്ണപ്പിഷാരടി വ്യാഖ്യാനിച്ച ഉണ്ണുനീലി സന്ദേശത്തേയുംകൂടി ഇക്കൂട്ടത്തിൽ ഉൾപ്പെടുത്താം. മറ്റു പുസ്തകങ്ങളെപ്പറ്റി ഇവിടെ പ്രതിപാദിക്കേണ്ട ആവശ്യമുണ്ടെന്നു തോന്നുന്നില്ല.

## തോമസ് പോൾ (1064—1108)

### ചരിത്രം

കെ. എസ്സ്. രാമൻമേനവൻ ഉൽഘാടനംചെയ്ത മാർഗ്ഗത്തിൽക്കൂടി വിജയപൂർവ്വമായി സഞ്ചരിച്ച മറ്റൊരു ഭാഷാഭിമാനിയാണ് തോമസ്പോൾ. അദ്ദേഹം 1064-ാമാണ്ടു മിഥുനമാസം 1-ാംനു രാജകീയ കോളേജ് റിട്ടയർഡ് റൈട്ടർ പി. തോമസ്സിന്റേയും, തിരുവല്ലാ കാരയ്ക്കൽ മേമഠത്തിൽ ഏലിയമ്മയുടേയും പുത്രനായി ജനിച്ചു. ആ കോളേജിൽത്തന്നെ പഠിച്ചു ബി. ഏ. പാസ്സായി. അച്ഛൻ പെൻഷൻപറ്റിയതിന്റെ ശേഷം ലോങ്ങ് മാൻസ്, ഗ്രീൻ ആൻഡ് കോ എന്ന സുപ്രസിദ്ധന്മാരായ ആംഗ്ലേയ പുസ്തകവ്യാപാരികളുടെ ഏജന്റായി പണിനോക്കുകയായിരുന്നു. ആ വഴിക്കു പുസ്തകവ്യാപാരത്തിന്റെ ഉള്ളുകള്ളികൾ മനസ്സിലാക്കുവാൻ മകനു സാധിച്ചു. 1090-ൽ വി. വി. (വിദ്യാവിലാസം) പബ്ലിഷിംഗ് ഹൗസ് എന്ന പേരിൽ ഒരു പ്രസിദ്ധീകരണശാല തിരുവനന്തപുരത്ത് ഉൽഘാടനം ചെയ്തു. ഒട്ടുവളരെ സ്കൂൾപുസ്തകങ്ങളും മറ്റും അവിടെനിന്നു പ്രചരിപ്പിച്ചു. എറണാകുളത്തും കോഴിക്കോട്ടും ശാഖകൾ സ്ഥാപിച്ചു. ഇംഗ്ലീഷ് കമ്പനിക്കാരെപ്പോലെ നല്ല ശമ്പളം കൊടുത്തു പ്രാപ്തന്മാരായ ഏജന്റന്മാരെ നിയമിച്ചു. മല്ലപ്പള്ളി വാളക്കുഴി മറിയമ്മയെയാണ് വിവാഹം ചെയ്തതു്.

### പ്രസിദ്ധീകരണങ്ങൾ

1. ഒടുവിൽ ശങ്കരൻകുട്ടി മേനോനെക്കൊണ്ടു സ്കന്ദപുരാണത്തിൽ ആദ്യത്തെ ചില ഭാഗങ്ങളും, 2. ക്ഷേമേന്ദ്രമഹാകവിയുടെ രാമായണമഞ്ജരിയും കിളിപ്പാട്ടായി തർജ്ജമചെയ്യിച്ചതിനുപുറമേ, 3. കേരളഭാഷാപ്രണയികൾ (Malayalam men of letters) എന്ന പേരിൽ എട്ടുപുസ്തകങ്ങളും, 4. സാഹിത്യപ്രണയികൾ എന്ന പേരിൽ അഞ്ചുഭാഗങ്ങളും എഴുതിച്ച് അച്ചടിപ്പിച്ചു. 1. കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻ തമ്പുരാൻ, 2. ഒടുവിൽ കുഞ്ഞിക്കൃഷ്ണമേനോൻ, 3. ഒയ്യാരത്തു ചന്തുമേനോൻ, 4. വി. സി. ബാലകൃഷ്ണപ്പണിക്കർ, 5. പന്തളത്തു കേരളവർമ്മതമ്പുരാൻ, 6. കുമാരനാശാൻ 7. വേങ്ങയിൽ കുഞ്ഞിരാമൻനായനാർ, 8. ഉണ്ണായിവാരിയർ ഇവർ കേരളഭാഷാപ്രണയികളുടെ കൂട്ടത്തിൽപ്പെടുന്നു. കൈക്കുളങ്ങര രാമവാരിയർ, ഗുണ്ഡർട്ട്, കെ. സി. കേശവപിള്ള, കാത്തുള്ളിൽ അച്യുതമേനോൻ, നടുവത്തച്ഛൻ നമ്പൂരി, വരവൂർ ശാമുമേനോൻ, ചാത്തുക്കുട്ടി മന്നാടിയാർ മുതലായവരുടെ ഒരു ലഘുചരിത്രമാണ് സാഹിത്യപ്രണയികളിൽ, കാണുന്നത്. നായനാർ, ചന്തുമേനോൻ മുതലായവരുടെ ചരിത്രസംഗ്രഹവും ഇതിൽ ചേർത്തിട്ടുണ്ട്. സാഹിത്യ പ്രണയികൾ അഞ്ചാംഭാഗത്തിൽ കേരളപാണിനി, കോട്ടയത്തു തമ്പുരാൻ, മൂലൂർ ഇവരെ അന്തർഭവിപ്പിച്ചു കാണുന്നു. ഈ രണ്ടു പുസ്തകപരമ്പരകളും ഭാഷയ്ക്കു ഗണനീയങ്ങളായ സമ്പാദ്യങ്ങളാണ്. ഈ ഗ്രന്ഥങ്ങൾ രചിച്ചിട്ടുള്ളതു പ്രസിദ്ധസാഹിത്യകാരന്മാരായ കോയിപ്പള്ളിപരമേശ്വരക്കുറുപ്പ് (1) ഏ. ഡി. ഹരിശർമ്മാ (2–5) മൂർക്കോത്തുകുമാരൻ (3–7) കുന്നത്തു ജനാർദ്ദനമേനോൻ (കണ്ണൻ ജനാർദ്ദനൻ 4–6) റ്റി. കെ. രാമൻമേനോൻ (8) എന്നിവരാണ്. അനേകം സാഹിത്യകാരന്മാർക്ക് ഉദാരമായ പാരിതോഷികം നല്കി അവരെ തന്റെ സഹചാരികളാക്കി. മൂന്നു കൊല്ലം നടത്തിയ ദീപംമാസികയെക്കുറിച്ചു മുമ്പു പ്രസ്താവിച്ചിട്ടുണ്ടല്ലോ. 1108-ാമാണ്ടു മകരമാസം 25-ാംനു മരിച്ചു.

## കെ. ജി. പരമേശ്വരൻപിള്ള (1059–1123)

### ചരിത്രം

കെ. ജി. പരമേശ്വരൻപിള്ള കൊല്ലത്ത് ഉണിച്ചക്കം വീട്ടിൽ ഈശ്വരിയമ്മയുടേയും ആ താലൂക്കിൽ വടകോട്ടു വീട്ടിൽ ഗോവിന്ദപ്പിള്ളയുടേയും നാലാമത്തെ പുത്രനായി 1059-ാമാണ്ടു വൃശ്ചികമാസം 15-ാംനു കാർത്തികനക്ഷത്രത്തിൽ ജനിച്ചു. ബാല്യത്തിൽ പറയത്തക്ക വിദ്യാഭ്യാസമൊന്നും ഉണ്ടായില്ല. തന്റെ ഈശ്വരഭക്തികൊണ്ടും നീതിനിഷ്ഠകൊണ്ടും പരാർത്ഥജീവിതംകൊണ്ടും ഉയർന്ന ഒരാളാണ് അദ്ദേഹം. 1101-ാമാണ്ടു സുപ്രസിദ്ധമായ ശ്രീരാമവിലാസം മുദ്രണാലയം സ്ഥാപിച്ചു. 1103-ൽ അവിടെനിന്നു മലയാളരാജ്യം എന്ന വാരിക പ്രസിദ്ധീകരിച്ചുതുടങ്ങി. 1105-ൽ അതിനെ ഒരു ദിനപത്രമാക്കി. 1116-മാണ്ടു തുലാമാസം 19-ാംനു മഹാരാജാവുതിരുമനസ്സുകൊണ്ടു രാജ്യസേവാനിരതൻ എന്ന ബിരുദം സമ്മാനിച്ചു. 1103-ൽ നിയമസഭാസാമാജികനായി തിരഞ്ഞെടുക്കപ്പെട്ടു. 1109-ൽ വീണ്ടും ആ സ്ഥാനം ലഭിച്ചു. 1114-ൽ ഇന്ത്യാ ചക്രവർത്തിയുടെ ജൂബിലി സ്മാരകകീർത്തിമുദ്ര അദ്ദേഹത്തിനും വിതരണം ചെയ്യപ്പെട്ടു. ഇതൊന്നുമല്ല അദ്ദേഹത്തിന്റെ പൊതുജനസേവനത്തിൽ പ്രഥമഗണനീയമായിട്ടുള്ളത്. 1107-ൽ അദ്ദേഹം കൊല്ലം നഗരസഭയുടെ അധ്യക്ഷനായി. അഞ്ചു തവണ ആ സ്ഥാനം അദ്ദേഹത്തിൽത്തന്നെ സമർപ്പിതമായിത്തീർന്നുവെന്നുള്ളത് അദ്ദേഹത്തിനു സ്വതസ്സിദ്ധമായ പ്രായോഗികവിജ്ഞാനത്തിനും സേവനസന്നദ്ധതയ്ക്കും പൗരന്മാരുടെ സ്നേഹവിശ്വാസബഹുമാനങ്ങൾക്കും പ്രത്യ

ക്ഷലക്ഷ്യമാകുന്നു. ഏതു നല്ല കാര്യത്തിനും അദ്ദേഹത്തെ ജാതിമതഭേദം കൂടാതെ ജനങ്ങൾ ഉപസർപ്പണം ചെയ്യുമായിരുന്നു. ധനസംബന്ധമായോ അല്ലാതെയോ ഉള്ള ഏതപേക്ഷയും അദ്ദേഹം അംഗീകരിച്ചു വേണ്ടതു ചെയ്യുമായിരുന്നു. കൊല്ലം നഗരത്തിൽ ഇന്നു കാണുന്ന പല പരിഷ്കാരങ്ങൾക്കും കാരണഭൂതൻ അദ്ദേഹമായിരുന്നു. 1119-ാമാണ്ടു വൃശ്ചികമാസം 12-ാംനു അദ്ദേഹത്തിന്റെ ഷഷ്ട്യബ്ദപൂർത്തി ആഡംബരപൂർവ്വം കൊണ്ടാടപ്പെട്ടു. 1123-ാമാണ്ടു ചിങ്ങമാസം 15-ാംനുയായിരുന്നു അദ്ദേഹത്തിന്റെ നിര്യാണം. അതുവരെയും അദ്ദേഹം നഗരപിതാവായിരുന്നു.

### പ്രസിദ്ധീകരണങ്ങൾ

പല നല്ല പുസ്തകങ്ങൾ മലയാളരാജ്യം മുദ്രണം ചെയ്തിട്ടുണ്ട്. വ്യാഖ്യാനത്തോടുകൂടിയ ദശോപനിഷത്തുകളാണ് അവയിൽ പ്രാഥമ്യത്തെ അർഹിയ്ക്കുന്നത്. കണ്ണശ്ശരാമായണം ഉത്തരകാണ്ഡവും അവിസ്മരണീയമാണ്. നൂറ്റിപ്പതിനൊന്നു ദിവസത്തെ ആട്ടക്കഥകളും അറുപതു ദിവസത്തെ തുള്ളൽക്കഥകളും പ്രസിദ്ധീകരിച്ചിട്ടുണ്ട്. ആമാതിരി പുസ്തകപ്രകാശനത്തിനു മാർഗ്ഗദർശി കൊല്ലത്തെ എസ്. റ്റി. റെഡ്യാറാണെങ്കിലും കുറേക്കൂടി അധികം കഥകൾ ശ്രീരാമവിലാസംവക പുസ്തകങ്ങളിലുണ്ട്. മറ്റു പുസ്തകങ്ങളെപ്പറ്റി ഇവിടെ പ്രതിപാദിക്കുന്നില്ല. മലയാളരാജ്യം ദിനപ്രത്രം വളർന്നുയർന്നു വാച്ചുതഴച്ച് ഇക്കാലത്തെ കേരളീയപത്രങ്ങളുടെ ഇടയിൽ ഒരു മഹനീയമായ സ്ഥാനത്തെ അലങ്കരിക്കുന്നു.

# ചില ശാസ്ത്രഗ്രന്ഥകാരന്മാർ

## ജി. കൃഷ്ണശാസ്ത്രി (1025—1090?)

### ചരിത്രം

സംസ്കൃതത്തിൽനിന്നു ശാസ്ത്രീയസിദ്ധാന്തങ്ങളേയും പൗരാണികമതതത്ത്വങ്ങളേയും തർജ്ജമചെയ്തു മലയാളത്തിൽ ആദ്യമായി പ്രസിദ്ധീകരിച്ചതു ജി. കൃഷ്ണശാസ്ത്രിയാകുന്നു. അദ്ദേഹം ജനിയ്ക്കുകയും മരിയ്ക്കുകയും ചെയ്ത ആണ്ടുകൾ സൂക്ഷ്മമായി അറിവില്ല. മുകളിൽ കാണുന്ന ആണ്ടുകൾ അനുമാനംകൊണ്ടു കുറിച്ചിട്ടുള്ളതാണ്. കൃഷ്ണശാസ്ത്രി പാലക്കാട്ട് അമൂലം പള്ളം ഗ്രാമത്തുകാരനായ ഒരു ചോഴിയബ്രാഹ്മണനായിരുന്നു. അദ്ദേഹത്തിന്റെ പിതാവു ഗണപതി ശാസ്ത്രിയാണ് അപ്പയ്യാദീക്ഷിതർ തമിഴിൽ രചിച്ച രാമഗീത മലയാളത്തിൽ തർജ്ജമചെയ്തത്. കൃഷ്ണശാസ്ത്രി അതു പരിശോധിച്ച് 1080-ാമാണ്ടു തൃശ്ശൂർ കേരളകല്പദ്രുമം അച്ചുകൂടത്തിൽ അച്ചടിപ്പിച്ചു. ഈ അപ്പയ്യാദീക്ഷിതർ അർവ്വാചീനനാണ്. അദ്ദേഹത്തെ ശാസ്ത്രി പോയിക്കണ്ട് അദ്ദേഹം നിർമ്മിച്ച 150 പ്രബന്ധങ്ങളുടെ അവകാശം വാങ്ങി. 'ഗുരുജ്ഞാനവാസിഷ്ഠതത്ത്വരാമായണം' അവയിൽ ഒന്നാണ്. ഇംഗ്ലീഷിലും നല്ല പരിജ്ഞാനമുണ്ടായിരുന്ന ശാസ്ത്രിക്കു കോഴിക്കോട്ടു ഡിസ്ത്രിക്ട് കോടതിയിൽ ഒരു ഗുമസ്തന്റെ ജോലികിട്ടി. ആ ജോലിയോടുകൂടിയാണ് 1064-ാമാണ്ട് ആര്യസിദ്ധാന്തചന്ദ്രിക എന്ന പത്രിക ആരംഭിച്ചത്. അതു എല്ലാ പൗർണ്ണമാസിദിനത്തിലും പ്രചരിപ്പിച്ചു. ആദ്യകാലത്തു തർജ്ജമ ചെയ്ത് അതിൽ ചേർത്ത ഗ്രന്ഥങ്ങൾ യാജ്ഞവല്ക്യസ്മൃതി, ഭഗവൽഗീത,

തത്ത്വാവബോധപ്രകരണം, ആത്മവിചാരപ്രകരണം, പ്രശ്നോപനിഷത്ത്, ജ്ഞാന വാസിഷ്ഠസംഗ്രഹം, ജീവന്മുക്തിപ്രകരണം എന്നീ പ്രൗഢങ്ങളായ സംസ്കൃതഗ്രന്ഥ ങ്ങളായിരുന്നു. അവ കേരളത്തിൽ സാധാരണ ജനങ്ങൾക്ക് ഒരു പുതിയ വെളിച്ചം നല്കി. രാമശർമ്മാ എന്നൊരു പണ്ഡിതൻ അന്നു കോഴിക്കോട്ടുണ്ടായിരുന്നു. അദ്ദേ ഹം കൃഷ്ണശാസ്ത്രിയുടെ ശിഷ്യനും ആജ്ഞാകാരനുമായി ശാസ്ത്രിയെ പ്രസ്തുതമാസിക യുടെ പ്രവർത്തനത്തിൽ നിപുണമായി സഹായിച്ചു. 1075-ൽ ഉദ്യോഗത്തിൽനിന്നു വിരമിച്ചു. കൃഷ്ണശാസ്ത്രിക്കു വേദാന്തത്തിൽ പ്രത്യേകം അവഗാഹമുണ്ടായിരുന്നു. അദ്ദേഹം ഒരു മർമ്മജ്ഞനായ മതപരിഷ്കാരിയായിരുന്നുവെന്നുകൂടി പറയേണ്ടതു ണ്ട്. സകലജാതിമതസ്ഥരോടും അദ്ദേഹം സമഭാവന പുലർത്തിപ്പോന്നു.

## താരക്കാട്ട് അയ്യാത്തുരശാസ്ത്രി (1011–1086?)

### ചരിത്രം

അയ്യാത്തുരശാസ്ത്രിയുടെ പൂർവ്വകുടുംബം കാവേരിതീരത്തിൽ വൈകച്ചേരി എന്ന സ്ഥലത്താണ്. അവിടെനിന്ന് അദ്ദേഹത്തിന്റെ പിതാമഹൻ വേങ്കടനാരായണ ശാസ്ത്രി പാലക്കാട്ടു താരക്കാട്ടു ഗ്രാമത്തിൽ താമസം തുടങ്ങി. അയ്യാത്തുര എന്നത് ഓമനപ്പേരാണ്. പിതാവായ രഘുനാഥശാസ്ത്രി സംസ്കാരമുഹൂർത്തത്തിൽ നല്കിയ നാമധേയം വേങ്കടനാരായണൻ എന്നുതന്നെയായിരുന്നു. തർക്കശാസ്ത്രപണ്ഡി തനായ ശേഖരീപുരം ഗ്രാമത്തിൽ ശേഷശാസ്ത്രികളിൽനിന്നു കാവ്യപാഠങ്ങളും തൃ ക്കണ്ടിയൂർ ഗോവിന്ദപ്പിഷാരടിയിൽനിന്നു നാടകാലങ്കാരങ്ങളും അഭ്യസിച്ചു. 1032-ാമാണ്ട് ഇരുപത്തൊന്നാമത്തെ വയസ്സിൽ ഭാഗവതപാരായണം ആരംഭിച്ചു. 1035-ൽ നിജാനന്ദസ്വാമി എന്ന ഒരു ദ്വാരകാവാസിയായയോഗി സേതുസ്നാനം കഴിഞ്ഞു മടക്കത്തിൽ ചിറയ്ക്കൽ സ്വല്പകാലം താമസിക്കുകയും ശാസ്ത്രി അദ്ദേഹത്തിന്റെ ഉപ ദേശം വാങ്ങി മുപ്പതാമത്തെ വയസ്സു മുതൽ വേദാന്തശാസ്ത്രം പരിശീലനം ചെയ്യു കയും ചെയ്തു. 1040 മുതൽ പത്തു കൊല്ലം താഴയ്ക്കാട്ടുമനയിൽ താമസിച്ചു ഭാഗവതം ഏഴാവൃത്തി വായിച്ചു. പിന്നീടു തളിപ്പറമ്പത്തു തൃച്ചംബരക്ഷേത്രത്തിൽ ഭജനവും ഭാഗവതം വായനയുമായി കുറേക്കാലം കഴിഞ്ഞു. അവിടെ വെച്ചു ക്ഷേത്രാധികാരി കൾ അദ്ദേഹത്തിനു ഭാഗവതപാരാണികൻ എന്ന ബിരുദവും ഒരു വീരശൃംഖലയും സമ്മാനിച്ചു. പിന്നിട്ടുള്ള താമസസ്ഥലമാണ് കോഴിക്കോട്. ഭാഗവതം ഇരുപതു പ്രാവശ്യം വായിച്ചു പല ഗൂഢാർത്ഥങ്ങളും കണ്ടുപിടിച്ചു. അനന്തരം സാമൂതിരിപ്പാ ട്ടിലെ അനുമതിയോടുകൂടി തളിയിൽ ക്ഷേത്രത്തിൽ മഹാഭാരതം വായിച്ചു. 1 ആര്യ മതസഞ്ജീവിനി എന്നും 2 മതിവിവേകദർപ്പണം എന്നും രണ്ടു പുസ്തകങ്ങളെഴുതി അച്ചടിപ്പിച്ചു ഭാഗവതഭാരതങ്ങളിലെ ഗുഹ്യാർത്ഥങ്ങൾ പലതും തദ്വാരാ വെളിപ്പെടു ത്തി. 3 വേദാന്തദർപ്പണം, കടത്തനാട്ട് ഉദയവർമ്മ ഇളയതമ്പുരാന്റെ വൈദുഷ്യവും സൗശീല്യവും നേരിട്ടുകണ്ട് അദ്ദേഹത്തിനു സമർപ്പിച്ചതാണ്. വേദാന്തതത്ത്വങ്ങൾ പലതും ആർക്കും സുഗ്രഹമായ രീതിയിൽ അതിൽ പ്രതിപാദിച്ചിട്ടുണ്ട്. 4 മുത്തുലക്ഷ്മി ഒരു ചെറിയ നോവലാണ്. അതിലെ പ്രതിപാദ്യവും വേദാന്തംതന്നെ. ഈച്ചരമേ നവൻ, മായാശ്ശിഅമ്മ, പഞ്ചതൃശി അയ്യരും ചിന്താരത്നമേനവനും കൈവല്യനവ നീതപ്പണിക്കരും, ശാന്തക്കുട്ടി മേനവനും മറ്റുമാണ് കഥാപാത്രങ്ങൾ. മുത്തുലക്ഷ്മി നായികയും, ശാന്തക്കുട്ടിമേനവൻ നായകനുമാണ്. മുത്തുലക്ഷ്മിയുടെ യഥാർത്ഥനാ മധേയം മുക്തി ലക്ഷ്മിയാണെന്നും ഗ്രന്ഥകാരൻ നമ്മെ ധരിപ്പിക്കുന്നു. ശാസ്ത്രിയുടെ ഗദ്യത്തിനു നല്ല ഓജസ്സും ഫലിതവുമുണ്ട്. മരണകാലം നിശ്ചയമില്ല. 1086 എന്നു മുൻപു സൂചിപ്പിച്ചിട്ടുള്ളതു അഭ്യൂഹത്തെ ആസ്പദമാക്കി മാത്രമാണ്.

### ഒരു ഉദാഹരണം

“ഏതാനൊരർത്ഥം നേടേണം ക്രിയാജാതി ഗുണങ്ങളാൽ; എന്നാലവന്റെ ജനന ഫലം സിദ്ധിച്ചു നിർണ്ണയം” എന്ന വചനഫലം ശ്രീഹർഷകാളിദാസജയദേവാദി കളായ മഹാകവികൾക്കു സിദ്ധിച്ചു എന്നതിനു വാദമില്ല. എങ്ങനെയെങ്കിലും ഒരു പ്രസിദ്ധി സമ്പാദിക്കണമെന്നു തീർച്ചയാണ്. “എല്ലാവരും നെല്ലുണക്കി; എലി വാലുണക്കി” എന്ന പഴഞ്ചൊല്ലുപോലെ ഞാനും പ്രസിദ്ധിക്കുവേണ്ടി രണ്ടുമൂന്നു പുസ്തകങ്ങൾ ഉണ്ടാക്കി. ആര്യമതസിദ്ധാന്തത്തെ വെളിപ്പെടുത്തുന്നതും നാലാമത്തെ പുരുഷാർത്ഥമായ മോക്ഷത്തിനു മുഖ്യസാധനമായ ജ്ഞാനത്തെ തെളിയിക്കുന്നതുമായ ആ പുസ്തകങ്ങളെ അച്ചടിപ്പിച്ചു നാട്ടിലൊക്കെ പരത്തി. പ്രസിദ്ധി യാതൊന്നുമുണ്ടായില്ല. എന്നല്ല അച്ചടിച്ചിലവിനുവേണ്ടി വാങ്ങിയ കടം ബാക്കിയായും വന്നു. മലയാളത്തിൽ അനേകം നോവൽ പുസ്തകങ്ങൾ ഉണ്ടായിട്ടുള്ള ഇക്കാലത്ത് ആ മാതിരി ഒരു പുസ്തകമുണ്ടാക്കിയാൽ അനായാസേന പ്രസിദ്ധിയുണ്ടാകുമെന്നായി പിന്നത്തെ ആലോചന. നോവലിന്റെ ഗന്ധം കൂടി ഏറ്റിട്ടില്ലാത്ത ഞാൻ എങ്ങനെയാണ് അതുണ്ടാക്കേണ്ടതെന്ന് ആലോചിച്ച് ഒരു നോവൽ വാങ്ങി വായിച്ചുനോക്കി. ഭാര്യയുടെ ഇഷ്ടത്തിന്നനുസരിച്ചാൽ പ്രസിദ്ധി കിട്ടുമെന്നു തീർച്ചയാക്കി. അതു ശരിയാണ്. ഭാര്യയുടെ ഇഷ്ടത്തിലിരുന്നാൽ ഉൽപാദനവും പിന്നെ ഗർഭധാരണവും മാസം പത്തു തികയുമ്പോൾ “നോവലും” പിന്നെ നാട്ടാരറിയത്തക്ക ഒരു പ്രസിദ്ധിയുമുണ്ടാകും. പക്ഷേ ഭാര്യയില്ലാത്തതുകൊണ്ട് ഈ തരത്തിൽ പ്രസിദ്ധി നേടാൻ എനിക്ക് അസാധ്യമാകയാൽ ഈ വഴി വേണ്ടെന്നുവച്ചു.” (മുത്തുലക്ഷ്മി-അവതാരിക)

## കോരാത്തു നാരായണമേനവൻ (1048–1113)

### ചരിത്രം

കോരാത്തു നാരായണമേനവൻ പാലക്കാട്ടുനഗരത്തിനു പതിന്നാലു നാഴിക തെക്കുകിഴക്കായി സ്ഥിതിചെയ്യുന്ന വടവന്നൂർ അംശത്തിൽ 1048-ാമാണ്ടു മകരമാസത്തിൽ വിശാഖം നക്ഷത്രത്തിൽ ജനിച്ചു. പിതാവ് എടത്തറവീട്ടിലെ കാക്കുണ്ണിനായരും മാതാവു കോരാത്തു ‘ചോണ’ അമ്മയുമായിരുന്നു. ആലമ്പള്ളം ഗ്രാമത്തിലെ പത്മനാഭശാസ്ത്രിയുടെ അടുക്കലാണ് ബാല്യത്തിൽ സംസ്കൃതം പഠിച്ചത്. പിന്നീടു കൊല്ലങ്കോട്ടു ഹൈസ്കൂൾ മലയാളപണ്ഡിതരായ ആർ. ശങ്കുണ്ണിമേനവന്റെയും പട്ടഞ്ചീരി ശിവരാമശാസ്ത്രിയുടെയും ശിക്ഷണത്തിൽ ഉപരികാവ്യങ്ങൾ അഭ്യസിച്ചു. ഒടുവിൽ വേദംശാസ്ത്രികളുടെ ശിഷ്യനായി വേദാന്തം നിഷ്കർഷിച്ച് അഭ്യസിച്ച് ആ ശാസ്ത്രത്തിൽ നിഷ്ണാതനായി. ധനസമൃദ്ധമായ ഒരു കുടുംബത്തിലാണ് ജനിച്ചതെങ്കിലും ഒരു ത്യാഗിയുടെ ജീവിതം നയിക്കുന്നതിനു വേണ്ട മനഃപാകം അദ്ദേഹത്തിനുണ്ടായി. വേദാന്തത്തിൽ അനേകം ശിഷ്യന്മാരുണ്ടായിരുന്നു. പണ്ഡിതനും വൈദ്യനുമായ വടക്കേപ്പാട്ടു വടവന്നൂർ നാരായണൻനായരാണ് അവരിൽ അഗ്രഗണ്യൻ. 1113-ാമാണ്ടു കർക്കടകമാസം 21-ാംനു ചരമഗതിയെ പ്രാപിച്ചു. വടക്കേപ്പാട്ടെ കല്യാണിയമ്മയെയാണ് പരിഗ്രഹിച്ചത്.

### കൃതികൾ

നാരായണമേനവൻ ഭാഷയിൽ നാലു കൃതികൾ രചിച്ചിട്ടുണ്ട്. അവ (1) വിവേകചൂഡാമണി, (2) സിദ്ധഗീത, (3) ആത്മപുരാണം എന്നീ മൂന്നു ഗ്രന്ഥങ്ങളുടെ തർജ്ജമകളും, (4) വിചാരസാഗരവുമാണ്. വിവേകചൂഡാമണിയുടെ മൂലം ശങ്കരഭഗ

വൽപാദരുടെയും ആത്മപുരാണം ഭഗവൽഗീതയുടെ വ്യാഖ്യാതാവായ ശങ്കരാനന്ദന്റേതുമാണ്. ശങ്കരാനന്ദൻ എല്ലാ ഉപനിഷത്തുകളേയും വിസ്തരിച്ചുകൊണ്ടെഴുതിയതാണ് ആ പുരാണം. മൂലശ്ലോകങ്ങൾ മുകളിലും അവയുടെ തർജ്ജമ താഴത്തും ചേർത്തു വിഷമഘട്ടങ്ങളെ വിവരിക്കുന്ന ഒരു വ്യാഖ്യാനക്കുറിപ്പും ചുവടേ ഘടിപ്പിച്ചിട്ടുണ്ട്. വിചാരസാഗരത്തിന്റെ മൂലഗ്രന്ഥം രചിച്ചതു ഹിന്ദിയിലാണ്. മഹാത്മാദാദുജി എന്നപണ്ഡിതന്റെ ശിഷ്യനായ സാധു നിശ്ചലാനന്ദദാസ് ആണ് അതിന്റെ പ്രണേതാവ്. ആ ഗ്രന്ഥത്തെ തമിഴിൽ ഏ. ശിവറാവു എന്നൊരു മാന്യൻ പരിഭാഷപ്പെടുത്തി. നാരായണമേനവൻ തന്റെ തർജ്ജമയ്ക്ക് ഉപയോഗിച്ചിരിക്കുന്നത് ആ നിബന്ധമാണ്. അനുബന്ധസാമാന്യം മുതൽ ഏഴു തരങ്ഗങ്ങളിലായി നിരവധി വേദാന്തതത്ത്വങ്ങൾ ശങ്കാപരിഹാരരൂപേണ വിചാരണചെയ്തു പ്രതിപാദിച്ചിരിക്കുന്ന പ്രസ്തുതഗ്രന്ഥം മുമുക്ഷുക്കൾക്കു വളരെ ഉപയോഗമുള്ളതാണെന്നു പറയേണ്ടതില്ലല്ലോ. അദ്ദേഹത്തി ന്റെ ഗദ്യശൈലിക്ക് ഒരുദാഹരണം പ്രദർശിപ്പിക്കാം:

"ഇങ്ങനെ മനസ്സിനെക്കൊണ്ടു പ്രവർത്തിപ്പിക്കണമെങ്കിൽ അതിന്റെ സർവ്വപ്രാണിസാധാരണമായിരിക്കുന്ന ചാഞ്ചല്യത്തെ നിരോധിച്ചാൽ മാത്രമേ സാധിക്കുകയുള്ളു. ഈ ചാഞ്ചല്യനിരോധനത്തിൽ മനസ്സുതന്നെ നമുക്കു കാമധേനുവായും ചിന്താമണിയായും ഭവിക്കുന്നു. ഈ ചാഞ്ചല്യത്തിന്റെ ആത്യന്തികനിരോധനത്തിൽ നിരന്തരമായ ആത്മാനന്ദത്തിന്റെ സ്഼ുരണം അനുഭവവിഷയമായി ഭവിക്കുന്നു. സാമാന്യമായി നിശ്ചലമായ മനസ്സുകൊണ്ടു സിദ്ധിശാസ്ത്രങ്ങളിൽ വിധിച്ചപ്രകാരം പ്രവർത്തിക്കുമ്പോൾ ക്ഷുദ്രസിദ്ധികളെന്നുവേണ്ട മഹാസിദ്ധികളും സാധിക്കുന്നു." (ഉപാസന എന്ന ഒരുപന്യാസത്തിൽനിന്നും.)

Please write to ⟨info@sayahna.org⟩ to file bugs/problem reports, feature requests and to get involved.
Sayahna Foundation • JWRA 34, Jagathy • Trivandrum 695014 • INDIA